തിരുവിതാംകൂർ ഗവണ്മെൻറ്
സഹകരണ ഡിപ്പാർട്ടുമെൻറ്

TPL
STOCK VERIFIED
1995

സർക്കുലറുകൾ

(ആക്ടിലേയും റൂളിലേയും സംബന്ധപ്പെട്ട വകുപ്പുകളോടുകൂടി)

സമ്പാദകൻ,

ജി. ആർ. പിള്ള.

തിരുവനന്തപുരം,
സർക്കാർ അച്ചുക്കൂടം സൂപ്രണ്ടിനാൽ അച്ചടിക്കപ്പെട്ടത്.
൧൧൨൩.

അവതാരിക.

സഹകരണഡിപ്പാർട്ടുമെൻറിൽനിന്നും സംഘങ്ങളുടെ പ്രവൎത്തനങ്ങളെ അതാതു സമയങ്ങളിൽ ക്രമീകരിക്കുന്നതിനുവേണ്ടി പരസ്യം ചെയ്തിട്ടുള്ള എല്ലാ സൎക്കുലരുകളും സമ്പാദിച്ച്, വിഷയാനുക്രമമായി ആക റൂളിലേയും റൂളിലേയും, സംബന്ധപ്പെട്ട വകുപ്പുകളോടുകൂടി, ഇതിൽ പ്രസിദ്ധം ചെയ്തിരിക്കുന്നു. ഡിപ്പാർട്ടുമെൻറിന്റെ ആഭിമുഖ്യത്തിൽ ഇങ്ങനെയൊരു പ്രസിദ്ധീകരണം ഇതിനുമുമ്പുണ്ടായിട്ടില്ല.

൧൨൭ വരെയുള്ള സൎക്കുലർകൾ സഹകരണസംഘം ഇൻസ്പെക്ടർ മി. എൽ. ശങ്കരപ്പിള്ള (റിട്ടയാർഡ) ൧൧൦൭-ൽ പ്രസിദ്ധപ്പെടുത്തിയ 'റെഡിറെക്കണർ' എന്ന പുസ്തകത്തിൽ ചേൎത്തിട്ടുണ്ടായിരുന്നു. അതിൽ പിന്നീടുള്ള സൎക്കുലർകൾ ഒരുമിച്ച് ആരെങ്കിലും ശേഖരിച്ചുവച്ചിട്ടുണ്ടോ എന്നു തന്നെ സംശയമാണ്. യഥാൎത്ഥത്തിൽ ഈ സൎക്കുലരുകൾ എല്ലാം കിട്ടുന്നതിനു ക്ലേശകരമായ ഒരു ഗവേഷണം തന്നെ നടത്തേണ്ടതായി വന്നു. ൧൨൬ മുതൽ ൧൧൦ വരെയുള്ള സൎക്കുലർകൾ ൧൧൦൭ മുതൽ ൧൧൦൬ വരെയുള്ള സൎക്കാർ ഗസററുകളിലെ സഹകരണവകുപ്പ് ഷീററ് ഓരോന്നായി പരിശോധിച്ചു കണ്ടുപിടിച്ചതാണ്. ൧൧൧ മുതൽ അടുത്തകാലംവരെയുള്ള സൎക്കുലർകൾ റദ്ദു ചെയ്യപ്പെട്ട പത്തനംതിട്ട താലൂക്ക സഹകരണബാങ്കിന്റെ ഫയലിൽനിന്നും അതിന്റെ ലിക്വിഡേറ്റർ ദയാപുരസ്സരം അയച്ചുതന്നു. അടുത്ത കാലത്തു പ്രസിദ്ധം ചെയ്ത സൎക്കുലർകളെല്ലാം രജിസ്ട്രാരുടെ ആഫീസിൽനിന്നും കിട്ടി. ഭാവിയിൽ പ്രസിദ്ധം ചെയ്യപ്പെടുന്ന സൎക്കുലർകൾ ഇങ്ങനെ ചിതറിപ്പോകാതിരിക്കുവാനായി സംഘങ്ങൾ, അവ ഒട്ടിച്ചു ചേൎക്കത്തക്ക വിധത്തിൽ ഈ പുസ്തകത്തിൽ വെറും കടലാസ്സുകൾ കൂട്ടിച്ചേൎത്ത് ബയണ്ടു ചെയ്യിച്ചു വയ്ക്കുന്നതു നന്നായിരിക്കും.

തിരുവനന്തപുരം,
൧൦-ൻ-൧൨൩.

ജി. ആർ. പിള്ള.

സക്കുലർകൾ.

വിഷയാനുക്രമണിക.

ക്രമ നമ്പർ	വിഷയവിവരം	ആക്ടിലെ വകുപ്പ്	ചട്ടത്തിലെ വകുപ്പ്	സക്കുലർ നമ്പരുകൾ
൧	ചുരുക്കപ്പേരും വ്യാപ്തിയും	൧	...	...
൨	ആക്ടറ്	൭൫, ൭൨, ൬൯	...	൧൯൦, ൨൪൭
൩	അർത്ഥവിവരണങ്ങൾ	൨	൨	...
൪	സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ	൯	൩൧, ൪	...
൫	സംഘം രജിസ്റ്റർ ചെയ്യുക	൧൦, ൧൧, ൧൨, ൬൭, ൬൮, ൭൦	൬	൧, ൨൭
൬	രജിസ്റ്റർ ചെയ്യാവുന്ന സംഘങ്ങൾ	൪, ൭, ൮	...	...
൭	രജിസ്ട്രാർ, അസിസ്റ്റൻറ് രജിസ്ട്രാർ, ഇൻസ്പെക്ടർ	൩, ൬൫	൫, ൧൮, ൨൧, ൨൨, ൬	൧൮, ൨൦, ൨൨, ൩൩, ൩൭, ൫൦, ൧൪൭, ൧൭൧, ൨൧൪
൮	മുദ്ര, ജീവനക്കാർ, എഴുത്തുകുത്ത്	...	...	൩, ൧൭൪, ൧൭൮, ൨൦൦, ൨൧൩, ൫൨൩
൯	രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളുടെ കൃത്യങ്ങൾ	൧൯, ൨൦, ൨൧	൧൪, ൨൪ നോട്ടിഫിക്കേഷൻ	...
൧൦	സംഘങ്ങളുടെ പ്രത്യേകാവകാശങ്ങൾ	൨൩, ൨൪, ൭൧	..	...
൧൧	നിബന്ധന	...	...	൧൨൪, ൧൩൭, ൧൯൫, ൨൩൨
൧൨	ബാദ്ധ്യത	൫	...	...
൧൩	പേരു മാറേറുക	൧൫	...	...
൧൪	വിഭജനവും സംയോജനവും	൧൬	...	...

വിഷയാനുക്രമണിക— (തുടർച്ച)

ക്രമ നമ്പർ	വിഷയവിവരം	ആക്റ്റിലെ വകുപ്പ്	റൂളിലെ വകുപ്പ്	സർക്കുലർ നമ്പരുകൾ
[illegible]	സർക്കാരിൽ നിന്നുമുള്ള സൌജന്യങ്ങൾ	[illegible]	...	[illegible]
[illegible]	സർക്കാരിൽ നിന്നുള്ള ധനസഹായം	[illegible]	[illegible]	[illegible]
[illegible]	അംഗം	[illegible]	[illegible]	[illegible]
[illegible]	ഓഹരി	[illegible]	[illegible]	[illegible]
[illegible]	നിക്ഷേപം	[illegible]	[illegible]	[illegible]
[illegible]	പബ്ലിക് അക്കൌണ്ട്	...	...	[illegible]
[illegible]	വാർഷികപൊതുയോഗം	[illegible]	...	[illegible]
[illegible]	വിശേഷാൽ പൊതുയോഗം	[illegible]	[illegible]	...
[illegible]	വോട്ട്	[illegible]	...	...
[illegible]	ബഡ്ജററ്	...	...	[illegible]
[illegible]	കമ്മിററി	[illegible]	[illegible]	[illegible]
[illegible]	പ്രതിനിധി	...	[illegible]	[illegible]
[illegible]	കൂടുതൽ ബാദ്ധ്യതയും ജപ്തിയും	[illegible]	...	...
[illegible]	സംഘം ആഫീസ്	...	...	[illegible]
[illegible]	സംഘം വക പുസ്തകങ്ങളും പകർപ്പുകളും	[illegible]	[illegible]	[illegible]
[illegible]	വ്യാഖ്യാനങ്ങൾ	...	[illegible]	[illegible]

വിഷയാനുക്രമണിക—(തുടർച്ച.)

ക്രമനമ്പർ	വിഷയവിവരം	ആക്ടിലെ വകുപ്പ്	രൂളിലെ വകുപ്പ്	സക്ക്യൂലർ നമ്പരുകൾ
൩൧	മാസാന്ത്യക്കണക്കുകൾ	...	...	൭, ൩൪, ൪൨, ൫൮, ൯൫, ൧൦൧, ൧൭൩, ൨൫൩
൩൨	വായ്പ	൩൫	...	൨, ൬, ൧൦, ൧൨, ൧൫, ൧൯, ൨൧, ൩൫, ൩൬, ൫൩, ൬൫, ൬൬, ൬൯, ൭൭, ൧൨൧
൩൩	വസ്തുവിവരപ്പട്ടിക	...	...	൫, ൨൫, ൩൦
൩൪	ജന്മിവാരണം	...	...	൧൨൧, ൧൬൮, ൧൭൨, ൧൭൫, ൧൮൧, ൨൧൦, ൨൨൬
൩൫	ആഡിററ്	൨൨	൧൧	൧൫൪, ൧൫൭, ൨൧൪, ൨൧൯, ൨൪൬, ൨൫൯, ൨൬൭
൩൬	ചിരിയാക്കടം	---	൨൯	...
൩൭	ആദായവീതം	൩൮, ൪൦	൨൮, ൩൧	൧൪, ൮൨, ൮൪, ൧൪൫
൩൮	കക്ഷത്ധനം	൩൯	൩൭	൧൧൨, ൧൨൭, ൧൩൫, ൨൩൦
൩൯	പ്രാവിഡൻറഫണ്ട്	൪൧	...	...
൪൦	ധർമ്മകാര്യഫണ്ട്	൪[illegible]	...	...
൪൧	പാരിതോഷികം		൩൦, ൩൨	൮, ൭൯, ൧൩൬, ൧൭൮, ൧൮൪
൪൨	വ്യവഹാരം, വിധിനടത്തു്	൩൧, ൫൬, ൫൭, ൫൮, ൫൯, ൭൩	൩൮, ൩൯, ൪൦, ൪൧, ൪൨, ൪൩ നോട്ടിഫിക്കേഷൻ	൧൩൮, ൧൪൪, ൧൪൮, ൧൫൫, ൧൫൬, ൧൬൨, ൧൬൭, ൧൮൫, ൧൮൯, ൧൯൧, ൨൦൩, ൨൧൨, ൨൧൫, ൨൧൬, ൨൨൧, ൨൨൨, ൨൨൮, ൨൩൧, ൨൪൧, ൨൪൪, ൨൫൧, ൨൫൪, ൨൫൭, ൨൭൧, ൨൭൪, ൨൭൭, ൨൭൮

വിഷയാനുക്രമണിക—(തുടർച്ച.)

ക്രമ നമ്പർ	വിഷയവിവരം	ആക്ടിലെ വകുപ്പ്	റൂളിലെ വകുപ്പ്	സർക്കുലർ നമ്പരുകൾ
൪൩	ശമ്പളപ്പിടിത്തം	...	...	൧൮൨, ൨൨൪, ൨൨൯, ൨൬൩
൪൪	താലൂക്കു ബാങ്കുകൾ	...	...	൧൫൧, ൨൦൫
൪൫	സെൻട്രൽബാങ്ക്	...	...	൩, ൪൯, ൬൩, ൭൨, ൭൮, ൮൫, ൮൮, ൧൫൮, ൧൪൦
൪൬	ഐക്യസംഘങ്ങൾ	...	൨൩	൬൪, ൮൧, ൧൦൭, ൧൧൭, ൧൮൭, ൧൯൨, ൨൩൮, i, ii, iii, ൨൭൫
൪൭	സൂപ്പർവിഷൻഫണ്ട്	...	...	൧൦൫, ൧൫൦, ൧൬൧, ൧൬൯, ൧൯൬
൪൮	ഇൻസ്റ്റിറ്റ്യൂട്ട്	...	...	൫൯, ൧൬൬, ൨൦൯, ൨൩൪, ൨൬൨, ൨൭൨
൪൯	കാൺഫറൻസ്	...	൫൦	൧൧൦, ൧൪൩, ൧൮൦, ൧൮൩, ൧൯൭, ൨൨൭, ൨൪൨, ൨൬൫, ൨൬൬, ൨൬൯
൫൦	സർവ്വരാജ്യ സഹകരണദിനം	...	...	൧൨൪൭, ൧൩൩
൫൧	ദൃഢീകരണം, അഭിവൃദ്ധിമാർഗ്ഗനിർദ്ദേശം	...	...	൪൪, ൯൯, ൨൩൩, ൨൩൭, ൨൫൮
൫൨	രാഷ്ട്രീയകാര്യങ്ങൾ	...	൪൭	൧൫൮
൫൩	വിതരണസംഘങ്ങൾ	...	...	൨൮, ൧൭൯, ൧൯൩, ൨൦൬, ൨൦൮, ൨൩൫, ൨൪൩, ൨൫൦, ൨൫൬, ൨൬൦
൫൪	ഭക്ഷ്യോല്പാദനസഹകരണസംഘം	...	...	൧൪൧, ൧൪൨, ൧൫൯, ൧൬൪

വിഷയാനുക്രമണിക— (തുടർച്ച.)

ക്രമ നമ്പർ	വിഷയവിവരം	ആക്ടിലെ വകുപ്പ്	റൂളിലെ വകുപ്പ്	സർക്കുലർ നമ്പരുകൾ
൫൫	കാളന്നി	...	...	൯൭
൫൬	കൊയ്ത്തുസംഘങ്ങൾ	...	...	൨൦൫
൫൭	കുടിൽവ്യവസായം	...	.	൧൦൪, ൨൬൪, ൨൬൮
൫൮	കൃഷി	...	...	൧൦൭, ൧൧൧, ൧൧൫, ൧൨൫
൫൯	കൃഷിവ്യവസായമാസിക	...	...	൩൨, ൩൯, ൪൫, ൫൪, ൧൩൨
൬൦	ചിട്ടി	..	നോട്ടിഫിക്കേഷൻ	൫൮, ൬൧, ൧൨൩, ൧൩൯
൬൧	കെട്ടുതെങ്ങ്	...	...	൧൦൯, ൧൯൯
൬൨	വളം	...	...	൫൭, ൧൫൩
൬൩	അന്വേഷണവും പരിശോധനയും	൪൩, ൪൪, ൪൫, ൪൬		
൬൪	സംഘംപിരിച്ചുവിടൽ	൪൮, ൪൯, ൫൦, ൫൧, ൫൨, ൫൩	൪൮	
൬൫	കുറ്റങ്ങളും ശിക്ഷകളും	൬൦, ൬൧, ൬൨, ൬൩, ൬൪		
൬൬	പലവക	൭൪		൬൦, ൧൭൬, ൧൭൭, ൨൭൩

സർക്യൂലർകളുടെസംക്ഷിപ്തം

നമ്പർ	തീയതി	സംക്ഷിപ്തം
൧	൨൩-൭-൧൦൯൧	സംഘം രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ, അപേക്ഷയിൽ ഒപ്പിട്ടവർ അനുഷ്ഠിക്കേണ്ട നടപടികൾ
൨	൨൬-൭-൧൦൯൧	വായ്പ നല്കുന്നതിനെപ്പറ്റിയുള്ള വ്യവസ്ഥകൾ
൩	൧൬-൮-൧൦൯൧	സംഘങ്ങൾക്കെല്ലാം മുതൽ ഉണ്ടായിരിക്കണം. സെൻട്രൽബാങ്കിൽനിന്നു ആവശ്യപ്പെടുന്ന വായ്പകൾക്ക് ബാങ്കിൽനിന്നു അനുവദിക്കുന്ന കാലാവധിയേക്കാൾ കൂടുതൽ ആവശ്യപ്പെടരുത്.
൪	൧൧-൧൨-൧൦൯൧	വർഷാവസാന കണക്കുകളും റിപ്പോർട്ടുകളും നിബന്ധനയിൽ പറയുന്ന തീയതിയിൽതന്നെ അയയ്ക്കണം.
൫	൩൭-൧-൧൦൯൨	വർഷാവസാനത്തിൽ വസ്തുവിവരപ്പട്ടിക പൂരിക്കണം.
൬	൨൬-൬-൧൦൯൨	വായ്പയുടെ ആവശ്യങ്ങളെ വിശദമായി പ്രമാണങ്ങളിൽ കാണിക്കണം
൭	൨-൮-൧൦൯൨	സംഘം രജിസ്റ്ററിൽ മതവും ജാതിയും രേഖപ്പെടുത്തണം.
൮	൮-൭-൧൦൯൩	ബോണസ്സും പാരിതോഷികവും പൊതുയോഗ നിശ്ചയംകൂടാതെ കൊടുക്കുവാൻ പാടില്ല.
൯		റദ്ദുചെയ്തിരിക്കുന്നു
൧൦	൮-൭-൧൦൯൩	വായ്പയുടെ വിനിയോഗത്തെപ്പറ്റി കമ്മിറ്റിക്കാർ ശ്രദ്ധിക്കണം.
൧൧	൯-൭-൧൦൯൩	വരവു ചെലവു നീക്കിയിരിപ്പ് ഇവ ദിവസേന എഴുതിയതിന്റെശേഷം പ്രസിഡൻറും സെക്രട്ടറിയും ഒപ്പുവെക്കണം.
൧൨	൯-൭-൧൦൯൩	വായ്പ കൊടുക്കുന്ന തീയതി പലിശ കണക്കാക്കുന്നതിൽ ചേർക്കുവാൻ പാടില്ല.

സക്കുലർകളുടെ സംക്ഷിപ്തം—(തുടർച്ച)

നമ്പർ	തീയതി	സംക്ഷിപ്തം
൧൩	൧൨–൭–൧൦൯൬	സംഘത്തിനോ സംഘത്തിനുവേണ്ടിയോ എഴുതിക്കൊടുക്കുന്ന പ്രമാണങ്ങൾക്കു സ്റ്റാമ്പും രജിസ്ട്രേഷൻ ഫീസും വേണ്ട.
൧൪	൧൨–൭–൧൦൯൭	ലാഭവിഭജനം ആഡിററു സർട്ടിഫിക്കററു കിട്ടിയതിനുശേഷമേ പാടുള്ളു.
൧൫	൧൨–൭–൧൦൯൬	രസീതുകൾ അപ്പപ്പോൾ കൊടുക്കുകയും രേഖ വരുത്തുകയും ചെയ്യണം.
൧൬	൧൨–൭–൧൦൯൭	കാലാവധി കഴിഞ്ഞാലുടനെതന്നെ സംഘോദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കേണ്ടതാണ്.
൧൭	൧൮–൭–൧൦൯൭	കണക്കുപുസ്തകങ്ങൾ തച്ചു ഉപയോഗിച്ചാൽ മതിയാകും.
൧൮	൧൪–൮–൧൦൯൭	പരിശോധനയിൽ കാണുന്ന പിശകുകൾ സിക്രട്ടറിമാരെ അറിയിച്ചോ എന്നും അവർ എന്തു നടപടി നടത്തി എന്നും ഇൻസ്പെക്ടർമാർ രജിസ്ട്രാർക്കുള്ള റിപ്പോർട്ടിൽ കാണിക്കണം.
൧൯	൨൦–൮–൧൦൯൭	ആണ്ടവസാനത്തിനുമുമ്പ് പലിശ മുഴുവൻ പിരിച്ചെടുക്കണം.
൨൦	൨൪–൯–൧൦൯൭	കുടിശ്ശിക പിരിക്കുന്നതിന് ഇൻസ്പെക്ടർക്കു പ്രത്യേക ചുമതലയുണ്ട്.
൨൧	൩൧–൯–൧൦൯൭	കുടിശ്ശിക മുഴുവൻ ആണ്ടവസാനത്തിനുമുമ്പു പിരിച്ചെടുക്കണം.
൨൨	൧൭–൧൦–൧൦൯൭	നീക്കിയിരിപ്പു കൈയ്‌വശം വച്ചുകൊണ്ടിരിക്കരുതെന്നുള്ളതിനെപ്പററി എല്ലാ സംഘങ്ങളും നിബന്ധനയുണ്ടാക്കണമെന്ന് ഇൻസ്പെക്ടർ നിഷ്കർഷിക്കേണ്ടതാണ്.
൨൩	൭–൧൧–൧൦൯൭	ആക്ടിലെ വകുപ്പനുസരിച്ചു നിക്ഷേപവും പലിശക്കു കൊടുക്കലും ആകാവൂ.
൨൪	൧൯–൧൧–൧൦൯൭	ആക്ടിന്റെ ഒരു പ്രതി എല്ലാ സംഘങ്ങളും സൂക്ഷിക്കേണ്ടതാണ്.

സംക്ഷിപ്തം — (തുടർച്ച)

നമ്പർ	തീയതി	സംക്ഷിപ്തം
൧൫	൧൫-൧൧-൧൦൯൪	വസ്തുവിവരപ്പട്ടിക പുതുക്കി വർഷാരംഭത്തിൽ രണ്ടു പ്രതി രജിസ്ട്രാർക്ക് അയക്കണം.
൧൬	൧-൫-൧൦൯൫	ചിങ്ങം ൧ നു-ക്കുള്ള കണക്കുകൾ തയ്യാറാക്കി രജിസ്ട്രാർക്ക് അയയ്ക്കണം.
൧൭	൧൬-൫-൧൦൯൫	നിബന്ധന ഭേദഗതികൾ പാസാക്കുമ്പോൾ രണ്ടു പ്രതികൾ അയക്കണം.
൧൮	൧൭-൫-൧൦൯൫	വിതരണസംഘങ്ങൾക്ക് ഗവൺമെന്റിൽ നിന്നും വിൽക്കുന്ന നെല്ലും അരിയും വിതരണത്തിനായി കൊടുക്കും
൧൯	൧൭-൫-൧൦൯൫	കണക്കുകളുടെ കൂടെ ഒരു റിപ്പോർട്ടും അയക്കണം
൨൦	൪-൧-൧൦൯൫	വസ്തുവിവരപ്പട്ടികയിൽ സിക്യൂരിറ്റി ഉൾപ്പെടണം
൨൧		റദ്ദുചെയ്തിരിക്കുന്നു
൨൨	൨-൧-൧൦൯൫	കൃഷിവ്യവസായ മാസിക സംഘങ്ങൾ വരുത്തേണ്ടതാണ്
൨൩	൯-൧-൧൦൯൫	സംഘങ്ങൾ ഇൻസ്പെക്ഷൻ ബുക്ക് സൂക്ഷിക്കണം
൨൪	൧൬-൧-൧൦൯൫	മാസാന്ത്യക്കണക്കുകളിൽ ചില കൂടുതൽ വിവരങ്ങൾ കാണിക്കണം
൨൫	തീയതിനിശ്ചയമില്ല	പാസ്സുകളുടെ വിവരം എഴുതുന്ന പുസ്തകത്തിൽ ചില വിവരങ്ങൾ പ്രത്യേകം കാണിക്കണം
൨൬	ടി	വായ്പ കൊടുക്കുമ്പോൾ കമ്മിറ്റി ഓർമ്മിക്കേണ്ട ചില കാര്യങ്ങൾ
൨൭	൨൦-൩-൧൦൯൫	പൊതുയോഗങ്ങളുടെ തീയതി ഇൻസ്പെക്ടരെയും രജിസ്ട്രാരെയും അറിയിക്കണം
൨൮	൨൦-൪-൧൦൯൫	കുടിശ്ശികക്കാരുടെ മേൽ നടപടി നടത്തുന്നതു് നോട്ടീസു കൊടുത്തതിനു ശേഷമേ പാടുള്ളൂ
൨൯	൫-൬-൧൦൯൫	കൃഷിവ്യവസായ മാസികയുടെ അടവുകൾ കൃഷി ഡയറക്ടർക്കയക്കണം

സംക്ഷിപ്തം - (തുടർച്ച)

നമ്പർ	തീയതി	സംക്ഷിപ്തം
൪൦	൨൦-൫-൧൦൮൫	അഞ്ചൽ സേവിംഗ് സ്‌ബാങ്കിൽ നിന്നും പണം എടുക്കണമെങ്കിൽ വിവരം നേരത്തെ അഞ്ചൽ മാസ്റ്ററെ അറിയിക്കണം
൪൧		റദ്ദ ചെയ്തിരിക്കുന്നു
൪൨	൫-൬-൧൦൮൫	മാസാന്ത്യങ്ങളിൽ അവസ്ഥാപത്രം എഴുതേണ്ട ആവശ്യമില്ല
൪൩		റദ്ദ ചെയ്തിരിക്കുന്നു
൪൪	൭-൬-൧൦൮൭	സംഘങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ
൪൫	൨൫-൬-൧൦൮൫	കൃഷിവ്യവസായമാസികയിൽ തമിഴ് ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തും
൪൬	൨൮-൬-൧൦൮൫	ഇൻസ്പെക്ടർമാർ നീക്കിയിരിപ്പ് തിട്ടപ്പെടുത്തി നാൾവഴിയിൽ രേഖപ്പെടുത്തണം
൪൭	൨൮-൬-൧൦൮൫	പുതിയ അംഗങ്ങളെ ചേർക്കുന്നതിനു കമ്മിററിയുടെ അനുവാദം അത്യാവശ്യമാണ്
൪൮	൨൮-൬-൧൦൮൫	മാസാന്ത്യക്കണക്കുകളിൽ ചില കൂടുതൽ വിവരങ്ങൾ കാണിക്കണം
൪൯	൮-൭-൧൦൮൫	സെൻട്രൽബാങ്കിൽ നിന്നു കിട്ടേണ്ട റിബേററു എത്രയെന്നു ഓരോ സംഘവും എഴുതി അയക്കണം
൫൦	൧൮-൭-൧൦൮൫	സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകളോടുകൂടി നിബന്ധനകൾ പകർത്തുന്നതിന് ഒരു നോട്ടുബുക്കുകൂടി ഇൻസ്പെക്ടർമാർ അപേക്ഷകന്മാരോടു വാങ്ങി അയക്കേണ്ടതാണ്
൫൧	൧൮-൯-൧൦൮൫	നിക്ഷേപം തിരികെ വേണ്ടപ്പോൾ അഞ്ചൽ മാസ്റ്ററെ നേരത്തെ അറിയിച്ചില്ലെങ്കിൽ കാലതാമസം ഉണ്ടാകും
൫൨	൧൦-൧-൧൦൮൬	അഞ്ചൽസേവിംഗ് സ്‌ബാങ്കിൽ നിന്നും പണം എടുക്കുന്നതിന് മുൻകൂട്ടി മാസ്റ്ററെ അറിയിക്കണം

സംക്ഷിപ്തം—(തുടർച്ച)

നമ്പർ	തീയതി	സംക്ഷിപ്തം
൰൩	[illegible]	കടംവായ്പ ഈടാക്കുന്നതിനുള്ള നടപടിയും വ്യവഹാരം ബോധിപ്പിക്കേണ്ട രീതിയും
൰൪	[illegible]	കൃഷിവ്യവസായ മാസിക എക്കണോമിക്ക് ഡവലപ്പ്മെൻറ് ബോർഡാഫീസിൽ നിന്നും പ്രസിദ്ധം ചെയ്യുന്നതാണ്
൰൫		റദ്ദുചെയ്തിരിക്കുന്നു
൰൬	[illegible]	അംഗങ്ങളെക്കൊണ്ടു സംഘത്തിൽ പണം നിക്ഷേപിപ്പിക്കണം പലതരത്തിലുള്ള നിക്ഷേപങ്ങളുടെ മാതൃകാ ചട്ടങ്ങൾ രജിസ്ട്രാരാഫീസിലുണ്ട്
൰൭	[illegible]	കൃഷിഡിപ്പാർട്ടുമെൻറിൽ നിന്നും വളം വാങ്ങി സംഘങ്ങൾ വിതരണം ചെയ്യണം
൰൮	[illegible]	സംഘങ്ങൾ നടത്തുന്ന ചിട്ടികൾ രജിസ്റ്റർ ചെയ്യേണ്ട
൰൯	[illegible]	സമസ്തതിരുവിതാംകൂർ പ.സ. യൂണിയൻ രജിസ്റ്റർ ചെയ്യുന്നതിനെപ്പററിയുള്ള നിശ്ചയം പരസ്യം ചെയ്തിരിക്കുന്നു
൨൰	[illegible]	ഫെമിംഗ് വേയുടെ ഗ്രാമപരസ്പരസഹായസംഗ്രഹം മദ്രാസിൽ വിലയ്ക്ക് കിട്ടുന്നതാണ്
൨൰൧	[illegible]	ചിട്ടികളെ സംബന്ധിച്ച മാതൃകാ ഉപനിബന്ധന
൨൰൨		റദ്ദുചെയ്തിരിക്കുന്നു
൨൰൩	[illegible]	സെൻട്രൽ ബാങ്കിൽ പുതുതായി ഏർപ്പെടുത്തിയിരിക്കുന്ന ഡെയിപ്പോസിറ്റ് കാലനിക്ഷേപത്തിൻെറ ചട്ടങ്ങൾ
൨൰൪	[illegible]	സംഘങ്ങളുടെ ഉദ്ദേശ്യത്തേയും പ്രയോജനത്തേയും പററി
൨൰൫	[illegible]	പലിശയിൽ കുടിശിഖ കണക്കാക്കേണ്ടതെങ്ങനെയെന്നു

സംക്ഷിപ്തം—(തുടർച്ച)

നമ്പർ	തിയതി	സംക്ഷിപ്തം
൬	[illegible]	കുടിശ്ശികകളുടെ വർദ്ധനവിനെപ്പററി
൭		റദ്ദുചെയ്തിരിക്കുന്നു
൮	[illegible]	സംഘങ്ങൾക്ക് സ്റ്റാമ്പുവെണ്ടർ ലൈസൻസെടുക്കാവുന്നതാണ്
൯	[illegible]	വായ്പ ചുമത്തുക പറയുന്ന അവസരത്തിൽ വായ്പക്കാരനെക്കൊണ്ട് നാല്‌വഴിയിലോ വായ്പാപേക്ഷയിലോ ഒപ്പിടുവിക്കണം
൧൦	[illegible]	സംഘങ്ങളുടെ കണക്കുകൾ കോഓപ്പറേററീവ് ഷീററിൽ അനുബന്ധമായി പരസ്യം ചെയ്യുവാൻ ഉദ്ദേശിക്കുന്നു
൧൧		റദ്ദുചെയ്തിരിക്കുന്നു
൧൨	[illegible]	സെൻട്രൽബാങ്കിലേക്ക് ഖജനാവഴിപണം അയക്കുമ്പോൾ അനുവർത്തിക്കേണ്ട രീതി
൧൩	[illegible]	രജിസ്ട്രേഷൻ അനുവാദത്തെ പ്രതീക്ഷിച്ച് സംഘങ്ങൾക്ക് പബ്ളിക്ക് അക്കൌണ്ട് തുടങ്ങിക്കൊള്ളുവാൻ അഞ്ചൽ മാസ്റ്റർക്ക് ഉത്തരവുണ്ടെന്ന്
൧൪	[illegible]	ഡിപ്പാർട്ടുമെൻറിൽ നിന്നും പ്രസിദ്ധംചെയ്യുന്ന സർക്കുലർകൾ ഒരുമിച്ച് സൂക്ഷിക്കണം
൧൫		റദ്ദുചെയ്തിരിക്കുന്നു
൧൬		റദ്ദുചെയ്തിരിക്കുന്നു
൧൭	[illegible]	കുടിശ്ശിക കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

സംക്ഷിപ്തം—(തുടർച്ച)

നമ്പർ	തീയതി	സംക്ഷിപ്തം
൧൮	൨൭-൧൨-൧൦൯൮	സിക്രട്ടറിമാർക്ക് പ്രതിഫലം കൊടുക്കുന്നതിനുമുമ്പ് പൊതുയോഗനിശ്ചയം രജിസ്ട്രാർക്കയച്ച് അനുവാദം വാങ്ങേണ്ടതാണ്
൧൯	൨൯-൧൨-൧൦൯൮	കണക്കുകൾ തയ്യാറാക്കുന്നതിനുള്ള മാതൃകാഫാറങ്ങൾ
൨൦	൬-൧-൧൦൯൯	ഖജനാവുമുഖാന്തിരം പണം അയക്കുന്ന സൌകര്യം എല്ലാ സംഘങ്ങൾക്കും നൽകിയിരിക്കുന്നു.
൨൧	൨൪-൧-൧൦൯൯	കൂടുതൽ കൃഷിസംഘങ്ങൾ സ്ഥാപിക്കണം
൨൨	൧൩-൨-൧൦൯൯	ലാഭവിഭജനം സംബന്ധിച്ചുള്ള പുതിയ വ്യവസ്ഥകൾ
൨൩	൧൩-൫-൧൦൯൯	ഓഹരിയുടെ പ്രത്യേകസ്വഭാവവും പ്രാധാന്യവും
൨൪	തീയ്യതിനിശ്ചയമില്ല	ലാഭവിനിയോഗം എപ്രകാരം വേണമെന്ന്
൨൫	൯-൮-൧൦൯൯	സെൻട്രൽബാങ്കിൽനിന്നും വായ്പവാങ്ങുന്നതിന് അനുവർത്തിക്കേണ്ട നടപടികൾ
൨൬		റദ്ദ് ചെയ്തിരിക്കുന്നു.
൨൭		റദ്ദ് ചെയ്തിരിക്കുന്നു.
൨൮	൬-൧൨-൧൦൯൯	സെൻട്രൽബാങ്കിലെ അംഗസംഘങ്ങൾ അവരുടെ നിബന്ധനയുടെ ഓരോ പ്രതി ബാങ്കിലേക്കയച്ചുകൊടുക്കണം
൨൯		റദ്ദ ചെയ്തിരിക്കുന്നു
൩൦	൧൫-൧-൧൧൦൦	വെള്ളപ്പൊക്കംമൂലം കഷ്ടപ്പെടുന്നവർക്ക് സംഘങ്ങൾ മുഖാന്തിരം ചെയ്യുന്ന ധനസഹായങ്ങൾ
൩൧	൨൦-൧-൧൧൦൦	റിക്കാർട്ടുകളുടെ സൂക്ഷിപ്പുകാരൻ തൽക്കാലികമായിട്ടെങ്കിലും സ്ഥലം വിട്ടുപോയാലെങ്കിൽ റിക്കാർട്ടുകൾ ചുമതലയുള്ള ആരെയെങ്കിലും ഏല്പിച്ചിട്ടേ പോകാവൂ.

സംക്ഷിപ്തം—(തുടർച്ച.)

നമ്പർ	തീയതി	സംക്ഷിപ്തം
൯൨	൨-൨-൧൧൦൦	വെള്ളപ്പൊക്കം മൂലം കഷ്ടതയനുഭവിക്കുന്നവർക്ക് സംഘങ്ങൾമൂലം കൊടുക്കുന്ന വായ്പകളുടെ വ്യവസ്ഥകൾ
൯൩	൨൨-൨-൧൧൦൦	ടി കടങ്ങളുടെ കാലാവധി നീട്ടിയിരിക്കുന്നു.
൯൪	൨൩-൪-൧൧൦൦	ടി വായ്പകൾ സംഘാംഗങ്ങൾക്ക് എങ്ങിനെ കൊടുക്കണമെന്ന്
൯൫	൨൭-൪-൧൧൦൦	ഐക്യസംഘങ്ങളിൽ ചേർന്നിട്ടുള്ള സംഘങ്ങൾ ബാദ്ധ്യക്കണക്കുകൾ ഐക്യസംഘങ്ങൾക്കയക്കണം, കണക്കുകളുടെ ഫാറങ്ങൾ കൊടുത്തിരിക്കുന്നു
൯൬	൨൭-൪-൧൧൦൦	എല്ലാ സംഘങ്ങളും പബ്ലിക് അക്കൗണ്ടുകൾ തുടങ്ങണം
൯൭	൨൭-൫-൧൧൦൦	കർഷികാധിനിവേശചട്ടങ്ങൾ പരസ്പരസഹായഷീററിൽക്കൂടി പ്രസിദ്ധംചെയ്യുന്നതാണ്
൯൮	൨൭-൬-൧൧൦൦	നശിച്ചുപോയ റിക്കാർട്ടുകളുടെ പുനഃസൃഷ്ടി എപ്രകാരം സാധിക്കണമെന്ന്
൯൯	൧൩-൯-൧൧൦൦	സംഘങ്ങൾ രജിസ്റ്റർ ചെയ്യുവാൻ അപേക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
൧൦൦	൧൩-൯-൧൧൦൦	സൂപ്പർവൈസർമാർ ഡയറികൾ യൂണിയൻ സിക്രട്ടറിക്ക് അയക്കേണ്ടതാണ്
൧൦൧	൨൮-൯-൧൧൦൦	സംഘങ്ങൾ ബാദ്ധ്യക്കണക്കുകൾ അയക്കുന്നതിൽ ഐക്യസംഘങ്ങൾ ശ്രദ്ധിക്കണം.
൧൦൨	൭-൧൦-൧൧൦൦	സംഘങ്ങളിൽ പ്രാദേശികസംഘങ്ങളേയും സമാജങ്ങളേയും അംഗങ്ങളായി ചേർത്തുകൂടാ
൧൦൩	൨൭-൧൧-൧൧൦൦	അംഗങ്ങൾക്ക് സംഘത്തിലുള്ള അവകാശങ്ങൾ കൈമാററം ചെയ്യുന്നതിനെപ്പററി

സംക്ഷിപ്തം—(തുടർച്ച.)

നമ്പർ	തീയതി	സംക്ഷിപ്തം
൧൦൪	൨൪-൧൨-൧൧൦൦	വീഴ്ചവരുത്തിയ ഓഹരിയുടെ വിലസംഖ്യ മാത്രമെ കരുതൽധനത്തിൽ ചേർക്കാവു
൧൦൫	൧-൧-൧൧൦൧	സൂപ്പർവിഷൻഫണ്ട് കണക്കാക്കുന്നതു് ഈടാകുന്ന പലിശയിന്മേലല്ലാ സമ്പാദിച്ച പലിശയിന്മേലാണ്
൧൦൬	൪-൩-൧൧൦൧	അംഗങ്ങളെ തിരിച്ചറിയുവാനുള്ള ലക്ഷ്യങ്ങൾ ആക്ഷേപരഹിതമായും സംശയാധീനമല്ലാതെയും ഇരിക്കേണ്ടതാണ്
൧൦൭	൧൭-൭-൧൧൦൧	കൃഷിഡയറക്ടരുടെ ൧൧൦൧-ലെ ൧൦-ാംനമ്പർ സർക്കുലർ ഉദ്ധരിച്ചിരിക്കുന്നു.
൧൦൮	തീയതി നിശ്ചയമില്ല	താലൂക്കബാങ്കുകൾക്ക് നൽകുന്ന വായ്പയുടെ പലിശനിരക്ക്
൧൦൯	൧൯-൩-൧൧൦൧	കെട്ടുതെങ്ങുനിക്ഷേപം
൧൧൦	൨-൯-൧൧൦൧	ചങ്ങനാശ്ശേരി സമ്മേളനത്തിന് സംഘങ്ങൾവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കണം
൧൧൧	൪-൯-൧൧൦൧	കൃഷിഡയറക്ടരുടെ പരിഷ്കൃത കൃഷിയെപ്പററിയുള്ള എഴുത്തുസംഘങ്ങളുടെ അറിവിനായി പരസ്യം ചെയ്തിരിക്കുന്നു
൧൧൨	൨൬-൧൦-൧൧൦൧	കരുതൽധനം നിക്ഷേപിക്കാവുന്ന ബാങ്കുകളുടെ പേരുകൾ
൧൧൩	൨൧-൨-൧൧൦൨	സർക്കാർ ഗസററ് സംഘങ്ങൾക്ക് സൌജന്യനിരക്കിൽ കൊടുക്കുന്നതാണ്

സംക്ഷിപ്തം—(തുടർച്ച.)

നമ്പർ	തീയതി	സംക്ഷിപ്തം
൧൧൪	൧൧-൪-൧൧൦൨	൨൮-ാംവകുപ്പനുസരിച്ചുള്ള ആനുകൂല്യങ്ങളെപ്പററിയുള്ള വിളംബരവും രജിസ്ട്രേഷൻഡയറക്ടരുടെ സർക്കുലറിന്റെ പ്രതിയും
൧൧൫	തീയതി നിശ്ചയമില്ല	കൃഷിഡിപ്പാർട്ടുമെന്റുമായി ഏർപ്പെട്ടു പ്രവർത്തിക്കുമ്പോഴം അനുവർത്തിക്കേണ്ട കാര്യങ്ങളും
൧൧൬		റദ്ദുചെയ്തിരിക്കുന്നു.
൧൧൭	൩൦-൬-൧൧൦൨	രജിസ്ട്രാരുടെ അനുവാദമൊന്നുംകൂടാതെ പൊതുയോഗത്തിൽ അംഗങ്ങളെ ചേർക്കരുത്
൧൧൮		റദ്ദുചെയ്തിരിക്കുന്നു.
൧൧൯		റദ്ദുചെയ്തിരിക്കുന്നു.
൧൨൦	൬-൧-൧൧൦൩	കൃഷിഡിപ്പാർട്ടുമെന്റുമായി സഹകരിച്ചു പ്രവർത്തിച്ചതിന്റെ ഒരു റിപ്പോർട്ട് അയയ്ക്കണം
൧൨൧	൨൮-൩-൧൧൦൩	ഏർപ്പാടുതീർന്ന പ്രമാണങ്ങൾ തിരിച്ചുകൊടുക്കണം
൧൨൨		റദ്ദുചെയ്തിരിക്കുന്നു.
൧൨൩	൮-൮-൧൧൦൩	ചിട്ടി നടത്തുന്നതുകൊണ്ടുള്ള ദൂഷ്യങ്ങൾ
൧൨൪	൨൭-൭-൧൧൦൩	വിതരണ സംഘങ്ങളുടെ മാതൃകാനിബന്ധന രജിസ്ട്രാരാഫീസിൽ കിട്ടുന്നതാണ്
൧൨൫	൨൧-൧൧-൧൧൦൩	സഹകരണവർഷം ഇടവത്തിൽ അവസാനിക്കുന്നതാണ്
൧൨൬		റദ്ദുചെയ്തിരിക്കുന്നു.

സംക്ഷിപ്തം—(തുടർച്ച)

നമ്പർ	തീയതി	സംക്ഷിപ്തം
൧൨൭	൭-൧൨-൧൧൦൩	കരുതൽധനം മററു സ്ഥാപനങ്ങളിൽ നിക്ഷേപിക്കണം
൧൨൮	൯-൮-൧൧൦൪	സർക്കാർ സഹായങ്ങൾക്കുള്ള നവ..ം വകുപ്പുകൾ സർക്കാർ അംഗീകരിച്ചിരിക്കുന്നു
൧൨൯		റദ്ദ് ചെയ്തിരിക്കുന്നു
൧൩൦	൧൨-൧൧-൧൧൦൪	പൊതുയോഗങ്ങൾ കൂടുന്നതിന് സ്കൂൾ കെട്ടിടങ്ങൾ കിട്ടുന്നതിനുള്ള വ്യവസ്ഥകൾ
൧൩൧	൨൧-൫-൧൧൦൫	കാർഷികങ്ങളുടെ ബാദ്ധ്യതയെപ്പററിയുള്ള കണക്കുകൾ ശേഖരിക്കുന്നതിനെപ്പററി
൧൩൨	൨൭-൮-൧൧൦൫	പരസ്പരസഹായമാസികയും കൃഷിവ്യവസായമാസികയും ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും പ്രസിദ്ധംചെയ്യുന്നതാണ്
൧൩൩	൨൫-൨-൧൧൦൬	സർവ്വരാജ്യസഹകരണദിനം
൧൩൪	൧൮-൬-൧൧൦൬	ആഡിററ് അനുസരിച്ചു സംഘങ്ങളെ എ, ബി, സി, ഡി I, II, III, IV, V, VI. എന്നിങ്ങനെ തരം തിരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ
൧൩൫	൮-൧-൧൧൦൭	കരുതൽധനത്തിൽനിന്നും കുറവെഴുതുന്നതിനു മുമ്പ് കണക്കുകളുടെ സൂക്ഷ്മമായ പരിശോധന ആവശ്യമാണ്
൧൩൬	൮-൧-൧൧൦൭	പ്രാഥമിക സംഘങ്ങളിലെ സിക്രട്ടറിമാരുടെ പാരിതോഷികം
൧൩൭	൨൮-൨-൧൧൦൭	നിബന്ധനകളെ ലംഘിച്ചുള്ള അപേക്ഷകൾ അയക്കേണ്ട രീതി

സംക്ഷിപ്തം—(തുടർച്ച)

നമ്പർ	തീയതി	സംക്ഷിപ്തം
൧൦൮	൨൨-൩-൧൧൦൭	വ്യവഹാരച്ചെലവ് എത്ര ഈടാക്കാമെന്ന്
൧൦൯	൧൯-൭-൧൧൦൭	ചിട്ടി നടത്തുന്നതിനുള്ള ഉ നിബന്ധനകൾ പുതുക്കി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു
൧൧൦	൯-൮-൧൧൦൭	വായ്പയുടെ കാലാവധി നീട്ടിക്കിട്ടണമെന്ന് അപേക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
൧൧൧	൨൧-൯-൧൧൦൭	തിരുവിതാംകൂർ കേന്ദ്രസഹകരണസംഘം രജിസ്റ്റർ ചെയ്യിക്കുന്നു
൧൧൨	൨൪-൧൧-൧൧൦൭	രക്ഷാഭോഗ സംഘത്തിനെ സഹായിക്കണം
൧൧൩	൩൧-൧-൧൧൦൮	നെയ്യാററിൻകര സമ്മേളനത്തിന് സംഭാവന നൽകണം
൧൧൪	൧൧-൨-൧൧൦൮	നേരിട്ടുതീർക്കുന്ന ഇടപാടുകളെപ്പററി നടപടി നടത്തുന്ന റവന്യൂ അധികൃതരെ അറിയിക്കണം
൧൧൫	൧൮-൨-൧൧൦൮	സെൻട്രൽബാങ്കിലോ താലൂക്കുബാങ്കിലോ ഓഹരി എടുത്തിട്ടുള്ള സംഘങ്ങൾ ലാഭവീതം ഈടാക്കിയതിനുശേഷം മാത്രമേ കണക്കിൽ ചേർക്കാവൂ
൧൧൬	൧൮-൨-൧൧൦൮	സിക്രട്ടറിയുടെ ചുമതല കമ്മററിനിശ്ചയമില്ലാതെ മററാരെയും ഏല്പിക്കുവാൻ പാടില്ല
൧൧൭	൧൮-൨-൧൧൦൮	ഇൻസ്പെക്ഷൻ ബുക്കുകളില്ലാത്ത സംഘങ്ങളുടെ മിനിട്ടുപുസ്തകത്തിൽ പരിശോധനക്കുറിപ്പുകൾ എഴുതാവുന്നതാണ്
൧൧൮	൩൦-൨-൧൧൦൮	മാദ്ധ്യസ്ഥതയെ സംബന്ധിച്ചുള്ള പൊതു നിർദ്ദേശങ്ങൾ.
൧൧൯	൧൨-൩-൧൧൦൮	[illegible] മലബാർ മാസത്തിൽ ഒരുതവണവീതമേ അയയ്ക്കേണ്ടതുള്ളൂ
൧൨൦	൯-൪-൧൧൦൮	[illegible]സംഘങ്ങൾ സൂപ്പർവൈസിംഗ് യൂണിയനിൽ ചേരത്തക്കവണ്ണം നിബന്ധനകളെ ഭേദഗതിചെയ്യണം

സംക്ഷിപ്തം (തുടർച്ച).

നമ്പർ	തീയതി	സംക്ഷിപ്തം
൧൫൧	൧൫-൪-൧൧൦൮	താലൂക്കുയോഗങ്ങളുടെ കണക്കുകളിൽ സംഘത്തിനു വ്യക്തികൾ ഉള്ള മാസവരി വസൂൽ മുതലായവ പ്രത്യേകം കാണിക്കണം
൧൫൨	൧൬-൫-൧൧൦൮	ഗസറ്റു മേലാൽ ആഴ്ചയിൽ ഒരിക്കൽ സംഘങ്ങൾക്കയച്ചുകൊടുക്കുന്നതാണ്
൧൫൩	൨൬-൭-൧൧൦൮	കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും വളം വാങ്ങുന്നതിനുള്ള മാതൃകാ ഉടമ്പടിഫാറം
൧൫൪	൧൧-൯-൧൧൦൮	സംഘങ്ങൾക്കാവശ്യമുള്ള കടലാസുകൾ പുനലൂർ പേപ്പർമില്ലിൽനിന്നും വാങ്ങണം
൧൫൫	൧൪-൯-൧൧൦൮	റവന്യൂഡിപ്പാർട്ടുമെൻറധികാരികൾ നടപടി എടുത്തുവരുന്ന അവാർഡുകൾക്കാവശ്യമായ വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ സംഘത്തിൽനിന്നും എഴുതിക്കൊടുക്കണം
൧൫൬	൩൧-൯-൧൧൦൮	൧൫൨-ാം നമ്പർ സർക്കുലറിൻെറ വിശദീകരണം
൧൫൭	൫-൧൦-൧൧൦൮	ഇടപാടുകാരുടെ പലിശയും പിഴയും വിലക്കിക്കൊടുക്കുന്ന ഖാതയിൽ ഉൾപ്പെടുത്തുവാൻ പാടില്ല
൧൫൮	൧൫-൧൦-൧൧൦൮	സംഘങ്ങൾ രാഷ്ട്രീയസംരംഭങ്ങളിൽ പങ്കെടുക്കരുത്
൧൫൯	൨൯-൬-൧൧൦൯	സംഘങ്ങൾ രക്ഷാരോഗസംഘങ്ങളെ സഹായിക്കണം
൧൬൦	൪-൫-൧൧൦൯	അദ്ധ്യാപകന്മാർ സംഘത്തിൽ ഉദ്യോഗം സ്വീകരിക്കുമ്പോൾ ഡിപ്പാർട്ടുമെൻറ് മേലധികാരികളെ അറിയിക്കണം
൧൬൧	൧൫-൭-൧൧൦൯	സൂപ്പർവിഷൻഫണ്ട് അഡ്വാൻസായി പിരിക്കാം
൧൬൨	൧൨-൨-൧൧൧൦	സംഘങ്ങൾ മദ്ധ്യസ്ഥന്മാർക്കാവശ്യമുള്ള സഹായങ്ങളെല്ലാം ചെയ്തുകൊടുക്കണം
൧൬൩	൧൨-൨-൧൧൧൦	അംഗസംഘങ്ങളിൽനിന്നും കേന്ദ്രസ്ഥാപനങ്ങളിലേക്കയക്കുന്ന പ്രതിനിധികൾ കടക്കാരായിരിക്കരുത്

സംക്ഷിപ്തം—(തുടർച്ച).

നമ്പർ	തീയതി	സംക്ഷിപ്തം
൧൭൪	൧൧-൪-൧൧൧൪	സൂപ്പർവൈസർമാർ, സംഘത്തിലെ ഉദ്യോഗസ്ഥന്മാർ മുതലായവർ തക്ഷാരോഗസംഘത്തിന്റെ ഏജൻറന്മാരായി പ്രവർത്തിക്കണം
൧൭൫	൨൯-൩-൧൧൧൧	ക്ലിപ്തരഹിതബാദ്ധ്യതയുള്ള ഒന്നിലധികം സംഘങ്ങളിൽ ഒരാൾ അംഗമായിരിക്കാൻ പാടില്ല
൧൭൬	൪-൪-൧൧൧൧	ഇൻസ്റ്റിട്യൂട്ടിന്റെ കുടിശ്ശികകൾ കൊടുത്തുതീർക്കണം
൧൭൭	൩-൪-൧൧൧൧	ശമ്പളപ്പിടിത്തത്തിന് ഒരിക്കൽ അപേക്ഷിച്ചാൽ പിന്നെ അത് പിൻവലിക്കുവാൻ പാടില്ല
൧൭൮	൨-൧൨-൧൧൧൧	സഹകരണസംഘങ്ങളിൽനിന്നും വായ്പ എടുത്തിട്ടുള്ളവർക്ക് താൽക്കാലികമായി ആശ്വാസം നൽകുന്നതിനെപ്പററി
൧൭൯	൨-൯-൧൧൧൧	ബാങ്കുകൾ, സംഘങ്ങളുടെ കരുതൽ ധനത്തിന്മേൽ ജനിക്കുന്ന പലിശയിന്മേലുള്ള സൂപ്പർവിഷൻ ഫണ്ട് നേരിട്ട് കേന്ദ്രസംഘങ്ങൾക്കു കൊടുക്കണം
൧൮൦	൩൦-൯-൧൧൧൧	സംഘം എടുക്കുന്ന വില്ലങ്കസർട്ടിഫിക്കേറ്റുകൾ കക്ഷികൾക്ക് കൊടുക്കുവാൻ പാടില്ല
൧൮൧	൧൯-൮-൧൧൧൧	സംഘങ്ങൾ അതാതു ഡിവിഷൻ അസിസ്റ്റൻറരജിസ്ട്രാരുമായി എഴുത്തുകുത്തുകൾ നടത്തണം
൧൮൨	൨-൯-൧൧൧൧	൧൭൮-ാം നമ്പർ സർക്കുലറനുസരിച്ചുള്ള നിബന്ധന ഭേദഗതി എങ്ങിനെ വേണമെന്ന്
൧൮൩	൯-൧൦-൧൧൧൧	ടീക്കയിരിപ്പ് പരിശോധിച്ച് കമ്മിറ്റിക്കാർ, മാസാന്ത്യക്കണക്കിൽ സാക്ഷിപ്പെടുത്തണം
൧൮൪	൧൩-൧൦-൧൧൧൧	അസി. രജിസ്ട്രാരന്മാരുടെ അധികാരസീമയിൽപ്പെടുന്ന കാര്യങ്ങളെപ്പററി അവർക്കുതന്നെ എഴുതി അയക്കണം
൧൮൫	൧൧-൧൧-൧൧൧൧	൧൮൨-ാം നമ്പർ സർക്കുലറനുസരിച്ചിട്ടുള്ള സൗജന്യങ്ങളുടെ കാലാവധി നീട്ടിയിരിക്കുന്നു

സംക്ഷിപ്തം—(തുടർച്ച).

നമ്പർ	തീയതി	സംക്ഷിപ്തം
൧൭൬	൩൦-൨-൧൧൧൨	മാന്നവൽ തയ്യാറാക്കുന്നതിന് സ്പെഷ്യൽ ആഫീസരെ നിയമിച്ചിരിക്കുന്നു
൧൭൭	൨൨-൨-൧൧൧൨	ഭരണവലിൽ ഉൾപ്പെട്ടതെങ്കിലും പ്രത്യേക കാര്യങ്ങൾ സ്പെഷ്യലാഫീസർ ക്കയക്കണം
൧൭൮	൨൬-൨-൧൧൧൨	സിക്രട്ടറിമാർക്ക് പാരിതോഷികം നൽകുന്നതിനെപ്പററി നം ൦-൩൩ ഈ നിബന്ധനകൾ ഭേദപ്പെടുത്തണം
൧൭൯	൧൦-൩-൧൧൧൨	സംഘങ്ങൾ നാളിതുവരെ ൨൬൧-ാം നമ്പർ സംഘം മുഖാന്തിരം വില്ക്കണം
൧൮൦	൧൮-൩-൧൧൧൨	പറവൂർ സമ്മേളനത്തോടു സഹകരിക്കണം
൧൮൧	൧൮-൪-൧൧൧൨	൧൭൩-ാം നമ്പർ സർക്കുലറിൽ അനുവദിച്ചിട്ടുള്ള കാലാവധി ൩൧-൧൨-൧൧൧൨ വരെ നീട്ടിയിരിക്കുന്നു
൧൮൨	൨൨-൪-൧൧൧൨	ശമ്പളത്തിൽ പിടിക്കുന്നതിനു അപേക്ഷിക്കുന്നതിനു മുമ്പ് വായ്പക്കാരന് നോട്ടീസു കൊടുക്കണം
൧൮൩	൯-൬-൧൧൧൨	പറവൂർ സമ്മേളനത്തിൽ ഹാജരാകുന്ന ഗവണ്മെന്റു ഉദ്യോഗസ്ഥന്മാർ അവധി എടുക്കേണ്ട
൧൮൪	൮-൬-൧൧൧൨	നിബന്ധന നം ൦-൧-൩൩-ം ഭേദപ്പെടുത്തേണ്ടതിന്റെ മാതൃക
൧൮൫	൮-൭-൧൧൧൨	സ്ഥാവര പണയ ബാങ്കിൽ വില്ക്കുന്നതിനെപ്പററി
൧൮൬	൮-൯-൧൧൧൨	പബ്ലിക് അക്കൌണ്ടുകളെ സംബന്ധിച്ച് അസിസ്റ്റന്റു രജിസ്ട്രാന്മാർക്കു ഉറപ്പിയാൽ മതിയാകും
൧൮൭	൧൨-൮-൧൧൧൨	ഇൻസ്റ്റിററ്യൂട്ടിലേക്കടയ്ക്കുവാനുള്ള കുടിശ്ശിക തുക ഉടനെ അടയ്ക്കണം
൧൮൮	൧൨-൮-൧൧൧൨	ഭക്ഷ്യസംഘങ്ങളിലേയും ധനസഹായസ്ഥാപനങ്ങളിലേയും കമ്മിററികളിൽ ഒരാൾ തന്നെ ഇരുന്നുകൂടാ

സംക്ഷിപ്തം—(തുടര്‍ച്ച).

നമ്പര്‍	തീയതി	സംക്ഷിപ്തം
൧൮൯	൮-൯-൧൧൧൨	കേസുകളേയും വിധിനടത്തുകളേയുംപറ്റി ഒരു സ്റ്റേറ്റുമെന്റു അയയ്ക്കണം
൧൯൦	൯-൯-൧൧൧൨	൧൧൧൨-ലെ ൭-ാം ആക്ട് ൧൧൧൨ മിഥുനം ൧൭-നു-ലെ ഗസററില്‍ പരസ്യപ്പെടുത്തിയിരിക്കുന്നു
൧൯൧	൧൭-൯-൧൧൧൨	അന്യായങ്ങള്‍ മേലാല്‍ അസിസ്റ്റന്റു രജിസ്ട്രാരാഫീസുകളില്‍ ഫയല്‍ ചെയ്യണം
൧൯൨	൨൩-൧൨-൧൧൧൨	സൂപ്പര്‍വൈസര്‍മാര്‍ അവരുടെ ഡയറി അതാതു മാസങ്ങളില്‍ ഐക്യസംഘങ്ങളില്‍ അയച്ചുകൊടുക്കണം
൧൯൩	൨൩-൧൨-൧൧൧൨	[illegible] സ്റ്റേഷന്‍ ചെങ്ങന്നൂരില്‍ സ്ഥാപിച്ചിരിക്കുന്നു. സംഘങ്ങള്‍ പ്രയോജനപ്പെടുത്തണം
൧൯൪	൨൩-൧൨-൧൧൧൨	ഒരു മെമ്പര്‍ ഓഹരികള്‍ എടുത്തു കുറെ തവണകള്‍ അടയ്ക്കുകയും ബാക്കി കുടിശ്ശിക വരുത്തുകയും ചെയ്യുമ്പോള്‍ അനുവര്‍ത്തിക്കേണ്ട നടപടി
൧൯൫	൨-൧-൧൧൧൩	മാതൃകാനിബന്ധന ഭേദഗതിചെയ്യേണ്ടവിധം
൧൯൬	൮-൨-൧൧൧൩	ബാങ്കുകള്‍ സൂപ്പര്‍വിഷന്‍ ഫണ്ട് ഐക്യസംഘങ്ങള്‍ക്ക് നല്‍കുന്നതിനു മുമ്പ് സംഘങ്ങളുടെ രേഖാമൂലമായ സമ്മതം വാങ്ങണം
൧൯൭	൯-൨-൧൧൧൩	കാഞ്ഞിരപ്പള്ളിയില്‍ വച്ചു നടത്തുന്ന കേരവികസന പ്രദര്‍ശനത്തില്‍ സംഘങ്ങള്‍ പങ്കുകൊള്ളണം
൧൯൮	൧൦-൨-൧൧൧൩	രജിസ്ട്രാരുടെയും അസിസ്റ്റന്റു രജിസ്ട്രാരുടെയും ആഫീസുകളുമായി എഴുത്തുകുത്തു നടത്തേണ്ട വിധങ്ങളും അവ ആരു മുഖാന്തിരം വേണമെന്നും
൧൯൯	൧-൩-൧൧൧൩	സംഘങ്ങള്‍ കെട്ടുതെങ്ങു ഏര്‍പ്പാട് പ്രചരിപ്പിക്കണം
൨൦൦	൨൯-൩-൧൧൧൩	പഴയ മുദ്രകള്‍ നശിപ്പിച്ചുവിവരം മിനിട്ടിസില്‍ രേഖപ്പെടുത്തിയ ശേഷം പുതിയ മുദ്രകള്‍ ഉണ്ടാക്കേണ്ടതാണ്

സംക്ഷിപ്തം—(തുടർച്ച).

നമ്പർ	തീയതി	സംക്ഷിപ്തം
൨൦൧	൨൯-൬-൧൧൧൨	യോഗനടപടികൾ അയയ്ക്കുമ്പോൾ ആവശ്യവും ഉദ്ദേശ്യവും കാണിക്കുന്ന റിപ്പോർട്ടുകൾ കൂടി അയക്കണം
൨൦൨	൧൦-൧൧-൧൧൧൨	അംഗങ്ങളുമായി ചേരുമ്പോൾ മററു സംഘങ്ങളിൽ അംഗമോ ബാദ്ധ്യതയോ ഉണ്ടോ എന്നുള്ളതു് വെളിവാക്കണം
൨൦൩	൧൮-൧൦-൧൧൧൨	റവന്യൂ റിക്കവറി ആക്ററനുസരിച്ചുള്ള അധികാരങ്ങൾ കോ ആപ്പറേററീവ് ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർക്കു നൽകിയിരിക്കുന്നു
൨൦൪	൨൨-൧൦-൧൧൧൨	ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തെ പൊതുയോഗം ചോദ്യം ചെയ്യുവാൻ പാടില്ല
൨൦൫	൨൬-൧൦-൧൧൧൨	സെൻട്രൽബാങ്കിൽനിന്നും താലൂക്കുബാങ്കുകളിലേക്കു ഓഹരി കൈമാററം ചെയ്യുമ്പോൾ താലൂക്കുബാങ്കുകൾ അത്രയും ഓഹരി സെൻട്രൽബാങ്കിൽ എടുക്കണം
൨൦൬	൨൩-൧൧-൧൧൧൨	ഏഴുനൂററിമൂന്നാംനമ്പർ സൊസൈററിയിൽ സംഘം ജോലി ആരംഭിച്ചിരിക്കുന്നു
൨൦൭	൭-൨-൧൧൧൩	അംഗസംഘങ്ങളിൽനിന്നും കേന്ദ്രസ്ഥാപനങ്ങളിലേക്കു് ഒന്നിലധികം പ്രതിനിധികളെ അയക്കേണ്ട ആവശ്യമില്ല
൨൦൮	൧൨-൪-൧൧൧൩	ഏഴുനൂററിമൂന്നാംനമ്പർ സൊസൈററിയിൽ സംഘത്തെ പുനഃസൃഷ്ടിപ്പിക്കണം
൨൦൯	൨൨-൭-൧൧൧൩	ഇൻസ്റ്റിററ്യൂട്ടിൻെറ കുടിശിഖ അടച്ചുതീർക്കണം
൨൧൦	൨൫-൬-൧൧൧൩	ഒരു മാസത്തിനകം പലിശ അടയ്ക്കുന്നവർക്കു് പലിശ തീർന്ന തീയതിവരെയുള്ള പിഴ ഇളവു ചെയ്തുകൊടുക്കുന്നതാണു്
൨൧൧	൪-൨-൧൧൧൩	മെമ്പർമാരല്ലാത്തവർ ഉൾപ്പെട്ടു് ഉണ്ടാകുന്ന പ്രമാണങ്ങൾക്കു രജിസ്ട്രേഷൻ സ്റ്റാമ്പ് ഈ സംഘങ്ങളിൽനിന്നും ഒഴിവാക്കിയിരിക്കുന്നു.

സംക്ഷിപ്തം—(തുടർച്ച)

നമ്പർ	തീയതി	സംക്ഷിപ്തം
൨൧൨	൨൩-൮-൧൧൧൯	സെയിൽ ആഫീസർമാർ ആവശ്യപ്പെടുന്ന വിവരങ്ങൾ അപ്പഴപ്പോൾ കൊടുക്കണം
൨൧൩	൨൯-൧൦-൧൧൧൩	നിബന്ധനയിലെ വ്യവസ്ഥക്ക് വിപരീതമായി നീക്കിയിരിപ്പ് തുകവശം വച്ചുകൊണ്ടിരിക്കുന്നവർ സിവിലായും ക്രിമിനലായും ഉള്ള നടപടികൾക്ക് വിധേയമായിരിക്കും
൨൧൪	൧൫-൧൨-൧൧൧൦	ആഡിററാഫീസിന്റെ നിരക്കും അതു കണക്കാക്കുന്നതെങ്ങിനെയെന്നും
൨൧൫	൭-൩-൧൧൧൪	നടപടിയിൽ ഇരിക്കുന്ന കേസുകൾക്ക് കഴിഞ്ഞ നടപടി മേലായ ശേഷം മേൽ നടപടികൾക്ക് ക്രമപ്രകാരമുള്ള ഫീസ് അടച്ചാൽ മതി
൨൧൬	൭-൩-൧൧൧൪	അവസാന നടപടിയായി മാത്രമെ അന്യായം കൊടുക്കാവൂ. കൊടുത്താൽ ഉടൻ വിധി വാങ്ങണം
൨൧൭	൩-൭-൧൧൧൪	വിക്കാർട്ടുകളുടെ പകർപ്പ് കൊടുക്കുന്നതിനുള്ള ഫീസ് നിശ്ചയപ്പെടുത്തിയിരിക്കുന്നു
൨൧൮	൩-൮-൧൧൧൪	അസിസ്റ്റൻറ് രജിസ്ത്രാരന്മാരുടെ അധികാരത്തിൽനിന്നു
൨൧൯	൨൭-൯-൧൧൧൪	ആഡിററാഫീസിന്റെ നിരക്ക് വർദ്ധിപ്പിച്ചിരിക്കുന്നു
൨൨൦	൧൫-൧-൧൧൧൫	ബാങ്കുവായ്പയിലെ കുടിശിഖ ചെയ്യേണ്ടിയിട്ടുള്ള സംഘങ്ങളുടെ പ്രതിനിധികൾ ബാങ്കു കമ്മിററിയിൽ ഇരിക്കുവാൻ പാടില്ല
൨൨൧	൧൭-൪-൧൧൧൫	ചെല്ലാൻ രസീതുകൾ അസിസ്റ്റൻറ് രജിസ്ത്രാരാഫീസിലേക്കയക്കണം
൨൨൨	൧൮-൯-൧൧൧൫	കോടതി വിധിനടത്തിപ്പേക്ഷയും രണ്ടുരൂപാ വീതം വിധി നടത്തു അഡ്വാൻസും സെയിലാഫീസറെ ഏല്പിക്കണം
൨൨൩	൨൧-൯-൧൧൧൫	പ്രസിഡണ്ടിനെയോ സെക്രട്ടറിയെ സസ്പെൻഡ് ചെയ്യുന്നതിനു മുമ്പ് സംഘങ്ങൾ രജിസ്ത്രാരെ അറിയിക്കണം
൨൨൪	൨-൬-൧൧൧൫	ശമ്പളം പിടിക്കണമെന്നുള്ള അപേക്ഷകൾ എല്ലാം രജിസ്ത്രാരെ അയക്കണം

സംക്ഷിപ്തം —(തുടർച്ച)

നമ്പർ	തീയതി	സാക്ഷിപ്തം
൧൧൩	[illegible]	൨൭-ാം വകുപ്പനുസരിച്ചുള്ള അപേക്ഷകൾ തെരഞ്ഞെടുപ്പിനുമുമ്പും ആവശ്യക്കാർ തന്നെയും അയയ്ക്കേണ്ടതാണ്.
൧൧൪	[illegible]	ഋണനിവാരണനിയമം അനുസരിച്ചുള്ള സൌജന്യങ്ങൾ സകല സംഘങ്ങളും അപേക്ഷകന്മാർക്കെല്ലാം നൽകേണ്ടതാണ്
൧൧൫	[illegible]	ഒൻപതാമത്തു് സമസ്തതിരുവിതാംകൂർ സഹകരണസമ്മേളനത്തോടു സഹകരിക്കണം
൧൧൬	[illegible]	ചെല്ലാൻ സെയിൽസാഫീസർമാരെക്കൊണ്ടു് കൌണ്ടർസൈൻ ചെയ്യിക്കണം.
൧൧൭	[illegible]	കോടതികൊടുത്തിട്ടുള്ളതോ അവാർഡു് സമ്പാദിച്ചിട്ടുള്ളതോ ആയ വായ്പകളെ സംബന്ധിച്ചു് ശമ്പളം പിടിക്കാൻ അപേക്ഷിക്കുവാൻ പാടില്ല.
൧൨൦	[illegible]	താലൂക്കു് ബാങ്കുകൾ ൧൮-ാം നിബന്ധന ഭേദപ്പെടുത്തണം.
൧൨൧	[illegible]	അവാർഡുകളിലെ മേൽപലിശ ആദായഗണത്തിൽ കൂട്ടുവാൻ പാടില്ല.
൧൨൨	[illegible]	പിഴ ഈടാക്കുവാനുള്ള നിബന്ധനയിലെ വ്യവസ്ഥ എടുത്തുകളയണം.
൧൨൩	[illegible]	ഡിക്രീസംഘങ്ങൾ മൂന്നുമാസത്തിനകം പുരോഗമനം ബോദ്ധ്യപ്പെടുത്തിയില്ലെങ്കിൽ റദ്ദുചെയ്യപ്പെടും.
൧൨൪	[illegible]	ഇൻസ്റ്റിററ്യൂട്ടിലേക്കുള്ള പ്രതിനിധികളുടെ കാലാവധി മൂന്നുകൊല്ലമായിരിക്കുന്നതാണ്.
൧൨൫	[illegible]	ഫോറംസെയിൽ സംഘത്തിന്റെ ഷെയറെടുത്തും വ്യാപാരം കൊടുത്തും അതിനെ അഭിവൃദ്ധിപ്പെടുത്തണം.
൧൨൬	[illegible]	അന്യായം ഫയൽചെയ്യുമ്പോൾ പ്രതികളുടെ ശരിയായ മേൽവിലാസം നൽകേണ്ടതാണ്.

സാക്ഷിപ്തം—(തുടർച്ച)

നമ്പർ	തീയതി	സംക്ഷിപ്തം
൧൩൭	൯-൩-൧൧൧൭	സംഘങ്ങളുടെ പുനരുദ്ധാരണത്തിൽ ഐക്യ, സംഘങ്ങൾ ധനസഹായബാങ്കുകൾ മുതലായവ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.
൧൩൮	൧൧-൩-൧൧൧൭	എല്ലാ സംഘങ്ങളും ഐക്യസംഘങ്ങളിൽ അംഗങ്ങളായി ചേരണം.
൧൩൯	൧൪-൩-൧൧൧൭	ബഡ്ജററ ശുപാർശീകരണത്തെപ്പററിയുള്ള വ്യവസ്ഥകൾ.
൧൪൦	൪-൪-൧൧൧൭	എല്ലാ സംഘങ്ങൾക്കും ബോർഡുണ്ടായിരിക്കണം.
൧൪൧	൮-൪-൧൧൧൭	മദ്ധ്യസ്ഥ കോടതിമുഖേനയും റിക്കവറിക്കുള്ള നടപടിയും ഏകകാലത്തിൽ പാടില്ല.
൧൪൨	൨൩-൪-൧൧൧൭	ഒൻപതാമത്ത് സമ്മേളനം വിജയകരമാക്കണം.
൧൪൩	൧-൫-൧൧൧൭	വിതരണസംഘങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.
൧൪൪	൬-൫-൧൧൧൭	മേൽ പലിശയെപ്പററി വിശദീകരണം.
൧൪൫	൬൬-൫-൧൧൧൭	ബാങ്കുകളുടെ ബാക്കി പത്രങ്ങളിൽ മൂന്നു കമ്മിററി മെംബറന്മാരും മാനേജരും ഒപ്പിടണം.
൧൪൬	൧൩-൭-൧൧൧൭	ആഡിററ ഫീസിന്റെ നിരക്ക് പരിഷ്കരിച്ചിരിക്കുന്നു.
൧൪൭	൧൫-൮-൧൧൧൭	"പരസ്പരസഹായം" എന്നതിനു പകരം "സഹകരണം" എന്നുപയോഗിക്കണം.
൧൪൮	൧൧-൮-൧൧൧൭	ഐക്യസംഘം കമ്മിററിയുടെ കാലാവധി മൂന്നുകൊല്ലമാക്കുന്നതിനോടു ബന്ധിച്ച മററു സ്ഥാപനങ്ങളുടെ നിബന്ധന ഭേദപ്പെടുത്തേണ്ടതിനെപ്പററി
൧൪൯	൪-൧൧-൧൧൧൭	കമ്മിററിമെംബറന്മാരുടെ അടുത്ത ചാർച്ചക്കാർ ആ സ്ഥാപനങ്ങളിൽ ശമ്പളം പററുന്ന സിൽബന്തികളായിരുന്നുകൂടാ.
൧൫൦	൯-൧൧-൧൧൧൭	സംഘങ്ങൾ ഭക്ഷ്യധാന്യ വിതരണത്തിൽ ഏർപ്പെടുന്നുവെങ്കിൽ ലൈസൻസ് വാങ്ങണം

സംക്ഷിപ്തം—(തുടർച്ച)

നമ്പർ	തീയതി	സംക്ഷിപ്തം
൧൫൧	[illegible]	വിധിനടത്തുകാലത്തു നേരിട്ടു തുക വാങ്ങുന്ന പക്ഷം വിവരം സെയിൽസാഫീസരെ അറിയിക്കേണ്ടതാണ്
൧൫൨	[illegible]	എല്ലാ രജിസ്റ്ററുകളും നിശ്ചിതകാലത്തിനുള്ളിൽ തയ്യാറാക്കേണ്ടതാണ്
൧൫൩	[illegible]	മാസാന്ത്യക്കണക്കുകൾ അയയ്ക്കുന്നതിനെപ്പറ്റിയുള്ള കൂടുതൽ വ്യവസ്ഥകൾ
൧൫൪	[illegible]	ചട്ടം ൨൫ (ൻ) ൻെറ വിശദീകരണം
൧൫൫	[illegible]	ആൾജാമ്യം പരിശോധിക്കുകയും സംഘങ്ങൾ അഭിവൃദ്ധിപ്പെടുത്തണം
൧൫൬	[illegible]	തിരുവനന്തപുരം നഗരത്തിലെ സഹകരണ വിതരണം
൧൫൭	[illegible]	ബലത്തിൽ പിടിച്ചിട്ടുള്ള വസ്തുക്കളെപ്പറ്റി സംഘങ്ങൾ അനുവർത്തിക്കേണ്ട രീതി
൧൫൮	[illegible]	ഓഡിറ്റിൽ കണ്ട ദോഷങ്ങളും പരിഹാരനിർദ്ദേശങ്ങളും
൧൫൯	[illegible]	ഓഡിറ്റാഫീസിൻെറ നിരക്ക് വീണ്ടും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു
൧൬൦	[illegible]	വിതരണ സംഘങ്ങൾക്കുള്ള മാതൃകാ ഉപനിബന്ധനകൾ
൧൬൧	[illegible]	[illegible] മീനം [illegible] മുമ്പ് സംഘങ്ങൾ കണക്കുകൾ തയ്യാറാക്കണം
൧൬൨	[illegible]	സഹകരണ സംബന്ധമായി പരിശീലനം കഴിച്ചിട്ടുള്ളവരുടെ ലിസ്റ്റ്
൧൬൩	[illegible]	[illegible] ജീവനക്കാരുടെ ശമ്പളപ്പിടിത്തത്തെപ്പറ്റി

സംക്ഷിപ്തം —(തുടർച്ച)

നമ്പർ	തീയതി	സംക്ഷിപ്തം
൨൬൪	൨൬-൩-൧൧൨൦	സംഘങ്ങൾ കുടിൽവ്യവസായങ്ങളെ പോഷിപ്പിക്കണം
൨൬൫	൨൫-൪-൧൧൨൦	ചെന്താമര സമസ്താവിതാംകൂർ സഹകരണസമ്മേളനം
൨൬൬	൧ ൯.൧൧൨൧	സമ്മേളനം ൧൧൨൧ ചിങ്ങത്തിലേയ്ക്ക് മാററിവച്ചു
൨൬൭	൧൬-൯-൧൧൨൦	൧൧൨൦ മിഥുനം ൧൫-കു മുമ്പ് സംഘങ്ങൾ കണക്കുകൾ തയ്യാറാക്കണം
൨൬൮	൨൬-൧൦-൧൧൨൦	കുടിൽ വ്യവസായങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ തയ്യാറാക്കുന്നതിന് വ്യവസായഡിപ്പാർട്ട്മെൻറിലെ ഉദ്യോഗസ്ഥനെ സഹായിക്കണം
൨൬൯	൨൦-൧൨-൧൧൨൦	സംഘങ്ങൾ രജതജൂബിലി ആഘോഷിക്കണം
൨൭൦	൨൭-൧-൧൧൨൨	പ്രാഥമിക സംഘങ്ങളുടെ ബഡ്ജററ് ഐക്യസംഘങ്ങളും ഐക്യസംഘങ്ങളുടെ ബഡ്ജററ് ഇൻസ്റ്റിററ്യൂട്ടും പാസ്സാക്കണം
൨൭൧	൫-൭-൧൧൨൨	അന്യായത്തിൽ മററിനംവകയിൽ അഞ്ചു ബ്രി. രൂപാ ഉൾപ്പെടുത്തണം മദ്ധ്യസ്ഥന് രണ്ടു രൂപാ ഫീസു കൊടുക്കണം
൨൭൨	൫-൭-൧൧൨൨	ഇൻസ്റ്റിററ്യൂട്ടിന് നൽകേണ്ട സൂപ്പർവിഷൻ ഫണ്ടിൻെറ നിരക്കും അതു വസൂലാക്കുന്നതിനുള്ള നിബന്ധന മേഗതിയുടെ മാതൃകയും
൨൭൩	൨൭-൭-൧൧൨൨	യുദ്ധാനന്തര പുനസ്സംവിധാനപദ്ധതികളെപ്പററി രജിസ്ത്രാർ ചെയ്ത നിർദ്ദേശങ്ങളെപ്പററി ഗവമെണ്ടിൽ നിന്നും ഉണ്ടായിട്ടുള്ള ഉത്തരവ്
൨൭൪	൩൦-൭-൧൧൨൨	മലബാർ, സ്ഥാത, വിധിനടത്തു മുതലായവയ്ക്ക് ഒരു പ്രത്യേക അസിസ്റ്റൻറ് രജിസ്ത്രാരെ നിയമിച്ചിരിക്കുന്നു
൨൭൫	൧൯-൧൦-൧൧൨൨	സംഘങ്ങൾ ഐക്യസംഘങ്ങളിൽ ചേരേണ്ടതു് നിർബന്ധമാണെന്നു ചട്ടത്തിൽ വരുത്തിയിട്ടുള്ള ഭേദഗതി പരസ്യപ്പെടുത്തുന്നു

സംക്ഷിപ്തം—(തുടർച്ച)

നമ്പർ	തീയതി	സംക്ഷിപ്തം
൨൧൩	൨൭-൯-൧൧൨൨	വില്ലേജു യൂണിയൻ, പഞ്ചായത്തു് ഈ ആക്ടുകളനുസരിച്ചുള്ള തൊഴിൽ നികുതിയിൽ നിന്നും സംഘങ്ങളെ ഒഴിവാക്കുകയില്ല
൨൧൪	൨൦-൯-൧൧൨൨	അന്യായത്തിന്റെ ശരിപകർപ്പുകൾ കൂടി ഹാജരാക്കണം
൨൧൫	൧൫-൧൨-൧൧൨൨	ഇടപാടുകൾ അവസാനിക്കുന്നതിൽ സൌജന്യം വേണമെന്നുണ്ടെങ്കിൽ അപേക്ഷകൾ രജിസ്ട്രാർക്കയയ്ക്കണം

തിരുവിതാംകൂർ സഹകരണസംഘആക്ടും, ചട്ടങ്ങളും, സർക്കുലർകളും.

൧. സഹകരണ സംഘനിയമത്തിന്റെ ഉദ്ദേശ്യം, സംജ്ഞ, വ്യാപ്തി, റദ്ദാക്കൽ, ഒഴിവാക്കൽ.

ആക്ടിന്റെ പീഠിക.

കൃഷിക്കാരുടെയും അതുപോലെ സാമ്പത്തികാവശ്യങ്ങളുള്ള മററാളുകളുടേയും ഇടയിൽ പൂർവാധികം നന്നായ ജീവിതരീതിയും, പൂർവാധികം നന്നായ കർമ്മകുശലതയും, ഉല്പന്നങ്ങൾ വില്പനയിൽ പൂർവാധികം നന്നായ സമ്പ്രദായങ്ങളും ഉണ്ടാകത്തക്കവണ്ണം മിതവ്യയവും സ്വാശ്രയവും അന്യോന്യ സഹായവും വർദ്ധിപ്പിക്കുന്നതിലേക്കു സഹകരണസംഘങ്ങൾ ഏർപ്പെടുത്തുകയും നടത്തുകയും ചെയ്യുന്നതിന് ഇനിയും സൗകര്യം ഉണ്ടാക്കുന്നതും അതിലേയ്ക്കു തിരുവിതാംകൂർ സഹകരണസംഘങ്ങൾ സംബന്ധിച്ചു നിയമത്തെ ഏകീകരിച്ചു ഭേദപ്പെടുത്തുന്നതും ആവശ്യമായിരിക്കകൊണ്ട്; ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:

പ്രാരംഭം.

ആക്ട് വകുപ്പ്. (൧) ഈ ആക്ടിനെ ൧൧൧൮-ാമാണ്ടത്തെ തിരുവിതാംകൂർ സഹകരണസംഘം ആക്ട് എന്നു പേരു പറയാവുന്നതാണ്.

ചുരുക്കപ്പേരും വ്യാപ്തിയും.

(൨) ഇതു നമ്മുടെ ഗവണ്മെൻറു നമ്മുടെ ഗവണ്മെൻറു ഗസററിൽ പരസ്യംമൂലം അതിലേക്കായി നിശ്ചയിക്കാവുന്ന തീയതി മുതൽക്കു നടപ്പിൽ വരുന്നതാണ്.

(൩) ഇതു തിരുവിതാംകൂർ ഒട്ടുക്കു വ്യാപിക്കുന്നതാകുന്നു

വകുപ്പ് ൨.

റദ്ദാക്കൽ.

പരസ്പരസഹായസംഘം ആക്ടിനെ (൧൦൮൯-ലെ ൧൦-ാം ആക്ടിനെ) ഇതിനാൽ റദ്ദുചെയ്തിരിക്കുന്നു.

വകുപ്പ് ൧൨.

തൽക്കാലം ഊർജ്ജിതത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൽ (൧൦൯൬-ലെ ൧൦-ാം ആക്ടായ) പരസ്പരസഹായ സംഘം ആക്ടിനെക്കുറിച്ചുള്ള എല്ലാ സൂചനകളും ഈ ആക്ടിനെക്കുറിച്ചുള്ള സൂചനകളായി വ്യാഖ്യാനിക്കേണ്ടതാകുന്നു.

൧൦൯൬-ലെ ൧൦-ാം ആക്ടായ പരസ്പരസഹായ സംഘം ആക്ടിനെക്കുറിച്ച് നിയമങ്ങളിലുണ്ടാകുന്ന സൂചനകളുടെ വ്യാഖ്യാനം.

വകുപ്പ് ൧൩.

൧൦൯൫-ലെ തിരുവിതാംകോട്ട് കമ്പനിആക്ടിലെ വ്യവസ്ഥകൾ രജിസ്റ്റരാക്കപ്പെട്ട സംഘങ്ങളെ ബാധിക്കാൻ പാടില്ലാത്തതാകുന്നു.

സർക്കുലർ ൧൯൦.

൧൦൯൬-ാമാണ്ടത്തെ ൧൦-ാമത്ത് പരസ്പരസഹായസംഘആക്ട് റദ്ദുചെയ്യുകയും അതിനുപകരം പാസ്സാക്കപ്പെട്ട ൧൧൧൨-ലെ ൭-ാമത്ത് ആക്ട്, ൧൯൩൭ മാർച്ച് ൨൩-ാം (൧൧൧൨ മീനം ൧൦൩)-ലെ ഗവണ്മെൻറ് ഗസററിൻെറ രണ്ടാം ഭാഗത്തു ൩൦൩-ാം വശത്ത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. പുതിയ ആക്ട് ൧൧൧൨ മേടമാസം ൨൩-യിലെ ഗവണ്മെൻറ് ഗസററ് ൧-ാംഭാഗത്ത് ൧൦൦൨-ാം പുറത്തു പ്രസിദ്ധം ചെയ്തിട്ടുള്ള വിവരം എല്ലാം സംഘങ്ങളുടേയും അറിവിലേക്കായി പരസ്യപ്പെടുത്തിക്കൊള്ളുന്നു.

സർക്കുലർ ൨൪൧.

൧൧൧൨-ാമാണ്ടത്തെ ൭-ാംനമ്പർ ആക്ടിൻെറ മലയാള തർജ്ജമയിൽ നിവചിച്ചിട്ടുള്ളത് "തിരുവിതാംകൂർ സഹകരണസംഘം ആക്ട്" എന്നാകുന്നു. പ്രസ്തുത ആക്ടിനുശേഷം എല്ലാ സംഘങ്ങളും "സഹകരണസംഘങ്ങൾ" എന്നപേരിൽ വിളിക്കപ്പെടുകയും അറിയപ്പെടുകയും ചെയ്യണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. "പരസ്പര സഹായസംഘം" എന്നവാക്ക് എല്ലാ സംഘങ്ങളും ഉപയോഗിക്കാതിരിക്കുകയും അതിനുപകരം "സഹകരണസംഘം" എന്നപദം ഉപയോഗിക്കുകയും ചെയ്യുന്നതു നന്നായിരിക്കുമെന്ന് തോന്നുന്നു. എല്ലാ എഴുത്തുകുത്തുകളിലും സംഘങ്ങളുടെ മുദ്രകളിലും ബോർഡിലും "സഹകരണ സംഘം" എന്ന വാക്കു മേലാൽ ഉപയോഗിക്കണം. "സഹകരണ

"സംഘം" എന്നപദം ചേർത്തു സംഘങ്ങൾ ആവശ്യമുള്ള നിബന്ധന ഭേദഗതികൾ ഈ സഹകരണവർഷം അവസാനത്തിനുമുൻപു രജിസ്റ്റർ ചെയ്യുവാങ്ങുകയും അവ നടപ്പിൽ കൊണ്ടുവരികയും ചെയ്യേണ്ടതാണ്.

൨. വിവരണങ്ങൾ.

വകുപ്പു ൨.

ഈ ആക്ടിൽ വിഷയത്തിനൊ സന്ദർഭത്തിനൊ വിരുദ്ധമായി യാതൊന്നും ഇല്ലാത്തപക്ഷം:—

(എ) "ഉപനിയമങ്ങൾ" എന്നാൽ അപ്പോഴപ്പോൾ നടപ്പിലിരിക്കുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള ഉപനിയമങ്ങൾ എന്നർത്ഥമാകുന്നതും അതിൽ ഉപനിയമങ്ങളുടെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഭേദഗതി ഉൾപ്പെടുന്നതും ആകുന്നു.

അർത്ഥവിവരണങ്ങൾ.

(ബി) "കമ്മിററി" എന്നാൽ ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ കാര്യാദികളുടെ ഭരണം ഏല്പിക്കപ്പെട്ടിട്ടുള്ള അതിന്റെ ഭരണസംഘമെന്നർത്ഥമാകുന്നു.

(സി) "അംഗം" എന്നാൽ ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിനായി കൊടുക്കുന്ന അപേക്ഷയിൽ ചേരുന്ന ആളും രജിസ്റ്റർ ചെയ്തതിനു ശേഷം ഉപനിയമങ്ങളും ചട്ടങ്ങളും അനുസരിച്ചു അംഗമായി ചേർക്കപ്പെട്ട ആളും ഉൾപ്പെടുന്നതാകുന്നു.

(ഡി) "ഉദ്യോഗസ്ഥൻ" എന്നതിൽ ഒരു ചെയർമാനും, വൈസ്ചെയർമാനും, പ്രസിഡന്റും, സെക്രട്ടറിയും, അസിസ്റ്റന്റ് സെക്രട്ടറിയും, ഖജാൻജിയും, കമ്മിറ്റിയിലെ അംഗവും, സംഘത്തിന്റെ പ്രവൃത്തിസംബന്ധിച്ചു നിർദേശങ്ങൾ നൽകാൻ ചട്ടങ്ങളൊ ഉപനിയമങ്ങളൊ പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള മറേറതെങ്കിലും ആളും ഉൾപ്പെടുന്നതാകുന്നു.

(ഇ) "രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംഘം" അല്ലെങ്കിൽ "സംഘം" എന്നാൽ ഈ ആക്ട്പ്രകാരം രജിസ്റ്റർ ചെയ്തതൊ രജിസ്റ്റർ ചെയ്തതായി ഗണിക്കപ്പെടുന്നതൊ ആയ ഒരു സംഘമെന്ന് അർത്ഥമാകുന്നു.

(എഫ്) "രജിസ്ട്രാർ" എന്നാൽ ഈ ആക്ട് പ്രകാരം ഒരു സഹകരണസംഘം രജിസ്ട്രാരുടെ ജോലികൾ നിർവഹിക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള ഒരാൾ എന്നർത്ഥമാകുന്നു.

(ജി) "ചട്ടങ്ങൾ" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ എന്നർത്ഥമാകുന്നു.

(എച്ച്) "നിർണ്ണയിക്കപ്പെട്ടിട്ടുള്ള" എന്നാൽ ഈ ആക്ടുപ്രകാരം നമ്മുടെ ഗവണ്മെന്റു ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള എന്നർത്ഥമാകുന്നു.

ചട്ടം ൨.

ഈ ചട്ടങ്ങളിൽ വിഷയത്തിനൊ സന്ദർഭത്തിനൊ വിരുദ്ധമായി യാതൊന്നുമില്ലാത്തപക്ഷം:—

അർത്ഥവിവരണം.

(എ) "ആക്ട്" എന്നാൽ ൧൧൧൩-ാമാണ്ടത്തെ തിരുവിതാംകൂർ സഹകരണസംഘം ആക്ട് എന്നർത്ഥമാകുന്നു.

(ബി) "സഹകരണവർഷം" എന്നാൽ ഓരോ കൊല്ലവർഷത്തിലും ഇടവം ഒടുവിലത്തെ ദിവസത്തോടുകൂടി അവസാനിക്കുന്ന വർഷമെന്നോ അല്ലെങ്കിൽ ഏതെങ്കിലും സംഘത്തിന്റെയോ ഏതെങ്കിലും തരം സംഘങ്ങളുടെയോ കാര്യത്തിൽ രജിസ്ട്രാരുടെ മുന്നനുവാദത്തോടുകൂടി മറ്റേതൊരു തീയതിക്കാണോ കണക്കുകൾ തയാറാക്കപ്പെട്ടിരിക്കുന്നതു് ആ തീയതിയോടുകൂടി അവസാനിക്കുന്ന വർഷമെന്നോ അർത്ഥമാകുന്നു.

(സി) "ഡിക്രി" എന്നാൽ, ആക്ടിലെ ൩൧-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഒരു തീരുമാനമോ തീർപ്പോ ഉത്തരവോ എന്നർത്ഥമാകുന്നു.

(ഡി) "ഡിക്രിഉടമസ്ഥൻ" എന്നാൽ, (സി) ഖണ്ഡത്തിൽ വിവരിച്ചിരിക്കുന്നതുപോലെയുള്ള ഒരു ഡിക്രി കൈവശമുള്ള ഏതെങ്കിലും സംഘം എന്നർത്ഥമാകുന്നു.

(ഇ) "വീഴ്ചക്കാരൻ" എന്നാൽ, (സി) ഖണ്ഡത്തിൽ വിവരിച്ചിരിക്കുന്നതുപോലെയുള്ള ഒരു ഡിക്രി ഏതൊരാളിനു് എതിരായി ലഭിച്ചിരിക്കുന്നുവൊ അയാൾ എന്നർത്ഥമാകുന്നു.

(എഫ്) "അസിസ്റ്റന്റു രജിസ്ട്രാർ" എന്നാൽ രജിസ്ട്രാരെ സഹായിക്കുന്നതിനു് ആക്ടിലെ ൩-ാം വകുപ്പിൻ പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നു.

(ജി) "വില്പന ഉദ്യോഗസ്ഥൻ" എന്നാൽ വീഴ്ചക്കാരുടെ വസ്തുക്കൾ ജപ്തിചെയ്തു വില്ക്കുന്നതിനു് കരംപിരിവു് ആക്ടനുസരിച്ചു് അധികാരങ്ങൾ നൽകപ്പെട്ടിട്ടുള്ള സഹകരണഡിപ്പാർട്ടുമെന്റിലെ ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

കുറിപ്പ്: —സഹകരണഡിപ്പാർട്ടുമെൻറിലെ എല്ലാ ഉദ്യോഗസ്ഥന്മാരെയും തിരുവിതാംകൂർ ശിക്ഷാനിയമത്തിൻെറ (1074-ലെ 1-ാം ആക്ട്) അർത്ഥത്തിലുൾപ്പെട്ട സർക്കാരുദ്യോഗസ്ഥന്മാരായി ഗണിക്കുന്നതാണ്.

(എച്ച്) "സംഘം" എന്നാൽ ആക്ടിൽ വിവരിക്കപ്പെട്ടിരിക്കുന്നതുപോലെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സംഘം എന്നർത്ഥമാകുന്നു.

(ഐ) "പ്രവർത്തനമൂലധനം" എന്നാൽ കെട്ടിടങ്ങളിലും മററു സ്ഥാവര സ്വത്തുക്കളിലുമായി മുടക്കിയിട്ടില്ലാത്തതായി ഒരു സംഘത്തിനു കിട്ടിയിട്ടുള്ള കരുതൽ ധനത്തിൻെറയും മററു ഫണ്ടിൻെറയും ഒടച്ചുതീർന്ന മൂലധനത്തിൻെറയും വായ്പകളുടെയും നിക്ഷേപങ്ങളുടെയും ഒരു സംഘം പുറപ്പെടുവിച്ചിട്ടുള്ള ഡിബഞ്ചറുകളുടേയും അത്രത്തോളമുള്ള ഭാഗമെന്നർത്ഥമാകുന്നു.

(ജെ) "അററ ആദായം" എന്നാൽ 19-ാം ചട്ടപ്രകാരം രജിസ്ട്രാർ സാക്ഷിപ്പെടുത്തിയ വിധമുള്ള അററ ആദായമെന്നർത്ഥമാകുന്നു.

(കെ) "പണം കൊടുക്കുന്ന ഏർപ്പാടുള്ള ബാങ്ക്" എന്നാൽ രജിസ്റ്റർ ചെയ്ത ഒരു സംഘം എന്നർത്ഥമാകുന്നു.

൩. സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ.

വകുപ്പ് ൻ.

(എ) രജിസ്റ്റർ ചെയ്യേണ്ട ആവശ്യത്തിനായി, രജിസ്റ്റർ ചെയ്യാനുള്ള ഒരപേക്ഷ രജിസ്ട്രാർക്ക് അയയ്ക്കേണ്ടതാകുന്നു.

രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷ.

(ബി) അപേക്ഷയിൽ:—

(എ) യാതൊരംഗവും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സംഘമായിരിക്കാത്ത ഒരു സംഘത്തിൻെറ കാര്യത്തിൽ, ൬-ാം വകുപ്പ് (എ-൨) ഉപവകുപ്പിലെ ആവശ്യങ്ങൾക്കനുസരണമായ യോഗ്യതയുള്ള പത്തിൽ കുറയാതെയുള്ള ആളുകളും,

(ബി) ഒരംഗം ഒരു രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംഘമായിരിക്കുന്ന ഒരു സംഘത്തിൻെറ കാര്യത്തിൽ, അപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഓരോ സംഘത്തിനുംവേണ്ടി മുറപ്രകാരം അധികാരപ്പെടുത്തിട്ടുള്ള ഒരാളും ഒരു സംഘത്തിൻെറ എല്ലാ അംഗങ്ങളും രജിസ്റ്റർ

ചെയ്യപ്പെട്ടിട്ടുള്ള സംഘങ്ങളല്ലാതിരിക്കുന്ന സംഗതിയിൽ മററുള്ള അംഗങ്ങളിൽ പത്തുപേരോ മററ് അംഗങ്ങൾ പത്തിൽ കുറഞ്ഞിരിക്കുമ്പോൾ എല്ലാ അംഗങ്ങളും

ഒപ്പിട്ടിരിക്കേണ്ടതാണ്.

(൬) അപേക്ഷയോടൊന്നിച്ച് സംഘംവകയായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഉപനിയമങ്ങളുടെ ഒരു പകർപ്പ് അയക്കേണ്ടതും ഏതാളുകളോ ഏതാളുകൾക്ക വേണ്ടിയോ ആ അപേക്ഷ ബോധിപ്പിക്കുന്നുവോ ആ ആളുകൾ സംഘം സംബന്ധിച്ച് രജിസ്ട്രാർ ആവശ്യപ്പെടാവുന്ന വിവരങ്ങൾ നൽകേണ്ടതും ആകുന്നു.

ചട്ടം ൩.

രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ.

ആക്ട് ൯-ാം വകുപ്പിൻപ്രകാരം ഒരു സഹകരണസംഘമായി രജിസ്റ്റർ ചെയ്യാൻ അപേക്ഷിക്കണമെന്നാഗ്രഹിക്കുന്ന ആളുകളുടെ ഏതൊരു സംഘവും ഈ ചട്ടങ്ങളോടനുബന്ധിച്ചിരിക്കുന്ന എ പട്ടികയിൽ നിർണ്ണയിച്ചിട്ടുള്ള ഫാറത്തിൽ സഹകരണസംഘം രജിസ്ട്രാരോട് അപേക്ഷിക്കേണ്ടതാകുന്നു.

എ പട്ടിക.

(3-ാം ചട്ടം നോക്കുക.)

തിരുവിതാംകോട്ട് സഹകരണസംഘം ആക്ട്പ്രകാരം ഒരു സഹകരണസംഘമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷഫാറം.

1. നിർദ്ദേശിച്ചിട്ടുള്ള സംഘത്തിന്റെ പേര്.

2. സംഘത്തിന്റെ ഹെഡ്ക്വാർട്ടേഴ്സും ഒരു ക്രെഡിററു സംഘത്തിന്റെ സംഗതിയിൽ അതിന്റെ പ്രവൃത്തനപ്രദേശവും.

(ഡിസ്ട്രിക്ട്, താലൂക്ക്, അടുത്തുള്ള റെയിൽവേസ്റ്റേഷൻ അല്ലെങ്കിൽ നല്ലപോലെ അറിയപ്പെടുന്ന സ്ഥലം ഇവയെ പരിഗണിച്ച ഗ്രാമത്തിന്റെയോ നഗരത്തിന്റെയോ കിടപ്പും അവിടെ നിന്നുമുള്ള ദൂരവും കുറിക്കുക.)

3. സംഘത്തിന്റെ മേൽവിലാസം (ഏററവും അടുത്തുള്ള അഞ്ചൽ ആഫീസു ഉൾപ്പടെ.)

4. അംഗങ്ങളുടെ ബാദ്ധ്യത ക്ളിപ്തമോ ക്ളിപ്തരഹിതമോ ആയിരിക്കണമെന്നു കാണിക്കുക.

5. മേൽപ്പറഞ്ഞ പേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിൽ ഇതിനു താഴെ ഒപ്പുകളും, വയസ്സ്, തൊഴിൽ, വാസസ്ഥലം ആദിയായവയുടെ വിവരങ്ങളും സഹിതം പേരുകൾ കൊടുത്തിരിക്കുന്ന ആളുകൾ ഇതിനാൽ അപേക്ഷിച്ചിരിക്കുന്നു.

6. ഈ അപേക്ഷയോടുകൂടി അപേക്ഷകന്മാർ സ്വീകരിച്ചിട്ടുള്ളതും, അവര ഒപ്പിട്ടിരിക്കുന്നതുമായ നക്കൽ ഉപചട്ടങ്ങളുടെ ഒരു പ്രതി അയച്ചിരിക്കുന്നു.

7. താഴെപ്പറയുന്ന ആളുകളെ സംഘം രജിസ്റ്റർ ചെയ്യുന്ന തീയതി മുതൽ മൂന്നു മാസക്കാലത്തേക്ക് അല്ലെങ്കിൽ രജിസ്ട്രാർ ആവശ്യമാണെന്നു വിചാരിക്കാവുന്ന കൂടുതൽ കാലത്തേക്കു സംഘത്തിലെ കാര്യാദികൾ നടത്തുന്ന കമ്മിററിയിലേക്ക് അപേക്ഷകന്മാരെ തെരഞ്ഞെടുത്തിരിക്കുന്നു.

1
2
3
4
5

കുറിപ്പ്:—അപേക്ഷകന്മാരെല്ലാം വ്യക്തികളാണെങ്കിൽ പ്രായപൂർത്തി വന്നിട്ടുള്ള അവരിൽ പത്തുപേരെങ്കിലും അപേക്ഷയും ഉപചട്ടങ്ങളും സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപേക്ഷകൻ ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘമായിരിക്കുമ്പോൾ അപ്രകാരമുള്ള രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിനുവേണ്ടി മുറപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഒരാൾ അപേക്ഷയും ഉപചട്ടങ്ങളും ഒപ്പിടേണ്ടതും സംഘത്തിലെ എല്ലാ അംഗങ്ങളും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങളല്ലാത്തപ്പോൾ മററു പത്തു അംഗങ്ങളോ അവരുടെ എണ്ണം പത്തിൽ കുറവായിരിക്കുമ്പോൾ അവരെല്ലാവരുമോ ഒപ്പിടേണ്ടതുമാകുന്നു.

1

നക്കൽഉപചട്ടങ്ങൾ.

2

ക്രമനമ്പർ	അപേക്ഷകന്റെ പേര്	അച്ഛന്റെ പേര്	വയസ്സ്	[illegible]	തൊഴിൽ	വാസസ്ഥലം	അപേക്ഷകൻ എടുക്കുന്ന ഓഹരികളുടെ എണ്ണം	അപേക്ഷകന്റെ ഒപ്പോ വിരലടയാളമോ

൪. ഉപനിയമങ്ങൾ.

ചട്ടം ൪.

രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓരോ അപേക്ഷയോടുംകൂടി അപേക്ഷകന്മാർ സമ്മതിച്ചിട്ടുള്ള ഉപനിയമങ്ങളുടെ ഒരു നക്കൽ സമർപ്പിക്കേണ്ടതാകുന്നു. ഉപനിയമങ്ങൾ ആക്ടിനും അതിൻപ്രകാരം നമ്മുടെ ഗവൺമെൻറ് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും അനുയോജ്യമായിരിക്കേണ്ടതും അവയിൽ (എ) മുതൽ (ഇസഡ്) വരെയുള്ള ഖണ്ഡങ്ങളിൽ വിവരിച്ചിട്ടുള്ള വിഷയങ്ങളെപ്പറ്റി പ്രതിപാദിച്ചിരിക്കേണ്ടതും സംഘത്തിന്റെ ഘടനയും അതിന്റെ പ്രവൃത്തി നടത്തിപ്പും സംബന്ധിച്ച് ആവശ്യമെന്നു ഗണിക്കാവുന്ന മററ കാര്യങ്ങളെപ്പററി പ്രതിപാദിക്കാവുന്നതും ആകുന്നു.

ഉപനിയമങ്ങളിലെ കാര്യം.

(എ) സംഘത്തിന്റെ പേരും മേൽവിലാസവും;

(ബി) അതിന്റെ പ്രവർത്തനസ്ഥലത്തിന്റെ വിസ്തീർണ്ണം;

(സി) സംഘത്തിന്റെ ഉദ്ദേശങ്ങൾ,

(ഡി) അതിന്റെ ഫണ്ട് ഏതൊരു കാര്യത്തിനു വിനിയോഗിക്കാമെന്ന്;

(ഇ) അംഗമായി ചേരുന്നതിനുള്ള യോഗ്യതയും അംഗമെന്ന നിലയിലുള്ള അവകാശം വിനിയോഗിക്കുന്നതിലേക്ക് എന്തെങ്കിലും കൊടുക്കേണ്ടതായിട്ടുണ്ടെങ്കിൽ അതും അല്ലെങ്കിൽ നേടിയിരിക്കേണ്ട താല്പര്യവും;

(എഫ്) സംഘം വരുത്തിവയ്ക്കുന്ന കടങ്ങൾ സംബന്ധിച്ച് അംഗങ്ങൾക്കുള്ള ബാദ്ധ്യതയുടെ സ്വഭാവവും തുകയും;

(ജി) ഏതേതു പരിതഃസ്ഥിതികളിൽ ഒരംഗത്തെ പിൻമാറാൻ അനുവദിക്കാമോ ആ പരിതഃസ്ഥിതികൾ;

(എച്ച്) അംഗങ്ങളുടെ പിന്മാററം, അയോഗ്യത, മരണം ഇവ കാര്യങ്ങളിൽ അനുവർത്തിക്കേണ്ട നടപടി;

(ഐ) ഏതേതു സ്ഥിതികളിൽ ഒരംഗത്തിൻെറ ഓഹരിയോ താൽപര്യമോ കൈമാററം ചെയ്യാൻ അനുവദിക്കപ്പെടുമോ ആ സ്ഥിതികൾ;

(ജെ) സംഘത്തിന് ഓഹരിമൂലധനം വല്ലതുമുണ്ടെങ്കിൽ ആ ഓഹരിമൂലധനത്തിൻെറ സ്വഭാവവും തുകയും; ഓഹരിമൂലധനം ഉണ്ടായിരിക്കുമ്പോൾ ഒരോററ അംഗത്തിന് ഉണ്ടായിരിക്കാവുന്ന ഓഹരിമൂലധനത്തിൻെറ പരമാവധി;

(കെ) ഏതേതു പരിതഃസ്ഥിതികളിൽ സംഘം പണം കടം വാങ്ങാമൊ ആ പരിതഃസ്ഥിതികളും അങ്ങനെ കടം വാങ്ങുന്നതിൽ അനുവർത്തിക്കേണ്ട നടപടിയും;

(എൽ) അംഗങ്ങളിൽനിന്നു പ്രവേശനഫീസും, മററു ഫീസും, പിഴയും ആയി വല്ലതും പിരിക്കേണ്ടതായുണ്ടെങ്കിൽ അവ;

(എം) ഒരംഗത്തിന് അനുവദിക്കാവുന്ന വായ്പയുടെ പരമാവധിയും, വായ്പകൾ അനുവദിക്കുകയും അവ തിരിയെ അടയ്ക്കുകയൊ പുതുക്കുകയൊ ചെയ്യുന്നതിനു കാലം നീട്ടികൊടുക്കുകയും അംഗങ്ങളിൽനിന്നു വായ്പ കൊടുത്ത തുക ഈടാക്കുകയും ചെയ്യുന്നതിൽ അനുവർത്തിക്കേണ്ട നടപടിയും;

(എൻ) ഏതേതു വ്യവസ്ഥകളിൽ അംഗങ്ങൾക്കു വായ്പകൾ അനുവദിക്കയും അവ തിരിയെ അടയ്ക്കുകയോ പുതുക്കുകയോ ചെയ്യുന്നതിനു കാലം നീട്ടികൊടുക്കുകയും ചെയ്യാമൊ ആ വ്യവസ്ഥകൾ;

(ഒ) അംഗം കൊടുക്കാനുള്ള ഏതെങ്കിലും തുക കൊടുക്കാൻ വീഴ്ചപ്പെടുത്തിയാലുള്ള ഫലം;

(പി) പണം ആരിൽനിന്ന് ഈടാകാനുണ്ടോ ആ അംഗങ്ങൾ കൊടുക്കുന്ന പണം ഉപയോഗപ്പെടുത്തുന്ന വിധം;

(ക്യൂ) അടച്ച ഓഹരി മൂലധനത്തിന്മേൽ അംഗങ്ങൾക്കു കൊടുക്കാവുന്ന ആദായവീതത്തിൻെറ പരമാവധി;

(ആർ) കടം വാങ്ങിയ പണത്തിനു സംഘവും അംഗങ്ങൾക്കു കൊടുത്ത വായ്പയും അംഗങ്ങളും കൊടുക്കേണ്ട പലിശയുടെ നിരക്ക്;

(എസ്) ഉൽപാദകസംഘങ്ങളുടെയും വിതരണസംഘങ്ങളുടേയും കാര്യത്തിൽ അസംസ്കൃതസാധനങ്ങളും നിർമ്മിതസാധനങ്ങളും വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിലും ഇരുപ്പു ചരക്കു തിട്ടപ്പെടുത്തുന്നതിലും അനുവർത്തിക്കേണ്ട നടപടി;

(റ്റി) സഭകൾ കൂടുന്ന വിധവും വോട്ടു ചെയ്യുന്നതിനുള്ള അവകാശവും 5-ം, 6-ം ചട്ടങ്ങൾക്കുൾപ്പെട്ട് ഉപനിയമങ്ങൾ ഉണ്ടാക്കുകയും ഭേദപ്പെടുത്തുകയും റദ്ദു ചെയ്യുകയും ചെയ്യുന്ന പ്രകാരവും;

(യു) കമ്മിററിയേയും മററുദ്യോഗസ്ഥന്മാരേയും നിയമിക്കുകയും നീക്കുകയും ചെയ്യുന്ന വിധവും കമ്മിററിയുടേയും മററുദ്യോഗസ്ഥന്മാരുടേയും കൃത്യങ്ങളും അധികാരങ്ങളും;

(വി) പണങ്ങൾ സൂക്ഷിക്കയും നിക്ഷേപിക്കയും ചെയ്യുന്ന വിധവും 8-ം, 19-ം ചട്ടങ്ങൾക്കുൾപ്പെട്ടു കണക്കുകൾ സൂക്ഷിക്കുന്ന വിധവും;

(ഡബ്ലിയു) ഒരു റിസർവ്വഫണ്ടു രൂപീകരിക്കുന്നതും, റിസർവ്വഫണ്ട് ഏതേതാവശ്യങ്ങൾക്കു വിനിയോഗിക്കാമെ ആ ആവശ്യങ്ങളും സംഘത്തിൻെറ നിയന്ത്രണത്തിൽപെട്ട ആ ഫണ്ടൊ മററേതെങ്കിലും ഫണ്ടുകളൊ നിക്ഷേപിക്കയൊ ഉപയോഗിക്കയൊ ചെയ്യുന്നതും;

(എക്സ്) ആധാരങ്ങളിൽ ഒപ്പു വയ്ക്കയും സംഘത്തിനു വേണ്ടി അന്യായങ്ങളൊ നിയമപരമായ മററു നടപടികളൊ ഏർപ്പെടുത്തുകയും പ്രതിവാദം നടത്തുകയും ചെയ്യുന്നതിന് ഒരു ഉദ്യോഗസ്ഥനെയോ ഉദ്യോഗസ്ഥന്മാരെയോ അധികാരപ്പെടുത്തുക;

(വൈ) അററ ആദായങ്ങളുടെ വിനിയോഗം;

(ഇസെഡ്) രജിസ്ട്രാർ നിർണ്ണയിച്ചിട്ടുള്ള വാർഷികവിവരപത്രികകൾ തയ്യാറാക്കി സമർപ്പിക്കയും അവയെ പ്രസിദ്ധപ്പെടുത്തുകയും ഏതെങ്കിലും സൂപ്പർവൈസിംഗ് യൂണിയനോടൊ മററു സ്ഥാപനങ്ങളോടൊ സംഘത്തെ അംഗമായി ചേർക്കണമോ എന്നും അങ്ങനെ ചേർക്കണമെങ്കിൽ അതിലേയ്ക്കു കൊടുക്കേണ്ടതായ ചെലവുകളും;

൩. സംഘം രജിസ്റ്റർ ചെയ്യുക.

വകുപ്പ് ൧൦.

രജിസ്റ്റർചെയ്യു.

ഈ ആക്റ്റിലെ വ്യവസ്ഥകളും ചട്ടങ്ങളും ഒരു സംഘം അനുസരിച്ചിട്ടുണ്ടെന്നും, നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള അതിന്റെ ഉപനിയമങ്ങൾ ആക്റ്റിന്നൊ ചട്ടങ്ങൾക്കൊ വിപരീതമായിട്ടുള്ളവയല്ലെന്നും രജിസ്ത്രാർക്ക ബോദ്ധ്യമായാൽ അദ്ദേഹം തനിക്ക യുക്തമെന്ന തോന്നുന്നപക്ഷം ആ സംഘത്തേയും അതിന്റെ ഉപനിയമങ്ങളേയും രജിസ്റ്റർ ചെയ്യാവുന്നതാകുന്നു. നിരസിക്കുന്നപക്ഷം, നിരസന ഉത്തരവു പുറപ്പെടുവിച്ച തീയതി മുതൽ രണ്ടു മാസത്തിനകം നമ്മുടെ ഗവണ്മെന്റിലേയ്ക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

വകുപ്പ് ൧൧.

രജിസ്റ്റർ ചെയ്തതി ന്റെ തെളിവ്.

രജിസ്റ്റർ ചെയ്തതിനെപ്പററി രജിസ്ത്രാർ ഒപ്പിട്ട ഒരു സാക്ഷ്യപത്രം അതിൽ പറഞ്ഞിരിക്കുന്ന സംഘത്തെ രജിസ്റ്റർ ചെയ്തതു റദ്ദചെയ്തിരിക്കുന്നു എന്നു തെളിയിക്കാത്തപക്ഷം ആ സംഘം മുറപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നുവെന്നതിനു നിശ്ചിതമായ തെളിവായിരിക്കുന്നതാണ്.

വകുപ്പ് ൧൨.

രജിസ്റ്റർചെയ്യപ്പെട്ട സംഘത്തിന്റെ ഉപനിയമങ്ങൾ ഭേദപ്പെടുത്തുക.

(൧) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘത്തിന്റെ ഉപനിയമങ്ങളിൽ (റദ്ദാക്കുന്നതിനായൊ കൂടുതൽ ചേർക്കുന്നതിനായൊ, ഭേദപ്പെടുത്തുന്നതിനായൊ) ചെയ്യുന്ന യാതൊരു ഭേദഗതിയും ഒരു പൊതുയോഗത്തിന്റെ തീർപ്പുനിശ്ചയം മൂലം അംഗീകരിക്കുകയും ഈ ആക്റ്റിൻ പ്രകാരം രജിസ്റ്റർ ചെയ്കയും ചെയ്യുന്നതുവരെ സാധുവായിരിക്കുന്നതല്ലാത്തതും ആ കാര്യത്തിലേക്ക ഭേദഗതിയുടെ ഒരു പകർപ്പു രജിസ്ത്രാർക്ക് അയക്കേണ്ടതും ആകുന്നു.

(൨) ഉപനിയമങ്ങളിൽ വരുത്തുന്ന ഏതെങ്കിലും ഭേദഗതി ഈ ആക്റ്റിന്നൊ ചട്ടങ്ങൾക്കൊ വിരുദ്ധമല്ലെന്നു രജിസ്ത്രാർക്ക ബോദ്ധ്യപ്പെട്ടാൽ അദ്ദേഹം തനിക്ക യുക്തമെന്നു തോന്നുന്നപക്ഷം ഭേദഗതിയെ രജിസ്റ്റർ ചെയ്യാവുന്നതാണ്. വിസമ്മതിക്കുന്ന സംഗതിയിൽ വിസമ്മതിച്ചുള്ള ഉത്തരവു പുറപ്പെടുവിച്ച തീയതി മുതൽ രണ്ടുമാസത്തിനകം നമ്മുടെ ഗവണ്മെന്റിന്റെ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(ഡി) ഒരു സംഘത്തിന്റെ ഉപനിയമങ്ങളിൽ വരുത്തുന്ന ഒരു ഭേദഗതിയെ രജിസ്ട്രാർ രജിസ്റ്റർ ചെയ്താൽ ഭേദഗതിയുടെ ഒരു പ്രതി താൻ സാക്ഷ്യപ്പെടുത്തി സംഘത്തിനയക്കേണ്ടതും അതു ആ ഭേദഗതിയെ മുറപ്രകാരം രജിസ്റ്റർചെയ്തിരിക്കുന്നുവെന്നതിനു നിശ്ചിതമായ തെളിവായിരിക്കുന്നതും ആകുന്നു.

വകുപ്പ് ൧൮.

രജിസ്റ്ററാക്കുന്നതിനെപ്പററിയുള്ള വ്യവസ്ഥകളിൽ നിന്നു സംഘങ്ങളെ ഒഴിവാക്കാൻ അധികാരം.

ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നമ്മുടെ ഗവൺമെൻറ് അതതുസംഗതിയിൽ പ്രത്യേക ഉത്തരവുമൂലവും തങ്ങൾ ചുമത്താവുന്ന വല്ല വ്യവസ്ഥകളുമുണ്ടെങ്കിൽ, അവയ്ക്കു വിധേയമായും വല്ല സംഘത്തേയും രജിസ്റ്ററാക്കുന്നതിനെപ്പററി ഈ ആക്ട് ആവശ്യപ്പെടുന്ന കാര്യങ്ങളിൽ വല്ലതിൽനിന്നും ഒഴിവാക്കാവുന്നതാണ്.

വകുപ്പ് ൧൯.

രജിസ്റ്ററാക്കിയ സംഘങ്ങളെ ആക്ടിലെ വ്യവസ്ഥകളിൽ നിന്നു ഒഴിവാക്കാൻ അധികാരം.

രജിസ്റ്ററാക്കിയ വല്ലസംഘത്തേയും ഈ ആക്ടിലെ വ്യവസ്ഥകളിൽ വല്ലതിൽനിന്നും സാമാന്യമൊ പ്രത്യേകമൊ ആയ ഉത്തരവിനാൽ നമ്മുടെ ഗവൺമെൻറ് ഒഴിവാക്കുകയൊ ഉത്തരവിൽ പ്രസ്താവിച്ചിരിക്കാവുന്ന ഭേദഗതികളോടുകൂടി പ്രസ്തുത സംഘത്തിനു പ്രസ്തുത വ്യവസ്ഥകൾ സംബന്ധിക്കേണ്ടതാണെന്നു നിദ്ദേശിക്കയൊ ചെയ്യാവുന്നതാകുന്നു.

വകുപ്പ് ൨൦.

നിലവിലിരിക്കുന്ന സംഘങ്ങളെ ഒഴിവാക്കുന്നതിനുള്ള അപേക്ഷ.

(എ) (൧൦൯൬-ലെ ൧൦-ാം ആക്ടായ) പരസ്പരസഹായസംഘ ആക്ടിൻ പ്രകാരം, രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതും ഇപ്പോൾ നിലവിലിരിക്കുന്നതുമായ എല്ലാ സംഘങ്ങളേയും ഈ ആക്ടിൻ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതായി ഗണിക്കേണ്ടതും, അതിന്റെ ഉപനിയമങ്ങൾ ഈ ആക്ടിലെ വ്യക്തമായ വ്യവസ്ഥകൾക്കു വിരുദ്ധമല്ലാതിരിക്കുന്നിടത്തോളം, അവ ഭേദപ്പെടുത്തുകയൊ റദ്ദ് ചെയ്യുകയൊ ചെയ്യുന്നതുവരെ ഉൗർജ്ജിതത്തിൽ ഇരിക്കുന്നതും ആകുന്നു.

(ബി) പ്രസ്തുത ആക്ടിൻ പ്രകാരം നടത്തിയ നിയമനങ്ങളും നിർമ്മിച്ച ചട്ടങ്ങളും പുറപ്പെടുവിച്ച ഉത്തരവുകളും പരസ്യങ്ങളും നോട്ടീസുകളും കൊടുത്തിട്ടുള്ള അന്യായങ്ങളും നടത്തുന്ന മററു നടപടികളും

കഴിവുള്ളിടത്തോളം ഈ ആക്റ്റിൻ പ്രകാരം നടത്തിയതായൊ നിർമ്മിച്ച തായൊ, പുറപ്പെടുവിച്ചതായൊ, കൊടുത്തിട്ടുള്ളതായൊ, നടത്തുന്ന തായൊ ഗണിക്കേണ്ടതാകുന്നു.

ചട്ടം ൯.

ഉപനിയമങ്ങളുടെ ഭേദഗതി.

ഒരു സംഘത്തിന്റെ ഉപനിയമങ്ങൾക്കു ഭേദഗതികൾ വരുത്തുന്നതു സംബന്ധിച്ചു താഴെ പറയുന്ന നടപടി സ്വീകരിക്കേണ്ടതാകുന്നു.

(i) ഓരോ ഭേദഗതിയും, സംഘത്തിലെ അംഗങ്ങളുടെ പൊതുയോഗത്തിൽ ഹാജരായിട്ടുള്ളവരിൽ മൂന്നിൽ രണ്ടുഭാഗത്തിൽ കുറവല്ലാത്ത ഭൂരിപക്ഷം ആളുകൾ പാസാക്കി ഒരു പ്രമേയംമൂലം മാത്രമെ, ചെയ്യാൻ പാടുള്ളു.

(ii) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതിയെപ്പററി ഉപനിയമങ്ങൾ പ്രകാരം, അറിയിപ്പു കൊടുക്കാത്തപക്ഷം അപ്രകാരമുള്ള യാതൊരു പ്രമേയവും സാധുവാകുന്നതല്ല.

(iii) ഒരു ഭേദഗതി രജിസ്റ്റർ ചെയ്യാനായി രജിസ്ട്രാർക്കുകൊടുക്കുന്ന അപേക്ഷയിൽ സെക്രട്ടറിയും കമ്മിററിയിലെ രണ്ടംഗങ്ങളും ഒപ്പിട്ടിരിക്കേണ്ടതും അതിൽ താഴെ പറയുന്ന വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതും ആകുന്നു.

അതായതു്:—

(എ) ഭേദഗതി വരുത്തിയ പൊതുയോഗത്തിന്റെ തീയതി;

(ബി) പൊതുയോഗം വിളിച്ചുകൂട്ടാൻ എത്രദിവസത്തെ നോട്ടീസു കൊടുത്തിട്ടുണ്ടെന്നു;

(സി) ആ യോഗത്തീയതിയിൽ സംഘത്തിൽ ആകെ എത്ര അംഗങ്ങളുണ്ടെന്നു;

(ഡി) ആ യോഗത്തിൽ കോറംതികഞ്ഞ അംഗങ്ങൾ എത്രയെന്നു്;

(ഇ) ആ യോഗത്തിൽ ഹാജരായ അംഗങ്ങൾ എത്രയെന്നു്;

(എഫ്) ഭേദഗതിക്കു വോട്ടുചെയ്ത അംഗങ്ങൾ എത്രയെന്നു്;

സക്കുലർ ൧.

ഒരു സംഘം രജിസ്റ്റർചെയ്യു വകയ്ക്കുള്ള സർട്ടിഫിക്കററും സംഘം ജോലി നടത്തുന്നതിന് അനുവാദവും ലഭിച്ചു ഉടൻ സംഘം രജിസ്റ്റർ ചെയ്യുന്നതിനയച്ച അപേക്ഷയിൽ ഒപ്പിട്ടവർ താഴെ പറയുന്ന നടപടികളെ അനുഷ്ഠിക്കേണ്ടതാകുന്നു.

൧. അപേക്ഷയിൽ ഒപ്പ കാറരായ എല്ലാവരുടേയും ഒരു പൊതുയോഗം കൂട്ടുന്നതിനു സൌകര്യമായ ഒരു ദിവസം നിശ്ചയിക്കയും ആ വിവരം അവരെ എല്ലാവരേയും തെര്യപ്പെടുത്തുകയും ചെയ്യണം.

൨. അപ്രകാരം നിശ്ചയിക്കപ്പെട്ട ദിവസത്തിൽ ക്ലിപ്തസമയത്തു അപേക്ഷകന്മാർ എല്ലാവരും ഹാജരായി അവരിൽനിന്നും ഒരാളെ അഗ്രാസനാധിപതിയായി തിരഞ്ഞെടുക്കേണ്ടതാകുന്നു.

൩. ഗവണ്മെൻറിൽനിന്നും ൧൯൧൩ നവംബർമാസം ൧൭-ാം തീയതി പാസാക്കപ്പെട്ട ചട്ടത്തിലെ ൯-ാംവകുപ്പിൽ വിവരിച്ചിരിക്കുന്ന പ്രകാരം പരസ്പരസഹായസംഘം രജിസ്ട്രാരാൽ രജിസ്റ്ററാക്കപ്പെട്ട നിബന്ധനകളെ വായിച്ചു അംഗീകരിക്കണം.

൪. പിന്നീട് സംഘത്തിൻെറ മാനേജിംഗ് കമ്മിററി മെംബറന്മാരെ തിരിഞ്ഞെടുക്കുകയും അതിനുശേഷം പൊതുയോഗം പിരിയുകയും ചെയ്യേണ്ടതാകുന്നു. മിനിട്ടുബുക്കിൽ പൊതുയോഗത്തിൻെറ നടപടി വിവരം എഴുതി അഗ്രാസനാധിപതി ഒപ്പിട്ടുവയ്ക്കണം.

൫. പൊതുയോഗം പിരിഞ്ഞതിനുശേഷം മാനേജിംഗ് കമ്മിററിക്കാർ അവരുടെ ആദ്യത്തെ യോഗം കൂടേണ്ടതാകുന്നു.

൬. മാനേജിംഗ് കമ്മിററിക്കാർ അവരിൽനിന്നും ഒരു പ്രസിഡണ്ടിനേയും ഒരു സെക്രട്ടറിയേയും മററു വല്ല ഉദ്യോഗസ്ഥന്മാരും വേണമെന്നുള്ള പക്ഷം അവരേയും തിരഞ്ഞെടുക്കുന്ന ജോലി ആദ്യമായി നടത്തുവാനുള്ളതാകുന്നു.

൭. പിന്നീട് അവർ ഹാജരുള്ള മെംബറന്മാരുടെ ഓഹരിത്തുകയും പ്രവേശനഫീസും പിരിച്ചെടുക്കുകയും സിക്രട്ടറി നാറുംവഴിയും ഓഹരി രജിസ്റ്ററും എഴുതുകയും സംഘത്തിൻെറ മേൽ ജോലി നടത്തിപ്പിനേയും അടുത്ത യോഗം കൂട്ടുന്നതിനുള്ള സമയം സ്ഥലം ഇതുകളേയും അവരുടെ ജോലി സംബന്ധിച്ച മൻകൂട്ടി വ്യവസ്ഥചെയ്യേണ്ടതായ മററു കാര്യങ്ങളേയും പററി വേണ്ട ഏർപ്പാടു ചെയ്യുകയും ചെയ്തശേഷം യോഗം പിരിയാവുന്നതാണ്.

൨൪. മിനിട്ടു ബുക്കിൽ പൊതുയോഗത്തിന്റെ നടപടി വിവരം കുറിച്ചതിനു താഴെ മാനേജിംഗ് കമ്മിററിയുടെ യോഗനടപടികളും എഴുതി പ്രസിഡണ്ടു ഒപ്പിട്ടുവയ്ക്കേണ്ടതാകുന്നു.

സർക്കുലർ ൨൧.

൧൦൯൬-ാമാണ്ടത്തെ ൧൦-ാം ആക്ടിൻ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള പരസ്പരസഹായസംഘങ്ങളുടെ പ്രത്യേക നിബന്ധനകളിൽ റൂൾസിലെ ൧-ാംവകുപ്പ് ൧൦-ാംഖണ്ഡത്തിൽ പറയുന്ന പ്രകാരം വല്ല ഭേദഗതികളും ചെയ്യണമെന്നു സംഘത്തിന്റെ പൊതുയോഗത്തിൽ തീരുമാനിക്കുന്നപക്ഷം ഭേദപ്പെടുത്തണമെന്നുദ്ദേശിക്കുന്ന വകുപ്പും ആ വകുപ്പ് ഏതു വിധം പൊതുയോഗത്തിൽനിന്നും ഭേദപ്പെടുത്തിയൊ അതുമുഴുവനും എടുത്തെഴുതി അവയുടെ രണ്ടു പ്രതികൾ പൊതുയോഗനിശ്ചയത്തിന്റെ ശരിപകർപ്പു സഹിതം ഇവിടെ (രജിസ്ട്രാരാഫീസിൽ) അയച്ച് അപേക്ഷിക്കേണ്ടതാണെന്ന് എല്ലാ സംഘങ്ങളേയും ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

൩. രജിസ്റ്റർ ചെയ്യാവുന്ന സംഘങ്ങൾ.

വകുപ്പ് ൪.

രജിസ്റ്റർചെയ്യാവുന്ന സംഘങ്ങൾ.

ഒരു സംഘത്തിന്റെ ഉദ്ദേശം സഹകരണതത്വങ്ങളനുസരിച്ച് ആ സംഘത്തിലെ അംഗങ്ങളുടെ സാമ്പത്തികതാൽപര്യങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയാകുന്നുവെങ്കിൽ ആ സംഘമൊ അല്ലെങ്കിൽ അങ്ങനെയുള്ള സംഘത്തിന്റെ പ്രവർത്തനങ്ങൾക്കു സഹായം നൽകണമെന്നുള്ള ഉദ്ദേശത്തോടുകൂടി സ്ഥാപിച്ചിട്ടുള്ള ഒരു സംഘമൊ, ഇതിനു താഴെ കൊടുത്തിട്ടുള്ള വ്യവസ്ഥകൾക്കുൾപ്പെട്ട് ക്ണപ്തബാദ്ധ്യതയോടുകൂടിയോ കൂടാതെയോ, ഈ ആക്ടിൻപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

എന്നാൽ നമ്മുടെ ഗവൺമെൻറു സാമാന്യമായോ പ്രത്യേകമായോ ഉള്ള ഉത്തരവിനാൽ മററുപ്രകാരത്തിൽ നിർദ്ദേശിക്കാത്തപക്ഷം :—

(1) രജിസ്റ്റർ ചെയ്യപ്പെട്ട ഒരുസംഘം ഏതൊരു സംഘത്തിന്റെ അംഗങ്ങളായിരിക്കുന്നുവൊ ആ സംഘത്തിന്റെ ബാദ്ധ്യത ക്ണപ്തപ്പെടുത്തിയിരിക്കേണ്ടതാണ്.

(ii) ഒരു സംഘത്തിന്റെ പ്രാഥമികോദ്ദേശം അതിലെ അംഗങ്ങൾക്കു കടം വായ്പകൊടുക്കാൻ പണം ഉണ്ടാക്കുകയും, ആ സംഘത്തിലെ അംഗങ്ങളിൽ ഭൂരിപക്ഷവും കൃഷിക്കാരായിരിക്കയും, അതിലെ യാതൊരംഗവും ഒരു രജിസ്റ്റർചെയ്യപ്പെട്ട സംഘമല്ലായിരിക്കുകയും ചെയ്യുന്നപക്ഷം ആ സംഘത്തിന്റെ ബാദ്ധ്യത ക്ലിപ്തരഹിതമായിരിക്കുന്നതും അങ്ങനെയുള്ള സംഘത്തിന്റെ ബാദ്ധ്യത തിട്ടപ്പെടുത്തുമ്പോൾ അതിലെ അംഗങ്ങൾ ആ സംഘത്തിന്റെ എല്ലാ കടബാദ്ധ്യതകൾക്കും കൂട്ടായും പ്രത്യേകമായും ബാദ്ധ്യസ്ഥരായിരിക്കുന്നതും ആകുന്നു.

കൂടാതെ, ഒരു സംഘം ക്ലിപ്തബാദ്ധ്യതയോടുകൂടിയതോ കൂടാത്തതോ എന്ന പ്രശ്നത്തെ സംഘം രജിസ്റ്റർ ചെയ്യപ്പെടുന്ന അവസരത്തിൽ തീരുമാനിച്ചു കഴിഞ്ഞാൽ ആ തീരുമാനം അവസാനതീരുമാനമായിരിക്കുന്നതാണ്.

വകുപ്പ് ൭.

(എ) ഏതൊരു സംഘത്തിലെ ഒരംഗം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സംഘമായിരിക്കുന്നവൊ അപ്രകാരമുള്ള സംഘമല്ലാത്ത യാതൊരു സംഘത്തേയും അതിൽ പ്രായം തികഞ്ഞിട്ടുള്ള പത്തുപേരെങ്കിലും കുറഞ്ഞപക്ഷം ഇല്ലാതിരിക്കുന്നപക്ഷവും സംഘത്തിന്റെ ഉദ്ദേശം അതിലെ അംഗങ്ങൾക്കു കടം കൊടുക്കുന്നതിലേക്കു പണം ഉണ്ടാക്കണമെന്നായിരിക്കെ, അപ്രകാരമുള്ള ആളുകൾ ഒരേ പട്ടണത്തിലോ ഗ്രാമത്തിലോ അല്ലെങ്കിൽ ഗ്രാമങ്ങളുടെ കൂട്ടത്തിലോ വസിക്കാത്തപക്ഷവും ഈ ആക്ടിൻപ്രകാരം രജിസ്റ്റർ ചെയ്വാൻ പാടുള്ളതല്ല.

രജിസ്റ്റർ ചെയ്യുന്നതിനുള്ള നിബന്ധനകൾ.

വിവരണം:—ഈ ഉപവകുപ്പിലുള്ള യാതൊന്നും വ്യത്യസ്തസംഗതികളിൽ ഒരേ വർഗ്ഗത്തിലോ വിഭാഗത്തിലോ അല്ലെങ്കിൽ ജാതിയിലോ പെട്ടവരും അല്ലെങ്കിൽ ഒരേ ജോലി ചെയ്യുന്നവരും ആയ അംഗങ്ങൾക്കായി നിഷ്കർഷിച്ചിട്ടുള്ള സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനെ നിരോധിക്കുന്നതായി ഗണിക്കാൻ പാടുള്ളതല്ല.

(ബി) "ക്ലിപ്തം" എന്ന വാക്കു ക്ലിപ്തപ്പെടുത്തിയ ബാദ്ധ്യതയോടുകൂടി ഈ ആക്ടിൻപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏതൊരു സംഘത്തിന്റെയും പേരിന്റെ ഒടുവിലത്തെ വാക്കായിരിക്കേണ്ടതാണ്.

വകുപ്പ് ൮.

ചില പ്രശ്നങ്ങളെ തീരുമാനിക്കാൻ രജിസ്ട്രാർക്കുള്ള അധികാരം.

ഈ ആക്ടിൻപ്രകാരം ഒരു സംഘം ഉണ്ടാക്കുകയൊ രജിസ്റ്റർ ചെയ്കയൊ തുടൎന്നു നടത്തുകയൊ ചെയ്യേണ്ട ആവശ്യത്തിനു ഒരാൾ ഒരു കൃഷിക്കാരനാണൊ കൃഷിക്കാരനല്ലാത്ത ആളാണൊ എന്നതിനെയോ ഏതെങ്കിലും ആൾ ഒരു പട്ടണത്തിലൊ ഗ്രാമത്തിലൊ ഗ്രാമങ്ങളുടെ കൂട്ടത്തിലൊ താമസിക്കുന്ന ആളാണൊ അല്ലയൊ എന്നതിനെയൊ രണ്ടൊ അധികമൊ ഗ്രാമങ്ങളെ ഒരു കൂട്ടമായി ഗണിക്കേണ്ടതാണൊ അല്ലയൊ എന്നതിനെയോ ഏതെങ്കിലും ആൾ വല്ല പ്രത്യേകവൎഗ്ഗത്തിലൊ വിഭാഗത്തിലൊ ജാതിയിലൊ തൊഴിലിലൊ ഉൾപ്പെട്ട ആളാണൊ അല്ലയൊ എന്നതിനെയൊപറ്റി ഏതെങ്കിലും പ്രശ്നമുണ്ടായാൽ ആ പ്രശ്നത്തെ രജിസ്ട്രാർ തീരുമാനിക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അവസാനതീൎപ്പായി ഇരിക്കുന്നതും ആകുന്നു.

൨. രജിസ്ട്രാർ, അസി: രജിസ്ട്രാർ, ഇൻസ്പെക്ടർ.

വകുപ്പ് ൯.

രജിസ്ട്രാർ.

തിരുവിതാംകൂർ ഒട്ടുക്കുള്ള സഹകരണസംഘങ്ങളുടെ രജിസ്ട്രാരായിരിക്കാൻ ഒരാളെ നമ്മുടെ ഗവണ്മെന്റു നിയമിക്കാവുന്നതും, ആ രജിസ്ട്രാരെ സഹായിക്കാൻ ആളുകളെ നിയമിക്കാവുന്നതും, സാമാന്യമായൊ പ്രത്യേകമായോ ഉള്ള ഉത്തരവിനാൽ അപ്രകാരമുള്ള ഏതെങ്കിലും ആളിനു ഈ ആക്ടിൻപ്രകാരം ഒരു രജിസ്ട്രാർക്കുള്ള അധികാരങ്ങൾ എല്ലാമൊ ഏതെങ്കിലുമൊ നൽകാവുന്നതും ആകുന്നു.

വകുപ്പ് ൧൦.

കീഴുദ്യോഗസ്ഥന്മാരുടെ നടപടികളെ ആവശ്യപ്പെടുന്നതിനു അവയിന്മേൽ ഉത്തരവു പാസാക്കുന്നതിനും ഗവണ്മെന്റിനും രജിസ്ട്രാർക്കുമുള്ള അധികാരം.

നമ്മുടെ ഗവണ്മെന്റൊ രജിസ്ട്രാരോ വല്ല വിചാരണയുടേയും റിക്കാർഡോ, തങ്ങളുടെയോ തന്റെയോ കീഴിലുള്ള വല്ല ഉദ്യോഗസ്ഥനൊ നടത്തിയ അക്കാൎയ്യത്തിൽ പാസാക്കിയ വല്ല നടപടികളൊ, തീർപ്പോ ഉത്തരവൊ നായമായതൊ സാരമായതൊ യുക്തമായതൊ എന്നും അങ്ങനെയുള്ള ഉദ്യോഗസ്ഥന്റെ നടപടികൾ ക്രമപ്രകാരമായിരുന്നൊ എന്നും തങ്ങൾക്കൊ തനിക്കൊ ബോദ്ധ്യപ്പെടേണ്ടതിന്നായി ആവശ്യപ്പെടുകയും പരിശോധിക്കുകയും ചെയ്യാവുന്നതാണ്.

ചട്ടം ൭.

(൧) രജിസ്ട്രാർ

(എ) അപേക്ഷയും ഉപനിയമങ്ങളും ആക്ടിനും ചട്ടങ്ങൾക്കും അനുയോജ്യമായിരിക്കുന്നോ എന്നും;

അപേക്ഷ കിട്ടിയാൽ ഉള്ള നടപടി

(ബി) ഉപനിയമങ്ങൾ സംഘത്തിന്റെ ഉദ്ദേശങ്ങൾ നിർവഹിക്കാൻ യോജ്യമായിട്ടുള്ളതാണോ എന്നും,

(സി) പ്രാദേശികമായ സ്ഥിതിഗതികൾ സംബന്ധിച്ചിടത്തോളം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സംഘത്തിന്റെ വിജയത്തിനു ന്യായമായ മാറ്റങ്ങളുണ്ടോ എന്നും;

സ്വയം ബോദ്ധ്യപ്പെടുന്നതിനായി അപേക്ഷയും ഉപനിയമങ്ങളും പരിശോധിക്കേണ്ടതും അവസാനമായ ഉത്തരവു പാസ്സാക്കുന്നതിനു മുമ്പു അദ്ദേഹത്തിനു ആവശ്യമെന്നു തോന്നുന്ന കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടുകയോ അന്വേഷണങ്ങൾ നടത്തുകയോ ചെയ്യാവുന്നതും ആകുന്നു. ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിനു മുമ്പു രജിസ്റ്റർ ചെയ്യുന്നതിനായുള്ള അപേക്ഷയോടൊന്നിച്ചു സമർപ്പിച്ചിട്ടുള്ള നക്കൽ ഉപനിയമങ്ങളിൽ രജിസ്ട്രാർക്കു വിഹിതമെന്നു തോന്നുന്ന പ്രകാരമുള്ള മാററങ്ങൾ വരുത്താൻ അദ്ദേഹത്തിനു അധികാരമുണ്ടായിരിക്കുന്നതാണു. എന്നാൽ ആ പ്രകാരമുള്ള മാററങ്ങൾക്കു അപേക്ഷകന്മാരുടെ രേഖാമൂലമായ സമ്മതം വാങ്ങേണ്ടതാകുന്നു.

(൨) മേലെ ഉപചട്ടം (എ), (ബി), (സി) ഖണ്ഡങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ സംഗതികളെപ്പററി രജിസ്ട്രാർക്കു ബോദ്ധ്യപ്പെടാത്തപക്ഷം സംഘം രജിസ്റ്റർ ചെയ്യാൻ അദ്ദേഹം വിസമ്മതിക്കേണ്ടതും എന്നാൽ പ്രസ്തുത എല്ലാ സംഗതികളെയുംപററി അദ്ദേഹത്തിനു ബോദ്ധ്യം വരുന്നപക്ഷം അദ്ദേഹം സംഘത്തേയും അതിന്റെ ഉപനിയമങ്ങളേയും രജിസ്റ്റർ ചെയ്യാവുന്നതും അദ്ദേഹം ഒപ്പിട്ടിട്ടുള്ളതും അദ്ദേഹത്തിന്റെ ഔദ്യോഗികമുദ്രയുള്ളതും ആയ രജിസ്റ്റർ ചെയ്തതിനെപ്പററിയുള്ള ഒരു സാക്ഷ്യപത്രം വില കൂടാതെ ആ സംഘത്തിനു കൊടുക്കാവുന്നതും രജിസ്റ്റർ ചെയ്തതിനെപ്പററിയുള്ള സാക്ഷ്യപത്രത്തോടു കൂടി അദ്ദേഹം അംഗീകരിച്ച രജിസ്റ്റർ ചെയ്ത ഉപനിയമങ്ങളുടെ നക്കലിന്റെ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഒരു പ്രതി അദ്ദേഹം സംഘത്തിനു നൽകേണ്ടതും ഈ ഉപനിയമങ്ങൾ, ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പോലെ, അപ്പീൽ പാസ്സാക്കിയ ഏതെങ്കിലും ഉത്തരവിന്റെ ഫലത്തി

സംബന്ധപ്പെട്ട, സംഘത്തിന്റെ ഉപനിയമങ്ങളായിരിക്കുന്നതും ആകുന്നു. ആ ഉപനിയമങ്ങളെ സംഘത്തിന്റെ രജിസ്റ്ററിൽ ആകെയുള്ള അംഗങ്ങളുടെ പേരിൽ ൨|൩-ൽ കുറയാതെ അംഗങ്ങൾ ഹാജരായിട്ടുള്ള ഒരു പൊതുയോഗത്തിൽ പാസ്സാക്കേണ്ടതാണ്.

(൩) രജിസ്ട്രാർ സംഘം രജിസ്റ്റർ ചെയ്വാൻ വിസമ്മതിക്കുന്ന ഓരോ സംഗതിയിലും. അദ്ദേഹം വിസമ്മതിച്ചതിന്റെ കാരണങ്ങളെ രേഖപ്പെടുത്തേണ്ടതും അദ്ദേഹത്തിന്റെ തീരുമാനങ്ങളെ ചെലവ് ഈടാക്കാതെ അപേക്ഷകരെ അറിയിക്കേണ്ടതും ആകുന്നു.

ചട്ടം ൧൯.

സംഘങ്ങളുടെ പേരും മേൽവിലാസവും ഉപനിയമങ്ങളും ഉള്ള റിക്കാർഡ് രജിസ്ട്രാർ സൂക്ഷിക്കണമെന്ന്.

രജിസ്ട്രാർ (൧) എല്ലാസംഘങ്ങളുടേയും പേരും മേൽവിലാസവും അടങ്ങിയിട്ടുള്ള ഒരു രജിസ്റ്ററും (൨) രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെ മുറയനുസരിച്ച ചേർത്തിട്ടുള്ള എല്ലാ ഭേദഗതികളോടും കൂടിയ ഓരോ സംഘത്തിന്റേയും ഉപനിയമങ്ങളുടെ ഒരു രജിസ്റ്ററും സൂക്ഷിക്കേണ്ടതാകുന്നു.

ചട്ടം ൨൧.

നിശ്ചയം റദ്ദ് ചെയ്യുന്നതിനു രജിസ്ട്രാർക്കുള്ള അധികാരം.

ഒരു രജിസ്റ്റർ ചെയ്ത സംഘത്തിന്റെ ഉപനിയമങ്ങളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും സംഘത്തിന്റെ ഏതെങ്കിലും നിശ്ചയം സംഘോദ്ദേശങ്ങൾക്കു വിരുദ്ധമെന്നോ, സംഘത്തിന്റെ സമാധാനപരവും ക്രമാനുഗതവുമായ പ്രവർത്തനത്തിനു വിഘാതമുണ്ടാക്കാൻ പര്യാപ്തമെന്നോ, അല്ലെങ്കിൽ രജിസ്ട്രാരുടെ അഭിപ്രായത്തിൽ സംഘത്തിന്റെ ഉത്തമ താല്പര്യങ്ങൾക്കു വിരുദ്ധമെന്നോ അദ്ദേഹത്തിനു തോന്നിയാൽ, അദ്ദേഹത്തിന് അതു റദ്ദ ചെയ്വാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

ചട്ടം ൨൨.

പ്രത്യേകാവകാശങ്ങൾ പിൻവലിക്കാൻ രജിസ്ട്രാർക്കുള്ള അധികാരം.

ഒരു സംഘം നിയതമായി തന്റെ നിർദ്ദേശങ്ങളെ അവഗണിക്കുന്നു എന്നു രജിസ്ട്രാർക്കു തോന്നിയാൽ, അദ്ദേഹം ഗവണ്മെന്റിന്റെ മുന്നനുവാദത്തോടുകൂടി, ഈ ആക്ടിനാൽ ആ സംഘത്തിനു നൽകപ്പെട്ടിട്ടുള്ള എല്ലാമോ, ഏതെങ്കിലുമോ പ്രത്യേകാവകാശം പിൻവലിക്കാവുന്നതാണ്.

ചട്ടം ൨൬.

പണം കൊടുക്കുന്ന ഏർപ്പാടുള്ള ബാങ്കുകളിലെ കമ്മിററികളിലെ വ്യക്തികളായ അംഗങ്ങൾക്കും സംഘാംഗങ്ങൾക്കുമായുള്ള അനുപാതം രജിസ്ട്രാർ നിശ്ചയിക്കണമെന്ന്,

പണം കൊടുക്കുന്ന ഏർപ്പാടുള്ള ഒരു ബാങ്കിന്റെ കമ്മിററിയിലെ വ്യക്തികളായ അംഗങ്ങൾക്കു സംഘാംഗങ്ങളുമായുള്ള അനുപാതവും കമ്മിററിയിൽ ഏററവും കൂടിയാൽ എത്ര അംഗങ്ങൾ ഉണ്ടായിരിക്കണമെന്നുള്ളതും രജിസ്ട്രാർ നിശ്ചയിക്കേണ്ടതാകുന്നു.

കുറിപ്പ്. ൧൦-൧-൧൧൨൫-ലെ ആർ. ഒ. സി. ൻെറ ഡെവലപ്പ്മെന്റ് ഉത്തരവുപ്രകാരം തിരുവനന്തപുരം, കോട്ടയം എന്നീ സ്ഥലങ്ങളിൽ ആക്റ്റ് ൩-ാംവകുപ്പനുസരിച്ചു രണ്ടു അസിസ്റ്റന്റ് രജിസ്ട്രാരന്മാരെ നിയമിച്ചു.

സർക്കുലർ ൧൭൭.

പരസ്പരസഹായസംഘം അസിസ്റ്റന്റ് രജിസ്ട്രാരന്മാർ അവരവരുടെ ആഫീസുകൾ തിരുവനന്തപുരം കോട്ടയം എന്നീ സ്ഥലങ്ങളിൽ ആരംഭിച്ചിരിക്കുന്നതുകൊണ്ട് സംസ്ഥാനത്തെ പരസ്പരസഹായസംഘങ്ങൾ മേലാൽ സംഘസംബന്ധമായ സകല എഴുത്തുകുത്തുകളും യഥാക്രമം അവരവരുടെ ഡിവിഷനിലുള്ള അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസുകളിലേയ്ക്കു അതാതു സർക്കിൾ ഇൻസ്പെക്ടർമാർ മുഖാന്തിരം അയയ്ക്കേണ്ടതാണ്.

സർക്കുലർ ൨൭൨.

പരസ്പരസഹായസംഘങ്ങളുടെ കാര്യക്ഷമമായ ഭരണസൌകര്യത്തിനായി ഗവണ്മെന്റു മൂന്നു പരസ്പരസഹായസംഘം അസിസ്റ്റന്റ് രജിസ്ട്രാരന്മാരെ നിയമിക്കുകയും സംസ്ഥാനത്തെ തെക്കൻഡിവിഷൻ സെൻട്രൽ ഡിവിഷൻ, വടക്കൻഡിവിഷൻ എന്നു മൂന്നു ഡിവിഷനുകളായി വിഭജിച്ചു അവരുടെ ഭരണത്തിൻകീഴിലാക്കുകയും അവരുടെ ആഫീസു യഥാക്രമം തിരുവനന്തപുരവും മാവേലിക്കരയും കോട്ടയവും ആയിരിക്കണമെന്നു തീരുമാനിക്കുകയും ചെയ്തിരിക്കുന്നു. പരസ്പരസഹായസംഘങ്ങളെ ൩ സർക്കിളുകളായി പുനഃസംഘടിപ്പിക്കുന്നതിനും ഗവണ്മെന്റു അനുവദിച്ചിരിക്കുന്നു.

തെക്കൻഡിവിഷൻ അസിസ്റ്റന്റു രജിസ്ത്രാരുടെ അധികാരാതിർത്തിയിൽ താഴെ വിവരിക്കുന്ന സർക്കിളുകൾ ഉൾപ്പെടുന്നതാണ് :—

(൧) നാഗർകോവിൽ.
(൨) തക്കല.
(൩) പാറശ്ശാല.
(൪) നെയ്യാറ്റിൻകര.
(൫) തിരുവനന്തപുരം.
(൬) കഴക്കൂട്ടം.
(൭) നെടുമങ്ങാട്.
(൮) കൊല്ലം.
(൯) പെരിനാട്.

ലിക്വിഡേഷൻ സർക്കിൾ.

(൧) നാഗർകോവിൽ.
(൨) തിരുവനന്തപുരം.

സെൻട്രൽ ഡിവിഷൻ അസിസ്റ്റന്റു രജിസ്ത്രാരുടെ അധികാരാതിർത്തിയിൽ ഉൾപ്പെടുന്ന സർക്കിളുകൾ താഴെ വിവരിക്കുന്നു:—

(൧) പുനലൂർ.
(൨) കരുനാഗപ്പള്ളി.
(൩) ഹരിപ്പാട്.
(൪) മാവേലിക്കര.
(൫) പന്തളം.
(൬) അടൂർ.
(൭) പത്തനംതിട്ട.
(൮) തിരുവല്ല.
(൯) ചെങ്ങന്നൂർ.
(൧൦) ആലപ്പുഴ.

ലിക്വിഡേഷൻ സർക്കിൾ.

(൧) കൊട്ടാരക്കര.
(൨) തിരുവല്ല.
(൩) ആലപ്പുഴ.
(൪) മാവേലിക്കര.

വടക്കൻഡിവിഷൻ അസിസ്റ്റന്റു രജിസ്ത്രാരുടെ അധികാരാതിർത്തിയിൽ താഴെ വിവരിക്കുന്ന സർക്കിളുകൾ ഉൾപ്പെടുന്നു.

(൧) ചങ്ങനാശ്ശേരി.
(൨) കാഞ്ഞിരപ്പള്ളി.
(൩) കോട്ടയം.
(൪) ഏറ്റുമാനൂർ.
(൫) മീനച്ചിൽ.
(൬) വൈക്കം.
(൭) മൂവാറ്റുപുഴ.
(൮) പെരുമ്പാവൂർ.
(൯) പറവൂർ.
(൧൦) ചേർത്തല.
(൧൧) കുത്തിയതോട്.

ലിക്വിഡേഷൻ സർക്കിൾ.

(൧) കോട്ടയം. (൨) വൈക്കം. (൩) പെരുമ്പാവൂർ.

ഓരോ സക്കിളും അവയുടെ ആഫീസും അവ ഉൾപ്പെടുന്ന താലൂക്കുകളുടെയോ പകുതികളുടെയോ ഒരു പട്ടികയും അടിയിൽ ചേൎക്കുന്നു.

ഈ ആഫീസിലെ ൧൯൧, ൧൯൨ ഈ നമ്പർ സർക്കുലറുകളിൽ വിവരിച്ചിരിക്കുന്ന എഴുത്തുകുത്തുകൾ സംഘങ്ങൾ ഏതു അസിസ്റ്റൻറ രജിസ്ട്രാരുടെ അധികാരാതൃത്തിയിൽ ഉൾപ്പെടുന്നവയോ, ആ അസിസ്റ്റൻറ രജിസ്ട്രാരുടെ ആഫീസുമായും ഏതു ഇൻസ്പെക്ടരുടെ അധികാര സീമയിലുൾപ്പെടുന്നവയോ ആ ഇൻസ്പെക്ടരുമായും നടത്തേണ്ടതാകുന്നു.

തെക്കൻഡിവിഷൻ—തിരുവനന്തപുരം.

നമ്പർ	സക്കിളിൻെറ പേര്	അതിൎത്തിസ്ഥലം	ആഫീസ്
൧.	നാഗർകോവിൽ	തോവാള, അഗസ്തീശ്വരം ഈ താലൂക്കുകൾ.	നാഗർകോവിൽ
൨.	തക്കല	കൽക്കുളം, വിളവങ്കോട്ട് ഈ താലൂക്കുകൾ.	തക്കല
൩.	പാറശ്ശാല	നെയ്യാററിൻകര താലൂക്കിൽ ഉൾപ്പെട്ട തിരുപുറം, ചെങ്കൽ, പെരുങ്കടവിള, കുളത്തൂർ, പാറശ്ശാല, കുന്നത്തുകാൽ, കൊല്ലം, കരിങ്കുളം, ഒറ്റശേഖരമംഗലം ഈ പകുതികൾ	പാറശ്ശാല
൪.	നെയ്യാറ്റിൻകര	നെയ്യാറ്റിൻകരതാലൂക്കിലുൾപ്പെട്ട കോട്ടുകാൽ, തിരുവല്ലം, നേമം, പള്ളിച്ചൽ, വിളപ്പിൽ, മറുകിൽ, മാറനല്ലൂർ, അതിയന്നൂർ, നെയ്യാറ്റിൻകര ഈ പകുതികൾ	നെയ്യാറ്റിൻകര
൫.	തിരുവനന്തപുരം	ധനനിധിസംഘങ്ങൾ കഴിച്ചു തിരുവനന്തപുരം പട്ടണത്തിലുള്ള സംഘങ്ങൾ	തിരുവനന്തപുരം

നമ്പർ	സർക്കിൾ	അതിർത്തിസ്ഥലം താലൂക്ക്	ആഫീസ്
൩.	കഴക്കൂട്ടം	തിരുവനന്തപുരം താലൂക്കിലുള്ള ധനേതരസംഘങ്ങളും തിരുവനന്തപുരം ടൌണിന്റെ അതിർത്തിക്കകത്തുള്ള സംഘങ്ങളും	കഴക്കൂട്ടം
൪.	നെടുമങ്ങാട്	നെടുമങ്ങാടും ചിറയിൻകീഴും താലൂക്കുകൾ	നെടുമങ്ങാട്
൫.	കൊല്ലം	കൊല്ലം താലൂക്കിലുൾപ്പെട്ട പരവൂർ, മീനാട്, കൊല്ലം ഈ പകുതികൾ	കൊല്ലം

തെക്കൻ ഡിവിഷൻ—തിരുവനന്തപുരം.

൧.	നാഗർകോവിൽ	തോവാള, അഗസ്തീശ്വരം, വിളവംകോട്, കൽക്കുളം, നെയ്യാററിൻകര ഈ താലൂക്കുകൾ	നാഗർകോവിൽ
൨.	തിരുവനന്തപുരം	തിരുവനന്തപുരം, കൊല്ലം, നെടുമങ്ങാട്, ചിറയിൻകീഴ്	തിരുവനന്തപുരം

സെൻട്രൽ ഡിവിഷൻ—മാവേലിക്കര.

൧.	കൊട്ടാരക്കര	കൊട്ടാരക്കര, ചെങ്കോട്ട, പത്തനാപുരം, കരുനാഗപ്പള്ളി	കൊട്ടാരക്കര
൨.	തിരുവല്ല	തിരുവല്ല	തിരുവല്ല
൩.	ആലപ്പുഴ	അമ്പലപ്പുഴ, കാർത്തികപ്പള്ളി	ആലപ്പുഴ
൪.	മാവേലിക്കര	മാവേലിക്കര, കുന്നത്തൂർ, പത്തനംതിട്ട	മാവേലിക്കര

വടക്കൻ ഡിവിഷൻ—കോട്ടയം.

൧.	കോട്ടയം	ചങ്ങനാശേരി, കോട്ടയം, മീനച്ചിൽ	കോട്ടയം
൨.	വൈക്കം	വൈക്കം, ചേർത്തല, മീനച്ചിൽ	വൈക്കം
൩.	പെരുമ്പാവൂർ	പറവൂർ, കുന്നത്തുനാട്, മൂവാററുപുഴ, തൊടുപുഴ, ദേവികുളം	പെരുമ്പാവൂർ

(ഇൻസ്പെക്ടറന്മാർക്കു മാത്രമായിട്ടുള്ളതാണ.)

സൎക്കുലർ ൧൯.

The Inspectors of Co-operative Societies are requested to invariably state in the Inspection Reports of Societies submitted by them to this office whether the irregularities detected during inspections have been pointed out to the Secretaries concerned and the nature of remarks if any, offered by them in explanation thereof.

സൎക്കുലർ ൨൦.

(ഇൻസ്പെക്ടറന്മാൎക്കു മാത്രമുള്ളതാണ്)

The Inspectors of Co-operative Societies are instructed to see that all arrears under loan and interest due from members to societies in their respective charges are realised without delay. Whenever they find in the course of their inspection that heavy arrears are to be realised in a society they should, if necessary, remain at the spot and endeavour to realise the same. It has to be distinctly understood that in such cases the responsibility of the Inspectors does not cease with submission of a report.

സൎക്കുലർ ൨൧.

സംഘങ്ങളിൽനിന്നും അയയ്ക്കുന്ന മാസാന്ത്യക്കണക്കുകൾ പരിശോധിച്ചതിൽ മിക്ക സംഘങ്ങളിലും ദിവസേന വലിയ തുകകൾ നീക്കിയിരിപ്പുള്ളതായി കാണുന്നു. സംഘോദ്ദേശങ്ങളെ സാധിക്കുന്നതിനു ഉപയോഗിക്കാതിരിക്കുമ്പോഴെല്ലാം സംഘം വക മുതൽ സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കേണ്ടതും ആവശ്യം അനുസരിച്ചു തിരികെ എടുത്തുകൊള്ളേണ്ടതുമാണ്. ധനസഹായസംഘങ്ങൾ പത്തു ബ്രിട്ടീഷ് രൂപയിൽ കവിഞ്ഞും ഉല്പത്തി, വിതരണം ഇതു സംഘങ്ങൾ അവയുടെ രണ്ടു ദിവസത്തെ ശരാശരി വരവിൽ കൂടിയും ഒരിക്കലും കൈവശം വച്ചുകൊണ്ടിരുന്നുകൂടാത്തതാകുന്നു. ഇതിനു വിപരീതമായി സംഘംവക മുതൽ കൈവശക്കാരിൽ ആരെങ്കിലും പ്രവൎത്തിക്കുന്നതായാൽ ആയതു അയാൾ സംഘത്തിൽനിന്നും എടുത്ത ഒരു കടമായി ഗണിച്ചു അതിനു നൂറ്റുക്കു പന്ത്രണ്ടുവീതം പലിശ ഈടാക്കുന്നതാണ്. ഇതിലേക്കു ഒരു വ്യവസ്ഥ എല്ലാ സംഘങ്ങളുടേയും പ്രത്യേക നിബന്ധനകളോടു അനുബന്ധിക്കുന്നതു നന്നായിരിക്കും. അതിനു എല്ലാ സംഘങ്ങളുടെയും പൊതുയോഗ

ങ്ങളിൽ നിശ്ചയങ്ങൾ പാസാക്കി റൂൾസിലെ ൧-ാംവകുപ്പുപ്രകാരം ഇവിടെ അപേക്ഷിക്കേണ്ടതിനു സംഘങ്ങളെ ഉപദേശിച്ച് അപ്രകാരം നടത്തേണ്ടതാകുന്നു. ഈ വിഷയത്തിൽ സംഘങ്ങൾ ഉപേക്ഷവിചാരിക്കാതെ ഇൻസ്പെക്ടറന്മാർ പ്രത്യേകം ശ്രദ്ധിച്ചുകൊള്ളുകയുംവേണം.

സർക്കുലർ ൩൭.

എല്ലാ സംഘങ്ങളിലും ഇൻസ്പെക്ടിംഗ് ആഫീസർമാരുടെ റിമാർക്കുകൾ എഴുതുന്നതിന് ഒരു ഇൻസ്പെക്ഷൻ ബുക്ക് ഉണ്ടായിരിക്കേണ്ടതാവശ്യമാകയാൽ അപ്രകാരം ഒരു ബുക്ക് എല്ലാ സംഘങ്ങളിലും വയ്ക്കേണ്ടതാകുന്നു.

സർക്കുലർ ൩൮.

സംഘം സംബന്ധിച്ചുള്ള എല്ലാ പൊതുയോഗങ്ങളിലും കമ്മറ്റിയോഗങ്ങളിലും രജിസ്ട്രാർക്കും അതതു സർക്കിളുകളിലുള്ള ഇൻസ്പെക്ടറന്മാർക്കും സൌകര്യമുള്ളപക്ഷം ഹാജരായി സംഘങ്ങളുടെ ജോലി ശരിയായി നടക്കുന്നതിനും അവ അഭിവൃദ്ധിയിൽ വരുന്നതിനും വേണ്ട ഉപദേശങ്ങളും മറ്റു ന്യായമായ സഹായങ്ങളും ചെയ്യുന്നതിലേയ്ക്കായി മേൽപറഞ്ഞ യോഗങ്ങൾ നടത്താൻ നിശ്ചയിക്കുന്ന തീയതികൾ നിവൃത്തിയുള്ളപക്ഷം ഇൻസ്പെക്ടറന്മാരെയും രജിസ്ട്രാരെയും തൽസമയത്തിൽ മുൻകൂട്ടി അറിയിക്കേണ്ടതാണെന്നും എല്ലാ പരസ്പരസഹായസംഘം സെക്രട്ടറിമാരേയും ഉത്തരപ്പെടുത്തിയിരിക്കുന്നു.

സർക്കുലർ ൩൯.

The Inspectors are hereby informed that whenever they inspect the accounts of any Society, the cash balance in hand with the President, Secretary or Treasurer, as the case may be, should be checked and the fact certified in the Day Book. In regard to Distributive Societies, the stock should be verified in respect of some important articles and if there may be deficit all the articles should be verified and the result noted in the Registers concerned and the fact reported to this office.

(ഇൻസ്പെക്ടറന്മാർക്കു മാത്രമായിട്ടുള്ളത്)

സർക്കുലർ ൪൦.

The Inspector is informed that whenever he submits the draft Bye-laws of a Co-operative Society and recommends its registration, he must invariably obtain from the applicants and forward a good note book for copying the Bye-laws.

(ഇൻസ്പെക്ടറന്മാർക്കു മാത്രം.)

സക്ക്യൂലർ ൧൨൦.

സംഘങ്ങൾ പരിശോധിക്കുമ്പോൾ പരിശോധകന്മാർ സംഘങ്ങളുടെ മിനിട്ട്സ് ബുക്കിൽ നിശ്ചയങ്ങളുടെ എതിരെ റിമാർക്കുകൾ രേഖപ്പെടുത്തുന്നതുകൊണ്ട് റിക്കാർഡുകൾ വൃത്തികേടായിത്തീരുന്നെന്നും മറ്റും ചില സംഘങ്ങളിൽ നിന്നും പരാതിവരുന്നതിനാൽ ഈ ആഫീസിൽനിന്നുണ്ടായിട്ടുള്ള ൩൩-ാംനമ്പർ സക്ക്യൂലറിൽ വിവരിച്ചിട്ടുള്ള ഇൻസ്പെക്ഷൻ ബുക്കുകൾ എല്ലാ സംഘങ്ങളും സൂക്ഷിക്കേണ്ടതും ഇതു ഇൻസ്പെക്ടിംഗ ആഫീസർമാർ റിമാർക്കുകൾ എഴുതുന്നതിനായി ഉപയോഗിക്കേണ്ടതുമാകുന്നു. ഇപ്രകാരം ഇൻസ്പെക്ഷൻ ബുക്ക വച്ചിട്ടില്ലാത്ത സംഘങ്ങളുടെ മിനിട്ട പുസ്തകത്തിന്റെ ഒടുവിൽ (അതായതു് എഴുതി അവസാനിപ്പിച്ചതിനു താഴെ) പരിശോധനക്കുറിപ്പുകൾ എഴുതുന്നതിൽ വിരോധമില്ലാത്തതാകുന്നു. പരിശോധന കഴിഞ്ഞുണ്ടാകുന്ന ആദ്യത്തെ പൊതുയോഗത്തിൽ ഈ റിമാർക്കുകൾ വായിച്ചു മിനിട്ട്സ ബുക്കിൽ രേഖപ്പെടുത്തേണ്ടതാകുന്നു.

---

൮. മുദ്ര, ജീവനക്കാർ, എഴുത്തുകുത്ത്.

സക്ക്യൂലർ ൩.

൧. രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ പരസ്പരസഹായസംഘങ്ങൾക്കും ൧൦൮൯-ാമാണ്ടത്തെ ൧൦-ാം ആക്റ്റ് ൧൮-ാംവകുപ്പനുസരിച്ച് പൊതുവായ ഒരു മുദ്ര ഉണ്ടായിരിക്കേണ്ടതാണ്. തിരുവനന്തപുരം സെൻട്രൽ ബാങ്കിൽനിന്നും കടം വാങ്ങുന്നതിനു മാനേജിംഗ് കമ്മിററി മെംബറന്മാർ എഴുതി കൊടുക്കുന്ന പ്രോമിസറി നോട്ടുകൾ വിലപിടിച്ച പ്രമാണങ്ങളാകയാൽ അവയിൽ എല്ലാം സാധാരണമായി സംഘത്തിന്റെ പൊതുവായ മുദ്ര പതിച്ചിരിക്കേണ്ടതാണ.

൨. സെൻട്രൽ ബാങ്കിലെ പ്രത്യേക നിബന്ധനപ്രകാരം യാതൊരു കടം വായ്പയും ആദ്യമായി* രണ്ടുകൊല്ലത്തിൽ കൂടുതലായ ഒരു കാലാവധിക്കു കൊടുക്കപ്പെടുന്നതല്ലായ്കയാൽ എല്ലാ സംഘങ്ങളും അവരുടെ കിടംവായ്പയ്ക്കുള്ള അപേക്ഷകളിൽ മേല്പറഞ്ഞതിൽ കൂടുതലായ ഒരു കാലാവധി ആവശ്യപ്പെട്ടുകൂടാത്തതാണ്.

൩. മതിയായ കാരണങ്ങൾ ഉണ്ടായിരുന്നാൽ കടം തിരിച്ചു വീട്ടുന്നതിനുള്ള കാലാവധി സെൻട്രൽ ബാങ്കുകാർ നീട്ടികൊടുക്കുകയും ചെയ്യും.

---

* ഇപ്പോഴത്തെ കാലാവധി (ആറു ആണ്ടു) ആകുന്നു.

സക്യുലർ ൧൭൪.

അസിസ്റ്റൻറ് രജിസ്ത്രാരന്മാരുടെ നിയമനംമൂലം മേലാൽ എഴുത്തുകുത്തുകൾ അതാതു സ്ഥലത്തെ ഇൻസ്പെക്റന്മാർ മുഖാന്തിരം അസിസ്റ്റൻറ് രജിസ്ത്രാരന്മാർക്ക അയക്കേണ്ടതാണെന്ന് ഈ ആഫീസുവക ൧൭൧-ാംനമ്പർ സക്യുലറിൽ ചെയ്തിരുന്ന നിർദ്ദേശത്തെ ചില സ്ഥാപനങ്ങൾ തെറ്റിദ്ധരിച്ചിരിക്കുന്നതായി കാണുന്നു. രജിസ്ത്രാർക്ക നിയമസിദ്ധമായുള്ള ഒട്ടാകെ അധികാരങ്ങൾ മേൽപറഞ്ഞ അസിസ്റ്റൻറ രജിസ്ത്രാരന്മാർക്ക വിട്ടുകൊടുത്തിരിക്കുന്നതിനാലും ഓരോ വിഷയത്തെ സംബന്ധിച്ചും ഇൻസ്പെക്ടറന്മാരുടെയും അസിസ്റ്റൻറ രജിസ്ത്രാറന്മാരുടെയും റിപ്പോർട്ടുകൾ എഴുതി അയച്ചു വരുത്തുന്നതിനു വച്ചുണ്ടായേക്കാവുന്ന കാലതാമസത്തെ പരിഗണിച്ചും മേല്പറഞ്ഞ നടപടി ആശാസ്യമെന്നു കരുതുന്നതാണ്. ഈ നടപടിമൂലം ഐക്യസംഘങ്ങളും പ്രാഥമികസംഘങ്ങളും തമ്മിലുള്ള ബന്ധത്തിനു സാരമായ കുറവുണ്ടാകുമെന്നും അതു ഐക്യസംഘങ്ങൾക്ക് അവയുടെ ചുമതലകൾ നടത്തിക്കൊണ്ടുപോകുന്നതിനു പ്രതിബന്ധമായിത്തീരുമെന്നും ചില ഐക്യസംഘങ്ങൾ ഭയപ്പെടുന്നു. അതിനു യാതൊരടിസ്ഥാനവുമില്ലാത്തതാണെങ്കിലും ഐക്യസംഘങ്ങളുടെ നിലയെ പരിപാലിച്ചുകൊണ്ടുപോകേണ്ട ചുമതല ഡിപ്പാർട്ടുമെൻറിനു കൂടിയുള്ളതാകയാൽ സംഘങ്ങൾ ഐക്യസംഘങ്ങൾ മുഖാന്തിരമൊ സർക്കിൾ ഇൻസ്പെക്ടറന്മാർ മുഖാന്തിരമൊ യുക്തംപോലെ എഴുത്തുകുത്തുകൾ നടത്തുന്നതിൽ വിരോധമില്ലെന്നു വിചാരിക്കുന്നു. മേല്പറഞ്ഞവിധം അസിസ്റ്റൻറു രജിസ്ത്രാറന്മാരുടെ അധികാരസീമയിൽപ്പെടുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള എഴുത്തുകുത്തുകൾ എല്ലാം അസിസ്റ്റൻറു രജിസ്ത്രാറന്മാർക്കും മറ്റുള്ളവയെല്ലാം നേരിട്ടു ഈ ആഫീസിലേയ്ക്കും അയയ്ക്കേണ്ടതാകുന്നു.

സക്യുലർ ൧൯൨.

ഡിപ്പാർട്ടുമെൻറും സംഘങ്ങളും തമ്മിൽ ഉള്ള എഴുത്തുകുത്തുകളെ സംബന്ധിച്ച് ഈ ആഫീസിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള ൧൭൧-ാം, ൧൭൪-ാം, ൧൯൧-ാം* നമ്പർ സക്യുലർകൾകൊണ്ടു സംഘങ്ങൾ ഏതേതു സംഗതികളിൽ രജിസ്ത്രാരും അസിസ്റ്റൻറു രജിസ്ത്രാരുമായി എഴുത്തുകുത്തു നടത്തണമെന്നു വ്യക്തമല്ലെന്നും ഒരേ സംഗതിയെ സംബന്ധിച്ചുതന്നെ രണ്ട് ആഫീസുകളിലും സംഘങ്ങൾ എഴുത്തുകുത്തു നടത്തി ആവശ്യമില്ലാത്ത കാലതാമസത്തിനു കാരണമാകുന്നുവെന്നും ബോദ്ധ്യം വന്നിരിക്കുന്നു

* ൭-ാംഭാഗത്തിൽ നോക്കുക.

അല്ലാതെതന്നെ ൧൭൪-ാംനമ്പർ സർക്കുലറിൽ സംഘങ്ങളും ഐക്യസംഘങ്ങളും മുഖാന്തിരമോ, സർക്കിൾ ഇൻസ്പെക്ടർ മുഖാന്തിരമോ യുക്തംപോലെ എഴുത്തുകുത്തുകൾ നടത്തുന്നതിൽ വിരോധമില്ലെന്ന നിർദ്ദേശിച്ചിരിക്കുന്നതും പല സംശയങ്ങൾക്കും ഇടകൊടുത്തിട്ടുണ്ട്. അതിനാൽ രജിസ്ത്രാർ ആഫീസും അസിസ്റ്റൻറ് രജിസ്ത്രാർ ആഫീസുമായി എഴുത്തുകുത്തു നടത്തേണ്ട വിഷയങ്ങൾ എന്തെന്നും അവ ഏതു സ്ഥാപനം മുഖാന്തിരമാണ് അയക്കേണ്ടതെന്നും കാണിക്കുന്ന ഒരു പട്ടിക താഴെ ചേർക്കുന്നു.

രജിസ്ത്രാർ ആഫീസിലേയ്ക്കു്.

	വിഷയം.	ആരുമുഖാന്തിരം
൧.	പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷകൾ	യൂണിയൻമുഖാന്തിരം.
൨.	നിബന്ധനാഭേദഗതികൾ	ടി
൩.	താലൂക്കബാങ്കിൽനിന്നും സെൻട്രൽ ബാങ്കിലേയ്ക്കുള്ള കടംവായ്പ അപേക്ഷകൾ	ടി
൪.	ആക്റ്റ്, റൂൾസ്, നിബന്ധന ഇവ സംബന്ധിച്ച വ്യാഖ്യാനങ്ങൾ	നേരിട്ട്
൫.	യൂണിയൻ ബഡ്ജറ്റുകൾ	ഇൻസ്പെക്ടർമുഖാന്തിരം
൬.	സൂപ്രവൈസരുടെ നിയമനം മുതലായവ	ടി
൭.	മുതൽ കുറവെഴുതുന്നതിനുള്ള അപേക്ഷ	യൂണിയൻമുഖാന്തിരം
൮.	നിബന്ധനകളിലും സർക്കുലറുകളിലും നിർദ്ദേശിക്കാത്ത സൌജന്യങ്ങൾ	ടി
൯	അന്യഡിപ്പാർട്ടുമെൻറുകളുമായി നടക്കേണ്ട കാര്യങ്ങൾ (ശമ്പളപ്പിടിത്തം ഒഴിച്ചുള്ളവ)	ടി
൧൦.	പണാപഹരണം	ഇൻസ്പെക്ടർമുഖാന്തിരം

അസിസ്റ്റന്റു രജിസ്ട്രാർ ആഫീസിലേയ്ക്കു്.

൧.	മാസാന്ത്യക്കണക്കുകൾ	യൂണിയൻമുഖാന്തിരം
൨.	ആണ്ടവസാനക്കണക്കുകൾ	ഇൻസ്പെക്ടർമുഖാന്തിരം
൩.	പ്രാഥമിക സംഘങ്ങളുടെ വായ്പ അപേക്ഷകൾ	യൂണിയൻമുഖാന്തിരം
൪.	ബോണസ്സ് അപേക്ഷകൾ	ടി
൫.	സൂപ്രവൈസറന്മാരുടെ ഡയറികൾ	ഇൻസ്പെക്ടർമുഖാന്തിരം
൬.	സൂപ്രവൈസറന്മാരുടെ പരിശോധനാറിപ്പോർട്ടുകൾ	യൂണിയൻമുഖാന്തിരം
൭.	പബ്ളിക്ക് അക്കൗണ്ടു തുടങ്ങുന്നതിനും മാററുന്നതിനും	നേരിട്ടു്
൮.	അന്യായങ്ങൾ	ടി
൯.	വിധി നടത്തുസംബന്ധിച്ച എഴുത്തുകുത്തുകൾ	ടി
൧൦.	ഇടപാടുതീർപ്പു സംഗതികൾ	ടി
൧൧.	ആഡിററും ഇൻസ്പെക്ഷനും സംബന്ധിച്ചു സംഗതികൾ	ഇൻസ്പെക്ടർമുഖാന്തിരം
൧൨.	ഓഹരി തിരിച്ചു കൊടുക്കുന്നതിനെ സംബന്ധിച്ച എഴുത്തുകുത്തുകൾ	ടി
൧൩.	കമ്മിററിയുടെ പേരിലുള്ള പരാതികൾ	നേരിട്ടു്
൧൪.	ഉപചട്ടങ്ങൾ	ടി
൧൫.	കമ്മിററി തിരഞ്ഞെടുപ്പു് സംബന്ധിച്ച തക്കങ്ങൾ	ടി
൧൬.	മററു സംശയങ്ങളെപ്പററി	ഇൻസ്പെക്ടർമുഖാന്തിരം

സക്യൂലർ ൨൦൦.

സഹകരണസംഘ ആക്ററു് ൨൩-ാംവകുപ്പനുസരിച്ചു സംഘങ്ങൾക്കു ഒരു പൊതു മുദ്ര ഉണ്ടായിരിക്കേണ്ടതാണെന്നുള്ള വിവരം എല്ലാ സംഘങ്ങൾക്കും അറിവുള്ളതാണല്ലൊ. എന്നാൽ ഏതാനും സംഘങ്ങൾ ഇതേവരെ മുദ്രകൾ ഉണ്ടാക്കി ഉപയോഗിച്ചുതുടങ്ങിയിട്ടില്ലെന്നും ചില സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ട പേരല്ലാതെ അല്പസ്വല്പഭേദഗതികളോടുകൂടി മുദ്രകൾ ഉണ്ടാക്കി ഉപയോഗിക്കുന്നു എന്നും അറിയുന്നു, എല്ലാ സംഘങ്ങളും രജിസ്റ്റർ ചെയ്യപ്പെട്ട പേരിൽതന്നെ മുദ്രകൾ

ഉണ്ടാക്കി ഉപയോഗിക്കേണ്ടതും ക്ലിപ്തസംഘങ്ങൾ ആക്റ്റ് ൭-ാം വകുപ്പ് ൨-ാം ഉപവകുപ്പനുസരിച്ചു ക്ലിപ്തം എന്ന വാക്ക പേരോടുകൂടി മുദ്രയിൽ ചേർക്കേണ്ടതും ആകുന്നു. ആക്റ്റ് ൧൭-ാംവകുപ്പനുസരിച്ച ഒരു സംഘത്തിന്റെ പേരു മാറുകയോ ൧൨-ാംവകുപ്പനുസരിച്ച ബാദ്ധ്യത മാറുകയോ ചെയ്യുമ്പോൾ തദനുസരണം മുദ്രയും ഭേദപ്പെടുത്തേണ്ടതാണ്.

മേൽപ്രകാരം പേരോ ബാദ്ധ്യതയോ വ്യത്യാസപ്പെടുത്തുകയോ, ഒരു മുദ്ര ചീത്തയാകയോ ചെയ്യുമ്പോൾ പഴയ മുദ്രകൾ കമ്മിററി മുമ്പാകെവച്ചു നശിപ്പിക്കയും ആ വിവരം കമ്മിററി മിനിട്ട്സിൽ രേഖപ്പെടുത്തുകയും വേണ്ടതാകുന്നു. രജിസ്റ്റർചെയ്ത പേരോടുകൂടി എല്ലായ്പോഴും രജിസ്റ്റർ നമ്പരുകൂടി ഉണ്ടായിരിക്കയും വേണം.

സക്കുലർ ൨൧൩.

സഹകരണസംഘങ്ങൾ വക നീക്കിയിരിപ്പുതുകകൾ അതാതു സംഘം നിബന്ധനകളിലെ വ്യവസ്ഥകൾക്കു വിപരീതമായി കൈവശം വച്ചുകൊണ്ടിരിക്കുന്നതായി പരിശോധനയിൽ വെളിപ്പെടുന്നതായാൽ ആയതു കുററകരമായ അപഹരണമായി ഗണിക്കപ്പെടുന്നതാണ്. കൈവശക്കാരൻ ആവകത്തുക ബൈലായിലെ വ്യവസ്ഥയനുസരിച്ച് പലിശസഹിതം ഒടുക്കാൻ ബാദ്ധ്യസ്ഥനാകുന്നതുകൂടാതെ കൈവശക്കാരന്റെമേൽ സിവിലായും ക്രിമിനലായും നടപടികൾ നടത്താൻ ഇടയാകുന്നതുമാകുന്നു. ഈ വിവരം എല്ലാ സംഘങ്ങളേയും സംഘം ഉദ്യോഗസ്ഥന്മാരേയും അറിയിച്ചിരിക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ചു ഈ ആഫീസിൽനിന്നും ൧൦൯൮ ഇടവം ൧൭-ാംനു പുറപ്പെടുവിച്ചിട്ടുള്ള ൨൨-ാംനമ്പർ സക്കുലർ റദ്ദു ചെയ്തിരിക്കുന്നു.

സക്കുലർ ൨൨൩.

പ്രാദേശിക ഉദ്യോഗസ്ഥന്മാരെ സമീപിച്ചു വേണ്ടതു ചെയ്യുന്നതിനുമുൻപ് സംഘങ്ങളും സംഘാംഗങ്ങളും നേരിട്ട് രജിസ്ട്രാക്ക് എഴുത്തുകുത്തു നടത്തിവരിക സാധാരണമായിത്തീർന്നിരിക്കുന്നു. തൽഫലമായി കാര്യനിർവ്വഹണത്തിനു അനാവശ്യമായ താമസവും ജോലിക്കു അനാശാസ്യമായ വിഘാതവും നേരിടുന്നതാണെന്നുള്ളതുകൊണ്ടും, രജിസ്ട്രാക്ക്

ഖരിക്കാറുള്ള ഹർജികളെ അസിസ്ററൻറ രജിസ്ത്രാറന്മാൎക്ക അയച്ചുകൊടുത്തു അവയെപ്പററി അവരുടെ റിമാൎക്കകൾ വരുത്തിയശേഷമേ രജിസ്ത്രാർ സാധാരണയായി അവസാന ഉത്തരവു പുറപ്പെടുവിക്കാറുള്ളു എന്നുള്ളതിൽനിന്നും വ്യക്തമാകുന്നുണ്ടല്ലോ. ഈ വിവരം അസിസ്ററൻറ രജിസ്ത്രാരന്മാൎക്ക് അറിവുള്ളതുമാകുന്നു. രജിസ്ത്രാൎക്ക നേരിട്ടയയ്ക്കുന്ന അപേക്ഷകളെപ്പററി അസിസ്ററൻറ രജിസ്ത്രാരന്മാരുടെ അഭിപ്രായം അറിഞ്ഞ ശേഷമേ രജിസ്ത്രാർ അവസാന ഉത്തരവു പുറപ്പെടുവിക്കാറുള്ളു എന്നും, അതിപ്രധാനമായ വിഷയങ്ങളെ പരാമൎശിക്കുന്ന സംഗതികളിൽ അസിസ്ററൻറ രജിസ്ത്രാരന്മാർ രജിസ്ത്രാൎക്ക എഴുതി അയച്ച് ആർഡർ വരുത്തിയ ശേഷമേ വേണ്ടതു ചെയ്യുമാറുള്ളു എന്നും മററുതരം ഹർജികളെപ്പററി തീരുമാനിക്കുന്നതിനു അസിസ്ററൻറ രജിസ്ത്രാറന്മാൎക്ക തന്നെ അധികാരമുണ്ടെന്നുമുള്ള വസ്തുത അപേക്ഷക്ക സംഘങ്ങൾക്ക അറിവില്ലായിരിക്കാം. അസിസ്ററൻറ രജിസ്ത്രാറന്മാരും ഇൻസ്പെക്ടറന്മാരും ഇക്കാര്യത്തെ വേണ്ടുംവിധം സംഘങ്ങളെ ഉൽബോധിപ്പിക്കുകയും മേലാൽ അസിസ്ററൻറ രജിസ്ത്രാറന്മാൎക്ക നേരിട്ട അപേക്ഷിച്ചിട്ട് അവരുടെ തീരുമാനങ്ങൾകൊണ്ടു തൃപ്തരാകാത്ത സംഗതികളിൽ മാത്രമേ രജിസ്ത്രാൎക്ക നേരിട്ട എഴുതേണ്ട ആവശ്യമുള്ളു എന്നുള്ള വിവരം അവരെ ധരിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഹർജിക്കാൎക്കുള്ളവൎക്ക് തീരുമാനമുണ്ടാക്കുന്നതിൽ ഇപ്പോൾ അനിവാൎയ്യമായി തീൎന്നിരിക്കുന്ന കാലവിളംബത്തെ ദൂരീകരിക്കുന്നതിനു ഈ നടപടി വളരെ സഹായിക്കുമെന്നു അവരെ വ്യക്തമായി പറഞ്ഞു മനസ്സിലാക്കേണ്ടതാണ്.

---

൯. രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളുടെ കൃത്യങ്ങൾ.

വകുപ്പ ൨൦.

രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ സംഘങ്ങൾക്കും എല്ലാ അറിയിപ്പും വിജ്ഞാപനങ്ങളും അയക്കാവുന്നതായി ചട്ടങ്ങളനുസരിച്ചു രജിസ്റ്റർചെയ്യപ്പെട്ട ഒരു മേൽവിലാസം ഉണ്ടായിരിക്കേണ്ടതും ആ മേൽവിലാസത്തിൽ വല്ല മാറ്റവും വരുന്നതിനെപ്പറ്റി അങ്ങനെ മാറ്റംവരുത്തുന്നതുമുതൽ മുപ്പതുദിവസത്തിനകം രജിസ്ത്രാരെ രേഖാമൂലം അറിയിക്കേണ്ടതുമാകുന്നു.

സംഘങ്ങളുടെ മേൽവിലാസം.

വകുപ്പ ൨൧.

രജിസ്റ്റർചെയ്യപ്പെട്ടിട്ടുള്ള എല്ലാസംഘങ്ങളും ആ സംഘങ്ങളുടെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള മേൽവിലാസസ്ഥലത്തു—

(എ) ഈ ആക്ടിന്റെ ഒരു പ്രതിയും,

ബൈലാകളുടെയും ചട്ടങ്ങളുടെയും ഉപനിയമങ്ങളുടെയും പകർപ്പു പരിശോധിക്കാൻ തക്കവണ്ണം വച്ചിരിക്കണമെന്നു.

(ബി) ആ സംഘങ്ങൾ നടത്തുന്നതിനുള്ള ചട്ടങ്ങളുടെ ഒരു പ്രതിയും,

(സി) ആ സംഘങ്ങളുടെ ഉപനിയമങ്ങളുടെ ഒരു പ്രതിയും,

(ഡി) ആ സംഘങ്ങളിലെ അംഗങ്ങളുടെ രജിസ്റ്ററും, യാതൊരു ചെലവുംകൂടാതെ ന്യായമായ എല്ലാ അവസരങ്ങളിലും പരിശോധിക്കാൻ തക്കവണ്ണം സൂക്ഷിച്ചിരിക്കേണ്ടതാണ്.

ചട്ടം ൫൮.

(൫) ക്ലിപ്തബാദ്ധ്യതയോടുകൂടിയ ഓരോ സംഘവും.

(i) വ്യക്തികളിലും സംഘങ്ങളല്ലാത്ത സ്ഥാപനങ്ങളിലും നിന്നു പരിച്ചിട്ടുള്ള നിക്ഷേപങ്ങളെയും വായ്പകളെയും,

ക്ലിപ്തബാദ്ധ്യതയോടുകൂടിയ സംഘങ്ങൾ വിനിയോഗസന്നദ്ധമായ ധനം സംരക്ഷിക്കേണ്ടതെന്ന്.

(ii) സംഘങ്ങളിലെ നിക്ഷേപങ്ങളായി ഉപയോഗപ്പെടുത്തുന്നതിന് ആ സംഘങ്ങൾക്കു നൽകിയിട്ടുള്ള ക്യാഷ്ക്രഡിററുകളെയും, സംബന്ധിച്ച ഗവണ്മെൻറു അപ്പഴപ്പോൾ സാമാന്യമായോ പ്രത്യേകമായോ ഉള്ള ഉത്തരവിനാൽ നിർണ്ണയിക്കാവുന്ന രൂപത്തിലുംതോതനുസരിച്ചും വിനിയോഗസന്നദ്ധമായ ധനം നിശ്ചിതകാലത്തേക്ക നിർണ്ണയിച്ചിട്ടുള്ള തോതിന്റെ തരം ആയവാക്കാൻ ഗവണ്മെൻറ് സാമാന്യമായുള്ള ഉത്തരവിനാൽ രജിസ്ട്രാറെ അധികാരപ്പെടുത്താവുന്നതാകുന്നു.

ചട്ടം ൫൯.

രജിസ്ട്രാറുടെ അനുമതികൂടാതെ സംഘം പ്രവൃത്തി കൾ പാടില്ല.

യാതൊരു സംഘവും ആ സംഘത്തിന്റെ ഉപനിയമങ്ങളാൽ വ്യക്തമായി വ്യവസ്ഥചെയ്തിട്ടില്ലാത്ത യാതൊരു പ്രവൃത്തിയും അതിലേക്കായി രജിസ്ട്രാരുടെ മുൻകൂട്ടിയുള്ള വ്യക്തമായ അനുമതികൂടാതെ ചെയ്യാൻ പാടില്ലാത്തതാകുന്നു.

NOTIFICATION.

R. O. C. No- 12835/45/Devpt. A.

In exercise of the powers conferred by Section 74 of the Travancore Co-operative Societies Act, 1112 (V of 1112), the Government of His Highness the Maharaja are pleased to direct that the following further Amendment shall be made in the Travancore Co-operative Societies Rules dated the 12th May 1939, namely:—

After Rule XXIV of the said rules, the following new rule shall be inserted, namely:—

Affiliation to Supervising Union Compulsory.

"XXIV—A. Notwithstanding anything contained in Rule XXIV or in the bye-laws of a registered Society, every registered Society working within the area of operation of a Co-operative Supervising Union registered under the Act shall affiliate itself to the Union within six months of its starting work. Every Society now working and not affiliated to the local Supervising Union shall do so within three months from the date on which this rule comes into force.

വകുപ്പ് ൨൯.

ഓഹരിയൊ അവകാശമൊ കൈമാററം ചെയ്യുന്നതു സംബന്ധിച്ച ക്ളിപ്ത നിബന്ധനകൾ.

(എ) രജിസ്റ്റർചെയ്യപ്പെട്ട ഒരു സംഘത്തിന്റെ മൂലധനത്തിൽ ഒരംഗത്തിനുള്ള ഓഹരിയൊ അവകാശമൊ കൈമാറ്റം ചെയ്കയൊ ബാധ്യതപ്പെടുത്തുകയൊ ചെയ്യുന്നതു് ഈ ആക്ടിനാലൊ ചട്ടങ്ങളാലൊ നിർണ്ണയിക്കപ്പെടാവുന്ന കൈവശപരമാവധി സംബന്ധിച്ച നിബന്ധനകൾക്ക വിധേയമായിരിക്കേണ്ടതാകുന്നു.

(ബി) ഏതെങ്കിലും സംഘത്തിന്റെ ഒരംഗം എടുത്തിരിക്കുന്ന ഓഹരിയൊ അതിന്റെ വല്ല ഭാഗമൊ അല്ലെങ്കിൽ ആ സംഘത്തിന്റെ മൂലധനത്തിലൊ വസ്തുവകകളിലൊ അയാൾക്കുള്ള അവകാശമൊ അതിന്റെ വല്ലഭാഗമൊ:—

(ഐ) ആ ഓഹരിയൊ അവകാശമൊ അയാൾക്ക ഒരു കൊല്ലത്തിൽ കുറയാത്തകാലത്തേയ്ക്കു് ഉണ്ടായിരിക്കുകയും;

(ബി) കൈമാറ്റം ചെയ്യുകയോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്യുന്നതു് ആ സംഘത്തിലെ ഒരംഗത്തിനൊ യാതൊരാളിന്റെ സാമാജികസ്ഥാനത്തിനായുള്ള അപേക്ഷയാണോ സംഘം സ്വീകരിച്ചിട്ടുള്ളതു് ആ ആൾക്കൊ ആയിരിക്കയും;

ചെയ്യാത്തപക്ഷം, യാതൊരംഗവും കൈമാറ്റം ചെയ്യുകൂടുന്നതല്ല.

൧൦. സംഘങ്ങളുടെ പ്രത്യേകാവകാശങ്ങൾ.

വകുപ്പ് ൨൩.

സംഘങ്ങൾ ഏകാംഗയോഗങ്ങളായിരിക്കുമെന്നു്.

ഒരു സംഘം രജിസ്റ്റർ ചെയ്യപ്പെടുന്നതുകൊണ്ടു് അതു ശാശ്വതമായ പിൻതുടർച്ചയോടും, ഒരു പൊതു മുദ്രയോടും കൂടിയും മുതൽ കൈവശം വയ്ക്കാനും, കരാർ ചെയ്യാനും വ്യവഹാരങ്ങളും നിയമാനുസൃതമായ മറ്റു നടപടികളും ആരംഭിച്ചു നടത്താനും പ്രതിവാദം ചെയ്യാനും അതു് ഏതേതു കാര്യങ്ങൾക്കായി സംഘടിപ്പിക്കപ്പെട്ടുവൊ ആ കാര്യങ്ങൾക്കു് ആവശ്യമായ എല്ലാകാര്യങ്ങളും ചെയ്യാനുമുള്ള അധികാരത്തോടുകൂടിയും അതു് ഏതു പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നുവോ ആ പേരിൽ ഒരു ഏകാംഗയോഗമായി തീരുന്നതാണു്.

വകുപ്പ് ൨൪.

സംഘത്തിന്റെ പ്രഥമാവകാശം.

ഭൂനികുതിയൊ ഭൂനികുതിയെപ്പോലെ ഈടാക്കാവുന്ന വല്ല പണമൊ സംബന്ധിച്ചു നമ്മുടെ ഗവണ്മെന്റിനൊ പാട്ടം സംബന്ധിച്ചു ഒരു ജന്മിക്കൊ ഏതെങ്കിലും പ്രഥമാവകാശമുണ്ടെങ്കിൽ ആ പ്രഥമാവകാശത്തിനധീനപ്പെട്ടു ഒരു സംഘത്തിനു് ഏതെങ്കിലും ഒരു അംഗത്തിൽനിന്നൊ മുമ്പു് അംഗമായിരുന്ന ഒരാളിൽനിന്നോ മരിച്ച ഒരംഗത്തിൽ നിന്നോ കിട്ടേണ്ടതായ വല്ല കടമോ ബാക്കിയായി നിൽക്കുന്ന വല്ല സംഖ്യയോ,

(എ) ആ അംഗമൊ മുമ്പു് അംഗമായിരുന്ന ആളൊ മരിച്ച അംഗമൊ സംഘത്തിൽനിന്നു കടം വാങ്ങിയ ഏതെങ്കിലും സംഖ്യ കൊണ്ടു മുഴുവനമോ ഏതാനുമോ ആയി വിളയിച്ച വിളവുകളിന്മേലും അല്ലെങ്കിൽ മറ്റു കാർഷികോല്പന്നങ്ങളിന്മേലും,

(ബി) സംഘം പണമായോ സാമാനമായോ കൊടുത്ത വല്ല വായ്പകൊണ്ടു് ആ അംഗമൊ മുമ്പു് അംഗമായിരുന്ന ആളൊ മരിച്ച അംഗമൊ അല്ലെങ്കിൽ ആ അംഗത്തിനൊ മുമ്പു അംഗമായിരുന്ന

ആളിന്നോ മരിച്ച ആളിന്നോ മുഴുവനായോ ഏതാനുമോ ആയി വാങ്ങിയതോ ശേഖരിച്ചുകൊടുത്തതോ ആയ വിളവുകളിന്മേലും, കന്നുകാലികൾക്കുള്ള തീറ്റിയിന്മേലും കാർഷികന്മാരൊ വ്യാവസായികരൊ ആയ ഉപകരണങ്ങളിന്മേലൊ യന്ത്രങ്ങളിന്മേലൊ വ്യവസായത്തിനായുള്ള അസംസ്കൃത സാധനങ്ങളിന്മേലൊ വക്കേഷാപ്പുകളിന്മേലൊ, പണ്ടകശാലമേലൊ വ്യാപാരസ്ഥലത്തിന്മേലൊ,

ഉള്ള ഒരു പ്രഥമബാദ്ധ്യത ആയിരിക്കുന്നതാണ്.

എന്നാൽ ഈ ഖണ്ഡത്തിൽ അടങ്ങിയിരിക്കുന്ന യാതൊന്നും അപ്രകാരമുള്ള ഏതെങ്കിലും വിളവുകളോ മററു കാർഷികോല്പന്നങ്ങളോ കന്നുകാലികളോ കന്നുകാലികൾക്കുള്ള തീറ്റി സാമാനങ്ങളും, വ്യവസായത്തിനായുള്ള അസംസ്കൃത സാധനങ്ങളോ വർക്ക്ഷാപ്പുകളോ കാർഷികന്മാർ ആയ ഉല്പന്നങ്ങളോ മുന്നറിവില്ലാതെ ഉത്തമ വിശ്വാസത്തോടുകൂടി വിലയ്ക്കു വാങ്ങിക്കയൊ കൈമാറ്റംചെയ്തു വാങ്ങുകയൊ ചെയ്യുന്ന യാതൊരാളിന്റെയും അവകാശത്തെ ബാധിക്കുന്നതല്ല,

വകുപ്പ് ൧൯.

സംഘങ്ങളുടെ പ്രവൃത്തികൾ മുതലായവ ചില ന്യൂനതകളാൽ അസാധുവാക്കാൻ പാടില്ലെന്ന്.

ഒരു രജിസ്റ്ററാക്കപ്പെട്ട സംഘത്തിന്റെയോ ഏതെങ്കിലും കമ്മിറ്റിയുടെയോ അല്ലെങ്കിൽ സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ യാതൊരു പ്രവൃത്തിയും, സംഘത്തിന്റെ സംഘടനയിലൊ പൊതുസംഘത്തിന്റെ രൂപവൽക്കരണത്തിലൊ ഉദ്യോഗസ്ഥന്റെ നിയമനത്തിലൊ തിരഞ്ഞെടുപ്പിലൊ ഏതൊ ന്യൂനതയുണ്ടെന്നുള്ള കാരണത്താൽ മാത്രമോ, അല്ലാത്തപക്ഷം അയാൾ തന്റെ ഉദ്യോഗത്തിന് അയോഗ്യനായിരുന്നു എന്ന കാരണത്താലോ അസാധുവായി ഗണിക്കാൻ പാടില്ലാത്തതാകുന്നു.

൨൦. നിബന്ധന.

സർക്കുലർ ൨൨൪.

വിതരണം അല്ലെങ്കിൽ വിനിയോജക പരസ്പരസഹായസംഘങ്ങൾക്ക് പല അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നു. അതിലേക്ക് അപേക്ഷകന്മാർ ഒരു മാതൃക അംഗീകരിക്കേണ്ടതാവശ്യമാകയാൽ മാതൃകാനിബന്ധനകൾ അച്ചടിച്ചിട്ട് ഇവിടെ ഉള്ളതും ആവശ്യമുള്ളവർ ഇൻസ്പെക്ടരോടോ യൂണിയനിലോ അപേക്ഷിക്കാവുന്നതും ആകുന്നു.

സർക്കുലർ ൩൨.

സംഘങ്ങളിൽനിന്നും നിബന്ധനഭേദഗതി ചെയ്യുന്നതിനായയക്കുന്ന അപേക്ഷകൾ തീർച്ചപ്പെടുത്തുമ്പോൾ അവ നിയമപ്രകാരമുള്ള ആവശ്യങ്ങളെ തൃപ്തിപ്പെടുത്തിവരുന്നില്ലെന്നു കണ്ടുവരുന്നു. അപ്രകാരമുള്ള അപേക്ഷകളെ തിരിച്ചയക്കേണ്ടതായി വരികയും കാലതാമസം നേരിടുകയും ചെയ്യുന്നു. കൂടാതെ ഒഴിക്കാവുന്ന എഴുത്തുകുത്തുകൾക്കും കാരണമാവുകയും ചെയ്യുന്നു. ൧൦൯൭ ചിങ്ങം ൨൭-ാംനു-ലെ ൨൧-ാംനമ്പർ സർക്കുലർ ഇതു സംബന്ധിച്ചുള്ളതാണ്. അതിനെ ഈ സർക്കുലർ വിശദീകരിക്കുന്നു.

നിബന്ധന ഭേദഗതി സംബന്ധിച്ച് ഐക്യനാണയ സംഘങ്ങളിലെ ൧-ാമത്തെ ചട്ടത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"എ. ഒരു സംഘം രജിസ്റ്റർചെയ്യപ്പെട്ടതിൽ പിന്നെ, അതിലെ പൊതുയോഗത്തിൽ പാസാക്കപ്പെട്ട ഒരു നിശ്ചയമനുസരിച്ച് സംഘത്തിന്റെ വല്ല നിബന്ധനയേയും മാററുകയോ ഭേദഗതിചെയ്യുകയോ പുതിയ നിബന്ധന നിർമ്മിക്കുകയോ ചെയ്യാവുന്നതാകുന്നു. എന്നാൽ,

(എ) പുതിയ നിബന്ധന നിർമ്മിക്കുന്നതിനോ, പഴയ നിബന്ധനയെ ഭേദപ്പെടുത്തുകയോ അല്ലെങ്കിൽ ദുർബലപ്പെടുത്തുകയോ ചെയ്യുന്നതിനോ ഉള്ള ഉദ്ദേശത്തെപ്പറ്റി നിബന്ധനപ്രകാരമുള്ള മുന്നറിയിപ്പുകൊടുത്തിരിക്കണം.

(ബി) ഭേദഗതിനിശ്ചയം പൊതുയോഗത്തിൽ ഹാജരുള്ളവരിൽ മൂന്നിൽ രണ്ടിൽ കുറയാത്ത അംഗങ്ങൾ അനുകൂലിച്ചിരിക്കണം.

(സി) അങ്ങനെയുള്ള പുതുനിർമ്മാണത്തെയോ, ഭേദഗതിയെയോ, ദുർബലപ്പെടുത്തലിനെയോ രജിസ്ട്രാർ അംഗീകരിക്കുകയും രജിസ്റ്റർചെയ്യുകയും ചെയ്തിരിക്കണം."

൨. പുതിയതോ, ഭേദഗതി ചെയ്യപ്പെടുന്നതോ ആയ നിബന്ധന രജിസ്റ്റർചെയ്യുന്നതിനോ, നടപ്പിലിരിക്കുന്ന നിബന്ധനയെ റദ്ദുചെയ്യുന്നതിനോ ഉള്ള അപേക്ഷ രജിസ്ട്രാരുടെ അടുക്കൽ ബോധിപ്പിച്ചിരിക്കേണ്ടതാണ്. പുതിയ നിബന്ധന നിർമ്മിക്കുന്നതിനോ പഴയ നിബന്ധനയെ ഭേദപ്പെടുത്തുകയോ, റദ്ദുചെയ്യുകയോ ചെയ്യുന്നതിനോ ഉള്ള നിശ്ചയം പാസ്സാക്കിയ പൊതുയോഗനടപടിക്കുറിപ്പിന്റെ ഒരു ശരിപകർപ്പ് ആ അപേക്ഷയോടുകൂടി ഉണ്ടായിരിക്കണം. പുതിയതോ,

ഭേദഗതിചെയ്യപ്പെട്ടതോ ആയ നിബന്ധനയുടെ കാര്യത്തിൽ അതിൻെറ രണ്ടു പ്രതികളും അപേക്ഷാസഹിതം അയക്കേണ്ടതും. അപേക്ഷയിലും യോഗനടപടികളുടേയും നിബന്ധനകളുടേയും പകർപ്പുകളിലും സെക്രട്ടറിയും മററു മൂന്നു കമ്മററി മെംബർമാരും ഒപ്പിട്ടിരിക്കണം.

൩. പുതിയതോ ഭേദഗതി ചെയ്യപ്പെട്ടതോ ആയ നിബന്ധനയും, വല്ല നിബന്ധനകളുടേയും റദ്ദാക്കൽ [illegible] രീതിയും, ആക്ടിനും ചട്ടങ്ങൾക്കും വിപരീതമല്ലെന്നു രജിസ്ട്രാർക്ക് ബോദ്ധ്യമാകുന്നതായാൽ പുതിയതോ ഭേദപ്പെടുത്തിയതോ ആയ നിബന്ധനയുടെ കാര്യത്തിൽ അതിനെ രജിസ്റ്റർചെയ്ത് അതിൻെറ ഒരു പ്രതി ആഫീസ്സിൽ വച്ചുകൊള്ളുകയും, മറ്റൊരു പ്രതി രജിസ്ട്രേഷൻസർട്ടിഫിക്കററു സഹിതം സംഘത്തിലേക്ക് അയക്കുകയും, റദ്ദാക്കപ്പെടുന്ന നിബന്ധനയുടെ കാര്യത്തിൽ അതിനെ റദ്ദ്ചെയ്ത് ആ വിവരത്തിന് സർട്ടിഫിക്കററ് അയക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ, പുതുതായോ, ഭേദപ്പെടുത്തുകയോ, റദ്ദ്ചെയ്യുകയോ ചെയ്യേണ്ട നിബന്ധന, അതിന്നുമുമ്പു സംഘം വാങ്ങിയിട്ടുള്ള കടങ്ങളിൽ അംഗങ്ങൾക്കുള്ള ബാദ്ധ്യതയുടെ രീതിയും, വ്യാപ്തിയും സംബന്ധിച്ചുള്ളതായിരുന്നാൽ അങ്ങിനെ മാററുന്നതിനോ, ഭേദഗതി ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ ഗവണ്മെൻറനുവാദം സിദ്ധിക്കുന്നതിനു മുമ്പായി രജിസ്ട്രാർ അനുവദിച്ചുകൂടാത്തതാകുന്നു."

നിബന്ധനഭേദഗതിക്കുള്ള ഒരു അപേക്ഷ ശരിയായിരിക്കണമെങ്കിൽ:—

൧. മാതൃകാനിബന്ധന ൭൨-ൽ എടുത്തു പറഞ്ഞിട്ടുള്ള പ്രകാരം ഉദ്ദിഷ്ടഭേദഗതിയെപ്പറ്റി സംഘാംഗങ്ങളുടെ ഒരു പൊതുയോഗത്തിൽ നിശ്ചയം പാസ്സാക്കിയിരിക്കണം;

൨. അങ്ങിനെ പൊതുയോഗം കൂടുന്നതിനു കൊടുക്കുന്ന മുന്നറിയിപ്പിൽ ഏതു നിബന്ധന എങ്ങിനെ ഭേദപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവെന്നു വ്യക്തമാക്കിയിരിക്കണം;

൩. ഭേദഗതി നിശ്ചയം പൊതുയോഗത്തിൽ ഹാജരുള്ളവരിൽ മൂന്നിൽ രണ്ടുഭാഗം അംഗങ്ങൾ അനുകൂലിച്ചിരിക്കണം.

൪. (എ) ആ പൊതുയോഗനടപടിക്കുറിപ്പിൻെറ ഒരു ശരി (അതായതു പൂർണ്ണമായ) പകർപ്പും;

(ബി) ഭേദഗതിചെയ്യുന്ന നിബന്ധന ഇരിക്കുന്നപ്രകാരവും ഉദ്ദേശിക്കുന്ന പ്രകാരവും കാണിക്കുന്ന രണ്ടു പ്രതികളും,

(സി) പൊതുയോഗം കൂട്ടുന്നതിനുള്ള നോട്ടീസുപകർപ്പും ഭേദഗതി രജിസ്റ്റർചെയ്യുന്നതിനുള്ള അപേക്ഷയോടുകൂടി അയച്ചിരിക്കണം. ഇവയിലെല്ലാം സെക്രട്ടറിയും മററു മൂന്നു കമ്മിറ്റിമെമ്പർമാരും ഒപ്പിട്ടിരിക്കേണ്ടതാണ്. കമ്മിറ്റിമെമ്പർമാരുടെ പേരു മുഴുവനും വ്യക്തമായെഴുതി അതിനുനേരെ ഒപ്പിടേണ്ടതാകുന്നു. അപേക്ഷ മുതലായവയിലെല്ലാം സംഘമുദ്രയും പതിച്ചിരിക്കണം.

ഭേദഗതിയെപ്പററി കമ്മററി ആലോചനനടത്തി കമ്മിറ്റിയുടെ ശുപാർശയോടുകൂടി പൊതുയോഗത്തിൽ തീരുമാനത്തിനുവെക്കുന്നതു നന്നായിരിക്കും. നടപ്പിലിരിക്കുന്നതും, ഭേദപ്പെടുത്തിയതുമായ നിബന്ധനകൾ പൊതുയോഗത്തിൽ അംഗങ്ങളെ വായിച്ചു കേൾപ്പിച്ചു എന്നും, എന്തു കാരണംകൊണ്ടു ഭേദഗതി ചെയ്യുന്നു എന്നും പൊതുയോഗനിശ്ചയത്തിൽ കാണിച്ചിരിക്കണം. ഭിന്നാഭിപ്രായമുണ്ടാകുമ്പോൾ എത്രപേർ വോട്ടുചെയ്തു എന്നു കൃത്യമായി കണക്കാക്കി യോഗനടപടിക്കുറിപ്പിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. എതിരില്ലാതെ നിശ്ചയം പാസ്സാകുന്നപക്ഷം ആ വിവരവും ചേർത്തിരിക്കേണ്ടതാകുന്നു.

രജിസ്റ്റർചെയ്യപ്പെടുന്നതുവരെ ഒരു ഭേദഗതിയും സാധുവാകുന്നതല്ലെന്ന് ആക്ടിലെ ൧൧-ാം വകുപ്പിൽ വിവരിച്ചിരിക്കുന്നു. രജിസ്റ്റർ ചെയ്തതിലേക്കുള്ള ലക്ഷ്യം ഈ ആഫീസിൽനിന്നും കൊടുക്കുന്ന സർട്ടിഫിക്കറ്റാകുന്നു. സർട്ടിഫിക്കറ്റിനെ നിബന്ധനകളുടെകൂടെ (ഒട്ടിച്ച്) ചേർത്തുവയ്ക്കണം. നിബന്ധനകൾ ഭേദപ്പെടുത്തിയിട്ടുള്ളവയുടെ പരസ്പര സൂചനകൾ കാണിച്ചിരിക്കണം. സംഘംവക മിനിട്ടു ബുക്കുകളിൽ ഒന്നോ രണ്ടോ പേജുകൾ നിബന്ധന ഭേദഗതികളുടെ സൂചിക എഴുതുന്നതിനായി പ്രത്യേകം തിരിച്ചിടേണ്ടതാണ്. പുതിയ ഭേദഗതികൾ അപ്പപ്പോൾതന്നെ അതിൽ നോട്ടു ചെയ്യേണ്ടതാണ്. നിബന്ധന ഭേദഗതികളുടെ സർട്ടിഫിക്കററു സംഘത്തിൽകിട്ടിയാൽ അടുത്ത പൊതുയോഗത്തിൽ വായിക്കുകയും ആ വിവരം മിനിട്ടുബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

താലൂക്ക് ബാങ്കിനോടോ സെൻട്രൽ ബാങ്കിനോടോ ഐക്യസംഘത്തോടോ സംഘടിപ്പിച്ചിട്ടുള്ള സംഘമാണെങ്കിൽ ശരിയായി സാക്ഷ്യപ്പെടുത്തിയിട്ടുള്ള നിബന്ധനാഭേദഗതി സർട്ടിഫിക്കററുകൾ ആ സ്ഥാപനങ്ങൾക്ക് അയച്ചുകൊടുക്കേണ്ടതാണ്.

മേല്പറഞ്ഞ സൂചികയുടെ ഫാറം താഴെ കൊടുത്തിരിക്കുന്നു.

൧	൨	൩	൪	൫	൬
ക്രമനമ്പർ	ബൈലായുടെ നമ്പറും സംക്ഷിപ്ത വിവരണവും	എങ്ങിനെ ഭേദപ്പെടുത്തിയെന്ന്	പൊതുയോഗ നിശ്ചയത്തിന്റെയും അപേക്ഷയുടേയും നമ്പരും തീയതിയും	രജിസ്റ്റർ ചെയ്ത നമ്പരും തീയതിയും	സാക്ഷ്യപ്പെടുത്തൽ

ഇൻസ്പെക്ടർമാരും സൂപ്പർവൈസറന്മാരും ഈ സൂചിക ചെക്ക ചെയ്യുകയും വിവരം ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തുകയും വേണം.

സർക്കുലർ ൧൰൫.

മാതൃകാനിബന്ധന ൪. ഭേദഗതിചെയ്യുന്നതിനെ സംബന്ധിച്ചു ൧൰൪-ാംനമ്പർ സർക്കുലറിൽ വിവരിച്ചിട്ടുള്ളതനുസരിച്ചു താഴെ കാണുന്ന വിധം ടി നിബന്ധന എല്ലാ സംഘങ്ങളും ഭേദഗതി ചെയ്യേണ്ടതാണ്.

നിലവിലിരിക്കുന്ന നിബന്ധന ൪. സംഘത്തിന്റെ മൂലധനം തല്ക്കാലം ഓരോ ഓഹരിക്ക... ... ...ബ്രിട്ടീഷ് രൂപാ വീതം... ... ... ഓഹരികളുള്ള... ... ...ബ്രിട്ടീഷ് രൂപാ ആയിരിക്കും. ഓരോ ഓഹരിയുടേയും വിലസംഖ്യ ഓഹരി എടുക്കുന്ന സമയം മുഴുവനുമായോ അല്ലാത്തപക്ഷം ഗഡുക്കളായോ അടയ്ക്കേണ്ടതാണ്. ഗഡുക്കളായി അടയ്ക്കുന്നപക്ഷം... ... ...രൂപ... ... ...ചക്രം ... ... ഓഹരി എടുക്കുന്ന സമയത്തും ബാക്കി സംഖ്യ അടുത്തമാസംമുതൽ മാസം ഒന്നിനു... ... ...രൂപ... ... ...ചക്രം വീതം അതാതുമാസം ... ...ക്കോ അതിനുമുമ്പാകയോ അടയ്ക്കേണ്ടതാകുന്നു. ഗഡുക്കളായി അടയ്ക്കാൻ തീർച്ചപ്പെടുത്തുന്നപക്ഷം ഒരു മെമ്പർക്ക് ബാക്കി സംഖ്യമുഴുവനുമോ അല്ലെങ്കിൽ അതിന്റെ ഒരംശമോ മുൻകൂറായി എപ്പോഴെങ്കിലും അടയ്ക്കാവുന്നതാണ്. ഒരു മെമ്പർ അടയ്ക്കേണ്ടസംഖ്യ അടയ്ക്കാതെ മൂന്നു ഗഡുക്കൾ തുടരെ വീഴ്ചവരുത്തിയാൽ ആ മെമ്പറെ

സംഘത്തിൽനിന്നു നീക്കാവുന്നതും അതേവരെ അടച്ചിട്ടുള്ള ഓഹരി സംഖ്യ അയാൾക്കു തിരിച്ചുകിട്ടുവാൻ അവകാശമില്ലാത്തതും ആയതു ആണ്ടവസാനത്തിൽ സംഘത്തിന്റെ കരുതൽ ധന ഫണ്ടിലേക്കു ചേർക്കുന്നതുമാകുന്നു. നിശ്ചിതതീയതിക്കു ഓഹരി അടയ്ക്കാത്തപക്ഷം ഓഹരിക്കു ഒന്നിനു മാസത്തിൽ നാലു കാശുവീതം പിഴ വസൂലാക്കുന്നതും അങ്ങിനെ വീഴ്ചവരുത്തുന്ന ആൾക്കു ഓഹരി അടയ്ക്കുന്നതുവരെ മെമ്പരുടെ അവകാശങ്ങൾ തീരെ നിന്നുപോകുന്നതുമാകുന്നു.

ഭേദഗതിചെയ്യേണ്ടവിധം.

നിബന്ധന ൮. സംഘത്തിന്റെ മൂലധനം മുപ്പത് ഓരോ ഓഹരിക്കു.........ബ്രിട്ടീഷ് രൂപാവീതം,...........ഓഹരികളുള്ള......ബ്രിട്ടീഷ് രൂപാ ആയിരിക്കും. ഓരോ ഓഹരിയുടേയും വില സംഖ്യ ഓഹരി എടുക്കുന്ന സമയം മുഴുവനമായോ അല്ലാത്തപക്ഷം ഗഡുക്കളായോ അടയ്ക്കേണ്ടതാണ്. ഗഡുക്കളായി അടയ്ക്കുന്നപക്ഷം ....രൂപ...... ചക്രം ഓഹരി എടുക്കുന്ന സമയത്തും ബാക്കിസംഖ്യ അടുത്ത മാസം മുതൽ മാസം ഒന്നിനു.........രൂപ ....ചക്രം വീതം അതതു മാസം.........തിയ്യതിക്കുമുമ്പായോ അടയ്ക്കേണ്ടതാകുന്നു. ഗഡുക്കളായി അടയ്ക്കാൻ നിശ്ചയിച്ചിട്ടുള്ളപക്ഷം ഒരു മെമ്പർക്കു ബാക്കിസംഖ്യ മുഴുവനുമോ അഥവാ അതിന്റെ ഒരു അംശമോ മുൻകൂറായി എപ്പോഴെങ്കിലും അടയ്ക്കാവുന്നതാണ്. ഒരു മെമ്പർ അടയ്ക്കേണ്ട സംഖ്യ അടയ്ക്കാതെ മൂന്നു ഗഡുക്കൾ തുടരെ വീഴ്ചവരുത്തിയാൽ ആ മെമ്പറെ സംഘത്തിൽനിന്നു നീക്കാവുന്നതും അതേവരെ അടച്ചിട്ടുള്ള ഓഹരി സംഖ്യ അയാൾക്കു തിരിയെ കിട്ടുവാനവകാശമില്ലാത്തതും ആയതു ആണ്ടവസാനത്തിൽ സംഘത്തിന്റെ കരുതൽ ധനഫണ്ടിലേക്കു ചേർക്കുന്നതുമാകുന്നു. നിശ്ചിതതീയതിക്കു ഓഹരി അടയ്ക്കാത്തപക്ഷം ഓഹരി ഒന്നിനു മാസത്തിൽ നാലുകാശുവീതം പിഴ വസൂലാക്കുന്നതും അങ്ങിനെ വീഴ്ചവരുത്തുന്ന ആൾക്കു ഓഹരി അടയ്ക്കുന്നതുവരെ മെമ്പരുടെ അവകാശങ്ങൾ തീരെ നിന്നുപോകുന്നതുമാകുന്നു.

എന്നാൽ ഒരു മെമ്പർ അയാൾക്കു സംഘത്തിലേക്കു നേരിട്ടോ ജാമ്യത്തിന്മേലോ യാതൊരു ബാദ്ധ്യതകളും ഇല്ലാതിരിക്കയും വീഴ്ചവരുത്തിയതു ആ മാസത്തിലുള്ള ബുദ്ധിമുട്ടുകൊണ്ടാണെന്നു കമ്മറ്റിക്കു ബോദ്ധ്യം ഉണ്ടാവുകയും ചെയ്യുന്നപക്ഷം അയാൾ അടച്ചിട്ടുള്ള സംഖ്യ മുഴുവൻ ഓഹരികളുടെ വിലയ്ക്കു മതിയാകുമോ അത്രയും ഓഹരികൾ പൂർണ്ണമാകുന്നതിനു വകമാറ്റുകയും ബാക്കി

സംഖ്യവല്ലതും ഉണ്ടെങ്കിൽ കമ്മറ്റി ആയതു കരുതൽ ധനഫണ്ടിലേക്ക മുതൽ കൂട്ടുകയും ചെയ്യാവുന്നതാകുന്നു. എന്നാൽ കരുതൽധനഫണ്ടിലേയ്ക്കു മുതൽ കൂട്ടുന്നതിനുമുമ്പ് ആ മെംബർ ഒരു ഓഹരി പൂത്തിയാകുന്നതിനു കൂടുതൽ ആവശ്യമുള്ള സംഖ്യ അടയ്ക്കുന്നപക്ഷം അതുംകൂടി ചേർത്തു ഓഹരി പൂർത്തിയാക്കാമെന്നുള്ളതാകുന്നു.

സക്യലർ ൨൩൨.

സഹകരണസംഘങ്ങളുടെ മാതൃകാനിബന്ധനകൾ ൪൩, ൪൬ എന്നിവകളാൽ പ്രതിമാസം രൂപയ്ക്കു മൂന്നു കാശു പലിശയും ഒരു കാശു പിഴയുമാണ് ഇപ്പോൾ സാധാരണയായി നിർദ്ദേശിച്ചിട്ടുള്ളതു്. ഈ ഏർപ്പാട് അംഗങ്ങൾക്കു വളരെ കഷ്ടനഷ്ടങ്ങൾക്കു കാരണമായി തീർന്നിട്ടുണ്ടെന്നു ബോദ്ധ്യമായിരിക്കുന്നു. അമിതമായി പലിശ പിഴ എന്നിവ വർദ്ധിക്കുമ്പോൾ സംഘങ്ങളുടെ പൊതുയോഗനിശ്ചയപ്രകാരം ഈ ആഫീസ്സിൽനിന്നു പിഴ ഇളവുചെയ്തു കൊടുക്കുന്ന നയം സർവ്വസാധാരണമായി തീർന്നിട്ടുണ്ട്. കടം വാങ്ങുകാരായ അംഗങ്ങൾ കൂടുതൽ ഊന്നാശ്വാസങ്ങൾ ലഭിക്കുന്നതിനു വേണ്ടി മുറവിളി കൂട്ടുന്ന ഈ കാലഘട്ടത്തിൽ പലിശക്രമം ലഘൂകരിക്കയോ പിഴ ഉപേക്ഷിക്കുകയോ ചെയ്യുന്നതു് അവരുടെ വർദ്ധിച്ചുവരുന്ന ഋണഭാരത്തിൽനിന്നും അവരെ മോചിപ്പിക്കുന്നതിനു പര്യാപ്തമാകുമെന്നുള്ളതു നിസ്സന്ദേഹമാണു്. അതിനാൽ ആദ്യപടിയായി വായ്പപിഴ ഇല്ലാതാക്കാൻ സംഘനിബന്ധനകളിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ എടുത്തുകളയേണ്ടതാണ്. എല്ലാ സംഘങ്ങളും സഹകരണബാങ്കുകളും വായ്പയുടെ കൂടിയ പലിശനിരക്കു സാധാരണ രൂപയ്ക്കു പ്രതിമാസം മൂന്നുകാശാക്കേണ്ടതാണു. അതിലേക്കു സംഘങ്ങളും ബാങ്കുകളും അവയുടെ നിബന്ധനകളിൽ ടി ഉദ്ദേശസാദ്ധ്യത്തിനാവശ്യമായ ഭേദഗതികൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. നിബന്ധനകളിൽ ഭേദഗതികൾ വരുത്തി അവ രജിസ്റ്റർചെയ്തു വാങ്ങുവാൻ എല്ലാ സംഘങ്ങളേയും ബാങ്കുകളേയും പ്രേരിപ്പിക്കുവാൻ ഇൻസ്പെക്ടർമാരും ഐക്യസംഘങ്ങളും പ്രത്യേകം ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

൧൨. ബാദ്ധ്യത

വകുപ്പ് ൭:

(൧) ൪-ാംവകുപ്പിലെ ഒന്നാമത്തെ ക്ലിപ്തനിബന്ധനയ്ക്കും ഇതിലേയ്ക്കായി ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങൾക്കും ഉൾപ്പെട്ടു

രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘം അതിന്റെ ബാദ്ധ്യതയെ രജി സ്ത്രാരുടെ മുന്നനുവാദത്തോടുകൂടി ക്ലിപ്തബാദ്ധ്യതയിൽ നിന്നു ക്ലിപ്തരഹിതബാദ്ധ്യതയായും ക്ലിപ്തരഹിതബാദ്ധ്യ തയിൽനിന്നു ക്ലിപ്തബാദ്ധ്യതയായും ഭേദപ്പെടുത്താവുന്നതാണ്.

ബാദ്ധ്യതഭേദപ്പെടുത്തുക.

൧൩. പേരുമാററുക.

വകുപ്പ് ൧൭.

ഒരു സംഘത്തിലെ അംഗങ്ങളുടെ ഒരു പൊതുയോഗത്തിലെ ഒരു തീർപ്പുനിശ്ചയംമൂലവും രജിസ്ത്രാരുടെ അംഗീകാരത്തോടുകൂടിയും ആ സംഘത്തിന്റെ പേരു മാററാവുന്നതാണ്; എന്നാൽ ആ മാററം ആ സംഘത്തിന്റെയോ അതിലെ ഏതെങ്കിലും അംഗങ്ങളുടെയോ മുമ്പു അംഗങ്ങളായിരുന്നവരുടെയോ ഏതെങ്കിലും അവകാശത്തെയോ ബാദ്ധ്യതയെയോ ബാധിക്കുന്നതല്ലാത്തതും സംഘം കക്ഷിയായുള്ളതും തീരുമാനിക്കപ്പെടാതെയുള്ളതുമായ നിയമപരമായ ഏതെങ്കിലും നടപടികൾ സംഘത്തിന്റെ പുതിയപേരിൽ അതാതു അതിന്റെ മേലാൽ തുടർന്നു നടത്താവുന്നതും ആകുന്നു.

പേരുമാററുക, അതിന്റെ ഫലം.

൧൪. വിഭജനവും സംയോജനവും.

വകുപ്പ് ൧൮.

(൧) (എ) അംഗങ്ങൾക്കു കുറഞ്ഞപക്ഷം ൧ പൂർണ്ണദിവസത്തെ എങ്കിലും അറിയിപ്പു കൊടുത്തു് അംഗങ്ങളെ ആ കാര്യത്തിലേക്കു വിളിച്ചുകൂട്ടിട്ടുള്ള ഒരു വിശേഷാൽയോഗത്തിൽവച്ചു രജിസ്റ്റർചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും സംഘത്തെ രണ്ടോ അധികമൊ സംഘങ്ങളായി വിഭജിക്കുന്നതിനു നിശ്ചയിക്കാവുന്നതാണ്. ആ സംഘം ഏതു പുതിയ സംഘങ്ങളായിട്ടു ഭാഗിക്കണമെന്നാണൊ ഉദ്ദേശിച്ചിട്ടുള്ളതു് ആ പുതിയ സംഘങ്ങൾക്കായി അതിന്റെ കടങ്ങൾ ഭാഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ആ തീർപ്പു നിശ്ചയത്തിൽ (ഇതിനു താഴെ ഈ ഉപവകുപ്പിൽ പ്രാരംഭനിശ്ചയമെന്നു പ്രസ്താവിച്ചിട്ടുള്ളതു്) അടങ്ങിയിരിക്കേണ്ടതും, അതിൽ ഓരോ പുതിയ സംഘത്തിന്റെയും പ്രവർത്തനസ്ഥലങ്ങളെ നിർണ്ണയിക്കുകയും ഓരോ പുതിയ സംഘത്തിലും ഉൾപ്പെടുന്ന അംഗങ്ങളെ വിവരിക്കുകയും ചെയ്യേണ്ടതും ആകുന്നു.

സംഘങ്ങളുടെവിഭജനവും സംയോജനവും.

(ബി) (i) പ്രാരംഭനിശ്ചയത്തിന്റെ ഒരു പ്രതി സംഘത്തിന്റെ എല്ലാ അംഗങ്ങൾക്കും സംഘത്തിന്റെ ഉത്തമർണ്ണന്മാർക്കും അയക്കേണ്ടതാകുന്നു.

(ii) വിപരീതമായി വല്ല ഉപനിയമവും ഉണ്ടായിരുന്നാലും, പ്രാരംഭനിശ്ചയം കിട്ടിയതുമുതൽ മൂന്നുമാസത്തിനകം താൻ യാതൊരു പുതിയ സംഘത്തിലേയും അംഗമായി ചേരുന്നില്ലെന്നുള്ള തന്റെ ഉദ്ദേശത്തെപ്പറ്റി സംഘത്തിലെ ഏതൊരംഗവും സംഘത്തെ നോട്ടീസുമൂലം അറിയിക്കാവുന്നതാണ്.

(iii) വിപരീതമായി ഏതെങ്കിലും കരാറുണ്ടായിരുന്നാലും പ്രസ്തുത കാലത്തിനുള്ളിൽ തനിക്കു കിട്ടാനുള്ള തുക തിരിച്ചുകൊടുക്കാൻ ആവശ്യപ്പെടുന്നതിനുള്ള തന്റെ ഉദ്ദേശത്തെപ്പറ്റി സംഘത്തിന്റെ ഏതൊരു ഉത്തമർണ്ണനും സംഘത്തെ നോട്ടീസുമൂലം അറിയിക്കാവുന്നതാണ്.

(സി) സംഘത്തിലെ എല്ലാ അംഗങ്ങൾക്കും അതിന്റെ ഉത്തമർണ്ണന്മാർക്കും പ്രാരംഭ നിശ്ചയം കിട്ടിയതുമുതൽ മൂന്നുമാസം കഴിഞ്ഞതിനുശേഷം, സംഘത്തിലെ അംഗങ്ങൾക്കു കുറഞ്ഞപക്ഷം പതിനഞ്ചു പൂർണ്ണദിവസത്തെ നോട്ടീസുകൊടുത്ത് അംഗങ്ങളുടെ ഒരു പൊതുയോഗം പ്രാരംഭനിശ്ചയത്തെപ്പറ്റി പര്യാലോചിക്കുന്നതിനായി വിളിച്ചുകൂട്ടേണ്ടതാണ്. അങ്ങനെയുള്ള യോഗത്തിൽ സന്നിഹിതരായിട്ടുള്ള അംഗങ്ങളുടെ മൂന്നിൽ രണ്ടു ഭാഗത്തിൽ കുറയാത്ത ഒരു ഭൂരിപക്ഷം, യാതൊരു ഭേദഗതിയുംകൂടാതെയോ രജിസ്ട്രാരുടെ അഭിപ്രായത്തിൽ സാരമായിട്ടുള്ളതല്ലാത്ത ഭേദഗതികളോടുകൂടിയൊ പാസ്സാക്കിയ ഒരു നിശ്ചയം മൂലം പ്രാരംഭനിശ്ചയത്തെ സ്ഥിരപ്പെടുത്തുന്നപക്ഷം, അദ്ദേഹം (ഇ) ഖണ്ഡത്തിലേയും ൧൦-ാംവകുപ്പിലെയും വ്യവസ്ഥകൾക്കുൾപ്പെട്ട പുതിയ സംഘങ്ങളേയും അവയുടെ ഉപനിയമങ്ങളേയും രജിസ്റ്റർ ചെയ്യാവുന്നതാണ്. അങ്ങനെ രജിസ്റ്റർചെയ്താൽ പഴയസംഘം രജിസ്റ്റർചെയ്തിട്ടുള്ളതിനെ റദ്ദുചെയ്തിരിക്കുന്നതായി ഗണിക്കേണ്ടതാകുന്നു.

പ്രാരംഭനിശ്ചയത്തിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ സാരമായുള്ളവയാണൊ അല്ലയൊ എന്നുള്ളതിനെ സംബന്ധിച്ച രജിസ്ട്രാരുടെ അഭിപ്രായം അവസാന തീരുമാനമായിരിക്കുന്നതും അതിന്മേൽ അപ്പീൽ ബോധിപ്പിക്കാൻ പാടില്ലാത്തതും ആകുന്നു.

(ഡി) സി ഖണ്ഡത്തിൽ പ്രസ്താവിച്ചിരിക്കുന്ന യോഗത്തിൽവച്ചു മറ്റൊരു നിശ്ചയംമൂലം:—

(i) (ബി) ഖണ്ഡം (ii)-ാം ഉപഖണ്ഡം അനുസരിച്ചു നോട്ടീസ്സുകൊടുത്തിട്ടുള്ള എല്ലാ അംഗങ്ങൾക്കും അവരുടെ ഓഹരി മൂലധനം തിരിച്ചുകൊടുക്കുന്നതിനും,

(ii) (ബി) ഖണ്ഡം (iii)-ാം ഉപഖണ്ഡം അനുസരിച്ചു നോട്ടീസ്സുകൊടുത്തിട്ടുള്ള എല്ലാ ഉത്തമർണ്ണന്മാരുടേയും അവകാശങ്ങൾ കൊടുത്തുതീർക്കുന്നതിനും

വ്യവസ്ഥചെയ്യേണ്ടതാണ്.

എന്നാൽ (സി) ഖണ്ഡത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നതു പോലെ പ്രാരംഭനിശ്ചയം സ്വീകരിക്കപ്പെടുന്നതുവരെ അപ്രകാരം തിരിച്ചുകൊടുപ്പിക്കുന്നതിനൊ കൊടുത്തുതീർപ്പിക്കുന്നതിനൊ യാതൊരു അംഗത്തിനാകട്ടെ ഉത്തമർണ്ണനാകട്ടെ അർഹത ഉണ്ടായിരിക്കുന്നതല്ല.

(ഇ) രജിസ്ത്രാർ യുക്തമെന്നു വിചാരിക്കുന്ന കാലത്തിനുള്ളിൽ (ഡി) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള അംഗങ്ങളുടെ ഓഹരി മൂലധനം തിരിച്ചുകൊടുക്കാതിരിക്കയൊ ആ ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള ഉത്തമർണ്ണന്മാരുടെ അവകാശങ്ങൾ കൊടുത്തുതീർക്കാതിരിക്കയോ ചെയ്യുന്നപക്ഷം പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു രജിസ്ത്രാർ വിസമ്മതിക്കാവുന്നതാണ്.

(എഫ്) (സി) ഖണ്ഡപ്രകാരം സ്ഥിരപ്പെടുത്തിയിട്ടുള്ള പ്രാരംഭനിശ്ചയത്തിൽ വിവരിച്ചിരിക്കുന്നതുപോലെ, പഴയ സംഘത്തിന്റെ കടമങ്ങൾ പുതിയ സംഘത്തിൽ നിക്ഷേപിക്കുന്നതിന് ആ പുതിയസംഘങ്ങളെ രജിസ്റ്റർ ചെയ്തിട്ടുള്ളതു ഒരു മതിയായ കാരണമായിരിക്കുന്നതാണ്.

(൨) (എ) രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള രണ്ടോ അധികമൊ സംഘങ്ങളിൽ ഓരോ സംഘത്തിലേയും അംഗങ്ങൾക്കു കുറഞ്ഞപക്ഷം ഏഴു പൂർണ്ണദിവസത്തെ അറിയിപ്പു കൊടുത്തു ഓരോ സംഘത്തിലേയും അംഗങ്ങളുടെ ആ കാര്യത്തിനുവേണ്ടി പ്രത്യേകിച്ചു വിളിച്ചുകൂട്ടിയിട്ടുള്ള പൊതുയോഗത്തിൽവച്ചു ആ സംഘങ്ങൾ ഏകസംഘമായി സംയോജിപ്പിക്കപ്പെടുന്നതിനു നിശ്ചയിക്കാവുന്നതാണ്. ഈ നിശ്ചയത്തെ ഇതിനു മേൽ (ഇത്) ഉപവകുപ്പിൽ പ്രാരംഭനിശ്ചയമായി പ്രസ്താവിച്ചിരിക്കുന്നു.

(ബി) (i) ഓരോ സംഘത്തിൻേറയും പ്രാരംഭനിശ്ചയത്തിന്റെ ഒരു പകർപ്പു സംഘത്തിലെ എല്ലാ അംഗങ്ങൾക്കും ഉത്തമർണ്ണന്മാർക്കും അയക്കേണ്ടതാകുന്നു.

(ii) വിപരീതമായി ഏതെങ്കിലും ഉപനിയമം ഉണ്ടായിരുന്നാലും പ്രാരംഭനിശ്ചയം കിട്ടിയ തീയതിമുതൽ മൂന്നു മാസത്തിനകം പുതിയ സംഘത്തിലെ അംഗമായി ചേരുന്നില്ലെന്നുള്ള തൻെറ ഉദ്ദേശത്തെപ്പററി താൻ ഏതൊരു സംഘത്തിലെ അംഗമായിരിക്കുന്നുവൊ ആ സംഘത്തെ അപ്രകാരമുള്ള ഏതെങ്കിലും സംഘത്തിലെ ഏതൊരംഗവും നോട്ടീസു മൂലം അറിയിക്കാവുന്നതാണ്.

(iii) വിപരീതമായി ഏതെങ്കിലും കരാറുണ്ടായിരുന്നാലും, പ്രസ്തുത കാലത്തിനുള്ളിൽ തനിക്കു കിട്ടാനുള്ള തുക തിരിച്ചുകൊടുക്കാൻ ആവശ്യപ്പെടുന്നതിനുള്ള ഉദ്ദേശത്തെപ്പററി അപ്രകാരമുള്ള ഏതെങ്കിലും സംഘത്തിലെ ഏതൊരുത്തമർണ്ണനും താൻ ഏതൊരു സംഘത്തിൻെറ ഉത്തമർണ്ണനായിരിക്കുന്നുവൊ ആ സംഘത്തെ നോട്ടീസുമൂലം അറിയിക്കാവുന്നതാണ്.

(സി) എല്ലാ സംഘങ്ങളിലേയും എല്ലാ അംഗങ്ങൾക്കും ഉത്തമർണ്ണന്മാർക്കും പ്രാരംഭനിശ്ചയം കിട്ടിയതുമുതൽ മൂന്നുമാസം കഴിഞ്ഞതിനു ശേഷം ആവക സംഘങ്ങളിലെ അംഗങ്ങൾക്കു കുറഞ്ഞപക്ഷം പതിനഞ്ചു പൂർണ്ണദിവസത്തെ അറിയിപ്പുകൊടുത്ത് അപ്രകാരമുള്ള സംഘങ്ങളിലെ അംഗങ്ങളുടെ ഒരു സംയുക്തസമ്മേളനം പ്രാരംഭനിശ്ചയത്തെപ്പററി പര്യാലോചിക്കുന്നതിനായി വിളിച്ചുകൂട്ടേണ്ടതാണ്. അങ്ങനെയുള്ള യോഗത്തിൽ സന്നിഹിതരായിട്ടുള്ള അംഗങ്ങളുടെ മൂന്നിൽ രണ്ടു ഭാഗത്തിൽ കുറയാത്ത ഒരു ഭൂരിപക്ഷം, യാതൊരു ഭേദഗതിയും കൂടാതെയോ രജിസ്ട്രാരുടെ അഭിപ്രായത്തിൽ സാരമായിട്ടുള്ളതല്ലാത്ത ഭേദഗതികളോടുകൂടിയോ പാസാക്കിയ ഒരു നിശ്ചയംമൂലം പ്രാരംഭനിശ്ചയത്തെ സ്ഥിരപ്പെടുത്തുന്നപക്ഷം, അദ്ദേഹം (ഇ) ഖണ്ഡത്തിലേയും ൫ ൦-ാംവകുപ്പിലേയും വ്യവസ്ഥകൾക്കധീനപ്പെട്ടു പുതിയ സംഘത്തേയും അതിൻെറ ഉപനിയമങ്ങളേയും രജിസ്റ്റർ ചെയ്യാവുന്നതാണ്. അങ്ങനെ രജിസ്റ്റർ ചെയ്താൽ പഴയ സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുള്ളതിനെ റദ്ദ് ചെയ്തിരിക്കുന്നതായി ഗണിക്കേണ്ടതാകുന്നു.

—പ്രാരംഭനിശ്ചയത്തിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ സാരമായുള്ളവയാണോ അല്ലയോ എന്നുള്ളതിനെ സംബന്ധിച്ചു രജിസ്ട്രാരുടെ അഭി-

പ്രായം അവസാനതീരുമാനമായിരിക്കുന്നതും അതിന്മേൽ അപ്പീൽബോധിപ്പിക്കത്തക്കതല്ലാത്തതും ആകുന്നു.

(ഡി) (സി) ഖണ്ഡത്തിൽ പ്രസ്താവിച്ചിരിക്കുന്ന സമ്മേളനത്തിൽവച്ചു മറ്റൊരു നിശ്ചയംമൂലം:—

(i) (ബി) ഖണ്ഡം (ii)-ാം ഉപഖണ്ഡം അനുസരിച്ചു നോട്ടീസു കൊടുത്തിട്ടുള്ള എല്ലാ അംഗങ്ങൾക്കും അവരുടെ ഓഹരി മൂലധനം തിരിച്ചുകൊടുക്കുന്നതിനും,

(i) (ബി) (iii)-ാം ഉപഖണ്ഡം അനുസരിച്ചു നോട്ടീസുകൊടുത്തിട്ടുള്ള എല്ലാ ഉത്തമർണ്ണന്മാരുടേയും അവകാശങ്ങൾ കൊടുത്തുതീർക്കേണ്ടതിനും വ്യവസ്ഥചെയ്യേണ്ടതാണ്.

എന്നാൽ (സി) ഖണ്ഡത്തിൽ വ്യവസ്ഥചെയ്തിരിക്കുന്നതുപോലെ പ്രാരംഭനിശ്ചയം സ്വീകരിക്കപ്പെടുന്നതുവരെ അപ്രകാരം തിരിച്ചുകൊടുക്കുന്നതിനോ കൊടുത്തുതീർക്കുന്നതിനോ യാതൊരു അംഗത്തിനാകട്ടെ ഉത്തമർണ്ണനാകട്ടെ അവകാശപ്പെടാവുന്നതല്ല.

(ഇ) രജിസ്ട്രാർ യുക്തമെന്നു വിചാരിക്കുന്ന കാലത്തിനുള്ളിൽ (ഡി) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള അംഗങ്ങളുടെ ഓഹരി മൂലധനം തിരിച്ചുകൊടുക്കാതിരിക്കയോ ആ ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള ഉത്തമർണ്ണന്മാരുടെ അവകാശങ്ങൾ കൊടുത്തുതീർക്കാതിരിക്കയോ ചെയ്യുന്നപക്ഷം പുതിയ സംഘം രജിസ്റ്റർചെയ്യുന്നതിനു രജിസ്ട്രാർ വിസമ്മതിക്കാവുന്നതാണ്.

(എഫ്) ആദ്യമായുണ്ടായിരുന്ന സംഘങ്ങളുടെ കടധനങ്ങൾ പുതിയ സംഘത്തിൽ നിക്ഷിപ്തമാക്കുന്നതിന് ആ പുതിയസംഘം രജിസ്റ്റർ ചെയ്തിട്ടുള്ളതു ഒരു മതിയായ കാരണമായിരിക്കുന്നതാണ്.

൧൭. സക്കാരിൽനിന്നുള്ള സൌജന്യങ്ങൾ.

വകുപ്പ് ൩൫.

൧൦൮൫-ാമാണ്ടത്തെ തിരുവിതാംകോട്ടു രജിസ്ട്രേഷൻ ആക്ട് ൧൦-ാം വകുപ്പ് (൧)-ാം ഉപവകുപ്പ് (എ)-യും (ബി)-യും ഖണ്ഡങ്ങളിലുള്ള യാതൊന്നും,

രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിന്റെ ഓഹരികളും കടപ്പത്രങ്ങളും സംബന്ധിച്ച ആധാരങ്ങൾ നിർബന്ധമായി രജിസ്റ്റർ ചെയ്യുന്നതിൽ നിന്നു ഒഴിവാക്കൽ,

(൧) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘത്തിൻെറ സ്വത്തു മുഴുവനുമൊ അതിൽ ഏതാനും ഭാഗമൊ സ്ഥാവരസ്വത്തായിരുന്നാൽ തന്നെയും ആ സംഘത്തിലെ ഓഹരികളും സംബന്ധിച്ച ഏതെങ്കിലും ആധാരത്തെയോ, അല്ലെങ്കിൽ

(൨) അപ്രകാരമുള്ള ഏതെങ്കിലും സംഘത്തിൽനിന്ന കൊടുക്കുന്ന വല്ല കടപ്പത്രവും ആ വക പത്രങ്ങളുടെ ഉടമസ്ഥരുടെ ഗുണത്തിനായി സംഘം അതിൻെറ സ്ഥാവരസ്വത്തു മുഴുവനുമൊ ആ സ്വത്തിൻെറ ഏതാനും ഭാഗമൊ അല്ലെങ്കിൽ അതിന്മേലുള്ള വല്ല അവകാശമൊ വിശ്വാസത്തിന്മേൽ ട്രസ്റ്റികൾക്ക ഒററികൊടുക്കയൊ, ഏല്പിക്കയൊ മററുപ്രകാരത്തിൽ കൈമാററം ചെയ്കയൊ ചെയ്യുന്ന രജിസ്റ്റർചെയ്ത ഒരാധാരത്താൽ നൽകിയിട്ടുള്ള ഉറപ്പിന് ആ പത്രമുടമസ്ഥൻ അർഹനാകുന്നിടത്തോളം ഒഴികെ ആ സ്ഥാവരവസ്തുവിനൊ വസ്തുവിന്മേലൊ ഏതെങ്കിലും അവകാശമൊ ഉടമയൊ താല്പര്യമൊ ഉണ്ടാക്കുകയൊ പ്രഖ്യാപനം ചെയ്കയൊ നൽകുകയൊ ക്ലിപ്തപ്പെടുത്തുകയൊ നശിപ്പിക്കയൊ ചെയ്യാത്തപ്പോൾ ആ കടപ്പത്രത്തെയോ, അല്ലെങ്കിൽ

(൩) അപ്രകാരമുള്ള ഏതെങ്കിലും സംഘം കൊടുത്ത ഏതെങ്കിലും കടപ്പത്രത്തിന്മേലുള്ള വല്ല പുറത്തെഴുത്തിനെയോ ആ കടപ്പത്രം കൈമാററം ചെയ്യുന്നതിനെയോ ബാധിക്കുന്നതല്ല.

വകുപ്പ് ൩൩.

നമ്മുടെ ഗവണ്മെൻറ് നമ്മുടെ ഗവണ്മെൻറു ഗസററിൽ പരസ്യം മൂലം ഏതെങ്കിലും സംഘത്തിൻെറയോ അത്തരം സംഘങ്ങളുടെയോ കാര്യത്തിൽ:—

ആദായനികുതി, മുനിസിപ്പൽനികുതി, മുദ്രവില, രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ്, കോർട്ടുഫീസ് ഇവ കൊടുക്കുന്നതിൽനിന്ന ഒഴിവാക്കാനുള്ള അധികാരം.

(൧) സംഘത്തിൻെറ ലാഭമൊ, ലാഭം ഇനത്തിൽ സംഘത്തിലെ അംഗങ്ങൾക്ക കിട്ടുന്ന ആദായവീതമൊ അല്ലെങ്കിൽ മററു സംഖ്യകളെ സംബന്ധിച്ചോ, അല്ലെങ്കിൽ സംഘത്തിന കൈവശമുള്ള ഉറപ്പുപത്രങ്ങളിന്മേലുള്ള പലിശ സംബന്ധിച്ചോ അടയ്ക്കേണ്ട ആദായനികുതിയും അല്ലെങ്കിൽ മേൽ നികുതിയും,

(൨) തൽക്കാലം ഉഴർജ്ജിതത്തിലിരിക്കുന്ന മുനിസിപ്പൽ നിയമപ്രകാരം അടയ്ക്കാനുള്ള ഏതെങ്കിലും നികുതിയും,

(൩) ഒരു സംഘമൊ സംഘത്തിനുവേണ്ടിയൊ എഴുതിയതൊ ആ സംഘത്തിന്റെ പ്രവൃത്തനം സംബന്ധിച്ചു ഒരുദ്യോഗസ്ഥനൊ ഒരംഗമൊ എഴുതിക്കൊടുത്തതൊ ആയ ആധാരങ്ങൾക്കൊ അപ്രകാരമുള്ള ഏതെങ്കിലും തരം ആധാരങ്ങൾക്കൊ ഈ ആക്ടിൻപ്രകാരമുള്ള രജിസ്റ്റ്രാരുടെയോ മദ്ധ്യസ്ഥന്മാരുടെയോ തീരുമാനങ്ങൾക്കൊ തൽക്കാലം നടപ്പിലിരിക്കുന്ന ഏതെങ്കിലും നിയമപ്രകാരം യഥാക്രമം ചുമത്താവുന്ന മുദ്രവിലയും,

(൪) തൽക്കാലം നടപ്പിലിരിക്കുന്ന രജിസ്ട്രേഷൻ നിയമമൊ കോർട്ടുഫീസു നിയമമൊ അനുസരിച്ച് അടയ്ക്കാനുള്ള വല്ല ഫീസും, ഇളവുചെയ്യാവുന്നതാണ്.

സക്യ്ലർ ൧൩.

സ്റ്റാമ്പു, രജിസ്ട്രേഷൻ ഈ നിയമങ്ങൾ അനുസരിച്ച് അടയ്ക്കേണ്ടതായ ഫീസ്സ പരസ്പരസഹായസംഘങ്ങളിലേക്കോ പരസ്പരസഹായസംഘങ്ങൾക്കു വേണ്ടിയോ എഴുതി കൊടുക്കപ്പെടുന്ന പ്രമാണങ്ങളെ സംബന്ധിച്ചിടത്തോളം ഒഴിവാക്കി ഗവർണ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിളംബരങ്ങളാൽ ലഭിക്കാവുന്ന ഗുണങ്ങൾ പൂർണ്ണമായി ലഭിക്കത്തക്കവിധം ചില സംഘങ്ങൾ പ്രവർത്തിച്ചുവരുന്നില്ലെന്നു കാണുന്നതിനാൽ ആ വിളംബരങ്ങളിൽ എല്ലാ സംഘങ്ങളുടെയും ശ്രദ്ധ പ്രത്യേകം പതിയേണ്ടതാണെന്ന് ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

വിളംബരങ്ങൾ വല്ല സംഘങ്ങൾക്കും കിട്ടിയിട്ടില്ലെങ്കിൽ ഇവിടെ അപേക്ഷിച്ചു വാങ്ങിക്കൊള്ളണം.

സക്യൂലർ ൧൪.

ഒരു പരസ്പരസഹായസംഘത്തിൽനിന്നും ഓഹരി എടുത്തിട്ടുള്ള ആ സംഘത്തിലെ ഒരു മെംബർ പണം വാങ്ങുന്ന വകയ്ക്ക് ആ മെംബറും ആ സംഘത്തിലെ മെംബറല്ലാത്ത വേറെ ആളും കൂടിചേർന്നു സംഘത്തിലേക്ക് എഴുതിക്കൊടുക്കുന്ന ആധാരത്തേയും മുദ്രവില, ഫീസു ഇവകളിൽനിന്നു ഒഴിവാക്കേണ്ടതാണെന്നു സർക്കാർവക്കീൽ അഭിപ്രായപ്പെട്ടിരിക്കുന്നതായി സർക്കാർവക്കീലിന്റെ ലട്ടറിന്റെ എക്സ്ട്റാക്ട് അയച്ചു കോവാപ്പറേറ്റീവു രജിസ്ട്രാരാഫീസിൽനിന്നും എഴുതിവന്നിരിക്കുന്നതിനാൽ മേൽ വിവരിച്ചപ്രകാരം ഒരു പരസ്പരസഹായസംഘത്തിലേക്കു ആ സംഘത്തിലെ മെംബറും മെംബറല്ലാത്ത വേറെ ആളുംകൂടി എഴുതിക്കൊടുക്കുന്ന ആധാരങ്ങളെ മുദ്രവില, ഫീസ് ഇവകളിൽനിന്ന് ഒഴിവാക്കേണമെന്നുള്ളതാകയാൽ വിവരം അറിഞ്ഞു നടക്കുന്നതിനായി എല്ലാ രജിസട്ടർ ഉദ്യോഗസ്ഥന്മാരെയും തെര്യപ്പെടുത്തിയിരിക്കുന്നു.

സക്ക്യുലർ ൯൨.

പരസ്പരസഹായസംഘം സെക്രട്ടറിമാർ, സംഘം ഉദ്യോഗസ്ഥൻ എന്ന നിലയിൽ സ്റ്റാമ്പുവെണ്ടർ ജോലിനോക്കുന്നതിൽ ഗവണ്മെൻറിനു വിരോധമില്ലെന്നു ൧൯൨൮-ാമാണ്ടു ജനവരിമാസം ൨൩-ാംനു-ലെ ധവളപ്പെമെൻറു ൧൩൩൩-ൽ ൨൮-ാംനമ്പരിൽ ഉത്തരവുചെയ്തിരിക്കുന്നു എന്നുള്ള വിവരം എല്ലാ പരസ്പരസഹായസംഘങ്ങളേയും അറിയിച്ചിരിക്കുന്നു.

സക്ക്യുലർ ൧൦.

ഓരോ ഐക്യനാണയസംഘത്തിൻേറയും വർഷാന്ത്യലാഭനഷ്ടക്കണക്കുകളും അവയെപ്പററിയുള്ള പ്രൊസീഡിംഗ്സും വെവ്വേറെയായി ഗസററിൽ പരസ്യം ചെയ്യുന്ന പതിവുണ്ടായിരുന്നു. എല്ലാ സംഘങ്ങളുടേയും കണക്കുകളും ഒന്നായിച്ചേർത്തു ഓരോരോ സംഘത്തിലും ഉള്ളതു നന്നായിരിക്കുമെന്നു വിചാരിച്ചു ൧൦൯൧-ാമാണ്ടു മുതൽക്കു കണക്കുകൾ ഗസററിൽ കോഓപ്പറേററീവ് ഷീററിൽ അനുബന്ധമായി പരസ്യം ചെയ്യുവാൻ ഉദ്ദേശിച്ചിരിക്കുന്നു. അവകൾ എല്ലാ സംഘങ്ങൾക്കും അയച്ചു കൊടുക്കപ്പെടും.

സക്ക്യുലർ ൧൧൮.

പരസ്പരസഹായസംഘങ്ങൾക്കു സൌജന്യമായി കൃഷി, വ്യവസായം, പരസ്പരസഹായം ഈ ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചു സർക്കാർ ഗസററുഷീററുകൾ കൊടുക്കുന്നതിനു ഗവണ്മെൻറിൽനിന്നും ൧൯൧൧ നവംബർ ൨൧-ാംനു-ലെ ൧൦൩൪|൧൨൭ എൽ ആർ നമ്പർ ഉത്തരവിൻപ്രകാരം അനുവദിച്ചിട്ടുണ്ടു. ഡിപ്പാർട്ടുമെൻറു ഷീററുകൾ വിലകൂടാതെ കൊടുക്കുന്നതിനുപകരം പകുതിചാർജായ മൂന്നു ബ്രിട്ടീഷ് രൂപയ്ക്കു മുഴുവൻ ഗസററും സംഘങ്ങൾക്കു കൊടുക്കാമെന്നു ൧൯൨൪ മേ ൧൧-ാംനു ഉണ്ടായ ആർ. ഡിസ്. ൯൭൪|൨൪-ാംനമ്പർ ഡെവ: ഉത്തരവിൻപ്രകാരം അനുവദിച്ചു.

ഈ വിവരങ്ങൾ ൧൯൨൪ മേ ൨൨, ൧൯൨൭ മേ ൯ ഈ തീയതികളിലെ സക്ക്യുലർ നോട്ടീസുകൾ മുഖേന എല്ലാ സംഘങ്ങളേയും തെര്യപ്പെടുത്തിയിട്ടുള്ളതാണു. മുഴുവൻ ഗസററിനും പണം അടയ്ക്കുന്ന ചില സംഘങ്ങൾ തുടന്നു അങ്ങനെ ചെയ്യാതെ വീണ്ടും ഡിപ്പാർട്ടുമെൻറൽ ഷീററുകൾക്കുമാത്രം ആവശ്യപ്പെടുന്നതായും ചില സംഘം ഉദ്യോഗസ്ഥന്മാർ അവരുടെ സ്വന്തപേരുകളിൽ ഗസററു അയച്ചുകൊടുക്കുന്നതിനു അപേക്ഷിക്കുന്നതായും അച്ചുക്കൂടത്തിൽനിന്നും എഴുതിവന്നിരിക്കുന്നു.

മുഴുവൻ ഗസററും വരുത്തണമെന്നു നിശ്ചയിക്കുന്ന സംഘങ്ങൾ ശരിയായി ആലോചിച്ചശേഷം മാത്രം അപ്രകാരം ചെയ്യുകയും ഒരിക്കൽ നിശ്ചയിച്ചാൽ അങ്ങനെ തുടൎന്നു പ്രവൎത്തിക്കേണ്ടതും ആണ്. അങ്ങനെ ചെയ്യാത്തപക്ഷം ശരിയായി ഗസററുകൾ അയക്കുന്നതിലും കണക്കുവയ്ക്കുന്നതിലും സക്കാർ അച്ചുക്കൂടം ആഫീസിൽ അസൌകൎയ്യങ്ങൾ നേരിടുന്നതാണ്. സൌജന്യങ്ങൾ അനുവദിച്ചിട്ടുള്ളതു സംഘങ്ങൾക്കാകയാൽ സ്വന്തപേരുകളിൽ ഗസററു അയച്ചുതരാൻ സംഘോദ്യോഗസ്ഥന്മാർ ആവശ്യപ്പെടുന്നതു് അനുചിതമാണെന്നു മാത്രമല്ല പിശകുമാണു. സ്വന്തപേരിൽ അയക്കാൻ ആവശ്യപ്പെടുന്നതായാൽ വരിസംഖ്യയിൽ സംഘങ്ങൾക്കു ലഭിച്ചിട്ടുള്ള സൌജന്യം കിട്ടുന്നതല്ലാത്തതും മുഴുവൻ വരിസംഖ്യ ആവശ്യപ്പെടുന്നതുമായിരിക്കും.

ഗസററു അയക്കുന്നതിനു അപേക്ഷകൾ അയക്കേണ്ടതായ സമയത്തെപ്പററി സക്കാർ അച്ചുക്കൂടം സൂപ്രണ്ടവർകളുടെ പരസ്യത്തിലേക്കു (൧൧൦൧ മിഥുനം ൧൨-ാംനു-ലെ ൪൪-ാംനമ്പർ ഗസററിൽ ൩-ാംഭാഗം ൭൨൧-ാംപുറം നോക്കുക) എല്ലാ സംഘങ്ങളുടേയും ശ്രദ്ധയെ ക്ഷണിക്കുന്നു. ൧൧൦൭ ൯൬ ൯-ാംനു-ലെ സക്കുലർ നോട്ടീസുപ്രകാരം മുഴുവൻ ഗസററും ആവശ്യമുള്ള സംഘങ്ങൾ ഒരാണ്ടത്തെ വരിസംഖ്യ അടച്ചു ഒന്നായി അപേക്ഷിക്കേണ്ടതാകുന്നു.

സക്കുലർ. ൧൧൪.

പരസ്പരസഹായസംഘം ആക്ട് ൨൫-ാംവകുപ്പുപ്രകാരം ഗവണ്മെൻറിൽനിന്നും സംഘങ്ങൾക്കു അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ചു സംഘങ്ങളിൽനിന്നും അന്വേഷണങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ചില സബ്‌രജിസ്ത്രാർ കച്ചേരികളിൽ ആനുകൂല്യങ്ങൾ ശരിയായി ലഭിക്കുന്നില്ലെന്നു പരാതികളും വന്നിട്ടുണ്ടു്. ൧൨-൭൪-ലെ ൧൩-ാംനമ്പർ സക്കുലറിൽ ടി വകുപ്പുപ്രകാരം ഗവണ്മെൻറു പരസ്യം ചെയ്തിട്ടുള്ള വിളംബരങ്ങളിലേക്കു സംഘങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചിട്ടുള്ളതാണു. അതിനുമുമ്പും പിൻപും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംഘങ്ങളുടെ അറിവിനായി ആ വിളംബരങ്ങൾ ഇതോടു ചേൎത്തിരിക്കുന്നു.

മെംബറന്മാരോടുകൂടി മെംബറന്മാരല്ലാത്തുള്ളവരും ചേൎന്നുള്ള പ്രമാണങ്ങളെ സംബന്ധിച്ചു ചില സംഘങ്ങൾക്കുണ്ടായിരുന്ന സംശയങ്ങളെപ്പററി രജിസ്ട്രേഷൻ ഡയറക്ടർ അവർകൾക്കു എഴുതി അയച്ചിരുന്നു. സംഘങ്ങളുടെ കുട്ടത്തു രക്ഷയെ പുരസ്കരിച്ചു മെംബറന്മാരോടു

കൂടി മെംബറന്മാരല്ലാത്തുള്ള വരും കേ൦ണന്നതുകൊണ്ടു ആ പ്രമാണങ്ങൾക്കു സംഘങ്ങൾക്കു അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ ഇല്ലാതെ വരുന്നതു ന്യായമല്ലെന്നു പ്രത്യേകം ചൂണ്ടിക്കാണിക്കയും ചെയ്തിരുന്നു. ആ അഭിപ്രായം ഡയറക്ടർ അവർകൾ സ്വീകരിച്ചു ൧൧൦൦ മേടം ൩-ാം-ലെ ൧൪-ാംനമ്പരായി പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ ഇതോടുചേർത്തിരിക്കുന്നു.

പരസ്യം. [നമ്പർ ൩൭൩ | എൽ. ആർ.]

കല്പനപ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നതെന്തെന്നാൽ:— ൧൦൮൩-ാമാണ്ടത്തെ ൧൦-ാംആക്റ്റായ പരസ്പരസഹായസംഘആക്റ്റു അനുസരിച്ചു അതാതു സമയം രജിസ്റ്റർ ചെയ്യപ്പെടുന്ന വല്ല പരസ്പരസഹായസംഘമാകട്ടെ വല്ല സംഘത്തിനുവേണ്ടിയാകട്ടെ അപ്രകാരമുള്ള ഒരു സംഘത്തിലെ ഉദ്യോഗസ്ഥനാലോ മെംബറാലോ ആകട്ടെ എഴുതികൊടുക്കപ്പെടുന്നതും അതിന്റെ പ്രവൃത്തിയെ സംബന്ധിക്കുന്നതും ആയ കരണങ്ങളെ സംബന്ധിച്ചു അതതുകാലം നടപ്പിൽ ഇരിക്കുന്ന രജിസ്ട്രേഷൻ നിയമപ്രകാരം കൊടുക്കേണ്ട എല്ലാ ഫീസും ആ ആക്റ്റിലെ ൨൭-ാംവകുപ്പു (ബി) ഖണ്ഡത്താൽ നൽകപ്പെട്ട അധികാരങ്ങൾ അനുസരിച്ചു ഗവൺമെൻറു വിട്ടുകൊടുത്തിരിക്കുന്നു.

പരസ്യം. [നമ്പർ ൩൭൪ | എൽ. ആർ.]

കല്പനപ്രകാരം ഇതിനാൽ പരസ്യംചെയ്യുന്നതെന്തെന്നാൽ:— ൧൦൮൩-ാമാണ്ടത്തെ ൧൦-ാം ആക്റ്റായ പരസ്പരസഹായസംഘആക്റ്റു അനുസരിച്ചു അതതു സമയം രജിസ്റ്റർ ചെയ്യപ്പെടുന്ന വല്ല പരസ്പരസഹായസംഘമാകട്ടെ വല്ല സംഘത്തിനുവേണ്ടിയാകട്ടെ അപ്രകാരമുള്ള ഒരു സംഘത്തിലെ വല്ല ഉദ്യോഗസ്ഥനാലോ മെംബറാലോ എഴുതിക്കൊടുക്കുന്നതും ആ സംഘത്തിലെ പ്രവൃത്തിയെ സംബന്ധിക്കുന്നതും ആയ കരണങ്ങൾക്കൊക്കെ അതതുകാലം നടപ്പിൽ ഇരിക്കുന്ന വല്ല നിയമവും പ്രകാരം ചുമത്താവുന്ന മുദ്രവിലയെ ആ ആക്റ്റിലെ ൨൭-ാംവകുപ്പു (എ) ഖണ്ഡത്താൽ സിദ്ധിച്ച അധികാരങ്ങൾ അനുസരിച്ചു ഗവൺമെൻറു വിട്ടുകൊടുത്തിരിക്കുന്നു.

പരസ്യം. [നമ്പർ. ൩൭൫ | എൽ. ആർ. ൧൯൯ ആഫ ൧൯൧൧.]

കല്പനപ്രകാരം ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ ൧൦൮൩-ാമാണ്ടത്തെ ൧൦-ാംആക്റ്റ് അനുസരിച്ചു രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്ന ഒരു പരസ്പരസഹായസംഘത്തിന്റെ സെക്രട്ടറിയോ അല്ലെ

ക്കുന്നോ സംഘത്തിന്റെ ജോലി സംബന്ധമായി അതിലെ വല്ല മെംബരും ജാമ്യമായി കൊടുക്കുന്ന സ്ഥാവരവസ്തുവിനെപ്പററിയുള്ള വല്ല പ്രമാണവും സംബന്ധിച്ചുകൊടുക്കുന്ന അപേക്ഷകളിന്മേൽ രജിസ്റ്റർ കച്ചേരികളിൽ രജിസ്റ്റരുകൾ തെരഞ്ഞെടുക്കുന്നു വകയ്ക്കു ൧൦൮൬-ാമാണ്ടത്തെ ൨-ാംആക്ട് ൬൨-ാംവകുപ്പിലെ ഫീസു പട്ടികപ്രകാരം ചുമത്തേണ്ടതായ ഫീസിനെ ഗവണ്മെൻറു ൧൦൮൯-ാമാണ്ടത്തെ ൧൦-ാംആക്ട് ൨൮-ാംവകുപ്പിലെ (ബി) ഖണ്ഡപ്രകാരം സിദ്ധിച്ച അധികാരപ്രകാരം മാപ്പുചെയ്തിരിക്കുന്നു.

സക്ക്യലർ ൧൮൯.

പരസ്പരസഹായസംഘങ്ങൾക്കും മററും സൌജന്യമായി കൊടുക്കുന്ന സക്കാർ ഗസററു ഷീററുകൾ ആഴ്ചതോറും അയച്ചുകൊണ്ടിരുന്നതു മേലാൽ വ്യയന്യൂനീകരണാർത്ഥം മാസത്തിൽ ഒരു തവണ വീതമേ അയയ്ക്കയുള്ളു എന്ന് ആർ. ഡിസ്സ്. ൨൫/൮൭ നം. ഡവലപ്പ്മെൻറു നമ്പരായി ഗവണ്മെൻറിൽനിന്നും ഉത്തരവായിരിക്കുന്നതിനാൽ വിവരം എല്ലാ പരസ്പരസഹായസംഘങ്ങളേയും അറിയിച്ചിരിക്കുന്നു.

സക്ക്യലർ ൧൯൨.

പരസ്പരസഹായസംഘങ്ങൾക്കു സൌജന്യമായി ആഴ്ചതോറും കൊടുത്തുവന്ന സക്കാർ ഗസററ് ഷീററുകൾ മേലാൽ വ്യയന്യൂനീകരണാർത്ഥം മാസത്തിൽ ഒരു തവണവീതമേ അയയ്ക്കയുള്ളു എന്നുണ്ടായ ഉത്തരവിനെ [സക്ക്യലർ ൧൮൯ നോക്കുക] വീണ്ടും ആലോചിച്ചു പഴയതുപോലെ ആഴ്ചതോറും കൊടുക്കുവാൻ നം-൧-൧൯നം-ൽ ഡി. ഡിസ്സ്. ൧൫൮/നം. ഡെവലപ്പ്മെൻറു നമ്പരായി ഗവണ്മെൻറു ഉത്തരവുണ്ടായിരിക്കുന്നു. വിവരം എല്ലാ പരസ്പരസഹായസംഘങ്ങളെയും ഇതിനാൽ അറിയിച്ചിരിക്കുന്നു.

സക്ക്യലർ ൧൯൦.

ഗവണ്മെൻറിൽനിന്നും പരസ്പരസഹായസംഘങ്ങളെ ചട്ടപ്രകാരം വില്പനസർട്ടിഫിക്കററുകൾക്കു ചുമത്തിയിട്ടുള്ള ഫീസിൽനിന്നും ഒഴിവാക്കിതന്നിട്ടുള്ള സൌജന്യത്തെ സംഘങ്ങൾ ദുരുപയോഗപ്പെടുത്തിവരുന്നതായി അറിയുന്നു. പല മെമ്പറന്മാർക്കും വില്പനസർട്ടിഫിക്കററുകൾ വേണ്ടിവരുമ്പോൾ ശരിയായ ആവശ്യമില്ലെങ്കിലും വായ്പ അപേക്ഷകൾ സംഘങ്ങളിൽ കൊടുത്തു സംഘംമുഖാന്തിരം സർട്ടിഫിക്കററുകൾ എടുത്തുവരുന്നുണ്ടെന്നും മെമ്പറന്മാർ തങ്ങളുടെ വസ്തുക്കൾ വായ്പയ്ക്കു ജാമ്യമായികൊടുക്കുന്നു എന്ന വ്യാജേന മെമ്പറന്മാരല്ലാത്ത

വരും സർട്ടിഫിക്കറ്റുകൾ ഇപ്രകാരം സമ്പാദിക്കുന്ന ഏതാനും പരാതികൾ ഉണ്ടായിരിക്കുന്നു. ഈ സൌജന്യം ദുരുപയോഗപ്പെടുത്തി യാൽ ഗവർമ്മെന്റു നൽകിയിട്ടുള്ള സൌജന്യം പിൻവലിക്കേണ്ടിവരുന്ന താണ്. സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയേയും നന്മയേയും ഉദ്ദേ ശിച്ചനുവദിക്കപ്പെട്ടിട്ടുള്ള സൌജന്യങ്ങൾ ദുരുപയോഗപ്പെടുത്തുന്നത് നിമി ത്തം ആ പ്രസ്ഥാനത്തിന് ദുഷ്പേരുണ്ടാകാനിടയാകുമെന്നുള്ള വസ്തുത സംഘഭാരവാഹികൾ ഓർമ്മിക്കേണ്ടതാണ്. ആയതിനാൽ മേലാൽ സംഘങ്ങ ളിലെ മെമ്പറന്മാരുടെ ആവശ്യാർത്ഥം വില്ലേജ്സർട്ടിഫിക്കറ്റിനു അപേ ക്ഷിക്കുന്നതിനുമുമ്പെ വായ്പയുടെ ഉത്തമവിശ്വാസത്തെപ്പറ്റി ശരി യായി നിഷ്കർഷിക്കുകയും ഇപ്രകാരം ദുരുപയോഗപ്പെടുത്തുന്നതിനു അവ സരം കൊടുക്കാതിരിക്കയും വേണ്ടതാണ്. യാതൊരു കാരണവശാലും സംഘം എടുത്തിട്ടുള്ള വില്ലേജ്സർട്ടിഫിക്കറ്റ് കക്ഷികൾക്കു കൊടുക്കാൻ പാടുള്ളതല്ലാ.

സർക്കുലർ ൨൧൧.

സ്റ്റാമ്പ്, രജിസ്ട്രേഷൻ ഈ നിയമങ്ങളനുസരിച്ചു അടയ്ക്കേണ്ട തായഫീസ് പരസ്പരസഹായസംഘങ്ങളിലേയ്ക്കോ പരസ്പരസഹായസംഘ ങ്ങൾക്കുവേണ്ടിയോ എഴുതിക്കൊടുക്കപ്പെടുന്ന പ്രമാണങ്ങളെ സംബന്ധി ച്ചിടത്തോളം ഗവർമ്മെന്റിൽനിന്നും ഒഴിവാക്കീട്ടില്ലല്ലോ. അപ്രകാരം എഴുതിക്കൊടുക്കപ്പെടുന്ന പ്രമാണങ്ങളിൽ സംഘത്തിലെ മെമ്പറന്മാര ല്ലാത്തവർ കൂടി കക്ഷികളായിരുന്നാലും ടി സൌജന്യം അനുവദിച്ചു കൊടുക്കാമെന്നു ഈ ആഫീസിലെ ൧൧൨-ാം നമ്പർ സർക്കുലറിലും പ്രസ്താവിച്ചിട്ടുള്ളതുമാണ്. എന്നാൽ, ഇപ്രകാരം മെമ്പറന്മാരല്ലാത്ത വർ കൂടി ഉൾപ്പെട്ട് സംഘത്തിനുവേണ്ടിയോ സംഘങ്ങളിലേക്കു എഴുതിക്കൊടുക്കുന്ന പ്രമാണങ്ങൾക്കു രജിസ്ട്രേഷൻഫീസ്, മുദ്രവില ഇവ ഈടാക്കപ്പെടണമെന്നു ൧൧൨൪ മകരം ൨൯ ൧൯൪൯ ഫെബ്രുവരി ൧൧-ം തീയതികളിലെ ഡി. ഡിസ്. ൫൯൬ ... നമ്പർ ഗവർമ്മെന്റുത്തരവിൻപ്രകാരം ആജ്ഞാപിച്ചിരിക്കുന്നവിവരം എല്ലാ സംഘങ്ങളേയും തെര്യപ്പെടുത്തിയിരിക്കുന്നു.

സർക്കുലർ ൨൩൬.

വില്ലേജ്യൂണിയനും പഞ്ചായത്തും ആക്ടുകളനുസരിച്ചുള്ള അവ യുടെ കൃത്യങ്ങൾ നിർവഹിക്കുന്നതിനായി ഈടാക്കിവരുന്ന തൊഴിൽ നികു തിയിൽനിന്നും സഹകരണസംഘങ്ങളെ ഒഴിവാക്കാൻ നിവൃത്തിയില്ലെന്നു

ഗവൺമെന്റിൽനിന്നും ൧൧൪൧ മാർച്ച് ൩-ാം- ഡി. ഡിസ്. ൭൭൭/ ൪൧-ാംനമ്പരായി ഉത്തരവുണ്ടായിരിക്കുന്ന വിവരം എല്ലാ സഹകരണ സംഘങ്ങളെയും ഇതിനാൽ അറിയിച്ചിരിക്കുന്നു.

ഇതനുസരിച്ചു വില്ലേജ് യൂണിയനും പഞ്ചായത്തും നടപ്പിലിരിക്കുന്ന സ്ഥലങ്ങളിലെ സഹകരണസംഘങ്ങളും ബാങ്കുകളും മുറപ്രകാരം തൊഴിൽ നികുതി കൊടുക്കേണ്ടതാണു.

൧൩. സർക്കാരിൽ നിന്നുള്ള ധനസഹായം.

വകുപ്പ് ൩൪.

രജിസ്റ്റർചെയ്യപ്പെട്ട സംഘങ്ങൾക്കു ഗവൺമെന്റു ധനസഹായം.

മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും നമ്മുടെ ഗവൺമെന്റു ഇതിലേക്കായി നിർണ്ണയിക്കാവുന്ന ചട്ടങ്ങൾക്കധീനപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും സംഘത്തിനു കടംകൊടുക്കയോ അതിലെ ഓഹരികൾ എടുക്കുകയോ, മറ്റേതെങ്കിലും രൂപത്തിൽ അതിനു ധനസഹായം ചെയ്കയോ ചെയ്യാവുന്നതാണ്.

വിവരണം:—സംഘം ഗവൺമെന്റിനെ ഒരംഗമായി പ്രവേശിപ്പിക്കാതെ ഏതെങ്കിലും സംഘത്തിലെ ഒരംഗമായിത്തീരാൻ നമ്മുടെ ഗവൺമെന്റിനെ അർഹതയുള്ളതാക്കിത്തീർക്കുന്നതായി ഈ വകുപ്പിലുള്ള യാതൊന്നും വ്യാഖ്യാനിക്കപ്പെടാവുന്നതല്ല.

ചട്ടം. ൧൩.

സ്റ്റേറ്റുഫണ്ടുകളിൽനിന്നുള്ള വായ്പകൾ.

(൧) ഗവൺമെന്റ് അതിലേക്കായി നീക്കിവച്ചിട്ടുള്ള ഫണ്ടുകളിൽ നിന്ന് ൨൦൦ രൂപായിൽ കൂടുതലല്ലാത്ത വായ്പകൾ ഏതെങ്കിലും സംഗതിയിൽ ഏതെങ്കിലും സഹകരണസംഘത്തിനു നൽകാവുന്നതാണ്.

(൨) ഏതെങ്കിലും സംഘത്തിനു മുൻകൂറായി കൊടുത്തിട്ടുള്ള തുക വായ്പകൊടുത്ത അവസരത്തിൽ സംഘത്തിന്റെ അടച്ചു തീർത്തിട്ടുള്ള ഓഹരി മൂലധനത്തിന്റെ അഞ്ചിരട്ടിയേയും അതിനുശേഷം രണ്ടു വർഷം കഴിഞ്ഞു അടച്ചു തീർത്തിട്ടുള്ള ഓഹരി മൂലധനത്തിന്റെ ഇരട്ടിയേയും കവിയാൻ പാടുള്ളതല്ല.

എന്നാൽ അവശസമുദായങ്ങൾക്കായുള്ള സംഘങ്ങളുടെ കാൎയ്യത്തിൽ സംഘത്തിനു മുൻകൂറായി കൊടുത്തിട്ടുള്ള തുക വായ്പ കൊടുത്ത അവസരത്തിൽ അടച്ചുതീൎത്തിട്ടുള്ള ഓഹരി മൂലധനത്തിന്റെ പത്തിരട്ടിയും ൫൦൦൦ രൂപയും തമ്മിൽ ഏതാണോ കൂടുതൽ ആ തുകയെ കവിയാൻ പാടുള്ളതല്ല.

(൩) ഒരു സംഘത്തിനു മുൻകൂറായി കൊടുത്തിട്ടുള്ള തുകകൾക്കു ആദ്യത്തെ രണ്ടു കൊല്ലങ്ങളിൽ പലിശയുണ്ടായിരിക്കുന്നതല്ലാത്തതും അതിനുശേഷം താഴെയുള്ള ൫൪-ാം ഉപചട്ടത്തിനുൾപ്പെട്ട പ്രതിവർഷം ആറുശതമാനം പലിശയുണ്ടായിരിക്കുന്നതുമാകുന്നു.

(൪) മുൻകൂറായി കൊടുത്തിട്ടുള്ള തുകകൾ അങ്ങനെ കൊടുത്തതിനുശേഷം രണ്ടു വർഷം കഴിഞ്ഞു ആരംഭിക്കുന്ന മൂന്നു വാർഷിക തവണകളിലധികമാകാതെയുള്ള തവണകളിലായി തിരിയെ അടയ്ക്കേണ്ടതാകുന്നു.

എന്നാൽ രജിസ്ട്രാർ അദ്ദേഹത്തിന്റെ യുക്തംപോലെ ഓരോ സംഗതിയുടേയും പരിതഃസ്ഥിതികൾക്കനുസരണമായി തിരിയെ അടയ്ക്കുന്നതിലേയ്ക്കു കുറഞ്ഞ ഒരു കാലം നിൎണ്ണയിക്കാവുന്നതാണ്.

(൫) മുൻകൂർ കടം ആവശ്യപ്പെടുന്ന ഒരു സംഘം ഈ ചട്ടങ്ങളോടു് അനുബന്ധിക്കപ്പെട്ടിരിക്കുന്ന ബി പട്ടികയിൽ അടങ്ങിയിട്ടുള്ള ഫാറത്തിൽ ഒരപേക്ഷ രജിസ്ട്രാർക്കു സമൎപ്പിക്കേണ്ടതാകുന്നു.

(൬) അപേക്ഷയിൽ കാണിച്ചിട്ടുള്ള സ്റ്റേറ്റുമെന്റിന്റെ യാഥാൎത്ഥ്യത്തെപ്പറ്റി സ്വയം ബോദ്ധ്യപ്പെട്ടതിനുശേഷം ഗവണ്മെന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ഏതെങ്കിലും ട്രഷറിയിലോ സബ്ട്രഷറിയിലോ നിന്നു പണം മുൻകൂറായി കൊടുക്കാൻ രജിസ്ട്രാർ അനുവദിക്കാവുന്നതും ഏതു തവണകളിലായി പണം തിരിയെ അടയ്ക്കണമെന്നും പണം തിരിയെ അടയ്ക്കാനുള്ള ഓരോ തവണയുടേയും തീയതിയും നിൎണ്ണയിക്കാവുന്നതുമാകുന്നു.

(൭) രജിസ്ട്രാർ ഒരു മുൻകൂർ കടം, (Advance) അനുവദിക്കുന്ന പക്ഷം അദ്ദേഹത്തിന്റെ ആ അനുവാദത്തെ ഈ ചട്ടങ്ങളോടനുബന്ധിച്ചിരിക്കുന്ന സി പട്ടികയിൽ അടങ്ങിയിട്ടുള്ള ഫാറത്തിൽ ഒരു ഉത്തരവു മൂലം അറിയിക്കേണ്ടതാണ്.

(൮) രജിസ്ട്രാർ അസൽ ഉത്തരവു സംഘത്തിനും ഇരട്ടിപ്പുപ്രതി വിവരം അറിയിക്കാനായി അക്കൌണ്ടന്റു ജനറലിനും അയക്കേണ്ടതാകുന്നു.

(൯) അപ്രകാരം അനുവദിച്ചിട്ടുള്ള ഏതെങ്കിലും മുൻകൂർകടം, സംഘത്തിനുവേണ്ടി മുൻകൂർകടം വാങ്ങുവാൻ അധികാരപ്പെട്ടതിനിട്ടുള്ള ആളുകൾ രജിസ്ട്രാരുടെ [illegible] പറഞ്ഞിട്ടുള്ള ഫാറിയിൽ ഫാറത്തിലുള്ള [illegible] സംബന്ധിക്കപ്പെട്ടിരിക്കുന്ന വിധി പട്ടികയിൽ അടങ്ങിയിരിക്കുന്ന [illegible] രൂപത്തിലായി ഒരു ഉടമ്പടി എഴുതിപ്പിടിക്കയും [illegible] കൊടുക്കേണ്ടതാകുന്നു.

(൧൦) [illegible] മുൻകൂർകടം കൊടുത്തിരിക്കുമ്പോൾ അസൽ ഉടമ്പടി രേഖായി സൂക്ഷിക്കേണ്ടതിന്നു [illegible] ഫാറിയിലേയ്ക്ക പകർപ്പു രജിസ്ട്രാർക്കു [illegible].

(൧൧) തക്കതായ കാരണം കാണിച്ചിരിക്കുകയും കൊടുക്കാനുള്ള മുഴുവൻ പലിശയും കൊടുത്തിട്ടുണ്ടായിരിക്കയും ചെയ്യുന്നപക്ഷം ഏതെങ്കിലും തവണ അടയ്ക്കുന്നതിനെ രജിസ്ട്രാർ നിറുത്തി വയ്ക്കാവുന്നതാകുന്നു.

(൧൨) രജിസ്ട്രാർ തവണ നിറുത്തിവയ്ക്കുന്ന ഉത്തരവു പുറപ്പെടുവിക്കുമ്പോൾ അദ്ദേഹം അതിന്റെ ഒരു പകർപ്പു ഉടനടി അക്കൌണ്ടന്റു ജനറലിനു അയയ്ക്കേണ്ടതാകുന്നു.

(൧൩) തവണ നീറുത്തിവക്കുന്ന ഉത്തരവു, ഏതെങ്കിലും തവണ സംബന്ധിച്ചായിരിക്കുമ്പോൾ ആ തവണയിലും പിന്നീടുള്ള എല്ലാ തവണയിലും അടയ്ക്കാനുള്ളതിനെ ഒരു തവണക്കാലത്തേക്കു നീട്ടേണ്ടതാണ്.

(൧൪) ഏതെങ്കിലും സംഘം അടയ്ക്കാനുള്ള ഏതെങ്കിലും തവണയിലെ പണം അടയ്ക്കാനുള്ള തീയതിയിൽ മുഴുവനും അടച്ചിട്ടില്ലാതിരിക്കുമ്പോൾ രജിസ്ട്രാർ ഒരു പ്രത്യേക ഉത്തരവുമൂലം സംഘത്തെ അപ്രകാരമുള്ള ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കാത്തപക്ഷം പണം തിരിയെ അടയ്ക്കുന്നതുവരെ അടയ്ക്കാനുള്ള തുകക്ക് നൂറേക്ക് [illegible] ശതമാന പ്രകാരമുള്ള പലിശ ഈടാക്കേണ്ടതാകുന്നു. ആ ഉത്തരവുകൾ ഗവണ്മെന്റു അംഗീകരിക്കുന്നതിലേയ്ക്ക് അവയെപ്പററി ഔപചാരികമായി റിപ്പോർട്ടു ചെയ്യേണ്ടതാകുന്നു.

(൧൫) പണം തവണകളിലായി തിരിയെ അടക്കുന്നതു കൈപ്പററാനുള്ള ഖജാനാ ഉദ്യോഗസ്ഥൻ ഏതെങ്കിലും തവണയിലെ പണം അടക്കാതിരുന്നതിനെപ്പററി ഉടനടി രജിസ്ട്രാരെ അറിയിക്കേണ്ടതാകുന്നു.

(എഫ്) സംഘത്തിനു വായ്പ കൊടുത്തതിനുശേഷം രണ്ടു വർഷം കഴിഞ്ഞിട്ടും വായ്പത്തുകയുടെ പകുതിയോളം വരുന്ന തുക അടച്ചു തീർത്തിട്ടുള്ള മൂലധനമായി ഉണ്ടാക്കിയിട്ടില്ലാത്തപക്ഷം സംഘത്തിലെ അടച്ചുതീർത്തിട്ടുള്ള മൂലധനത്തിന്റെ ഇരട്ടിയിൽ കവിഞ്ഞുള്ള വായ്പത്തുക, അതിനുശേഷം ഉടൻതന്നെ, മററു സ്ഥിതിഗതികളെ പരിഗണിക്കാതെ ഗവണ്മെന്റിൽ തിരിയെ അടയ്ക്കേണ്ടതാകുന്നു.

ബി. പട്ടിക.

ഗവണ്മെന്റിൽനിന്നും ഒരു അഡ്വാൻസ് കിട്ടുന്നതിനുള്ള അപേക്ഷയുടെ ഫാറം.

.... സഹകരണസംഘം ക്ലിപ്തത്തിലെ കമ്മററി*യായ ഇതിലേയ്ക്കു മുറപ്രകാരം അധികാരപ്പെടുത്തപ്പെട്ടവരായ താഴെ ഒപ്പിട്ടിട്ടുള്ള ഞങ്ങൾ ഗവണ്മെന്റിൽ നിന്നു (അക്ഷരത്തിൽ) രൂപാ.........അഡ്വാൻസു.........ഷേറിയിൽ നിന്നു കിട്ടുന്നതിനു അപേക്ഷിക്കുന്നു.

൧. ഓഹരികളായോ നിക്ഷേപങ്ങളായോ അംഗങ്ങളിൽനിന്നു കിട്ടിയിട്ടുള്ള മൂലധനത്തുക രൂപാ ....(അക്ഷരത്തിൽ)........ ആകുന്നു.

൨. അഡ്വാൻസു .... ഷേറിയിൽ.......... വാർഷിക തവണകളിലായി തിരിയെ അടയ്ക്കാവുന്നതായിരിക്കണമെന്നും ഓരോ കൊല്ലം പണം അടക്കേണ്ട തീയതി.......... ആയിരിക്കണമെന്നും ഞങ്ങൾ അപേക്ഷിക്കുന്നു.

൩. സംഘത്തിന്റെ ഋണബാദ്ധ്യതയുടെ വിവരങ്ങൾ താഴെ പറയുംപ്രകാരമാണ്.

(എ) നിക്ഷേപങ്ങൾ വകയിൽ അംഗങ്ങൾക്കു കൊടുക്കേണ്ടതു ......രൂപാ

(ബി) മററു സ്ഥലങ്ങളിൽനിന്നും കടം വാങ്ങിയ തുകയും കടം വാങ്ങിയ ഓരോ തുകയ്ക്കും കൊടുക്കേണ്ട പലിശയും താഴെ പറയുംപ്രകാരമാണ്.

---

*സംഘത്തിനു വേണ്ടി പണം കടം വാങ്ങിക്കുന്നതിനു സംഘത്തിന്റെ ഉപനിയമങ്ങൾ കമ്മിററിയെ അധികാരപ്പെടുത്തുന്നില്ലെങ്കിൽ ഈ വാചകം വിട്ടുകളയേണ്ടതാണ്.

ഷെയർ വാങ്ങിയ തുക	ആരുടെ പക്കൽനിന്ന്	പലിശയുടെ നിരക്ക്	തിരിച്ചുകൊടുക്കുന്നതിനുള്ള വ്യവസ്ഥ

ഈ. ഗവണ്മെൻറിൽനിന്ന് ഒരു അഡ്വാൻസ് എടുക്കുന്നതിന് അധികാരപ്പെടുത്തിക്കൊണ്ടും, സെക്രട്ടറിയുമൊന്നിച്ചു തുക കൈപ്പററി അതു തിരിച്ചു കൊടുക്കുന്നതിലേക്കു ഗവണ്മെൻറുമായി ഒരു ഉടമ്പടി ചെയ്യുന്ന കമ്മററിയിലെ അംഗങ്ങളെ നിർദ്ദേശിച്ചുകൊണ്ടും ഉള്ള കമ്മററിയുടെ / സംഘത്തിന്റെ പ്രമേയത്തിന്റെ ഒരു പകർപ്പ് ഞങ്ങൾ ഇതോടു ചേർത്തു കൊള്ളുന്നു.

തീയതി

സെക്രട്ടറിയുടെ ഒപ്പ്

3 അംഗങ്ങളുടെ ഒപ്പ് 1
2
3

തിരുവിതാംകൂർ

സഹകരണസംഘം രജിസ്ട്രാർക്കു

സി. പട്ടിക.

ഗവണ്മെൻറിൽനിന്ന് അഡ്വാൻസ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്.

രജിസ്ട്രാരുടെ നമ്പർ.

1. താഴെപ്പറയുന്ന സംഘത്തിന്........... ...ഷെയറിയിൽ നിന്നു......... രൂപാ (അക്ഷരത്തിൽ) കൊടുക്കുന്നതു സംബന്ധിച്ചു താഴെ പറയുന്ന വ്യവസ്ഥകൾക്കുൾപ്പെട്ട അഡ്വാൻസായി നൽകുന്നതിനു അനുവദിച്ചിരിക്കുന്നു.

സംഘത്തിന്റെ പേര്

രജിസ്റ്റർ ചെയ്ത മേൽവിലാസം

തിരിയെ അടയ്ക്കുന്നതിനുള്ള വാർഷിക തവണകളുടെ എണ്ണം

ഓരോ തവണയും ഈടാക്കേണ്ട തീയതി.

2. സംഘം രജിസ്റ്റർചെയ്യപ്പെട്ട തീയതി............ആകുന്നു. ഷെയറിയിൽനിന്നു വായ്പ എടുക്കുന്ന തീയതിമുതൽ രണ്ടു സംവത്സരത്തേക്ക് അഡ്വാൻസിനു പലിശയില്ലാത്തതാകുന്നു.

3. 111 മാണ്ട് അപ്രകാരമുള്ള അഡ്വാൻസുകൾക്ക ബഡ്ജററ് തുക ....രൂപയാകുന്നു. തന്നാണ്ടിൽ നാളതുവരെ അനുവദിച്ചിട്ടുള്ള അഡ്വാൻസുകളുടെ മൊത്തം തുക .... രൂപയാകുന്നു.

4. അഡ്വാൻസു തിരിയെ അടക്കുന്നതിന ഉടമ്പടി ചെയ്യാൻ സംഘം അധികാരപ്പെടുത്തിയിട്ടുള്ളതായ അംഗീകരിക്കപ്പെട്ട ആളുകൾ സെക്രട്ടറിയും താഴെപ്പറഞ്ഞിരിക്കുന്ന കമ്മററിയിലെ ഏതെങ്കിലും മൂന്ന അംഗങ്ങളും ആകുന്നു.

സെക്രട്ടറിയുടെ പേര്—

അംഗങ്ങളുടെ പേരുകൾ 1

2

3

4

സഹകരണസംഘം രജിസ്ട്രാർ (ഒപ്പ്)

ഡി. പട്ടിക.

ഗവണ്മെന്റിൽനിന്ന ഒരു അഡ്വാൻസുവാങ്ങുന്ന ഒരു സഹകരണസംഘത്തിനവേണ്ടി എഴുതിപ്പിടിപ്പിക്കേണ്ട ഉടമ്പടി.

സംഘത്തിന്റെ ഉപചട്ടങ്ങൾ അനുസരിച്ച് ....സഹകരണസംഘം...........ന്റെ കമ്മററി*യിലേക്ക മുറപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ളവരായ താഴെ ഒപ്പിട്ടിരിക്കുന്ന ഞങ്ങൾ ആ സംഘത്തിലേക്ക ഒരു അഡ്വാൻസായി ഗവണ്മെന്റിൽനിന്ന...... രൂപാ കൈപ്പററിയതായി സമ്മതിക്കുന്നു. സംഘത്തിന വേണ്ടി പ്രസ്തുത അഡ്വാൻസു പലിശ സഹിതം തഴെപ്പറയുന്ന തവണകളിൽ ഓരോ തവണയും അതിനെതിരായി കാണിച്ചിരിക്കുന്ന തീയതികളിൽ അടച്ചു തീർത്ത കൊടുത്തുകൊള്ളാമെന്ന ഞങ്ങൾ ഏല്ക്കുന്നു.

മുതൽ	പലിശ	മൊത്തം	തീയതി
1			
2			
3			
4			

* സംഘത്തിനവേണ്ടി പണം കടം വാങ്ങുന്നതിന സംഘത്തിന്റെ ഉപചട്ടങ്ങളാൽ ആ റിതിയെ അധികാരപ്പെടുത്തുന്നില്ലങ്കിൽ ഈ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

2. ഒടുക്കേണ്ടും തീയതിയിൽ ഒടുക്കിയിട്ടില്ലാത്ത ഏതെങ്കിലു തവണയെങ്കിലും ഒരു തവണയുടെ ഭാഗത്തിനോ ആണ്ടൊന്നുക്കു ൬ ശതമാനം വച്ചുള്ളതും ഒടുക്കേണ്ടും തീയതിയിൽനിന്നു അടയ്ക്കുന്ന തീയതി വരെ കണക്കാക്കുന്നതുമായ പലിശ ഒടുക്കിക്കൊള്ളാമെന്നും ഞങ്ങൾ വീണ്ടും സമ്മതിക്കുന്നു.

3. ബി പട്ടികയിലുള്ള അപേക്ഷ രജിസ്ട്രാർക്ക് അയച്ചശേഷം അംഗങ്ങൾക്കോ അംഗങ്ങളല്ലാത്തവർക്കോ ഉള്ള സംഘത്തിന്റെ ഋണ ബാദ്ധ്യത അപേക്ഷയിൽ നിർദ്ദേശിച്ചിട്ടുള്ള കടങ്ങളിൽ പലിശ ഉണ്ടായി വന്നിട്ടില്ലാതെ വർദ്ധിച്ചിട്ടില്ലെന്നു ഞങ്ങൾ പ്രതിജ്ഞചെയ്യുന്നു.

തീയതി

ഒപ്പ്
1
2
3
4

സാക്ഷികളുടെ ഒപ്പ്
1
2

ചട്ടം. ൪൪

സംഘങ്ങളിൽനിന്നു ചെല്ലേണ്ട തുകകൾ ഈടാക്കുന്നതിനുള്ള നടപടികൾ

44. ൩൯-ാം ചട്ടത്തിലെ ൩൧-ാമത്തെയോ ൩൩-ാമത്തെയോ ഉപചട്ടമനുസരിച്ചു കിട്ടേണ്ടതായ പണം അടയ്ക്കുന്നതിനു വീഴ്ചവരുത്തുമ്പോൾ വായ്പ ഇടപാടുകൾപ്രകാരം വീഴ്ചക്കാരിൽനിന്നും കിട്ടേണ്ടതായ തുകയേയും പലിശയേയും സംബന്ധിച്ചു രജിസ്ട്രാർ ഒരു സ്റ്റേറ്റുമെന്റു തയ്യാറാക്കി ആയതു സംഘത്തിന്റെ രജിസ്റ്റർ ചെയ്ത ആഫീസ് സ്ഥിതിചെയ്യുന്നതോ അതിനു വസ്തു ഉള്ളതോ ആയ സ്ഥലത്തു അധികാരമുള്ള ഡിവിഷൻപേഷ്കാർക്കു അയക്കേണ്ടതാകുന്നു. അപ്രകാരമുള്ള സംഘംവക വസ്തുക്കളുടെ ഒരു ലിസ്റ്റും രജിസ്ട്രാർ അയക്കേണ്ടതാകുന്നു. ഡിവിഷൻപേഷ്കാർ കരംപിരിവു പ്രകാരമുള്ള വേണ്ട നടപടികൾ നടത്തി കിട്ടേണ്ടതായ എല്ലാ തുകകളും അതുസംബന്ധിച്ചു നേരിട്ട എല്ലാ ചെലവുകളും ഈടാക്കേണ്ടതാകുന്നു

വകുപ്പ് ൩൩.

ഗവണ്മെന്റിലേക്കു കിട്ടേണ്ട സംഖ്യ വസൂൽ ചെയ്യുക.

രജിസ്റ്റരാക്കിയ ഒരു സംഘത്തിൽ നിന്നാകട്ടെ, രജിസ്റ്റരാക്കിയ ഒരു സംഘത്തിലെ ഒരു ഉദ്യോഗസ്ഥന്റെയോ അംഗത്തിന്റെയോ മുമ്പ് അംഗമായിരുന്ന ആളിന്റെയോ മരിച്ചു അംഗത്തിന്റെയോ നിലയിൽ അയാളിൽ നിന്നാകട്ടെ, ഈ റഗുലേഷൻ പ്രകാരം ഏതെങ്കിലും നടപടിയിൽ ഗവണ്മെന്റിലേക്കു കൊടുക്കാൻ കല്പിച്ച വല്ല ചെലവുകളും ഉൾപ്പെടെ ഗവണ്മെന്റിലേക്ക് കിട്ടേണ്ട എല്ലാ സംഖ്യകളും കരക്കുടിശിഖ വസൂൽ ചെയ്യുന്ന വിധം ഈടാക്കാവുന്നതാകുന്നു.

സർക്കുലർ ൧.

അടുത്ത കാലത്തുണ്ടായ വെള്ളപ്പൊക്കത്താൽ ഫർ താലൂക്കിലുള്ള ജനങ്ങൾക്കു കഷ്ടനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. അവരെ സഹായിക്കുവാനായി ഗവണ്മെന്റിൽ നിന്നും എന്തെല്ലാം നടപടികളാണു നടത്തിയിട്ടുള്ളതെന്നും നടത്താൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്സ് കമ്മ്യൂണിക്കുകളിൽ നിന്നും അവർ അറിഞ്ഞിരിക്കണം. പ്രസ്തുത ദേശനിവാസികളുടെ ശ്രദ്ധ പതിയേണ്ട പ്രധാന വിഷയങ്ങൾ താഴെ കാണുന്നവയാണ്.

(ക) കൃഷിക്ക് ആവശ്യങ്ങളായ കന്നുകാലികൾ, ആയുധങ്ങൾ, വിത്തുകൾ മുതലായവ ശേഖരിക്കുക.

(ഖ) വീടുകൾ, കെട്ടിടങ്ങൾ മുതലായവ നന്നാക്കുകയും പുതുതായി പണിയിക്കുകയും ചെയ്യുക.

(ഗ) നശിച്ചുപോയ നിലങ്ങൾ കൃഷിചെയ്‌വാൻ ഉപയോഗയോഗ്യമാക്കിത്തീർക്കുക.

(ഘ) സ്വന്തം വേലയില്ലാത്തപ്പോൾ, കൂലിവേലക്കാർക്കു ജോലിയുണ്ടാക്കിക്കൊടുക്കുക

(ങ) അധികമായ വില കൊടുക്കാതെ ഭക്ഷണസാധനങ്ങൾ, വസ്ത്രങ്ങൾ മുതലായവ സമ്പാദിക്കുക.

ഈ അവസ്ഥകളിൽ നിന്നുള്ള ഉദ്ധാരണമാർഗ്ഗങ്ങളെപ്പററി പ്രതിപാദിക്കാനും പ്രതിവിധി കണ്ടുപിടിക്കുവാനും അനേകം സംഘങ്ങൾ, സ്വന്തമായും കൂട്ടുചേർന്നും പ്രയത്നിച്ചുതുടങ്ങിക്കഴിഞ്ഞിരിക്കുന്നു എന്നു

കാണുന്നതു് നല്ല ലക്ഷണമാണു്. മുൻപറഞ്ഞ പ്രധാന വൈഷമ്യങ്ങളിൽ തങ്ങളെ സഹായിക്കുവാൻ പററിയ സ്ഥാപനങ്ങളാണു് പരസ്പരസഹായസംഘങ്ങളെന്നു് എല്ലാ പരസ്പരസഹായികളും മനസ്സിലാക്കിയിരിക്കുമല്ലോ.

മുൻ പ്രസ്താവിച്ച വിഷയങ്ങളെ ഓരോന്നായി പരിശോധിക്കാം. ഒന്നാമതായി കൃഷിക്കായുള്ള ആവശ്യങ്ങൾ പുതിയതായി നേടുന്നതിനു ധനം ആവശ്യമായിരിക്കുന്നു. ഇതിലേക്കായി സംഘാംഗങ്ങൾക്കു സംഭവിച്ച നഷ്ടം, തൽക്കാലം ആവശ്യമുള്ള ഫണ്ടു്, കൊടുക്കാവുന്ന ജാമ്യത്തിന്റെ സ്വഭാവം, ആശാസ്യത എന്നിവയെപ്പററി സൂക്ഷ്മവും കൃത്യവും ആയ കണക്കുകൾ സംഘങ്ങൾ ഉടനെ തയ്യാറാക്കാവുന്നതാണു്. അതിനടുത്തപടി, കടംവായ്പ അപേക്ഷിക്കാൻ തയ്യാറാകുകയാണു്. ഇതിനു ൧-൨-൯൯-ലെ ൨൫-ാം നമ്പർ സർക്കുലറിലുള്ള ഉപദേശങ്ങൾ ശ്രദ്ധയോടുകൂടെ പഠിക്കുകയും കണിശമായി അനുസരിക്കുകയും ചെയ്യേണ്ടതാകുന്നു.

വീടുകൾ നന്നാക്കുന്നതിനെ സംബന്ധിച്ചെടത്തോളം, നഷ്ടവും നാശവും സംഭവിച്ച ജനങ്ങൾക്കു ഗുണകരങ്ങളായ പല ആനുകൂല്യങ്ങളും ഗവൺമെന്റിൽനിന്നും ദയാപുരസ്സരം അനുവദിച്ചു പരസ്യപ്പെടുത്തിയിട്ടുണ്ടു്. ഓരോ സംഘാതിർത്തിയിലും ആകെ എന്തുമാത്രം സാധനങ്ങൾ ആവശ്യമുണ്ടെന്നു കണക്കാക്കി, അവ ഒരുമിച്ചു വാങ്ങി അംഗങ്ങളെ സഹായിക്കാവുന്നതാണു്. ഈ കൂട്ടുകച്ചവടത്താൽ അനാവശ്യമായി ഓരോരുത്തർക്കും ഉണ്ടാകുന്ന പല ചെലവും ലഭിക്കാൻ ഇടവരുന്നു.

നിലങ്ങൾ നന്നാക്കി പൂർവ്വസ്ഥിതിയിൽ കൊണ്ടുവരുന്നതിനും നിസ്സാരമായ പലിശനിരക്കിൽ അംഗങ്ങൾക്കു പണം ആവശ്യമാണു്. കടംവായ്പകൊടുത്തു സംഘങ്ങളെ സഹായിക്കുവാൻ സെൻട്രൽബാങ്കു് തയാറാണെന്നു മാത്രമല്ല, സംഘങ്ങൾക്കു പണം കടം കൊടുക്കുന്നതിനെപ്പററി ഗവൺമെന്റും ആലോചിക്കുകയാണു്. ഏതുവിധമായാലും, സംഘങ്ങൾക്കു മേൽപ്രസ്താവിച്ച മാർഗ്ഗം അനുകരിക്കാം.

വേലയില്ലാത്തവരായിത്തീർന്നിട്ടുള്ള കൂലിവേലക്കാരെ സംബന്ധിച്ചെടത്തോളം വെള്ളപ്പൊക്കംകൊണ്ടു നാശം സംഭവിച്ചിട്ടുള്ള സ്ഥലങ്ങളിൽ മരാമത്തു മുതലായ പണികൾ ആരംഭിക്കുന്നതിനു വേണ്ട ഉത്തരവുകൾ ഗവൺമെന്റിൽനിന്നും പുറപ്പെടുവിച്ചിട്ടുണ്ടു്. അതാതു സ്ഥലങ്ങളിലുള്ള സംഘങ്ങൾ തങ്ങളാൽ കഴിയുന്ന വിധത്തിൽ സാധുക്കൾക്കു

വേല ഉണ്ടാക്കികൊടുക്കുകയും, അവിടവിടെയുള്ള എഞ്ചിനീയർ ഡിപ്പാർട്ടുമെൻറ് അധികൃതന്മാരോട് ഇവരെ വേലയ്ക്കു ഏർപ്പെടുത്തുവാൻ അപേക്ഷിക്കുകയും ചെയ്യാം. കൂടാതെ, തങ്ങളാൽ കഴിവുള്ള ചെറിയ കൺട്രാക്ററുകൾ പിടിച്ചും ഇവക്കു ജോലിയുണ്ടാക്കികൊടുക്കാവുന്നതാണ്.

ജീവിക്കുന്നതിന് അത്യാവശ്യങ്ങളായ സാധനങ്ങൾ ലഭിക്കുന്ന കാര്യത്തിൽ പലേ സ്ഥലങ്ങളിലും അനുഭവിച്ചു വരുന്ന വൈഷമ്യം തീക്കുന്നതിനായി വെബല ണ്ടാംനിബന്ധനപ്രകാരം സംഘങ്ങൾ കൂട്ടക്രയവിക്രയം ചെയ്യുവാൻ ഏർപ്പാടു ചെയ്യാവുന്നതാണ്. നല്ല നിലയിലുള്ള സംഘങ്ങളിൽ വിജയകരവും ഫലപ്രദവുമായി, ക്രമമായ സ്റ്റോർ ആരംഭിക്കാം. ചില സംഘങ്ങൾ, സ്റ്റോർ തുറക്കുവാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. പ്രശംസാർഹമായ ഈ കൃത്യം കൂടുതൽ സംഘങ്ങൾക്ക് അനുകരിക്കാവുന്നതാണ്. വളം, വിത്തുകൾ മുതലായവ സമ്പാദിക്കുന്നതിലും സംഘാംഗങ്ങൾ ഒന്നിച്ചുചേന്ന വാങ്ങുന്ന ഏർപ്പാടു പിന്തുടരാവുന്നതാണ്.

വെള്ളപ്പൊക്കത്തിന്റെ ഫലമായി കഷ്ടതകളും നാശങ്ങളും സംഭവിച്ചിട്ടുള്ള പ്രദേശങ്ങളിലുള്ള മിക്ക സംഘങ്ങളും മേൽപറഞ്ഞ സൂചനകൾ ശരിയായും വ്യക്തമായും മനസ്സിലാക്കി വേണ്ടവിധത്തിൽ പ്രവത്തിക്കുമെന്നു ആശിക്കുന്നു. അവരുടെ ശ്രമങ്ങൾക്കു വിജയം തീർച്ചയാണ്.

സക്ക്യുലർ ൻ ൨.

ഈ ആഫീസിൽനിന്നും ൫-൧൧-൧൧൦൦-ൽ ൩൦-ാംനമ്പരായിപ്രസിദ്ധീകരിച്ചിട്ടുള്ള സക്ക്യുലറിൽ സൂചിപ്പിച്ചിരുന്നതുപോലെ വെള്ളപ്പൊക്കം മൂലമുണ്ടായിട്ടുള്ള നഷ്ടങ്ങളെ പരിഹരിക്കുന്നതിനും പുനരുദ്ധാരണവേലകൾക്കുമായി നഷ്ടം സംഭവിച്ചു സ്ഥലങ്ങളിലുള്ള പരസ്പരസഹായസംഘങ്ങൾക്കു വായ്പ കൊടുക്കുന്നതിനു ഗവമ്മെൻറിൽനിന്നും രണ്ടു ലക്ഷം രൂപാ തിരുവനന്തപുരം സെൻട്രൽ കോഓപ്പറേറ്റിവുബാങ്കിൽ കടമായി ഏല്പിക്കുന്നതിന് അനുവദിച്ചിരിക്കുന്നു. ഇതു സംബന്ധിച്ചു ഗവമ്മെൻറിൽനിന്നും താഴെ പറയുന്ന വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്.

(i) ബാങ്കിൽനിന്നും ഈ കടത്തിനു ഗവമ്മെൻറിലേക്ക് ആണ്ടിൽ നാലര ശതമാനം പലിശ കൊടുക്കണം.

(i) സംഘങ്ങളിൽനിന്നു അതിലെ അംഗങ്ങൾക്ക കൊടുക്കുന്ന വായ്പകൾക്ക നൂററിന് ആറിൽ കൂടുതലായി പലിശ ചുമത്താൻ പാടില്ല.

(iii) വായ്പസംഖ്യ മുഴുവനും വെള്ളപ്പൊക്കമുണ്ടായിട്ടുള്ള സ്ഥലങ്ങളിൽ നേരിട്ടിട്ടുള്ള നഷ്ടങ്ങൾ നികത്തുന്നതിനും പുനരുദ്ധാരണവേലകൾക്കും മാത്രമേ ഉപയോഗിക്കാവൂ.

(iv) ഈ സ്ഥലങ്ങളിൽ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾക്കും മേലാൽ ഒരു നിശ്ചിതകാലാവധിക്കകം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾക്കും ഈ വായ്പകൾ ഉപയോഗകരമായിത്തീരേണ്ടതാണ്.

(v) ബാങ്ക് ഈ കടം മുഴുവനും ൧൦ വർഷത്തിനകം, അതായതു ൧൧൧൦-ാമാണ്ടവസാനത്തിനു മുമ്പ് ഗവൺമെൻറിൽ തിരിച്ചടയ്ക്കേണ്ടതാണ്. എന്നാൽ, പലിശ അതാതാണ്ടു കർക്കടകം പതിനഞ്ചാം തീയതിക്കു മുമ്പ് അടഞ്ഞിരിക്കണം.

ഗവൺമെൻറിൽനിന്നും ദയാപുരസ്സരം നൽകിയിട്ടുള്ള ഈ വിശേഷാൽ വായ്പയെ കൈകാര്യം ചെയ്യുന്നതിനെ സംബന്ധിച്ച ൨൯-൧-൧൦൬-ൽ കൂടിയ ബാങ്കിൻെറ ഒരു ബോർഡുമീററിങ്ങിൽ താഴെ പറയുന്ന നിശ്ചയങ്ങൾ ചെയ്തിരിക്കുന്നു.

(൧) ഗവൺമെൻറിൽനിന്നുമുള്ള കടം സ്വീകരിച്ച സംഘങ്ങൾക്കു ധനസഹായം ചെയ്യുന്നതിനു ബാങ്ക് കൈയേൽക്കുന്നു.

(൨) ബാങ്കിൽനിന്നും സംഘങ്ങൾക്കു ൩ ൩/൪% പലിശയ്ക്കു കടം കൊടുക്കുന്നതും ആ പലിശയിൽ ൧/൪% സൂപ്പർവിഷൻഫണ്ടിൽ ചേർക്കുന്നതുമാണ്.

(൩) ബാങ്കുനിബന്ധനയിൽ വായ്പകൾക്ക് ഏഴു വർഷത്തിൽ കൂടുതൽ കാലാവധി വച്ചിട്ടില്ലാത്തതുകൊണ്ടു സംഘങ്ങൾക്ക് ഏഴുവർഷത്തിൽ കൂടുതൽ കാലാവധി അനുവദിക്കുന്നതല്ല.

(൪) വായ്പകൾ, സാധാരണയായി ആറുവർഷത്തവണകളായി തിരിച്ചടയ്ക്കേണ്ടതും ഒന്നാമത്തെ തവണ രണ്ടാമത്തെ വർഷത്തിൻെറ അവസാനത്തിലായിരിക്കുന്നതുമാകുന്നു. എന്നാൽ പലിശ ആറു മാസത്തിലൊരിക്കൽ അടയ്ക്കേണ്ടതാകുന്നു.

(൭) കടത്തിനുള്ള അപേക്ഷകൾ കന്നിമാസാവസാനത്തോടു കൂടി ബാങ്കിലെത്തിയിരിക്കണം.

ഗവണ്മെൻറിൽ നിന്നും തരുന്ന ഈ സംഖ്യയെ ബാങ്കു കൈക്കലേററു സംഘങ്ങൾക്കു വിതരണം ചെയ്യുന്നതിൽ വച്ചു ബാങ്കിനുണ്ടാകാവുന്ന കൂടുതൽ ജോലിയേയും, സംഭവിക്കാവുന്ന നഷ്ടങ്ങളേയും ഗവണ്മെൻറു നിശ്ചയിച്ചിരിക്കുന്ന ക്ലിപ്തകാലാവധിക്കുതന്നെ പണം കണിശമായും തിരിച്ചടക്കേണ്ട കടമ ബാങ്കിനു ഉള്ളതുകൊണ്ടു വല്ല സംഘവും കുടിശ്ശികക്കാരായി തീരുന്നപക്ഷം അവരിൽനിന്നും നടപടി നടത്തി ഈടാക്കുന്നതിനു വേണ്ട സാവകാശത്തേയും, കുറഞ്ഞ പലിശയ്ക്കുള്ള പണം ബാങ്കിൽ വരുന്നതുമൂലം അതിൻെറ സാധാരണ മുതലിൻെറ ഇടപാടുകളിൽവന്നേക്കാവുന്ന കുറവുകളേയും ബോർഡുമീററിംഗിൽ ഗാഢമായി പര്യാലോചിച്ചാണു മുൻപറഞ്ഞ നിശ്ചയങ്ങൾ പാസ്സാക്കിയിട്ടുള്ളതു്.

ഇപ്പോൾ ജോലി ചെയ്യുന്ന സംഘങ്ങളിൽനിന്നും കടത്തിനുള്ള അപേക്ഷകൾ ഐക്യസംഘം മുഖാന്തിരം ഈ മാസം ൨൦-ാംനു-ക്കു മുമ്പു് ഇവിടെ എത്തേണ്ടതാണ്. എന്നാൽ, പുതിയതായി രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ സംഗതിയിൽ തുലാം ൩൦-ാംനു- വരെ കാലാവധി അനുവദിച്ചിരിക്കുന്നു.

കടത്തിനുള്ള അപേക്ഷകൾ ൨൭-ാം നമ്പർ സർക്കുലറിൽ കൊടുത്തിട്ടുള്ള മാതൃകാഫാറത്തിൽ ആയിരിക്കേണ്ടതും അവയോടുകൂടി താഴെ കാണിച്ചിരിക്കുന്ന ഫാറത്തിൽ ഒരു സ്റ്റേററുമെൻറുകൂടി അയച്ചിരിക്കേണ്ടതും ആകുന്നു. സർക്കുലറും ഫാറവും ശരിയായി മനസ്സിലാക്കി, ആവശ്യപ്പെട്ടിട്ടുള്ള അറിവുകൾ തെററു കൂടാതെ കൊള്ളിക്കുന്നതിനു പ്രത്യേകം സൂക്ഷിക്കേണ്ടതാണ്. അപ്രകാരം ചെയ്യാത്തപക്ഷം താമസത്തിനു ഇടയാകുന്നതും മുമ്പു മുമ്പു സ്വീകരിക്കുന്ന അപേക്ഷകൾക്കു പണം അനുവദിച്ചുപോകുന്നതുകൊണ്ടു പക്ഷേ കടം ലഭിച്ചില്ലെന്നു വന്നേക്കാവുന്നതുമാണ്.

സംഘങ്ങളും അതിലെ അംഗങ്ങളും ആവശ്യപ്പെടുന്ന വായ്പകൾ ബൈലായിൽ ക്ലിപ്തപ്പെടുത്തിയിട്ടുള്ള പരിമിതിയിൽ അടങ്ങിയിട്ടുള്ളതാണോ എന്നു സംഘങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആവശ്യമുള്ളപക്ഷം സംഘങ്ങൾക്കും അംഗങ്ങൾക്കും വാങ്ങാവുന്ന കടത്തിനെ സംബന്ധിച്ചുള്ള ൧൨-ം ൪൨-ം നിബന്ധനകൾ ഭേദഗതികൾ ചെയ്യാവുന്നതാകുന്നു. അതുപോലെതന്നെ, ഈ കടങ്ങൾക്കു കൊടുക്കേണ്ട

അനുബന്ധം 1.

വെള്ളപ്പൊക്കനിമിത്തം നേരിട്ടിട്ടുള്ള നഷ്ടങ്ങൾ പരിഹരിക്കുന്നതിനു പുനരുദ്ധാരണവേലകൾക്കും ആവശ്യമുള്ള കടങ്ങളുടെ സ്റ്റേറ്റുമെന്റ്.

ക്രമനമ്പർ	ജനാൽനമ്പർ	മെമ്പറന്മാരുടെ പേര്	മേൽവിലാസം, ജാതി	[illegible]	[illegible]	[illegible]	[illegible]	സംഘത്തിനുള്ള ബാധ്യത: വായ്പ	ജാമ്യം	സംഭവിച്ചിട്ടുള്ള നഷ്ടം: സ്വഭാവം	വില	ആവശ്യമുള്ള വായ്പയുടെ ഉദ്ദേശം	തുക	[illegible]	കടം തിരിച്ചു അടയ്ക്കുന്നതിനു കമ്മിററി അനുവദിച്ചിട്ടുള്ള തവണ	[illegible]
					രൂ. ച. കാ.	രൂ. ച. കാ.	രൂ. ച. കാ.	രൂ. ച. കാ.	രൂ. ച. കാ.		രൂ. ച. കാ.		രൂ. ച. കാ.		രൂ. ച. കാ.	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17

നോട്ട്:—(എ) കാളം 9-ൽ അംഗങ്ങൾക്കു ആദായപംക്തു മുതലായ ധനങ്ങളിൽ കൊടുക്കാനുള്ളവ ഉൾപ്പെട്ടു. (ബി) കാളം വ-ൽ ഇപ്പോൾ അനുവദിക്കുന്ന വായ്പ കൊള്ളിച്ചിട്ടാവശ്യമില്ല. (സി) കാളം ൻ-ൽ അടച്ചുതീർക്കേണ്ട ശേഷമുള്ള തുക കാണിച്ചാൽ മതിയാകുന്നതാണ്. (ഡി) കാളം ൧൩-ൽ സംഘത്തിൽനിന്നും മെമ്പർക്കു ഇപ്പോൾ അനുവദിക്കുന്ന തുക കാണിക്കണം. ഈ സ്റ്റേറ്റുമെന്റിൽ വിവരിച്ചിട്ടുള്ള സംഗതികൾ ജാഗ്രതയോടും സൂക്ഷ്മമായും ഞങ്ങൾ പരിശോധിച്ചു ബോധ്യപ്പെട്ടിട്ടുള്ളതാകുന്നു. "സ എറിക്കാർട്ടുകളുമായി പരിശോധിച്ചിട്ടുണ്ട്" എന്നു ഒരു സർട്ടിഫിക്കറ്റ് എഴുതി കമ്മിററിഅംഗങ്ങൾ ഒപ്പിട്ടു സമർപ്പിക്കേണ്ടതാണ്.

എന്നാൽ (എ) ഉണ്ടാക്കുന്നതിനോ ഭേദപ്പെടുത്തുന്നതിനോ ദുർബലപ്പെടുത്തുന്നതിനോ ഉള്ള വല്ല പ്രമേയത്തേയും പററി പ്രത്യേക നിബന്ധനയനുസരിച്ച മുറപ്രകാരം അറിയിപ്പു കൊടുത്തിരിക്കണം.

(ബി) നിശ്ചയം പൊതുയോഗത്തിൽ ഹാജരുള്ളവരിൽ മൂന്നിൽ രണ്ടിൽ (൨/൩) കുറയാത്ത മെമ്പറന്മാർ അംഗീകരിച്ചിരിക്കണം.

(സി) അപ്രകാരം ഉണ്ടാക്കുന്നതിനെയോ ഭേദപ്പെടുത്തുന്നതിനെയോ ദുർബലപ്പെടുത്തുന്നതിനെയോ രജിസ്ട്രാർ സമ്മതിക്കയും രജിസ്റ്റരാക്കുകയും ചെയ്തിരിക്കണം.

(൨) പുതിയതോ ഭേദപ്പെടുത്തിയതോ ആയ ഒരു പ്രത്യേക നിബന്ധനയെ രജിസ്റ്ററാക്കുന്നതിനോ അപ്പോഴുള്ള ഒന്നിനെ ദുർബലപ്പെടുത്തുന്നതിനോ ഉള്ള അപേക്ഷ രജിസ്ട്രാക്കു കൊടുക്കണം. പുതിയതോ ഭേദപ്പെടുത്തിയതോ ദുർബലപ്പെടുത്തിയതോ ആയ പ്രത്യേക നിബന്ധനയെ സംബന്ധിച്ച നിശ്ചയം ഏതു പൊതുയോഗത്തിൽ സ്വീകരിക്കപ്പെട്ടുവോ ആ യോഗനടപടികളുടെ കുറിപ്പിന്റെ ഒരു ശരിയായ പകർപ്പ് ആ അപേക്ഷയോടുകൂടി ഉണ്ടായിരിക്കണം. പുതിയതോ ഭേദപ്പെടുത്തിയതോ ആയ ഒരു പ്രത്യേകനിബന്ധനയുടെ കാര്യത്തിൽ അതിന്റെ രണ്ടു പകർപ്പുകളും അപേക്ഷയോടുകൂടി അയയ്ക്കണം. അപേക്ഷയിലും, നടപടിക്കുറിപ്പുകളുടെ പകർപ്പിലും പ്രത്യേകനിബന്ധനയിലും സെക്രട്ടറിയും നിർവാഹകക്കമ്മിററിയിലെ മൂന്നു മെമ്പറന്മാരും ഒപ്പിട്ടിരിക്കണം.

(൩) പുതിയതോ ഭേദപ്പെടുത്തിയതോ ആയ പ്രത്യേക നിബന്ധനയും അല്ലെങ്കിൽ അതിനെ ദുർബലപ്പെടുത്തിയതും അതിനെ സ്വീകരിച്ച രീതിയും ആക്ടിനും ചട്ടങ്ങൾക്കും വിരുദ്ധമല്ലെന്നു രജിസ്ട്രാർ വിചാരിക്കുന്നപക്ഷം അദ്ദേഹം പുതിയതോ ഭേദപ്പെടുത്തിയതോ ആയ പ്രത്യേക നിബന്ധനയുടെ കാര്യത്തിൽ അതിനെ രജിസ്റ്റർ ചെയ്തു ഒരു പ്രതി ആഫീസിൽ വച്ചുകൊള്ളുകയും അനുവദിച്ചതിനു ഒരു സർട്ടിഫിക്കേറേറാടുകൂടി മറേറതിനെ സംഘത്തിനു മടക്കിക്കൊടുക്കുകയും ചെയ്യാവുന്നതും ദുർബലപ്പെടുത്തിയ കാര്യത്തിൽ ആ പ്രത്യേകനിബന്ധനയെ അദ്ദേഹം ദുർബലപ്പെടുത്തി, ദുർബലപ്പെടുത്തിയതിനു ഒരു സർട്ടിഫിക്കേററു കൊടുക്കേണ്ടതും ആകുന്നു. എന്നാൽ ഭേദപ്പെടുത്തുകയോ ഭേദപ്പെടുത്തി നന്നാക്കുകയോ ദുർബലപ്പെടുത്തുകയോ ചെയ്യേണ്ട പ്രത്യേക നിബന്ധന സംഘം മുമ്പു വാങ്ങിയിട്ടുള്ള കടങ്ങൾക്കു മെമ്പറന്മാർക്കുള്ള

ബാദ്ധ്യതയുടെ സ്വഭാവവും വ്യാപ്തിയും സംബന്ധിച്ചതാണെങ്കിൽ ഗവൺമെൻറിൻെറ അനുവാദം ലഭിക്കുന്നതിനുമുമ്പായി രജിസ്ട്രാർ അപ്രകാരം ഭേദപ്പെടുത്തുകയോ ഭേദപ്പെടുത്തി നന്നാക്കുകയോ ദുർബലപ്പെടുത്തുകയോ ചെയ്തുകൂടാ.

അനുബന്ധം (൪) (സർക്കുലർ നമ്പർ ൮൭ ആണ്. നോക്കുക)

അനുബന്ധം (൫)

കടത്തിനുള്ള അപേക്ഷകൾ തയാറാക്കുന്നതിൽ ശ്രദ്ധിക്കേണ്ടുന്ന സംഗതികൾ:—

(൧) വായ്പകൾ എല്ലാം പൊതുയോഗത്തിൽ തീരുമാനിക്കണം.

(൨) ൮൭-ാംനമ്പർ സർക്കുലർ അനുസരിച്ചുള്ള വസ്തുവിവരപ്പട്ടിക സൂക്ഷ്മമായും പൂർത്തിയായും ഇരിക്കേണ്ടതാണ്. അതു ശരിയാണെന്നുള്ള സർട്ടിഫിക്കററ് കമ്മിററിമെമ്പറന്മാർ എല്ലാവരും ഒപ്പിട്ടിരിക്കണം. വസ്തുവിവരപ്പട്ടികയുടെ രണ്ടു പ്രതികൾ ഓരോ അപേക്ഷയോടുകൂടെ അയച്ചിരിക്കേണ്ടതാകുന്നു. എല്ലാമെമ്പറന്മാരുടേയും പേർ കൊള്ളിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം കാണിക്കേണ്ടതാണ്. ഒരു മെമ്പരുടെ മുതലായി കാണിക്കുന്നതു് അയാളുടെ സ്വന്തസ്വമ്പാദ്യമോ അല്ലെങ്കിൽ അതിൽ അയാൾക്കു പൂർണ്ണസ്വാതന്ത്ര്യമുള്ളതോ ആയിരിക്കണം.

(൩) ക്ലിപ്തസഖിതസംഘങ്ങളിൽ അംഗങ്ങൾ എല്ലാവരുമായി എടുത്തിട്ടുള്ള ഓഹരികളും ഓഹരി മുതലും കാണിക്കേണ്ടതാണ്. നിലവിലുള്ള മുൻബാദ്ധ്യതകളെല്ലാം പറഞ്ഞിരിക്കണം.

(൪) ബാങ്കിൽനിന്നും കടം വാങ്ങണമെന്നു നിശ്ചയിക്കുന്ന പൊതുയോഗത്തിൻെറ പൂർണ്ണമായ നടപടിവിവരം അപേക്ഷയോടുകൂടി അയയ്ക്കേണ്ടതാണ്.

സർക്കുലർ നമ്പർ ൯൩.

വെള്ളപ്പൊക്കംമൂലം ഉണ്ടായിട്ടുള്ള നഷ്ടങ്ങളെ പരിഹരിക്കുന്നതിനും പുനരുദ്ധാരണ വേലകൾക്കുമായി പരസ്പരസഹായസംഘങ്ങൾക്കു വായ്പ കൊടുക്കുന്നതിനെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഈ ആഫീസിൽ നിന്നും പ്രസിദ്ധീകരിച്ച ൯൨-ാം നമ്പർ സർക്കുലറിൽ വിവരിച്ചിരുന്നു. അതിൽ ആവശ്യപ്പെട്ടിരുന്നതുപോലെ തന്നെ എല്ലാ സംഗ

തികളും ശരിയായി പ്രവൎത്തിച്ച് അപേക്ഷകൾ അയക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി മതിയാകുന്നതല്ലെന്നു സംഘങ്ങളിൽനിന്നും പരാതികൾ വന്നുകൊണ്ടിരിക്കുന്നതിനാൽ, കാലാവധി കഴിഞ്ഞും വരുന്ന അപേക്ഷകളെപ്പററി ഗൌനിക്കുന്നതാണെന്ന് എല്ലാ സംഘങ്ങളേയും അറിയിക്കുന്നു. അപേക്ഷകൾ അയക്കേണ്ട തീയതി തുലാമാസം ൧൫-ാംനു- വരെ നീട്ടിക്കൊടുക്കുന്നതിനു സെൻട്രൽബാങ്കിനോട് അപേക്ഷിക്കാം. ചില സംഘങ്ങളിൽനിന്നും വന്നിട്ടുള്ള അപേക്ഷകളെ നോക്കിയതിൽ അവർ കാലാവധി തെററാതെ അപേക്ഷകൾ അയക്കുന്നതിനു ശ്രദ്ധിച്ചിട്ടുള്ളതല്ലാതെ ഏത്രയും ആവശ്യങ്ങളായ കാൎയ്യങ്ങളിൽ അവരുടെ ശ്രദ്ധ മതിയാകുംവണ്ണം പതിഞ്ഞിട്ടില്ലെന്നു കാണുന്നു.

കടംവാങ്ങ അപേക്ഷകൾ അയക്കുന്നതിൽ താഴെ പറയുന്ന സംഗതികൾ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

൧. ഒരു സംഘത്തിനു സെൻട്രൽ ബാങ്കിൽനിന്നും കടം ലഭിക്കണമെങ്കിൽ അതു സെൻട്രൽബാങ്കിൽ ഓഹരി എടുത്തിരിക്കണം. സെൻട്രൽബാങ്കിൽ എടുക്കുന്ന ഓരോ ഓഹരിക്കും ൧൦൦൦ രൂപാവീതം കടം എടുക്കാവുന്നതാണ്. ഒരു ഓഹരിയുടെ വിലസംഖ്യ നൂറുരൂപായും ഈ സംഖ്യ ൩ മാസത്തിലൊരിക്കൽ പത്തു രൂപാവീതം കൊടുത്തടയ്ക്കേണ്ടതുമാകുന്നു. ഓരോ ഓഹരിക്കും രണ്ടു രൂപാവീതം പ്രവേശനഫീസ് അടയ്ക്കണം. ഈ തുക സെൻട്രൽബാങ്കു സെക്രിട്ടറിക്കു അയച്ചുകൊടുക്കേണ്ടതാണ്. ചില സംഘങ്ങൾ ഈ ആഫീസിലേക്ക് സെൻട്രൽ ബാങ്കിലെ ഓഹരിത്തുക അടയ്ക്കുന്നതു പിശകാണ്.

൨. സെൻട്രൽബാങ്കിൽനിന്നും ഒരു സംഘത്തിനു കടംകൊടുക്കുന്നതു ആ സംഘത്തിൻെറ നാണ്യത്തിനെ അല്ലെങ്കിൽ അതിനു കൊടുക്കാവുന്ന ഉറപ്പിനെ ആശ്രയിച്ചിരിക്കുന്നു. ഒരു ക്ലിപ്തരഹിതസംഘത്തിൻെറ ഉറപ്പ് അതിലെ അംഗങ്ങളുടെ കടം നീക്കിയുള്ള വസ്തുക്കളാകുന്നു. ഈമാതിരി ഒരു സംഘത്തിന് അംഗങ്ങളുടെ ആകെയുള്ള മുതലിൻെറ എട്ടിൽ ഒന്നോ പത്തിൽ ഒന്നോ കടംകൊടുക്കും. ഇതിനായി അപേക്ഷയോടുകൂടി വസ്തുവിവരപ്പട്ടികകൂടി അയച്ചിരിക്കണം. ഒരു ക്ലിപ്തസഹിതസംഘത്തിൻെറ ഉറപ്പ് അതിലെ അംഗങ്ങൾ എടുത്തിരിക്കുന്ന ഓഹരികളുടെ വിലയും അതിൻെറ കരുതൽധനവും ആകുന്നു. (ബൈലാനമ്പർ ൩) ഒരു ക്ലിപ്തസഹിതസംഘം അതിന് ആവശ്യമുള്ള കടം മേടിക്കുന്നതിനുള്ള യോഗ്യതയുണ്ടായിരിക്കുന്നതിന് അതിലെ അംഗ

ങ്ങളെക്കൊണ്ട് ആവശ്യമുള്ള പക്ഷം കൂടുതൽ ഓഹരികൾ എടുപ്പിക്കേണ്ടതാണ്. ഒരു ക്ലിപ്തസഹിതസംഘത്തിന്റെ സ്ഥിരതക്കുവേണ്ടി ഓഹരികളെ പിൻവലിക്കുന്നതിനുള്ള സ്വാതന്ത്ര്യങ്ങളെ നിയന്ത്രണം ചെയ്യേണ്ടതാകുന്നു. ഇതിനുള്ള കാരണങ്ങളെ ൨൫-ാം നമ്പർ സർക്കുലറിൽ വിശദമായി വിവരിച്ചിട്ടുണ്ട്. അപേക്ഷയിൽ ഇതു സംബന്ധിച്ചുള്ള വിവരങ്ങളും അടങ്ങിയിരിക്കണം. (൯൨-ാം നമ്പർ സർക്കുലറിൽ അനുബന്ധം ൪-ൽ ൪-ാം പാരാവിൽ ക്ലിപ്തരഹിതസംഘങ്ങൾ എന്നു എഴുതിയിരിക്കുന്നതു ക്ലിപ്തസഹിതസംഘങ്ങൾ എന്നു വേണ്ടതാണ്.)

൩. സംഘത്തിലെ നിബന്ധനകളിൽ വരുത്തുന്ന ഭേദഗതികൾ ചട്ടപ്രകാരം ചെയ്യേണ്ടതാകുന്നു. രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷയും ഭേദഗതികളുടെ പകർപ്പുകളും, പൊതുയോഗത്തിന്റെ മുഴുവൻ നടപടികളുടെ ശരിപ്പകർപ്പും സെക്രട്ടറിയും മററു മൂന്നു കമ്മററിമെമ്പറന്മാരും ഒപ്പിട്ട് അയക്കേണ്ടതാണ്. നിബന്ധന ൪൧ (ന) അനുസരിച്ചു സ്പെഷ്യൽ വായ്പയുടെ കരാറുകളെ തീർച്ചപ്പെടുത്തേണ്ടതും അതിന്റെ ഒരു പകർപ്പ് ശരിയായി സാക്ഷ്യപ്പെടുത്തി ഇവിടെ അനുമതിക്ക് അയക്കേണ്ടതുമാകുന്നു. ആവശ്യമുള്ള വ്യവസ്ഥകളുടെ ഒരു നക്കൽ താഴെ ചേർക്കുന്നു. (അനുബന്ധം ൧)

൪. ൨൫-ാം നമ്പർ സർക്കുലറിൽ കാണിച്ചിരിക്കുന്നമാതിരി ഒരു അപേക്ഷ ഈ ഫാറത്തിൽ സെൻട്രൽബാങ്കിൽ അയക്കേണ്ടതാണ്. ഇതു നേരിട്ട് ഈ ആഫീസിൽ അയക്കുകയോ സെൻട്രൽബാങ്കിൽ അയക്കുകയോ ചെയ്യാം.

൫. ൯൨-ാം നമ്പർ സർക്കുലറിൽ അനുബന്ധം ൧-ൽ കൊടുത്തിട്ടുള്ള സ്റ്റേറ്റുമെൻറു പൂർത്തിയായി എഴുതിയിരിക്കേണ്ടതാണ്. അംഗങ്ങൾക്കു കടംവായ്പ തിരിച്ചു അടയ്ക്കുന്നതിനുള്ള തവണകളും തീയതികളും നിശ്ചയിച്ചിരിക്കേണ്ടതാണ്. അതു സെൻട്രൽ ബാങ്കിൽ അടയ്ക്കേണ്ട തവണയുമായിക്കൂടി പര്യാലോചിച്ചു ചെയ്യേണ്ടതാകുന്നു. ഇതു ൧൫-ാമത്തെ കാളത്തിൽ കൊള്ളിക്കണം. ഇവിടെ അയക്കുന്ന സ്റ്റേറ്റുമെൻറിൽ വായ്പ അനുവദിച്ചിട്ടുള്ള എല്ലാ മെമ്പറന്മാരും ഒപ്പിട്ടിരിക്കേണ്ടതാണ്.

ഈ വിഷയത്തിൽ ആവശ്യമുള്ള എല്ലാം വീണ്ടും ഇവിടെ എടുത്തുപറയുന്നതു സാദ്ധ്യമല്ലാ. അതെല്ലാം ൯൨-ാം നമ്പർ സർക്കുലറിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ സർക്കുലർകൾ എല്ലാം ശരിയായി മനസ്സിലാ

ക്കകയും അപേക്ഷഫാറം ശരിയായി തയ്യാർ ചെയ്യുന്നതിന ശ്രമം എടു ക്കുകയും ചെയ്യുകയാണെങ്കിൽ സംഘത്തിന് അതു് അയക്കുന്ന അപേക്ഷ യെ തൌനിക്കുമെന്ന വിചാരിക്കാവുന്നതാണ്. ഓരോ സംഘത്തിന്നും പ്രത്യേകം പ്രത്യേകം വിവരണമായ അറിവുകൾ കൊടുക്കുന്നതു സാദ്ധ്യ മല്ലാ.

അനുബന്ധം ൧.

൪൩-ബി. ൪൧-ന്നു. ഈ നിബന്ധനകളിൽപ്പെട്ട വ്യവസ്ഥ കളെപ്പററിയുള്ള ഉപനിബന്ധനകൾ.

(൧) അംഗങ്ങൾ സംഘത്തിൽനിന്നും വാങ്ങുന്ന സ്പെഷ്യൽ വായ്പകൾക്കുള്ള പലിശ ൩ മാസത്തിലൊരിക്കൽ അടച്ചു തീർത്തിരി ക്കേണ്ടതാകുന്നു.

(൨) ഒരു വായ്പയ്ക്കു അനുവദിക്കാവുന്ന കാലാവധി കമ്മിററി ക്കാർ നിശ്ചയിക്കേണ്ടതും എന്നാൽ തവണകൾ അതാതു് ആണ്ടു മേടം ൩൦-ാംനു-യോ അതിന മുമ്പുള്ള ഒരു തീയതിയോ ആയിരിക്കേണ്ടതു മാകുന്നു.

(൩) സംഘം കണ്ടപ്പെട്ടത്തീട്ടുള്ള കാലാവധിക്ക ഒരു മെംബർ പലിശ അടയ്ക്കാത്തപക്ഷം അയാളിൽ നിൽപ്പുള്ള വായ്പയിൽ രൂപയ്ക്കു ഒരു കാശു വീതം പിഴ ഈടാക്കുന്നതാകുന്നു.

(൪) ഒരു മെമ്പർ അടയ്ക്കേണ്ട ഏതെങ്കിലും ഒരു തവണ കണ്ട സമയത്തു് അടയ്ക്കാൻ സാധിക്കാത്തപക്ഷം അയാളുടെ അപേക്ഷയിൻ മേൽ കമ്മിററിക്കാർക്ക കാലാവധി നീട്ടിക്കൊടുക്കാവുന്നതാകുന്നു. എ ന്നാൽ കാലാവധി കഴിയുന്നതിന ൧൫ ദിവസത്തിനമുമ്പു മെമ്പരുടെ അപേക്ഷ സംഘത്തിൽ കിട്ടിയിരിക്കേണ്ടതാണ്. ശരിയായ കാരണം കൂടാതെ കാലാവധിക്ക് അപേക്ഷിക്കാത്ത ഒരു വായ്പക്കണക്ക ഉടൻ തന്നെ അവസാനിപ്പിച്ചു മുഴുവൻ തുകയും ഈടാക്കുന്നതിന നടപടി എടുക്കേണ്ടതാകുന്നു.

(൫) മെമ്പർമാർക്ക കാലാവധി നീട്ടിക്കൊടുക്കുന്നതുകൊണ്ടു സെൻട്രൽബാങ്കിലെ തവണ അടയ്ക്കുന്നതിന സാദ്ധ്യമല്ലാതെ വരു മെന്നു കമ്മിററിക്കാർ വിചാരിക്കുന്നപക്ഷം അപേക്ഷകളെ തള്ളാവു ന്നതാണ്.

(൯) ഒരു മെമ്പരുടെ കടംകണക്ക് അവസാനിപ്പിച്ചാൽ അയാളിൽനിന്നും സംഘത്തിലേക്ക് ഈടാകാനുള്ളതായികാണുന്ന മുതലും പലിശയും ഉൾപ്പെടെയുള്ള ആകെ തുകയ്ക്കു ആററിനു ൯ കണ്ടുള്ള പലിശയ്ക്കു പുറമേ രൂപായ്ക്കു ൨ കാശുവീതമുള്ള പിഴയും ഈടാക്കും.

സക്യുലർ ൬൪.

വെള്ളപ്പൊക്കം നിമിത്തം ഉണ്ടായിട്ടുള്ള നഷ്ടങ്ങളെ നിവാരണം ചെയ്യുന്നതിനും പുനരുദ്ധാരണമാലകൾക്കുമായി ൧൩൩ സംഘങ്ങളിൽനിന്നും ൩,൭൧,൫൦൩ രൂപായ്ക്കുള്ള കടംവായ്പ അപേക്ഷകൾ കിട്ടീട്ടുണ്ടായിരുന്നു. എന്നാൽ അപേക്ഷകൾ എല്ലാറ്റിനും അല്ലെങ്കിൽ അപേക്ഷപ്രകാരമുള്ള മുഴുവൻ തുകകളൊ അനുവദിക്കുന്നതിനു സാധ്യമല്ലെന്നു പ്രത്യക്ഷമാണല്ലൊ. ഇപ്പോൾ ൧൦൩ സംഘങ്ങൾക്കായി ൧,൩൩,൭൩൫ രൂപായ്ക്കുള്ള അപേക്ഷകൾ ശുപാർശചെയ്തു സെൻട്രൽ ബാങ്കിലേക്ക് അയച്ചിട്ടുണ്ട്. ഓരോ സംഘത്തിനും ഇതിനെപ്പററി അപ്പോഴപ്പോൾ അറിവു കൊടുത്തിട്ടുള്ളതാകുന്നു.

സംഘങ്ങൾക്കു പണം അനുവദിച്ചിരിക്കുന്ന വിവരം സെൻട്രൽ ബാങ്കിൽനിന്നും ഓരോ സംഘത്തേയും അറിയിക്കുന്നതും പ്രോനോട്ടുകൾ ഒപ്പിട്ടു സാക്ഷ്യപ്പെടുത്തി തിരിച്ചയക്കുന്നതിന് അയച്ചുതരുന്നതുമാകുന്നു. സംഘങ്ങൾ പണം വാങ്ങിക്കുന്നതിനു ചെയ്തിട്ടുള്ള ഏർപ്പാടു താഴെ കാണുന്ന രീതിയിലാകുന്നു. ഓരോ സംഘത്തിനും അനുവദിച്ചിരിക്കുന്ന തുകയ്ക്കുള്ള ആർ. ടി. ആർ. സെൻട്രൽബാങ്കിൽനിന്നും ഡിവിഷനൽ ട്രഷറി ആഫീസിലേക്കു തീരിട്ടയക്കുന്നതും അതോടുകൂടി തന്നെ ആർ. ടി. ആർ പ്രകാരമുള്ള തുക താലൂക്കു ട്രഷറിയിൽ നിന്നും കൊടുക്കുന്നതിന് എൻഡോഴ്സ് ചെയ്തു ആർ. ടി. ആർ സംഘംസെക്രിട്ടറിക്ക് അയച്ചുകൊടുക്കണമെന്നു ഒരു ലററർകൂടി അയച്ചു കൊടുക്കുന്നതുമാകുന്നു. ഡിവിഷനൽ ട്രഷറിയിൽനിന്നും ആർ. ടി. ആർ. സംഘംസിക്രിട്ടറിക്കു അയച്ചു തരുന്നതും സിക്രിട്ടറി അതിനെ വാങ്ങിച്ചു "ഈ തുക പററിയിരിക്കുന്നു" എന്നു മേജർ ട്രഷറി മുദ്ര അടിച്ചിരിക്കുന്നതിന്റെ താഴെ എഴുതി ഒപ്പിട്ടു സബ്ട്രഷറിയിൽ ഹാജരാക്കുമ്പോൾ പണം കിട്ടുന്നതുമാണ്.

താഴെ പറഞ്ഞിട്ടുള്ള സംഗതികൾ സംഘങ്ങൾ പ്രത്യേകം മനസ്സിലാക്കി പ്രവർത്തിക്കേണ്ടവയാണ്. (൧) അംഗങ്ങൾക്കു കൊടുക്കുന്ന വായ്പകൾ അവർ എടുത്തിരിക്കുന്ന ഓഹരികളുടെ തോതനുസരിച്ചു വേണ്ട

താണ്. (൨) ശരിയായ ഉറപ്പിൽ മാത്രമേ പണം കടം കൊടുക്കാൻ പാടുള്ളൂ. കുറഞ്ഞ പക്ഷം രണ്ടംഗങ്ങളെ ജാമ്യമായി സ്വീകരിക്കേണ്ടതും സ്ഥാവരവസ്തു കൂടുതൽ ഉറപ്പായി കഴിവുള്ളെടത്തോളം വാങ്ങിക്കേണ്ടതും ആകുന്നു. സ്ഥാവര വസ്തുകൂടി ഈടു വാങ്ങിക്കുന്നപക്ഷം പ്രമാണം മുറയ്ക്കു സബ രജിസ്ട്രാർകച്ചേരിയിൽ രജിസ്റ്റർ ചെയ്യേണ്ടതാകുന്നു. (൩) കമ്മിററി മെമ്പറന്മാർക്ക് ഇഷ്ടമുള്ളവർക്കോ അല്ലെങ്കിൽ സ്വാധീനശക്തിയുള്ളവർക്കോ മാത്രം കടം കിട്ടിയിട്ടുള്ളൂ എന്ന് പരാതിയുള്ള ഇടകൊടുക്കരുത്. വായ്പകൾ എല്ലാം പൊതുയോഗത്തിൽ വച്ചോ കമ്മിററിയോഗത്തിൽ വച്ചോ അപേക്ഷകന്മാർക്ക് കൊടുത്തു അവരിൽനിന്നും ൩൯-ാം നമ്പർ സർക്യുലറിൽ വിവരിച്ചിട്ടുള്ളവണ്ണം രസീതുകൾ വാങ്ങിക്കേണ്ടതാണ്. (൪) സംഘത്തിൽനിന്നും അപേക്ഷിച്ചിട്ടുണ്ടായിരുന്ന മുഴുവൻ തുകയും അനുവദിച്ചിട്ടില്ലാത്തതുകൊണ്ടു കടം വായ്പകൾ ൯൨-ാം നമ്പർ സർക്യുലറിൽ പറഞ്ഞിട്ടുള്ളമാതിരി പുതുക്കി ൧൧-ാം നമ്പർ സ്റ്റേററുമെൻറുമാറി ശരിയായി തയ്യാറാക്കേണ്ടതാണ്. ഇതിൽ എല്ലാ മെമ്പറന്മാരും ഒപ്പിട്ടിരിക്കേണ്ടതും അതിന്റെ ഒരു പകർപ്പു ഇവിടെ അയക്കേണ്ടതുമാകുന്നു. (൫) സംഘത്തിൽ ആർ. ടി. ആർ. കിട്ടുന്ന തീയതിയും പണം വാങ്ങിക്കുന്ന തീയതിയും അംഗങ്ങൾക്കു പണം വീതിച്ചു കൊടുക്കുന്ന തീയതിയും ഇവിടെ റിപ്പോർട്ടു ചെയ്യണം. സ്ഥലത്തുള്ള യൂനിയനിലേക്കോ സ്ഥലം ഇൻസ്പെക്ടർക്കോ എഴുതി അയച്ചാൽ യൂനിയൻ സിക്രട്ടറിയോ ഇൻസ്പെക്ടരോ സംഘം ആഫീസ്സിൽ ഹാജരായി പണം വീതിച്ചുകൊടുക്കുന്നതിനു വേണ്ട സഹായം ചെയ്തു തരുന്നതാണ്. (൬) ഇന്നിന്ന കാര്യങ്ങൾക്കു മാത്രമേ ഈ വായ്പ കൊടുക്കാവൂ എന്നു ഗവണ്മെൻറിൽനിന്നും നിശ്ചയിച്ചിട്ടുള്ള സംഗതി കമ്മിററിക്കാർ പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ഏതെങ്കിലും ഒരു വായ്പ ദുരുപയോഗപ്പെടുത്തി എന്നു കമ്മിററിക്കു ബോദ്ധ്യമാകുന്നപക്ഷം മാതൃകാനിബന്ധന ൪൧-ാം വകുപ്പുപ്രകാരം മുഴുവൻ തുകയും പലിശയോടുകൂടി ഈടാക്കുന്നതിനു നടപടി നടത്തേണ്ടതാകുന്നു. ഈ സംഗതി ഓരോ അംഗങ്ങളേയും പ്രത്യേകം പറഞ്ഞു മനസ്സിലാക്കേണ്ടതാണ്.

സർക്യുലർ ൯൭.

പരസ്പരസഹായപ്രവൃത്തിയിൽ അനുഭവം സിദ്ധിച്ചിട്ടുള്ള ഒരാളിൽനിന്നും സമയോചിതമായ ഒരു പ്രശ്നം കിട്ടിയിരിക്കുന്നു. അതു

പ്രശ്നത്തിന്റെ വിഷയം അടുത്തകാലത്തുണ്ടായ ജലപ്രളയംനിമിത്തം ഏതാനും സംഘങ്ങൾക്കു നഷ്ടപ്പെട്ടുപോയിട്ടുള്ള റിക്കാർട്ടുകളാണ്. ഏതെങ്കിലും അപ്രചാരിതമായ സംഭവംമൂലം ഒരു സംഘത്തിലെ റിക്കാർട്ടുകൾ നശിച്ചുപോകുന്നപക്ഷം അവയെ എങ്ങിനെ ശരിപ്പെടുത്താൻ സാധിക്കും എന്നു അദ്ദേഹം ചോദിക്കുന്നു. അദ്ദേഹംതന്നെ അതിന്റെ പ്രതിവിധികൾ നിർദ്ദേശിക്കുന്നു. അതാവിതു:- (എ) എല്ലാം ഇടപാടുകളെ സംബന്ധിച്ചും പൂർണ്ണവിവരങ്ങൾ അടങ്ങിയ പാസ്ബുക്കുകൾ എല്ലാ മെമ്പറന്മാർക്കും സംഘങ്ങൾ കൊടുക്കണമെന്നും. (ബി) സംഘങ്ങളുടെ ദിവസേനയുള്ള നാൾവഴിയുടെ ശരിപകർപ്പുകൾ അതതു യൂണിയനിലേക്കോ ഈ ആഫീസിലേക്കോ അയക്കണം എന്നും ആണ്. ഒടുവിൽ പറയുന്ന പ്രതിവിധി ശ്രമസാദ്ധ്യവും അനുസരണമായ പ്രയോജനം ഉണ്ടാകുന്നതല്ലെന്നു കാണാവുന്നതും ആണ്. എല്ലാ മെമ്പറന്മാർക്കും പാസ്പുസ്തകങ്ങൾ കൊടുക്കണമെന്നുള്ള അഭിപ്രായം വിലയേറിയതും പൊതുവെ അംഗീകരണീയവും ആകുന്നു. ഇപ്പോൾ ഉദ്ദേശിക്കുന്ന കാര്യത്തിന്നു പുറമെ ഈ ഏർപ്പാടിന്നു പല ഗുണങ്ങളും ഉള്ളതാണ്. എ. ഓരോ മെമ്പർക്കു സംഘവുമായുള്ള ഇടപാടുകളുടെ അപ്പോഴപ്പോൾ ഉള്ള സ്ഥിതി അറിയാൻകഴിയും. ബി. മെമ്പറന്മാർ ഈ ബുക്കുകളെ യോഗങ്ങളിൽ ഹാജരാക്കുന്നപക്ഷം അവയെ സംഘംവക റിക്കാർട്ടുകളുമായി ഒത്തുനോക്കി തെറ്റുകൾ തിരുത്തുന്നതിനും വിട്ടുപോയ ഭാഗങ്ങൾ ചേർക്കുന്നതിനും കഴിവുണ്ടാകുന്നതാണ്. സി. എല്ലാ മെമ്പറന്മാർക്കും നിഷ്പ്രയാസം വിവരം ഗ്രഹിക്കാൻ കഴിയുന്നതുകൊണ്ടു സംഘം കമ്മിററിക്കാരുടെ പേരിൽ സാധാരണയുണ്ടാകുന്ന അടിസ്ഥാനരഹിതങ്ങളായ ദുശ്ശങ്കകൾക്കു ഇടവരുന്നതല്ല. തൻമൂലം അവർക്കു സംഘനിബന്ധനകളെ നിർബന്ധമായി നടപ്പിൽകൊണ്ടുവരാമെന്നുള്ളതാകുന്നു.

മെമ്പറന്മാർക്കു പാസ്ബുക്കുകൾ കൊടുക്കുന്ന രീതി ഏതാനും സംഘങ്ങൾ നടപ്പിലാക്കീട്ടുണ്ട്. എല്ലാ സംഘങ്ങളുടേയും അറിവിന്നായി പാസ്പുസ്തകത്തിന്റെ മാതൃകാവശങ്ങൾ ഇതിനടിയിൽ ചേർക്കുന്നു. പാസ്പുസ്തകങ്ങൾ മദ്രാസ് സെൻട്രൽ കോവാപ്പറേറ്റീവ് പ്രസ്സിൽ വിലയ്ക്കു കിട്ടുന്നതാണ്. സംഘങ്ങൾ ഈ ഏർപ്പാടു നടപ്പിൽ വരുത്തി അവരവരുടെ ആവശ്യങ്ങൾ ൧൧-ാംനമ്പർ തിരുവിതാംകൂർ പരസ്പരസഹായയൂണിയൻ (ക്ലിപ്തം) സെക്രട്ടറിയെ അറിയിക്കുന്ന

തായാൽ ആവശ്യമുള്ള ബുക്കുകൾ ഒന്നിച്ചു അച്ചടിപ്പിച്ചു കുറഞ്ഞ വിലയ്ക്കു തരുന്നതിനു അദ്ദേഹം ഏർപ്പാടു ചെയ്യുന്നതാണു.

മെമ്പറന്മാരുടെ പാസ്സുബുക്ക്.

(ഒന്നാമത്തെ പുറം)

സംഘത്തിന്റെ നമ്പരും പേരും

പാസ്സുപുസ്തകം.

മെമ്പരുടെ പേര്...

തൊഴിൽ...

വാസസ്ഥലം.......................................

പ്രവേശനനമ്പർ.............................പാസ്സുബുക്കുനമ്പർ...............................

(രണ്ടാമത്തെ പുറം.)

ഓഹരിത്തവണകൾ. (൩. പുറം ഇതിനു വിടണം.)

ഓഹരി		അച്ചുപ്പ്രവേശന ഫീസ്			അടക്കേണ്ട തവണ തുക			അടച്ച തീയതി	അടച്ച തുക			അടച്ച പിഴ			സെക്രട്ടറിയുടെ അടയാളം
എടുത്ത തീയതി	എണ്ണം	രൂ.	ച.	കാ	രൂ	ച.	കാ		രൂ.	ച.	കാ	രൂ.	ച.	കാ	

വായ്പകൾ. പുറം

വായ്പനമ്പർ	തീയതി	വായ്പത്തുക	വസൂലടച്ച						അടച്ചപിഴ			ആകെ	
			മുതൽ			പലിശ							
			രൂ.	ച.	കാ	രൂ.	ച.	കാ	രൂ.	ച.	കാ	രൂ.	ച.

നിക്ഷേപങ്ങൾ.

പലിശക്രമം, കറൻറ് (... പുറം

തീയതി	അടച്ചതോ പിൻവലിച്ചതോ ആയ തുക (അക്ഷരത്തിൽ)	നിക്ഷേപിച്ച തുക			പിൻവലിച്ച തുക			ബാക്കി			സെക്രട്ടറിയുടെ അടയാളം.
		രൂ.	ച.	കാ	രൂ.	ച.	കാ	രൂ.	ച.	കാ	

സ്ഥിരനിക്ഷേപം.

പലിശക്രമം (... പുറം

തീയതി	നിക്ഷേപിച്ച തുക (അക്ഷരത്തിൽ)	നിക്ഷേപിച്ച തുക (അക്കത്തിൽ)			മടക്കിവാങ്ങേണ്ട തീയതി	മടക്കിവാങ്ങിയ തീയതി	മടക്കിവാങ്ങിയ						ബാക്കി			സെക്രട്ടറിയുടെ അടയാളം
							തുക			പലിശ						
		രൂ.	ച.	കാ.			രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	കാ.	

റക്കറിംഗ് ഡിപ്പോസിററ്

മാസംതോറും അടയ്ക്കുന്ന സംഖ്യ (അക്ഷരത്തിൽ) (൩. പുറം

തീയതി	തുക			ഈടാക്കിയ പിഴ			ആകെ നിക്ഷേപിച്ച തുക			സെക്രട്ടറിയുടെ അടയാളം
	രൂ.	ച.	കാ	രൂ.	ച.	കാ	രൂ.	ച.	കാ	

സേവിംഗ്സ് ഡിപ്പോസിററ്.

പലിശക്രമം

തീയതി	ഒടുക്കിയതോ പിൻവലിച്ചതോ ആയ തുക (അക്ഷരത്തിൽ)	നിക്ഷേപിച്ച തുക			പിൻവലിച്ച തുക			ബാക്കി			സെക്രട്ടറിയുടെ അടയാളം
		രൂ.	ച.	കാ	രൂ.	ച.	കാ	രൂ.	ച	കാ	

ഭണ്ഡാരത്തിലേക്കുള്ള

പലിശക്രമം (൨ പുറം

തീയതി	നിക്ഷേപിച്ച തുക			നാളിതുവരെ നിക്ഷേപിച്ച തുകകളുടെ			തിരിച്ചുവാങ്ങിയ തുക			പലിശ			ഒപ്പ്
	രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	കാ.	

ചിട്ടിനിക്ഷേപം (൩ പുറം

തവണത്തീയതി	തവണ അടച്ച തീയതി				വീഴ്ചകൊണ്ടുള്ള പലിശ			പിഴ			ഒപ്പ്
	തവണനമ്പർ	അടച്ച തുക									
		രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	കാ.	

൧൭. അംഗം.

വകുപ്പ് ൬.

ഒരു സംഘത്തിലെ അംഗങ്ങളുടെ ബാധ്യത ഓഹരികളാൽ ക്ളിപ്തപ്പെടുത്തിയിരിക്കുന്ന രജിസ്തർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സംഘമല്ലാതെ യാതൊരംഗവും—

(എ) സംഘത്തിന്റെ ഓഹരി മൂലധനത്തിൽ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്നതായി പരമാവധി അഞ്ചിലൊന്നിൽ അധികമാകാതെയുള്ള ഭാഗത്തിൽ കൂടുതലായി വച്ചുകൊണ്ടിരിക്കുകയോ, അല്ലെങ്കിൽ (ബി) ആയിരം രൂപയിൽ കൂടുതലായി സംഘത്തിന്റെ ഓഹരികളിൽ വല്ല അവകാശവും അയാൾക്ക് ഉണ്ടായിരിക്കുകയോ അയാൾ അവകാശപ്പെടുകയോ ചെയ്യാൻ പാടുള്ളതല്ല.

കളിപ്പണമോ്യ ഹരും ഒരു ഓഹരി മൂലധനവും ഉള്ള സംഘങ്ങളിലെ അംഗങ്ങളുടെ അവകാശം സംബന്ധിച്ച ക്ളിപ്ത നിർബന്ധനകൾ.

വകുപ്പ് ൧൭—

൧. രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘത്തിലെ ഒരു സാമാജിക സ്ഥാനം സംബന്ധിച്ച ആ സംഘത്തിന്റെ ചട്ടങ്ങളോ ഉപനിയമങ്ങളോ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന തുക ഒടുക്കാത്തപക്ഷമോ ഒടുക്കുന്നതുവരെയോ അല്ലെങ്കിൽ അപ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അവകാശം അയാൾക്ക് ആ സംഘത്തിൽ സിദ്ധിക്കാത്തപക്ഷമോ സിദ്ധിക്കുന്നതുവരെയോ യാതൊരംഗവും ഒരംഗത്തിന്റെ അവകാശങ്ങൾ, ൨൦-ാം വകുപ്പിൽ മററുപ്രകാരത്തിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതൊഴികെ വിനിയോഗിക്കാൻ പാടുള്ളതല്ല.

നിർദ്ദിഷ്ടമായ തുക പ്രകാരം ഒടുക്കുന്നതുവരെ അംഗം അവകാശങ്ങൾ വിനിയോഗിക്കാൻ പാടുള്ളതല്ല

(൨) ഈ ആക്ട് നടപ്പിൽ വരുന്നതിനുശേഷം രജിസ്റ്റർ ചെയ്ത ഒരു സംഘത്തിന്റെ കാര്യത്തിൽ ആ സംഘം രജിസ്തർ ചെയ്യുന്നതിനായി ബോധിപ്പിച്ച അപേക്ഷയിൽ ഒപ്പിട്ടിട്ടുള്ള ആളുകൾ സംഘം രജിസ്തർചെയ്ത തീയതിമുതൽ മൂന്നുമാസത്തേക്കോ അല്ലെ

ങ്കിൽ രജിസ്ട്രാർ ആശാസ്യമെന്നു വിചാരിക്കാവുന്ന കൂടുതൽ കാലത്തേക്കോ ആ സംഘത്തിൽ കാര്യങ്ങൾ നടത്തുന്നതിലേക്ക ഒരു കമ്മിററിയെ തിരഞ്ഞെടുക്കാവുന്നതാണ്.

എന്നാൽ ആ സംഘത്തിലെ അംഗങ്ങൾ അതിൻെറ ഉപനിയമങ്ങളനുസരിച്ചു ഒരു കമ്മിററിയെ തിരഞ്ഞെടുത്ത ഉടനെ മേൽ പറഞ്ഞ കമ്മിററിയുടെ ജോലി അവസാനിക്കുന്നതാണ്.

വകുപ്പു: ൨ ൧.—

(൧) ഒരു സംഘത്തിലെ ഒരംഗം മരിച്ചാൽ, അയാൾ സംഘത്തിൻെറ ചട്ടങ്ങളും ഉപനിയമങ്ങളും അനുസരിച്ചു മുറപ്രകാരം പ്രവേശിച്ചിട്ടുള്ള അംഗമായിരിക്കുന്ന പക്ഷം, സംഘം, ആ അംഗം, മരിച്ചതു മുതൽ ഒരുകൊല്ലത്തിനകം, മരിച്ച അംഗത്തിൻെറ ഓഹരിയൊ അവകാശമൊ, സംഘത്തിൻെറ ചട്ടങ്ങളും ഉപനിയമങ്ങളും അനുസരിച്ചു നിയമിക്കപ്പെട്ടിട്ടുള്ള ആളിനൊ ആളുകൾക്കോ അല്ലെങ്കിൽ അപ്രകാരം യാതൊരുത്തരേയും നിയമിച്ചിട്ടില്ലെങ്കിൽ, മരിച്ച ആൾ സംഘത്തിൽ മുറപ്രകാരം പ്രവേശിച്ചിട്ടുള്ള ഒരംഗമായിരിക്കുന്ന പക്ഷം അയാളുടെ അവകാശിയൊ നിയമാനുസൃതമായ പ്രതിനിധിയൊ ആണെന്നു കമ്മററിക്കു തോന്നാവുന്ന ആളിനൊ കൈമാററം ചെയ്കയൊ അല്ലെങ്കിൽ ചട്ടങ്ങളുടെയും ഉപനിയമങ്ങളുടെയും പ്രകാരം ആ അംഗത്തിൻെറ ഓഹരിയുടേയൊ അവകാശത്തിൻേറയൊ വിലയായി നിർണ്ണയിച്ചിട്ടുള്ള തുക കാര്യത്തിൻെറ അവസ്ഥപോലെ, അപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ആളിനൊ അവകാശിക്കൊ നിയമാനുസൃതമായ പ്രതിനിധിക്കൊ കൊടുക്കുകയൊ ചെയ്യാവുന്നവയാണ്.

> ഒരംഗം മരിച്ചാലുള്ള അവകാശക്കൈമാററം.

എന്നാൽ മേൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ നിർണ്ണയിക്കപ്പെട്ട ആ അംഗത്തിൻെറ ഓഹരിയുടേയൊ അവകാശത്തിൻേറയൊ വില ആ അംഗംമരിച്ചതു മുതൽ ഒരു കൊല്ലത്തിനകം സംഘം കൊടുക്കണമെന്നു, കാര്യത്തിൻെറ അവസ്ഥപോലെ, അപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ആളോ, അവകാശിയൊ, നിയമാനുസൃതമായ പ്രതിനിധിയൊ അവകാശപ്പെടാവുന്നതാണ്.

(൨) മരിച്ച അംഗത്തിനു സംഘത്തിൽനിന്നു ചെല്ലേണ്ട മററെല്ലാ പണവും, സംഘം ൨൭-ാംവകുപ്പിലെ വ്യവസ്ഥകൾക്കുൾപ്പെട്ടും അധികാരമുള്ള ഒരു കോടതി ഉത്തരവുമൂലം തടഞ്ഞിട്ടില്ലാത്തപക്ഷവും,

കാര്യത്തിന്റെ അവസ്ഥപോലെ, അപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ആളിനൊ, അവകാശിക്കൊ, നിയമാനുസൃതമായ പ്രതിനിധിക്കൊ കൊടുക്കേണ്ടതാണ്.

(൩) ഈ വകുപ്പിലെ വ്യവസ്ഥയനുസരിച്ച് ഒരു സംഘം ചെയ്യുന്ന എല്ലാ കൈമാററങ്ങളും പണം കൊടുക്കലുകളും മററു വല്ല ആൾക്കും ആ സംഘത്തിന്മേലുള്ള വല്ല അവകാശത്തിനും എതിരായി സാധുവായും സഫലമായും ഇരിക്കുന്നതാകുന്നു.

വകുപ്പ്: ൨൩.

മുമ്പ് അംഗമായിരുന്ന ആളിനോ മരിച്ച അംഗത്തിന്റെ സ്വത്തിനോ ഉള്ള ബാദ്ധ്യത.

രജിസതർ ചെയ്യപ്പെട്ട ഒരു സംഘത്തിന്റെ കടങ്ങൾക്ക് അതിൽ മുമ്പ് അംഗമായിരുന്ന ഒരാൾക്കോ മരിച്ച ഒരംഗത്തിന്റെ സ്വത്തിനൊ ഉള്ള ബാദ്ധ്യത, കാര്യത്തിന്റെ അവസ്ഥപോലെ, അയാൾ ഒരു അംഗമായിരിക്കുന്നതു് അവസാനിച്ചതോ, അയാൾ മരിച്ചതോ ആയ തീയതിയിൽ ഇരുന്നിരുന്നതു പോലെ തന്നെ ആ തീയതി മുതൽ രണ്ടു കൊല്ലക്കാലത്തേക്കു തുടർന്നിരിക്കുന്നതാണ്.

ചട്ടം: ൧.

അവകാശിയുടെ നിർദ്ദേശം

ഒരു സംഘത്തിലെ ഓരോ അംഗവും മൂലധനത്തിലുള്ള അയാളുടെ ഓഹരിയോ താൽപര്യമോ ആക്ടിലെ ൨൧-ാം വകുപ്പും പ്രകാരം കൈമാററം ചെയ്തു കൊടുക്കാവുന്നതൊ, അല്ലെങ്കിൽ ആ വകുപ്പു (൨)-ാം ഉപവകുപ്പിൻ പ്രകാരം കൊടുക്കാവുന്ന അതിന്റെ വിലയൊ ഏതെങ്കിലും തുകയൊ കൊടുക്കാവുന്നതൊ ആയ, ഒരാളിനെ നിർദ്ദേശിക്കാവുന്നതാണ്. അപ്രകാരമുള്ള അംഗം അപ്രകാരമുള്ള നിർദ്ദേശത്തെ അപ്പോഴപ്പോൾ റദ്ദ്ചെയ്കയോ ഭേദപ്പെടുത്തുകയൊ ചെയ്യാവുന്നതാണ്. അയാൾ മരിക്കുമ്പോൾ സംഘം ആ നിർദ്ദേശത്തിനു പ്രാബല്യം കൊടുക്കേണ്ടതാകുന്നു. എന്നാൽ,

(൧) നിർദ്ദേശം രേഖാമൂലം ആയിരിക്കയും, അതിനെ സാക്ഷ്യപ്പെടുത്തുന്നതായി കുറഞ്ഞപക്ഷം രണ്ടു സാക്ഷികളുടെയെങ്കിലും മുമ്പിൽ വച്ചു മരിച്ചയാൾ ഒപ്പിട്ടിട്ടുള്ളതായിരിക്കയും

(ഖ) നിർദ്ദേശം രജിസ്ത്രർ ചെയ്യുന്നതിലേക്ക സൂക്ഷിച്ചിട്ടുള്ള സംഘം വക പുസ്തകങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടായിരിക്കയും ചെയ്യേണ്ടതും,

(ഗ) നിർദ്ദേശിക്കപ്പെട്ട കമ്മിററി നിർദ്ദേശിക്കപ്പെട്ടയാളെ പ്രവേശിപ്പിച്ചാൽ മാത്രം ഒരംഗമായി തീരുന്നതും ആകുന്നു.

ക്ലിപ്തരഹിതമായ ബാദ്ധ്യതയോടുകൂടിയ ഒരു സംഘത്തിന്റെ മൂലധനത്തിൽ മരിച്ച ഒരംഗത്തിന്റെ ഓഹരിയേയൊ താൽപര്യത്തേയൊ പ്രതിനിധീകരിക്കുന്ന തുക ൩൬-ാംവകുപ്പ് (എ)-ാംവകുപ്പിന്റെ കാര്യത്തിലേക്ക അയാൾക്കുണ്ടായിരുന്ന ഓഹരിയുടേയൊ താൽപര്യത്തിന്റെയൊ വിലയുടെ യഥാർത്ഥത്തിൽ കൊടുത്ത തുകയായിരിക്കുന്നതാണ്.

ചട്ടം. ൪൪.

ഒന്നിലധികം സംഘങ്ങളിൽ അംഗമായിരിക്കുന്നതിനെ സംബന്ധിച്ച നിയന്ത്രണം

പണം കൊടുക്കുന്ന ഏർപ്പാടുള്ള ഒരു ബാങ്ക് ഒഴികെ ഒരു ക്രെഡിററു സംഘത്തിലെ ഒരംഗമായിരിക്കുന്ന യാതൊരാളും രജിസ്ട്രാരുടെ സാമാന്യമോ പ്രത്യേകമോ ആയ രേഖാമൂലമായ സമ്മതം കൂടാതെ മറേറതെങ്കിലും ക്രെഡിററു സംഘത്തിലെ ഒരംഗമായിരിക്കാൻ പാടില്ലാത്തതും ഒരാൾ അപ്രകാരമുള്ള രണ്ടു ക്രെഡിററു സംഘങ്ങളിൽ അംഗമായി ചേർന്നാൽ അപ്രകാരമുള്ള സംഘങ്ങളിൽ ഏതെങ്കിലും ഒന്നോ രണ്ടുമോ അയാളെ അംഗത്തിന്റെ സ്ഥാനത്തുനിന്നു മാററാൻ രജിസ്ട്രാർ രേഖാമൂലമായി ആവശ്യപ്പെട്ടാൽ അങ്ങനെ ചെയ്വാൻ ബാദ്ധ്യതപ്പെട്ടിരിക്കുന്നതുമാകുന്നു.

ചട്ടം ൪൫.

വീഴ്ച വരുത്തുന്ന അംഗങ്ങളുടെ അവശതകൾ.

താൻ എടുത്തിട്ടുള്ള വല്ല വായ്പയേയോ വായ്പകളേയോ സംബന്ധിച്ച അപ്പോഴും വീഴ്ചവരുത്തിയിരിക്കുന്നതൊ സംഘത്തിന്റെ ഉപനിയമങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള കാലത്തേക്ക അല്ലെങ്കിൽ ഏതു സംഗതിയിലും മൂന്നു മാസത്തിൽ കൂടുതലായ ഒരു കാലത്തേക്ക താൻ ജാമ്യം നിന്നിട്ടുള്ള വായ്പകളേയോ സംബന്ധിച്ച വീഴ്ച വരുത്തിയിരിക്കുന്നതൊ ആയ ഒരു അംഗത്തെ സംഘം അതിന്റെ കമ്മിററിയിലോ വേറൊരു സംഘത്തിന്റെ കമ്മിററിയിലോ അല്ലെങ്കിൽ വേറൊരു സംഘത്തിൽ പ്രതിനിധീകരിക്കുന്നതിനും വോട്ടുചെയ്യുന്നതിനുമൊ നിയമിക്കാൻ പാടില്ല. അതിന്റേയോ വേറൊരു സംഘത്തിന്റേയോ കമ്മിററിയിൽ വോട്ടുചെയ്യുന്നതിനു നിയമിക്കപ്പെട്ടിട്ടുള്ള ഒരു സംഘത്തിലെ ഏതൊരംഗവും ഉപനിയമത്തിൽ നിർണ്ണയി

ച്ചിട്ടുള്ള കാലത്തേയ്ക്കോ ഏതൊരു സംഗതിയിലും മൂന്നുമാസക്കാലത്തേയ്ക്കോ താൻ അംഗമായിരിക്കുന്ന സംഘത്തിനു വഴക്കാരനായിരിക്കുന്നപക്ഷം ആ നിലയിൽ അയാൾ ഉദ്യോഗം വഹിക്കാൻ പാടില്ലാത്തതാകുന്നു.

ഒരു സംഘത്തിന്റെ ഉപനിയമങ്ങളിലെ വ്യവസ്ഥകളനുസരിച്ചു പുറത്തു തള്ളപ്പെട്ട യാതൊരംഗവും അപ്രകാരം തള്ളിക്കളഞ്ഞ തിയതി മുതൽ രണ്ടു സംവത്സരക്കാലത്തേക്ക് ആ സംഘത്തിലെ ഒരംഗമായോ മറ്റേതെങ്കിലും സംഘത്തിലെ ഒരംഗമായോ വീണ്ടും പ്രവേശനം ലഭിക്കുന്നതിനു യോഗ്യനായിരിക്കുന്നതല്ല.

എന്നാൽ പ്രത്യേക സ്ഥിതിഗതികളിൽ രജിസ്ട്രാറുടെ കാര്യത്തിന്റെ അവസ്ഥപോലെ അതേ സംഘത്തിലേയോ മറ്റേതെങ്കിലും സംഘത്തിലേയോ ഒരംഗമായി പ്രസ്തുതകാലത്തിനുള്ളിൽ അപ്രകാരമുള്ള വല്ല അംഗത്തേയും വീണ്ടും പ്രവേശിക്കുന്നതിനോ പ്രവേശിപ്പിക്കുന്നതിനൊ അനുവദിക്കാവുന്നതാണ്.

സർക്കുലർ: ൪൧.

ചില സംഘങ്ങളിലെ റിക്കാർഡുകൾ പരിശോധിച്ചതിൽ സംഘാതിർത്തിക്കു പുറമെ താമസിക്കുന്നവരേയും സംഘനിബന്ധനകളിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള ജാതിക്കാരെ കൂടാതെ ഇതരജാതിക്കാരേയും സംഘാംഗങ്ങളായി ചേർത്തുകാണുന്നു. മറ്റു ചില സംഘങ്ങളിൽ മാനേജിംഗ് കമ്മിറ്റിക്കാരുടെ അനുവാദം കൂടാതെ സെക്രട്ടറിമാർ മെംബറന്മാരെ ചേർത്തിരിക്കുന്നു. ഈ നടപടികൾ പരക്കെ നിയമവിരുദ്ധവും ആണ്. കൂടാതെ ഒരു സെക്രട്ടറി എത്രതന്നെ സമർത്ഥനും പൊതുക്കാര്യപ്രസക്തനും ശ്രദ്ധാബുദ്ധിയുള്ളവനും ആയിരുന്നാൽ തന്നെയും സംഘാംഗങ്ങളെ ചേർക്കുന്നതിനുള്ള അധികാരം സെക്രട്ടറിക്കു മാത്രമായി വിട്ടുകൊടുക്കുന്നതു് ആശാസ്യമൊ ആദരണീയമൊ ആയുള്ളതല്ല. പുതിയതായി സംഘാംഗങ്ങളെ ചേർക്കുന്നതിനു കമ്മിറ്റിയുടെ അനുവാദം അത്യാവശ്യമായി വേണ്ടതാണെന്നുള്ളതിലും നിബന്ധനകൾ ശരിയായി അനുസരിച്ചു പ്രവർത്തിക്കുന്ന വിഷയത്തിലും മാനേജിംഗ് കമ്മിറ്റിയുടെ ശ്രദ്ധ പ്രത്യേകം ഉണ്ടായിരിക്കേണ്ടതാണു.

സർക്കുലർ. ൧൦൨.

പരസ്പരസഹായസംഘ ആക്ട് അനുസരിച്ചു രജിസ്റ്റർ ചെയ്യിട്ടില്ലാത്തതായ പ്രാദേശിക സമാജങ്ങളേയും സമൂഹങ്ങളേയും ചില പരസ്പര

സഹായസംഘങ്ങൾ അവയിലെ അംഗങ്ങളായി ചേർന്നുവരുന്നതായി കണ്ടുവരുന്നു. ഈ നടപടി ശരിയല്ലാത്തതും നിയമവിരുദ്ധവുമാണ്. വ്യക്തികളെ മാത്രമേ ഒരു സംഘത്തിൽ അംഗങ്ങളായി ചേർക്കാവൂ. ൧൦൯൫-ലെ ൧൦-ാം നമ്പർ പരസ്പരസഹായസംഘം ആക്ട് ൨൦-ം ൩൩-ം വകുപ്പുകൾ നോക്കുക. എന്നാൽ ൩൩-ാം വകുപ്പിൽ ആക്ട് പ്രകാരം രജിസ്തരാക്കീട്ടുള്ള പരസ്പരസഹായസംഘങ്ങൾക്ക് അപ്രകാരമുള്ള മററു സംഘങ്ങളുടെ അംഗങ്ങളായി ചേരാമെന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. ഐക്യസംഘങ്ങൾ, സെൻട്രൽബാങ്കുകൾ, താലൂക്കുബാങ്കുകൾ, മുതലായവ ഇതിലേക്ക് ഉദാഹരണങ്ങളാണ്.

ഇൻസ്പെക്ടറന്മാരും ഐക്യസംഘങ്ങളും എല്ലാ സംഘങ്ങളിലുമുള്ള പ്രവേശനരജിസ്തരുകൾ ശരിയായി പരിശോധിച്ച് ഇപ്രകാരമുള്ള ന്യൂനതകൾ കാണുകയാണെങ്കിൽ ഉടൻ പരിഹരിക്കാനുള്ള നടപടി നടത്തണം. അപ്രകാരമുള്ള അംഗങ്ങളെ രജിസതരിൽ നിന്നും മാററുന്നതിനു മുമ്പ് ആ അംഗങ്ങൾ ഏററിട്ടുള്ള ചുമതലകൾ എല്ലാം പൂർത്തിയായി തീർത്തിരിക്കണമെന്നു സൂക്ഷിക്കേണ്ടതാണ്.

ഈ സക്ക്യുലർ തൊറിദ്ധരിച്ചു മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളുമായി യാതൊരു ഇടപാടും പരസ്പരസഹായസംഘങ്ങൾക്കു പാടില്ല എന്നു അർത്ഥമാക്കിക്കൂടാത്തതാണ്. അവകളുടെ സംഘങ്ങളിലെ അംഗങ്ങളായി ചേരുന്ന കാര്യത്തിൽ മാത്രമേ നിയമം തടയുന്നുള്ളൂ. പരസ്പരസഹായസംഘങ്ങൾക്ക് ഈ സ്ഥാപനങ്ങളിൽ നിന്നും നിക്ഷേപങ്ങളോ, വായ്പകളോ സ്വീകരിക്കുന്നതിനു വിരോധമില്ലാത്തതാണ്. വളരെ സംഘങ്ങൾ ഇത്തരം സ്ഥാപനങ്ങളിൽനിന്നും നിക്ഷേപങ്ങൾ സ്വീകരിച്ചിട്ടുണ്ടു. ആക്ട് ൨൦-ാംവകുപ്പിൽ ഈ കാര്യം വ്യക്തമായി പറയുന്നു. അതു താഴെ പറയുംപ്രകാരമാണു.—"ഒരു രജിസ്തർ ചെയ്യപ്പെട്ട സംഘത്തിൽ മെംബറന്മാരല്ലാത്ത ആളുകളിൽനിന്നും ചട്ടങ്ങളാലോ, ബൈലാസുകളാലൊ നിർണ്ണയിക്കപ്പെടാവുന്നിടത്തോളവും അങ്ങിനെ നിർണ്ണയിക്കപ്പെട്ട നിശ്ചയങ്ങൾ പ്രകാരവും മാത്രമേ, ഡിപ്പാസിററുകളും കടങ്ങളും വാങ്ങുവാൻ പാടൊള്ളൂ". ഈ വകുപ്പിൽ, ഓരോ സംഘത്തിനും വാങ്ങാവുന്ന കടബാദ്ധ്യതയുടെ പരമാവധി നിർണ്ണയിച്ചു വ്യവസ്ഥചെയ്തിട്ടുള്ള നിബന്ധനയെയാണ് ഉദ്ദേശിക്കുന്നതു. അതു മാതൃകാനിബന്ധന ൧൦ ആകുന്നു.

സക്ക്യുലർ: ൧൦൩.

പരസ്പരസഹായസംഘങ്ങളിലെ അംഗങ്ങളെ തിരിച്ചറിയാനുള്ള ലക്ഷ്യങ്ങൾ ആക്ഷേപരഹിതമായും സംശയാധീനമല്ലാതെയും

ഇരിക്കേണ്ടതാണ്. അല്ലാത്തപക്ഷം വ്യവഹാരങ്ങൾക്കെന്നല്ല, നഷ്ടങ്ങൾക്കുകൂടി ഇടയാകുന്ന വൈഷമ്യങ്ങൾ ഉണ്ടായേക്കാം. ഇപ്രകാരം സംഭവിക്കാതെയിരിക്കുന്നതിനാണ് ഒരു സംഘത്തിലെ ഒരു അംഗം പിൻതുടർച്ചാവകാശങ്ങളെ സംബന്ധിച്ച ചെയ്യുന്ന വ്യവസ്ഥകൾ (൧ ൦-ാംനിബന്ധന) രണ്ടു സാക്ഷികളുടെ മുമ്പാകെ വച്ചു ചെയ്യപ്പെടണമെന്നും അവയിൽ അവർകൂടി ഒപ്പിട്ടിരിക്കണമെന്നും വ്യവസ്ഥചെയ്തിരിക്കുന്നതു്. ഇതുപോലെതന്നെ പ്രവേശനരജിസ്തരിൽ എഴുതപ്പെടുന്ന വിവരങ്ങളേയും അംഗങ്ങൾ സാക്ഷിപ്പെടുത്തേണ്ടതാണെന്ന് ആ രജിസ്തരിനു നിശ്ചയിച്ചിട്ടുള്ള ഫാറത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കടംവായ്പകളെ സംബന്ധിച്ച പ്രമാണങ്ങളും ശരിയായ വിധത്തിൽ സാക്ഷിപ്പെടുത്തപ്പെടേണ്ടതാണ്. തിരിച്ചറിയാവുന്ന വിധത്തിൽ പേരെഴുതി ഒപ്പ് ഇടാൻ കഴിയാത്ത ഒരു അംഗത്തിന്റെ സാക്ഷീകരണങ്ങൾ തൃപ്തികരവും നിയമകോടതികളിൽ സ്വീകരിക്കപ്പെട്ടവരുന്ന രീതിയിലും ആയിരിക്കേണ്ടതാണ്. ആ മാതിരി സാക്ഷീകരണങ്ങളെ സാധൂകരിക്കുന്നതിനു വിരൽപതിപ്പ് എടുത്തുവരുന്നു. സംഘംവക റിക്കാർഡുകളിൽ എങ്ങനെങ്കിലും വിരൽപതിപ്പു എടുക്കേണ്ടതു് സാക്ഷികളുടെ മുമ്പാകെ വച്ചു വേണ്ടതും ആ സാക്ഷികളും ഒപ്പിട്ടിരിക്കേണ്ടതും ആണ്. ഒരു സാക്ഷി മതിയാകുന്നതല്ല. ഇടത്തുകയ്യിലെ തള്ളവിരലിന്റെ പതിപ്പാണു് വിരൽ അടയാളമായി എടുക്കേണ്ടതു്. (രജിസ്തർ കച്ചേരികളിലെ നടപടിപോലെ) ഇതിലേക്കു ആവശ്യമുള്ള സാധനസാമഗ്രികൾ എല്ലാ സംഘങ്ങളിലും ഉണ്ടായിരിക്കണം. യോജിച്ചതും നല്ലതും ആയ സാമഗ്രികൾ മദ്രാസിലെ "പേരുമാൾചെട്ടി ആൻറ്സൺസ കമ്പനിക്കാരുടെ" പക്കൽനിന്നും വിലയ്ക്കു കിട്ടുന്നതാണ്. (വില ഒരു സെററിനു് ഒന്നേമുക്കാൽ രൂപാ.) കൽക്കട്ടയിലെ (ഹാരിസ്സൻറോഡിൽ വന്ന-ാംനമ്പർ കെട്ടിടത്തിൽ പ്രവൃത്തി നടത്തുന്ന) "റായിബ്രദേഴ്സ് കമ്പനിക്കാർ" ഇത ഒരു സെററുസാമഗ്രികൾ ഒന്നേകാൽ ബ്രിട്ടീഷ് രൂപാ വിലയ്ക്കു (തപാൽക്കൂലി പുറമേ) കൊടുപ്പാൻ തയ്യാറുള്ളതായും കാണുന്നു. ഐക്യസംഘങ്ങൾ ഇവയെ മൊത്തമായി വരുത്തി സംഘങ്ങൾക്ക കൊടുക്കുന്നതായാൽ കുറച്ചിലവു ബാധപ്പെടുത്താവുന്നതാണ്.

സക്കുലർ: ൧൩൭.

കൌണ്ടപുരഹിതബാദ്ധ്യതയുള്ള ഒന്നിലധികം സംഘങ്ങളിൽ ഒരാൾ അംഗമായി ചേരാൻ പാടില്ലാ എന്നു മാതൃകാനിബന്ധന ൭-ാംഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അതിനു വിപരീതമായി പല സംഘങ്ങളും പ്രവൃത്തിച്ചുവരുന്നു എന്നു് അറിയുന്നു. അപ്രകാരം പ്രവൃത്തിക്കു

ന്നുകൊണ്ടു മെമ്പറന്മാർ അവരവരുടെ സാമ്പത്തികനില പരിഗണിക്കാതെ ഒന്നിലധികം സംഘങ്ങളിൽനിന്നും കടംവാങ്ങി ശക്തിയായി അടച്ചുതീർക്കാതെ സംഘങ്ങളുടെ കുടിശിഖ വർദ്ധിക്കുന്നു. കൂടാതെ ക്ലിപ്തരഹിതബാദ്ധ്യതയുള്ള സംഘങ്ങളിൽമെംബറന്മാരുടെ ബാദ്ധ്യത അവരുടെ മുഴുവൻ വസ്തുക്കളിലും കൂടിയുള്ളതുകൊണ്ടു ക്ലിപ്തരഹിതബാദ്ധ്യതയുള്ള ഒന്നിലധികം സംഘങ്ങളിൽ ഒരാളെ മെമ്പറായി ചേർക്കാൻ പാടുള്ളതല്ല.

സർക്കുലർ: ൨൦൨.

പരസ്പരസഹായസംഘങ്ങളിലെ മെമ്പറന്മാർ അംഗങ്ങളായി ചേരുമ്പോഴും മററു ഏതെല്ലാം സംഘങ്ങളിൽ അവർ മെമ്പറന്മാരാണെന്നും വായ്പകൾ എടുക്കുമ്പോൾ ഏതെല്ലാം സംഘങ്ങളിൽബാദ്ധ്യതയുണ്ടെന്നും സംഘങ്ങളെ അറിയിക്കാതിരിക്കുന്നതുകൊണ്ടു പല വിഷമതകളും നേരിടുന്നുണ്ട്. ഈ വിവരങ്ങൾ അവർ അംഗങ്ങളായി ചേരുമ്പോൾ അപേക്ഷഫാറത്തിലും വായ്പ എടുക്കുമ്പോൾ വായ്പ അപേക്ഷഫാറത്തിലും കാണിക്കുന്നതിനു മെമ്പറന്മാരെ നിർബന്ധിക്കേണ്ടതാണ്.

൧൮. ഓഹരി.

വകുപ്പ്: ൧൯.

ഓഹരിയോ അവകാശമോ കൈമാററം ചെയ്യുന്നതു സംബന്ധിച്ചു ക്ലിപ്തനിബന്ധനകൾ

(൧) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘത്തിന്റെ മൂലധനത്തിൽ ഒരംഗത്തിനുള്ള ഓഹരിയോ അവകാശമോ കൈമാററം ചെയ്യുകയോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്യുന്നത് ഈ ആക്ററിനാലോ ചട്ടങ്ങളാലോ നിർണ്ണയിക്കപ്പെട്ടേക്കാവുന്ന കൈവശപരമാവധി സംബന്ധിച്ച നിബന്ധനകൾക്കു വിധേയമായിരിക്കേണ്ടതാകുന്നു.

(൨) ഏതെങ്കിലും സംഘത്തിന്റെ ഒരംഗം എടുത്തിരിക്കുന്ന ഓഹരിയോ അതിന്റെ വല്ല ഭാഗമോ, അല്ലെങ്കിൽ ആ സംഘത്തിന്റെ മൂലധനത്തിലോ വസ്തുവകകളിലോ അയാൾക്കുള്ള അവകാശമോ അതിന്റെ വല്ല ഭാഗമോ,

(എ) ആവക ഓഹരിയോ അവകാശമോ അയാൾക്കു ഒരു കൊല്ലത്തിൽ കുറയാത്ത കാലത്തേക്കു ഉണ്ടായിരിക്കുകയും,

(ബി) കൈമാററം ചെയ്യുന്നതോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്യുന്നതു ആ സംഘത്തിലെ ഒരംഗത്തിനോ യാതൊരാളിന്റെ സാമാജികസ്ഥാനത്തിനായുള്ള അപേക്ഷയാണോ ആ സംഘം സ്വീകരിച്ചിട്ടുള്ളതു ആ ആൾക്കോ ആയിരിക്കുകയും ചെയ്യാത്തപക്ഷം യാതൊരംഗവും കൈമാററം ചെയ്തുകൂടുന്നതല്ല.

വകുപ്പ്: ൫൭.

ഒരു അംഗത്തിൽനിന്നൊ മുമ്പ് അംഗമായിരുന്ന ഒരാളിൽ നിന്നൊ ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിനു ചെല്ലേണ്ട വല്ല കടത്തിന്റെയും കാര്യത്തിൽ മൂലധനത്തിൽ ആ അംഗത്തിന്നൊ മുമ്പ് അംഗമായിരുന്ന ആളിന്നൊ മരിച്ച അംഗത്തിന്നൊ ഉള്ള ഓഹരിയിന്മേലും അല്ലെങ്കിൽ അവകാശത്തിന്മേലും ആ അംഗമൊ മുമ്പ് അംഗമായിരുന്ന ആളൊ മരിച്ച അംഗമൊ നിക്ഷേപിച്ചിട്ടുള്ള തുകകളിന്മേലും ആ അംഗത്തിനൊ മുമ്പ് അംഗമായിരുന്ന ആളിന്നൊ മരിച്ച അംഗത്തിന്റെ സ്വത്തിന്നൊ കൊടുക്കേണ്ട ലാഭവിഹിതത്തിന്മേലും, ബോണസ്സിന്മേലും, ലാഭങ്ങളിന്മേലും ആ സംഘത്തിനു ബാദ്ധ്യതയുണ്ടായിരിക്കുന്നതും ഒരു അംഗത്തിന്റെയൊ മുമ്പ് അംഗമായിരുന്ന ആളിന്റെയൊ മരിച്ച അംഗത്തിന്റെ സ്വത്തിന്റെയൊ പേരിൽ വരവുവച്ചിട്ടുള്ളതോ അപ്രകാരമുള്ള ഏതെങ്കിലും കടം വീട്ടുന്നതിലൊ വീടേണ്ടതിലേക്കൊ തട്ടിക്കഴിക്കാവുന്നതും ആകുന്നു.

അംഗത്തിന്റെ ഓഹരികളുടെയോ അവകാശങ്ങളുടെയോ കാര്യത്തിൽ ബാദ്ധ്യതയും തട്ടിക്കഴിക്കലും.

വകുപ്പ്: ൫൮.

൫൭-ാംവകുപ്പിലെ വ്യവസ്ഥകൾക്കുൾപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘത്തിന്റെ മൂലധനത്തിൽ ഒരംഗത്തിനുള്ള ഓഹരിയൊ അവകാശമൊ, ആ അംഗത്തിന്റെ വല്ല കടമൊ ബാദ്ധ്യതയൊ സംബന്ധിച്ച ഒരു നീതിന്യായ കോടതി നൽകിയിട്ടുള്ള വല്ല ഡിക്രിയൊ ഉത്തരവൊ പ്രകാരം ജപ്തിചെയ്യുകയും പിൻവലിക്കുകയൊ ചെയ്യാൻ പാടില്ലാത്തതും, തൽക്കാലം ഉപയോഗത്തിലിരിക്കുന്ന നിർദ്ധന നിയമപ്രകാരമുള്ള റിസീവർക്കൊ ൧൮൦൦-ാമാണ്ടത്തെ സിവിൽനടപടിനിയമപ്രകാരം നിയമിച്ചിട്ടുള്ള ഒരു റിസീവർക്കൊ ആ ഓഹരിയിന്മേലൊ അവകാശത്തിന്മേലൊ എന്തെങ്കിലും അവകാശപ്പെടുന്നതിനൊ എന്തെങ്കിലും അവകാശം ഉണ്ടായിരിക്കുന്നതിനൊ അർഹതയില്ലാത്തതും ആകുന്നു.

ഓഹരികളും അവകാശമൊ ജപ്തി ചെയ്യാൻ പാടില്ലെന്ന്.

ചട്ടം. ൪൮.

സംഘത്തിലെ ഓഹരികൾ അതിലെ അംഗങ്ങൾ ഒരുവാഗ്ദത്തമുള്ള ജാമ്യമായി ആ സംഘത്തിനു പണയപ്പെടുത്തുവാൻ പാടില്ല.

ഓഹരികൾ സംഘത്തിനു പണയപ്പെടുത്താൻ പാടില്ലെന്ന്

തവണകൾ അടച്ചുതീൎത്ത് എടുത്ത ഓഹരികൾ പൂൎത്തിയാക്കി എന്നുള്ള ഏകകാരണത്തിന്മേൽ ഓഹരിമൂലധനം പിൻവലിക്കുന്ന ഒരു നടപ്പു ചില സംഘങ്ങളിൽ കണ്ടുവരുന്നു. ചില സംഘങ്ങളിൽ അടച്ചുതീൎത്ത ഓഹരികളിലെ തുകകൾ അംഗങ്ങൾ എടുത്തിട്ടുള്ള വായ്പകൾക്കായി മുതൽ വയ്ക്കുന്നതിനു അവർ ധാരാളമായി ആവശ്യപ്പെട്ടുകൊണ്ടും ഇരിക്കുന്നു. ഈ രണ്ടു വ്യവസ്ഥകളും അനാശാസ്യങ്ങളായിട്ടുള്ളവയാണ്. ഓഹരിമൂലധനത്തിന്റെ ഉദ്ദേശവും അതിൽ അന്തൎഭവിച്ചിരിക്കുന്ന തത്വവും ശരിയായി മനസ്സിലാക്കപ്പെടേണ്ടതും, അവയെ ശുഷ്കാന്തിയോടുകൂടി പരിരക്ഷണം ചെയ്യേണ്ടതും പരസ്പരസഹായത്തിൽ യഥാൎത്ഥമായ പ്രതിപത്തിയോടുകൂടി പ്രവൎത്തിക്കുന്ന എല്ലാവരുടേയും കടമയായിരിക്കുന്നതും ആകുന്നു. ചിട്ടികൾക്കു വയ്ക്കുന്ന പണങ്ങൾ പോലെയാണ് ഓഹരി തവണ വെച്ചിരിക്കുന്നതെന്ന് ഒരു തെററായ ബോധം സാധാരണ ഉള്ളതായി അറിയുന്നു. ഓഹരി ഏൎപ്പാടിനെ സംബന്ധിച്ച് ഇപ്രകാരം മനസ്സിലാക്കിയിട്ടുള്ളവർ ഓഹരിത്തുക അടച്ചുതീരുന്ന കാലത്തെ നോക്കിക്കൊണ്ടിരിക്കുമെന്നതു സ്വാഭാവികമാണ്. എന്നാൽ ഓഹരിരൂപേണ തങ്ങളുടെ പണം സംഘത്തിൽ ഉള്ളപ്പോൾ സംഘത്തിലേക്കു കടപ്പെട്ടുകൊണ്ടിരിക്കുന്നതെന്തിനെന്നു മററു ചിലർ ഗുണദോഷജ്ഞാനം കൂടാതെ ചോദിച്ചുവരികയും ചെയ്യുന്നു.

൫. ഈ പ്രശ്നങ്ങൾക്കുള്ള ശരിയായ സമാധാനം വിഷയാനുസരണങ്ങളായ തത്വങ്ങളെ പരിശോധിക്കുന്നതിൽനിന്നും ലഭിക്കാവുന്നതാണ്. ആളുകളുടെ പ്രത്യേകമുള്ള ധനാവശ്യമാണു പരസ്പരധനസഹായസംഘങ്ങളുടെ സ്ഥാപനത്തിനു കാരണമായിട്ടുള്ളത്. കൈത്തൊഴിൽകാർ, കൃഷിക്കാർ, ചില്ലറക്കച്ചവടക്കാർ ഇവരിൽ അധികംതന്നെ മൂലധനമോ, കടം കിട്ടത്തക്കവിധത്തിലുള്ള മതിപ്പോ ഇല്ലാതെ അവരുടെ തൊഴിലിനെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുന്നതല്ല. പൊതുവേയുള്ള ഈ വിഷമതയെ പരിഹരിക്കുന്നതിനു പരസ്പരസഹായികക്കൂട്ടുകെട്ടുകളിലേക്കു ആളുകൾ സ്വയമേവ നിർബന്ധിതരാകുന്നു. പരസ്പരസഹായസംഘങ്ങൾക്കൊക്കെ അവയിലെ അംഗങ്ങളുടെ ആവശ്യങ്ങൾ നിറവേററുന്നതിനു മൂലധനം വേണ്ടിയും ഇരിക്കുന്നു. പ്രാരംഭത്തിൽ അംഗങ്ങൾക്കു സ്വന്തമായ മൂലധനം ഉണ്ടാക്കുന്നതിനു കഴിവില്ലെങ്കിലും സംഘത്തിന്റെ കൂട്ടായ ധനശക്തിയിൽ ഓരോ അംഗത്തിനും ഉള്ള ഓഹരി ഗണനീയമായി ഭവിക്കുന്നു. എന്നാൽ ഈ സ്വരുമിപ്പുകൊണ്ടുള്ള മതിപ്പു

മാത്രംകൊണ്ടു എല്ലാകാൎയ്യവും സാധിക്കുന്നതല്ലെന്നും, അതു ധനസംബന്ധമായി സ്ഥായിയായ ഒരു അടിസ്ഥാനം ആകയില്ലെന്നും, എല്ലാ സംഘവും സംഘാംഗങ്ങളും വിശദമായി അറിയേണ്ടതും ഈ പരമാൎത്ഥം ഗ്രഹിക്കുന്നതിൽ കാലതാമസം ആപൽകരമായിട്ടുള്ളതും ആകുന്നു. ധനസംബന്ധമായ മതിപ്പുകൊണ്ടു് വാസ്തവമായ പ്രയോജനം സിദ്ധിക്കണമെങ്കിൽ അതോടുചേൎന്നു സംഘങ്ങൾക്കു സ്വന്തമായ ഒരു മൂലധനവും ഉണ്ടായിരിക്കണം. ഈ മൂലധനം പ്രാരംഭത്തിൽ നിസ്സാരമായിരിക്കും. എന്നാൽ പുറമേയുള്ള പണവ്യാപാരലോകത്തോടു സംബന്ധപ്പെട്ടു നിൽക്കുന്ന സംഘങ്ങൾക്കു കാലാന്തരത്തിൽ അതിൽനിന്നും സ്വതന്ത്രമായി ഭവിക്കുന്നതിനാവശ്യമുള്ളിടത്തോളം തുക ഉണ്ടാകുന്നതുവരെ മൂലധനം ക്രമേണ വൎദ്ധിച്ചുവരേണ്ടതാണ്. കടം കൊടുക്കുന്നവരും കടം വാങ്ങുന്നവരും ആയ മററുള്ളവരോടൊപ്പം സംഘങ്ങൾക്കും പണവ്യാപാരലോകത്തിൽ പ്രവേശിച്ചു പ്രവൎത്തിക്കുന്നതിനുള്ള കഴിവുണ്ടായിരിക്കണമെന്നാണ് പരമോദ്ദേശമായിരിക്കേണ്ടതു്.

൨. ഏതൊരു സംഘത്തിന്റെയും മൂലധനത്തിൽ ഒരംഗത്തിനുണ്ടായിരിക്കുന്ന ഓഹരിയേയോ അവകാശത്തേയോ കോടതികളിലെ വിധിയോ ഉത്തരവോ അനുസരിച്ചു ജപ്തിചെയ്കയോ, വിൽക്കുകയോ ചെയ്വാൻ പാടില്ലെന്നു നിയമത്താൽ (പരസ്പരസഹായസംഘം റഗുലേഷൻ, വകുപ്പു ൨൧) വ്യവസ്ഥചെയ്തു രക്ഷ നൽകിയിരിക്കുന്നു. ഇപ്രകാരം അനുകൂലമായ അവസ്ഥകളിൽ സംഘങ്ങളിൽ ഓഹരി തവണകൾ മുഖേന സമ്പാദ്യങ്ങളെ ക്രമേണ സ്വരുക്കൂട്ടുന്നതു വളരെ ലഘുവായ ഒരു മാൎഗ്ഗമാകയാൽ അതിനെ ധാരാളമായി ഉപയോഗപ്പെടുത്തേണ്ടതാണ്. ഒരിക്കൽ എടുത്ത ഓഹരികൾ അടച്ചു തീൎത്തതിനു ശേഷം കൂടുതൽ ഓഹരികൾ എടുത്തു കിസ്തുകാലങ്ങളിൽ പണം അടയ്ക്കുന്ന ശീലത്തെ തുടൎന്നു കൊണ്ടിരിക്കേണ്ടതു തന്റെ കൎത്തവ്യമാണെന്നുള്ള ബോധം ഓരോ അംഗത്തിനും ഉണ്ടായിരിക്കേണ്ടതാണ്. ക്രമവും കണിശവും ആയ പെരുമാററം അല്ലാതെ യാതൊരു പ്രത്യേക പ്രയത്നവും കൂടാതെ സംഘത്തിന്റെ മൂലധനം വൎദ്ധിച്ചുവരികയും ആ സംഘത്തിൽ അംഗമായിരിക്കുന്നതിലും സ്വന്തമായി ഒരു മുതൽ തനിക്കുണ്ടാകുന്നതിലും ഓരോ അംഗത്തിനും ഒരഭിമാനം തോന്നിത്തുടങ്ങുകയും ചെയ്യുന്നതാണ്. യഥാസ്ഥിതിയിൽതന്നെ ഇരിക്കയൊ പിന്നോക്കംപോകയോ ചെയ്യാതെ അഭിവൃദ്ധിപ്പെട്ടു വരുന്നതിനു വേണ്ട യോഗ്യത സമ്പാദിക്കണമെന്നുള്ള ഏതു സംഘവും അതിന്റെ മൂലധനത്തിൽ ഈ വിധമായ വൎദ്ധന നാൾക്കുനാൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനാണ് ഉദ്ദേശിക്കേണ്ടതു്.

ഓഹരിമൂലധനം യഥേഷ്ടം പിൻവലിക്കത്തക്കതാണെങ്കിൽ യാതൊരു സംഘത്തിനും സുസ്ഥിരമായ നില ഉണ്ടായിരിക്കാൻ തരമില്ലെന്ന് ആൎക്കും മനസ്സിലാക്കാവുന്നതാണ്. അപ്രകാരമുള്ള സംഘങ്ങൾക്ക കടം കൊടുക്കുന്നതിൽ സെൻട്രൽ ബാങ്കിനു ന്യായമായ തടസ്സം പറയാവുന്നതാണ്. കൂട്ടുകച്ചവടക്കമ്പനികളിലെ ഓഹരികൾ വിലയ്ക്കു വിൽക്കയല്ലാതെ പിൻവലിക്കത്തക്കതല്ലെന്നു നിയമപ്പെടുത്തിയിരിക്കെ സംഘങ്ങളിലെ അംഗങ്ങൾക്ക വാസ്തവമായ ഒരവസ്ഥകളിൽ അവരുടെ സമ്പാദ്യങ്ങൾ ലഭിക്കാതെ വരരുതെന്നു കരുതി ഓഹരികൾ പിൻവലിക്കുന്നതിനു സഹകരണനിയമം അനുവദിച്ചിരിക്കുന്നു. എന്നാൽ ഈ പ്രസ്ഥാനത്തിന്റെ ബലിഷ്ഠതയ്ക്കു ഹാനിയെ ചെയ്യത്തക്കവിധത്തിൽ ഈ അവകാശത്തെ ഉപയോഗപ്പെടുത്തും എന്നു ഒരിക്കലും വിചാരിക്കപ്പെട്ടിട്ടില്ലാത്തതാണ്.

സംഘത്തിൽ ഓഹരി പിൻവലിക്കുന്നതിനു സാധാരണ യാതൊരു അംഗത്തേയും അനുവദിച്ചുകൂടാത്തതാകുന്നു. എടുത്തിരിക്കുന്ന ഓഹരികളിൽ ഏതാനും സംഘത്തിൽതന്നെ നിറുത്തി മററുള്ളവയെ പിൻവലിക്കുന്നതിനു അംഗങ്ങളെ അനുവദിച്ചു വരുന്നതായി ചില, സംഘങ്ങളിൽ കാണുന്ന ഏൎപ്പാടു് ഒരിക്കലും അനുവദിക്കത്തക്കതല്ല. ആണ്ടോടാണ്ടു മടക്കിക്കൊടുക്കാവുന്ന ഓഹരിസംഖ്യയുടെ പരമാവധി അതാതു കൊല്ലത്തിന്റെ ആരംഭത്തിൽ ഉണ്ടായിരിക്കുന്ന ഓഹരി മുതലിന്റെ പത്തിൽ ഒരംശത്തിൽ കവിയാൻ പാടില്ലാത്തതാണെന്നു ഒരു നിബന്ധന ചില സംഘങ്ങളിലുണ്ടു. മതിയായ കാരണം കൂടാതെ ഓഹരി പിൻവലിച്ചു പോകുന്ന അംഗങ്ങളെ വീണ്ടും സംഘത്തിൽ ചേൎക്കുന്നതല്ലെന്നു നിശ്ചയങ്ങൾ ക്രമേണ സംഘങ്ങളിൽ ഫലപ്രദമായും വ്യക്തമായും വ്യവസ്ഥ ചെയ്യേണ്ടതാണ്.

൯. വായ്പകൾക്കായി ഓഹരി വകവെച്ചു ചേൎക്കണമെന്നുള്ള കടക്കാരായ അംഗങ്ങളുടെ ന്യായമല്ലാത്ത നിർബന്ധങ്ങളെ സംബന്ധിച്ചു പറയുന്നതായാൽ തവണകൾ വീഴ്ചവരുത്തുന്ന അംഗങ്ങൾ മാത്രമേ അപ്രകാരം ആവശ്യപ്പെടുകയുള്ളു എന്നു പ്രത്യക്ഷമാകുന്നതാണ്. സഹകരണസംഘം ആക്ററു് ൨. ൦-ാംവകുപ്പിൻപ്രകാരം ഒരു അംഗത്തിന്റെ പക്കൽനിന്നും കിട്ടാനുള്ള സംഖ്യകൾക്കായി അയാളുടെ പേരിൽ നിൽപുള്ള ഓഹരി, നിക്ഷേപം മുതലായവയെ വകവച്ചു ചേൎക്കുന്നതിനു സംഘങ്ങൾക്കു് അവകാശം നൽകിയിട്ടുണ്ട്. എന്നാൽ

സംഘത്തിലേക്ക കൊടുക്കാനുള്ള തുകകളെ സംബന്ധിച്ച സംഘത്തിനുള്ള അവകാശത്തിലേക്കായി സംഘത്തിലുള്ള ഓഹരിയെ തട്ടിക്കഴിക്കുന്നതിന ഒരു അംഗത്തിന് ആവശ്യപ്പെടാൻ അവകാശമില്ലാത്തതാകുന്നു. ഇപ്രകാരം ഒരവകാശം അംഗങ്ങൾക്കുണ്ടാകുന്നു എങ്കിൽ മറ്റെന്തെല്ലാം പ്രതിവിധികൾ ഉണ്ടായിരുന്നാലും ഒരു സംഘത്തിൻെറ ധനസംബന്ധമായ നിലയെ ദുർബലപ്പെടുത്തുന്നതിന വീഴ്ചക്കാരായ അംഗങ്ങൾക്ക് എളുപ്പത്തിൽ കഴിയുന്നതാണ്.

മേൽ വിവരിച്ചിരിക്കുന്ന സംഗതികളെ ശ്രദ്ധിച്ച അനിയന്ത്രിതമായി ഓഹരികളെ പിൻവലിക്കുന്നതിനെയും ശാഖകൾക്കായി ഓഹരികൾ വകവച്ച ചേക്കുന്ന കാര്യക്ഷമമല്ലാത്ത രീതിയേയും നിറുത്തിവെയ്ക്കേണ്ടതിന്ന എല്ലാ സംഘങ്ങളേയും ഉപദേശിക്കുന്നു. സംഘങ്ങളുടെ ഓഹരി മൂലധനത്തിൽ പ്രത്യക്ഷമായ ക്രുടുതൽ ഈ കൊല്ലത്തെ പ്രവൃത്തിയിൽനിന്നും ഉണ്ടാകും എന്ന് ആശിക്കയും ചെയ്യുന്നു.

സക്യുലർ ൧൦൩.

൧൦൮൯-ലെ ൧൦-ാംനമ്പർ 'സഹകരണസംഘംആക്ററിലെ ൨൨-ാംവകുപ്പും, ൪൨-ാംവകുപ്പിലെ (എൻ) ഉപവകുപ്പും ഒരു സഹകരണസംഘത്തിലെ ഒരംഗം മരിച്ചുപോകുമ്പോൾ ഉള്ള അയാളുടെ അവകാശക്രമത്തേപ്പറ്റി പ്രതിവാദിക്കുന്നു. നിയമവ്യവസ്ഥകളനുസരിച്ച അംഗീകരിക്കപ്പെട്ടിട്ടുള്ള മാതൃകാനിബന്ധന ൧൦-ാംവകുപ്പിൽ അതു സംബന്ധിച്ച് അനുഷ്ഠിക്കേണ്ടതായിട്ടുള്ള നടപടികളെപ്പറ്റി വിവരിച്ചിട്ടുണ്ട്. ഈ നിയമപ്രകാരമുള്ള നടപടികൾ അനുസരിക്കുന്നതായാൽ ൨൨-ാംവകുപ്പിൽ ൩-ാംഖണ്ഡികപ്രകാരം "ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘം ഈ വകുപ്പിലെ സിദ്ധാന്തങ്ങൾക്കുൾപ്പെട്ട നടത്തുന്ന കൈമാററങ്ങളും പണം കൊടുക്കലുകളും മററു വല്ലവർക്കും ആ സംഘത്തിന്മേലുള്ള വല്ല തേർച്ചയ്ക്കും എതിരായി സാധുവായും സഫലമായും ഇരിക്കുന്നതാണ്."

ഈ വകുപ്പ് ഒരു സംഘത്തെ വ്യവഹാരങ്ങളിൽനിന്നും സംരക്ഷിക്കുന്നു. അവകാശികൾ സംഘത്തെ കക്ഷിചേർക്കാതെ നിയുക്തൻെറ (പിൻതുടരച്ചാവകാശിയായി നിയമിക്കപ്പെട്ടിട്ടുള്ള ആളിൻെറ) മേൽ മാത്രമെ വ്യവഹാരപ്പെടാൻ പാടൊള്ളു. നിയമിക്കപ്പെട്ട ആൾ മരിച്ച

പോകുന്നപക്ഷം അപ്രകാരം ഒരാളെ ആക്കിയിട്ടില്ലാതെയിരുന്നാൽ എടുക്കേണ്ട നടപടികളെ കമ്മിററിക്കാർ അനുവർത്തിക്കേണ്ടതാണ്. പിൻതുടർച്ചാവകാശിയെന്ന കോർട്ടിൽനിന്നും സർട്ടിഫിക്കെററ് ലഭിച്ചിട്ടുള്ള ഒരുത്തനുണ്ടെങ്കിൽ ആ ആളിനെ കമ്മിററിക്കാർ നിയമാനുസൃത പ്രതിനിധിയായി സ്വീകരിക്കേണ്ടതാണ്.

ഒരാളെ മാത്രമേ അവകാശിയായി നിയമിക്കാവു എന്നുള്ളത് അവശ്യം ഓർത്തിരിക്കേണ്ട ഒരു പ്രധാനസംഗതിയാണ്. നിയമസിദ്ധാന്തങ്ങളെ അനുസരിക്കേണ്ടതിൻേറയും ശരിയായി അവയുമായി ബന്ധപ്പെട്ട നടക്കേണ്ടതിൻേറയും ആവശ്യകത പഞ്ചാബിൽ ഇയ്യിടെ നടന്ന ഒരു റിപ്പോർട്ടുചെയ്തിട്ടുള്ള കേസ്സിലെ വിവരങ്ങളിൽനിന്നും മനസ്സിലാക്കാവുന്നതാണ്. ആ കേസ്സിലെ വിവരങ്ങൾ താഴെ ചേർക്കുന്നു.

"ഓഹരി ഇനത്തിൽ ൧൫൦൦ രൂപായും നിക്ഷേപഇനത്തിൽ ൧൦,൦൦൦ രൂപായും തൻേറ പേരിൽ ബാങ്കിൽ കിടക്കവേ ഒരു മെംബർ മരിച്ചുപോയി. അവകാശിയായി ആരേയും നിയമിച്ചിട്ടില്ലായിരുന്നു. മരിച്ചുപോയ അംഗത്തിൻെറ പേരിൽ കിടന്നിരുന്ന തുകകൾ മേജർ പുത്രൻേറയും മൈനർ പുത്രന്മാർക്കുവേണ്ടി അവരുടെ മാതാവിൻെറയും കൂട്ടായുള്ള കണക്കിലേക്കു മാററപ്പെട്ടു. കുറച്ചുകാലത്തേക്കു മേജർ പുത്രൻേറയും മാതാവിൻേറയും കൂട്ടായുള്ള ഒപ്പിന്മേൽ പാററുവരവുകൾ നടന്നുകൊണ്ടിരുന്നു. പിന്നീട്, ലാഭവീതം, പലിശ, മുതലായവ മേജർ പുത്രൻ തനിച്ചു പററുന്നതിന് അനുവദിച്ചുവന്നു. ഈ രീതിയിൽ, നിക്ഷേപം, പലിശ, ലാഭവീതം എന്നീ ഇനങ്ങളിൽ ൧൩,൩൧൩ രൂപാ മേജർ പുത്രൻെറ തനതു പററുണ്ടായി. മൈനർ പുത്രന്മാരുടെ രക്ഷകർത്താവെന്ന നിലയിൽ മാതാവ്, ഇതിനെ ആക്ഷേപിക്കയും മദ്ധ്യസ്ഥ തീരുമാനമനുസരിച്ചു ൧൦,൩൧൩ രൂപാ മൈനർമാരുടെ ഭാഗമായി സെൻട്രൽബാങ്ക് മാതാവിനു കൊടുക്കേണ്ടിവരികയും ചെയ്തു. ഒരു ദീർഘ വ്യവഹാരത്തിനുശേഷം മാത്രമേ ബാങ്കിന് ഈ തുക മേജർപുത്രനിൽ നിന്നും ഈടാക്കുന്നതിനു കഴിഞ്ഞൊള്ളു."

ഓരോ സംഘവും ശ്രദ്ധിക്കേണ്ടതായിട്ടുള്ള ചില സംഗതികളെ, ഈ കേസു വ്യക്തപ്പെടുത്തുന്നു.

(൧) യാതൊരു മെമ്പറേയും പിൻതുടർച്ചാവകാശിയെ പേർ പറഞ്ഞു നിയമിക്കാതിരിക്കുന്നതിന് അനുവദിക്കരുത്.

(൨) അവകാശിയായി ഓരോ മെംബറും ഒരാളെ മാത്രമേ നിയമിക്കാവു.

(ന) അവകാശിയെ നിയമിക്കുന്നതു ശരിയായ രീതിയിൽ ആയിരിക്കണം.

(ര) സ്വീകാരംക്കവേണ്ടി ഇടപാടുകൾ അന്യർ നടത്തുമ്പോൾ ശരിയായി ഒപ്പിട്ട സാക്ഷിപ്പെടുത്തിയിട്ടുള്ള അധികാരപത്രം ഉണ്ടായിരിക്കേണ്ടതാണ്.

(റ) കൂട്ടായുള്ള ഇടപാടുകളിൽ നിയമാനുസൃതമായി അധികാരപ്പെടുത്തിയിട്ടുള്ളവൎക്കു മാത്രമേ പണം കൊടുത്തുകൂടു. കൂട്ടായുള്ള കണക്കുകൾ പാടില്ലാത്തതാണ്.

അംഗങ്ങൾ പിൻതുടർച്ചാവകാശികളെ നിയമിക്കുന്നതിനു സംഘത്തിലുള്ള വ്യവസ്ഥകൾ ശരിയായി അനുസരിക്കുന്നുണ്ടോ എന്നു എല്ലാ ഇൻസ്പെക്ടർമാരും സൂപ്പർവൈസർമാരും പരിശോധിച്ചു ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ വിവരം കാണിക്കേണ്ടതാണ്.

സർക്കുലർ ൧൦൪.

ഒരു സംഘത്തിലെ ഒരു മെംബർ ആദ്യം എടുക്കുന്ന ഓഹരികളുടെ വില സംഖ്യ അടച്ചുതീൎക്കുകയും രണ്ടാമതു എടുക്കുന്ന ഓഹരികളിൽ തവണവീഴ്ച വരുത്തുകയും ചെയ്യുന്ന സംഗതികളിൽ നിബന്ധന, ര-ാംവകുപ്പുപ്രകാരം എന്തു നടപടിയാണ് എടുക്കേണ്ടതെന്നു ചില സംഘങ്ങളിൽനിന്നും അന്വേഷണങ്ങൾ വന്നുകൊണ്ടിരിക്കുന്നു. അപ്രകാരം വീഴ്ചവരുത്തിയ അംഗത്തെ മെംബർ സ്ഥാനത്തുനിന്നും നീക്കി അയാൾ അടച്ചിട്ടുള്ള എല്ലാ ഓഹരിത്തുകയും കരുതൽ ധനത്തിലേക്കു ചേൎക്കുകയോ, രണ്ടാമതു എടുത്തിട്ടുള്ള ഓഹരിയിൽ അടച്ചിട്ടുള്ള സംഖ്യയെ മാത്രം കരുതൽധനത്തിൽ ചേൎക്കുന്നതൊ വീഴ്ച വരുത്തിയ മെംബറെ മെംബർസ്ഥാനത്തുനിന്നും നീക്കുകയും ആദ്യം എടുത്തു അടച്ചുതീൎത്തിട്ടുള്ള ഓഹരികളുടെ വിലസംഖ്യ അടച്ചിടത്തോളം കരുതൽ ധനത്തിൽ ചേൎക്കുകയൊ ഇതിൽ ഏതാണു ശരിയായ നടപടിയെന്ന് എല്ലാ സംഘങ്ങളും അറിയേണ്ടതും ഒരേമാതിരി നടത്തേണ്ടതും ആവശ്യമാണ്. മാതൃക ര-ാംനിബന്ധന സൂക്ഷിച്ചുനോക്കുന്നതായാൽ പിഴയും മററും തവണകളിലായി അടയ്ക്കുന്ന ഓരോ ഓഹരിയേയും പററിയാണു് പറയുന്നതെന്നു വ്യക്തമാകുന്നതാണ്. അതുകൊണ്ടു ശരിയായ നടപടി വീഴ്ചവരുത്തിയിട്ടുള്ള ഓഹരിയിലെ ഓഹരികളിലൊ അടച്ചിട്ടുള്ള സംഖ്യ മാത്രം വീഴ്ചക്കാരൻ ഉപേക്ഷിക്കണമെന്നുള്ളതാണ്.

എല്ലാ അംഗങ്ങളേയുംകൊണ്ടു കൂടുതൽ ഓഹരികൾ എടുപ്പിക്കേണ്ടതിനു പ്രോത്സാഹിപ്പിക്കേണ്ടതു കമ്മിററിയുടെ കടമയാണ്. ഇതു് ൧൩൩-ാംനമ്പർ സക്കുലറിൽ പ്രതിപാദിച്ചിട്ടുണ്ടു്. ഇപ്രകാരം കൂടുതൽ എടുക്കുന്ന ഓഹരികളുടെ തവണകൾ അടച്ചുതീക്കുന്നതിൽ വീഴ്ച വന്നു പോകുന്നപക്ഷം മുമ്പുള്ള ഓഹരികളുടെ വില സംഖ്യയും നഷ്ടമായി പോകുമെന്നിരുന്നാൽ അംഗങ്ങൾ കൂടുതൽ ഓഹരി എടുക്കാൻ തയ്യാറാകുന്നതല്ല. ആദ്യം എടുക്കുന്ന ഓഹരികളുടെ വിലസംഖ്യ മുഴുവൻ അടച്ചുതീരുമ്പോൾ ഒരു മെംബർക്കു സംഘത്തിലെ മെംബർസ്ഥാനത്തിനു സ്ഥിരമായ ഒരു അവകാശം സിദ്ധിക്കുന്നതാണ്. ഈ അവകാശം കൂടുതൽ എടുക്കുന്ന ഓഹരികൾ മൂലം നഷ്ടപ്പെടുന്നതല്ല. ഒരു സംഘത്തിലെ ഒരു മെംബർ കൂടുതൽ ഓഹരി എടുക്കുകയും അതിൽ വീഴ്ച വരാനാകുകയും കമ്മിററിയുടെ അഭിപ്രായത്തിൽ, ഓഹരി നിലനിർത്തിക്കൊണ്ടുപോകുന്നതിന്നു് അനുവദിക്കത്തക്കതല്ലെന്നും ഉള്ള പക്ഷം അപ്രകാരം വീഴ്ച വരുത്തിയ ഓഹരികളുടെ വിലസംഖ്യ മാത്രം കരുതൽ ധനത്തിൽ ചേർക്കേണ്ടതാകുന്നു.

സക്കുലർ: ൧൩൪.

സഹകരണസംഘങ്ങളിലെ മാതൃകാനിബന്ധന ൪ അനുസരിച്ചു ഒരു മെംബർ അടയ്ക്കേണ്ട ഓഹരിത്തവണകൾ അടയ്ക്കാതെ ൩ ഗഡുക്കൾ തുടരെ വീഴ്ച വരുത്തിയാൽ ആ മെംബർ അതേവരെ അടച്ചിട്ടുള്ള ഓഹരിസംഖ്യ കരുതൽധനഫണ്ടിലേക്കു ചേക്കേണ്ടതാണല്ലോ. ഇപ്രകാരം ചെയ്യുന്നതുകൊണ്ടു സാധുക്കളായ അംഗങ്ങൾക്കു വലിയ കഷ്ടനഷ്ടങ്ങൾ നേരിടുന്നതായി കാണുന്നു. ഇതിലേക്കു ഒരു പരിഹാരമാർഗ്ഗം നിർദ്ദേശിക്കണമെന്നു പല സംഘങ്ങളും ഇവിടെ അപേക്ഷിച്ചുകൊണ്ടിരിക്കുന്നു. താഴെ പറയുന്ന നിർദ്ദേശങ്ങൾ അനുസരിച്ചു ൪-ാമതു നിബന്ധന ഭേദഗതിചെയ്തു രജിസ്റ്റർ ചെയ്യിച്ചുകൊള്ളുന്നതു കാര്യക്ഷമതയ്ക്കു് അനുയോജ്യമായിരിക്കണമെന്നുള്ള വിവരം എല്ലാ സംഘങ്ങളേയും അറിയിച്ചുകൊള്ളുന്നു.

ഒരു മെമ്പർ ഓഹരികൾ എടുത്തു കുറെ തവണകൾ അടയ്ക്കുകയും ബാക്കി കുടിശിക വരുത്തുകയും ചെയ്യുമ്പോൾ അയാൾ അടച്ചിടത്തോളമുള്ള സംഖ്യ എത്ര മുഴുവൻഓഹരികളുടെ വിലയ്ക്കു മതിയാകുമോ അത്രയും ഓഹരികൾ പൂത്തിയാക്കുന്നതിനു വക മാററുകയും ബാക്കി സംഖ്യ വല്ലതുമുണ്ടെങ്കിൽ അതു് കരുതൽധനഫണ്ടിലേക്കു മുതൽ കൂട്ടുക

യൊ അല്ലാത്തപക്ഷം ആ മെംബർ ഒരു ഓഹരി പൂർത്തിയാകുന്നതിനു കൂടുതൽ ആവശ്യമുള്ള സംഖ്യ അടയ്ക്കുന്നപക്ഷം അതുംകൂടി ചേർത്ത് ഓഹരി പൂർത്തിയാക്കുകയൊ ചെയ്യാമെന്നുള്ളതാണ്. എന്നാൽ ഇപ്രകാരം ഒരു സൌജന്യം അനുവദിച്ചുകൊടുക്കുന്ന മെംബർക്ക് അയാൾ നേരിട്ടോ ജാമ്യം നിന്നവകയിലൊ യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കാൻ പാടില്ലാത്തതും അയാൾ കുടിശിക വരുത്തിട്ടുള്ളതു മനഃപൂർവ്വ വിചാരത്തോടുകൂടിയല്ലെന്നും വാസ്തവത്തിൽ അയാളുടെ ബുദ്ധിമുട്ടുകൊണ്ടാണെന്നു കമ്മിററിക്കു ബോദ്ധ്യം വന്നിരിക്കുകയും ചെയ്യേണ്ടതാണ്.

എൻ. നിക്ഷേപം.

വകുപ്പ്: ൩൦.

അംഗങ്ങളല്ലാത്ത ആളുകളുമായി ചെയ്യുന്ന മററിടപാടുകൾ സംബന്ധിച്ചു ക്ലിപ്ത നിബന്ധനകൾ.

൩൭-ാംവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതൊഴികെ, രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘം അംഗങ്ങളല്ലാത്ത ആളുകളുമായി ചെയ്യുന്ന ഇടപാടുകൾ നമ്മുടെ ഗവൺമെൻറു ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള വല്ല നിരോധനങ്ങളും ക്ലിപ്തനിബന്ധനകളും ഉണ്ടെങ്കിൽ അവയ്ക്കു വിധേയമായിരിക്കേണ്ടതാണ്.

വകുപ്പ്: ൩൧.

ആദായത്തിനായി പണം മുടക്കുക.

൩൭-ാംവകുപ്പ് ൪-ാംഉപവകുപ്പിലെ വ്യവസ്ഥകൾക്കുൾപ്പെട്ട്, രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘം അതിൻെറ പണം—

(എ) നമ്മുടെ ഗവൺമെൻറ് സേവിംഗ്സ് ബാങ്കിലൊ; അല്ലെങ്കിൽ,

(ബി) ഇൻഡ്യാഗവൺമെൻറിൻെറ പ്രാമിസറി നോട്ടുകളിലൊ, ഡിബഞ്ചുവർപത്രങ്ങളിലൊ, സ്റ്റാക്കുകളിലൊ, അല്ലെങ്കിൽ മററു ഉറപ്പുകളിന്മേലൊ; അല്ലെങ്കിൽ,

(സി) പലിശയ്ക്കു ഇൻഡ്യാഗവൺമെൻറാ തിരുവിതാംകൂർ ഗവൺമെൻറാ ഉത്തരവാദം ചെയ്തിട്ടുള്ള റയിൽവേയിലേയൊ മററു കമ്പനികളിലേയൊ സ്റ്റാക്കുകളിന്മേലോ ഡിബഞ്ചുവർ പത്രങ്ങളിലൊ, ഓഹരികളിന്മേലൊ; അല്ലെങ്കിൽ

(ഡി) തിരുവിതാംകൂറിൽ സ്ഥിതിചെയ്യുന്ന ഒരു സ്ഥാവരവസ്തു ഒരു ക്ലിപ്തകാലത്തേയ്ക്കുള്ള പാട്ടവസ്തു അല്ലാതിരിക്കുകയും, അതിന്റെ വില അതിന്റെ ഒററിഅർത്ഥത്തേക്കാൾ മൂന്നിലൊരുഭാഗംകൊണ്ടു കൂടുതലായിരിക്കുകയൊ അല്ലെങ്കിൽ അതിൽ കെട്ടിടങ്ങളുള്ള പക്ഷം ആ തുകയേക്കാൾ അതിന്റെ അർദ്ധാംശംകൊണ്ടു കൂടുതലായിരിക്കുകയൊ ചെയ്യുന്നപക്ഷം അപ്രകാരമുള്ള വസ്തുവിന്റെ ആദ്യ ഒറ്റിയിന്മേലൊ; അല്ലെങ്കിൽ,

(ഇ) തിരുവിതാംകൂറിലുള്ളതും, രജിസ്റ്റർ ചെയ്യപ്പെട്ടതും ആയ മറേറതെങ്കിലും സംഘത്തിന്റെ ഓഹരികളിന്മേലൊ, ഉറപ്പുകളിന്മേലൊ—എന്നാൽ അപ്രകാരമുള്ള യാതൊരു നിക്ഷേപവും ക്ലിപ്ത ബാദ്ധ്യതയോടുകൂടാത്ത യാതൊരു സംഘത്തിലും മുടക്കാൻ പാടില്ലാത്തതാകുന്നു; അല്ലെങ്കിൽ,

(എഫ്) രജിസ്ട്രാർ ഈ കാര്യത്തിലേക്കു അനുമതി നൽകിയിട്ടുള്ള ബാങ്കിലൊ ബാങ്കുവ്യാപാരം നടത്തുന്ന ആളിന്റെ പക്കലൊ; അല്ലെങ്കിൽ,

(ജി) ചട്ടങ്ങൾപ്രകാരം അനുവദിച്ചിട്ടുള്ള മറേറതെങ്കിലും പ്രകാരത്തിലൊ മുടക്കുകയൊ നിക്ഷേപിക്കയൊ ചെയ്യാവുന്നതാണ്.

൨. ഈ ആക്റ്റ് നടപ്പിൽ വരുത്തുന്നതിനു മുമ്പെ ഉള്ളതും ഈ ആക്റ്റ് നടപ്പിലിരുന്നുവെങ്കിൽ സാധുവാകുമായിരുന്നതും ആയ മുതൽ മുടക്കുകളേയും നിക്ഷേപങ്ങളേയും ഇതിനാൽ അംഗീകരിക്കയും സ്ഥിരപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

ചട്ടം: ൩൩.

സംഘങ്ങൾ കടം വാങ്ങുന്നതിലുള്ള നിയന്ത്രണങ്ങൾ.

ഒരു സംഘം അംഗങ്ങളല്ലാത്ത ആളുകളിൽ നിന്നോ സ്ഥാപനങ്ങളിൽനിന്നൊ നിക്ഷേപങ്ങളും വായ്പകളും സ്വീകരിക്കാവുന്നതും, എന്നാൽ അങ്ങനെയുള്ള ആളുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും കടം വാങ്ങുന്ന തുക അംഗങ്ങളിൽനിന്നും കടം വാങ്ങിയിട്ടുള്ള തുകയുമായി ചേർന്നാൽ ആ സംഘത്തിനോ അതു ഉൾപ്പെട്ടിരിക്കുന്ന തരം സംഘങ്ങൾക്കോ ആയി രജിസ്ട്രാർ അതാതുകാലം നിശ്ചയിച്ചിട്ടുള്ള കടം വാങ്ങാനുള്ള പരിധിയെ കവിയാൻ പാടില്ലാത്തതും ആകുന്നു.

ചട്ടം: ൩൬.

രജിസ്ട്രാരുടെ മുന്നനുവാദത്തോടുകൂടിയല്ലാതെ ആക്ടിലെ ൩൭ (ഡി) വകുപ്പിൻപ്രകാരം ഒരു സംഘം സ്ഥാവരവസ്തുവിന്റെ ഒററിയിന്മേൽ അതിന്റെ ഫണ്ടുകൾ മുടക്കാൻ പാടില്ലാത്തതാകുന്നു.

സ്ഥാവരവസ്തുവിന്റെ ഒററിയിന്മേൽ ഫണ്ടുകൾ മുടക്കുക.

സർക്കുലർ: ൨൩.

സഹകരണസംഘങ്ങളുടെ മുതലുകളെ പലിശയ്ക്കിടുകയും ഡിപ്പാസിററു വയ്ക്കുകയും ചെയ്യുന്നതിനെ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിരിക്കുന്ന ആക്ററ് ൩൨-ാം വകുപ്പിലേക്കു സംഘങ്ങളുടെ ശ്രദ്ധയെ ആകർഷിപ്പിച്ചും, ആ വകുപ്പിലെ വ്യവസ്ഥകൾക്കു വിപരീതമായി ചെയ്യുന്ന നിക്ഷേപങ്ങളും പലിശയ്ക്കിടലും അനധികൃതമാണെന്നു സ്ഥാപിച്ചും ഉള്ള സർക്കുലർ. (സാരം മാത്രം).

സർക്കുലർ: ൪൦.

അഞ്ചൽ സേവിംഗ്സ് ബാങ്കിൽനിന്നും എപ്പോഴെങ്കിലും വലിയ തുകകൾ തിരിച്ചെടുക്കണമെന്നു വിചാരിക്കുമ്പോൾ ആ വിവരം അഞ്ചൽ മാസ്റ്റർമാരെ മുൻകൂട്ടി രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഡിപ്പാർട്ടുമെന്റു ചട്ടപ്രകാരം അഞ്ചൽ മാസ്റ്റർമാർക്കു വലിയ സംഖ്യകൾ കൈയ്‌വശം വച്ചുകൊണ്ടിരിക്കാൻ പാടില്ലാത്തതിനാൽ പണം കിട്ടുന്നതിനു താമസം വരാൻ ഇടയുള്ളതാണ്.

സർക്കുലർ: ൭൧.

൪൦-ാംനമ്പർ സർക്കുലറിനു തുടർച്ചയായി എല്ലാ പരസ്പരസഹായ സംഘങ്ങളേയും തെര്യപ്പെടുത്തുന്നത്.

അഞ്ചൽമാസ്റ്റർമാർക്ക് ആ ഡിപ്പാർട്ടുമെന്റു ചട്ടപ്രകാരം അവരുടെ ഡേമണിയിൽ (ശമ്പളത്തിന്റെ ഇരുപതുമടങ്ങു തുക) കവിഞ്ഞു സംഖ്യകൾ കൈയ്‌വശം വച്ചുകൊണ്ടിരിക്കാൻ പാടില്ലാത്തതിനാൽ സംഘങ്ങളുടെ ആവശ്യത്തിന് അഞ്ചൽസേവിംഗ്സ് ബാങ്കിൽ നിന്നും എപ്പോഴെങ്കിലും, ആ തുകയെക്കാൾ കൂടുതൽ തുക തിരിച്ചെടുക്കേണ്ടി വന്നാൽ ആ വിവരം അഞ്ചൽമാസ്റ്റർമാരെ മുൻകൂട്ടി രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം പണം കിട്ടുന്നതിനു താമസം നേരിടാൻ ഇടയുള്ളതാകുന്നു.

സൎക്കുലർ: ൭ നു.

പരസ്പരധനസഹായസംഘങ്ങൾ സ്ഥാപിക്കുന്നതു മുഖ്യമായി അവയിലെ അംഗങ്ങളുടെ ധനസ്ഥിതിയെ നന്നാക്കുന്നതിനാണല്ലൊ. ഈ ഉദ്ദേശം സാധിക്കുന്നതിലേക്കു സംഘംമുഖേന അംഗങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്കു സൌകൎയ്യമായി പണം കടം കിട്ടണമെന്നുള്ളതു കൂടാതെ അംഗങ്ങളെ മററുവിധത്തിൽ പണം സമ്പാദിക്കുന്നതിനു പ്രാപ്തരാക്കിത്തീൎക്കയും കൂടി വേണ്ടതാണ്. ഓഹരിവകയിൽ അടയ്ക്കുന്ന പണം അംഗങ്ങളുടെ ഒരു സമ്പാദ്യമായി തീരുന്നുണ്ടെങ്കിലും അതിനെ അത്ര സാരമായി ഗണിക്കാനില്ല. സംഘാംഗങ്ങൾക്കു മുതൽ സ്വരൂപിക്കുന്നതിനു അപ്പഴപ്പോൾ ഉണ്ടാകുന്ന മിച്ചങ്ങളെ സംഘത്തിൽ നിക്ഷേപങ്ങളായി വയ്ക്കുന്നതു് ഏററവും സൌകൎയ്യമായ മാൎഗ്ഗമായിരിക്കും. ഇപ്പോൾ നടപ്പിലിരിക്കുന്ന സംഘങ്ങളുടെ നിബന്ധനകളിൽ നിക്ഷേപങ്ങളെ സംബന്ധിച്ചു ചില വകുപ്പുകൾ ചേൎത്തിട്ടുണ്ടെങ്കിലും മിക്ക സംഘങ്ങളിലേയും അംഗങ്ങൾ അതിന്റെ ഉദ്ദേശം മനസ്സിലാക്കി പ്രവൎത്തിച്ചുകാണുന്നില്ല. അതിനാൽ എല്ലാ സംഘങ്ങളുടേയും നിൎവ്വാഹകകമ്മിററിക്കാർ ഈ സംഗതി മെമ്പൎമ്മാരെ മനസ്സിലാക്കി അവരെക്കൊണ്ടു സംഘത്തിൽ നിക്ഷേപങ്ങൾ വയ്പിക്കുന്നതിനു വേണ്ട ശ്രമം ചെയ്യേണ്ടിയിരിക്കുന്നു. സ്ഥലത്തുനിന്നും നിക്ഷേപങ്ങൾ ലഭിക്കുന്നതു സംഘനടത്തിപ്പിനു വലിയ ഒരു സഹായമാണെന്നുള്ളതും കമ്മിററിക്കാർ പ്രത്യേകം ഓൎക്കേണ്ടതാണ്.

ഇപ്പോൾ ഉള്ള മിക്ക സംഘങ്ങളുടേയും നിബന്ധനകളിൽ ഒന്നോ രണ്ടോ തരം നിക്ഷേപങ്ങളെ സംബന്ധിച്ചു മാത്രമെ പ്രതിപാദിച്ചിട്ടുള്ളു. ഇതുകൊണ്ടു എല്ലാവൎക്കും എല്ലാ അവസരങ്ങളിലും സംഘത്തിൽ പണം നിക്ഷേപിക്കുന്നതിനു വേണ്ട സൌകൎയ്യം കിട്ടാതെ വന്നേക്കാമെന്നുള്ളതിനാൽ സാധാരണ ഏതു സ്ഥിതിയിലും ഉള്ള ആളുകൾക്കും ഏതെങ്കിലും വിധത്തിൽ സംഘത്തിൽ നിക്ഷേപങ്ങൾ വെക്കത്തക്കവിധം പലതരം നിക്ഷേപങ്ങൾക്കും നിബന്ധനകളിൽ വ്യവസ്ഥ ഉണ്ടായിരിക്കേണ്ടതാണ്. ഈ ഉദ്ദേശത്തോടുകൂടി നിക്ഷേപങ്ങളേയും ചിട്ടികളേയും സംബന്ധിച്ചു ഈയിടെ ഇവിടെ തയാറാക്കീട്ടുള്ള നിബന്ധനകളുടെ ഓരോ പ്രതി സംഘങ്ങളുടെ അറിവിലേക്കായി ഇതു സഹിതം അയക്കുന്നു. അവയെ കഴിയുന്നതും വേഗത്തിൽ നിബന്ധനകളിൽ ചേൎത്തു നടപ്പിൽ വരുത്തുന്നതിനു പൊതുയോഗത്തിൽ നിശ്ചയം ചെയ്തു, പരസ്പരസഹായസംഘചട്ടങ്ങളുടെ ൬-ാംവകുപ്പനുസരിച്ചു വേണ്ട രിക്കാൎഡുകളോടുകൂടി ഇവിടെ അപേക്ഷിക്കണമെന്നു താല്പൎയ്യപ്പെടുന്നു.

സർക്കുലർ: ൨൩.

അഞ്ചലാഫീസു സേവിംഗ്സ് ബാംകുമായുള്ള പബ്ളിക്ക അക്കൌണ്ടു് ഏപ്പാടിൻപ്രകാരം പരസ്പരസഹായസംഘങ്ങൾക്ക ആഴ്ചയിൽ രണ്ടു പ്രാവശ്യം നിക്ഷേപങ്ങൾ പിൻവലിക്കാമെന്നു ഗവണ്മെൻറിൽനിന്നും ൧൦൨൪ നവംബർ ൨൪-ാംനു- എഫ്. എൽ. ൧൧൨൯/൨൪ ൫൧൨-ാംനമ്പർ ഉത്തരവുപ്രകാരം പ്രത്യേക ആനുകൂല്യം നൽകിയിരിക്കുന്നുവെന്നു എല്ലാ സംഘങ്ങളേയും ഇതിനാൽ തെര്യപ്പെടുത്തുന്നു.

നിക്കിയിരിപ്പു സംഖ്യകൾ അപ്പഴപ്പോൾ അഞ്ചലാഫീസിൽ നിക്ഷേപിക്കുന്നതിന് ൯൮ ഇടവം ൧൭-ാംനു-ലെ ൨൨-ാംനമ്പർ സക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ടു.

അഞ്ചലാഫീസിൽനിന്നും വലിയ സംഖ്യകൾ പിൻവലിക്കേണ്ടതായുള്ളപ്പോൾ പണം തയ്യാറാക്കിവയ്ക്കുന്നതിന് അഞ്ചൽമാസ്റ്റർമാൎക്കും സാവകാശം ഉണ്ടായിരിക്കത്തക്കവിധം മുൻകൂട്ടി രേഖാമൂലം അറിവു കൊടുത്തിരിക്കണമെന്നു ൯൭ ധനു ൨൦-ാംനു-ലെ ൮൦-ാംനമ്പർ സക്കുലറിലും ൯൭ കുംഭം ൧൬-ാംനു-ലെ ൭൫-ാംനമ്പർ സക്കുലറിലും പ്രസ്താവിച്ചിട്ടുണ്ടു.

സംഘങ്ങൾക്ക് പബ്ലിക്ക് അക്കൌണ്ടു ഏർപ്പെടുത്തുന്നതിന് കാലതാമസം നേരിടാതിരിപ്പാൻവേണ്ടി ഈ ആഫീസ് മുഖാന്തിരം സംഘങ്ങൾ അപേക്ഷിക്കുന്നപക്ഷം അക്കൌണ്ടാഫീസ് അനുവാദത്തെ പ്രതീക്ഷിച്ചു സംഘങ്ങൾ അക്കൌണ്ടു ആരംഭിച്ചുകൊള്ളുന്നതിനു ഗവണ്മെൻറു നൽകിയിട്ടുള്ള അനുവാദം ൯൮ ഇടവം ൨-ാംനു-ലെ ൭൩-ാംനമ്പർ സക്കുലറിൽ പ്രസ്താവിച്ചിട്ടുണ്ട്.

ഇതേ സംബന്ധിച്ചു ഗവണ്മെൻറു നൽകിയിട്ടുള്ള അവകാശങ്ങളും ആനുകൂല്യങ്ങളും ഏററവും വിലയേറിയവയാകുന്നു. എല്ലാ സംഘങ്ങളും പബ്ലിക്ക അക്കൌണ്ടുകൾ ആരംഭിച്ച് ഈ ആനുകൂല്യങ്ങളെല്ലാം ഉപയോഗപ്രദമാക്കുമെന്നു വിശ്വസിക്കുന്നു.

൨൦. പബ്ലിക്ക് അക്കൌണ്ടു്.

സക്കുലർ: ൭൩.

എല്ലാ പരസ്പരസഹായസംഘങ്ങളേയും തെര്യപ്പെടുത്തുന്നതെന്തെന്നാൽ, ഗവണ്മെൻറിൽനിന്നും ൧൦൨൩-ാമാണ്ടു മേയ മാസം

൧൧-ാണ്ടു ഉണ്ടായ എഫ്. എസ്. ൧൯൮-ാംനമ്പർ ഉത്തരവിൽ അഞ്ചലാഫീസ് സേവിംഗ്സ് ബാങ്കുകളിൽ പരസ്പരസഹായസംഘങ്ങൾക്കുവേണ്ടി അക്കൌണ്ടാഫീസിലെ അനുവാദത്തെ പ്രതീക്ഷിച്ചു സംഘങ്ങളുടെ അപേക്ഷയിന്മേൽ പബ്ലിക്ക് അക്കൌണ്ടു തുടങ്ങുന്നതിന് അഞ്ചൽമാസ്റ്റർമാർക്ക് അനുവാദം നൽകിയിരിക്കുന്നു. എന്നാൽ ഇപ്രകാരമുള്ള അപേക്ഷകൾ ഈ ആഫീസിൽനിന്നും അയക്കേണ്ടതൊ അല്ലെങ്കിൽ ഈ ആഫീസിലെ അനുവാദത്തോടുകൂടി ചെയ്യുന്നതൊ ആയിരിക്കണം.

ഇതിലേക്കുള്ള അപേക്ഷകൾ താഴെ കാണുന്ന രീതിയിൽ തയ്യാറാക്കി (സംഘത്തിൻെറ നിശ്ചയപകർപ്പോടുകൂടി) ഈ ആഫീസിലേക്ക അയക്കണം.

നമ്പർ സ്ഥലം.

തീയതി.

-ാംനമ്പർ പരസ്പരസഹായസംഘത്തിൽ നിന്നു അഞ്ചലാഫീസിലേക്ക്.

സർ,

-ാംനമ്പർ പരസ്പരസാഹായസംഘത്തിനു വേണ്ടി സംഘം പ്രസിഡൻറ് / സെക്രിട്ടറിയായ എൻെറ (പേരു) പേരിൽ അഞ്ചലാഫീസ് സേവിംഗ്സ് ബാങ്കിൽ ഒരു പബ്ലിക്ക് അക്കൌണ്ട് ഏർപ്പെടുത്തണമെന്ന് അപേക്ഷിക്കുന്നു.

(ഒപ്പ്)

പ്രസിഡൻറ / സെക്രട്ടറി (പേരു)

എൻഡോഴ്സ്മെൻറ്.

നമ്പർ

പരസ്പരസഹായസംഘം രജിസ്ട്രാർ ആഫീസ്,

തിരുവനന്തപുരം,

൧൦ മാണ്ടു മാസം ൹

൧൦ -മാണ്ടു മാസം ൹ രജിസ്റ്ററാക്കപ്പെട്ട -ാംനമ്പർ പരസ്പരസഹായ സംഘത്തിനു വേണ്ടിയുള്ള മേൽകാണുന്ന അപേക്ഷയെ അക്കൌണ്ടാഫീസിലെ അനുവാദത്തെ പ്രതീക്ഷിച്ചു അനുവദിക്കാവുന്നതാണ്.

പരസ്പരസഹായസംഘം രജിസ്ട്രാർ.

സക്കുലർ: ൧൨൮.

The attention of co-operative societies and institutions is invited to Section 32 of the Travancore Co-operative Societies Regulation X of 1089 which provides "That a registered society may invest or deposit its funds with any Bank or person carrying on the business of banking aproved for this purpose by the Registrar." Societies that may have invested their funds otherwise than as stated above should regularise the transactions by furnishing full informations about the institutions and obtaining approval as contemplated.

The State Aided Bank of Travancore Ltd., Alleppey, has expressed its preparedness to do any banking business for Co-operative Societies. Notice is hereby given to all societies that this Bank is approved for the purpose of Section 32 as one in which co-operative societies may invest or deposit their funds.

സക്കുലർ: ൧൨൯.

പരസ്പരസഹായസംഘങ്ങളിൽ നിന്നും അഞ്ചലാഫീസുകളിൽ പബ്ലിക്ക് അക്കൗണ്ടുകൾ തുടങ്ങുന്നതിനും അക്കൗണ്ടുകൾ ചേതമാററുന്നതിനും ഇപ്പോൾ ഈ ആഫീസിൽനിന്നും അഞ്ചൽമാസ്റ്റർമാൎക്ക് എഴുതി അയച്ചുവരുന്ന പതിവിനെ ഭേദപ്പെടുത്തി മേലാൽ ഇതു സംബന്ധിച്ച എഴുത്തുകുത്തുകൾ അസിസ്റ്റൻറു രജിസ്ത്രാർ ആഫീസിൽനിന്നും നടത്തിക്കൊള്ളുന്നതിനു ഗവൺമെൻറു അനുവദിച്ചിട്ടുള്ളതിനാൽ സംഘങ്ങൾ പബ്ലിക്ക് അക്കൗണ്ടു സംബന്ധിച്ച കാൎയ്യങ്ങൾക്ക് അസിസ്റ്റൻറു രജിസ്ത്രാരന്മാൎക്ക് എഴുതി അയക്കേണ്ടതാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

൨൧. വാർഷികപൊതുയോഗം.

വകുപ്പു: ൧൩.

വാർഷിക പൊതുയോഗം.

രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഓരോ സംഘവും അതിൻെറ അംഗങ്ങളുടെ ഒരു വാർഷിക പൊതുയോഗം, അതിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള സമയത്തിനുള്ളിൽ വിളിച്ചുകൂട്ടേണ്ടതാണ്.

സക്കുലർ: ൧൩൦.

പരസ്പരസഹായസംഘങ്ങളുടെ യോഗങ്ങൾകൂടുന്നതിന് സ്കൂൾ കെട്ടിടങ്ങൾ അനുവദിച്ചുകൊടുത്തിട്ടുണ്ടായിരുന്ന ഏൎപ്പാടിനെ റദ്ദുചെയ്തി

രിക്കുന്നതായും മററും പല സംഘങ്ങളിൽനിന്നും ഇവിടെ റിപ്പോർട്ടുകൾ വന്നതിനു ഇവിടെ നിന്നും വിദ്യാഭ്യാസഡയറക്ടർ അവർകൾക്ക് എഴുതി അയച്ചതിനു സ്കൂൾകെട്ടിടങ്ങൾ സംഘങ്ങൾക്കു യോഗം കൂടുവാൻ വിട്ടുതരുന്നതിനു ഇപ്പോൾ ആ ഡിപ്പാർട്ടുമെൻറിൽനിന്നും അയച്ചിട്ടുള്ള ഫൻവൻ-ലെ രണ്ടാംനമ്പർ സർക്കുലർ ബാധകമായി തീരുന്നതല്ലെന്ന് മറുപടി അയച്ചിരിക്കുന്നു. എന്നാൽ ഇതു സംബന്ധിച്ച് സംഘങ്ങൾ അറിഞ്ഞിരിക്കേണ്ടതായി ഡയറക്ടർ അവർകളുടെ ലറ്ററിൽ കണ്ടിട്ടുള്ള ഭാഗങ്ങൾ എല്ലാ സംഘങ്ങളുടേയും ശ്രദ്ധക്കായി അടിയിൽ ഉദ്ധരിച്ചിരിക്കുന്നു.

ഒഴിവു ദിവസങ്ങളിലും മററു അനദ്ധ്യായ സമയങ്ങളിലും സംഘങ്ങളുടെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ മുൻകൂട്ടി രേഖാമൂലം അപേക്ഷിക്കുന്നപക്ഷം സ്കൂൾ കെട്ടിടങ്ങൾ യോഗങ്ങൾ കൂടുന്നതിനു വിട്ടുകൊടുക്കാമെന്നുള്ള ഫൻഫന-ലെ അനുവാദത്തെ പിൻവലിക്കുണമെന്നു വിചാരിക്കുന്നില്ല. ഈ അനുവാദം ഒരു ആനുകൂല്യംമാത്രവും യാതൊരു സംഘത്തിനും ഏതെങ്കിലും ഒരു സ്കൂൾ കെട്ടിടം വിട്ടുകൊടുക്കണമെന്ന് അവകാശം പുറപ്പെടുവിക്കാൻ പാടില്ലാത്തതും സ്കൂൾകെട്ടിടം വിട്ടുകൊടുക്കുന്നതു് ഡിപ്പാർട്ടുമെൻറിലെ ആവശ്യവും കെട്ടിടത്തിൻെറയും സാമാനങ്ങളുടെയും രക്ഷയെ പരിഗണിച്ചും മാത്രമായിരിക്കുന്നതുമാണ്. ചില സംഘങ്ങളിൽനിന്നും അധികാരപരമായും ബഹുമാനരഹിതമായും ഹെഡ മാസ്റ്റർമാക്ക് എഴുതി അയച്ചിട്ടുള്ളതായി കണ്ടിട്ടുണ്ട്. ഹെഡ് മാസ്റ്റർമാരോടും മററുദ്യോഗസ്ഥന്മാരോടുമുള്ള എഴുത്തുകുത്തുകളിൽ സംഘങ്ങൾ ബഹുമാനപുരസ്സരമായ രീതി അംഗീകരിക്കേണ്ടതിൻെറ ആവശ്യകതയെ എല്ലാ സംഘങ്ങളും മനസ്സിലാക്കണം. ഇരുട്ടിയശേഷവും യോഗങ്ങൾ തുടർന്നു പോകേണ്ട സംഗതികളിൽ കെട്ടിടങ്ങൾ വിശേഷിച്ചും ഓലക്കെട്ടിടങ്ങൾ അനുവദിക്കുന്നതിൽ പ്രത്യേകം കരുതൽ വേണ്ടതാണെന്നും പള്ളിക്കൂടം ഇൻസ്പെക്ടരെ നിർദ്ദേശിക്കുന്നു.

യോഗങ്ങൾ കൂടുന്നതിനു സ്കൂൾകെട്ടിടങ്ങൾ ആവശ്യമുള്ള എല്ലാ സംഘങ്ങളും മേൽ പറഞ്ഞിട്ടുള്ള സംഗതികൾ ഗൗനിച്ചു പ്രവൃത്തിക്കുന്നതായാൽ ആവശ്യമില്ലാത്ത എഴുത്തുകുത്തുകൾക്ക് ഇടയാകുന്നതല്ല.

സക്കുലർ: ൫ ം ൧.

ചില സംഘങ്ങളും പ്രത്യേക അപേക്ഷയോ ഫാറമോ കൂടാതെ യോഗനടപടിപ്പുകർപ്പുകൾ ഇവിടെ അയച്ചു വരുന്നു. അതിൻെറ

ആവശ്യവും ഉദ്ദേശവും എന്തെന്നു വിവരിച്ചുള്ള റിപ്പോർട്ടുകളോടു കൂടിയല്ലാതെ അയക്കപ്പെടുന്ന നടപടിപ്പകർപ്പുകളിന്മേൽ ഇവിടെ നിന്നും മേൽനടപടി എടുക്കുന്നതല്ലാത്തതും അവ അംഗീകരിക്കപ്പെട്ടതായി ഗണിച്ചുകൂടാത്തതും ആകുന്നു.

൧൧. വിശേഷാൽ പൊതുയോഗം.

വകുപ്പ്: ൧ ർ.

വിശേഷാൽ പൊതുയോഗങ്ങൾ.

കമ്മിററിയിലെ ഭൂരിപക്ഷത്തിന് എപ്പോഴെങ്കിലും ഒരു വിശേഷാൽ പൊതുയോഗം വിളിച്ചുകൂട്ടാവുന്നതും,

(൧) സംഘത്തിലെ അഞ്ചിലൊരുഭാഗത്തിൽ കുറയാത്ത അംഗങ്ങളുടെ രേഖാമൂലമായ അപേക്ഷയിന്മേലൊ, അല്ലെങ്കിൽ

(൨) രജിസ്ട്രാരുടെ അറിയിപ്പനുസരിച്ചോ,

ഒരു മാസത്തിനകം വിളിച്ചുകൂട്ടേണ്ടതും ആകുന്നു.

ചട്ടം: ൧ ൬.

വിശേഷാൽ പൊതുയോഗം.

പൊതുയോഗങ്ങൾ വിളിച്ചുകൂട്ടുന്നതിൻെറ വിധവും അപ്രകാരമുള്ള യോഗങ്ങൾ കൂടുന്നതിൻെറ ഉദ്ദേശ്വും, കൂടുന്ന സമയവും സ്ഥലവും സംബന്ധിച്ച സംഘത്തിൻെറ ഉപനിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്ട്രാരൊ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ആളൊ സംഘത്തിൻെറ ഒരു വിശേഷാൽ പൊതുയോഗം അദ്ദേഹം നിർദ്ദേശിക്കുന്നതുപോലെയുള്ള വിധത്തിലും സമയത്തും സംഘത്തിൻെറ പ്രവർത്തനപ്രദേശത്തിനുള്ളിലുള്ള സ്ഥലത്തും വിളിച്ചുകൂട്ടാവുന്നതാകുന്നു. ആ യോഗത്തിൽ ആരു് ആദ്ധ്യക്ഷ്യം വഹിക്കണമെന്നും എന്തെല്ലാം സംഗതികളെപ്പററി വാദപ്രതിവാദം ചെയ്യണമെന്നും കൂടി അദ്ദേഹം നിർദ്ദേശിക്കാവുന്നതാണു. സംഘത്തിൻെറ ഉപനിയമങ്ങൾക്കനുസരണമായി സാധുത്വം വിളിച്ചുകൂട്ടിയ ഒരു യോഗത്തിനു ഉണ്ടായിരിക്കുന്നതാണ്. എന്നാൽ സംഘത്തിൻെറ ഉപനിയമങ്ങൾപ്രകാരം പൊതുയോഗങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള കോറം ആ യോഗങ്ങൾക്ക് ഉണ്ടാകാതിരിക്കുന്നപക്ഷം ആ പരിതഃസ്ഥിതികളിൽ കോറം തികഞ്ഞു കിട്ടാൻ സാദ്ധ്യമായിരുന്നില്ലെന്നും യോഗനടപടികൾ സംഘത്തിൻെറ ഉത്തമ

താല്പര്യങ്ങൾക്കു വേണ്ടവയായിരുന്നുവെന്നും ഒരു സാധാരണ പൊതുയോഗം അവയെ അംഗീകരിക്കുമെന്നു ന്യായമായി പ്രതീക്ഷിക്കാമെന്നും സ്വയം ബോദ്ധ്യപ്പെട്ടതിനുശേഷവും അതിന്റെ ആലോചനകളും ക്രമാനുസാരമായിരിക്കുന്നുവെന്നു രജിസ്ട്രാർ ഉത്തരവു ചെയ്യുന്നെങ്കിൽ യോഗങ്ങൾ അസാധുവായിരിക്കുന്നതല്ല. അപ്രകാരം യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനുള്ള ചെലവു സംഘം വഹിക്കേണ്ടതാകുന്നു.

൨൩. വോട്ട്.

വകുപ്പ്: ൧൨.

(൧) രജിസ്റ്റർ ചെയ്യപ്പെട്ട ഏതൊരു സംഘത്തിലെ ഏതൊരംഗത്തിനും ആ സംഘത്തിന്റെ കൈകാര്യത്തിൽ ഒന്നിലധികം വോട്ടു ഉണ്ടായിരിക്കുന്നതല്ല. എന്നാൽ വോട്ടുകൾ സമമായിരുന്നാൽ ചെയർമാനു ഒരു കാസ്റ്റിംഗ് വോട്ട് ഉണ്ടായിരിക്കുന്നതാണ്.

അംഗങ്ങളുടെ വോട്ടുകൾ,

(൨) രജിസ്റ്റർ ചെയ്യപ്പെട്ട മറെറാരു സംഘത്തിന്റെ ഓഹരികളിൽ ഏതാനും ഭാഗം മുതൽ മുടക്കിയിട്ടുള്ള രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘം നിയമാനുസരണം സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളനുസരിച്ചു നിയമിക്കപ്പെടാൻ അയോഗ്യതയില്ലാത്ത അതിലെ ഏതെങ്കിലും അംഗത്തെ രജിസ്റ്റർ ചെയ്യപ്പെട്ട മറെറ സംഘത്തിന്റെ കാര്യങ്ങളിൽ വോട്ടു ചെയ്യുന്നതിനു നിയമിക്കാവുന്നതാകുന്നു,

൨൪. ബഡ്ജററ്.

സർക്കുലർ: ൨൩൯.

സംസ്ഥാനത്തു പ്രവൃത്തിചെയ്യുന്ന വിവിധസഹകരണസംഘങ്ങൾ ഇപ്പോൾ അനുവർത്തിക്കുന്ന വ്യയസംബന്ധമായ നയം ക്രമീകരിക്കുകയും അതിനു ഒരു ഐകരൂപ്യം വരുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. താലൂക്കു്ബാങ്കുകൾ ഐക്യസംഘങ്ങൾ എന്നിവ ഒഴിച്ചു മററുള്ള മിക്ക സംഘങ്ങളും ബഡ്ജററ് സ്വീകരിച്ച് അനുവാദം വാങ്ങുന്ന ഒരു സമ്പ്രദായംതന്നെ ഇപ്പോൾ ഇല്ലാതാണിരിക്കുന്നതു. ചില സംഘങ്ങൾ ജോലിയുടെ കൂടുതൽകുറവോ വ്യാപാരത്തിന്റെ അളവോ സംഘത്തിന്റെ ധനസ്ഥിതിയോ ഒന്നും പരിഗണിക്കാതെ അമിതമായ സ്ഥാപനച്ചെലവുകളും ഇതരചെലവുകളും നടത്തിവരുന്നതായി കാണുന്നു. സംഘങ്ങളുടെ സുസ്ഥിരമായ ഭാവിയിലെ വളർച്ചക്കു ഇതു ഒട്ടുംതന്നെ അനുയോജ്യമല്ലാ. ഓരോ സംഘവും ഓരോ തരത്തിലുള്ള വ്യാപാര

സ്ഥാപനം (Business organisation) ആണെന്നുള്ള ബോദ്ധ്യത്തോടുകൂടി വർത്തിക്കേണ്ടതാണ്. അതിലേക്ക താഴെ പറയുന്ന നിർദ്ദേശങ്ങൾ സംഘങ്ങളുടെ അറിവിലേക്കായി നൽകിക്കൊള്ളുന്നു:—

(൧) ഓരോ സംഘവും സഹകരണവർഷം അവസാനിക്കുന്നതിന് ൧൫ ദിവസത്തിനു മുൻപുതന്നെ അടുത്ത കൊല്ലത്തേക്കുള്ള ബഡ്ജറ്റു രൂപീകരിച്ചു പൊതുയോഗത്തിൽ പാസ്സാക്കി യഥാസ്ഥാനങ്ങളിൽ അയച്ചുകൊടുത്ത് അനുവാദം വാങ്ങിക്കൊള്ളണം.

(൨) സെൻട്രൽബാങ്ക്, താലൂക്കുബാങ്കുകൾ, ഐക്യസംഘങ്ങൾ, ഇൻസ്റ്റിട്യൂട്ട് എന്നീ സ്ഥാപനങ്ങൾ അവയുടെ ബഡ്ജറ്റുകൾ മുറയ്ക്കു പാസ്സാക്കി അസിസ്റ്റൻറു രജിസ്ട്രാർ മുഖേന രജിസ്ട്രാർക്ക് അയച്ചുകൊടുക്കേണ്ടതും പാസ്സാക്കി വാങ്ങേണ്ടതുമാകുന്നു.

൩. മററുള്ള എല്ലാ സംഘങ്ങളും അവയുടെ ബഡ്ജറ്റുകൾ തയ്യാറാക്കി പൊതുയോഗങ്ങളിൽ പാസ്സാക്കി ഓരോ ഐക്യസംഘങ്ങൾക്ക അയച്ചുകൊടുക്കേണ്ടതുമാകുന്നു. ൨൦൦൦ രൂപ വരെ പ്രവർത്തനമൂലധനമുള്ള സംഘങ്ങളുടെ ബഡ്ജറ്റു ഐക്യസംഘങ്ങൾക്കുതന്നെ പാസ്സാക്കാമെന്നുള്ളതും, ബാക്കിയുള്ളവ അസിസ്റ്റൻറു രജിസ്ട്രാരുടെ അനുവാദത്തിനായി ഐക്യസംഘങ്ങൾതന്നെ അയച്ചുകൊടുക്കേണ്ടതുമാകുന്നു. അസിസ്റ്റൻറുരജിസ്ട്രാർ അപ്രകാരമുള്ള ബഡ്ജറ്റുകൾ ശരിയായി പരിശോധിച്ചു പാസ്സാക്കേണ്ടതുമാകുന്നു.

ഓരോ സർക്കിൾഇൻസ്പെക്ടരും മുൻപറഞ്ഞ രീതിയിൽ പ്രവർത്തിക്കാത്ത സംഘങ്ങളുടെ കാര്യം അപ്പഴപ്പോൾ അസിസ്റ്റൻറ് രജിസ്ട്രാരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാകുന്നു.

സക്ക്യലർ ൨൧൦.

സക്ക്യലർ ൨൩൯-ൽ നിർദ്ദേശിച്ചിട്ടുള്ളപ്രകാരം രണ്ടായിരം രൂപാവരെ പ്രവർത്തനമൂലധനമുള്ള പ്രാഥമികസഹകരണസംഘങ്ങളുടെ ബഡ്ജറ്റു ഐക്യസംഘങ്ങളും, അതിൽ കൂടുതൽ പ്രവർത്തനമൂലധനമുള്ള പ്രാഥമികസംഘങ്ങളുടെ ബഡ്ജററ് ഓരോ ഡിവിഷനിലെയും അസിസ്റ്റൻറ് രജിസ്ട്രാരന്മാരും പാസ്സാക്കുന്ന പതിവാണ് നടപ്പിൽ ഇരിക്കുന്നത്. എന്നാൽ സഹകരണഐക്യസംഘങ്ങളുടേയും തിരുവിതാംകൂർ സഹകരണ ഇൻസ്റ്റിട്യൂട്ടിൻേറയും പുനഃസംവിധാനം

സംബന്ധിച്ച് ഗവണ്മെൻറിൽനിന്നും ൧൯൪൭ ഫെബ്രുവരി ൨-ാംനു പാസ്സാക്കിയിട്ടുള്ള ആർ. ഓ. സി. നമ്പർ ൫൭൭ ൧/൪൭/ഡവലപ്പുമെൻറ ഉത്തരവിൽ എല്ലാ പ്രാഥമികസംഘങ്ങളുടേയും ബഡ്ജററ ഐക്യസംഘങ്ങളും, ഐക്യസംഘങ്ങളുടെ ബഡ്ജററ് തിരുവിതാംകൂർ സഹകരണ ഇൻസ്റ്റിട്ട്യൂട്ടും പാസ്സാക്കേണ്ടതാണെന്ന് വ്യവസ്ഥചെയ്തിരിക്കുന്നു.

൨. അതിനാൽ ഗവൺമെൻറ തീരുമാനപ്രകാരം മേലാൽ എല്ലാ പ്രാഥമികസംഘങ്ങളും അവയുടെ ബഡ്ജററ് ഐക്യസംഘങ്ങളിലേക്കും, സംസ്ഥാനത്തുള്ള എല്ലാ ഐക്യസംഘങ്ങളും ബാങ്കിംഗ് ഐക്യസംഘങ്ങളും അവരുടെ ബഡ്ജററ് തിരുവിതാംകൂർ സഹകരണ ഇൻസ്റ്റിട്ട്യൂട്ടിലേക്കും യഥാകാലം അയച്ച് അനുവാദം വാങ്ങിക്കൊള്ളേണ്ടതാകുന്നു. താലൂക്ക് ബാങ്കുകളും, തിരുവിതാംകൂർ സഹകരണ ഇൻസ്റ്റിട്ട്യൂട്ട്, തിരുവിതാംകൂർ സെൻട്രൽ സഹകരണ ബാങ്ക് മുതലായ എല്ലാ കേന്ദ്രസ്ഥാപനങ്ങളും അവയുടെ ബഡ്ജററ മുൻപതിവനുസരിച്ച് ഈ ആഫീസിലേക്ക അയച്ച് അനുവാദം വാങ്ങിക്കേണ്ടതാണ്.

൩. സർക്കുലർ ൨൩൫-ൽ നിർദ്ദേശിച്ചിരിക്കുന്നപ്രകാരം ഓരോ വർഷത്തേക്കുമുള്ള ബഡ്ജററ് മുന്നാണ്ടു മിഥുനം അവസാനത്തിനകം രൂപീകരിച്ച് പൊതുയോഗത്തിൽ പാസ്സാക്കി അധികാരസ്ഥാനത്തു അയച്ച് അനുവാദം വാങ്ങിയിരിക്കേണ്ടതാകുന്നു. ബഡ്ജററ് അനുവാദം കൂടാതെയുള്ള ചിലവുകൾ മേലാൽ അംഗീകരിക്കപ്പെടുന്നതല്ലാ.

൪. ഈ സഹകരണവർഷത്തേക്കുള്ള ബഡ്ജററ് അനുവദിപ്പിച്ചിട്ടില്ലാത്ത വിവിധ സ്ഥാപനങ്ങൾ അവ ഈ സർക്കുലറിൽ പറയുന്ന അധികാരസ്ഥാനത്തിൽനിന്നും ഉടനെ അനുവദിപ്പിച്ച് വാങ്ങുവാനുള്ളതാകുന്നു.

൨൭ കമ്മിററി.

വകുപ്പ് ൪൧.

(൧) രജിസ്റ്റർചെയ്യപ്പെട്ട ഏതെങ്കിലും സംഘത്തിൻെറ കമ്മിറ്റി ശരിയായി ജോലിചെയ്യുന്നില്ലെന്നു രജിസ്ട്രാർക്ക അഭിപ്രായമുള്ളപക്ഷം കമ്മിററിയുടെ ആക്ഷേപങ്ങൾ ബോധിപ്പിക്കാൻ കമ്മിററിക്ക ഒരു അവസരം നൽകിയതിനുശേഷവും ആക്ഷേപങ്ങൾ തൃപ്തികരങ്ങളല്ലെന്ന്

കമ്മിററിയെ പിരിച്ചുവിട്ടു മറെറാരു കമ്മിററിയെ നിയമിക്കുക.

(അപ്രകാരമാണ് തൻെറ തീർമാനമെങ്കിൽ) ഒരു തീരുമാനം രേഖപ്പെടുത്തിയശേഷവും രജിസ്ട്രാർ താൻ നിർണ്ണയിക്കാവുന്ന ഒരു മാസത്തിൽ കുറയാത്ത കാലത്തിനുള്ളിൽ ഒരു പുതിയ കമ്മിററി നിയമിക്കുവാൻ സംഘത്തിലെ അംഗങ്ങളോടു ആവശ്യപ്പെടാവുന്നതാണ്. അപ്രകാരം ഒരു പുതിയ കമ്മിററിയെ നിയമിക്കാതിരിക്കുന്നപക്ഷമോ അല്ലെങ്കിൽ നിയമിക്കപ്പെട്ട കമ്മിററി ആറുമാസക്കാലത്തെ പരീക്ഷണത്തിനുശേഷം അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ പര്യാപ്തമല്ലെന്നു കാണുകയും സംഗതിയുടെ പരിതഃസ്ഥിതികളിൽ ആ സംഘം രജിസ്റ്റർചെയ്തിരിക്കുന്നതിനെ റദ്ദ്ചെയ്യാൻ ഉത്തരവിടുന്നതു് അനാശാസ്യമാണെന്നു രജിസ്ട്രാർക്കു അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്ന പക്ഷമോ അദ്ദേഹം രേഖാമൂലമായ ഉത്തരവിൻപ്രകാരം കമ്മിററിയെ പിരിച്ചുവിട്ടിട്ട് ഒരു വർഷത്തിൽ കൂടുതലാകാത്ത ഒരു നിർദ്ദിഷ്ടകാലത്തേയ്ക്കു സംഘത്തിൻെറ കാര്യങ്ങൾ നടത്താൻ ആവശ്യമെന്നു അദ്ദേഹം വിചാരിക്കാവുന്നത്ര ആ സംഘത്തിലെ അംഗങ്ങൾ ഉൾപ്പെട്ടിട്ടുള്ള ഒരു അനുയോജ്യമായ കമ്മിററിയെ നിയമിക്കാവുന്നതാണ്. ആ ഉത്തരവിൽ പറഞ്ഞിട്ടുള്ള കാലത്തെ രജിസ്ട്രാരുടെ യുക്തംപോലെ അപ്പോഴപ്പോൾ നീട്ടാവുന്നതും എന്നാൽ ആ ഉത്തരവ് ആകപ്പാടെ രണ്ടുവർഷത്തിൽ കൂടുതലായ കാലത്തേയ്ക്കു ഊർജ്ജിതത്തിലിരിക്കുന്നതല്ലാത്തതുമാകുന്നു.

(ബി) രജിസ്ട്രാർ അപ്രകാരം നിയമിച്ചിട്ടുള്ള കമ്മിററിക്കു സംഘത്തിൻെറ ഉപചട്ടങ്ങളനുസരിച്ചു സംഘത്തിൻെറ ഒരു കമ്മിററിക്കുള്ള എല്ലാ അധികാരങ്ങളും അവകാശങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്.

(സി) രജിസ്ട്രാർ നിയമിച്ചിട്ടുള്ള കമ്മിററി അതിനെ നിയമിച്ചിരിക്കുന്നതു് ഏതു കാലത്തേക്കാണോ ആ കാലം കഴിയുമ്പോൾ സംഘത്തിൻെറ ഉപചട്ടങ്ങൾ അനുസരിച്ചു ഒരു പുതിയ കമ്മിററിയുടെ [illegible] ഏർപ്പാടുചെയ്യേണ്ടതാകുന്നു.

(ഡി) ഏതെങ്കിലും സംഘത്തെ സംബന്ധിച്ചു (എ)-ാം ഉപവകുപ്പിൻപ്രകാരം നടപടിനടത്തുംമുമ്പു് രജിസ്ട്രാർ നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിധം, നമ്മുടെ ഗവണ്മെൻറു ഈ ആവശ്യത്തിലേക്കു നിർണ്ണയിച്ചിരിക്കാവുന്ന ആളുകൾ ആരെങ്കിലുമുണ്ടെങ്കിൽ അവരോടു് ആ നടപടിയെ സംബന്ധിച്ചും നിർണ്ണയിക്കാവുന്ന മററുകാര്യങ്ങളെ സംബന്ധിച്ചും ആലോചിക്കേണ്ടതാകുന്നു.

(ഭ) സംഘം രജിസ്റ്റരചെയ്തിരിക്കുന്നതിനെ മറേറതെങ്കിലും വകുപ്പിൻപ്രകാരം റദ്ദ്ചെയ്യുന്നതിനുള്ള രജിസ്ട്രാരുടെ അധികാരങ്ങളെ ഈ വകുപ്പിലുള്ള യാതൊന്നും ബാധിക്കുന്നതായി ഗണിക്കാൻ പാടുള്ളതല്ല.

ചട്ടം ൫൭.

കമ്മിററിയിൽ അംഗമാകുന്നതിനുള്ള അയോഗ്യത.

(1) (എ) ഒരു നിർദ്ധനനോ (ബാംക്രപ്റ്റൊ) പാപ്പരോ (ഇൻസാൾവെൻറാ) ആണെന്നോ അല്ലെങ്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്ത ഒരു നിർദ്ധനനോ പാപ്പരൊ അല്ലെങ്കിൽ കടം കൊടുത്തുതീർത്തിട്ടില്ലാത്ത, പാപ്പരൊ ആണെന്നോ നിയമപ്രകാരം തീരുമാനിക്കാൻ അപേക്ഷിച്ചിട്ടുള്ളതോ, അല്ലെങ്കിൽ

(ബി) രാഷ്ട്രീയസ്വഭാവമുള്ള ഒരു കുററമല്ലാത്തതോ അല്ലെങ്കിൽ സന്മാർഗ്ഗഭ്രംശത്തിൽപ്പെടാത്ത ഒരുകുററമല്ലാത്തതോ ആയ ഏതെങ്കിലും കുററം ചെയ്തതിന ശിക്ഷിക്കപ്പെട്ട ആ ശിക്ഷ അസ്ഥിരപ്പെടുത്തുകയോ അല്ലെങ്കിൽ ആ കുററത്തിന മാപ്പുകൊടുക്കുകയോ ചെയ്തിട്ടുള്ളതോ, അല്ലെങ്കിൽ

(സി) ബുദ്ധിക്കു സ്ഥിരതയില്ലാത്തവനോ, പൊട്ടനൊ, ഊമയോ അന്ധനൊ, കുഷ്ഠരോഗിയൊ, അല്ലെങ്കിൽ

(ഡി) സംഘത്തിലെ ശമ്പളം പററുന്ന ജോലിക്കാരനോ അല്ലെങ്കിൽ മറേറതെങ്കിലും സംഘത്തിലെ ശമ്പളം പററുന്ന ജോലിക്കാരനോ അല്ലെങ്കിൽ

(ഇ) സംഘം നടത്തുന്ന രീതിയിലുള്ള ഒരു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവനോ അല്ലെങ്കിൽ,

(എഫ്) സംഘവുമായി ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും കൺട്രാക്ടിൻെറ ആദായത്തിൽ താല്പര്യമുള്ളവരോ, അല്ലെങ്കിൽ,

(ജി) രജിസ്ട്രാരുടെ അനുവാദത്തോടുകൂടിയല്ലാതെ അതേ ഇനത്തിലുള്ള മറേറതെങ്കിലും സംഘത്തിൻെറ കമ്മററിയിലെ അംഗമോ, അല്ലെങ്കിൽ

(എച്ച്) മദ്ധ്യസ്ഥൻെറ മുൻപാകെ അയാളുടെ മേൽ അന്യായം ബോധിപ്പിക്കപ്പെട്ടിട്ടുള്ള ആളൊ, അല്ലെങ്കിൽ,

(ഐ) ഒരു സഹകരണസംഘത്തിലെ ശമ്പളം പററുന്ന ഒരു ജീവനക്കാരന്റെ ബന്ധുവായിരിക്കുന്ന ഒരാളോ, ആയ യാതൊരാൾക്കും ഏതെങ്കിലും സംഘത്തിന്റെ കമ്മിററിയിലെ ഒരംഗമായി നിശ്ചയിക്കപ്പെടാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

കുറിപ്പ്:—(ജി) ഉപചട്ടത്തിന്റെ കാര്യത്തിനു പണം കൊടുക്കുന്ന ഏർപ്പാടുള്ള ഒരു ബാങ്കിനേയും ഒരു സൂപ്പർവൈസിംഗ് യൂണിയനേയും ഒരേ ഇനത്തിൽ പെട്ടതായി ഗണിക്കേണ്ടതാകുന്നു.

കുറിപ്പ് (ഐ) അങ്ങനെ ബന്ധുവാണോ അല്ലയൊ എന്നുള്ള സംഗതിയെപ്പററി തർക്കമുണ്ടാകുന്ന വിഷയത്തിൽ, അതു രജിസ്ട്രാരുടെ തീരുമാനത്തിനയക്കേണ്ടതും, രജിസ്ട്രാർ ചെയ്യുന്ന തീരുമാനം അവസാന തീരുമാനമായിരിക്കുന്നതുമാകുന്നു.

(2) (എ) ഒരു നിർദ്ധനനോ (ബാംക്രപ്‌റേറാ) ഒരു പാപ്പരോ (ഇൻസാംവെൻറേറാ, ആണെന്ന് നിയമപ്രകാരം തീരുമാനിക്കാൻ അപേക്ഷിക്കയോ അല്ലെങ്കിൽ തീരുമാനിക്കയൊ ചെയ്യിട്ടുള്ളതോ അല്ലെങ്കിൽ,

(ബി) (1)-ാം ഉപചട്ടം (ബി) ഖണ്ഡത്തിൽ വിവരിച്ചിരിക്കുന്നതുപോലെയുള്ള ഏതെങ്കിലും കുററത്തിനു ശിക്ഷിച്ചിട്ടുള്ളതോ, അല്ലെങ്കിൽ,

(സി) ബുദ്ധിക്കു സ്ഥിരമില്ലാത്തവനോ, പൊട്ടനൊ, ഊമയോ അന്ധനൊ, കുഷ്ഠരോഗിയോ ആയിത്തീർന്നവനോ അല്ലെങ്കിൽ,

(ഡി) സംഘത്തിലേയോ മറേറതെങ്കിലും സംഘത്തിലേയോ ശമ്പളം പററുന്ന ഒരു ജോലിക്കാരനോ, അല്ലെങ്കിൽ,

(ഇ) സംഘം നടത്തുന്ന രീതിയിലുള്ള ഒരു തൊഴിലിൽ ഏർപ്പെടുന്നവനൊ, അല്ലെങ്കിൽ

(എഫ്) സംഘവുമായി ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും കൺട്രാക്ടിന്റെ ആദായത്തിൽ താല്പര്യമുള്ളതായി തീരുന്നവനോ, അല്ലെങ്കിൽ

(ജി) രജിസ്ട്രാരുടെ രേഖാമൂലമായ അനുവാദത്തോടുകൂടിയല്ലാതെ അതേ ഇനത്തിലുള്ള മറേറതെങ്കിലും സംഘത്തിന്റെ കമ്മിററിയിലെ അംഗമായിത്തീരുന്നതോ, അല്ലെങ്കിൽ

(എച്ച്) മദ്ധ്യസ്ഥന്റെ മുൻപാകെ അയാളുടെമേൽ അന്യായം ബോധിപ്പിക്കപ്പെട്ടിട്ടുള്ള ആളോ, അല്ലെങ്കിൽ

(ഐ) സംഘത്തിലെ ശമ്പളം പററുന്ന ഒരു ജീവനക്കാരൻെറ ബന്ധുവായിത്തീരുന്ന ആളോ ആയ ഒരാളിൻെറ ഏതെങ്കിലും സംഘത്തിൻെറ കമ്മിററിയിലെ സാമാജികസ്ഥാനം നിന്നുപോകുന്നതാണ്.

കുറിപ്പ്. (ജി) ഉപചട്ടത്തിൻെറ കാര്യത്തിനു പണംകൊടുക്കുന്ന ഏർപ്പാടുള്ള ഒരു ബാങ്കിനേയും ഒരു സൂപ്പർവൈസിംഗ് യൂണിയനേയും ഒരേ ഇനത്തിൽപെട്ടതായി ഗണിക്കേണ്ടതാകുന്നു.

കുറിപ്പ്. (ഐ) 'അങ്ങനെ ബന്ധുവായോ ഇല്ലയോ' എന്നുള്ള സംഗതിയെപ്പററി തക്കമുണ്ടാകുന്ന വിഷയത്തിൽ അതു് രജിസ്ട്രാരുടെ തീരുമാനത്തിനയക്കേണ്ടതും രജിസ്ട്രാർ ചെയ്യുന്ന തീരുമാനം അവസാന തീരുമാനമായിരിക്കുന്നതുമാകുന്നു.

എന്നാൽ (ബി) ഖണ്ഡപ്രകാരം ഒരാളിൻെറ കമ്മിററിയിലെ സാമാജികസ്ഥാനം അവസാനിച്ചിരിക്കെ അപ്പീലിലോ പരിശോധനയിലോ ശിക്ഷ അസ്ഥിരപ്പെടുത്തുന്നപക്ഷവും അസ്ഥിരപ്പെടുത്തുമ്പോഴും, അയാളെ എത്രകാലത്തേക്കു കമ്മിററിയിലെ സാമാജികനായിരിക്കാൻ തിരഞ്ഞെടുത്തുവോ അതിൽ അയാളെ വീണ്ടും നിയമിക്കുന്ന തീയതിയിൽ കഴിഞ്ഞുപോയിട്ടില്ലാത്ത ബാക്കിയുള്ള കാലത്തേയ്ക്കു അയാളെ വീണ്ടും കമ്മിററിയിലെ സാമാജികനായി നിയമിക്കേണ്ടതും ഇടയ്ക്കുള്ള കാലത്തെ ഒഴിവിലേക്കു തിരഞ്ഞെടുക്കപ്പെട്ട ഏതൊരാളും അങ്ങനെ വീണ്ടും നിയമിക്കപ്പെടുമ്പോൾ സാമാജികസ്ഥാനം ഒഴിയേണ്ടതുമാകുന്നു.

ചട്ടം. ൫൦.

ഒരു അംഗത്തെ കമ്മിററിയിൽ നിന്നു നീക്കുന്നതിനു രജിസ്ട്രാർക്കുള്ള അധികാരം.

ഒരു സഹകരണസംഘത്തിൻെറ മാനേജിംഗ് കമ്മിററിയിലെ ഏതെങ്കിലും അംഗത്തെ, ആ അംഗം സംഘത്തിൻെറ ഉത്തമ താല്പര്യങ്ങൾക്കു വിരുദ്ധമായി ഏതെങ്കിലും പ്രകാരത്തിൽ പ്രവർത്തിച്ചിട്ടുണ്ടെന്നു തനിക്കു ബോദ്ധ്യമായാൽ നീക്കം ചെയ്വാൻ ഉത്തരവുകൊടുക്കുന്നതിനു രജിസ്ട്രാർക്കു സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്. സംഘത്തിലെ ഉപനിയമങ്ങൾമൂലം നിർണ്ണയിച്ചിട്ടുള്ള അംഗങ്ങളുടെ എണ്ണത്തിനു പുറമേ, വല്ല സംഘത്തിൻെറയും മാനേജിംഗ് കമ്മിററിയിൽ ജോലിനോക്കുന്നതിനു രണ്ടു അംഗങ്ങളെ രജിസ്ട്രാർ, ആവശ്യമെന്നു വിചാരിക്കുന്നപക്ഷം, നിയമിക്കാവുന്നതുമാകുന്നു.

ചട്ടം. ൨൫.

രജിസ്ട്രാരുടെ അഭിപ്രായത്തിൽ ഒരു സംഘത്തിന്റെ കമ്മിററി ശരിയായി പ്രവൃത്തിചെയ്യുന്നില്ലെങ്കിൽ, അവരുടെ പ്രവൃത്തനത്തിലുള്ള ന്യൂനതകളും ക്രമക്കേടുകളും പ്രസ്തുത

നിരാകരണം.

കമ്മിററിയെ അദ്ദേഹം അറിയിക്കേണ്ടതും അവരെ നിരാകരിക്കാൻ താൻ ഉദ്ദേശിക്കുന്നുവെന്ന് അറിവുകൊടുക്കേണ്ടതും, ഒരു പുതിയ കമ്മിററിയെ തിരഞ്ഞെടുക്കാൻ പ്രസ്തുത സംഘത്തിന്റെ പൊതുയോഗത്തോടാവശ്യപ്പെടേണ്ടതും നിർദ്ദിഷ്ടനിരാകരണത്തിന് അവക്ക് ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ അവ ഗണിക്കേണ്ടതും ആകുന്നു.

അപ്രകാരമുള്ള ആക്ഷേപങ്ങൾ ഫയൽ ചെയ്യേണ്ട കാലാവധി രജിസ്ട്രാർ നിർണ്ണയിക്കാവുന്നതാണ്.

നിർണ്ണയിക്കപ്പെട്ട കാലാവധിക്കുള്ളിൽ ആക്ഷേപങ്ങൾ ഫയൽ ചെയ്തിട്ടില്ലെങ്കിൽ, രജിസ്ട്രാർ കമ്മിററിയെ നിരാകരിക്കാൻ നടപടി തുടങ്ങാവുന്നതാണ്.

ആക്ഷേപങ്ങൾ കാലാവധിക്കുള്ളിൽ കിട്ടുന്നപക്ഷം, രജിസ്ട്രാർ സംഘത്തിന്റെ പ്രവൃത്തനത്തെ പരിഗണിച്ച് അവയെപ്പററി പര്യാലോചിക്കേണ്ടതും താൻ കമ്മിററിയെ നിരാകരിക്കുന്നതിനോ നിരാകരിക്കാതിരിക്കുന്നതിനോ നിർദ്ദേശിക്കുന്നതെന്നുള്ളതിനെപ്പററി ഒരു തീരുമാനം രേഖപ്പെടുത്തേണ്ടതും ആകുന്നു.

കമ്മിററിയെ നിരാകരിക്കാൻ രജിസ്ട്രാർ തീരുമാനിച്ചാൽ, ആ തീരുമാനത്തിന്റെ തീയതിമുതൽ ആറാഴ്ചക്കകം പുതിയ ഒരു കമ്മിററിയെ തിരഞ്ഞെടുക്കാൻ സംഘത്തിന്റെ ഒരു പൊതുയോഗം വിളിച്ചുകൂട്ടണമെന്ന് സംഘം സെക്രട്ടറിയോട് അദ്ദേഹം ആവശ്യപ്പെടേണ്ടതാകുന്നു.

നിർണ്ണയിക്കപ്പെട്ടിട്ടുള്ള സമയത്തിനുള്ളിൽ, ആവശ്യപ്പെട്ടിട്ടുള്ളതുപോലെ ഒരു പുതിയ കമ്മിററിയെ സംഘം തിരഞ്ഞെടുക്കുന്നില്ലെങ്കിലോ, അല്ലെങ്കിൽ നിയമിക്കപ്പെടുന്ന കമ്മിററി ആറുമാസത്തെ പരീക്ഷണത്തിനുശേഷം രജിസ്ട്രാരുടെ അഭിപ്രായത്തിൽ പോരെന്നു കാണുന്നെങ്കിലോ കാര്യത്തിന്റെ സ്ഥിതിഗതികളിൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ്ചെയ്യുവാൻ ഉത്തരവു കൊടുക്കുന്നതു അനാശാസ്യമാണെന്നു

രജിസ്ത്രാർക്ക് അഭിപ്രായമുണ്ടെങ്കിലോ, അദ്ദേഹം രേഖാമൂലമായ ഉത്തരവിനാൽ കമ്മിററിയെ പിരിച്ചു വിടാവുന്നതും, ഒരു കൊല്ലത്തിൽ കവിയാത്ത ഒരു പ്രത്യേകകാലത്തേക്ക് സംഘത്തിലെ കാര്യങ്ങൾ ഭരിക്കാൻ തനിക്കാവശ്യമെന്നു തോന്നാവുന്നിടത്തോളം സംഘാംഗങ്ങൾ അടങ്ങിയിട്ടുള്ള യുക്തമായ ഒരു കമ്മിററിയെ നിയമിക്കാവുന്നതും ആകുന്നു.

ചട്ടം ൨൮.

പണം കൊടുക്കുന്ന ഏർപ്പാടുള്ള ഒരു ബാങ്കിന്റെ കമ്മിററിയിലെ വ്യക്തികളായ അംഗങ്ങൾക്കു സംഘങ്ങളുമായുള്ള അനുപാതവും, കമ്മിററിയിൽ ഏററവും കൂടിയാൽ എത്ര അംഗങ്ങൾ ഉണ്ടായിരിക്കണമെന്നുള്ളതും രജിസ്ത്രാർ നിശ്ചയിക്കേണ്ടതാകുന്നു.

പണം കൊടുക്കുന്ന ഏർപ്പാടുള്ള ബാങ്കുകളിലെ കമ്മിററികളിലെ വ്യക്തികളായ അംഗങ്ങൾക്കു സംഘാംഗങ്ങളുമായുള്ള അനുപാതം രജിസ്ത്രാർ നിശ്ചയിക്കുന്നതെന്ന്.

ചട്ടം ൨൯.

പണം കൊടുക്കുന്ന ഏർപ്പാടുള്ള ഒരു ബാങ്കിൽ ഒരു വ്യക്തിയായ അംഗം രജിസ്ത്രാർ അതാതുകാലം നിശ്ചയിക്കാവുന്നത്ര ഓഹരികൾ എടുത്തിട്ടില്ലെങ്കിലും ആ ബാങ്കിൽ സ്ഥിരനിക്ഷേപമായി അങ്ങിനെ നിശ്ചയിക്കാവുന്ന തുക മുടക്കിയിട്ടില്ലെങ്കിലും ആ ബാങ്കിന്റെ കമ്മിററിയിലെ ഒരു അംഗമായി നിയമിക്കപ്പെടാൻ അർഹനായിരിക്കുന്നതല്ല.

പണം കൊടുക്കുന്ന ഏർപ്പാടുള്ള ബാങ്കിന്റെ കമ്മിററി അംഗം രജിസ്ത്രാർ നിശ്ചയിക്കുന്ന എണ്ണം ഓഹരി എടുക്കണമെന്നും നിക്ഷേപങ്ങൾ ചെയ്യണമെന്നും.

ചട്ടം ൩൦.

ഒരു സംഘത്തിന്റെ ഉപനിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും യാതൊരാളേയും അയാൾ ഒരു സംഘത്തിന്റെ കമ്മിററിയിലെ ഒരു ഉദ്യോഗസ്ഥനായോ അംഗമായോ തിരഞ്ഞെടുക്ക

പ്പെടുകയോ നിയമിതനാകുകയോ ചെയ്യുന്നതിനു ഉടൻ മുമ്പ് പണം കൊടുക്കുന്ന ഏപ്പാടുള്ളതോ മേൽനോട്ടം വഹിക്കുന്നതോ ആയ ഒരു സ്ഥാപനത്തിന്റെ കാര്യത്തിൽ മൂന്നു കൊല്ലക്കാലത്തിനകത്തോ ഒരു പ്രൈമറിസംഘത്തിന്റെ കാര്യത്തിൽ ഒരു കൊല്ലത്തിനകത്തോ ഏർപ്പെട്ടിട്ടുണ്ടെങ്കിലും അപ്രകാരമുള്ള ഒരു ഉദ്യോഗസ്ഥനായോ അംഗമായോ ജോലിനോക്കിയിട്ടുണ്ടെങ്കിൽ രജിസ്ട്രാരുടെ രേഖാമൂലമുള്ള അനുമതി കൂടാതെ അപ്രകാരമുള്ള ഉദ്യോഗസ്ഥനായോ അംഗമായോ തിരഞ്ഞെടുക്കുകയോ നിയമിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

ഉടർച്ചയായി ഉദ്യോഗം വഹിക്കുന്നതിലുള്ള നിയന്ത്രണം.

ചട്ടം ൪൭.

സംഘത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥൻ (i) ആ സംഘത്തിനോ ആ സംഘത്തിലെ ഒരംഗമായ മററു വല്ല സംഘത്തിനോ, എതിരായി, അല്ലെങ്കിൽ,

(ii) (അറിവോടുകൂടിയായിട്ടല്ലാതെ) അപ്രകാരമുള്ള സംഘത്തിനുവേണ്ടിയോ, ആ സംഘത്തിലെ ഒരംഗമായ മററുവല്ല സംഘത്തിനുവേണ്ടിയോ ഒരു ലീഗൽ പ്രാക്ടീഷണരായി ഹാജരാകുന്നപക്ഷം അപ്രകാരമുള്ള ആളിന്റെ ഉദ്യോഗം ഒഴിഞ്ഞതായി ഗണിക്കപ്പെടേണ്ടതാണ്.

ലീഗൽ പ്രാക്ടീഷണരായി ഹാജരാകുന്ന സംഘത്തിലെ ഉദ്യോഗസ്ഥൻ ചില സംഗതികളിൽ ഉദ്യോഗം ഒഴിയുന്നത്.

സക്കുലർ ഒന്നു.

സംഘത്തിലെ മാനേജിംഗ് കമ്മിററിക്കാർ മുതലായ ഉദ്യോഗസ്ഥന്മാരെ സംഘനിബന്ധനകൾ അനുസരിച്ചു കാലാവധി കഴിയുമ്പോൾ വീണ്ടും തിരഞ്ഞെടുക്കേണ്ടതാണ്. ഇതനുസരിച്ചു കമ്മിററിക്കാർ മുതലായവരെ പുതുതായി തിരഞ്ഞെടുക്കേണ്ട കാലാവധികൾ കഴിഞ്ഞിരുന്നിട്ടും ചില സംഘങ്ങൾ അപ്രകാരം പ്രവത്തിച്ചിട്ടില്ലെന്നു കാണുന്നു. ആയതിനാൽ നിബന്ധനകൾ അനുസരിച്ചു വേണ്ട തിരഞ്ഞെടുപ്പുകൾ അപ്പോഴപ്പോൾ നടത്തേണ്ടതാണെന്ന് എല്ലാ സംഘങ്ങളേയും അറിയിച്ചിരിക്കുന്നു.

സർക്കുലർ ൧൩൦.

അദ്ധ്യാപകന്മാർ സഹകരണസംഘങ്ങളുടെ ഭരണസമിതിയിൽ അംഗങ്ങളായിരിക്കുന്നതിന് ഡിപ്പാർട്ടുമെൻറു മേലധികാരിയുടെ അനുവാദം വാങ്ങിക്കൊള്ളേണ്ടതാണെന്നോ, അല്ലെങ്കിൽ അതിനായി ശുപാർശ ചെയ്യണമെന്നോ, ആവശ്യപ്പെട്ടുകൊണ്ടു അനേകം അപേക്ഷകൾ സംഘങ്ങളിൽനിന്ന് ദിവസേന ഇവിടെ വന്നുകൊണ്ടിരിക്കുന്നു. ഈ എഴുത്തുകൾക്ക് കാരണം ഈയിടെ വിദ്യാഭ്യാസഡയറക്ടർ അവർകൾ പുറപ്പെടുവിച്ചിട്ടുള്ള ഒരു സർക്കുലർ മേലാൽ തെററിദ്ധരിച്ചിരിക്കുന്നതിന്റെ ഫലമായിരിക്കാം. അദ്ധ്യാപകന്മാർ സഹകരണസംഘങ്ങളിൽ ഏതെങ്കിലും ഉദ്യോഗം സ്വീകരിക്കണമെന്നുണ്ടെങ്കിൽ ആ വിവരം മുൻകൂട്ടി ഡിപ്പാർട്ടുമെൻറു മേലധികാരിയെ അറിയിക്കേണ്ടതാണെന്നു മാത്രമേ ആ സർക്കുലറിൽ പറഞ്ഞിട്ടുള്ളു. ആ സ്ഥിതിക്കു ഡയറക്ടരവർകളുടെ അനുവാദത്തിനായി ഇവിടെനിന്നും ശുപാർശചെയ്യേണ്ട ആവശ്യമില്ല.

സർക്കുലർ ൨൦൪.

സഹകരണസംഘങ്ങളുടെ നിബന്ധനകളിൽ ഭരണസമിതിക്കു നീക്കിവച്ചിട്ടുള്ള അധികാരങ്ങൾക്കുൾപ്പെട്ടു ടി സമിതി ചെയ്യുന്ന തീരുമാനങ്ങൾ ചിലപ്പോൾ പൊതുയോഗം അതിന്റെ ആലോചനയ്ക്കെടുക്കുകയും അസ്ഥിരപ്പെടുത്തുകയും ചെയ്യുന്നതായി കാണുന്നു. ഈ പതിവ് പൊതുവേ സ്വീകരിക്കുന്നപക്ഷം സംഘങ്ങളുടെ ക്രമമായ പ്രവർത്തനത്തിനു സാരമായ വിഘാതമുണ്ടാകുന്നതാണ്.

മാതൃകാനിബന്ധനപ്രകാരം, സംഘത്തിന്റെ ഭരണസംബന്ധിച്ചുള്ള എല്ലാ സംഗതികളുടേയും അവസാനതീരുമാനത്തിനുള്ള അധികാരം മെമ്പറന്മാരുടെ പൊതുയോഗത്തിനാണ്. എന്നാൽ സംഘകാര്യങ്ങൾ നിർവഹിക്കുന്നതിനു ഭരണസമിതിയേയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. നിബന്ധനകളിൽ ഏതാനും അധികാരങ്ങൾ ഭരണസമിതിക്ക് നൽകപ്പെട്ടിട്ടുണ്ട്. ഈ അധികാരങ്ങൾ പൂർണ്ണമായും ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതുകൊണ്ട് നിബന്ധനകളിൽ വേണ്ട ഭേദഗതികൾ വരുത്താതെ പൊതുയോഗം അവയെ പിൻവലിക്കയോ സ്വയം കൈയേൽക്കുകയോ ചെയ്യുന്നതു ശരിയാണെന്നു വിചാരിക്കുന്നില്ല. അപ്രകാരം ചെയ്യുന്നതുകൊണ്ടു പൊതുയോഗം അവർ തെര

ഞ്ഞെടുത്ത ഭരണസമിതിയിൽ ഉള്ള അവിശ്വാസത്തെ രേഖപ്പെടുത്തുകയാണു ചെയ്യുന്നതു്. നിബന്ധനകളുടെ ഉദ്ദേശം ഭരണകാര്യങ്ങൾ ഭരണസമിതി നടത്തുകയും പൊതുയോഗം സംഘത്തിന്റെ പൊതുനയം തത്വങ്ങളും, ധനകാര്യപ്രശ്നങ്ങളും മുതലായവയെ സംബന്ധിച്ച തീരുമാനങ്ങളും ചെയ്യുകയും വേണമെന്നാണു്. ഭരണസമിതി പൊതുയോഗത്തിന്റെ നയങ്ങൾക്കു വിപരീതമായി പ്രവർത്തിക്കുന്നപക്ഷം ആ ഭരണസമിതിയെ പൊതുയോഗത്തിനു എപ്പോഴും മാററുന്നതിനു സ്വാതന്ത്ര്യമുള്ളതാകുന്നു.

ഈ തത്വങ്ങൾ എല്ലാ സംഘങ്ങളും മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണു്.

സക്കുലർ ൨൨൭.

൧൧൨-ലെ ൭-ാം നമ്പർ സഹകരണ ആക്റ്റിനെ തുടർന്നുള്ള ചട്ടങ്ങളിലെ ൩൭-ാംവകുപ്പുപ്രകാരം മുൻകമ്മിററികളിൽ ഇരുന്നിട്ടുള്ളവർ വീണ്ടും തെരഞ്ഞെടുപ്പിനു നിൽക്കുവാൻ ആഗ്രഹിക്കുന്നപക്ഷം രജിസ്ട്രാരുടെ അനുവാദം വാങ്ങിയിരിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടു്. എന്നാൽ അപ്രകാരം അനുവാദത്തിനു അപേക്ഷകൾ ആഫീസിൽ അയയ്ക്കുന്ന കാര്യത്തിൽ ഒരു ഐകരൂപ്യം ഇല്ലാതെയിരിക്കുന്നു. ചില സംഘങ്ങളിൽ തെരഞ്ഞെടുപ്പു നടന്നതിനുശേഷം ൩൭-ാംവകുപ്പുപ്രകാരമുള്ള അനുവാദത്തിനു അപേക്ഷിച്ചുവരുന്നു. അപേക്ഷിക്കുന്നതു സാധാരണയായി സംഘത്തിൽ നിന്നും നേരിട്ടാണെന്നു കാണുന്നു. അപൂർവ്വം ചിലർ മാത്രം വ്യക്തിപരമായി അനുവാദത്തിനു അപേക്ഷിച്ചുവരുന്നു. ചിലപ്പോൾ തെരഞ്ഞെടുപ്പു നടത്തിയതിനുശേഷവും, അല്ലാത്ത അവസരങ്ങളിൽ തെരഞ്ഞെടുപ്പു നടത്തുന്നതിനുമുമ്പും അപേക്ഷിച്ചുവരുന്നുണ്ടു്. സഹകരണ ആക്റ്റിനെ തുടർന്നുള്ള ചട്ടം കാണുമുള്ള അയോഗ്യതകളിൽ നിന്നു ഒഴിവാക്കാൻ അനുവാദം ആവശ്യമുള്ളവർ മേലാൽ അതിലേക്കായി അപേക്ഷിക്കുന്നപക്ഷം താഴെപറയുന്ന നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാകുന്നു.

(൧) തെരഞ്ഞെടുപ്പിനുമുമ്പുതന്നെ അനുവാദത്തിനപേക്ഷിക്കേണ്ടതാകുന്നു. അനുവാദത്തെ പ്രതീക്ഷിച്ചു തെരഞ്ഞെടുപ്പു നടത്തുകയാണെങ്കിൽ അതിനുശേഷം അയക്കപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

(൨) ആവശ്യക്കാരായ അംഗങ്ങൾതന്നെ നേരിട്ട് വ്യക്തിപരമായി ഈ ആഫീസിലേക്ക് അപേക്ഷിക്കേണ്ടതാണ്. വ്യക്തികളായ അംഗങ്ങൾക്കുവേണ്ടി സംഘം സെക്രട്ടറിയോ കമ്മിററിയോ ഇവിടെ അപേക്ഷ അയക്കേണ്ട ആവശ്യമില്ല. ഈ നിർദ്ദേശപ്രകാരം മേൽ പ്രവർത്തിച്ചുകൊള്ളേണ്ടതാണ്. ഇപ്രകാരം വരുന്ന അപേക്ഷകളെപ്പററി ആവശ്യമുള്ള അന്വേഷണം ഡിപ്പാർട്ടുമെൻറൽ ഉദ്യോഗസ്ഥന്മാർ മുഖാന്തിരം നടത്തിയതിനുശേഷം അനുവാദം നൽകണമോ എന്നു തീർച്ചപ്പെടുത്തി വ്യക്തികളെയും അതാതു സംഘത്തെയും അറിയിക്കുന്നതാണ്.

സക്ക്യുലർ ൨൪൭.

സെൻട്രൽബാങ്ക് താലൂക്കബാങ്കുകൾ അർബൻബാങ്കുകൾ എന്നീ സ്ഥാപനങ്ങൾ ആണ്ടുതോറും വർഷാവസാനിപ്പോർട്ടിനോടുകൂടി അച്ചടിച്ചു പ്രസിദ്ധംചെയ്യുന്ന ബാലൻസ്ഷീററിൽ (മുതൽ, കടം, ലാഭനഷ്ടം ഇവകൾ കാണിക്കുന്ന സ്റ്റേററുമെൻറിൽ) ഭരണയോഗാംഗങ്ങളുടെ പേരുമാത്രം പ്രസിദ്ധപ്പെടുത്തിയാൽ പോരെന്നും അതു ശരിയായ നടപടി അല്ലെന്നും അച്ചടിച്ചു പ്രസിദ്ധംചെയ്യുന്ന ബാലൻസ്ഷീററിലും ലാഭനഷ്ടക്കണക്കിലും സിക്രട്ടറിയുൾപ്പെടെ മൂന്നു കമ്മിററിമെമ്പറന്മാരും മാനേജർ ഉള്ളപക്ഷം മാനേജരുംകൂടി ഒപ്പിട്ടിരിക്കേണ്ടതാണെന്നും ഇൻഡ്യൻ റിസർവ്ബാങ്ക് അഭിപ്രായപ്പെട്ടിരിക്കുന്നു. അതിനാൽ മേലാൽ ഈ നിർദ്ദേശപ്രകാരം മേൽപ്പറഞ്ഞ എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കണമെന്നു താല്പര്യപ്പെടുന്നു.

സക്ക്യുലർ ൨൪൮.

൧൧൧൨-ലെ ൭-ാംനമ്പർ തിരുവിതാംകൂർ സഹകരണസംഘം ആക്ടിലെ ൬൪-ാംവകുപ്പിലെ ഒന്നും രണ്ടും ഉപവകുപ്പുകൾ അനുസരിച്ചു മഹാരാജാവുതിരുമനസ്സിലെ, ഗവണ്മെൻറു സഹകരണസംഘം ചട്ടങ്ങളിൽ ൧൭-ാംവകുപ്പിൽ (൧൯൪൨ ജൂൺ ൨൭-ാംനു-ലെ ഗവണ്മെൻറു നോട്ടിഫിക്കേഷൻ ഡി. ഡിസ്സ്. നമ്പർ ൧൬൬/൪൨ ഡെവലപ്പ്മെൻറുപ്രകാരം) ചില ഭേദഗതികൾ ചെയ്തിട്ടുള്ളതിലേക്ക് എല്ലാ സഹകരണസംഘങ്ങളുടേയും ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. ഭേദപ്പെടുത്തിയ സഹകരണസംഘം ൠം ൧൭ അനുസരിച്ചു ഏതെങ്കിലും ഒരു സഹകരണസംഘത്തിലോ സഹകരണബാങ്കിലോ കമ്മിററിമെമ്പറന്മാരായിരിക്കുന്നവരുടെ അടുത്ത ചാർച്ചക്കാർ ആ സ്ഥാപനങ്ങളിൽ ശമ്പളംപററുന്ന

സിൽബന്തികളായിരിക്കുവാൻ പാടില്ലാത്തതാകുന്നു. അഥവാ അപ്രകാരമുള്ളവർ സിൽബന്തികളായിരിക്കുന്നപക്ഷം അവരുടെ ബന്ധുക്കളോ ആയവർ ആ സ്ഥാപനങ്ങളിലെ കമ്മിററി അംഗങ്ങളായിരിക്കുവാൻ പാടില്ലാത്തതാകുന്നു. ഒരു സഹകരണസ്ഥാപനത്തിലെ കമ്മിററിഅംഗങ്ങളിൽ ആരെങ്കിലുമോ സിൽബന്തികളിലാരെങ്കിലുമോ തമ്മിൽ അടുത്തബന്ധുക്കളാണോ അല്ലയോ എന്നു വല്ല സംശയവും ഉണ്ടാകുന്നപക്ഷം അക്കാര്യം സഹകരണസംഘം രജിസ്ട്രാരോടു എഴുതിചോദിക്കേണ്ടതും രജിസ്ട്രാരുടെ തീരുമാനം അവസാനതീരുമാനമായിരിക്കുന്നതുമാണ്. ഭേദപ്പെടുത്തിയ റൂളിലെ നിർദ്ദേശപ്രകാരം എല്ലാ സഹകരണസ്ഥാപനങ്ങളും ഉടനടി പ്രവർത്തിച്ചു കൊള്ളേണ്ടതാണെന്നുള്ള കാര്യം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

൨൩. പ്രതിനിധി.

ചട്ടം ൫൩.

(എ) നിയുക്താംഗമായി അയാളെ തെരഞ്ഞെടുത്ത സംഘം അയാളെ തിരിച്ചുവിളിക്കയോ അയാൾക്കു പകരം മറെറാരു നിയുക്താംഗത്തെ തെരഞ്ഞെടുക്കയോ ചെയ്യുന്നപക്ഷമൊ,

മറെറാരു സംഘത്തിലെ നിയുക്താംഗമായിരിക്കുന്ന കമ്മിററിയിലെ അംഗത്തിന്റെ ഉദ്യോഗകാലാവധി

(ബി) ആക്ടിലെ ൪൦-ാം വകുപ്പിൻ പ്രകാരം സംഘത്തിന്റെ കമ്മിറ്റിയെ പിരിച്ചുവിട്ടതിനുശേഷം സംഘം അയാളെ നിയുക്താംഗമായി തെരഞ്ഞെടുത്തിട്ടുള്ള പക്ഷമൊ, എന്നാൽ പ്രസ്തുത വകുപ്പിൻപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ആളിനൊ ആളുകൾക്കൊ മറെറാരു സംഘത്തിന്റെ കമ്മിററിയിലേക്കു തന്നെത്തന്നെയൊ അവരിൽ ഒരാളെയോ സംഘത്തിലെ ഏതെങ്കിലും അംഗത്തെയോ നിയമിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ് അല്ലെങ്കിൽ,

(സി) അയാൾ ഏതൊരു സംഘത്തിന്റെ നിയുക്താംഗമായിരിക്കുന്നുവോ ആ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കിയിട്ടുള്ള പക്ഷമൊ,

മറെറാരു സംഘത്തിന്റെ കമ്മിററിയിലിരിക്കുന്ന ഒരു സംഘത്തിന്റെ നിയുക്താംഗത്തിന്റെ ആ കമ്മിററിയിലെ സാമാജികസ്ഥാനം നിന്നുപോകുന്നതാണ്.

സക്കുലർ ൧൩൩൬.

പ്രാഥമികസംഘങ്ങളിൽനിന്നും യൂണിയനിലേയ്ക്കും കേന്ദ്രസ്ഥാപനങ്ങളിലേയ്ക്കും അയയ്ക്കുന്ന പ്രതിനിധികൾ അവർ പ്രതിനിധീകരിക്കുന്ന സംഘങ്ങളിലെ ഭരണസമിതികളിൽ അംഗങ്ങളായിരിക്കണമെ യോഗ്യത യില്ലാത്തവരാണെങ്കിൽ അവരെ പ്രതിനിധികളായി സ്വീകരിക്കാമോ എന്ന് പല യൂണിയനിൽനിന്നും ഇവിടെ എഴുതിചോദിച്ചിരിക്കുന്നു.

കാര്യക്ഷമമായി ജോലിനടത്തിപ്പിനും സ്ഥാപനത്തിന്റെ അന്തസ്സിനെ പരിപാലിക്കുന്നതിനും അംഗസംഘങ്ങൾ കുടിശ്ശികക്കാരായ അംഗങ്ങളെ യൂണിയനിലും മററു കേന്ദ്രസ്ഥാപനങ്ങളിലും പ്രതിനിധികളായി തെരഞ്ഞെടുക്കാതിരിക്കുകയാണു വേണ്ടത്. നിബന്ധന പ്ര അനുസരിച്ച് അവധിതെററിയ തീയതിമുതൽ മൂന്നു മാസത്തിൽ അധികകാലം വായ്പതവണ അടയ്ക്കാതെ കുടിശ്ശിക വരുത്തുന്നപക്ഷം കമ്മിററിമെമ്പറന്മാരായിരിക്കാനുള്ള യോഗ്യത അംഗങ്ങൾക്കു നഷ്ടമാകുമെന്നിരിക്കെ ഒരു കേന്ദ്രസ്ഥാപനത്തിലേയ്ക്കു അയയ്ക്കുന്ന പ്രതിനിധികൾ കുടിശ്ശികക്കാരായിരിക്കുന്നതു് ആദർശവുമായി ഒട്ടുംതന്നെ യോജിക്കുന്നതല്ല. അതിനാൽ അംഗസംഘങ്ങളിൽനിന്നും യൂണിയനിലേയ്ക്കും, താലൂക്കു ബാങ്കുകളിലേയ്ക്കും, സെൻട്രൽബാങ്കുമുതലായ കേന്ദ്രസ്ഥാപനങ്ങളിലേയ്ക്കും പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ അപ്രകാരം തെരഞ്ഞെടുക്കുന്ന അംഗങ്ങൾ കുടിശ്ശികക്കാരല്ലാത്തവരായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സക്കുലർ ൧൮൮.

പരസ്പരസഹായസംഘങ്ങളിലേക്കു കടം വസ്തുകൾ നൽകുന്ന താലൂക്കു ബാങ്കുകൾ, സെൻട്രൽ ബാങ്ക് മുതലായ ധനസഹായകേന്ദ്ര സ്ഥാപനങ്ങളോടു സമ്പർക്കം ചെയ്യുന്ന ഐക്യ സംഘങ്ങളിലെ ഭരണ യോഗമെമ്പറന്മാരും മുൻ പ്രസ്താവിച്ച സ്ഥാപനങ്ങളിലെ ഭരണസമിതിയിലെ അംഗങ്ങളും ഒരേ ആളുകൾതന്നെ ആയിരിക്കുന്നതിന്റെ ദൂഷ്യങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരുന്നു. ഒരാൾ തന്നെ ഐക്യസംഘത്തിന്റേയും ബാങ്കിന്റേയും ഭരണയോഗമെമ്പറായിരിക്കുന്നതുകൊണ്ടു് ഓരോ സ്ഥാപനത്തിനും വേണ്ടതായ ഒരു സ്വാതന്ത്ര്യത്തിൽ പ്രായം വായ്പ അപേക്ഷകളെ സംബന്ധിച്ചു തീർക്കുന്നതിനു പ്രതിബന്ധമായിരിക്കുന്നു. അതിനാൽ ഐക്യസംഘങ്ങളിലേയും ധനസഹായം ചെയ്യുന്ന ബാങ്കുകളിലേയുംഭരണ സമിതിഅംഗങ്ങൾ ഒരേ ആളുകൾ തന്നെ ആയിരി

ക്കാൻ പാടുള്ളതല്ല എന്ന കാര്യം എല്ലാ സംഘങ്ങളേയും അറിയിച്ചുകൊള്ളുന്നു. പ്രാഥമികസംഘങ്ങൾ, ബാങ്കുകൾ, ഐക്യസംഘങ്ങൾ മുതലായ സ്ഥാപനങ്ങൾ ഈ തത്വത്തെ ആസ്പദമാക്കി ഭാവിയിൽ ഭരണോദ്യോഗങ്ങളിലേക്ക് അംഗങ്ങളെ [illegible] തെരഞ്ഞെടുക്കുമെന്നു വിശ്വസിക്കുന്നു.

സർക്കുലർ ൧൦൬.

പരിഷ്കരിച്ച ൧൧൧൨-ലെ ൭-ാം നമ്പരായ സഹകരണസംഘആക്ട് ൧൨-ാം വകുപ്പനുസരിച്ച് ഒരു സഹകരണസ്ഥാപനത്തിലെ ഓരോ അംഗത്തിനും (വ്യക്തിയാകട്ടെ സംഘമാകട്ടെ) ഒരു വോട്ടുമാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളു എന്നു വ്യവസ്ഥചെയ്തിരിക്കുന്ന സ്ഥിതിക്കു ഇപ്പോൾ അംഗസംഘങ്ങളിൽനിന്നും കേന്ദ്രസംഘങ്ങളിലേക്കു (യൂണിയനുകളോ ബാങ്കുകളോ) ഒന്നിലധികം പ്രതിനിധികളെ അയച്ചുവരുന്ന രീതി ആവശ്യമില്ലാത്തതാകുന്നു. ഈ കാരണത്താൽ അമ്പലപ്പുഴ ഐക്യസംഘം നിബന്ധന ൭-ാം നമ്പർ താഴെ കാണുന്ന പ്രകാരം ഭേദപ്പെടുത്തി രജിസ്റ്റർചെയ്തിട്ടുള്ളത് എല്ലാ സംഘങ്ങളുടേയും അറിവിലേയ്ക്കും അനുകരണത്തിനുമായി ഇതടിയിൽ പ്രസിദ്ധംചെയ്യുന്നു.

നിബന്ധന ൭. അംഗമായിചേരുന്ന ഓരോ സംഘവും ഐക്യസംഘത്തിൽ ഓരോ ഓഹരി എടുക്കേണ്ടതാകുന്നു. ഓഹരിഎടുക്കുന്ന അതിന്റെ അംഗങ്ങളിൽ നിന്നു ഒരു പ്രതിനിധിയെ ഐക്യസംഘത്തിലേക്കയക്കുന്നതിന് അവകാശമുണ്ടായിരിക്കും. പ്രതിനിധി ഓരോ കൊല്ലത്തേക്ക് ഉദ്യോഗംവഹിക്കാനുള്ളതാകുന്നു. എന്നാൽ ഒരു പ്രതിനിധിയുടെ ഉദ്യോഗകാലാവധി അവസാനിച്ചശേഷം പകരം മറ്റൊരു പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതുവരെ ഉദ്യോഗം തുടർന്നുവഹിക്കാനുള്ളതാകുന്നു. സംഘം അയച്ച പ്രതിനിധിയെ എപ്പോഴെങ്കിലും തിരികെ വിളിക്കുന്നതിനും പകരം വേറൊരു പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതിനും ആ സംഘത്തിനധികാരമുണ്ടായിരിക്കും.

നിബന്ധന ൮. ഓരോ സംഘവും അംഗമായിചേരുന്നതിനു മുൻപേ അപ്രകാരം ചേരേണ്ടതിന് അഞ്ചു രൂപാ അഡ്മിഷൻ ഫീസടയ്ക്കണം. അംഗമായിചേരുന്ന ഓരോ സംഘവും അയക്കുന്ന പ്രതിനിധിക്കു ൧ രൂപാ ഫീസടയ്ക്കേണ്ടതും പിന്നീടു പ്രതിനിധിയെ മാറ്റി നിയമിക്കുമ്പോഴും ഇടയ്ക്കു പുനരായി തെരഞ്ഞെടുക്കുമ്പോഴും ഈ ഫീസൊടുക്കേണ്ടതുമാകുന്നു.

സക്കുലർ ൧൧൦.

എല്ലാ പരസ്പരസഹായ താലൂക്കബാങ്കുകൾക്കും

താലൂക്കബാങ്കിൽനിന്നു വായ്പയോ, ഓവർഡ്രാഫ്റ്റോ വാങ്ങി **കുടിശ്ശികവരുത്തിയിട്ടുള്ള** ഒരു സംഘം അയയ്ക്കുന്ന പ്രതിനിധിയും വ്യക്തിപരമായ ബാദ്ധ്യതകൾ സംഘത്തിലോ ബാങ്കിലോ ഇല്ലെങ്കിൽ തന്നെയും ബാങ്കുകമ്മിററിയിൽ അംഗമായിരിക്കാമോ എന്നും, അതുകൊണ്ടു തുടർന്നുള്ള ചട്ടങ്ങളിലെ ൭൯-ാംചട്ടം ബാങ്കിന്റെ അംഗസംഘങ്ങളെ ബാധിക്കുമോ എന്നും മററുമുള്ള സംശയങ്ങൾ ചില താലൂക്ക ബാങ്കുകളിൽനിന്നും ഇവിടെ എഴുതിച്ചോദിച്ചിരിക്കുന്നു.

ഒരു താലൂക്ക ബാങ്കിൽ അംഗമായി വ്യക്തികളും പ്രാഥമിക സംഘങ്ങളുമുള്ള സ്ഥിതിക്ക ബാങ്കിനെ സംബന്ധിച്ചിടത്തോളം 'മെമ്പർ' എന്ന വാക്കിൽ വ്യക്തികളും സംഘങ്ങളും ഉൾപ്പെടുന്നതാണ്. ബാങ്കിന്റെ നിബന്ധനകളിലും ചട്ടങ്ങളിലും ബാങ്കിനെ സംബന്ധിച്ചു, 'അംഗം' എന്ന പദത്തിൽ വ്യക്തികളും സംഘങ്ങളും ഉൾപ്പെടുന്നതാണ്.

താലൂക്ക ബാങ്കു നിബന്ധന ൨൪-ാംവകുപ്പിൽ 'ആരെങ്കിലും' എന്നു പറഞ്ഞിട്ടുള്ളതിൽ അംഗങ്ങളായ വ്യക്തികളും സംഘങ്ങളും ഒരുപോലെ ഉൾപ്പെടുന്നതാണ്. അതിനാൽ ബാങ്കു വായ്പയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള സംഘങ്ങളുടെ പ്രതിനിധികൾ ബാങ്കുകമ്മിററിയിൽ മെമ്പറായിരിക്കാൻ അർഹതയില്ലാത്തവരും ൨൪-ാംനമ്പർ നിബന്ധനയുടെ പരിധിയിൽ ഉൾപ്പെടുന്നതുമാകുന്നു.

ഈ സംഗതി വ്യക്തമാക്കുന്നതിന് എല്ലാ താലൂക്കബാങ്കുകളും നിബന്ധന് ൨൪-ാംവകുപ്പു താഴെക്കാണും വിധം ഭേദഗതി ചെയ്യേണ്ടതാണ്.

നിബന്ധന ൨൪.

കമ്മിററിക്കാരിൽ ആരെങ്കിലും ... ...പാടില്ലാത്തതാകുന്നു. ബാങ്കു വായ്പയിലോ ഓവർഡ്രാഫ്ററിലോ കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു അംഗസംഘം അയയ്ക്കുന്ന പ്രതിനിധിക്കും ബാങ്കുകമ്മിററിയിൽ അംഗമായിരിക്കാൻ അർഹതയില്ലാത്തതാകുന്നു. എന്നാൽ അവധി തെററിയ തീയതി ... ...മെമ്പറാക്കാവുന്നതാണ്. അവധി തെററിയ ... ...ഇരിപ്പാൻ പാടുള്ളതല്ല.

സൎക്കുലർ ൧൰൪.

ഈ ആഫീസിലെ ൧൰൪-ാംനമ്പർ സൎക്കുലറിനെ അടിസ്ഥാനപ്പെടുത്തി അംഗസംഘങ്ങൾ യൂണിയനിലേക്കു തെരഞ്ഞെടുത്തു അയയ്ക്കുന്ന പ്രതിനിധികളുടെ കാലാവധി മൂന്നുകൊല്ലമാക്കി വർദ്ധിപ്പിക്കുകയും യൂണിയൻ കമ്മിററിയുടെ തെരഞ്ഞെടുപ്പു മൂന്നുകൊല്ലത്തിലൊരിക്കൽ ആക്കുകയും ചെയ്യുന്നതു നന്നായിരിക്കുമെന്നു മിക്ക ഐക്യനാണയസംഘങ്ങളും അഭിപ്രായപ്പെട്ടിരിക്കുന്നു. സൎക്കുലർ ൧൰൪ പ്രവൃത്തിയിൽ കൊണ്ടുവരുന്നതിനു യൂണിയൻകമ്മിററിയുടെ കാലാവധി മൂന്നു കൊല്ലമായിരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ഒരു യൂണിയന്റെ ജോലിക്രമം ശരിയായി തുടൎന്നുകൊണ്ടുപോകുന്നതിനു ഐക്യസംഘങ്ങളുടെ കമ്മിററിയുടെ കാലാവധി മൂന്നു കൊല്ലമായിരുന്നാൽ കൊള്ളാമെന്നു വിചാരിക്കുന്നു. അതിനാൽ താഴെ പറയുന്നപ്രകാരം അവയുടെ നിബന്ധനാഭേദഗതികൾ രജിസ്റ്റർ ചെയ്യുന്നതിനു പ്രാഥമികസംഘങ്ങൾ, അർബൻബാങ്കുകൾ, താലൂക്കുബാങ്കുകൾ, ബാങ്കിംഗ് യൂണിയൻ, ഐക്യസംഘങ്ങൾ ഇവ കഴിയുന്നതും വേഗത്തിൽ വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

പ്രാഥമികസംഘങ്ങളും അർബൻബാങ്കുകളും താലൂക്കുബാങ്കുകളും അവരുടെ നിബന്ധനയിൽ "യൂണിയനിലേക്കു മൂന്നുകൊല്ലത്തേയ്ക്കു ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കുക" എന്നുകൂടി ചേൎക്കണം.

ഐക്യസംഘങ്ങളുടെ ൯-ാംനിബന്ധനയിലും ബാങ്കിംഗ് യൂണിയന്റെ ൬-ാം നിബന്ധനയിലും "ഓരോകൊല്ലത്തേയ്ക്കും" എന്നതിനെ മാററി "മൂന്നുകൊല്ലത്തേയ്ക്കു" എന്നു ഭേദഗതി ചെയ്യണം.

ഐക്യസംഘങ്ങളുടേയും ബാങ്കിംഗ് യൂണിയന്റേയും ൬-ാംനിബന്ധനയിൽ "അംഗമായിചേരുന്ന ഓരോ സംഘവും അയയ്ക്കുന്ന പ്രതിനിധിക്കു ഓരോ കൊല്ലത്തേയ്ക്കും ഓരോ രൂപാവീതം ഫീസ് അടയ്ക്കേണ്ടതാണ്". എന്നുള്ള ഭേദഗതി വരുത്തണം.

ഐക്യസംഘത്തിന്റെ നിബന്ധന ൧൯-ലും ബാങ്കിംഗ യൂണിയന്റെ നിബന്ധന ൧൨-ലും കമ്മിററി അംഗങ്ങളെ "ഒരു കൊല്ലക്കാലത്തേയ്ക്കു" തെരഞ്ഞെടുക്കണമെന്നുള്ളതിനെ "മൂന്നു കൊല്ലക്കാലത്തേയ്ക്കു" എന്നു ഭേദഗതിചെയ്യണം.

പ്രാഥമികസംഘങ്ങളും അർബൻബാങ്കുകളും താലൂക്കുബാങ്കുകളും യൂണിയനിലേക്കു അയക്കുന്ന പ്രതിനിധികളുടെ കാലാവധി മൂന്നു

വർഷമാണെങ്കിലും ഓരോ വർഷവും മുറപ്രകാരമുള്ള പ്രതിനിധിഫീസു കൊടുക്കേണ്ടതാണ്.

അടുത്ത സഹകരണവർഷാരംഭംമുതൽ ഭേദഗതിചെയ്ത നിബന്ധനകൾ നടപ്പിൽ വരുത്തേണ്ടതാണ്. അതിലേക്കു വേണ്ട നടപടികൾ ഈ സഹകരണവർഷം അവസാനത്തിനുമുമ്പു എടുത്തു നിബന്ധനഭേദഗതികൾ രജിസ്റ്റർചെയ്തു കൊള്ളേണ്ടതാണ്.

സക്കുലർ ൧൪൩.

പരസ്പരസഹായസംഘങ്ങളിലെ പണച്ചുമതലക്കാരായ ഉദ്യോഗസ്ഥന്മാർ സംഘംവക മുതലുകൾ അപഹരിക്കുന്നതായുള്ള പരാതികൾ വർദ്ധിച്ചുവരുന്നു. ഒരു പരസ്പരസഹായസംഘത്തിലെ ഒരംഗം പ്രത്യേക കാരണത്താൽ ദൂരദിക്കിൽ താമസിച്ചുവരവെ സംഘത്തിലേക്കു സെക്രട്ടറിയുടെ പേക്കു രണ്ടു പ്രാവശ്യം തന്റെ വായ്പവകയ്ക്കു മൂന്നു രൂപാവീതം മണിയാർഡർ അയച്ച സംഖ്യകൾ കണക്കുകളിൽ വരവുവന്നിട്ടില്ലെന്നു സംശയിച്ചു ഇവിടെ പരാതി ബോധിപ്പിച്ചതിന്മേൽ അന്വേഷണംനടത്തിയതിൽനിന്നും താഴെപ്പറയുന്ന സംഗതികൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

(൧) സെക്രട്ടറിക്കുവേണ്ടി സംഘം അക്കൌണ്ടന്റു് മണിയാർഡറുകൾ രണ്ടും കൈപ്പററിയിരിക്കുന്നു എന്നും സെക്രട്ടറി വിവരം അറിഞ്ഞിട്ടില്ലെന്നും.

(൨) അക്കൌണ്ടന്റു് ഓർമ്മപ്പിശകുമൂലം, രണ്ടു പ്രാവശ്യവും തുകകൾ കണക്കിൽ വരവുവയ്ക്കാൻ വിട്ടുപോയി എന്നും.

അന്വേഷണഫലമായി അക്കൌണ്ടന്റു് തുക കെട്ടിവയ്ക്കയും കണക്കിൽ വരവുവച്ചു പരാതിക്കാരനു രസീതുകൊടുത്തു തൃപ്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

എന്നാൽ സെക്രട്ടറിയുടെ ചുമതല ഒരു കമ്മിററിനിശ്ചയംപോലുമില്ലാതെ ഒരു അക്കൌണ്ടന്റിനെ ഏല്പിച്ചതു ശരിയല്ലെന്നും ആ അക്കൌണ്ടന്റിനെ ജോലിയിൽ വച്ചുകൊണ്ടിരിക്കുന്നതു് അഭിലഷണീയമല്ലെന്നും പ്രസ്തുത സംഘത്തിന്റെ കമ്മിററിയെ അറിയിക്കുന്നു.

വിവരം എല്ലാ സംഘങ്ങളും അറിഞ്ഞു ഏവംവിധസംഭവങ്ങൾ ഉണ്ടാകാതിരിക്കാൻവേണ്ട കരുതലുകൾ ചെയ്യേണ്ടതാകുന്നു.

൨൧. കൂടുതൽ ബാദ്ധ്യതയും ജപ്തിയും.

കൂടുതൽ ബാദ്ധ്യത.

വകുപ്പ് ൫൪. (൧) ൨൨-ാംവകുപ്പിൻപ്രകാരം കണക്ക പരിശോധിക്കയൊ, ൪൩-ാംവകുപ്പിൻപ്രകാരം ഒരു അന്വേഷണം നടത്തുകയൊ, ൪൪-ാംവകുപ്പിൻപ്രകാരം ഒരു പരിശോധന നടത്തുകയൊ, ഒരു സംഘം അവസാനിപ്പിക്കയൊ ചെയ്യുമ്പോൾ, ആ സംഘത്തിൻെറ സ്ഥാപനയിലൊ ഭരണത്തിലൊ ഭാഗഭാക്കായ ആരെങ്കിലുമോ, ആ സംഘത്തിൽ മുമ്പ് ഉദ്യോഗം വഹിച്ചിരുന്നതൊ അപ്പോൾ ഉദ്യോഗംവഹിക്കുന്നതൊ ആയ ആരെങ്കിലുമൊ, സംഘംവക വല്ല പണമൊ മററു സ്വത്തൊ അപഹരിക്കയൊ, ചതിവായി കൈവശംവെയ്ക്കുകയൊ, സംഘസംബന്ധമായി വിശ്വാസലംഘനത്തിനു കുററക്കാരനായിത്തീരുകയൊ ചെയ്തിരിക്കുന്നുവെന്നു കാണുന്നതായാൽ, രജിസ്ത്രാർ സ്വമേധയായൊ അല്ലെങ്കിൽ കമ്മിററിയുടേയൊ, ലിക്വിഡേററരുടെയൊ, ഏതെങ്കിലും ഉത്തമർണ്ണൻേറയൊ, ധനസഹായം ചെയ്ത ആളിൻേറയൊ അപേക്ഷയിന്മേലൊ, അങ്ങനെയുള്ള ആളിൻേറയൊ ഉദ്യോഗസ്ഥൻേറയൊ നടപടിയെ പരിശോധിക്കാവുന്നതും, അയാളോട് ആ പണമൊ, സ്വത്തൊ അതിൻെറ വല്ല ഭാഗമൊ രജിസ്ത്രാർ ന്യായമെന്നു വിചാരിക്കുന്ന നിയമപ്രകാരമുള്ള പലിശസഹിതം തിരിച്ചു കൊടുക്കാനൊ യഥാസ്ഥിതിയിൽ വയ്ക്കാനൊ, അപഹരിക്കയൊ ചതിവായി കൈവശംവയ്ക്കുയൊ വിശ്വാസലംഘനം ചെയ്കയൊ ചെയ്തതുസംബന്ധിച്ച രജിസ്ത്രാർ ന്യായമെന്നു വിചാരിക്കുന്ന സംഖ്യ നഷ്ടപരിഹാരമായി ആ സംഘത്തിൻെറ സ്വത്തിലേക്കു കൊടുക്കുന്നതിനൊ ആവശ്യപ്പെടുന്ന ഒരു ഉത്തരവു നല്കാവുന്നതും ആകുന്നു.

(൨) (൧)-ാം ഉപവകുപ്പിൻപ്രകാരമുള്ള രജിസ്ത്രാരുടെ ഉത്തരവു സങ്കടമുള്ള കക്ഷിക്കു കിട്ടുന്ന തീയതിമുതൽ മൂന്നു മാസത്തിനകം അയാൾ ബോധിപ്പിച്ച അപേക്ഷപ്രകാരം, സംഘത്തിൻെറ തലസ്ഥാനം എവിടെയാണോ ആ സ്ഥലത്തെ അധികാരമുള്ള ഡിസ്ത്രിക്ട് കോടതി ആ ഉത്തരവിനെ അസ്ഥിരപ്പെടുത്താത്തപക്ഷം അതു് അവസാനഉത്തരവായിരിക്കുന്നതാണ്.

(൩) ഒരു സംഘത്തിനു തിരിച്ചുകൊടുക്കാനൊ അതിൻെറ സ്വത്തിലേക്കായി നൽകാനൊ ഈ വകുപ്പിൻപ്രകാരം ഉത്തരവുചെയ്ത

ട്ടുള്ള ഏതൊരുതുകയും, ഇതിലേക്ക രജിസ്ത്രാർ ഡിവിഷൻപേഷ്കാരോട് ആവശ്യപ്പെട്ടാൽ കരക്കടിസ്ത്ലികയെന്നപോലെ ഈടാക്കാവുന്നതാണ.

(൪) അങ്ങനെയുള്ള ആളിൻേറയൊ ഉദ്യോഗസ്ഥൻേറയൊ പ്രവൃത്തിയുടെ ഫലമായി ആ ആളിന്നൊ ഉദ്യോഗസ്ഥന്നൊ കുററകരമായ ബാദ്ധ്യത നേരിടാതിരുന്നാൽക്കൂടിയും ഈ വകുപ്പു സംബന്ധിക്കുന്നതാകുന്നു.

വകുപ്പ് ൧൧. ൧൫-ാംവകുപ്പു (സി) ഖണ്ഡമൊ ൧൪-ാം വകുപ്പൊ, അനുസരിച്ചു തനിക്ക വിപരീതമായി നൾകിയിട്ടുള്ള ഏതെങ്കിലും ഉത്തരവു നടപ്പിൽ വരുത്താതിരിക്കണമെന്നൊ

സ്വത്തു ജപ്തിചെയ്യൽ. നടപ്പിൽവരുത്തുന്നതിനെ താമസിപ്പിക്കണമെന്നൊ ഉള്ള ഉദ്ദേശത്തോടുകൂടി ഏതൊരാളും:—

(എ) തൻെറ സ്വത്തു മുഴുവനുമൊ അതിൻെറ ഏതെങ്കിലും ഭാഗമൊ കൈമറിക്കാൻ പോകുന്നെന്നൊ അല്ലെങ്കിൽ,

(ബി) തൻെറ സ്വത്തു മുഴുവനുമൊ അതിൻെറ ഏതെങ്കിലും ഭാഗമൊ മറയ്ക്കാൻ അല്ലെങ്കിൽ മാററാൻ പോകുന്നുവെന്നൊ,

ലിക്വിഡേററരുടെ അപേക്ഷയിന്മേലൊ ൧൬-ാംവകുപ്പിൻ പ്രകാരം പ്രവൎത്തിക്കുമ്പോഴൊ രജിസ്ത്രാൎക്ക ബോദ്ധ്യമായാൽ, മതിയായ ജാമ്യം കൊടുക്കാത്തപക്ഷം, ആ സ്വത്തോ. രജിസ്ത്രാർ ആവശ്യമെന്നു വിചാരിക്കുന്ന അതിൻെറ ഭാഗമൊ ഉപാധികമായി ജപ്തിചെയ്യാൻ രജിസ്ത്രാർ ആജ്ഞാപിക്കാവുന്നതാണ്. അപ്രകാരമുള്ള ജപ്തി ആ സ്വത്തു സ്ഥിതിചെയ്യുന്ന സ്ഥലത്തെ തഹശീൽദാർ ൧൦൬൭-ാമാണ്ടത്തെ ൫-ാംആക്ടായ കരംപിരിവു ആക്ടിലെ വ്യവസ്ഥകൾപ്രകാരം നടത്തിയിട്ടുള്ള ഒരു ജപ്തിയൊ പിടിച്ചെടുക്കലൊ ആയി കാൎയ്യത്തിൻെറ അവസ്ഥപോലെ ഗണിക്കപ്പെടേണ്ടതും, തഹശീൽദാർ നടത്തിയ ഏതെങ്കിലും ജപ്തിയേയൊ പിടിച്ചെടുക്കലിനേയൊ സംബന്ധിച്ചു പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾപ്രകാരം സങ്കടക്കാൎക്കുള്ള സകല പരിഹാരങ്ങളും ഉണ്ടായിരിക്കുന്നതും ആകുന്നു.

൨൭. സംഘം ആഫീസ്.

സൎക്കുലർ: ൧൨.

ചില സംഘങ്ങൾക്ക ഈ ആഫീസിൽനിന്നും അയയ്ക്കുന്ന അഞ്ചൽ ഉരുപ്പടികൾ ശരിയായും തക്കസമയത്തും കിട്ടി വരുന്നില്ലെന്നു അറിയുന്നതിനാൽ ഓരോ പരസ്പരസഹായസംഘത്തിലേയും സെക്രട്ടറിയുടെ പൂൎണ്ണമായ പേരും മേൽവിലാസവും അതാതു അഞ്ചലാഫീസിൽ അറിയിക്കേണ്ടതാണെന്നു എല്ലാ സംഘങ്ങളേയും തെര്യപ്പെടുത്തിയിരിക്കുന്നു.

സക്കുലര ൻ൧൯.

സംഘങ്ങളിൽ പരിശോധനക്കായി പോകുമ്പോൾ റിക്കാർട്ടുകൾ കിട്ടാത്തതിനാൽ ഒരു ജോലിയും നടക്കാതെ മടങ്ങിപ്പോകേണ്ടതായി വരുന്നു എന്നു ഇൻസ്പെക്ടറന്മാരും മററും റിപ്പോർട്ടുചെയ്തു വരുന്നു. അതുകൊണ്ടു് ഉദ്യോഗസ്ഥന്മാർക്കു സമയനഷ്ടം നേരിടുന്നതു മാത്രമല്ല, സംഘം കമ്മിററിയിലെ മെമ്പറന്മാർക്കു സംശയങ്ങളും വിഷമങ്ങളും ചോദിച്ചു തീർക്കുന്നതിനുള്ള സൗകര്യം ഇല്ലാതാകയും ചെയ്യുന്നു. ഓരോ സംഘവും അതാതിന്റെ ജോലിസ്ഥലം സൂചിപ്പിക്കുന്നതിനു നോട്ടീസുബോർഡുകൾ തൂക്കേണ്ടതാണു്. ഗ്രാമസ്ഥലങ്ങളിൽ അതിനു ആവശ്യമില്ലാ എന്നിരിക്കും. ഏതായാലും എല്ലാ സംഘങ്ങളും അവയുടെ ആഫീസു സ്ഥലം, റിക്കാർട്ടുകളുടെ കൈവശക്കാരന്റെ പേരു്, ശരിയായ മേൽവിലാസം ഇവ ഈ ആഫീസിലേക്കും ഇൻസ്പെക്ടർക്കും യൂണിയൻ ആഫീസിനും റിപ്പോർട്ടു ചെയ്യേണ്ടതാണു് അപ്പോളപ്പോൾ ഉണ്ടാകുന്ന മാററങ്ങളും അതുപോലെ റിപ്പോർട്ടുചെയ്യണം. റിക്കാർട്ടുകളുടെ കൈവശക്കാരൻ താൽക്കാലികമായി സ്ഥലം വിട്ടുപോകുമ്പോൾ മററു ഏതെങ്കിലും കമ്മിററിമെമ്പറെ ഏല്പിച്ചു പരിശോധനക്കു ആവശ്യപ്പെട്ടാൽ ഹാജരാക്കുവാൻ ഏർപ്പാടുചെയ്യേണ്ടതാകുന്നു.

സക്കുലർ ൨ ൪ ൦.

സംസ്ഥാനത്തുള്ള സഹകരണസംഘങ്ങളുടെ പരിശോധനക്കിടയിൽ അനേക സംഘങ്ങളുടെ ആഫീസുകൾ ഞാൻ സന്ദർശിക്കുകയുണ്ടായി. ചുരുക്കം ചില സംഘങ്ങൾക്കു പ്രത്യേക ആഫീസ് കെട്ടിടങ്ങൾ സ്വന്തമായിട്ടുണ്ടെങ്കിലും ഭൂരിപക്ഷം സംഘങ്ങൾക്കും സ്വന്തമായോ, വാടകയ്ക്കോ ആഫീസുകൾ ഇല്ലാതെയാണിരിക്കുന്നതു്. അങ്ങനെയുള്ള സംഘങ്ങളുടെ ആഫീസുകൾ മിക്കവാറും സിക്രട്ടറിമാരുടെ വസതികളിൽതന്നെ സ്ഥിതിചെയ്യുന്നു. ആഫീസു കെട്ടിടം സ്വന്തമായി ഇല്ലാത്ത സംഘങ്ങളും, വാടകകെട്ടിടത്തിൽപോലും ആഫീസ് ഇടുന്നതിനു ധനസ്ഥിതി ഇല്ലാത്ത സംഘങ്ങളും അവയുടെ ആഫീസുകൾ സിക്രട്ടറിയുടെയോ കമ്മിററിയിലെ ചുമതലക്കാരായ മററുദ്യോഗസ്ഥന്മാരുടെ ഗൃഹങ്ങളിലൊ ഇടുന്നതിൽ വിരോധമില്ല. എന്നാൽ ഓരോ സംഘത്തിന്റെ ആഫീസിനും പ്രത്യേകം ഒരു ബന്തവസ്സുള്ള മുറി ഉണ്ടായിരിക്കേണ്ടതാണു്. എല്ലാ സഹകരണസംഘങ്ങൾക്കും സംഘത്തിന്റെ രജിസ്റ്റർചെയ്യപ്പെട്ടിട്ടുള്ള പേരും നമ്പരും എഴുതിയിട്ടുള്ള ഓരോ ബോർഡും ഉണ്ടായിരിക്കണം. ബോർഡു സംഘമാഫീസിന്റെ മുൻഭാഗത്തു തൂക്കിയിരിക്കണം. അർബൻബാങ്കുകൾ

താലൂക്ക് ബോംകുകൾ, വിതരണസ്റ്റോറുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ബോർഡിൽ ആഫീസ് സമയവും കാണിച്ചിരിക്കുന്നതു് അഭിലഷണീയമാണ്. മേൽപറഞ്ഞ വ്യവസ്ഥകൾപ്രകാരം എല്ലാ സംഘങ്ങളും പ്രവർത്തിക്കണമെന്നു താൽപര്യപ്പെടുന്നു.

൪൯. സംഘംവക പുസ്തകങ്ങളും പകർപ്പുകളും.

അംഗങ്ങളുടെ രജിസ്റ്റർ.

വകുപ്പ് ൪൯. രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും സംഘം സൂക്ഷിച്ചിരിക്കുന്ന അംഗങ്ങളുടെയോ ഓഹരികളുടെയോ ഏതെങ്കിലും രജിസ്റ്ററൊ പട്ടികയൊ അതിൽ ചേർത്തിട്ടുള്ള താഴെ പറയുന്ന വിവരങ്ങളിൽ ഏതിൻെറയെങ്കിലും പ്രത്യക്ഷ തെളിവായിരിക്കുന്നതാണ്.

(എ) ഒരംഗമെന്ന നിലയിൽ ആവക രജിസ്റ്ററിലൊ പട്ടികയിലൊ ഏതെങ്കിലും ആളിൻെറ പേരു് ചേർത്ത തീയതി.

(ബി) അപ്രകാരമുള്ള ഏതെങ്കിലും ആൾ ഒരംഗമായിരിക്കുന്നതു് അവസാനിച്ച തീയതി.

സംഘംവക പുസ്തകങ്ങളിൽചേർത്തിട്ടുള്ള വിവരങ്ങളുടെ പകർപ്പു തെളിവായി സ്വീകരിക്കാമെന്ന്.

വകുപ്പ് ൫൦. ഒരു സംഘം പ്രവൃത്തിനടത്തിക്കൊണ്ടിരിക്കെ അതിൻെറ കൈവശത്തിൽ ക്രമമായി സൂക്ഷിച്ചുപോരുന്ന ഏതെങ്കിലും പുസ്തകത്തിലൊ രജിസ്റ്ററിലൊ പട്ടികയിലൊ ചേർത്തിട്ടുള്ള വല്ല വിവരത്തിൻെറയും ഒരു പകർപ്പ്, ചട്ടങ്ങൾമൂലം നിർണ്ണയിക്കാവുന്ന വിധം മുറപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ള പക്ഷം ആ വിവരം ഉണ്ടെന്നുള്ളതിൻെറ തെളിവായിസ്വീകരിക്കേണ്ടതും അസലിൽ ചേർത്തിട്ടുള്ള വിവരം നേരിട്ട സ്വീകരിക്കാവുന്ന ഏതൊരു സംഗതിയിലും അങ്ങനെ സ്വീകരിക്കാവുന്നിടത്തോളവും അതിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങളുടേയും ഇടപാടുകളുടേയും തെളിവായി ആ പകർപ്പു സ്വീകരിക്കേണ്ടതും ആകുന്നു.

ചട്ടം വ്വ.

സംഘങ്ങൾ സൂക്ഷിച്ചിരിക്കേണ്ട കണക്കുകളും മററു പുസ്തകങ്ങളും.

(വ്വ) സംഘങ്ങൾ, മററുള്ളവയുടെ കൂട്ടത്തിൽ താഴെപ്പറയുന്ന കണക്കുകളും പുസ്തകങ്ങളും സൂക്ഷിച്ചിരിക്കേണ്ടതും ഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടർമാക്കും പരിശോധിക്കാൻ രജിസ്ട്രാർ അധികാരപ്പെടുത്തിയിട്ടുള്ള മററാളുകൾക്കും അവ ലഭിക്കത്തക്കവണ്ണം വച്ചിരിക്കേണ്ടതും ആകുന്നു.

(ഏ) ഒരു ക്രഡിററുസംഘം സൂക്ഷിക്കേണ്ട പുസ്തകങ്ങൾ.

(൨) കമ്മറ്റിയുടേയും അംഗങ്ങളുടെ പൊതുയോഗത്തിൻേറയും നടപടികൾ രേഖപ്പെടുത്തുന്ന മിനിട്ട്സ് ബുക്ക്.

(ഹ) ഓരോ അംഗത്തിൻേറയും പേരും കയ്യൊപ്പും മേൽവിലാസവും അയാളെ പ്രവേശിപ്പിച്ച തീയതിയും അയാൾ എടുത്തിട്ടുള്ള ഓഹരികളും അപ്രകാരമുള്ള ഓഹരികൾക്ക് അയാൾ അടച്ചിട്ടുള്ള തുകയും ഓഹരി മൂലധനത്തിൽ അയാൾക്ക് എന്തെങ്കിലും തിരിച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അങ്ങനെ കൊടുത്തിട്ടുള്ളതു് ഏതേതു തീയതികളിലെന്നും ഓരോ തവണയുമുള്ള തുകയെന്തെന്നും ഉള്ള വിവരത്തോടു കൂടി തിരിച്ചു കൊടുത്ത ഓഹരി മൂലധനത്തിൻെറ തുകയും കാണിക്കുന്ന അഡ്മിഷൻ ബുക്ക്.

(ന) ദിവസംപ്രതിയുള്ള വരവും ചിലവും ഓരോ ദിവസത്തിൻേറയും അവസാനത്തിലുള്ള ബാക്കിയും കാണിക്കുന്ന ക്യാഷ്ബുക്ക.

(ര്) സംഘം സ്വീകരിക്കുന്ന പണത്തിനു കൊടുക്കേണ്ടതായി ഒന്നും, കുറ്റിയായി ഉപയോഗിക്കാനുള്ള മറെറാന്നും ഇങ്ങനെ ഇരട്ടിപ്പു പ്രതികൾ അടങ്ങിയിട്ടുള്ളതും വശങ്ങൾക്ക് ക്രമപ്രകാരം നമ്പരിട്ടിട്ടുള്ളതുമായ രസീതുബുക്ക്.

(ൈ) അംഗങ്ങൾക്കു കൊടുത്ത ഓരോ വായ്പയുടേയും നമ്പരും വായ്പകൊടുത്ത തീയതിയും വായ്പത്തുകയും, ഏതൊരാവശ്യത്തിനാണോ വായ്പകൊടുത്തതു് ആ ആവശ്യവും മുതലും പലിശയും വേർതിരിച്ചു, വായ്പ തിരിയേ മടക്കിയ തീയതിയും അല്ലെങ്കിൽ തീയതികളും കാണിക്കുന്ന വായ്പലഡ്ജർ.

(ന്ന) നിക്ഷേപങ്ങളേയും മറെറല്ലാത്തരം കടം വാങ്ങലുകളേയും കാണിക്കുന്ന കടം സംബന്ധിച്ച ലഡ്ജർ.

(൭) നേരിട്ടു വായ്പ വാങ്ങിയ ഇനത്തിലൊ അല്ലെങ്കിൽ വായ്പയുടെ ജാമ്യം നിന്ന ഇനത്തിലോ ഓരോ അംഗവും സംഘത്തിനു എത്രമാത്രം കടപ്പെട്ടിട്ടുണ്ടെന്നു കാണിക്കുന്ന ബാദ്ധ്യതാ രജിസ്റ്റർ.

(വ്വ) വരവും ചെലവും സംബന്ധിച്ച പ്രതിമാസരജിസ്റ്റർ.

(ൻ) സംഘം ലേലത്തിൽ വിലയ്ക്കു വാങ്ങിയ വീഴ്ചക്കാരുടെ വക സ്ഥാവരവസ്തു രജിസ്റ്റർ.

(൨൦) അവസാനിപ്പിച്ച വായ്പകളുടെ രജിസ്റ്റർ.

(ഫഫ) മദ്ധ്യസ്ഥതീരുമാനത്തിനും, നടപടി നടത്തലിനും ഉള്ള അപേക്ഷകളുടെ പുരോഗതി കാണിക്കുന്ന രജിസ്റ്റർ.

(ഫവ) സംഘം തങ്ങൾ ചിലവുവകയ്ക്കു ചെയ്തിട്ടുള്ള ചെലവിനു ക്രമപ്രകാരം നമ്പരിട്ടിട്ടുള്ളതും തീയതി മുറയ്ക്കു ഫയൽ ചെയ്തിട്ടുള്ളതുമായ വൌച്ചറുകളെല്ലാം അടങ്ങിയിട്ടുള്ള വൌച്ചർ ഫയൽ.

(ഫമ) ആദായവിതരം രജിസ്റ്റർ.

(ഫര) ക്ലിപ്തരഹിതമായ ബാദ്ധ്യതയോടുകൂടിയ ഒരു സംഘത്തിന്റെ കാര്യത്തിനു അംഗങ്ങളുടെ വസ്തുവിവരസ്റ്റേറ്റുമെന്റ്.

(കുറിപ്പു) - (ഫ) ഒരംഗം ആദ്യ പ്രവേശിപ്പിക്കുന്ന തീയതിയിലും ഓരോ സഹകരണവർഷത്തിന്റെ ഒടുവിലത്തെ തീയതിയിലും അയാൾക്കു് എന്തുമാത്രം സ്വത്തും ബാദ്ധ്യതയും ഉണ്ടെന്നു് ഈ സ്റ്റേറ്റുമെന്റിൽ കാണിച്ചിരിക്കേണ്ടതാകുന്നു. വസ്തുക്കളുടെ സർവേനമ്പരുകളുൾപ്പെടെ വസ്തുക്കളുടെ മുഴുവൻ വിവരങ്ങളും നൽകിയിരിക്കണം. ഈ സ്റ്റേറ്റുമെന്റുകൾ കുത്തിക്കെട്ടിയ വാല്യങ്ങളിലുള്ള ഒരു രജിസ്റ്ററിൽ ചേർത്തിരിക്കേണ്ടതാണ്.

(വ) ക്ലിപ്തരഹിതബാദ്ധ്യതയെ ആസ്പദമാക്കിയുള്ള ഒരു സംഘത്തിലെ ഓരോ അംഗവും അയാളെ സംഘത്തിൽ ചേർക്കുന്ന സമയത്തും ഓരോ സഹകരണ വർഷത്തിന്റെ ഒടുവിലും ശരിയായും വാസ്തവമായും ഉള്ളതാണെന്നു മുറപ്രകാരം തിട്ടപ്പെടുത്തിയിട്ടുള്ള അയാളുടെ സ്വത്തുക്കളും ബാദ്ധ്യതകളും സംബന്ധിച്ച ഒരു സ്റ്റേറ്റുമെന്റു സംഘത്തിനു സമർപ്പിക്കേണ്ടതാകുന്നു.

(ഫ ൯) ഫ ർ-ാംചട്ടം സംബന്ധിക്കുന്ന ക്ലിപ്തബാദ്ധ്യതയോടുകൂടിയ ഒരു സംഘത്തിന്റെ കാര്യത്തിൽ ഫ്ളൂയിഡ് റിസോഴ്സ് രജിസ്റ്റർ. (വിനിയോഗസന്നദ്ധമായ ധനംസംബന്ധിച്ച രജിസ്ററർ)

കുറിപ്പ്:—ഈ രജിസ്റ്ററിൽ സംഘത്തിന്റെ ഉടനടിയുള്ള ബാദ്ധ്യതകളേയും അവ കൊടുത്തു തീർക്കാൻ ഉപയോഗിക്കത്തക്കവണ്ണം സന്നദ്ധമായുള്ള ധനം എന്തുമാത്രമുണ്ടെന്നും കാണിച്ചിരിക്കണം.

(ഫന) ക്ലിപ്തബാദ്ധ്യതയോടുകൂടിയതും ൫൦൦൦ രൂപയിൽ പരം പ്രവർത്തനമൂലധനമുള്ളതുമായ ഒരു സംഘത്തിന്റെ കാര്യത്തിൽ ജനറൽ ലഡ്ജർ.

(എ 1) രജിസ്റ്റ്രാർ ആവശ്യപ്പെട്ടാവുന്നതോ നിർണ്ണയിക്കാവുന്നതോ ആയ മററു കണക്കുകളും പുസ്തകങ്ങളും.

(ബി) (എ) ഖണ്ഡപ്രകാരം ഒരു ക്രെഡിററ് (വായ്പകൊടുക്കുന്ന) സംഘം സൂക്ഷിച്ചിരിക്കേണ്ട പുസ്തകങ്ങൾക്കു പുറമേ പണം കൊടുക്കുന്ന ഏപ്പ്പാടുള്ള ഒരു ബാങ്കു താഴെ പറയുന്ന പുസ്തകങ്ങളും സൂക്ഷിച്ചിരിക്കേണ്ടതാണു.

പണംകൊടുക്കുന്ന ഏർപ്പാടുള്ള ഒരു ബാങ്കു സൂക്ഷിച്ചിരിക്കുന്ന പുസ്തകങ്ങൾ

അതായതു്.

(എ) പണം കടം വാങ്ങിയിട്ടുള്ള ഓരോരുത്തരും കൊടുക്കാനുള്ളതും കൊടുത്തതുമായ പലിശ എന്തുമാത്രമെന്നു കാണിക്കുന്ന പലിശ രജിസ്റ്റർ.

(ബി) പണം കൊടുക്കുന്ന ഏപ്പ്പാടുള്ള ബാങ്കിൽ മുടക്കിയിട്ടുള്ള സംഘങ്ങളുടെ റിസർവ് ഫണ്ടിനെകാണിക്കുന്ന റിസർവുഫണ്ടു രജിസ്റ്റർ.

(സി) സസ്പെൻസ് (തുക നിറുത്തിവച്ച) കണക്കുകൾ)

(ഡി) ബാങ്കിൽനിന്നു പണം കടം വാങ്ങുന്ന സംഘങ്ങളുടെ ധനസ്ഥിതിയും പ്രവൎത്തനവും സംബന്ധിച്ച വിവരങ്ങൾ സമുചിതമായ ഇനങ്ങളിൽ കൊള്ളിച്ചിട്ടുള്ള സാമാന്യവിവരം രജിസ്റ്റർ.

(സി) ഒരു വിതരണസംഘമോ ഉല്പാദകസംഘമോ സൂക്ഷിച്ചിരിക്കേണ്ട പുസ്തകങ്ങൾ—

ക്രെഡിററു ശാഖകളോടുകൂടി സംഘങ്ങൾ, പണം കടം കൊടുക്കുന്ന ഏപ്പ്പാടുള്ള ഒരു ബാങ്കല്ലാത്ത ക്രെഡിററു സംഘങ്ങൾക്കായി നിർണ്ണയിച്ചിട്ടുള്ള എല്ലാ പുസ്തകങ്ങളും സൂക്ഷിച്ചിരിക്കേണ്ടതും ക്രെഡിററു ശാഖകളില്ലാത്ത സംഘങ്ങൾ താഴെ പറയുന്ന പുസ്തകങ്ങൾ സൂക്ഷിച്ചിരിക്കേണ്ടതും ആകുന്നു. അതായതു്;—

(എ) മിനിട്ട് ബുക്ക്
(ബി) അഡ്മിഷൻബുക്ക്
(സി) ക്യാഷ് ബുക്ക്
(ഡി) രസീതുബുക്ക്
(ഇ) വൌച്ചർഫയൽ
(എഫ്) ആദായവീതം രജിസ്റ്റർ
(ജി) അംഗങ്ങൾ വില്ക്ക വാങ്ങുന്നതിന്മേലുള്ള ബോണസ്സിനെ സംബന്ധിച്ച രജിസ്റ്റർ.

കൂടാതെ ക്രെഡിററു ശാഖകളുള്ളതോ ഇല്ലാത്തതൊ ആയ വിതരണസംഘങ്ങളോ ഉല്പാദകസംഘങ്ങളൊ താഴെപ്പറയുന്ന പുസ്തകങ്ങൾ സൂക്ഷിച്ചിരിക്കേണ്ടതാണ്.

(ഫ) ശേഖരിച്ചവയും പെട്ടിട്ടുള്ളതും വിലയ്ക്കു വിൽക്കപ്പെട്ടിട്ടുള്ളതുമായ ചരക്കുകളുടെ ഇനംതിരിച്ചു കാണിച്ചിട്ടുള്ള ചരക്കു-ലഡ്ജർ.

(ഖ) സാമാനങ്ങൾ ദിവസംതോറും വിലയ്ക്കു വാങ്ങുന്നതിനെ കാണിക്കുന്ന സമ്പാദനബുക്കുകൾ.

(ന) വില്പനച്ചീട്ട്

(ർ) ദിവസം പ്രതിയുള്ള വില്പനയെക്കുറിക്കുന്ന ബുക്ക്.

(ളു) അംഗങ്ങൾ വിലക്കു വാങ്ങുന്നതു സംബന്ധിച്ച രജിസ്റ്റർ

(ഡി) ഒരു സൂപ്പർവൈസിംഗ് യൂണിയൻ സൂക്ഷിക്കേണ്ട പുസ്തകങ്ങൾ.

ഫ. മിനിട്ട് ബുക്ക്.

ഖ. അംഗമാക്കി തീർത്തിട്ടുള്ള സംഘങ്ങളെ സംബന്ധിച്ച രജിസ്ററർ.

ന. നാൾവഴി.

ർ. അംഗമാക്കി തീർത്തിട്ടുള്ള സംഘങ്ങളുടെ പരിശോധന സംബന്ധിച്ച രജിസ്റ്റർ.

ളു. സംഘങ്ങളിൽനിന്നു ലഭിച്ച വായ്പയ്ക്കുള്ള അപേക്ഷകളുടെ രജിസ്റ്റർ.

ന്ധ. യൂണിയന്റെ മേൽനോട്ടത്തിലിരിക്കുന്ന ഓരോ സംഘവും പണവ്യാപാരം നടത്തുന്ന ഒരു ബാങ്കിന്, കൊടുക്കാനുള്ള തുകയും കൊടുത്ത തുകയും ബാക്കി തുകയും എത്രമാത്രമെന്നു കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റോടുകൂടിയുള്ള സാമാന്യവിവരം രജിസ്റ്റർ.

ം. സൂപ്പർവിഷൻഫണ്ടു രജിസ്റ്റർ.

വ. യൂണിയന്റെ മേൽനോട്ടത്തിലിരിക്കുന്ന ക്ലിപ്തരഹിതമായ ബാദ്ധ്യതയോടുകൂടിയ ഓരോ സംഘത്തിലേയും അംഗങ്ങളുടെ സ്വത്തുക്കളിന്മേലും ബാദ്ധ്യതകളിന്മേലും ഉണ്ടായിട്ടുള്ള മാററങ്ങളുടെ ഒരു സംഗ്രഹത്തോടുകൂടി സ്വത്തുക്കളും ബാദ്ധ്യതകളും സംബന്ധിച്ച രജിസ്റ്റർ.

ൻ. നിയുക്താംഗങ്ങളേയും നിയോഗത്തിനുള്ള ഫീസിനേയും സംബന്ധിച്ച രജിസ്റ്റർ.

(ഇ) മററുള്ള ഓരോ സംഘവും അംഗങ്ങളുടെ രജിസ്റ്ററും ക്യാഷ് ബുക്കും മിനിട്ടുബുക്കും കൂടാതെ രജിസ്ട്രാർ അംഗീകരിച്ചിട്ടുള്ള മററു കണക്കുകളും പുസ്തകങ്ങളും സൂക്ഷിക്കേണ്ടതാണ്.

(എഫ്) താഴെ പറയുന്നതിലിരിക്കുന്ന ലിസ്റ്റിൽ പെട്ടിട്ടുള്ള റിക്കാർഡുകൾ പൂർത്തിയായതിനു ശേഷം താഴെ നിർദ്ദേശിച്ചിട്ടുള്ള കാലത്തേക്കു സാധാരണയായി സൂക്ഷിക്കേണ്ടതാണ്.

ലിസ്റ്റ്.

ക്രമനമ്പർ	രജിസ്റ്ററിന്റെ പേര്	ഏതുകാലത്തേക്ക സൂക്ഷിക്കേണമെന്ന്		
		ക്ലിപ്തപ്പെടുത്തിയ ബാദ്ധ്യതയോടുകൂടിയ സംഘങ്ങൾ	ക്ലിപ്തപ്പെടുത്താത്ത ബാദ്ധ്യതയോടുകൂടിയ സംഘങ്ങൾ	ബാങ്കുകൾ
൧	ഓഹരി ഉടമസ്ഥന്മാരുടെ ലിസ്ററസഹിതമുള്ള അഡ്മിഷൻ ബുക്ക്	സ്ഥിരം	സ്ഥിരം	സ്ഥിരം
൨	ഡാറിവഴി	ടി	ടി	ടി
൩	സ്ഥിരനിക്ഷേപങ്ങളുടെയും മററ് കടം വാങ്ങലുകളുടേയും ലഡ്ജർ	ടി	ടി	ടി
൪	ആവർത്തിച്ചുള്ള നിക്ഷേപങ്ങളുടെ ലഡ്ജർ	ടി	ടി	ടി
൫	പ്രാവിഡൻറ നിക്ഷേപലഡ്ജർ	ടി	ടി	ടി
൬	കറൻറ ഡിപ്പാസിററ ലഡ്ജർ	ടി	ടി	ടി
൭	റിസർവ്വ് ഫണ്ട ലഡ്ജർ	ടി	ടി	ടി
൮	ആഡിററ സർട്ടിഫിക്കററ	ടി	ടി	ടി
൯	അംഗങ്ങളുടെ വസ്തുവിവരം സ്റ്റേററമെൻറ്	ടി	ടി	ടി
൧൦	സഹകരണബാങ്കു ഓഹരികളിൽ മുടക്കിയ മുതൽ സംബന്ധിച്ച കണക്ക്	ടി	ടി.	ടി
൧൧	രജിസ്റ്റർ ചെയ്തതു സംബന്ധിച്ച സർട്ടിഫിക്കററും ഭേദഗതി ചെയ്തിട്ടുള്ള ഉപനിയമങ്ങളും	ടി	ടി	ടി
൧൨	ഉപനിയമങ്ങളും ഭേദഗതികളും	ടി	ടി	ടി
൧൩	ആക്ടും ചട്ടങ്ങളും	ടി	ടി	ടി
൧൪	ഓഹരി പിൻവലിക്കുന്നതു സംബന്ധിച്ച രജിസ്റ്റർ	ടി	ടി	ടി
൧൫	മിനിട്ട്സ് ബുക്ക്	ടി	ടി	ടി
൧൬	വീട്ടുക്കാരുടെ സ്ഥാവരവസ്തു ജാമ്യത്തിൽ വാങ്ങിയതിനെസംബന്ധിച്ച രജിസ്റ്റർ	ടി	ടി	ടി
൧൭	ഫ്ളൂയിഡ് റിസോഴ്സ് കളെ സംബന്ധിച്ച രജിസ്റ്റർ	ടി	ടി	ടി
൧൮	ജനറൽ ലഡ്ജർ	ടി	ടി	ടി
൧൯	പലിശ രജിസ്റ്റർ	ടി	ടി	ടി
൨൦	ജനറൽ ഇൻഫർമേഷൻ രജിസ്റ്റർ	ടി	ടി	ടി
൨൧	സമ്പാദനങ്ങളിന്മേലുള്ള ബോണസ് രജിസ്റ്റർ	ടി	ടി	ടി
൨൨	ഉപസംഘങ്ങളുടെ പരിശോധനാ രജിസ്റ്റർ	ടി	ടി	ടി
൨൩	സംഘങ്ങൾ അയക്കുന്ന വായ്പക്കുള്ള അപേക്ഷകളുടെ രജിസ്റ്റർ	ടി	ടി	ടി
൨൪	ഡയറക്ടറന്മാരുടെയും ഡലിഗേററുകളുടെയും രജിസ്റ്റർ	ടി	ടി	ടി

ലിസ്റ്റ്—(തുടർച്ച)

നമ്പർ	രജിസ്റ്ററിന്റെ പേര്	ഏതുവർഷത്തേക്ക സൂക്ഷിക്കണമെന്ന്		
		ക്ലിപ്തബാദ്ധ്യതയോടുകൂടിയ സംഘങ്ങൾ	ക്ലിപ്തമല്ലാത്ത ബാദ്ധ്യതയോടുകൂടിയ സംഘം	സ്റ്റോറുകൾ
൧൫	ഉപസംഘങ്ങളുടെ (ഐക്യസംഘങ്ങളുടെ) മുതലുകളുടെയും ബാദ്ധ്യതകളുടെയും രജിസ്റ്റർ	സ്ഥിരം	സ്ഥിരം	സ്ഥിരം
൧൬	രസീതു ബുക്ക്	൧൦	൧൦	൧൦
൧൭	വരവും ചെലവും കണക്കിൽ കൊള്ളിച്ചതു സംബന്ധിച്ച സറ്റേറ്റുമെന്റുകൾ	൧൦	൧൦	൧൦
൧൮	ചെററർഫയിൽ	൧൦	൧൦	൧൦
൧൯	വൌച്ചർഫയിൽ	൧൦	൧൦	൧൦
൨൦	വിലരജിസ്റ്റർ	...	...	൧൦
൨൧	ലോൺലെഡ്ജർ	൫	൫	൧൦
൨൨	ബാദ്ധ്യതാരജിസ്റ്റർ	൫	൫	൫
൨൩	ക്ലോസ്ഡ് ലോൺ രജിസ്റ്റർ	൫	൫	൫
൨൪	സ്റ്റോർകീപ്പരുടെ നാൾവഴി	...	...	൫
൨൫	സമ്പാദന ബുക്ക്	...	...	൫
൨൬	ചരക്കു ലെഡ്ജർ	...	...	൫
൨൭	ഓഹരിക്കുള്ള അപേക്ഷസംബന്ധിച്ച രജിസ്റ്റർ	൩	൩	...
൨൮	വായ്പക്കുള്ള അപേക്ഷസംബന്ധിച്ച രജിസ്റ്റർ	൩	൩	൩
൨൯	അക്വിറ്റൻസ് റോൾ	൩	൩	൩
൩൦	ലെറർ ബുക്ക് രജിസ്റ്റർ	൩	൩	...
൩൧	സംയുക്തസമ്പാദനങ്ങളുടെ രജിസ്റ്റർ	൩	൩	...
൩൨	സംയുക്തവില്പനകളുടെ രജിസ്റ്റർ	൩	൩	൩
൩൩	മദ്ധ്യസ്ഥതീരുമാനത്തിനും വ്യവഹാരത്തിനും ഉള്ള അപേക്ഷകളുടെ രജിസ്റ്റർ	൩	൩	൩
൩൪	ആദായവീതം വിതരണം ചെയ്യുന്നതു സംബന്ധിച്ച രജിസ്റ്റർ	൩	൩	൩
൩൫	ജനറൽ കറന്റ രജിസ്റ്റർ	...	...	൩
൩൬	ഡിസ്പ്ലേസൽ രജിസ്റ്റർ	...	...	൩
൩൭	ഡിസ്പാച്ച് രജിസ്റ്റർ	...	...	൩
൩൮	നൈമിത്തികച്ചെലവു രജിസ്റ്റർ	...	...	൩
൩൯	വില്പനക്കാരനെ സാമാനം ഏല്പിച്ചതു സംബന്ധിച്ച രജിസ്റ്റർ	...	...	൩

ചട്ടം ൻ.

ആക്ട് ൩-ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾക്കു ഒരു സംഘം അതിന്റെ പ്രവൃത്തി നടത്തുന്ന വേളയിൽ ക്രമമായി സൂക്ഷിച്ചിട്ടുള്ള പുസ്തകങ്ങളിൽ ചേർത്തിട്ടുള്ളതിന്റെ ഒരു പ്രതി.

പുസ്തകങ്ങളിൽ ചേർത്തിട്ടുള്ളതിന്റെ പ്രതികൾ സാക്ഷ്യപ്പെടുത്തുക,

(എ) പ്രസിഡന്റോ സെക്രട്ടറിയോ ഉൾപ്പെടെ സംഘത്തിന്റെ കമ്മററിയിലെ മൂന്നു പേരിൽ കുറയാത്ത അംഗങ്ങൾ സാക്ഷ്യപ്പെടുത്തുകയും സംഘം വക മുദ്ര പതിച്ചിരിക്കയും; അല്ലെങ്കിൽ,

(ബി) ആക്ട് ൪൧-ാം വകുപ്പിൻപ്രകാരം സംഘത്തിനു ഒരു ലിക്വിഡേററരെ നിയമിച്ചുകൊണ്ട് ഉത്തരവിട്ടിരിക്കുമ്പോൾ ലിക്വിഡേററർ സാക്ഷ്യപ്പെടുത്തുകയും ചെയ്തിരിക്കേണ്ടതാകുന്നു.

അങ്ങനെ സാക്ഷ്യപ്പെടുത്തിയിട്ടുള്ള പ്രതികൾ നൽകുന്നതിനു ചുമത്തേണ്ട ഫീസ് അതിലേയ്ക്കു രജിസ്ട്രാർ അപ്പോഴപ്പോൾ നിർണ്ണയിച്ചിട്ടുള്ള തുകകളെ കവിയാൻ പാടുള്ളതല്ല.

ചട്ടം, ൫൦.

പ്രമാണങ്ങളുടെ പരിശോധനക്കുള്ള ഫീസ്.

൫൦ താഴെ പറഞ്ഞിരിക്കുന്ന ഫീസുകൊടുത്താൽ രജിസ്ട്രാരുടെ ആഫീസിൽ നിന്നു താഴെ പറഞ്ഞിരിക്കുന്ന പ്രമാണങ്ങളുടെ സാക്ഷ്യപ്പെടുത്തിയിട്ടുള്ള പ്രതികൾ സഹകരണസംഘാംഗങ്ങൾക്കോ പൊതുജനങ്ങൾക്കോ ലഭിക്കുന്നതാണ്.

	രൂ.	ച.	കാ.
ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ (ഓരോന്നിനും)	०	൩	൮
രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങളുടെ ഉപനിയമങ്ങൾ (ഫോളിയൊ ഒന്നിനു)	०	൩	൮
രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങളുടെ ഉപനിയമങ്ങളുടെ ഭേദഗതി (ഫോളിയോ ഒന്നിനു)	०	൩	൮
രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെ സാക്ഷ്യപത്രങ്ങൾ (ഓരോന്നിനും)	०	൩	൮

	രൂ.	ച.	കാ.
ഒരു സംഘം രജിസ്റ്റർ ചെയ്തതിനെ റദ്ദ ചെയ്യുന്നതിനുള്ള ഉത്തരവുകൾ (ഫോളിയോ ഒന്നിനു)	൦	൩	൮
രജിസ്റ്റർ ചെയ്ത ഒരു സംഘത്തിന്റെ ആഡിററു സർട്ടിഫിക്കററു (ഫോളിയോ ഒന്നിന്)	൦	൩	൮
വാർഷിക ബാക്കിപത്രം (ഫോളിയോ ഒന്നിന്)	൦	൩	൮
തീർപ്പുകളും സംബന്ധപ്പെട്ട മററു പ്രമാണങ്ങളും (ഫോളിയോ ഒന്നിന്)	൦	൩	൮

ചട്ടം ൧൨.

ഗവണ്മെൻറിൽ ഒടുക്കേണ്ടഫീസ്.

൧൨. ആക്ടുപ്രകാരം ചുമത്തിയിട്ടുള്ള എല്ലാ ഫീസും പിഴകളും ഗവണ്മെൻറിൽ ഒടുക്കേണ്ടതാകുന്നു.

സർക്കുലർ ൨൪.

൧൦൮൯-ാമാണ്ടത്തെ പത്താം ആക്ടായ പരസ്പരസഹായസംഘം ആക്ടിന്റെ ഒരു പ്രതി സംസ്ഥാനത്തുള്ള എല്ലാ പരസ്പരസഹായസംഘങ്ങളും വച്ചുകൊള്ളേണ്ടതാണ്. തിരുവനന്തപുരം ഗവണ്മെൻറു പ്രസ്സിൽ അന്വേഷിച്ചാൽ അതിന്റെ ഒരു പ്രതി (ഇംഗ്ലീഷോ മലയാളമോ തമിഴോ) രണ്ടു ചക്രം വിലയ്ക്കു കിട്ടുന്നതാണെന്നുള്ള വിവരം എല്ലാ സംഘങ്ങളേയും ഇതിനാൽ അറിയിച്ചിരിക്കുന്നു,

സർക്കുലർ. ൬൪.

ഡിപ്പാർട്ടുമെൻറിൽ നിന്നും പ്രസിദ്ധംചെയ്യുന്ന സർക്കുലർകൾ മിക്ക സംഘങ്ങളും ശരിയായി സൂക്ഷിച്ചുവയ്ക്കുന്നില്ലെന്നു ആ സംഘങ്ങളുടെ പരിശോധനയിൽനിന്നും കാണുന്നു. (സർക്കുലർകൾ എല്ലാം ഗവണ്മെൻറു ഗസ്ററിൽ അപ്പഴപ്പോൾ പരസ്യം ചെയ്യുന്നതും ഡിപ്പാർട്ടുമെൻറു ഷിററുകൾ എല്ലാ സംഘങ്ങൾക്കും അയച്ചുകൊടുക്കുന്നതും ആകകൊണ്ടു സർക്കുലർകൾ പ്രത്യേകമായി സംഘങ്ങളിലേക്കു അയച്ചു കൊടുത്തുകൊണ്ടിരുന്ന ഏർപ്പാടു ഇപ്പോൾ നിറുത്തൽ ചെയ്തിരിക്കയാണ്. സംഘാംഗങ്ങളും വിശേഷിച്ചു കമ്മററി മെംബറന്മാരും സർക്കുലർകൾ സകലതും വായിച്ചു നല്ലവണ്ണം മനസ്സിലാക്കുന്നുവെങ്കിൽ മാത്രമേ സംഘജോലി ശരിയായി നടത്തിക്കൊണ്ടു പോകാൻ സാധിക്കയൊള്ളൂ. അതി

ന്നാൽ ഇതുവരെയുള്ള സർക്കുലർകളെ എല്ലാം ചേർത്തുവയ്ക്കേണ്ടതും വല്ലതും ഇല്ലാതെയിരുന്നാൽ അവയെ ആഫീസിൽ നിന്നും വരുത്തിക്കൊള്ളേണ്ടതും ആണ്. മേലാലുണ്ടാകുന്ന സർക്കുലറുകളെ അടുത്ത പൊതുയോഗത്തിലും കമ്മിറ്റിയോഗങ്ങളിലും വായിച്ചു കേൾപ്പിക്കയും ആ വിവരം മിനിററു ബുക്കിൽ റിക്കാർഡുചെയ്കയും വേണ്ടതാണ്. ഡിപ്പാർട്ടുമെൻറു ഷീററുകൾ സംഘംവക മററു റിക്കാർട്ടുകളെപ്പോലെ പ്രത്യേകം സൂക്ഷിക്കേണ്ടതും ഇൻസ്പെക്ടർമാർ പരിശോധനയ്ക്കു പോകുമ്പോൾ ഇവ ശരിയായി സൂക്ഷിക്കപ്പെടുന്നുണ്ടോ എന്നു നോക്കേണ്ടതും ആകുന്നു

കുറിപ്പ്:— ൧൯, ൨൦, ൨൧, ൨൯, ൪൧, ൪൮, ൪൯, ൭൦, എന്നു ഈ നമ്പർ സർക്കുലർകൾ സംഘങ്ങൾക്കു ആവശ്യമില്ലാത്തതാകുന്നു.

സർക്കുലർ ൨൧൭

൧൧൨-ലെ ൭-ാം ആക്ടായ തിരുവിതാംകൂർ സഹകരണസംഘം ആക്ടിനെ തുടർന്നു പാസ്സാക്കീട്ടുള്ള ചട്ടങ്ങളിലെ ൯-ാം വകുപ്പുപ്രകാരം സഹകരണസംഘങ്ങളുടെ ഉപയോഗത്തിലിരിക്കുന്ന റിക്കാർഡുകളുടെ പകർപ്പുകൾക്കു ഫീസ് ഈടാക്കേണ്ടതാണെന്നു വ്യവസ്ഥയുണ്ടല്ലൊ. എന്നാൽ അപ്രകാരം പകർപ്പുകൾ കൊടുക്കുന്നതു $3\frac{1}{2}$ ചക്രം വീതം വിലയുള്ള സ്റ്റാമ്പു ഷീററിൽ ആയിരിക്കേണ്ടതും, അതിലേയ്ക്കു ആദ്യത്തെ ഓരോ വശത്തിനും 4 ചക്രവും, ഓരോ കൂടുതൽ വശത്തിനും $2\frac{1}{2}$ ചക്രം വീതവും എഴുത്തുഫീസ് ഈടാക്കാവുന്നതുമാകുന്നു. സംഘങ്ങളിൽനിന്നും കൊടുക്കപ്പെടുന്ന സകല പകർപ്പുകളിലും പ്രസിഡൻേറാ സെക്രട്ടറിയോ ഉൾപ്പെടെ മൂന്നുപേരിൽ കുറയാതെയുള്ള കമ്മിററിമെമ്പറന്മാർ ഒപ്പിട്ടിരിക്കേണ്ടതും, റദ്ദ് ചെയ്ത സംഘമാണെങ്കിൽ ലിക്വിഡേററർ ഒപ്പിട്ടിരിക്കേണ്ടതുമാണ്. എല്ലാ സംഘങ്ങളും ഈ നിർദ്ദേശങ്ങളനുസരിച്ചു പ്രവർത്തിക്കണമെന്നു താല്പര്യപ്പെടുന്നു.

നം. ൦. വർഷാന്ത്യക്കണക്കുകൾ.

ചട്ടം ൧൯.

(൧) ഓരോ സംഘവും രജിസ്ട്രാർ നിർണ്ണയിക്കാവുന്ന ഫാറത്തിൽ ഓരോ സഹകരണവർഷത്തേക്കും—

സ്റ്റേറ്റുമെൻറുകളും റിട്ടേണുകളും നല്കാൻ രജിസ്ട്രാർ ആവശ്യപ്പെടാമെന്ന്.

(എ) ആ ആണ്ടത്തെ വരവും ചെലവും കാണിക്കുന്ന സ്റ്റേറ്റുമെൻറും,

(ബി) ഒരു ലാഭനഷ്ടക്കണക്കും,

(സി) ഒരു ബാക്കിപത്രവും,

(ഡി) രജിസ്ട്രാർ നിർണ്ണയിക്കാവുന്ന മററു സ്റ്റേറ്റുമെൻറും അല്ലെങ്കിൽ റിട്ടേണും തയാറാക്കേണ്ടതാണ്.

(൨) ഓരോ സംഘവും രജിസ്ട്രാർ നിർദ്ദേശിക്കുന്നതുപോലെയുള്ള സമയത്തിനുള്ളിൽ (൧)-ാം ഉപചട്ടത്തിൽ പ്രസ്താവിച്ചിട്ടുള്ള സ്റ്റേറ്റുമെൻറുകളുടെ ഒരു പ്രതി കമ്മിററി മുറപ്രകാരം സാക്ഷ്യപ്പെടുത്തി രജിസ്ട്രാർ നിശ്ചയിക്കാവുന്ന ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ മുഖാന്തിരം ആണ്ടുതോറും രജിസ്ട്രാക്ക് സമർപ്പിക്കേണ്ടതാകുന്നു. രജിസ്ട്രാർ സ്റ്റേറ്റുമെൻറുകൾ പരിശോധിച്ച് ആഡിററു സർട്ടിഫിക്കററും അദ്ദേഹം നിർണ്ണയിച്ചിട്ടുള്ളവിധം അദ്ദേഹം നിർദ്ദേശിക്കാവുന്നതുപോലെ നിർണ്ണയിക്കപ്പെട്ടിട്ടുള്ള സ്റ്റേറ്റുമെൻറുകളും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(൩) എല്ലാ വിതരണസംഘങ്ങളും ഉല്പാദകസംഘങ്ങളും ൧-ാം ഉപചട്ടത്തിൽ പ്രസ്താവിച്ചിട്ടുള്ള സ്റ്റേറ്റുമെൻറുകളുടെ പ്രതികൾക്കു പുറമെ രജിസ്ട്രാർ നിർണ്ണയിക്കാവുന്ന ഫാറത്തിലും അദ്ദേഹം നിർദ്ദേശിക്കാവുന്ന സമയത്തിനുള്ളിലും സഹകരണവർഷത്തിൻെറ ഒടുവിൽ കയ്യിലിരിപ്പുള്ള സ്റ്റാക്കു തിട്ടപ്പെടുത്തിയ ഒരു സ്റ്റേറ്റുമെൻറു രജിസ്ട്രാക്ക് ആണ്ടുതോറും സമർപ്പിക്കേണ്ടതാകുന്നു.

(൪) ഓരോ സംഘവും ൧-ം ൩-ം ഉപചട്ടങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള വാർഷികസ്റ്റേറ്റുമെൻറുകൾ കൂടാതെ (൧)-ാം ഉപചട്ടത്തിൽ വിവരിച്ചിട്ടുള്ളതിനോടു സദൃശമായ സ്വഭാവത്തോടുകൂടിയ ഏതെങ്കിലും സ്റ്റേറ്റുമെൻേറാ കണക്കോ രജിസ്ട്രാർ നിർണ്ണയിക്കാവുന്ന ഫാറത്തിലും, സമയത്തിനുള്ളിലും കാലാവധിയിലേക്കും രജിസ്ട്രാക്ക് സമർപ്പിക്കേണ്ടതാകുന്നു.

(൫) ൧-ാം ഉപചട്ടത്തിലൊ (൨)-ാം ഉപചട്ടത്തിലോ (൪)-ാം ഉപചട്ടത്തിലൊ പ്രസ്താവിച്ചിട്ടുള്ള ഏതെങ്കിലും സ്റ്റേറ്റുമെൻേറാ കണക്കൊ താൻ നിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ സമർപ്പിക്കാൻ

ഏതെങ്കിലും സംഘം വീഴ്ചവരുത്തുന്നപക്ഷം രജിസ്ത്രാർ സംഘത്തിൻെറ ചെലവിൽ ആവശ്യമുള്ള സ്റ്റേററുമെൻെറാ കണക്കൊ തയ്യാറാക്കാൻ ഏതെങ്കിലും ഉദ്ദ്യോഗസ്ഥനെ നിയോഗിക്കാവുന്നതാണ്. അപ്രകാരമുള്ള ചെലവ് ആക്ട് ൩൧-ാം വകുപ്പിൽ പ്രസ്താവിച്ചിട്ടുള്ളവിധം ഈടാക്കാവുന്നതാണ്.

(൩) ക്ലിപ്തബാദ്ധ്യതയോടുകൂടിയ ഓരോ സംഘവും, ഓരോ സഹകരണവർഷത്തിൻെറയും അവസാനദിവസത്തിനുള്ളിൽ ഉള്ള പോലെ അതിൻെറ അംഗങ്ങളുടെ ഒരു ലിസ്ററു തയ്യാറാക്കേണ്ടതും, അതിൻെറ ഒരു പ്രതി അപ്രകാരമുള്ള വർഷം അവസാനിച്ചതു മുതൽ ഒരു മാസത്തിനകമൊ, അല്ലെങ്കിൽ രജിസ്ത്രാർ സാമാന്യമൊ പ്രത്യേകമൊ ആയ ഉത്തരവിനാൽ അനുവദിക്കാവുന്ന കൂടുതൽ സമയത്തിനകമൊ, രജിസ്ത്രാർക്കു നൽകേണ്ടതും ആകുന്നു. സംഘത്തിലെ ഏതെങ്കിലും അംഗത്തിൻെറ പരിശോധനയ്ക്കായി ലിസ്ററു സംഘം വക ആഫീസിൽ ആഫീസു സമയത്തു, തുറന്നു വച്ചിരിക്കേണ്ടതും ആകുന്നു.

സക്യുലർ ൪.

പരസ്പരസഹായവർഷം കർക്കടകമാസാവസാനത്തോടുകൂടി തീരുന്നതാകയാൽ സംഘങ്ങളിൽനിന്നും രജിസ്ത്രാർ ആഫീസിലേക്ക് അയക്കേണ്ടതായ വർഷാവസാനക്കണക്കുകളും റിപ്പോർട്ടുകളും ഓരോ സംഘത്തിൻേറയും പ്രത്യേക നിബന്ധനകളിൽ കാണിക്കപ്പെട്ടിട്ടുള്ള തീയതികളിൽ തന്നെ അയക്കേണ്ടതാണെന്നും സംഘംവക കണക്കുകൾ ആഡിറ്ററന്മാരെക്കൊണ്ടു പരിശോധിപ്പിക്കേണ്ടതാണെന്നും പ്രത്യേക നിബന്ധനകളിൽ നിശ്ചയം ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നാൽ അപ്രകാരമുള്ള പരിശോധന ഈ ആഫീസിലേക്കു വർഷാവസാനക്കണക്കുകൾ അയയ്ക്കുന്നതിനു മുമ്പായിത്തന്നെ നടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണെന്നും ൫൦ വൻ-ാമാണ്ടു ൫൦-ാം ആക്ററുപ്രകാരം രജിസ്റ്ററാക്കപ്പെട്ടിട്ടുള്ള എല്ലാ പരസ്പരസഹായസംഘങ്ങളേയും ഇതിനാൽ അറിയിച്ചിരിക്കുന്നു.

സക്കുലർ ൫.

സംഘങ്ങളിലെ ദിവസേനയുള്ള വരവുചെലവുകൾ അതാതു ദിവസം തന്നെ നാൾവഴിയിൽ കൊള്ളിച്ചു നീക്കിയിരിപ്പു വയ്ക്കേണ്ടു

താണ്. വരവുചെലവുകൾ ഇല്ലാത്ത ദിവസങ്ങൾ ഉണ്ടായിരുന്നാൽ ആ വിവരവും നാൾവഴിയിൽ കാണിച്ചിരിക്കണം. ദിവസേനയുള്ള വരവു, ചിലവു്, നീക്കിയിരിപ്പ് ഇവ എഴുതിയതിനു മേൽ സംഘം സെക്രട്ടറിയും പ്രസിഡണ്ടും നാൾവഴിയിൽ അടയാളം വയ്ക്കണം. ഈ സംഗതിയിൽ യാതൊരുവിധമായ വീഴ്ചയും വരുത്താൻ പാടില്ലാത്തതാണെന്ന് എല്ലാ സംഘങ്ങളേയും തെര്യപ്പെടുത്തിയിരിക്കുന്നു.

സക്ക്യുലർ ൨൭.

സംഘങ്ങളിലെ കണക്കുപുസ്തകങ്ങൾ, ഫാറങ്ങൾ മുതലായവയ്ക്കു ഇപ്പോൾ വലിയ തുകകൾ ചെലവുചെയ്യപ്പെടുന്നതായി കാണുന്നു. ഇല്ലാ സംഘങ്ങളുടെ തല്ക്കാലസ്ഥിതിക്ക [illegible] അച്ചടിച്ച ബുക്കുകൾ മുതലായവ സഹകരണവകുപ്പിൽ നിന്നു കിട്ടുന്നതിനു സാധിക്കുന്നതുവരെ, സംഘങ്ങളിൽനിന്നും കൈയെഴുത്തു പുസ്തകങ്ങൾ തന്നെ ഉപയോഗിക്കുന്നതു നന്നായിരിക്കും. ധനസഹായസംഘങ്ങളിലെ ഇ[illegible]ത്തിലുള്ള ചെലവു് പ്രവേശനഫീസിൽ പിരിഞ്ഞുകിട്ടുന്ന തുകയുടെ പകുതിയിൽ കവിയാൻ പാടില്ലാത്തതാകുന്നു.

സക്ക്യുലർ ൨൮.

൧൦൮൯-ാമാണ്ടത്തെ ൧൦-ാം ആക്ടായ തിരുവിതാംകൂർ പരസ്പരസഹായസംഘ ആക്ട് ൪൨-ാം വകുപ്പിൻപ്രകാരം ൧൯൧൫ നവംബർ ൧൭-നു- കല്പിച്ചു അനുവദിച്ചു നടപ്പാക്കിയിരിക്കുന്ന ചട്ടങ്ങളിൽ ൧൨-ാം വകുപ്പു (ഈ) പിരിവിലെ, വ്യവസ്ഥപ്രകാരം, അതാതു സംഘങ്ങളുടെ പ്രത്യേക നിബന്ധനകളിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതനുസരിച്ച് എല്ലാ പരസ്പരസഹായസംഘങ്ങളും കൊല്ലംതോറും ചിങ്ങം ൧൫-ാംനു-ക്കകം തലേയാണ്ടിലെ, (൧) വരവുചെലവുകണക്ക, (൨) ആസ്തികടങ്ങൾക്കും, (൩) ലാഭനഷ്ടങ്ങൾക്കും, കണക്കുകൾ തയാറാക്കി ഈ ആഫീസിലേക്ക അയയ്ക്കേണ്ടതാണെന്നുള്ള വിവരം എല്ലാ സംഘങ്ങളേയും ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

സക്ക്യുലർ ൨൯.

ആണ്ടാരംഭങ്ങളിൽ സംഘങ്ങളിൽനിന്നും അയച്ചുവരാറുള്ള തലേയാണ്ടുകളിലെ വർഷാവസാനക്കണക്കുകൾ കൂടാതെ സംഘത്തിന്റെ മുന്നാണ്ടത്തെ ജോലിനടപ്പിനെക്കുറിച്ചു വിശദമായും ചുരുക്കമായും ഒരു റിപ്പോർട്ടുകൂടി ആണ്ടുതോറും കന്നിമാസം ൧൫-ാംനു-ക്കകം ഈ ആഫീ

സിലേക്കയയ്ക്കേണ്ടതാണെന്ന് എല്ലാ പരസ്പരസഹായസംഘം സെക്രട്ടറിമാരേയും തെര്യപ്പെടുത്തിയിരിക്കുന്നു. ഈ ആണ്ടത്തേക്കുള്ളത് കന്നി ൧൫-ാംനു-ക്കകം വരണം.

സക്കുലർ ൮൦.

൧൦൮൯-ാമാണ്ടത്തെ ൧൦-ാംനമ്പർ പരസ്പരസഹായസംഘം ആക്ടിലെ ൪൨-ാം വകുപ്പിൻപ്രകാരം കല്പിച്ച് അനുവദിച്ചിട്ടുള്ള ചട്ടങ്ങളിലെ ൧൦-ാം ചട്ടം അനുസരിച്ച് ഓരോ സംഘവും ചിങ്ങമാസം ൧൫-ാംനു-ക്കു മുമ്പു (എ) കഴിഞ്ഞ കർക്കടകമാസം ഒടുവിലത്തെ ദിവസത്തോടുകൂടി അവസാനിക്കുന്ന വർഷത്തിൽ ഉള്ള വരവു ചിലവുകളെ കാണിച്ചു ഒരു കണക്കും (ബി) കർക്കടകമാസം ഒടുവിലത്തെ ദിവസം ഉള്ള അതിന്റെ മുതലും കടവും കാണിക്കുന്ന ഒരു കണക്കും (സി) ആണ്ടിലേ ആദായവും നഷ്ടവും കാണിക്കുന്ന ഒരു കണക്കും തയാറാക്കി രജിസ്ട്രാക്കു താമസം കൂടാതെ അയയ്ക്കേണ്ടതാകുന്നു.

ഓരോ സംഘങ്ങളിലേയും നിബന്ധനകളിലും ഇതുസംബന്ധിച്ച വേണ്ട വ്യവസ്ഥകൾ അടങ്ങീട്ടുണ്ട്. (പുതിയ മാതൃകാനിബന്ധന ൩൦-ാം വകുപ്പ്) രജിസ്ട്രാക്ക് അയയ്ക്കേണ്ട വർഷാവസാനറിപ്പോർട്ടു കണക്കുകളും പൊതുയോഗങ്ങളിൽ നിരൂപണം ചെയ്യേണ്ടതാണെന്നും നിബന്ധനകളിൽ പ്രത്യേകം വ്യവസ്ഥചെയ്തിട്ടുള്ളതാകുന്നു.

(പുതിയ മാതൃകാനിബന്ധന ൩൧-ാം വകുപ്പ്.)

എല്ലാ പരസ്പരസഹായസംഘങ്ങളും മേൽ പറഞ്ഞിട്ടുള്ള ചട്ടവും നിബന്ധനകളും കൃത്യമായി അനുഷ്ഠിക്കേണ്ടതും വർഷാവസാന കണക്കുകൾ കൃത്യസമയത്തുതന്നെ ഇവിടെ അയയ്ക്കേണ്ടതുമാകുന്നു. ഇതിന് ഉപയോഗിക്കേണ്ട ഫാറങ്ങളുടെ മാതൃക സക്കുലരോടുകൂടി അനുബന്ധിച്ചിരിക്കുന്നു.

ഇതിനുംപുറമെ വിതരണസംഘങ്ങളിൽനിന്നും ആണ്ടവസാനത്തിൽ ഇരിപ്പുള്ള സാമാനങ്ങൾ തിട്ടപ്പെടുത്തിയ വിവരം കാണിക്കുന്ന ഒരു സ്റ്റാക്ക സ്റ്റേറ്റുമെൻറും അയയ്ക്കേണ്ടതാണ്. അതിനുള്ള ഫാറവും ഇതോടുകൂടി ചേർത്തിരിക്കുന്നു.

—ാം നമ്പർ

പരസ്പരസഹായസംഘങ്ങൾ — —ാമാണ്ടേത്ത വരവുചിലവു സ്റ്റേറ്റുമെൻറ്.

നമ്പർ	ഇനം	തുക		
		ബ്രി. രൂ.	ച.	കാ
	വരവ്			
1	ഓഹരിത്തുക			
2	അംഗങ്ങളിൽനിന്നും വാങ്ങിയിട്ടുള്ള പാസ്സുകൾ			
3	സെൻട്രൽസംഘങ്ങളിൽനിന്നും വാങ്ങിയിട്ടുള്ള പാസ്സുകൾ			
4	മററു സംഘങ്ങളിൽനിന്നും വാങ്ങിയിട്ടുള്ള വായ്പകൾ			
5	അംഗങ്ങളല്ലാത്തവരിൽനിന്നും വാങ്ങിയിട്ടുള്ള വായ്പകൾ			
6	അംഗങ്ങൾ തിരിച്ചടക്കിയിട്ടുള്ള കടങ്ങൾ			
7	സെൻട്രൽസംഘങ്ങൾ തിരിച്ചടക്കിയിട്ടുള്ള കടങ്ങൾ			
8	മററു സംഘങ്ങൾ തിരിച്ചടക്കിയിട്ടുള്ള കടങ്ങൾ			
9	ഈടായിട്ടുള്ള പലിശ			
10	അംഗങ്ങൾക്ക വിററിട്ടുള്ള സാമാനങ്ങളുടെ വില			
11	ഇളവുചെയ്തു കിട്ടിയ പലിശയുൾപ്പെടെ മററു വരവു			
12	ആകെ വരവ്			
13	തന്നാണ്ട് ആദ്യം ഇരിപ്പുള്ള തുക			
14	തന്നാണ്ട് ആദ്യം ഇരിപ്പുള്ള തുക ഉൾപ്പെടെ ആകെ വരവ്			
	ചിലവ്			
1	തിരിച്ചുകൊടുത്തിട്ടുള്ള ഓഹരികൾ			
2	തിരിച്ചുകൊടുത്തിട്ടുള്ള അംഗങ്ങളുടെ നിക്ഷേപങ്ങൾ			
3	സെൻട്രൽസംഘങ്ങൾക്ക തിരിച്ചുകൊടുത്തിട്ടുള്ള വായ്പകൾ			
4	മററു സംഘങ്ങൾക്ക തിരിച്ചുകൊടുത്ത വായ്പകൾ			
5	അംഗങ്ങളല്ലാത്തവൎക്ക തിരിച്ചുകൊടുത്ത വായ്പകൾ			
6	ആൾജാമ്യത്തിന്മേൽ അംഗങ്ങൾക്ക കൊടുത്തിട്ടുള്ള വായ്പകൾ			
7	വസ്തുജാമ്യത്തിന്മേൽ അംഗങ്ങൾക്ക കൊടുത്തിട്ടുള്ള വായ്പകൾ			
8	സെൻട്രൽസംഘങ്ങൾക്ക കൊടുത്തിട്ടുള്ള വായ്പകൾ			
9	മററു സംഘങ്ങൾക്ക കൊടുത്തിട്ടുള്ള വായ്പകൾ			
10	നിക്ഷേപങ്ങൾക്കും വായ്പകൾക്കും കൊടുത്തിട്ടുള്ള പലിശ			
11	കൊടുത്തുതീൎത്ത ചിലവുപിരിവും ബോണസ്സും			
12	വിലയ്ക്കു വാങ്ങിച്ചിട്ടുള്ള സാമാനങ്ങൾ			
13	ജീവനക്കാരുടെ ശമ്പളവും മററുചിലവും			
14	ഇളവുചെയ്തുകൊടുത്ത പലിശ ഉൾപ്പെടെ മററു ഇനങ്ങൾ			
15	കരുതൽധനത്തിലേയ്ക്കു നീക്കിവെയ്ക്കപ്പെട്ട തുക			
16	ആകെ ചിലവ്			
17	ആണ്ടവസാനത്തിൽ നീക്കിയിരിപ്പ്			
18	നീക്കിയിരിപ്പുൾപ്പെടെ ആകെ ചിലവ്			

—ാംനമ്പർ പരസ്പരസഹായസംഘത്തിന്റെ —ാമാണ്ടത്തെ ബാലൻസ്ഷീററ്

(കർക്കടകം —ാംനു-ക്കു ഇരിപ്പുള്ള മുതലും കടവും സ്റ്റേറമെൻറ്)

ക്രമ നമ്പർ	ഇനം	തുക ബ്രി. രൂ.	ച.	കാ.
	മുതൽ			
1	കൈവശവും ബാങ്കിലും ഇരിപ്പുള്ള പണം*			
2	മററു നിക്ഷേപങ്ങൾ			
3	അംഗങ്ങളിൽനിന്നും വരുവാനുള്ള കടങ്ങൾ			
4	സംഘങ്ങളിൽനിന്നും വരുവാനുള്ള കടങ്ങൾ			
5	വരുവാനുള്ള പലിശ			
6	ഇരിപ്പുള്ള സാമാനങ്ങളുടെ വില			
7	ഇളവുചെയ്തുതരപ്പെട്ട പലിശയുൾപ്പെട്ട മററിനങ്ങൾ			
8	ആകെ			
	കടം			
1	അംഗങ്ങളല്ലാത്ത അന്യന്മാരിൽനിന്നും വാങ്ങിയിട്ടുള്ള കടങ്ങൾ			
2	മററു സംഘങ്ങളിൽനിന്നും വാങ്ങിയ കടങ്ങൾ			
3	ഓഹരിത്തുക			
4	സംഘത്തിൽനിന്നും കൊടുക്കാനുള്ള പലിശയും ഡിവിഡൻഡും			
5	വേണ്ടിചില വകയിൽ കൊടുത്തുതീർക്കാനുള്ളത്			
6	ഇളവുചെയ്തുകൊടുക്കേണ്ട പലിശയുൾപ്പെടെ മററിനങ്ങൾ			
7	൧൦൯൬-ാമാണ്ടത്തെ ൧൦-ാം ആക്ററനുസരിച്ചു വീതിച്ചുകൊടു			
8	ക്കാൻ പാടില്ലാത്ത ലാഭത്തുക (കരുതൽധനം)			
9	ആകെ കടം			
10	ലാഭം (+) നഷ്ടം (—)			

* കൈവശവും ബാങ്കിലും ഇരിപ്പുള്ള പണം എന്നതു, കരുതൽധനം നീക്കിയുള്ളതു മാത്രമാണ്.

—ാംനമ്പർ പരസ്പരസഹായസംഘത്തിന്റെ —ാമാണ്ടത്തെ

ലാഭനഷ്ടസ്റ്റേറമെൻറ്.

നമ്പർ	ഇനം	തുക ബ്രി. രൂ.	ച.	കാ.
	ലാഭം			
1	സമ്പാദിച്ച പലിശ			
2	സാമാനംവിററ മൊത്തംലാഭം			
3	മററു ഇനം			
4	ആകെ			
	നഷ്ടം			
1	കൊടുത്തതും കൊടുക്കാനുള്ളതുമായ പലിശ			
2	കൊടുത്തതും കൊടുക്കാനുള്ളതുമായ സിബ്ബന്തിചിലവും തൻ കിലവും			
3	കുറവെഴുതിയ കടങ്ങൾ			
4	സാമാനങ്ങളുടെ പഴക്കത്തിനു കുറവു കല്പിച്ചതു			
5	മററു ഇനം			
6	ആകെ			
7	ലാഭം (+) നഷ്ടം (—)			

—ാം നമ്പർ പരസ്പരസഹായസംഘംവക —മാണ്ടത്തെ
സാമാനവിവരലിസ്റ്റ്

		ഇനം			തുക			
					ത്രി.	ത്ര.	ച.	കാ
തന്നാണ്ടാരംഭം ഇരിപ്പുള്ള ചരക്കുകളുടെ കോറംവില	1.	പണിത്തരമാക്കിട്ടില്ലാത്ത സാമാനങ്ങൾ						
	2.	പണിആയുധങ്ങൾ						
	3.	പണിത്തരമാക്കപ്പെട്ട ചരക്കുകൾ						
	4	മററു സാമാനങ്ങൾ						
	5	ആകെ						
തന്നാണ്ടിൽ വാങ്ങിച്ച ചരക്കുകളുടെ കോറംവില	6.	പണിത്തരമാക്കീട്ടില്ലാത്ത സാമാനങ്ങൾ						
	7.	പണിആയുധങ്ങൾ						
	8.	പണിത്തരമാക്കപ്പെട്ട ചരക്കുകൾ						
	9.	മററു സാമാനങ്ങൾ						
	10.	ആകെ						
തന്നാണ്ടു വിററ സാമാനങ്ങൾ		പണിത്തരമാക്കിയിട്ടില്ലാത്ത സാമാനങ്ങൾ	11.	വിററ മുതൽ				
			12.	മൊത്തംലാഭം				
			13.	കോറംവില				
		പണിആയുധങ്ങൾ	14.	വിററ മുതൽ				
			15	മൊത്തംലാഭം				
			16.	കോറംവില				
		പണിത്തരമാക്കപ്പെട്ട ചരക്കുകൾ	17.	വിററ മുതൽ				
			18.	മൊത്തംലാഭം				
			19.	കോറംവില				
		മററു സാമാനങ്ങൾ	20.	വിററ മുതൽ				
			21.	മൊത്തംലാഭം				
			22.	കോറംവില				
		ആകെ	23.	വിററമുതൽ				
			24.	മൊത്തംവില				
			25.	കോറംലാഭം				
സാമാനങ്ങൾ കള്ള[illegible]യ്മാനക്കറവ്	26.	പണിത്തരമാക്കിയിട്ടില്ലാത്ത സാമാനങ്ങൾ						
	27.	പണിആയുധങ്ങൾ						
	28.	പണിത്തരമാക്കപ്പെട്ട ചരക്കുകൾ						
	29.	മററു സാമാനങ്ങൾ						
	30.	ആകെ						
തന്നാണ്ടവസാനത്തിൽ ഇരിപ്പുള്ള സാമാനങ്ങൾ	31.	പണിത്തരമാക്കിയിട്ടില്ലാത്ത സാമാനങ്ങൾ						
	32.	പണിആയുധങ്ങൾ						
	33.	പണിത്തരമാക്കപ്പെട്ട ചരക്കുകൾ						
	34.	മററു സാമാനങ്ങൾ						
	35.	ആകെ						

സക്ക്യുലർ ൫൨൭.

൫൦വത്-ലെ ൫൦-ാം ആക്ടിനെ തുടർന്ന് പാസ്സാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലെ പത്താമതു ചട്ടപ്രകാരവും ൨ വൃ-നു-൫ൻ൨ വൃ-ലെ R. Dis. ൫൨൭൭-ാം നമ്പർ ലറ്ററിലെ ഗവൺമെൻറു അധികാരപ്രകാരവും

പരസ്പരസഹായവർഷത്തിന്റെ അവസാനദിവസം കർക്കടകമാസത്തിന്റെ ഒടുവിലത്തെ ദിവസത്തിനു പകരം ഇടവമാസാവസാനദിവസമെന്നു നിശ്ചയിച്ചിരിക്കുന്നു. മേലാൽ പരസ്പരസഹായവർഷം മിഥുനം ൧-ാംനു ആരംഭിക്കുന്നതും ഇടവം ഒടുവിലത്തെ ദിവസം അവസാനിക്കുന്നതും ആകുന്നു.

മേൽ പ്രസ്താവിച്ച ചട്ടത്തിലെ വ്യവസ്ഥ അനുസരിച്ച് എല്ലാ പരസ്പരസഹായസംഘങ്ങളും ഈയാണ്ട് കർക്കടകം ൧൬-ാംനു-ക്കു മുൻപ് (മേലാൽ മിഥുനം ൧൬-ാംനു-ക്കു മുൻപ്) (എ) ഇടവം അവസാനംവരെയുള്ള വരവ് ചിലവ് സ്റ്റേറ്റുമെന്റും, (ബി) ഇടവം അവസാനദിവസമുള്ള മുതലുകളുടേയും കടങ്ങളുടേയും സ്റ്റേറ്റുമെന്റും തയാറാക്കി ഇവിടെ അയയ്ക്കേണ്ടതാണ്. വിതരണ (വിനിയോജക)സംഘങ്ങളും വിതരണജോലി കയ്യേറ്റു നടത്തുന്ന മററു സംഘങ്ങളും സ്റ്റാക്കിൽ ഇരുപ്പുള്ള സാമാനങ്ങളുടെ ഒരു സ്റ്റേറ്റുമെന്റുകൂടി തയാറാക്കി അയക്കയും വേണം. ൧൧൦൩-ാമാണ്ടത്തെ സ്റ്റേറ്റുമെന്റുകളിൽ ചിങ്ങം ൧-ാംനു മുതൽ ൧൧൦൩. ഇടവം ൩൧-ാംനു-വരെയുള്ള കണക്കുകൾ അടങ്ങിയിരിക്കേണ്ടതാണ്.

ഈ കണക്കുകൾ തയാറാക്കുന്ന വിഷയത്തിൽ മാതൃകാനിബന്ധനകളിലെ ൯൦-ം ൩൧-(൧)-ാം നമ്പർ നിബന്ധനകളിലേക്കും എല്ലാ സംഘങ്ങളുടേയും ശ്രദ്ധയെ ക്ഷണിക്കുന്നു.

സർക്കുലർ ൨൭൨.

സഹകരണസംഘം ആക്ടിനെ തുടർന്നുള്ള ചട്ടങ്ങളിലെ ൧൯-ാം ചട്ടത്തിലേയ്ക്കും, ഈ ഡിപ്പാർട്ടുമെന്റിൽനിന്നും പ്രസിദ്ധം ചെയ്തിട്ടുള്ള ൭-ം, ൨൯-ം, ൨൬-ാം, ൮൦-ം സർക്കുലറുകളിലേയ്ക്കും ൧൯൩൩ ജൂൺ ൨൭-ാം തീയതിയിലെ പരസ്യത്തിലേയ്ക്കും, സംസ്ഥാനത്തെ സഹകരണസംഘങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. മേൽ ചട്ടത്തിലെ നിർദ്ദേശമനുസരിച്ച് സ്റ്റേറ്റുമെന്റുകൾ തയ്യാറാക്കുന്നതിൽ, സംഘങ്ങൾ ശ്രദ്ധിക്കാത്തതുനിമിത്തം വർഷാവസാനത്തിൽ നടത്തുന്ന ആഡിററിന്റെ കാര്യക്ഷമത സാരമാംവണ്ണം കുറഞ്ഞുപോകുന്നതായി ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ, ഇടവം ൩൧-ാം തീയതിയോടുകൂടി അവസാനിക്കുന്ന ഓരോ സഹകരണവർഷത്തിലേയും പ്രവൃത്തിയെ കാണിക്കുന്ന, താഴെപ്പറയുന്ന സ്റ്റേറ്റുമെന്റുകൾ എല്ലാ സംഘങ്ങളും തയ്യാറാക്കേണ്ടതാണെന്ന് ഇതിനാൽ സംഘങ്ങളെ അറിയിച്ചുകൊള്ളുന്നു.

(൧) വരവു ചിലവ്.
(൨) മുതൽ കടം.
(൩) ലാഭനഷ്ടം
(൪) ഓഹരിവിവരം.

(൫) വായ്പവിവരം — അല്ലെങ്കിൽ വിതരണസംഘങ്ങളിൽ— സ്റ്റാക്ക് വിവരം.

(൬) നിക്ഷേപവിവരം.

(൭) ൧൯-ാം ചട്ടം, ൬-ാം ഉപവകുപ്പനുസരിച്ചുള്ള അംഗങ്ങളുടെ ലിസ്റ്റ്.

(൮) റഫറൻസുകളും അവാഡ്കളും.

(൯) വിധിനടത്തപേക്ഷകൾ,

൨. ഇവയിൽ വരവുചിലവ്, മുതൽകടം, ലാഭനഷ്ടം, ഈ സ്റ്റേറ്റുമെൻറുകളുടെ മാതൃക എല്ലാ സംഘങ്ങൾക്കും അറിയാമെന്നുള്ളതുകൊണ്ട് ഇവിടെ പ്രത്യേകം കാണിക്കുന്നില്ല. ഓഹരി, വായ്പ, സ്റ്റാക്ക്, റഫറൻസും അവാഡ്കളും, വിധിനടത്തപേക്ഷകൾ; മുതലായവകളെ സംബന്ധിക്കുന്ന സ്റ്റേറ്റുമെൻറുകൾ തയ്യാറാക്കുന്നതിനുള്ള മാതൃകകൾ ഇതോടുകൂടി അനുബന്ധിച്ചിരിക്കുന്നു.

൩. ഇപ്രകാരം തയ്യാറാക്കുന്ന സ്റ്റേറ്റുമെൻറുകളുടെ ഓരോ പ്രതി സംഘത്തിലെ കമ്മിററിക്കാർ സാക്ഷിപ്പെടുത്തി ഓരോ വർഷവും, മിഥുനം ൧൫-ാംതീയതിക്കു മുമ്പായി, അതാതു സംഘങ്ങൾ ആഡിററു ചെയ്യുന്നതിന് ഡിപ്പാർട്ടുമെൻറിൽനിന്നും ചുമതലപ്പെടുത്തിയിട്ടുള്ള ഇൻസ്പെക്ടരോ ആഡിററരോ വഴി അതാതു ഡിവിഷനിലെ അസിസ്റ്റൻറു രജിസ്ത്രാരാഫീസിൽ അയച്ചുകൊടുക്കേണ്ടതാണ്.

൪. ഈ നിർദ്ദേശാനുസരണം ഏതെങ്കിലും സംഘം പ്രവർത്തിക്കാതിരിക്കുകയും തന്മൂലം ആഡിററു ചെയ്യുന്നതിന് കാലതാമസം നേരിടുമെന്ന് അതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ റിപ്പോർട്ടു ചെയ്യുകയും ചെയ്യുകയാണെങ്കിൽ, ൧൯-ാം ചട്ടത്തിലെ ൫-ാം ഉപവകുപ്പനുസരിച്ച് സ്റ്റേറ്റുമെൻറുകൾ തയ്യാറാക്കുന്നതിന്, അതിനു യോഗ്യതയുള്ള ഒരാളെ നിയമിച്ച് സ്റ്റേറ്റുമെൻറുകൾ തയ്യാറാക്കുന്നതിനും അതിനു വേണ്ടിവരുന്ന ചിലവ് സംഘത്തിൻെറ സെക്രട്ടറിയിൽ നിന്നും സഹകരണസംഘം ആക്ററ് ൬൬-ാം വകുപ്പനുസരിച്ച് ഈടാക്കുന്നതിനും അസിസ്റ്റൻറു രജിസ്ത്രാരന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇതനുസരിച്ച് ആവശ്യപ്പെട്ടിരിക്കുന്ന സ്റ്റേറ്റുമെൻറുകൾ സമർപ്പിക്കാതിരിക്കുന്നതു സഹകരണസംഘം ആക്ററ് ൬൦ (ബി) വകുപ്പനുസരിച്ചുള്ള ഒരു കററമായി പരിഗണിക്കപ്പെടുന്നതാണ്. ഇതിനു പുറമേ, ഈ കാര്യത്തിൽ വീഴ്ച വരുത്തുന്ന സെക്രട്ടറിമാർക്ക് ബോണസ്സ് അനുവദിക്കുന്നതുമല്ല.

൫. ഐക്യസംഘങ്ങൾക്ക് അവരുടെ പ്രവർത്തിസീമയിൽപെട്ട സംഘങ്ങളെ ഇക്കാര്യത്തിൽ സഹായിക്കുന്നതിനുള്ള ചുമതലയെ അവരെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

(ഴ്) ഭാഗത്ത് വിവരം

[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	ഭാഗി എണ്ണം				ഭാഗിച്ചത്				കർഷിക		റിമാർക്ക്
						[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	

കച്ചേരി അംഗങ്ങൾ —

(ഠ) വസ്തുവിവരം

[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	റിമാർക്ക്

കച്ചേരി അംഗങ്ങൾ —

(ഠ) ദൃശ്യവിവരം

(വിവരണം ചേർത്ത്)

[illegible]	[illegible]	സാക്ഷികളുടെ പേര്	[illegible]	[illegible]	[illegible]			[illegible]			[illegible]			റിമാർക്ക്
					[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	

കച്ചേരി അംഗങ്ങൾ —

(വ) റെഫറൻസും അവാർഡുകളും.

[illegible]	[illegible]								[illegible]								റിമാർക്ക്
	[illegible]		[illegible]		[illegible]		[illegible]		[illegible]		[illegible]		[illegible]		[illegible]		
	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	

കച്ചേരി അംഗങ്ങൾ —

(ൻ) വിധിനടത്തപേക്ഷകൾ

[illegible]	[illegible]						[illegible]						[illegible]						[illegible]						റിമാർക്ക്
	[illegible]		[illegible]		[illegible]		[illegible]		[illegible]		[illegible]		[illegible]		[illegible]		[illegible]		[illegible]		[illegible]		[illegible]		

കച്ചേരി അംഗങ്ങൾ —

140a

സർക്കുലർ ൨൩൧.

സഹകരണസംഘങ്ങളുടെ ൧൧൦൧-ലെ വർഷാവസാന ആഡിററ് സമാഗതമായിരിക്കുന്നു. ഇതിനെ സംബന്ധിച്ച് ൧൧൦൦ ആമാണ്ട് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൨൭൨-ാംനമ്പർ സർക്കുലറിലേക്ക് സംഘങ്ങളുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. അതിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം എല്ലാ സ്റ്റേററുമെൻറുകളും ൧൧൦൧ മിഥുനം ൧൫-ാംനു-ക്ക് മുമ്പ് അതാതു അസിസ്റ്റൻറ് രജിസ്ട്രാർ ആഫീസുകളിലേക്ക അയച്ചു കൊടുക്കണം.

൨. കഴിഞ്ഞ വർഷത്തിൽ കുറെ സംഘങ്ങൾ ശരിയായ സമയത്തു് സ്റ്റേററുമെൻറുകൾ അയക്കാതിരുന്നതുകൊണ്ട് ആഡിററിനു ഗണ്യമായ പ്രതിബന്ധം നേരിട്ടിട്ടുണ്ട്. സംഘങ്ങളുടെ പരിചയക്കുറവിനെ പരിഗണിച്ച് അങ്ങിനെയുള്ള വീഴ്ചക്കാരവാദികളായിരുന്നവരുടെപേരിൽ കഴിഞ്ഞവർഷം നടപടി നടത്താതിരിക്കുകയാണ് ചെയ്തതു്. ഇക്കൊല്ലം ഇക്കാര്യത്തിൽ യാതൊരു ദാക്ഷിണ്യവും കാണിക്കുന്നതല്ല. സ്റ്റേററുമെൻറു സമയത്തു തയ്യാറാക്കാത്തവരുടെമേൽ ആവശ്യമായ നടപടി ശുപാർശചെയ്യുന്നതിന് അസിസ്റ്റൻറു രജിസ്ട്രാറന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കുലർ ൨൩൭.

സഹകരണസംഘങ്ങളുടെ ൧൧൦൨-ലെ വർഷാവസാന ആഡിററ്, ൧൧൦൨ മിഥുനം ൧-ാംനു- ആരംഭിക്കുന്നതാണ്. സഹകരണസംഘം ആക്ററിനെ തുടർന്നുള്ള ൧൦-ാംചട്ടത്തിലും ഈ ഡിപ്പാർട്ടുമെൻറിലെ ൨൭൧-ം, ൨൩൧-ം നമ്പർ സർക്കുലറുകളിലും നിർദ്ദേശിച്ചിട്ടുള്ള എല്ലാ സ്റേററുമെൻറുകളും ൧൧൦൨ മിഥുനം ൧൫-ാംനു-ക്കു മുമ്പ്, അതാതു് അസിസ്ററൻറു രജിസ്ട്രാർ ആഫീസുകളിലേയ്ക്കു അയച്ചു കൊടുക്കേണ്ടതാണ്.

൨. കഴിഞ്ഞ രണ്ടുവർഷങ്ങളായി ഈ സ്റേററുമെൻറുകളുടെ കാര്യത്തിൽ പ്രത്യേകം നിഷ്കർഷിക്കുന്നതുകൊണ്ട് സംഘങ്ങൾക്ക് ഈ വിഷയത്തിൽ പരിചയക്കുറവുണ്ടെന്ന് മേലാൽ സമാധാനം പറയുവാൻ ന്യായമുണ്ടെന്നു തോന്നുന്നില്ല. കൂടാതെ ഇപ്പോൾ മിക്കവാറും സംഘങ്ങൾക്ക് എഴുത്തുജോലി നിർവഹിക്കുന്നതിന് പ്രത്യേകം സിൽബന്തികളും ഉള്ളതായി കാണുന്നു. അതുകൊണ്ട് സ്റേററുമെൻറുകൾ തക്ക സമയത്തു് തയ്യാറാക്കാതെയും, നിർദ്ദിഷ്ടസ്ഥാനങ്ങളിൽ അയക്കാതെയും

ഇരിക്കുന്നതിന് ന്യായമായ യാതൊരു സമാധാനവും ഉണ്ടെന്നു തോന്നുന്നില്ല. സ്റേറററുമെൻറുകൾ തക്ക സമയത്തു് തയ്യാറാകാത്ത സംഘങ്ങളിൽ പ്രത്യേകിച്ചു ആളുകളെ നിയമിച്ചു് സ്റേറററുമെൻറുകൾ തയ്യാറാക്കുന്നതിനും, ഇങ്ങിനെ പ്രത്യേകം ചുമതലപ്പെടുത്തുന്ന ആളുകൾക്കു് ദിവസമൊന്നിന് രണ്ടു രൂപാവീതം പ്രതിഫലമായി സ്റ്റേററുമെൻറുകൾ തയ്യാറാക്കുന്നതിന് ചുമതലപ്പെട്ട ആളിൽനിന്നും ഈടാക്കി കൊടുത്തുകൊള്ളുന്നതിനും ആവശ്യമുള്ള മററു നടപടികൾ ശുപാർശ ചെയ്യുന്നതിനും അസിസ്റ്റൻറു രജിസ്ത്രാറന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ടു്.

൧൭. മാസാന്ത്യക്കണക്കുകൾ.

സർക്കുലർ ൧.

പരസ്പരസഹായസംഘം വക രജിസ്റ്റർ പുസ്തകങ്ങളിൽ അംഗങ്ങളുടെ തൊഴിലും ജാതിയും ഇപ്പോൾ രേഖപ്പെടുത്തുന്നില്ലാത്തതിനാൽ പ്രവേശന രജിസ്റ്ററിൽ "ഓഹരിക്കു കൊടുക്കപ്പെട്ട തുക" എന്നതു കഴിഞ്ഞു തൊഴിലും ജാതിയും രേഖപ്പെടുത്തുന്നതിനു് ഓരോ കാളംകൂടി തുടങ്ങേണ്ടതാകുന്നു എന്നു എല്ലാ പരസ്പരസഹായസംഘങ്ങളേയും അറിയിച്ചിരിക്കുന്നു.

സർക്കുലർ ൧൪.

സംഘങ്ങളിൽനിന്നും മാസംതോറും അയച്ചുവരുന്ന വരവു ചിലവു കണക്കുകളിൽ താഴെ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾകൂടി കാണിച്ചിരിക്കേണ്ടതാകുന്നു.

വരവു സ്റ്റേററുമെൻറിൽ (൧) സംഘത്തിനു കിട്ടേണ്ട പലിശ വകയിലും, (൨) വായ്പ തിരിച്ചു ഈടാക്കേണ്ട വകയിലും, തന്മാസം അവസാനത്തിൽ എത്ര രൂപാ ബാക്കിയുണ്ടെന്നു റിമാർക്കുകാളത്തിൽ കാണിക്കണം.

൧. (എ) സെൻട്രൽ ബാങ്കിലേയ്ക്കും

(ബി) മററു നിക്ഷേപകന്മാർക്കും.

കടംവകയിലും പലിശവകയിലും തന്മാസം അവസാനത്തിൽ എത്ര രൂപ കൊടുത്തുതീർപ്പാനുണ്ടെന്നും,

൨. അൻപതു രൂപയ്ക്കുമേൽ ഉള്ള വായ്പകൾ കൊടുത്തിട്ടുള്ള പക്ഷം ആ ഓരോ വായ്പയിലും അടങ്ങിയ തുക എത്ര എന്നും,

൩. തന്മാസത്തെ കണ്ടിൻജൻസി ചിലവു അഞ്ചു രൂപായിൽ കവിയുന്നതായാൽ ഏതെല്ലാം ഇനങ്ങളിലായി എത്ര രൂപ ചിലവുവന്നു എന്നും റിമാർക്ക കാളത്തിൽ കാണിക്കേണ്ടതാകുന്നു.

സക്കൂലർ ൪൮.

ചില പരസ്പരസഹായസംഘങ്ങളിൽനിന്നും മാസംതോറും വരവുചെലവിനെ അയക്കുന്ന കണക്കുകളോടു കണക്കയെടുപ്പിരിക്കുന്നതായി ഒരു ലറററുകൂടി അയച്ചുവരുന്ന പ്രകാരം കാണുന്നു. അങ്ങനെ ഒരു ലററർ ആവശ്യമില്ല. കണക്കുകൾ മാത്രം അയച്ചാൽ മതിയാകുന്നതാണ് എന്നുള്ള വിവരം എല്ലാ പരസ്പരസഹായസംഘം സെക്രട്ടറിമാരേയും തെര്യപ്പെടുത്തിയിരിക്കുന്നു.

സക്കൂലർ ൪൯.

സംഘങ്ങളിൽ നിന്നും ഈ ആഫീസിലേക്കു അയക്കപ്പെടുന്ന മാസന്തോറുമുള്ള വരവു ചിലവു കണക്കുകളിൽ താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ കൂടി ചേർത്തിരിക്കേണ്ടതാണ് എന്ന് എല്ലാ പരസ്പരസഹായസംഘം സെക്രട്ടറിമാരേയും അറിയിച്ചിരിക്കുന്നു.

൧. സെൻട്രൽബാങ്കിൽനിന്നും സംഘം എടുത്തിട്ടുള്ള വായ്പകളിൽ കുടിശ്ശികയായി നില്ക്കുന്ന മുതലും പലിശയും,

൨. (എ) കമ്മിററി മെംബറന്മാരിൽ നിന്നും, (ബി) മററു വായ്പക്കാരിൽ നിന്നും സംഘത്തിലേക്കു വരേണ്ടതായ വായ്പ കുടിശ്ശികയും, പലിശയും,

൩. ടി ബാക്കികൾ കുടിശ്ശികയായി നില്ക്കുന്നതിന്റെ കാരണങ്ങളും.

൪. കുടിശ്ശികകൾ എപ്പോൾ കൊടുത്തു തീക്കുകയും, പിരിച്ചെടുക്കുകയും ചെയ്യണമെന്നു സംഘം ഉദ്ദേശിക്കുന്നുവോ ആ തീയതി വിവരവും ഇവ റിമാർക്ക്സ് കാളത്തിൽ കാണിച്ചിരിക്കണം.

സക്കൂലർ. ൫൦.

പല താലൂക്കുകളിലും പരിശോധനാ ഐക്യസംഘങ്ങൾ സ്ഥാപിച്ചിട്ടുള്ള സ്ഥിതിക്കു സംഘങ്ങൾ മാസാന്ത്യക്കണക്കുകൾ അയക്കേണ്ടതു ഐക്യസംഘത്തിലേക്കോ ഈ ആഫീസിലേക്കോ എന്നു തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ഐക്യസംഘങ്ങളിൽ ചേർന്നിട്ടുള്ള സംഘങ്ങൾ അവയുടെ മാസാന്ത്യക്കണക്കുകൾ അതാതു ഐക്യസംഘം സിക്രട്ടറി

മാക്ക് അയച്ചുകൊടുക്കേണ്ടതാകുന്നു. മററുള്ള എല്ലാ സംഘങ്ങളും ഈ ആഫീസിലേക്കു അയക്കണം. മാസാന്ത്യക്കണക്കുകൾ അയക്കുക എന്നുള്ളതു വളരെ പ്രാധാന്യമേറിയ കാര്യവും അതു കമ്മിററിക്കാരുടെ ചുമതലകളിൽ ഒന്നും ആകുന്നു. ഓരോ മാസത്തിൻേറയും ആരംഭത്തിൽ സിക്രിട്ടറിയോ മററു ഉദ്യോഗസ്ഥനോ മുൻമാസത്തെ നാൾവഴി എ, എ (ഫ) ഈ രജിസ്റ്ററുകളുമായി ഒത്തുനോക്കി ആക്കത്തുക വച്ചു ബി. ന്നി. ഈ സ്റ്റേററുമെൻറുകൾ തയ്യാറാക്കി കമ്മിററിയോഗത്തിൽ ഹാജരാക്കണം. കമ്മിററിക്കാർ ഈ കണക്കുകൾ പരിശോധിച്ചു കുടിശ്ശിഖ മുതലായവയെപ്പററിയുള്ള അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും സക്രിട്ടറി ഉടൻതന്നെ അവയുടെ പകർപ്പുകൾ മേല്പറഞ്ഞ വിധം അയക്കുകയും ചെയ്യേണ്ടതാകുന്നു. ഐക്യസംഘങ്ങളിൽ കിട്ടുന്ന കണക്കുകളെ ഭരണയോഗാംഗങ്ങൾ യഥാവസരം പരിശോധിച്ചു വേണ്ട റിമാർക്കുകൾ പാസ്സാക്കി അതാതു സംഘങ്ങളെ അറിയിക്കേണ്ടതും മാസാവസാനത്തിൽ ആ വക കണക്കുകൾ റിമാർക്കുകൾ സഹിതം ഐക്യസംഘത്തിൽനിന്നും ഈ ആഫീസിൽ അയക്കേണ്ടതുമാകുന്നു. എല്ലാ സംഘങ്ങളുടെയും അറിവിനായി ൯൬-ാംനമ്പർ സർക്കുലറും മാസാന്ത്യക്കണക്കഫാറങ്ങളും പുതുക്കി ഇതിനടിയിൽ പ്രസിദ്ധം ചെയ്തിരിക്കുന്നു.

സർക്കുലർ ൯൬.

൧൦൮൯-ാമാണ്ടത്തെ ൧൦-ാം റെഗുലേഷനായ പരസ്പരസഹായസംഘംറെഗുലേഷനെ തുടർന്നുള്ള ചട്ടങ്ങളിൽ ൧൨-ാമത്തു ചട്ടപ്രകാരം ആവശ്യപ്പെട്ടിട്ടുള്ള മാസാന്ത്യവരവു ചിലവു കണക്കുകളും കുടിശിഖ കണക്കും പല സംഘങ്ങളിൽനിന്നും ശരിയായി വന്നു കാണുന്നില്ലാ. ആ കണക്കുകൾ വയ്ക്കേണ്ടതിനുള്ള മാതൃകാഫാറങ്ങൾ സകല സംഘങ്ങളുടേയും അറിവിനായി ഇതുസഹിതം പ്രസിദ്ധപ്പെടുത്തുന്നു.

അവയിൽ ഫാറം "എ", "എ-ഫ" ഈ രജിസ്റ്ററുകൾ പ്രകാരമുള്ള കണക്കുകൾ അപ്പഴപ്പോൾ സംഘത്തിൽ എഴുതി സൂക്ഷിക്കേണ്ടതാകുന്നു. ഈ രജിസ്റ്ററുകൾ അപ്പഴപ്പോൾ എഴുതി സൂക്ഷിക്കുന്നതുകൊണ്ടു കണക്കുകൾ ശരിയായവിധം പരിശോധിക്കുന്നതിനു കമ്മിററിക്കു സഹായമായിത്തീരുന്നതും കണക്കുകൾ വളരെ എളുപ്പത്തിൽ തയ്യാറാക്കി അയക്കുന്നതിനു ഇടയാകുമെന്നുള്ളതുമാകുന്നു. "എ" ഫാറം വരവു ചിലവുകളെ സംബന്ധിച്ചാകുന്നു. "എ-ഫ" ഫാറം കുടിശിഖക്കാരേയും, കുടിശിഖത്തുകയേയും കാണിക്കുന്നതുമാകുന്നു. കുടിശിഖയിൽ എന്തു പിരിവുണ്ടെന്നു അറിയുന്നതിനു ഇതു സഹായമായിത്തീരുന്നതുമാണ്.

(എ)

–ാംനമ്പർ... ... ... പരസ്പരസഹായ സംഘത്തിന്റെ

വരവുചിലവു കാണിക്കുന്ന രജിസ്റ്റർ,

വരവുകൾ.

തീയതി	രശീതിസംഖ്യ	പ്രവേശനഫീസ്	മെംബർമാരിൽ നിന്നുമുള്ള നിക്ഷേപങ്ങൾ					മെംബർമാരല്ലാത്തവരിൽ നിന്നും ഉള്ള നിക്ഷേപങ്ങൾ		മറ്റു സംഘങ്ങളിൽനിന്നും വാങ്ങിയ കടം	അംഗങ്ങൾക്കു കടംകൊടുത്തതു തിരിച്ചുവരവ്	പലിശ വസൂൽ ആയതു	മറ്റിനങ്ങൾ		ആകെ	[illegible]	[illegible]	സിക്രട്ടറിയുടെ അടയാളം	റിമാർക്ക്സ്
			ഫിക്സഡ്	റിക്കറിംഗ്	സേവിംഗ്സ്	ജാമ്യം	മറ്റുള്ളവ	ഫിക്സഡ്	മറ്റുള്ളവ										

ചിലവുകൾ.

തീയതി	ഓഹരിപ്പണം മടക്കിക്കൊടുത്തത്	മെമ്പർമാരുടെ നിക്ഷേപം തിരികെ കൊടുത്തത്					മെമ്പർമാരല്ലാത്തവരുടെ നിക്ഷേപം തിരികെ കൊടുത്തത്		സംഘത്തിൽ നിന്നും കടം കൊടുത്തത്		ഡിപ്പോസിറ്റുകൾക്ക് പലിശ കൊടുത്തത്	കടങ്ങൾക്ക് പലിശ കൊടുത്തത്	സിൽബന്തി ചെലവും ശമ്പളവും	[illegible]	സപ്ലൈയികൾക്ക് കൊടുത്തത്	മററിനം		ആകെ	നീക്കിയിരിപ്പ്	വകരണം	സിക്രട്ടറിയുടെ ഒപ്പും റിമാർക്സ്
		ഫിക്സഡ്	റിക്കറിംഗ്	സേവിംഗ്സ്	ജാമ്യം	മറ്റുതരം	ഫിക്സഡ്	മറ്റുതരം	മെമ്പർമാർക്ക്	മററു സംഘങ്ങൾക്ക്											

സ്ഥലം,

പ്രസിഡന്റ്.
സിക്രട്ടറി,

കുറിപ്പ് — എ. മേൽ കാണിച്ചിട്ടുള്ളവ കൂടാതെ വരുന്ന മററിനങ്ങൾ എഴുതുന്നതിനാണ് ചില കാളങ്ങൾ ഒഴിച്ചിട്ടിരിക്കുന്നു.

ബി. ഓരോ സംഘവും അതിനു ആവശ്യമുള്ള കാളങ്ങൾ [illegible] കുന്നതാണ്.

(ഏ—൧)

കുടിശ്ശിഖ അളവ്.

ക്രമനമ്പർ	അംശത്തിന്റെ നമ്പരും പേരും	...മാണ്ടു ... മാസം					
		ഈ					
		[illegible]		വായ്പ		[illegible]	
		എണ്ണം	തുക	നമ്പർ	തുക		

കുറിപ്പ — ൧. ഈ രജിസ്റ്ററിൽ [illegible] മാസം അവസാനത്തിൽ നില്പുള്ള കുടിശ്ശികകളുടെ [illegible].

൨. അടിയിൽ ഓരോ [illegible] സി. കണക്കിൽ [illegible].

൩. [illegible] പരിശോധിച്ചു [illegible].

ബി.

-ാംനമ്പർ പരസ്പരസഹായസംഘത്തിന്റെ

മാസത്തെ വരവു ചിലവു കണക്ക്.

വരവ്.

ഇനം	ഈ മാസാരംഭം വരെ തന്നാണ്ടത്തെ ആകെ വരവ്			ഈ മാസത്തെ വരവ്			മൊത്തം			റിമാർക്ക്
	രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	കാ.	
ഓഹരിത്തവണകൾ										
കുടിശ്ശികയായ തവണകൾ										
പലിശ										
വായ്പ — ബാങ്കിൽനിന്നും										
വായ്പ — മററു വിധങ്ങളിൽ										
നിക്ഷേപം — സ്ഥിരം										
നിക്ഷേപം — പ്രതിമാസം										
നിക്ഷേപം —										
നിക്ഷേപം —										
നിക്ഷേപം —										
പലവക — പ്രവേശനഫീസ്										
പലവക — ഓഹരിപ്പിഴ										
പലവക —										
പലവക —										
പലവക —										
മററിനങ്ങൾ										
സേവിംഗ്സ് ബാങ്കിൽനിന്നും										
മുൻഇരിപ്പ്										
കരങ്ങിൽ										

പട്ടിക—(തുടർച്ച)

ചിലവു.

ഇനം	തന്മാസാരംഭം വരെ ഉണ്ടായ ആകെ ചിലവ്			തന്മാസത്തെ വരവ്			[illegible]			റിമാർക്ക
	രു.	ച.	കാ	രു.	ച.	കാ	രു.	ച.	കാ	
ഓഹരി തിരിയെ കൊടുത്തതു										
കടംവായ്പ കൊടുത്തതു										
ഭി ... പീട്ടിയതു										
പലിശ കൊടുത്തതു										
നിക്ഷേപം തിരിച്ചുകൊടുത്തതു: സ്ഥിരം										
പ്രതിമാസം										
....										
....										
....										
നിർബന്ധിച്ചിലവും ഇതര ചിലവും: പുസ്തകങ്ങൾ										
അച്ചടിക്കൂലി										
സ്റ്റേഷനറി										
അഞ്ചൽ										
....										
ശമ്പളം										
കരുതൽധനം അടച്ചതു										
സേവിംഗ്സ് ബാങ്കിൽ അടച്ചതു										
മററിനം										
ആകെ										
നീക്കിയിരിപ്പ്, കരണ്ടിൽ										

ഈ സ്റ്റേറ്റുമെൻറു . -ാമാണ്ടു മാസം

-ാംനു-യിലെ കമ്മററിയോഗത്തിൽ പാസ്സാക്കപ്പെട്ടു.

പ്രസിഡൻറ്.

സ്ഥലം സെക്രട്ടറി.

കുറിപ്പ്:—i. കഴിയുന്നതും ഇനം തിരിച്ച് എഴുതേണ്ടതും ആവശ്യമുള്ള ഇനങ്ങൾക്ക വിവരങ്ങൾ എഴുതിയാൽ മതിയാകുന്നതുമാകുന്നു.

ii. ആ മാസം ആരംഭംവരെ മുന്നാണ്ടുകളിലെ ഉൾപ്പെടെ ആകെ പിരിഞ്ഞുകിട്ടിയിട്ടുള്ള ഓഹരിത്തുക ബി ഫാ-ൽ ഓഹരിത്തവണകളുടെ നേരെ റിമാർക്ക്‌കോളത്തിൽ എഴുതണം.

സി.

—ാംനമ്പർ പരസ്പരസഹായത്തിന്റെ

മാസത്തെ കുടിശ്ശികക്കണക്ക്.

ഇനം		എണ്ണം	തുക			റിമാർക്ക്
			രൂ.	ച.	കാ.	
മാസാവസാനത്തിൽ നിലവിലുള്ള വായ്പയിൽ കുടിശ്ശിക						
മാസാവസാനത്തിൽ പലിശവകയിൽ കുടിശ്ശിക						
ഓഹരികയിൽ കുടിശ്ശിക						
മാസാവസാനത്തിൽ സംഘം കൊടുത്തുതീർക്കേണ്ട കടത്തിൽ കുടിശ്ശിക	സെൻട്രൽബാങ്കിൽ					
	മറ്റുവിധം					
മാസാവസാനത്തിൽ പലിശവകയിൽ കുടിശ്ശിക						
എ ബാങ്കിലെ ഓഹരിവകയിൽ കുടിശ്ശിക						
ബി കരുതൽധനത്തിൽ നിക്ഷേപിക്കാനുള്ള ബാക്കി						
സി സൂപ്പർവിഷൻഫണ്ടിൽ നിക്ഷേപിക്കാനുള്ള ബാക്കി						

ഇത സ്റ്റേറ്റുമെന്റു —ാമാണ്ട് മാസം

—ാംനു—ലെ കമ്മററിയോഗത്തിൽ പാസ്സാക്കപ്പെട്ടു.

പ്രസിഡന്റ്

സ്ഥലം സിക്രട്ടറി.

സക്കുലർ ൧൦൧.

പരസ്പരസഹായസംഘങ്ങളുടെ മാസാന്ത്യക്കണക്കുകൾ അതതു ഐക്യസംഘങ്ങളിലേക്ക അയക്കണമെന്നുള്ള ഏർപ്പാട തൃപ്തികരമായ വിധത്തിൽ നടന്നുവരുന്നില്ലെന്നു കാണുന്നു. ഏതാനും ഐക്യസംഘങ്ങൾ ശരിയായ കണക്കുപരിശോധനയുടെ പ്രാധാന്യത്തെ മനസ്സിലാക്കാതേയും ൧൧൦൭ വൃശ്ചികം ൨൮-ാംനു-യിലെ ൯൭-ാംനമ്പർ സക്കുലറിലെ നിർദ്ദേശങ്ങളെ അനുസരിക്കാത്ത സംഘങ്ങളെപ്പററി ശ്രദ്ധിക്കാതേയും ഇരിക്കുന്നു. ചില സംഘങ്ങൾ ഐക്യസംഘങ്ങളുടെ ഉപേക്ഷയെ അനുക്രമമായി കരുതി കണക്കുകൾ അശേഷം അയയ്ക്കാതിരിക്കയും ചെയ്യുന്നു.

അതിനാൽ ൯൭-ാംനമ്പർ സക്കുലറിൽ ആവശ്യപ്പെട്ടിരിക്കുന്നപ്രകാരം സംഘങ്ങളിൽനിന്നും കിട്ടിവരുന്ന കണക്കുകൾ തുടർച്ചയായും കണിശമായും ഇവിടെ അയച്ചുതരേണ്ടതാണെന്നു എല്ലാ ഐക്യസംഘങ്ങളോടും ആവശ്യപ്പെടുന്നു. ഐക്യസംഘത്തിന്റെ റിമാക്കുകൾ അതതു കണക്കുകളിൽതന്നെ എഴുതിയിരിക്കേണ്ടതാണ്. ഈ കണക്കുകളോടുകൂടി കണക്ക് അയക്കാത്ത സംഘങ്ങളുടെ ഒരു ലിസ്റ്റും കൂടി ഐക്യസംഘങ്ങൾ അയച്ചുതരേണ്ടതാണ്. കണക്കയക്കാത്ത ഓരോ സംഘത്തിന്റേയും മേലാലിക്രമത്തെപ്പററി ഐക്യസംഘത്തിനു അറിവുള്ളേടത്തോളം ചെറിയ കുറിപ്പുകൾകൂടി ഈ ലിസ്റ്റിൽ ഉണ്ടായിരിക്കേണ്ടതാണ്. ഈ ഏർപ്പാടുമൂലം, ഈ ആഫീസും ഐക്യസംഘങ്ങളും തമ്മിൽ ശരിയായ പരിചയം സിദ്ധിക്കുന്നതാണെന്നു വിചാരിക്കുന്നു.

ഈ ആഫീസിലെ ശുപാർശപ്രകാരം സെൻട്രൽബാങ്കിൽനിന്നും വായ്പകൾ വാങ്ങിച്ചിട്ടുള്ള സംഘങ്ങളെപ്പററി കൃത്യമായ അറിവുകൾ അപ്പഴപ്പോൾ ഇവിടെ ഉണ്ടായിരിക്കേണ്ടതാണ്. അതിനാൽ അപ്രകാരമുള്ള സംഘങ്ങൾ മാസാന്ത്യക്കണക്കുകൾ അയക്കുന്നതിനുപുറമെ അവയുടെ ഓരോ പ്രതി നേരിട്ടു ഈ ആഫീസിലേക്കും അയക്കേണ്ടതാകുന്നു.

സക്കുലർ ൧൨൦.

ഈ ആഫീസിൽനിന്നും ൯൭-ാംനമ്പരായി പുറപ്പെടുവിച്ചിട്ടുള്ള സക്കുലറിൽ കമ്മിററിക്കാർ കണക്കുകൾ പരിശോധിച്ച് കുടിശിഖ മുതലായവയെപ്പററിയുള്ള അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നീക്കിയിരിപ്പു കമ്മിററിക്കാർ

പരിശോധിച്ചോയെന്നും ആ തുക സിക്രട്ടറി കമ്മററിക്കാരെ ബോദ്ധ്യപ്പെട്ടത്തിട്ടൊ എന്നും മാസാന്ത്യക്കണക്കുകൊണ്ടു മനസ്സിലാകുന്നില്ല. ഓരോ മാസത്തിൻെറ ഒടുവിലത്തെ ദിവസംതന്നെ മാസാന്ത്യക്കണക്കുകൾ തയ്യാറാക്കി കമ്മിററിമുമ്പാകെ സമർപ്പിക്കുന്നതിനു സാദ്ധ്യമല്ലാത്തതിനാൽ മാസാന്ത്യക്കണക്കിൽ കാണുന്ന തുക പരിശോധിക്കണമെന്നു നിർബന്ധിക്കുന്നതിൽ അർത്ഥമില്ല. അതിനാൽ മാസാന്ത്യക്കണക്ക കമ്മിററിയിൽ ഹാജരാക്കുന്ന തീയതിയിൽ നാംവഴിപ്രകാരം ഉള്ള നീക്കിയിരിപ്പുതുക കമ്മിററിക്കാർ സിക്രട്ടറിയോടു ഹാജരാക്കുന്നതിനു ആവശ്യപ്പെടുകയും ആ തുക തിട്ടപ്പെടുത്തി ബോദ്ധ്യപ്പെട്ടതായി മാസാന്ത്യക്കണക്കിൽ സർട്ടിഫൈ ചെയ്യുണ്ടതുമാകുന്നു. മാസാന്ത്യക്കണക്കിൽ പ്രസിഡൻറും സിക്രട്ടറിയും അന്നു ഹാജരുള്ള മററു കമ്മിററി മെമ്പറന്മാരും ഒപ്പിട്ടിരിക്കേണ്ടതാണ്.

സക്ക്യലർ ൨൭൩.

ഈ ആഫീസിലെ ൧൦൧, ൧൯൨ എന്നീ നമ്പർ സക്ക്യലർകളിൽ മാസാന്ത്യക്കണക്കുകൾ അയയ്ക്കുന്നതിനെപ്പററിയുള്ള നിർദ്ദേശങ്ങൾ താഴെപ്പറയുന്ന രീതിയിൽ ഭേദപ്പെടുത്തിയിരിക്കുന്നു.

൨. സംഘങ്ങൾ അവയുടെ മാസാന്ത്യക്കണക്കുകൾ കമ്മിററി യോഗത്തിൽ പാസ്സാക്കി സെക്രട്ടറി, പ്രസിഡൻറ, രണ്ടു കമ്മററിഅംഗങ്ങൾ എന്നിവർ ഒപ്പിട്ടു അവ ഏതു ഐക്യസംഘത്തിലെ അംഗങ്ങളായിരിക്കുന്നുവൊ ആ ഐക്യസംഘത്തിലേയ്ക്കു അടുത്തമാസം ൧൦-ാംനുയ്ക്കുമുമ്പ് അയച്ചുകൊടുക്കേണ്ടതാണ്.

൩. അപ്രകാരം കിട്ടുന്ന മാസാന്ത്യങ്ങൾ തീയതി ൨൦-ാംനുയ്ക്കുമുമ്പ് ഐക്യസംഘങ്ങൾ അവയുടെ കമ്മിററിയോഗങ്ങളിൽ ചർച്ച ചെയ്തു എല്ലാ സംഘങ്ങളുടെയും പ്രവർത്തനത്തെപ്പററി ഒരു റവ്യൂ സംഘങ്ങൾക്കും അസിസ്റ്റൻറ രജിസ്ത്രാക്കും അയച്ചുകൊടുക്കേണ്ടതാണ്.

൪. മാസാന്ത്യങ്ങൾ അയച്ചുതരാത്ത സംഘങ്ങളുടെ ബോണസ്സപേക്ഷകൾ പ്രതിഫലത്തിനുള്ള അപേക്ഷകൾ ബഡ്ജററ മുതലായവ ഐക്യസംഘങ്ങൾ ശുപാർശചെയ്യുവാൻ പാടില്ല.

൫. ഐക്യസംഘങ്ങൾ അയയ്ക്കുന്ന റവ്യൂകൾ ൩ മാസത്തിലൊരിക്കൽ വിമർശനം ചെയ്തു ഓരോ പ്രൊസീഡിംഗ്സ് പാസ്സാക്കി ഈ ആഫീസിലേയ്ക്കും ഐക്യസംഘങ്ങളിലേയ്ക്കും അയയ്ക്കുന്നതിനു അസിസ്റ്റൻറ രജിസ്ത്രാറന്മാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

൩൨. വായ്പ.

ആക്റ്റ് ൩൯.

രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളുടെ സ്വത്തും പണവും.

൪൯. (൧) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘം അംഗമല്ലാത്ത യാതൊരാൾക്കും കടം കൊടുക്കാൻ പാടുള്ളതല്ല.

കടം കൊടുക്കുന്നതു സംബന്ധിച്ചു ക്ലിപ്തനിബന്ധനകൾ.

എന്നാൽ, രജിസ്ട്രാരുടെ സാമാന്യമായൊ പ്രത്യേകമായൊ ഉള്ള അനുവാദത്തോടുകൂടി രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘം രജിസ്റ്റർചെയ്യപ്പെട്ട മറ്റൊരു സംഘത്തിനു കടം കൊടുക്കാവുന്നതാണ്.

(൨) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘം രജിസ്ട്രാരുടെ അനുവാദത്തോടുകൂടിയല്ലാതെ, ജംഗമസ്വത്തിന്റെ ഉറപ്പിന്മേൽ കടംകൊടുക്കാൻ പാടുള്ളതല്ല

(൩) (൧)-ം (൨)-ം ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘം ഒരു നിക്ഷേപകനു അയാൾ നിക്ഷേപിച്ചിട്ടുള്ള തുകയുടെ ഉറപ്പിന്മേൽ കടംകൊടുക്കാവുന്നതാണ്.

(൪) രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും സംഘമോ അത്തരം സംഘങ്ങളെ സ്ഥാവരവസ്തുവിന്റെ ഒററിയിന്മേൽ പണം കടംകൊടുക്കുന്നതിനെ നമ്മുടെ ഗവൺമെൻറു സാമാന്യമായോ പ്രത്യേകമായോ ഉള്ള ഉത്തരവുമൂലം നിരോധിക്കുകയോ ക്ലിപ്തപ്പെടുത്തുകയൊ ചെയ്യാവുന്നതാണ്.

(൫) രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘം, ആ സംഘത്തിന്റെ ചട്ടങ്ങളാലൊ ഉപനിയമങ്ങളാലോ നിർണ്ണയിക്കപ്പെടാവുന്നിടത്തോളവും അങ്ങനെ നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾ പ്രകാരവും മാത്രമെ നിക്ഷേപങ്ങളും കടങ്ങളും വാങ്ങാൻ പാടുള്ളു.

കടം വാങ്ങുന്നതു സംബന്ധിച്ചു ക്ലിപ്തനിബന്ധനകൾ.

സർക്കുലർ ൨.

സംഘങ്ങളിൽനിന്നും കടംവായ്പ കൊടുക്കുന്നതിനെയും അതിലേയ്ക്കു സ്വീകരിക്കുന്ന ജാമ്യത്തിന്റെ സ്വഭാവത്തെയും മുതലും പലിശയും മടക്കിത്തീർക്കേണ്ടതിനുള്ള കാലാവധി നിർണ്ണയിക്കുന്നതിനേയും

പററി പരസ്പരധനസഹായ സംഘങ്ങളുടെ മാനേജിംഗ് കമ്മിററി മെമ്പറന്മാരുടെ അറിവിനായി താഴെ വിവരിക്കുന്ന നിർദ്ദേശങ്ങൾ ഏൎപ്പെടുത്തപ്പെട്ടിരിക്കുന്നു.

൧. **കടംവായ്പ** സംബന്ധിച്ചുള്ള പ്രധാന വ്യവസ്ഥകൾ ഓരോ ധനസഹായസംഘത്തിന്റെയും നിബന്ധനകളിൽ വിശദമായി വിവരിച്ചിരിക്കുന്നതും അവയെ പൂൎണ്ണമായി അനുസരിച്ചു നടക്കേണ്ടതു മാകുന്നു.

൨. ജാമ്യം—കടം കൊടുക്കുന്ന വിഷയത്തിൽ മാനേജിംഗ് കമ്മിററിയിലെ അംഗങ്ങളുടെ പ്രധാന ചുമതല കടംവാങ്ങുന്ന ആൾ ഹാജരാക്കുന്ന ജാമ്യത്തിന്റെ മതിപ്പിനെപ്പററി ആലോചിക്കുകയാണ്. നിബന്ധനകളിൽ പറഞ്ഞിട്ടുള്ളതുപോലെ എല്ലാ കടംവായ്പകളും ഒന്നോ, രണ്ടോ അംഗങ്ങളുടെ ജാമ്യത്തിന്മേലും കടം വാങ്ങുന്ന ആളിന്റെ സ്വന്ത കച്ചീട്ടിന്മേലും കൊടുക്കേണ്ടതാകുന്നു. ജാമ്യക്കാരോടുകൂടി ചേൎന്നു കടംവാങ്ങിക്കുന്ന ആൾ എഴുതിക്കൊടുക്കുന്ന വെറും കച്ചീട്ടുകളാണ് പരസ്പരസഹായബാങ്കുകൾക്കു ഏററവും നല്ല ഉറപ്പ്. അതിനാൽ സ്വത്തുക്കളെ ജാമ്യമായി സ്വീകരിക്കുന്നതു കഴിയുന്നതും കുറച്ചുവരുത്തേണ്ടതാകുന്നു. ജാമ്യക്കാരെ കിട്ടാതെ വരുന്ന ഒഴിക്കാൻപാടില്ലാത്ത അവസരങ്ങളിൽ കടംവാങ്ങുന്ന ആൾക്കു പൂൎണ്ണാവകാശമുള്ള വസ്തുക്കളെ ഒററിയും പണയവും എഴുതി ജാമ്യമായി സ്വീകരിക്കാവുന്നതാണ്.

൩. സംഘത്തിന്റെ നിബന്ധനകൾ അനുസരിച്ചുള്ള ആവശ്യങ്ങൾക്കു മാത്രമേ കടങ്ങൾ കൊടുക്കപ്പെടുന്നുള്ളു എന്നു മാനേജിംഗ് കമ്മിററിക്കാർ സൂക്ഷ്മമായി അന്വേഷിച്ചു തൃപ്തിപ്പെടേണ്ടതാണ്. ഒരു കടം ദുരുപയോഗപ്പെടുത്തി എന്നു അവൎക്കു ബോദ്ധ്യപ്പെട്ടാൽ ആയതു ഉടൻതന്നെ തിരിച്ചു കൊടുപ്പിക്കേണ്ടതും അവരുടെ ചുമതലയാണ്. കടം വാങ്ങുന്ന ആൾ ജാമ്യക്കാരോടുകൂടി ചേൎന്നു എഴുതിക്കൊടുക്കുന്ന വെറും കച്ചീട്ടുകൾക്കുള്ള ഗുണങ്ങൾ ഈ കാൎയ്യത്തിൽ ധാരാളമായി സ്പഷ്ടമാകുന്നതാണ്. കടം വാങ്ങിയ ആൾ കടത്തെ ദുരുപയോഗപ്പെടുത്തുന്നതായി ജാമ്യക്കാരൻ അറിയുന്നതായാൽ ആ വിവരം അയാൾ കമ്മിററി മെമ്പറന്മാരെ അറിയിക്കുന്നതാണ്. എന്നുതന്നെയുമല്ല, കടംവാങ്ങിയ ആൾ ഒടുക്കാനുള്ള സംഖ്യകളെ കണിശമായി കൊടുത്തുതീൎക്കുന്നുണ്ടോ എന്നു നോക്കുന്നതും ജാമ്യക്കാരന്റെ ചുമതലയായി അയാൾ വിചാരിക്കുന്നതായിരിക്കും.

൪. കടംവായ്പ തിരിച്ചടക്കുന്നതിനുള്ള കാലാവധി__ഓരോ കടംവായ്പയും തിരിച്ചു കൊടുക്കാനുള്ള കാലാവധി നിശ്ചയിക്കേണ്ടതു് മാനേജിംഗ് കമ്മിററിക്കാരുടെ ചുമതലയാണ്. കടംകൊടുത്ത പണം നിർബ്ബന്ധനടപടികൾക്കു ഇടകൊടുക്കാതെ ക്ലിപ്തകാലാവധിക്കകം അടച്ചുതീർക്കുമെന്നു കമ്മിററിക്കാർ തൃപ്തിപ്പെട്ടുകൊള്ളേണ്ടതാണ്. കടം വാങ്ങിക്കുന്ന ആളും ആ തുക തിരിച്ചു അടച്ചുതീർക്കുമെന്നു ന്യായമായി വിചാരിക്കാൻ പാടില്ലാത്തവിധം ചുരുങ്ങിയ ഒരു കാലാവധി നിശ്ചയിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. നേരേ മറിച്ച്, ആവശ്യത്തിലധികമായ നീണ്ട കാലാവധികൾ വയ്ക്കുന്നതും അഭിലഷണീയമല്ല. നിവൃത്തിയുള്ളിടത്തോളം കാലേക്കൂട്ടി കടങ്ങൾ അടച്ചുതീർക്കുന്നതിനുള്ള സന്നദ്ധതയും മിതവ്യയം നിർബ്ബന്ധമായി അനുഷ്ഠിക്കുന്നതിനുള്ള ശ്രദ്ധയും തങ്ങൾക്കുണ്ടായിരിക്കേണ്ടതാണെന്നുള്ള കൃത്യബോധത്തിനു നീണ്ട കാലാവധികൾ ഹാനി ചെയ്യുന്നതാണു. കടം തിരിച്ചു വിട്ടുന്നതിന് മതിയായ കാരണങ്ങളില്ലെങ്കിൽ ആ തീയതിയിൽത്തന്നെ കടങ്ങൾ തിരിച്ചു മടക്കിക്കുന്നതിൽ അമാന്തിച്ചുകൂടാത്തതുമാകുന്നു.

൫. ഈ സെക്ഷനിൽ വിവരിക്കപ്പെട്ടിരിക്കുന്ന വ്യവസ്ഥകൾ ശരിയായി അനുഷ്ഠിക്കേണ്ടതും കടക്കാരുടേയും ജാമ്യക്കാരുടെയും ധനസ്ഥിതിയേയും വിശ്വാസ്യതയേയും അന്വേഷിച്ചറിയേണ്ടതും സംഘത്തിന്റെ മുതലുകൾ സുരക്ഷിതമായിരിക്കുന്നു എന്നു തൃപ്തിപ്പെട്ടുകൊള്ളേണ്ടതും മാനേജിംഗ് കമ്മിററിക്കാരുടെ ചുമതലയായിരിക്കും. യാതൊരു അംഗവും സംഘത്തിൽ കൊടുത്തിട്ടുള്ള ജാമ്യം പിടിപ്പില്ലാത്തതായിത്തീരുന്നപ്രകാരം കണ്ടാൽ ഉടൻതന്നെ കൂടുതൽ ജാമ്യം ഹാജരാക്കിക്കേണ്ടതും അങ്ങനെ കൂടുതൽ ജാമ്യം ഹാജരാക്കാതെയിരുന്നാൽ ആ വിവരം പൊതുയോഗത്തിൽ തെര്യപ്പെടുത്തുകയോ അല്ലെങ്കിൽ കാലതാമസം കൂടാതെ കടം തിരിച്ചു ഒടുക്കിച്ചു കഴിയുംവിധത്തിൽ സംഘത്തിനു നഷ്ടം നേരിടാതെയിരിപ്പാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കേണ്ടതും അവരുടെ ചുമതലതന്നെയാണ്. ഈ വിഷയത്തിൽ വല്ല ഉദാസീനതയോ അനുസരണക്കേടൊ മാനേജിംഗ് കമ്മിററിക്കാർ പ്രദർശിപ്പിക്കുന്നതായാൽ ആയതു സംഘം അവരിൽ നിക്ഷേപിച്ചിരിക്കുന്ന ഏററവും പാവനമായ വിശ്വാസ്യതയുടെ ഗൌരവമായ ഭംഗത്തിനു അവരെ ഉത്തരവാദികളാക്കിത്തീർക്കുന്നതാണ്. മാനേജിംഗ് കമ്മിററിയിലെ അംഗങ്ങൾ തങ്ങളുടെ നില ഒരു ട്രസ്റ്റിയുടേതു മാത്രമാണെന്നു ഒരിക്കലും വിസ്മരിച്ചുകൂടാത്തതാകുന്നു.

സക്ക്യലർ ൯.

പരസ്പരസഹായസംഘങ്ങളിൽനിന്നും ഒന്നിലധികം ആവശ്യങ്ങൾക്ക ഒരു കടംവായ്പ കൊടുക്കുമ്പോൾ ഓരോ ആവശ്യത്തിനും വേണ്ടിവരുന്ന തുകകളെ കടത്തിനുള്ള അപേക്ഷയിലും പ്രോമിസ്സറിനോട്ടിലും പ്രത്യേകമായി കാണിച്ചിരിക്കേണ്ടതാണെന്നു ൧൦൯൯-ാമാണ്ടത്തെ ൧൦-ാം ആക്ററ് അനുസരിച്ചു രജിസ്റ്ററാക്കപ്പെട്ടിട്ടുള്ള, എല്ലാ പരസ്പരധനസഹായ സംഘങ്ങളേയും അറിയിച്ചിരിക്കുന്നു.

സക്ക്യലർ ൧൦.

പരസ്പരസഹായസംഘങ്ങളിൽനിന്നും അവയിലെ അംഗങ്ങൾക്ക കൊടുക്കുന്ന വായ്പകൾ കൊടുക്കപ്പെടുന്ന ആവശ്യങ്ങൾക്ക തന്നെ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നു അന്വേഷിക്കുന്നതിനുള്ള മാനേജിംഗ് കമ്മിററിക്കാരുടെ ചുമതല ഇപ്പോൾ ശരിയായി നിർവഹിക്കപ്പെടുന്നില്ലെന്നു കാണുന്നു. ഇതു അംഗങ്ങളുടെ മിതവ്യയശീലത്തെ പോഷിപ്പിക്കുന്നതിനും, അത്യാവശ്യങ്ങളായ കാര്യങ്ങൾക്ക മാത്രമേ വായ്പകൾ വാങ്ങാവൂ എന്നുള്ള നിർബന്ധത്താൽ സിദ്ധിക്കാവുന്ന ഗുണങ്ങൾ സിദ്ധിക്കുന്നതിനും വേണ്ടി സംഘനിബന്ധനകളിൽ ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകളുടെ ഉദ്ദേശസാദ്ധ്യത്തിന് തടസ്ഥമായിത്തീരുന്നു. ആയതിനാൽ കമ്മിററി മെമ്പറന്മാർ ഈ സംഗതിയിൽ പ്രത്യേകം ദൃഷ്ടിവയ്ക്കേണ്ടതാണ്. ഈ സംഗതിയിൽ ജാഗ്രതക്കുറവു പ്രദർശിപ്പിക്കുന്ന സംഘങ്ങൾ പിരിക്കയല്ലാതെ നിവൃത്തിയില്ലെന്നുള്ള വിവരം എല്ലാ സംഘങ്ങളും അറിഞ്ഞിരിക്കേണ്ടതാണ്..

സക്ക്യലർ ൧൧.

സംഘങ്ങളിൽനിന്നും അംഗങ്ങൾക്ക കൊടുക്കുന്ന വായ്പകളുടെ പലിശ കണക്കാക്കുന്നതിൽ വായ്പകൊടുക്കുന്നതോ ആയതു തിരിച്ചടയ്ക്കുന്നതോ ആയ ഒരു തീയതി കൊള്ളിക്കുന്നതല്ലെന്നു സംഘനിബന്ധനകളിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടല്ലോ. ഈ വ്യവസ്ഥ അനുസരിച്ചു വിട്ടുകളയാവുന്ന തീയതി വായ്പകൊടുക്കുന്ന തീയതിതന്നെ ആയിരിക്കണമെന്നു എല്ലാ സംഘങ്ങളേയും ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

സക്ക്യലർ ൧൨.

സംഘങ്ങളിൽ അടയ്ക്കുന്ന എല്ലാ തുകകൾക്കും അപ്പഴപ്പോൾ രസീതുകൾ കൊടുക്കുകയും സംഘങ്ങളിൽനിന്നും ചിലവുചെയ്യുന്ന പണ

ങ്ങൾക്കു അതുപോലെതന്നെ വേണ്ട രേഖകൾ വാങ്ങി സൂക്ഷിക്കയും ചെയ്യേണ്ടതാണ്. ഇതിനു വിപരീതമായി പ്രവൎത്തിക്കുന്നതു ഗൌരവമായ വീഴ്ച ആണെന്നു് എല്ലാ സംഘങ്ങളും അറിഞ്ഞിരിക്കേണ്ടതാണ്.

സക്ക്യലർ ൧൯.

സംഘങ്ങളിൽനിന്നും അംഗങ്ങൾക്കു കൊടുത്തിട്ടുള്ള വായ്പകളിന്മേൽ ൧൦൯൪-ാമാണ്ടു കൎക്കടകമാസാവസാനംവരെ സംഘത്തിലേയ്ക്കു ഈടാകേണ്ടതായ പലിശ മുഴുവനും ആണ്ടവസാനത്തിനു മുൻപെ പിരിച്ചെടുത്തിരിക്കേണ്ടതാണ്. ഈ വകയിൽ ആണ്ടവസാനത്തിൽ യാതൊരു കുടിശ്ശികയും വരാതിരിക്കത്തക്കവിധത്തിൽ മാനേജിംഗ് കമ്മിററിക്കാർ ശ്രദ്ധിക്കേണ്ടതാണ്.

ഇപ്പോൾ വായ്പ, പലിശ ഈ ഇനങ്ങളിൽ വല്ല സംഖ്യകളും കുടിശ്ശിക ഉണ്ടായിരുന്നാൽ ആയതു് ഉടൻ പിരിച്ചെടുക്കേണ്ടതാണ്.

സക്ക്യലർ ൨൧.

സംഘത്തിൽനിന്നും മെമ്പറന്മാൎക്കു ൯൧-ൽ കൊടുത്തിട്ടുള്ള വായ്പകളിൽ കുടിശ്ശികയായി നില്ക്കുന്ന സകല തുകകളും ഈ ആണ്ടു ഇടവം ൩൦-ാംതീയതിക്കകം ഈടാക്കി ഈ ആഫീസിലേയ്ക്കു റിപ്പോൎട്ടുചെയ്യണം.

സക്ക്യലർ ൨൨.

സംഘത്തിൽനിന്നും കൊടുക്കുന്ന വായ്പകളുടെ വിവരം എഴുതുന്നതിന് വച്ചിട്ടുള്ള പുസ്തകത്തിൽ, (൧) കടം വാങ്ങിച്ച ആൾ ആ കടം അനുവദിച്ച മാനേജിംഗ് കമ്മിററി മെമ്പറന്മാൎക്ക് ആരെക്കെങ്കിലും സംബന്ധപ്പെട്ട ആളാണൊ എന്നും, (൨) അങ്ങിനെയാണെങ്കിൽ അതിലേയ്ക്കു പൊതുയോഗത്തിന്റെ അനുവാദം ഉണ്ടൊ എന്നും, (൩) എല്ലാ കടങ്ങൾക്കും, കടം കൊടുക്കാൻ അനുവദിച്ച മീററിംഗിലെ നമ്പരും തീയതിയുംകൂടി എഴുതേണ്ടതാകുന്നു.

സക്ക്യലർ ൨൩.

൧. ചില സംഘങ്ങളിലെ വായ്പ സംബന്ധിച്ച കണക്കുകൾ പരിശോധിച്ചതിൽ, ആദ്യം വാങ്ങിച്ച കടം തിരിച്ചു കൊടുത്ത ദിവസം തന്നെയോ, അതിനു വളരെ സമീപദിവസത്തിലൊ, അതേ ആൾക്കു തന്നെ വീണ്ടും കടം കൊടുത്തു കാണുന്നു. സംഘത്തിൽനിന്നും കടം

കൊടുക്കുന്നതിന്റെ ഉദ്ദേശം, ആ പണത്തിനെ കൃഷി, കൈത്തൊഴിൽ മുതലായവകളിൽ ഉപയോഗിച്ചു അതിൽനിന്നും കിട്ടുന്ന ആദായത്തിൽനിന്നോ, അനാവശ്യമായ ചെലവിനെ ദിവസേന കുറച്ചു ആദായം ഉണ്ടാക്കി ആ ആദായംകൊണ്ടോ, കടം തിരിച്ചുകൊടുത്തുതീർക്കണമെന്നും മെമ്പറന്മാർ കഴിയുന്നെടത്തോളം കടം വാങ്ങാതെ പലവിധത്തിൽ അഭിവൃദ്ധിയെ പ്രാപിക്കണമെന്നുമാണ്. കടം തിരിച്ചു കൊടുത്ത ഉടൻ തന്നെ വീണ്ടും കടം വാങ്ങിച്ചിട്ടുള്ളതു നോക്കുമ്പോൾ മേൽപ്രകാരമുള്ള ആദായത്തിൽനിന്നും കടം വീട്ടിയതായിട്ടു വിചാരിക്കാൻ ന്യായമില്ല. ഇതു സംഘത്തിന്റെ ഉദ്ദേശത്തിനു വിരോധമായ നടപടിയാകുന്നു.

൨. ചിലർ സംഘത്തിൽ ചേർന്ന ദിവസംതന്നെ കടത്തിനും അപേക്ഷിക്കുകയും അതു കൊടുത്തും കാണുന്നു. ഇതുകൊണ്ടു കേവലം കടം വാങ്ങിക്കാനായിട്ടു മാത്രം അവർ സംഘത്തിൽ ചേർന്നതാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മേലാൽ അപ്രകാരം കടം കൊടുക്കുന്നതിനെ കഴിയുന്നതും കുറക്കേണ്ടതാണ്.

൩. ചില വായ്പകൾ അനുവദിച്ചിട്ടുള്ളതിൽ, ആ വായ്പകൾ എത്ര വർഷത്തിനകം എത്ര തവണയായിട്ടു തിരിച്ചു കൊടുക്കണമെന്നു കമ്മിറ്റിയിൽനിന്നും തീർച്ചപ്പെടുത്താതെ സെക്രട്ടറി മനസ്സുപോലെ അവധിവച്ചു കൊടുത്തുകാണുന്നു. മേലാൽ ആ ഭാഗങ്ങൾകൂടി കമ്മിറ്റി മിനിട്ടിൽ കാണിക്കണം.

൪. തവണനിശ്ചയിക്കുന്ന വിഷയത്തിൽ പണം കടം വാങ്ങുന്നതിന്റെ ഉദ്ദേശവും കടം വാങ്ങുന്ന ആളിന്റെ സ്ഥിതികളും തിരിച്ചു കൊടുക്കുന്നതിനു അയാൾക്കുള്ള ശക്തിയും ഇവയെല്ലാം പര്യാലോചിച്ചിട്ടു വേണം പണവും പലിശയും തിരിയെ അടക്കേണ്ട ഗഡുക്കൾ തീർച്ചപ്പെടുത്തേണ്ടതു്.

൫. കടം കൊടുക്കുന്ന സമയത്തിൽ കടത്തിനു പറയുന്ന ആവശ്യം ശരിയാണോ എന്നു കമ്മിറ്റിക്കാർ ഗൌനിക്കേണ്ടതാണ്.

൬. ആ വകയ്ക്കുതന്നെ ആ പണത്തിനെ മുഴുവനും ഉപയോഗിക്കുന്നുണ്ടോ എന്നും ദൃഷ്ടിവച്ചു നോക്കേണ്ടതാകുന്നു.

൭. കടം കൊടുത്തതിൽ പിന്നീടു അതിനെ അവധി അനുസരിച്ചു ഈടാക്കുന്ന വിഷയത്തിൽ വളരെ നിഷ്കർഷയായിരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ഭാഗങ്ങൾ മുഴുവനും ശരിയായിട്ടു ഗൌനിച്ചു അനുസരിച്ചാൽ മാത്രം സംഘം ശരിയായ സ്ഥിതിയിൽ വരുന്നതാണ്.

സർക്കുലർ ൯൬.

കടംവായ്പ ഈടാക്കുന്നതിനെ സംബന്ധിച്ച് സംഘത്തിൽനിന്നും നടത്തേണ്ട നടപടിയും ഈ ആഫീസിൽ വ്യവഹാരം ബോധിപ്പിക്കേണ്ട പ്രകാരവും.

സംഘത്തിലെ ഒരു മെമ്പർ സംഘത്തിൽ നിന്നും എടുത്തിട്ടുള്ള കടംവായ്പ കാലാവധി തീർന്നിട്ടും അടയ്ക്കാതെയും, അവധി നീട്ടികിട്ടുന്നതിന് അപേക്ഷിക്കാതെയും, അപേക്ഷിച്ചാൽതന്നെ ആയത് കമ്മറ്റി അനുവദിക്കാതെയും ഇരിക്കുന്നുവെങ്കിൽ ആ മെമ്പറുടെ കടംകണക്ക കമ്മറ്റി കൂടി അവസാനിപ്പിക്കുകയും വിവരം വായ്പക്കാരനേയും അയാളുടെ ജാമ്യക്കാരനേയും നോട്ടീസുമൂലം തെര്യപ്പെടുത്തുകയും ചെയ്യണം. നോട്ടീസ്സ കണ്ടശേഷവും മെമ്പറൊ ജാമ്യക്കാരനൊ പണം അടയ്ക്കുന്നില്ലെങ്കിൽ അവരുടെ പേരിൽ സിവിൽ കോടതികളിൽ ബോധിപ്പിക്കണ്ട പ്രകാരം അന്യായം തയ്യാറാക്കി ജാമ്യക്കടപ്പത്രം, കടംവായ്പയ്ക്കുള്ള അപേക്ഷ, കടംവായ്പ ഏറ്റെടവിൽ ആ വായ്പയെപ്പററി എഴുതിട്ടുള്ളതിന്റെ പകപ്പ്, നാൾവഴിയിൽ കടം കൊടുത്തതും തിരിച്ചു വന്നതും എഴുതീട്ടുള്ളതിന്റെ പകർപ്പ്, മെമ്പർക്കും ജാമ്യക്കാർക്കും അയച്ചിട്ടുള്ള നോട്ടീസിന്റെ പകർപ്പ് എന്നീ റിക്കാർഡുകളോടുകൂടി ഈ ആഫീസിൽ വ്യവഹാരം ബോധിപ്പിക്കേണ്ടതും അതിന്മേൽ വേണ്ട നടപടി ഇവിടെ നിന്നും ചെയ്തുകൊള്ളുമെന്നുള്ളതുമാണ്. മെമ്പറുടെ കടംവായ്പ കണക്ക് അവസാനിപ്പിക്കുന്ന കമ്മററിയോഗത്തിൽതന്നെ മേൽ നടപടിയെപ്പററിയുള്ള സകല നിശ്ചയങ്ങളും പാസ്സാക്കേണ്ടതും സംഘനിബന്ധന പ്രകാരം നടത്തുന്നതിന് അധികാരപ്പെടുത്തിട്ടുള്ള കമ്മററിമെംബറെ സംഘത്തിന്റെ പ്രതിനിധിയായി അതിലേക്ക് കമ്മററിയിൽനിന്നും നിശ്ചയിക്കേണ്ടതും ആ യോഗനിശ്ചയങ്ങളുടെ ശരിപകർപ്പ കേസിനോടു ചേർത്ത് അയക്കേണ്ടതുമാണ്.

സർക്കുലർ ൯൭.

ഈ ആഫീസിൽനിന്നും ൧൦൯൨ മേടം ൮-ാംനു-യും ൧൦൯൨ കർക്കടകം ൯-ാംനു-യും ഉണ്ടായിട്ടുള്ള സർക്കുലറുകളെ ഭേദപ്പെടുത്തി സംഘങ്ങളിൽ ആണ്ടവസാനത്തിൽ ഈടാകാനായി കാണുന്ന പലിശയിൽ കുടിശ്ശിക കണക്കാക്കുന്നതിനെ സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ ഇൻസ്പെക്ടറന്മാരുടേയും സകല സംഘങ്ങളുടേയും അറിവിനായി പ്രസിദ്ധം ചെയ്യുന്നു.

സംഘങ്ങളിൽനിന്നും കൊടുക്കുന്ന വായ്പകൾ തിരിച്ച് അടയ്ക്കുന്നതിന് അനുവദിക്കുന്ന തവണദിവസങ്ങളിൽതന്നെ അതുവരെയുള്ള

പലിശയും ഈടാക്കുന്നതു ന്യായവും സൌകര്യവുമാകുന്നു. എന്നാൽ സംഘത്തിന്റെ ലാഭം കണ്ടുപിടിക്കുന്നതിനു് ആണ്ടവസാനംവരെ സമ്പാദിച്ചിട്ടുള്ള പലിശ കണക്കാക്കേണ്ടതാണു്. ആണ്ടവസാനംവരെ സംഘം സമ്പാദിക്കുന്ന പലിശ മുഴുവനും ആണ്ടവസാനത്തിനു മുമ്പു തന്നെ ഈടാക്കുന്നതു നന്നായിരിക്കുമെങ്കിലും ഈടാകാതെ കിടപ്പുള്ള പലിശ മുഴുവനും കുടിശ്ശികയായി വിചാരിക്കാൻ പാടില്ല. നിശ്ചയിച്ച തവണ തീയതികളിൽ ഈടാകുവാനുള്ള പലിശയിൽ ആണ്ടവസാനത്തിൽ ഈടാകാതെ കിടപ്പുള്ള തുക മാത്രമേ കുടിശ്ശികയായി കാണിക്കേണ്ട ആവശ്യമൊള്ളു. അതിനാൽ സംഘങ്ങളിൽനിന്നും കൊടുക്കുന്ന വായ്പകൾ തിരിച്ചു് അടയ്ക്കേണ്ട തവണതീയതികൾ കാണിക്കുന്നതിനു പ്രത്യേകം ഒരു കണക്കു വയ്ക്കേണ്ടതും ആവശ്യമുള്ളപക്ഷം വായ്പക്കാരെ കാലേകൂട്ടിതന്നെ നോട്ടീസുമൂലം അറിവുകൊടുത്തു കുടിശ്ശികയുടെ വലിപ്പത്തിൽ സാരമായ ഒരു കുറവു വരുത്തേണ്ടതും ആവശ്യമാകുന്നു. സെൻട്രൽ ബാങ്കുകാരും ഇപ്പോൾ കിടപ്പുള്ള കടംവായ്പകളെ പരിശോധിച്ചു സംഘങ്ങളും സംഘങ്ങളല്ലാത്തവരും എടുത്തിട്ടുള്ള ഓരോ വായ്പയുടേയും തവണയും പലിശയും അടയ്ക്കേണ്ട തീയതികൾ അവരെ അറിയിക്കണമെന്നു് അപേക്ഷിക്കുന്നു. വായ്പക്കാർ സംഘത്തിലേക്കു അടയ്ക്കുന്ന തുകകൾ ഏതു വിധത്തിലാണു് കണക്കിൽ കൊള്ളിക്കേണ്ടതെന്നു പുതിയ മാതൃകാനിബന്ധനയിൽ ൪൯-ാം വകുപ്പിൽ വിവരിച്ചിട്ടുള്ളതിനെ ഇവിടെ ചേർക്കുന്നു. "ഒരു മെംബർ സംഘത്തിലേക്കു കൊടുക്കേണ്ടതായ വകയ്ക്കു വല്ല സംഖ്യയും അടയ്ക്കുമ്പോൾ ആയതു താഴെ കാണിക്കുന്നപ്രകാരം കണക്കിൽ കൊള്ളിക്കേണ്ടതാണു്. ഒന്നാമതായി അയാൾ കൊടുപ്പാനുള്ള ഫീസു, പിഴ, അഞ്ചൽചിലവു, രജിസ്റ്റർ ചിലവു് മററു പലതരം ചിലവുകളിലേക്കു. രണ്ടാമതായി അയാൾ അടപ്പാനുള്ള പലിശവകയിലേക്കു്. മൂന്നാമതായി മുതലിലേക്കു്."

മുൻപറഞ്ഞ സംഗതികളെ കണിശമായി അനുകരിക്കുകയും കമ്മററിമെംബറന്മാർ കാലേകൂട്ടി വേണ്ടതും ചെയ്യുകയും ചെയ്യുമെങ്കിൽ പലിശവകയിൽ കാണുന്ന കുടിശ്ശിക മിക്കവാറും ഇല്ലാതെയായി പോകുമെന്നു ധൈര്യമായി ആശിക്കാം.

സർക്ക്യൂലർ നന്നു.

൧൦൯൭-ൽ പരസ്പരസഹായസംഘങ്ങളുടെയും അവയിലുള്ള മെംബറന്മാരുടെയും എണ്ണവും ഓഹരിത്തുകയും തൃപ്തികരമായ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടെങ്കിലും കടം വായ്പകളെ സംബന്ധിച്ചു മുത

ഖിലും പലിശയിലും വളരെ കുടിശ്ശികകൾ കാണുന്നതു പരസ്പരസഹായ പ്രസ്ഥാനത്തിന്റെ പൊതുവെയുള്ള അഭിവൃദ്ധിക്ക് ആശാജനകമായ ലക്ഷണമല്ലെന്നു പറയേണ്ടിയിരിക്കുന്നു. കുടിശികകളെ സംബന്ധിച്ചുള്ള വിവരം താഴെ കാണിക്കുന്നു.

രൂ. മുതൽ.

	ഡിമാൻഡ്		പിരിവ്		ബാക്കി		ഡിമാൻഡിന്റെ എത്ര ശതമാനം ബാക്കി ഉണ്ടെന്ന്	
	1096	1097	1096	1097	1096	1097	1096	1097
	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.		
സെൻട്രൽ ബാങ്ക്	64,329	62,820	29,554	26,000	34,776	36,821	54	58.6
കൃഷികസംഘങ്ങൾ അകൃഷികസംഘങ്ങൾ	2,13,170	2,08,26. 72,849	1,34,782	1,12,711 48,058	78,388	95,550 24,790	36	45.8 34
സെൻട്രൽ ബാങ്ക്	10,135	10,741	2 6,447	പകുതി 5,455	3,694	5,286	36.4	49.2
കൃഷികസംഘങ്ങൾ അകൃഷികസംഘങ്ങൾ	30,768	35,159 9,017	16,755	16,266 5,043	14,014	18,894 3,974	45.5	54 44

മുതൽ പലിശകളിൽ ഇപ്രകാരം ക്രമാതീതമായ കുടിശ്ശികകൾ ൧൦൮൧-ാമാണ്ടത്തെ ഡിപ്പാർട്ടുമെൻറു റിപ്പോർട്ടിന്മേലുള്ള ഗവൺമെൻറു റവ്യൂയിൽ പ്രത്യേകം റിമാർക്കുകൾക്ക് ഇടയാക്കിയിരിക്കുന്നു. ഈ ന്യൂനതയെ പരിഹരിച്ചു നമ്മുടെ സംഘങ്ങളെ മററു സംസ്ഥാനങ്ങളിലെ സംഘങ്ങളുടെ നിലയോടു സാമ്യപ്പെടുത്തി കൊണ്ടുവരേണ്ടതു് എല്ലാ സംഘങ്ങളിലേയും മാനേജിംഗ് കമ്മററിക്കാരുടെ ചുമതലയാകുന്നു. കടം വായ്പകൾ പ്രയാസംകൂടാതെ പല തവണകളായി തിരികെ അടയ്ക്കത്തക്കവണ്ണം പരസ്പരസഹായസംഘങ്ങളിൽ സൌകര്യം വച്ചിരിക്കുന്നതിന്റെ ഉദ്ദേശം കടം വാങ്ങുന്നയാൾ ആ പണത്തെ തനിക്കു ലാഭമായ വിധത്തിൽ വിനിയോഗിച്ചു് അതിൽനിന്നുണ്ടാകുന്ന ആദായംകൊണ്ടും തന്റെ ചെലവുകളെ മിതമാക്കിയും കൃത്യനിഷ്ഠയോടുകൂടി പ്രവൃത്തിച്ചും കടം തിരിയെ അടച്ചു വീട്ടണമെന്നുള്ളതാണ്. ഇപ്രകാരം ചെയ്യാത്തപക്ഷം കടംവാങ്ങുന്ന മെംബർക്കു കടത്തിൽനിന്നും മോചനം ലഭിക്കാതെ എന്നും കടക്കാരനായിത്തന്നെ ഇരിക്കേണ്ടി വരുന്നതാണ്. മാത്രമല്ല, ഉടനടി അല്ലെങ്കിലും കുറച്ചു കഴിയുമ്പോൾ കടത്തുക മുഴുവനും അതിന്മേലുള്ള പലിശയോടുകൂടി ഒന്നാകെ അടയ്ക്കുവാനുള്ള ഭാരം വഹിക്കേണ്ടതായും വരും. ഇതു കടംവാങ്ങുന്ന മെംബറന്മാരുടെ ധനസ്ഥിതിയെ യാതൊരു വിധത്തിലും അഭിവൃദ്ധമാക്കുന്നില്ല. നേരെ മറിച്ചു സംഘങ്ങളിലെ മുതൽ ഏതാനും ചില മെംബറന്മാരുടെ പക്കൽ മാത്രമായി അടിഞ്ഞുപോകുന്നതിനും തന്നിമിത്തം സംഘകാര്യങ്ങൾ ശരിയായി നടന്നുകൊണ്ടിരിക്കാതെ നിലയ്ക്കുന്നതിനും ഇടയാകുന്നു. ഈ വക പണങ്ങൾ ഒന്നുകിൽ അവയുടെ കൈവശക്കാരന് ഉപകാരപ്രദമായി തീരുകയോ അല്ലെങ്കിൽ അവയെ പ്രയോജനകരമായി ഉപയോഗപ്പെടുത്താവുന്ന മററു മെംബറന്മാർക്കു ലഭിക്കയോ ചെയ്യുന്നില്ല. ഇപ്രകാരം നാനാതരത്തിലും ദോഷഫലങ്ങൾക്കിടയാക്കുന്ന ഈ ന്യൂനതയെ ദൂരീകരിക്കുന്നതിനു പരസ്പരസഹായ ഏർപ്പാടിൽ താല്പര്യമുള്ള ഏവരും അവരവരുടെ പ്രത്യേക സംഘങ്ങളെ സംബന്ധിച്ചു മാത്രമല്ല പൊതുവേതന്നെ ഇതിനെ ഉന്മൂലനം ചെയ്യുന്നതിൽ വേണ്ട ശ്രമങ്ങൾ ചെയ്യുന്നതിനു കടമപ്പെട്ടവരാകുന്നു. എന്നു മാത്രമല്ല മേലാൽ ഇപ്രകാരം കുടിശ്ശികകൾ വരാതെയിരിക്കുന്നതിനു കൂടിയും തക്ക മുൻകരുതലുകൾ ചെയ്യുന്നതിനും വേണ്ട നിഷ്കർഷ ഉണ്ടായിരിക്കേണ്ടതാകുന്നു. ഈ പ്രധാനപ്പെട്ട സംഗതിയിൽ എല്ലാവരും വേണ്ടപോലെ ശ്രദ്ധിച്ചു് ഈയു

ങ്ങവസാനത്തിനകം ഗണനീയമായ ഫലം കാണത്തക്കവിധം പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

ഗവൺമെന്റു റവ്യൂയിൽ പ്രസ്താവിച്ചിട്ടുള്ള മറ്റൊരു സംഗതി നിക്ഷേപങ്ങളുടെ അഭാവമാണ്. സെൻട്രൽ ബാങ്കു ഒഴിച്ചു സംസ്ഥാനത്തുള്ള എല്ലാ പ്രൈമറി സംഘങ്ങളിലും കൂടി ൧൦൭൬-ൽ നിക്ഷേപങ്ങളായി കിട്ടിയിട്ടുള്ളതു ൨൯,൨൨൭ രൂപായാണ്. ൧൦൭൯-ൽ ഈ ഇനത്തിൽ ൩൦,൦൭൯ രൂപാ ഉണ്ടായിരുന്നു. കാർഷിക സംഘങ്ങളിൽ മാത്രമായി ആകെ കിട്ടിയിട്ടുള്ള നിക്ഷേപം ൧൦൭൬-ൽ ൧൧,൪൮൬ രൂപായും, ൧൦൭൯-ൽ ൧൧൯൦൨ രൂപായും, അകർഷക സംഘങ്ങളിൽ ൧൦൭൬-ൽ ൯,൪൦൪ രൂപായും ൧൦൭൯-ൽ ൧൮,൪൯൭ രൂപായും ആണ്. ഇതേപ്പറ്റി ഗവൺമെന്റിൽ നിന്നും താഴെ പറയും പ്രകാരം വിമർശിച്ചിരിക്കുന്നു. "പരസ്പരസഹായസംഘങ്ങളുടെ മുഖ്യ ഉദ്ദേശം ജനങ്ങളെ മിതവ്യയവും സ്വാശ്രയവും ശീലിപ്പിക്കണമെന്നുള്ളതാകുന്നു. ഇതിനെ പൊതുജനങ്ങൾ വേണ്ടപോലെ ഗ്രഹിച്ച് ഈ ഉദ്ദേശനിവൃത്തി വരുത്തേണ്ടതു് എത്രയും വേഗത്തിൽ സാധിക്കേണ്ടതാണ്. സംഘങ്ങളെ സംബന്ധിച്ചു ഈയിടെ പുതിയതായി ഉണ്ടാക്കിയിട്ടുള്ള മാതൃകാ നിബന്ധനകളിൽ പല തരത്തിലുള്ള നിക്ഷേപങ്ങൾക്ക സൗകര്യമുണ്ടാക്കി വ്യവസ്ഥകൾ ചെയ്തിട്ടുള്ളതായി കാണുന്നു. അവയെ വേണ്ടപോലെ പ്രചരിപ്പിക്കയും കൂടി ചെയ്യുമ്പോൾ ഈ വിഷയത്തിൽ ആശാസ്യമായ അഭിവൃദ്ധി ഉണ്ടാകുന്നതാണെന്നു ഗവൺമെന്റു വിശ്വസിക്കുന്നു."

സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ ക്ലിപ്തസഹിത ബാദ്ധ്യതയോടു കണ്ടുവന്നിരുന്ന പ്രതിപത്തി കുറഞ്ഞു കാണുന്നതിൽ ഗവൺമെന്റു പ്രശംസിക്കുന്നു. പരസ്പരസഹായ മൂലതത്വങ്ങൾ എല്ലാ സംഘക്കാരും ശരിയായും പൂർണ്ണമായും മനസ്സിലാക്കുന്നപക്ഷം ഉൾനാട്ടുകളിൽ ക്ലിപ്തസഹിത ബാദ്ധ്യതയോടുകൂടി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള എല്ലാ സംഘങ്ങളും ക്ലിപ്തരഹിത ബാദ്ധ്യതയെ സ്വീകരിച്ച് അവയുടെ അടിസ്ഥാനത്തെ കൂടുതൽ ഉറപ്പും വിശാലവും ആക്കേണ്ടതാകുന്നു. (ചില സംഘങ്ങൾ ഇപ്രകാരം ചെയ്തു കഴിഞ്ഞിരിക്കുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമാണ്.)

ഈയാണ്ടിൽ ഇനിയുമുള്ള അഞ്ചൊ ആറൊ മാസങ്ങൾക്കിടയിൽ മേൽപറഞ്ഞ എല്ലാ സംഗതികളും സാധിക്കുന്നതിലേക്ക ഓരോ സംഘങ്ങളിലേയും മാനേജിംഗ് കമ്മിററിക്കാർ അവരവരുടെ സംഘങ്ങളിൽ

ഇപ്പോഴുള്ള കുടിശ്ശികകൾക്കും ഈയാണ്ടവസാനത്തിനകം വസൂൽ ആകേണ്ട സംഖ്യകൾക്കും ഓരോ പട്ടികകൾ തയാറാക്കി അവയെ പൊതുയോഗത്തിൽ പര്യാലോചിച്ചു തക്ക സമയങ്ങളിൽ പണം പിരിച്ചെടുക്കുന്നതിനു എല്ലാ മെംബറന്മാരുടെയും ഊർജ്ജിതമായ സഹായ സഹകരണങ്ങളെ അപേക്ഷിച്ച് ആ വിധത്തിൽ പ്രവർത്തിക്കുന്നതു നന്നായിരിക്കും. കടം വായ്പ വാങ്ങുന്നവർക്ക് അവരുടെ വിളവെടുപ്പിൽനിന്നോ മററു വിധേനയോ പണം കിട്ടാൻ ഇടയുള്ള അവസരങ്ങളെ നോക്കിവേണം വായ്പകൾ തിരിച്ചടയ്ക്കാനുള്ള ഗഡുക്കൾ നിശ്ചയിക്കേണ്ടതെന്നുള്ളതു പ്രത്യേകം ഗൌനിക്കേണ്ട സംഗതിയാകുന്നു.

പലിശ അസ്സൽ മുതലിന്റെ തവണകളോടുകൂടി അടയ്ക്കത്തക്ക വണ്ണം വ്യവസ്ഥ ചെയ്യുന്നതു വളരെ സൌകര്യമായ ഏർപ്പാടായിരിക്കും. ഈ പ്രകാരം ഈടാക്കേണ്ടതിൽ പിരിയാതെ ബാക്കിവരുന്ന പലിശമാത്രമേ ആണ്ടവസാനത്തിൽ കുടിശ്ശികയായി വകവെയ്ക്കേണ്ടതുള്ളു. എന്നാൽ ആണ്ടടക്കം സംഘത്തിന്റെ ലാഭനഷ്ടങ്ങൾ അറിയുന്നതിന് ആണ്ടിന്റെ അവസാന തിയതിവരെ ജനിച്ച പലിശ മുഴുവൻ കണക്കാക്കേണ്ടതും അതിൻപ്രകാരം ബാലൻസുഷീററു തയാറാക്കേണ്ടതും ആകുന്നു.

നിക്ഷേപങ്ങൾ ശേഖരിക്ക എന്നുള്ളതു പരസ്പരസഹായ സംഘങ്ങളുടെ ഒട്ടും അപ്രധാനമല്ലാത്ത ഒരു ജോലിയാകുന്നു. ഒരു സംഘത്തിന്റെ നിലയും അതിലെ അംഗങ്ങളുടെ മിതവ്യയശീലവും ആ സംഘത്തിലുള്ള നിക്ഷേപ കണക്കുകളിൽനിന്നു അനുമാനിക്കാവുന്നതാണ്. ഈ നിക്ഷേപ ഏർപ്പാടിനു വേണ്ട പ്രചാരം ഉണ്ടാക്കുന്നതിൽ പരസ്പരസഹായ തല്പരന്മാരായ ഏവരും ഉററു ശ്രമിക്കുന്നതിനുള്ള അവസരം പ്രാപ്തമായിരിക്കുന്നു. സംഘത്തിൽ പണം നിക്ഷേപിക്കുന്നതിനു എല്ലാ തരത്തിലുമുള്ള ആളുകളുടെയും സൌകര്യങ്ങൾക്കു യോജിക്കത്തക്ക വിധത്തിൽ വ്യവസ്ഥങ്ങളായ പലതരം നിക്ഷേപങ്ങളെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ പുതിയ സംഘനിബന്ധനകളിൽ ചേർത്തിട്ടുണ്ട്. പഴയ ചില സംഘങ്ങൾ ഈമാതിരി വ്യവസ്ഥകളെ അവയുടെ നിബന്ധനകളിൽ ഈ ആഫീസിലെ ൯൬-ാം നമ്പർ സർക്കുലർ അനുസരിച്ചു ചേർത്തുവരുന്നു എന്നുള്ളതു തൃപ്തികരം തന്നെ. എന്നാൽ നിബന്ധനകളിൽ വ്യവസ്ഥയുണ്ടാക്കിയതുകൊണ്ടുമാത്രം മതിയാകുന്നതല്ല; വേണ്ട ശ്രമങ്ങൾ ചെയ്തു അവയെ നടപ്പിൽ വരുത്തുകകൂടി ചെയ്യണം. കെട്ടുതെങ്ങ്, ഭണ്ഡാരനിക്ഷേപം (ഉണ്ടികലശനിക്ഷേപം) മുതലായ പഴയ സമ്പ്രദായങ്ങൾ മെംബറന്മാരുടെ ഇടയിൽ ഏർപ്പെടുത്തുന്നപക്ഷം അവ മെംബറന്മാരെ മിതവ്യയം പരിശീലിപ്പിക്കുന്നതിനു വിശേഷമായ മാർഗ്ഗ

ങ്ങളായിരിക്കും. സംഘനിബന്ധനകളിൽ നിക്ഷേപങ്ങളെ സംബന്ധിച്ചു ചേർത്തിട്ടുള്ള പല വ്യവസ്ഥകളിൽ ഏതെങ്കിലും ചെലവുമുഖേന ഇവയെ നിഷ്പ്രയാസം നടപ്പിൽ വരുത്താവുന്നതാണ്.

മേൽ വിവരിച്ച അഭിപ്രായങ്ങളേയും എല്ലാ സംഘങ്ങളും വേണ്ട പോലെ കൈക്കൊണ്ട് അതിൻപ്രകാരം പ്രവർത്തിച്ചു കാലക്രമത്തിൽ തക്ക ഫലപ്രാപ്തിയിൽ കൊണ്ടുവരുമെന്ന് ആശിക്കുന്നു.

സക്ക്യുലർ ൩൯.

ചില സംഘങ്ങളിൽനിന്നും കൊടുത്തിട്ടുള്ള വായ്പകളുടെ പ്രമാണപ്രകാരമുള്ള തുക മുഴുവനും കിട്ടിയിട്ടില്ലെന്നു ചില വായ്പക്കാർ ആവലാതിപ്പെട്ടുവരുന്നതായും ചില സംഘങ്ങളിൽ വായ്പയ്ക്കുള്ള അപേക്ഷയോടു കൂടിത്തന്നെ പ്രമാണങ്ങളും ഹാജരാക്കിവരുന്നതായും അറിയുന്നതിനാൽ വായ്പത്തുക ചെലവുവരുന്ന വിവരം ലക്ഷ്യപ്പെടുത്തുന്നതിന് ഒരു ശരിയായ രീതി നടപ്പിൽ വരുത്തേണ്ടതു ആവശ്യമാകയാൽ മേലാൽ വായ്പകൾ കൊടുക്കുന്ന അവസരങ്ങളിൽ വായ്പപ്രകാരമുള്ള തുക പററിയവിവരത്തിനു നാൾവഴിയിലൊ കടംവായ്പ അപേക്ഷക്കടലാസിലൊ വായ്പക്കാരനെക്കൊണ്ടു ഒപ്പിടുവിക്കേണ്ടതാണ് എന്ന് എല്ലാ സംഘങ്ങളേയും ഇതിനാൽ അറിയിക്കുന്നു.

സക്ക്യുലർ ൪൦.

൧. സംഘങ്ങളിൽനിന്നും അതിലെ അംഗങ്ങൾക്കു കടം വായ്പയായി കൊടുത്തിട്ടുള്ള വകയിൽ വളരെ അധികം കുടിശ്ശികകൾ പിരിഞ്ഞു കിട്ടേണ്ടതായി ഉണ്ടെന്നും അങ്ങനെയുള്ള കുടിശ്ശികകളെ കുറയ്ക്കുന്നതിനായി സ്ഥിരവും വ്യവസ്ഥിതവും ആയ പ്രവൃത്തിയുടെ ആവശ്യകത ഉണ്ടെന്നും ഈ ആഫീസിലെ ൧൦൯൬ കുംഭം ൩-ാം൹-യിലുള്ള ൩൯-ാം നമ്പർ സക്ക്യുലറിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്.

൨. ഇങ്ങനെയുള്ള കടങ്ങളെ കുറയ്ക്കുന്നതിനായി പൊതുയോഗങ്ങളിൽ നിയമാനുസാരമായി നിശ്ചയങ്ങൾ പാസ്സാക്കിയും അവയെ, മിനിട്ടുബുക്കുകളിൽ രേഖപ്പെടുത്തിയും വരാറുണ്ട്. അല്ലാത്തപക്ഷം പ്രത്യേക നിബന്ധനകളായി സ്വീകരിച്ചു വരുന്നുമുണ്ട്.

൩. കടംവായ്പ തിരിച്ചു കൊടുക്കുന്ന കാര്യത്തിൽ ഉദാസീനത കാണിക്കുന്ന കമ്മററിമെംബറന്മാരെ സംബന്ധിച്ച് ഇവിടേയും പുതിയ മാതൃക ൨൮-ാംനിബന്ധനപ്രകാരം വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ട്. അതിൽ കടംവായ്പ ശരിയായ അവധിക്കു മടക്കിക്കൊടുക്കാത്ത ഒരു

കമ്മററിമെംബറിനെ ഒരു കമ്മററിമെംബറായിരിക്കുന്നതിന് അനുവദിക്കുന്നതല്ലാ എന്നും എന്നാൽ ൩ മാസത്തിനകം ആ കമ്മററി മെംബർ കൊടുക്കാനുള്ള തുകയും പിഴയും കൊടുത്തുതീൎക്കുകയും കടംവായ്പ തിരിച്ചു കൊടുക്കുന്നതിനു താമസം നേരിട്ടതിനു ശരിയായ സമാധാനം കൊടുക്കുകയും ചെയ്യുകയാണെങ്കിൽ പൊതുയോഗം ആ മെംബറിനെ വീണ്ടും കമ്മററിമെംബറായിരിക്കുവാൻ അനുവദിക്കാവുന്നതാണ് എന്നു പ്രസ്താവിച്ചിട്ടുമുണ്ടു.

൪. അതുപോലെ കടംവായ്പ കൊടുക്കാതെയിരിക്കുന്ന ഒരു സാധാരണ മെംബറിന് മെമ്പൎമാരുടെ അവകാശങ്ങൾ നിന്നുപോകുമെന്നു കാണിക്കുന്ന പ്രത്യേക നിബന്ധനകളെ സ്വീകരിക്കുന്നതു് എല്ലാ സംഘങ്ങൾക്കും ഉചിതമായിട്ടുള്ളതായിരിക്കും. പുതിയ മാതൃക ൪൧-ാം നിബന്ധന താഴെ പറയുന്നവിധം മാററിചേൎക്കേണ്ടതാകുന്നു.

മാതൃകാനിബന്ധന—൪൧-ാം നമ്പർ.

കമ്മററിക്കാർ ഓരോ കടം വായ്പയും വീട്ടേണ്ടതിനുള്ള കാലാവധി ആ കടം വായ്പയുടെ ആവശ്യത്തിനെ അനുസരിച്ചു നിശ്ചയിക്കേണ്ടതാണ്. മെംബൎമാരുടെ സ്ഥിതിയും കടത്തിന്റെ ഉപയോഗവും പരിഗണിച്ചു വായ്പകൾ ആണ്ടിൽ മൂന്നോ നാലോ ഗഡുക്കൾകൊണ്ടൊ മാസത്തവണകളിലായൊ തിരിച്ചു വീട്ടുന്നതിനു കമ്മററിക്കാൎക്കു വ്യവസ്ഥ ചെയ്യാം.

൫. കടംവാങ്ങുന്ന ആൾക്കു മടക്കിയടപ്പാനുള്ള ത്രാണിയെ നല്ലവണ്ണം ആലോചിച്ചു ഗഡുക്കൾ നിശ്ചയിക്കേണ്ടതാകുന്നു. ഒരു കടം വീട്ടേണ്ടതിനുള്ള കാലാവധിയും ഗഡുക്കളുടെ തുകയും തീയതിയും പ്രമാണത്തിൽ വ്യക്തപ്പെടുത്തി കാണിക്കേണ്ടതാകുന്നു. അങ്ങനെ കാണിക്കുന്നതിൽ അസൽ സംഖ്യയിലെ വല്ല ഗഡുവൊ പലിശയൊ ശരിയായി അടയ്ക്കേണ്ട തീയതിക്ക് അടയ്ക്കാതെയിരുന്നാൽ സംഖ്യ മുഴുവനും വസൂൽ ചെയ്യുന്നതാണെന്നുകൂടി നിശ്ചയവുംകൂടി ഉണ്ടായിരിക്കേണ്ടതാണ്.

൬. വീഴ്ചവരുത്തുമ്പോൾ മുതലിൽ അവധിതെററി നിൽപ്പുള്ള ഗഡുക്കളിന്മേൽ ഗഡുവിന്റെ അവധി തെററിയ തീയതി മുതൽ അടയ്ക്കുന്ന തീയതിവരെ മാസത്തിൽ രൂപയ്ക്കു ൪ കാശു പലിശയ്ക്കു

പുറമേ ൨ കാശുവീതം പിഴയും വസൂൽ ആക്കുന്നതാണ്. ഇപ്രകാരം വീഴ്ച വരുത്തുന്ന ഒരു വായ്പക്കാരനു കുടിശ്ശിക മുഴുവനും അടച്ചു തീർക്കുന്നതുവരെ മെംബരുടെ അവകാശം (അതായതു വായ്പ അപേക്ഷിക്കുന്നതിനും വായ്പകളിൽ ജാമ്യം നില്ക്കുന്ന വകയ്ക്കും ഉള്ള അവകാശം) തീരെ നിന്നുപോകുന്നതും ആകുന്നു.

൩. വാസ്തവത്തിലുള്ള ബുദ്ധിമുട്ടുകൊണ്ടു കടംവായ്പയിലെ തവണ ശരിയായി അടയ്ക്കാൻ ശേഷിയില്ലാത്ത ഒരു കടംവായ്പക്കാരനു വീഴ്ച വരുത്തുന്ന തീയതി മുതൽ ഒരു മാസത്തിനകം കാലാവധി നീട്ടിക്കിട്ടേണ്ടതിന് അപേക്ഷ കൊടുക്കാവുന്നതും കമ്മററിക്കു ഓരോ സംഗതിയിലും യുക്തംപോലെ വ്യവസ്ഥകൾ ചെയ്തു കാലാവധി നീട്ടിക്കൊടുക്കാമെന്നുള്ളതും ആകുന്നു. അവധി നീട്ടിക്കൊടുക്കുന്നപക്ഷം ആ കടംവായ്പ ഒരു കുടിശ്ശികയായിട്ടു വിചാരിക്കുന്നതല്ല. ഇപ്രകാരം അനുവദിക്കുന്ന എല്ലാ സംഗതികളേയും കൊല്ലത്തിൽ ഒരിക്കലെങ്കിലും രജിസ്ട്രാർ അവർകൾക്കു റിപ്പോർട്ടു ചെയ്യേണ്ടതാണ്.

൪. മേൽ വിവരിച്ചപ്രകാരം അവധി നീട്ടിക്കിട്ടേണ്ടതിന് അപേക്ഷിക്കാതെയും അപേക്ഷിച്ചു കമ്മററിക്കാർ അതു അനുവദിക്കാതിരിക്കയും ചെയ്യുമ്പോൾ ആ കടംകണക്കു ഉടൻ അവസാനിപ്പിക്കേണ്ടതാണ്.

൫. വായ്പകൾ വീട്ടേണ്ടതിനുള്ള കാലാവധി നിർണ്ണയിക്കുന്നതിൽ അവയെ സ്വല്പകാലത്തേക്കുള്ള കടങ്ങൾ എന്നും ദീർഘകാലത്തേക്കുള്ള കടങ്ങൾ എന്നും വേർതിരിക്കേണ്ടതാണ്.

സ്വല്പകാലത്തേക്കുള്ള കടങ്ങൾ—സർക്കാർകരം അടയ്ക്കേണ്ടതിലേയ്ക്കോ ഭക്ഷണച്ചെലവിലേയ്ക്കോ വിത്തുവാങ്ങേണ്ടതിലേയ്ക്കോ കൃഷിച്ചെലവിലേയ്ക്കോ ഈ വക മററു താൽക്കാലികമായ ചെലവുകളിലേയ്ക്കോ കടം ആവശ്യപ്പെടുന്നപക്ഷം ആ കടങ്ങളെ സ്വല്പകാലത്തേക്കുള്ള കടങ്ങളെന്നു തിട്ടപ്പെടുത്തി അടുത്ത വിളവെടുപ്പിന്റെ വരവിൽനിന്നു പിരിക്കേണ്ടതാകുന്നു. ഈ വിധം കടങ്ങൾക്കു നീട്ടിക്കൊടുക്കുന്നതുൾപ്പടെ കാലാവധി ൧൨ മാസത്തിൽ അധികരിക്കാൻ പാടില്ല.

ദീർഘകാലത്തേക്കുള്ള കടങ്ങൾ—മുൻകടങ്ങൾ വീട്ടുന്നതിനും വീടുകൾ പണിയിക്കുന്നതിനും കന്നുകാലികളെയോ വണ്ടിയോ വള്ളമോ വാങ്ങുന്നതിനും വളരെക്കാലത്തേക്ക് ആദായം ഉണ്ടാകേണ്ടതിലേക്കായി കിണർ

കഴിക്കുകയും ഭൂമിവാങ്ങുകയും ചെയ്യുന്ന മററു കാര്യങ്ങൾക്കും വാങ്ങുന്ന കടങ്ങളെ "ദീർഘകാലാവധി" കടങ്ങൾ എന്നു നിശ്ചയിക്കേണ്ടതും കടം വാങ്ങുന്ന ആൾക്കു മടക്കി അടപ്പാനുള്ള ത്രാണിയെ നല്ലവണ്ണം ആലോചിച്ചു ഗഡുക്കൾ ആയി ൨ മുതൽ ൩ വരെ കൊല്ലങ്ങൾക്കുള്ളിൽ മടക്കി അടപ്പാൻ കമ്മററിക്കാർക്കു് അനുവദിക്കാവുന്നതും ആകുന്നു. ഗഡുക്കൾ നിശ്ചയിക്കുന്ന തുക കഴിയുന്നിടത്തോളം കൃഷിവക ഉല്പത്തികൾ വിൽക്കുന്ന കാലത്തോടടുത്തോ അല്ലെങ്കിൽ കടം വാങ്ങുന്ന ആൾക്കു മടക്കി അടയ്ക്കാൻ സാധിക്കുന്ന കാലത്തോടടുത്തോ യോജിച്ചിരിക്കണം. ഈ വിധം കടങ്ങൾക്കു നീട്ടിക്കൊടുക്കുന്നതുൾപ്പടെ കാലാവധി നാലുകൊല്ലത്തിൽ അധികരിക്കാൻ പാടില്ലാ.

സർക്യുലർ ൧൨൧.

ഏതാനും പരസ്പരസഹായസംഘങ്ങളിലെ അംഗങ്ങൾ അവർ എടുത്തിട്ടുള്ള കടംവായ്പകൾ നിശ്ശേഷം അടച്ചുതീർത്തിട്ടും തങ്ങൾ എഴുതിക്കൊടുത്തിട്ടുള്ള പ്രമാണങ്ങൾ തിരിച്ചുകിട്ടുന്നില്ലെന്നു പരാതിപ്പെട്ടിരിക്കുന്നു. ഇതിൽ ശരിയായ നടപടി എന്താണെന്നും സംഘത്തിൽനിന്നും തുക പററുന്നതിനു രസീതു കൊടുക്കുന്നതു മതിയാകയില്ലയോ എന്നും ചില സംഘങ്ങൾ സംശയം ചോദിച്ചിരിക്കുന്നു. പരസ്പരസഹായറഗുലേഷനെ തുടർന്നുള്ള റൂൾസ് ൧ ൬-ാം വകുപ്പു് അനുസരിച്ചു നടത്തപ്പെടുന്ന ചില മദ്ധ്യസ്ഥ വിചാരണകളിൽ പ്രതികളായ സംഘാംഗങ്ങൾ വായ്പ മുഴുവൻ അടച്ചുതീർത്തു എന്നു വാദിച്ചും കാണുന്നു.

മേൽ വിവരിച്ച പരാതികൾ ഉണ്ടാകാതിരിക്കുന്നതിനും റിക്കാർഡുകൾ ശരിയായും വ്യവസ്ഥിതമായും ഇരിക്കുന്നതിനുംവേണ്ടി എല്ലാ സംഘങ്ങളും ഒരേ നടപടിതന്നെ അംഗീകരിക്കേണ്ടതു് ആവശ്യമാണ്. ഒരു സംഘം അതിലെ ഒരംഗവുമായി ചെയ്യുന്ന ഇടപാടുകൾ രണ്ടു വ്യക്തികൾ തമ്മിൽ ചെയ്യുന്ന ഇടപാടുകളെപ്പോലെതന്നെ വിചാരിക്കേണ്ടതും ഒരു വായ്പ അടച്ചു കഴിയുമ്പോൾ പ്രമാണം (പ്രോനോട്ടു) തിരിച്ചു കൊടുക്കണമെന്നുള്ള പൊതുനടപടി സംഘങ്ങളും അംഗീകരിക്കേണ്ടതും ആകുന്നു. ഇടപാടുതീർന്ന ഒരു പ്രമാണം തിരിച്ചുകൊടുത്തു എന്നു കടം വായ്പാ ഏടവിൽ വിവരം എഴുതി വായ്പക്കാരനും സംഘം സിക്രട്ടറിയും തീയതിവച്ചു് അടയാളം രേഖപ്പെടുത്തേണ്ടതാകുന്നു. ഏതെങ്കിലും ഒരു വായ്പ ഇടപാടു മേൽപ്രകാരം എഴുതി അടയാളം വയ്ക്കാതെ

അവസാനിപ്പിച്ചതായി വിചാരിക്കാവുന്നതല്ല. കണക്ക് അവസാനിപ്പിച്ചിരിക്കുന്നു എന്നു മാത്രമുള്ള കുറിപ്പു മതിയാകുന്നതല്ല.

മാസാന്ത്യക്കണക്കുകൾ പരിശോധിക്കുന്നതിനു കൂടുന്ന കമ്മറ്റിക്കാർ നിലവിലിരിക്കുന്ന വായ്പ പ്രമാണങ്ങൾ വരുത്തി പരിശോധിക്കേണ്ടതും തന്നാണ്ടായ വായ്പകൾക്കു മേൽപ്രകാരമുള്ള കുറിപ്പുകൾ ഉണ്ടോ എന്നു ബോദ്ധ്യപ്പെടേണ്ടതും ആണ്.

൩൩. വസ്തുവിവരപ്പട്ടിക.

സക്യുലർ ൭.

ഗവണ്മെൻറിൽനിന്നും ൪൦൭-ാംനമ്പരായി ൧൯൧൭ നവംബർ ൧൯-ാംനു പാസാക്കിയിട്ടുള്ള റൂൾസ് ൧൨-ാംവകുപ്പു (സി) പിരിവിലെ താല്പര്യപ്രകാരം ൧൯൦൪-ാമാണ്ടത്തെ ൧൦-ാംആക്ടനുസരിച്ചു രജിസ്റ്ററാക്കപ്പെട്ടിട്ടുള്ള ക്ലിപ്തരഹിതമായ ബാദ്ധ്യതയോടുകൂടിയ എല്ലാ പരസ്പരധനസഹായസംഘങ്ങളും അവയിലെ അംഗങ്ങളുടെ വസ്തുവിവരപ്പട്ടിക വർഷാവസാനദിവസത്തിൽ പുതുക്കേണ്ടതാകുന്നു. അപ്രകാരം പുതുതായി എഴുതപ്പെട്ട പട്ടികയുടെ രണ്ടു പ്രതികൾ കന്നിമാസം ൧൦-ാംനു-ക്കു മുമ്പായി ഈ ആഫീസിൽ കിട്ടത്തക്കവണ്ണം അയക്കേണ്ടതാണ്. പട്ടിക അയക്കാതെ കടത്തിനു അപേക്ഷിക്കുന്നതായാൽ ആ വക അപേക്ഷകളെ സെൻട്രൽ ബാങ്കിൽ ഗൌനിക്കുന്നതല്ല.

സക്യുലർ ൨൭.

൧൯൦൪-ാമാണ്ടത്തെ ൧൦-ാംആക്ട് അനുസരിച്ച് രജിസ്റ്ററാക്കപ്പെട്ട ക്ലിപ്തരഹിതമായ ബാദ്ധ്യതയോടുകൂടിയ എല്ലാ പരസ്പരസഹായസംഘങ്ങളും അംഗങ്ങളുടെ വസ്തുവിവരപ്പട്ടിക പുതുക്കി അവയുടെ രണ്ടു പ്രതികൾ വർഷാരംഭത്തിൽ ഇവിടെ അയക്കാത്ത പക്ഷം കടം വായ്പയ്ക്കു അപേക്ഷിക്കുന്നതായാൽ ആ വക അപേക്ഷകളെ സെൻട്രൽ ബാങ്കിൽ ഗൌനിക്കുന്നതല്ലാത്തതാണെന്ന് കാലേകൂട്ടി അറിയിച്ചിരിക്കുന്നു.

സക്യുലർ ൩൦.

൧൯൦൪-ാമാണ്ടത്തെ ൧൦-ാംറഗുലേഷൻപ്രകാരം രജിസ്റ്ററാക്കപ്പെട്ടിട്ടുള്ള ക്ലിപ്തരഹിതമായ ബാദ്ധ്യതയോടുകൂടിയ സംഘങ്ങൾ ഈ ആഫീസിലെ ൨൭-ാംനമ്പർ സക്യുലറിൻപ്രകാരം വർഷന്തോറും പുതുക്കി അയക്കുന്ന വസ്തുവിവരപ്പട്ടികകളിൽ അതാതു സംഘം സിക്രട്ടറി

ച്ചിട്ടിരിക്കേണ്ടതാണ്. മേല്പടി സ്റ്റേയിറ്റുമെൻറിൽ എഴുതിയിരിക്കുന്ന ഭാഗങ്ങൾ മുഴുവനും മാനേജിംഗ കമ്മറ്റിക്കാർ പരിശോധിച്ചു അനുവദിച്ചതിൽ പിന്നെ ഇവിടെ അയക്കേണ്ടതാണ്.

൩൪. ഋണനിവാരണം.

സർക്യലർ ൧൩൧.

കാർഷികഋണബാദ്ധ്യതയെ സംബന്ധിച്ച സ്റ്റാറ്റിസ്റ്റിക്സ് (കണക്കുകൾ) ശേഖരിക്കുന്നതിനു ബാങ്കിംഗ് എൻക്വയറി കമ്മിറ്റി തയ്യാറാക്കിയിട്ടുള്ള ഫാറങ്ങൾ പരസ്പരസഹായസംഘങ്ങളുടെ അറിവിനായി താഴെ കൊടുത്തിരിക്കുന്നു. തഹശീൽദാർമാർ മുഖാന്തിരം ഓരോ താലൂക്കിലും മൂന്നു മാതൃകാകരകളിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നുണ്ടാകയാൽ അതു കയ്യേൽക്കുന്നതിനു തയ്യാറുള്ള സംഘങ്ങളെ അതിലേക്കു ക്ഷണിച്ചുകൊള്ളുന്നു. തെറ്റുകൾ വരാതെയിരിക്കുന്നതിനുവേണ്ടി ഓരോ സംഘവും ഈ ജോലി ചെയ്യുന്നതിനു ഒരു സബ് കമ്മിറ്റിയേയും ഏല്പിച്ചു നടത്തേണ്ടതാണ്. കണക്കുകൾ ഒരു റവന്യൂകരയേമാത്രം സംബന്ധിച്ചിരിക്കേണ്ടതാണ്.

കരയിലുള്ളവരുടെ കടബാദ്ധ്യതകൾ.

൧. കരയുടേയൊ ഗ്രാമത്തിൻേറയൊ } പേരു
ജനസംഖ്യ.

൨. കൃഷി—ഭൂമിയുടെ ഉടമസ്ഥാവകാശം (ജന്മം, ഒറ്റി മുതലായവ) ഓരോ ഇനത്തിലും അടങ്ങിയ ഭൂമിയുടെ വിസ്തീർണ്ണം.

൩. ഉദ്ദേശകൃഷിച്ചെലവുകൾ—നെല്ലിനെ സംബന്ധിച്ച വിവരങ്ങൾ, സെറ്റിൽമെൻറു രജിസ്റ്റർ കിട്ടുമെങ്കിൽ അതിൽനിന്നും എടുക്കാം.

൪. വില്പനരീതി—ഇതിലേക്കുള്ള ധനസഹായം എങ്ങിനെ?

൫. കൃഷികാര്യങ്ങൾക്കു കടം കൊടുക്കാൻ കരയിലുള്ള ഏർപ്പാടുകളും ആളുകളും.

൬. മുൻപറഞ്ഞ ഓരോന്നിനും.

(എ) സാധാരണ കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന ഈടുകൾ.

(ബി) പലിശയുടേയും പിഴയുണ്ടെങ്കിൽ അതിന്റേയും ക്രമം.

(സി) മററിനങ്ങൾ ഉണ്ടെങ്കിൽ.

൬. കരയിൽ ഒട്ടാകെയുള്ള കടങ്ങളെ ഇതോടു ചേർത്തിട്ടുള്ള പട്ടികപ്രകാരം ഇനം തിരിച്ചു കാണിക്കുക.

൭. കരക്കാരുടെ സമ്പാദ്യങ്ങൾ എങ്ങിനെ നിക്ഷേപിക്കുന്നു.

(എ) ആഭരണങ്ങളായിട്ട്.

(ബി) പരസ്പരസഹായസംഘങ്ങളിൽ.

(സി) അഞ്ചൽ (തപാൽ) സേവിംഗ് സ് ബാങ്കിൽ.

(ഡി) മററു വിധേന.

കരയിലുള്ളവരുടെ

കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും കടങ്ങൾ പ്രത്യേക പട്ടികകളിൽ എഴുതണം
അതിന്റെ വിലയും

ഇനങ്ങൾ	സ്ഥാപരവസ്തുക്കളുടെ ഈടിന്മേൽ വാങ്ങിയ കടങ്ങൾ				കന്നുകാലി മുതലായ ജംഗമമായ വസ്തുക്കളുടെ ഈടിന്മേൽ വാങ്ങിയവ	
	പണമിടപാടുകാരിൽനിന്നും	ദേവസ്വങ്ങളിൽനിന്നും	പ. സ. സംഘങ്ങളിൽനിന്ന്	മറ്റുവിധം	പ. സ. സംഘങ്ങളിൽനിന്ന്	പണമിടപാടുകാരിൽനിന്ന്
൧	൨	൩	൪	൫	൬	൭.
I. ആകെ നില്പുകടം						
II. I-ൽ പറഞ്ഞ തുകയിൽ കഴിവുള്ളിടത്തോളം ആദ്യ കടത്തിന്റെ തുകയും പലിശ ചേർത്തതിൽ പിന്നീട് കൂട്ടിയ തുകയും പ്രത്യേകം പറക						
III. ഓരോന്നിനും സാധാരണ ഏടപ്പുള്ള പലിശ ക്രമം						

കടബാദ്ധ്യതകൾ.

ഭൂമിക്കടങ്ങൾ മുൻവിളവെടുപ്പു കാലത്തിനു മുമ്പുള്ളവയായിരുന്നാൽ ചക്രം.

പ്രോ. നോട്ടിന്മേലുള്ള വായ്പകൾ			ആകെ	വായ്പകളുടെ ആവശ്യങ്ങൾ							റിമാർക്ക്
പ. സ. സംഘങ്ങളിൽനിന്ന്	പണമിടപാടുകാരിൽനിന്ന്	മറ്റുവിധം		മുൻകടം വീട്ടുന്നതിന്	വിവാഹം മുതലായ ആവശ്യങ്ങൾക്ക്	കരം കൊടുക്കുന്നതിന്	കൃഷിച്ചെലവിന്	പശു, വിത്ത് മുതലായ കൃഷി ആവശ്യങ്ങൾക്ക്	സ്ഥാവരവസ്തുക്കൾ വാങ്ങുന്നതിന്	വിദ്യാഭ്യാസചിലവിന്	(ഈ കോളത്തിൽ ൧൦-ം ൧൧-ം കോളങ്ങളിലുള്ള വിവരം ചേർക്കേണ്ടതാണ്)
൮	൯	൧൦	൧൧	൧൨	൧൩	൧൪	൧൫	൧൬	൧൭	൧൮	൧൯

സക്കുലർ ൧൩൨.

Subject: — Relief to borrowers from Co-operative Societies.

In view of the prevailing economic depression and in order to collect as much as possible of the arrears, the Central Bank, the Taluk Banks, the Banking Unions, Urban Banks and the Primary Societies are advised to grant the following concessions to borrowers, —

(1) The following reductions in the rates of interest may be made by the Central Bank :—

(*a*) To Taluk Banks for financing societies to $6\frac{3}{4}$ per cent.

(*b*) To Taluk Banks for financing individuals to $7\frac{1}{4}$ per cent.

(*c*) To Primary Societies for financing individuals to $7\frac{1}{4}$ per cent.

(2) The lending rates in Taluk Banks, Banking Unions, Urban Banks and Primary Societies should not exceed the above rates by more than one per cent, except in the case of loans advanced to primary societies by the first two. To be in conformity with the rate now proposed by the Central Bank, the lending rates of the Taluk Banks and Banking Unions to primary societies should not exceed $7\frac{1}{4}$ per cent.

(3) Fixed Deposits should be renewed at reduced rates in interest not exceeding $6\frac{1}{4}$ per cent and if necessary, the expenditure under establishment should be cut down.

(4) Waiver of penal interest on overdue instalments in all cases where parties pay interest before 30-10-1111. The penal interest may be entirely abolished from the date of amendment of the bye-laws and a system of rebates may be introduced in respect of punctual repayments.

(5) Collection of interest for the Co operative Year 1111 at the reduced rate of interest on all outstanding loans had or had not fallen due or been decreed.

(6) Collection of interest by societies from members at the reduced rate from the date up to which interest was paid already, whether the interest was due not only for the current year but also for previous years provided the interest was paid before 30-10-1111.

(7) In many cases the interest due from a borrower is more than the principal. Such accumulation is undesirable and should not be permitted. Awards on account of interest for amounts exceeding half the principal will not be issued hereafter as such awards deprive members of Co-operative Societies of the benefits of the Municipal Law of the land.

(8) There is no reason why societies should continue to pay a high rate of dividend on share capital in these days of cheap money. The societies are advised to pay not more than 6 per cent, and the benefit of cheap money should be extended to the borrowers who have been hit hard on account of low prices for the produce. A borrower will prefer a reduction in the rate of interest on his loan to a higher dividend on his share capital.

(9) Societies are further advised to amend their bye-laws suitably to give effect to these suggestions.

സൎക്കുലർ ൧൭൨.

ഈ ആഫീസിൽനിന്നും ൧൧൧൧-ാമാണ്ടു മകരമാസം ൨൧-നു ൧൬൨൨-ാംനമ്പരായി പ്രസിദ്ധംചെയ്തിട്ടുള്ള സൎക്കുലറിനെപ്പററി പല സംഘങ്ങളിൽനിന്നും സംശയങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്നതിനാൽ കൂടുതൽ വിശദീകരണം ആവശ്യമാണെന്നു വിചാരിക്കുന്നു.

വായ്പകൾക്കു പലിശ കണക്കാക്കുന്നതിനെ സംബന്ധിച്ച് ആ സൎക്കുലറിൽ ചെയ്തിരുന്ന നിർദ്ദേശങ്ങൾ സൌകൎയ്യപ്രദമല്ലെന്നു പല സഹകാരസംഘക്കാരും, കാൺഫറൻസുകാരും സംഘങ്ങളും അഭിപ്രായമുള്ളതിനാൽ അല്പം ചില ഭേദഗതികൾ കൂടി ചുവടെ നിർദ്ദേശിച്ചിരിക്കുന്നു. ഇതു പ്രാഥമികസംഘങ്ങളെയും വ്യക്തികൾക്കു കൊടുക്കുന്ന വായ്പകളെ സംബന്ധിച്ചിടത്തോളം താലൂക്കുബാങ്കുകളെയും ബാധിക്കുന്നതാണ്.

(എ) നിബന്ധനകളിൽ ഭേദഗതി വരുത്തേണ്ടഭാഗങ്ങൾ:—

മാതൃകാനിബന്ധനകളെയാണ് ഇടത്തുവശത്തു കൊടുത്തിട്ടുള്ളത്.

ഇപ്പോൾ നിലവിലിരിക്കുന്നത്.

൧൬. (എ) ഫിക്സഡ് ഡിപ്പാസിററ്.

ഒരു നിശ്ചിത...... ൧൦൮൯-ന് ൭½ (ഏഴര യിൽ കവിയാത്ത നിരക്കുകണ്ടു കണക്കാക്കണം... ... ...പലിശ നിരക്കപോകുന്നതുമല്ല.

൧൬. (ജി) പൊതുനന്മഫണ്ട്.

സംഘത്തിൽ ചേർന്ന... ... ... അതിലേക്കു ആണ്ടിൽ ൧൦൦-ന് ൭½ (ഏഴര) കണ്ടുള്ള പലിശ കൂട്ടുന്നതുമാകുന്നു... ... ...പാട്ടുള്ളതുമാകുന്നു.

മററുകടങ്ങൾ.

൧൨ മെംബറന്മാരിൽനിന്നോ മെംബറന്മാരല്ലാ ... ...കൊല്ലത്തിൽ ൧൦൦-ന ൮-ൽ (എട്ടിൽ) കവിയാതിരിക്കുകയും... ... ...ചെയ്യുരിക്കണം.

൪൩ സംഘത്തിൽനിന്നും കൊടുക്കുന്ന എല്ലാ വായ്പകൾക്കും മാസം ഒന്നിനു രൂപയ്ക്കു നാലുകാശുവീതം പലിശ ഈടാക്കേണ്ടതാകുന്നു ... ... കൂട്ടുന്നതാണ്.

ഭേദപ്പെടുത്തേണ്ടവിധം.

൧൬. (എ) ഫിക്സഡ് ഡിപ്പാസിററ്.

ഒരു നിശ്ചിത.............൧൦൦-ന് ൬ (ആറിൽ) -ൽ കവിയാത്ത നിരക്കു കണ്ടു കണക്കാക്കണം .... പലിശ നിരക്കപോകുന്നതുമല്ല.

൧൬. (ജി) പൊതുനന്മഫണ്ട്.

സംഘത്തിൽചേർന്ന............. ...... അതിലേക്കു ആണ്ടിൽ ൧൦൦-ന ൬½ (ആറര) കണ്ടുള്ള പലിശ കൂട്ടുന്നതുമാകുന്നു............... ...പാട്ടുള്ളതുമാകുന്നു.

മററുകടങ്ങൾ.

൧൨. മെംബറന്മാരിൽനിന്നോ മെംബറന്മാരല്ലാ .... കൊല്ലത്തിൽ ൧൦൦-ന് ൬-ൽ (ആറിൽ) കവിയാതിരിക്കുകയും .... ചെയ്യുരിക്കണം.

൪൩. സംഘത്തിൽനിന്നും കൊടുക്കുന്ന എല്ലാ വായ്പകൾക്കും മാസം ഒന്നിനു രൂപയ്ക്കു മൂന്നു കാശുവീതം പലിശ ഈടാക്കേണ്ടതാകുന്നു.......................... കൂട്ടുന്നതാണ്.

൪൯. (൨) വീഴ്ചവരുത്തുമ്പോൾ ……………… രൂപയ്ക്കു നാലുകാശു പലിശയ്ക്കു പുറമേ ൨ കാശു വീതം പിഴയും വസൂലാക്കുന്നതാണ്……………… തീരെ നിന്നുപോകുന്നതും ആകുന്നു.

൫൦. ഒരു കടംവാങ്ങി…………………മാസം ഒന്നിനു രൂപയ്ക്കു നാലുകാശു വീതമുള്ള പലിശയ്ക്കു പുറമെ നിശ്ചയിച്ചിട്ടുള്ള രണ്ടു കാശുവീതമുള്ള പിഴയും …………ആകുന്നു.

൫൧. ജാമ്യം നിന്ന ഒരാൾ………………മാസം ഒന്നിനു രൂപയ്ക്കു മൂന്നുകാശുവീതമുള്ള പലിശയ്ക്കു പുറമെ രണ്ടു കാശുവീതമുള്ള പിഴയും വസൂലാക്കുന്നതുമാകുന്നു.

൫൨. ഒരു മെംബർക്കു മാസം ഒന്നിനു രൂപയ്ക്കു നാലുകാശുവീതമുള്ള പലിശയ്ക്കു പുറമെ നിശ്ചയിച്ചിട്ടുള്ള രണ്ടുകാശുവീതമുള്ള പിഴയും ചുമത്തുന്നതാകുന്നു.

൫൩. (൩) ബാക്കി ലാഭത്തിൽ നിന്നും പൂർത്തിയായി അടച്ചുതീർത്തിട്ടുള്ള ഓരോ ഓഹരിക്കും അവയുടെ ഏഴരശതമാനത്തിൽ (ആണ്ടേയ്ക്കു) കവിയാത്ത ലാഭപങ്കായി വീതിക്കാവുന്നതാകുന്നു.

൪൯. (൨) വീഴ്ചവരുത്തുമ്പോൾ ……………… രൂപയ്ക്കു മൂന്നുകാശു പലിശയ്ക്കു പുറമെ ഒരു കാശുവീതം പിഴയും വസൂലാക്കുന്നതാണ്……………… തീരെ നിന്നു പോകുന്നതും ആകുന്നു.

൫൦. ഒരു കടം വാങ്ങി ……………… ..മാസം ഒന്നിനു രൂപയ്ക്കു മൂന്നുകാശു വീതമുള്ള പലിശയ്ക്കുപുറമെ നിശ്ചയിച്ചിട്ടുള്ള ഒരുകാശു വീതമുള്ള പിഴയും………… ആകുന്നു.

൫൧. ജാമ്യംനിന്ന ഒരാൾ……………മാസം ഒന്നിനു രൂപയ്ക്കു മൂന്നുകാശുവീതമുള്ള പലിശയ്ക്കുപുറമെ ഒരുകാശു വീതമുള്ള പിഴയും വസൂലാക്കുന്നതുമാകുന്നു.

൫൨. ഒരു മെംബർക്കു മാസംഒന്നിനു രൂപയ്ക്കു മൂന്നുകാശുവീതമുള്ള പലിശയ്ക്കു പുറമെ നിശ്ചയിച്ചിട്ടുള്ള ഒരു കാശു വീതമുള്ള പിഴയും ചുമത്തുന്നതാകുന്നു.

൫൩. (൩) ബാക്കിലാഭത്തിൽനിന്നും പൂർത്തിയായി അടച്ചുതീർത്തിട്ടുള്ള ഓരോ ഓഹരിയ്ക്കും അവയുടെ ആറുശതമാനത്തിൽ (ആണ്ടേയ്ക്കു) കവിയാതെ ലാഭപങ്കായി വീതിക്കാവുന്നതാകുന്നു.

(ബി) പൊതുയോഗം പാസ്സാക്കേണ്ട നിശ്ചയം.

സംഘത്തിൽനിന്നും കടം കൊടുത്തിട്ടുള്ള അംഗങ്ങൾക്കു താഴെ പറയുന്ന സൗജന്യങ്ങൾ അനുവദിച്ചുകൊടുക്കേണ്ടതും അതിലേക്കു കമ്മറ്റിക്കാർ രജിസ്ത്രാർ അവർകൾക്കു എഴുതിഅയച്ചു അനുവാദം വരുത്തേണ്ടതും ആകുന്നു.

(൧) കേസ്സെടുത്തു വിധി ആയിട്ടുള്ളതോ കുടിശ്ശിക ആയിട്ടുള്ളതോ അല്ലാത്തതൊ ആയ എല്ലാ നിൽപ്പുവായ്പകളിലും സഹകരണവർഷം ൧൧൧൧-ൽ രൂപയ്ക്കു മൂന്നുകാശു പലിശയും ഒരുകാശു പിഴയും കണക്കാക്കേണ്ടതാണ്.

(൨) ൧൧൧൧ ഇടവം ൩൧-ാനു-യ്ക്കു മുമ്പു പലിശ മുഴുവൻ അടയ്ക്കുന്നപക്ഷം (എ) തൻകൊല്ലത്തേയ്ക്കു മാത്രമല്ല മുൻകൊല്ലങ്ങളിലേയ്ക്കും പലിശ കുടിശ്ശികയുണ്ടായിരുന്നാലും ഏതു തീയതിവരെ പലിശ അടച്ചിട്ടുണ്ടോ ആ തീയതിമുതൽ മേലോട്ടു രൂപയ്ക്കു മൂന്നു കാശുവീതം പലിശ കണക്കാക്കേണ്ടതാകുന്നു (ബി) അതേവരെ ജനിച്ചിട്ടുള്ള പിഴ മുഴുവൻ ഇളവുചെയ്തുകൊടുക്കേണ്ടതാകുന്നു. (ഡി) നാലുകാശു ക്രമത്തിനു പലിശ ഈടായിട്ടുണ്ടെങ്കിൽ ഒരു കാശു വീതമുള്ള അധികപലിശ തിരിച്ചു കൊടുക്കേണ്ടതാണ്.

ഭേദഗതികൾ പൊതുയോഗത്തിൽ പാസ്സാക്കേണ്ട രീതിയെപ്പററി ഫാറം VII-ലും ഈ ആഫീസിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള സക്കുലർ ൧൩൭-ലും വ്യക്തമായി വിവരിച്ചിട്ടുണ്ട്. സഹകരണവർഷം ൧൧൧-ൽ തന്നെ ഈ സൌജന്യങ്ങൾ നടപ്പിൽ വരുത്തുന്നതു എല്ലാ അംഗങ്ങൾക്കും ഗുണകരമായിരിക്കുമെന്നുള്ളതിനാലും കണക്കുകൾ അവസാനിപ്പിക്കുന്നതിനു ഇനി രണ്ടുമാസം മാത്രം ഉള്ളതിനാലും ആവശ്യമില്ലാത്ത താമസത്തിനു ഇടകൊടുക്കാതിരിക്കുന്നതിനു നിശ്ചയങ്ങൾ അവ പാസ്സാക്കി അയക്കേണ്ട രീതിയിൽതന്നെ എഴുതി അയക്കുന്നതിൽ കമ്മററിക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അവക്ക് ഇതു സംബന്ധിച്ചു വല്ല സംശയവും ഉള്ളപക്ഷം യൂണിയനോടൊ, ഇൻസ്പെക്ടരോടോ ചോദിച്ചാൽ മതിയാകുന്നതാണ്.

സക്കുലർ ൧൯൭.

ഈ ഡിപ്പാർട്ടുമെൻറിൽ നിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൧൩൫, ൧൯൨ ഈ നമ്പർ സക്കുലറുകളിൽ അനുവദിച്ചിട്ടുള്ള സൌജന്യങ്ങൾ ൩൧-൧൦-൧൧൧-നുമുമ്പു പലിശ മുഴുവനും അടച്ച

തീക്കുന്നവക്കു മാത്രമാണു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. എന്നാൽ ടി സൗജന്യങ്ങൾ എല്ലാപേക്ഷം ഉപയോഗപ്പെടുമായിതീരുന്നതിനു മേൽ പറഞ്ഞ സമയക്ലിപ്തം തുലോം കുറഞ്ഞുപോയി എന്നും എല്ലാപേക്ഷം ഉദ്ദിഷ്ടഗുണങ്ങൾ ലഭിക്കുവാൻ സാധിക്കാതെവന്നിരിക്കുന്നതായും പരാതികൾ ഉണ്ടായിരിക്കുന്നു. എല്ലാവക്കും ഒരുപോലെ മേൽ പ്രസ്താവിച്ച സക്കുലറുകളിലുള്ള ആനുകൂല്യങ്ങൾ ലഭിക്കത്തക്കവിധത്തിൽ പ്രസ്തുത സക്കുലറുകളിലെ കാലാവധി ൧൧൧ ഇടവം ൩൧-നു-മുതൽ ആറുമാസക്കാലത്തേക്കുകൂടി നീട്ടികൊടുക്കുന്നതു കാര്യക്ഷമതയ്ക്കുന്നുപേക്ഷ്യമായിരിക്കുമെന്നു വിചാരിക്കുന്നു. അതിനാൽ ഈ കാലത്തിനകം എല്ലാ സഹകരണസംഘങ്ങളും ടി ആനുകൂല്യത്തെ ശരിയായ വിധത്തിൽ പ്രയോജനകരമാക്കി തീക്കുമെന്നു വിശ്വസിക്കുന്നു.

സക്കുലർ ൧൪൧.

ഈ ആഫീസിൽനിന്നും ൧൩൪, ൧൨൨, ൧൨൭ എന്നീ സക്കുലറുകളിൽ പരസ്പരസഹായസംഘങ്ങളുടെ നന്മയെ ഉദ്ദേശിച്ചു അനുവദിക്കപ്പെട്ടിട്ടുള്ള സൗജന്യങ്ങളുടെ കാലാവധി ൧൧൧൨ വൃശ്ചികം അവസാനംവരെ മാത്രമാണു്. എന്നാൽ മേൽപ്പടി സക്കുലറുകൾ മുഖാന്തിരം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള സൗജന്യങ്ങൾ ഭൂരിപക്ഷം അംഗങ്ങൾക്കും ഈ കാലാവധിക്കുള്ളിൽ ഉപയോഗപ്പെടുത്തുന്നതിനു സാധിച്ചിട്ടില്ലെന്നും സാമ്പത്തിക വിഷമങ്ങളെയും സംഘങ്ങളുടെ സുരക്ഷിതത്വത്തെയും ആസ്പദമാക്കി കാലാവധി ഒരു പ്രാവശ്യംകൂടി നീട്ടികിട്ടണമെന്നു കാണിച്ചു ചില സംഘങ്ങൾ ഇവിടെ അപേക്ഷിച്ചിരിക്കുന്നു. സംഘങ്ങളുടെ ഇന്നത്തെ നിലയെ പരിഗണിച്ചു യഥാർത്ഥമായ നന്മ മുൻപ്രസ്താവിച്ച സൗജന്യങ്ങൾ മുഖേന സാധിതപ്രായമാക്കണമെന്നുള്ളതിനാൽ ടി സക്കുലറുകളുടെ കാലാവധി ൩൨-൧൦-൧൧൧൨ വരെ നീട്ടിയിരിക്കുന്നു. എല്ലാ സംഘങ്ങളും ഇതിൽ അടങ്ങിയിരിക്കുന്ന തത്വം ശരിയായി മനസ്സിലാക്കി ഈ കാലാവധിക്കുള്ളിൽ കാര്യക്ഷമതയോടുകൂടി കുടിശ്ശിക പിരിച്ചെടുത്തു പ്രസ്ഥാനത്തിന്റെ പുരോഗമനത്തെ സഹായിക്കുമെന്നു വിശ്വസിക്കുന്നു.

സക്കുലർ ൨൧൦.

ഡിപ്പാർട്ടുമെൻറുവക ൧൨൨-ാംനമ്പർ സക്കുലർ പ്രകാരം ഏതാനും കാലത്തേക്കുള്ള പലിശ, പിഴ ഇവകൾ ഇളവുചെയ്യുന്നും മേലാലുള്ള പലിശ, പിഴ ഇവയുടെ ക്രമം കുറയ്ക്കാൻ നിബന്ധനകളെ

ഗതിയ്ക്കു അപേക്ഷിക്കാനും സംഘങ്ങളെ ഉപദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഉദ്ദേശം ഒന്നുപകുതി സംഘങ്ങൾ ഇന്നും ആ നിർദ്ദേശപ്രകാരം നിബന്ധന ഭേദഗതികൾ ചെയ്തിട്ടില്ലെന്നു കാണുന്നതു പരിതാപകരമായിരിക്കുന്നു. സാമ്പത്തികാധഃപതനം നിമിത്തം പൊതുവേ ആശ്വാസം നൽകുന്നതിലേക്ക് അനുവദിച്ച പദ്ധതി സംഘങ്ങൾ എല്ലാം കൈക്കൊള്ളാതെയിരിക്കുന്നതു കേവലം ഭരണക്കാരുടെ അലസതയോ വിമുഖതയോകൊണ്ടു മാത്രമേ ആയിരിക്കാൻ ഇടയുള്ളു എന്നു വിചാരിക്കുന്നു. ഈ മനോഭാവം മാറ്റി എല്ലാവർക്കും സൗജന്യം ലഭിക്കത്തക്കവണ്ണം ബാക്കിയുള്ള സംഘം കമ്മററിക്കാരും നിബന്ധന ഭേദഗതിയ്ക്കു അപേക്ഷിക്കാൻ ഉടൻ വേണ്ടതു ചെയ്യണമെന്നു ഉപദേശിക്കുന്നു.

൨. മേൽപ്രകാരം നിബന്ധന ഭേദഗതി ചെയ്തവയും അല്ലാത്തവയും ആയ സംഘങ്ങളിൽനിന്നും വീണ്ടും പലവിധ സൗജന്യങ്ങൾക്കു പൊതുയോഗനിശ്ചയങ്ങൾ പാസ്സാക്കി അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നു. പരസ്പരസഹായസംഘങ്ങളിലെ വായ്പക്കാർക്ക് അനുവദിക്കാവുന്ന സൗജന്യങ്ങളെപ്പററി പൊതുവേ ആലോചന നടത്തിവരുന്നതും താമസിയാതെ സവിസ്തരമായ നിർദ്ദേശങ്ങൾ നൽകുന്നതും ആണ്. അതിനകമായി ഇപ്പോൾ ചെയ്യാവുന്നതു ഒരു സംഗതി മാത്രമാണ്. അതായതു ഒരു മാസത്തിനകം പലിശ അടയ്ക്കുന്നവർക്ക് ആ ക്രമത്തിനുള്ള പിഴ (അതായതു പലിശത്തീയതിവരെയുള്ള പിഴ) ഇളവു ചെയ്തുകൊടുക്കാൻ പൊതുയോഗനിശ്ചയം പാസാക്കി അയച്ചാൽ അനുവദിക്കാവുന്നതാണ്. കുംഭം അവസാനത്തിനു മുമ്പെങ്കിലും ഈ വക നിശ്ചയങ്ങൾ ചെയ്തു റിപ്പോർട്ടു ചെയ്യേണ്ടതും അതിനുശേഷം വരുന്ന അപേക്ഷകൾ ഗൗനിക്കുന്നതല്ലാത്തതും ആകുന്നു.

സക്കുലർ ൨൨൩.

൧൧൧൩-ലെ ൨-ം, ൩-ം നമ്പർ തിരുവിതാംകൂർ ജന്മിവാരം ആക്ററു സഹകരണസംഘങ്ങളേയും ബന്ധിക്കുന്നതാണെന്നു ഗവൺമെൻറിൽനിന്നും ൧൯൪൧ ജാനുവരി ൨൭-ാംനു-യിൽ ആർ. ഒ. സി. ൨൪൬൬-൪൦ ജൂഡിഷ്യൽ ആയി ഉത്തരവുണ്ടായിട്ടുള്ളതിനാൽ ടി ആക്ററിലെ വ്യവസ്ഥകൾക്കുൾപ്പെട്ടു കടങ്ങൾ തീക്കുന്നതിനും സൗജന്യങ്ങൾ ലഭിക്കണമെന്നാഗ്രഹമുള്ളവർ യഥാവിധി അതാതു സംഘങ്ങളിലേയ്ക്കോ ബാങ്കുകളിലേയ്ക്കോ മേലധികാരസ്ഥാനങ്ങളിലേയ്ക്കോ അപേ

ക്ഷിച്ചുകൊള്ളാവുന്നതും, സംഘത്തിലേയ്ക്കോ ബാങ്കിലേയ്ക്കോ, ലഭിക്കാവുന്ന അപേക്ഷകൾ ഓരോ സംഘവും ബാങ്കും, സ്വീകരിച്ചു ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സൗജന്യങ്ങൾ അനുവദിച്ചു കൊടുക്കേണ്ടതു മാകുന്നു.

൧൧൧൨-ധനു ൨൩-ാംനു-ക്കു മുമ്പുള്ള വായ്പകൾക്ക് മാത്രമേ ആക്ടിലെ ൯-ാംവകുപ്പിൻപ്രകാരമുള്ള ഈ സൗജന്യങ്ങൾ അവകാശപ്പെടാവൂ (ആക്ടിലെ ൩-ാംവകുപ്പും വിവരണവും നോക്കുക.) അവാർഡായിട്ടുള്ളതും അല്ലാത്തതുമായ ഏർപ്പാടുകൾ മേൽ വ്യവസ്ഥപോലെ തീർക്കുവാനുള്ള അപേക്ഷകളിന്മേൽ നിയമപ്രകാരം ചെയ്യാവുന്ന എല്ലാ സൗജന്യങ്ങളും സംഘങ്ങൾ നൽകേണ്ടതാകുന്നു. ഏതെങ്കിലും മെമ്പറന്മാരുടെ (അവാർഡായിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും) അപേക്ഷപ്രകാരം ഏർപ്പാടുകൾ തീർപ്പാക്കുവാൻ അനുവദിക്കുന്ന സംഗതിയിൽ ഏതു കാര്യത്തെപ്പററിയും സംശയമോ, തക്കമോ ഉണ്ടാകുന്നപക്ഷം ആക്ടിലെ ൧൭-ാംവകുപ്പനുസരിച്ചു അപ്രകാരമുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിനു അതാതു അസിസ്റ്റൻറു രജിസ്ട്രാരന്മാരോടു അപേക്ഷിക്കേണ്ടതും അതിന്മേൽ അവരുടെ തീരുമാനപ്രകാരം പ്രവർത്തിച്ചു കൊള്ളേണ്ടതുമാകുന്നു. അസിസ്റ്റൻറു രജിസ്ട്രാരുടെ തീർപ്പിന്മേൽ അപ്പീൽ ഉണ്ടായിരുന്നാൽ അവ രജിസ്ട്രാർ കേട്ടു തീരുമാനിക്കുന്നതായിരിക്കും.

സൗജന്യങ്ങൾ അനുസരിച്ചു വായ്പ ഇടപാടുകൾ തീർക്കുമ്പോൾ ഒഴിവാക്കുക വായ്പയിൽ വകവയ്ക്കാൻ പാടില്ലാത്തതാകുന്നു.

൩൭. ആഡിററ്.

ആക്ററ് ൨൨.

(൧) രജിസ്ട്രാർതന്നെയോ അതിലേക്കായി സാമാന്യമായോ പ്രത്യേകമായോ ഉള്ള ഉത്തരവിനാൽ അദ്ദേഹം രേഖാമൂലം അധികാരപ്പെടുത്തിയിട്ടുള്ള വല്ല ആളൊ ആണെങ്കിൽ കുറഞ്ഞപക്ഷം ഒരു പ്രാവശ്യമെങ്കിലും എല്ലാ സംഘങ്ങളുടേയും കണക്കുകൾ പരിശോധിക്കേണ്ടതാണ്.

കണക്കു പരിശോധന.

(൨) ൧-ാം ഉപവകുപ്പിൻപ്രകാരമുള്ള കണക്കു പരിശോധനയിൽ അവധി കഴിഞ്ഞ കടങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയുടെ പരിശോ

ധനയും നാണയമായുള്ള നീക്കിയിരിപ്പും ജാമ്യങ്ങളും ഒത്തുനോക്കലും സംഘത്തിന്റെ കടധനങ്ങൾക്ക വിലനിർണ്ണയം ചെയ്യുകയും ഉൾപ്പെടുന്നതാണു.

൩. ഏതെങ്കിലും സംഘത്തിന്റെ കണക്കുകൾ പരിശോധിക്കുന്ന രജിസ്ത്രാർക്കോ മററാളിനേയോ ആ സംഘംവകയായുള്ള പുസ്തകങ്ങളും കണക്കുകളും വൗച്ചറുകളും നോക്കാൻ യഥേഷ്ടം അനുവദിക്കേണ്ടതും നാണയമായുള്ള നീക്കിയിരിപ്പും ജാമ്യങ്ങളും തിട്ടപ്പെടുത്തുന്നതിന സ്വാതന്ത്ര്യമായ സൗകര്യം അനുവദിക്കേണ്ടതും ആകുന്നു.

ഒരു സംഘത്തിന്റെ കണക്കുകൾ പരിശോധിക്കുന്നതിനു നിയമിച്ചിട്ടുള്ള രജിസ്ത്രാർക്കോ മററാളിനൊ സംഘത്തിന്റെ ഇടപാടുകളും പ്രവൃത്തനവും സംബന്ധിച്ചു രജിസ്ത്രാരൊ മററാളൊ ആവശ്യപ്പെട്ടാവുന്ന എല്ലാ വിവരങ്ങളും കമ്മിററിയും സെക്രട്ടറിയും സംഘത്തിലെ മററുദ്യോഗസ്ഥന്മാരും നല്കേണ്ടതും രജിസ്ത്രാരൊ കണക്കു പരിശോധനക്കായി നിയമിച്ചിട്ടുള്ള മററാളോ ആവശ്യപ്പെടുമ്പോൾ പണമായുള്ള നീക്കിയിരിപ്പുമായി ഒത്തുനോക്കുന്നതിനു പണം ഹാജരാക്കേണ്ടതും ആകുന്നു.

൪. (i) സംഘത്തിന്റെ ഏതെങ്കിലും ഇടപാടുകളൊ സംഘംവക കാര്യങ്ങളുടെ നടത്തിപ്പോ സംബന്ധിച്ചു പ്രധാനപ്പെട്ട വിവരങ്ങൾ നല്കാൻ കഴിയുമെന്നു താൻ ന്യായമായി വിശ്വസിക്കുന്ന സംഘത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെയൊ ഏജന്റിനെയൊ ജോലിക്കാരനെയൊ അംഗത്തെയോ കണക്കു പരിശോധിക്കുന്ന സന്ദർഭത്തിൽ വിളിച്ചുവരുത്തുന്നതിനോ, അല്ലെങ്കിൽ

(ii) സംഘത്തിന്റെയൊ സംഘംവകയായ വല്ല പണത്തിന്റെയൊ ജാമ്യത്തിന്റെയൊ കാര്യങ്ങൾ സംബന്ധിച്ച ഏതെങ്കിലും പുസ്തകമോ പ്രമാണമൊ ഹാജരാക്കാൻ ആ പുസ്തകമൊ പ്രമാണമൊ പണമോ ജാമ്യമോ കൈവശം വച്ചിരിപ്പുള്ള ഉദ്യോഗസ്ഥനോടൊ ഏജന്റിനോടൊ ജോലിക്കാരനോടൊ അംഗത്തിനോടൊ ആവശ്യപ്പെടുന്നതിനൊ,

. രജിസ്ത്രാർക്കും ഒരു സംഘത്തിന്റെ കണക്കുകൾ പരിശോധിക്കുന്നതിനു നിയമിച്ചിട്ടുള്ള മററെല്ലാ ആളുകൾക്കും അധികാരമുണ്ടായിരിക്കുന്നതാണ്.

ചട്ടം ൧൧.

൧. പ്രത്യേകം ഒഴിവാക്കപ്പെട്ടിട്ടുള്ള സംഘങ്ങളോ, സംഘവര്‍ഗ്ഗങ്ങളോ ഒഴികെ, ഓരോ സഹകരണവര്‍ഷത്തിന്റെയും അവസാനദിവസം രണ്ടായിരം രൂപയോ അതില്‍ക്കൂടുതലോ പ്രവര്‍ത്തനമൂലധനമുള്ള ഒരു രജിസ്റ്റാക്കപ്പെട്ട സംഘം, അതിന്റെ ഓരോ വര്‍ഷത്തേയും കണക്കുകള്‍ ആഡിററു ചെയ്യുന്നവകയ്ക്കു, അതാതു വര്‍ഷം, ഗവണ്മെന്റിന്റെ മുന്നനുവാദസഹിതം, രജിസ്ട്രാര്‍ നിശ്ചയിക്കുന്ന സ്കെയിലനുസരിച്ചുള്ള ഫീസ്, ഗവണ്മെന്റില്‍ അടയ്ക്കേണ്ടതാകുന്നു.

എന്നാല്‍ ഈ ഉപവകുപ്പു താഴെപ്പറയുന്ന സംഘങ്ങളുടെ കാര്യത്തില്‍ ബാധകമാകുന്നതല്ല.

(a) പരിശോധനാ ഐക്യസംഘങ്ങളും, തിരുവിതാംകൂര്‍ സഹകരണ ഇന്‍സ്റ്റിറ്റ്യൂട്ട ക്ലിപ്തവും.

(b) സ്വന്തചെലവില്‍ കണക്കുകള്‍ ആഡിററു ചെയ്യിക്കുന്ന സംഘങ്ങള്‍.

എന്നാല്‍ ഈ വകുപ്പനുസരിച്ചുള്ള ആഡിററ്,

(i) രജിസ്ട്രാര്‍ അംഗീകരിച്ചിട്ടുള്ള ഒരു ഏര്‍പ്പാടനുസരിച്ചോ അല്ലെങ്കില്‍,

(ii) സഹകരണ ആക്ട് ൨൨-ാംവകുപ്പനുസരിച്ച്, രജിസ്ട്രാരാല്‍ അധികാരപ്പെടുത്തപ്പെട്ട ഒരു ആഡിററര്‍ മുഖാന്തിരമോ ആയിരിക്കണം. ഒരാഡിറററെ അധികാരപ്പെടുത്തുന്ന വിഷയത്തില്‍, ആ ആഡിററര്‍, ഈ ചട്ടങ്ങളനുസരിച്ചുള്ള സ്റ്റേററുമെന്റുകള്‍ രജിസ്ട്രാര്‍ നിര്‍ദ്ദേശിക്കുന്ന മാതൃകയില്‍ സമര്‍പ്പിക്കേണ്ടതാണ്.

൨. ഒന്നാംഉപവകുപ്പനുസരിച്ച്, ഒരു സംഘം അടയ്ക്കേണ്ട ഫീസ് സഹകരണവര്‍ഷത്തേക്കായിരിക്കുന്നതും, ആ വര്‍ഷമവസാനിച്ച്, നാലുമാസത്തിനുമുമ്പ് ആയതു ഏററവും അടുത്തുള്ള ഗവണ്മെന്റു ട്രഷറിയില്‍ അടയ്ക്കേണ്ടതുമാണ്.

൩. ഈ ചട്ടമനുസരിച്ച്, ഈടാക്കേണ്ട എല്ലാ ഫീസുകളും സഹകരണആക്ട് ൩൬-ാംവകുപ്പില്‍ നിര്‍ദ്ദേശിക്കുന്നതുപോലെ ഈടാക്കാവുന്നതാണ്.

൪. ഒരു പ്രത്യേകസംഘമോ, സംഘവര്‍ഗ്ഗങ്ങളോ, ഒന്നാംഉപവകുപ്പനുസരിച്ച് ഒരു വര്‍ഷത്തേയ്ക്കോ, അല്ലെങ്കില്‍ ഒരു ക്ലിപ്തകാലത്തേയ്ക്കോ ഒടുക്കേണ്ട സംഖ്യയുടെ ഒരു ഭാഗമോ, മുഴുവനുമോ ഇളവു ചെയ്തു കൊടുക്കുന്നതിന്, രജിസ്ട്രാര്‍ക്ക് യുക്താധികാരമുപയോഗിക്കാം.

സർക്ക്യുലർ നമ്പർ.

പരസ്പരസഹായസംഘങ്ങളുടെ ൧൧൦൭-ലെ ആഡിററു കണക്കുകൾ പാസ്സാക്കുന്നതിൽ അവയെ പ്രവർത്തനരീതി അനുസരിച്ചു ഓരോ ക്ലാസ്സുകളായി തരംതിരിക്കുന്നതിനു ഉദ്യമിച്ചിട്ടുണ്ടു. ഓരോ സംഘത്തേയും ഏതേതു ക്ലാസിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്ന് അതാതു ആഡിററുത്തരവിലേ കുറിപ്പുകളിൽ കാണിച്ചിരിക്കുന്നു. സംഘങ്ങളും യൂണിയൻ സംഘങ്ങളും ഈ വ്യവസ്ഥകളുടെ സ്വഭാവം അറിഞ്ഞിരിക്കേണ്ടതു എത്രയും ആവശ്യമാകയാൽ അവ താഴെ വിവരിക്കുന്നു.

രണ്ടു പ്രമാണത്തെ അടിസ്ഥാനമാക്കിയാണ് സംഘങ്ങളെ തരംതിരിച്ചിട്ടുള്ളതു. ഒന്നാമതായി സംഘങ്ങളുടെ പ്രവർത്തനക്രമം പരിഗണിച്ചു എ. ബി. സി. എന്ന് നാലു ക്ലാസ്സുകളായി തിരിച്ചിട്ടുണ്ട്. രണ്ടാമതായി വായ്പയിൽ ആകെ പിരിയേണ്ട സംഖ്യയിൽ പിരിവു സംഖ്യയേ ആസ്പദമാക്കി ഒന്നുമുതൽ ആറുവരെ ക്ലാസ്സുകളായി തരംതിരിക്കുകയും സംഘങ്ങളെ പിരിവിന്റെ ക്രമമനുസരിച്ചു ഏതെങ്കിലും ഒന്നിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു.

ആഡിററു പരിശോധന ഒഴികെ ഉദ്യോഗസ്ഥന്മാരുടെ സഹായംകൂടാതെ ജോലിനടത്താൻ ശേഷിയുള്ള സംഘങ്ങളെ എ ക്ലാസ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നു ഇവയെ മാതൃകാസംഘങ്ങളായി വിചാരിക്കാവുന്നതാണ് പരാശ്രയംകൂടാതെ സ്വന്തകാര്യങ്ങൾ നടത്തുന്നതിനു ശേഷിയുള്ളതും എന്നാൽ ഏതാനും കുടിശ്ശികകൾ ഉള്ളതുമായ സംഘങ്ങൾ ബി ക്ലാസ്സിൽ ഉൾപ്പെടുന്നു. ഇവയ്ക്കുള്ള വീഴ്ചകൾ ഗൗരവമായിട്ടുള്ളതല്ലായിരിക്കും. ഈ സംഘങ്ങൾ അവയുടെ ന്യൂനതപരിഹരിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കണം. നിറുത്തൽചെയ്യുന്നതിനു അർഹിക്കുന്ന സംഘങ്ങളെ ഡി ക്ലാസിൽ ഉൾപ്പെടുത്തുന്നു. ആ സംഘങ്ങൾ ഒരു വർഷത്തിനകം സി. ക്ലാസിൽ വരാത്തപക്ഷം അവയുടെ പ്രവൃത്തി നിറുത്തി ഇടപാടുകൾ അവസാനിപ്പിക്കുന്ന നടപടികൾ ആരംഭിക്കുന്നതാണ്. ഇവ പ്രവൃത്തിരഹിതവും ഉപയോഗശൂന്യവും ആയ സംഘങ്ങളാകുന്നു. മേൽ പറയപ്പെട്ട മൂന്നു ക്ലാസ്സുകളിലും ഉൾപ്പെടാത്ത സംഘങ്ങൾ സി. ക്ലാസ്സിൽ ചേരുന്നതാണ്.

വായ്പയിൽ പിരിയേണ്ട സംഖ്യയിൽ ൧൫, ൨൦, ൩൦, ൪൦-ൽ കുറവു, ഈ ശതമാനം വീതം പിരിവുവന്നിട്ടുള്ള സംഘങ്ങൾ യഥാക്രമം I. II. III. IV. V. എന്നീ ക്ലാസ്സുകളിൽ ചേരുന്നു. ജോലിനടപ്പില്ലാ

ത്തും കഴിഞ്ഞ പന്ത്രണ്ടുമാസക്കാലങ്ങളിൽ കടംവായ്പ കൊടുക്കാത്തതുമായ സംഘങ്ങൾ ക്ലാസ്സ് ആറിൽ (VI) ഉൾപ്പെടുന്നു. ഈ തരംതിരിപ്പ് ഈ ആണ്ടിൽ ആദ്യമായി തുടങ്ങിയിട്ടുള്ളതാണ്. അടുത്തവർഷം മുതൽ ഓരോ സംഘത്തിന്റേയും ജോലി എത്രത്തോളം നന്നായിട്ടുണ്ടെന്നു താരതമ്യപ്പെടുത്തുന്നതിനും ഓരോ ക്ലാസ്സിലുമുള്ള എണ്ണംകൊണ്ടു പൊതുവേ സംഘങ്ങൾ എത്രത്തോളം അഭിവൃദ്ധിപ്രാപിച്ചിട്ടുണ്ടെന്നു കണക്കാക്കുന്നതിനും സാധിക്കുന്നതാണ്. പ്രവർത്തനം ആരംഭിച്ചിട്ടു പന്ത്രണ്ടുമാസക്കാലം ആയിട്ടില്ലാത്ത പുതിയ സംഘങ്ങളെ മേൽ പറയപ്പെട്ട ക്ലാസ്സുകളിൽ ചേർത്തിട്ടില്ല. ഡി ക്ലാസിലോ ക്ലാസ്സ് VI-ലോ ഉൾപ്പെട്ടിട്ടുള്ള സംഘങ്ങൾ നിരുപയോഗങ്ങളാണെന്നും അവ ഒരു വർഷത്തിനകം സി. ക്ലാസ്സിലോ ക്ലാസ്സ് V-ലോ വരുന്നതിനു യഥാർത്ഥമായ പ്രയത്നം ചെയ്യാത്തപക്ഷം റദ്ദ് ചെയ്യേണ്ടവയാകണെന്നും യൂണിയൻ സംഘങ്ങളും സംഘങ്ങളും ശ്രദ്ധിച്ചിരിക്കേണ്ടതാണ്. യൂണിയൻസംഘങ്ങളുടേയും ഇൻസ്പെക്ടരന്മാരുടേയും സമയവും ശ്രദ്ധയും സംഘങ്ങളുടെ പരിപോഷണത്തിനു കൂടുതൽ ഉപകാരപ്രദമായി വിനിയോഗിക്കേണ്ടതാണ്. അതിനാൽ ഇതുവരേയും ആവർത്തിച്ചു ചെയ്തിട്ടുള്ള ശ്രമങ്ങൾ നിരുപയോഗമെന്നു കണ്ടിട്ടുള്ള സംഘങ്ങളെ റദ്ദ് ചെയ്യുന്നതിനു ഉടൻതന്നെ നടപടികൾ എടുക്കണം. ഇപ്രകാരമുള്ള ഏതാനും സംഘങ്ങളെ സംബന്ധിച്ചു ആഡിററുത്തരവുകളിൽതന്നേ സമയം ക്ലിപ്തപ്പെടുത്തീട്ടുണ്ട്. ആ കാലാവധികളുള്ളിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യാതിരിപ്പാനുള്ള കാരണങ്ങളോ ന്യായങ്ങളോ ഉണ്ടെങ്കിൽ ബോധ്യപ്പെടുത്തേണ്ടതു ഈ സംഘങ്ങളുടെ ചുമതലയാകുന്നു. പ്രായോഗികമായി വല്ല ജോലിയും നടന്നിട്ടുണ്ടോ എന്നു ബോദ്ധ്യംവരുന്നതിലേക്കു അപ്രകാരമുള്ള അപേക്ഷകളും റിപ്പോർട്ടുകളും യൂണിയൻ സംഘങ്ങൾവഴിയോ ഇൻസ്പെക്ടർ മുഖേനയോ സാധാരണയായി ഇവിടെ അയക്കേണ്ടതാകുന്നു.

സക്യൂർ ഫ ര ൧.

കഴിഞ്ഞ ഏതാനും കൊല്ലങ്ങളിലെ ആഡിററു നോട്ടുകൾ സൂക്ഷ്മമായി പരിശോധിച്ചു നോക്കിയതിൽ പരസ്പരസഹായസംഘങ്ങളുടെ ആഡിററു നടത്തുന്നതിലേക്കു കൂടുതലായ നിർദ്ദേശങ്ങൾ നൽകേണ്ടതു ആവശ്യമാണെന്നു കണ്ടിരിക്കുന്നു. ജനിച്ചതും കുടിശ്ശികയായി നിൽക്കുന്നതുമായ പലിശയും പിഴയും ഈടായാലും ഇല്ലെങ്കിലും വീതിക്കപ്പെടാവുന്ന ലാഭത്തിൽ കൊള്ളിക്കുകയാണു ഇതുപര്യന്തം സ്വീകരിച്ചുവന്ന

സമ്പ്രദായം. അധമണ്ണനിൽനിന്നും (വ്യക്തിയാകട്ടെ, സംഘമാകട്ടെ) ഈടാകാനുള്ളതും എന്നാൽ അയാൾ (അത്) വാസ്തവത്തിൽ കൊടുത്തി ട്ടില്ലാത്തതുമായ ഏതു സംഖ്യയും വീതിക്കേണ്ട ലാഭത്തിൽ ഉൾപ്പെടുത്തു വാൻ പാടില്ല. മേലാൽ താഴെ വിവരിക്കുന്ന ഇനങ്ങൾ പരസ്പര സഹായസംഘങ്ങളുടെ ലാഭക്കണക്കുകളിൽ വീതിക്കാവുന്ന ലാഭമായി ചേർക്കാൻ പാടുള്ളതല്ല.

(എ) സംഘങ്ങളിൽനിന്നും കൊടുത്തിട്ടുള്ള വായ്പകളിന്മേൽ കുടിശ്ശികയായോ അല്ലാതെയോ ഈടാകേണ്ടതായി നില്ക്കുന്ന എല്ലാ പലിശയും.

(ബി) വാസ്തവത്തിൽ ഈടായിട്ടില്ലാത്ത വായ്പപിഴയും. വായ്പ മുതലിലോ പലിശയിലോ കുടിശ്ശികയായി നില്ക്കുന്നതും എന്നാൽ ഈടാ യിട്ടില്ലാത്തതും ആയ എല്ലാ തുകകളും മുതൽകടം സ്റ്റേററമെൻറിൽ ഇപ്പോൾ മുതൽ ഇനത്തിൽ ഉൾപ്പെടുത്തിവരുന്നു. എന്നാൽ ഈവക മുതലുകളുടെ യഥാർത്ഥവില വിവേചനം ചെയ്തു നിർണ്ണയിക്കേണ്ടതായി ട്ടിരിക്കുന്നു. ഒരു വർഷത്തേയ്ക്കുള്ള ലാഭമോ നഷ്ടമോ നിർണ്ണയിക്കേണ്ട അവസരത്തിൽ ഇപ്രകാരമുള്ള എല്ലാ മുതലുകളേയും അവയുടെ കൺ മതിവിലവച്ചു സ്വീകരിക്കുവാൻ നിവാഹമില്ല. വായ്പ മുതലിൽ ഏറിയ ഭാഗവും കുടിശ്ശികയായിരിക്കുകയും അതിന്മേൽ ജനിച്ച പലിശ മുഴവനും അതുപോലെതന്നെ കുടിശ്ശികയായിരിക്കുകയും അതിൽ ഏതാണ്ടെല്ലാം ഈടാകാത്തതെന്നോ ഈടാകുന്നതു സംശയാധീനമെന്നോ തീർച്ചയായി അറിയുകയും ചെയ്യുന്ന മുതലുകളേയും പലിശയേയും പററി ആഡിററു നോട്ടിൽ പ്രസ്താവിച്ചിരിക്കണം. ഈടാകാത്തതെന്നോ സംശയാധീനങ്ങ ളെന്നോകാണുന്ന ഈ വായ്പകളെ വീതിക്കേണ്ട ലാഭം നിർണ്ണയിക്കുന്നതി നുമുമ്പ് കുറവെഴുതുന്നതു് ആശാസ്യമല്ലാത്തതിനാൽ മുതൽകടം സ്റ്റേററ മെൻറിൽ കടം എന്ന ഭാഗത്തു് ഉൾപ്പെടുത്തിയിരിക്കണം.

സംഘം കൊടുക്കേണ്ട പലിശയെ സംബന്ധിച്ചു് വാസ്തവത്തിൽ കൊടുത്തതും കൊടുക്കേണ്ട കാലാവധിയായെങ്കിലും ഇല്ലെങ്കിലും കൊടു ത്തിട്ടില്ലാത്തതും എന്നാൽ ജനിച്ചിട്ടുള്ളതുമായ പലിശ ഉൾപ്പെടുത്തി വരുന്ന ഇപ്പോഴത്തെ സമ്പ്രദായംതന്നെ മേലും തുടർന്നുകൊണ്ടുപോകേ ണ്ടതാണ്.

ആഡിററു നടത്തുന്ന ഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധ ഈ സർക്കുലറി ലേയ്ക്കു് പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു. ആഡിററുചെയ്ത ഒരു സംഘ ത്തിൻെറ വീതിക്കപ്പെടേണ്ട ശരിയായ ലാഭം ഇതുയെന്ന് രജിസ്ട്രാർക്ക്

സർട്ടിഫൈ ചെയ്യത്തക്കവിധം ഏതെങ്കിലും മുതലോ മുതലുകളോ ഈടാക്കത്തക്കതെന്നോ ഈടാകാത്തവകളെന്നോ ഉള്ളതിലേയ്ക്ക് ആഡിററു നോട്ടിൽ ഒരു വിവരമായ റിപ്പോർട്ട് ആവശ്യമാണ്. അതുകൊണ്ട് മേലാലുള്ള ആഡിററുനോട്ടുകളിൽ ഈടാകാത്ത മുതലുകളെപ്പററിയുള്ള ഒരു പ്രത്യേക റിപ്പോർട്ടുകൂടി ചേർത്തിരിക്കണം.

സർക്കുലർ ൨൧൯.

൧൧൧൨-ലെ ൯-ാം നമ്പർ സഹകരണആക്ടിനെ തുടർന്നുണ്ടായിട്ടുള്ള ചട്ടങ്ങളിലെ ൧൧-ാം വകുപ്പ് ൧-ാം ഉപവകുപ്പനുസരിച്ച് പരസ്പരസഹായസംഘങ്ങളുടെ കണക്കുകൾ ആഡിററു ചെയ്യുന്ന വകക്കായി ഇക്കൊല്ലവും മുൻകൊല്ലത്തെ നിരക്കിൽതന്നെ ഫീസു ചുമത്തുന്നതിനു തീർമാനിച്ചിരിക്കുന്നതിനാൽ ഫീസിന്റെ നിരക്കു തുടങ്ങിയുള്ള സകല വിശദവിവരങ്ങളും ഈ ആഫീസിൽനിന്നും ൧൧൧൪ കർക്കടകം ൧൦-ാംനു- പുറപ്പെടുവിച്ചിട്ടുള്ള ൨൧൪-ാം നമ്പർ സർക്കുലറിൽ പ്രസ്താവിച്ചിട്ടുള്ളതാകയാൽ പ്രസ്തുത സർക്കുലറിലേക്കു എല്ലാ സംഘങ്ങളുടേയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ടി സർക്കുലറിൽ പ്രസ്താവിച്ചിട്ടുള്ള വ്യവസ്ഥകൾക്കുൾപ്പെട്ട ഒരു ലക്ഷം രൂപായോ അതിൽ കൂടുതലോ പ്രവർത്തനമൂലധനമുള്ള സെൻട്രൽബാങ്കോ താലൂക്കുബാങ്കുകളോ ധനസഹായസംഘങ്ങളോ ആഡിററു ചെയ്യുന്നതിനു ദിവസംപ്രതി മൂന്നു രൂപായും ഒരു ലക്ഷം രൂപയിൽ കുറഞ്ഞ പ്രവർത്തനമൂലധനമുള്ള ധനസഹായസംഘങ്ങളും ചട്ടം ൯൧ (൧)-ാം വകുപ്പനുസരിച്ച് ആഡിററു ഫീസ് ഈടാക്കാവുന്ന മററു സംഘങ്ങളും ആഡിററു ചെയ്യുന്നതിനു ദിവസം പ്രതി രണ്ടു രൂപായും ഫീസു ചുമത്തുന്നതും ഈ നിരക്കു ൧൧൧൯-ാമാണ്ടുമുതൽ നടപ്പിൽ വരുന്നതും ൧-൧൧-൧൧൧൯ മുതൽ പരസ്പരസഹായവർഷം ൧൧൧൯-ലെ കണക്കുകൾ ആഡിററു ചെയ്യപ്പെടുന്ന സംഘങ്ങളെ ബാധിക്കുന്നതും ആണ്. എല്ലാ സംഘങ്ങളും ൨൧൪-ാം നമ്പർ സർക്കുലറിൽ പറഞ്ഞിട്ടുള്ള സംഗതികൾ നല്ലവണ്ണം മനസ്സിലാക്കി പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

സർക്കുലർ ൨൪൩.

സഹകരണസംഘങ്ങളുടെ ആഡിററിന് ഇപ്പോഴ ഈടാക്കി വരുന്ന ആഡിററുഫീസിന്റെ നിരക്കു ഭേദപ്പെടുത്തി ഗവൺമെന്റിൽ നിന്നും സഹകരണ ആക്ടിനെ തുടർന്നുള്ള ൧൦ൾ ചട്ടത്തിനൊന്നു ഭേദഗതി

ചെയ്തു ഒരു നോട്ടിഫിക്കേഷൻ ൧൧൧൭ കുംഭം ൧൮-൹-യിലെ ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ൨൦ം ൧൧-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഓരോ സഹകരണവർഷാവസാനദിവസവും നിൽപ്പുള്ള രണ്ടായിരമോ അതിൽ കൂടുതലോ പ്രവർത്തനധനത്തോടുകൂടിയ ഓരോ സംഘവും (ഐക്യസംഘങ്ങളും ഇൻസ്റ്റിട്യൂട്ടും ഒഴികെ) അവയുടെ കണക്കുകൾ ആഡിററു ചെയ്യുന്നതിലേക്കു ഗവണ്മെൻറിലേക്ക് ഫീസ് അടയ്ക്കണമെന്നു വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. അതനുസരിച്ചു ൧൯൪൨ ഫെബ്രുവരി ൧൦-൹-യിലെ R. Dis No. ൪൩൨-ലെ ഗവണ്മെൻറു ഉത്തരവുപ്രകാരം താഴെ പറയുന്ന ഫീസുനിരക്കു ഗവണ്മെൻറിൽനിന്നും നിശ്ചയിച്ചു അനുവദിച്ചിരിക്കുന്ന വിവരം എല്ലാ സംഘങ്ങളേയും അറിയിച്ചുകൊള്ളുന്നു. ഈ നിരക്കിൻപ്രകാരം ൧൧൧൭-ലെ കണക്കുകൾ ആഡിററു ചെയ്തവകയ്ക്കു ഓരോസംഘവും ഫീസ് അടയ്ക്കേണ്ടതാണ്. ആഡിററുഫീസ് ഉടൻതന്നെ ഏററവും അടുത്തുള്ള സർക്കാർ ഖജനാവിൽ XXVI. e (൧) എന്ന വകുപ്പിൽ ചെല്ലാൻപ്രകാരം ഒടുക്കി രസീതു ഒരു മാസത്തിനകം അസിസ്റ്റൻറു രജിസ്ട്രാർ മുഖേന ഈ ആഫീസിലേയ്ക്കു അയച്ചുതരണം.

ആഡിററുഫീസിൻെറ നിരക്ക്.

(a) രണ്ടായിരം രൂപായും അതിനുമേൽ മൂവായിരം രൂപാവരെ പ്രവർത്തനമൂലധനമുള്ള ഓരോ സംഘവും അടയ്ക്കേണ്ട ഫീസ് സർക്കാർ രൂപാ അഞ്ചു്.

(b) മൂവായിരത്തിനുമേൽ അൻപതിനായിരം രൂപാവരെ പ്രവർത്തനധനമുള്ള സംഘങ്ങൾക്കു കൂടുതലുള്ള ഓരോ ആയിരം രൂപയ്ക്കും അതിൻെറ അംശത്തിനും സ. രൂപാ ഒന്നു് വീതം.

(c) അൻപതിനായിരം രൂപയ്ക്കുമേൽ ഒരു ലക്ഷം രൂപാവരെ പ്രവർത്തനധനമുള്ള സംഘങ്ങൾക്കു ഓരോ കൂടുതൽ അയ്യായിരം രൂപയ്ക്കും അതിൻെറ അംശത്തിനും രണ്ടു സ. രൂപാവീതം.

(d) ഒരു ലക്ഷത്തിനുമേൽ കൂടുതലായുള്ള ഓരോ അൻപതിനായിരം രൂപയ്ക്കും അതിൻെറ അംശത്തിനും അഞ്ചു സ. രൂപാവീതം.

സർക്കുലർ ൨൭൯.

൧൯൪൨ ഫെബ്രുവരി ൧൭-൹-യിലെ ഗവണ്മെൻറു നോട്ടിഫിക്കേഷൻ ആർ. ഡിസ്സ്. നമ്പർ ൪൩൭/൪൨ ഡെവലപ്പ്മെൻറിൽ ഭേദപ്പെടുത്തപ്പെട്ട സഹകരണസംഘം ആക്ടിനെ തുടർന്നുള്ള ൨൦.

൧൧-(൧) അനുസരിച്ച് സഹകരണസംഘങ്ങളുടെ ൧൧൧-ലെ ആഡിററുഫീസ് ചുവടേ കുറിക്കുന്ന നിരക്കനുസരിച്ചു വസൂലാക്കേണ്ടതാണെന്നു ഗവൺമെൻറിൽനിന്നും ൧൯൫൨-അക്ടോബർ മാസം ൩-ാംനു-യിലെ ആർ. ഒ. സി ൧൦൯൯൧/൫൨. ഡെവലപ്പുമെൻറു നമ്പരായും ൧൯൫൩ ജനുവരി ൧൨-ാംനു-ലെ ഡി ഡിസ്സ്. ൯൨-൫൩ ഡെവലപ്പുമെൻറു നമ്പരായും, ഉത്തരവുണ്ടായിരിക്കുന്നു. ഓരോ സംഘവും ഈ നിരക്കനുസരിച്ചുള്ള തുക ഏററവും അടുത്തുള്ള സക്കാർ ഖജനാവിൽ XXXVI. സി. (൧) എന്ന വകുപ്പിൽ ചെല്ലാൻപ്രകാരം ഒരു മാസത്തിനകം ഒടുക്കി അസിസ്റ്റൻറു രജിസ്ത്രാർമുഖേന ഈ ആഫീസിലേക്കു രസീതു് അയച്ചുതരേണ്ടതാണെന്നു സംഘങ്ങളെ അറിയിച്ചുകൊള്ളുന്നു.

ആഡിററുഫീസിൻെറ നിരക്ക്.

(എ) രണ്ടായിരം രൂപയും അതിനുമേൽ മൂവായിരം രൂപാ വരെയും പ്രവൎത്തനമൂലധനമുള്ള ഓരോ സംഘവും അടയ്ക്കേണ്ട ഫീസ സക്കാർരൂപാ അഞ്ചു്.

(ബി) മൂവായിരത്തിനുമേൽ അൻപതിനായിരം രൂപാ വരെ പ്രവൎത്തനധനമുള്ള സംഘങ്ങൾക്കു കൂടുതലുള്ള ഓരോ ആയിരം രൂപായ്ക്കും അതിൻെറ അംശത്തിനും സക്കാർരൂപാ ഒന്നുവീതം.

(സി) അൻപതിനായിരം രൂപായ്ക്കുമേൽ ഒരു ലക്ഷം രൂപാ വരെ പ്രവൎത്തനധനമുള്ള സംഘങ്ങൾക്കു ഓരോ അയ്യായിരം രൂപയ്ക്കും അതിൻെറ അംശത്തിനും രണ്ടു സക്കാർരൂപാവീതം.

(ഡി) ഒരു ലക്ഷം രൂപായ്ക്കുമേൽ കൂടുതൽ പ്രവൎത്തനധനമുള്ള സംഘങ്ങൾക്കു ഓരോ അൻപതിനായിരം രൂപയ്ക്കും അതിൻെറ അംശത്തിനും അഞ്ചു സക്കാർരൂപാ വീതം.

൩൬. പിരിയാക്കടങ്ങൾ.

ചട്ടം 29

പിരിയാക്കടങ്ങൾ ഏതെങ്കിലും സംഘത്തിൻെറ കരുതൽ ധനത്തിൽ എഴുതി കുറവു ചെയ്യാവുന്നതും ക്ലിപ്തബാദ്ധ്യതയോടുകൂടിയ

സംഘങ്ങളുടെ കാര്യത്തിൽ, പിരിയാക്കടങ്ങൾ കണ്ടതൽധനത്തെ കവി ഞ്ഞിരുന്നാൽ, ശേഷിക്കുന്ന ബാക്കി സംഘത്തിന്റെ ഓഹരിമൂലധന ത്തിൽ എഴുതി കുറവു ചെയ്യാവുന്നതും ആകുന്നു.

എന്നാൽ:—(i) ഒരു പൊതുയോഗത്തിന്റെ അനുമതി കൂടാതെ യാതൊരു പിരിയാക്കടങ്ങളും എഴുതി കുറവു ചെയ്വാൻ പാടില്ലാത്ത താകുന്നു.

(ii) അപ്രകാരമുള്ള ഏതെങ്കിലും കടങ്ങൾ എഴുതി കുറവു ചെയ്യു ന്നതിനു മുമ്പ് ആ സംഘം ഒരു താലൂക്കുബാങ്കിനോടോ ബാങ്കിംഗ് യൂണിയനോടോ അല്ലെങ്കിൽ സെൻട്രൽ കോവാപ്പറേററിവ് ബാങ്ക് ലിമി റഡിനോടോ അനുബന്ധിച്ചിട്ടുള്ളതോ കടപ്പെട്ടിട്ടുള്ളതോ ആണെ ങ്കിൽ അതു് ആ ബാങ്കിന്റെ അനുമതി രേഖാമൂലമായി വാങ്ങേണ്ടതും അപ്രകാരമുള്ള അനുമതി ആ സംഘം ഏതൊരു അസിസ്റ്റന്റു രജി സ്ട്രാരുടെ അധികാരാതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്നുവോ അദ്ദേഹവു മായി ആലോചിച്ചശേഷം നൽകേണ്ടതും അദ്ദേഹം മേലൊപ്പിട്ടിട്ടുള്ള തായിരിക്കേണ്ടതും ആകുന്നു. സംഘം അങ്ങിനെ അനുബന്ധിച്ചിട്ടില്ലാ ത്തതോ അല്ലെങ്കിൽ അങ്ങനെ അനുബന്ധിച്ചിട്ടുള്ളതും ഏതെങ്കിലും ബാങ്കിനു കടപ്പെട്ടിട്ടില്ലാത്തതും ആണെങ്കിലോ അതു് ആദ്യം അസി സ്റ്റന്റു രജിസ്ട്രാരുടെ അനുമതി രേഖാമൂലമായി വാങ്ങേണ്ടതാകുന്നു.

(iii) സംഘംതന്നെ ഒരു താലൂക്കുബാങ്കോ ബാങ്കിംഗ് യൂണി യനോ ആണെങ്കിൽ രജിസ്ട്രാരുമായി ആലോചിച്ചും രജിസ്ട്രാർ മേലൊ പ്പിട്ടും നൽകിയിട്ടുള്ള സെൻട്രൽ കോവാപ്പറേററിവുബാങ്ക് ലിമിററ ഡിന്റെ അനുമതി ആദ്യം വാങ്ങേണ്ടതാകുന്നു.

(vi) സെൻട്രൽ കോവാപ്പറേററിവ് ബാങ്ക് ലിമിററഡിന്റെ കാര്യത്തിൽ രജിസ്ട്രാരുടെ അനുമതി വാങ്ങേണ്ടതാകുന്നു.

൫൮. ആദായവീതം.

ആക്ട് ന. വ്.

ആദായവീതം സംബന്ധിച്ച ക്ലപ്തനിബന്ധനകൾ.

യാതൊരു സംഘവും അതിന്റെ അംശക്കാർക്കു ഏഴരശത മാനം നിരക്കിൽ കവിഞ്ഞുള്ള ഒരു ആദായവീതം കൊടുക്കാൻ പാടില്ല.

ആക്ട് ൪൦.

ഒരു സംഘത്തിന്റെ ആദായത്തിൽനിന്നു കരുതൽധനത്തിലേയ്ക്കു മാററാനുള്ളതു കഴിച്ചു ബാക്കിയുള്ള ആദായം മുന്നാണ്ടുകളിൽ ലഭ്യമായിരുന്ന ഏതെങ്കിലും ആദായങ്ങളുണ്ടായിരുന്നാൽ അവയോടുകൂടി, ൩൯-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയപ്പെട്ടു, സംഘത്തിലെ അംഗങ്ങൾക്കു വിതരണം ചെയ്യാവുന്നതും, എന്നാൽ രജിസ്ത്രാരുടെ അനുവാദം കൂടാതെ ആദായം വിതരണം ചെയ്വാൻ പാടില്ലാത്തതും ആകുന്നു.

ആദായവിഭാഗം സംബന്ധിച്ച ക്ലിപ്തനിബന്ധനകൾ.

ചട്ടം ൨൮.

ഒരാദായവീതമോ ബോണസ്സോ പ്രഖ്യാപനം ചെയ്യുന്ന ആവശ്യത്തിലേയ്ക്കായി ഒരു സംഘത്തിന്റെ ഒരാണ്ടത്തെ ലാഭം കണക്കാക്കുന്നതിൽ, സംഘങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള കടംവായ്പകളിന്മേലുള്ള കാലാവധി കഴിഞ്ഞതോ അല്ലാത്തതോ ആയ പിരിഞ്ഞു കിട്ടേണ്ട എല്ലാ പലിശയും, യഥാർത്ഥത്തിൽ പിരിക്കാനുള്ള പിഴയും മററാദായം കാണുന്നതിനു മുമ്പു തന്നാണ്ടത്തേയ്ക്കുള്ള മൊത്തം ആദായത്തിൽനിന്നു കുറയ്ക്കേണ്ടതാകുന്നു. തന്നാണ്ടത്തേയ്ക്കുള്ള മൊത്തം ആദായത്തിൽ നിന്നു അങ്ങനെ കുറച്ചിട്ടുള്ളതും അടുത്തകൊല്ലം യഥാർത്ഥത്തിൽ വസൂൽ ചെയ്തിട്ടുള്ളതും ആയി ഉത്ഭവിച്ചിട്ടുള്ളതും കാലാവധി കഴിഞ്ഞിട്ടുള്ളതും ആയ എല്ലാ പലിശയും അടുത്തകൊല്ലത്തെ ആദായത്തേയ്ക്കു കൂട്ടാവുന്നതാകുന്നു.

ലാഭവീതവിതരണം.

ചട്ടം ൩൫.

ആക്ടിലെ ൩൮-ാം വകുപ്പിൻപ്രകാരം ആദായവീതം വീതിച്ചശേഷം ആക്ടിലെ 40-ാം വകുപ്പിൻപ്രകാരം ശേഷിപ്പുള്ള ആദായബാക്കി ഏതെങ്കിലും വിധത്തിൽ വീതിക്കുന്നതു് അങ്ങനെ വീതിക്കുന്നതിനെ സംബന്ധിച്ചുള്ള സംഘത്തിന്റെ ഉപനിയമങ്ങളനുസരിച്ചായിരിക്കേണ്ടതാകുന്നു.

ആദായബാക്കി വീതിച്ചുകൊടുക്കുക.

സക്കലർ ൧൮.

സംഘങ്ങളിൽ ആണ്ടോടാണ്ടുള്ള ലാഭങ്ങളിൽനിന്നും, കരുതൽ ധനം മുതലായവയ്ക്കു തുകകൾ നീക്കിവയ്ക്കുന്നതു് അതാതാണ്ടുകളിലെ കണക്കുപരിശോധനഉത്തരവു രജിസ്ത്രാരിൽനിന്നും കിട്ടിയതിനുമേൽ

പൊതുയോഗത്തിന്റെ നിശ്ചയപ്രകാരം വേണ്ടതാണ്. ഇതിനു വിപരീതമായി ചില സംഘങ്ങൾ പ്രവൎത്തിച്ചിരിക്കുന്നതായി കാണുന്നതു ശരിയല്ല. ആയതിനാൽ ഏതെങ്കിലും ഒരു വൎഷത്തെ ലാഭത്തെ വിനിയോഗിക്കുന്നതു രജിസ്ട്രാരുടെ ആ ആണ്ടത്തെ കണക്കുപരിശോധനയുത്തരവു കഴിഞ്ഞേ പാടുള്ളൂ എന്നു എല്ലാ സംഘങ്ങളെയും തെര്യപ്പെടുത്തിയിരിക്കുന്നു.

സക്കൎ വ്വ ൨.

൧൦൮൪-ലെ ൧൦-ാം ആക്ട് ൨-ാം വകുപ്പു അനുസരിച്ചുള്ള ചട്ടങ്ങൾ പരിഷ്കരിച്ചു ൧൦൯൯ ചിങ്ങം ൨൬-ാംനു-യിലെ ഗവൺമെന്റു ഗസററിൽ പരസ്യപ്പെടുത്തിയിട്ടുള്ള പ്രകാരം ലാഭവിഭജനം സംബന്ധിച്ചുള്ള വ്യവസ്ഥകൾ ക്ലിപ്തരഹിതബാദ്ധ്യതയോടുകൂടിയ എല്ലാ സംഘങ്ങളും അറിഞ്ഞിരിക്കേണ്ടതാണ്. പഴയ ചട്ടങ്ങൾ പ്രകാരം ലാഭവീതം അനുവദിക്കാതെയിരുന്നതും എന്നാൽ പുതുക്കി പാസാക്കിയിട്ടുള്ള ചട്ടങ്ങളിൽ ഓഹരിത്തുകയുടെ എട്ടര ശതമാനം വരെയുള്ള ലാഭവീതം അനുവദിച്ചിട്ടുള്ളതുമാണ്.

നടപ്പിലിരിക്കുന്ന മാതൃകാനിബന്ധന ൩൩-ാം വകുപ്പു താഴെ കാണിക്കുന്നപ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു. അതനുസരിച്ചുള്ള ഭേദഗതികൾ എല്ലാ സംഘങ്ങളും വരുത്തേണ്ടതാണ്.

മാതൃകാനിബന്ധന ൪-ൽ വകുപ്പിൽ ഓഹരിമുതലിന്മേൽ പലിശ അനുവദിച്ചു വ്യവസ്ഥ ചെയ്തിരിക്കുന്നതു പരിഷ്കരിക്കപ്പെട്ട ചട്ടങ്ങൾ അനുസരിച്ചു നിയമവിരുദ്ധമാണെന്നു അറിയേണ്ടതും ആകയാൽ മേൽപറഞ്ഞ വ്യത്യാസങ്ങൾ വരുത്തുന്നതോടുകൂടിത്തന്നെ ഈ ഭാഗത്തെ റദ്ദ് ചെയ്യേണ്ടതും ആകുന്നു.

നിബന്ധന:—൩൩ (൧) രജിസ്ട്രാർ അവർകൾ കൊല്ലന്തോറും അനുവദിച്ചു പരസ്യമാക്കിയപ്രകാരമുള്ള ലാഭത്തിൽ പകുതിയിൽ കുറയാത്ത ഒരു ഭാഗം, സംഘത്തിന്റെ കരുതൽ മൂലധനവും ഓഹരിമൂലധനവും ഉൾപ്പെടാത്തതുമുള്ള ബാദ്ധ്യതയിൽ പകുതിക്കു സമമാകുന്നതുവരെ കരുതൽധനമായി നീക്കിവയ്ക്കേണ്ടതാകുന്നു. അപ്രകാരം കരുതൽധനം ആകെ ബാദ്ധ്യതയിൽ പകുതിയാകുന്നതു മുതൽ ലാഭത്തിൽ മൂന്നിലൊന്നിൽ കുറയാതെയുള്ള ഒരു ഭാഗം കരുതൽധനത്തോടു ചേൎക്കേണ്ടതും എന്നാൽ കരുതൽ മൂലധനവും ഓഹരിമൂലധനവും ഉൾപ്പെടാതെയുള്ള ബാദ്ധ്യത വൎദ്ധിക്കമൂലം ആ ബാദ്ധ്യതയുടെ കരുതൽധനത്തിനും ഉള്ള

അനുപാതം ഒന്നാം-കൃതിയിൽ കുറയുന്ന സംഗതിയിൽ അതു വീണ്ടും പകുതിയാകുന്നതുവരെ ലാഭത്തിൽനിന്നു പകുതി കരുതൽധനത്തോടു ചേർക്കേണ്ടതുമാകുന്നു.

(ഖ) ലാഭത്തിൽ പകുതിയോ മൂന്നിലൊന്നോ മേൽ വ്യവസ്ഥപോലെ കരുതൽധനത്തിനോടു ചേർത്തതിനുശേഷം ലാഭത്തിന്റെ ഏഴരശതമാനത്തിൽ കവിയാതെയുള്ള ഒരു തുക ൧൦൮൨-ാമാണ്ടത്തെ ൨-ാം ആക്ടിൽ ൨-ാം വകുപ്പിൽ വിവരിച്ചിട്ടുള്ളതും, ധർമ്മവിഷയമായുള്ളതുമായ പൊതുനന്മ ഫണ്ടിലേക്കായി പൊതുയോഗനിശ്ചയപ്രകാരം നീക്കിവയ്ക്കാവുന്നതാണ്.

(ഗ) ബാക്കി ലാഭത്തിൽനിന്നു പൂർത്തിയായി അടച്ചു തീർത്തിട്ടുള്ള ഓരോ ഓഹരിക്കും അവയുടെ ഏഴര ശതമാന (ആണ്ടേയ്ക്കു)ത്തിൽ കവിയാതെ ലാഭപ്പങ്കായി വീതിക്കാവുന്നതാകുന്നു.

(ഘ) വീതിക്കാതെ ലാഭത്തിൽ ബാക്കിയുള്ള സംഖ്യ കരുതൽധനത്തിലേയ്ക്കു ചേർക്കണം.

സർക്കുലർ ൨൪

ആഡിററുതരവിൽ പ്രസ്താവിക്കുന്ന ലാഭത്തെ ഏതു വിധത്തിലാണു വിനിയോഗിക്കേണ്ടത് എന്നു ശരിയായി മനസ്സിലാക്കി പ്രവർത്തിക്കുന്നില്ലെന്നു പല സംഘങ്ങളിൽ നിന്നും ഇവിടെ വന്നുകൊണ്ടിരിക്കുന്ന റിപ്പോർട്ടുകളിൽനിന്നും കാണുന്നതിനാൽ താഴെ പറയുന്ന സംഗതികൾ എല്ലാ സംഘങ്ങളുടേയും അറിവിനായി പ്രസിദ്ധം ചെയ്യുന്നു.

രജിസ്ട്രാർ കൊല്ലന്തോറും അനുവദിച്ചു പരസ്യമാക്കിയപ്രകാരമുള്ള സംഘത്തിന്റെ ചെലവു കഴിച്ചുള്ള ആദായങ്ങളെ ഏതുവിധത്തിൽ വിനിയോഗിക്കണമെന്നു നിശ്ചയിക്കേണ്ടതു പൊതുയോഗത്തിന്റെ തീരുമാനത്തിനുൾപ്പെട്ട പ്രധാന സംഗതികളിൽ ഒന്നാകുന്നു. (മാതൃകാനിബന്ധന ൩൧ (ഗ) നോക്കുക) ആഡിററുതരവു കിട്ടിയ ഉടൻ, കമ്മിററി അതിന്റെ ഒരു യോഗത്തിൽ, കരുതൽധനത്തിലേയ്ക്കു ആദായത്തിൽ നിന്നും നീക്കിവയ്ക്കേണ്ട തുക കഴിച്ചുള്ള സംഖ്യയെ നിബന്ധന ൭൭-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഓരോ ഇനങ്ങളിലേയ്ക്കും എന്തു വീതം മാററിവയ്ക്കണമെന്നു പൊതുയോഗത്തിലേയ്ക്കു ശുപാർശ ചെയ്യണമെന്നു നിർണ്ണയിക്കേണ്ടതാകുന്നു. ലാഭവീതം കൊടുക്കുന്നതു ചില സംഘങ്ങളിൽ പൂർത്തിയാക്കി അടച്ചുതീർത്ത ഓഹരികൾക്കോ, ചില

തിൽ ഓരോ ഓഹരിക്കു അടച്ചിട്ടുള്ള തുകയുടെ ക്രമമനുസരിച്ചും ആണ്. ഇപ്രകാരം ഓരോ സംഘത്തിലും അതിലെ വ്യവസ്ഥ അനുസരിച്ചു ലാഭപ്പങ്കു കൊടുക്കേണ്ടതായ ഓഹരിത്തുക എന്തുണ്ടെന്നു കണ്ടുപിടിക്കുകയും ആദായത്തിൽനിന്നും ലാഭപ്പങ്കായി ശുപാർശ ചെയ്യുന്നതിനെ മാററിവച്ചു സംഖ്യ വീതിക്കുമ്പോൾ എത്ര ശതമാനമുണ്ടായിരിക്കുമെന്നും കണക്കാക്കിയിരിക്കേണ്ടതുമാണ്. ഈ ശതമാനം ൧൭-ാം നിബന്ധനയിൽ കാണപ്പെടുത്തിട്ടുള്ള പരിധിയിൽ കവിഞ്ഞുപോകാൻ പാടില്ലാത്തതാകുന്നു.

ആഡിററു ചെയ്ത കണക്കുകളും ആഡിററു തെരവു വായിച്ചു വേണ്ടതു പ്രവർത്തിക്കുന്നതിനു കൂടുന്ന പൊതുയോഗത്തിന്റെ മുമ്പാകെ കമ്മിററിക്കാർ അവരുടെ നിശ്ചയങ്ങളെ സമർപ്പിക്കേണ്ടതും, പൊതുയോഗം അവയെ ഗാഢമായി ആലോചിച്ച് അവസാനതീരുമാനം ചെയ്യേണ്ടതുമാണ്. പൊതുയോഗത്തിനു കമ്മിററിക്കാരുടെ ശുപാർശയെ മുഴുവനുമായി സ്വീകരിക്കയോ തള്ളിക്കളകയോ ഭേദഗതികൾ ആവശ്യമുണ്ടെന്നു തോന്നുന്നപക്ഷം സംഘനിബന്ധനകൾക്കു വിപരീതമല്ലാത്ത വിധത്തിൽ വേണ്ട മാററങ്ങൾ ചെയ്യുകയോ ചെയ്യാവുന്നതാകുന്നു. പൊതുയോഗനിശ്ചയത്തിൽ ലാഭപങ്കു എത്ര ശതമാനം എന്നും അതിലേക്ക് ആകെ എന്തു തുക അനുവദിച്ചു എന്നും മറേറാരോ (൧൭-ാംബൈലാവിൽ വിവരിച്ചിട്ടുള്ള) ഇനങ്ങൾക്കു എന്തു തുക പ്രത്യേകം പ്രത്യേകം അനുവദിച്ചുവെന്നും പറഞ്ഞിരിക്കേണ്ടതാണ്.

ലാഭവീതം ചെലവു ചെയ്യുന്ന വകയ്ക്കു എല്ലാ സംഘത്തിലും താഴെ കാണിക്കുന്ന ഫാറത്തിൽ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

സംഘത്തിൽ ലാഭവീതം (ഡിവിഡൻഡ്) കൊടുക്കുന്നതിനുള്ള രജിസ്റ്റർ.

സംഘത്തിന്റെ പേര്.

ഏതാണ്ടിലെ ലാഭവീതം

ാംനു-യിലെ പൊതുയോഗത്തിലെ ാം നമ്പർ നിശ്ചയപ്രകാരം ശതമാനം ഡിവിഡൻഡ് അനുവദിച്ചു.

സിക്രട്ടറി (ഒപ്പ്)

ക്രമനമ്പർ	സംഘാംഗത്തിന്റെ പേരും ജനറൽ നമ്പരും	എടുത്തിട്ടുള്ള ഓഹരികളുടെ എണ്ണം	ഓഹരി അടച്ച		ശതമാനം	തുക	ആകെ	കൊടുക്കേണ്ട ലാഭവിഹിതം	കൊടുത്ത തീയതി	ഒപ്പ് വൗച്ചർ നമ്പർ	റിമാർക്ക്സ്	സെക്രട്ടറിയുടെ അടയാളം
			തീയതി	സംഖ്യ								
1	2	3	4	5	6	7	8	9	10	11	12	

കുറിപ്പ്:— വേറെയുള്ള കാളങ്ങൾ പ്രവേശനരജിസ്റ്റർ നോക്കി എഴുതേണ്ടതാണ്. ൫-ാമത്തെ കാളത്തിലുള്ള സംഖ്യയ്ക്കു എത്ര മാസത്തേയ്ക്കു ലാഭവീതം കൊടുക്കണമെന്നു ൬-ാമത്തെ കാളത്തിൽ കാണിക്കണം. ൫-ാമത്തെ കാളത്തിലെ തുകയെ ൬-ാമത്തെ കാളത്തിലെ നമ്പർകൊണ്ടു ഗുണിച്ചു വരുന്നതു ൭-ാമത്തെ കാളത്തിലെഴുതണം. ൭-ാമത്തെ കാളത്തിൽ ഗുണിച്ചുവരുന്ന സംഖ്യകളുടെ ആകെത്തുക ൮-ാമത്തെ കാളത്തിൽ എഴുതണം. ആകെ സംഖ്യയ്ക്കു അനുവദിച്ചിരിക്കുന്ന ശതമാനനിരക്കിനു ഒരു മാസത്തേയ്ക്കു വരുന്ന തുകയെ ൯-ാം കാളത്തിൽ എഴുതണം. ലാഭവീതം വല്ല ഇനത്തിലും തട്ടിക്കഴിച്ചു മുതൽ വയ്ക്കുകയാണെങ്കിൽ അതു റിമാർക്കുകാളത്തിൽ എഴുതി സെക്രട്ടറി അടയാളം വയ്ക്കണം.

സർക്കുലർ ൧൪൫.

സെൻട്രൽബാങ്കിലും താലൂക്കുബാങ്കുകളിലും നിന്നു അംഗസംഘങ്ങൾക്കു വരുവാനുള്ള ലാഭവീതം സംഘങ്ങൾ ലാഭനഷ്ടക്കണക്കിൽ ലാഭമായും തന്നാണ്ടത്തെ ബാലൻസുഷീററിൽ മുതലിലുൾപ്പെട്ടതിയും വരുന്നതായിക്കാണുന്നുവെന്നു സ്പെഷ്യൽഡ്യൂട്ടിക്കായി നിയമിക്കപ്പെട്ടിട്ടുള്ള അസിസ്റ്റൻറ് രജിസ്ട്രാർ ചില സംഘങ്ങൾ സൂപ്പർത്തുഡിററു ചെയ്തതിൽനിന്നു മനസ്സിലാക്കി റിപ്പോർട്ടു ചെയ്തിരിക്കുന്നു.

ഈ പതിവു താഴെ കാണിക്കുന്നകാരണങ്ങളാൽ അനാശാസ്യമാണ്.

(൧) പരസ്പരസഹായവർഷാവസാനം കഴിഞ്ഞു ദീർഘകാലശേഷം മാത്രമേ ബാങ്കുകളുടെ ലാഭവീതം തിട്ടപ്പെടുത്താൻ തരമുള്ളു.

(൨) ലാഭവീതം ഉണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര ശതമാനമെന്നും ഉള്ള കാര്യം തന്നെ മുൻകൂട്ടി നിർണ്ണയിക്കാൻ പാടില്ലാത്തതൊന്നാണ്.

(൩) ലാഭവീതത്തിൻെറ തുക ബാങ്കുകളുടെ ലാഭവും കുടിശ്ശികപ്പിരിവിൻെറ സ്ഥിതിയും അനുസരിച്ചു വ്യത്യാസപ്പെടുന്നതാണ്.

(൪) ഈടാകുന്നതിനു മുമ്പു ബാങ്കുകളിൽനിന്നു ലഭിക്കണമെന്നുദ്ദേശിക്കുന്ന ഒരു ലാഭത്തുക സംഘങ്ങൾ കണക്കിൽ കൊള്ളിക്കുന്ന സമ്പ്രദായം ലാഭത്തുകയെ വലുതാക്കിത്തീർക്കുന്നതിനും അനിശ്ചിതമായ ഒരു മുതൽ കാണിക്കുന്നതിനും കാരണമായിത്തീരുന്നു.

(൫) അടുത്തകൊല്ലങ്ങളിൽ തുക ഈടായിക്കഴിഞ്ഞതിനുശേഷം കണ്ടേയ്ക്കാവുന്ന വ്യത്യാസം ശരിപ്പെടുത്തേണ്ടതായും വരുന്നതാണ്.

(൬) തിക്കവാറും മുൻകൊല്ലത്തെ ബാലൻസുഷീററു അനുസരിച്ചുള്ള ഈ ലാഭം തുകയെ ഗൌനിക്കാതെ വാസ്തവത്തിൽ ഈടാക്കിട്ടുള്ള തുക ചിലപ്പോൾ പൂരത്തിയായി വരവു വച്ചുപോകാൻ ഇടയുണ്ട്.

(൭) മൂലധനത്തിൻെറ യാതൊരു ഭാഗത്തെയും ഒരു സംഘം ലാഭപങ്കായി വിഭജിച്ചുകൂടാ എന്നുള്ള റഗുലേഷൻ ൩൩-ാം വകുപ്പിനു വിപരീതമായി ലാഭം വീതിക്കാൻ തന്നിമിത്തം ഇടയാകുന്നതാണ്.

അതിനാൽ സെൻട്രൽബാങ്കിലോ താലൂക്കബാങ്കിലോ ഓഹരി എടുത്തിട്ടുള്ള സംഘങ്ങൾ ലാഭവീതം ഈടാക്കുന്നതിനു ശേഷം അതു കണക്കിൽ കൊള്ളിക്കുകയല്ലാതെ ഉദ്ദേശം കണ്ടു് ഒരു തുക കണക്കിൽ വരവു വയ്ക്കാനോ അതനുസരിച്ചു ലാഭം കണക്കാക്കാനോ പാടില്ലാത്തതാകുന്നു.

അംഗസംഘങ്ങൾക്കു ചെല്ലേണ്ടതായ ലാഭവീതവും കരുതൽധനത്തിന്മേലുള്ള പലിശയും ഇന്നേവരെയുള്ളതു തിട്ടപ്പെടുത്തി കണക്കിൽ കൊള്ളിക്കാൻ സംഘങ്ങളോടു ആവശ്യപ്പെടുന്നതിനു സെൻട്രൽ ബാങ്കിനോടും താലൂക്കബാങ്കിനോടും അപേക്ഷിച്ചുകൊള്ളുന്നു.

൩൮. കരുതൽധനം.

ആക്ട് ൩൯.

(൧) ഇടപാടുകൾ മുഖേന ലാഭം ഉണ്ടാകുന്നതോ ഉണ്ടാകാവുന്നതോ ആയ ഓരോ സംഘവും ഒരു കരുതൽധനം ഉണ്ടാക്കിസൂക്ഷിക്കേണ്ടതാണ്.

കരുതൽധനം

(൨) കടപ്പൂബാദ്ധ്യതയില്ലാത്ത ഒരു സംഘത്തിൻെറ കാര്യത്തിൽ, സംഘത്തിൻെറ അററ ആദായത്തിൻെറ കുറഞ്ഞതു നാലിലൊരു ഭാഗം ഓരോ ആണ്ടിലും കരുതൽധനത്തിലേക്കു മാറേറണ്ടതും മറേറതെങ്കിലും സംഘത്തിൻെറ കാര്യത്തിൽ ആ സംഘത്തിൻെറ അററ ആദായത്തിൻെറ കുറഞ്ഞതു പത്തിലൊരു ഭാഗം ഓരോ ആണ്ടിലും കരുതൽധനത്തിലേക്കു മാറേറണ്ടതും ആ കരുതൽധനം സംഘത്തിൻെറ സാധാരണ വ്യാപാരത്തിനുപയോഗിക്കാൻ പാടില്ലാത്തതും എന്നാൽ ൩൧-ാം വകുപ്പിലെ വ്യവസ്ഥകൾക്കുൾപ്പെട്ടു നമ്മുടെ ഗവണ്മെൻറു് സാമാന്യമായോ പ്രത്യേകമായോ ഉള്ള ഉത്തരവിനാൽ നിർദ്ദേശിക്കുന്നതുപോലെ നിക്ഷേപിക്കയോ അല്ലെങ്കിൽ നമ്മുടെ ഗവണ്മെൻറിൻെറ മുന്നനുവാദത്തോടുകൂടി ഒരംശം ഈ റഗുലേഷൻെറ ഉദ്ദേശങ്ങളെ സഫലമാക്കുന്നതിനിടയാകാവുന്ന വല്ല പൊതുക്കാര്യങ്ങൾക്കോ പ്രാദേശികാവശ്യങ്ങൾക്കോ ഉപയോഗിക്കയോ അല്ലെങ്കിൽ രജിസ്ട്രാർ അനുവദിച്ചിട്ടുള്ള കാര്യങ്ങൾക്കായി അതിലെ ഇരുപത്തഞ്ചു ശതമാനത്തിൽ കൂടുതലാകാത്തിടത്തോളം എടുക്കുകയോ ചെയ്യാവുന്നതും ആകുന്നു.

ചട്ടം ൩൧.

(എ) ഒരു സംഘം പിരിച്ചു വിട്ടാൽ അതിന്റെ ഉപനിയമങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അതു നൽകിയിട്ടുള്ള കരുതൽ ധനവും മററു ഫണ്ടുകളും.

സംഘം പിരിച്ചു വിട്ടതിന്റെ ശേഷം കരുതൽ ധനത്തിന്റെ വിനിയോഗം.

(i) സംഘത്തിലെ വ്യക്തികളായ അംഗങ്ങളുടെ ബാദ്ധ്യത പൂർണ്ണമായും ഉജ്ജിതത്തിൽ വരുത്തിയതിനുശേഷം കൊടുത്തു തീക്കാതെ ശേഷിക്കാവുന്ന സംഘത്തിന്റെ ബാദ്ധ്യതകൾ കൊടുത്തു തീക്കുന്നതിനും

(ii) അടച്ചുതീത്ത ഓഹരിമൂലധനം തിരിച്ചു കൊടുക്കുന്നതിനും,

(iii) ആദായവീതം നൽകിയിട്ടില്ലാത്ത ഏതെങ്കിലും കാലത്തേക്കോ, കാലങ്ങൾക്കോ അപ്രകാരമുള്ള ഓഹരി മൂലധനത്തിനു ക്ലിപ്ത ബാദ്ധ്യതയോടുകൂടിയ സംഘങ്ങളുടെ കാര്യത്തിൽ പ്രതിവർഷം ഏഴര ശതമാനത്തിലും, ക്ലിപ്തരഹിതബാദ്ധ്യതയോടുകൂടിയ സംഘങ്ങളുടെ കാര്യത്തിൽ പ്രതിവർഷം ആറേകാൽ ശതമാനത്തിലും കവിയാത്ത ഒരു നിരക്കിൽ ആദായവീതം നൽകുന്നതിനും,

വിനിയോഗിക്കേണ്ടതാകുന്നു.

(ബി) (എ)-ാം ഉപചട്ടത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ കൊടുത്തശേഷം ശേഷിക്കുന്ന ഫണ്ടിന്റെ ഭാഗം പൊതുയോഗം തെരഞ്ഞെടുത്തു രജിസ്ട്രാർ അനുമതി നൽകുന്ന പൊതുജനോപകാരപ്രദമായ പ്രാദേശികാവശ്യത്തിനായി വിനിയോഗിക്കേണ്ടതാകുന്നു. സംഘം അവസാനമായി നിറുത്തൽ ചെയ്തതിനുശേഷം, ലിക്വിഡേറ്റർ നോട്ടീസു കൊടുത്തു ൩൦ ദിവസത്തിനകം രജിസ്ട്രാർ അനുമതി നൽകുന്ന ഏതെങ്കിലും തെരഞ്ഞെടുക്കൽ നടത്തുന്നതിനു പൊതുയോഗം വീഴ്ച വരുത്തുന്നതായാൽ, രജിസ്ട്രാർ ഫണ്ടിന്റെ മേൽപറഞ്ഞ ഭാഗം സമീപസ്ഥലത്തുള്ള മററു സഹകരണസംഘങ്ങളെ സഹായിക്കാൻ ഉപയോഗിക്കാവുന്നതും, അല്ലെങ്കിൽ ഒരു പുതിയ സഹകരണസംഘം ആ പ്രദേശത്തു രജിസ്റ്റർ ചെയ്യുന്നതുവരെ ഏതെങ്കിലും സഹകരണബാങ്കിൽ അതു പലിശക്കോ മററു പ്രകാരത്തിലോ നിക്ഷേപിക്കേണ്ടതും അങ്ങനെ ചെയ്യുന്നപക്ഷം ആ ഫണ്ട് അപ്രകാരമുള്ള സംഘത്തിന്റെ കരുതൽ ധനത്തിൽ മുതൽ കൂട്ടേണ്ടതും ആകുന്നു.

സർക്കുലർ ൧൧൨.

൧൦൮൯-ലെ ൧൦-ാം ആക്റ്റായ പരസ്പരസഹായ ആക്റ്റ് ൩൨-ാം വകുപ്പിനാൽ സിദ്ധമായ അധികാരപ്രകാരം സംസ്ഥാനത്തുള്ള എല്ലാ പരസ്പരസഹായസംഘങ്ങളും അവയുടെ കരുതൽധനം അതതു സ്ഥാപനങ്ങൾക്കു പുറമേ ഇതരസ്ഥാപനങ്ങളിൽ നിക്ഷേപിയ്ക്കേണ്ടതാണെന്ന് ആവശ്യപ്പെടുന്നു. താലൂക്കുബാങ്കുകൾ ജോലി ആരംഭിച്ചിട്ടുള്ള താലൂക്കുകളിലെ സംഘങ്ങൾ കരുതൽധനം അതതു താലൂക്കു ബാങ്കുകളിൽ നിക്ഷേപിയ്ക്കണം. അപ്രകാരമുള്ള ബാങ്കുകളുടെ പേരുകൾ അടിയിൽ കുറിയ്ക്കുന്നു. മറെറല്ലാസംഘങ്ങളും അവയുടെ കരുതൽധനം തിരുവനന്തപുരം സെൻട്രൽ പരസ്പരസഹായബാങ്കിൽ നിക്ഷേപിക്കേണ്ടതാണ്. ൫൫,൬൨,൮൯ ഈ നമ്പർ സർക്കുലർകൾ റദ്ദുചെയ്യിരിക്കുന്നു.

ഇതേസംബന്ധിച്ച പരസ്പരസഹായ ആക്റ്റിനെ തുടർന്നുള്ള ചട്ടങ്ങളിൽ ൧൫-ം, ൧൬-ം ചട്ടങ്ങളും കരുതൽ ധനത്തിൻെറ വിനിയോഗവും സൂക്ഷിപ്പും സംബന്ധിച്ച ഓരോ സംഘത്തിൻെറയും നിബന്ധനകളിൽ നിഷ്കർഷിച്ചിട്ടുള്ളതും (മാതൃകാനിബന്ധന ൫൫-ം, ൫൬-ം വകുപ്പുകൾ) ശ്രദ്ധാവിഷയമാകേണ്ടതാണ്.

കരുതൽധനം നിക്ഷേപിക്കാവുന്ന ബാങ്കുകളുടെ
പേരുവിവരം.

ക്രമനമ്പർ	ബാങ്കിൻെറ പേര്	നമ്പർ	ആതിത്തി സ്ഥലം
൧	തിരുവനന്തപുരം സെൻട്രൽ പ. സ. ബാങ്ക് ക്ലിപ്തം	൧	സംസ്ഥാനം ഒട്ടുക്ക്
൨	നാഗരുകോവിൽ പീപ്പിൾസ് ബാങ്ക്	൩൮൬	തൊവാള, അഗസ്തീശ്വരം
൩	മൂവാററുപുഴ താലൂക്ക് ടി	൫൫൬	മൂവാററുപുഴ
൪	മാവേലിക്കര ടി ടി	൭൦൭	മാവേലിക്കര
൫	പത്തനംതിട്ട ടി ടി	൭൯൮	പത്തനംതിട്ട
൬	വിളവംകോട് ടി ടി	൯൨൬	വിളവംകോട്
൭	നെയ്യാററുങ്കര ടി ടി	൯൩൧	നെയ്യാററുങ്കര
൮	കൊല്ലം ടി ടി	൯൬൫	കൊല്ലം
൯	ചേർത്തല ടി ടി	൧൦൫൧	ചേർത്തല
൧൦	വൈക്കം ടി ടി	൧൧൯൩	വൈക്കം

സർക്കുലർ ൧൨൧.

൧൦൮൯-ലെ ൧൦-ാം നമ്പർ പരസ്പരസഹായസംഘആക്ട് ൩൨-ാം വകുപ്പും ടി ആക്ടിനെ തുടർന്നുള്ള ൧൭-ാം ചട്ടവും സംഘങ്ങളുടെ നിബന്ധന (മാതൃകാ നിബന്ധന ൭൬) യും പ്രകാരം ൧൯൨൭ ജൂൺ മാസം ൯-ാനു-യിലെ ൧൧൨-ാം നമ്പർ സർക്കുലറിൽ ആഡിറവുത്തരവുകളിൽ നിർദ്ദേശിക്കുന്ന കരുതൽധനങ്ങളെ മററു സ്ഥാപനങ്ങളിൽ നിക്ഷേപിക്കണമെന്ന് സംഘങ്ങളോട് ആവശ്യപ്പെട്ടിരുന്നു.

ഏതാനും സംഘങ്ങൾ ഈ വിഷയത്തിൽ കണിശമായി പ്രവൎത്തിച്ചിട്ടില്ലെന്നു കാണുന്നു. ഡിപ്പാർട്ടുമെൻറു റിപ്പോർട്ടുകൾ നിരൂപണം ചെയ്യുതിൽ "ചില സംഘങ്ങൾ അവയുടെ കരുതൽധനങ്ങളെ തങ്ങളുടെ പ്രവൎത്തകധനത്തോടു ചേൎത്തു വിനിയോഗിച്ചുവരുന്നതു ആക്ഷേപകരമാണെന്നും ഈ മുതലുകൾ ശരിയായ വിധം നിക്ഷേപിച്ചു ഉറപ്പിക്കുന്നതിനു രജിസ്ട്രാർ നിർബന്ധിക്കേണ്ടതാണെന്നും സംഘങ്ങളുടെ കരുതൽധനം മുഴുവനും സംഘങ്ങൾക്കു പുറമേതന്നെ നിക്ഷേപിക്കപ്പെട്ടിരിക്കണം എന്നും" ഗവൺമെൻറിൽനിന്നും റിമാർക്കു ചെയ്യുന്നതിനും ഇടയായിട്ടുണ്ട്.

സെൻട്രൽബാങ്കിലൊ മററു സ്ഥാപനങ്ങളിലൊ അടയ്ക്കണമെന്ന് ആഡിററുത്തരവുകളിലെ നിർദ്ദേശമനുസരിച്ചു കരുതൽധനം ആഡിററുത്തരവു കിട്ടുന്ന ഉടൻതന്നെ അടയ്ക്കേണ്ടതാണ്. സംഘങ്ങൾ ഈ വിഷയത്തിൽ ശരിയായി പ്രവൎത്തിക്കാൻ ഇൻസ്പെക്ടറന്മാരും ഐക്യസംഘങ്ങളും പ്രേരിപ്പിക്കേണ്ടതും അനുസരിക്കാത്ത സംഘങ്ങളെപ്പററി റിപ്പോർട്ടു ചെയ്യേണ്ടതും ആകുന്നു.

സർക്കുലർ ൧൨൭.

ഏതെങ്കിലും ഒരു കൊല്ലത്തിൽ സംഘങ്ങളിൽ ഉണ്ടാകുന്ന നഷ്ടത്തെ കുറയ്ക്കുന്നതിനൊ നികത്തുന്നതിനൊ ആയി കരുതൽധനം ഉപയോഗപ്പെടുത്തുന്നതിന് അനുവാദം നൽകണമെന്ന് അപേക്ഷകൾ വന്നുകൊണ്ടിരിക്കുന്നതായി കാണുന്നു. ഇതു അനുവദിക്കത്തക്ക ഒരു സംഗതിയല്ലാ. അതുപോലെ സംഘത്തിലേയ്ക്കു മുതൽക്കൂട്ടേണ്ട ഇളനു കിട്ടുന്ന ഓഹരികൾ മുതലായ അവിഭാജ്യങ്ങളായ തുകകൾ ഏതെങ്കിലും കൊല്ലത്തെ നഷ്ടത്തെ നികത്തുന്നതിന് ഉപയോഗിച്ചുവരുന്നതായി മറെറാരു നടപടിവിശേഷം കണ്ടുവരുന്നു. ഒരു കൊല്ലത്തിൽ ഉണ്ടാകുന്ന നഷ്ടം പിൻകൊല്ലങ്ങളിലെ ലാഭത്തിൽനിന്നും തീർക്കുകയാണു സംഘങ്ങൾ ചെയ്യേണ്ടതു.

കരുതൽ ധനത്തിൽനിന്നും വഹിക്കുന്നതിലേയ്ക്ക് പൊതുയോഗം തന്നെയും സമ്മതിച്ചിട്ടുള്ള ചില നഷ്ടങ്ങൾ പരിശോധിച്ചു നോക്കിയതിൽ അവ അംഗങ്ങളിൽനിന്നോ കമ്മിററിക്കാരിൽനിന്നോ ഈടാക്കപ്പെടേണ്ടവയായിരുന്നു എന്നു കാണുന്നു. അതിനാൽ നഷ്ടങ്ങൾ പരിഹരിക്കുന്നതിനു കരുതൽ ധനം ഉപയോഗിക്കണമെന്ന് അഭിപ്രായപ്പെടുന്ന എല്ലാ സംഗതികളും സൂക്ഷ്മമായി പര്യാലോചിച്ചതിനു മേൽമാത്രം തീർച്ച ചെയ്യേണ്ടതാണെന്നു എല്ലാ സംഘങ്ങളേയും അറിയിച്ചിരിക്കുന്നു.

സർക്കുലർ ൨൩൦.

സഹകരണസംഘങ്ങൾ താലൂക്കുബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന കരുതൽധനത്തിന്മേൽ ഇപ്പോൾ നൽകിവരുന്ന പലിശക്രമം മേലാൽ തുടർന്നുകൊണ്ടുപോകുന്നതിനു ഋണനിവാരണചട്ടത്തിന്റെ പ്രായോഗികമായ പ്രവർത്തനംമൂലം സാദ്ധ്യമല്ലാതെ വന്നിരിക്കുന്നതായി പല ബാങ്കുകളും പരാതിപ്പെട്ടിരിയ്ക്കുന്നു. ഋണനിവാരണ ആക്ടിൻ പ്രകാരം സൌജന്യം അർഹിക്കുന്ന കടം വായ്പകളുടെ പലിശക്രമം നാലു ശതമാനമായി കുറച്ചിരിക്കുന്ന സ്ഥിതിക്ക്, കരുതൽ ധനത്തിന്റെ പലിശനിരക്കും താരതമ്യേന കുറയ്ക്കേണ്ടിവന്നിരിക്കുന്നു. താലൂക്കുബാങ്കുകൾ, ബൈലാസ് ഭേദഗതി രജിസ്റ്റർ ചെയ്തു കരുതൽ ധനപലിശനിരക്കു കുറയ്ക്കുകയാണെങ്കിൽ അതിലേയ്ക്കു ശരിയായ നിർദ്ദേശം ഇല്ലാതെയിരുന്നാൽ ഐകരൂപ്യമില്ലാതെ വരുന്നതിന് എളുപ്പമുണ്ട്. അതിനാൽ എല്ലാ താലൂക്കുബാങ്കുകളും അവയുടെ ൪൮-ാമതു നിബന്ധന ഭേദപ്പെടുത്തി കരുതൽധനനിക്ഷേപത്തിന്റെ പലിശ നാലുശതമാനമായി കുറയ്ക്കുകയും അതിൽനിന്നും അരശതമാനം പരിശോധനഫണ്ടിലേക്കു നീക്കിവയ്ക്കുകയും ചെയ്യേണ്ടതാണെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു. സെൻട്രൽബാങ്കിനെ സംബന്ധിച്ചിടത്തോളം ആ സ്ഥാപനത്തിന്റെ ബൈലാ ഭേദഗതി ചെയ്തു കരുതൽധനപലിശനിരക്കു കുറയ്ക്കുന്ന കാര്യം ആലോചിച്ചുവരുന്നതായി റിപ്പോർട്ടുചെയ്തിട്ടുള്ളതിനാൽ ഈ സർക്കുലർ അതിനെ സംബന്ധിക്കുന്നതല്ല. എല്ലാ താലൂക്കുബാങ്കുകളും മേൽപറഞ്ഞ രീതിയിൽ അവയുടെ നിബന്ധന ഭേദഗതി രജിസ്റ്റർ ചെയ്യാനുള്ള അപേക്ഷ ഈ ആഫീസിലേക്കു കഴിയുന്നതും വേഗം അയയ്ക്കണമെന്നു താൽപര്യപ്പെടുന്നു.

൩൯. പ്രാവിഡൻറുഫണ്ട്.

ആക്ട് ൪൧.

പ്രാവിഡൻറുഫണ്ട്.

ഒരു പ്രാവിഡൻറുഫണ്ടു ഏർപ്പെടുത്തുന്നതിനായി ഏതെങ്കിലും സംഘം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളനുസരിച്ച് ആ സംഘത്തിലെ അംഗങ്ങൾ നൽകുന്ന സംഭാവനത്തുകകൾകൊണ്ടു ആ സംഘത്തിലെ അംഗങ്ങൾക്കായി ആവക സംഘം ഒരു പ്രാവിഡൻറുഫണ്ട് ഏർപ്പെടുത്താവുന്നതും കരുതൽ ധനത്തിലേയ്ക്കു നിർണ്ണയിച്ചിട്ടുള്ള തുക അടച്ചതിനുശേഷം അതിൻെറ അററ ആദായത്തിൽനിന്ന് ആ പ്രാവിഡൻറുഫണ്ടിലേക്കു സംഭാവന ചെയ്യാവുന്നതും, എന്നാൽ ആ പ്രാവിഡൻറുഫണ്ട് സംഘത്തിൻെറ വ്യാപാരത്തിനായി ഉപയോഗിക്കാൻ പാടില്ലാത്തതും അതിനെ ൩൭-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ചു മുടക്കേണ്ട വകുപ്പിലെ വ്യവസ്ഥകളനുസരിച്ചു മുടക്കേണ്ടതും ആകുന്നു; കൂടാതെ പ്രാവിഡൻറുഫണ്ടിൻെറ യാതൊരു ഭാഗവും ആ സംഘത്തിൻെറ സ്വത്തായി ഗണിക്കാൻ പാടില്ലാത്തതാകുന്നു.

൪൦. ധർമ്മകാര്യഫണ്ട്.

ആക്ട് ൪൨.

ധർമ്മകാര്യങ്ങൾക്കു സംഭാവന.

അററ ആദായത്തിൽനിന്നു, കാര്യത്തിൻെറ അവസ്ഥപോലെ നാലിലൊന്നോ പത്തിലൊന്നോ ഏതെങ്കിലും ആണ്ടിൽ കരുതൽധനത്തിലേക്കു മാററിയതിനുശേഷം ബാക്കിയുള്ള അററ ആദായത്തിൻെറ ഏഴരശതമാനത്തിൽ കവിയാത്ത ഒരു തുക ൧൮൯൦-ാമാണ്ടത്തെ ധർമ്മസ്ഥാപന ആക്ട് ൨-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും ധർമ്മകാര്യങ്ങൾക്കായി രജിസ്റ്റർ ചെയ്യപ്പെട്ട ഏതെങ്കിലും സംഘം രജിസ്ട്രാരുടെ അംഗീകാരത്തിന്നുൾപ്പെട്ടു സംഭാവനചെയ്യാവുന്നതാണ്.

൪൧. പാരിതോഷികം.

ചട്ടം ൫൦.

ബോണസ് വീതിച്ചു കൊടുക്കുക.

രജിസ്റ്റർ ചെയ്ത യാതൊരു സംഘവും ആക്ടിലെ 38-ാം വകുപ്പിൻ പ്രകാരം പ്രഖ്യാപനം ചെയ്തിട്ടുള്ള ആദായവീതത്തിൽ കവിഞ്ഞു ഓഹരികളിന്മേൽ ഏതെങ്കിലും ബോണസ് വീതിച്ചു കൊടുക്കാൻ പാടില്ലാത്തതാകുന്നു.

ചട്ടം ൯൨.

ബോണസ്സ്, ഡിവിഡണ്ട്, ആദായ വീതമായിട്ടോ മററു പ്രകാരത്തിലോ ഫണ്ടുകൾ വീതിക്കുന്നതിനുള്ള നിയന്ത്രണം.

രജിസ്ട്രാരുടെ അനുമതി കൂടാതെ, രജിസ്റ്റർ ചെയ്ത ഒരു സംഘത്തിന്റെ ഫണ്ടുകളുടെ യാതൊരംശവും, അററാദായം കണക്കാക്കുന്നതിനു മുമ്പ് അപ്രകാരമുള്ള സംഘം ചെയ്തിട്ടുള്ള മുഴുവൻ ചെലവും ആണ്ടുതോറുമുള്ള ലാഭനഷ്ടക്കണക്കിൽ കൊള്ളിച്ചിട്ടില്ലാത്തപക്ഷം, അതിലെ അംഗങ്ങൾക്ക് ഏതെങ്കിലും കൊല്ലം വീതിച്ചു കൊടുക്കാൻ പാടില്ലാത്തതാകുന്നു.

എന്നാൽ ആ വർഷം എഴുതിക്കുറവു ചെയ്തിട്ടുള്ള പിരിയാക്കടം മൂലം ഉണ്ടായ ഏതെങ്കിലും നഷ്ടമോ നഷ്ടത്തിന്റെ ഭാഗമൊ, അതു ഏതെങ്കിലും പിരിയാക്കടത്തിലെ റിസർവിൽ നിന്നൊ അല്ലെങ്കിൽ രജിസ്ട്രാരുടെ അനുമതിയോടുകൂടി കരുതൽ ധനത്തിൽനിന്നൊ കുറവു ചെയ്യേണ്ടതായിരുന്നാൽ അങ്ങനെ ചെലവെഴുതാവുന്നതല്ല.

സർക്കുലർ ൮.

സംഘങ്ങളിലുള്ള സിക്രട്ടറി, ക്ലാർക്കുകൾ മുതലായ ജീവനക്കാർക്കു് ഏർപ്പെടുത്തിയിട്ടുള്ള ശമ്പളങ്ങൾക്കൊ ആദായങ്ങൾക്കൊ പുറമെ ബോണസ്സൊ പാരിതോഷികമൊ മററു വല്ല ആദായങ്ങളോ പൊതുയോഗത്തിന്റെ നിശ്ചയം കൂടാതെ കൊടുക്കാവുന്നതല്ലെന്നുള്ളതു ചില സംഘങ്ങൾ വിസ്മരിച്ചുവരുന്നതായി കാണുന്നു. പൊതുയോഗത്തിലെ നിശ്ചയം കൂടാതെ അപ്രകാരം വല്ല സംഖ്യകളും കൊടുക്കുന്നതായാൽ അവകൾ വീഴ്ചക്കാരിൽനിന്നും ഈടാക്കപ്പെടുമെന്ന് എല്ലാ സംഘങ്ങളേയും ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

സർക്കുലർ ൬൯.

ക്ഌപ്തരഹിതമായ സംഘങ്ങളിൽ എഴുത്തുജോലി ചെയ്യുന്നതായ സിക്രട്ടറിക്കു (അല്ലെങ്കിൽ കമ്മിററിയിലെ മററു വല്ല മെമ്പർക്കും) പൊതുയോഗത്തിന്റെ ശുപാർശപ്രകാരം സംഘത്തിന്റെ പ്രവൃത്തി തൃപ്തികരമാണെന്നു രജിസ്ട്രാർ അഭിപ്രായപ്പെടുന്നപക്ഷം ഒരു പ്രതിഫലം നൽകാമെന്നു സംഘനിബന്ധനകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. (പുതിയ നിബന്ധന നം. ൧൦-ാം വകുപ്പു നോക്കുക) ഇപ്പോൾ സംഘങ്ങളിൽനിന്നും പ്രതിഫലം കൊടുത്തുവരുന്നതു മുറപ്രകാരമുള്ള നടപടികൾ അനുഷ്ഠിച്ചിട്ടല്ലെന്നു കാണുന്നു. ചില സംഘങ്ങളിൽനിന്നും ഒരു വർഷത്തെ ജോലി നടത്തിപ്പിനെപ്പററി വിവരിക്കാതെ അപേക്ഷ മുൻകൂട്ടിയും മററു

ചിലതിൽ ഇൻസ്പെക്ടറന്മാർ ആഡിററു നോട്ടിൽ ശുപാർശചെയ്യുകയും ചെയ്തുവരുന്നു. ഇതിനെ സംബന്ധിച്ചുള്ള പ്രധാനസംഗതി സംഘത്തിന്റെ ഓരോ വർഷത്തെയും ജോലികൾ സ്തുത്യർഹമാംവണ്ണം നടന്നിരിക്കണമെന്നുള്ളതാണ്. ഓരോ വർഷത്തെയും കണക്കുകൾ ഇവിടെ അയയ്ക്കുന്നതിനു പാസ്സാക്കുന്നതായ പൊതുയോഗത്തിൽ മുൻആണ്ടിലെ എഴുത്തുജോലി നടത്തിയ ആൾക്കു ഇത്ര രൂപാ പ്രതിഫലം കൊടുക്കണമെന്നു നിശ്ചയം പാസ്സാക്കണം. ആ നിശ്ചയത്തിന്റെ പകർപ്പു ഇവിടെ കിട്ടുമ്പോൾ അനുവാദം നൽകുന്നതും അതിന്റെ ശേഷം തന്നാണ്ടത്തെ പലവക ചെലവിൽ ഉൾപ്പെടുത്തി പ്രതിഫലം കൊടുക്കാവുന്നതും ആകുന്നു. സംഘങ്ങളിലെ കണക്കുകൾ ആഡിററുചെയ്യുമ്പോൾ സിക്രട്ടറിമാർ ചെയ്തിട്ടുള്ള ജോലിക്രമത്തെപ്പററിയും പ്രതിഫലം കൊടുക്കേണ്ടതാണോ എന്നും കൊടുക്കേണ്ടതാണെങ്കിൽ എന്തു തുക കൊടുക്കണമെന്നും റിപ്പോർട്ടുചെയ്യുന്നതിനും ഇൻസ്പെക്ടരന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുക നിശ്ചയിക്കുന്നതിൽ, [illegible] ഉത്തരബാദ്ധ്യതയോടുകൂടിയ ഒരു സംഘത്തിലെ സിക്രട്ടറിക്കു കിട്ടാവുന്ന പ്രതിഫലക്രമത്തേയും ആലോചിക്കേണ്ടതാണ്.

സർക്കുലർ നമ്പർ.

പ്രായേണ എല്ലാ സംഘങ്ങളിലും പ്രസ്തുത വിഷയത്തെ സംബന്ധിച്ചു സംശയങ്ങൾ ഉൽഭവിക്കുകയും ആവശ്യമില്ലാത്ത പല എഴുത്തുകുത്തുകൾക്കു ഇടയാക്കുകയും ചെയ്തുവരുന്നു. സംഘപ്രവൃത്തികൾ ശരിയായി നിർവഹിച്ചുവരുന്ന കാര്യദർശികൾക്കു ഉടനടി പ്രതിഫലം നൽകേണ്ടതു അഭിലഷണീയവും ആവശ്യവുമാണെന്നു വരികിലും അതർഹിക്കാത്തവർ സംഘധനം സ്വായത്തമാക്കുന്നതു ഏററവും അനാശാസ്യമാണ്. നല്ലതിന്മണ്ണം പ്രവർത്തിക്കുന്നവർക്കുപോലും പാരിതോഷികം നൽകുന്നതു നിബന്ധനയിലെ വ്യവസ്ഥകൾക്കുൾപ്പെട്ടുതന്നെ ആയിരിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിനെ സംബന്ധിച്ച്, വൃ-ം ൩൯-ം നമ്പർ സർക്കുലറുകൾ ഇതിനു മുമ്പ പുറപ്പെടുവിച്ചിട്ടുണ്ട്.

ഒരു സംഘം ശരിയായി ജോലിചെയ്തിട്ടുണ്ടെന്നു വരികിൽ സിക്രട്ടറിക്കോ (എഴുത്തുജോലിക്കാരനായ വേറെ വല്ലവർക്കുമോ) പൊതുയോഗത്തിന്റെ ശുപാർശപ്രകാരം ഒരു തുക പ്രതിഫലമായി രജിസ്ട്രാർ അവർകൾ അനുവദിക്കാമെന്നു മാതൃക നിബന്ധന ൩൦, വ്യവസ്ഥചെയ്യുന്നു. ഐക്യസംഘവുമായി ഘടിപ്പിക്കപ്പെട്ടിട്ടുള്ള ഒരു സംഘത്തിന്റെ സിക്രട്ടറിയുടെ പ്രതിഫലത്തിനുള്ള അപേക്ഷ ആ ഐക്യസംഘം മുഖേന അയയ്ക്കുന്നതു

ഉദ്ദിഷ്ടഫലപ്രാപ്തിക്കു കൂടുതൽ ആനുകൂല്യം ഉണ്ടാക്കുന്നതാണെന്നുള്ള ഒരു ഐക്യസംഘത്തിന്റെ നിർദ്ദേശം ഇവിടുന്നു സ്വീകരിക്കുകയും മററു ഐക്യസംഘങ്ങൾക്കു അയച്ചുകൊടുക്കുകയും ചെയ്തു. അവരിൽനിന്നും കിട്ടിയ ഐകകണ്ഠ്യേനയുള്ള അഭിപ്രായം ഈ നയം സദാ അനുകരണീയമാണെന്നുള്ളതാണ്.

സിക്രട്ടറിമാരുടെ പ്രതിഫലത്തിനുള്ള അപേക്ഷ അതാതു ഐക്യസംഘങ്ങൾ മുഖേന അയക്കേണ്ടതാണെന്നു എല്ലാ സംഘങ്ങളേയും അറിയിക്കുന്നു. വർഷാവസാന ആഡിററിനുശേഷം പൊതുയോഗാനുവാദത്തോടുകൂടി പ്രസിഡണ്ടന്മാർ അപേക്ഷിക്കേണ്ടതാണെന്നും ഈ തുക തൻചെലവാക്കിഗണിച്ച് അനുവദിച്ചശേഷമേ ചെലവെഴുതാൻ പാടുള്ളൂ എന്നും മുൻ ഉദ്ധരിച്ച സർക്കുലറുകളിൽ വിവരിച്ചിട്ടുണ്ട്. പ്രസ്തുത സംഗതിയിൽ ഒരു തീർച്ചചെയ്യുമ്പോൾ സിക്രട്ടറിചെയ്തിട്ടുള്ള പ്രവൃത്തിയും ബോണസ്സിന് അയാൾക്കുള്ള അർഹതയും പ്രത്യേകം പരിഗണിക്കണം. ഇതു സംബന്ധിച്ചുള്ള ശരിയായ അഭിപ്രായ രൂപീകരണത്തിന് ആവശ്യമുള്ള വിവരങ്ങൾ ഐക്യസംഘങ്ങൾ മററു സംഘങ്ങളോടു ആവശ്യപ്പെടാമെന്നുള്ളതാണ്.

ഈ വിഷയത്തിൽ ക്ഌപ്തസംഘങ്ങൾ അനുകരിക്കേണ്ട നടപടിയെ സംബന്ധിച്ചുള്ളതാണ് മേററാരു സംശയം. ......ൽ കവിയാത്ത ഒരു സംഖ്യ രജിസ്ത്രാർ അവർകളുടെ അനുമതിയോടുകൂടി സിക്രട്ടറിക്കു ....നൽകാവുന്നതാണെന്നു മാതൃകാ നിബന്ധന ൭൭-ൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സംഗതിയിൽ ആവശ്യമുള്ള അനുവാദംകൂടാതെയുള്ള ചെലവു ക്രമവിരുദ്ധവും അനധികൃതവുമാണ്. ക്ഌപ്തസംഘങ്ങളും പാരിതോഷികത്തിനുള്ള അപേക്ഷകൾ അതാതു ഐക്യസംഘങ്ങൾ മുഖേന തന്നെ അയക്കേണ്ടതാണ്.

സർക്കുലർ ഫ ൨ വ്യ.

ക്ഌപ്തരഹിതബാദ്ധ്യതയുള്ള സഹകരണസംഘങ്ങളിൽ എഴുത്തുജോലിനോക്കുന്നവർക്കും പ്രത്യേകതരം സ്തുത്യർഹമായ ജോലിചെയ്യുന്ന സിക്രട്ടറിമുതലായവർക്കും ശമ്പളമോ, പ്രതിഫലമോ, ബോണസ്സോ കൊടുക്കുന്നതിനെ സംബന്ധിച്ച വ്യക്തമായ ചട്ടങ്ങൾ ഇല്ലാത്തതിനാൽ പല സംഘങ്ങളിലും വിഭിന്നങ്ങളായ രീതി കൈക്കൊണ്ടുവരുന്നുണ്ട്. ഈ സ്ഥിതി പരിഹരിക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നതിനാൽ താഴെ

പറയുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി എല്ലാ ക്ലിപ്തരഹിതസംഘങ്ങളും നിബന്ധന, നം ൧൦, ൧൧ ഇവകളിൽ ഭേദഗതി രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഓരോ സഹകരണവർഷാവസാനത്തിൽ നിൽപ്പുള്ള കടം വായ്പ സംഖ്യയുടെ കണക്കനുസരിച്ച് അതിൽ ൫൦൦-ന് മുക്കാൽ രൂപ ക്രമത്തിൽ കവിയാത്ത ഒരു തുക പ്രതിവർഷം എഴുത്തുജോലിനോക്കുന്ന ക്ലാർക്കിന് ശമ്പളമാമെന്നുള്ളതാണ്. അതുപോലെതന്നെ സിക്രട്ടറി മുതലായ കമ്മിററി അംഗങ്ങൾക്കു അവരുടെ ജോലി അർഹിക്കുന്ന പക്ഷം ഓരോ വർഷം ലാഭത്തിൽ കിട്ടുന്ന അറ്റകര ലാഭത്തിന്റെ, ൨൦ ശതമാനത്തിൽ കവിയാത്ത ഒരു സംഖ്യ പ്രതിഫലമായി പ്രതിവർഷം കൊടുക്കാമെന്നു വ്യവസ്ഥ ചെയ്യുന്നതു പര്യാപ്തമായിരിക്കും.

മേൽപറഞ്ഞ രണ്ടു സംഗതികളും നടപ്പാക്കുന്നതിലേക്കു ഓരോ സംഘവും ബൈലായിൽ വേണ്ട ഭേദഗതികൾ വരുത്തേണ്ടതാണ്.

ഈ ആഫീസിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മേൽപറഞ്ഞ ൫൭-ാം നമ്പർ സർക്കുലർ താഴെ കാണുന്ന പ്രകാരം ഭേദഗതി ചെയ്തിരിക്കുന്ന വിവരം ഇതിനാൽ എല്ലാ ക്ലിപ്തരഹിത സഹകരണ സംഘങ്ങളേയും അറിയിച്ചിരിക്കുന്നു.

ക്ലിപ്തരഹിതസംഘങ്ങളിൽ എഴുത്തുജോലിനോക്കുന്ന കമ്മിററി മെമ്പറന്മാർക്കു രജിസ്ട്രാർ അവർകളുടെ അനുമതിയോടുകൂടി എന്തെങ്കിലും പ്രതിഫലം കൊടുക്കാമെന്നുള്ളതാണ്. എന്നാൽ അപ്രകാരം എഴുത്തുജോലിനോക്കുന്ന സിക്രട്ടറിക്കോ മററുവല്ല കമ്മിററിമെമ്പർക്കോ ഒരാണ്ടിൽ പ്രതിഫലമായി കൊടുക്കാവുന്ന ആകത്തുക ആ വർഷാവസാനത്തിൽ നിൽപ്പുള്ള കടം വായ്പത്തുകയിന്മേൽ ൫൦൦ രൂപയ്ക്കു മുക്കാൽ രൂപ എന്നുള്ള നിരക്കിൽ കവിയാൻ പാടില്ലാത്തതാകുന്നു. അപ്രകാരം തന്നെ സംഘം സിക്രട്ടറിയോ മററുവല്ല കമ്മിററി അംഗമൊ സംഘസംബന്ധമായി എന്തെങ്കിലും സ്തുത്യർഹമായി പ്രവർത്തിച്ചിട്ടുണ്ടെന്നു പൊതുയോഗത്തിനു അഭിപ്രായമുള്ള പക്ഷം മുൻകൊല്ലത്തെ നികരലാഭത്തിന്റെ ൨൦ ശതമാനത്തിൽ കവിയാത്ത ഒരു തുക രജിസ്ട്രാർ അവർകളുടെ അനുമതിയോടുകൂടി ആ ആൾക്കു ബോണസ്സായി കൊടുക്കാമെന്നുള്ളതാണ്.

മേൽകാണിച്ച നിബന്ധന നം ൧൦-ം ൧൧-ം ഈ വ്യവസ്ഥകൾ അനുസരിച്ചു ഭേദഗതി ചെയ്യേണ്ടുന്നതാണ്.

സർക്കുലർ ൧൮൪.

ക്ലിപ്തരഹിതസംഘങ്ങളിലെ എഴുത്തുജോലിനോക്കുന്ന കമ്മിററി മെമ്പറന്മാർക്കും സംഘത്തിനുവേണ്ടി ജോലികൾ നിർവഹിക്കുന്ന സിക്രട്ടറിമാർക്കും പ്രതിഫലംകൊടുക്കുന്നതിനെ സംബന്ധിച്ച ൧൧൨൨ വൃശ്ചികം ൧൫-ാം-യിലെ ൧൭൭-ാം [illegible] നമ്പർ സർക്കുലറിന്റെ ഭേദഗതിയാൽ നിർദ്ദേശിച്ചിട്ടുള്ള നിബന്ധന നം. ൨; ൧൧ എന്നീ വകുപ്പുകൾ ഭേദഗതി വരുത്തേണ്ടതിന്റെ മാതൃക താഴെ ചേർക്കുന്നു. ഇതനുസരിച്ച് എല്ലാ ക്ലിപ്തരഹിതസംഘങ്ങളും ഭേദഗതി ചെയ്തുകൊള്ളേണ്ടതാണ്.

ഇപ്പോൾ നിലവിലിരിക്കുന്നത്.

നം. ൨. കമ്മിററിക്കാർ പ്രതിഫലംകൂടാതെ [illegible] ജോലി

... ...
... ...
... ...
ഒരു പ്രതിഫലം ... ...
... ...
... ...
... ...
... ...
... ...
... ...
... ...

......താഴെ പറയുന്ന വിധം [illegible] വുന്നതാണ്.

൧൧. (ഭ) വീതിക്കാതെ ലാഭത്തിൽ

... ...
... ...
... ...
... ...
... ...
... ...

ബാക്കിയുള്ള സംഖ്യ [illegible] ചേർക്കേണ്ടതാണ്.

... ...
... ...
... ...

ഭേദഗതി ചെയ്യേണ്ടവിധം.

നം. ൨. കമ്മിററിക്കാർ പ്രതിഫലംകൂടാതെ ജോലി [illegible]. [illegible] എഴുത്തുജോലി നോക്കുന്ന [illegible] സിക്രട്ടറിക്കോ മററു വല്ല കമ്മിററി മെമ്പറന്മാർക്കോ രജിസ്ട്രാർ അവർകളുടെ [illegible] പ്രതിഫലം [illegible] അനുവദിക്കുന്ന [illegible] പ്രതിഫലമായി കൊടുക്കാവുന്ന [illegible] വർഷാവസാനത്തിൽ [illegible] നിരക്കിൽ [illegible] കവിയാൻ പാടില്ലാത്തതാകുന്നു. സംഘം [illegible] പ്രവൃത്തി [illegible] വല്ല ചെലവുകളും സംഘത്തിന്റെ [illegible] താഴെ പറയുന്നവിധം [illegible].

൧൧. (ഭ) സംഘം സിക്രട്ടറിയോ [illegible] കമ്മിററി [illegible] സംഘം [illegible] സ്തുത്യർഹമായി പ്രവൃത്തിച്ചിട്ടുണ്ടെന്ന് [illegible] രജിസ്ട്രാർ അവർകളുടെ [illegible] കൂടി [illegible] ബോണസ്സായി കൊടുക്കാമെന്നുള്ളതാണ്.

൧൨. (ഭ) വീതിക്കാതെ ലാഭത്തിൽ ബാക്കിയുള്ള സംഖ്യ കരുതൽധനത്തിലേക്ക ചേർക്കണം.

൪൨. വ്യവഹാരം, വിധിനടത്ത്, മാദ്ധ്യസ്ഥം.

ആക്ട് ൭൩.

(ഹ) രജിസ്റ്റർ ചെയ്ത ഒരു സംഘത്തിന്റെ പ്രവൃത്തിസംബന്ധിച്ച്, തക്കങ്ങൾ,

(എ) അംഗങ്ങൾ തമ്മിലൊ മുമ്പ് അംഗങ്ങളായിരുന്നവർ തമ്മിലൊ അംഗങ്ങളൊ മുമ്പ് അംഗങ്ങളായിരുന്നവരൊ മരിച്ച അംഗങ്ങളൊവഴി അവകാശപ്പെടുന്ന ആളുകൾ തമ്മിലൊ അല്ലെങ്കിൽ;

(ബി) ഒരംഗമൊ മുമ്പ് അംഗമായിരുന്ന ആളൊ അല്ലെങ്കിൽ ഒരംഗമൊ മുമ്പ് അംഗമായിരുന്ന ആളൊ മരിച്ച അംഗമൊവഴി അവകാശപ്പെടുന്ന ആളൊ ഇവരും ആ സംഘവും അതിന്റെ കമ്മിററിയും അല്ലെങ്കിൽ ആ സംഘത്തിലെ മുമ്പ് ജോലിനോക്കിയിരുന്നതൊ ഇപ്പോൾ ജോലിനോക്കുന്നതൊ ആയ ഏതെങ്കിലും ഉദ്യോഗസ്ഥനൊ ഏജന്റൊ ജോലിക്കാരനൊ ഇവരും തമ്മിലൊ, അല്ലെങ്കിൽ;

(സി) ആ സംഘമൊ അതിന്റെ കമ്മിററിയൊ ആ സംഘത്തിലെ മുമ്പു ജോലിനോക്കിയിരുന്നതൊ ഇപ്പോൾ ജോലിനോക്കുന്നതൊ ആയ ഏതെങ്കിലും ഉദ്യോഗസ്ഥനൊ ഏജന്റൊ ജോലിക്കാരനൊ ആയ ആളും തമ്മിലൊ അല്ലെങ്കിൽ;

(ഡി) സംഘവും രജിസ്റ്റർചെയ്ത മറേറതെങ്കിലും സംഘവും തമ്മിലൊ (സംഘത്തിലെ ശമ്പളം പററുന്ന ഒരു ജീവനക്കാരനെതിരായി സംഘമൊ അതിന്റെ കമ്മിറ്റിയൊ നടത്തുന്ന ക്രമപരിപാലന നടപടി സംബന്ധിച്ച ഒരു തക്കമല്ലാത്ത) വല്ലതക്കവും ഉണ്ടായാൽ അങ്ങനെയുള്ള തക്കം തീരുമാനിക്കാൻ രജിസ്ട്രാർക്ക് അയച്ചുകൊടുക്കേണ്ടതാകുന്നു.

വിവരണം:—ഒരു രജിസ്റ്റർചെയ്ത സംഘത്തിനു ഒരു അംഗത്തിൽനിന്നൊ മുമ്പു അംഗമായിരുന്ന ആളിൽനിന്നൊ മരിച്ചുപോയ ഒരംഗത്തിന്റെ ആശ്രിതരിൽനിന്നൊ അവകാശിയിൽനിന്നോ നിയമാനുസൃത പ്രതിനിധിയിൽനിന്നൊ ഈടായികിട്ടേണ്ട ഏതെങ്കിലും കടത്തിനൊ ബാദ്ധ്യതയ്ക്കൊ ആയി അതു അവകാശപ്പെടുന്നതു പ്രസ്തുതകടം അല്ലെങ്കിൽ ബാദ്ധ്യത സമ്മതിച്ചിരുന്നാലും ഇല്ലെങ്കിലും ഈ ഉപവകുപ്പിന്റെ അർത്ഥത്തിനുൾപ്പെട്ട് ആ സംഘത്തിന്റെ പ്രവൃത്തിയെ സ്പർശിക്കുന്ന ഒരു തക്കമാകുന്നു.

(2) അങ്ങനെ അയച്ചുകിട്ടിയാൽ, രജിസ്ട്രാർ;

(എ) ആ തക്കം താൻ തന്നെ തീരുമാനിക്കയൊ, അല്ലെങ്കിൽ;

(ബി) നമ്മുടെ ഗവൺമെൻറു അതിലേക്കു അധികാരങ്ങൾ നൽകിയിട്ടുള്ള വല്ല ആൾക്കു ആ തക്കം തീരുമാനിക്കാൻ കൈയ്മാററം ചെയ്കയൊ അല്ലെങ്കിൽ;

(സി) നിർണ്ണയിച്ചിരിക്കാവുന്ന ചട്ടങ്ങൾക്കുൾപ്പെട്ട് അതു തീരുമാനിക്കാൻ ഒരു മദ്ധ്യസ്ഥനോ മദ്ധ്യസ്ഥന്മാർക്കോ അയച്ചുകൊടുക്കുകയോ ചെയ്യാം;

എന്നാൽ, തക്കകക്ഷികളിൽ ആരെങ്കിലും (സി) ഖണ്ഡപ്രകാരം നടപടി നടത്തുന്നതിന് അപേക്ഷിക്കുന്നതായാൽ രജിസ്ത്രാർ അതനുസരിച്ചു പ്രവർത്തിക്കേണ്ടതാകുന്നു.

(൩) ൨-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം കൈയ് മാററം ചെയ്യുതൊ അതോ ഉപവകുപ്പ് (സി) ഖണ്ഡപ്രകാരം അയച്ചു കൊടുത്തതോ ആയ വല്ല തക്കസംഗതിയും നിർണ്ണയിക്കാവുന്ന ചട്ടങ്ങൾക്കുൾപ്പെട്ട രജിസ്ത്രാർ പിൻവലിക്കാവുന്നതും ആ ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ അതുസംബന്ധിച്ച് പ്രവർത്തിക്കാവുന്നതുമാകുന്നു.

* (൪) തക്കസംഗതി തീരുമാനിക്കാൻ ആർക്കു കൈയ് മാറ്റംചെയ്തു കൊടുക്കുന്നുവൊ ആയാളുടെയോ അല്ലെങ്കിൽ ഏതു മദ്ധ്യസ്ഥനൊ മദ്ധ്യസ്ഥന്മാർക്കോ അയച്ചുകൊടുത്തിരുന്നുവൊ ആയാളുടെയോ അവരുടെയോ തീരുമാനത്തെ രജിസ്ത്രാർ സ്വമേധയായൊ ആ തക്കസംഗതിയിലെ ഒരു കക്ഷിയുടെ അപേക്ഷയിന്മേലൊ പരിശോധിച്ചു ഭേദപ്പെടുത്താവുന്നതാണ്.

എന്നാൽ പുനരാലോചിക്കണമെന്നു ആവശ്യപ്പെടുന്ന തീരുമാനം ൨-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിലെ വ്യവസ്ഥകളനുസരിച്ചു നിയമിച്ച മദ്ധ്യസ്ഥനൊ മദ്ധ്യസ്ഥന്മാരോ ചെയ്തിട്ടുള്ള ഒരു തീരുമാനം ആയിരുന്നാൽ രജിസ്ത്രാർ ആ തീരുമാനം ഭേദപ്പെടുത്താൻ പാടില്ലാത്തതും എന്നാൽ ആവശ്യമെന്നൊ ആശാസ്യമെന്നൊ അദ്ദേഹം വിചാരിക്കുന്നതായാൽ ആ വാദം വീണ്ടും ൨-ാം ഉപവകുപ്പിന്റെ (സി) ഖണ്ഡപ്രകാരമെന്നോണം റെഫർചെയ്യാവുന്നതുമാകുന്നു.

ചട്ടം ൩.വ്യ.

(എ) ആക്റ്റിലെ ൫൩-ാം വകുപ്പിൻപ്രകാരം ഏതെങ്കിലും വിവാദത്തെപ്പററി രജിസ്ത്രാരോട് ചോദിക്കുന്നതു രേഖാമൂലമായിരിക്കേണ്ടതാണ്.

മദ്ധ്യസ്ഥം.

(൨) അങ്ങനെ എഴുതിച്ചോദിക്കുന്നതു കിട്ടിയാൽ അതു മാദ്ധ്യസ്ഥംമൂലം തീരുമാനിക്കാൻ രജിസ്ത്രാർ ആഗ്രഹിക്കുന്നപക്ഷം, എന്നാകിൽ രജിസ്ത്രാർ നിയമിക്കുന്ന ഒരു ഒറ്റ മദ്ധ്യസ്ഥനോടോ അല്ലെങ്കിൽ ഒരു മദ്ധ്യസ്ഥസംഘത്തോടോ രജിസ്ത്രാർ അതിന്റെ തീരുമാനത്തിനാവശ്യപ്പെടേണ്ടതും, ആ മദ്ധ്യസ്ഥസംഘത്തിൽ ഒരാളെ രജിസ്ത്രാരും മറേറവരെ വിവാദകക്ഷികളിൽ ഓരോരുത്തരും നിയമിക്കേണ്ടതും ആകുന്നു. രജിസ്ത്രാർ നിയമിക്കുന്ന മദ്ധ്യസ്ഥൻ മദ്ധ്യസ്ഥസംഘത്തിന്റെ ചെയർമനായി പ്രവൃത്തിക്കേണ്ടതും, ആ വിവാദത്തെപ്പററി വാദം കേൾക്കുന്നതിനുള്ള സമയവും സ്ഥലവും നിശ്ചയിക്കേണ്ടതും, തീരുമാനത്തിന് എഴുതിച്ചോദിച്ചിട്ടുള്ള സംഗതിയെ സംബന്ധിച്ച് ആവശ്യമായ എഴുത്തുകുത്തുകൾ നടത്തേണ്ടതും ആകുന്നു.

(൩) രജിസ്ത്രാർക്കോ, മദ്ധ്യസ്ഥനോ, മദ്ധ്യസ്ഥസംഘത്തിനോ അല്ലെങ്കിൽ വിവാദം തീരുമാനിക്കുന്ന മററാളുകൾക്കോ സത്യപ്രതിജ്ഞ ചെയ്യിക്കുന്നതിനും, സംബന്ധപ്പെട്ട എല്ലാ കക്ഷികളും സാക്ഷികളും ഹാജരാകുന്നതിനാവശ്യപ്പെടുന്നതിനും വിവാദകാര്യത്തെ സംബന്ധിച്ചുള്ള എല്ലാ പുസ്തകങ്ങളും പ്രമാണങ്ങളും ഹാജരാക്കുന്നതിനാവശ്യപ്പെടുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(൪) രജിസ്ത്രാരോ, മദ്ധ്യസ്ഥനോ, മദ്ധ്യസ്ഥസംഘമൊ അല്ലെങ്കിൽ വിവാദം തീരുമാനിക്കുന്ന മററാളുകളോ ഹാജരാകുന്ന കക്ഷികളുടേയും സാക്ഷികളുടേയും തെളിവിന്റെ ഒരു ചുരുങ്ങിയ വിവരം ഇംഗ്ലീഷിലോ നാട്ടുഭാഷയിലോ രേഖപ്പെടുത്തേണ്ടതും, അങ്ങനെ രേഖപ്പെടുത്തിയ തെളിവ് മേലും കക്ഷികൾ ഹാജരാക്കിയിട്ടുള്ള ഏതെങ്കിലും രേഖാമൂലമായ തെളിവിനെപ്പററി പര്യാലോചിച്ചശേഷവും അപ്രകാരമുള്ള രജിസ്ത്രാറോ, മദ്ധ്യസ്ഥനോ, മദ്ധ്യസ്ഥസംഘമോ അല്ലെങ്കിൽ മററാളോ ന്യായത്തിനും നീതിക്കും മനസാക്ഷിക്കും അനുസരണമായി കാര്യത്തിന്റെ അവസ്ഥപോലെ ഒരു തീരുമാനമോ വിധിയോ പ്രഖ്യാപനം ചെയ്യേണ്ടതും ആകുന്നു.

(൫) അങ്ങനെ നൽകുന്ന തീരുമാനമോ വിധിയോ രേഖപ്പെടുത്തി, ഇരട്ടിപ്പായി രജിസ്ത്രാർക്ക് അയച്ചുകൊടുക്കേണ്ടതാകുന്നു. രജിസ്ത്രാർ തന്റെ മുദ്ര പതിച്ച വിധിനടത്തുന്നതിനായി കക്ഷിക്കു നൽകേണ്ടതാ

കന്നു. ഹാജരാകാൻ യഥാവിധി ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും കക്ഷി ഹാജരാകുന്നില്ലെങ്കിൽ ആ വിവാദം എക്സ്പാർട്ടിയായി വിധിക്കാവുന്നതാകുന്നു. പല മദ്ധ്യസ്ഥന്മാരെ നിയമിച്ചിരുന്നാൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായം പ്രാബല്യത്തിൽ വരേണ്ടതാകുന്നു.

(ന്ന) (എ) കാര്യത്തിന്റെ അവസ്ഥപോലെ ഒരു വിവാദമോ പരിശോധനഹർജിയോ തീരുമാനിക്കുന്നതിലേക്ക രജിസ്ട്രാർ നിർണ്ണയിച്ചിട്ടുള്ള ഫീസ് മുൻകൂറായി നിക്ഷേപിക്കാൻ ആക്ടിലെ ൭ന്നു-ാം വകുപ്പ് (൧)-ാം ഉപവകുപ്പിൻപ്രകാരം ഒരു വിവാദമോ ആ വകുപ്പിന്റെ (൪)-ാം ഉപവകുപ്പിൻപ്രകാരം ഒരു പരിശോധനഹർജിയോ തീരുമാനത്തിനു കന്ന ആളോട് ആവശ്യപ്പെടാൻ രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(ബി) രജിസ്ട്രാർക്കോ, മദ്ധ്യസ്ഥനോ, മദ്ധ്യസ്ഥസംഘത്തിനോ, മേൽപറഞ്ഞ ൭ന്നു-ാം വകുപ്പ് (൧)-ാം ഉപവകുപ്പിൻപ്രകാരം വിവാദം തീരുമാനിക്കുന്ന മറ്റാളിനോ ഇവക്കും ആ വകുപ്പ് (൪)-ാം ഉപവകുപ്പിൻ പ്രകാരം ഒരു പരിശോധന ഹർജി തീരുമാനിക്കുന്ന രജിസ്ട്രാർക്കും, സംഘംവക ഫണ്ടിൽനിന്നോ അയാളോ അവരോ യുക്തമെന്നു കരുതാവുന്ന വിവാദകക്ഷിയോ കക്ഷികളോ വിവാദം തീരുമാനിക്കുന്നതിൽ വന്ന ചെലവു കൊടുക്കുന്നതിന് ഉത്തരവുചെയ്യാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(സി) (എ) ഖണ്ഡമനുസരിച്ച് വസൂലാക്കിയിട്ടുള്ള ഫീസു മുഴുവനുമോ, ഏതാനുംഭാഗമോ, രജിസ്ട്രാർ അദ്ദേഹത്തിന്റെ യുക്തംപോലെ ഇളവുചെയ്യാവുന്നതാണ്.

(൭) രജിസ്ട്രാരുടെയോ മദ്ധ്യസ്ഥന്റെയോ മദ്ധ്യസ്ഥസംഘത്തിന്റെയോ വിവാദം തീരുമാനിക്കുന്ന മറ്റാളുടെയോ മുൻപാകെയുള്ള നടപടികളിൽ കക്ഷികളെ പ്രതിനിധീകരിക്കാൻ ഹാജരാകുന്നതിന് വക്കീലന്മാർക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

(വ്വ) പരിശോധനയ്ക്കായുള്ള അപേക്ഷ വല്ലതുമുണ്ടെങ്കിൽ അതു വിധി പ്രഖ്യാപനം ചെയ്ത തീയതിമുതൽ മുപ്പതുദിവസത്തിനകം രജിസ്ട്രാർക്ക് കൊടുക്കേണ്ടതാകുന്നു. വിധിയുടെയും സംബന്ധപ്പെട്ട മററു പ്രമാണങ്ങളുടെയും പകർപ്പുകൾ ൧൦-ാം ചട്ടത്തിൽ നിർണ്ണയിച്ചിട്ടുള്ള ഫീസ് കൊടുത്താൽ രജിസ്ട്രാരുടെ പക്കൽനിന്നും കിട്ടുന്നതാണ്.

(ൻ) പലിശയും പിഴയും ഒരുമിച്ചുകൂട്ടിയാൽ മുതലിന്റെ ൧൦ ശതമാനത്തിൽ കവിയുമെങ്കിൽ അപ്രകാരമുള്ള പലിശയ്ക്കോ പിഴയ്ക്കോ ആയി യാതൊരു വിധിയും നൽകുന്നതല്ല.

ആക്ട് ൧൮.

൧൮. രജിസ്ത്രാരൊ ഇതിലേക്ക് രജിസ്ത്രാർ രേഖാമൂലമുള്ള സാമാന്യമൊ പ്രത്യേകമൊ ആയ ഉത്തരവനുസരിച്ച മറപ്രകാരം അധികാരപ്പെട്ടുത്തിയിട്ടുള്ള ആളോ ൪൩-ാം വകുപ്പിൻ പ്രകാരമുള്ള ഒരന്വേഷണം നടത്തേണ്ടതാണെന്നോ സംഘത്തിന്റെ കാര്യാദികം ആവസാനിപ്പിക്കേണമെന്നോ മദ്ധ്യസ്ഥതീരുമാനം ചെയ്യണമെന്നോ ഈ ആക്ടിൽ എവിടെയെല്ലാം വ്യവസ്ഥ ചെയ്തിരിക്കുന്നുവൊ അവിടെയെല്ലാം, കാര്യത്തിന്റെ അവസ്ഥപ്പോലെ, രജിസ്ത്രാർക്കൊ അധികാരപ്പെടുത്തിയിട്ടുള്ള ആളിനൊ, സാക്ഷികളെ വരുത്തുന്നതിനായി നമ്മുടെ ഗവണ്മെന്റ പാസാക്കാവുന്ന ചട്ടങ്ങൾക്ക് വിധേയമായി, ൧൯൦൮ -ാമാണ്ടത്തെ സിവിൽ നടപടി നിയമപ്രകാരം ഒരു സിവിൽ കോടതിയുടെ കാര്യത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന അതേമാർഗ്ഗങ്ങൾ അനുഷ്ഠിച്ചും കഴിയുന്നിടത്തോളം അപ്രകാരവും താല്പര്യമുള്ള കക്ഷികളും അല്ലെങ്കിൽ അവരിലാരെങ്കിലും ഉൾപ്പെടയുള്ളവരമായ സാക്ഷികളെ സമൻസയച്ചു സംബന്ധപ്പെട്ട സംഘത്തിന്റെ ഹെഡ് ഓഫീസിൽ ഹാജരാകാൻ നിർബന്ധിക്കാനും തെളിവു നൽകാൻ അവരെ നിർബന്ധിക്കാനും പ്രമാണങ്ങൾ ഹാജരാക്കാൻ നിർബന്ധിക്കാനും അധികാരമുണ്ടായിരിക്കുന്നതാണ്.

രാജകീയ ... ബന്ധിക്കാനുള്ള അധികാരം.

ചട്ടം ൩൩.

(എ) ഈ ആക്ട് അനുസരിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഓരോ സമൻസും രേഖാമൂലമായിരിക്കേണ്ടതും, അതു പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥന്റെ കൈയൊപ്പും മുദ്രയുമുണ്ടെങ്കിൽ അതുംകൊണ്ട് അധികൃതമായിരിക്കേണ്ടതും ആകുന്നു.

സമൻസ് നടത്തേണ്ടരീതി.

ഒരു നിശ്ചിതസമയത്തും സ്ഥലത്തും പ്രസ്തുത ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാകാൻ ആ സമൻസു അയച്ചിട്ടുള്ള ആളിനോടാവശ്യപ്പെടേണ്ടതും, അയാൾ ഹാജരാകേണ്ടത് ആവശ്യമായിരിക്കുന്ന തെളിവു കൊടുക്കുന്നതിനൊ, ഒരു പ്രമാണം ഹാജരാക്കുന്നതിനൊ അല്ലെങ്കിൽ

രണ്ടു കാൎയ്യത്തിനും കൂടിയൊ ആണൊ എന്നു പ്രസ്താവിച്ചിരിക്കേണ്ടതും ആകുന്നു. ഹാജരാക്കണമെന്നാവശ്യപ്പെട്ടിരിക്കുന്ന ഏതെങ്കിലും പ്രത്യേകപ്രമാണം ന്യായമായ കൃത്യതയോടുകൂടി സമൻസിൽ വിവരിച്ചിരിക്കേണ്ടതും ആകുന്നു.

(൨) ഏതൊരാളെയും തെളിവു കൊടുക്കാൻ സമൻചെയ്യാതെ ഒരു പ്രമാണം ഹാജരാക്കാൻ സമൻ ചെയ്യാവുന്നതും ഒരു പ്രമാണം ഹാജരാക്കാൻ മാത്രം സമൻ ചെയ്തിട്ടുള്ള ഏതൊരാളും അതു നേരിട്ടു ഹാജരാക്കുവാൻ സന്നിഹിതനാകാതെ പ്രസ്തുത പ്രമാണം ഹാജരാക്കപ്പെടാൻ ഇടവരുത്തുന്നപക്ഷം സമൻസ് അനുസരിച്ചു പ്രവൎത്തിച്ചതായി ഗണിക്കപ്പെടേണ്ടതും ആകുന്നു.

(൩) ഈ ആക്ടനുസരിച്ച് ഏതൊരാൾക്കെങ്കിലും താഴെ പറയുന്ന ഏതെങ്കിലും വിധത്തിൽ സമൻസു നടത്താവുന്നതാകുന്നു.

(എ) അതു് അപ്രകാരമുള്ള ആളിനു നൽകിയൊ നൽകാൻ കാണിച്ചോ അല്ലെങ്കിൽ,

(ബി) അയാളെ കാണാത്തപക്ഷം, അയാളുടെ വാസസ്ഥലമായോ ജോലിസ്ഥലമായോ ഒടുവിൽ അറിയപ്പെട്ടിട്ടുള്ള സ്ഥലത്തു കൊടുത്തിട്ടോ അല്ലെങ്കിൽ അയാളുടെ കുടുംബത്തിൽപെട്ട പ്രായപൂൎത്തിയുള്ള വല്ല അംഗത്തിനും കൊടുത്തോ കൊടുക്കാൻ കാണിച്ചോ അല്ലെങ്കിൽ,

(സി) അയാളുടെ മേൽവിലാസം രജിസ്റ്റ്രാക്ക് അല്ലെങ്കിൽ അധികൃതനായ മററാൾക്കൊ അറിയാമെങ്കിൽ അതു അയാൾക്കയച്ചോ അല്ലെങ്കിൽ,

(ഡി) മേൽപറഞ്ഞ ഒരു മാൎഗ്ഗവുമില്ലെങ്കിൽ അയാളുടെ വാസസ്ഥലമായോ ജോലിസ്ഥലമായോ ഒടുവിൽ അറിയപ്പെട്ടിട്ടുള്ള സ്ഥലത്തു പ്രത്യക്ഷത്തിൽ കാണാവുന്ന വല്ലഭാഗത്തും അതു പതിച്ചോ,

(൪) സമൻസു നടത്തപ്പെട്ടയാൾ കൈപ്പററിയതായി ഒപ്പുവയ്ക്കണമെന്നു് സമൻസ് നടത്തുന്ന ഉദ്യോഗസ്ഥൻ സമൻസിൻെറ ഒരു പകൎപ്പു് അയാളിനു നേരിട്ടോ ഒരേജൻറിനോ അയാൾക്കുവേണ്ടി മററാൎക്കെങ്കിലുമോ കൊടുക്കുകയൊ കൊടുക്കാൻ കാണിക്കുകയൊ ചെയ്താൽ അങ്ങനെ പകൎപ്പു കൊടുക്കുകയൊ കൊടുക്കുവാൻ കാണിക്കുകയൊ ചെയ്ത ആളിനോടു് സമൻസിൻെറ അസൽപ്രതിയുടെ പുറത്തു സമൻസ് നടത്തിയതായി സമ്മതിച്ചു കയ്യൊപ്പുവയ്ക്കാൻ ആ ഉദ്യോഗസ്ഥൻ ആവശ്യപ്പെടേണ്ടതാകുന്നു.

(൭) സമൻസ് നടത്തിയ സമയത്തേയും വിധത്തേയും കുറിച്ചുള്ള ഇണ്ടാസ്.

(൮)-ാം ഉപവകുപ്പുപ്രകാരം സമൻസു നടത്തിയിട്ടുള്ള സകല സംഗതികളിലും നടത്തുന്ന ഉദ്യോഗസ്ഥൻ സമൻസു നടത്തിയ സമയവും വിധവും സമൻസു നടത്തപ്പെട്ടയാൾ ഇന്നാരാണെന്നു സാക്ഷി പറകയും സമൻസു കൊടുത്തതായോ കൊടുക്കാൻ കാണിച്ചതായോ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നയാൾ വല്ലവരുമുണ്ടെങ്കിൽ അയാളുടെ പേരും മേൽവിലാസവും കാണിക്കുന്ന ഒരു വിവരണവും സമൻസിന്റെ അസൽ പ്രതിയിൽ പുറത്തെഴുതുകയോ അനുബന്ധിക്കയോ, പുറത്തെഴുതുന്നതിനോ അനുബന്ധിക്കുന്നതിനോ ഇടവരുത്തുകയോ, ചെയ്യേണ്ടതാകുന്നു.

(൯) സിവിൾ പബ്ളിക്കാഫീസരുടെ മേലൊ റയിൽവേ കമ്പനിയുടെയോ പ്രാദേശികാധികാരിയുടെയോ കീഴ്ജീവനക്കാരന്റെ മേലൊ നടത്തുക.

പ്രതി ഒരു പബ്ളിക്കാഫീസരോ ഒരു റയിൽവേകമ്പനിയുടെയോ പ്രാദേശികാധികാരിയുടെയോ കീഴ്ജീവനക്കാരനോ ആണെങ്കിൽ സമൻസയയ്ക്കുന്ന ഉദ്യോഗസ്ഥൻ സമൻസു അങ്ങനെ അയയ്ക്കുന്നതാണ്. ഏററവും സൌകര്യപ്രദമെന്നു തോന്നിയാൽ അയാൾ അതു അഞ്ചലിൽ രജിസ്റ്റർ ചെയ്തു കൈപ്പററു രസീതിനു മുൻകൂട്ടി പണമൊടുക്കി പ്രതിയുടെ മേൽ നടത്തുന്നതിനായി പ്രതി കൈവശംവച്ചു കൊള്ളേണ്ട ഒരു പകർപ്പോടുകൂടി അയാൾ ജോലിയിലിരിക്കുന്ന ആഫീസിന്റെ മേലാവിനു അയച്ചു കൊടുക്കാവുന്നതാണ്.

(൧) ഈ ആക്ട ൭വ-ാം വകുപ്പിൻപ്രകാരം സമൻസയച്ചു വരുത്തുന്ന സാക്ഷികൾക്കു കൊടുക്കേണ്ട പടിയുടെ തോതു താഴെ പറയുന്നതായിരിക്കേണ്ടതും ആ സാക്ഷിയെ സമൻസയച്ചു വരുത്തിക്കുന്ന കക്ഷി അതു കൊടുക്കേണ്ടതും ആകുന്നു.

സാക്ഷികളെ മൂന്നു ക്ലാസുകളായി വിഭജിക്കുന്നതാണ്.

മൂന്നാംക്ലാസ്. മാസംതോറുമുള്ള വരവു ൫൦൦ രൂപായിൽ കുറഞ്ഞ ആളുകൾ.

രണ്ടാംക്ലാസ്. മാസംതോറുമുള്ള വരവു ൫൦൦ രൂപായും അതിൽ കൂടുതലും ആയുള്ളവർ.

ഒന്നാംക്ലാസ് മാസംതോറുമുള്ള വരവു ൨൫൦ രൂപായും അതിൽ കൂടുതലുമായുള്ളവർ.

പടിയുടെ തോതു്.

വിസ്താരസ്ഥലം സാക്ഷിയുടേതിൽനിന്നു വ്യത്യാസപ്പെട്ട ഒരു സ്റ്റേഷനിലായിരുന്നാൽ അവിടേക്കും അവിടെ നിന്നുമുള്ള യാത്രക്കു സഞ്ചാരപ്പടി.

സാക്ഷിയുടെ ക്ലാസ്സ്	റയിൽ വഴി	റോഡ് വഴി		പ്രതിദിനമുള്ള ചെലവുകൾ ഉൾപ്പെടെ സംരക്ഷണപ്പടി
		വാടകയ്ക്കു വിടുന്ന മോട്ടോർ ബസ്സ് മുതലായ പൊതു വാഹനങ്ങൾ ഉള്ളിടത്തു്	വാടകയ്ക്കു വിടുന്ന പൊതു വാഹനം ഇല്ലാത്തിടങ്ങൾ	
൩-ാം ക്ലാസ്സ്	ഒറ്റയ്ക്കു ഏറ്റവും കുറഞ്ഞ ക്ലാസ്	ഒറ്റയ്ക്കു ഏറ്റവും കുറഞ്ഞ ക്ലാസിനുള്ള കൂലി	മൈലൊന്നിനു ൩ ച. ൨ കാശു്	൧ ൦ ച. ൨ കാശു്
൨-ാം ക്ലാസ്സ്	ഒറ്റയ്ക്കു ൨-ാം ക്ലാസ്സ് കൂലി	ഒറ്റയ്ക്കു രണ്ടാംക്ലാസ്സുകൂലി അല്ലെങ്കിൽ രണ്ടു ക്ലാസ്സുകൾ മാത്രമേ ഉള്ളെങ്കിൽ ഏറ്റവും കുറഞ്ഞ ക്ലാസിനുള്ള കൂലി	ടി. ൭ ച.	൨ ൧ ച.
൧-ാം ക്ലാസ്സ്	ടി	സാക്ഷിയെ സമൻസയച്ചു വരുത്തുന്ന അധികാരിക്കു സാക്ഷി പതിവായി പൊതുവാഹനങ്ങളിൽ ഉള്ള ഏറ്റവും കൂടിയ ക്ലാസിൽ സഞ്ചരിക്കുന്നയാളെന്നു ബോദ്ധ്യം വന്നാൽ അയാൾ തന്മാനിച്ചു ഒറ്റയ്ക്കു ഒന്നാംക്ലാസ്സുകൂലി അനുവദിക്കാവുന്നതാണ്. മററു സംഗതികളിൽ ഒറ്റയ്ക്കു ൨-ാം ക്ലാസ്സിലെ കൂലി മാത്രം.	ടി ൧ ൦ ച. ൨ കാശു്	൧ രൂ. ൧ ൯ ച.

കുറിപ്പ്: വിസ്താരസ്ഥലത്തിന്റെ അതേ ദിക്കിൽതന്നെ സാക്ഷി താമസിക്കുമ്പോൾ സാക്ഷിയെ സമൻസയച്ചു വരുത്തുന്ന അധികാരി (സാക്ഷി ഒരു വാഹനം ഉപയോഗിച്ചിട്ടുണ്ടെങ്കിൽ) സാക്ഷിക്കു സംരക്ഷണപ്പടിക്കു പകരം സ്ഥിതിക്കനുസരണമായി വാഹനത്തിനു ന്യായമായ വാടക യുക്തംപോലെ അനുവദിച്ചു കൊടുക്കാവുന്നതാണ്.

(ii) മദ്ധ്യസ്ഥനോടൊ മദ്ധ്യസ്ഥസംഘത്തിനോടൊ എഴുതി ചോദിച്ചിട്ടുള്ള ഓരോ വിവാദത്തിനു ൧ ചക്രത്തിൽ കവിയാത്ത ഒരു ഫീസു തൽസംബന്ധമായ ചെലവായി ഹർജിക്കാരൻ മദ്ധ്യസ്ഥനൊ മദ്ധ്യസ്ഥസംഘത്തിനോ കൊടുക്കേണ്ടതാകുന്നു.

മേൽ-(i)-ം(ii)-ം പ്രകാരമുള്ള ചെലവുകൾ വിവാദച്ചെലവുകളായി ഗണിക്കേണ്ടതും ആ വിവാദം തീരുമാനിക്കുന്ന അധികാരിക്ക് ആരു് ഏതു വസ്തുവിൽനിന്നു എത്രത്തോളം ആ ചെലവുകളും ആ വിവാദത്തിനു ആനുഷംഗികമായി വരാവുന്ന മറെറല്ലാ ചെലവുകളും കൊടുക്കേണ്ടതാണെന്നു നിശ്ചയിക്കുന്നതിനും മേൽപറഞ്ഞ കാര്യങ്ങൾക്കായി ആവശ്യമുള്ള സകല നിർദ്ദേശങ്ങളും നൽകുന്നതിനും പൂർണ്ണാധികാരം ഉണ്ടായിരിക്കുന്നതും ആകുന്നു. വിവാദം തീരുമാനിക്കുന്ന അധികാരി ആ തീരുമാനത്തെ സംബന്ധിച്ചിടത്തോളം ചെലവു കൊടുക്കേണ്ടതില്ല എന്നു നിർദ്ദേശിക്കുന്നപക്ഷം ആ അധികാരി അതിനുള്ള കാരണങ്ങൾ രേഖാമൂലം പ്രസ്താവിക്കേണ്ടതാകുന്നു.

ഏതായാലും ചെലവിനു പ്രതിവർഷം ൬ ശതമാനത്തിൽ കവിയാത്ത പലിശ വിധിച്ചുകൊടുക്കാവുന്നതും അപ്രകാരമുള്ള പലിശ ചെലവിനോടു ചേർക്കേണ്ടതും അതുപോലെ തന്നെ ഈടാക്കാവുന്നതും ആകുന്നു.

ആക്ട് ൫൧.

ഉത്തരവു അവസാന ഉത്തരവായിരിക്കുമെന്ന്.

(എ) ൩൩-ാംവകുപ്പു (൨)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരമൊ അല്ലെങ്കിൽ ആ വകുപ്പു (൪)-ാം ഉപവകുപ്പിൻപ്രകാരമൊ രജിസ്ട്രാർ പാസാക്കിയിട്ടുള്ള ഏതെങ്കിലും ഉത്തരവ് അവസാനത്തേതായിരിക്കുന്നതും അതിനെ യാതൊരു സിവിൽകോടതിയിലും ചോദ്യംചെയ്യാൻ പാടില്ലാത്തതും ആകുന്നു.

എന്നാൽ ൩൩-ാംവകുപ്പു ൨-ാംഉപവകുപ്പു (എ) ഖണ്ഡപ്രകാരം പാസ്സാക്കിയിട്ടുള്ള ഏതെങ്കിലും തീരുമാനത്തെ നിർണ്ണയിക്കപ്പെടാവുന്ന വല്ല ചട്ടങ്ങൾക്കും ഉൾപ്പെട്ടു പരിശോധിക്കാൻ നമ്മുടെ ഗവണ്മെൻറിനധികാരമുള്ളതാകുന്നു.

(ബി) ൩൩-ാംവകുപ്പു (൨)-ാംഉപവകുപ്പിൻപ്രകാരം ആരോടാണൊ എഴുതിച്ചോദിച്ചിട്ടുള്ളതു് അയാളൊ അല്ലെങ്കിൽ എഴുതിചോദിക്കപ്പെട്ടിട്ടുള്ള മദ്ധ്യസ്ഥനൊ മദ്ധ്യസ്ഥരൊ പാസാക്കാവുന്ന ഏതെങ്കിലും തീരുമാനം ആ വകുപ്പിൻെറ (൪)-ാം ഉപവകുപ്പിൽ മററുപ്രകാരത്തിൽ

വ്യവസ്ഥചെയ്തിട്ടുള്ളവിധം ഒഴിച്ച് അവസാനത്തേതായിരിക്കുന്നതും യാതൊരു സിവിൽകോടതിയിലും അതിനെ ചോദ്യംചെയ്യാൻ പാടില്ലാത്തതും ആകുന്നു.

ആക്ട് ൩൧.

പണം ഈടാക്കുന്നതിനുള്ള ഒരു രജിസ്ത്രാരുടെയോ മദ്ധ്യസ്ഥൻ്റെയോ ഒരു വിധിത്തീർപ്പോ തീരുമാനമൊ, രജിസ്ത്രാരുടെയോ ഇടപാടുതീർപ്പുകാരൻ്റെയോ ഒരു ഉത്തരവോ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘത്തിനു കിട്ടുമ്പോൾ അതുപ്രകാരമുള്ള ഏതെങ്കിലും പണം, നിരണ്ണയിക്കപ്പെടാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്കുൾപ്പെട്ട, ൧൦൯൩-ലെ ൧-ാം നമ്പരായ കരക്കുടിശ്ശിക റഗുലേഷൻ അനുസരിച്ചു കരക്കുടിശ്ശികയെന്നപോലെ ഈടാക്കാവുന്നതും, ആ കാര്യങ്ങൾക്കു രജിസ്ത്രാർക്കൊ അദ്ദേഹത്തിൻ്റെ കീഴിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനൊ ടി റഗുലേഷൻപ്രകാരം ഒരു ഡിവിഷൻപേഷ്കാരുടെയോ മററുദ്യോഗസ്ഥൻ്റെയോ അധികാരങ്ങൾ നമ്മുടെ ഗവൺമെൻറു നൽകാവുന്നതും ആകുന്നു.

(പീഴ്ചക്കാരൻ്റെ വസ്തു ജപ്തി ചെയ്യാനും വിൽക്കാനും ഉള്ള അധികാരം.)

എന്നാൽ ഒരു ഡിവിഷൻപേഷ്കാരുടെ അധികാരങ്ങൾ അസിസ്റ്റൻറ് രജിസ്ത്രാരുടെ സ്ഥാനവലിപ്പത്തിൽ താഴെയുള്ള യാതൊരുദ്യോഗസ്ഥനും നൽകാൻ പാടുള്ളതല്ല.

വിവരണം:—൧൦൯൩-ലെ ൧-ാം നമ്പരായ കരക്കുടിശ്ശിക റഗുലേഷൻപ്രകാരമുള്ള ഉത്തരവുകളെയോ നടപടികളെയോ സംബന്ധിച്ച അപ്പീൽ ബോധിപ്പിപ്പാനൊ പരിശോധനഹർജി കൊടുക്കാനൊ സിവിലായി വ്യവഹാരപ്പെടാനൊ ഉള്ള ഏതെങ്കിലും അവകാശം കക്ഷികൾക്കു ലഭിക്കുന്നതാണ്.

ആക്ട് ൪൯.

ലിക്വിഡേറ്റർ ൪൧-ാം വകുപ്പിൻപ്രകാരമൊ, അല്ലെങ്കിൽ രജിസ്ത്രാരൊ, അദ്ദേഹത്താൽ നിയുക്തനായ ആളൊ, മദ്ധ്യസ്ഥന്മാരൊ ൪൧-ാം വകുപ്പിൻപ്രകാരമൊ ൪൩-ാം വകുപ്പിൻപ്രകാരമൊ തന്നോടൊ തങ്ങളോടൊ ൪൨-ാംവകുപ്പു ൧-ാം ഉപവകുപ്പിൻ്റെ നിഷ്കൃഷ്ടനിബന്ധന

(പണം എങ്ങനെ ഈടാക്കണമെന്ന്)

പ്രകാരം നമ്മുടെ ഗവൺമെൻറിനാലൊ അഭിപ്രായം ചോദിച്ചിട്ടുള്ള വിവരങ്ങളിൽ പാസാക്കുന്ന ഓരോ ഉത്തരവും, നടപ്പിൽവരുത്തിയിട്ടില്ലാത്തപക്ഷം,

(എ) രജിസ്ട്രാരൊ ഒരു ലിക്വിഡേററരൊ ഒപ്പിട്ടിട്ടുള്ള ഒരു സർട്ടിഫിക്കററിന്മേൽ, പ്രാദേശികവിചാരണാധികാരമുള്ള ഏതെങ്കിലും സിവിൽക്കോടതി പ്രസ്തുത കോടതിയുടെ ഒരു ഡിക്രി എന്ന വിധത്തിൽ നടത്തേണ്ടതും, അല്ലെങ്കിൽ

(ബി) അപ്രകാരമുള്ള ഏതെങ്കിലും തുക ആ വിധം ഈടാക്കുന്നതിനായുള്ള ഏതൊരു അപേക്ഷയും ഡിവിഷൻ പേഷ്കാർക്കു കൊടുക്കുകയും, അതിനോടുകൂടി രജിസ്ട്രാരൊ അല്ലെങ്കിൽ രജിസ്ട്രാർ പ്രസ്തുത അധികാരം ആർക്കെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അയാ‍ാ ഒപ്പിട്ടിട്ടുള്ള ഒരു സർട്ടിഫിക്കററ് ഉണ്ടായിരിക്കയും ചെയ്യുന്നപക്ഷം,

കരക്കുടിശ്ശിക ഈടാക്കുന്നതിനു തൽക്കാലം ഉർജിതത്തിലിരിക്കുന്ന നിയമമനുസരിച്ചു നടപടി നടത്തേണ്ടതുമാകുന്നു.

ചട്ടം ൪൧.

വിധിനടത്തുചെലവുകൾ ഈടാക്കുക.

൩൮-ാം ചട്ടപ്രകാരം പാസാക്കിയിട്ടുള്ള തീരുമാനമൊ വിധിയോ റവന്യൂ അധികാരി മുഖേന നടത്തുമ്പോൾ എല്ലാം പ്രോസസ്സ് ഫീസും ഈടാക്കിയ തുകയുടെ രണ്ടര ശതമാനത്തിൽ കവിയാത്ത കമ്മിഷനും കടങ്ങൾ ഈടാക്കുവാൻ റവന്യൂ അധികാരികൾ ഒരു പ്രത്യേക ഏജൻസിയെ നിയമിച്ചിരിക്കുമ്പോൾ തീരുമാനമൊ വിധിയൊ ആർക്ക് എതിരായി പാസാക്കിയിരിക്കുന്നുവോ ആ കക്ഷിയിൽനിന്നൊ കക്ഷികളിൽ നിന്നൊ വിധി നടത്തുചെലവായി ഈടാക്കി ഗവൺമെൻറിലേക്കു വരവു വയ്ക്കേണ്ടതാകുന്നു.

ചട്ടം ൪൨.

അപ്പീലുകളും പരിശോധനകളും.

(൧) ആക്ടിലെ വ്യവസ്ഥകളനുസരിച്ചു കൊടുക്കുന്ന ഒരു അപ്പീൽ ഹർജിയൊ പരിശോധന ഹർജിയൊ കക്ഷി ഒപ്പിട്ടിരിക്കുന്ന ഒരു മെമ്മോറാണ്ടത്തിൻെറ മാതൃകയിൽ ബോധിപ്പിക്കേണ്ടതും അപ്പീലൊ പരിശോധനയൊ ഏതു തീരുമാനത്തിനൊ വിധിക്കൊ എതിരായി ബോധിപ്പിച്ചിരിക്കുന്നുവൊ അതിൻെറ ഒരു പകർപ്പോടുകൂടി സംബന്ധപ്പെട്ട അധി

കാരിഷ്ടു കൊടുക്കേണ്ടതും മുറപ്രകാരം മുദ്ര(സ്റ്റാമ്പ്) പതിച്ചിരിക്കേണ്ട തും ആകുന്നു.

(൨) മെമ്മോറാണ്ടത്തിൽ സമഗ്രമായും പ്രത്യേക തലക്കെട്ടുകളിൻ കീഴിലും തീരുമാനത്തെ സംബന്ധിച്ച ആക്ഷേപത്തിനുള്ള കാരണങ്ങൾ യാതൊരു വാദങ്ങളും അനുപാഖ്യാനവും കൂടാതെ പ്രസ്താവിച്ചിരിക്കേണ്ടതും ആ കാരണങ്ങൾക്കു തുടർച്ചയായി നമ്പരിട്ടിരിക്കേണ്ടതും ആകുന്നു.

(൩) മേൽപറഞ്ഞതുപോലെ ഒരു അപ്പീലോ റിവിഷനോ ഫയൽ ചെയ്തിരിക്കുമ്പോൾ അപ്രകാരമുള്ള അപ്പീലോ റിവിഷനൊ തീരുമാനിക്കുന്നതുവരെ അപ്രകാരമുള്ള തീരുമാനത്തേ സംബന്ധിച്ച മേൽ നടപടികൾ സംബന്ധപ്പെട്ട അധികാരി നിറുത്തിവയ്ക്കാവുന്നതാകുന്നു.

ചട്ടം ൪൩.

ഡിക്രിയോ വിധിയോ അടങ്ങാനത്തിനുള്ള ഉത്തരവോ നടത്തുന്നതിനുള്ള നടപടി

(1) ഈ ആക്റ്റ് 31-ാംവകുപ്പിലെ വ്യവസ്ഥകൾ ബാധിപ്പിക്കണമെന്നു അപേക്ഷിക്കുന്ന ഡിക്രിഉടമസ്ഥൻ വ്യവഹാരകാരണം ഉത്ഭവിച്ച പ്രദേശത്തു അധികാരമുള്ള അസിസ്റ്റന്റു രജിസ്ട്രാരോടു അപേക്ഷിക്കേണ്ടതും രജിസ്ട്രാർ നിർണ്ണയിച്ചിട്ടുള്ള ഒരു തോതനുസരിച്ച ചെലവുകൾ കെട്ടിവയ്ക്കേണ്ടതും ആകുന്നു. നടപടി നടത്തേണ്ടതായ വസ്തു അപേക്ഷ നൽകപ്പെട്ട അസിസ്റ്റന്റു രജിസ്ട്രാരുടെ അധികാരത്തിനു വെളിയിൽ സ്ഥിതിചെയ്യുകയോ കൈവശമിരിക്കുകയോ ചെയ്യുന്നപക്ഷം ആ അസിസ്റ്റന്റു രജിസ്ട്രാർ ആ അപേക്ഷ ആ വസ്തു ഏതു അസിസ്റ്റന്റു രജിസ്ട്രാരുടെ അധികാരസ്ഥലത്തു സ്ഥിതിചെയ്കയോ കൈവശമിരിക്കുകയോ ചെയ്യുന്നുവോ അദ്ദേഹത്തിനു അയച്ചുകൊടുക്കേണ്ടതാകുന്നു.

(2) അപേക്ഷ രജിസ്ട്രാർ നിർണ്ണയിച്ചിട്ടുള്ള ഫാറത്തിൽ ബോധിപ്പിക്കേണ്ടതും വിധിയുടമസ്ഥൻ അതു ഒപ്പിട്ടിരിക്കേണ്ടതും ആകുന്നു. വിധിയുടമസ്ഥനു ഒററി കൊടുത്തിട്ടുള്ള സ്ഥാവരവസ്തുവിന്മേലോ മററു സ്ഥാവരവസ്തുവിന്മേലോ നടപടി നടത്താനോ അല്ലെങ്കിൽ ജംഗമവസ്തു ജപ്തിചെയ്യാനൊ താൻ ആദ്യമായി ആഗ്രഹിക്കുന്നതെന്നു ഡിക്രി ഉടമസ്ഥനു സൂചിപ്പിക്കാവുന്നതാണു്. അപേക്ഷ, കിട്ടിയാൽ അപേക്ഷയിൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ ശരിയും നിർവ്യാജവും ആണോ എന്നു തന്റെ ആഫീസിൽ റിക്കാർഡുകൾ വല്ലതുമുണ്ടെങ്കിൽ അവയു

മായി അസിസ്റ്റൻറു രജിസ്ട്രാർ ഒന്നുനോക്കേണ്ടതും ഒരു അദ്ദേഹത്തിൻെറ കീഴിലുള്ള സംബന്ധപ്പെട്ട വില്പന ഉദ്യോഗസ്ഥന്ന അയച്ചുകൊടുക്കേണ്ടതും ആകുന്നു. വീഴ്ചക്കാരൻെറ പേരും ചെലവുകൾ വല്ലതുമുണ്ടെങ്കിൽ അതും ഡിമാൻറു നോട്ടീസു നടത്തുന്നയാളിന്നു കൊടുക്കേണ്ട പടിയും ഉൾപ്പെടെ ചെയ്യേണ്ടതായ തുകയും പണം അടക്കുന്നതിന്നു അനുവദിച്ചിട്ടുള്ള സമയവും കാണിച്ചു ആ വില്പന ഉദ്യോഗസ്ഥൻ രജിസ്ട്രാർ നിർണ്ണയിച്ചിട്ടുള്ള ഫാറത്തിൽ രേഖാമൂലവും ഇരട്ടിപ്പായും ഒരു ഡിമാൻറു നോട്ടീസു തയ്യാറാക്കേണ്ടതും ഇതിന്നു താഴെ നിർണ്ണയിച്ചിട്ടുള്ള വിധത്തിൽ നടത്തിക്കേണ്ടതും ആകുന്നു. വീഴ്ചക്കാരൻ താമസിക്കുന്നതു അപേക്ഷ നൽകപ്പെട്ട അസിസ്റ്റൻറു രജിസ്ട്രാരുടെ അധികാരസ്ഥലത്തിന്നു വെളിയിലാണെങ്കിൽ വില്പന ഉദ്യോഗസ്ഥന്നു രേഖാമൂലം ആവശ്യപ്പെട്ടാൽ അദ്ദേഹം തയ്യാറാക്കിയ ഡിമാൻറു നോട്ടീസു അപ്രകാരമുള്ള അസിസ്റ്റൻറു രജിസ്ട്രാർ അപ്രകാരമുള്ള വീഴ്ചക്കാരൻ ഏതു അസിസ്റ്റൻറു രജിസ്ട്രാരുടെ അധികാരസ്ഥലത്തു താമസിക്കുന്നുവോ അദ്ദേഹത്തിന്നു അയച്ചുകൊടുക്കേണ്ടതും അദ്ദേഹം അതു അദ്ദേഹത്തിൻെറ കീഴിൽ സംബന്ധപ്പെട്ട വില്പന ഉദ്യോഗസ്ഥൻമുഖാന്തിരം നിർണ്ണയിച്ചിട്ടുള്ള വിധത്തിൽ നടത്തിച്ച് അതു അയച്ചുകൊടുത്ത അസിസ്റ്റൻറു രജിസ്ട്രാർക്കു തിരിച്ചയപ്പിക്കേണ്ടതും ആകുന്നു. വീഴ്ചക്കാരൻ താമസിക്കുന്ന വസ്തു സ്ഥിതിചെയ്യുകയോ കൈകാര്യമിരിക്കുകയോ ചെയ്യുന്നതു അപേക്ഷ നൽകപ്പെട്ട അസിസ്റ്റൻറു രജിസ്ട്രാരുടെ അധികാരസ്ഥലത്തിന്നു വെളിയിലാണെങ്കിൽ അപ്രകാരമുള്ള അസിസ്റ്റൻറു രജിസ്ട്രാർ അപ്രകാരമുള്ള വീഴ്ചക്കാരൻ താമസിക്കയൊ അപ്രകാരമുള്ള വസ്തു സ്ഥിതിചെയ്യുകയൊ കൈവശമിരിക്കയൊ ചെയ്യുന്നതു ഏതു അസിസ്റ്റൻറു രജിസ്ട്രാരുടെ അധികാരസ്ഥലത്താണൊ അദ്ദേഹത്തിന്നു അപേക്ഷ അയച്ചുകൊടുക്കേണ്ടതാകുന്നു.

(3) (2)-ാം ഉപചട്ടത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഒരു പ്രത്യേകമുറയ്ക്കു നടപടി നടത്തണമെന്നു വിധിയുടമസ്ഥൻ ആഗ്രഹം പ്രകടിപ്പിച്ചിട്ടില്ലാത്തപക്ഷം വിധിനടത്തു സാധാരണയായി താഴെ പറയുന്നവിധം വേണ്ടതാണു്.

(i) വീഴ്ചക്കാരൻെറ ജംഗമവസ്തുവിന്മേൽ ആദ്യം നടപടി നടത്തേണ്ടതും എന്നാൽ ആവശ്യമുള്ള പക്ഷം അതേ സമയംതന്നെ സ്ഥാവരവസ്തുവിന്മേൽ നടപടി നടത്തുന്നതിന്നു ഇതു ബാധകമായിരിക്കുന്നതല്ലാത്തതും ആകുന്നു.

(ii) ജംഗമവസ്തു ഇല്ലെങ്കിലൊ, ജപ്തിചെയ്ത വിററ ജംഗമവസ്തുവിലൊ വസ്തുക്കളിലൊന്നിന്നു കിട്ടിയ തുക വിധിയുടമസ്ഥന്റെ ആവശ്യം പൂർണ്ണമായും നിവൎത്തിക്കാൻ മതിയാകാതിരിക്കയൊ ചെയ്താൽ വിധിയുടമസ്ഥനു ഒററി കൊടുത്തിട്ടുള്ള സ്ഥാവരവസ്തുവിനൊ വീഴ്ചക്കാരന്റെ വകയായ മററു സ്ഥാവരവസ്തുവിനൊ എതിരായി നടപടി നടത്താവുന്നതാണ്.

(4) ജംഗമവസ്തു പിടിച്ചെടുത്തു വില്ക്കുന്നതിൽ താഴെപ്പറയുന്ന ചട്ടങ്ങളും അനുസരിക്കേണ്ടതാകുന്നു.

(എ) സമൻസു നടത്തുന്നതിലേക്കു 39-ാംചട്ടത്തിൽ നിൎദ്ദേശിച്ചിട്ടുള്ള വിധത്തിൽ വില്പന ഉദ്യോഗസ്ഥൻ വീഴ്ചക്കാരനു ഡിമാൻറ നോട്ടീസു നടത്തിക്കേണ്ടതാകുന്നു.

(ബി) ഡിമാൻറ നോട്ടീസിൽ കാണിച്ചിട്ടുള്ള തുക ചെലവുകളും സഹിതം ഡിമാൻറ നോട്ടീസു നടത്തുന്ന തീയതിമുതൽ 7 ദിവസത്തിനകം കൊടുക്കാത്തപക്ഷം വില്പന ഉദ്യോഗസ്ഥൻ വിധിയുടമസ്ഥനു മുൻകൂട്ടി നോട്ടീസു കൊടുത്തതിനുശേഷം വീഴ്ചക്കാരൻ താമസിക്കയൊ പിടിച്ചെടുക്കേണ്ട വസ്തു സ്ഥിതിചെയ്കയൊ ചെയ്യുന്ന ഗ്രാമത്തിലേക്കു പോകേണ്ടതും ഈടാക്കേണ്ടതായ തുക ചെലവുകളും സഹിതം ഉടൻ കൊടുക്കാത്തപക്ഷം വില്പന ഉദ്യോഗസ്ഥൻ ജപ്തി നടത്തി ഉടൻതന്നെ വീഴ്ചക്കാരനു ജപ്തിചെയ്ത വസ്തുവിന്റെ ഒരു ലിസ്ററും അല്ലെങ്കിൽ യാതൊന്നും ഈടാക്കേണ്ട തുക മുൻകൂട്ടി അടച്ചു തീൎക്കാത്തപക്ഷം ജപ്തി ചെയ്ത വസ്തുവിൽക്കുന്ന സ്ഥലവും ദിവസവും മണിക്കൂറും കാണിക്കുന്ന ഒരു അറിയിപ്പും കൊടുക്കേണ്ടതും ആകുന്നു. ജപ്തിചെയ്തതിനുശേഷം ജപ്തി ചെയ്തവസ്തു ഡിക്രിയുടമസ്ഥൻ ബന്തോവസ്തു ചെയ്യുന്നതിനൊ മററു പ്രകാരത്തിൽ ബന്തോവസ്തു ചെയ്യുന്നതിനൊ വില്പനഉദ്യോഗസ്ഥൻ ഏൎപ്പാടു ചെയ്യാവുന്നതാകുന്നു. വില്പനഉദ്യോഗസ്ഥൻ വിധിയുടമസ്ഥനോടു വസ്തുവിന്റെ കൈവശബാദ്ധ്യത ഏറെറടുക്കാൻ ആവശ്യപ്പെടുന്നതായാൽ അയാൾ അങ്ങനെ ചെയ്യേണ്ടതും നിബന്ധനായിരിക്കുന്നതും അയാളുടെ ഉപേക്ഷമൂലം ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടം ഡിക്രിയുടമസ്ഥൻ പരിഹരിക്കേണ്ടതും ആകുന്നു. വീഴ്ചക്കാരനൊ അപ്രകാരമുള്ള വസ്തുവിൽ ഒരു താൽപര്യം അവകാശപ്പെടുന്ന വല്ലയാളൊ രജിസ്ട്രാർ നിൎണ്ണയിച്ചിട്ടുള്ള ഫാറത്തിൽ ആവശ്യപ്പെടുമ്പോൾ വസ്തു ഹാജരാക്കുന്നതിലേക്കു ഒന്നോ അധികമൊ മതിയായ ജാമ്യക്കാരോടുകൂടി ഒരു ഉടമ്പടി എഴുതി വെക്കുന്നപക്ഷം അപ്രകാരമുള്ള വീഴ്ചക്കാരന്റെയോ ആളിന്റെയോ

അപേക്ഷയനുസരിച്ച വിൽപ്പന ഉദ്യോഗസ്ഥൻ ജപ്തിചെയ്ത ഗ്രാമത്തിലെ സ്ഥലത്തോ അപ്രകാരമുള്ള വീഴ്ചക്കാരന്റെയോ ആളിന്റെയോ സൂക്ഷിപ്പിൽ അതു വിട്ടുകൊടുക്കാവുന്നതാകുന്നു.

(സി) ജപ്തി നിവൃത്തിയുള്ളിടത്തോളം രണ്ടു തടസ്ഥരുടെ മുൻപിൽവച്ചു നടത്തേണ്ടതും ജപ്തിചെയ്ത വസ്തുവിന്റെ ലിസ്റ്റോ യാദാസ്തോ സാക്ഷ്യപ്പെടുത്തുന്നതിനു അവരോടു ആവശ്യപ്പെടേണ്ടതും ആകുന്നു.

(ഡി) ജപ്തിചെയ്യുന്ന സമയത്തു ഒരു വീഴ്ചക്കാരൻ ഹാജരില്ലാതിരിക്കുന്ന പക്ഷം ജപ്തിചെയ്ത വസ്തുവിന്റെ ലിസ്റ്റിന്റെയോ യാദാസ്തിന്റെയോ ഒരു പ്രതിയും ഈടാക്കേണ്ട തുക മുൻകൂട്ടി കൊടുത്തു തീർക്കാത്ത പക്ഷം ജപ്തിചെയ്ത വസ്തു വിൽക്കുന്ന സ്ഥലവും ദിവസവും മണിക്കൂറും കാണിക്കുന്ന ഒരു അറിയിപ്പും ജപ്തികഴിഞ്ഞ ഉടൻതന്നെ വീഴ്ചക്കാരോടൊന്നിച്ചു താമസിക്കുന്ന അയാളുടെ കുടുംബത്തിലെ പ്രായപൂർത്തിവന്ന പുരുഷനെ ഏൽപ്പിക്കയോ അയാൾ സാധാരണയായി വസിക്കുന്ന സ്ഥലത്തോ വസ്തു ജപ്തിചെയ്തിരിക്കാവുന്ന വളപ്പുകളിലോ പതിക്കയോ ചെയ്യേണ്ടതാകുന്നു

(ഇ) ജപ്തി സൂര്യോദയത്തിനുശേഷവും സൂര്യാസ്തമയത്തിനു മുൻപും നടത്തേണ്ടതും മറ്റേതെങ്കിലും സമയത്തു നടത്താൻ പാടില്ലാത്തതുമാകുന്നു.

(എഫ്) ജപ്തിനടത്തുന്നതു ആവശ്യത്തിൽ വളരെ കവിഞ്ഞതാകാൻ പാടില്ലാത്തതാണ്. അതായതു് ജപ്തിചെയ്യുന്ന വസ്തു കഴിവുള്ളടത്തോളം വീഴ്ചക്കാരനിൽനിന്നു ഈടാക്കേണ്ട സംഖ്യയും പലിശയും ജപ്തിയും തടഞ്ഞുവെപ്പിനും വിൽപ്പനയ്ക്കുംവേണ്ടി വരുന്ന എല്ലാ ചെലവുകളും ചേർത്താലുള്ള തുകയ്ക്കു ആനുപാതികമായിരിക്കേണ്ടതും അതിൽ,

(എ) വീഴ്ചക്കാരനും അയാളുടെ കുടുംബത്തിലുള്ളവരും സാധാരണയായി ധരിക്കുന്ന വസ്ത്രവും

(ബി) അയാളുടെ കൃഷിആയുധങ്ങളും ഉഴവിനുള്ള കന്നുകാലികളും ഉൾപ്പെടാൻ പാടില്ലാത്തതും ആകുന്നു.

(ജി) വീഴ്ചക്കാരന്റെ വക വിളവുകളോ, എടുത്തിട്ടില്ലാത്ത ഉൽപ്പന്നങ്ങളോ ജപ്തിചെയ്യുന്നതായാൽ വിൽപ്പന ഉദ്യോഗസ്ഥൻ അവ കൊയ്യാനോ എടുക്കാനോ പാകമായിരുന്നാൽ അവയെ വിൽപ്പിക്കാവുന്നതും അല്ലെങ്കിൽ അയാളുടെ ഇഷ്ടപോലെ അവയെ തക്കകാലത്തു കൊയ്യിപ്പിക്കുകയോ എടുപ്പിക്കുകയോ ചെയ്യിച്ച് വിൽപ്പന നടത്തുന്നതുവരെ തക്ക സ്ഥലങ്ങളിൽ സംഭരിപ്പിക്കാവുന്നതുമാണ്.

ഒടുവിൽ പറഞ്ഞ സംഗതിയിൽ അപ്രകാരമുള്ള വിളവുകളോ ഉൽപ്പന്നങ്ങളോ കൊയ്യുന്നതിനോ എടുക്കുന്നതിനോ സംഭരിക്കുന്നതിനോ ഉള്ള ചെലവു ഉടമസ്ഥൻ വസ്തു വീണ്ടെടുത്താൽ കൊടുത്തൊഴിക്കേണ്ടതും അല്ലെങ്കിൽ അതു വില്ക്കുന്നപക്ഷം വിററുകിട്ടുന്ന തുകയിൽനിന്നും കൊടുത്തൊഴിക്കേണ്ടതും ആകുന്നു.

(എഫ്) വിൽപ്പന ഉദ്യോഗസ്ഥൻ കാളകളേയോ കാലികളേയോ കൊണ്ടു ജോലിചെയ്യിപ്പിക്കുകയോ ജപ്തി ചെയ്തിട്ടുള്ള സാമാനങ്ങളോ വസ്തുക്കളോ ഉപയോഗിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. അന്നാൾ കന്നുകാലികൾക്കോ മൃഗജന്തുക്കൾക്കോ ആവശ്യമുള്ള തീററിക്കു വ്യവസ്ഥചെയ്യേണ്ടതും അതിനുള്ള ചെലവു ഉടമസ്ഥൻ വസ്തു വീണ്ടെടുക്കുമ്പോൾ കൊടുത്തൊഴിക്കയോ അതു വില്ക്കുന്നപക്ഷം വിററുകിട്ടുന്ന തുകയിൽനിന്നു കൊടുത്തൊഴിക്കയോ ചെയ്യേണ്ടതുമാകുന്നു.

(ഐ) വിൽപ്പന ഉദ്യോഗസ്ഥൻ ഏതെങ്കിലും ആൾപാർപ്പുള്ള വീട്ടിലൊ, സ്റ്റാളിലോ, കരിയാലയത്തിലോ, പശുത്തൊഴുത്തിലൊ നെൽപ്പുരയിലൊ, ഗുദാമുകളിലൊ, ഉപഗൃഹങ്ങളിലൊ, മററു കെട്ടിടങ്ങളിലൊ പ്രവേശിക്കുകയൊ ആവശ്യമുള്ളപക്ഷം ബലമായി തുറന്നു പ്രവേശിക്കുകയൊ ചെയ്യുന്നതു് നിയമാനുസൃതമായിരിക്കുന്നതും ഒരു വീഴ്ചക്കാരന്റെ വകയും മുറികളിൽവച്ചിട്ടുള്ളതുമായ വസ്തു ജപ്തിചെയ്യുന്നതിലേക്കു അപ്രകാരം ആൾ പാർപ്പുള്ള വീട്ടിലെ ഏതെങ്കിലും മുറി ബലാൽ തുറക്കാവുന്നതുമാകുന്നു.

എന്നാൽ സ്ത്രീകൾക്കായി പ്രത്യേകം തിരിച്ചിട്ടുള്ളതും നാട്ടുനടപ്പനുസരിച്ചു പ്രൈവററായി കരുതുന്നതുമായ ആൾപാർപ്പുള്ള ഏതെങ്കിലും കെട്ടിടത്തിൽ വിൽപ്പന ഉദ്യോഗസ്ഥൻ ഇതിനു കീഴിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമല്ലാതെ പ്രവേശിക്കയൊ അപ്രകാരം ആൾ പാർപ്പുള്ള കെട്ടിടത്തിലെ വല്ല വസ്തുവും ജപ്തിചെയ്കയൊ അതിലെ കതകിലും അയാൾ മുദ്ര വയ്ക്കയൊ അതിലെ വല്ല മുറികളും തുറന്നിടുകയോ ബലാൽ തുറക്കുകയൊ ചെയ്യുന്നതു് നിയമാനുസൃതമായിരിക്കുന്നതല്ല.

(ജെ) വീഴ്ചവരുത്തിയ ഒരാളിന്റെ വസ്തു പുറവാതൽ അടച്ചിരിക്കാവുന്ന ആൾ പാർപ്പുള്ള ഒരു വീട്ടിനുള്ളിലൊ അല്ലെങ്കിൽ സ്ത്രീകൾക്കായി പ്രത്യേകം തിരിച്ചിട്ടുള്ളതും നാട്ടുനടപ്പനുസരിച്ചു പ്രൈവററായി കരുതുന്നതുമായ ഏതെങ്കിലും മുറികളിലൊ സൂക്ഷിച്ചിരിക്കയാണെന്നു വിചാരിക്കാൻ വിൽപ്പന ഉദ്യോഗസ്ഥനു കാരണമുണ്ടായിരുന്നാൽ

വിൽപ്പന ഉദ്യോഗസ്ഥൻ ആ വസ്തുത ഏററാവും അടുത്ത പോലീസ് സ്റ്റേഷന്റെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥനെ ഗ്രഹിപ്പിക്കാവുന്നതാകുന്നു.

അങ്ങനെ ഗ്രഹിപ്പിച്ചാൽ പ്രസ്തുത സ്റ്റേഷന്റെ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ ഒരു പോലീസ് ഉദ്യോഗസ്ഥനെ സ്ഥലത്തു അയക്കേണ്ടതും അയാളുടെ സാന്നിദ്ധ്യത്തിൽ വിൽപ്പന ഉദ്യോഗസ്ഥൻ അപ്രകാരമുള്ള ആറം പാർപ്പുള്ള വീട്ടിലെ ഏതെങ്കിലും മുറിയുടെ വാതൽ ബലാൽ തുറക്കാവുന്നതുമാകുന്നു.

വിൽപ്പന ഉദ്യോഗസ്ഥൻ പോലീസുദ്യോഗസ്ഥനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ഒരു മുറിയിലുള്ള സ്ത്രീകളെ മാററാൻ യഥാവിധി നോട്ടീസുകൊടുത്ത ശേഷവും, യുക്തമായ വിധം അവരെ നാട്ടുനടപ്പനുസരിച്ചു പൊതുജനമദ്ധ്യത്തിൽ പ്രത്യക്ഷപ്പെടാൻ പാടില്ലാത്ത കുലീനസ്ത്രീകളാണവരെങ്കിൽ മാററുന്നതിനു സൌകര്യം നൽകിയശേഷവും, മുറികളിൽ നിക്ഷേപിച്ചിട്ടുള്ള വീഴ്ചക്കാരന്റെ വസ്തുക്കൾ വല്ലതുമുണ്ടെങ്കിൽ അതു ജപ്തിചെയ്യുന്ന ഉദ്ദേശത്തിലേക്കായി ആ അന്തഃപുരമറികളിൽ പ്രവേശിക്കാവുന്നതും, എന്നാൽ അപ്രകാരമുള്ള മുറികളിൽനിന്നു ജപ്തിവസ്തുക്കൾ ഉടനടി നീക്കം ചെയ്തശേഷം, അവ മുമ്പിലത്തെ താമസക്കാരുടെ സ്വാതന്ത്ര്യത്തിനു വിട്ടുകൊടുക്കേണ്ടതുമാകുന്നു.

(കെ) വിൽപ്പനയുദ്യോഗസ്ഥൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന വിൽപ്പനയുടെ സമയവും സ്ഥലവും വീഴ്ചക്കാരൻ താമസിക്കുന്ന ഗ്രാമത്തിലും വിൽപ്പനയെപ്പററി യഥായോഗ്യം പരസ്യമാക്കുന്നതിന് ആവശ്യമെന്നു അസിസ്റ്റൻറു രജിസ്ട്രാർ കരുതാവുന്ന മററു സ്ഥലത്തും അല്ലെങ്കിൽ സ്ഥലങ്ങളിലും, തമുക്കടിപ്പിച്ചു വിളംബരപ്പെടുത്തേണ്ടതാകുന്നു.

വിൽപ്പനനോട്ടീസു നടത്തുകയോ (എ) ഖണ്ഡത്തിൽ നിർണ്ണയിച്ചിട്ടുള്ള വിധം പതിക്കുകയൊ ചെയ്ത തീയതി മുതൽ ൩൦ ദിവസം കഴിഞ്ഞ ശേഷമല്ലാതെ യാതൊരു വിൽപ്പനയും നടത്താൻ പാടില്ലാത്തതാകുന്നു.

എന്നാൽ പിടിച്ചെടുത്തിട്ടുള്ള വസ്തു വേഗത്തിലും സ്വാഭാവികമായും നശിച്ചുപോകുന്നതിനു വിധേയമായിട്ടുള്ളതാണെങ്കിൽ, മേൽപ്പറഞ്ഞ ൩൦ ദിവസം കഴിയുന്നതിനു മുമ്പായി, അതിനകം ചെല്ലേണ്ടതുക കൊടുത്തിട്ടില്ലാത്തപക്ഷം, വിൽപ്പനഉദ്യോഗസ്ഥൻ ഏതൊരു സമയത്തെങ്കിലും അതു വിൽക്കാവുന്നതാണ്.

(എൽ) നിശ്ചിതസമയത്തു വസ്തു ഒന്നോ അധികമൊ കൂട്ടമായി വിൽപ്പനഉദ്യോഗസ്ഥനു യുക്തമെന്നു തോന്നുന്നവിധം ലേലത്തിനു വയ്ക്കേണ്ടതും ഏററവും കൂടുതൽ തുകയ്ക്കു ലേലം വിളിക്കുന്ന ആളിനു കൊടുക്കേണ്ടതും ആകുന്നു; എന്നാൽ കൊടുക്കാമെന്നു പറഞ്ഞിട്ടുള്ള വില ക്രമമല്ലാതവിധം കുറവായി കാണുകയൊ മററു കാരണങ്ങൾ നിമിത്തമൊ ഏററവും കൂടുതലായ ലേലവിളി സ്വീകരിക്കാതിരിക്കുന്നതിനു വിൽപ്പനഉദ്യോഗസ്ഥനു സ്വാതന്ത്ര്യമുണ്ട്.

കൂടാതെ, അസിസ്റ്റൻറ രജിസ്ട്രാരൊ വിൽപ്പനഉദ്യോഗസ്ഥനൊ അദ്ദേഹത്തിന്റെ യുക്തംപോലെ ഒരു നിർദ്ദിഷ്ടദിവസത്തേക്കും സമയത്തേക്കും വിൽപ്പന മാററിവയ്ക്കാവുന്നതും അപ്രകാരം മാററിവയ്ക്കുന്നതിനു അദ്ദേഹത്തിനുള്ള കാരണങ്ങൾ രേഖപ്പെടുത്തേണ്ടതും ആകുന്നു. വിൽപ്പന ഏഴുദിവസത്തിൽ കൂടുതലായി ഒരു കാലത്തേയ്ക്കു മാററി വയ്ക്കുമ്പോൾ വീഴ്ചക്കാരൻ ഒരു പുതിയ വിളംബരം വേണമെന്നു സമ്മതിക്കാത്ത പക്ഷം (കെ) ഖണ്ഡമനുസരിച്ച് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള വിൽപ്പനയെ പററി പുതുതായി ഒരു വിളംബരം ചെയ്യേണ്ടതാകുന്നു.

ഈടാക്കേണ്ടതായ തുകയിൽ കൂടുതലായ തുകക്കു വസ്തു വിലക്കു പോകുമെന്നിരുന്നാൽ അധികത്തുക പലിശയും പ്രോസസ് ചെലവും മററു ചെലവുകളും കുറച്ചശേഷം, വീഴ്ചക്കാരനു കൊടുക്കേണ്ടതാകുന്നു.

(എം) വിൽപ്പനസമയത്തു വസ്തുവിന്റെ വില രൊക്കം കൊടുക്കേണ്ടതും വാങ്ങുന്നയാൾ വില പൂർണ്ണമായും കൊടുക്കുന്നതുവരെ വസ്തുവിന്റെ ഏതെങ്കിലും ഭാഗം മാററിക്കൊണ്ടുപോകുവാൻ അനുവദിക്കുന്നതല്ലാത്തതുമാകുന്നു.

വാങ്ങിയ ആൾ വിലകൊടുക്കാൻ വീഴ്ചവരുത്തുന്നപക്ഷം വസ്തു വീണ്ടും വിൽക്കുന്നതുമൂലമുണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനും വീണ്ടും വിൽക്കുന്നതിൽ വന്നിട്ടുള്ള ചെലവിനും ബാദ്ധ്യസ്ഥനായിരിക്കുന്നതും ആകുന്നു.

രണ്ടാം വിൽപ്പനയിൽ ആദ്യവിൽപ്പനയെക്കാൾ കൂടിയ ഒരു വിലക്കു വസ്തു പോവുകയാണെങ്കിൽ, വ്യത്യാസമൊ കൂടുതലൊ ആദ്യവിൽപ്പന ആർക്കുവേണ്ടിയാണൊ നടത്തിയതു് അയാളുടെ വകയായിരിക്കുന്നതാണ്.

(എൻ) ഒരു വീഴ്ചക്കാരൻ ജപ്തി തടയുന്നതിനായി ചതിവായി വസ്തു കൈമാററം ചെയ്യുകയൊ ചെയ്യിരിക്കുകയൊ ചെയ്താൽ, അങ്ങനെ കൈമാററം ചെയ്തിരിക്കുന്നു എന്നു അധികാരമുള്ള ഏതെങ്കിലും സിവിൽ

കോടതിയെ ബോധ്യപ്പെടുത്തിയാൽ ആ കോടതി ആ വസ്തു ഉടനടി വില്പന ഉദ്യോഗസ്ഥനെ ഏല്പിച്ചുകൊടുക്കേണ്ടതാണെന്നു ഉത്തരവു ചെയ്യേണ്ടതാകുന്നു.

(4) വില്പനയ്ക്കു നിശ്ചയിച്ചിട്ടുള്ള ദിവസത്തിനുമുമ്പായി വീഴ്ചക്കാരനോ അയാൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഏതൊരാളെങ്കിലുമൊ ജപ്തിചെയ്തവസ്തുവിൽ ഒരു താല്പര്യം അവകാശപ്പെടുന്ന ഏതൊരാളെങ്കിലുമൊ, പലിശയും കുടിശ്ശികയും വസ്തു ജപ്തിചെയ്യുന്നതിൽ വന്ന മററു ചെലവുകളും ഉൾപ്പെടെ ചെല്ലേണ്ട മുഴുവൻ തുകയും കൊടുക്കുന്നതായാൽ വില്പന ഉദ്യോഗസ്ഥൻ ജപ്തി ഉത്തരവു റദ്ദുചെയ്തു ഉടനടി ആ വസ്തുവിനെ വിമോചിപ്പിക്കേണ്ടതാകുന്നു.

(5) ജപ്തി ചെയ്യേണ്ട ജംഗമവസ്തു ഒരു പബ്ലിക്കാഫീസരുടേയൊ ഒരു റെയിൽവേ കമ്പനിയുടെ പ്രാദേശികാധികാരിയുടേയൊ ഒരു ഫേമിൻേറയൊ ഒരു കമ്പനിയുടേയൊ ഒരു കീഴ്ജീവനക്കാരൻെറ, ശമ്പളമൊ അലവൻസൊ കൂലിയോ ആണെങ്കിൽ ടി പ്രകാരമുള്ള ആൾ ജോലിയിലിരിക്കുന്ന സ്ഥലത്തു അധികാരമുള്ള അസിസ്റ്റൻറു രജിസ്ട്രാർ വില്പന ഉദ്യോഗസ്ഥനിൽനിന്നും ഒരു റിപ്പോർട്ടു കിട്ടിയാൽ ആ തുക ഒരു തവണയായൊ മാസത്തവണകളായൊ പ്രസ്തുത അസിസ്റ്റൻറു രജിസ്ട്രാർ നിർദ്ദേശിക്കാവുന്നതുപോലെ ടിപ്രകാരമുള്ള ശമ്പളത്തിൽ നിന്നൊ അലവൻസിൽ നിന്നൊ കൂലിയിൽ നിന്നൊ പിടിക്കാൻ ഉത്തരവു ചെയ്യേണ്ടതും ആ ഉത്തരവിനെ കുറിച്ചു നോട്ടീസു കിട്ടിയാൽ അപ്രകാരമുള്ള ശമ്പളമൊ അലവൻസൊ കൂലിയൊ കൊടുക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ കാര്യത്തിൻെറ അവസ്ഥപോലെ ആ ഉത്തരവിൻപ്രകാരം ചെല്ലേണ്ട തുകയൊ മാസത്തവണയൊ പിടിച്ചു വില്പന ഉദ്യോഗസ്ഥനു അയച്ചുകൊടുക്കേണ്ടതും ആകുന്നു.

(6) ജപ്തിചെയ്യേണ്ട ജംഗമവസ്തു—

(എ) വസ്തു വീഴ്ചക്കാരനു ചെല്ലേണ്ട ഒരു കടമൊ,

(ബി) ഒരു കാർപ്പറേഷൻെറ മൂലധനത്തിലുള്ള ഒരു ഓഹരിയൊ അവിടെ മുടക്കിയിട്ടുള്ള ഒരു നിക്ഷേപമൊ,

അല്ലെങ്കിൽ

(സി) ഏതെങ്കിലും സിവിൽ കോടതിയിൽ നിക്ഷേപിച്ചിട്ടുള്ളതൊ കോടതിയുടെ കസ്റ്റഡിയിലിരിക്കുന്നതൊ ആയ വസ്തു ഒഴികെ വീഴ്ചക്കാരൻെറ കൈവശത്തിലിരിക്കുന്നതല്ലാത്ത മററു ജംഗമസാധനമൊ ആയിരുന്നാൽ

അസിസ്റ്റൻറ രജിസ്ത്രാർ ഒപ്പു വച്ചിട്ടുള്ള രേഖാമൂലമായ ഒരു ഉത്തരവിനാൽ—

(i) കടത്തിൻെറ കാര്യത്തിൽ, കടം ഈടാക്കുന്നതിൽനിന്നും ഉത്തമർണ്ണനേയും അതു കൊടുക്കുന്നതിൽനിന്നു അധമർണ്ണനേയും,

(ii) ഓഹരിയുടെയോ നിക്ഷേപത്തിൻെറയോ കാര്യത്തിൽ, ഓഹരിയോ നിക്ഷേപമോ ആരുടെ പേരിൽ നിൽക്കുന്നുവോ അയാളും ഓഹരിയോ നിക്ഷേപമോ കൈ മാറുകയോ അതിന്മേലുള്ള ഏതെങ്കിലും ആദായവീതമോ പലിശയോ പററുകയോ ചെയ്യുന്നതിൽനിന്നു അയാളേയും,

(iii) മേൽപറഞ്ഞപ്രകാരം ഒഴിച്ചിട്ടുള്ള മററു ജംഗമവസ്തുവിൻെറ കാര്യത്തിൽ അതു കൈവശം വച്ചിരിക്കുന്നയാൾ അതു വിഴ്ചക്കാരനു കൈമാററം ചെയ്യുന്നതിൽനിന്നു അയാളേയും,

നിരോധിച്ചുകൊണ്ടു ജപ്തി നടത്തേണ്ടതാകുന്നു.

അപ്രകാരമുള്ള ഉത്തരവിൻെറ ഒരു പ്രതി കടത്തിൻെറ കാര്യത്തിൽ അധമർണ്ണനും ഓഹരിയുടെയോ നിക്ഷേപത്തിൻെറയോ കാര്യത്തിൽ കാർപ്പറേഷനിലെ ശരിയായ ഉദ്യോഗസ്ഥനും, മററു ജംഗമവസ്തുവിൻെറ കാര്യത്തിൽ പ്രസ്തുത വസ്തുവിൻെറ കൈവശക്കാരനും അയക്കേണ്ടതാകുന്നു. (എ) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള കടമോ (ബി) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള നിക്ഷേപമോ വാങ്ങാൻ കാലമായ ഉടൻ അസിസ്റ്റൻറ രജിസ്ത്രാർ തുക ഉദ്ദേശത്തിനു കൊടുക്കണമെന്നു സംബന്ധപ്പെട്ടയാളിനെ നിർദ്ദേശിക്കാവുന്നതാണ്. ഓഹരി തിരിച്ചു വാങ്ങാവുന്നതാണെങ്കിൽ പ്രസ്തുത അസിസ്റ്റൻറ രജിസ്ത്രാർ ഒരു തരകൻ മുഖേന അതിൻെറ വിൽപ്പനയ്ക്കു ഏർപ്പാടു ചെയ്യേണ്ടതാകുന്നു. ഓഹരി തിരിച്ചു വാങ്ങാവുന്നതാണെങ്കിൽ അതു കൊടുക്കേണ്ടതായി വരുന്നയുടൻ അതിൻെറ വില പ്രസ്തുത അസിസ്റ്റൻറ രജിസ്ത്രാർക്കോ സംബന്ധപ്പെട്ട കക്ഷിക്കോ കൊടുക്കേണ്ടതാകുന്നു. (സി) ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള മററു ജംഗമവസ്തുവിൻെറ കാര്യത്തിൽ സംബന്ധപ്പെട്ട ആളും അതു വിഴ്ചക്കാരനു കൊടുക്കേണ്ടതായിത്തീരുന്ന ഉടൻ തന്നെ അതു പ്രസ്തുത അസിസ്റ്റൻറ രജിസ്ത്രാരുടെ കൈവശം ഏൽപ്പിക്കേണ്ടതാകുന്നു.

(൭) സ്ഥാവരവസ്തുവിൻെറ ജപ്തിയിലും വിൽപ്പനയിലും താഴെ പറയുന്ന ചട്ടങ്ങൾ അനുസരിക്കേണ്ടതാകുന്നു.

(൮) (൨)-ാം ഉപചട്ടം അനുസരിച്ചു സമർപ്പിക്കുന്ന അപേക്ഷയിൽ, എതിരായി നടപടി നടത്തേണ്ട സ്ഥാവരവസ്തു തിരിച്ചറിയുന്ന

തിന് മതിയായ അതിന്റെ ഒരു വിവരണവും അതിരുകൾകൊണ്ടോ കണ്ടെഴുത്തിന്റെയോ സർവേയുടേയോ ഒരു റിക്കാർഡിലുള്ള നമ്പരുകൾകൊണ്ടോ പ്രസ്തുതവസ്തു തിരിച്ചറിയാൻ കഴിയുന്ന സംഗതിയിൽ അപ്രകാരമുള്ള അതിരുകളുടേയും, നമ്പരുകളുടേയും പ്രസ്താവവും വിധിയുടമസ്ഥന്റെ ഉത്തമവിശ്വാസത്തിലും അയാൾക്ക ഉള്ള നിർണ്ണയം വരുത്താൻ കഴിവുണ്ടായിട്ടുള്ളിടത്തോളം പ്രസ്തുത വസ്തുവിൽ വീഴ്ചക്കാരനുള്ള ഓഹരിയുടേയോ താൽപ്പര്യത്തിന്റെയോ വിവരവും അടങ്ങിയിരിക്കേണ്ടതാകുന്നു.

(ബി) (എ)-ാം ഉപചട്ടമനുസരിച്ച് വിൽപ്പന ഉദ്യോഗസ്ഥൻ അയക്കുന്ന ഡിമാൻറ് നോട്ടീസിൽ, വീഴ്ചക്കാരന്റെ പേരു ചെലവുകൾ വല്ലതുമുണ്ടെങ്കിൽ അതുൾപ്പെടെ വരേണ്ടതായ തുക ഡിമാൻറു നോട്ടീസു നടത്തുന്ന ആളിന് കൊടുക്കേണ്ട പടി, പണമടയ്ക്കുന്നതിനു അനുവദിച്ചിട്ടുള്ള സമയം പണമടയ്ക്കാതിരിക്കുന്ന പക്ഷം ജപ്തി ചെയ്യേണ്ടവസ്തുക്കളുടെ വിവരങ്ങൾ ഇവ അടങ്ങിയിരിക്കേണ്ടതാണ്.

സമൻസു നടത്തുന്നതിലേക്കു 39-ാം ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ വിൽപ്പനയുദ്യോഗസ്ഥൻ ഡിമാൻറ് നോട്ടീസ് വീഴ്ചക്കാരന്റെ മേൽ നടത്തിക്കേണ്ടതാകുന്നു.

(സി) ഡിമാൻറുനോട്ടീസിൽ നിർദ്ദേശിച്ചിട്ടുള്ള തുക അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ വീഴ്ചക്കാരൻ കൊടുക്കാതിരിക്കുന്ന പക്ഷം വിധി നടത്തുന്നതിനുള്ള അപേക്ഷയിൽ കുറിച്ചിരിക്കുന്ന സ്ഥാവരവസ്തുക്കൾ താഴെപറയുന്ന രീതിയിൽ വിൽപ്പന ഉദ്യോഗസ്ഥൻ ജപ്തി ചെയ്തു വിൽക്കുന്നതിനു നടപടി ആരംഭിക്കേണ്ടതാണ്

(ഡി) ജപ്തി ചെയ്യേണ്ടതായ വസ്തുവിന്റെയോ കെട്ടിടത്തിന്റെയോ വല്ല പ്രധാനഭാഗത്തും ഒരു നോട്ടീസ് പതിച്ചു സ്ഥാവരവസ്തുവിന്റെ ജപ്തി നടത്തിക്കേണ്ടതാണ്. നോട്ടീസിൽ വീഴ്ചക്കാരന്റെ പേരും ചെല്ലേണ്ടതായ തുകയും അടങ്ങിയിരിക്കേണ്ടതും, അതിൽ പറഞ്ഞിരിക്കുന്ന തീയതിക്കകം കുടിശ്ശിക പലിശയും ചെലവുകളും സഹിതം കൊടുക്കാത്തപക്ഷം സംബന്ധപ്പെട്ടവസ്തു വിൽക്കുന്നതാണെന്നു കാണിച്ചിരിക്കേണ്ടതും ആകുന്നു. ജപ്തിയെപ്പറ്റിയുള്ള നോട്ടീസ്, താലൂക്കു കച്ചേരിയിലും പകുതിക്കച്ചേരിയിലും പ്രധാനപ്പെട്ട വല്ല ഭാഗത്തും പതിച്ചിരിക്കേണ്ടതും ജപ്തിചെയ്തിരിക്കുന്ന സ്ഥാവരവസ്തുവിലും വീഴ്ചക്കാരൻ താമസിക്കുന്ന ഗ്രാമത്തിലും വിൽപ്പന മുറപ്രകാരം പ്രസിദ്ധപ്പെടുത്തുന്നതിനു ആവശ്യമെന്നു അസിസ്റ്റൻറു രജിസ്ട്രാർ വിചാരിക്കാവുന്ന സ്ഥല

ത്തും അല്ലെങ്കിൽ സ്ഥലങ്ങളിലും മുദ്രകൊട്ടിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും ആകുന്നു. ജപ്തിയെപ്പററിയുള്ള നോട്ടീസിന്റെ ഓരോ പ്രതി, ഡിക്രിയുടമസ്ഥനും വീഴ്ചക്കാരനും അസിസ്റ്റൻറ് രജിസ്ട്രാർക്കും അയക്കേണ്ടതാണ്. വിൽപനയുദ്യോഗസ്ഥൻ നിർദ്ദേശിക്കുന്നപക്ഷം ജപ്തിവിവരം ഗവണ്മെൻറു ഗസററിലും പരസ്യം ചെയ്യേണ്ടതാകുന്നു.

(ഇ) വിൽപനവിളംബരം, വിൽപനയ്ക്കു നിശ്ചയിച്ചിരിക്കുന്ന തീയതിക്കു 30 ദിവസം മുൻപായിട്ടെങ്കിലും അടുത്തുള്ള പോലീസ്സ്റ്റേഷനിലും പ്രവർത്തിക്കച്ചേരികളിലും താലൂക്കു കച്ചേരിയിലും അസിസ്റ്റൻറു രജിസ്ട്രാരുടേയും വിൽപനോദ്യോഗസ്ഥൻറെയും ആഫീസുകളിലും കാര്യത്തിൻെറ അവസ്ഥപോലെ വസ്തുവിൻെറയോ കെട്ടിടത്തിൻെറയോ പ്രധാനപ്പെട്ട വല്ല ഭാഗത്തും പതിച്ചിരിക്കേണ്ടതും വസ്തു സ്ഥിതിചെയ്യുന്ന ഗ്രാമത്തിൽ വിൽപനത്തീയതിക്കു തലേദിവസം മുരശടിച്ചു പ്രസിദ്ധപ്പെടുത്തേണ്ടതും ആകുന്നു. നോട്ടീസ്, ഡിക്രിയുടമസ്ഥനും വീഴ്ചക്കാരനും കൊടുക്കേണ്ടതുമാകുന്നു. വിളംബരത്തിൽ വിൽപനയുടെ സമയവും, സ്ഥലവും പ്രസ്താവിക്കേണ്ടതും താഴെപ്പറയുന്നവ നിവൃത്തിയുള്ളിടത്തോളം ശരിയായും കൃത്യമായും നിർദ്ദേശിച്ചിരിക്കേണ്ടതും ആകുന്നു.

(1) വിൽക്കേണ്ടതായ വസ്തു,

(2) വസ്തുവിന്മേൽ വല്ല ബാദ്ധ്യതയും ഉണ്ടെങ്കിൽ അതു്.

(3) ആജ്ഞാപിച്ചിട്ടുള്ള വില്പനമൂലം ഈടാക്കേണ്ടതായ തുക

(4) വസ്തുവിൻെറ സ്വഭാവവും വിലയും നിർണ്ണയിക്കുന്നതിനു് വാങ്ങുന്ന ഒരാൾ അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണെന്നു വില്പനയുദ്യോഗസ്ഥൻ വിചാരിക്കുന്ന മറെറല്ലാ സംഗതികളും.

(എഫ്) ഈ ചട്ടങ്ങളനുസരിച്ചു വല്ല സ്ഥാവരവസ്തുവും വില്ക്കുമ്പോൾ ആ വസ്തുവിന്മേൽ വല്ല മുൻകടവുമുണ്ടെങ്കിൽ വില്പന അതിനു വിധേയമായിരിക്കുന്നതാണ്. വിൽക്കുന്ന പോകുന്നതായ വസ്തു ജപ്തി ചെയ്ത തീയതിക്കുമുമ്പു് പന്ത്രണ്ടു സംവത്സരത്തിൽ കുറയാതെയുള്ള ഒരു കാലത്തേയ്ക്കു, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽനിന്നു ഒരു വില്പകസർട്ടിഫിക്കററു ഡിക്രിയുടമസ്ഥൻ വില്പനയുദ്യോഗസ്ഥന്, അദ്ദേഹമൊ അസിസ്റ്റൻറു രജിസ്ട്രാരൊ നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ നൾകേണ്ടതാകുന്നു. വില്പകസർട്ടിഫിക്കററു ഹാജരാക്കുന്നതിനുള്ള കാലം കാര്യത്തിൻെറ അവസ്ഥപോലെ വില്പനയുദ്യോഗസ്ഥൻെറയോ അസിസ്റ്റൻറു രജിസ്ട്രാരുടെയോ ഇഷ്ടംപോലെ നീട്ടിക്കൊ

വുന്നതാണ്. ഏററവും കൂടുതൽ തുകയ്ക്കു വിളി കേൾക്കുന്നയാളിന്റെ പേർ സ്വമായ ലേലം മുഖേന വില്പന നടത്തേണ്ടതും എന്നാൽ കൊടുക്കാമെന്നു പറയുന്ന വില ക്രമത്തിലധികം കുറവായിട്ടു തോന്നുന്ന പക്ഷമൊ മററു കാരണങ്ങളാലൊ ഏററവും കൂടുതലായി വിളിച്ച തുക വില്പനയുദ്യോഗസ്ഥൻ സ്വീകരിക്കാവുന്നതും ആകുന്നു. കൂടാതെ അസിസ്റ്റൻറ് രജിസ്ത്രാരൊ വില്പനയുദ്യോഗസ്ഥനൊ അദ്ദേഹത്തിന്റെ യുക്തംപോലെ വില്പന ഒരു നിർദ്ദിഷ്ടദിവസത്തേക്കും സമയത്തേക്കും മാററി വയ്ക്കാവുന്നതും അപ്രകാരം മാററിവയ്ക്കുന്നതിന് അദ്ദേഹത്തിനുള്ള കാരണങ്ങൾ രേഖപ്പെടുത്തേണ്ടതും ആകുന്നു. ഒരു വില്പന ഏഴുദിവസത്തിൽ കൂടുതലായ ഒരു കാലത്തേക്ക മാററിവയ്ക്കുന്ന സംഗതിയിൽ, വിധിക്കടക്കാരൻ അതു വേണ്ടെന്നു വയ്ക്കാത്തപക്ഷം (ഇ) ഖണ്ഡമനുസരിച്ച ഒരു പുതിയ വിളംബരം പുറപ്പെടുവിക്കേണ്ടതാകുന്നു. വില്പന നടത്തുന്ന യഥാൎത്ഥതീയതിക്കും വസ്തു ജപ്തി ചെയ്യുന്നതിനുള്ള നോട്ടീസിന്റെ തീയതിക്കും ഇടക്കുള്ള കാലം ൪൫ ദിവസത്തിൽ കുറവായിരിക്കാൻ പാടില്ല. വില്പനയുടെ സമയവും സ്ഥലവും വില്പനയുദ്യോഗസ്ഥൻ നിശ്ചയിക്കേണ്ടതും വില്പന സ്ഥലം വില്ക്കേണ്ടതായ വസ്തു സ്ഥിതിചെയ്യുന്ന ഗ്രാമമൊ പ്രസ്തുത വില്പനയുദ്യോഗസ്ഥൻ നിശ്ചയിക്കാവുന്നതും സമീപമുള്ളതുമായ പ്രധാന പൊതുസ്ഥലമൊ ആയിരിക്കേണ്ടതും ആകുന്നു.

(ജി) സ്ഥാവരവസ്തുവിന്റെ വിലയുടെ ൧൫ ശതമാനത്തിനു തുല്യമായ ഒരു പണത്തുക വിലയ്ക്കു വാങ്ങുന്നയാൾ വാങ്ങുന്ന സമയത്തു വില്പനയുദ്യോഗസ്ഥന്റെ പക്കൽ നിക്ഷേപിക്കേണ്ടതും അപ്രകാരം നിക്ഷേപിക്കാതിരുന്നാൽ വസ്തു ഉടൻതന്നെ വീണ്ടും വില്ക്കേണ്ടതും ആകുന്നു.

എന്നാൽ വിലയ്ക്കു വാങ്ങുന്നയാൾ ഡിക്രി ഉടമസ്ഥൻതന്നെ ആയിരിക്കയും (കെ) ഖണ്ഡമനുസരിച്ച വിലപ്പണം തട്ടിക്കഴിക്കുന്നതിന് അവകാശമുണ്ടായിരിക്കയും ചെയ്യുമ്പോൾ വില്പനയുദ്യോഗസ്ഥൻ ഈ ചട്ടത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വേണ്ടെന്നു വയ്ക്കേണ്ടതാണ്.

(എച്ച്) വിലപ്പണത്തിന്റെ ബാക്കി, വില്പന തീയതി മുതൽ ൩൦ ദിവസത്തിനകം അടയ്ക്കേണ്ടതാണ്.

എന്നാൽ, അപ്രകാരം കൊടുക്കേണ്ടതായ തുക കണക്കാക്കുന്നതിൽ വിലയ്ക്കു വാങ്ങുന്നയാളിനു (കെ) ഖണ്ഡമനുസരിച്ച് അവകാശ

ക്കപ്പെടാവുന്ന വല്ല തട്ടിക്കഴിക്കലുമുണ്ടെങ്കിൽ അതിന്റെ പ്രയോജനം ഉണ്ടായിരിക്കേണ്ടതാണ്.

(ഐ) മുൻപിൽ കട്ടവിലത്തെ ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന കാലത്തിനുള്ളിൽ പണമടയ്ക്കുന്നതിന വീഴ്ച വരുത്തിയാൽ വില്പനച്ചെലവുകൾ വല്ലതുമുണ്ടെങ്കിൽ അവ കഴിച്ചതിനശേഷം നിക്ഷേപത്തുക ഗവണ്മെൻറിലേയ്ക്ക് കണ്ടുകെട്ടാവുന്നതും, വസ്തുവിലോ അതു പിന്നീട വിൽക്കപ്പെടാവുന്ന തുകയുടെ വല്ല ഭാഗത്തിനൊ ഉള്ള എല്ലാ അവകാശവും വീഴ്ചക്കാരനായ വിലയ്ക്ക് വാങ്ങിയ ആളിന നഷ്ടപ്പെടുന്നതും ആകുന്നു.

(ജെ) വിലപ്പണം അടക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലത്തിനുള്ളിൽ അതു് അടയ്ക്കാതിരിക്കുമ്പോൾ സ്ഥാവരവസ്തുവിന്റെ വീണ്ടുമുള്ള എല്ലാ വില്പനയും വില്പനയ്ക്ക് ഇതിനുമുൻപു നിർണ്ണയിച്ചിട്ടുള്ള തീയതിയിലും കാലമൊപ്പിച്ചും ഒരു പുതിയ വിളംബരം പുറപ്പെടുവിച്ചതിനശേഷം നടത്തേണ്ടതാണ്.

(കെ) ഡിക്രിയുടമസ്ഥൻ തന്നെ വിലയ്ക്ക് വാങ്ങുമ്പോൾ വിലപ്പണവും ഡിക്രിയിന്മേൽ ചെല്ലേണ്ടതായ തുകയും തമ്മിൽ തട്ടിക്കഴിക്കേണ്ടതും വില്പനയുദ്യോഗസ്ഥൻ അതനുസരിച്ചു ഡിക്രി മുഴുവനായൊ ഏതെങ്കിലും ഭാഗമായോ തീർന്നതായി എഴുതിച്ചേർക്കേണ്ടതും ആകുന്നു.

(8) വില്പനയ്ക്കു നിശ്ചയിച്ചിട്ടുള്ള ദിവസത്തിനു മുമ്പു വീഴ്ചക്കാരനൊ അയാൾക്കുവേണ്ടി പ്രവർത്തിക്കുന്ന വല്ലയാളൊ ജപ്തി ചെയ്തിട്ടുള്ള വസ്തുവിൽ താൽപര്യമുള്ള വല്ലയാളൊ പലിശ, ബാററാ, വസ്തു ജപ്തിചെയ്തു വില്പനയ്ക്കു വയ്ക്കുന്നതിൽ വന്നിട്ടുള്ള മററു ചെലവുകൾ ഇവയുൾപ്പെടെ കൊടുക്കേണ്ടതായ മുഴുവൻ തുകയും ഏൽപ്പിച്ചുകൊടുക്കുന്നപക്ഷം വില്പനയുദ്യോഗസ്ഥൻ ജപ്തി ഉത്തരവു റദ്ദു ചെയ്തു വസ്തു ഉടൻ വിട്ടുതരൂ ചെയ്യേണ്ടതാണ്.

(9) (i) വില്പനയുദ്യോഗസ്ഥൻ സ്ഥാവരവസ്തു വിററു കഴിഞ്ഞിരിക്കുമ്പോൾ അപ്രകാരമുള്ള വസ്തുവിന്റെ ഉടമസ്ഥതയുള്ളതോ പ്രസ്തുത വില്പനയ്ക്കു മുൻപൊ അതിനശേഷമൊ സമ്പാദിച്ചിട്ടുള്ള ഒരു അവകാശംമൂലം അതിൽ ഒരു താൽപര്യമുള്ളതോ ആയ വല്ല ആളും അസിസ്റ്റൻറ് രജിസ്ട്രാരുടെ പക്കൽ

(എ) വിലക്കു വാങ്ങിയ ആളിനു കൊടുക്കുന്നതിനു വിലപ്പണത്തിന്റെ ൫ ശതമാനത്തോടു തുല്യമായ ഒരു തുകയും.

(ബി) ഡിക്രിയുടമസ്ഥനു കൊടുക്കുന്നതിന് ഇടയാക്കുന്നതിനായി വസ്തുവില്പനയ്ക്ക് ഉത്തരവായിട്ടുള്ളതും വില്പന വിളംബരത്തിൽ നിർദ്ദേശിച്ചിട്ടുള്ളതുമായ കടിശിക തുകയും അപ്രകാരമുള്ള വിളംബരത്തിന്റെ തീയതിക്കുശേഷം ഡിക്രിയുടമസ്ഥന് ലഭിച്ചിരിക്കാവുന്ന വല്ല തുകയും ഉണ്ടെങ്കിൽ അതിനെക്കുറിച്ച് അതിന്മേലുള്ള പലിശയും ജപ്തിയും വില്പനയ്ക്കുമുള്ള ചെലവുകളും അപ്രകാരമുള്ള തുകയെ സംബന്ധിച്ച ചെയ്യേണ്ടതായ മററു ചെലവുകളും,

നിക്ഷേപിച്ചതിന്മേൽ അപ്രകാരമുള്ള വില്പന അസ്ഥിരപ്പെടുത്തുന്നതിന് അപേക്ഷിക്കാവുന്നതാണ്.

(ii) അപ്രകാരമുള്ള നിക്ഷേപവും അപേക്ഷയും വില്പനയുടെ തീയതിമുതൽ ൩൦ ദിവസത്തിനകം സമർപ്പിക്കുന്നപക്ഷം അസിസ്റ്റന്റ രജിസ്ട്രാർ വില്പന അസ്ഥിരപ്പെടുത്തി ഉത്തരവിടുകയും അപേക്ഷകൻ നിക്ഷേപിച്ചിട്ടുള്ള ൫ ശതമാനത്തോടുകൂടി നിക്ഷേപിച്ചിട്ടുള്ളടത്തോളം വിലപ്പണം വിലയ്ക്കു വാങ്ങിയ ആളിന് തിരിച്ചുകൊടുക്കയും ചെയ്യേണ്ടതാണ്.

എന്നാൽ ഈ ഉപചട്ടമനുസരിച്ച് ഒന്നിലധികം ആളുകൾ നിക്ഷേപവും അപേക്ഷയും കൊടുത്തിട്ടുള്ളപക്ഷം വില്പന അസ്ഥിരപ്പെടുത്തുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ആദ്യത്തെ നിക്ഷേപകൻ അയച്ച അപേക്ഷ സ്വീകരിക്കേണ്ടതാണ്.

(iii) സ്ഥാവരവസ്തുവിന്റെ വില്പന അസ്ഥിരപ്പെടുത്തുന്നതിനു ൮ ാം ഉപവകുപ്പനുസരിച്ച് ഒരാൾ അപേക്ഷിക്കുന്നപക്ഷം ഈ ചട്ടമനുസരിച്ച അപേക്ഷ അയക്കുന്നതിന് അയാൾക്കു അവകാശമില്ലാത്തതാകുന്നു.

(10) (i) സ്ഥാവരവസ്തുവിന്റെ വില്പനത്തീയതിമുതൽ ൩൦ ദിവസത്തിനകം ഏതുസമയത്തും ഡിക്രിയുടമസ്ഥനോ മുതലുകൾ കണക്കനുസരിച്ചു വീതിച്ചിരിക്കുന്നതിനാൽ ഓഹരി അവകാശമുള്ളതോ വില്പനമൂലം സ്വന്തം കാര്യത്തെ ബാധിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ആളിനോ വില്പന പ്രസിദ്ധപ്പെടുത്തിയതിലോ നടത്തിയതിലോ സാര

മായ ക്രമക്കേടോ പിശകോ വഞ്ചനയോ ഉണ്ടായിരുന്നു എന്നുള്ള കാരണത്തിന്മേൽ വില്പന അസ്ഥിരപ്പെടുത്തുന്നതിന് അസിസ്റ്റന്റ രജിസ്ട്രാരോട് അപേക്ഷിക്കാവുന്നതാണ്.

എന്നാൽ അപ്രകാരമുള്ള ക്രമക്കേടോ പിശകോ വഞ്ചനയോ മൂലം അപേക്ഷകന് സാരമായ ഹാനി സംഭവിച്ചിട്ടുണ്ടെന്നു പ്രസ്തുത അസിസ്റ്റന്റ രജിസ്ട്രാർക്കു ബോദ്ധ്യമായാലല്ലാതെ ക്രമക്കേടോ വഞ്ചനയോ കാരണമാക്കി യാതൊരു വില്പനയും അസ്ഥിരപ്പെടുത്താൻ പാടില്ല.

() അപേക്ഷ അനുവദിക്കുന്നപക്ഷം പ്രസ്തുത അസിസ്റ്റന്റ രജിസ്ട്രാർ ആ വില്പന അസ്ഥിരപ്പെടുത്തേണ്ടതും പുതിയ ഒരു വില്പന നടത്താൻ നിർദ്ദേശിക്കാവുന്നതുമാകുന്നു.

(iii) വില്പനത്തീയതിമുതൽ ൩൦ ദിവസം കഴിയുമ്പോൾ ൻ-ാം ഉപചട്ടമനുസരിച്ചോ ഈ ഉപചട്ടത്തിന്റെ -ാംഖണ്ഡമനുസരിച്ചോ വില്പന അസ്ഥിരപ്പെടുത്തുന്നതിനു യാതൊരപേക്ഷയും കൊടുത്തിട്ടില്ലാത്തപക്ഷമോ അല്ലെങ്കിൽ അപ്രകാരമുള്ള അപേക്ഷ കൊടുക്കുകയും അതിനെ തള്ളുകയും ചെയ്തിട്ടുള്ളപക്ഷമോ പ്രസ്തുത അസിസ്റ്റന്റ രജിസ്ട്രാർ വില്പന സ്ഥിരപ്പെടുത്തിക്കൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

എന്നാൽ അപ്രകാരം യാതൊരപേക്ഷയും അയച്ചിട്ടില്ലെങ്കിലും വില്പന അസ്ഥിരപ്പെടുത്തേണ്ടതാണെന്നു വിചാരിക്കുന്നതിന് അദ്ദേഹത്തിനു കാരണമുള്ളപക്ഷമോ അല്ലെങ്കിൽ അയച്ചിട്ടുള്ളതും നിരസിച്ചിട്ടുള്ളതുമായ യാതൊരപേക്ഷയിലും പ്രസ്താവിച്ചിട്ടില്ലാത്ത കാരണങ്ങൾ മൂലമോ അപ്രകാരം തനിക്കുള്ള കാരണങ്ങൾ രേഖപ്പെടുത്തിയതിനു ശേഷം അദ്ദേഹം വില്പന അസ്ഥിരപ്പെടുത്താവുന്നതാണ്.

(iv) വല്ല സ്ഥാവരവസ്തുവിന്റെയും വില്പന സ്ഥിരപ്പെടുത്താതിരിക്കയോ അസ്ഥിരപ്പെടുത്തുകയോ ചെയ്തിരിക്കുമ്പോൾ, കാര്യത്തിന്റെ അവസ്ഥപോലെ നിക്ഷേപമോ വിലപ്പണമോ വിലയ്ക്കുവാങ്ങിയ ആളിനു തിരിച്ചുകൊടുക്കേണ്ടതാണ്.

(v) അപ്രകാരമുള്ള ഏതെങ്കിലും വില്പന സ്ഥിരപ്പെടുത്തിയതിനുശേഷം, പ്രസ്തുത അസിസ്റ്റന്റ രജിസ്ട്രാർ തന്റെ മുദ്രയും ഒപ്പുമുള്ള ഒരു വില്പന സാക്ഷിപത്രം വിലയ്ക്കു വാങ്ങിയ ആളിന് നൽകേണ്ടതാണ്.

അപ്രകാരമുള്ള സർട്ടിഫിക്കററിൽ വിററ വസ്തുവിനെപ്പററിയും വിലയ്ക്കു വാങ്ങിയ ആളിന്റെ പേരും പ്രസ്താവിച്ചിരിക്കേണ്ടതും അതു തെളിയിക്കേണ്ടതു് ആവശ്യമായേക്കാവുന്ന എല്ലാ കോടതികളിലും നീതിപീഠങ്ങളിലും വിലയ്ക്കുവാങ്ങിയ വസ്തുതയ്ക്കു് അതു പൂർണ്ണമായ തെളിവായിരിക്കുന്നതും അതു് ആരുടെ മുമ്പാകെ ഹാജരാക്കപ്പെട്ടിരിക്കുന്നുവോ ആ അധികാരിക്ക് അതിന്റെ നിജസ്ഥിതിയെപ്പററി സംശയിക്കുന്നതിനു കാരണമുണ്ടായാലല്ലാതെ അസിസ്റ്റന്റു രജിസ്ട്രാരുടെ മുദ്രയെയോ ഒപ്പിനെയോ സംബന്ധിച്ചു യാതൊരു തെളിവും ആവശ്യമില്ലാത്തതുമാകുന്നു.

(11) ഈ ചട്ടമനുസരിച്ചു നടത്തിയതും സ്ഥിരപ്പെടുത്തിയതുമായ ഒരു വില്പനയിൽ സ്ഥാവരവസ്തു വിലയ്ക്കു വാങ്ങിക്കഴിയുമ്പോൾ അസിസ്റ്റന്റു രജിസ്ട്രാരോ വില്പനയുദ്യോഗസ്ഥനോ വാങ്ങിയ ആളിന്റെ പേരും പ്രസ്തുത സ്ഥാവരവസ്തുവിനു വഴക്കാരനുള്ള എല്ലാ അവകാശങ്ങൾക്കും സ്വത്തിനും അപ്രകാരം വാങ്ങിയ ആൾ ന്യായാനുസൃതമായ പിൻതുടർച്ചാവകാശിയായി എന്നുള്ള ഒരു പ്രതിജ്ഞാപത്രത്തോടുകൂടി ഗവൺമെന്റു ഗസററിലും മുരശടിച്ചോ മററു സാധാരണ രീതിയിലോ വിററ സ്ഥാവരവസ്തു സ്ഥിതിചെയ്യുന്ന ഗ്രാമത്തിലും പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

(12) അപ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നാലും തന്റെ സ്വന്തം കൈവശമാണെന്നു ഉത്തമവിശ്വാസത്തിൽ അവകാശപ്പെടുന്ന (വിധിക്കടക്കാരനല്ലാത്ത) ഒരാളല്ലാത്ത ഏതൊരാളും വാങ്ങിയ സ്ഥാവരവസ്തു കൈവശമാക്കുന്നതിൽ, സ്ഥാവരവസ്തു നിയമാനുസൃതമായി വാങ്ങിയ വല്ലയാളെയും എതിർക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നതായാൽ അസിസ്റ്റന്റു രജിസ്ട്രാരോട് അപേക്ഷിക്കയും ൧൦-ാം ഉപചട്ടത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള വില്പന സാക്ഷ്യപത്രം ഹാജരാക്കുകയും ചെയ്യുമ്പോൾ, അപ്രകാരം വാങ്ങിയ ആളിനു കൈവശം കൊടുക്കുന്നതിലേക്കു വാങ്ങിയ സ്ഥാവരവസ്തുവിന്മേൽ അധികാരമുള്ള ഒരു സിവിൽകോടതിയുടെ ഒരു തീരുമാനംമൂലം വാങ്ങിയ ആളിനു ഡിക്രി നൽകപ്പെട്ടിരുന്നാലെന്നപോലെ അദ്ദേഹം വേണ്ട വിധത്തിലുള്ള പ്രാസസ് നടത്തിക്കൊടുക്കേണ്ടതാകുന്നു. ഈ ചട്ടത്തിലെ കാര്യത്തിനായി അസിസ്റ്റന്റു രജിസ്ട്രാർക്കു സിവിൽ നടപടിനിയമപ്രകാരം ഒരു സിവിൽകോടതിക്കുള്ള എല്ലാ അധികാരസ്ഥാനങ്ങളും ഉണ്ടായിരിക്കുന്നതാണ്.

(13) ചെല്ലേണ്ട തുക കൊടുക്കുന്നതിന് ഒരു കുടിശികക്കാരൻെറ സ്ഥാവരവസ്തു മുഴുവനോ ഏതെങ്കിലും ഭാഗമോ വില്പന ഉദ്യോഗസ്ഥൻ വില്ക്കുന്നതു ന്യായാനുസൃതമായിരിക്കുന്നതും, എന്നാൽ എല്ലായ്പോഴും നിവൃത്തിയുള്ളിടത്തോളം കിട്ടേണ്ടതായ തുക പലിശയും ജപ്തിക്കും വില്പനയ്ക്കുമുള്ള ചെലവുകളുംസഹിതം കൊടുക്കുന്നതിനു മതിയാകുന്നതിനെക്കാൾ കൂടുതലായി സ്ഥാവരവസ്തുവിൻെറ ഭാഗമോ അംശമോ വില്ക്കാൻ പാടില്ലാത്തതും ആകുന്നു.

(14) ഈ ചട്ടങ്ങളനുസരിച്ച് നോട്ടീസുകളോ മററു പ്രാസസ്സോ നടത്തുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ആളുകൾക്കു രജിസ്ട്രാർ അപ്പപ്പോൾ നിശ്ചയിക്കാവുന്ന നിരക്കുകളനുസരിച്ചു ബാററാ കിട്ടുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(15) ഈ ചട്ടമനുസരിച്ചു ജംഗമമോ സ്ഥാവരമോ ആയ വസ്തു ജപ്തിചെയ്തു വില്ക്കുന്നതു സംബന്ധിച്ചു നേരിട്ടിട്ടുള്ള ചെലവുകളും കൂലികളും ൰-ാം ഉപചട്ടമനുസരിച്ചു ഡിക്രിയുടമസ്ഥൻ ചെലവു വകയ്ക്കായി നിക്ഷേപിച്ചിട്ടുള്ള തുകകളെ കവിയുകയാണെങ്കിൽ അപ്രകാരമുള്ള കൂടുതൽ തുക കാര്യാനുസരണം വസ്തുവിൻെറ വില്പനയിൽനിന്നു ലഭിച്ച തുകയിൽനിന്നോ വീഴ്ചക്കാരൻ അടച്ച പണത്തിൽനിന്നോ കുറയ്ക്കുകയും ബാക്കി ഡിക്രിയുടമസ്ഥനു നൽകുകയും ചെയ്യേണ്ടതാകുന്നു.

(16) ഈ ചട്ടമനുസരിച്ച് ഈടാക്കുന്നതിന് അപേക്ഷ നൽകപ്പെട്ടിട്ടുള്ളതും കിട്ടേണ്ടതുമായ വല്ല പണവും കൊടുക്കുന്ന ഏതൊരാൾക്കും ആ തുകയ്ക്കു വില്പനയുദ്യോഗസ്ഥനോ അതിലേക്കു രജിസ്ട്രാർ അധികാരപ്പെടുത്തിയിട്ടുള്ള മററു ഉദ്യോഗസ്ഥനോ ഒപ്പിട്ടിട്ടുള്ള ഒരു രസീതു കിട്ടുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്. അപ്രകാരമുള്ള രസീതിൽ പണമടയ്ക്കുന്ന ആളിൻെറ പേരും പണമടച്ചതു് ഏതു സംഗതി സംബന്ധിച്ചാണെന്നും കാണിച്ചിരിക്കണം.

(17) (എ) ഈ ചട്ടമനുസരിച്ചു ജപ്തി ചെയ്ത വല്ല വസ്തുവിൻെറയും ജപ്തിയെ സംബന്ധിച്ച് അപ്രകാരമുള്ള വസ്തു അപ്രകാരമുള്ള ജപ്തിക്കു അധീനമാകത്തക്കതല്ലെന്നുള്ള കാരണത്താൽ വല്ല അവകാശവും ബോധിപ്പിക്കയോ വല്ല ആക്ഷേപവും പുറപ്പെടുവിക്കയോ ചെയ്യുമ്പോൾ വില്പന ഉദ്യോഗസ്ഥൻ ആ അവകാശമോ ആക്ഷേപമോ സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതും യഥായോഗ്യം അതു തീരുമാനിക്കേണ്ടതും ആകുന്നു.

എന്നാൽ അവകാശമോ ആക്ഷേപമോ നിസ്സാരമാണെന്നു വില്പനയുദ്യോഗസ്ഥൻ വിചാരിക്കുന്നപക്ഷം അപ്രകാരമുള്ള അന്വേഷണം നടത്താൻ പാടില്ല.

(ബി) അവകാശമോ ആക്ഷേപമോ ഏതു വസ്തുവിനെ സംബന്ധിക്കുന്നുവോ അതിന്റെ വില്പന പരസ്യപ്പെടുത്തിയിരിക്കുമ്പോൾ, അവകാശത്തിന്റെയോ ആക്ഷേപത്തിന്റെയോ അന്വേഷണം കഴിയുന്നതുവരെ വില്പനയുദ്യോഗസ്ഥൻ വില്പന മാററിവയ്ക്കാവുന്നതാണ്.

(സി) അവകാശമോ ആക്ഷേപമോ ബോധിപ്പിക്കുമ്പോൾ ആർക്കു ദോഷമായി ഉത്തരവിട്ടിരിക്കുന്നുവോ ആ കക്ഷി തർക്കത്തിലിരിക്കുന്ന വസ്തുവിന് അയാൾ അവകാശപ്പെടുന്ന അവകാശം സ്ഥാപിക്കുന്നതിന് ഉത്തരവിന്റെ തീയതിമുതൽ ആറുമാസത്തിനകം ഒരു വ്യവഹാരം ബോധിപ്പിക്കാവുന്നതും എന്നാൽ അപ്രകാരമുള്ള വ്യവഹാരത്തിന്റെ ഫലം വല്ലതുമുണ്ടെങ്കിൽ അതിനധീനപ്പെട്ട് ഉത്തരവ് അവസാനമായിരിക്കുന്നതും ആകുന്നു.

(18) രജിസ്ട്രാർ ആക്ടിലെ ൩൭-ാംവകുപ്പിൻപ്രകാരം അദ്ദേഹത്തിനുള്ള അധികാരങ്ങൾക്കു ഹാനിക്കൂടാതെ ഉചിതമായ സംഗതികളിൽ ഈ ചട്ടത്തിലെ ൧ മുതൽ ൧൰ വരെയുള്ള ഉപചട്ടങ്ങൾമൂലം അസിസ്റ്റന്റു രജിസ്ട്രാർക്കു സിദ്ധിച്ചിട്ടുള്ള അധികാരങ്ങളിൽ എല്ലാമോ വല്ലതുമോ വിനിയോഗിക്കാവുന്നതാണ്.

ചട്ടം ൪൦.

റവന്യൂ ഉദ്യോഗസ്ഥന്മാർ പിടിച്ചെടുക്കുക.

40. മദ്ധ്യസ്ഥതീരുമാനങ്ങളനുസരിച്ചുള്ള തുക റവന്യൂ ആഫീസു ഈടാക്കുമ്പോൾ അങ്ങനെ ഈടാക്കുന്നതിനു വേണ്ടി വരുന്ന ചെലവു സംഘഫണ്ടുകളിൽനിന്നോ വിവാദകക്ഷിയോ കക്ഷികളോ താൻ യുക്തമെന്നു വിചാരിക്കുംപോലെ രജിസ്ട്രാർ നിർദ്ദേശിച്ചിട്ടുള്ള ഒരു തോതനുസരിച്ചു കൊടുക്കേണ്ടതാണെന്ന് ഉത്തരവു ചെയ്വാൻ രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

ആക്ററ് ൰൩.

൰൩. ഈ ആക്ട് പ്രകാരമോ ഇതിൻപ്രകാരം നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും ചട്ടപ്രകാരമോ ഏതൊരാളിൽനിന്നു ഒരു രജിസ്റ്റർ

രജിസ്റ്റർ ചെയ്ത സംഘങ്ങിനു ചെല്ലേണ്ട തുക ഈടാക്കൽ.

ചെയ്ത സംഘത്തിനു ചെല്ലേണ്ട ഏതെങ്കിലും സംഖ്യ കരക്കുടിശിക എന്നപോലെ ഈടാക്കാവുന്നതായിരിക്കയും (൧൦൩൩-ലെ ൧-ാം റെഗുലേഷനായ) കരം പിരിവുറെഗുലേഷനിലെ വ്യവസ്ഥകൾപ്രകാരം അപ്രകാരമുള്ളയാളിന്റെ സ്ഥാവരവസ്തു വില്പനയ്ക്കു കൊണ്ടുവരികയും അപ്രകാരമുള്ള വില്പനയിൽ സംഘം വിലയ്ക്കുവാങ്ങുന്നയാളായിരിക്കുകയും ചെയ്യുമ്പോൾ പ്രസ്തുത ആക്റ്റിൽ ൩൨-ാം വകുപ്പിലെ വ്യവസ്ഥകൾ, അതിലെ ൪-ം ൭-ം ഖണ്ഡങ്ങൾക്കുപകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർത്തിരുന്നാൽ എപ്രകാരമോ അപ്രകാരം ബാധിക്കുന്നതാണ്. അതായതു്,

നാലാമതു്, വാങ്ങിയ ആളിനു ചെല്ലേണ്ടതുക മുഴുവനായോ ഭാഗമായോ അയാൾ വിലയ്ക്കു വാങ്ങിയതുകയ്ക്കായി തട്ടിക്കഴിക്കാവുന്നതും വിലയിൽ ബാക്കി വല്ലതുമുണ്ടെങ്കിൽ അതു വില്പന നടത്തുന്ന ഉദ്യോഗസ്ഥനു വില്പനത്തീയതിമുതൽ മുപ്പതുദിവസത്തിനകം കൊടുക്കേണ്ടതും ആകുന്നു.

അഞ്ചാമതു്, ഏതെങ്കിലും വിലയർത്ഥത്തിന്റെ ബാക്കി കൊടുത്തു തീർക്കാൻ വിലയ്ക്കു വാങ്ങിയയാൾ വിസമ്മതിക്കയൊ കൊടുത്തുതീർക്കാതിരിക്കയൊ ചെയ്താൽ അങ്ങനെ വാങ്ങിയ ആളിന്റെ ചെലവിലും ഉത്തരവാദിത്വത്തിലും വസ്തു വീണ്ടും വിൽക്കേണ്ടതും അങ്ങനെ വിസമ്മതിക്കയൊ കൊടുത്തുതീർക്കാതിരിക്കയൊ ചെയ്യുന്നതുമൂലമുണ്ടാകുന്ന നഷ്ടമൊ ചെലവൊ മുഴുവനും കരക്കുടിശിക എന്നവണ്ണംതന്നെ അങ്ങനെ വില വാങ്ങിയ ആളിൽനിന്നു് ഈടാക്കാവുന്നതും ആകുന്നു. രണ്ടാമത്തെ വില്പനയിൽ ആദ്യവില്പനയെക്കാൾ കൂടുതൽ തുകയ്ക്കു വസ്തു വിൽക്കപ്പെടുന്നെങ്കിൽ വ്യത്യാസമൊ കൂടുതലൊ ആദ്യവില്പന ആർക്കു വേണ്ടി നടത്തിയൊ അയാളുടെ വകയായിരിക്കുന്നതാണ്.

NOTIFICATION.

D. Dis. No. 792/47/Devpt. A.

In exercise of the powers conferred by Section 24 of the Travancore Debt Rolif Act 1115 (Act II of 1116 as amended by Act III of 1116), the Government of His Highness the Maharaja are pleased to make the following amendment to the Travancore Debt Relief Rules, namely :—

For Rule 9 of the said Rules, the following Rule shall be substituted namely :—

"9. The authority for purposes of clauses (a) and (b) of sub-section (2) of Section 15 of the Act, shall, in the case of debts due to or from Co-operative Societies, be the Assistant Registrar of Co-operative Societies for Arbitration, Execution and Liqudia; tion work, Trivandrum, and the authority referred to in sub-section (6) of Section 15 in respect of such debts. shall be the Registrar of Co-operative Societies."

സക്ക്യുലർ നവ്യ.

പരസ്പരസഹായ കൂട്ടുകെട്ടുകൾ സാധുക്കളായ കർഷകരെ പണവ്യാപാരികളിൽനിന്നും രക്ഷിക്കുന്നതിനാണെന്നും, സംഘങ്ങളിലെ വീഴ്ചക്കാരുടെ മേൽ അന്യായം കൊടുക്കുന്നതിനു സംഘങ്ങൾക്കു അവകാശമുണ്ടെങ്കിലും സാധാരണ നിയമക്കോടതികളിൽ കേസുകൊടുക്കുന്നതു അംഗങ്ങളുടെ ഋണബാദ്ധ്യത വർദ്ധിക്കുന്നതിനു കാരണവും ആയതു പരസ്പരസഹായ മൂലതത്വങ്ങൾക്കു വിപരീതവും ആകയാൽ അപ്രകാരം ചെയ്യുന്നതു് പൊതുവിൽ അഭിലഷണീയമായിരിക്കുന്നില്ലെന്നും, സെക്രട്ടറി മുതലായ കമ്മററിക്കാർ പരസ്പരസഹായത്തിന്റെ പ്രധാന തത്വങ്ങളെ സംബന്ധിച്ചു് വീഴ്ചക്കാർക്കു കൂടക്കൂടെ അറിവു കൊടുത്തുകൊണ്ടിരിക്കയും വായ്പയും പലിശയും സൗകര്യമായ തവണകൾമൂലം അവരുടെ പ്രതിമാസ സമ്പാദ്യങ്ങളിൽനിന്നും അടച്ചു വീട്ടുന്നതിന്റെ ഗുണങ്ങളെ വീഴ്ചക്കാർക്കു ചൂണ്ടിക്കാണിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണെന്നും, ഇടരെയുള്ള ഉപദേശത്തിനു ശേഷവും കുടിശ്ശിക തീർക്കാതെയിരിക്കയും കഠിനമായ നടപടികൾ കൂടാതെ കുടിശ്ശിക തീർക്കുന്നതിനു വീഴ്ചക്കാർ വിചാരിക്കുന്നില്ലെന്നു് കമ്മററിക്കു ബോദ്ധ്യപ്പെടുകയും ചെയ്യുന്നപക്ഷം, വീഴ്ചക്കാർക്കു നോട്ടീസുകൊടുത്തു് അവരുടെ സമാധാനം കേട്ടതിൽപിന്നീടു് ആവശ്യപ്പെട്ട മേൽനടപടിക്കായി കമ്മററിയുടെ തീരുമാനത്തോടുകൂടി സംബന്ധപ്പെട്ട റിക്കാർഡുകൾ രജിസ്ട്രാർ അവർകൾക്കു അയച്ചുകൊടുക്കേണ്ടതാണെന്നും (സാരം മാത്രം).

സർക്കുലർ ഫനവ്യ.

പരസ്പരസഹായസംഘങ്ങളെ സംബന്ധിക്കുന്ന ഒരു തീരുമാനം ഉണ്ടാകണമെന്നു ഒരു ഐക്യസംഘത്തിൽനിന്നും എഴുതിവന്നിരിക്കുന്നു. പരസ്പരസഹായസംഘം റഗുലേഷനെ തുടർന്നുള്ള ചട്ടങ്ങളിൽ ൰൭-ാം

ചട്ട പ്രകാരം ഏതെങ്കിലും ഒരു വിവാദസംഗതിയുടെ തീരുമാനത്തിനു ഒരു സംഘം അപേക്ഷിക്കുമ്പോൾ ആ സംഘത്തിൻ അതേ സംബന്ധിച്ചുണ്ടാകാവുന്ന വ്യവഹാരച്ചിലവിനെ സംബന്ധിച്ചാണു ഈ അപേക്ഷ. ഇപ്പോൾ ഈ വകയ്ക്കായി അപേക്ഷ ഒന്നിനു അരരൂപാ മുതൽ രണ്ടു രൂപാവരെയുള്ള തുകകൾ സാധാരണ ഈടാക്കി വരുന്നതായി പറയപ്പെടുന്നു. ചിലപ്പോൾ അഞ്ചും പത്തും രൂപാ വീതവും ആവശ്യപ്പെട്ടിട്ടുള്ളതായും ലക്ഷ്യങ്ങൾ ഉണ്ടു. കൂടാതെ ഇപ്രകാരം ഈടാക്കപ്പെടുന്ന തുകകൾ യാതൊരുവ്യവസ്ഥയും നിഷ്ഠയും കൈക്കൊള്ളാതെ സിക്രട്ടറിമാർ ക്രമവിരുദ്ധമായി എടുത്തുവരുന്നതായും പ്രസ്താപിക്കപ്പെട്ടിരിക്കുന്നു.

വ്യവഹാരം സംബന്ധിച്ചുണ്ടാകാവുന്ന പല ചിലവുകളും വഹിക്കുന്നതിനു "വ്യവഹാരഫീസ്സ്" എന്നൊരിനം ഉണ്ടായിരിക്കേണമെന്നുള്ളതു ന്യായംതന്നെയാണ്. അന്യായങ്ങൾ തയാറാക്കുന്നതിനുപയോഗപ്പെടുത്തുന്ന അച്ചടിഫാറങ്ങളുടെ വില, എഴുത്തു ചെലവു, ആവശ്യമുള്ള പക്ഷം സമൻസു മുതലായവ നടത്തുന്നതിനുള്ള ചിലവ്, മദ്ധ്യസ്ഥനു കൊടുക്കേണ്ടതായ ബത്ത (പടി) ഇവയെല്ലാററിനും പുറമേ ഈടായികിട്ടാൻ മാർഗ്ഗമില്ലാത്തതായി വിധി നടത്തുന്ന ചിലവുകൾ മുതലായ എല്ലാചിലവുകളും ഈ ഫീസ്സിനത്തിൽനിന്നും വഹിക്കേണ്ടതായിരിക്കുന്നു. എഴുത്തു ഫീസ്സിനത്തിൽ അധികമായ പ്രതിഫലം എടുക്കുന്നതിനു വേണ്ടി അപേക്ഷകളെ വർദ്ധിപ്പിയ്ക്കുന്നതിനു സെക്രട്ടറിമാക്കുണ്ടാകാവുന്ന മോഹവും, കൂടുതലായ പടി കിട്ടുന്നതിനുവേണ്ടി വിചാരണകൾ ദീർഘിപ്പിക്കുന്നതിനു മദ്ധ്യസ്ഥന്മാക്കുണ്ടാകാവുന്ന താല്പര്യവും, തടയേണ്ടതു അത്യാവശ്യമാണ്. ഒന്നോ അധികമോ സംഘങ്ങൾ ബോധിപ്പിക്കുന്ന അനേകം കേസുകൾ ഒരേ സ്ഥലത്തും ഒരേ അവസരത്തിലും ഒരേ മദ്ധ്യസ്ഥൻ വിചാരണ ചെയ്യുമ്പോൾ അവയിൽ ഓരോ കേസ്സിനും പ്രത്യേകം പ്രത്യേകം പടി ആവശ്യപ്പെടുന്നതു ശരിയല്ലാ.

ഈ മാതിരിയുള്ള അനാശാസ്യനടപടികളെ തടയുന്നതിനും അപേക്ഷകളുടെ എണ്ണത്തെ ചുരുക്കുന്നതിനും, അപേക്ഷകൾ കഴിയുന്ന ശീഘ്രത്തിൽ തീർച്ചചെയ്യപ്പെടുന്നതിനും വേണ്ടി മേലാൽ താഴെ വിവരിക്കുന്ന നടപടിക്രമം അനുസരിക്കേണ്ടതാകുന്നു.

ഫ. വ്യവഹാരച്ചെലവു വകയ്ക്കായി പൊതുവെ ഒരേ നിരക്കിലുള്ള ഒരു ഫീസ്സ ചുമത്തുന്നതു ഉചിതമായിരിക്കാം. എന്നാൽ ഈടാക്കാ

നുള്ള കടം ഒരു ചെറിയ സംഖ്യക്കായിരിക്കുമ്പോഠം ഈ ഫീസ്സ് ഒരു ചുരുങ്ങിയ തുകയായിരുന്നാലും അതു സങ്കടകരമായിരിക്കാവുന്നതാണ്. ഈ ഫീസ്സ് സ്ഥലവ്യത്യാസങ്ങളെ ആശ്രയിച്ചിരിക്കേണ്ടതു ആവശ്യമായും ഇരിക്കുന്നു. ആയതിനാൽ ഓരോ അന്യായസംഗതിയിലും വ്യവഹാര ച്ചിലവു വകയ്ക്കു ഏററവും കുറഞ്ഞതായി എന്തു തുക ഈടാക്കണമെന്നു ഓരോ സംഘവും സംബന്ധിക്കപ്പെട്ട ഐക്യസംഘങ്ങളുമായി ആലോചിച്ചു തീർച്ചപ്പെടുത്തണം. എന്നാൽ സാധാരണയായി ഈ തുക ഒന്നോ ഒന്നരയോ രൂപായിൽ കവിയാൻ പാടുള്ളതല്ല.

൨. മേൽപ്രകാരം ഈടാക്കപ്പെടുന്ന തുകകഠം ഒരു പ്രത്യേക ഇനമായി സ്വരൂപിക്കേണ്ടതും പിരിഞ്ഞു വരുന്ന ക്രമത്തിന് ആ തുകകഠം തീയതി വിവരം കാണിച്ചു പ്രത്യേക ഇനമായി നാഠംവഴിയിൽ കൊള്ളിക്കേണ്ടതും ആകുന്നു. ഈ വരവുകഠം സംഘംവക വ്യവഹാരഫണ്ടു ആയിരിക്കുന്നതാണ്.

൩. ഉപയോഗപ്പെടുത്തുന്ന ഫാറവില എഴുത്തുഫീസ്സ് പ്രോസസ്സ് നടത്തുന്നതിനുള്ള ചിലവു ഇവയെല്ലാം കമ്മിററിയുടെ അനുവാദത്തിന്മേലാം ശരിയായ രസീച്ചുകളോടു കൂടിയും അപ്പഴപ്പോഠം ചില വെഴുതാവുന്നതാകുന്നു. ആദ്യത്തെ വശത്തിനു നാലു ചക്രവും പിന്നീടുള്ള ഓരോവശത്തിനും രണ്ടര ചക്രം വീതവും എഴുത്തുഫീസ കൊടുക്കാവുന്നതാണ്. അച്ചടിഫാറങ്ങഠം ഉപയോഗിക്കുന്നപക്ഷം ഈ നിരക്കിൽ പകുതിയെ എഴുത്തുഫീസ്സായി കൊടുക്കാൻ പാടുള്ളൂ.

൪. വ്യവഹാരഫീസ്സ ഈടായിവന്നിട്ടില്ലെന്നുള്ള കാരണത്താൽ മദ്ധ്യസ്ഥന്മാരുടെ കൈച്ചിലവുകഠം കൊടുക്കുന്നതിന് താമസം വരുത്താൻ പാടില്ലാത്തതാണ്. ഈ വക പണം സംഘത്തിൽനിന്നും മദ്ധ്യസ്ഥനു കൊടുക്കുമ്പോഠം കൊടുക്കപ്പെടുന്ന തുകയുടെ വിവരത്തിനു പുറമേ, മദ്ധ്യസ്ഥന്റെ വാസസ്ഥലത്തുനിന്നു വിചാരണസ്ഥലത്തേക്കുള്ള ദൂരം, വിചാരണദിവസം, അന്നേ തീയതി വിചാരണ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം, കേസ്സിലെ എവാർഡ് ഈ ആഫീസ്സിലേക്കു അയച്ചുതരികയോ, സംഘത്തിൽ ഏഠംപ്പിക്കുകയോ ചെയ്യുന്ന തീയതി ഇവകൂടി കാണിച്ച് മദ്ധ്യസ്ഥനിൽനിന്നും രസീതു വാങ്ങിക്കേണ്ടതാകുന്നു. ഓരോ ഐക്യസംഘവും അതതിന്റെ പരിധിയിൽപെട്ട ഓരോ സംഘത്തിലും നടപ്പാക്കേണ്ടതായ നിരക്കുകളെപ്പററി പര്യാലോചിച്ചു ഒരു നിരക്കുസ്റ്റേററുമെന്റു തയ്യാറാക്കി അംഗീകാരത്തിനായി ഈ ആഫീസിലേക്കു അയക്കേണ്ടതാണ്.

൫. ഈടാക്കാൻ മാർഗ്ഗമില്ലാത്ത വിധിനടത്തു ചിലവുകൾ അപ്രകാരം വിവരം പറഞ്ഞു കണക്കിൽ കൊള്ളിക്കേണ്ടതും അവ കമ്മിററിയുടെ അംഗീകാരത്തിനുശേഷം സംഘം വഹിക്കേണ്ടതുമാണ്.

മേൽവിവരിച്ച പൊതുവായ നടപടിക്രമം കാര്യക്ഷമതയോടുകൂടി യഥോചിതം അനുഷ്ഠിക്കപ്പെടുന്നതായാൽ ഉത്തമമായ ഫലപ്രാപ്തിയുണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഈ വിഷയത്തിൽ ഗൗനിക്കപ്പെടേണ്ടതായി വേറെയും സംഗതികളുള്ള പക്ഷം അവ വേണ്ട നിർദ്ദേശങ്ങളോടുകൂടി ഐക്യസംഘങ്ങളിൽനിന്നും ഈ ആഫീസ്സിന്റെ ശ്രദ്ധയിൽ കൊണ്ടു വരപ്പെടാവുന്നതാകുന്നു.

സർക്കുലർ ൧൪൮.

കരക്കുടിശിഖ റഗുലേഷൻപ്രകാരം സംഘങ്ങൾ അംഗങ്ങളുടെമേൽ നടത്തുന്ന നടപടികളിൽ കാലതാമസമുണ്ടാകുന്നുഎന്ന് സംഘങ്ങളും തങ്ങളുടെ അറിവുകൂടാതെ സംഘങ്ങൾ അവാർഡുപ്രകാരമുള്ള തുകകൾ വാങ്ങുന്ന പതിവ് ധാരാളമായി കണ്ടുവരുന്നുഎന്നും തങ്ങളിൽ അവർ വ്യഥാ നടപടികൾ പൂർത്തിയാക്കിയ ശേഷം പ്രാസസ്സ ചെലവുകൾക്ക വീണ്ടും നടപടി ആരംഭിക്കേണ്ടതായിവരുന്നുഎന്നും റവന്യൂ അധികൃതന്മാരും അറിയിച്ചുകൊണ്ടിരിക്കുന്നു. നടപടികളിൽ കാലതാമസം വരുത്താതെയിരിക്കുന്നതിലേയ്ക്കു ഇവിടെനിന്നും റവന്യൂ അധികൃതന്മാർക്ക് എഴുതിഅയക്കുന്നു. എന്നാൽ സംഘങ്ങൾ മേൽപറഞ്ഞവിധം നടപടിയിലിരിക്കുന്ന ഇടപാടുകൾ നേരിട്ടു കക്ഷികളോടു തീർപ്പാക്കുന്നതിൽ വിരോധമില്ലെങ്കിലും ഉടൻതന്നെ അതേപ്പററി റവന്യൂ അധികൃതന്മാർക്ക് അറിവുകൊടുക്കേണ്ടതാകുന്നു.

സർക്കുലർ ൧൪൯.

1. The settlement of disputes arising in Co-operative Societies in a summary manner by arbitration is a privilege conferred on the societies under Act X of 1089. It is seen that all the societies are not deriving the full benefit of this concession. The blame cannot completely be thrown on the societies; but they are responsible to a very great extent for the result.

2. The Registrar is vested with absolute discretion in the appointment of persons as arbitrators to decide the disputes referred to him under Rule XVII of the Rules framed under the Act. It is not a difficult task to find out willing and competent arbitrators. But much difficulty is felt in getting persons who are willing to do

the work gratis and decide the disputes without unnecessary delays, showing genuine interest and earnestness and in the satisfactory discharge of the duties entrusted to them to the best advantage of the movement. Difficulty is experienced particularly in finding out arbitrators residing at or near the localities in which the societies are functioning. To minimise these difficulties, societies are often requested to suggest the names of one or more competent persons willing to arbitrate. They have been readily complying with this request, and the practice hitherto has been to appoint, as far as possible, the persons recommended by the societies.

3. It has to be observed from past experience that many of the societies do not exercise due care or caution in making these nominations. Many of the arbitrators proposed by a majority of societies have proved to be either indifferent in or incapable of discharging the onerous and honorary duties of the post. Inordinate delays and unnecessary correspondence are caused by the appointment of persons nominated by the societies as arbitrators. There are instances in which it was found difficult to get back the records from the arbitrators. Many of them have also passed defective and erroneous awards necessitating prolonged correspondence to get them rectified.

4. Much time and trouble can be saved by taking more care in the selection and appointment of arbitrators. A taluk-war list of deserving and competent arbitrators will, it is hoped, reduce the evils to a considerable extent. To invite the views and opinions of all the societies on the subject may prolong the preparation of the list unnecessarily. It is ordered therefore that all the Circle Inspectors of Co-operative Societies should prepare in consultation with Unions a list of competent arbitrators, in the form given below, for the areas in their respective jurisdictions and send them for approval to the undersigned not later than the 22nd Thulam 1108. The Unions, it is hoped, will help the Inspectors, in the preparation of a really useful and reliable list of competent men as arbitrators. Inspectors will also take into consideration any suggestions or representations that may be made to them by the Taluk Banks, primary societies or interested individuals.

5. The following general points should be borne in mind while preparing the lists and making any recommendation connected with the appointment of arbitrators.

(a) The arbitrators proposed should be both influential and respectable men of the locality. There should be nothing objectionable in their past history or previous conduct.

(b) They should not belong to any recalcitrant faction or party.

(c) They must be capable of trying cases and disposing them of according to equity justice and good conscience and without partiality or corruption.

(d) Knowledge and experience in the principles and actual working of the co-operative societies should be considered essential qualifications for the post.

(e) Persons pressed for time or subject to constant worries will not be of much use as arbitrators. Retired men of some means should always be given preference.

(f) Public-spirited men who are prepared to do the work *gratis, and within specified time* and who can afford to do so should alone be recommended. Moderate out-of-pocket expenses incurred by the arbitrators in the settlement of the disputes may be allowed to them, but they should never claim any remuneration as a matter of right.

(g) Only those residing at or near the societies, more or less permanently should be selected.

(h) In short no room should be given for complaints or objections from societies or individuals against the nomination of the arbitrators.

(k) A member of a society cannot try and dispose of the cases filed by that society.

(l) Legal practitioners should be avoided.

6. The Committee Members and Supervisors of the Unions and Committee members of Taluk and Urban Banks may also be included in the lists of arbitrators. As a rule the office bearers of C & D class societies should not be on the list though they may be on the boards of Unions or Taluk Banks.

7. The primary societies, Taluk Banks, Local Unions and other interested individuals may send up their suggestions or proposals on the above or allied matters, if any, direct to the undersigned, within the time allotted.

8. The Unions are reminded of this office Circular No. 112 *re*: institution charges and are requested to expedite their remarks. Suggestions are also invited on the questions of limiting the number of cases to be filed by societies from year to year. In 1107 about 12,000 cases were filed. It is not possible to dispose of all of them speedily with the limited staff available in this office.

List of arbitrators recommended for the Taluk of ....

Serial No.	Full name	Address	Occupation	Age	General qualification	Past services	Annual income
1	2	3	4	5	6	7	8

Past experience in the society affairs or arbitration work	Whether a member Committee Member or office bearer of any society and if so, of which society	The Nos. and Names of societies whose case may be endorsed to the person	Maximum No. of cases that may be endorsed at a time	General Remarks
9	10	11	12	13

സർക്യുലർ: ൧൭൫

കരക്കടിശ്ശിക റഗുലേഷൻപ്രകാരം വിധിനടത്തുന്നതിനായി പരസ്പരസഹായസംഘങ്ങളുടെ അപേക്ഷകളിന്മേൽ ആണ്ടുതോറും അനവധി അവാർഡുകൾ ഇവിടെനിന്നു റവന്യൂഡിപ്പാർട്ടുമെൻറിലേയ്ക്കയയ്ക്കപ്പെടുന്നു. അവയിൽ ഭൂരിഭാഗവും അവാർഡുകളിലെ സംഖ്യകളും പ്രതികളുടെ സ്ഥാവരസ്വത്തുക്കൾ ജപ്തിചെയ്തും ലേലം വിളിച്ചും തന്നെ വസൂലാക്കേണ്ടതായിട്ടാണിരിക്കുന്നത്. എന്നാൽ സംഘങ്ങൾക്കിടാക്കേണ്ട വിധിക്കടം സർക്കാരിനുള്ള ഭൂനികുതിപോലെ സ്ഥാവരവസ്തുക്കളിലുള്ള പ്രഥമ ബാദ്ധ്യതയല്ലാത്തതിനാൽ ജപ്തിവസ്തുക്കളിൽ വല്ല ബാദ്ധ്യതകളും ഉണ്ടോ എന്നന്വേഷിച്ചും, ഉണ്ടെങ്കിൽ ആ ബാദ്ധ്യതകളെ നിലനിർത്തിയും വസ്തുക്കളിലുള്ള ബാക്കി അവകാശങ്ങളെ മാത്രമേ വിധിക്കടങ്ങൾക്കുവേണ്ടി റവന്യൂഡിപ്പാർട്ടുമെൻറിൽനിന്നും ലേലംചെയ്യുവാൻ ന്യായമുള്ളു. ബാദ്ധ്യതവിവരങ്ങൾ ഇപ്പോൾ താലൂക്കുകച്ചേരിയിൽ നിന്നുതന്നെ സബ് രജിസ്ട്രാർ ആഫീസുകളുമായി നേരിട്ടു എഴുത്തുകുത്തുകൾ നടത്തി അറിഞ്ഞുവരികയാണ് ചെയ്യുന്നത്. ഇതുമൂലം അനേകം അവാർഡുകളുടേയും വിധിനടത്തുനടപടികളിൽ അമിതമായ കാലതാമസം നേരിടുന്നുണ്ട്. അവാർഡുകൾ പ്രകാരമുള്ള മേൽനടപടികളെ കുറെക്കൂടി ത്വരിതപ്പെടുത്തേണ്ടിയുമിരിക്കുന്നു. ഈ വക സംഗതികളെ യെല്ലാം പരിഗണിച്ച് മേലാൽ സ്ഥാവരവസ്തുക്കളുടെ ബാദ്ധ്യത വിവരം സർട്ടിഫിക്കററ് സംഘം സെക്രട്ടറിമാർതന്നെ സബ് രജിസ്ട്രാർ ആഫീസുകളിൽ അപേക്ഷിച്ചു വാങ്ങേണ്ടതാണെന്നും (൨) ആ സർട്ടിഫിക്കററുകളെ വിധിനടത്തപേക്ഷകൾ സഹിതം താലൂക്കുകച്ചേരിയിൽ ഹാജരാക്കേണ്ടതാണെന്നും (൩) സർട്ടിഫിക്കററുകൾ വാങ്ങേണ്ടതിനു വസ്തുക്കളുടെ സർവെനമ്പർ തുടങ്ങിയുള്ള വിവരങ്ങൾ അറിയണമെന്നു സെക്രട്ടറിമാർ ആവശ്യപ്പെടുന്നപക്ഷം പ്രവൃത്തികാരന്മാർ ആ വക വിവരങ്ങൾ അവരെ അറിയിക്കേണ്ടതാണെന്നും ആർ. ഡിസ്. നമ്പർ ൪൭൩൩൨ ആയി ൧൧൩൩ മാർച്ച് ൧൧-നു-ൽ ഗവണ്മെൻറിൽനിന്നും ഉത്തരവു പാസാക്കിയിട്ടിരിക്കുന്നു. സംഘങ്ങളിൽ നിന്നും റവന്യൂനടപടിമൂലം വിധിനടത്തുന്നതിനുള്ള മേലി അപേക്ഷകൾ പ്രസ്തുത ഉത്തരവനുസരിച്ചായിരിക്കേണ്ടതാണ്.

സർക്യുലർ: ൧൭൬

ഈ ആഫീസിലെ ൧൩൮-ാം നമ്പർ സർക്കുലറിൻെറ വ്യാപ്തിയേയും വ്യാഖ്യാനത്തേയും സംബന്ധിച്ച് ചില സംഘങ്ങൾക്കു സംശയം

ജനിച്ചിരിക്കുന്നു. സംശയനിവൃത്തിക്കായി ഇവിടെ എഴുതിചോദിച്ചവക്കെല്ലാം മറുപടി അയച്ചിട്ടുണ്ട്. സക്കുലർ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ മററു സംഘങ്ങൾക്കും മദ്ധ്യസ്ഥന്മാക്കും പ്രയോജനകരമായിരിക്കുമെന്നു തോന്നുന്നതിനാൽ അവ താഴെ ചേർത്തിരിക്കുന്നു.

൫൩൨-ാം നമ്പർ സക്കുലറിലെ ൫-ാം ഉപവകുപ്പിലെ "വ്യവഹാരച്ചിലവു" എന്ന ഇനത്തിൽ വിധിനടത്തുവകയ്ക്കു സിവിൽക്കോടതികളോ റവന്യൂകോടതികളോ അനുവദിക്കുന്ന ന്യായമായ ചിലവുകൾക്കു പുറമെ, അന്യായം തയ്യാറാക്കുന്നതുമുതൽ അതു വിധിയായി വിധിക്കടം മുഴുവനും വസൂലാകുന്നതുവരെയുള്ള ചിലവുകളും ഫാറംവില, കടലാസ്സുവില, എഴുത്തുഫീസ്, അഞ്ചൽച്ചിലവ്, പ്രാസസ്സുനടത്തുന്നതിനുള്ള പടി, സഞ്ചാരപ്പടി, ഭക്ഷണച്ചിലവ്, മററുചിലവുകൾ മുതലായ സകല ചിലവുകളും ഉൾപ്പെടുന്നതാണ്.

വ്യവഹാരച്ചിലവുവകയ്ക്കു കേസൊന്നിനു ഒന്നോ ഒന്നരയോ രൂപയിൽകൂടുവാൻപാടില്ലെന്ന് ൫൩൨-ാം നമ്പർ സക്കുലറിൽ പറഞ്ഞിരിക്കുന്നതു ഏററവും കുറവാണെന്നു ഇവിടെ ബോദ്ധ്യമായിരിക്കുന്നു. ഈ ഇനത്തിൽ മൂന്നു രൂപായിലധികം സംഘങ്ങൾ ആവശ്യപ്പെടുകയോ മദ്ധ്യസ്ഥന്മാർ വിധിച്ചുകൊടുക്കുകയോ ചെയ്യുവാൻപാടില്ല.

ഏതെങ്കിലും എഴുതുന്നതിനോ ടൈപ്പുചെയ്യുന്നതിനോ ഉള്ള ഫീസ്, എഴുത്തുഫീസ് എന്നുള്ള ഇനത്തിൽ ഉൾപ്പെടുന്നതാണ്.

സംഘംവക സാധാരണ അന്യായങ്ങൾക്കു അച്ചടിച്ചഫാറങ്ങൾ സുലഭമായി കിട്ടുന്നതാണ്. റിക്കാർഡുകൾനോക്കി ആ ഫാറം പൂർത്തിയാക്കുന്നതിന് പ്രത്യേക നിയമപരിജ്ഞാനമോ പരിചയമോ ആവശ്യമില്ലാത്തതിനാൽ സംഘംവക അന്യായങ്ങൾ സെക്രട്ടറിമാർതന്നെയോ ക്ലാർക്കുകൾ ഉണ്ടെങ്കിൽ അവരോ തയ്യാറാക്കേണ്ടതാണ്. ഒരു സംഘത്തിലെ സെക്രട്ടറിയോ ക്ലാർക്കോ ഇത്തരം എഴുത്തുജോലികൾ ചെയ്യുന്ന അവസരത്തിൽ അവർ ആയതിനു ഫീസ് ആവശ്യപ്പെടുവാൻ പാടില്ല.

അവാർഡുകൾ വിധിനടത്തുന്നതിന് വേണ്ടിവരുന്ന ചിലവുകൾക്കായി പല സംഘങ്ങളും രണ്ടും മൂന്നും ചിലപ്പോൾ അഞ്ചും പത്തും രൂപാ മൊത്തമായി "മാറിനം" ചിലവുകൾക്കായി ചേർത്തുകാണുന്നു. അന്യായത്തിൽ അങ്ങിനെ ആവശ്യപ്പെടുകയും അതുപ്രകാരം വിധികി

ട്ടുകയും ചെയ്തിരുന്നാലും വിധിസംഖ്യ ഈടാകുന്നസമയം, ചിലവുകഴിച്ചു ബാക്കിയുള്ള തുക കക്ഷിക്കു മടക്കിക്കൊടുക്കുന്നതാണെന്നാണ്, സംഘങ്ങൾ, ഇങ്ങിനെ അനർഹമായ സംഖ്യ വ്യവഹാരച്ചിലവിൽ ഉൾപ്പെടുത്തുന്ന സമാധാനമായി പറയുന്നതു്. എന്നാൽ ഇങ്ങിനെയുള്ള പാഴ്ചിലവുകളും വ്യവഹാരച്ചിലവിൽ ഉൾപ്പെടുന്നതും അതുകൊണ്ടു ഇതെല്ലാം കൂടിയ മൊത്തംതുക മൂന്നു രൂപായിൽ ഒരിക്കലും കവിയുവാൻ പാടില്ലാത്തതും ആകുന്നു.

സംഘങ്ങളുടേയും മദ്ധ്യസ്ഥന്മാരുടേയും ശ്രദ്ധയെ ഈ വിഷയങ്ങളിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

സർക്കുലർ ൧൩൭.

പരസ്പരസഹായസംഘങ്ങളിലെ മെമ്പറന്മാരായ സർക്കാർ ജീവനക്കാരുടെ പക്കൽനിന്നും സംഘങ്ങൾക്കു് ഈടാകേണ്ട തുകകൾ അവരുടെ ശമ്പളത്തിൽ നിന്നും ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരും ആഫീസു് മേലധികാരികളും പിടിച്ചീടാക്കിക്കൊടുക്കേണ്ടതാണെന്നു ൧൦൯൨ സെപ്റ്റംബർ ൧൩-ാം-ലെ ഗവൺമെൻറു ആർഡർ ആർ. ഡിസ്. നമ്പർ ൧൭൨൮/൨൮ ഡവലപ്പുമെൻറ് മുഖേന ഗവൺമെൻറു ചെയ്തിട്ടുള്ള സൗജന്യം സംഘങ്ങൾ ദുരുപയോഗപ്പെടുത്തിവരുന്നതായും തൽഫലമായി ഗവൺമെൻറു ഡിപ്പാർട്ടുമെൻറുകളിലേയും ആഫീസുകളിലേയും ക്രമമായ ജോലിക്കു തടസ്സം നേരിടുന്നതായും കാണുന്നു. ഉദാഹരണമായി സർക്കാർ ജീവനക്കാരനായ ഒരു സംഘാംഗം കടംവായ്പയുടെ ഒരു തവണ വീഴ്ചവരുത്തിയാലുടനെ അയാളുടെ ശമ്പളത്തിൽനിന്നും മാസത്തവണകളായി വായ്പ ഈടാക്കിക്കിട്ടണമെന്നു മേലധികാരിക്കു സംഘം എഴുതി അയയ്ക്കുന്നു. എന്നാൽ അപ്രകാരം ആദ്യത്തെ തവണ ശമ്പളത്തിൽ പിടിച്ചെടുക്കുമ്പോൾ തന്നെ വീഴ്ചക്കാരൻ തവണയിൽ ബാക്കി അടയ്ക്കേണ്ട തുക സംഘത്തിൽ അടയ്ക്കുന്നതായാൽ ശമ്പളത്തിൽനിന്നും പിടിച്ചീടാക്കിക്കിട്ടാനുള്ള അപേക്ഷ സംഘം പിൻവലിക്കുകയും മേലാൽ ശമ്പളത്തിൽ നിന്നും ഈടാക്കാതിരിക്കുന്നതിനും ഈടാക്കിയ തുകതന്നെ തിരിച്ചുകൊടുക്കുന്നതിനും അപേക്ഷിക്കുകയും ചെയ്യുന്നു. വീണ്ടും അടുത്ത തവണ മുടക്കുമ്പോൾ സംഘം അതേ ഉദ്യോഗസ്ഥൻെറ ശമ്പളത്തിൽനിന്നും തുക ഈടാക്കിക്കിട്ടാൻ വീണ്ടും അപേക്ഷിക്കുകയും ഉദ്യോഗസ്ഥൻ തവണ അടയ്ക്കുന്നപക്ഷം വീണ്ടും ആ അപേക്ഷ പിൻവലി

ക്കുകയും ചെയ്യുന്നു. ഈ പതിവു തുടരാൻ അനുവദിക്കുന്നതായാൽ അക്കൌണ്ടു് ആഫീസിലും മററു ആഫീസ്സുകളിലും ജോലി വർദ്ധിക്കുന്നതാണു് അതുകൊണ്ടു് മേലാൽ അതിനെ ഒഴിച്ചുകൂടാൻ പാടില്ലാത്ത പരിതഃസ്ഥിതികളിൽ മാത്രമേ സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും സംഘത്തിനു കിട്ടാനുള്ള തുക ഈടാക്കിക്കിട്ടുന്നതിനു സംഘങ്ങൾ അപേക്ഷിക്കാൻ പാടുള്ളു എന്നും ഒരിക്കൽ അപ്രകാരം അപേക്ഷിക്കുന്നതായാൽ പിന്നീടു സംഘത്തിനു ഈടാകാനുള്ള തുക മുഴുവനും ഈടായതിനുമേൽ മാത്രമോ അല്ലെങ്കിൽ മെമ്പർ മേലാലുള്ള തവണകൾ ശരിയായി അടച്ചുകൊള്ളുമെന്നു ബോദ്ധ്യമുണ്ടാകുന്നപക്ഷമോ അല്ലാതെ ടി അപേക്ഷ പിൻവലിക്കാൻ പാടില്ല എന്നും ഇപ്രകാരമുള്ള ശമ്പളജപ്തിക്കുള്ള അപേക്ഷകൾ ഒരു തവണ റദ്ദുചെയ്തു കഴിഞ്ഞാൽ വീണ്ടും വായ്പക്കാരൻ മുടക്കംവരുത്തുന്ന ഘോരോ അവസരങ്ങളിലും അനുവദനീയമല്ലാത്തതാണെന്നും ഗവണ്മെൻറു വിചാരിക്കുന്നു. മേൽ വിവരിച്ച വ്യത്യാസങ്ങളോടുകൂടി ൧൯൨൭ സെപ്റ്റംബർ ൧൨-ാംനു-ലെ ആർ. ഡിസ്. നമ്പർ ൧൬൬൪/൨൭/ഡവലപ്പുമെൻറായി ഉണ്ടായിട്ടുള്ള ഗവണ്മെൻറു ഉത്തരവു ൧൯൨൮ അക്ടോബർ ൨൨-ാംനു-ലെ ആർ. ഡിസ്. ൨൮൬൭/൨൮/ഡവലപ്പുമെൻറു ആയി ഭേദഗതി ചെയ്തിരിക്കുന്ന വിവരം എല്ലാ പരസ്പരസഹായസംഘങ്ങളുടേയും അറിവിലേക്കായി പരസ്യപ്പെടുത്തിക്കൊള്ളുന്നു.

സർക്കുലർ ൧൭൮.

പരസ്പരസഹായസംഘം ആക്ടിനെ തുടർന്നുള്ള ചട്ടങ്ങളിൽ ൧൬-ാം ചട്ടം ൩-ാം വകുപ്പിൽ ഏ. ഖണ്ഡികയിൽ കരകൂടിസ്സിക ആക്ടിൻപ്രകാരമുള്ള വിധിനടത്തുനടപടികളിൽ സ്ഥാവരവസ്തുക്കൾ ലേലത്തിൽ വില്ക്കുന്നതിനെ സംബന്ധിച്ച് ഗവണ്മെൻറിൽനിന്നും ചില ഭേദഗതികൾ അനുവദിച്ചിരിക്കുന്നു. ഭേദപ്പെടുത്തിയ ചട്ടം ൧൧൧൨ മകരം ൩-നു- (൧൯൩൬ ജനുവരി ൧൭-നു-)യിലെ ഗവണ്മെൻറു ഗസററു ഒന്നാംഭാഗം ൪൪-ാം പുറത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിവരം സംഘങ്ങളെ ഇതുമൂലം അറിയിച്ചുകൊള്ളുന്നു.

സർക്കുലർ ൧൩൨.

മദ്ധ്യസ്ഥതീർപ്പുകളായി സംഘങ്ങളിൽനിന്നും അയയ്ക്കുന്ന കേസ്സുകൾ ദീർഘകാലം മദ്ധ്യസ്ഥന്മാരുടെ കൈവശം തീർച്ചചെയ്യാതെ കിടന്നുപോകുന്നതുകൊണ്ടു് പല സംഘങ്ങൾക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന വിഷ

മതകളെ ഗാഢമായി പര്യാലോചിച്ച് ഈ ആഫീസ്സിൽനിന്നും ൧൦൯൮ ഏപ്രിൽ മാസം ൧൬-ന്നു മദ്ധ്യസ്ഥന്മാരുടെ അറിവിലേക്കായി ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എത്രയും വേഗത്തിൽ കേസ്സുകൾ തീച്ച്ചെയ്യണമെന്നും ഇപ്പോൾ അവരുടെ കൈവശമുള്ളവ ഒരു മാസത്തിനകം തീച്ച്ചെയ്ത് ഇവിടെ അനുവാദത്തിനായി അയയ്ക്കണമെന്നും അതിൽ പ്രതിപാദിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പല മദ്ധ്യസ്ഥന്മാരും ഇതിനെ സംബന്ധിച്ച സംഘങ്ങളിൽനിന്നും അവക്കു യാതൊരു സഹായങ്ങളും അതായതു സമൻസ് എഴുതുക, സമൻസു നടത്തിക്കുക, അയയ്ക്കുക, വിധിപ്പകർപ്പുകൾ എഴുതുക മുതലായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നില്ലെന്നും ആയതുകൊണ്ട് ഇപ്പോഴും ഉണ്ടായിക്കാണുന്ന കാലവിളംബം അനിവാര്യമാണെന്നും ഇവിടെ അറിയിച്ചിരിക്കുന്നു. മദ്ധ്യസ്ഥന്മാർ ആവശ്യപ്പെടുന്ന ഈമാതിരി സഹായങ്ങൾ ചെയ്തുകൊടുത്തു അവരുടെ തീച്ച്കൾ ത്വരിതപ്പെടുത്തുവാൻ സംഘങ്ങൾ വേണ്ടതു ചെയ്യണമെന്ന് എല്ലാ സംഘങ്ങളേയും അറിയിച്ചുകൊള്ളുന്നു.

സർക്കുലർ ൧൧൯൩.

൧൦൯൬-ലെ ൧൦-ാം ആക്ട് റൂൾസ് ൧൬-ാം വകുപ്പനുസരിച്ച് സംഘങ്ങൾ ഫയൽചെയ്യുന്ന കേസുകൾ തീച്ച്ചെയ്യുന്നതിനു മദ്ധ്യസ്ഥന്മാക്ക് വേണ്ട സഹായങ്ങൾ സംഘങ്ങൾ ചെയ്തുകൊടുത്തു കേസുകൾ കാലതാമസംകൂടാതെ തീച്ച്ചെയ്യിപ്പിച്ചു അയപ്പിക്കുന്നില്ലെന്നു അറിയുകയാൽ ഈ ആഫീസ്സിൽനിന്നും ൨൭-൭-൧൦൯൮-ൽ ൧൧൭-ാം നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. ആ സർക്കുലർ അനുസരിച്ച് എല്ലാ സംഘങ്ങളും വേണ്ടതുപോലെ പ്രവൃത്തിച്ചുകാണുന്നില്ല. അനേകം വർഷത്തിനു മുമ്പു ഫയൽ ചെയ്തു മദ്ധ്യസ്ഥ തീരുമാനത്തിനു അയച്ചിട്ടുള്ള എത്രതാനും കേസുകൾ തീച്ച്ചെയ്യാതെ ചില മദ്ധ്യസ്ഥന്മാരുടെ പക്കൽ ഇപ്പോഴും കിടപ്പുണ്ട്. മേൽപറയപ്പെട്ട സർക്കുലറിലെ താല്പര്യപ്രകാരം സംഘങ്ങൾ വേണ്ടതു പ്രവത്തിച്ച് മദ്ധ്യസ്ഥന്മാരുടെ കൈവശം ഉള്ള കേസുകൾ ഉടൻ തീച്ച്ചെയ്യിപ്പിച്ചു അയപ്പിക്കേണ്ടതാകുന്നു. കൂടാതെ താഴെ കാണിച്ചിരിക്കുന്ന ഫാറം അനുസരിച്ചു ഒരു സ്റ്റേറ്റുമെൻറ് സംഘം റിക്കാർഡുകൾ കണ്ടു ശരിയായി പരിശോധിച്ചു ഉടൻ തയ്യാറാക്കി ആയതിൻെറ ശരി

പകർപ്പു ൧൧൦൨ ഇടവം ൧൭-ാംനു-ക്കുള്ളിൽ ഈ ആഫീസിൽ കിട്ടത്തക്കവണ്ണം അയക്കേണ്ടതാണെന്നുള്ള വിവരവും ഇതിനാൽ അറിയിച്ചിരിക്കുന്നു.

ഫാറം.

മദ്ധ്യസ്ഥന്മാരുടെ പക്കൽ തീർച്ചയാകാത്ത കിടപ്പുള്ള കേസുകൾ		നടപടിയിൽ എടുക്കാതെ സംഘത്തിൽ കിടപ്പുള്ള അവാർഡുകൾ		റെവന്യൂ നടപടിയിൽ കിടപ്പുള്ള അവാർഡുകൾ		സിവിൽകോടതിയിൽ നടപടിയിൽ കിടപ്പുള്ള അവാർഡുകൾ	
ആണ്ട്	നമ്പർ	ആണ്ട്	നമ്പർ	ആണ്ട്	നമ്പർ	ആണ്ട്	നമ്പർ

സർക്കുലർ ൧൯.

പരസ്പരസഹായസംഘങ്ങൾ ഇപ്പോഴും ഈ ആഫീസ്സിൽ ഫയൽ ചെയ്യുന്നതിന് അന്യായങ്ങൾ അയച്ചുവരുന്നു. ഓരോ സംഘവും (൧-ാം നമ്പർ തിരുവനന്തപുരം സെൻട്രൽ പരസ്പരസഹായബാങ്കു തുടങ്ങിയുള്ള സംഘങ്ങൾ) ഏതു ഡിവിഷൻ പരസ്പരസഹായസംഘം അസിസ്റ്റൻറു രജിസ്ട്രാരുടെ അധികാരാതിർത്തിയിൽ ഉൾപ്പെട്ടിരിക്കുന്നുവോ ആ അസിസ്റ്റൻറു രജിസ്ട്രാരുടെ ആഫീസിൽ മേലാൽ അന്യായങ്ങൾ ഫയൽ ചെയ്യുന്നതിനു നേരിട്ടു അയക്കേണ്ടതും ആ അന്യായങ്ങൾ തീർച്ചചെയ്യേണ്ടതു സംബന്ധിച്ചുള്ള സകല എഴുത്തുകുത്തുകളും നേരിട്ടു ആ ആഫീസുമായി നടത്തേണ്ടതുമാകുന്നു.

ഈ ആഫീസിൽ ഫയലിൽ എടുത്തു മദ്ധ്യസ്ഥവിചാരണയിൽ ഇരിക്കുന്ന കേസുകൾ ഉടൻ തീർച്ചചെയ്യിപ്പിച്ചു നേരിട്ടു ഈ ആഫീസിൽ അയപ്പിക്കാനുള്ളതും ആ കേസുകൾ സംബന്ധിച്ചുള്ള സകല എഴുത്തുകളും നേരിട്ടു ഈ ആഫീസുമായി നടത്തേണ്ടതുമാണ്.

ഈ സർക്യുലർ പ്രകാരം അസിസ്റ്റൻറു രജിസ്ട്രാർ ആഫീസിൽ ഫയൽ ചെയ്യുന്ന അന്യായങ്ങൾ സംബന്ധിച്ചു പ്രത്യേകം രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ആകുന്നു.

സക്യുവർ ൨൦൩.

൧൧൧൨-ലെ ൭-ാം നമ്പർ സഹകരണസംഘം ആക്റ്റിൽ ൩൧-ാം വകുപ്പനുസരിച്ചു സഹകരണസംഘങ്ങൾക്കുള്ള കടിശ്ശികകൾ ഈടാക്കുന്നതിനു റവന്യൂറിക്കവറി ആക്റ്റിൻപ്രകാരമുള്ള അധികാരങ്ങൾ കോവാപ്പറേറ്റീവ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാൿ നല്കിക്കൊണ്ടുള്ള ഗവണ്മെൻറു ഉത്തരവു ൧൧൧൪ മേടമാസം ൨൮-ാംനു-൧൧൧൩ ഇടവമാസം ൧൧-ാംനു-ലെ സക്കാർ ഗസററു ഒന്നാംഭാഗത്തിൽ ൨൩൦൩-ാം പേജിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനെ എല്ലാം സംഘങ്ങളുടേയും അറിവിലേക്കായി ചുവടെ ചേർത്തിരിക്കുന്നു:—

ഇപ്പോൾ നടപടി നടത്താതെ സംഘങ്ങൾ കൈവശം വച്ചിരിക്കുന്ന അവാർഡുകളിൽ റവന്യൂറിക്കവറി നടപടിപ്രകാരം ഈടാക്കുന്നതു കൂടുതൽ സൗകര്യപ്രദമായിരിക്കുമെന്നുള്ള കേസുകൾ മാത്രം നടപടിക്കായി മുറയ്ക്കു അതാതു ഡിവിഷൻ പരസ്പരസഹായസംഘം അസിസ്റ്റൻറു രജിസ്ട്രാർ ആഫീസിൽ ഫയൽ ചെയ്യേണ്ടതും ക്രമപ്രകാരം നടപടിയു ആരംഭിക്കുമ്പോൾ സെയിൽ ആഫീസറക്കു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കേണ്ടതുമാകുന്നു.

സക്യുലർ: ൨൧൨

റവന്യൂറിക്കവറി ആക്റ്റിൻപ്രകാരം ലേലംചെയ്യേണ്ട വസ്തുക്കളെ സംബന്ധിച്ചും മററും സെയിലാഫീസറന്മാർ ആവശ്യപ്പെടുന്ന വിവരങ്ങൾ നല്കുന്നതിനു സംഘങ്ങൾ കാലതാമസം വരുത്തുകയാൽ നടപടി ദീർഘിച്ചുപോകുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. അതിനിടയാകാതെ സെയിലാഫീസറന്മാർ ആവശ്യപ്പെടുന്ന വിവരങ്ങൾ അപ്പോഴപ്പോൾ കൊടുത്തുകൊള്ളേണ്ടതാണെന്നും അല്ലാത്തപക്ഷം അപേക്ഷകൾ തള്ളിപ്പോകാനും അതിൽവച്ചുണ്ടാകുന്ന നഷ്ടത്തിനു കാരണക്കാരായ കമ്മിറ്റി അംഗങ്ങൾ ഉത്തരം പറയാനും ഇടയാകുന്നതാണെന്നും സംഘങ്ങളെ അറിയിക്കുന്നു.

സക്കുലർ: ൨൧൭.

൧൧൧൨-ലെ ൭-ാം നമ്പർ സഹകരണസംഘം ആക്റ്റിനെ തുടർന്നുണ്ടായിട്ടുള്ള ചട്ടങ്ങളിലെ ൪൰-ാം വകുപ്പ് ൧-ാം വകുപ്പിൻ പ്രകാരം സഹകരണസംഘങ്ങൾ വാദികളായി വിധിസമ്പാദിച്ചിട്ടുള്ള അവാർഡ്, ഡിക്രി, കാൺട്രിബ്യൂഷൻ അവാർഡ് എന്നിവ റെവിന്യൂ ആഫീസർമുഖേന വസൂൽ നടത്തുന്നതിന്, വിധിനടത്തു അപേക്ഷ ഡിമാൻഡു നോട്ടീസ് മുതലായവയ്ക്കു താഴെ കുറിച്ചിട്ടുള്ള നിരക്കനുസരിച്ച് ഫീസു ഈടാക്കേണ്ടതാണെന്നു തീരുമാനിച്ചിരിക്കുന്ന വിവരം എല്ലാ സംഘങ്ങളേയും ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു. മേലാൽ വിധിനടത്തു അപേക്ഷകൾ നിരക്കനുസരിച്ചുള്ള കോർട്ടുഫീസ് സ്റ്റാമ്പുസഹിതം അസിസ്റ്റൻറ രജിസ്ട്രാരാഫീസിൽ ബോധിപ്പിക്കേണ്ടതും അപ്രകാരം സ്റ്റാമ്പില്ലാത്ത അപേക്ഷകളിന്മേൽ നടപടിനടത്താൻ ഇടയില്ലാത്തതുമാകുന്നു. വിധിനടത്തു അപേക്ഷയോടുകൂടി, ഡിമാൻറു നോട്ടീസുപടിയും, നോട്ടീസു പ്രാസസ്സും ട്രഷറിയിലൊ, സബ്ട്രഷറിയിലൊ ഒടുക്കിയ ചെല്ലാൻ രസീതും ഹാജരാക്കേണ്ടതാണ്. മററു പടികൾ കേസ്സിൻെറ അതാതു നടപടിക്രമമനുസരിച്ച് സെയിലാഫീസരെ ഏല്പിച്ച് രസീതു വാങ്ങിക്കൊള്ളേണ്ടതാണ്. ഏതെങ്കിലും നടപടിക്കു ഒടുക്കാനുള്ള ഫീസു ആ കാലാവധിക്കകം ഒടുക്കാത്തപക്ഷം, നടപടിക്കുള്ള അപേക്ഷ തള്ളുന്നതും വീണ്ടും ടി ഫീസു ഒടുക്കി വിധിനടത്തു അപേക്ഷയ്ക്കുള്ള സ്റ്റാമ്പു സഹിതം അപേക്ഷിക്കുകയും ചെയ്താൽമാത്രമേ മേൽനടപടിനടത്താൻ ഇടയുള്ളൂ. സംഘത്തിനു ഇപ്രകാരം നഷ്ടപ്പെട്ടുകൾ വരുത്താതെ കമ്മിറ്റിക്കാർ സൂക്ഷിക്കേണ്ടതാണ്. ഇപ്പോൾ നടപടിയിൽ ഇരിക്കുന്ന കേസുകൾക്ക് കഴിഞ്ഞ നടപടികൾക്കു ശേഷം മേൽ നടപടികൾക്ക് ക്രമപ്രകാരമുള്ള ഫീസുകൾ ഒടുക്കിയാൽ മതിയാകുന്നതാണ്.

		രൂപാ.	ച.	കാ.
(൧)	വിധിനടത്തു അപേക്ഷ			
	(എ) വിധിസംഖ്യ ൫൦ ബ്രി. രൂപയിൽ താഴെയുള്ള തുകകൾക്ക്	൦	൨	൦
	(ബി) ടി വിധിസംഖ്യ ൫൦ ബ്രി. രൂപയും അതിനു മുകളിലുള്ള തുകകൾക്ക	൦	൧൪	൦
(൨)	ഡിമാൻറ് നോട്ടീസ്	൦	൮	൦
(൩)	ഒരുപ്രതിക്കു നോട്ടീസ് പ്രാസസ്സ്	൦	൧൪	൦

		രൂ.	ച.	കാ.
(൪)	മാരോ കൂടുതൽ പ്രതിക്ക നോട്ടീസ്സ് പ്രാസ്സസ്സ്	൦	൧	൦
(൫)	മുരശ്ശുപടി	൦	൪	൦
(൬)	വസ്തു കണ്ടുകെട്ടുന്നതിനുള്ള നോട്ടീസ്	൦	൧	൦
(൭)	ലേലനോട്ടീസ്	൦	൧	൦
(൮)	ജപ്തി നോട്ടീസ്	൦	൧	൦
(൯)	ലേല പരസ്യം	൦	൧	൦
(൧൦)	ലേലം അസ്ഥിരപ്പെടുത്താൻ ഹർജി	൦	൧൪	൦

സക്കർ: ൨൧൬

അസിസ്റ്റൻറ് രജിസ്ട്രാർ ആഫീസുകളിൽ ഫയൽ ചെയ്തിട്ടുള്ളതും നടപടിയിൽ ഇരിക്കുന്നതുമായ കേസുകളുടെ എണ്ണം പരിശോധിക്കുമ്പോൾ സംഘാംഗങ്ങളുടെ ഇടയിൽ സഹകരണമനോഭാവം നാമാവശേഷമായിപ്പോയോ എന്നു തോന്നിപ്പോകുന്നു. സഹകരണ ആക്ടിലെ ൩൬-ാം വകുപ്പനുസരിച്ചു മെമ്പറന്മാരുടെമേൽ നടപടി എടുക്കേണ്ടതു എപ്പോഴാണെന്നു സംഘഭാരവാഹികൾ മനസ്സിലാക്കിയിട്ടുള്ളതായി കാണുന്നില്ല. കമ്മറ്റി അംഗങ്ങളുടെ താല്പര്യക്കുറവുമൂലമോ മാറ്റം നിമിത്തമോ കൊടുത്തിട്ടുള്ള കേസുകൾ വിധിസമ്പാദിക്കുന്നതിലും, വിധിസമ്പാദിച്ച കേസുകൾ നടപടിനടത്തുന്നതിലും വലിയ അമാന്തം പ്രദർശിപ്പിച്ചുവരുന്നു. ഉദാഹരണമായി എട്ടും പത്തും കൊല്ലംമുമ്പ് ഫയൽ ചെയ്തിട്ടുള്ള കേസുകൾക്കു വിധിവാങ്ങാതെയുള്ളവ ധാരാളമുണ്ട്. നടപടിനടത്തിത്തുടങ്ങി എട്ടും പത്തും കൊല്ലമായിട്ടും തുക ഈടാകാത്ത കേസുകളും ഒട്ടും കുറവല്ല. വായ്പക്കുടിശ്ശികയ്ക്കു നാലും അഞ്ചും കൊല്ലം കഴിഞ്ഞു വിധിസമ്പാദിച്ചു വിധിനടത്തുനടപടി പകുതിക്കുമേലായതിനുശേഷം വിധിസംഖ്യ ഈടാക്കാതെ വായ്പ പുതുക്കി കേസുഫയലിൽ കുറവുചെയ്കയും വീണ്ടും കുടിശ്ശികവരുത്തുമ്പോൾ രണ്ടോ മൂന്നോ പ്രാവശ്യം വ്യവഹാരപ്പെട്ടിട്ടുള്ളതായും അറിവുകിട്ടിയിരിക്കുന്നു. വ്യവഹാരച്ചെലവുകൾക്കായി സംഘംവക പണം ദുർവിനിയോഗം ചെയ്യുന്നതിനും എഴുത്തുഫീസു മുതലായവ ചെലവെഴുതി എടുക്കുന്നതിനുമായി മാത്രം ഫയൽചെയ്തിട്ടുള്ള കേസുകളും കുറവല്ല. സംഘങ്ങളെ അധഃപതിപ്പിക്കുന്നതിനു പര്യാപ്തമായ ഈ രീതി തുടർന്നുകൊണ്ടുപോകുന്നതിനു മേലാൽ അനുവദിക്കുന്നതല്ല.

യഥാർത്ഥത്തിൽ സ്വഭാവവൈശിഷ്ട്യമുള്ള മെമ്പറന്മാരുടെ ഒരു യോഗമാണു സഹകരണസംഘം. സഹകരണതത്വം ശരിയായി മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു സംഘം ഇപ്രകാരം ധാരാളം കേസുകൾ

ആക്ടിലെ ൩ന്ന-ാം വകുപ്പു പ്രകാരം മദ്ധ്യസ്ഥ തീർച്ചക്കായി അയക്കാനിടവരുത്തുകയില്ല. പരസ്പരധാരണയും പരസ്പരവിശ്വാസവും ഒരു സഹകരണസംഘത്തിലെ മെമ്പറന്മാൎക്കുണ്ടായിരിക്കുന്നതായാൽ അതിലെ ഏതെങ്കിലും അംഗത്തിൻെറ പേരിൽ അനിയന്ത്രിതമായി ഉണ്ടാകുന്ന അവസരങ്ങളിലൊഴികെ വ്യവഹാരപ്പെടാനോ അവാർഡു സമ്പാദിക്കാനോ ഇടവരുന്നതല്ല. ഏതെങ്കിലും ഒരു സംഘത്തിന്റെ മെമ്പറന്മാരുടെപേരിൽ അവാരഡുകൾ വാങ്ങേണ്ടതായി വരുന്നപക്ഷം ആ സംഘത്തിൽ അയോഗ്യന്മാരായ മെമ്പറന്മാരെ ചേർത്തിട്ടുണ്ടെന്നുള്ള സംഗതി സ്പഷ്ടമാണ്. കുടിശ്ശികക്കാരായ അംഗങ്ങളിൽനിന്നും അവരുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനു അവരുടെമേൽ അംഗങ്ങളുടെ വ്യക്തിപരമായ സ്വാധീനശക്തി ഉപയോഗിക്കേണ്ടതിൻെറ ആവശ്യകതയെ സംഘാംഗങ്ങൾക്കുപദേശിച്ചുകൊടുക്കേണ്ടതു ഓരോ ഐക്യസംഘങ്ങളുടേയും കർത്തവ്യമാകുന്നു. കുടിശ്ശിക ഈടാക്കുന്നതിനു പ്രേരണാരൂപത്തിൽ സകല സ്വാധീനശക്തികളും ഉപയോഗിച്ചു ഫലം ഉണ്ടാകയില്ലെന്നു തീർച്ചപ്പെട്ടതിനുശേഷം അവസാന നടപടിയായിട്ടുമാത്രമേ ഒരംഗത്തിൻെറ പേരിൽ വ്യവഹാരപ്പെടാൻ പാടുള്ളൂ. പ്രത്യേക പരിതഃസ്ഥിതികളിൽ അന്യായപ്പെടാൻ ഇടയാകുന്നപക്ഷം അയതിനു ഉടനടി തുടൎച്ചയായ നടപടികൾ നടത്തേണ്ടതും മററുള്ള അംഗങ്ങൾക്കും അതേ അനുഭവം ഉണ്ടാകുമെന്നുള്ള ബോധം ഉളവാക്കത്തക്കവണ്ണം കഴിയുന്നതും വേഗത്തിൽ വിധിനടത്തി സംഖ്യ ഈടാക്കേണ്ടതുമാണ്. ഈ നിർദ്ദേശങ്ങളനുസരിച്ചു എല്ലാ സംഘങ്ങളും പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.

സൎക്കുലർ ൨൧ ൧.

സഹകരണസംഘങ്ങൾ കക്ഷികളായി അ. സിസ്റ്റൻറ് രജിസ്ട്രാർ ആഫീസുകളിൽ ഫയൽചെയ്തിട്ടുള്ള വിധിനടത്തപക്ഷകളിന്മേൽ പ്രാസസ്സ്, ഫർജിഫീസ് മുതലായ ടെക്കിയവകയ്ക്കുള്ള ചെല്ലാൻരസീതുകൾ സംഘങ്ങൾ ഈ ആഫീസ്സിലേക്ക അയച്ചുവരുന്നതായികാണുന്നു. അപ്രകാരമുള്ള ചെല്ലാൻരസീതുകൾ അ സിസ്റ്റൻറ രജിസ്ട്രാർ ആഫീസുകളിൽ അയക്കുന്നതു കണക്കുകൾ പരിശോധിക്കുന്നതിനു ഉപയോഗപ്രദമായിരിക്കുമെന്നുള്ളതിനാൽ മേലാൽ സകലവിധിനടത്തുകേസുകൾക്കും ട്രഷറിയിൽ കെട്ടുന്നതുകയ്ക്കുള്ള ചെല്ലാൻ രസീതുകൾ അതാതു ഡിവിഷൻ അസിസ്റ്റൻറ രജിസ്ട്രാർ ആഫീസുകളിൽ അയച്ചുകൊടുക്കേണ്ടതാണെന്നു ഇതിനാൽ എല്ലാ സംഘങ്ങളേയും അറിയിച്ചിരിക്കുന്നു.

സക്യുലർ ൧൧൧.

സംഘങ്ങളുടെ അവാർഡുകൾ റവന്യൂറിക്കവറി നടപടിപ്രകാരം വിധിനടത്തുന്നതിനെ സംബന്ധിച്ചുള്ള എഴുത്തുകുത്തുകൾ, നോട്ടീസ് ഇവകൾ നടത്തുന്നതിനും മററും ക്ലിപ്തമായ ഏർപ്പാടുകൾ ഒന്നും ഇപ്പോൾ ഇല്ലാത്തതിനാൽ നടപടികൾ തക്കസമയത്തു നടത്തുന്ന വിഷയത്തിൽ വിഷമതകളും തടസ്സങ്ങളും അനുഭവിക്കുന്നു എന്നു പല ഇൻസ്പെക്ടറന്മാരും ഇവിടെ റിപ്പോർട്ടുചെയ്തിരിക്കുന്നു. തക്കസമയത്തുതന്നെ വിധി നടത്തുന്നടപടികൾനടത്തി അവാർഡുകൾ അനുസരിച്ചുള്ള പണം ഈടാക്കേണ്ടതു ആവശ്യമാണെന്നു കരുതുന്നതിനാൽ മേൽപ്പറഞ്ഞ വിഷമതകൾ പരിഹരിക്കേണ്ടതാണെന്നു വിചാരിക്കുന്നു. അതിനു ഓരോ സംഘവും താഴെപ്പറയും പ്രകാരം പ്രവൎത്തിക്കേണ്ടതാണ്.

വിധിനടത്തപേക്ഷകൾ ഇൻസ്പെക്ടർക്ക് നടപടിനടത്താനായി അയച്ചിരിക്കുന്നു എന്നു അസിസ്റ്റൻറ് രജിസ്ട്രാർ ആഫീസിൽനിന്നും സംഘങ്ങളെ അറിയിച്ചാലുടൻ തന്നെ ഓരോ വിധി നടത്തപേക്ഷയ്ക്കും രണ്ടു രൂപാ വീതം ഒരു അഡ്വാൻസ് ഇൻസ്പെക്ടരെ സംഘം ഏല്പിച്ചു രസീതുവാങ്ങേണ്ടതാണ്. ഈ ചെലവ് ൧൭൬-ാം നമ്പർ സക്യുലറിൻപ്രകാരം ഓരോ അന്യായത്തിലും ഉൾപ്പെടുത്തുന്ന മൂന്നു രൂപായിൽ നിന്നും വഹിക്കേണ്ടതാണ്. വിധിനടത്തു അപേക്ഷകൾ ഇൻസ്പെക്ടർക്ക് അയച്ചശേഷം നടപടികൾ ഒന്നുംതന്നെ കൂടാതെ പണംമുഴുവൻ ഈടാക്കുന്നപക്ഷം മുൻപറഞ്ഞ രണ്ടു രൂപായിൽനിന്നും ഇൻസ്പെക്ടർ ഒരു രൂപായിൽ കൂടുതൽ ചെലവുചെയ്യാൻ പാടില്ലാത്തതും ഒരു രൂപ തിരിച്ചുകൊടുക്കേണ്ടതും. സംഘം അതുവാങ്ങി അതു വായ്പകണക്കിൽ വരവുവയ്ക്കേണ്ടതുമാകുന്നു.

സക്യുലർ ൧൧൨.

റവന്യൂറിക്കവറി ആക്ട് അനുസരിച്ചു അവാർഡുകൾ മുതലായതു സെയിലാഫീസർ മുഖാന്തിരം വിധിനടത്തുവാൻ കൊടുക്കുമ്പോൾ ഡിമാൻറു നോട്ടീസു പടിയും നോട്ടീസ് പ്രാസസ്സും ഷെറിയിലോ സ്റ്റാമ്പ് ഷേറിയിലോ ഒടുക്കി ചെല്ലാൻരസീതു ഹാജരാക്കേണ്ടതാണെന്നു ൧൫൯-ാം നമ്പർ സക്യുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണല്ലോ. ഇപ്രകാരം ഒടുക്കുന്നതിലേക്കു ഹാജരാക്കുന്ന ചെല്ലാൻ (സെയിൽ ആഫീസറന്മാർ) ഇൻസ്പെക്ടറന്മാർ ഒപ്പിട്ടിട്ടില്ലെന്നുള്ള കാരണത്താൽ ചില

ഷേറി ആഫീസറന്മാർ നിഷേധിച്ചുവരുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. അതിനാൽ മേലാൽ ചെല്ലാൻഫാറങ്ങൾ ഖജനാവിൽ ഹാജരാക്കുന്നതിനുമുമ്പു സെക്രട്ടറിയിൽ ആഫീസറന്മാരെക്കൊണ്ടു "കൌണ്ടർ സയിൻ" ചെയ്യിച്ചിരിക്കേണ്ടതാണെന്നു നിർദ്ദേശിച്ചുകൊള്ളുന്നു.

സക്കുലർ ൨൩.

സഹകരണസംഘങ്ങൾ ഫയലാക്കുന്ന കേസുകളിലെ മദ്ധ്യസ്ഥന്മാർ (Arbitrator) അവാർഡുകളിൽ ഉൾപ്പെടുന്ന വിധിത്തുകയിന്മേൽ പലിശ വിധിക്കുന്നതിൽ യാതൊരു ഐകരൂപ്യവുമില്ലെന്നും മിക്കപ്പോഴും സാധാരണ നിയമപ്രകാരമുള്ള ശതമാനത്തെക്കാൾ കൂടുതലായ ഒരു ശതമാനമാണ് മേൽ പലിശയായി വിധിച്ചുവരുന്നതെന്നും പരാതികൾ ലഭിച്ചുവരുന്നു. മദ്ധ്യസ്ഥ കോടതികൾ നൽകിയിട്ടുള്ള പല അവാർഡുകളും പരിശോധിച്ചതിൽ ആണ്ടേയ്ക്കു ൧൨-ം ൧൫-ം ൯-ം ൭൦ ൧൫-ം ൭൨-ം അപൂർവ്വം ചില കേസുകളിൽ പതിനാറുമുക്കാലും (ഉറുപ്പികയ്ക്കു പ്രതിമാസം നാലുകാശു പലിശയും രണ്ടുകാശു പിഴയും) ശതമാനക്രമം മേൽപലിശ ചുമത്തി വിധികൊടുത്തിട്ടുള്ളതായി കാണുന്നു. ഈ ആഫീസുവക ൭൬൮-ാം നമ്പർ സക്കുലറിലും സഹകരണ ആക്ടിനെ തുടർന്നുള്ള ൩൮-ാമതു ചട്ടത്തിലും പലിശയും പിഴയും ചേർത്തു വിധികൊടുക്കാവുന്ന തുക അന്യായത്തിൽ കൊള്ളിച്ചിട്ടുള്ള മുതലിന്റെ അരവാശിയിൽ കവിയാൻ പാടില്ല എന്നു നിർദ്ദേശിച്ചിട്ടുള്ളതല്ലാതെ മേൽപലിശ ക്രമത്തിനെക്കുറിച്ചു യാതൊന്നും പ്രസ്താവിച്ചിട്ടില്ല. സംഘനിബന്ധനകളിൽ ഇതിനെപ്പറ്റി എന്തുതന്നെ പറഞ്ഞിരുന്നാലും നാട്ടിലെ സാധാരണ നിയമത്തിനു വിപരീതവും കടക്കാർക്കു ദോഷകരവുമായ ഈ പലിശക്രമം നിറുത്തൽ ചെയ്യേണ്ടിയിരിക്കുന്നു. ഇപ്പോഴത്തെ * സമ്പ്രദായപ്രകാരം പലിശക്കും പലിശ (Compound interest) കണക്കാക്കി വരുന്നുണ്ട്. ഇതു ശരിയല്ല.

മേലാൽ മദ്ധ്യസ്ഥന്മാർ അവാർഡ് കൊടുക്കുമ്പോൾ വിധിക്കുന്ന മേൽപലിശ സിവിൽ കോടതികളിലെപ്പോലെ ആറു ശതമാനക്രമമായിരിക്കേണ്ടതാണ്. ആളുകൂടാതെ ചെലവു വരുമെന്നു പ്രതീക്ഷിച്ചു അന്യായത്തിൽ ഉൾപ്പെടുത്തിവരുന്ന മറ്റിനം സംഖ്യയിന്മേൽ മേൽപലിശ ചുമത്തുവാൻ പാടില്ലാത്തതുമാകുന്നു. ൧൧൦൭ ധനു ൨൩-ാംനു-ക്കു മുൻപുള്ള വായ്പകളെ സംബന്ധിച്ചുള്ള കേസ്സുകളിലെ അവാർഡുകളിൽ ഉണ്ടാ

ശാസന നിയമപ്രകാരം മേചാൽ ൯ ശതമാനം മേൽ പലിശ ഉൾപ്പെടുത്തിയാൽ മതിയാകുന്നതുമാണ്. മേൽപറഞ്ഞ നിർദ്ദേശപ്രകാരം മദ്ധ്യസ്ഥന്മാർ മേലാൽ പ്രവൎത്തിക്കേണ്ടതാകുന്നു.

സർക്കുലർ ൨൪൧.

സഹകരണസംഘങ്ങളിൽനിന്നും വായ്പകൾ എടുത്തു കുടിശ്ശിക വരുത്തുന്ന സർക്കാർ ജീവനക്കാരായ അംഗങ്ങളുടെ ശമ്പളത്തിൽ പിടിച്ച് സംഘങ്ങൾക്കു ലഭിക്കേണ്ട സംഖ്യകൾ വസൂലാക്കിക്കൊടുക്കേണ്ടതാണെന്നു ൨൩-൧൨-൧൯൪൦-ലെ ആർ. ഡിസ്. ൧൧൧൨൪൦ ഡെവലപ്പ്മെൻറ് ഗവൺമെൻറ് ലറ്ററിൽ ഉത്തരവായിട്ടുണ്ടു. കുടിശ്ശികക്കാരായ സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ പിടിച്ച് തുക ഈടാക്കുന്നതിനു സംഘങ്ങൾ ഈ ആഫീസിൽ ധാരാളം ആവശ്യപ്പെടുന്നുമുണ്ട്. എന്നാൽ ചിലരുടെപേരിൽ അതേസമയംതന്നെ വകുപ്പ് ൧൧ അനുസരിച്ചുള്ള മദ്ധ്യസ്ഥകോടതിമുഖാന്തിരമുള്ള നടപടികളും സംഘങ്ങൾ ആരംഭിച്ചുവരുന്നതായി പരാതികൾ ലഭിച്ചുവരുന്നു. അതുപോലെതന്നെ അന്യായം ഫയൽചെയ്തു നടപടികൾ ആരംഭിച്ചതിനുശേഷം ശമ്പളത്തിൽപിടിച്ചു ഈടാക്കിക്കൊടുക്കണമെന്നും ചില സംഘങ്ങൾ അപേക്ഷിക്കുന്നുണ്ട്. മദ്ധ്യസ്ഥകോടതിമുഖാന്തരമുള്ള നടപടിയും, റിക്കവറിക്കുള്ള നടപടിയും ഏകകാലത്തു അംഗങ്ങളുടെമേൽ ആരംഭിക്കുന്നതു ശരിയല്ല. ഒരേസമയത്തു ഏതെങ്കിലും ഒരു നിർബന്ധനടപടിമാത്രമേ സംഘങ്ങൾ സ്വീകരിയ്ക്കാവൂ. ഈ തത്വത്തെ ആസ്പദമാക്കി എല്ലാ സംഘങ്ങളും പ്രവൎത്തിയ്ക്കുമെന്നു വിശ്വസിക്കുന്നു.

സർക്കുലർ ൨൪൪.

ഈ ആഫീസിൽ നിന്നും ൨൩൧-ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള സർക്കുലർ ചില സഹകരണസംഘങ്ങൾക്കു സഹകാരികൾക്കും ശരിയായി മനസ്സിലായിട്ടില്ലെന്നു ഇവിടെ കിട്ടിക്കൊണ്ടിരിക്കുന്ന റിപ്പോർട്ടുകളിൽ നിന്നും അറിയുന്നു. മേൽപലിശക്രമം ആറു ശതമാനമായി ക്ലിപ്തപ്പെടുത്തിയിട്ടുള്ളതുകൊണ്ടു് കുടിശ്ശികക്കാരായ അംഗങ്ങൾ പോലും അന്യായം ഫയൽചെയ്തതിനുശേഷം കുറഞ്ഞ പലിശകൊടുത്താൽ മതിയാകുമെന്നു വിചാരിച്ചു വായ്പ തിരിച്ചടയ്ക്കുന്ന കാൎയ്യത്തിൽ അനാസ്ഥ കാണിക്കുമെന്നു മിക്ക സംഘവും സംശയിക്കുന്നു. ഈ സംശയം അടിസ്ഥാനരഹിതമാണ്.

അവാർഡ് തുകയ്ക്കു മദ്ധ്യസ്ഥന്മാർ മേൽപലിശ വിധിച്ചുകൊടുക്കുന്ന ക്രമത്തിനെ ക്ലിപ്തപ്പെടുത്തിയാണ് ഈ ആഫീസ്സിൽനിന്നും പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. അവാർഡു തുക എന്നു പറയുന്നതിൽ ഏറ്റവുംപ്രകാരം ബാക്കിനിൽപ്പു വായ്പത്തുക അതിനു അന്യായതിയതിവരെ ജനിച്ചിട്ടുള്ള പലിശ, പിഴ അന്യായച്ചെലവു മറ്റിനങ്ങൾ ഇവയെല്ലാം ഉൾപ്പെടുന്നു. ഈ ഇനങ്ങൾ എല്ലാംകൂടി ചേർന്നു വരുന്നതുകയ്ക്കാണ് സാധാരണയായി മേൽപലിശ ആറുശതമാനമായിരിക്കണമെന്നു ക്ലിപ്തപ്പെടുത്തിയിട്ടുള്ളത്. വായ്പ പലിശയ്ക്കുകൂടി മേൽ പലിശകൊടുക്കേണ്ടതാണെന്നു ഇതിൽനിന്നു വ്യക്തമാകുന്നു. നിവൃത്തിയുള്ള പക്ഷം പലിശയ്ക്കു പലിശകൊടുക്കാൻ ഒരംഗവും തയ്യാറാകുന്നതല്ലല്ലോ.

സർക്കുലർ ൨൭൯.

അസിസ്റ്റൻറ് രജിസ്ട്രാർ ആഫീസിൽ വിധിനടത്തപേക്ഷ ഫയൽ ചെയ്തുശേഷം ചില സംഘങ്ങളിലെ സെക്രട്ടറിമാർ വായ്പക്കാരിൽനിന്നു നേരിട്ടു തുകകൾ സ്വീകരിച്ചുവരുന്നതായും വിവരം അപ്പോഴപ്പോൾ തന്നെ സെയിൽ ആഫീസറെ അറിയിക്കുന്നില്ലെന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഇതു പല അനാവശ്യനടപടികൾക്കു കാരണമാകുന്നതുകൊണ്ടു മേലാൽ വിധിനടത്തുനടപടിയിൽ ഇരിക്കുന്ന വായ്പപ്രകാരം ഏതെങ്കിലും തുക സ്വീകരിക്കുന്നപക്ഷം വിവരം ഉടൻതന്നെ സെയിൽ ആഫീസറെ അറിയിക്കേണ്ടതാണ്.

സർക്കുലർ ൨൭൮

സഹകരണസംഘം ആക്ടിനെ തുടർന്നുള്ള ചട്ടങ്ങളിലെ വകുപ്പു ൨൭ (൯)-ൽ അടങ്ങിയിരിക്കുന്ന തത്വമനുസരിച്ചു സംഘങ്ങൾ ഫയലാക്കുന്ന അന്യായപ്രകാരം മദ്ധ്യസ്ഥന്മാർ അവാർഡുകൾ നൽകുമ്പോൾ പലിശയും പിഴയും കൂടിച്ചേർത്തുള്ള സംഖ്യ മുതലിൻെറ അരവാശിയിൽ കവിയാൻ പാടില്ലെന്നു നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അവാർഡുകൾ ആകാത്ത വായ്പക്കണക്കുകൾ പ്രകാരം ഈടാക്കുന്ന പലിശയുടേയും പിഴയുടേയും പരമാവധി ഈ പരിമിതിയിൽ ഉൾപ്പെടുമോ എന്നൊരു സംശയം ചില സംഘങ്ങൾക്കു ഉള്ളതായി കാണുന്നു.

൨. അവാർഡു സമ്പാദിക്കുവാൻ ഇടവരുന്ന അംഗങ്ങൾക്കു മററുള്ളവർക്കില്ലാത്ത ഒരു സൌജന്യം ലഭിക്കുമെന്നു വരുന്നതു കൊട്ടം

തന്നെ നീതിപരമായ കാൎയ്യമല്ല. അവൎദ്ധുകൾക്ക കാരണമാകുന്ന വായ്പകളിന്മേലും മുതലിന്റെ അരപ്പശിയിൽ കവിഞ്ഞ ഒരു തുക പലിശയും പിഴയുമായി ഈടാക്കുവാൻ പാടില്ലാത്തതാകുന്നു.

൩. ഒരു വായ്പക്കാരന്ന ആരംഭത്തിൽ കവിയാത്ത തവണകളിലായോ കാലാവധിയ്ക്കകം ഒരുമിച്ചോ വായ്പ കൊടുത്തു തീൎക്കുവാൻ ഉദ്ദേശിക്കുന്നതായി സംഘത്തിൽ അപേക്ഷ കൊടുക്കാവുന്നതും അങ്ങിനെയുള്ള അപേക്ഷകളിന്മേൽ അന്നത്തെ നില്പു മുതലും അതിന്മേൽ ൭ ൦ ശതമാനം പലിശയും കൂട്ടി കൊടുത്തുതീൎക്കേണ്ട തുക നിശ്ചയിച്ചു കമ്മിററി വായ്പക്കാരനെ അറിയിക്കേണ്ടതുമാണ്. തവണകൾ മുടക്കം കൂടാതെ കൊടുത്തു തീൎത്താൽ മാത്രമെ ഈ സൌജന്യത്തിൽ വായ്പക്കാരന്ന അവകാശം കിട്ടുകയുള്ളൂ. ഇപ്രകാരം പലിശ നിൎണ്ണയം ചെയ്യുന്നതിന്റെ ശേഷം ഈടാക്കേണ്ടതായ മുതൽ പലിശ സംഖ്യയിന്മേൽ കൊടുത്തുതീൎക്കുന്നതുവരെയുള്ള സാധാരണ പലിശ ഈടാക്കേണ്ടതാണ്.

൪. എന്നാൽ മുതലിന്റെ അരപ്പശിയിൽ കവിയുന്ന പലിശ പിഴ മുതലായവ ജനിക്കുന്നതുവരെ നടപടി എടുത്തു കുടിശ്ശിക ഈടാക്കാതെ ഇട്ടിരിക്കുന്നതു ഒട്ടുംതന്നെ ശരിയല്ല. കമ്മററിക്കാർ ഈ വിധം സംഘത്തിന്ന നഷ്ടംവരാതെ ഊൎജ്ജിതനടപടികൾ അപ്പഴപ്പോൾ എടുക്കേണ്ടതാണ്. അപ്രകാരം ചെയ്യാതെ നഷ്ടംവരുത്തുന്ന കമ്മററിക്കാരംഗങ്ങൾക്ക ഇക്കാൎയ്യത്തിൽ ചുമതലയുണ്ടെന്നുള്ള സംഗതി പ്രത്യേകം ഓൎമ്മിക്കേണ്ടതാണ്.

സക്ക്യലർ: ൨൭൨.

പല സഹകരണസംഘങ്ങളിലും വിലയ്ക്കുവാങ്ങുകയൊ കുടിശ്ശിക്കാരുടെ വക ലേലത്തിൽ പിടിയ്ക്കുകയൊ ചെയ്തിട്ടുള്ള സ്ഥാവരസ്വത്തുക്കൾ കൈവശമുള്ളതായി കാണുന്നുണ്ട്. ഈ വക വസ്തുക്കളെ സംബന്ധിച്ച് ഐകരൂപ്യമായ രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുക ആദായം എടുക്കുക, വില്ക്കുക, എന്നീ സംഗതികളിൽ ശരിയായ വ്യവസ്ഥകൾ അനുഷ്ഠിച്ചു കാണുന്നില്ല. ഈ വിഷയത്തിൽ താഴെ കാണുന്ന രീതികൾ സംഘങ്ങൾ അനുവൎത്തിക്കേണ്ടതാകുന്നു.

൧. സംഘങ്ങൾക്ക് അത്യാവശ്യമെന്നു കാണുന്ന അവസരങ്ങളിൽ മാത്രമേ വസ്തുക്കൾ വിലയ്ക്കു വാങ്ങിക്കുകയോ, പതിപ്പിക്കുകയോ

ചെയ്യാൻ പാടുള്ളു. അതിലേക്കുള്ള പൊതുയോഗ തീരുമാനത്തിൽ സംഘത്തിനുള്ള ആവശ്യം, വസ്തുവിവരം, വില, ബാദ്ധ്യത മുതലായ വിവരങ്ങൾ കാണിച്ചിരിക്കേണ്ടതും, നിശ്ചയപ്പകർപ്പു സഹിതം ഇൻസ്പെക്ടരാഫീസും അസിസ്റ്റൻറു രജിസ്ത്രാർ ആഫീസും മുഖേന അപേക്ഷിച്ച് ഈ ആഫീസ്സിലെ അനുവാദം മുൻകൂട്ടി വാങ്ങിയിരിക്കേണ്ടതുമാകുന്നു.

൫. ലേലത്തിൽ പിടിക്കണമെന്നു വിചാരിക്കുന്ന വസ്തുക്കളെ സംബന്ധിച്ച ലേലത്തിൽ പങ്കുകൊള്ളുന്നതിന് കമ്മററിയിൽനിന്നും അധികാരപ്പെടുത്തുന്ന ആൾ കമ്മററിയുടെ നിർദ്ദേശമനുസരിച്ച് പ്രവർത്തിക്കേണ്ടതാകുന്നു. ഏതെങ്കിലും സ്ഥാവരമൊ ജംഗമൊ ആയ വസ്തുക്കൾ ലേലത്തിൽ പിടിച്ചാൽ വിവരം ലേലം കഴിഞ്ഞു ഒരാഴ്ചക്കകം ഇൻസ്പെക്ടരാഫീസ് മുഖേന റിപ്പോർട്ടു ചെയ്യേണ്ടതാകുന്നു.

൬. വസ്തുവിൻെറ മതിപ്പുവില കുറവായാലും, കുടിശ്ശികക്കാരുടെ വസ്തുക്കൾ സംഘത്തിലേക്ക് ഈടാകാനുള്ള തുകയ്ക്കു ലേലത്തിൽ ചില പ്പോൾ പിടിക്കുന്നതായി കാണുന്നു. അപ്രകാരം കുടിശ്ശികക്കാരുടെ വസ്തുക്കൾ ഒരിക്കലും സംഘം നഷ്ടപ്പെട്ടു ലേലത്തിൽ പിടിച്ചുകൂടാത്തതാകുന്നു. അങ്ങിനെ ചെയ്യുന്നപക്ഷം ഉത്തരവാദികളായ കമ്മററി നഷ്ടത്തിന് ഉത്തരവാദം ചെയ്യേണ്ടതായി വരുന്നതാണ്.

൭. താഴെ കൊടുത്തിട്ടുള്ള ഫാറത്തിൽ സംഘത്തിൻെറ കൈവശമുള്ള സ്ഥാവരവസ്തുക്കൾക്ക്, രജിസ്ററർ എഴുതി സൂക്ഷിക്കേണ്ടതും, ഓരോന്നിനും കിട്ടുന്ന ആദായവിവരത്തിനും ചെലവുവിവരത്തിനും കണക്കുവയ്ക്കേണ്ടതുമാകുന്നു. ആദായം എടുക്കുന്നതിനായി മാത്രം സംഘങ്ങളുടെ അധീനതയിൽ വച്ചുകൊണ്ടിരിക്കുന്ന വസ്തുക്കളുടെ കാര്യം ഇതിൽ ഉൾപ്പെടുന്നില്ല.

൮. എല്ലാ സംഘങ്ങളും ഇപ്രകാരം ഒരു രജിസ്ററർ തയാർ ചെയ്തു രണ്ടു മാസത്തിനകം അതിൻെറ ശരിപകർപ്പു ഇൻസ്പെക്ടർ ആഫീസു മുഖേന അസിസ്റ്റൻറു രജിസ്ത്രാരാഫീസിലേക്കയച്ചു കൊടുക്കേണ്ടതാണ്.

൯. സംഘകാര്യങ്ങൾക്ക് തൽക്കാലം ആവശ്യമില്ലാത്ത വസ്തുക്കൾ ലേലത്തിൽവച്ചോ അല്ലാതെയോ വിൽക്കാൻ പൊതുയോഗ നിശ്ചയം ചെയ്തു അനുവാദത്തിനായി അപേക്ഷിക്കേണ്ടതാകുന്നു. സംഘത്തിന് ൫൦൦ രൂപാവരെ വില വീണിട്ടുള്ള വസ്തുക്കൾ വിൽക്കുന്ന

തിന്നു അസിസ്റ്റന്റ് രജിസ്ത്രാക്ക് അനുവദിക്കാവുന്നതും അതിനു മേൽ വിലയുള്ള വസ്തുക്കൾ വിൽക്കുന്നതിന് ഈ ആഫീസ്സിൽനിന്നും അനുവാദം വാങ്ങിയിരിക്കേണ്ടതുമാകുന്നു.

൭. മേൽപ്രകാരം അനുവാദം കിട്ടിയാലുടൻ വസ്തുവിന്റെ പൂർണ്ണവിവരവും, അതിലുണ്ടായിരിക്കാവുന്ന ബാദ്ധ്യതകളും, സംഘത്തിനുള്ള അവകാശവും വ്യക്തമായി ചേർത്തും വിൽപ്പനയ്ക്കുള്ള സ്ഥലവും സമയവും കാണിച്ചും രണ്ടാഴ്ച മുൻകൂട്ടി സ്ഥലത്തു പ്രചാരമുള്ള ഒരു പ്രതിദിനപത്രത്തിലും സംഘം ആഫീസ്സിലും ഇൻസ്പെക്ടരാഫീസിലും പരസ്യം പ്രസിദ്ധംകരിച്ചശേഷം കമ്മറ്റിയിൽനിന്നും അധികാരപ്പെട്ടത്തപ്പെട്ട ആൾ പരസ്യമായി ലേലംചെയ്തു ഏററവും കൂടുതൽ തുകയ്ക്കു വിളിക്കേണ്ടതും, നോട്ടീസിൽ വിവരിച്ചിട്ടുള്ള വിധം നിരതദ്രവ്യം അടച്ചിട്ടുള്ളതുമായ ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തി ലേലലിസ്റ്റിൽ ഒപ്പിടുവിക്കേണ്ടതുമാകുന്നു. ഒരാഴ്ചക്കകം വിവരം ഇൻസ്പെക്ടരാഫീസു മുഖേന അസിസ്റ്റന്റ രജിസ്ത്രാരാഫീസിലേക്കു റിപ്പോർട്ടു ചെയ്യേണ്ടതും ലേലം അനുവദിച്ചു വരുന്ന മുറയ്ക്കു പ്രമാണം രജിസ്ത്രാക്കിച്ചു കൊടുക്കേണ്ടതുമാകുന്നു.

൮. കൈവശത്തിലും അനുഭവത്തിലും ഇരിക്കുന്ന വസ്തുക്കളുടെ ആദായം കമ്മററിക്കാർ തന്നെ എടുക്കുന്നതു ആശാസ്യമല്ലെന്നു കാണുന്നതിനാൽ കൂടുതൽ ലേലത്തിനു സമ്മതിക്കുന്ന ആൾക്കു വസ്തുക്കൾ രജിസ്റ്റർ പാട്ടച്ചീട്ടിന്മേൽ വിട്ടുകൊടുത്തു പാട്ടം യഥാകാലം വാങ്ങി മുതൽവയ്ക്കേണ്ടതാകുന്നു.

൯. കരം മുതലായവ യഥാകാലം സംഘത്തിൽനിന്നും കൊടുത്തു കൊള്ളേണ്ടതും ഭേദഗതികളോ കെട്ടിടങ്ങളോ അററകുററം പോക്കലോ ചെയ്യേണ്ടതായി വരുന്നപക്ഷം ആയതിലേക്ക പ്രത്യേകം അനുവാദം ഇൻസ്പെക്ടരാഫീസ്സ് - മുഖേന അപേക്ഷിച്ചു അസിസ്റ്റന്റ രജിസ്ത്രാർ ആഫീസിൽനിന്നും വാങ്ങിക്കൊള്ളേണ്ടതുമാകുന്നു.

൧൦. ൨൫ രൂപായ്ക്കുമേൽ വിലവന്നിട്ടുള്ള ജംഗമവസ്തുക്കളുടെ വിൽപ്പനയും മേൽപ്രകാരം നടത്തേണ്ടതാകുന്നു.

൧൧. റദ്ദ് ചെയ്യപ്പെട്ട സംഘങ്ങളുടെ കാര്യത്തിൽ ലിക്വിഡേറററുമാരും മേൽപ്പറഞ്ഞ എല്ലാ വ്യവസ്ഥകളും അനുസരിച്ചു പ്രവർത്തിക്കേണ്ടതാകുന്നു.

...ാംനമ്പർ സഹകരണസംഘം വക സ്ഥാവരവസ്തു രജിസ്റ്റർ.

(൧) വസ്തുവിൻെറ പേരുവിവരവും പട്ടയനമ്പരും

(൨) നിലമൊ പുരയിടമൊ എന്ന്

(൩) താലൂക്ക പകുതി മുറി

(൪) സരവെ നമ്പർ

(൫) വിസ്തീർണ്ണം

(൬) എല്ലക

(൭) സംഘത്തിന ലഭിച്ച അവകാശവും പ്രമാണവിവരവും

(൮) വസ്തുവിന വീണിട്ടുള്ള വില

(൯) കരം

സെക്രട്ടറിയുടെ അടയാളം

ആഡിററരുടെ അടയാളം

ഫാറം

ആണ്ട് മാസം തീയതി	ഇനവിവരം	നാൾവഴി പുറം	ആദായം വരവ്	ചെലവ്	ബാക്കി മിച്ചം	സെക്രട്ടറിയുടെ അടയാളം	ആഡിറ്ററുടെ അടയാളം

സക്ക്യലർ ൨൭൧.

സഹകരണസംഘങ്ങൾ അന്യായം ഫയൽ ചെയ്യുമ്പോൾ മററിനം വകയിൽ അന്യായം ഫയൽചെയ്തു വിധിയാകുന്നതുവരെയുള്ള ചെലവുകൾ ഓരോ അന്യായത്തിലും മൂന്നു ബ്രി. രൂപാവീതം ഉൾപ്പെടുത്തുന്നതിന് ഡിപ്പാർട്ടുമെൻറിലെ ൧൭൩-ാംനമ്പർ സക്കലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫാറവില, കടലാസുവില, എഴുത്തുഫീസ്, അഞ്ചൽ ചെലവു, മദ്ധ്യസ്ഥഫീസ് മുതലായ ചിലവുകളാണ് മററിനത്തിൽ ഉൾപ്പെടുന്നതു്. ഈ മൂന്നു രൂപയിൽ രണ്ടുരൂപ സെയിൽ നടപടിയായി സെയിലാഫീസരെ ഓരോ വിധിനടത്തലേക്കും ഏല്പിക്കേണ്ടതാണെന്നു ൨൨൨-ാംനമ്പർ സക്കലറിൽ നിർദ്ദേശിച്ചിട്ടുണ്ടു്. ബാക്കിയുള്ള ഒരു രൂപ ൧൭൩-ാം നമ്പർ സർക്കലറിൽ പറഞ്ഞിട്ടുള്ള ചിലവുകൾക്കു മതിയാകുന്നതല്ലെന്നു കാണുന്നു.

൨. മേലാൽ സംഘങ്ങൾ ഓരോ അന്യായത്തിലും മററിനംവകയിൽ അഞ്ചു ബ്രി രൂപാ ഉൾപ്പെടുത്തേണ്ടതാകുന്നു ഇതിൽനിന്നും ൨൨൨-ാംനമ്പർ സർക്കലറിൽ പറഞ്ഞിട്ടുള്ള പ്രകാരം നടപടിച്ചെലവുകൾക്കു രണ്ടു രൂപാ സെയിലാഫീസരെ ഏല്പിക്കേണ്ടതും രണ്ടുരൂപ ആർബിട്രേഷൻ ഫീസിലേക്കായി ഓരോ കേസിനും കൊടുക്കേണ്ടതും ബാക്കി ഒരു രൂപ ഓരോ കേസിലേക്കുള്ള ഫാറങ്ങളുടെ വില എഴുത്തുഫീസു മുതലായ ചെലവിലേക്കു മാററിവക്കേണ്ടതുമാകുന്നു.

ആക്ടിനെത്തുടർന്നുള്ള ചട്ടങ്ങളിലെ ൩൯ (൧)-ാം ചട്ടത്തിൽ ഓരോ അന്യായത്തിനും ൧ ചക്രംവീതം മദ്ധ്യസ്ഥൻെറ ചിലവിലേക്കായി കൊടുക്കേണ്ടതാണെന്നു പറഞ്ഞിട്ടുള്ളതു് മദ്ധ്യസ്ഥഫീസിനെ ഉദ്ദേശിച്ചല്ല മദ്ധ്യസ്ഥഫീസ് കൊടുക്കുമ്പോൾ ചട്ടത്തിൽ പറഞ്ഞിട്ടുള്ള ഇപ്രകാരമുള്ള ചിലവിലേക്കായി പ്രത്യേക തുക കൊടുക്കേണ്ടതുമാകുന്നു.

൩. സംഘങ്ങൾ അന്യായം ഫയൽചെയ്യുമ്പോൾ ഓരോ അന്യായത്തിനും രണ്ടു ബ്രി. രൂപാവീതം കണക്കാക്കിയുള്ള സംഖ്യ മദ്ധ്യസ്ഥഫീസ്വകയ്ക്കായി തിരുവനന്തപുരം ആർബിട്രേഷൻ, എക്സിക്യൂഷൻ, ലിക്വിഡേഷൻ അസിസ്റ്റൻറു രജിസ്ട്രാരുടെ കണക്കിൽ വരവുവയ്ക്കുന്നതിന് തിരുവിതാംകൂർ സെൻട്രൽ സഹകരണബാങ്കിൽ അയച്ചുകൊടുക്കണം. മണിയാർഡർ രസീതുപ്രകാരം കണക്കിൽ ചെലവെഴുതേണ്ടതാണ്. അന്യായങ്ങൾ അസിസ്റ്റൻറു രജിസ്ട്രാർ ആഫീസിലേക്ക് അയക്കുമ്പോൾ മദ്ധ്യസ്ഥഫീസ് ഡിപ്പാസിററു ചെയ്തിട്ടുള്ള വിവരം അസിസ്റ്റൻറു രജിസ്ട്രാരെ അറിയിച്ചിരിക്കണം. ബാങ്കിൽനിന്നു

രസീതു നേരിട്ടു സംഘത്തിന് അയച്ചുതരുന്നതാണ്. അവാർഡു പാസാക്കിയാലുടൻ മദ്ധ്യസ്ഥനുള്ള ഫീസ് അസിസ്റ്റന്റു രജിസ്ട്രാർതന്നെ മദ്ധ്യസ്ഥനു അയച്ചു കൊടുക്കുന്നതാണ്. ഈ രീതി അനുവർത്തിക്കുന്നതു കൊണ്ടു വിചാരണ കഴിഞ്ഞാൽ വളരെ വേഗം അവാർഡു സംഘങ്ങൾക്ക് ലഭിക്കാൻ സാധിക്കുന്നതാണ്.

൪. മദ്ധ്യസ്ഥനെ നിയമിച്ചു് അന്യായങ്ങൾ വിചാരണക്കയച്ച വിവരം അസിസ്റ്റന്റു രജിസ്ട്രാർ സംഘങ്ങളെ അറിയിച്ചാൽ ഉടൻ തന്നെ വേണ്ട സമൻസു ഫാറവും അവാർഡു് ഫാറവും മദ്ധ്യസ്ഥനെ ഏൽപ്പിക്കേണ്ടതും അപ്രകാരം ചെയ്യുന്നതിനു താമസം ഉണ്ടായാൽ അവാർഡ് കിട്ടുന്നതിനു കാലതാമസം നേരിട്ടേയ്ക്കാമെന്നുള്ളതാണെന്നും സംഘങ്ങളെ അറിയിച്ചുകൊള്ളുന്നു.

സർക്കുലർ ൧൭൪.

മദ്ധ്യസ്ഥത വിധിനടത്തു മുതലായവയ്ക്കായി പ്രത്യേകം ഒരു അസിസ്റ്റന്റു രജിസ്ട്രാരെ നിയമിച്ചിരിക്കുന്ന വിവരം സംഘങ്ങൾ അറിഞ്ഞിരിക്കുമല്ലോ. ഈ ജോലികൾ ത്വരിതമായി നടത്തുന്നതിനുവേണ്ടി ഓരോ സംഘവും അവരുടെ വകയായി എത്ര കേസുകൾ മദ്ധ്യസ്ഥതീരുമാനത്തിന് അയച്ചിട്ടുണ്ടെന്നും എത്ര അവാർഡുകൾ വിധിനടത്തുന്നതിനായി അപേക്ഷിച്ചിട്ടുണ്ടെന്നും മററുമുള്ള വിവരങ്ങൾ താഴെക്കാണുന്ന ഫാറത്തിൽ പൂരിപ്പിച്ചു് ആർബിട്രേഷൻ, എക്സിക്യൂഷൻ, ലിക്വിഡേഷൻ അസിസ്റ്റന്റു രജിസ്ട്രാർ, സഹകരണ ഡിപ്പാർട്ടുമെന്റ, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ അയച്ചു കൊടുക്കണമെന്നു് താൽപ്പര്യപ്പെടുന്നു.

സംഘത്തിന്റെ പേരും നമ്പരും.	
(എ) ഫയൽ ചെയ്തിട്ടുള്ള കേസുകളുടെ നമ്പരും തുകയും ഓരോ കേസിന്റെയും മധ്യസ്ഥന്റെ പേരും മേൽവിലാസവും.	
ഓരോ കേസും ഇപ്പോൾ ഏതു നടപടിയിൽ ഇരിക്കുന്നു എന്ന്.	
സംഘത്തിൽനിന്നു മധ്യസ്ഥന്റെ നിർദ്ദേശങ്ങളെല്ലാം ഓരോ കേസുകളിലും അനുസരിച്ചിട്ടുണ്ടോ എന്നു.	
ഏതെങ്കിലും അവാർഡുകൾ നടപ്പെടുത്താതെ സംഘത്തിൽ ഇരിപ്പുണ്ടോ.	
ഉണ്ടെങ്കിൽ അവയുടെ തുകയും നമ്പരും നടപടി എടുക്കാത്തതിന്റെ കാരണവും	
൩. വിധി നടത്തുന്നതിനുള്ള കേസുകളുടെ നമ്പരും തുകയും.	
ഏതു ഇൻസ്പെക്ടറുടെ പക്കലാണെന്ന്	
ഓരോ അപേക്ഷയും ഇപ്പോൾ ഏതു നടപടിയിലിരിക്കുന്നു എന്ന്.	
സംഘത്തിൽനിന്നും ഇൻസ്പെക്ടറുടെ നിർദ്ദേശങ്ങളെല്ലാം അനുസരിച്ചിട്ടുണ്ടോ എന്ന്	
ഇൻസ്പെക്ടർ മുഖാന്തിരം അല്ലാതെ ഏതെങ്കിലും വിധിനടത്തു അപേക്ഷകൾ ഉണ്ടോ ഉണ്ടെങ്കിൽ എവിടെ ഏതു നടപടിയിൽ ഇരിക്കുന്നു.	

സംഘം സെക്രട്ടറി (ഒപ്പ്)

സർക്കലർ ൨൧൯.

സഹകരണസംഘം ആക്ട് ൬൩-ാം വകുപ്പനുസരിച്ച് മദ്ധ്യസ്ഥ തീരുമാനത്തിനുവേണ്ടി ഫയൽ ചെയ്യുന്ന കേസ്സുകളിൽ അന്യായ അപേക്ഷ അസ്സൽപ്രതി ഒന്നുമാത്രം ഹാജരാക്കി വരുന്നതായി കാണുന്നു. ഇതു നിമിത്തം എതിർകക്ഷികൾക്കു സമൻസയക്കുമ്പോൾ തന്നെ അവരുടെമേൽ കൊണ്ടുവന്നിരിക്കുന്ന കേസിന്റെ പൂർണ്ണവിവരംകൂടി അറിവുകൊടുക്കുന്നതിനു സാധിക്കാതെവരുന്നു. ഈ ഒരു കാരണംകൊണ്ട് കേസിന്റെ തീരുമാനത്തിനു കൂടുതൽ കാലതാമസം ഉണ്ടാകുന്നതായും അറിവായിരിക്കുന്നു.

൨. അതിനാൽ മേലാൽ, സിവിൽകോടതികളിൽ നടപ്പിലിരിക്കുന്നതുപോലെ, കേസ് ഫയൽ ചെയ്യുമ്പോൾ തന്നെ എത്ര എതിർകക്ഷികൾ, (പ്രതികൾ) ഉണ്ടോ അത്രയും എണ്ണം അന്യായ അപേക്ഷയുടെ ശരിപകർപ്പുകൾകൂടി അസ്സൽ അന്യായ അപേക്ഷയോടു ചേർത്തു ഹാജരാക്കേണ്ടതാണെന്നുള്ള വിവരം എല്ലാ സഹകരണസംഘങ്ങളേയും ഇതിനാൽ അറിയിച്ചിരിക്കുന്നു.

സർക്കലർ ൨൨൦.

സഹകരണസംഘത്തിൽ ഈടാക്കേണ്ട സംഖ്യകൾക്കു അവാർഡ് സമ്പാദിച്ചതിനുശേഷം ഏതെങ്കിലും ഭാഗം ഇളവുചെയ്തു ഉടമ്പാടു തീർപ്പിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ ആരബിട്രേഷൻ എക്സിക്യൂഷൻ ലിക്വിഡേഷൻ അസിസ്റ്റന്റു രജിസ്ട്രാരാഫീസിൽ അയച്ചുവരുന്നതായി കാണുന്നു. ഇതു ശരിയായ നടപടിയല്ല. അവാർഡ് സമ്പാദിച്ചതിനു ശേഷമായാലും അതിനു മുൻപായാലും സംഘത്തിൽ ഈടാക്കേണ്ട സംഖ്യയിൽ വല്ല സൗജന്യവും അനുവദിക്കുന്നുണ്ടെങ്കിൽ ആയതു അനുവദിച്ചു കൊടുക്കുന്നതിനുള്ള അധികാരം, നിയമപ്രകാരം ഈ ആഫീസിലേക്കാകുന്നു. അതിനാൽ മേലാൽ അപ്രകാരമുള്ള അപേക്ഷകൾ പൊതുയോഗ നടപടി പകർപ്പ് സഹിതം അതാതു അസിസ്റ്റന്റു രജിസ്ട്രാർ മുഖാന്തിരം ഈ ആഫീസിൽ അയക്കേണ്ടതാകുന്നു. അപേക്ഷയിൽ വായ്പ നമ്പർ, അവാർഡിന്റെ ആണ്ടും നമ്പരും, അവാർഡു തുക, സൗജന്യം അനുവദിച്ചു കൊടുക്കേണ്ട തുക, ഇവ വിശദമാക്കിയിരിക്കണം.

൨. അവാർഡിന്മേലും അപേക്ഷപ്രകാരം അനുവദിച്ചുകിട്ടുന്ന സൌജന്യങ്ങളെ സംബന്ധിച്ചിടത്തോളം മററുള്ള ഇടപാടു തീർന്നു അവാർഡു കറവു ചെയ്യുന്നതിനു ആർബിട്രേഷൻ എക്സിക്യൂഷൻ ലിക്വിഡേഷൻ അസിസ്റ്റൻറു രജിസ്ട്രാരാഫീസിൽ അപേക്ഷിക്കുമ്പോഴും സൌജന്യം അനുവദിച്ചു ആർഡറിന്റെ പകർപ്പുകൂടി ചേർത്തിരിക്കേണ്ടതാണെന്നുള്ള വിവരവും ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

൪൩. ശമ്പളപിടിത്തം.

സർക്കുലർ ൧൮൭.

സഹകരണസംഘങ്ങളിൽ നിന്നും അവയിൽ ചേർന്നിട്ടുള്ള സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടയ്ക്കാനുള്ള വായ്പത്തുക പിടിച്ചു ഈടാക്കിത്തരണമെന്നു ഡിപ്പാർട്ടുമെന്റു അദ്ധ്യക്ഷന്മാർക്കും ആഫീസ് മേലുദ്യോഗസ്ഥന്മാർക്കും അയക്കുന്ന അപേക്ഷകൾ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതുപോലെ ഗൌനിക്കപ്പെടാതെവരുന്നു എന്നുള്ള പരാതി ഈ ആഫീസിൽ ധാരാളമായി കിട്ടിക്കൊണ്ടിരിക്കുന്നു. ഇതു സംബന്ധിച്ചു എല്ലാ സംഘങ്ങളുടേയും ശ്രദ്ധയെ ൧൧൨൫ സെപ്തംബർ ൧൩-ാംലെ ൧൨൭൮-൨൫ ഡെവലപ്പുമെന്റു ൧൦-ാംനമ്പർ ഗവമെന്റുത്തരവിലേക്കു ക്ഷണിച്ചുകൊള്ളുന്നു. ഈ ഉത്തരവിൽനിന്നും സർക്കാർ ജീവനക്കാർമാത്രമുള്ള സംഘങ്ങളും മററുള്ള സംഘങ്ങളും തമ്മിൽ വിവേചനം ഗവമെന്റു കല്പിച്ചിട്ടുള്ളതായി തെളിയുന്നുണ്ടു. സർക്കാർജീവനക്കാരുടെ സംഘങ്ങളുടെ കാര്യത്തിൽ വായ്പ എടുക്കുമ്പോൾ മെമ്പറന്മാർ അവരുടെ ശമ്പളത്തിൽനിന്നും തുക പിടിച്ചു ഈടാക്കിക്കൊടുക്കുവാൻ മേലധികാരികൾക്കു അധികാരപ്പെടുത്തിയിരിക്കുന്നതായി കടപ്പത്രത്തിൽ സമ്മതിച്ചു എഴുതിക്കൊടുത്തെങ്കിൽ മാത്രമേ പിടിക്കാവൂ എന്നു ഉദ്ദേശിക്കപ്പെട്ടിട്ടില്ല. അപ്രകാരം ചെയ്യാതെ തന്നെ ശമ്പളം പിടിച്ചു കൊടുക്കേണ്ടതാണെന്നും അത്ഥം ടി ഗവമെന്റുത്തരവിൽ സുവ്യക്തമാണ്. സർക്കാർജീവനക്കാരുടെ അല്ലാത്ത സംഘങ്ങളിൽ ഇപ്രകാരം ഒരു സമ്മതംകൂടി എഴുതിവാങ്ങിയിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേലധികാരികൾക്കു ശമ്പളം പിടിച്ചുതന്നേ തീരുവെന്നു നിർബന്ധമില്ല. സർക്കാർ ജീവനക്കാരുടെ അല്ലാത്ത സംഘങ്ങൾ ഇപ്രകാരം സമ്മതം എഴുതി വാങ്ങീട്ടില്ലെങ്കിൽ മേലാൽ ഇപ്രകാരം ചെയ്യേണ്ടതാണ്. സർക്കാർ ജീവനക്കാരുടെ സംഘങ്ങളിലും

മെംബറന്മാരെക്കൊണ്ടു പ്രകാരം എഴുതി വാങ്ങിക്കുന്നതിൽ വിരോധമില്ല. അതു് ഇപ്രകാരം ഒരു സർക്കുലർ ഉള്ള കാര്യം അവരെ ഓർമ്മപ്പെടുത്തുന്നതാണു്.

ശമ്പളത്തിൽ പിടിച്ചു ഈടാക്കുന്ന നയം സമയനഷ്ടവും അഭിപ്രായവ്യത്യാസവും കൂടാതെ എളുപ്പത്തിൽ പ്രായോഗികമാക്കുന്നതിലേക്ക ഓരോ സംഘത്തിലേയും സിക്രട്ടറി ശമ്പളത്തിൽ പിടിക്കുന്നതിനുള്ള അപേക്ഷ ഡിപ്പാർട്ടുമെൻറൽ അദ്ധ്യക്ഷന്മാരക്കും ആഫീസു മേലധികാരികൾക്കും അയക്കുന്നതിനു മുമ്പായി ഒരു നിശ്ചിതതീയതിക്കുമുമ്പു കടിശ്ശിക അടയ്ക്കണമെന്നും അപ്രകാരം ചെയ്യാത്തപക്ഷം ശമ്പളത്തിൽ പിടിക്കുന്നതിനു എഴുതി അയക്കുന്നതാണെന്നും കാണിച്ചു വായ്പക്കാരനു നേരിട്ടു ഒരു നോട്ടീസ് അയയ്ക്കേണ്ടതാകുന്നെന്നും ഉപദേശിച്ചുകൊള്ളുന്നു. വായ്പക്കാരനായ അംഗം നിശ്ചിതതീയതിക്കുമുമ്പു് പണം അടയ്ക്കാതെയും ആക്ഷേപം പുറപ്പെടുവിക്കാതെയും ഇരിക്കുന്ന പക്ഷം ഉടൻതന്നെ ശമ്പളത്തിൽനിന്നും പിടിച്ചീടാക്കാമെന്നുള്ള അപേക്ഷ സിക്രട്ടറി ഡിപ്പാർട്ടുമെൻറൽ മേലദ്ധ്യക്ഷനു എഴുതി അയയ്ക്കേണ്ടതാണു്. ഈ അപേക്ഷയോടുകൂടി നോട്ടീസിൻെറ പകർപ്പും അയച്ചിരിക്കണം. ആക്ഷേപം വല്ലതും പുറപ്പെടുവിക്കുന്ന പക്ഷം ആയതിന്മേൽ കമ്മിററി ചെയ്ത നിശ്ചയപ്പകർപ്പും അപേക്ഷയോടുകൂടി അയക്കേണ്ടതാണു്.

സർക്കാർജീവനക്കാരുടെ സംഘങ്ങളും അവർ അടങ്ങിയ ഇതര സംഘങ്ങളും മേൽപ്രസ്താവിച്ച നടപടികൾ സ്വീകരിക്കേണ്ടതാകുന്നു എന്നു ഇതിനാൽ നിർദ്ദേശിച്ചുകൊള്ളുന്നു.

സർക്കുലർ ൪൨൮.

സർക്കാർ ജീവനക്കാരിൽനിന്നും സഹകരണസംഘങ്ങൾക്കു ഈടാകാനുള്ള തുകകൾ അവരുടെ ശമ്പളത്തിൽനിന്നും പിടിച്ചു ഈടാക്കുന്നതിനെ സംബന്ധിച്ചുള്ള ൧൯൮൦ ഡിസംബർ ൨൩-ാംനു-ലെ ആർ. ഡിസ്സ്. നമ്പർ ൨൬൧൩-൮൦-ഡെവലപ്പ്മെൻറു് ഗവൺമെൻറുത്തരവിൻെറ താല്പര്യം എല്ലാ സംഘങ്ങളുടേയും അറിവിലേയ്ക്കായി താഴെ ചേർക്കുന്നു.

൧൯൨൩ സെപ്റ്റംബർ ൧൩-ാംതിയതിയിലെ ജി. ഒ. ആർ. ഡിസ്സ്. ൧൬൨൮-൨൩ ഡെവലപ്പ്മെൻറു് ഉത്തരവനുസരിച്ചു സഹകരണസംഘങ്ങൾക്കു സക്കാർ ജീവനക്കാരിൽനിന്നും ഈടാകേണ്ട തുകകൾ അവരുടെ ശമ്പളത്തിൽനിന്നും പിടിച്ചീടാക്കികൊടുക്ക

ണമെന്ന് സംഘങ്ങൾ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാർക്കും, ആഫീസ മേലദ്ധ്യക്ഷന്മാർക്കും നേരിട്ടു അപേക്ഷകൾ അയക്കുന്നതുകൊണ്ടു അവർക്കു വലിയ ബുദ്ധിമുട്ടുകളും വിഷമതകളും നേരിട്ടുകൊണ്ടിരിക്കുന്നതായി ഗവണ്മെൻറിനു അറിവായിരിക്കുന്നു. അതുകൊണ്ടു ശമ്പളത്തിൽ നിന്നും തുക പിടിച്ചുകൊടുക്കണമെന്നു മേലാൽ യാതൊരു സഹകരണ സംഘവും ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനോ, ആഫീസ് മേലദ്ധ്യക്ഷനോ, ശമ്പളം വിതരണം ചെയ്യുന്ന മററുദ്യോഗസ്ഥന്മാർക്കോ നേരിട്ടു അപേക്ഷകൾ അയയ്ക്കുവാൻ പാടില്ലാത്തതാകുന്നു. ആ പ്രകാരമുള്ള അപേക്ഷകൾ സംഘങ്ങൾ ആദ്യമായി സഹകരണസംഘം രജിസ്ട്രാർക്കു അയക്കേണ്ടതാണ്. അപേക്ഷ കിട്ടിയ ഉടൻ അതിന്മേൽ ആവശ്യമെന്നു തോന്നുന്ന അന്വേഷണങ്ങൾ നടത്തി, ശമ്പളത്തിൽ പിടിക്കാവുന്നതാണെന്നു ബോദ്ധ്യം വന്നതിനുശേഷം അതിലേക്കു വേണ്ടതു രജിസ്ട്രാർ ചെയ്യുന്നതാണ്. ശമ്പളജപ്തി നിറുത്തുന്നതിനു സംഘങ്ങളിൽ നിന്നോ, സർക്കാർ ജീവനക്കാരായ കടക്കാരിൽനിന്നോ, ജപ്തി തുക കുറവു ചെയ്യുന്നതിനുള്ള അപേക്ഷയോ, ശമ്പളജപ്തിയെപ്പററിയുള്ള മെമ്പറന്മാരുടെ തർക്കങ്ങളോ ആക്ഷേപങ്ങളോ എല്ലാംതന്നെയും രജിസ്ട്രാർക്ക് അയയ്ക്കേണ്ടതാണ്.

൧൯-൮-൨൯-ലെ ആർ ഡിസ്സ്. നമ്പർ ൧൨൨൪-൨൯-ലെ ഡെവലപ്പ്മെൻറു ഉത്തരവും അനുസംബന്ധമായ മററു ഗവണ്മെൻറുത്തരവുകളും അനുയോജ്യമാംവിധം ഭേദഗതി ചെയ്തിരിക്കുന്നു.

പ്രസ്തുത ഗവമ്മെൻറു സർക്കുലർ അനുസരിച്ചു സംഘങ്ങൾ അപേക്ഷകൾ ഇവിടെ അയയ്ക്കുമ്പോൾ താഴെ പറയുന്ന വിവരങ്ങൾ വിശദമാക്കിയിരിക്കണം.

൧. സംഘത്തിൻെറ പേരു, രജിസ്റററർ നമ്പർ അഞ്ചൽ ആഫീസ്.

൨. ശമ്പളത്തിൽനിന്ന് തുക ഈടാക്കേണ്ട മെമ്പറുടെ പേരും ഇപ്പോഴത്തെ മേൽവിലാസവും.

൩. മെമ്പറുടെ പ്രതിമാസശമ്പളം.

൪. വായ്പയിൽ ബാക്കിനില്പു തുക.

൫. മാസംതോറും പിടിക്കേണ്ട തുക.

൬. ശമ്പളം പിടിക്കേണ്ട ഉദ്യോഗസ്ഥൻ.

൭. നേരിട്ടുള്ള ബാദ്ധ്യതയോ, ജാമ്യബാദ്ധ്യതയോ.

൮. (എ) ജാമ്യബാദ്ധ്യതയെങ്കിൽ മുഖ്യ വായ്പക്കാരൻെറ പേരിൽ എന്തു നടപടി എടുത്തെന്ന്.

(ബി) അതിന്റെ ഫലം.

൩. ശമ്പളത്തിൽ പിടിക്കാൻ പ്രമാണത്തിൽ സമ്മതിച്ചിട്ടുണ്ടോ എന്ന്.

൧൦. റിമാർക്ക്.

സക്ക്യുലർ ൨൩.

ഗവണ്മെൻറു ഉത്തരവ് ൨൩-൧൨-൪൦-ലെ ആർ ഡിസ് നമ്പർ ൨൭൧൩-൪൦ ഡവലപ്പ്മെൻറ് അനുസരിച്ച് സക്കാർജീവനക്കാരുടെ ശമ്പളത്തിൽനിന്നും മേലധികാരികൾ മുഖേന തുകകൾ പിടിച്ച് ഈടാക്കിക്കൊടുക്കണമെന്നുള്ള അപേക്ഷകൾ സക്ക്യുലർ ൨൨൪ അനുസരിച്ച് ഈ ആഫീസിൽ സംഘങ്ങൾ മുറയ്ക്ക് അയച്ചുകൊണ്ടിരിക്കുന്നു. കേസുകൾ കൊടുത്തിട്ടുള്ളതും, അവാർഡു സമ്പാദിച്ചിട്ടുള്ളതുമായ വായ്പകളെ സംബന്ധിച്ചും, അല്ലാത്ത വായ്പകളെസംബന്ധിച്ചും, ഒരുപോലെ റിക്കവെറിയ്ക്കുള്ള അപേക്ഷകൾ ഇവിടെ ലഭിച്ചു വരുന്നു എന്നാൽ കേസു കൊടുത്തിട്ടുള്ളതൊ, അവാർഡ് സമ്പാദിച്ചിട്ടുള്ളതോ ആയ വായ്പകളുടെ സംഗതിയിൽ കക്ഷികളുടെ ശമ്പളത്തിൽ പിടിച്ചു തുക ഈടാക്കിക്കൊടുക്കുവാൻ ഇവിടെ അപേക്ഷിക്കേണ്ട ആവശ്യമില്ല. അവാർഡുകളിന്മേൽ മുറയ്ക്കു വിധിനടത്തു നടപടികൾ എടുത്ത് തുക ഇടാക്കുന്നതിനു സംഘങ്ങൾ ഏർപ്പാടു ചെയ്തുകൊള്ളേണ്ടതാണ്. ൨൨൪-ാംനമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള ഫാറത്തിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾക്കു പുറമേ വായ്പ ഈടാക്കുന്നതിനു കേസുകൊടുത്തിട്ടുള്ളതൊ, അവാർഡ് സമ്പാദിച്ചിട്ടുള്ളതൊ ആണെങ്കിൽ ആ വിവരംകൂടി അതിന്റെ റിമാർക്സ കാളത്തിൽ പറഞ്ഞിരിക്കുകയും ചെയ്യണം.

സക്ക്യുലർ ൨൩൨.

സഹകരണസംഘങ്ങളിൽനിന്നും വായ്പ എടുത്തതിനുശേഷം അവ കുടിശ്ശിക വരുത്തിയിട്ടുള്ള സക്കാർ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഈ ആഫീസിലെ നിർദ്ദേശം അനുസരിച്ചു ഈടാക്കുന്ന തുക അതാതു സംഘങ്ങളിൽ മാസംതോറും ൧൦-ാംനു-ക്കു മുമ്പു എത്തിച്ചു കൊടുക്കേണ്ടതാണെന്നു നിഷ്കർഷിച്ചുകൊണ്ടുള്ള ഗവണ്മെൻറു സക്ക്യുലറിന്റെ (൧൧൪൪ ജൂലായ് ൨൯-ലെ ഡിസ. നമ്പർ ൨൨൧൨൪൪ ഡവലപ്പ്) തർജ്ജമ അനുബന്ധമായി ചേർത്തിരിക്കുന്നതിലേക്കു സംഘങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

൮. സക്കാർജീവനക്കാരുടെ ശമ്പളത്തിൽനിന്നും സഹകരണസംഘങ്ങൾക്ക് ഈടാകുവാനുള്ള തുക ഈടാക്കുന്നതിനും അതു ക്ലിപ്ത സമയത്തിനുള്ളിൽ സംഘത്തിനു കിട്ടുന്നതിനുംവേണ്ടി ഗവമ്മെൻറിൽനിന്നും ദയാപുരസ്സരം ഇതുപര്യന്തം പല നടപടികളും എടുത്തിട്ടുണ്ട്. ഡിപ്പാർട്ടുമെൻറുകളുടേയും ആഫീസുകളുടേയും അദ്ധ്യക്ഷന്മാരമായി എഴുത്തുകുത്തു നടത്തി കാലതാമസം വരുത്താതിരിക്കുന്നതിനുവേണ്ടി ഏതു സിൽബന്തികളുടേയും ശമ്പളപ്പിടിത്തത്തിനുള്ള അപേക്ഷ സംഘങ്ങൾ നേരിട്ടു രജിസ്ട്രാർക്ക് അയച്ചു കൊടുത്താൽ മതി എന്നു ഗവണ്മെൻറു ഉത്തരവായിട്ടുണ്ട്. (൧൧൦൦ ഡിസംബർ ൨൩-ലെ ആർ. ഡിസ്. നമ്പർ ൮. ൧൨൮൦ ഡവലപ്പ്) തിരുവിതാംകൂർ സക്കാർ ജീവനക്കാർക്കുള്ള തൽക്കാലാശമ്പളവിളംബരത്തിന്റെ പരിധിയിൽനിന്നും വന്ന രൂപാവരെ ശമ്പളമുള്ള ജീവനക്കാരെ ഒഴിവാക്കുന്നതിനു ഗവമ്മെൻറിന് കാരുണ്യമുണ്ടായിട്ടുണ്ട്. (൧൧൦൯ സെപ്റ്റംബർ ൨-ലെ ആർ. ഡിസ്. നമ്പർ ൩൬൭-൪൮ ഡവലപ്പ്) ഖജനാവിൽനിന്നും നേരിട്ടു ശമ്പളം വാങ്ങുന്ന നാൺഗസററഡ് ഉദ്യോഗസ്ഥന്മാരുടെ ബില്ലുകൾ, സഹകരണവായ്പത്തവണകൾ അടച്ചതായി രേഖകൾ ഹാജരാക്കാത്ത അവസരങ്ങളിൽ പാസ്സാക്കുവാൻ പാടില്ലെന്ന് കൌണ്ടർസൈനിംഗ് ആഫീസറന്മാരോടു നിർദ്ദേശിച്ചിട്ടുണ്ട്. (൧൧൦൯ നവംബർ ൪-ലെ ഡി. ഡിസ്. നമ്പർ ൯൪൯൬-൪൯ ഡവലപ്പ്.)

൯. എന്നാൽ ഗവമ്മെൻറിൽനിന്നും ചെയ്തുതന്നിട്ടുള്ള ഈ അനുകൂല്യങ്ങളുടെ പൂർണ്ണഫലം സംഘങ്ങളുടെ അശ്രദ്ധനിമിത്തം അവയ്ക്കു സിദ്ധിക്കുന്നതായി കാണുന്നില്ല. ഈ സ്ഥിതി പരിഹരിക്കുന്നതിനുവേണ്ടി സക്കാർ ജീവനക്കാരുടെ വായ്പകളെ സംബന്ധിച്ചു താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് എല്ലാ സംഘങ്ങളും പ്രത്യേകിച്ച് ഗവമ്മെൻറുദ്യോഗസ്ഥന്മാർ മാത്രം അംഗങ്ങളായിട്ടുള്ള സംഘങ്ങളും പ്രവർത്തിക്കേണ്ടതാണ്. അശ്രദ്ധകൊണ്ടോ ഉപേക്ഷകൊണ്ടോ വരുന്ന കാലതാമസം ഹേതുവായി മേൽവിലാസം അറിയാൻ സാധിക്കാതെവരുവാനും വായ്പക്കാരും ജാമ്യക്കാരും പെൻഷൻപററിപ്പിരിക്കാനും ഇടവന്നിട്ടുണ്ട്.

൧൦. വായ്പക്കാരൻ മൂന്നുതവണ തുടർച്ചയായി മുടക്കംവരുത്തുകയാണെങ്കിൽ വായ്പക്കാരനും ജാമ്യക്കാർക്കും ഉടനെ നോട്ടീസു കൊടുക്കണം.

൨. നോട്ടീസവധിക്കകം പണം അടയ്ക്കുന്നില്ലെങ്കിൽ ശമ്പളപ്പിടിത്തത്തിനുള്ള നടപടി നടത്തണമെന്ന് ഈ ആഫീസിലേക്കെഴുതി അയയ്ക്കണം. ഈടാക്കേണ്ട തുക ശരിയായി നിർണ്ണയിക്കപ്പെട്ടതിനു ശേഷമേ എഴുതി അയയ്ക്കേണ്ടതാണ്. വായ്പക്കാരന്റെയും ശമ്പളം പിടിക്കേണ്ട ഉദ്യോഗസ്ഥന്റെയും പൂർണ്ണമായ മേൽവിലാസം കാണിച്ചിരിക്കണം. യുദ്ധകാല അലവൻസും കൂടി ശമ്പളത്തിന്റെ കൂടെ പ്രത്യേകം എടുത്തു കാണിച്ചിരിക്കണം.

൩. ഖജനാവിൽനിന്നു നേരിട്ടു ശമ്പളം വാങ്ങുന്ന നാൺഗസറ്റഡ് ഉദ്യോഗസ്ഥന്മാർ സംഘത്തിൽ നേരിട്ടാണ് പണം അയയ്ക്കുന്നത്. പണം കിട്ടിയാൽ ഉടൻ രസീതു അയച്ചു കൊടുക്കണം.

൪. വായ്പക്കാരന്റെമേൽ നടപടി നടത്തി ഈടാക്കുകയില്ലെന്നു കണ്ടതിനു ശേഷം മാത്രമെ ജാമ്യക്കാരുടെ മേൽ നടപടി നടത്തുന്നതിന് അപേക്ഷിക്കുവാൻ പാടുള്ളൂ. ജാമ്യക്കാരുടെ മേൽ നടപടി നടത്തണമെന്ന് അപേക്ഷിക്കുമ്പോൾ പ്രധാന വായ്പക്കാരന്റെമേൽ എന്തു നടപടി നടത്തി എന്നും ഫലം എന്തായിരുന്നു എന്നും പ്രത്യേകം പറഞ്ഞിരിക്കണം.

൫. ശമ്പളപ്പിടിത്തം ഉത്തരവിലിരിക്കുമ്പോൾ കുടിശ്ശിക തീർത്തു എന്നുള്ള കാരണത്താൽ നടപടി നിർത്തിവയ്ക്കുന്നതല്ല. സംഘങ്ങൾ അങ്ങനെ അപേക്ഷകൾ അയയ്ക്കുവാൻ പാടില്ല. (നോട്ട് ൩ ആർട്ടിക്കിൾ ൩൧൨ ഫിനാൻഷ്യൽ ആന്റ് അക്കൌണ്ടുകോഡ്)

൬. ശമ്പളം പിടിച്ചീടാക്കിയതുകയും ജാമ്യക്കാരുടെ പേരു വിവരം കാണിക്കുന്ന ലിസ്റ്റും ആഫീസുകളിൽനിന്നും സംഘങ്ങളിൽ കിട്ടിയാൽ ഉടൻതന്നെ ലിസ്റ്റിൽ കാണുന്ന മൊത്തം തുകയ്ക്കു ഒരു രസീതും വായ്പക്കാർക്കു പ്രത്യേകംപ്രത്യേകം രസീതുകളും അയച്ചു കൊടുക്കേണ്ടതാണ്. പണം സെറ്റകളുമുണ്ടെങ്കിൽ ആഫീസുകളിൽനിന്നും നേരിട്ടുവാങ്ങുകയൊ അല്ലാത്തപക്ഷം മണിയാർഡർ ചെലവു കഴിച്ചുള്ള തുക അയച്ചുതരുന്നതിനു ആവശ്യപ്പെടുകയൊ ചെയ്യണം. പണം സംഘത്തിൽ കിട്ടിയാലുടനെ അതാതു വായ്പകളിൽ വരവുവയ്ക്കേണ്ടതാണ്.

ശമ്പളപ്പിടിത്തംമൂലം വായ്പ മുഴുവൻ അടഞ്ഞുതീർന്നാലുടനെ തന്നെ വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

൬. ഇപ്പോൾ ഗവമ്മെൻറിൽനിന്നും പറപ്പെടുവിച്ചിരിക്കുന്ന സർക്കലറിൻെറ പൂർണ്ണമായ ഗുണം സംഘങ്ങൾക്കു സിദ്ധിക്കേണ്ടതിനും അതിനെ അനുസരിച്ചു ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നതിനുവേണ്ടി ഈ ആഫീസിൽ നിന്നും ശമ്പളം പടിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടെന്നു സംഘത്തിനെ തെയ്യപ്പെടുത്തിയിട്ടുള്ള ഏതൊരു വായ്പയിലെങ്കിലും, എല്ലാമാസങ്ങളിലും ക്ലിപ്തപ്പെടുത്തിയിട്ടുള്ള തീയതിക്കു മുമ്പു പണം കിട്ടിയിട്ടില്ലെങ്കിൽ ആ വിവരം ഉടനെ ഈ ആഫീസിലേക്കു റിപ്പോർട്ടു ചെയ്യേണ്ടതാണ്. ഇങ്ങിനെ ചെയ്യുന്നതിനു ഓരോ മാസവും അവസാനത്തിൽ അടുത്തമാസത്തിൽ പിരിയേണ്ട സംഖ്യകളുടെ ലിസ്റ്റ് തയ്യാറാക്കി വയ്ക്കുന്നതു നന്നായിരിക്കും.

സർക്കുലർ

ഡി. ഡിസ്. നമ്പർ ൨൨൭൬, ൪൪ ഡവലപ്പ്മെൻറ്.

൧൯൪൦ ഡിസംബർ ൨൩-ാംനു ആർ. ഡിസ്. നമ്പർ ൨൭൭൪൦ ഡവലപ്പ് അനുസരിച്ചു സർക്കാർജീവനക്കാരുടെ ശമ്പളത്തിൽനിന്നും സഹകരണസംഘങ്ങളിലെ വായ്പകൾക്കായി പിടിച്ചുണ്ടാക്കുന്ന സംഖ്യകൾ അതാതു സംഘങ്ങൾക്കു എത്തിച്ചുകൊടുക്കുന്നതിൽ വലിയ കാലതാമസം വരുത്തുന്നതായി സഹകരണസംഘം രജിസ്ട്രാർ ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവന്നിരിക്കുന്നു. ശമ്പളം എല്ലാ മലയാളമാസത്തിലും മിക്കവാറും ൧-ം ൨-ം തീയതികളിലായി കൊടുക്കപ്പെടുന്നുണ്ടു്. സംഘങ്ങൾക്കായി പിടിച്ചെടുക്കുന്ന തുക അവയ്ക്കു അയച്ചുകൊടുക്കുന്നതിൽ താമസം വരുത്തുന്നതു ന്യായീകരിക്കത്തക്കതല്ലെന്നു് ഗവമ്മെൻറു കരുതുന്നു. എല്ലാ മാസങ്ങളിലും ൧൦-ാംനു-ക്കു മുമ്പു ഈ തുകകൾ സംഘങ്ങൾക്കു കിട്ടാതെവരുന്നതിനു കാരണം ഒന്നും കാണുന്നില്ല. ശമ്പളബിൽ മാറിയാൽ ഉടൻതന്നെ പണം ഈടാക്കിയിട്ടുള്ള ജീവനക്കാരുടെ ലിസ്റ്റും മാരോരുത്തരിൽനിന്നും എത്തുതുക ഈടാക്കിയിട്ടുണ്ടെന്നുള്ള വിവരവും ഓരോ സംഘത്തിനേയോ അല്ലെങ്കിൽ സംഘങ്ങളെയോ അറിയിക്കേണ്ടതാണു. ഈടാക്കിയ തുക ഉടനെതന്നെ അയച്ചുകൊടുക്കണം. ഓരോ മാസത്തിലും ൧൦-നു-തുക അയച്ചുകൊടുക്കുന്നതിനുള്ള അവസാനതീയതിയായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഇക്കാര്യത്തിൽ അനാവശ്യമോ നിവാര്യമോ ആയ കാലവിളംബം വരുത്തുന്നവരുടെമേൽ ഗവമ്മെൻറു കർശനമായ നടപടികൾ നടത്തുന്നതാണു.

൪൪. താലൂക്കബാങ്കുകൾ.

സർക്കുലർ ൧൩൧.

പ്രധാനമായി അംഗസംഘങ്ങളെ പോഷിപ്പിക്കുന്നതിലേക്കായി രജിസ്റ്റർ ചെയ്തു നടത്തപ്പെട്ടു വരുന്ന താലൂക്ക പരസ്പരസഹായ ബാങ്കുകളിൽ പലതിലും സംഘങ്ങളുടെ വക ഓഹരി, കരുതൽധനം, സംഘങ്ങൾക്കു കൊടുക്കുന്നതിലേക്കായി കുറഞ്ഞ പലിശ നിരക്കിനു സെൻട്രൽ ബാങ്കിൽനിന്നും വാങ്ങുന്ന വായ്പ, ഇവയെല്ലാം സംഘങ്ങൾക്കു ധനസഹായം ചെയ്യാനായി മാത്രം വിനിയോഗിക്കപ്പെടേണ്ടതാണെന്നുള്ള തത്വം വിസ്മരിച്ചു, മേല്പറഞ്ഞ മുതലുകൾ വ്യക്തികൾക്കു് വായ്പ കൊടുക്കാനായി പലപ്പോഴും ഉപയോഗപ്പെടുത്തിവരുന്നതായി കാണുന്നു. ഈ വിഷയത്തിൽ മിക്ക താലൂക്കബാങ്കുകളും വ്യതിയാനം ചെയ്തിട്ടുള്ളതായും ചുരുക്കം ചിലവയിൽ ഭീമമായ വ്യത്യാസമുള്ളതായും കാണുന്നു. ആരംഭകാലത്തു വ്യക്ത്യംഗങ്ങളുടെ ആനുകൂല്യത്തോടുകൂടി ഉത്ഭവിച്ചിട്ടുള്ള ഇത്തരം ബാങ്കുകൾ അവരുടെ അപേക്ഷകളെ അവഗണിക്കണമെന്നു ഇവിടെ അശേഷം ആഗ്രഹിക്കുന്നില്ല. എന്നാൽ കാലക്രമേണ വ്യക്തിവായ്പകൾ എല്ലാം പ്രാഥമിക സംഘങ്ങൾതന്നെ നിർവഹിക്കത്തക്ക ശക്തി അവയ്ക്കുണ്ടാക്കിത്തീർക്കണമെന്നുള്ളതു ബാങ്കിന്റെ ആദർശങ്ങളിൽപ്പെട്ട ഒന്നാകയാൽ വ്യക്തികൾക്കു കഴിയുന്നിടത്തോളം അവരവരുടെ സ്ഥലത്തുള്ള പ്രാഥമിക സംഘങ്ങൾ മൂലം ധനസഹായം ചെയ്തു കാലാന്തരത്തിൽ മുൻപറഞ്ഞ ആദർശപ്രാപ്തിക്കു ശ്രമിക്കേണ്ടതു എല്ലാ ബാങ്കു ഭാരവാഹികളുടെയും കർത്തവ്യമാകുന്നു. ഈ വിഷയത്തിൽ ഓരോ ബാങ്കിനും ഉണ്ടാകുന്ന അഭിവൃദ്ധിയെ തുലനം ചെയ്യുന്നതിലേക്കായി മേലാൽ എല്ലാ താലൂക്കബാങ്കുകളും അവയുടെ മാസാന്ത്യക്കണക്കുകളിൽ (വരവു ചിലവുകളിലും കുടിശ്ശിക പിരിവിലും) ഓഹരിവായ്പ സെൻട്രൽബാങ്ക്‌വായ്പ എന്നീ ഇനങ്ങൾ വ്യക്തികളെസംബന്ധിച്ചും സംഘങ്ങളെസംബന്ധിച്ചും ഉള്ളവ പ്രത്യേകമായി താഴെ കൊടുത്തിരിക്കുന്ന രീതിയിൽ കാണിച്ചിരിക്കണമെന്നു താല്പര്യപ്പെടുന്നു.

വരവ്.

ഓഹരിത്തുക	സംഘങ്ങൾ.
	വ്യക്തികൾ.
സെൻട്രൽബാങ്കുവായ്പ	സംഘങ്ങൾക്കായി.
	വ്യക്തികൾക്കായ്.

		ചെലവ്.
ഓഹരിത്തുക	{	സംഘങ്ങൾ.
		വ്യക്തികൾ.
		കടിശ്ശിക
മാസാവസാനത്തിൽ		സംഘങ്ങൾക്ക— അതിൽ കടിശിഖ
നില്പ് വായ്പ		വ്യക്തികൾക്ക— ടി

(ഇതിൽ വായ്പകളുടെ എണ്ണവും തുകയും പറയണം)

സർക്കുലർ ൨൦൭.

പ്രാഥമികസംഘങ്ങൾ സംസ്ഥാനത്തെ ധനസഹായകേന്ദ്രസ്ഥാപനമായ സെൻട്രൽ ബാങ്കിൽ എടുത്തിട്ടുള്ള ഓഹരികൾ താലൂക്ക ബാങ്കുകളിലേക്ക് കൈമാററം ചെയ്യണമെന്നുള്ള അപേക്ഷകൾ ഇപ്പോൾ വർദ്ധിച്ചുവരുന്നതായി കാണുന്നു. വേണ്ട രക്ഷാവ്യവസ്ഥകളോടുകൂടിയല്ലാതെയുള്ള ഇപ്രകാരമുള്ള കൈമാററങ്ങൾ അനുവദിക്കുന്നപക്ഷം, പൊതുവെ പ്രസ്ഥാനത്തിൻെറയും, പ്രത്യേകിച്ച കേന്ദ്രസ്ഥാപനമായ സെൻട്രൽ ബാങ്കിൻെറയും സുസ്ഥിരനിലക്ക് ഹാനി തട്ടുമെന്നും, ഓരോ പ്രാഥമികസംഘവും സെൻട്രൽബാങ്കിൽ എടുത്തിട്ടുള്ള ഓഹരി അതാതു താലൂക്ക ബാങ്കിലേക്ക് കൈമാററം ചെയ്യുമ്പോൾ അത്രയും ഓഹരിത്തുക താലൂക്കബാങ്ക് സെൻട്രൽബാങ്കിൽ പകരമായി എടുക്കുന്ന എന്ന കാര്യക്ഷമതയും അത്യാവശ്യമാണെന്നും സെൻട്രൽ ബാങ്കു അഭിപ്രായപ്പെട്ടിരിക്കുന്നു. സെൻട്രൽബാങ്കു പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം, ന്യായവും പ്രസ്ഥാനത്തിൻെറ പൊതുവേയുള്ള രക്ഷയ്ക്കു അത്യാവശ്യവുമാണെന്നു വിചാരിക്കുന്നു. ഒരു സംഘത്തിന് സെൻട്രൽ ബാങ്കുമായി നേരിട്ടു പണമിടപാട് ഇല്ലാതിരിക്കുകയും എന്നാൽ താലൂക്ക ബാങ്കുമായിട്ടു മാത്രം അപ്രകാരം ഉണ്ടായിരിക്കുകയും ചെയ്യുന്ന സംഗതികളിൽകൂടി പ്രാഥമികസംഘങ്ങൾക്കും, താലൂക്കബാങ്കുകൾക്കും, കേന്ദ്രസ്ഥാപനത്തോടുള്ള കർത്തവ്യം വിസ്മരിക്കാവുന്നതല്ല. സെൻട്രൽ സ്ഥാപനത്തിൻെറ ശക്തിക്ക് ഹാനിതട്ടാതെ സൂക്ഷിക്കേണ്ടത് എല്ലാ സഹകരണസ്ഥാപനങ്ങളുടെയും പ്രഥമചുമതലയാണ്. ഈ സ്ഥിതിക്ക് ഓഹരികൾ താലൂക്ക ബാങ്കുകളിലേക്ക മാററുന്നതിനു സംഘങ്ങൾ അപേക്ഷിക്കുമ്പോൾ അത്രയും ഓഹരി സെൻട്രൽബാങ്കിൽ കൂടുതലായി എടുക്കുന്നതിന് അതാതു താലൂക്കബാങ്കുകൾ തയ്യാറാകേണ്ടതാണ്. താലൂക്കബാങ്കുകൾ ഈ തത്വം മനസ്സിലാക്കി മേേൽ

പ്രവൎത്തിക്കണമെന്നു താല്പൎയ്യപ്പെട്ടുകൊള്ളുന്നു. ഈ വ്യവസ്ഥ താലൂക്കു ബാങ്കുകൾ സ്വീകരിച്ച് വേണ്ടതുപോലെ പ്രവൎത്തിക്കുന്നുണ്ടെങ്കിൽ പ്രാഥമികസംഘങ്ങളുടെ ഓഹരികൾ കൈമാററം ചെയ്യുന്നതിനുള്ള അപേക്ഷകൾ അനുവദിക്കുന്നതിന് തടസ്സങ്ങൾ മിക്കവാറും ഉണ്ടാകുന്നതല്ല.

൪൭. സെൻട്രൽബാങ്ക്

സൎക്കുലർ. ൪൯.

. സെൻട്രൽബാങ്കിൽ നിന്നും സംഘങ്ങളിലേക്കു കിട്ടേണ്ടതായ "റിബേററു" (ഇളവുചെയ്തു കിട്ടുന്ന പലിശ) തുക കാണിക്കുന്ന ഒരു സ്റ്റേററുമെൻറ്, ബാങ്ക്സെക്രട്ടറിയുടെ ഒപ്പോടുകൂടി ആണ്ടുവതി കണക്കുകൾ സഹിതം എല്ലാ കൊല്ലത്തിന്റെ അവസാനത്തിലും ഈ ആഫീസിലേയ്ക്കു അയച്ചുതരേണ്ടതാണെന്നു എല്ലാ പരസ്പരസഹായ സംഘങ്ങളേയും ഇതിനാൽ അറിയിച്ചിരിക്കുന്നു.

സൎക്കുലർ ൰൨.

തിരുവനന്തപുരം ൧-ാം നമ്പർ സെൻട്രൽ കോഓപ്പറേറ്റീവ് ബാങ്കി(ക്ലിപ്തം)നോടു ഭവിഷ്യൽകാലനിക്ഷേപം (പ്രോവിഡൻറു ഡിപ്പാസിററു) എന്ന ഏൎപ്പാടുകൂടി സംഘടിപ്പിക്കുന്നതിലേക്കു വേണ്ടതു ചെയ്തിട്ടുണ്ടെന്നുള്ള വസ്തുത എല്ലാ പരസ്പരസഹായസംഘങ്ങളേയും സഹകാരികളേയും അറിയിച്ചുകൊള്ളുന്നു. ബാങ്കിലെ അംഗങ്ങൾക്കെന്നല്ലാ മററു പുറമേയുള്ളവൎക്കും ബാങ്കിൽ കണക്കു പിടിക്കുന്നതിലേക്കു സ്വാതന്ത്ര്യമുണ്ട്. ഇപ്രകാരമുള്ള ഒരു ഏൎപ്പാടിന്റെ മുഖ്യമായ ഉദ്ദേശം ഇടത്തരം ആളുകളുടെ ചില്ലറ സമ്പാദ്യത്തെ സ്വരൂപിപ്പിക്കുന്നതിലേക്കും അതിനെ വാൎദ്ധക്യകാലത്തെ ആവശ്യത്തിലേക്കും, പുത്രികളുടെ കല്യാണം വകയ്ക്കും, കുട്ടികളുടെ വിദ്യാഭ്യാസച്ചിലവിലേക്കും, അഥവാ വല്ല ധൎമ്മവിഷയത്തിലേക്കും ഉപയോഗിക്കുന്നതിലേക്കു സഹായിക്ക എന്നുള്ളതാണ്.

ഇതിനെ സംബന്ധിച്ച വിവരങ്ങളും ചട്ടങ്ങളും എല്ലാം പൊതുജനങ്ങളുടെ അറിവിലേക്കായി അച്ചടിച്ചിരിക്കുന്നു. ഇതിന്റെ മുഖവുരയിൽ ഇപ്രകാരമുള്ള ഇതരഏൎപ്പാടുകളെ സംബന്ധിച്ചു പ്രസ്തുത ഏൎപ്പാടിനുള്ള കൂടുതൽ ഗുണങ്ങളെപ്പററി പറഞ്ഞിരിക്കുന്നു.

എല്ലാ സംഘങ്ങളും ഇതിനെപ്പററി കഴിയുന്നതു പ്രചാരം പൊതുജനങ്ങളുടെ ഇടയിൽ ചെയ്യുന്നതു വളരെ യുക്തമായിരിക്കും.

തിരുവനന്തപുരം ൧-ാം നമ്പർ സെൻട്രൽ കോ ഓപ്പറേറ്റീവ് ബാങ്ക് (ക്ലിപ്തം)

ഭവിഷ്യൽകാല നിക്ഷേപങ്ങൾ.

(Provident Deposits.)

ഈ ബാങ്കു കുറേക്കൂടി ഉപയോഗപ്രദമായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഇതിൽ ഭവിഷ്യൽ കാലനിക്ഷേപകണക്കുകൾ തുടങ്ങുന്നതിലേക്കു തീർച്ചപ്പെടുത്തിയിരിക്കുന്നു. ഈ ഏർപ്പാടു മിക്കവാറും ഒരേ അവസരത്തിൽ സ്വല്പസംഖ്യമാത്രം സമ്പാദിപ്പാൻ കഴിവുള്ള ജനങ്ങളുടെ ഗുണത്തിനെ ഉദ്ദേശിച്ചാണ് ആരംഭിച്ചിട്ടുള്ളത്. ഇതിൽ സമ്പന്നന്മാൎക്കും സാധുക്കൾക്കും ഒരുപോലെ വാർദ്ധക്യത്തിലും ശരീരാസ്വാസ്ഥ്യം നേരിടുന്ന കാലത്തും അവൎക്കു പണസംബന്ധമായ സൌകൎയ്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും, (൨) മരണം സംഭവിക്കുന്ന പക്ഷം അവരുടെ കുട്ടികൾക്കും ആശ്രിതന്മാർക്കും പണസംബന്ധമായ സൌകൎയ്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും, (൩) പരോപകാരപ്രദമായോ, ധർമ്മപരമായോ ഉള്ള അവരുടെ ഉദ്ദേശങ്ങളെ സാധിപ്പിക്കുന്നതിനും വേണ്ട മാർഗ്ഗങ്ങൾ കരുതീട്ടുണ്ട്.

ഈ ഡിപ്പാസിററിൻെറ ഒരു പ്രത്യേകത പുത്രികളുടെ വിവാഹങ്ങൾക്കും, കുട്ടികളുടെ വിദ്യാഭ്യാസത്തിനും, ഭാൎയ്യയുടേയും മററുള്ളവരുടേയും വാർദ്ധക്യകാലത്തെ പെൻഷൻ, അന്യൂയിററി (വർഷാശനം) മുതലായവകൾക്കും വേണ്ട സൌകൎയ്യങ്ങൾ ഇതിൽ വ്യവസ്ഥപ്പെടുത്താമെന്നുള്ളതാണ്.

ഈ നിക്ഷേപത്തിൻെറ ഗുണങ്ങൾ.

(൧) ഒരു ലൈഫ് ഇൻഷുറൻസ് പോളിസിയിൽ മരണത്തെക്കൂടി വിവക്ഷിച്ചിരിക്കുന്നതിനാൽ വൃദ്ധന്മാർക്കും, രോഗികൾക്കും, സ്ത്രീകൾക്കും അതിൽ ചേരാൻ നിവൃത്തിയില്ലാത്തതും അതിനാൽ ഒരു ദീർഘജീവിതത്തിന് അതു ആദായപ്രദമായ ഒരു നിക്ഷേപമായിരിക്കുന്നില്ലാത്തതുമാകുന്നു. ശരിയായ ഗഡുക്കളിൽ പണം അടയ്ക്കാതെയിരുന്നാൽ പാളിസിക്കാരൻെറ അവകാശം നശിക്കുകയും അടച്ചെടത്തോളം തുക മുഴുവൻ നഷ്ടമാകുകയും ചെയ്യുന്നു. പ്രീമിയ ക്രമത്തിനെ (ഗഡുവുകളിലായി മുൻകൂർ അടയ്ക്കേണ്ടതുക) പാളിസിക്കാരൻെറ

സ്ഥിതിഭേദം അനുസരിച്ചു കുറയ്ക്കാൻ സാധിക്കയില്ല. എല്ലായ്പോഴും പോളിസിക്കാരനു കിട്ടുന്ന സറണ്ടർ വാല്യു (മുടക്കം വരുത്തിയാൽ മടങ്ങികിട്ടുന്ന തുക) അവധിതോറും അടച്ചിട്ടുള്ള തുകകളുടെ ആകെ മൊത്തം സംഖ്യയേക്കാൾ എത്രയോ കുറവായിരിക്കുന്നു. മൊത്തമായി ഒരു തുക ഇൻഷ്വറൻസുകമ്പനിയിൽ നിക്ഷേപിച്ച് അവധികൾ തോറും അടയ്ക്കാനുള്ള തുക അതിൽനിന്നും വകവച്ചു എടുത്തുകൊള്ളുന്നതിനു ഏർപ്പാടുചെയ്യാനും നിവൃത്തിയില്ല. ഇൻഷ്വറൻസ് കമ്പനിയിൽ ചേരുമ്പോൾ വയസ്സിനേയും ആരോഗ്യത്തേയും പററിയുള്ള ശരിയായ തെളിവുകൾ ഹാജരാക്കേണ്ടതായും ഉണ്ട്. മുടക്കംവരുത്തുന്ന മാരോ ഗഡുവുകളിലും വീണ്ടും വീണ്ടും ഡാക്ടർമൂലം ദേഹപരിശോധനയും നടത്തിക്കണം.

(വ) വരിക്കാർ സ്ഥിരനിക്ഷേപങ്ങൾ അടയ്ക്കുന്നപക്ഷം ആയതിനു ആദായകരമായ പലിശ അനുവദിക്കുന്നതു കൂടാതെ ആ വക സംഖ്യയിൽനിന്നും അവധികൾക്കടയ്ക്കേണ്ട തുക അപ്പഴപ്പോൾ ബാങ്കിൽ നിന്നും തന്നെ അടച്ചുകൊള്ളുന്നതിനു വേണ്ട ഏർപ്പാടു ഉണ്ടായിരിക്കുന്നതുമാണ്.

(ന) ലൈഫ് ഇൻഷ്വറൻസ് ഏർപ്പാടു മരണത്തെ ആസ്പദമാക്കി ചെയ്യുന്ന ഒരു വ്യവസായമത്രേ. ഭവിഷ്യൽകാലനിക്ഷേപ ഏർപ്പാടിൽ യാദൃച്ഛികസംഭവങ്ങളെപ്പററി യാതൊരു വിവക്ഷയുമില്ല. അതിനാൽ പ്രസ്തുതഏർപ്പാടുകൊണ്ട് അപകടമായ യാതൊരു ചുമതലയും ബാങ്ക് കയ്യേൾക്കുന്നില്ല.

(ഴ) വൃദ്ധന്മാർക്കും, രോഗികൾക്കും, സ്ത്രീകൾക്കും വയസ്സിനെപ്പററിയൊ ആരോഗ്യത്തെപ്പററിയൊ യാതൊരു തെളിവുകളും കൂടാതെതന്നെ പ്രസ്തുത ഏർപ്പാടനുസരിച്ചു ബാങ്കിൽ നിക്ഷേപക്കണക്കു തുടങ്ങാവുന്നതാണ്. യാതൊരു സന്ദർഭത്തിലും, അടച്ച പണത്തിന് നഷ്ടം വരുന്നതല്ല

താഴെ പറയുന്ന കാര്യങ്ങൾ ഈ ഏർപ്പാടിൻെറ പ്രത്യേക -

അനുകൂല്യങ്ങളെ ഉദാഹരിക്കുന്നു.

(എ) ഒരു പെൺകുട്ടിയുടെ ജനനത്തോടുകൂടി അതിൻെറ അച്ഛനൊ, അമ്മയൊ, മാസം തോറും അഞ്ചുരൂപാ വീതം പന്ത്രണ്ട്

കൊല്ലത്തേയ്ക്കു അടയ്ക്കുന്നു എന്നിരിക്കട്ടെ. അത്രയും കാലംകൊണ്ടു് ഏകദേശം വിവാഹത്തോടു സമീപിക്കുന്ന സന്ദർഭത്തിൽ ൧൦൩൬ ൠപ ൨ ചക്രം സമ്പാദിക്കപ്പെടുന്നു.

(ബി) അപ്രകാരംതന്നെ ഒരു മകന്റെ ജനനത്തോടുകൂടി മാസമൊന്നുക്കു് പത്തു രൂപാവീതം ൧൬ കൊല്ലത്തേക്കു അടയ്ക്കുന്നതായാൽ ആ കുട്ടി കാളേജിൽ വിദ്യാഭ്യാസം ആരംഭിക്കുന്ന കാലത്തു ൩൨൩൮ രൂപാ ൧൩ ചക്രം ൻ കാശു സമ്പാദിക്കപ്പെടുന്നു. ഈ സംഖ്യ ഒരു ബാങ്കിൽ നിക്ഷേപിക്കുന്നതായാൽ അതിൽനിന്നു ഒരു വിധം ചിലവു കഴിക്കത്തക്കവണ്ണമുള്ള പലിശ കിട്ടുമെന്നുള്ളതാകുന്നു്. നൂററിനു ഏഴരശതമാനം പലിശ കിട്ടുന്ന ഏർപ്പാടിലാണെങ്കിൽ മേല്പറഞ്ഞ സംഖ്യതന്നെ ഇരുപതു രൂപായിൽകൂടുതലായ ഒരു തുകയായിരിക്കും. ആ യുവാവിന്റെ ജീവിതപ്രവേശനത്തോടുകൂടി കാലക്ഷേപമാരംഭത്തിന്നു പര്യാപ്തമായ ഒരു തുക ഈ മൂലധനത്തിൽ നിന്നും സിദ്ധിക്കുന്നു.

(സി) വാർദ്ധക്യകാലാവശ്യത്തിലേക്കായി മുപ്പതുകൊല്ലത്തേക്കു നിലനിൽക്കുന്നതും മാസംതോറും പത്തുരൂപാവീതം അടയ്ക്കേണ്ടതുമായ ഒരു കണക്കുതുടങ്ങിയാൽ ആ കാലാവസാനത്തോടുകൂടി ൧൦൧൬ രൂപാ ൧൪ ച ൩ കാശു അയാൾക്കു കിട്ടുന്നതും അതു ഏഴരശതമാനം പലിശ കൊടുക്കുന്ന ഒരു ബാങ്കിൽ സ്ഥാപിച്ചാൽ മാസംതോറും ൩൩ രൂപാ ൨ ചക്രം വീതം മൂലധനത്തിനു യാതൊരു കുറവും കൂടാതെ ആദായം കിട്ടുന്നതുമാകുന്നു.

ഭവിഷ്യൽക്കാലനിക്ഷേപക്കണക്കുകളെ സംബന്ധിച്ച ചട്ടങ്ങൾ.

൧. ഏർപ്പാടുകളിൽ ഇടപെടുന്നതിന്നു നിയമപ്രകാരം യോഗ്യതയുള്ള യാതൊരു പുരുഷനും സ്ത്രീയ്ക്കും കണക്കുകൾ ആരംഭിക്കാവുന്നതാണു്.

൨. നിക്ഷേപങ്ങൾ മാസംതോറും മുഴുരൂപായായി ക്ലിപ്തവർഷങ്ങളിലേക്കു കൊടുക്കേണ്ടതുമാണു്. നിശ്ചിതകാലം എപ്പോൾ വേണമെങ്കിലും കൂട്ടിവയ്ക്കാം. മാസംതോറുമുള്ള നിക്ഷേപത്തിന്റെ കുറഞ്ഞ തുക ഒരു രൂപായും കൂടിയ തുക ൨൫ രൂപായും ആണു്. രജിസ്ട്രാരുടെ അനുമതിപ്രകാരം ഇതിനെ കൂട്ടാവുന്നതാണു്.

൩. മാസംതോറുമുള്ള നിക്ഷേപത്തിലെ ഓരോ രൂപായ്ക്കും ൪ അണാവീതം പ്രവേശനഫീസ് കൊടുക്കേണ്ടതാണു്.

൪. മാസംതോറും ൧൦-ാംനുക്ക മുമ്പ് നിക്ഷേപസംഖ്യകൾ അടയ്ക്കേണ്ടതും അതിനു വ്യത്യാസംവരുത്തിയാൽ രൂപാ ഒന്നിനു മാസംതോറും നാലു കാശുവീതം പിഴ ചുമത്തുന്നതുമാണ്. ആറുമാസത്തേക്കു വീഴ്ചവരുത്തിയാൽ ബാങ്കിൽ തുടങ്ങീട്ടുള്ള കണക്ക അവസാനിപ്പിക്കുന്നതുമാണ്. മുടക്കം ചെയ്തിട്ടുള്ള ആൾ നിലനിത്തീട്ടുള്ള തുകയിൽനിന്നും ഈടാക്കേണ്ട പിഴ കഴിച്ചുള്ള സംഖ്യ നിശ്ചിതകാലാവസാനത്തിൽ തിരിച്ചു കൊടുക്കേണ്ടതായിട്ടു കരുതിനിത്തുന്നതാകുന്നു. ആണ്ടുതോറും നൂററിന് ആറേകാൽ (൬¼) വീതമുള്ള പലിശക്കൂടി ഇതിനോടുകൂടി കൂട്ടുന്നതുമാണ്. അപൂർവം ചില അവസരങ്ങളിൽ പിഴ സ്വീകരിച്ചിട്ടു കമ്മിററിക്കാർ ഒരു വീഴ്ചയെ താക്കീതുചെയ്യേണ്ടാവുന്നതുമാണ്.

൫. ഭവിഷ്യൽകാലനിക്ഷേപങ്ങൾക്ക (Provident deposits) ൧൦൦-ക്ക ആറേകാൽ വീതമുള്ള പലിശ അനുവദിച്ചിട്ടുള്ളതും ആണ്ടുതോറും മുതലിനോടു കൂട്ടുന്നതുമാണ്. പലിശക്രമത്തെ ഇഷ്ടമുള്ളപ്പോൾ കുറയ്ക്കുന്നതിനുള്ള അധികാരം പൊതു സംഘത്തിനുള്ളതാണ്. എന്നാൽ അപ്രകാരമുള്ള കുറവു പിന്നീടു ചേരുന്ന വരിക്കാരെ മാത്രമേ സംബന്ധിക്കുകയുള്ളു.

൬. നിശ്ചിതകാലാവസാനത്തോ അല്ലെങ്കിൽ വരിക്കാരന്റെ മരണത്തോടുകൂടിയോ ഭവിഷ്യൽ കാലനിക്ഷേപത്തിലേക്കായി തുടങ്ങീട്ടുള്ള കണക്ക അവസാനിപ്പിക്കുന്നതാണ്. അതിൻപ്രകാരം സമ്പാദിച്ച വിവരപ്പട്ടിക പ്രകാരം കൊടുക്കേണ്ട തുക അയാൾക്കോ അയാൾ അധികാരപ്പെടുത്തിയിട്ടുള്ള ആളിനോ (അസൈനി) കൊടുക്കുന്നതാണ്.

൭. ഭവിഷ്യൽകാലനിക്ഷേപത്തിൽ ചേരുമ്പോഴോ, ചേന്നതിനു ശേഷമോ ഓരോ വരിക്കാരും നിക്ഷേപത്തെ വിനിയോഗിക്കുന്നതിനുള്ള ഉദ്ദേശത്തെപ്പററി ഒരു സമ്മതം കൊടുത്തിരിക്കണം.

൮. ഈ ചട്ടങ്ങൾക്കുവേണ്ടി താഴെപ്പറയുന്ന പിൻഗാമികളെ മാത്രം കുടുംബാംഗങ്ങളായി ഗണിച്ചിരിക്കുന്നു.

(൧) വിധവ, (൨) കുട്ടികൾ, (൩) ഒരു മകന്റെയോ മകളുടേയോ വിധവയും കുട്ടികളും (൪) ൧-ം ൨-ം ൩-ം ഇനം ആളുകൾ ഇല്ലാതെ വരുമ്പോൾ സഹോദരിവഴിക്കുള്ള അനന്തിരവരിൽ ആണും പെണ്ണും. കുടുംബത്തിൽ ആളുള്ള ഒരു വരിക്കാരനെ തന്റെ കുടുംബത്തിൽ ഉൾപ്പെടാത്ത മററാരുടെഎങ്കിലും പേർക്കു നിക്ഷേപത്തെ കൊടുക്കുന്നതിലേക്ക അനുവദിക്കുന്നതല്ല. എന്നാൽ

പൊതുജനോപകാരമായിട്ടോ ധർമ്മവിഷയമായിട്ടോ വിനിയോഗിക്കുന്നതിലേക്കു സമ്മതം സാധുവായിട്ട് അനുവദിച്ചിരിക്കുന്നതുമാണ്.

൯. ഒരു സമ്മതം ഇല്ലാതെ വരികയും മേൽവിവരിച്ചപ്രകാരമുള്ള ഒരു കുടുംബം ഉണ്ടായിരിക്കുകയും വരുന്ന പക്ഷത്തിൽ മരിച്ചആൾ നിലനിർത്തിയിരിക്കുന്ന തുക ആൾവീതം ഭാഗിച്ചുകൊടുക്കേണ്ടതാണ്. അവകാശികൾ പ്രായപൂർത്തി ഇല്ലാത്തവരായിരുന്നാൽ അമ്മയുടെയോ രക്ഷാകർത്താവിന്റെയോ പക്കൽ ഏല്പിക്കുന്നതാണ്. എന്നാൽ കുടുംബാംഗങ്ങൾ ഇല്ലാത്തപക്ഷം തക്കതായ ഒരു സിവിൽകോർട്ടിൽ നിന്നും നിശ്ചയിക്കുന്ന പ്രതിനിധിക്കു കൊടുക്കുന്നതായിരിക്കും.

൧൦. അശക്തതയോ, വാർദ്ധക്യമോ നിമിത്തം ഒരു വരിക്കാരനു പണമടച്ചുകൊണ്ടിരിക്കാൻ സാധിക്കാത്തപക്ഷം കണക്കു പൂർത്തിയാകുന്ന തീയതിക്കു മുമ്പുതന്നെ പിൻവലിക്കാൻ അയാളെ അനുവദിച്ചേക്കാം.

൧൧. ഒരു വരിക്കാരൻ പ്രതിമാസം ശമ്പളം പററുന്ന ആളാണെന്നു വരികിൽ അപൂർവ്വം ചില അവസരങ്ങളിൽ കമ്മിററിക്കാർക്കു യുക്തമെന്നും ന്യായീകരിക്കത്തക്കതെന്നും തോന്നുന്നപക്ഷം അയാളുടെ മൂന്നുമാസത്തെ ശമ്പളത്തുകയിൽ കവിയാത്ത ഒരു സംഖ്യയോ അല്ലെങ്കിൽ അയാൾ യഥാർത്ഥത്തിൽ അടച്ചിട്ടുള്ള തുകയുടെ മൂന്നിൽ ഒന്നോ ഇതിൽ രണ്ടിലും കുറഞ്ഞതു ഏതോ അതു തൽക്കാലത്തേക്കു അഡ്വാൻസു ചെയ്യാവുന്നതാണ്.

൧൨. ഇപ്രകാരം കൊടുത്തിട്ടുള്ള അഡ്വാൻസുതുകകൾ കമ്മിററിക്കാരുടെ യുക്തംപോലെ പണം അഡ്വാൻസു ചെയ്ത അവസരത്തിൽ തിരിച്ചുകൊടുക്കേണ്ട വിഷയത്തെപ്പററി വ്യവസ്ഥചെയ്തിട്ടുള്ള നന്യ മാസങ്ങളിൽ കവിയാത്ത ഗഡുവുകളിലായി ഈടാക്കേണ്ടതാണ്. ഈ കടങ്ങളെ ബാങ്കിൽനിന്നു മററു ഇടപാടുകൾ ചെയ്യുന്ന അവസരങ്ങളിൽ ചുമത്തുന്ന പലിശക്രമം ബന്ധിക്കുന്നതുമാകുന്നു. ആറുമാസത്തേക്കു പണമടയ്ക്കാൻ വീഴ്ചവരുത്തിയാൽ ഡിപ്പാസിററു കണക്കുകൾ അതിനോടുകൂടി അവസാനിപ്പിക്കുന്നതുമാകുന്നു.

൧൩. രണ്ടണാ ചിലവുസഹിതം ഓരോ വരിക്കാർക്കും പാസുബുക്കുകൾ നൽകുന്നതാണ്. പാസുബുക്കു കളഞ്ഞുപോയാൽ പകർപ്പു ന്നു അണ കൊടുത്താൽ കിട്ടുന്നതാണ്.

സക്യൂലർ ൧൨.

പരസ്പരസഹായസംഘങ്ങളിൽനിന്നു തിരുവനന്തപുരം സെൻട്രൽ പരസ്പരസഹായബാങ്കിലേക്കു താലൂക്കു ഖജനാ മുഖാന്തിരം പണം അയക്കേണ്ട രീതിയെപ്പററി അറിയുന്നതിനു അന്വേഷണങ്ങൾ വന്നുകൊണ്ടിരിക്കുന്നതിനാലും, ഇപ്രകാരം അയക്കുന്ന പണങ്ങൾ ബാങ്കിൽ കിട്ടുന്നതിൽ പലപ്പോഴും നേരിടാറുള്ള താമസത്തെപ്പററി പരാതി ഉണ്ടായിരിക്കുന്നതുകൊണ്ടും, ഖജനാവഴി പണം അയയ്ക്കുന്നതിൽ താഴെപ്പറയുന്ന രീതി അനുവർത്തിക്കേണ്ടതാണെന്നു എല്ലാ സംഘങ്ങളേയും ഇതിനാൽ തെര്യപ്പെടുത്തിയിരിക്കുന്നു.

താലൂക്കു ഖജനാകളിൽ പണം ഒടുക്കുമ്പോൾ (ട്രഷറിഫണ്ടു) റിമിററൻസു ട്രാൻസ്ഫർ രസീതു ഡിവിഷണൽ ട്രഷറിയിൽനിന്നു നേരിട്ടു സെൻട്രൽ ബാങ്കിലേക്കു അയക്കണമെന്നു ചെല്ലാൻഫാറത്തിൽ സ്പഷ്ടമായി അപേക്ഷിച്ചിരിക്കേണ്ടതും "അക്കൌണ്ടുകോഡിൽ ൧൩൭ ൧-ാമത്തു വകുപ്പു ൭-ാമത്തു നോട്ടു അനുസരിച്ചു ഒടുക്കു" എന്നുകൂടി ചെല്ലാനിൽ കാണിക്കേണ്ടതുമാകുന്നു. ഇപ്രകാരം ചെയ്യുന്നതായാൽ യാതൊരു താമസത്തിനും ഇടയാകുന്നതല്ലാ.

സക്യൂലർ ൨൩.

സെൻട്രൽ ബാങ്കിൽനിന്നും കടത്തിനു അപേക്ഷിക്കുന്ന ചില സംഘങ്ങൾ അവർക്കു കാലാകാലത്തിനു കടം അനുവദിച്ചു കിട്ടുന്നില്ലെന്നു പരാതികൾ പലപ്പോഴും ബോധിപ്പിക്കുന്നുണ്ടെങ്കിലും ഇപ്രകാരമുള്ള താമസത്തിനു അധികവും കാരണം സംഘങ്ങൾതന്നെ മുറപ്രകാരമുള്ള നടപടികൾ അനുഷ്ഠിക്കാത്തതുകൊണ്ടും ആവശ്യമുള്ള വിവരങ്ങൾ കൊടുക്കാത്തതുകൊണ്ടുമാണു്. അതിനാൽ താഴെപ്പറയുന്ന സംഗതികൾ സംഘങ്ങളുടെ അറിവിനായി പ്രസിദ്ധം ചെയ്യുന്നു.

൧. ഓരോ വർഷാരംഭത്തിലും മെംബറന്മാരുടെ ആവശ്യങ്ങളേയും സംഘത്തിലേയ്ക്കു അപ്പപ്പോൾ ഉള്ള വരുമാനങ്ങളേയും നല്ലപോലെ പരിഗണിച്ചു സംഘം തന്നാണ്ടിൽ പുറമേനിന്നും എത്ര സംഖ്യ കടമായി മേടിക്കേണ്ടിവരുമെന്നു ഒരു എസ്റ്റിമേററു തയ്യാറാക്കേണ്ടതാകുന്നു. ക്ലിപ്തരഹിതമായ സംഘങ്ങൾക്കു പൊതുയോഗം നിശ്ചയിക്കുന്നതായ പരമാവധിക്കുൾപ്പെട്ടു (മാതൃകാനിബന്ധന ൩൧-ാം

വകുപ്പ് ൫൫ നോക്കുക) കമ്മിററിക്കാക്ക് അപ്പഴപ്പോറം കടംമേടിക്കാവുന്നതാകുന്നു. കമ്മിററിക്കാർ അവരുടെ യോഗത്തിൽ എന്തുതുക കടം എടുക്കണമെന്നും മാതൃകാനിബന്ധന ൨൫-ാം വകുപ്പനുസരിച്ചു സംഘത്തിനുവേണ്ടി പ്രമാണം എഴുതിക്കൊടുക്കേണ്ട കമ്മിററിമെംബറന്മാർ ആരെല്ലാമെന്നും തീർച്ചപ്പെടുത്തേണ്ടതാകുന്നു.

൨. മാതൃകാനിബന്ധന ൫൨-ാംവകുപ്പിൽ ഒരു സംഘത്തിനു ആകെ വാങ്ങാവുന്ന കടങ്ങളുടെ പരമാവധി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും അപ്രകാരമുള്ള പരിമിതി സംഘത്തിനെ മാത്രം ബന്ധിക്കുന്നതാകുന്നു എന്നു മനസ്സിലാക്കേണ്ടതാണ്. ബാങ്കും വേറെ വല്ല നിക്ഷേപകന്മാരോ അത്രത്തോളം വായ്പ തരുമെന്നോ തരണമെന്നോ അർത്ഥമാക്കരുത്. അപേക്ഷിക്കുന്ന വായ്പയ്ക്കുള്ള ഉറപ്പിനെയാണ് സെൻട്രൽബാങ്ക് ശരിയായിട്ടു നോക്കുന്നത്. ക്ലിപ്തരഹിതമായ ഒരു സംഘത്തിൽ സംഘം വാങ്ങുന്ന കടങ്ങൾക്കു അതിലേ അംഗങ്ങൾ കൂട്ടായും വെവ്വേറായും ബാദ്ധ്യസ്ഥന്മാരായിരിക്കും അതിനാൽ ഒന്നാമതായി അപ്രകാരമുള്ള ഒരു സംഘത്തിലെ അംഗങ്ങളുടെ വസ്തുവിവരപ്പട്ടിക ഓരോ ആണ്ടാരംഭത്തിലും തിട്ടപ്പെടുത്തി പുതുക്കേണ്ടതാണ്. ഈ പട്ടിക സംഘത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു റിക്കാർഡാകുന്നു. ഇതു ഒരു രജിസ്റ്റർപോലെ എഴുതി സൂക്ഷിക്കാവുന്നതും അപ്പഴപ്പോറം ഉണ്ടാകുന്ന വ്യത്യാസങ്ങളെ തീയതിസഹിതം കുറിക്കുന്നതിന് ഓരോ മെംബറുടേയും പേരിനു എതിരായി വേണ്ട സ്ഥലം ഇട്ടിരിക്കേണ്ടതും ആകുന്നു. ഓരോ മെംബറുടേയും മുതലിൽ അപ്പഴപ്പോറം ഉണ്ടാകുന്ന കൂടുതൽകുറവുകളെ സംഘത്തിൽ റിപ്പോർട്ടുചെയ്യേണ്ടതു അയാളുടെ കടമയാകുന്നു. ഈ രജിസ്റ്ററിനെ സൂക്ഷ്മമായി പരിശോധിച്ച് അതു ശരിയാണെന്നു രേഖപ്പെടുത്തി കമ്മിററിമെംബറന്മാർ ഒപ്പിട്ടുവെയ്ക്കേണ്ടതാണ്: ഈ വിധം ടി രജിസ്റ്ററിനെ സൂക്ഷിക്കയാണെങ്കിൽ കടം വായ്പയ്ക്കുള്ള അപേക്ഷയോടുകൂടി അയക്കേണ്ട വസ്തുവിവരപ്പട്ടികയുടെ രണ്ടു പ്രതികറം എളുപ്പത്തിൽ തയ്യാറാക്കാൻ സാധിക്കുന്നതാണ്. പ്രസിഡണ്ടും സിക്രട്ടറിയും മററു മൂന്നു കമ്മിററിമെംബറന്മാരും കൂടി പരിശോധിച്ചു ശരിപകർപ്പാണെന്നു രേഖപ്പെടുത്തി ഒപ്പിട്ടിരിക്കേണ്ടതാണ്.

൩. ക്ലിപ്തസഹിതസംഘങ്ങളിൽ മെംബറന്മാർ എടുത്തിരിക്കുന്ന ഓഹരികളുടെ വില സംഖ്യയോളം മാത്രമേ അംഗങ്ങൾക്കുള്ള ബാദ്ധ്യതയായി ഒരു ഉത്തമർണ്ണൻ ഗണിക്കയുള്ളു. (മാതൃകാനിബന്ധന ൩൦-ാം

വകുപ്പു നോക്കുക). അതിനാൽ അപേക്ഷാഫാറത്തിൽ സംഘത്തിൽ എത്ര മെംബറന്മാർ ഉണ്ടെന്നും അവർ എത്ര ഓഹരി എടുത്തിട്ടുണ്ടെന്നും ഓഹരിസംഖ്യ എത്ര പിരിഞ്ഞുവന്നിട്ടുണ്ടെന്നും . കാണിക്കേണ്ടതു് ആവശ്യമാകുന്നു. സ്വാതന്ത്ര്യമായി ഓഹരികളെ പിൻവലിക്കുന്നതിന് അനുവദിക്കുന്ന ഒരു സംഘത്തിനു കടംകൊടുക്കുന്നതു ശരിയായ പ്രവൎത്തനരീതിക്കു വിപരീതമാകുന്നു. കാരണം വ്യക്തമാണല്ലോ. അത്തരം സംഘങ്ങൾക്കു മുതൽ ഉറപ്പില്ല. അതുകൊണ്ടു ഈമാതിരി സംഘങ്ങളിൽ ഓരോ ആണ്ടും പിൻവലിക്കാൻ അനുവദിക്കാവുന്ന ഓഹരിത്തുക എത്രയെന്നു വ്യവസ്ഥ ചെയ്യേണ്ടതും അതു ആണ്ടാരംഭത്തിൽ ഉള്ള പിരിഞ്ഞ ഓഹരിമുതലിന്റെ പത്തു ശതമാനമായിരിക്കേണ്ടതുമാകുന്നു. അപേക്ഷാഫാറത്തിൽ ഇപ്രകാരമുള്ള ഒരു വ്യവസ്ഥയുണ്ടെന്നു പ്രത്യേകം കാണിച്ചിരിക്കേണ്ടതാണ്.

ഒരു സംഘത്തിന്റെ ഉറപ്പിനെ അല്ലെങ്കിൽ ഈടിനെ ബലപ്പെടുത്തുന്ന മറെറാരു പ്രധാനപ്പെട്ട സംഗതി ആ സംഘത്തിന്റെ കരുതൽധനത്തിന്റെ തുകയും അതു ഏതുവിധം നിക്ഷേപിച്ചിരിക്കുന്നു എന്നുള്ളതുമാണ്. പരസ്പരസഹായആക്ടിനെ തുടൎന്നു പാസ്സാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളനുസരിച്ചു രജിസ്ട്രാർ ഒരു സംഘത്തിന്റെ കരുതൽധനം ഏതു വിധത്തിൽ നിക്ഷേപിക്കണമെന്നു ആജ്ഞാപിക്കുന്നു. അതിനാൽ ഓരോ അപേക്ഷയിലും ആ സംഘത്തിനു എത്ര കരുതൽധനമുണ്ടെന്നും ആ തുക മുഴുവനും എങ്ങിനെ നിക്ഷേപിച്ചിരിക്കുന്നുവെന്നും പ്രത്യേകം കാണിക്കേണ്ടതു് ആവശ്യമാണ്.

കടം വായ്പയുടെ ഈടിനുള്ള ഉറപ്പു കഴിഞ്ഞാൽ പ്രധാനമായി നോക്കുന്ന സംഗതി ആ സംഘം എത്രത്തോളം കണിശമായും ശക്തിയായും സംഘകാൎയ്യാദികൾ നടത്തിവരുന്നുവെന്നാണ്. ഈ സംഘത്തിൽ ഓഹരിവകയിലും കടംവായ്പവകയിലും കുടിശ്ശികകൾ ഇല്ലാതിരിക്കുന്നതുകൊണ്ടും മെംബറന്മാർ സംഘകാൎയ്യങ്ങളിൽ കണിശം ആചരിക്കുന്നതുകൊണ്ടും അവരെ നിർബന്ധമായി കണിശം ആചരിക്കപ്പെടുന്നതുകൊണ്ടും സ്വാശ്രയബുദ്ധി ജനിച്ചിട്ടുള്ളതായി കാണിക്കുന്നതായ നിക്ഷേപകശേഖരണംകൊണ്ടും തീൎച്ചപ്പെടുത്തുന്നു സെൻട്രൽബാങ്കുകാർ അവർ കൊടുക്കുന്ന വായ്പയുടെ ഈടിനെയാണ് മുഖ്യമായി ഗൌനിക്കുന്നതെങ്കിലും മേല്പറഞ്ഞ കണിശമായ കാൎയ്യനിൎവഹണമാണ് ഒരു സംഘത്തിൽനിന്നും അപേക്ഷിക്കുന്ന കടംവായ്പയെ ശുപാർശ ചെയ്യുന്നതിന് രജിസ്ട്രാരെ പ്രേരിപ്പിക്കുന്നതു്. സംഘത്തിൽനിന്നും വ്യവസ്ഥിതമായ

കാര്യങ്ങളിൽ കണക്കുകൾ അയയ്ക്കുന്നതുകൊണ്ടും ആവശ്യപ്പെടുന്ന വിവരങ്ങളെപ്പറ്റി ഉടനുടൻ മറുപടികൾ തരുന്നതുകൊണ്ടും ഇൻസ്പെക്ടർമാരുടെ റിപ്പോർട്ടുകൊണ്ടുമാണ് സംഘത്തെപ്പറ്റിയുള്ള അഭിപ്രായം ജനിക്കുന്നത്.

പരിശോധന ഐക്യസംഘങ്ങൾ സ്ഥാപിച്ചിട്ടുള്ളിടത്തു സംഘങ്ങൾക്കു കടം മേടിക്കാവുന്നതു ഐക്യസംഘത്തിന്റെ അനുവാദത്തോടുകൂടിയാണ്. (മാതൃകാനിബന്ധന ൧൦-ാംവകുപ്പു നോക്കുക). ആ സംഘങ്ങളുടെ കടംവായ്പ അപേക്ഷകൾ ഐക്യസംഘംമുഖാന്തരം രജിസ്ട്രാർക്കും ബാങ്കിനുംക്കും അയയ്ക്കേണ്ടതാണ്.

കടംവായ്പ അപേക്ഷയ്ക്കു ആവശ്യമുള്ള ഫാറങ്ങളുടെ മാതൃകകൾ താഴെ ചേർത്തിട്ടുണ്ട്. അവയ്ക്കു പ്രത്യേകമായി വിവരണം ആവശ്യമില്ലെന്നു വിചാരിക്കുന്നു.

(൧) രജിസ്ട്രാർ ആഫീസിലേക്കു അയയ്ക്കേണ്ട കടംവായ്പ അപേക്ഷ.

-ാംനമ്പർ സംഘം

൧൧൦ -ാമാണ്ടു മാസം -ാംനു-

കടംവായ്പ അപേക്ഷ.

-ാംനമ്പർ സംഘത്തിൽനിന്നും തിരുവനന്തപുരം സഹകരണസംഘം രജിസ്ട്രാർ അവർകൾ ആഫീസിലേക്കു ബോധിപ്പിക്കുന്ന അപേക്ഷ.

ഈ സംഘാവശ്യത്തിനായി തിരുവനന്തപുരം കോ ആപ്പറേറ്റീവ് സെൻട്രൽ ബാങ്കിൽനിന്നും രൂപാ ( ) വായ്പ തരണമെന്നു -ാമാണ്ടു മാസം -ാംനു- കൂടിയ പൊതു കമ്മിററിയോഗത്തിൽ തീരുമാനിച്ചിരിക്കുന്നു. ഈ നിശ്ചയത്തിന്റെ പകർപ്പു ഇതോടു ചേർത്തിട്ടുണ്ട്. അതുകൊണ്ട് അവിടുന്ന് ഈ അപേക്ഷയെ ശിപാർശചെയ്തനുവദിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

സെക്രട്ടറി.

പ്രസിഡൻറ്.

ശിപാർശയ്ക്കാനക്രമമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

൧. അപേക്ഷത്തീയതിയിൽ അംഗങ്ങളുടെ എണ്ണം

൨. (എ) അപേക്ഷത്തീയതിയിൽ അംഗങ്ങൾ എടുത്തിട്ടുള്ള ഓഹരിഎണ്ണം.,

(ബി) അംഗങ്ങളുടെ കടം നീക്കിയുള്ള ആകെ വസ്തുക്കളുടെ മതിപ്പുവില രൂപാ.

(സി) സംഘത്തിൽ പിരിഞ്ഞ മൂലധനം രൂപാ.

(ഡി) ഓഹരിവകയിലുള്ള കുടിശിഖ രൂപാ.

൩. സംഘത്തിനു കടം വാങ്ങാവുന്ന പരമാവധി –ാം നമ്പർ ബൈലാപ്രകാരം രൂപാ.

൪. വാങ്ങിയിട്ടുള്ള വായ്പകൾ:—

(എ) സെൻട്രൽബാങ്കിനുള്ള ബാക്കി രൂപാ

(ബി) അംഗങ്ങളുടെ നിക്ഷേപം രൂപാ

(സി) ഇതരആളുകളുടെ നിക്ഷേപം രൂപാ

൫. (എ) ഇതിനുമുമ്പു രജിസ്ട്രാർ അവർകളുടെ ആഫീസു മുഖാന്തരം കടം വാങ്ങിയ ആർഡർ നംബർ തീയതി തുക

(ബി) മുമ്പിലെ കൊടുത്തുതീർത്ത സംഖ്യ രൂപാ

(സി) അതിൽ കാലാവധി കഴിഞ്ഞു കുടിശിഖയായി നിൽപ്പുള്ള തുക രൂപാ

൬. അപേക്ഷത്തീയതിയിൽ രൊക്കം നീക്കിയിരിപ്പു രൂപാ

൭. (എ) സംഘത്തിൽനിന്നും അംഗങ്ങൾ എടുത്തിട്ടുള്ള കടം വായ്പകളുടെ നമ്പർ തുക രൂപാ

(ബി) അതിൽ കുടിശിഖ

(സി) വായ്പ എണ്ണം തുക രൂപാ

൮. (എ) അംഗങ്ങളുടെ വസ്തുവിവരപ്പട്ടിക ശരിയായി പതിച്ചു അംഗങ്ങൾ ഒപ്പിട്ടു കമ്മിററിക്കാർ പരിശോധിച്ചു സാക്ഷിപ്പെടുത്തിയിട്ടുണ്ടോ എന്ന്.

(ബി) അതിന്റെ പകർപ്പ് ഇതോടുകൂടി അയയ്ക്കുന്നുണ്ടോ എന്ന്.

൯. (എ) സംഘത്തിന്റെ -ാംനിബന്ധനപ്രകാരം ആകെ വാങ്ങാവുന്ന കടത്തിന്റെ പരമാവധി തുക രൂപാ

(ബി) സംഘത്തിനു ഇപ്പോഴുള്ള ആകെ കടം രൂപാ

(സി) പൊതുയോഗം തന്നാണ്ടിലേക്കു കടം വാങ്ങാനനുവദിച്ചിരിക്കുന്ന പരമാവധി രൂ. പൊതുയോഗത്തീയതി നിശ്ചയ നമ്പർ

(ഡി) (i) ആഡിററുതരവും പടിയുള്ള സംഘത്തിന്റെ കരുതൽധനം രൂപാ

(ii) ആയതു എങ്ങിനെ നിക്ഷേപിച്ചിരിക്കുന്നു എന്ന്

(ഇ) (i) സൂപ്രവിഷൻഫണ്ടു തുക.

(ii) എങ്ങനെ നിക്ഷേപിച്ചിരിക്കുന്നു എന്ന്

൧൦. സെൻട്രൽബാങ്കിൽ സംഘം എടുത്ത ഓഹരികൾക്കു രൂപാ അടച്ചിട്ടുണ്ട്. രൂപാ ഓഹരി കുടിശിഖ നിൽക്കുന്നു.

പ്രസിഡൻറ്.

സെക്രട്ടറി.

കുറിപ്പ്:— ൧ എ, ൫ എ, ബി, ൯ സി ഇവ ക്ലിപ്തബാദ്ധ്യതയോടുകൂടിയ സംഘങ്ങൾ പൂരിപ്പിക്കേണ്ടതാകുന്നു. ൬ ബി, കുടിശിഖ നൂറ്റിനു ഇരുപതിൽ കവിയുന്നപക്ഷം അതിലേക്കുള്ള കാരണവും അതിനെ പരിഹരിക്കുന്നതിനു എടുക്കുന്ന നടപടികളും റിപ്പോർട്ടു ചെയ്യണം.

൨. സെൻട്രൽ ബാങ്കിലേക്ക അയയ്ക്കേണ്ട കടംവായ്പയപേക്ഷ.

തിരുവനന്തപുരം സെൻട്രൽ കോ ഓപ്പറേറ്റീവ് ബാങ്ക്
ക്ലിപ്തം നമ്പർ ൧. തിരുവനന്തപുരം.

കടം വായ്പയ്ക്കുള്ള അപേക്ഷ.

(എ)

൧. സംഘത്തിന്റെ പേരും നമ്പരും.

൨. വായ്പത്തുക (അക്ഷരത്തിൽ) ബ്രി. രൂപാ

൩. കാലാവധി

൪. തവണവിവരം

൫. ഈടിന്റെ വിവരം:—

(എ) ചിലവായിട്ടുള്ള ഓഹരികളുടെ എണ്ണം അവയുടെ വില ബ്രി. രൂപാ

(ബി) പിരിഞ്ഞ ഓഹരിമുതൽ ബ്രി. രൂപാ

(സി) കരുതൽധനം ബ്രി. രൂ.

(എവിടെ നിക്ഷേപിച്ചിരിക്കുന്നു എന്നുകൂടി കാണിക്കണം.)

(ഡി) അംഗങ്ങളുടെ കടം നീക്കിയുള്ള ആകെ വസ്തുക്കളുടെ മതിപ്പുവില ബ്രി. രൂപാ

൬. കടം വാങ്ങാവുന്ന പരമാവധിത്തുക ബ്രി. രൂപാ

൭. ബാങ്കിൽ എടുത്തിട്ടുള്ള ഓഹരികളുടെ എണ്ണം

൮. അപേക്ഷത്തീയതിയിൽ സംഘത്തിന്റെ പുറമെയുള്ള കടം

(എ) നിക്ഷേപങ്ങൾ ബ്രി. രൂപാ

(ബി) താലൂക്കബാങ്കിൽനിന്നും എടുത്തിട്ടുള്ള വായ്പ ബാക്കി ബ്രി. രൂപാ

൯. കുടിശിഖ.

൮ ഏയിൽ

൮ ബിയിൽ

൮ സീയിൽ

൮ ഡിയിൽ

൧൦. ഏതു യൂണിയനിൽ സംഘം അംഗമായി ചേർന്നിരിക്കുന്നു എന്നു്.

൧൧. കമ്മിറ്റിമെമ്പറന്മാരുടെ എണ്ണവും പേരും വിവരവും.

൧൨. പ്രമാണം എഴുതി കൊടുക്കേണ്ട കമ്മിറ്റി മെമ്പറന്മാരുടെ പേരും ഒപ്പും.

൧൩. വായ്പ എടുക്കുന്നതിന് തീരുമാനിച്ച പൊതുകമ്മിറ്റി യോഗനിശ്ചയവും തീയതിയും.

സെക്രട്ടറി (ഒപ്പ്).

(ബി)

൧. അപേക്ഷതീയതി
൨. അന്വേഷണം നടത്തിയ തീയതി
൩. ശിപാർശ വന്ന തീയതി
൪. അനുവദിച്ച തീയതി
൫. അനുവദിച്ച തുക
൬. തവണവിവരം
൭. വായ്പ കൊടുത്ത തീയതി

സെക്രട്ടറി.

(സംഘങ്ങൾ എ കോളങ്ങൾ മാത്രം പൂരിപ്പിച്ചാൽ മതിയാകും).

വസ്തുവിവരം രജിസ്റ്റർ.

ഓരോ മെംബരുടെയും മുതലും കടവും കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

മെമ്പർ നമ്പർ	മെംബരുടെ പേര്	മുതൽ — കൃഷിചെയ്യാവുന്ന ഭൂമികൾ — നിലം ഏ. സെ.	മുതൽ — കൃഷിചെയ്യാവുന്ന ഭൂമികൾ — പുരയിടം ഏ. സെ.	മുതൽ — കൃഷിചെയ്യാവുന്ന ഭൂമികൾ — വില	മുതൽ — വീടുകൾ — എണ്ണം	മുതൽ — വീടുകൾ — വില	മുതൽ — കന്നുകാലി പണിയായുധങ്ങൾ മുതലായ ഇളകുന്ന മുതലിന്റെ വില	മുതൽ — സംഘത്തിന്റെ ആസ്തിയിൽ ഈ മെംബർക്കുള്ള വസ്തുക്കളുടെ വില	മുതൽ — ആകെ മുതൽ	കടം — ചിട്ടി പ്രാമിസറി മുതലായ സംഘത്തിൽ ചേരുമ്പോഴത്തെ കടങ്ങൾ — പണയം	കടം — ചിട്ടി പ്രാമിസറി മുതലായ സംഘത്തിൽ ചേരുമ്പോഴത്തെ കടങ്ങൾ — മററു വായ്പകൾ	കടം — മററു വായ്പകൾ — സ്ഥാവരവസ്തു പണയത്തിന്മേൽ — പലിശ	കടം — മററു വായ്പകൾ — സ്ഥാവരവസ്തു പണയത്തിന്മേൽ — തുക	കടം — മററു വായ്പകൾ — സ്ഥാവരവസ്തു പണയത്തിന്മേൽ — [illegible]	കടം — മററു വായ്പകൾ — ജാമ്യം കടപ്പത്രത്തിന്മേൽ മററ് — പലിശ	കടം — മററു വായ്പകൾ — ജാമ്യം കടപ്പത്രത്തിന്മേൽ മററ് — തുക	കടം — മററു വായ്പകൾ — ജാമ്യം കടപ്പത്രത്തിന്മേൽ മററ് — [illegible]	ആകെ കടം	നീക്കിയുള്ളത്	ആവശ്യമുള്ള വായ്പ — ഏതാവശ്യത്തിന്	ആവശ്യമുള്ള വായ്പ — മുൻകടം വീട്ടുന്നതിന് — പണയവായ്പകൾ	ആവശ്യമുള്ള വായ്പ — മുൻകടം വീട്ടുന്നതിന് — മററു വായ്പകൾ	ആകെ തുക	[illegible]	റിമാർക്ക്
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	25	26

സർക്കുലർ ൧൮.

൧൦൯൮ മീനം ൩൧-ാംനു-ലെ ൧൬-ാംനമ്പർ സർക്കുലറിൽ സഹകരണസംഘങ്ങളിൽനിന്നും തിരുവനന്തപുരം സഹകരണസെൻട്രൽ ബാങ്കിലേക്കു താലൂക്കുഖജനാകൾ മുഖാന്തിരം പണം അയയ്ക്കാമെന്നു് അനുവദിച്ചിട്ടുണ്ടെന്നും അതിനുള്ള രീതിയെ വ്യക്തപ്പെടുത്തിയും പ്രസ്താവിച്ചിട്ടുണ്ടായിരുന്നു.

൧൯൩൩ ജൂലായി ൧൯-ാംനു ഉണ്ടായ ഫൈനാൻഷ്യൽ ൧൧൬൭-ാംനമ്പർ ഗവണ്മെൻറുത്തരവിൽ ഇപ്രകാരം സർക്കാർ ഖജനാ മുഖാന്തിരം പണം അയയ്ക്കുന്ന സൌകര്യത്തെ എല്ലാ സംഘങ്ങൾക്കും തമ്മിൽ തമ്മിലുള്ള ഇടപാടുകൾക്കും നല്കിയിരിക്കുന്നു.

റമിറ്റൻസ്സ് ട്രാൻസ്ഫർ രസീതുകൾ (ട്രെഷറിച്ചീട്ടുകൾ) ഒരു ഡിവിഷനൽ ട്രെഷറിയിൽനിന്നും വേറൊരു ഡിവിഷനൽ ട്രെഷറിക്കു മാത്രം കൊടുക്കുന്നതും എന്നാൽ താലൂക്ക സബ് ട്രെഷറികളിൽനിന്നും പണം കിട്ടേണ്ടപക്ഷം അതാതു ഡിവിഷൻ ട്രെഷറി ആഫീസർക്ക് R. T. R. അയച്ചു അതിൽ "പേ ആർഡർ" (Pay order) ചെയ്തു വാങ്ങിച്ചാൽ താലൂക്ക ഖജനാകളിൽനിന്നും പണം കിട്ടുമെന്നുള്ളതുമാകുന്നു.

സർക്കുലർ ൮൮.

തിരുവനന്തപുരം സെൻട്രൽ സഹകരണബാങ്കിൽ അംഗമായി ചേർത്തിട്ടുള്ള സംഘങ്ങളുടെ കടംവായ്പ അപേക്ഷ മുതലായവയെപ്പറ്റി ബാങ്ക് അധികാരികൾ വിചാരണചെയ്യേണ്ടിവരുമ്പോൾ അതതു സംഘങ്ങളുടെ രജിസ്റ്റർ ചെയ്ത നിബന്ധനകൾ എന്തെന്നറിയാതെ കാര്യനിർവ്വഹണത്തിനു തടസ്സവും താമസവും നേരിടുന്നതായി കാണുന്നതിനാൽ അംഗങ്ങളായി ഇരിക്കുന്നതോ ഓഹരിക്ക് അപേക്ഷിക്കുന്നതോ ആയ സംഘങ്ങൾ എല്ലാം നടപ്പിലിരിക്കുന്ന നിബന്ധനയുടെ ഓരോ പ്രതി കമ്മിറ്റിമെംബറന്മാർ ഒപ്പിട്ടു താമസംകൂടാതെ ബാങ്കിലേയ്ക്കു അയച്ചുകൊടുക്കേണ്ടതും, മേൽ അവയിൽ വരുത്തുന്ന ഭേദഗതികളെ അതുപോലെ അപ്പോഴപ്പോൾ അറിയിക്കേണ്ടതും ആകുന്നു. ബാങ്കിലെ അംഗമായി ചേരാൻ അപേക്ഷിക്കുന്ന സംഘങ്ങൾ അപേക്ഷയോടുകൂടിത്തന്നെ നിബന്ധനപ്പകർപ്പും അയച്ചുകൊടുക്കേണ്ടതാണ്. നിബന്ധനപ്പകർപ്പു ബാങ്കിലേക്കു അയച്ചിട്ടില്ലാത്ത സംഘങ്ങളുടെ കടം വായ്പ അപേക്ഷ

കൾ ശൈനിക്കുന്നതിൽ താമസം നേരിടുന്നതാകുന്നു. മേൽപ്രകാരം നിബന്ധനപകർപ്പ് അയച്ചുകൊടുത്തിട്ടുണ്ടോ എന്നു കടംവായ്പ അപേക്ഷയിലും കുറിപ്പുകൾ ഉണ്ടായിരിക്കേണ്ടതാകുന്നു.

സർക്കുലർ ൧൦ വ്യ.

താലൂക്കുബാങ്കുകളുടെ അതിർത്തിക്കുള്ളിൽ ജോലിചെയ്തുവരുന്ന പ്രാഥമികസംഘങ്ങളുടെ ആവശ്യങ്ങൾ നിറവേററുന്നതിന് മതിയായ മൂലധനം ശേഖരിക്കുന്നതിന് ആ ബാങ്കുകൾ അനുഭവിച്ചുവരുന്ന വിഷമങ്ങളെപ്പറ്റി ൧൯൩൯-ലെ ഡിപ്പാർട്ടുമെൻറ് ഭരണറിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. സെൻട്രൽബാങ്കിൽനിന്നും താലൂക്കുബാങ്കുകളിലേക്കു കൊടുക്കുന്ന വായ്പകളിന്മേൽ ചുമത്തുന്ന പലിശക്രമത്തെപ്പറ്റിയായിരുന്നു മറെറാരു വിഷമം. ഈ വിഷയങ്ങളെപ്പറ്റി രജിസ്ട്രാർ സെൻട്രൽബാങ്കുമായി ഗാഢമായി പര്യാലോചിക്കണമെന്ന് ഗവൺമെൻറ് അവരുടെ പ്രൊസീഡിംഗ്സിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു.

താലൂക്കുബാങ്കുകളുടെ വർദ്ധന പ്രാഥമികസംഘങ്ങൾക്കും സെൻട്രൽ ബാങ്കിനും ഒന്നുപോലെ ഉപയോഗപ്രദമാണ്. സെൻട്രൽബാങ്കുകൾക്കു കാലക്രമേണ ഈ ബാങ്കുകളുമായി മാത്രമേ ഇടപെടേണ്ട ആവശ്യം ഉണ്ടാകയുള്ളു. ഇതുമൂലം സെൻട്രൽബാങ്കിന്റെ പ്രവൃത്തിഭാരം ലാഘവപ്പെടുന്നു. സംഘങ്ങൾക്ക് അവയുടെ ജോലിനടത്തിപ്പുമായി പരിചയപ്പെട്ടിട്ടുള്ള പ്രാദേശികബാങ്കുകളുമായി കൂടുതൽ എളുപ്പത്തിൽ ഇടപാടു ചെയ്യാവുന്നതാണ്.

ഈ സംഗതിയെപ്പറ്റി സെൻട്രൽബാങ്കുമായി ഉണ്ടായ എഴുത്തുകുത്തിന്റെ ഫലമായി അവർ താഴെ കൊടുത്തിരിക്കുന്ന നിശ്ചയങ്ങൾ പാസ്സാക്കുകയും താലൂക്കുബാങ്കുകൾക്ക് കൊടുക്കുന്ന വായ്പകളിന്മേലുള്ള പലിശനിരക്കു വൃ ശതമാനത്തിൽനിന്നും വൃ ശതമാനം ആയി കുറയ്ക്കുകയും ചെയ്തിരിക്കുന്നു. താലൂക്കുബാങ്കുകളിൽനിന്നും സംഘങ്ങൾക്കു കൊടുക്കുന്ന വായ്പകളെ സംബന്ധിച്ചിടത്തോളം മാത്രമേ ഈ ആനുകൂല്യം സംബന്ധിക്കുന്നൊള്ളു. താലൂക്കുബാങ്കുകൾ, വായ്പയ്ക്കു അപേക്ഷിക്കുന്ന സമയം അവ ഏതേതു സംഘങ്ങൾക്കാണ് വായ്പ കൊടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിവരിക്കയും, ഈ ആനുകൂല്യം അവകാശപ്പെടുകയും ചെയ്യണം. താലൂക്കുബാങ്കുകളുടെ പ്രവൃത്തിസീമയിൽ ജോലി ചെയ്യുന്ന പ്രാഥമികസംഘങ്ങൾ സെൻട്രൽബാങ്കിൽനിന്നും നേരിട്ടു

വായ്പയ്ക്കു അപേക്ഷിക്കുമ്പോൾ, അവ താലൂക്കബാങ്കുകളിൽനിന്നും വായ്പ എടുത്തിട്ടുണ്ടോ എന്നുള്ള വിവരം എഴുതുകയും എടുത്തിട്ടുണ്ടെങ്കിൽ അതിനെപ്പറ്റിയുള്ള പൂർണ്ണവിവരങ്ങൾ കൊടുക്കുകയും ചെയ്യേണ്ടതാണ്.

൧-ാംനമ്പർ സെൻട്രൽ സഹകരണബാങ്ക്.

൧-൭-൧൧൦൧-ൽ പാസ്സാക്കിയ നിശ്ചയം.

"താലൂക്കബാങ്കുകൾക്കു കൊടുക്കുന്ന വായ്പയിന്മേൽ, ടി ബാങ്കുകൾ സൂക്ഷ്മമായി പ്രാഥമികസംഘങ്ങൾക്കു കടം കൊടുത്തിട്ടുള്ളിടത്തോളം സംഖ്യയ്ക്കുള്ള പലിശനിരക്കു വൃദ്ധി ശതമാനത്തിൽനിന്നും വൃദ്ധി ശതമാനം ആയി കറയ്ക്കുന്നതിനു നിശ്ചയിച്ചു. പ്രാഥമികസംഘങ്ങളിൽനിന്നും വായ്പകൾക്കു അപേക്ഷ വരുമ്പോൾ അവ താലൂക്കബാങ്കിൽനിന്നും വായ്പ എടുക്കുകയോ വായ്പയ്ക്കു അപേക്ഷിക്കുകയൊ ചെയ്തിട്ടുണ്ടോ എന്നു ഒരു സ്റ്റേറ്റുമെൻറുകൂടി അപേക്ഷയുടെ കൂടെ ഉണ്ടായിരിക്കേണ്ടതാണെന്നും നിശ്ചയിച്ചു."

സർക്യുലർ ൧൨൩.

ഏതാനും സംഘങ്ങൾ സെൻട്രൽ ബാങ്കിലേക്ക് അടയ്ക്കേണ്ട വായ്പമുതലും പലിശയും കുടിശിഖ വരുത്തിയിരിക്കുന്നതായി ബാങ്കിൽനിന്നും ഇവിടെ അറിയിച്ചിരിക്കുന്നു. കുടിശിഖ വരുത്തിയ എല്ലാ സംഘങ്ങൾക്കും ബാങ്കിൽനിന്നും നോട്ടീസ്സുകൾ അയച്ചിട്ടുണ്ടെന്നും കാണുന്നു. സംഘങ്ങൾക്കു ധനസഹായം ചെയ്യുന്ന ബാങ്കിൽ അപ്പോഴപ്പോൾ അടയ്ക്കേണ്ട തുകകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്താതെയിരിക്കേണ്ടതു് ആവശ്യമായിട്ടുള്ളതാണ്. ഉത്തമർണ്ണൻ എന്ന നിലയിൽ ബാങ്ക് അപേക്ഷിക്കയാണെങ്കിൽ സഹകരണസംഘം റഗുലേഷനിലെ ൨൭-ാംവകുപ്പുപ്രകാരമുള്ള പരിശോധനയ്ക്കു ഇവിടെനിന്നും ഉത്തരവു് ചെയ്യേണ്ടതായി വരുന്നതായിരിക്കും. ഈ നടപടിക്കു യാതൊരു സംഘവും ഇടകൊടുത്തുകൂടാത്തതാണ്. സെൻട്രൽബാങ്കിൽനിന്നും നോട്ടീസ്സുകൾ കിട്ടിയിട്ടുള്ള എല്ലാ സംഘങ്ങളും താമസംകൂടാതെ കുടിശിഖകൾ എല്ലാം അടച്ചുതീർത്തു് വിവരം ഇവിടെ റിപ്പോർട്ടു ചെയ്യേണ്ടതാണ്.

സക്കുലർ ൫൪൦.

തിരുവനന്തപുരം സഹകരണസെൻട്രൽബാങ്കിൽനിന്നും വായ്പകൾ എടുത്തു കുടിശിഖ വരുത്തിയിട്ടുള്ളതിനെ സംബന്ധിച്ച് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള ൫-ാംനമ്പർ സക്കുലർ ൫൫൦൭ കുംഭം ൫൨-൦൩-യിലെ ഗസറ്റിൽ സംഘങ്ങളുടെ അറിവിനായി പരസ്യപ്പെടുത്തിയിരുന്നുവല്ലോ.

വായ്പയുടെ കാലാവധി നീട്ടികിട്ടണമെന്നുള്ള ഒരു അപേക്ഷ ശുപാർശ ചെയ്യുമ്പോൾ യൂണിയനും ഇൻസ്പെക്ടരും ചില സംഗതികൾ ഗൌനിക്കേണ്ടതും തിട്ടപ്പെടുത്തേണ്ടതും ഏത്രയും ആവശ്യമാണ്. കാര്യമായുള്ള ഭാഗങ്ങൾ വിട്ടുപോകാതെ ഇരിക്കാനായി അപ്രകാരമുള്ള അപേക്ഷകൾ താഴെ ചേർക്കുന്ന മാതൃക അനുസരിച്ചിരിക്കേണ്ടതാകുന്നു

അപേക്ഷകൾ സ്വീകരിച്ച് ശുപാർശചെയ്യുന്ന യൂണിയനും ഇൻസ്പെക്ടർക്കും ഈ കാര്യത്തിൽ ചുമതലയുള്ളതുകൊണ്ട് അപേക്ഷഫാറത്തിൽ അടങ്ങിയിട്ടുള്ള സംഗതികൾ തിട്ടപ്പെടുത്തി ബോദ്ധ്യം വന്നതിനുമേൽ വേണ്ടതാണ്.

ലറ്റർ നമ്പർ. സംഘത്തിന്റെ മുദ്ര.

സംഘത്തിന്റെ രജിസ്റ്റർനമ്പർ പേർ ആണ്ട് മാസം നം-

൫-ാംനമ്പർ തിരുവനന്തപുരം സെൻട്രൽ സഹകരണബാങ്ക് (ക്ലിപ്തം)

സെക്രട്ടറി അവർകൾക്ക്,

ടി ബാങ്കിൽനിന്നും ഈ സംഘത്തിലേക്കു എടുത്തിട്ടുള്ള നമ്പർ വായ്പകളുടെ കാലാവധി അടിയിൽ വിവരിക്കുന്ന രീതിയിൽ നീട്ടിത്തരണമെന്ന് അപേക്ഷിക്കുന്നു. പ്രസ്തുത വായ്പകളേയും സംഘത്തിന്റെ പ്രവർത്തനരീതിയേയും സംബന്ധിച്ച പ്രധാന വിവരങ്ങൾ അപേക്ഷയുടെ കാരണം മുതലായവ താഴെ ചേർക്കുന്നു.

I. കാലാവധി നീട്ടേണ്ട വായ്പകളെ സംബന്ധിച്ച വിവരം:—

ക്രമനമ്പർ	വായ്പത്തുകയും തീയതിയും	വായ്പത്തുക	അ.. പക്ഷത്തീയതിവരെ മുതലിൽ				അ 2 പക്ഷത്തീയതിയിൽ			റിമാർക്ക്
			അടയ്ക്കേണ്ടിയിരുന്ന സംഖ്യ	അടച്ച സംഖ്യ	കുടിശ്ശികയായ സംഖ്യ	കുടിശ്ശിക ആയിട്ടുള്ള ഗഡുക്കളുടെ എണ്ണം	പലിശ		പിഴ	
							നില്പ് പലിശ	കുടിശ്ശിക പലിശ	നില്പ് പിഴ	

II. മേൽ വിവരിച്ച ഓരോ വായ്പയിലും ഏതേതുതീയതികളിൽ അടയ്ക്കേണ്ടിയിരുന്ന എന്തു സംഖ്യ ഏതേതു തിയതികളിലേക്ക മാററണമെന്നു.

III. അപേക്ഷയുടെ } കാരണം
യോഗനിശ്ചയനമ്പരും തീയതിയും.

IV. പ്രസ്തുത വായ്പകളിൽ ഏതിനെങ്കിലും ഇതിനുമുമ്പു കാലാവധി നീട്ടിട്ടുണ്ടെങ്കിൽ വിവരം.

V. അപേക്ഷ അനുവദിക്കുന്നപക്ഷം മേലാൽ കുടിശിഖ വരുത്താതെയിരിക്കാൻ ഏർപ്പെടുത്തുന്ന വ്യവസ്ഥകൾ.

VI. (a) അംഗങ്ങളുടെ വസ്തുവിവരപ്പട്ടിക ഒടുവിൽ പുതുക്കിയ തീയതി.

(b) പുതുക്കിയ വസ്തുവിവരപ്പട്ടികപ്രകാരം കടം നീക്കിയുള്ള ആകെ മുതൽ.

(c) പട്ടിക പരിശോധിച്ചു കമ്മിററി സാക്ഷിപ്പെടുത്തിയിട്ടുണ്ടോ?

VII. കഴിഞ്ഞ ൧൨ മാസങ്ങളിലെ മാസാന്ത്യക്കണക്കുകളും കഴിഞ്ഞ വാർഷികറിപ്പോർട്ടും ബാക്കിയേൽക്കയച്ചിട്ടുണ്ടോ?

VIII. സംഘംവക നീക്കിയിരിപ്പു് അപ്പഴപ്പോൾ പ്രസിഡൻറും കമ്മിററിയും പരിശോധിക്കുന്നുണ്ടോ അവ അഞ്ചലാഫീസിൽ നിക്ഷേപിക്കുന്നുണ്ടോ?

ബൈലാ നമ്പ്ര പ്രകാരം പ്രവർത്തിക്കുന്നുണ്ടോ?
പബ്ലിക്ക് അക്കൌണ്ടുനമ്പർ
പാസ്സുബുക്കുനമ്പർ

IX. അപേക്ഷത്തീയതിയിൽ അംഗങ്ങളുടെ പക്കൽ നിൽപ്പുള്ള ......വായ്പകളിലെ ......രൂപായുടെ ഉറപ്പിനേയും പ്രമാണങ്ങളേയും പരിശോധിച്ചിട്ടുള്ളതും കമ്മിററിയുടെ സാക്ഷ്യപത്രവും വായ്പവിവരം പട്ടികയും ഇതോടു ചേർത്തിട്ടുള്ളതും ആകുന്നു.

X. അപേക്ഷത്തീയതിയിൽ സംഘത്തിലുള്ള

൧. അംഗങ്ങളും എണ്ണം
൨. പിരിഞ്ഞുകിട്ടിയ ഓഹരിഎണ്ണം തുക
൩. ആകെ കരുതൽധനം
൪. കരുതൽധനം നിക്ഷേപിച്ചിരിക്കുന്ന സ്ഥലം
തുക
൫. ആകെ സംഘത്തിലുള്ള നിക്ഷേപം
൬. ആകെ സംഘം കൊടുത്തുതീർക്കാനുള്ള മററുകടങ്ങളും
൭. അംഗങ്ങളിൽ നിൽപ്പുവായ്പ എണ്ണം തുക
൮. ടിയിൽ കുടിശിഖ ടി ടി

XI. മേൽ വകുപ്പിൽ (൭, ൮) പെട്ട കുടിശിഖ സംബന്ധിച്ചു എടുത്തിട്ടുള്ള നടപടി വിശദമായി കുറിക്കണം. എത്രകേസുകളും ബോധിപ്പിച്ചു? എത്ര എവാർഡു അല്ലെങ്കിൽ വിധി സമ്പാദിച്ചു? അവയിൽ എത്രയിൽ എന്തു നടപടി എടുത്തു?

XII. കമ്മിററിഅംഗങ്ങളിൽ കുടിശിഖക്കാരുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിവരം.

ബൈലാ ൨൪ പ്രകാരം നടപടി എടുക്കാതിരിക്കാൻ കാരണം.

സ്ഥലം. ടി സംഘത്തിനുവേണ്ടി

തീയതി.	പ്രസിഡൻറ്.	വീട്ടുപേര്	പേര്.	ഒപ്പ്.
	സെക്രട്ടറി	ടി	ടി	ടി
	കമ്മിറ്റിമെംബറന്മാർ	ടി	ടി	ടി
	൧.	ടി	ടി	ടി
	൨.	ടി	ടി	ടി
	൩.	ടി	ടി	ടി

൪൩. ഐക്യസംഘങ്ങൾ.

ചട്ടം ൨൩. സൂപ്പർവൈസിംഗ് യൂണിയനുകളിലെ എല്ലാ സൂപ്പർവൈസർമാരും, പണമിടപാടുകളുള്ള ബാങ്കുകളിലെ ഇൻസ്പെക്ടറന്മാരും അല്ലെങ്കിൽ സൂപ്പർവൈസറന്മാരും, രജിസ്ത്രാരിൽനിന്നു ഒരു യോഗ്യതാസർട്ടിഫിക്കററു വാങ്ങിയിട്ടുള്ളവരായിരിക്കേണ്ടതാണ്. കാര്യശേഷിയില്ലായ്മയോ അയോഗ്യതയോ ഉണ്ടെന്നു തെളിഞ്ഞിട്ടുള്ള സംഗതികളിൽ രജിസ്ത്രാർ അപ്രകാരമുള്ള സർട്ടിഫിക്കററുകൾ റദ്ദു ചെയ്യാവുന്നതാകുന്നു.

സൂപ്പർവൈസർമാർ മുതലായവർ രജിസ്ത്രാരിൽനിന്നു യോഗ്യതാ സർട്ടിഫിക്കററു വാങ്ങിയിരിക്കുന്നമെന്ന്

സക്യൂലർ ൩൪.

൧൦൯൧-ാമാണ്ടത്തെ കണക്കുകൾ പരിശോധിച്ചുണ്ടായിട്ടുള്ള ആഡിററുത്തരവുകളിൽ ഓരോ സംഘത്തിന്റേയും ആദായത്തിൽനിന്നു ഒരു ചെറിയ സംഖ്യ "സൂപ്പർവിഷൻ ഫണ്ടി"ലേയ്ക്കു നീക്കിവയ്ക്കണമെന്നും, അതിനെ തിരുവനന്തപുരം സെൻട്രൽ സഹകരണബാങ്കിൽ ആണ്ടുതോറും നിക്ഷേപിക്കണമെന്നും വിവരിച്ചിട്ടുണ്ട്. ഈ ഫണ്ടിന്റെ (നിധിയുടെ) ഉദ്ദേശത്തേയും പ്രയോജനത്തേയും സംഘങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതു് ആവശ്യമാണ്. അതിനായി സൂപ്പർവൈസിംഗ് യൂണിയനേ (പരിശോധനാ ഐക്യസംഘത്തേ)യും മററും പററി ചില വിവരങ്ങൾ താഴെ ചേർക്കുന്നു.

ഇപ്പോൾ ഈ സംസ്ഥാനത്തു ഒരു സൂപ്പർവൈസിംഗ് യൂണിയൻ ൩൨൪-ാംനമ്പരായി മാവേലിക്കര താലൂക്കിൽ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നതും വേറെ സ്ഥലങ്ങളിൽനിന്നു അപേക്ഷകൾ വന്നു ആലോചനയിൽ ഇരിക്കുന്നതും ആകുന്നു. ഇതുപോലെ എല്ലാ ഇടങ്ങളിലും യൂണിയൻ സംഘങ്ങൾ ഏർപ്പെടുത്തുന്നതുവരെ അവയിൽ ഉൾപ്പെടാത്ത സംഘങ്ങളിലെ സൂപ്പർവിഷൻഫണ്ട് സെൻട്രൽബാങ്കിൽ ശേഖരിക്കപ്പെട്ടു, ൧൦൯൮ കന്നി ൩൦-ാംനു-യിലെ ൭൯-ാംനമ്പർ സക്യൂലറിൽ പറയുന്ന സമസ്ത തിരുവിതാംകൂർ സഹകരണ ഐക്യസംഘം രൂപീകരിച്ചു ആ സ്ഥാപനം മുഖേന ഓരോ സംഘത്തിന്റേയും ഗുണത്തിനായി വിനിയോഗിക്കപ്പെടുന്നതും ആകുന്നു.

"സൂപ്പർവൈസിംഗ് യൂണിയൻ അല്ലെങ്കിൽ പരിശോധനാഐക്യസംഘം".

സഹകരണത്തിൻെറ മുഖ്യ ഉദ്ദേശം ധനപരിപോഷണവും, അതിനുള്ള മാർഗ്ഗം ഐക്യവും ആകുന്നു. ഈ ഏൎപ്പാട് ജനങ്ങളുടെ സ്വന്തമായിട്ടുള്ളതാകുന്നു. ഇതിനെ ജനങ്ങൾക്കുവേണ്ടി അവരുടെ നിയന്ത്രണത്തിൽ ജനങ്ങൾതന്നെ ഭരിച്ചു നടത്തേണ്ടതാണ് ഉത്തമമായ രീതി. സകല പരിഷ്കൃതരാജ്യങ്ങളിലും സഹകരണസംഘങ്ങൾ ഏപ്പെടുത്തി നടത്തിക്കൊണ്ടുപോകുന്നതു് ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാകുന്നു. യൂറോപ്പുരാജ്യങ്ങളിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്തുകൊടുക്കുന്ന ജോലി അല്ലാതെ യാതൊന്നുംതന്നെ ഗവണ്മെൻറിൽനിന്നു ചെയ്തുകൊടുക്കുന്നില്ല. പുതിയ സംഘങ്ങൾ സ്ഥാപിക്കുക, സംഘങ്ങൾ പരിശോധിക്കുക, ബാലൻസ് ഷീററ് തയാറാക്കുക മുതലായ സകല ജോലികളും ഗവണ്മെൻറാശ്രയം കൂടാതെതന്നെയാണ് നടത്തിവരുന്നതു്. ഇൻഡ്യയിൽ പരസ്പരസഹായ ഏൎപ്പാട് ആദ്യമായി നടപ്പിൽ വരുത്തുന്നതിന് നിശ്ചയിച്ചപ്പോൾ, ജനങ്ങൾക്കു ഇതു സംബന്ധിച്ചുള്ള അറിവും പരിചയവും സിദ്ധിക്കുന്നതുവരെ മേൽ പരിശോധന നടത്തുന്നതിനും മററുമുള്ള ഭാരം ഗവണ്മെൻറിൽനിന്നും കൂടുതൽ വഹിക്കേണ്ട ആവശ്യം വേണ്ട ഉദ്യോഗസ്ഥന്മാരെ നിയമിച്ചു.

ജനങ്ങൾക്കുവേണ്ടി അവരാൽ നടത്തപ്പെടുന്ന ഒരു കാൎയ്യത്തിൽ അതിൻെറ ആരംഭഘട്ടത്തിൽ ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ മേൽ പരിശോധന ആശാസ്യമായിരിക്കുമെങ്കിലും , അതു് കാലക്രമത്തിൽ അതിൻെറ സ്വാതന്ത്ര്യമായ വളർച്ചയ്ക്കു ഹാനികരമായിത്തീരുകയില്ലേ എന്നു ചിലൎക്കു സംശയമില്ലാതില്ല. അതുകൊണ്ടു് നിവൃത്തിയുള്ളിടത്തോളം അനുദ്യോഗസ്ഥന്മാരേക്കൂടി ഡിപ്പാർട്ടുമെൻറു ജോലിയിൽ പങ്കുകൊള്ളിക്കുന്നതിനും ഇപ്പോൾ ഗവണ്മെൻറുദ്യോഗസ്ഥന്മാർ മുഖേന നടത്തിവരുന്ന മേൽപരിശോധന മുതലായ ജോലികൾ ജനങ്ങളെ തന്നെ ഏല്പിക്കുന്നതിനും ആണ് ഇൻഡ്യയിലുള്ള മററു രാജ്യങ്ങളിലെ സഹകരണപ്രസ്ഥാനത്തിൽ കണ്ടുവരുന്ന ഉദ്യമം. ഒരു സംഘത്തിലെ മെംബറന്മാർ അന്യോന്യം പരിശോധിക്കപ്പെടുന്നതുകൊണ്ട്

കൊണ്ടു ഓരോരുത്തരുടേയും സ്വഭാവവും നടപടിയും നന്നായിവരുന്നതുപോലെ അനേക സംഘങ്ങൾ തമ്മിൽ തമ്മിൽ പരിശോധിക്കുന്നതിനായി യോജിക്കുകയാണെങ്കിൽ അവയിൽ ഓരോന്നിന്റെയും പ്രവൃത്തി ഐകരൂപ്യമായി അഭിവൃദ്ധിയിൽ വരുന്നതാണ്. ഇതിലേക്കായി യൂണിയൻ സംഘങ്ങൾ എല്ലാ സ്ഥലങ്ങളിലും സ്ഥാപിച്ചുവരുന്നു. യൂണിയൻ സംഘങ്ങൾ പല മാതിരിയുള്ളതിൽ ഏററവും പ്രധാനമായ സൂപ്പർവൈസിംഗ് യൂണിയനെ (പരിശോധനാ ഐക്യസംഘത്തെ)പ്പററി താഴെ പ്രസ്താവിക്കുന്നു.

സൂപ്പർവൈസിംഗ് യൂണിയൻ എത്രയും ചിലവു കുറഞ്ഞതും എന്നാൽ വളരെ പ്രയോജനമുള്ളതെന്നു അനുഭവത്തിൽ അറിഞ്ഞിരിക്കുന്നതുമാണ്. ഇതിലെ മെംബറന്മാർ സംഘങ്ങൾ ആകുന്നു. ഓരോ സംഘവും അതിലെ മെംബറന്മാരിൽ ഒരാളെ അതിന്റെ പ്രതിനിധിയായി യൂണിയൻ പൊതുയോഗങ്ങളിൽ അയയ്ക്കുന്നു. ഈ പ്രതിനിധികൾ അവരുടെ ഇടയിൽനിന്ന് ഒരു ഭരണയോഗത്തെ തെരഞ്ഞെടുക്കുകയും ഈ ഭരണയോഗം യൂണിയൻ കാര്യങ്ങൾ നടത്തിവരികയുമാണു ചെയ്യുന്നത്. സാധാരണ ഈ ഭരണയോഗത്തിൽ ഏഴിൽ അധികം മെംബറന്മാർ ഉണ്ടായിരിക്കുന്നതല്ല. യൂണിയനിൽ ആകെ സാധാരണ മുപ്പതോ നാല്പതോ മെംബറന്മാർ ഉണ്ടായിരിക്കും. യൂണിയന്റെ വ്യാപ്തിസ്ഥലം വളരെ കവിഞ്ഞിരിക്കുന്നതായാൽ മെംബറന്മാർ തമ്മിൽ പരിചയമില്ലാത്തവരായി തീരുന്നതിനും പരിശോധനയ്ക്കും ബുദ്ധിമുട്ടിനു പുറമെ അത്ര ചിലപ്പോൾ സാധിക്കാതെ വന്നേക്കാവുന്നതും ആണ്. എന്നാൽ വ്യാപ്തി വളരെ കുറഞ്ഞുപോകയാണെങ്കിൽ മെംബർ സംഘങ്ങളുടെ എണ്ണക്കുറവിനാൽ യൂണിയന്റെ സിൽബന്തിച്ചിലവിന് വേണ്ട ഫണ്ടു ശേഖരിക്കുന്നതിനു സാധിക്കയില്ലെന്നും വരാവുന്നതാണ്.

യൂണിയന്റെ ചുമതലകൾ.

ഒരു യൂണിയന്റെ പ്രധാന ജോലി അതിൽ അംഗങ്ങളായി ചേർന്നിട്ടുള്ള സംഘങ്ങളെ പരിശോധിക്കയാണ്. ഈ കൃത്യം യൂണിയൻ നിർവഹിക്കുന്നതു ശമ്പളം കൊടുത്തു സൂപ്പർവൈസർമാരെ നിയമിച്ചും ഭരണയോഗത്തിലെ മെംബറന്മാർ മുഖാന്തരവും ആകുന്നു. ഓരോ യൂണിയനും ഒന്നോ രണ്ടോ സൂപ്പർവൈസർമാരെ നിയമിക്കുന്നതും അവർ സംഘങ്ങളുടെ ഇൻസ്പെക്ഷനും, ആഡിററിനും തക്ക സാമർത്ഥ്യമുള്ളവരാണെന്നു രജിസ്ട്രാരുടെ സർട്ടിഫിക്കററു മുൻകൂട്ടി

സമ്പാദിച്ചിരിക്കേണ്ടതും ആകുന്നു. സൂപ്പർവൈസർമാരുടെ പരിശോധനയിൽ വളരെ പ്രയോജനം ഉണ്ടെങ്കിലും കൂടുതൽ പ്രയോജനം ഭരണയോഗത്തിലെ മെമ്പറന്മാർ ഓരോ സംഘവും സന്ദർശിച്ച പരിശോധന കഴിക്കുന്നതിൽ നിന്നുണ്ടാകുന്നതായി കണ്ടുവരുന്നു. എന്തെന്നാൽ ഭരണയോഗമെമ്പറന്മാർ ആ ദിക്കുകളിൽ നല്ല പരിചയക്കാരും ബഹുമാനിക്കപ്പെടുന്നവരും ആകകൊണ്ടു സംഘാംഗങ്ങളിൽ അവക്കു ധാരാളം പ്രേരണാശക്തി ഉണ്ടായിരിക്കുന്നതാണ്. തൃപ്തികരമായി ജോലി നടത്തുന്നില്ലെന്നു കാണുന്ന സംഘങ്ങളെ ഭരണയോഗാംഗങ്ങൾ കൂട്ടായിപ്പോയി സന്ദർശിക്കയും അവരുടെ യോഗങ്ങൾ ആ സ്ഥലത്തുവച്ചു നടത്തുകയും ചെയ്യുന്നതുകൊണ്ട് സാരമായ ഫലമുണ്ടായി കാണുന്നുണ്ട്. സംഘങ്ങളിലേക്കു സെൻട്രൽബാങ്കിൽനിന്നും കടം കിട്ടുന്നതിനുള്ള അപേക്ഷകൾ യൂണിയൻ പരിശോധിച്ചു ശുപാർശ ചെയ്താലല്ലാതെ രജിസ്ത്രാർ അവയെ സെൻട്രൽ ബാങ്കിലേക്കു അയയ്ക്കുകയൊ സെൻട്രൽ ബാങ്ക് കടം കൊടുക്കുകയൊ ചെയ്യുകയില്ല. സംഘഭരണം ആർബിട്രേഷൻ മുതലായ കാര്യങ്ങൾ സംബന്ധിച്ചുള്ള സകല എഴുത്തുകുത്തുകളും യൂണിയൻ മുഖാന്തിരമാണ് ഡിപ്പാർട്ടുമെൻറു മേലധികാരിക്കയക്കേണ്ടത്. ഒരു സംഘത്തെ സംബന്ധിച്ചു എന്തെങ്കിലും പ്രവർത്തിക്കണമെങ്കിൽ രജിസ്ത്രാരും സെൻട്രൽബാങ്കും യൂണിയനുമായി ആലോചിക്കുന്നു.

സൂപ്പർവിഷൻ ഫണ്ട്.

യൂണിയനിലെ സൂപ്പർവൈസർമാരുടെ ശമ്പളത്തിനും മററു ചിലവുകൾക്കുമായി യൂണിയനോടു ചേർത്തിട്ടുള്ള സംഘങ്ങളിലും സെൻട്രൽബാങ്കിലും നിന്ന് ഓരോ തുക പിരിച്ചു സൂപ്പർവിഷൻഫണ്ട് (പരിശോധനനിധി) ആയി സ്വരൂപിക്കുന്നു. സെൻട്രൻബാങ്ക് അവർ കടം കൊടുക്കുന്ന സംഘങ്ങളിൽ നിന്നു പിരിയുന്ന പലിശയിൽ എട്ടേമുക്കാൽ രൂപായ്ക്കു കാൽ രൂപാ വീതവും സംഘങ്ങൾ അവയ്ക്കു ഒരാണ്ടിൽ ഉണ്ടാകുന്ന പലിശയുടെ അഞ്ചു ശതമാനവും യൂണിയനിലേക്കു അടയ്ക്കണം. ഇതിലേക്കു പ്രത്യേകം ഒരു വ്യവസ്ഥ പുതിയ മാതൃകാനിബന്ധനകളിൽ (ബൈലാകളിൽ) വകുപ്പു ചേർത്തിട്ടുണ്ട്. അതിനെ താഴെ ഉദ്ധരിച്ചിരിക്കുന്നു. ഈ വകുപ്പു നിബന്ധനകളിൽ ചേർക്കാത്തതായുള്ള സംഘങ്ങൾ ഈ വകുപ്പുകൂടി അവയുടെ നിബന്ധനകളിൽ ചേർക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യേണ്ടതാകുന്നു. കൂടാതെ ഒരു സംഘത്തെ യൂണിയൻെറ അംഗമായി ചേർക്കുന്നതിനു കൊടുക്കുന്ന അഞ്ചു രൂപായും ഈ ഫണ്ടിലേക്കുതന്നെ ചേർക്കപ്പെടുന്നു. ഒരു സംഘം അതാതു ആ

ത്തിൽ സൂപ്രവിഷൻ ഫണ്ടിലേക്കു കൊടുക്കേണ്ട തുക അതിന്റെ ആഡിററാർഡറാൽ പ്രത്യേകം കാണിച്ചിരിക്കുന്നതും ആഡിററാർഡര കിട്ടിയ ഉടനെ ഈ തുകയെ, സംഘം ഒരു യൂണിയന്റെ അംഗമാണെങ്കിൽ യൂണിയനാലും അല്ലാത്തപക്ഷം സെൻട്രൽബാങ്കിലും അയച്ചു നാടുവഴിയിൽ തഞ്ചിലവായി കണക്കെഴുതേണ്ടതും ആണ്.

യൂണിയന്റെ അംഗങ്ങളായ സംഘങ്ങളുടെ ചുമതലകൾ.

മുൻ വിവരിച്ചതിൽനിന്നും യൂണിയൻ സ്ഥാപിക്കുന്നതു അതിലെ അംഗങ്ങളായി ചേരുന്ന സംഘങ്ങളുടെ ഗുണത്തെ ഉദ്ദേശിച്ചു മാത്രമാണെന്നു തെളിവാകുന്നതാണല്ലൊ. അതുകൊണ്ട് ഓരോ സംഘവും യൂണിയന്റെ ബൈലാസു അനുസരിച്ചു നടക്കേണ്ടതും, അതിന്റെ ഉപദേശങ്ങളെ മനഃപൂർവ്വം അനുഷ്ഠിക്കേണ്ടതും ആകുന്നു. സംഘം പരിശോധനയ്ക്കു വരുന്ന യൂണിയൻ ഭരണയോഗത്തിലെ അംഗങ്ങൾക്കും സൂപ്പർവൈസർമാർക്കും വേണ്ട സഹായവും ചെയ്തുകൊടുക്കേണ്ടതാകുന്നു. സംഘത്തിൽനിന്നും യൂണിയൻ സൂപ്പർവിഷൻ ഫണ്ടിലേക്കു അടക്കേണ്ട സംഖ്യ കൃത്യസമയത്തുതന്നെ അയച്ചുകൊടുക്കേണ്ടതും യൂണിയനെ തങ്ങളുടെ സ്വന്തമായി വിചാരിക്കയും ചെയ്യേണ്ടതാണ്.

മാതൃകാനിബന്ധന ൩൬-ാമത്തു വകുപ്പ്.

സംഘത്തിന്റെ സമീപത്തു ജോലിനടത്തുന്നതൊ രജിസ്ട്രാർ അവർകളാൽ മേലാൽ രജിസ്റ്റർ ചെയ്യപ്പെടുന്നതൊ ആയ ഏതെങ്കിലും ഒരു യൂണിയനിൽ സംഘത്തെ ചേർക്കുവാൻ പൊതുയോഗത്തിനു അധികാരമുണ്ടായിരിക്കുന്നതാണ്. മേല്പറഞ്ഞ യൂണിയന്റെ ചിലവിലേയ്ക്കായി ഓരോ ആണ്ടും സംഘം സമ്പാദിക്കുന്ന പലിശയിൽ ൬ ശതമാനം ആഡിററുത്തരവിനുശേഷം കൊടുക്കേണ്ടതാണ്. എന്നാൽ ഒരു കൊല്ലത്തിൽ ഇതിനായി ആകെ കൊടുക്കുന്ന സംഖ്യ ൧൫൦ രൂപായിൽ അധികരിച്ചുകൂടുന്നതല്ല. സംഘം ഏതെങ്കിലും യൂണിയനോടു ചേരുന്നതുവരെ ആണ്ടുതോറുമുള്ള ഈ തുക സെൻട്രൽ ബാങ്കിൽ അടയ്ക്കേണ്ടതാകുന്നു.

സക്യൂലർ വ ൧.

പരസ്പരസഹായസംഘങ്ങൾ ! അതതു പ്രദേശങ്ങളിൽ ഐക്യസംഘങ്ങളിൽ ചേരുന്നതുകൊണ്ടുള്ള പ്രയോജനങ്ങളെപ്പററി ഈ ആഫീസുവക ൧൦൯൮ കുംഭം ൪-ാംനു-ലെ ൩൪-ാം നമ്പർ സക്യൂലര നിർദ്ദേശിച്ചിട്ടുള്ളതാണ്. സംയോഗംകൊണ്ടു പ്രാഥമിക സംഘാംഗ

ങ്ങളുടെ ശക്തിയും വിശ്വാസ്യതയും എപ്രകാരം വർദ്ധിക്കുന്നുവോ അതുപോലെ ഐക്യസംഘംമൂലം സംഘങ്ങളുടെ ഉറപ്പും പ്രാധാന്യതയും പ്രബലപ്പെടുന്നതാണ്. സംഘകാര്യങ്ങൾ തങ്ങൾതന്നെ കൂടുതൽ പ്രാപ്തിയോടുകൂടി നടത്തുന്നതിനു പരിശീലിപ്പിക്കുക എന്ന പ്രാധാന്യമേറിയ കൃത്യം നിർവ്വഹിച്ചു അവയെ മുമ്പോട്ടു കൊണ്ടുവരുന്നതിനു ഈ ഐക്യസംഘങ്ങൾ ഉതകുന്നു. ഇപ്പോൾ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഐക്യസംഘങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളവയെപ്പററി അറിയുന്നതിനു സംഘങ്ങൾ പൊതുവെ താല്പര്യപ്പെടാനിടയുള്ളതാണ്. ൧൧൦൮ അവസാനം വരെയായി ൫൪ ഐക്യസംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടു ജോലി ആരംഭിച്ചിട്ടുള്ളതും അവയെ സംബന്ധിച്ചുള്ള വിവരണങ്ങൾ അവരുടെ അറിവിലേക്കായി ഇതിനടിയിൽ ചേർത്തിരിക്കുന്നതുമാകുന്നു. ധനക്കുറവുകൊണ്ടു സൂപ്പർവൈസർമാരെ നിയമിക്കാൻ സാധിക്കാത്തതിനാൽ ഈ ഐക്യസംഘങ്ങളിൽ ചേർന്നിട്ടുള്ള പ്രാഥമികസംഘങ്ങളുടെ മേൽനോട്ടവും പരിശോധനയും ഇതേവരെയും അവയുടെ ഭരണയോഗക്കാർതന്നെ സന്തോഷപൂർവ്വം കയ്യേററു വഹിച്ചു നടത്തുകയാണു ചെയ്തിട്ടുള്ളതു്. കൂടാതെ ഇവർ അതാതു അതിർത്തിയിലുള്ള എല്ലാ സംഘങ്ങളിലും പോയി യോഗങ്ങൾ വിളിച്ചുകൂട്ടി ഐക്യസംഘങ്ങളിൽ അംഗങ്ങളായി ചേരുന്നതിനു പ്രേരിപ്പിക്കുന്നതിനു തയാറുള്ളതായി അറിയിക്കുകയും അതിനു അനുവദിച്ചിരിക്കയും ചെയ്തിരിക്കുന്നു. ഐക്യസംഘങ്ങൾക്കും അവയിൽ ഉൾപ്പെട്ട പ്രാഥമികസംഘങ്ങൾക്കും കാര്യപ്രാപ്തിയുണ്ടാകുന്നതിനും സ്വാശ്രയകാലം സമ്പാദിക്കുന്നതിനും സഹായിക്കുന്നതിനുവേണ്ടി അവയിൽ നിന്നു നിയമിക്കപ്പെടുന്ന സൂപ്പർവൈസറന്മാരുടെ ശമ്പളച്ചിലവിലേയ്ക്കായി ഒരു ധനസഹായം ചെയ്യുന്നതിനു ഗവർമ്മെൻറു ദയാപൂർവ്വം അനുവദിച്ചിട്ടുണ്ടു്. നാലു ഐക്യസംഘങ്ങളിലെ സൂപ്പർവൈസറന്മാരുടെ ശമ്പളത്തിൻെറ ൫൦ ശതമാനം ഈ ആണ്ടത്തെ ബഡ്ജററിൽ തന്നെ അനുവാദം കിട്ടിയിട്ടുള്ളതാണ്. ഈ അനുകൂലാവസരത്തെ ഉപയോഗപ്പെടുത്തി ഓരോ താലൂക്കിലുമുള്ള എല്ലാ സംഘങ്ങളും തമ്മിൽതമ്മിൽ ചേർന്നു ഐക്യസംഘങ്ങൾ സ്ഥാപിതമായിട്ടുള്ള താലൂക്കുകളിലെ സംഘങ്ങൾ ഒന്നൊഴിയാതെ അവയിൽ അംഗമായി ചേർന്നു പരസ്പരസഹായസംഘത്തിൻെറ ആകമാനമുള്ള ഗമനത്തെ പുഷ്ടിപ്പെടുത്തണമെന്നുള്ളതാണു ഈ സർക്കുലർ മുഖാന്തിരം പ്രത്യക്ഷപ്പെടുന്നതു.

൧. മാവേലിക്കര പരസ്പരസഹായ ഐക്യസംഘം നമ്പർ ൩൪൦. മാവേലിക്കര താലൂക്ക, പ്രസിഡണ്ട ൪൯-ാം നമ്പർ സംഘം പ്രസിഡണ്ട, കെ. ഗോവിന്ദപ്പിള്ള. സിക്രട്ടറി ൨൪൯-ാം നമ്പർ സംഘം സിക്രട്ടറി എൻ. പപ്പുപിള്ള.

൨. കോട്ടയം പരസ്പരസഹായ ഐക്യസംഘം നമ്പർ ൪൨൧ കോട്ടയം താലൂക്ക, പ്രസിഡണ്ട ൧൭-ാം നമ്പർ സംഘം സെക്രട്ടറി എം. എൻ. നാരായണമേനോൻ. സിക്രട്ടറി ൬൪-ാം നമ്പർ സംഘം സിക്രട്ടറി കെ. നീലകണ്ഠപ്പിള്ള.

൩. തിരുവല്ലാ പരസ്പരസഹായ ഐക്യസംഘം നമ്പർ ൪൨൭ തിരുവല്ലാ താലൂക്ക, പ്രസിഡണ്ട ൨൭൨-ാം നമ്പർ സംഘം പ്രസിഡണ്ട, സി. ജി. രാമൻപിള്ള. സിക്രിട്ടറി ൧൩൭-ാം നമ്പർ സംഘം സിക്രിട്ടറി സി. ഫിലിപ്പോസ്.

൪. പത്തനംതിട്ട പരസ്പരസഹായ ഐക്യസംഘം നമ്പർ ൪൩൧. പത്തനംതിട്ട താലൂക്ക, പ്രസിഡണ്ട ൧൧൩-ാം നമ്പർ സംഘം പ്രസിഡണ്ട കെ. എൽ. ഗോവിന്ദൻനായർ. സിക്രട്ടറി ൯൩-ാം നമ്പർ സംഘം പ്രസിഡണ്ട പി. എൻ. രാമൻനായർ.

൫. ചങ്ങനാശേരി പരസ്പരസഹായ ഐക്യസംഘം നമ്പർ ൬൦൪. ചങ്ങനാശേരി താലൂക്ക, പ്രസിഡണ്ട മന്നത്തു ഠ. ത്മനാഭപിള്ള ൨൩-ാം നമ്പർ സംഘം പ്രതിനിധി. സിക്രിട്ടറി വി. നാരായണപിള്ള, ൧൦൬-ാം നമ്പർ സംഘം പ്രതിനിധി.

സർക്യൂലർ ൧൦൦.

ഐക്യസംഘങ്ങളിൽ ജോലി ചെയ്തുവരുന്ന സൂപ്രവൈസറന്മാരുടെ ഡയറികളെ സർക്കിൾ ഇൻസ്പെക്ടറന്മാര ഗ്രാൻറ ബില്ലിനോടുകൂടി ഈ ആഫീസിലേക്ക അയച്ചുവരുന്നതായി കാണുന്നു. സൂപ്രവൈസറന്മാർ തങ്ങളുടെ ജോലി യൂണിയന്റെ ആജ്ഞയനുസരിച്ചു തന്നെയാണോ ചെയ്യുന്നതു എന്നും, യൂണിയനിലേക്ക ഡയറിപ്പകർപ്പു അയക്കുന്നോ എന്നും അറിയുന്നതിന നിവൃത്തിയില്ല. മേലാൽ സൂപ്രവൈസറന്മാർ അവരുടെ ഡയറികളെ യൂണിയൻ സിക്രിട്ടറിക്ക അയക്കേണ്ടതാണ. യൂണിയൻ സിക്രട്ടറി അവയെ പരിശോധിച്ചു റിമാർക്കുകളോടു ഇൻസ്പെക്ടരാഫീസിൽ അയച്ചുകൊടുക്കേണ്ടതാണ്. ഡയറികൾ കൂടാതെ ഗ്രാൻറു ബിൽ അനുവദിക്കുന്നതല്ല. ഡയറി പകർപ്പു സിക്രട്ടറിയുടെ റിമാർക്കുകളുടെ പകർപ്പോടുകൂടി ഭരണയോഗത്തിൽ ഹാജ

രാക്കി, യോഗത്തിൽ കൂടുതൽ വല്ല റിമാൎക്കുകളും പാസ്സാക്കുന്നതായാൽ ഈ ആഫീസിലേക്കു അയക്കേണ്ടതാകുന്നു.

സൎക്കുലർ ൧൧൬.

ഐക്യസംഘങ്ങളിലെ ൭-ാം നിബന്ധനപ്രകാരം സംഘങ്ങളെ അംഗങ്ങളായി ചേൎക്കുന്നതിനു ഇവിടത്തെ അനുവാദം സിദ്ധിച്ചിരിക്കേണ്ടതാണ്. ചില ഐക്യസംഘങ്ങൾ ഈ വ്യവസ്ഥ വിസ്മരിച്ചിരിക്കുന്നതായി കാണുന്നു. ആ ന്യൂനത ഉടൻതന്നെ പരിഹരിക്കേണ്ടതും അല്ലാത്തപക്ഷം പൊതുയോഗനടപടികളെ സംബന്ധിച്ചു പലതരത്തിലുള്ള ആക്ഷേപങ്ങൾ പുറപ്പെടുന്നതിനു ഇടവന്നേക്കാവുന്നതും ആണ്. ഐക്യസംഘങ്ങൾ ഇതുവരെ അംഗങ്ങളായി ചേൎന്നിട്ടുള്ള സംഘങ്ങളുടെ ഒരു പട്ടിക താഴെ കാണിച്ചിരിക്കുന്ന ഫാറത്തിൽ അയച്ചു അനുവാദം വാങ്ങേണ്ടതും മേലാൽ ചേൎക്കുന്ന സംഘങ്ങൾക്കു അപ്പഴപ്പോൾ അനുവാദത്തിനു എഴുതി അയക്കേണ്ടതും ആണു. പ്രവേശന രജിസ്റ്ററിൽ ഈ ആഫീസിലെ അനുവാദം സിദ്ധിച്ച തീയതിയും നമ്പരും കാണിക്കുന്ന ഒരു കാളംകൂടി ചേൎക്കേണ്ടതാണ്.

അംഗസംഘങ്ങളുടെ ലിസ്റ്റ്.

ക്രമനമ്പർ	അംഗസംഘത്തിന്റെ ജനറൽ നമ്പരും പേരും	മേൽവിലാസം	അംഗമായി ചേൎന്ന തീയതി	രജിസ്ട്രാർ അവർകളുടെ അനുവാദം തന്ന തീയതിയും	റിമാൎക്ക്

സക്കുലർ ൮൨൧.

൧൧൦-ാംനമ്പർ തിരുവിതാംകൂർ പരസ്പരസഹായ ഇൻസ്റ്റിട്യൂട്ടിലേക്കു, ഐക്യസംഘങ്ങൾ, താലൂക്കുബാങ്കുകൾ, പ്രാഥമികസംഘങ്ങൾ എന്നീ സ്ഥാപനങ്ങൾ അടയ്ക്കേണ്ട ഫീസ്, വരിസംഖ്യ മുതലായ ഇനങ്ങളിൽ ഭീമമായ കുടിശ്ശിക ഉള്ളതിനാൽ ഇൻസ്റ്റിട്യൂട്ടിന്റെ ധനസ്ഥിതി ഒരു വിഷമഘട്ടത്തിൽ എത്തിച്ചേന്നിരിക്കുന്നു. ഇക്കാര്യത്താൽ ഐക്യസംഘങ്ങളും, താലൂക്കുബാങ്കുകളും, പ്രാഥമികസംഘങ്ങളും ഇൻസ്റ്റിട്യൂട്ടിനെ സഹായിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ച് ഈ ആഫീസിൽനിന്നും ൮൯-ാംനമ്പർ സക്കുലർ പരസ്യപ്പെടുത്തിയിരുന്നു. എന്നാൽ ആ സക്കുലറിലെ താല്പര്യപ്രകാരം യൂണിയനോ മററു സ്ഥാപനങ്ങളോ പ്രവത്തിച്ചിട്ടില്ലെന്നു കാണുന്നതു വളരെ പരിതാപകരമാണ്. ഇന്നത്തെ നിലയ്ക്കു ഇൻസ്റ്റിട്യൂട്ടിന്റെ ജോലി മുന്നോട്ടു നയിക്കുവാൻ അസാദ്ധ്യമായിത്തീന്നിരിക്കുന്നു. സംഘങ്ങളിൽനിന്നും ൧൨൦൦ രൂപാ പിരിഞ്ഞുകിട്ടാനുള്ളതിൽ ൨൯൦൦ രൂപാ യൂണിയനിൽനിന്നും ഈടാകാനുള്ളതാണ്. അച്ചടിക്കൂലി, ശമ്പളം മുതലായ പല ഇനങ്ങളിൽ ഭീമമായ കുടിശ്ശിക ഇൻസ്റ്റിട്യൂട്ട് കൊടുത്തുതീക്കാനുണ്ട്. പരസ്പരസഹായസംഘങ്ങളുടേയും സഹകാരികളുടേയും കേന്ദ്രസ്ഥാപനത്തെ യഥാകാലം സഹായിക്കാതെ ഇന്നത്തെ അതിന്റെ നിസ്സഹായികനിലയിലേക്കു തള്ളിവിടുന്നതു കാര്യക്ഷമതയ്ക്കനുയോജ്യമല്ല. അതിനാൽ ഐക്യസംഘങ്ങൾ തുടങ്ങിയ എല്ലാ സ്ഥാപനങ്ങളും അവയുടെ കത്തവ്യത്തെ മനസ്സിലാക്കി ഇൻസ്റ്റിട്യൂട്ടിലേയ്ക്കു അടയ്ക്കാനുള്ള കുടിശ്ശിക തുകകൾ ഉടൻതന്നെ അടച്ചു അതിന്റെ പ്രവത്തനം സുരക്ഷിതമാക്കണമെന്നു പ്രത്യേകം താല്പര്യപ്പെടുന്നു.

സക്കുലർ ൨൯൨.

സംസ്ഥാനത്തുള്ള പരസ്പരസഹായ ഐക്യസംഘങ്ങൾ ശരിയായി ജോലി ചെയ്യുന്നില്ലെന്നു മനസ്സിലാകുന്നു. അതിനുള്ള പ്രധാന കാരണം പ്രാഥമികസംഘങ്ങളുടെ ഏകോപിച്ചുള്ള സഹായസഹകരണങ്ങൾ അവയ്ക്കു വേണ്ടതുപോലെ ലഭിക്കാത്തതുകൊണ്ടാകുന്നു. ഐക്യസംഘങ്ങളെ സഹായിക്കേണ്ടതു് ഓരോ പ്രാഥമികസംഘത്തിന്റേയും കടമയാണെന്നു പ്രത്യേകം അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഇതേവരെയും ഐക്യസംഘങ്ങളിൽ അംഗങ്ങളായി ചേരാത്ത പല പ്രാഥമികസംഘങ്ങളും ഉള്ളതായി കാണുന്നു. അപ്രകാരമുള്ള സംഘങ്ങൾ ഉടൻതന്നെ

അതതു സ്ഥലത്തുള്ള ഐക്യസംഘങ്ങളിൽ അംഗങ്ങളായി ചേരുന്നതിനു വേണ്ട നടപടി എടുത്തു അംഗങ്ങളായി ചേൎന്ന് വിവരം റിപ്പോർട്ടു ചെയ്യണം. ഐക്യസംഘങ്ങൾക്കു പ്രാഥമികസംഘങ്ങൾ കൊടുക്കേണ്ടതായ സൂപ്പർവിഷൻ ഫണ്ടു, ഫീസ്സ് മുതലായവ യഥാകാലങ്ങളിൽ കുടിശ്ശികയില്ലാതെ അടച്ച് ഈ പ്രാദേശിക അനൌദ്യോഗസ്ഥസ്ഥാപനങ്ങളെ സഹായിക്കേണ്ടതു സംഘങ്ങളുടെ കർത്തവ്യമാകുന്നു.

ഐക്യസംഘങ്ങളുടെ പ്രവർത്തനം പൊതുവെ ഊൎജ്ജിതപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനപദ്ധതി വിപുലപ്പെടുത്തുന്നതിനും ഡിപ്പാർട്ടുമെന്റു നിശ്ചയിച്ചിരിക്കുന്നതിനാൽ ഈ ഉദ്ദേശനടപടികൾ ഏററവും അത്യന്താപേക്ഷിതമാണ്.

സൎക്യൂലർ ൧൯.

ഐക്യസംഘങ്ങൾ സൂപ്രവൈസറന്മാരുടെ ഡയറികൾ ഇൻസ്പെക്ടറന്മാർ മുഖാന്തരം ഈ ആഫീസ്സിലേക്ക് അയച്ചുതരണമെന്ന് ൧൦൦-ാംനമ്പർ സൎക്യൂലറിൽ നിർദ്ദേശിച്ചിട്ടുണ്ടല്ലൊ. ഈ സൎക്യൂലറിൽ ഡയറികൾ അയയ്ക്കുന്നതിനുള്ള സമയം ക്ലിപ്തപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഐക്യസംഘങ്ങൾ ആറുമാസം കൂടുമ്പോഴോ വർഷത്തിൽ ഒരുപ്രാവശ്യമൊ ആണു ഇൻസ്പെക്ടർമാൎക്കു ഡയറികൾ അയച്ചുവരുന്നതു്. തന്നിമിത്തം സൂപ്പർവൈസറന്മാരുടെ ജോലിയെപ്പററി അപ്പഴപ്പോൾ അറിയുന്നതിനും അതിനെ ചർച്ച ചെയ്യുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും സാധിക്കാതെയിരിക്കുന്നു. വളരെ മാസങ്ങൾ കൂടുമ്പോൾ ഡയറികൾ ഒന്നായി കെട്ടി അയയ്ക്കുന്ന ഏൎപ്പാടു് അർത്ഥമില്ലാത്തതും ഉപയോഗശൂന്യമായതുമാണ്. ഡയറികൾ ഇൻസ്പെക്ടർമാൎക്കു അയയ്ക്കുന്നതിനുമുമ്പു യൂണിയൻ കമ്മിററി അവ പരിശോധിച്ചിരിക്കേണ്ടതും അവരുടെ റിമാൎക്കുകൾകൂടി ഉണ്ടായിരിക്കേണ്ടതുമാണ്. എല്ലാ ഐക്യസംഘങ്ങളും സൂപ്രവൈസറന്മാരുടെ മാസംതോറുമുള്ള ജോലിവിവരഡയറി അതതു മാസാവസാനത്തിൽതന്നെ വാങ്ങി കമ്മിററിയുടെ റിമാർക്സ് സഹിതം 'അടുത്ത മാസം ൧൫-ാം തീയതിക്കുമുമ്പു ഇൻസ്പെക്ടറന്മാൎക്കു അയച്ചുകൊടുക്കേണ്ടതാണ്. മേലാൽ ഐക്യസംഘങ്ങൾ ഈ നിർദ്ദേശപ്രകാരം പ്രവർത്തിക്കണമെന്നു താല്പൎയ്യപ്പെടുന്നു.

സർക്കുലർ I.

(ഐക്യസംഘങ്ങൾക്കമാത്രം.)

സൂപ്പർവൈസറന്മാർ അംഗസംഘങ്ങളിൽനിന്നും വായ്പകൾ വാങ്ങുന്നതിന്റെ അനാശാസ്യതയെപ്പററി ഈ ആഫീസിൽനിന്നും ഫൻബ.ർ ഡിസംബർ ൧-ാംനു- ൯൮൨൦-ാംനമ്പരായി ഐക്യസംഘങ്ങൾക്ക് അയച്ചിട്ടുള്ള സർക്കുലർ ലററിനെ തുടന്ന് സംഘങ്ങളിലുള്ള അവരുടെ അധമർണ്ണത്വം പരിശോധിച്ചതിന്റെ ഫലമായി കൂടുതൽ ചില നിഷ്കർഷകൾ ചെയ്യേണ്ടതായിരിക്കുന്നു.

മിക്കവാറും എല്ലാ സൂപ്പർവൈസറന്മാരും അംഗസംഘങ്ങളിൽനിന്നും ധാരാളം കടംവാങ്ങിയിട്ടുള്ളതായും അവ ദീർഘകാലമായി കുടിശ്ശികയായി കിടപ്പുള്ളതായും കാണുന്നു. ഇതു നിഷ്പക്ഷവും കാര്യക്ഷമവുമായ സംഘപരിശോധനകൾക്ക് വിഘാതമുണ്ടാക്കുമെന്നുള്ളതാകുന്നു. ഇതു സംബന്ധിച്ചു പല പരാതികളും കിട്ടിക്കൊണ്ടിരിക്കുന്നതുകൊണ്ടു സൂപ്പർവൈസറന്മാർ അവക്കു ബാദ്ധ്യതകളുള്ള സംഘങ്ങൾ അവർ സന്ദർശിക്കുകയൊ പരിശോധിക്കുകയൊ ചെയ്യാൻ പാടില്ലാത്തതാകുന്നു. എല്ലാ ഐക്യസംഘങ്ങളും ഈ നിർദ്ദേശം നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ എടുക്കണമെന്നു താല്പര്യപ്പെടുന്നു.

സർക്കുലർ II.

(ഐക്യസംഘങ്ങൾക്കമാത്രം.)

സൂപ്പർവൈസറന്മാർ അവക്കു ബാദ്ധ്യതയുള്ള സംഘങ്ങൾ പരിശോധിക്കുന്നതു സംബന്ധിച്ചു ഉണ്ടായിട്ടുള്ള ഫൻമ്പന്ന മേ വ ന്വ-ാംനു-യിലെ സർക്കുലറിനെ തുടന്ന്, ഐക്യസംഘങ്ങളുടെ ഭരണയോഗത്തിലെ മെമ്പറന്മാരെ സംബന്ധിച്ചും ചില നിഷ്കർഷകൾ ചെയ്യേണ്ടതായിവന്നിരിക്കുന്നു. ഭരണയോഗത്തിലെ മെമ്പറന്മാരും ഐക്യസംഘത്തിന്റെ അംഗസംഘങ്ങളിൽനിന്നും ധാരാളംകടം വാങ്ങിയിട്ടുള്ളതായും അവ വളരെക്കാലമായി കുടിശ്ശികയായി കിടപ്പുള്ളതായും അറിയുന്നു. ഇതു ഭരണയോഗത്തിലെ മെമ്പറന്മാരുടെ അന്തസ്സിനു അനുയോജ്യമല്ലാത്തതുകൊണ്ടും അവക്കു ബാദ്ധ്യതയുള്ള സംഘങ്ങളുടെ നിഷ്പക്ഷവും കാര്യക്ഷമവുമായ പരിശോധനയ്ക്കു വിഘാതമായിത്തീരുമെന്നുള്ളതിനാലും ഒരുപ്രകാരമെങ്കിലും സംഘങ്ങളിലെ അവരുടെ കടബാദ്ധ്യതകൾ ഏററവും ചുരുങ്ങിയ കാലത്തിനകം തീക്കുകയും

അല്ലാത്തപക്ഷം അത്തരം സംഘങ്ങളുടെ സന്ദർശനത്തിലൊ പരിശോധനയിലൊ പങ്കുകൊള്ളാതിരിക്കുകയും ചെയ്യുന്നത് ഉത്തമമായിരിക്കുമെന്നു വിചാരിക്കുന്നു. എല്ലാ ഐക്യസംഘങ്ങളും ഈ നിർദ്ദേശം നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ എടുക്കണമെന്നു താല്പര്യപ്പെടുന്നു.

സർക്കുലർ III.

(ഐക്യസംഘങ്ങൾക്കുമാത്രം.)

തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽ ഐക്യസംഘങ്ങൾ വിളിച്ചുകൂട്ടുന്ന താലൂക്കു കാൺഫറൻസുകൾകൂടാതെ മറ്റുതരത്തിലുള്ള ഡിവിഷനൽ കാൺഫറൻസുകളൊ സാംസ്ഥാനികകാൺഫറൻസുകളൊ വിളിച്ചുകൂട്ടുന്നതിനു തിരുവിതാംകൂർ പരസ്പരസഹായ ഇൻസ്റ്റിട്യൂട്ട് നമ്പർ ൧൧൧-ാമത്തെ ഉത്തരവാദിത്വം എന്തായിരിക്കുമെന്നുള്ള സംഗതി വിശദമാക്കേണ്ട ആവശ്യം നേരിട്ടിരിക്കുന്നു. തിരുവിതാംകൂർ പരസ്പരസഹായ ഇൻസ്റ്റിട്യൂട്ടിന്റെ നിബന്ധനയിൽ കാലാകാലങ്ങളിൽ പരസ്പരസഹായകാൺഫറൻസുകൾ വിളിച്ചുകൂട്ടേണ്ടതാണെന്നു സുവ്യക്തം പ്രസ്താവിച്ചിട്ടുണ്ട്. ഏതുമാതിരി കാൺഫറൻസുകൾ കൂട്ടുന്നതിലാണ് ഇൻസ്റ്റിട്യൂട്ടിന് ഉത്തരവാദിത്വം ഉണ്ടായിരിക്കേണ്ടത് എന്നുള്ള സംഗതി വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണ്.

ഐക്യസംഘങ്ങൾക്കു ഓരോ താലൂക്കിലുമുള്ള സംഘങ്ങളുടെ താലൂക്കുകാൺഫറൻസുകൾ വിളിച്ചുകൂട്ടുന്നതിലേക്കുള്ള പൂർണ്ണസ്വാതന്ത്ര്യം ഇപ്പോഴും തന്നെയുണ്ട്. എന്നാൽ അതുകൂടാതെയുള്ള സാംസ്ഥാനികകാൺഫറൻസുകളും ഒന്നിൽകൂടുതൽ താലൂക്കുകളിലെ സംഘങ്ങൾ ഏകോപിച്ചു നടത്തപ്പെടാവുന്ന സംയുക്തകാൺഫറൻസുകൾ മുതലായവ വിളിച്ചുകൂട്ടുവാനുള്ള ഉത്തരവാദിത്വം ൧൧൧-ാംനമ്പർ ഇൻസ്റ്റിട്യൂട്ടിൽ സ്ഥിതിചെയ്യുന്നതിനാൽ അത്തരം കൂട്ടുവാൻ നിശ്ചയിക്കുന്ന സമ്മേളനങ്ങളുടെ ഭാരവാഹികൾ ഇൻസ്റ്റിട്യൂട്ടുമായി ആലോചിച്ച് കേന്ദ്രസ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽമാത്രമേ നടത്തുവാൻ പാടുള്ളു എന്നുള്ള സംഗതി സഹകാരികളേയും സംഘങ്ങളേയും അറിയിച്ചുകൊള്ളുന്നു.

സർക്കുലർ ൨൭൦.

തിരുവിതാംകൂർ സംസ്ഥാനത്തുള്ള എല്ലാ സഹകരണസംഘങ്ങളും ഐക്യസംഘങ്ങളിൽ അംഗങ്ങളായി ചേരണമെന്നുള്ളതു നിർബന്ധനിയമമാക്കി സഹകരണസംഘം റൂൾസിൽ താഴെ വിവരിക്കും പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

൧൧൨൨ കുംഭം ൨൭-ാംതീയതിയിലെ ഗവൺമെൻറു ഗസററു ൧-ാംഭാഗം ൨൭൬-ാംവശം.

പരസ്യം.

ആർ. ഒ. സി. നമ്പർ ൧൨ ഡവലപ്പ്മെൻറ് എ.

൧൧൧൨-ാമാണ്ടത്തെ തിരുവിതാംകൂർ സഹകരണസംഘം ആക്ട (൧൧൧൨-ലെ ൭-ാംആക്ട്) ൪൭-ാംവകുപ്പിൻപ്രകാരം സിദ്ധിച്ചിട്ടുള്ള അധികാരം വിനിയോഗിച്ച്, ഗവൺമെൻറിൽനിന്നും ൧൯൩൯ മേയ ൧൨-ാംനു-ലെ സഹകരണസംഘം റൂൾസിൽ താഴെ വിവരിക്കും പ്രകാരം ഒരു ഭേദഗതി വരുത്തിയിരിക്കുന്നു.

റൂൾ ൨൪ കഴിഞ്ഞ് അടിയിൽ വിവരിക്കുന്ന പുതിയ റൂൾ കൂട്ടിച്ചേർത്തു വായിക്കേണ്ടതാകുന്നു. (൨൪ എ) റൂൾ ൨൪-ലൊ അല്ലെങ്കിൽ മുറയ്ക്കു രജിസ്റ്റർചെയ്ത ഒരു സഹകരണസംഘത്തിലെ ബൈലായിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ക്രമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ സഹകരണസംഘങ്ങളും പ്രവർത്തനം തുടങ്ങി ന്നു മാസത്തിനകം അവ ഏതു സഹകരണഐക്യസംഘത്തിന്റെ പ്രവർത്തനപരിധിക്കുള്ളിൽ ഉൾപ്പെട്ടിരിക്കുന്നുവോ ആ ഐക്യസംഘത്തിൽ അംഗങ്ങളായി ചേരേണ്ടതും മുറയ്ക്കു രജിസ്റ്റർചെയ്ത് ഇപ്പോൾ പ്രവർത്തനത്തിലിരിക്കുന്നതും ഇതേവരെ ഐക്യസംഘത്തിൽ അംഗങ്ങളായി ചേർന്നിട്ടില്ലാത്തതുമായ എല്ലാ സഹകരണസംഘങ്ങളും ഈ റൂൾ നടപ്പിൽവന്ന തീയതിമുതൽ മൂന്നു മാസത്തിനകം അപ്രകാരം ഐക്യസംഘത്തിൽ അംഗങ്ങളായി ചേർന്നുകൊള്ളേണ്ടതാകുന്നു.

ഐക്യസംഘത്തിൽ ചേരേണ്ടതു നിർബന്ധം.

(൨) പ്രസ്തുത നിയമം അനുസരിച്ച് ഇതേവരെ ഐക്യസംഘങ്ങളിൽ അംഗങ്ങളായി ചേർന്നിട്ടില്ലാത്ത എല്ലാ സഹകരണസംഘങ്ങളും ഉടൻതന്നെ അതാതു ഐക്യസംഘത്തിൽ ചേർന്ന് ആ വിവരത്തിനു ഈ ആഫീസിൽ എഴുതി അയയ്ക്കേണ്ടതാകുന്നു.

൪൧. സൂപ്പർവിഷൻ ഫണ്ട്.

സർക്കുലർ ൨൦൫.

എല്ലാ സംഘങ്ങളും വായ്പകളിന്മേൽ പിരിയുന്ന പലിശയുടെ ൳ ശതമാനം അവകളെ സംഘടിപ്പിച്ചിരിക്കുന്ന പരിശോധനാഐക്യസംഘങ്ങളുടെ സൂപ്പർവിഷൻ ഫണ്ടിലേക്കു കൊടുക്കേണ്ടതാണെന്ന് ഈ ആഫീസിലെ ൧൧൦൮ കുംഭം ൪-ാംനു-ലെ ൯൪-ാംനമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ചു എല്ലാ സംഘങ്ങളും സമ്പാദിച്ച പലിശയിൽ ൫ ശതമാനം ആ ധിററുത്തരവു പാസ്സായതിനുശേഷം ഐക്യസംഘത്തിൽ ഒടുക്കണമെന്നു നിബന്ധന ൩൭-ാംവകുപ്പും ആവ ർത്തിച്ചു പറയുന്നു.

വെള്ളപ്പൊക്കംമൂലമുണ്ടായിട്ടുള്ള നഷ്ടപരിഹാരത്തിനായി കൊടുത്ത സ്പെഷ്യൽ വായ്പകളെ സംബന്ധിച്ചിടത്തോളം, ഈടാക്കിയ പലിശയിൽനിന്നും ഈ നിരക്കനുസരിച്ചു സൂപ്പർവിഷൻ ഫണ്ടു കണക്കാക്കുന്നതായാൽ സംഘങ്ങൾക്കു നഷ്ടമുണ്ടാകുമെന്നു ചില സംഘങ്ങൾ പരാതിപ്പെട്ടിരിക്കുന്നു. ൨൦൦ രൂപായുടെ ഒരു സ്പെഷ്യൽ വായ്പനിന്മേൽ ഒരു സംഘം ആണ്ടേയ്ക്കു ൯ രൂപാ പലിശ ഈടാക്കുന്നു അതിൽ ൮ മുക്കാൽ രൂപാ സംഘത്തിൽനിന്നും സെൻട്രൽബാങ്കിലേക്കു പലിശ കൊടുക്കേണ്ടതായിട്ടുണ്ട്. ഈടാക്കിയ പലിശയിൽനിന്നും കണക്കാക്കുന്നപക്ഷം ബാക്കിയുള്ള കാൽ രൂപാ മാത്രമേ ഉള്ളു. എങ്കിലും യൂണിയനിലേക്കു ൯/൨൦ രൂപാ സൂപ്പർവിഷൻ ഫണ്ടു കൊടുക്കേണ്ടതായിവരും. നിബന്ധന ൩൭-ാംവകുപ്പിനു ഒരു വ്യാഖ്യാനം ഉണ്ടാകണമെന്നും, ഈ വിഷയത്തെപ്പററി ഗൗരവമായി ചിന്തിച്ചിട്ടുള്ള ചില സംഘങ്ങൾ അപേക്ഷിക്കുന്നു. സൂപ്പർവിഷൻ ഫണ്ടു രൂപീകരിക്കുന്നതിനുവേണ്ടി സംഘങ്ങൾ തങ്ങളുടെ മൂലധനത്തിൽനിന്നു ചിലവഴിക്കണമെന്ന് ഒരിക്കലും ഉദ്ദേശിച്ചിട്ടില്ലെന്നു പ്രത്യേകം പറയേണ്ടതില്ല. ൩൭-ാംനിബന്ധനയിലുള്ള 'സമ്പാദിച്ച" എന്ന പദം അർത്ഥവത്തായിട്ടുള്ളതാണ്. ഒരു സംഘത്തിന്റെ പ്രവർത്തനമൂലധനത്തിൽ കടം വാങ്ങിയിട്ടുള്ള മുതലിനെ സംബന്ധിച്ചിടത്തോളം സൂപ്പർവിഷൻഫണ്ടു കണക്കാക്കുന്നതു്, ആവക സംഖ്യയിന്മേൽ സംഘത്തിനു കിട്ടുന്ന വാശിപ്പലിശ (സംഘം കൊടുക്കേണ്ടതു കഴിച്ചുള്ള തുകയെ അടിസ്ഥാനപ്പെടുത്തി വേണ്ടതാണു. അതായതു സൂപ്പർവിഷൻഫണ്ടു കണക്കാക്കുന്നതു ഈടാക്കുന്ന പലിശയിന്മേലല്ലാ സമ്പാദിക്കുന്ന പലിശയിന്മേലാകുന്നു,

സർക്കുലർ ൧൭൦.

സ്വയംഭരണാധികാരത്തിന്മേൽ സ്ഥാപിതങ്ങളായ ഐക്യസംഘങ്ങളിൽ എല്ലാ പ്രാഥമികസംഘങ്ങളും ചേർന്ന പ്രസ്ഥാനത്തിന്റെ ആകമാനമുള്ള ശക്തിയും സംഘടനയും വർദ്ധിപ്പിക്കേണ്ടതു അതിന്റെ പരിപൂർണ്ണതയ്ക്കു ആവശ്യമാണെന്നു പറയേണ്ടതില്ലല്ലോ.

എന്നാൽ ചില ധനേതരസംഘങ്ങളുടെ നിബന്ധനകളിൽ സൂപ്പർ വൈസിംഗ് യൂണിയനിൽ ചേരുന്നതിനും സൂപ്പർവിഷൻഫണ്ടു അടയ്ക്കുന്നതിനും ഇപ്പോൾ വ്യവസ്ഥയില്ലാത്തതാണ്. സ്റ്റോർസംഘത്തിന്റെ മാതൃകാനിബന്ധനയിൽ താഴെപ്പറയും വിധമുള്ള നിബന്ധനകൾ എല്ലാ ധനേതരസംഘങ്ങളും യഥാസമയം കൂട്ടിച്ചേർത്തു ഭേദഗതിക്കു അപേക്ഷിക്കാനും അതിനകം ഇപ്രകാരമുള്ള സംഘങ്ങൾ അവയുടെ മുൻകൊല്ലങ്ങളിലെ ലാഭത്തിൽ ൫ ശതമാനം സൂപ്രവിഷൻ ഫണ്ടായി അതതു സ്ഥലത്തെ ഐക്യസംഘങ്ങളിൽ അടയ്ക്കാനും ഉണർത്തിക്കുന്നു.

സംഘത്തിന്റെ സമീപത്തു ജോലിനടത്തുന്നതോ രജിസ്ട്രാർ അവർകളാൽ മേലാൽ രജിസ്റ്റർ ചെയ്യപ്പെടുന്നതോ ആയ ഏതെങ്കിലും ഒരു യൂണിയനിൽ സംഘത്തെ ചേർക്കുവാൻ പൊതുയോഗത്തിനു അധികാരമുണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ യൂണിയന്റെ ചെലവിലേക്കായി ഓരോ ആണ്ടും സംഘം സമ്പാദിക്കുന്ന ലാഭത്തിന്റെ ൫ ശതമാനം ആഡിററതരവിനുശേഷം കൊടുക്കേണ്ടതാണ്. എന്നാൽ ഒരു കൊല്ലത്തിൽ ഇതിനായി കൊടുക്കുന്ന ആകെ സംഖ്യ ൧൦൦ രൂപയിൽ അധികരിച്ചുകൂടുന്നതല്ല.

സർക്കുലർ ൧൭൧.

ആഡിററതരവു കിട്ടിയതിനുശേഷമേ സൂപ്രവിഷൻഫണ്ടു പിരിക്കുവാൻ പാടുള്ളു എന്നുള്ള ഇപ്പോഴത്തെ വ്യവസ്ഥകൊണ്ടു ഐക്യസംഘങ്ങളുടെ ഭരണത്തിൽ വിഷമങ്ങൾ നേരിടുന്നു എന്നു ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ ഓരോ കൊല്ലത്തേയും ആഡിററു ഉത്തരവു പാസ്സായി കിട്ടുമ്പോൾ കൂടുതൽകുറവിനെ ശരിപ്പെടുത്തത്തക്ക വ്യവസ്ഥയിൽ ഓരോ സംഘവും അതതു സംഘം മുൻകൊല്ലത്തിൽ സൂപ്രവിഷൻ ഫണ്ടിനത്തിൽ അടച്ചിട്ടത്തോളമുള്ള സംഖ്യയുടെ പകുതിയോളം വരുന്ന തുക യൂണിയനു അഡ്വാൻസായി ആഡിററതരവു വരിക്കുന്നതിനു മുമ്പു തന്നെ ചെലവെഴുതിക്കൊടുക്കുന്നതിനു അനുവദിച്ചിരിക്കുന്നു എന്നു എല്ലാ സംഘങ്ങളേയും അറിയിച്ചിരിക്കുന്നു.

സർക്കുലർ ൧൩൯.

പരസ്പരസഹായ ഐക്യസംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമായി നടത്തുന്നതിന സംഘങ്ങളിൽനിന്നും പിരിഞ്ഞുകിട്ടുന്ന സൂപ്പർവിഷൻഫണ്ട് അത്യാവശ്യമാണ്. ഈ തുക സമയാസമയങ്ങളിൽ സംഘങ്ങൾ അടയ്ക്കാത്തതു നിമിത്തം പ്രസ്തുത ഐക്യസംഘങ്ങളുടെ കാര്യക്ഷമമായ പുരോഗമനം മന്ദീഭവിച്ചുവരുന്നതായി അനുഭവപ്പെട്ടിരിക്കുന്നു. ഈ ദൂഷ്യം പരിഹരിക്കുന്നതിന് ഓരോ പ്രാഥമികസംഘവും അതിൻെറ കരുതൽധനം ഏതുബാങ്കിൽ നിക്ഷേപിക്കുന്നുവോ ആ ബാങ്കുതന്നെ കരുതൽധനത്തിന്മേൽ ജനിക്കുന്ന പലിശയിൽനിന്നും സൂപ്പർവിഷൻഫണ്ടു നേരിട്ടു ഐക്യസംഘത്തിൽ അടച്ചിട്ടു ബാക്കിയുള്ള തുക സംഘത്തിന നൽകുന്നതു നന്നായിരിക്കും. ഇപ്രകാരം പ്രവർത്തിക്കുന്നപക്ഷം ഓരോ സംഘവും അടയ്ക്കേണ്ട സൂപ്പർവിഷൻഫണ്ടു യഥാകാലം ഐക്യസംഘങ്ങൾക്കു ലഭിക്കുന്നതിനും തൻമൂലം ഈ ഇനത്തിൽ ഉണ്ടാകാവുന്ന കുടിശ്ശിക സംഘങ്ങളിൽ ഉണ്ടാകാതിരിക്കുന്നതിനും പര്യാപ്തമായി തീരുന്നതാണ്. ഈ ഉദ്ദേശങ്ങളെ മനസ്സിലാക്കി എല്ലാ പ്രാഥമികസംഘങ്ങളും ബാങ്കുകളും മേലാൽ പ്രവർത്തിക്കണമെന്നു താല്പര്യപ്പെടുന്നു.

സർക്കുലർ ൧൯൩.

പ്രാഥമികസംഘങ്ങൾക്കു താലൂക്കുബാങ്കുകളിൽനിന്നും കൊടുക്കേണ്ടതായ കരുതൽധനപലിശയിൽനിന്നും താലൂക്കുബാങ്കുതന്നെ നേരിട്ടു സൂപ്പർവിഷൻഫണ്ട് ഐക്യസംഘങ്ങളിലേക്കു അടച്ചുതീർത്തു ബാക്കിതുക സംഘങ്ങളിലേക്കു നൽകുന്നതു നന്നായിരിക്കുമെന്നു ൧൩൯-ാം നമ്പർ സർക്കുലരിൽ നിർദ്ദേശിച്ചിട്ടുണ്ടല്ലോ. എന്നാൽ അപ്രകാരം സൂപ്പർവിഷൻഫണ്ട് ഐക്യസംഘങ്ങൾക്കു നൽകുന്നതിനുമുമ്പ് അതാതു പ്രാഥമികസംഘങ്ങളുടെ രേഖാമൂലമായ അനുമതിയോ രസീതോ വാങ്ങിച്ചിരിക്കേണ്ടതാണ്.

൪൯. ഇൻസ്റ്റിററ്യൂട്ട്.

സർക്കുലർ ൭൯.

സംസ്ഥാനത്തുള്ള എല്ലാ പരസ്പരസഹായസംഘങ്ങളും യോജിച്ചുള്ള വാർഷികമഹായോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനായും മററും വേണ്ട ഒരു സ്ഥാപനം ഏർപ്പെടുത്തേണ്ടതാണെന്നു ൧൦൯൬ ഇടവം ൨൧-ാം തീയതി കോട്ടയത്തുവച്ചു നടന്ന തിരുവിതാംകൂർ പരസ്പരസഹായസംഘ

ങ്ങളുടെ ദ്വിതീയസമ്മേളനത്തിൽ പാസ്സാക്കപ്പെട്ട താഴെ കാണുന്ന നിശ്ചയം അനുസരിച്ച് ഒരു "സമസ്തതിരുവിതാംകൂർ പരസ്പരസഹായ യൂണിയൻ" ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചു നക്കൽ നിബന്ധനകളും എല്ലാ പരസ്പരസഹായ സംഘങ്ങളുടെയും ആലോചനയ്ക്കായി ഇതോടുചേർത്തു പരസ്യംചെയ്യുന്നു.

നിശ്ചയം ൧൨.

"ഈ സംസ്ഥാനത്തുള്ള എല്ലാ പരസ്പരസഹായസ്ഥാപനങ്ങളും യോജിച്ചുള്ള വാർഷികസമ്മേളനങ്ങളും മററു യോഗങ്ങളും വിളിച്ചുകൂട്ടുന്നതിനും സംഘങ്ങളുടെ അഭിവൃദ്ധിക്കു പര്യാപ്തങ്ങളായ മററു കാര്യങ്ങളും നടത്തുന്നതിനും വേണ്ടി ഒരു സമസ്തതിരുവിതാംകൂർ പരസ്പരസഹായ യൂണിയനൊ മററു വല്ല സ്ഥാപനമൊ ഏർപ്പെടുത്തി രജിസ്റ്റർ ചെയ്യണമെന്നു ഈ യോഗം നിശ്ചയിക്കുന്നു."

സക്ക്യുലർ ൧൩൩.

തിരുവിതാംകൂർ പരസ്പരസഹായ ഇൻസ്റ്റിറ്റ്യൂട്ട് (ക്ലിപ്തം) നമ്പർ ൧൧൦-ലേക്ക് ആണ്ടുതോറും അടയ്ക്കേണ്ടതായിട്ടുള്ള ഫീസുകൾ വരിസംഖ്യ എന്നീ ഇനങ്ങളിൽ ഭീമമായ കുടിശ്ശിക ഐക്യസംഘങ്ങൾ, താലൂക്കുബാങ്കുകൾ, പ്രാഥമിക സംഘങ്ങൾ ഇവ വരുത്തിയിരിക്കുന്നതായും കിട്ടേണ്ട സംഖ്യകൾ പിരിഞ്ഞുകിട്ടാതെ വലിയ ബുദ്ധിമുട്ടുകൾ നേരിട്ടിരിക്കുന്നതായും ടി ഇൻസ്റ്റിറ്റ്യൂട്ട് ഇവിടെ അറിയിച്ചിരിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനു ഈ സ്ഥിതി സാരമായ വിധത്തിൽ ബാധകമായിതീർന്നിട്ടുണ്ട്. സകല സഹകരണസ്ഥാപനങ്ങളും സെൻട്രൽസ്ഥാപനത്തോടു ഹാർദ്ദമായി സഹകരിക്കേണ്ടതു് അത്യന്താപേക്ഷിതമാണു ഈ തത്വം മനസ്സിലാക്കി എല്ലാ സഹകരണസ്ഥാപനങ്ങളും ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്കു് അടയ്ക്കേണ്ട സംഖ്യകൾ ഉടനെ അടച്ചു വേണ്ടവിധം സഹകരിക്കണമെന്നു താല്പര്യപ്പെടുന്നു.

സക്ക്യുലർ ൨൦൯.

ഈ രാജ്യത്തെ സഹകരണപ്രസ്ഥാനത്തിന്റെ അനുദ്യോഗസ്ഥ ബിഹായയായി സേവനം ചെയ്യാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള തിരുവിതാംകൂർ സഹകരണഇൻസ്റ്റിറ്റ്യൂട്ട (ക്ലിപ്തം) കുറേക്കാലമായി സംഘടിതസ്ഥാപനങ്ങളിലെ കുടിശ്ശികമൂലവും മററും അതിന്റെ പ്രവർത്തനം ശരിയായവിധം

നടത്തിക്കൊണ്ടുപോകാൻ പ്രാപ്തിയില്ലാത്തതായി തീൎന്നിരിക്കുന്നു. ഇതു ഏററവും പരിതാപകരമായ ഒരവസ്ഥയാകുന്നു. സദാദർശങ്ങൾ കേന്ദ്രീകരിക്കാനും പ്രചരിപ്പിക്കാനും സംഘടിതങ്ങളായ ഐക്യസംഘങ്ങളെ സംബന്ധിച്ചിടത്തോളം പറകയാണെങ്കിൽ, ഈ ദുർവസ്ഥയുടെ കാരണം അ[illegible]യാണെന്നു പ്രത്യക്ഷമാണു. നൂറും ഇരുനൂറും മുന്നൂറും അതിന്മേലും രൂപാ ചില ഐക്യസംഘങ്ങൾ ഇൻസ്റ്റിററ്യൂട്ടിലേക്ക് ഫീസുവകയിൽ കുടിശ്ശിക വരുത്തിയിരിക്കുന്നതായി അറിയുന്നതിൽ വലിയ ഇച്ഛാഭംഗം ഉണ്ടാകുന്നു. ഈ വക ഐക്യസംഘങ്ങൾ തങ്ങളുടെ കൎത്തവ്യങ്ങൾ ശരിക്കു ചെയ്യുന്നില്ലെന്നും തന്നിമിത്തം സെൻടൽ സ്ഥാപനത്തെപ്പോലെ തന്നെ അവയുടെ മേൽനോട്ടത്തിൽ പെട്ടിട്ടുള്ള പ്രാഥമികസംഘങ്ങൾക്കുകൂടി ദുർഭാഗ്യം നേരിട്ടിരിക്കുന്നു എന്നും വിചാരിക്കേണ്ടിയിരിക്കുന്നു. കൂടാതെ മാസികവരിസംഖ്യവകയിൽ ഐക്യസംഘങ്ങൾ, താലൂക്കുബാങ്കുകൾ, പ്രാഥമികസംഘങ്ങൾ, എന്നിവയിൽനിന്നും മററുമായി നാലായിരം രൂപായോളം ഇൻസ്റ്റിററ്യൂട്ടിലേക്കു കുടിശ്ശിക പിരിഞ്ഞു കിട്ടാനുള്ളതായും കാണുന്നു. ഇതു എത്രയും ഗൌരവാവഹമായ ഒരു സംഗതിയാണെന്നും ഈ അവസ്ഥ തുടരാൻ അനുവദിക്കത്തക്കതല്ലെന്നും അതതു സ്ഥാപനങ്ങൾ അറിഞ്ഞു ഈ സഹകരണവർഷാവസാനത്തിനു മുമ്പായി എത്രയും വേഗം ഇൻസ്റ്റിററ്യൂട്ടിലേക്കുള്ള കുടിശ്ശികകൾ നിശ്ശേഷം അടച്ചുവീട്ടണമെന്നും അതിൽ ഉപേക്ഷവരുത്തി കൂടുതൽ അനിഷ്ടഫലങ്ങൾക്കു ഇടയാക്കരുതെന്നും താല്പര്യപ്പെടുന്നു.

സൎക്കുലർ നമ്പർ.

൧൧൦-ാംനമ്പർ തിരുവിതാംകൂർ പരസ്പരസഹായ ഇൻസ്റ്റിററ്യൂട്ടിന്റെ അംഗസംഘങ്ങൾ ആ സ്ഥാപനത്തിലേക്കുള്ള പ്രതിനിധികളെ ഇപ്പോൾ സാധാരണയായി ഒരു കൊല്ലത്തേയ്ക്കു ആണ് തെരഞ്ഞെടുക്കാറുള്ളതു്. ഇപ്രകാരം അയയ്ക്കപ്പെടുന്ന പ്രതിനിധികളിൽനിന്നാണ് ഇൻസ്റ്റിട്ട്യൂട്ട് ഭരണയോഗാംഗങ്ങളെ തിരഞ്ഞെടുക്കപ്പെടുന്നതു്. ഇൻസ്റ്റിട്ട്യൂട്ടിന്റെ ൧൬-ാംനിബന്ധന അനുസരിച്ചു ഭരണയോഗം മൂന്നുകൊല്ലത്തേയ്ക്കു നിലവിലിരിക്കേണ്ടതാണ്. അംഗസംഘങ്ങൾ അയയ്ക്കുന്ന പ്രതിനിധികൾ ഒരു കൊല്ലത്തേയ്ക്കു മാത്രമേ നിലവിലിരിക്കയുള്ളു എന്നുള്ളതുകൊണ്ടു ഭരണസമിതിക്കു ശരിയായ ജോലിക്രമം തുടർന്നുകൊണ്ടുപോകുന്നതിൽ വൈഷമ്യം നേരിടുന്നതാണെന്നു ബോദ്ധ്യമായിരിക്കുന്നു.

ഈ വൈഷമ്യം പരിഹരിക്കേണ്ടതു അത്യാവശ്യമാണെന്നു തോന്നുന്നതിനാൽ മേലാൽ ഇൻസ്ടിട്യൂട്ടിലെ സംഘടിതസംഘങ്ങൾ ആ സമിതിയിലേയ്ക്കുള്ള പ്രതിനിധികളെ മൂന്നുവർഷക്കാലത്തേയ്ക്കു തെരഞ്ഞെടുക്കേണ്ടതാണെന്നു താല്പര്യപ്പെടുന്നു.

സൎക്കുലർ ൨൩൨.

സഹകരണസംബന്ധമായി പരിശീലനം ലഭിച്ച ആളുകൾ സംഘങ്ങളിൽ മാനേജർ, ക്ലാൿ, സെക്രട്ടറി, എന്നീ ഉദ്യോഗങ്ങളിൽ നിയമിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെ പരിഗണിച്ച് തിരുവിതാംകൂർ സഹകരണഇൻസ്ടിട്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഒരു പരിശീലനക്ലാസ് നടത്തിയ വിവരം സഹകാരികൾ അറിഞ്ഞിരിക്കുമല്ലോ. സംഘങ്ങളിൽ മേലാൽ ഉണ്ടാകുന്ന നിയമനങ്ങളിൽ പ്രസ്തുത പരിശീലനക്ലാസ്സിൽ അഭ്യസനം നടത്തി പാസ്സായിട്ടുള്ളവരെ നിയമിക്കാൻ താല്പര്യപ്പെട്ടുകൊള്ളുന്നു

പാസ്സായവരുടെ പേരുവിവരം താഴെ ചേൎത്തുകൊള്ളുന്നു.

പാസ്സായിട്ടുള്ളവർ.

റാങ്ക് നമ്പർ	പേര്.	പാസ്സായക്ലാസ്സ്
൧	ഡി. ആനന്ദവല്ലിഅമ്മ, ലക്ഷ്മിവിലാസം ബംഗ്ലാവ്, വഴുതൂർ, നെയ്യാററിൻകര	ഒന്നാംക്ലാസ്സ്
൨	കെ. രാമകൃഷ്ണപിള്ള, കൃഷ്ണാലയവീട്, കരനാഗപ്പള്ളി	രണ്ടാംക്ലാസ്സ്
൩	കെ. കൃഷ്ണൻനായർ, അണ്ണൂവിളാകം വീട്, അണ്ണൂർ, താരമല, തിരുവനന്തപുരം	ടി
൪	എസ്സ്. ഹരിഹരയ്യർ, ശങ്കരസുബ്ബയ്യർ തെരുവ്, കരമന, തിരുവനന്തപുരം	ടി
൫	കെ. ജനാർദ്ദനൻപിള്ള, ചേങ്കരപടീററതിൽവീട്, തഴക്കര, മാവേലിക്കര	ടി
൬	കെ. തങ്കമ്മ, കാക്കാട്ടുവിള ബംഗ്ലാവ്, ആററിങ്ങൽ	ടി

റാങ്കുനമ്പർ	പേര്	പാസായ ക്ലാസ്സ്
൭	സി. ശങ്കരനാരായണപിള്ള, ഭഗവതിവിലാസം വീട്ട്, കൂത്താട്ടുകുളം	രണ്ടാംക്ലാസ്സ്
൮	എൻ. കുട്ടൻപിള്ള, പൊന്നാശേരിൽ വീട്ട്, ആനാരി, ഹരിപ്പാട്ട്	ടി
൯	കെ. നാരായണപ്പിള്ള, മണിയാറംകോണത്തുവീട്ട്, ആമച്ചൽ, നെയ്യാററിൻകര	ടി
൧൦	കെ. കെ. പരമേശ്വരൻനായർ, വയക്കൽവീട്ട്, മേലാറന്നൂർ, തിരുവനന്തപുരം	ടി
൧൧	പി. ജി. തങ്കമ്മ, വട്ടപ്പറമ്പിൽവീട്ട്, പ്ലാപ്പുഴ, ഹരിപ്പാട്ട്	ടി
൧൨	കെ. എൻ. ഭാസ്കരൻ, കൊച്ചുമുഴങ്ങോട്ടിൽവീട്ട്, പെരിനാട്ട്, കൊല്ലം	ടി
൧൩	വി. കെ. സരോജനി, വിളയിങ്ങാട്ടിൽ തറവീട്ട്, പട്ടണക്കര, വൈക്കം	ടി
൧൪	പി. അപ്പുക്കുട്ടൻനായർ, വടക്കേഭാഗത്തുവീട്ട്, കടമ്പനാട്ടുപുരം, പള്ളിപ്പുറം	ടി
൧൫	എൻ. കുട്ടൻപിള്ള, വലിയവിളയിൽവീട്ട്, നടുവത്തൂർ, പത്തനാപുരം	ടി
൧൬	എൻ. സുകുമാരൻനായർ, മാവറവീട്ട്, വെള്ളനാട്ട്, നെടുമങ്ങാട്ട്	ടി
൧൭	എം. പി. സരോജനിഅമ്മ, രാമപുരത്തുഭവനം, നീണ്ടൂർ, വടക്കേക്കര, പറവൂർ	ടി
൧൮	എം. വി. വാസുപിള്ള, പുന്തലവീട്ട്, വാഴമുട്ടം, ഓമല്ലൂർ	ടി
൧൯	കെ. ഗോവിന്ദപ്പിള്ള, കിഴക്കതിൽവീട്ട്, കണിയാപുരം	ടി
൨൦	കെ. കാത്ത്യായനി, ഇടക്കെട്ടിൽവീട്ട്, പ്രമാടം, പത്തനംതിട്ട	ടി
൨൧	എൻ. ഭാസ്കരമേനോൻ, ഞാറക്കൽവീട്ട്, പുത്തൻചിറ, പറവൂർ	ടി
൨൨	വി. കൃഷ്ണപിള്ള, തെങ്ങുംകുഴി പുത്തൻവീട്ട്, ഉദയംപേരൂർ... ട്ടമ്പലം, നെയ്യാററിൻകര	ടി

റാങ്കനമ്പർ	പേര്	പാസായക്ലാസ്സ്
൨൩	എ. നാരായണൻനായർ, പൂച്ചാക്കൽവീട്, ചേർത്തല	രണ്ടാംക്ലാസ്സ്
൨൪	പി. കെ. രാമവർമ്മരാജാ, പൂഞ്ഞാർ കൊട്ടാരം, പൂഞ്ഞാർ	ടി
൨൫	ജി. കട്ടൻനായർ, കണ്ടകോണത്തുവീട്, മലയിൻ കീഴ്, നെയ്യാററിൻകര	ടി
൨൬	പി. കെ. ചക്രപാണിവാര്യർ, പാലക്കാട്ടമലവാര്യം, ഉഴവൂർ	ടി
൨൭	ജീ. രാമനാഥയ്യർ, പള്ളിച്ചൽഅകരം, ആററിപ്ര, തിരുവനന്തപുരം	ടി
൨൮	പി. ഗോപാലപിള്ള, തെങ്ങുവിളവീട്, പെരിനാട്, കൊല്ലം	ടി
൩൦	സി. ലക്ഷ്മിക്കുട്ടിഅമ്മ, ഹിന്ദുമഹിളാമന്ദിരം, തിരുവനന്തപുരം	ടി
൩൧	കെ. തങ്കപ്പൻനായർ, ആററികത്തുവീട്, വട്ടിയൂർക്കാവ്, തിരുവനന്തപുരം	ടി
൩൨	കെ. കെ. രാഘവക്കുറുപ്പ്, കൊടിയാട്ടുവീട്, വള്ളിക്കോട്, കൈപ്പട്ടൂർ	ടി
൩൩	എം. കൃഷ്ണൻനായർ, ചാത്തിനാംകോണത്തുവീട്, പൂവാർ, നെയ്യാററിൻകര	ടി
൩൪	ജി. പങ്കജാക്ഷിഅമ്മ, കൃഷ്ണമന്ദിരം, പേട്ട, തിരുവനന്തപുരം	ടി
൩൫	എം. പത്മനാഭപിള്ള, കോലിയപ്പുഴഞ്ഞിവീട്, നെയ്യാററിൻകര	ടി
൩൬	പി. കേശവപിള്ള, മല്ലശേരിവീട്, മാന്നാർ, തിരുവല്ലാ	ടി
൩൭	ജീ. ചെല്ലപ്പൻപിള്ള, മഠത്തിൽപുത്തൻവീട്, പെരിനാട്, കൊല്ലം	ടി
൩൮	എൻ. ശ്രീധരൻപിള്ള, പായിക്കാട്ടുവീട്, അനാരി, ഹരിപ്പാട്	ടി
൩൯	ബി. ഭവാനിഅമ്മ, ചുമട്ടുതാങ്ങിവീട്, ചെട്ടികുളങ്ങര, തിരുവനന്തപുരം	ടി

റാങ്കുനമ്പർ	പേര്	പാസ്സായക്ലാസ്സ്
൪൦	എൻ. കെ. രാമകൃഷ്ണപിള്ള, കല്ലുവിള പുത്തൻ വീട്, നെയ്യാററിൻകര	രണ്ടാംക്ലാസ്സ്
൪൧	എം. കെ. മാധവൻപിള്ള, കുഴിവിൽകോണത്തു വീട്, നെടുമങ്ങാട്	ടി
൪൨	ജി. കൃഷ്ണപിള്ള, തട്ടാംവിളാകത്തുവീട്, വെൺപകൽ, നെയ്യാററിൻകര	ടി
൪൩	ജി. കൊച്ചുനാരായണപിള്ള, കാകരപ്പള്ളിവീട്, പത്തനാപുരം	ടി

സർക്കുലർ ൨൭൨.

തിരുവിതാംകൂർ സഹകരണ ഇൻസ്റ്റിട്യൂട്ടി (ക്ളപ്തം) ൯൦ നില വിലിരിക്കുന്ന നിബന്ധനയനുസരിച്ച് സഹകരണസംഘങ്ങളിൽനിന്നും സൂപ്രവിഷൻഫണ്ട് പിരിച്ചെടുക്കുന്നതു് ഇൻസ്റ്റിട്യൂട്ടാകുന്നു. ഈ നിബന്ധനപ്രകാരം ധനസഹായസംഘങ്ങൾ സമ്പാദിച്ചിട്ടുള്ള പലിശയുടെ ൩ ൧/൪ ശതമാനവും, തനി ധനേതരസംഘങ്ങൾ ധനേതരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ധനസഹായസംഘങ്ങൾ ഇവ ധനേതര പ്രവർത്തനങ്ങൾമൂലം സമ്പാദിച്ചിട്ടുള്ള മൊത്തലാഭത്തിന്റെ ൩ ൧/൪ ശതമാനവും സൂപ്രവിഷൻ ഫണ്ടായി ഇൻസ്റ്റിട്യൂട്ടിലേക്ക് കൊടുക്കേണ്ടതും എന്നാൽ അപ്രകാരം ഒരു കൊല്ലത്തിൽ അടക്കേണ്ട സംഖ്യയുടെ പരമാവധി ൨൫൦ രൂപയിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.

(൨) എല്ലാ പ്രാഥമികസംഘങ്ങളും, താലൂക്കുബാങ്കുകളും, അർബൻബാങ്കുകളും ബാംകിംഗ് ഐക്യസംഘങ്ങളും മററു കേന്ദ്രസംഘങ്ങളും സൂപ്രവിഷൻഫണ്ടിനെപ്പററി പറയുന്ന അവയുടെ നിബന്ധനകൾ ഇൻസ്റ്റിട്യൂട്ട് നിബന്ധനയ്ക്കു അനുയോജ്യമായവിധത്തിൽ ഭേദഗതി ചെയ്യേണ്ടതാണ്.

(൩) താഴെ കാണുന്ന മാതൃകയനുസരിച്ചു നിബന്ധന ഭേദഗതി ചെയ്യുന്നതിന് എല്ലാ സഹകരണസംഘങ്ങളും ഉടൻ നടപടി എടുക്കേണ്ടതാണ്.

സംഘം ഏതു യൂണിയന്റെ പ്രവർത്തനപരിധിയിൽ ഉൾപ്പെടുന്നുവോ ആ യൂണിയനിൽ സംഘത്തെ ചേർക്കുവാൻ പൊതുയോഗത്തിനു അധികാരമുണ്ടായിരിക്കുന്നതാണ്. ഓരോ ആണ്ടുതോറും സംഘം

സമ്പാദിക്കുന്ന പലിശയിൽ ൭൩/൪ ശതമാനവും ധനോത്തരപ്രവൎത്തനങ്ങളിൽനിന്നും സമ്പാദിക്കുന്ന മൊത്തലാഭത്തിന്റെ ൭൨/൪ ശതമാനവും സൂപ്രവിഷൻഫണ്ടായി തിരുവിതാംകൂർ സഹകരണസംഘം ഇൻസ്റ്റിട്ട്യൂട്ടിൽ ആഡിററ് സർട്ടിഫിക്കററ് കിട്ടി ഒരു മാസത്തിനകം സംഘം അടയ്ക്കേണ്ടതാണ്. എന്നാൽ ഒരു കൊല്ലത്തിൽ സൂപ്രവിഷൻ ഫണ്ടായി അടയ്ക്കുന്ന ആകെ സംഖ്യ ൨൫൦ രൂപയിൽ അധികരിച്ചു കൂടുന്നതല്ല.

൪൯. കാൺഫറൻസ്.

ചട്ടം ൫൦.

സഹകരണപരിഷത്തുകൾ അധികരിക്കുള്ള ചെലവുകൾ സംഘങ്ങളുടെ അംശദാനവും.

സഹകരണപരിഷത്തുകൾ വിളിച്ചുകൂട്ടുന്നതിന് ഉപചട്ടങ്ങൾ അധികാരപ്പെടുത്തിയിട്ടില്ലാത്ത ഒരു സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന അപ്രകാരമുള്ള പരിഷത്തുകളുടെ ചെലവുകൾക്കായി യാതൊരു സംഘവും പണം നൽകാൻ പാടില്ലാത്തതാകുന്നു. പരിഷത്തു നടത്തുന്ന സംഘം അപ്രകാരമുള്ള പരിഷത്തിന്റെ വരവിനും ചെലവിനും പ്രത്യേകം കണക്കുകൾ സൂക്ഷിക്കേണ്ടതും അപ്രകാരമുള്ള കണക്കുകൾ രജിസ്ത്രാരുടെയോ ആക്ടിലെ ൨൨-ാം വകുപ്പനുസരിച്ചു അദ്ദേഹം അധികാരപ്പെടുത്തുന്ന വല്ലയാളിന്റെയൊ പരിശോധനയ്ക്കു വിധേയമാക്കേണ്ടതും ആകുന്നു.

സക്ക്യൂലർ ൧൧൦.

പരസ്പരസഹായമഹായോഗങ്ങൾ ഇതുവരെയും അവിടവിടെയുള്ള സംഘങ്ങൾ ഉത്സാഹിച്ചു നടത്തിവരുകയാണ് ചെയ്തിട്ടുള്ളത്. കാൺഫറൻസ് ഭരണയോഗങ്ങൾക്കു ഡിപ്പാർട്ടുമെന്റും വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊണ്ടിരുന്നു. ഇപ്പോൾ മഹായോഗങ്ങൾ അപ്പഴപ്പോൾ നടത്തുന്നതിനുള്ള ചുമതല ൧൧-ാംനമ്പർ തിരുവിതാംകൂർ ഐക്യസംഘം കയ്യേററിരിക്കുന്നു. തൽഫലമായി ചങ്ങനാശ്ശേരിയിൽ വച്ചു ഒരു സമ്മേളനം ഈ ആണ്ടു വിളിച്ചുകൂട്ടണമെന്നു ഈ ഐക്യസംഘത്തിന്റെ ഉപദേശകയോഗം തീരുമാനിച്ചിരിക്കുന്നു. കാൺഫറൻസ് ഈ മാസം ഒടുവിലൊ അടുത്തമാസം ആരംഭത്തിലോ കൂടുന്നതാണ്. തിരുവിതാംകൂർ ഐക്യസംഘം സിക്രട്ടറിയുടെ ഒരു നോട്ടീസു സംഘങ്ങളുടെ അറിവിനായി താഴെ ചേൎത്തിരിക്കുന്നു.

ആവശ്യമുള്ള ഒരുക്കങ്ങൾ ചെയ്യുന്നതിനു മതിയായ സമയം കമ്മിററിക്കില്ലെന്നു പ്രത്യേകം എല്ലാവരും ഓർമ്മിക്കേണ്ടതാണു്. അതുകൊണ്ടു് വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കയും ആവശ്യം വേണ്ട സംഭാവനകൾ നൽകുകയും പ്രതിനിധികളെ തെരഞ്ഞു അയയ്ക്കുകയും ആലോചനയ്ക്കു എടുക്കണമെന്നുദ്ദേശിക്കുന്ന പ്രമേയങ്ങൾ അയച്ചുകൊടുക്കുകയും താമസംകൂടാതെ ചെയ്യേണ്ട ഭാരം അതതു സംഘങ്ങളിൽതന്നെ സ്ഥിതിചെയ്യുന്നു എന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ. ഇൻസ്പെക്ടരും പരിശോധനാധികൃതസംഘങ്ങളും കാൺഫറൻസ് കമ്മിററിക്കു വേണ്ട എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു യോഗം വിജയപ്രദമാക്കി തീർക്കുമെന്നു വിശ്വസിക്കുന്നു. സംഘങ്ങളിൽനിന്നും സംഭാവനകൾ വാങ്ങി തിരുവിതാംകൂർ ഐക്യസംഘം സെക്രട്ടറിക്കു അയച്ചുകൊടുക്കുന്നതിനു ഇൻസ്പെക്ടറന്മാർക്കു് അനുവാദം നൽകിയിരിക്കുന്നു.

സർക്കുലർ ൧൮൩.

൯൨൧-ാംനമ്പർ നെയ്യാററിൻകര പരസ്പരസഹായ ഐക്യസംഘത്തിന്റെ (ക്ഷണപ്പത്രം) ആഭിമുഖ്യത്തിൽ ൧൧൦൭ മേടമാസം ൩-ാംനു നെയ്യാററിൻകര വെച്ചു നടത്തിയ പൊതുയോഗത്തിന്റെ തീരുമാനമനുസരിച്ചു് ൭ാമത്തെ സമസ്ത തിരുവിതാംകൂർ പരസ്പരസഹായ കാൺഫറൻസ് ൧൧൦൭ ധനുമാസത്തിൽ ക്രിസ്തുമസ് ഒഴിവുകാലത്തു നെയ്യാററിൻകരവെച്ചു നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നതും അതിനുവേണ്ട പ്രാരംഭനടപടികൾ ഊർജ്ജിതമായി നടന്നുവരുന്നതുമാകുന്നു. പ്രസ്തുത കാൺഫറൻസിന്റെ അദ്ധ്യക്ഷനായിരിക്കാമെന്നു് ഇൻഡ്യയിലെ ഒരു പ്രസിദ്ധ സഹകാരിയായ സർ ലല്ലുബായി സമൽദാസ്സ് അവർകൾ സി. ഐ. ഇ. സദയം സമ്മതിച്ചിട്ടുണ്ടു്. കാൺഫറൻസ് വിജയകരവും പ്രയോജനപ്രദവും ആക്കിതീർക്കേണ്ടതു എല്ലാ സഹകാരികളുടേയും കടമയാകുന്നു.

ഈ സംസ്ഥാനത്തുള്ള എല്ലാ പരസ്പരസഹായസംഘങ്ങളും വിശേഷിച്ചു എല്ലാ ബാങ്കുകളും ഐക്യനാണയസംഘങ്ങളും സ്റ്റോർസംഘങ്ങളും ഉദാരമായ സംഭാവനകൾ അയച്ചുകൊടുക്കുമെന്നു വിശ്വസിക്കുന്നു. മററു സംഘങ്ങൾ അവയുടെ സംഭാവനകൾ അതാതുസ്ഥലത്തു ജോലിനടത്തുന്ന യൂണിയൻ മുഖാന്തിരം അയച്ചുകൊടുക്കുന്നതു കൂടുതൽ സൌകര്യമായിരിക്കും. ഓരോ സംഘത്തിൽനിന്നും തെരഞ്ഞെടുത്തു അയയ്ക്കുന്ന പ്രതിനിധികളുടെ പേരുകളും കാൺഫറൻസിൽ പ്രതിപാദിക്കേണ്ട

വിഷയങ്ങളും എത്രയും കാലേക്കൂട്ടി കാൺഫറൻസുകമ്മററിക്കാരെ അറിയിക്കേണ്ടതാകുന്നു. പരസ്പരസഹായപ്രസ്ഥാനത്തിന്റെ ആരോഗ്യമായ വളർച്ചയ്ക്കും സംഘങ്ങളുടെ ക്രമപ്രവൃദ്ധമായ അഭിവൃദ്ധിക്കും ഈ മഹാസമ്മേളനം സഹായിക്കുമെന്നുള്ളതുകൊണ്ട് സംഘങ്ങൾ ഈ അവസരത്തെ ശരിയായി വിനിയോഗിക്കുമെന്നു വിശ്വസിക്കുന്നു.

സക്കുലർ ഫവ്വ ൦.

ഒന്നാം നമ്പർ തിരുവിതാംകൂർ പരസ്പരസഹായഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർദ്ദേശപ്രകാരം ഏഴാമത്തെ സമസ്തതിരുവിതാംകൂർ പരസ്പരസഹായ കാൺഫറൻസ് പറവൂർ താലൂക്കിൽവച്ചു നടത്താൻ നിശ്ചയിച്ചിരിക്കുന്നു. കൂടുതൽ സൗകര്യത്തെ ആസ്പദമാക്കി പറവൂർ താലൂക്കിൽ ആലുവാ യൂണിയൻ ക്രിസ്ത്യൻകാളേജിന്റെ പരിസരപ്രദേശങ്ങളിൽ വച്ചാണു കാൺഫറൻസ് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതു്. യൂണിയൻ ക്രിസ്ത്യൻകാളേജ് പ്രിൻസിപ്പൽ മിസ്റ്റർ എ. എം. വർക്കി എം. എ., ബി. എൽ. നെ സ്വാഗതസംഘാദ്ധ്യക്ഷനായും മററു പല മാന്യസഹകാരികളെ സ്വാഗതസംഘത്തിലും വർക്കിംഗ് കമ്മിററിയിലും തെരഞ്ഞെടുത്തു പ്രാരംഭജോലികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. കാൺഫറൻസ് ഉൽഘാടകസ്ഥാനം അദ്ധ്യക്ഷസ്ഥാനം ഇവ വഹിക്കുന്നതിനും മററും സുപ്രസിദ്ധസഹകാരികളെ തിരുവിതാംകൂറിലും പുറമെയും നിന്നു ക്ഷണിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു.

കാൺഫറൻസു വിജയകരവും പ്രയോജനപ്രദവും ആക്കിത്തീർക്കേണ്ടതു് എല്ലാ സഹകാരികളുടേയും കടമയാകുന്നു. ഈ സംസ്ഥാനത്തുള്ള എല്ലാ പ്രാഥമിക പരസ്പരസഹായസംഘങ്ങളും പരസ്പരസഹായബാങ്കുകളും ഐക്യസംഘങ്ങളും ഇതരസംഘങ്ങളും ഉദാരമായ സംഭാവനകൾ അയച്ചുകൊടുത്തു കാൺഫറൻസ് വിജയകരമാക്കുന്നതിനു വേണ്ടതു പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു. ഐക്യസംഘങ്ങൾ മുഖാന്തിരം സംഘങ്ങൾ സംഭാവനകൾ അയച്ചുകൊടുക്കുന്നതു സൌകര്യപ്രദമായിരിക്കും. ഓരോ സംഘത്തിൽ നിന്നും തെരഞ്ഞെടുത്തു അയയ്ക്കുന്ന പ്രതിനിധികളുടെ പേരുകളും കാൺഫറൻസിൽ പ്രതിപാദിക്കേണ്ട വിഷയങ്ങളും എത്രയും കാലേകൂട്ടി കാൺഫറൻസ് കമ്മററിക്കാരെ അറിയിക്കേണ്ടതാകുന്നു. സഹകരണപ്രസ്ഥാനത്തിന്റെ സുസ്ഥിരമായ പുരോഗമനത്തിനും വളർച്ചയ്ക്കും ഈ മഹാസമ്മേളനം സഹായിക്കുമെന്നുള്ളതുകൊണ്ടു സകല സഹകരണസ്ഥാപനങ്ങളും ഹാർദ്ദമായി സഹായിക്കുമെന്നു വിശ്വസിക്കുന്നു,

സക്കുലർ ൧൮൩.

൧൯൩൭ ഫെബ്രുവരി ൮, ൯, ൧൦ (൧൧൧൨ മകരം ൨൬, ൨൭, ൨൮) എന്നീ തീയതികളിൽ പറവൂർവച്ചു കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന എട്ടാമത്തെ സമസ്ത തിരുവിതാംകൂർ പരസ്പരസഹായ കാൺഫറൻസിൽ പങ്കുകൊള്ളുന്നതിനു സംഘങ്ങളുടെ പ്രതിനിധികളായി വരുന്ന സക്കാർ ജീവനക്കാർ തങ്ങളുടെ ആഫീസ് മേലധികാരികൾക്കു മുന്നറിവുകൊടുത്തുകൊണ്ടു ഹാജരാകുന്നപക്ഷം ഒഴിവുദിവസമല്ലാത്ത മകരം ൨൬-ാംനു-യിലും മററു ദിവസങ്ങളിലും അവർ തങ്ങളുടെ ആഫീസുകളിലോ പള്ളിക്കൂടങ്ങളിലോ ഹാജരായിരുന്നതായി ഗണിക്കപ്പെടുമെന്നു ഗവണ്മെൻറിൽനിന്നും (൧൯൩൭ ജനുവരി ൧൯-ാംനു- ഉണ്ടായ ഡി. ഡിസ്. നമ്പർ ൧൯൬/൩൭/ഡെവലപ്പ്മെൻറ്) ഒരുവായി ഉത്തരവുചെയ്തിരിക്കുന്നവിവരം എല്ലാ സംഘങ്ങളേയും അറിയിച്ചുകൊള്ളുന്നു. ഇതു സംബന്ധിച്ചുള്ള യാത്രച്ചിലവും മററും സംഘങ്ങളിൽനിന്നോ സ്വന്തം കയ്യിൽനിന്നോ വഹിച്ചുകൊള്ളേണ്ടതാണു.

സക്കുലർ ൧൮൪.

൧൧൧൨ തുലാം ൨൦, ൨൧-ാം തീയതികളിൽ കരുനാഗപ്പള്ളിയിൽ വച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന കേരകർഷകമഹാസമ്മേളനത്തോടനുബന്ധിച്ചു ഒരു കേരവിഭവപ്രദർശനംകൂടി നടത്തുന്നതിനു തദ്ധാരവാഹികൾ തീർച്ചപ്പെടുത്തിയിരിക്കുന്നതായി ഇവിടെ അറിയിച്ചിരിക്കുന്നു. എല്ലാ പരസ്പരസഹായസംഘങ്ങളും ഈ പ്രദർശനത്തിനോടു സഹകരിച്ചു അതിനെ വിജയപ്രദമാക്കി തീർക്കേണ്ടതാണ്. അതിലേക്കു സംഘങ്ങൾ നല്ല വലിപ്പമുള്ള നാളികേരക്കുലകൾ പ്രദർശനാർഹങ്ങളായ ചകിരി, കയറു, ചിരട്ട മുതലായവകൊണ്ടു നിർമ്മിക്കപ്പെട്ടിട്ടുള്ള സാധനങ്ങൾ, ഇപ്പോൾ കേരവ്യവസായത്തിനു ഉപയോഗിച്ചുവരുന്നതിൽനിന്നും മെച്ചമായ യന്ത്രോപകരണങ്ങൾ എന്നിവ പ്രദർശനക്കമ്മിററിക്കു അയച്ചുകൊടുത്തു വേണ്ട ഒത്താശകൾ ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ കൂടുതൽ വിവരങ്ങൾ അറിയണമെന്നു ആഗ്രഹിക്കുന്ന സംഘങ്ങൾ നേരിട്ടു പ്രദർശനക്കമ്മിററിക്കു എഴുതി അയച്ചു വിവരങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണ്.

സക്കുലർ ൨൪൨.

ഒൻപതാമതു അഖിലതിരുവിതാംകൂർ സഹകരണസമ്മേളനം ൧൧൧൨-ാമാണ്ടു ധനുമാസം ൧൪-ാം, ൧൫-ാം തീയതികളിൽ തിരുവനന്തപുരത്തുവച്ചു ആഘോഷിക്കുവാൻ ടി കാൺഫറൻസ് പ്രവർത്തകസ

മിതി നിശ്ചയിച്ചിരിക്കുന്നവിവരം ഇവിടെ അറിയിക്കുകയും എല്ലാ സഹകരണസംഘങ്ങളുടെയും ഹാർദ്ദമായ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തിരിക്കുന്നു. പ്രസ്തുത കാൺഫറൻസിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിന്നു മദിരാശിയിലെ സഹകരണസംഘം രജിസ്ട്രാർ മി. എസ്സ്. ഏ. വെങ്കിടരാമൻ എം. എ., ഐ. സി. എസ്സ്. സദയം സമ്മതിച്ചിട്ടുണ്ട്. സഹകരണസംഘങ്ങളുടെ ഇടയിൽ ഒരു നവജീവൻ ഉത്തേജിപ്പിക്കുന്നതിനും, പ്രസ്ഥാനത്തിന്റെ ഭാവി സുസ്ഥിരമായ അധിഷ്ഠാനത്തിന്മേൽ പരിഷ്കരിക്കുന്നതിനും അതിലേക്കു പര്യാപ്തമായ ഒരു കാര്യ പരിപാടി സൃഷ്ടിക്കുന്നതിനും ഈവിധമഹാസമ്മേളനങ്ങൾ അത്യന്താപേക്ഷിതങ്ങളാണ്.

ഈ മഹാസമ്മേളനം കൂടുവാൻ ഭാരവാഹികൾ നിശ്ചയിച്ചിട്ടുള്ള ഈ കാലം, സഹകരണചരിത്രത്തിൽ എന്നമാത്രമല്ല, ലോകത്തിലെ സാമ്പത്തികമായ പരിതസ്ഥിതിയിൽതന്നെ, ഏററവും ദുർഘടഭൂയിഷ്ഠമായ ഒരു ഘട്ടമാണ്. അതിനാൽ ടി സമ്മേളനം ഏററവും വിജയകരമാക്കിത്തീർക്കേണ്ടതു് എല്ലാ സഹകരണസംഘങ്ങളുടെയും സഹകാരികളുടെയും പ്രത്യേകകർത്തവ്യമാകുന്നു. സമ്മേളനത്തിന്റെ വട്ടച്ചെലവു തികയാത്തതിനാൽ ഉടനേ തന്നെ ഉദാരമായ സംഭാവനകൾ കാൺഫറൻസ് കമ്മിററിക്കു നേരിട്ട് അയച്ചുകൊടുത്തും പ്രതിനിധികളെ അയച്ചും മററുവിധത്തിൽ സഹകരിച്ചും സമ്മേളനത്തെ ആത്മാർത്ഥമായി സഹായിച്ചു വിജയകരമാക്കിത്തീർക്കണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

സക്ക്യുലർ ൨൨൭.

൭൭൦-ംനമ്പർ തിരുവിതാംകൂർ സഹകരണഇൻസ്റ്റിററ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ൧൧൧൬ മീനമാസത്തിൽ തിരുവനന്തപുരത്തുവച്ചു ഒൻപതാമതു സമസ്തതിരുവിതാംകൂർ സഹകരണസമ്മേളനവും സഹകരണപ്രസ്ഥാനത്തിന്റെ രജതജൂബിലിയും സാഘോഷം കൊണ്ടാടുവാൻ ഈ മാസം ൧൪-ാനു- തിരുവനന്തപുരം സെൻട്രൽബാങ്കിന്റെയും തിരുവിതാംകൂർ പരസ്പരസഹായഇൻസ്റ്റിററ്യൂട്ടിന്റെയും ബോർഡ് മെമ്പറന്മാരുടെ സംയുക്തയോഗത്തിൽ തീരുമാനിച്ചിരിക്കുന്ന വിവരം സംഘങ്ങളുടേയും സഹകാരികളുടേയും അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തിക്കൊള്ളുന്നു. സഹകരണപ്രസ്ഥാനം തിരുവിതാംകൂറിൽ ആരംഭിച്ചിട്ട് ൨൫ കൊല്ലം തികഞ്ഞിരിക്കുന്ന ഈ അവസരത്തിൽ പ്രസ്ഥാനത്തിന്റെ രജതജൂബിലി ആഘോഷിക്കേണ്ട കടമ എല്ലാ

സംഘങ്ങൾക്കും സഹകാരികൾക്കും ഉള്ളതാണല്ലോ. ഈ ജൂബിലിക്കു വേണ്ടി പ്രത്യേകം പ്രത്യേകം ആഘോഷങ്ങൾ നടത്തി ആവശ്യമില്ലാത്ത പണച്ചിലവു വഹിക്കുന്നതിനേക്കാൾ എല്ലാ സഹകരണസ്ഥാപനങ്ങളും ഏകോപിച്ചു വിപുലമായ തോതിൽ ഒരു സമ്മേളനം നടത്തുന്നതു് കൂടുതൽ സൌകര്യപ്രദവും കാര്യക്ഷമവുമായിരിക്കുമെന്നുള്ളതിൽ സന്ദേഹത്തിനു വകയില്ലല്ലോ. അതിനാൽ പ്രാദേശികാഘോഷങ്ങൾക്കു ശ്രമിക്കാതെ, മേൽപ്പറഞ്ഞ സംയുക്തയോഗം ഇപ്പോൾ കൈക്കൊണ്ടിരിക്കുന്ന നിശ്ചയപ്രകാരം ഒരു സമസ്ത തിരുവിതാംകൂർ രജതജൂബിലിയും അതോടൊന്നിച്ചു് ൧൦-ാമത്തെ സഹകരണസമ്മേളനവും നടത്തുകയും അവ ഏററവും വിജയകരവും ഉപകാരപ്രദവുമാക്കിത്തീർക്കുകയും ചെയ്യേണ്ടതു് എല്ലാ സംഘങ്ങളുടെയും സഹകാരികളുടെയും പ്രധാനകത്തവ്യമാകുന്നു. ആയതിലേക്കു സംസ്ഥാനത്തുള്ള എല്ലാ സഹകരണസ്ഥാപനങ്ങളും സംഭാവനകൾ അയച്ചുകൊടുത്തും, മററുവിധത്തിൽ സമ്മേളനകമ്മിറ്റിയുമായി സഹകരിച്ചും പ്രസ്തുത ആഘോഷങ്ങളെ കഴിയുന്നത്ര വിജയപ്രദമാക്കി തീക്കുവാൻ ശ്രമിക്കണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു. സമ്മേളനങ്ങളെപ്പററി സ്വീകരണസംഘം കമ്മിററി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൧൦-ാം നമ്പർ ബുള്ളററിന്റെ ഒരു പകർപ്പു ഇവിടെ ചേർത്തിരിക്കുന്നതു് സംഘങ്ങളുടെ അറിവിലേക്കായി ഇതോടൊന്നിച്ചു അനുബന്ധിച്ചിരിക്കുന്നു.

ഒൻപതാമത്തെ സമസ്തതിരുവിതാംകൂർ സഹകരണസമ്മേളനവും സഹകരണപ്രസ്ഥാനത്തിന്റെ രജതജൂബിലിയും, ൧൧൦൯ മീനമാസം രണ്ടാംവാരത്തിൽ രാജധാനിയിൽവച്ചു നടത്തുന്ന സ്വാഗതസംഘാദ്ധ്യക്ഷൻ രാജശ്രീ മള്ളൂർ ഗോവിന്ദപ്പിള്ള അവർകൾ (സെൻട്രൽബാങ്ക് പ്രസിഡൻറ്) ട്രഷറർ; കൃഷിഡയറക്ടർ രാജശ്രീ കെ. ആർ. നാരായണയ്യർ അവർകൾ, ഇൻസ്റ്റിട്യൂട്ട് പ്രസിഡൻറ്.

ബുള്ളററിൻ നമ്പർ ൧.

സഹകരണസംഘങ്ങളുടെ പുനഃസംഘടനക്കു്, ഉപയുക്തമായ പദ്ധതികളുടെ രൂപവൽക്കരണത്തിനായി സമസ്തതിരുവിതാംകൂർ സഹകരണസമ്മേളനത്തിന്റെ ൯-ാമത്തെ സമ്മേളനവും തിരുവിതാംകൂ

റിലെ സഹകരണപ്രസ്ഥാനത്തിന്റെ രജതജൂബിലിയും ഈ വരുന്ന മീനമാസം രണ്ടാംവാരത്തിൽ തിരുവനന്തപുരത്തുവച്ചു നടത്തണമെന്നു രാജശ്രീ മള്ളൂർ ഗോവിന്ദപ്പിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ ഈ മാസം ൧൪-ാനു- കൂടിയ തിരുവനന്തപുരം സെൻട്രൽബാങ്കിന്റെയും തിരുവിതാംകൂർ പ. സ. ഇൻസ്റ്റിറ്റ്യൂട്ടിന്റേയും ബോർഡുമെമ്പറന്മാരുടേയും സംയുക്തയോഗത്തിൽ തീരുമാനിച്ചിരിക്കുന്നു.

കാൺഫറൻസിനോട്ട് ഒന്നിച്ചു മുൻസമ്മേളനങ്ങളിലെപ്പോലെ പല ഉപസമ്മേളനങ്ങളും കൂടുതലായി ഉപന്യാസമത്സരം, പ്രസംഗമത്സരം ഇവയും നടത്തണമെന്നും വിജയികൾക്കു കീർത്തിമുദ്രകളും സാക്ഷിപത്രങ്ങളും നൽകണമെന്നും തീരുമാനിച്ചിട്ടുണ്ട്. പ്രസിദ്ധവിദഗ്ദ്ധരുടെ സംഗീതം നാടകം മുതലായവയ്ക്കും ഏർപ്പാടുകൾ ഉണ്ടായിരിക്കുന്നതാണ്.

ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സെൻട്രൽ ബാങ്കിന്റെയും ബോർഡ് അംഗങ്ങൾ ഉൾപ്പെട്ട് കൂടുതൽ അംഗങ്ങളെ ചേർക്കാനുള്ള അധികാരത്തോടുകൂടി ഒരു സ്വാഗതസംഘം രൂപീകരിക്കുകയും കാൺഫറൻസിന്റെയും ജൂബിലിയുടെയും വിജയകരമായ നടത്തിപ്പിനു സെൻട്രൽബാങ്കു പ്രസിഡന്റ് രാജശ്രീ മള്ളൂർ ഗോവിന്ദപ്പിള്ള അവർകൾ ബി. എ ബി. എൽ. സ്വാഗതസംഘാദ്ധ്യക്ഷനായും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിഡന്റു രാജശ്രീ കെ. ആർ. നാരായണയ്യർ അവർകൾ ബി. എ, എം. എസ്. സി. (യു. എസ്. എ.) എഫ്. സി. (കൃഷിഡയറക്ടർ) ഖജാൻജിയായും സെൻട്രൽബാങ്ക് സെക്രട്ടറി മി. കെ. ഏ. രാമൻപിള്ള ബി. ഏ., ബി എൽ., ഇൻസ്റ്റിറ്റ്യൂട്ട് സെക്രട്ടറി മി. പി. പരമുപിള്ള ബി. ഏ., ബി. എൽ., ഇവർ സെക്രട്ടറിമാരായും, മെസേഴ്സ് സി. ഒ. മാധവൻ ബി. ഏ., ബി. എൽ, (മേയർ തിരുവനന്തപുരം സിററി കോർപ്പറേഷൻ) എം. എസ്. അനിരുദ്ധൻ ബി. ഏ., ബി. എൽ., (അസിസ്റ്റന്റു രജിസ്ട്രാർ) കൈനിക്കര എം. പത്മനാഭപിള്ള ബി. എ, എൽ. ററി., എം. എൽ. ഏ., സി. എസ്സ്. കൃഷ്ണസ്വാമിഅയ്യർ എം. എ., (റിട്ടയാർഡ് അസി. അക്കൗണ്ടാഫീസർ) കെ. ജെ. ചെറിയാൻ ബി. ഏ., ബി. എൽ, (റിട്ടയാർഡ് അക്കൗണ്ടാഫീസർ) മിസ്സ് സാറാമ്മാ പോത്തൻ ബി. ഏ., ബി. എൽ., കെ. കെ. കുരുവിള എം. ഏ, ബി. ഡി., എം. എൽ. സി., ഏ. ഈശ്വരപിള്ള ബി. ഏ., ബി. എൽ., എം. എൽ. സി., ഇ. എം. ചക്കി ബി. ഏ., എൽ. ററി., എൽ. ശിവ

രാമൻ തിരുവനന്തപുരം യൂണിയൻ സെക്രട്ടറി, കെ. ജി. ഗോപാലകൃഷ്ണൻ വൈസ്പ്രസിഡൻറ്, പ. സ. ഇൻസ്റ്റിട്യൂട്ട് എന്നിവരെ അംഗങ്ങളായും തെരഞ്ഞെടുത്തു വർക്കിംഗ് കമ്മിററി രൂപീകരിക്കുകയും ചെയ്തിരിക്കുന്നു.

സമ്മേളനത്തിൻെറയും ജൂബിലിയുടെയും നിർവഹണത്തിനു ൨൫൦൦ രൂപായുടെ ഒരു ബഡ്ജററ് അംഗീകരിക്കയും ഈ സംഖ്യ സഹകരണസംഘങ്ങളിൽനിന്നും വ്യക്തികളിൽനിന്നും സംഭാവന പിരിച്ചും ഗവണ്മെൻറിൽനിന്നു ഗ്രാൻറുവാങ്ങിയും നടത്തണമെന്നും മൂന്നു രൂപായിൽകുറയാതെ സംഭാവനചെയ്യുന്ന വ്യക്തികളെ സ്വാഗതസംഘാംഗങ്ങളായി സ്വീകരിക്കണമെന്നും നിശ്ചയിച്ചിരിക്കുന്നു.

സമസ്തതിരുവിതാംകൂർ കാൺഫറൻസിൻെറ നടത്തിപ്പിനെപ്പററി പാസ്സാക്കിയിട്ടുള്ള ചട്ടങ്ങൾ അനുസരിച്ചുള്ള സംഭാവനകൾക്കു പുറമേ രജതജൂബിലിയുടെ പ്രത്യേക ആവശ്യത്തെ പരിഗണിച്ചു കൂടുതൽ സംഭാവന നൽകി സഹായിക്കണമെന്നു സഹകരണസ്ഥാപനങ്ങളോടും മഹത്തായ ഈ പ്രസ്ഥാനത്തിൻെറ ഭാവിനന്മക്കും സുസ്ഥിരമായ നിലനിൽപ്പിനും പര്യാപ്തമായ പദ്ധതികൾ രൂപവൽക്കരിക്കാൻ ഉപകരിക്കത്തക്കവിധം ഈ സമ്മേളനത്തിനു ഔദാര്യപൂർവമായ സംഭാവനനൽകി സഹായിക്കണമെന്നു തിരുവിതാംകൂറിലെ പൊതുജനങ്ങളോടും അപേക്ഷിച്ചുകൊള്ളുന്നു.

സർക്കുലർ നമ്പർ ൨൩൮.

പത്താമത്തു് സമസ്തതിരുവിതാംകൂർ

സഹകരണസമ്മേളനം.

സമസ്തതിരുവിതാംകൂർ സഹകരണസമ്മേളനത്തിൻെറ പത്താമത്തു് മഹായോഗം അടുത്ത മീനമാസത്തിൽ കൊല്ലത്തുവച്ചു പൂർവാധികം ഭംഗിയായി നടത്തുന്നതിനു് നിശ്ചയിച്ചിരിക്കുന്ന വിവരം സമ്മേളനത്തിൻെറ പ്രവർത്തകസമിതി ഇതിനകം പ്രസിദ്ധം ചെയ്തിട്ടുണ്ടല്ലോ. അതു സംബന്ധിച്ചുള്ള പ്രാരംഭനടപടികൾ പലതും എടുത്തിട്ടുമുണ്ടു്. ഈ സമ്മേളനത്തിനു് അഭൂതപൂർവമായ ഒരു പ്രാധാന്യമുണ്ടെന്നുള്ള വസ്തുത ഈ അവസരത്തിൽ പ്രസ്താവ്യമാണു്. അതിവേഗത്തിൽ മുന്നോട്ടു പോകുന്ന ഒരു ലോകത്തിലാണു് നാം ഇന്നു ജീവി

കുന്നതു്. ശീഘ്രതയാണു് ഈ യുഗത്തിന്റെ ഒരു പ്രത്യേക ലക്ഷണം. ശാസ്ത്രങ്ങളുടെ പുരോഗതി ഭൂവിഭാഗങ്ങൾ തമ്മിലുള്ള ദൂരത്തെ ഇല്ലായ്മ ചെയ്യുന്നതിനും രാജ്യങ്ങളുടെ പരസ്പരാശ്രയത്വത്തെ പൂർവ്വാധികം വർദ്ധിപ്പിക്കുന്നതിനും കാരണമാക്കിയിട്ടുണ്ടു്. ഒരു രാജ്യത്തിനും ഇനിമേൽ വേർതിരിഞ്ഞുനിന്നു് ഒററയായി കഴിഞ്ഞുകൂടുക എന്നതു സാദ്ധ്യമല്ലാതായിട്ടുണ്ടു്. ലോകത്തിന്റെ ഏതു കോണിലുമുണ്ടാകുന്ന സാമ്പത്തിക ചലനങ്ങൾക്കും മറെറല്ലാ ഭാഗങ്ങളിലും തന്നെ അനന്തമായ പ്രത്യാഘാതങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ൧൯൧൪-ലെ ലോകമഹായുദ്ധത്തിനു ശേഷം സംഭവങ്ങളുടെ ഗതി ശീഘ്രതരമായി. ഇപ്പോഴത്തെ യുദ്ധം അവസാനിക്കുമ്പോൾ ലോകം എങ്ങിനെ മാറുവാൻപോകുന്നു എന്നുള്ളതിനെപ്പററി ഒരു നിശ്ചയവുമില്ല. സാമ്പത്തികവിഷയങ്ങളിൽ വിപുലവും സമൂലവുമായ പരിവർത്തനങ്ങൾ യുദ്ധാനന്തരലോകത്തെ കാത്തുകൊണ്ടു നില്ക്കുന്നുണ്ടെന്നുള്ളതു നിസ്തർക്കമാണു്.

൨. ഈ മഹാസംഭവങ്ങളുടെ ഇടയിൽ തിരുവിതാംകൂറിലെ സഹകരണപ്രസ്ഥാനത്തിന്റെ നിസ്സാരമായ നേട്ടങ്ങൾ താരതമ്യേന നിഷ്പ്രഭങ്ങളായി പോകുന്നു. ത്വരിതഗമനം ചെയ്യുന്ന ഒരു ലോകത്തിൽ, നമ്മെ പുറകിലാക്കിക്കൊണ്ടു സംഭവങ്ങൾ മുന്നോട്ടു പായുകയാണു്. പരിമിതമായ ശീഘ്രഗതിപോലും സിദ്ധിക്കാതെ നാം വിഷമിക്കുമ്പോൾ, നമ്മുടെ ചുററും ചുഴലിക്കാററു് ഇരമ്പുകയാണു്. മാത്സര്യജടിലമായ ജീവിതവ്യവസായത്തിൽ മററുള്ളവരെ പിന്നിലാക്കുന്നതിനു വേണ്ടി ഉററു ശ്രമിച്ചുകൊണ്ടിരിക്കുന്നവരിൽനിന്നു് അനുഭാവം ആശിക്കുന്നതിനും നമുക്കു് അവകാശമില്ല. മന്ദമായും മുന്നറിവു തരാതെയും ആക്രമിക്കുന്ന നാശത്തിൽനിന്നും സഹകരണപ്രസ്ഥാനത്തെ രക്ഷിക്കണമെന്നുണ്ടെങ്കിൽ, നാം കുറെക്കൂടി ജാഗരൂകരായി, നമ്മുടെ പ്രവർത്തനങ്ങളെ പരിഷ്കരിക്കേണ്ടിയിരിക്കുന്നു. ആദർശങ്ങളെ നവീകരിക്കയും പ്രവർത്തനങ്ങളെ സജീവമാക്കുകയും ചെയ്യേണ്ടതുമുണ്ടു്. മുപ്പതു കൊല്ലങ്ങളോളം ഈ പ്രസ്ഥാനം വ്യാപരിച്ചു കഴിഞ്ഞിട്ടുണ്ടു്. എങ്കിലും ഇതുപര്യന്തമുള്ള അതിന്റെ പ്രവർത്തനങ്ങളിൽനിന്നു് സംഗ്രഹിക്കത്തക്ക ഒരു പ്രത്യേക സിദ്ധാന്തത്തെയോ ആദർശത്തെയോ സൃഷ്ടിക്കുന്നതിനു് നമുക്കു് കഴിഞ്ഞിട്ടില്ല എന്നുള്ളതു് ശോചനീയമായിരിക്കുന്നു. ഈ പ്രസ്ഥാനത്തോടു് സാത്മ്യം വഹിക്കുന്ന ഒരു സ്ഥാപനമോ ഒരു സിദ്ധാന്തസഞ്ചയമോ ഒരു ആദർശപരിപാടിയോ ഒരു പ്രത്യേക സാഹിത്യശേഖരമോ നമുക്കു ഉണ്ടായിട്ടില്ല. അതാതുകാലങ്ങളിലെ പ്രവൃത്തനങ്ങളുടെ ലേഖകളുള്ള

ഒരു വിഹഗവീക്ഷണം നമുക്ക് ഏതാണ്ടൊരു സാന്ത്വനം നൽകുന്നുണ്ടെങ്കിലും അവയിൽനിന്നു നമുക്കുണ്ടായിട്ടുള്ള ബാഹ്യമായ നേട്ടങ്ങൾ നാം നേരിടേണ്ട പ്രശ്നങ്ങളുടെ ഭീമമായ വിപുലതയ്ക്കും വൈവിദ്ധ്യത്തിനും അനുസരണമായിരിക്കുന്നില്ല. നേരെ മറിച്ച് ആ വക പ്രശ്നങ്ങളെ കഷ്ടിച്ചു സ്പർശിക്കമാത്രമേ ചെയ്തിട്ടുള്ളു. ഉൽപ്പാദനവും വിതരണവും സംബന്ധിച്ചുള്ള മനുഷ്യപ്രയത്നത്തിന്റെ വിസ്തൃതമായ മേഖലയിൽ ഏതെങ്കിലും ഒരു കാര്യം, അതായത് ജനങ്ങളുടെ ഋണബാദ്ധ്യത കുറയ്ക്കുക, കച്ചവടത്തിൽ ഇടനിലക്കാരെ ഇല്ലായ്മചെയ്യുക, കുടിൽവ്യവസായങ്ങളെ ഉദ്ധരിച്ച് പോഷിപ്പിച്ച് സമീകരിക്കുക, ഗ്രാമങ്ങളെ പുനരുദ്ധരിക്കുക, സാമാന്യജനങ്ങളുടെ ജീവിതത്തോത് ഉയർത്തുക തുടങ്ങിയ ഏതെങ്കിലും ഒന്നിൽ വിജയം കരസ്ഥമാക്കിയതായി പറയാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നത്. സഹകരണത്തിന്റെ മൂലതത്വങ്ങൾ സാമാന്യജനങ്ങൾക്കു മനസ്സിലാകത്തക്കവിധം ആവിഷ്കരിക്കേണ്ടതായും പ്രസ്ഥാനത്തിന് ഒരു നവചൈതന്യവും പ്രവർത്തനസരണിയും നൽകേണ്ടതായും വന്നിരിക്കുന്നു. ഭാവിയിൽ ഗാർഹികവും അന്തർദേശീയവും ആയ മണ്ഡലങ്ങളിൽ സഹകരണാധിഷ്ഠാനത്തിലുള്ള വ്യാപാരങ്ങൾക്ക് ഒന്നിനൊന്നു കൂടുതൽ പ്രാധാന്യം ഉണ്ടായിക്കൊണ്ടിരിക്കും. സമരപരിക്ഷീണങ്ങളായ രാഷ്ട്രങ്ങൾ കാലക്രമേണ സാമ്പത്തികമത്സരത്തെ പാടേ ഉപേക്ഷിച്ചു സഹകരണതത്വത്തെ പുലർത്തുന്നതിൽ ഉത്സുകരാകുന്നുണ്ടെന്നുള്ളതിനു വേണ്ടുവോളം ലക്ഷ്യങ്ങളും സൂചനകളും കണ്ടുതുടങ്ങിയിട്ടുണ്ട്. യുദ്ധാനന്തരകാലങ്ങളിലെ സാമ്പത്തികസ്ഥിതി യുദ്ധകാലത്തേതിനേക്കാൾ തുലോം കർക്കശമായിരിക്കാനേ ഇടയുള്ളു. സഹകരണ പദ്ധതികൾകൊണ്ടുമാത്രം ഉദ്ധരിക്കാവുന്ന സാമ്പത്തികസ്ഥിതിയിൽ വിഷമിക്കുന്ന തിരുവിതാംകൂറിൽ, സഹകരണമതത്തെ സജീവമാക്കുന്നതിനും സാധാരണക്കാരുടെ ഇടയിൽ അതു പ്രചരിപ്പിക്കുന്നതിനും സഹകാരികൾക്ക് ഒരു ചുമതലയുണ്ടു. അതു് അവരുടെ ധർമ്മവും കർത്തവ്യവും ആകുന്നു.

൩. ഇതിന് അവശ്യം വേണ്ടതു് ആസൂത്രണം ചെയ്യപ്പെട്ട ഒരു പ്രചരണപരിപാടിയാണ്. സഹകരണപ്രസ്ഥാനത്തിന്റെ മുമ്പിൽ കിടക്കുന്ന ഏറ്റവും വലിയ പ്രതിബന്ധം സാമാന്യജനങ്ങൾക്ക് പ്രസ്ഥാനത്തെപ്പററിയുള്ള അജ്ഞതയും അനാസ്ഥയുമാണ്. പ്രസ്ഥാനത്തിന്റെ മൌലികതത്വങ്ങൾ ജനങ്ങളോടു ആവർത്തിച്ചാവർത്തിച്ച് പറയണം.

സഹകരണം ഒരു ജനവിഭാഗത്തിനോ ഒരു സമുദായത്തിനോ മാത്രമായിട്ടുള്ളതല്ലെന്നും സകലരുടേയും ഭാവുകങ്ങളെ സ്പർശിക്കുന്ന ഒരു പ്രസ്ഥാനമാണെന്നും വീണ്ടും വീണ്ടും ആളുകളെ പറഞ്ഞു മനസ്സിലാക്കണം തൊഴിലാളികൾക്കോ ചെറുതരം വ്യവസായികൾക്കോ കടക്കാരായ കൃഷിക്കാർക്കോ വേണ്ടിമാത്രം കണ്ടുപിടിച്ചിട്ടുള്ള ഒരു കൌശലമല്ല സഹകരണമെന്നും മനുഷ്യരാശിയുടെ സമഗ്രമായ സൌഭാഗ്യത്തിനുവേണ്ടി പ്രയത്നിക്കുന്ന ഒരു മതം തന്നെയാണ് അതെന്നും നാടൊട്ടുക്ക് ഉജ്ജ്വലമായ പ്രചാരണം നടത്തേണ്ടതാകുന്നു. തിരുവിതാംകൂറിലെ സഹകരണപ്രസ്ഥാനം വർഗ്ഗീയതയിൽ ആണ്ടുകിടക്കുകയാണെന്ന് തെളിയിക്കുവാൻ ഈയിടെ ചില കേന്ദ്രങ്ങൾ സാഹസപ്പെടുന്നതായി കാണുന്നു. ചരിത്രപരവും സംസ്കാരപരവും ആയ കാരണങ്ങളാലും ജീവിതാദർശങ്ങളാലും ആദ്യകാലങ്ങളിൽതന്നെ സഹകരണപ്രസ്ഥാനത്തിലേയ്ക്കു ആകർഷിക്കപ്പെട്ട ചില പ്രത്യേക സമുദായക്കാർ പ്രസ്ഥാനത്തിൽ കൂടുതൽ ഉണ്ടെന്നു വന്നേക്കാം. എന്നാൽ അവരുടെ സാന്നിദ്ധ്യം പ്രസ്ഥാനത്തെ ഉത്തരോത്തരം ശുഭ്രമാക്കിയിട്ടുള്ളതല്ലാതെ, വർഗ്ഗീയതയിലേക്കു അതിനെ വലിച്ചുതാഴ്ത്തിയിട്ടില്ല. തിരുവിതാംകൂറിലെ സഹകരണപ്രസ്ഥാനത്തിൽ വർഗ്ഗീയച്ഛായ ഒരിടത്തും കാണുവാൻ സാധ്യമല്ല. വളരെക്കാലമായി വർഗ്ഗീയസംഘങ്ങളെ ഡിപ്പാർട്ടുമെന്റിൽ നിന്നും കുറയ്ക്കുന്നതിന് ശ്രമിച്ചുകൊണ്ടുവരികയാണ്. കൂടാതെ, സാമ്പത്തികകാര്യങ്ങളിൽ മതപരവും വർഗ്ഗീയവുമായ ഭിന്നതകൾക്ക് സ്ഥാനമില്ല.

൪. പണം ജീവിതാവശ്യങ്ങൾക്കുള്ള സാധനങ്ങളുടെ കൈമാറ്റത്തെ സഹായിക്കുന്ന ഒരു ഉപകരണം മാത്രമാണെന്നും അല്ലാതെ ഭൌതിക സമ്പത്തിന്റെ പരിമാണമല്ലെന്നും ഉള്ള സഹകരണതത്വത്തിൽ ദൃഢമായി വിശ്വസിക്കുന്ന ഒരു കൂട്ടം ആളുകൾ ഒരുമിച്ചു ചേരുകയും അവരുടെ വിശ്വാസങ്ങൾ തങ്ങളിൽതന്നെ ഉറപ്പിക്കുകയും ആശയങ്ങളെ അന്യരുടെ ഗുണത്തിനുവേണ്ടി വിനിമയം ചെയ്യുകയും ആണ് സമ്മേളനങ്ങളിൽ നടക്കുന്നത്. നാട്ടുകാരിൽ പ്രമാണികളായുള്ളവർ ഭാഗഭാക്കാകുന്ന പ്രസ്ഥാനത്തിലേയ്ക്കു സാധാരണക്കാർ ആകർഷിക്കപ്പെടുന്നു. പണ്ഡിതന്മാരുടെ സംസർഗ്ഗവും സാമീപ്യവും ആയിരിക്കും മററു ചിലർക്ക് പ്രേരകമാകുന്നത്. പ്രസംഗങ്ങൾ വേറെ ചിലരെ ആകർഷിക്കുന്നു. ഇങ്ങനെ നാനാപ്രകാരേണ ആശയങ്ങൾക്കു പ്രചാരം സിദ്ധിക്കുന്നതിന് സമ്മേളനങ്ങൾ സൌകര്യമുണ്ടാക്കിക്കൊടുക്കുന്നു. വളർന്ന

വരുന്ന ഒരു പ്രസ്ഥാനത്തിന് കൂടുതൽ ജീവശ്ശക്തി പ്രദാനം ചെയ്യുന്നതു് സമ്മേളനങ്ങളാണു്. സമ്മേളനങ്ങളുടെ വിജയത്തിലാണു് പ്രസ്ഥാനത്തിന്റെ പുരോഗതി സ്ഥിതിചെയ്യുന്നതു്. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണു് തിരുവിതാംകൂറിലും ലോകത്തിന്റെ മററു ഭാഗങ്ങളിലും ആണ്ടുതോറും ദേശീയവും പ്രാദേശികവും ആയ സഹകരണസമ്മേളനങ്ങൾ നടത്തിവരുന്നതു്.

൭. തിരുവിതാംകൂറിൽത്തന്നെ ഇതിനുമുമ്പു് ഒൻപതു സമസ്ത തിരുവിതാംകൂർ സഹകരണസമ്മേളനങ്ങൾ നടന്നിട്ടുണ്ടു്. ഓരോ സമ്മേളനത്തിനും പ്രശസ്തരായ അദ്ധ്യക്ഷന്മാരും പ്രാസംഗികന്മാരും ഉണ്ടായിരുന്നതിനുപുറമേ തൽപരമായി ഓരോ തരത്തിൽ പ്രാധാന്യവുമുണ്ടായിരുന്നു. തിരുവിതാംകൂറിലും പുറമേയുമുള്ള ഉദ്യോഗസ്ഥാനുദ്യോഗസ്ഥസഹകാരികളിൽ പ്രമുഖന്മാരായിരുന്നവരെയാണു് സമ്മേളനങ്ങളിൽ ആദ്ധ്യക്ഷ്യം വഹിക്കുവാൻ ക്ഷണിച്ചിരുന്നതു്. ഇതുവരെ നടന്നിട്ടുള്ള ഒൻപതു സമ്മേളനങ്ങളിൽ ഏഴു സമ്മേളനങ്ങളിലും തിരുവിതാംകൂറിനു പുറമെനിന്നുമുള്ള പ്രശസ്ത സഹകാരികളായിരുന്നു അദ്ധ്യക്ഷന്മാർ. ആദ്യത്തെ രണ്ടു സമ്മേളനങ്ങൾ പ്രസ്ഥാനത്തിന്റെ ശൈശവദശയിൽ നടത്തപ്പെട്ടതുകൊണ്ടു് ഈ നാട്ടിൽത്തന്നെയുള്ള പ്രമാണികളിൽ രണ്ടു പേരാണു് അദ്ധ്യക്ഷപദം അലങ്കരിച്ചതു്. പിന്നീടുണ്ടായ ഏഴു സമ്മേളനങ്ങളിൽ നാലെണ്ണത്തിൽ മദ്രാസിലെ രജിസ്ട്രാരോ അല്ലെങ്കിൽ രജിസ്ട്രാര ആയിരുന്നവരോ ആയ മെസ്സേഴ്സ് എൽ. ഡി. സ്വാമിക്കണ്ണു പിള്ള, റാവുബഹദൂർ എ. വേദാചലയ്യർ, ദിവാൻ ബഹദൂർ കെ. ദേവശിഖാമണി മുതലിയാർ, എസ്സ്. ഏ. വെങ്കിട്ടരാമൻ ഐ. സി. എസ്സ്. എന്നിവർ ആദ്ധ്യക്ഷ്യം വഹിച്ചു. മററുള്ള സമ്മേളനങ്ങളിൽ മദ്രാസിലെ പ്രമുഖ സഹകാരികളായ മെസ്സേഴ്സ് ടി. കെ. ഹനുമന്തറാവുവും, വി. രാമദാസ് പന്തലുവും, ബാംബെയിലെ പ്രശസ്ത സഹകാരി സർ ലല്ലുബായിസമൽദാസും ആണു് ആദ്ധ്യക്ഷ്യം വഹിച്ചതു്. ഏഴും എട്ടും സമ്മേളനങ്ങളുടെ മദ്ധ്യത്തിൽ സെൻട്രൽബാങ്ക് വിളിച്ചു കൂട്ടിയതുകൊണ്ടുള്ള സാങ്കേതികതടസ്സത്താൽ അംഗീകാരം സിദ്ധിക്കാത്ത ഒരു സമ്മേളനത്തിലും മിസ്റ്റർ രാമദാസു പന്തലു ആദ്ധ്യക്ഷ്യം വഹിച്ചു. സമ്മേളനങ്ങൾ എല്ലായ്പോഴും സഹകരണപ്രവർത്തനത്തിന് പൊതുജനങ്ങളിൽനിന്നും കൂടുതൽ ആനുകൂല്യം സിദ്ധിച്ചിരുന്ന സ്ഥലങ്ങളിലാണു് കൂടിയിട്ടുള്ളതു്. ഇതിനു മുമ്പുള്ള സമ്മേളനങ്ങൾ, തിരുവനന്ത

പുരം, ചങ്ങനാശ്ശേരി, ചേർത്തല, കൊല്ലം, നെയ്യാററിൻകര, പറവൂർ എന്നിങ്ങനെ പ്രസ്ഥാനം അഭിവൃദ്ധിപ്പെട്ടുവന്ന കേന്ദ്രങ്ങളിലാണ് നടന്നതു്. പ്രസ്ഥാനത്തിന്റെ സംയോജനത്തിനും ദൃഢീകരണത്തിനും വേണ്ടിയുള്ള ആദ്യകാലത്തെ മൂന്നു നാലു സമ്മേളനങ്ങൾ കഴിഞ്ഞതിൽ പിന്നെയുണ്ടായിട്ടുള്ളവ പ്രസ്ഥാനത്തെ പൊതുവേ ബാധിക്കുന്ന ഓരോ പ്രധാന പ്രശ്നങ്ങളെപ്പററി ആലോചിക്കുന്നതിന് വിളിച്ചുകൂട്ടിയവയായിരുന്നു. നെയ്യാററിൻകരയിലെ സമ്മേളനം ദേവധാർകമ്മിററിക്കു മുമ്പും, പറവൂരെ സമ്മേളനം നിർജ്ജീവമായിപ്പോകുന്ന പ്രസ്ഥാനത്തിനു നവചൈതന്യം നൽകുന്നതിനുമായിരുന്നു.

൩. ൧൧൧൯ ധനു ൧൮-ം, ൧൯-ം തീയതികളിൽ തിരുവനന്തപുരത്തുവച്ചു നടന്ന ഒൻപതാമത്തെ സമ്മേളനത്തിനുശേഷം, ലോകസംഭവങ്ങൾ ജീവിതത്തിലെ ഭാവിപരിപാടികളെ കുറിച്ചുള്ള വീക്ഷണഗതിക്ക് ഒരു സമൂലപരിവർത്തനം വരുത്തിയിട്ടുണ്ട്. വിദൂരപൂർവ്വദേശങ്ങൾ ശത്രുക്കളുടെ കയ്യിലായതോടുകൂടി സാധാരണക്കാരന്റെ നിത്യജീവിതത്തിൽ ഇതിനുമുമ്പുണ്ടായിട്ടില്ലാത്ത പല പ്രശ്നങ്ങളും ആവിർഭവിച്ചു. നിത്യാവശ്യങ്ങൾക്കുള്ള സാധനങ്ങളുടെ വിലയിൽ നിയന്ത്രണം, നിലവിലിരിക്കുന്ന അസാധാരണസ്ഥിതിയെ ചൂഷണംചെയ്യുന്ന ലാഭമോഹികളുടെ അമിതാദായത്തോടുള്ള അതിപ്രതിപത്തി, നിത്യോപയോഗത്തിനുള്ള അനേകം സാധനങ്ങളുടെ ദൌർലഭ്യം, പടാൾഫലബാധിയെപ്പററിയുള്ള അനിശ്ചിതത്വം എന്നിവ സാമ്പത്തികജീവിതത്തിന്റെ അസ്ഥിവാരങ്ങളെ തല്ലിത്തകർത്തു. മുതലാളിമാരുടേയും സ്വാർത്ഥമതികളുടേയും കൊടുംപിടിയിൽനിന്നും രക്ഷനേടുന്നതിന് തുല്യദുഃഖിതരുമായുള്ള സംഘടനയിലേയ്ക്കു എളിയവന്റെ ചിന്ത തിരിഞ്ഞു. അവശതകളുടെ ദൂരീകരണത്തോടുകൂടി അല്പമായ ആദായവും പ്രദാനം ചെയ്യുന്ന പരസ്പരസഹായത്തിലേക്ക് ആളുകൾ തനിയെ ആകർഷിക്കപ്പെട്ടു. ആവശ്യം നിർമ്മിച്ച അവശന്മാരുടെ കൂട്ടുകെട്ടു മററു രാജ്യങ്ങളിലെന്നപോലെ ഇവിടേയും മുന്നോട്ടുവന്നു. ചരിത്രം ആവർത്തിക്കപ്പെട്ടു. അങ്ങിനെ, തിരുവിതാംകൂറിൽ സഹകരണപ്രസ്ഥാനത്തിന്റെ ഒരു പുതിയ അദ്ധ്യായം തുറക്കപ്പെട്ടു. ആവശ്യത്തെപ്പററി നിശ്ചയമില്ലാതെ പരപ്രേരണയാൽ നിയമവലയത്തിനകത്തു കടന്ന് നാമമാത്രമായ സംഘടനയ്ക്കു വിധേയരായി, ഗുണത്തേക്കാൾ അധികം ദോഷം വിതരണം ചെയ്യുന്ന സഹകരണസംഘങ്ങളും, ആവശ്യംകൊണ്ട് പുളകംപൂണ്ട്,

ആത്മാർത്ഥതയുടെ വീജനത്തിൽ സാർവ്വത്രികമായ അഭ്യുദയവും സമാധാനവും ഐശ്വര്യവും നാലുപാടും പരത്തി പുതിയ ഒരു സജീവപ്രസ്ഥാനത്തിന്റെ ജീവൽഘടകങ്ങളായിത്തീർന്നു. പണ്ട് പുച്ഛിച്ചിരുന്നവരും സംഘത്തിലേക്ക തിരിഞ്ഞുനോക്കാത്തവരും നീതിപൂർവ്വമായ വിതരണം സിദ്ധിക്കണമെങ്കിൽ സഹകരണ സംഘടനയെ ആശ്രയിച്ചേ കഴിയൂ എന്നു മനസ്സിലാക്കി. അംഗങ്ങളുമായി മാത്രമേ വ്യാപാരം നടത്താവൂ എന്നുള്ള നിയമത്തിന് അയവു് അനുവദിച്ചതോടുകൂടി, ധാരാളം ആളുകൾ സംഘത്തിലേക്ക് ആകർഷിക്കപ്പെടുകയും സഹകരണതത്വം കൂടുതൽ ആളുകൾക്ക് പരിചിതം ആകയും ചെയ്തു. ഇങ്ങിനെ വർദ്ധിച്ചുവരുന്ന വ്യാപാരവും വികസിച്ചു വരുന്ന സംഘടനയും അംഗങ്ങളാകാതെ ആനുകൂല്യം അനുഭവിക്കുന്ന ആളുകളും പ്രസ്ഥാനത്തിൽ പുതിയ പല പ്രശ്നങ്ങളേയും ഉന്നയിച്ചിട്ടുണ്ടു്. അവയെപ്പററിയുള്ള നിരൂപണങ്ങൾ നടത്തുന്നതിനും പ്രസ്ഥാനത്തെ കൂടുതൽ പ്രയോജനകരമാക്കിത്തീർക്കുന്നതിനു ആവശ്യമായ പരിഷ്കാരങ്ങളെപ്പററി ആലോചിക്കുന്നതിനും ഒരു സന്ദർഭം നല്കുന്നു എന്നുള്ള നിലയ്ക്കു ഈ സമ്മേളനത്തിന് പ്രത്യേകം ഒരു പ്രാധാന്യം ഉണ്ടു്.

൭. പ്രസ്ഥാനത്തിന്റെ ഇതേവരെയുള്ള നേട്ടങ്ങൾ തുലനം ചെയ്യുന്നതിനും ഇതൊരവസരമാണ്. ൧൧൧൮-ലെ വർഷാവസാന കണക്കനുസരിച്ചു് ശരാശരി ഒരു പകുതിയ്ക്കു് മൂന്നു സംഘങ്ങൾ വീതമുണ്ടു്. ആകെ ജനസംഖ്യയുടെ ൧൩-൩ ശതാംശം പ്രസ്ഥാനത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുമുണ്ടു്. എല്ലാ സംഘങ്ങളിലുംകൂടി ഇരുപത്തൊമ്പതു് ലക്ഷം രൂപാ പിരിഞ്ഞ ഓഹരി മൂലധനവും ഏകദേശം പന്ത്രണ്ടുലക്ഷം രൂപായോളം കരുതൽധനവുമുണ്ടു്. സംഘങ്ങളുടെ പ്രവർത്തനമൂലധനം എഴുപതുലക്ഷത്തോളം രൂപയാകുന്നു. കഴിഞ്ഞ ഇരുപത്തിയെട്ടു് വർഷങ്ങളായി സംഘങ്ങൾ വഴിയായി ഏഴു ലക്ഷത്തോളം വായ്പകളും മൂന്നര കോടി രൂപയ്ക്കു് നല്കിയിട്ടുണ്ടു്. അൻപതുലക്ഷം രൂപാ നികരലാഭമായി സംഘങ്ങൾ ആർജിച്ചുകഴിഞ്ഞു. യുദ്ധപരിതസ്ഥിതി മൂലം ധനസഹായസംഘങ്ങൾ ക്രമപ്രവൃദ്ധമായി ധനേതരപന്ഥാവിൽകൂടി പ്രവർത്തിച്ചതിന്റെ ഫലമായി, ഇപ്പോൾ എണ്ണൂററിഇരുപത്തിരണ്ടു് സംഘങ്ങൾ ഭക്ഷ്യധാന്യങ്ങൾ മുതലായ നിയന്ത്രിതസാധനങ്ങളുടെ വിതരണജോലിയിൽ ഏർപ്പെട്ടു് ആ ജോലി തൃപ്തികരമായി നിർവഹിച്ചുവരുന്നു. സംസ്ഥാനത്തു് ആകെയുള്ള റേഷൻകാർഡുകളുടെ എട്ടിൽ ഒരു ഭാഗം സഹകരണസംഘങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടവയാണെ

നുള്ള പരമാർത്ഥം സഹകാരികൾക്ക് അഭിമാനകരമായ ഒരവസ്ഥയാണ്. തിരുവനന്തപുരം നഗരത്തിൽ ഒരു സംഘത്തിന് പഞ്ചസാരവിതരണത്തിന്റെ പൂർണ്ണാവകാശംതന്നെ സിദ്ധിച്ചിട്ടുള്ളതും സ്മരണീയമാണ്. സഹകരണപ്രസ്ഥാനത്തിന്റെ ധനസഹായകേന്ദ്രസ്ഥാപനമായ തിരുവിതാംകൂർ സെൻട്രൽബാങ്ക്, കഴിഞ്ഞ ഒരു സംവത്സരക്കാലത്തിനകം, അത്ഭുതപൂർവ്വമായ പുരോഗതി പ്രാപിച്ചിരിക്കുന്നു. അതിന്റെ ൧൧൧൯ലെ അഭിവൃദ്ധി മുൻകൊല്ലത്തെ അപേക്ഷിച്ച് ഏകദേശം അറുപത് ശതമാനത്തോളമുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ ഏഴെട്ടു കൊല്ലത്തെ നഷ്ടം പരിഹരിച്ചതിനുശേഷം നാലു ശതമാനം ഈ വർഷത്തിൽ ലാഭവീതം നൽകിയിരിക്കുന്നു. മേൽ ഉദ്ധരിച്ച കണക്കുകളിൽനിന്നും പ്രസ്ഥാനത്തിനുണ്ടായിട്ടുള്ള സർവ്വതോമുഖമായ ഭാവി എല്ലാവരുടേയും സത്വരശ്രദ്ധയെ ആകർഷിച്ചുതുടങ്ങിയിരിക്കുന്നു.

൮. ഈ സമ്മേളനം കഴിഞ്ഞ മേടമാസത്തിൽ നടത്തുന്നതിനു ആലോചിച്ചിരുന്നതാണെന്ന് സഹകാരികൾക്കെല്ലാവർക്കും അറിയാമല്ലോ. രാജ്യത്തെ ഒട്ടാകെ തീരാദുഃഖത്തിൽ നിമഗ്നമാക്കിയ ആ അത്യാഹിതം നിമിത്തം സമ്മേളനം ഈ ആണ്ടിലേയ്ക്കു മാററിവയ്ക്കേണ്ടി വന്നു.

൯. ഇങ്ങിനെ മാററിവച്ചതുകൊണ്ട്, യുദ്ധാനന്തരപുനസ്സംവിധാനത്തിൽ സഹകരണസംരംഭങ്ങൾക്കു കൂടുതൽ കൂടുതൽ സ്ഥാനവും പ്രാധാന്യവും സിദ്ധിച്ചുവരുന്ന ഇപ്പോഴത്തെ അന്തരീക്ഷത്തിൽ ഈ സമ്മേളനം നടത്തുവാൻ നമുക്ക് സാധിക്കും. പ്രയോജനം നിമിത്തം കൂടുതൽ ആളുകൾ ഇപ്പോൾ സഹകരണപ്രസ്ഥാനത്തിനു പിൻബലം നൽകുവാനുമുണ്ടായിട്ടുണ്ട്. സഹകരണതത്വത്തിൽ ഒന്നിനൊന്നു വർദ്ധിച്ച വിശ്വാസവും ജനങ്ങൾക്ക് ഇപ്പോൾ ഉണ്ടായിട്ടുണ്ട്. ഈ അനുകൂലമായ അന്തരീക്ഷത്തിൽ നടത്തുന്ന ഈ സമ്മേളനം പ്രയോജനകരമായി വരാനേ തരമുള്ളു. അതുകൊണ്ടു സഹകാരികൾ ഈ സമ്മേളനത്തിന്റെ അനിതരസാധാരണമായ പ്രാധാന്യത്തെ ശരിയായി മനസ്സിലാക്കി സമ്മേളനം വിജയകരമാക്കിത്തീർക്കുന്നതിനു വേണ്ടതെല്ലാം ചെയ്യുമെന്ന് വിശ്വസിക്കുന്നു.

൧൦. ഇത്തവണത്തെ സമ്മേളനം പല തരത്തിൽ പ്രാധാന്യമുള്ള കൊല്ലം പട്ടണത്തിൽവച്ച് കൊല്ലം സഹകരണൈക്യസംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. ആകർഷണീയമായ ഭൂപ്രകൃതി സമൃദ്ധമായി അനുഗ്രഹിച്ചിട്ടുള്ള ആ

പട്ടണം പുരാതനകാലംമുതൽ പാശ്ചാത്യരുടെ ദൃഷ്ടിപഥത്തിൽ എത്തിയിട്ടുള്ള ഒരു വാണിജ്യകേന്ദ്രമാണ്. "നല്ല ചന്തകളും കുബേരന്മാരായ കച്ചവടക്കാരും ഉള്ള മലബാറിലെ ഒന്നാംതരം പട്ടണങ്ങളിൽ ഒന്ന്" എന്നാണ് എ. ഡി. ൧൩൨൪-ൽ കൊല്ലത്ത് ഇറങ്ങിയ ഇബിൻബതൂററാ ഈ പട്ടണത്തെപ്പററി പറഞ്ഞിട്ടുള്ളത്.

"രമ്യശ്രീമന്നയനസുഭഗമ്മററുമേതോ പദാർത്ഥ-
ന്നാട്ടാർവർണ്ണിപ്പതു പുനരിദം കേവലം കൊല്ലമെന്റ്
എൻറാലീരേഴുലകിലുമിതിന്നൊപ്പമില്ലാൻറ ചൊല്വാൻ
തൊല്ലും കൊല്ലും ഭവനിതരാം പിന്നെയും കൊല്ലമേവ."

എന്നാണ് ഉണ്ണുനീലിസന്ദേശത്തിൽ ഈ നഗരത്തെ വർണ്ണിച്ചിരിക്കുന്നത്. പ്രാചീനകാലങ്ങളിലെ കൌബേരതാവും പ്രാധാന്യവും അഭിനവങ്ങളായ വ്യവസായസ്ഥാപനങ്ങൾകൊണ്ടും വാണിജ്യശാലകൾകൊണ്ടും പരിഷ്കാരോന്മുഖമായ ഇതര പ്രവർത്തനങ്ങൾകൊണ്ടും ഇന്നും ഈ നഗരം പരിരക്ഷിച്ചുപോരുന്നു. സംസ്ഥാനത്തിലെ രണ്ടാമത്തെ തുറമുഖമെന്ന നിലയിൽ എററുമതിയിലും ഇറക്കുമതിയിലും ഈ പട്ടണം സുപ്രധാനമായ ഭാഗം വഹിക്കുന്നു. തിരുവിതാംകൂറിലെ രമണീയതടാകങ്ങളിൽ ഒന്നായ അഷ്ടമുടിക്കായലിൻെറ പരിചരണത്താൽ സാന്ദ്രമോഹനമായി പരിലസിക്കുന്ന ഈ നഗരത്തിൽ എത്തിച്ചേരുവാൻ സഹ്യാദ്രിയെ തുളച്ചുവരുന്ന തീവണ്ടിയും കായൽ വഴി വരുന്ന ബോട്ടും റോഡിൻെറ നന്മയിൽ വായുവേഗം കൊള്ളുന്ന ബസ്സും മററു പട്ടണങ്ങളെ അപേക്ഷിച്ച് കൂടുതൽ സൌകര്യം നല്കുന്നുണ്ട്. ഇങ്ങിനെ നാനാപ്രകാരേണ പ്രാധാന്യം വഹിക്കുന്നതും വർദ്ധമാനമായ ഗതാഗതസൌകര്യങ്ങൾ കൊണ്ടു സുപ്രാപ്യവുമായ ഒരു സ്ഥലമാണു സമ്മേളനരംഗമായി ഇത്തവണ പ്രവർത്തകസമിതി തെരഞ്ഞെടുത്തിട്ടുള്ളത്.

൧൧. ഇങ്ങനെയുള്ള ഒരു സ്ഥലത്തുവച്ച് ഈ പ്രത്യേക സന്ദർഭത്തിൽ നടത്തുന്ന സമ്മേളനം സ്ഥായിയായ പ്രശ്നങ്ങളെപ്പററി ആലോചിക്കുകയും ശാശ്വതങ്ങളും പ്രയോജനകരങ്ങളുമായ തീരുമാനങ്ങൾ ഉണ്ടാക്കുന്നതിന് സഹായകമാവുകയും ചെയ്യേണ്ടതാണ്. അതുകൊണ്ടു സംസ്ഥാനത്തിൻെറ നാനാഭാഗങ്ങളിലുമുള്ള സഹകാരികൾ സമ്മേളനത്തിൽ ആലോചനയ്ക്കു കൊണ്ടുവരേണ്ട സംഗതികളെപ്പററി അവഗാഢം ചിന്തിക്കുകയും അവരുടെ തീരുമാനങ്ങളെ നേരത്തെതന്നെ പ്രവർത്തകസമിതിക്ക് അയച്ചുകൊടുക്കുകയും വേണം. സമ്മേളനത്തിൽ ആലോചനയ്ക്കായി കൊണ്ടുവരുന്ന പ്രമേയങ്ങൾക്കെല്ലാം സാംസ്ഥാനികമായ ഒരു

പ്രാധാന്യം ഉണ്ടായിരിക്കണം. കേവലം പ്രാദേശികമായ കാര്യങ്ങൾക്ക് ഒരു സമസ്തതിരുവിതാംകൂർ സമ്മേളനത്തിൽ സ്ഥാനമില്ലെന്നുള്ള വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സമ്മേളനത്തിൽ ചർച്ച ചെയ്യുന്ന ഏതു വിഷയവും അവിടെ ഹാജരായിരിക്കുന്ന സകല പ്രതിനിധികൾക്കും ഒരുപോലെ താല്പര്യമുളവാക്കത്തക്കതായിരിക്കണം. അതു സംസ്ഥാന മൊട്ടുക്കുള്ള സഹകാരികളുടെ പ്രതിനിധികൾ അടങ്ങിയ ഒരു സമ്മേളനത്തിൽ ആലോചനയ്ക്കെടുക്കത്തക്ക ഗൌരവമുള്ളതുമായിരിക്കണം. എല്ലാ താലൂക്കുകളിലുമുള്ള ഐക്യസംഘങ്ങൾ അവയുടെ പരിധിയിലുള്ള സംഘ പ്രതിനിധികളുമായി ആലോചിച്ച് സമ്മേളനത്തിൽ അവതരിപ്പിക്കുവാനുള്ള പ്രമേയങ്ങൾ കാലം ഫ ര-ാംതു-ക്കമുമ്പ് സമ്മേളനകാര്യദർശിക്ക് കിട്ടത്തക്കവിധത്തിൽ അയച്ചു കൊടുക്കണം. സമ്മേളനത്തിനു സംഘങ്ങളെല്ലാം വരിസംഖ്യ അയച്ചുകൊടുക്കേണ്ടതായിട്ടില്ലാത്തുകൊണ്ടു സംഘങ്ങളുടെ ചെലവ് നിയന്ത്രിക്കേണ്ടതായിരിക്കുന്നു. അതുകൊണ്ട് പ്രമേയങ്ങളെപ്പറ്റി ആലോചിക്കുന്നതിനായി വലിയ താലൂക്കു സമ്മേളനങ്ങൾ നടത്തുന്നതിനുള്ള പ്രലോഭനത്തിൽനിന്നും സഹകാരികളെ തടയേണ്ടതാവശ്യമാണെന്നു വിചാരിക്കുന്നു. കാര്യമാത്രപ്രസക്തമായ ചെറിയ ആലോചനായോഗങ്ങളാണ് ഐക്യസംഘങ്ങൾ വിളിച്ചുകൂട്ടേണ്ടതു്. സമസ്ത തിരുവിതാംകൂർ സഹകരണസമ്മേളനത്തിന്റെ ശ്രമഫലമായി ആലോചനയ്ക്കെടുത്തു പാസ്സാക്കുന്ന പ്രമേയസമുച്ചയം യുദ്ധാനന്തരപുനസ്സം വിധാനസമുദ്യമപരിപാടിയിൽ സഹകരണസംഘങ്ങൾ സജീവവും സമഗ്രവും ഫലപ്രദവുമായ പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കു നിശ്ചിതമായ ഒരു മാർഗ്ഗദർശനം നൽകിയാൽ മാത്രമേ, സമ്മേളനോദ്ദേശം സാധിച്ചുവെന്നോ സമ്മേളനം വിജയകരമായി എന്നോ നമുക്കു അഭിമാനിക്കാവൂ.

൮൨. വിപുലമായ തോതിൽ നടത്തുന്ന ഈ സമ്മേളനത്തിനു ഇന്നത്തെ വർദ്ധിച്ച ചെലവു നിരക്കിൽ കണക്കാക്കിയതിൽ ഏകദേശം പതിനായിരത്തിൽപരം രൂപാ ചെലവുവന്നേക്കാമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ തുക മുഴുവൻ സഹകാരികളിൽനിന്നുതന്നെ പിരിക്കേണ്ടതായിട്ടാണിരിക്കുന്നതു്. സമ്മേളനത്തിനു നൽകേണ്ട സംഭാവനയുടെ തോതു് എന്താണെന്നു പ്രവർത്തകസമിതി ഇതിനകം സംഘങ്ങളെ അറിയിച്ചിട്ടുണ്ടല്ലോ. വിതരണത്തിൽ നിന്നും, വർദ്ധമാനമായ വിലയുടെ ഫലമായി ഉണ്ടായിട്ടുള്ള പിരിവിൽനിന്നും താരതമ്യേന അഭിവൃദ്ധിന്മുഖമായ സാമ്പത്തികസ്ഥിതി സംഘങ്ങൾക്കുണ്ടായിട്ടുള്ള ഈ അവസരത്തിൽ, അവരുടെ സമ്മേളനത്തിന്റെ ചെലവിലേയ്ക്കായി ഉദാരമായ സംഭാവന ചെയ്യണമെന്ന് സംഘങ്ങളെ പ്രത്യേകം ഉൽബോധിപ്പിക്കേണ്ട

ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. സമ്മേളനം വിജയകരമാക്കേണ്ടതു
സഹകാരികളുടെ കടമയാണു. അപ്പ് അവർ നിർവഹിക്കുമെന്നു വിശ്വ
സിക്കുന്നു. സംഭാവനകൾ ൧൧൨൦ കുംഭം ൧൫-ാംനു-ക്കു മുമ്പ് സമ്മേ
ളനകാര്യാലയത്തിൽ എത്തിക്കുന്നതിൽ സംഘഭാരവാഹികൾ പ്രത്യേകം
ശ്രദ്ധിക്കണം. സംഭാവനകൾ കൊല്ലംതാലൂക്കുസഹകരണബാങ്കിൽ
"സമ്മേളനം" എന്ന് പുതുതായി ആരംഭിക്കുന്ന കണക്കിലേക്കു ഷെറി
കൾ വഴിയായി അടയ്ക്കുന്നതിനു സൌകര്യമുണ്ടാക്കാവുന്നതാണ്.

൧൩. ഓരോ സംഘവും രണ്ടു പ്രതിനിധികളെ എങ്കിലും സമ്മേ
ളനത്തിനയയ്ക്കണം. പ്രതിനിധികൾ ഒരു സമസ്തതിരുവിതാംകൂർ സമ്മേ
ളനത്തിൽ ഭാഗഭാക്കാകുന്നതിന് യോഗ്യതയുള്ളവരായിരിക്കണം. അവ
രുടെ സാന്നിദ്ധ്യം മററുള്ള പ്രതിനിധികൾക്കും സമ്മേളനത്തിനും പ്രയോ
ജനകരമായിരിക്കണം ഓരോ സംഘത്തിനും അവരുടെ പ്രതിനിധിക്ക്
സമ്മേളനത്തിന്റെ ആലോചനകളിൽ കാര്യമായി സഹായിക്കുവാൻ
സാധിച്ചു എന്ന് അഭിമാനിക്കത്തക്കവിധത്തിൽ അത്ര യോഗ്യതയുള്ള
വരെ ആയിരിക്കണം പ്രതിനിധികളായി തെരഞ്ഞെടുക്കേണ്ടതു്. സംഘ
ങ്ങൾ അയയ്ക്കുന്ന പ്രമേയങ്ങളെപ്പററിയും സമ്മേളനത്തിൽ ആലോചന
ക്കു വരുന്ന വിഷയങ്ങളെപ്പററിയും കാര്യമായ അഭിപ്രായം പറയുന്ന
തിന് പ്രതിനിധികൾക്കു ശേഷിയുണ്ടായിരിക്കണം.

൧൪. ഇത്തവണത്തെ സമ്മേളനത്തോടു അനുബന്ധിച്ചു ഒരു
കാർഷിക വ്യവസായപ്രദർശനംകൂടി നടത്തണമെന്നു നിശ്ചയിച്ചി
ട്ടുണ്ട്. എല്ലാ കൊല്ലങ്ങളിലും മഹാരാജാവു തിരുമനസ്സിലെ ആട്ട
ത്തിരുനാളാഘോഷത്തോടുകൂടി തിരുവനന്തപുരത്തുവച്ച് നടത്തുന്ന
ശ്രീചിത്തിരാപ്രദർശനം ഈ വർഷത്തിൽ നാട്ടുവാലായ്മമൂലം നടത്താ
തിരുന്നതുകൊണ്ട് ഈക്കൊല്ലത്തിൽ തിരുവിതാംകൂറിൽ നടത്തുന്ന ആദ്യ
ത്തെ പ്രദർശനം എന്നുള്ള രീതിയിൽ ഈ പ്രദർശനത്തിന് പ്രാധാന്യം
സിദ്ധിക്കുന്നതാണ്. സമസ്തതിരുവിതാംകൂർ സഹകരണസമ്മേളനത്തോ
ടനുബന്ധിച്ച് പ്രദർശനങ്ങൾ നടത്തുന്നത് ഇദംപ്രഥമമായിട്ടല്ല.
കോട്ടയം, ചങ്ങനാശ്ശേരി, ചേർത്തല, കൊല്ലം, നെയ്യാററിങ്കര മുതലായ
സ്ഥലങ്ങളിൽ നടന്ന സമ്മേളനങ്ങളോടുകൂടി പ്രദർശനങ്ങളും നടത്ത
പ്പെട്ടു. ചില പ്രദർശനങ്ങൾകൊണ്ടു കാര്യമായ പ്രയോജനങ്ങൾ എന്തെ
ങ്കിലും ഉണ്ടായിട്ടുണ്ടോ എന്നുള്ളതു് സംശയമാണ്. അവയിൽ പ്രത്യ
ക്ഷപ്പെടുന്ന സാധനങ്ങൾ കാണികൾക്കു പ്രസ്താവ്യമായ പ്രചോദനം
നൽകുന്നതിനോ അവരെ ഭദ്രതരമായ ജീവിതത്തിലേക്ക് ഉയർത്തുന്നതിനു

അവ സഹായിക്കുമെന്ന ഒരു വിചാരമെങ്കിലും അവരിൽ ഉളവാക്കുന്നതിനോ പ്രേരകമായിത്തീർന്നിട്ടില്ലെന്നുള്ളതു വ്യസനകരമായ ഒരു പരമാർത്ഥമാണ്. കുടിൽവ്യവസായങ്ങളുടെ പോഷണത്തിൽ സഹകരണസംഘങ്ങൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന് കാണിച്ചുകൊണ്ട് ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ഈയിടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൨൩-ാം നമ്പർ സർക്കുലർ ഈ പ്രദർശനത്തിൽ ഉത്തേജകങ്ങളായ പ്രദർശനവസ്തുക്കളെ ആകർഷിക്കുന്നതിന് പ്രേരകമായിത്തീരുമെന്നു വിശ്വസിക്കുന്നു. തിരുവിതാംകൂറിലെ സമ്പത്സ്ഥിതിയുടെ പുഷ്ടി, വ്യക്തികളുടെ പരിശ്രമത്തിലും പരിശ്രമഫലങ്ങളുടെ ധനാകർഷണശക്തിയിലുമാണ് സ്ഥിതിചെയ്യുന്നതു്. ഈ ശക്തിയെ ഉത്തേജിപ്പിക്കുന്നതിന് ബലിഷ്ഠമായി വളർന്നുവരുന്ന കുടിൽവ്യവസായങ്ങൾക്കു മാത്രമേ സാധിക്കുകയുള്ളൂ. ഈ സമ്മേളനത്തോടനുബന്ധിച്ചു നടത്തുന്ന പ്രദർശനംമൂലം തിരുവിതാംകൂറിനു പുറത്തുനിന്നും വരുന്ന ചില വ്യാപാരികൾക്ക് അവരുടെ സാധനങ്ങൾ വിറ്റഴിക്കുന്നതിനു സന്ദർഭം നൽകുന്നതിനല്ല ഉദ്ദേശിച്ചിട്ടുള്ളതു്. നമ്മുടെ കലാകൗശലത്തെയും സമ്പ്രദായങ്ങളേയും അവയുടെ വ്യാപ്തിയും സാദ്ധ്യതകളും നമുക്കുതന്നെ മനസ്സിലാക്കുന്നതിനും നമ്മുടെ സാധനങ്ങൾക്ക് വിദേശങ്ങളിൽ വിപണികൾ സമ്പാദിക്കുന്നതിനും സഹായകമാകത്തക്ക രീതിയിൽ നടത്തണമെന്നാണുദ്ദേശിച്ചിട്ടുള്ളതു്. അതിനു യോഗ്യമായ സാധനങ്ങൾ പ്രദർശിപ്പിക്കുന്നതിൽ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

൧൫. കൃഷി, വ്യവസായം മുതലായവയുടെ അഭിവൃദ്ധിയിലേക്ക് നയിക്കുന്ന ആദ്യപാഠം ഉത്തമമായതു് തെരഞ്ഞെടുക്കുന്നതിനു പഠിക്കുന്നതിലാണ് സ്ഥിതിചെയ്യുന്നതു്. എല്ലാം തോലുമായി ജീവിക്കുന്ന രണ്ടു പശുക്കളെ വളർത്തുന്നതിനേക്കാൾ ഒരു നല്ല പശുവിനെ വളർത്തുന്നതാണ് നല്ലതെന്നും, നല്ല വിത്തുകൾ വിതയ്ക്കുന്നതിൻെറ ഗുണമെന്താണെന്നും, നല്ല ഉപകരണങ്ങൾ ഉപയോഗിക്കുന്നതുകൊണ്ട് കിട്ടുന്ന കൂടുതൽ ഫലം എന്തെന്നും മററും നമ്മുടെ കൃഷിക്കാർ പഠിച്ചുകഴിയുമ്പോൾ നാം ഗ്രാമോദ്ധാരണലക്ഷ്യത്തിലേക്ക് ഒട്ടധികം സമീപിച്ചുകഴിയും. നമ്മുടെ കൃഷിക്കാരെ ഇതെല്ലാം പഠിപ്പിക്കുന്നതിനു ഏററവും പററിയ മാർഗ്ഗം അവരെ ഇതെല്ലാം കാണിച്ചുകൊടുക്കുകയും ഇവയിൽ ഏററവും നല്ലതിനെല്ലാം സമ്മാനങ്ങൾ കൊടുക്കുകയുമാണ്. ഇതു സാധിക്കുന്ന പ്രദർശനങ്ങളാണ് നമുക്ക് ആവശ്യം. പതിവുപോലെ കൃഷി, വ്യവസായം, വനം, പൊതുജനാരോഗ്യം മുതലായ ഡിപ്പാർട്ടുമെൻറുകാരുടെ

സഹകരണവും ഉൽബോധജനകങ്ങളായ പ്രദർശനവസ്തുക്കളും ഉണ്ടായിരിക്കുമെന്ന് പ്രത്യാശിക്കുന്നു. എന്നാൽ ഇത്തവണ ഈ ഡിപ്പാർട്ടുമെൻറുകളോട് കഴിഞ്ഞ കൊല്ലങ്ങളിലെ പരിചയങ്ങളെ ആസ്പദമാക്കി കൂടുതൽ വേഗത്തിൽ സന്ദർശകർക്കു ഉത്തേജനം നൽകത്തക്ക വിധത്തിലുള്ള സംഗതികൾകൊണ്ടു പ്രദർശനത്തെ പ്രയോജനപ്രദമാക്കണമെന്ന് അപേക്ഷിക്കുന്നുണ്ട്. വിത്തുകൾ തെരഞ്ഞെടുക്കേണ്ട രീതി, നല്ലതരം ഉപകരണങ്ങൾ, പലമാതിരി വളങ്ങൾ, പുതിയതരം കൃഷികൾ എന്നിവ കൂടാതെ, കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള പുതിയതരം സമ്പ്രദായങ്ങളും സാദ്ധ്യമെങ്കിൽ ഒരു പരീക്ഷണരംഗവും കാണിക്കണമെന്ന കൃഷിഡിപ്പാർട്ടുമെൻറുകാരോട് അപേക്ഷിക്കുന്നുണ്ട്. മണ്ണൊലിച്ചു പോകൽ, തട്ടുതിരിച്ചുള്ള കൃഷി, പൊടിയിൽകൃഷി, വിത്തു തെരഞ്ഞെടുക്കൽ എന്നിങ്ങനെ കൃഷിപരിഷ്കരണത്തോടുസംബന്ധമായി നാം സധാരണയായി കേൾക്കുന്ന സാങ്കേതികപദങ്ങൾകൊണ്ട് വിവക്ഷിക്കുന്നതെന്താണെന്ന് പ്രായോഗികമായി സന്ദർശകരെ കാണിച്ചുകൊടുക്കുന്നതിന് കൃഷിഡിപ്പാർട്ടുമെൻറുകാരുടെ സഹായം അഭ്യർത്ഥിക്കണമെന്ന് വിചാരിച്ചിരിക്കയാണ്. അതുപോലെതന്നെ, പ്രദർശനത്തിന്റെ വ്യാവസായികഭാഗവും സജീവമായ ഒരു സത്തയെ പ്രതിനിധീകരിക്കത്തക്കവിധത്തിൽ പരിഷ്കരിക്കപ്പെടും. പ്രദർശനത്തിന്റെ പ്രാഥമികോദ്ദേശം തന്നെ നമ്മുടെ വ്യാവസായികസംരംഭങ്ങളേയും തൻമൂലം സംസ്ഥാനത്തിനുണ്ടായിട്ടുള്ള പുരോഗതിയേയും ഒററ നോട്ടത്തിൽ കാണിക്കുകയാണെന്നുള്ളത് ഈ വിഭാഗത്തിൽ ഭാഗഭാക്കാകുന്ന പ്രദർശകർ എല്ലായ്പോഴും അനുസ്മരിപ്പിച്ചുകൊണ്ടിരിക്കും. തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും പരിഷ്കൃതലോകത്തെ അത്ഭുതപ്പെടുത്തുമാറുള്ള കലാകൗശലത അറിയപ്പെടാതെയും അംഗീകരിക്കപ്പെടാതെയും കിടപ്പുണ്ട്. അവയെ എല്ലാം തട്ടിഉണർത്തി, പ്രദർശനത്തിൽകൂടി അവയ്ക്കു ഒരു വ്യവസായഭാവം കൊടുക്കുക എന്നതുംകൂടി ഈ പ്രദർശനത്തിന്റെ ഉദ്ദേശ്യങ്ങളിൽ ഒന്നാണ്. ഓരോ സഹകരണസംഘവും അവയുടെ പ്രവർത്തിമണ്ഡലത്തിനകത്തുള്ള കുടിൽവ്യവസായികളെ കണ്ടുപിടിച്ചു പ്രദർശിപ്പിക്കത്തക്കതായി എന്തെങ്കിലും സാധനം ആ മണ്ഡലത്തിനകത്തുണ്ടെങ്കിൽ അവ പ്രദർശനത്തിനു അയച്ചുകൊടുക്കേണ്ടതാണ്. സാമ്പത്തികമായും സാങ്കേതികമായും സുകുമാരകലാപരമായും പ്രാധാന്യമുള്ള വ്യവസായസാധനങ്ങളുടെ സഞ്ചയംകൊണ്ട് പ്രദർശനം പരിപൂർണ്ണമായിരിക്കണം. പുതിയതരം കുടിൽവ്യവസായങ്ങൾ നടത്തുന്നതിനുള്ള രീതി

കാണിച്ചുതരുന്നതിന് വ്യവസായഡിപ്പാർട്ടുമെൻറുകാരോട് അപേക്ഷിക്കുന്നുണ്ട്. ഇതുപോലെ മത്സ്യവ്യവസായത്തിൻെറ നാനാവശങ്ങളും ആയുർവേദൌഷധങ്ങളും നമ്മുടെ വനങ്ങളിൽനിന്നു കിട്ടുന്ന അമൂല്യമൂലികകളും അവ ശാസ്ത്രരീത്യാ പാകം ചെയ്താൽ ഉണ്ടാകാവുന്ന ഔഷധസമൂഹങ്ങളും പ്രദർശിപ്പിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നുണ്ട്.

൧൩. ആകപ്പാടെ പ്രദർശനം തിരുവിതാംകൂറിലെ അനവധി സാമ്പത്തികോല്പത്തിസ്ഥാനങ്ങളിൽ അഭൂതപൂർവ്വമായ ഒരുണർവുണ്ടാക്കുന്നതിനു പര്യാപ്തമാകുമെന്നു പ്രതീക്ഷിക്കപ്പെടുന്ന ഈ ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ടി സഹകാരികൾ കഴിവതെല്ലാം ചെയ്യേണ്ടതാണ്. പ്രദർശനത്തിൽ ഭാഗഭാക്കാകണമെന്ന് ആഗ്രഹമുള്ളവർ അവരുടെ സ്വന്തം ചെലവിൽതന്നെ വരികയും പോകുകയും ചെയ്യണം. സാധാരണ സാധനങ്ങളും പ്രകൃതിയുടെ വികൃതികളും പ്രദർശിപ്പിക്കുവാൻ അയയ്ക്കരുത്. സാമ്പത്തികപ്രാധാന്യവും ഉല്പാദനസാദ്ധ്യതയും ഇല്ലാത്ത പ്രദർശനവസ്തുക്കൾ കേവലം പ്രയോജനരഹിതങ്ങളാണ്. ഓരോ സ്ഥലത്തുനിന്നും പ്രദർശനത്തിനു കൊണ്ടുവരുന്ന സാധനങ്ങളുടെ പ്രദർശനോത്തരവാദിത്വം ആ സ്ഥലത്തിനടുത്തുള്ള സംഘങ്ങൾ ഏറ്റുകൊള്ളുന്നതു നന്നായിരിക്കും.

൧൪. പ്രദർശനത്തിൽ ഭാഗഭാക്കാകണമെന്നാഗ്രഹിക്കുന്നവർ ൧൧൨൦ കുംഭം ൧-ാംനു-ക്ക് മുമ്പു അവർ എന്താണ് പ്രദർശിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും അതിനു എന്തെല്ലാം സൌകര്യങ്ങളാണ് അവക്ക് ആവശ്യമെന്നും മററും ഉള്ള വിവരങ്ങൾ പ്രദർശനക്കമ്മിറ്റിയെ അറിയിക്കണം.

൧൫. ഈ പ്രദർശനത്തിന് അയയ്ക്കപ്പെടുന്ന വസ്തുക്കളിൽ പ്രാധാന്യമുള്ളവ അടുത്തുതന്നെ തിരുവനന്തപുരത്ത് ആരംഭിക്കണമെന്നുദ്ദേശിക്കുന്ന കുടിൽവ്യവസായങ്ങളുടെ കേന്ദ്രസംഘത്തിൽ പ്രദർശിപ്പിക്കുന്നതിനുവേണ്ടി ഏറെറടുത്തു എന്നുവരാം. അതുകൊണ്ട് കഴിയുന്നതും വ്യവസായപ്രാധാന്യമുള്ള സകലതും ഈ പ്രദർശനത്തിലേയ്ക്ക് അനുക്കുന്നതിനും അയപ്പിയ്ക്കുന്നതിനും സഹകാരികൾ ശ്രദ്ധിക്കണം.

൧൬. പ്രദർശനം കൂടാതെ, ഈ സമ്മേളനത്തിൻെറ വകയായി ഒരു സ്മാരകഗ്രന്ഥവുംകൂടി പ്രസിദ്ധപ്പെടുത്തണമെന്നുദ്ദേശിക്കുന്നുണ്ട്. അതിൽ സംസ്ഥാനത്തെ പ്രധാനപ്പെട്ട സംഘങ്ങളുടെ ഇതുപര്യന്തമുള്ള പ്രവർത്തനചരിത്രം ഉൾപ്പെടുത്തുന്നുണ്ട്. ഇതു കൂടാതെ പ്രസ്ഥാനത്തിൻെറ ചരിത്രവും പ്രസിദ്ധസഹകാരികളുടെ സന്ദേശങ്ങളും ലേഖനങ്ങളും

അതിൽ ഉൾപ്പെടുത്തും. കൂടാതെ സംഘങ്ങളുടേയും സഹകാരികളുടേയും ഒരു ഡയറക്ടറി ഇതിൽ ഉണ്ടായിരിക്കും. ഈ ഗ്രന്ഥത്തിൽ തങ്ങളുടെ സംഘത്തെപ്പററിയുള്ള വിവരങ്ങൾ പ്രസിദ്ധം ചെയ്യണമെന്നാഗ്രഹിക്കുന്നവർ, വിവരം ൧൧൨൦ മകരം ൧-ാംനു-ക്ക് സമ്മേളന പ്രവൎത്തകസമിതിയെ അറിയിക്കേണ്ടതാണ്.

൨൦. സമ്മേളനവും പ്രദർശനവും ഉൽഘാടനം ചെയ്യുന്നതിനും സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനും പ്രസംഗിക്കുന്നതിനും ആയി ഇതിനു മുമ്പൊരു സമ്മേളനങ്ങൾക്കും ലഭ്യമായിട്ടില്ലാത്ത പ്രശസ്ത വ്യക്തികളെ ക്ഷണിക്കുന്നതിനു പ്രവൎത്തകസമിതി നിശ്ചയിച്ചിട്ടുണ്ട്.

൨൧. വ്യക്തിയുടെ ആദായം വർദ്ധിപ്പിച്ച്, സമുദായത്തിന്റെ ജീവിതത്തോതുയൎത്തുന്നതിനുള്ള മാൎഗ്ഗങ്ങൾ ആരായുകയാണ് ഈ മാതിരി സമ്മേളനങ്ങളുടെ ഉദ്ദേശം. ഈ ഉദ്ദേശസാദ്ധ്യത്തിലേയ്ക്കു സമഗ്രവും സ്വീകാൎയ്യവുമായ ഒരു പദ്ധതി രൂപീകരിക്കുന്നതിനു സമ്മേളനത്തിനു സാദ്ധ്യമാകുമെന്ന് വിശ്വസിക്കുന്നു. സഹകരണാശയം വെളിപ്പെട്ടതിന്റെ ശതാബ്ദവും, തിരുവിതാംകൂറിലെ സഹകരണപ്രസ്ഥാനത്തിന്റെ മുപ്പതാമത്തു വാർഷികവും ധനസഹായത്തിൽനിന്നും ധനേതരശാഖയിലേയ്ക്കു പ്രസ്ഥാനം തിരിഞ്ഞ സന്ധിയുടെ ആഘോഷവും കൂടി ചേർന്ന ഈ സുപ്രധാനസമ്മേളനത്തെ ഏററവും വിജയകരമാക്കിത്തീൎക്കുന്നതിനു തിരുവിതാംകൂറിലെ ഓരോ സഹകാരിക്കുമുള്ള പ്രാഥമ്യമായ കൎത്തവ്യത്തെ അനുസ്മരിപ്പിച്ചുകൊണ്ട്, ഓരോരുത്തരും ഈ സമ്മേളനം അവരവരുടേതാണെന്നു വിചാരിച്ച് അതിന്റെ വിജയത്തിനുവേണ്ടി സർവ്വാത്മനാ പ്രവൎത്തിക്കണമെന്നു ഉൽബോധിപ്പിച്ചുകൊള്ളുന്നു.

സർക്കുലർ ൨൬൬.

പത്താമത്തു് സമസ്തതിരുവിതാംകൂർ സഹകരണസമ്മേളനത്തിന്റെ വർക്കിംഗ കമ്മിററി ൧൧൨൦ മീനം ൧൮-ാംനു- കൂടിയ യോഗത്തിൽ വച്ചു സമ്മേളനം ൧൧൨൧ ചിങ്ങമാസത്തിലേക്കു മാററിവച്ചിരിക്കുന്നതായി ഒരു പ്രമേയം പാസ്സാക്കിയിരിക്കുന്നു. പ്രമേയം താഴെ ചേൎത്തിരിക്കുന്നു.

അടുത്ത മേടമാസം ആദ്യവാരത്തിൽ ഇവിടെവച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന സമസ്തതിരുവിതാംകൂർ സഹകരണകാൺഫറൻസു്

ഇപ്പോഴത്തെ ഉഷ്ണാധിക്യവും, ജലദൗർലഭ്യവും, ടൗണിന്റെ ചില ഭാഗങ്ങളിൽ പിടിപെട്ടിരിക്കുന്ന മസൂരിരോഗവുംമൂലം അടുത്ത ചിങ്ങമാസത്തിലേക്കു മാററിവയ്ക്കേണ്ടതാണെന്നു തീരുമാനിക്കുന്നു.

എന്നാൽ കാൺഫറൻസും, പ്രദർശനവും സംബന്ധിച്ച ജോലികൾ തുടർന്നു നടത്തിക്കൊണ്ടിരിക്കേണ്ടതാകുന്നു.

ഈ പ്രമേയത്തിലെ താൽപര്യമനുസരിച്ച് കാൺഫറൻസ് മാറ്റി വയ്ക്കുന്നതിനു അനുവാദം നൽകിയിരിക്കുന്നു. ഇനി കാൺഫറൻസ് നടത്താമെന്നുദ്ദേശിക്കുന്ന നിശ്ചിതതീയതി പുറകെ അറിയിക്കുന്നതാണ്. കാൺഫറൻസ് മാററിവച്ചതുകൊണ്ട് കാൺഫറൻസും അതോടനുബന്ധിച്ച് നടത്തുവാനുദ്ദേശിച്ചിട്ടുള്ള പ്രദർശനവും സംബന്ധിച്ചുള്ള ഒരുക്കങ്ങൾ ഒട്ടും മന്ദീഭവിച്ചു പോകരുതെന്ന് സഹകരണസംഘങ്ങളേയും സഹകാരികളേയും അറിയിച്ചുകൊള്ളുന്നു.

ഇപ്പോൾ അവിചാരിതമായി കിട്ടിയിട്ടുള്ള ഈ കൂടുതൽ സമയം കാൺഫറൻസും, പ്രദർശനവും കൂടുതൽ വിജയകരമാക്കിത്തീർക്കുന്നതിന് വേണ്ട പ്രയത്നങ്ങൾ ചെയ്യുന്നതിനു ഉപയോഗിക്കേണ്ടതാണ്.

കാൺഫറൻസ് മാററിവച്ചിരിക്കുന്ന വിവരം ഇവിടെനിന്നും ഗവണ്മെന്റിനേയും, ഡിപ്പാർട്ടുമെന്റദ്ധ്യക്ഷന്മാരേയും അറിയിക്കുന്നുണ്ട്.

സർക്കുലർ ൨൬ൻ.

പ്രവർത്തനം ആരംഭിച്ചിട്ട് ഇരുപത്തിഅഞ്ചു വർഷങ്ങൾ തികയുന്ന സംഘങ്ങളിൽ ചിലവ അവയുടെ രജതജൂബിലി ആഘോഷിക്കുന്നതായി കാണുന്നു. ഇതു പ്രസ്ഥാനത്തെ സംബന്ധിച്ച വിശ്വാസം വർദ്ധിപ്പിക്കുന്നതിനും സഹകരണതത്വങ്ങൾക്കു പ്രചാരം വരുത്തുന്നതിനും വളരെ പ്രയോജകീഭവിക്കുന്നതായതുകൊണ്ടു എല്ലാ സംഘങ്ങളും ഇങ്ങനെ ആഘോഷിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ഓരോ വർഷത്തിലും രജതജൂബിലി ആഘോഷിക്കേണ്ട സംഘങ്ങളുടെ ലിസ്ററ് ആണ്ടാരംഭത്തിൽ അതാതു ഐക്യസംഘങ്ങൾ തയ്യാറാക്കുകയും വിവരം അതാതു സംഘങ്ങളെ നേരത്തേ അറിയിക്കുകയും ചെയ്യേണ്ടതാകുന്നു. ജൂബിലി ആഘോഷങ്ങൾക്കു ഐകരൂപ്യം ഉണ്ടായിരിക്കേണ്ടതും അതിലെ പ്രധാനാംശം പ്രചരണപരമായിരിക്കേണ്ടതുമാണു. കൂടുതൽ അംഗങ്ങളെ

ചേക്കുന്നതിനും മൂലധനം വർദ്ധിപ്പിക്കുന്നതിനും ശാശ്വതമായ പ്രയോജനം സിദ്ധിക്കുന്ന ഏതെങ്കിലും പുതിയ പ്രസ്ഥാനം ആരംഭിക്കുന്നതിനും ഉള്ള ഒരു സന്ദർഭമായിക്കൂടി ജൂബിലിദിനങ്ങളെ കരുതേണ്ടതാണു.

൨൦. സർവ്വരാജ്യസഹകരണദിനം.

സൎക്കുലർ ൧൨൮ (എ.).

തിരുവിതാംകൂർ പരസ്പരസഹായ ഇൻസ്റ്റിട്ട്യൂട്ടിൽനിന്നും ഇവിടെ അയച്ചുതന്നിട്ടുള്ള ഒരു സൎക്കുലർ ലറ്റർ എല്ലാ സംഘങ്ങളുടേയും അറിവിനായി അടിയിൽ ചേർത്തിരിക്കുന്നു. ലോകത്തുള്ള മററു സഹകരണസ്ഥാപനങ്ങളോട് യോജിച്ച് തിരുവിതാംകൂറിലുള്ള പരസ്പരസഹായസംഘങ്ങളും സർവ്വരാജ്യസഹകരണദിനം ആഘോഷിക്കേണ്ടതാണെന്നുള്ളതിൽ ആൎക്കും രണ്ടു പക്ഷമുണ്ടാകാൻ ഇടയില്ല. ഈ ദിനം ജൂലായി ആദ്യത്തെ ശനിയാഴ്ച, അതായത് മിഥുനം ൨൮-ാനു-, ആണ് വരുന്നത്. എല്ലാ ഐക്യസംഘങ്ങളും ഇൻസ്പെക്ടറന്മാരും അവരുടെ അതിൎത്തിയിൽ ഉള്ള സംഘങ്ങളെ ഏതെങ്കിലും ഒരു വിധത്തിൽ ഈ ദിനം ആഘോഷിക്കുന്നതിന് പ്രോത്സാഹിപ്പിക്കുമെന്ന് വിശ്വസിക്കുന്നു. സൌകൎയ്യമുള്ള സ്ഥലങ്ങളിൽ അടുത്തടുത്തുള്ള ഒന്നിലധികം സംഘങ്ങൾ ഒരുമിച്ച് യോഗങ്ങൾ കൂടുന്നതിന് ഏൎപ്പാട് ചെയ്യുന്നത് നന്നായിരിക്കും. ഈ ആഘോഷത്തിന്റെ ഉദ്ദേശ്യം സഹകരണപ്രസ്ഥാനത്തിന്റെ ആദൎശത്തെ വിപുലമാക്കുന്നതിനും സഹകാരികളുടെ ഇടയിൽ പൊതുവേ സാഹോദൎയ്യത്തെ ജനിപ്പിക്കുന്നതിനും ആകുന്നു.

സൎക്കുലർ ൧൩൩.

"സർവ്വരാജ്യസഹകരണദിനവും" അതുസംബന്ധിച്ച ആഘോഷവും.

മുൻകൊല്ലങ്ങളിൽ ജൂലൈമാസം ആദ്യത്തെ ശനിയാഴ്ച ആഘോഷിക്കപ്പെടാറുണ്ടായിരുന്ന "സ ർ വ്വ രാ ജ്യ സ ഹ ക ര ണ ദി നം" മേലാൽ നവംബർമാസം ആദ്യത്തെ ശനിയാഴ്ച ആഘോഷിക്കുന്നതു ആശാസ്യമാണെന്നുള്ള ബാംബേ "സമസ്തേന്ത്യാസഹകരണസംഘാതസമാജ"ത്തിന്റെ തീരുമാനത്തോടു ഇവിടത്തെ സമസ്തതിരുവിതാംകൂർ പരസ്പര

സഹായ ഇൻസ്റ്റിറ്റ്യൂട്ടും അനുകരിക്കുന്നു. ഇൻഡ്യയിലെ സ്ഥിതിഗതികൾക്ക് അനുയോജ്യമായവിധം ഇത്തരം മാറ്റംവരുത്തീട്ടുള്ളതും, ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ദിവസം ഇൻഡ്യാ ഒട്ടുക്ക് ടി ദിനാഘോഷത്തിനായി സ്വീകരിച്ചിട്ടുള്ളതും, തദ്വാരാ നമ്മുടെ സംസ്ഥാനത്തും ആ ദിവസം തന്നെ പ്രസ്തുതദിനം ആഘോഷിക്കുവാൻ നിശ്ചയിച്ചിട്ടുള്ളതും ആകുന്നു.

ഇക്കൊല്ലം നവംബർമാസം ൰-ാംനു-ക്ക് തുല്യമായ ൧൧൦൩ തുലാം ൨൬-ാംനു- ശനിയാഴ്ചയാണ് ഈ ദിനം ആഘോഷിക്കപ്പെടേണ്ടത്. ഇക്കാര്യത്തിലേക്ക് പൊതുവിൽ എല്ലാ സംഘങ്ങളുടേയും, പ്രത്യേകിച്ച് എല്ലാ ഐക്യസംഘങ്ങളുടേയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. സെൻട്രൽബാങ്ക്, സ്റ്റോർസംഘങ്ങൾ, താലൂക്കബാങ്കുകൾ തുടങ്ങിയുള്ള പ്രസ്ഥാനത്തിലെ പ്രധാനസ്ഥാപനങ്ങൾ അതതിന്റെ പ്രവർത്തനപരിധികളിൽ ഈ ദിനാഘോഷം വിജയകരമാകാൻ വേണ്ട വണ്ണം മുന്നിട്ടുനിന്ന് പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു. സമസ്തേൻഡ്യാ സഹകരണസംഘാതസമാജത്തിന്റെ കത്തിലെ ഒരു ഭാഗം ചുവടേചേർക്കുന്നതിൽനിന്നും ഈ ആഘോഷത്തിന്റെ സ്വഭാവവും രീതിയും സാർവ്വത്രികമായി കൈക്കൊണ്ടനുഷ്ഠിക്കേണ്ടതെങ്ങിനെയെന്ന് വെളിവാകുന്നതാണ്. അതു ചുവടെ ചേർത്തിരിക്കുന്നു. മിതവ്യയസർട്ടിഫിക്കറ്റുകൾ വിൽക്കുന്നത് ഇക്കൊല്ലത്തെ ഒരു പ്രധാന ചടങ്ങായി സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഇതു ഈ സംസ്ഥാനത്തുള്ള ഏതെങ്കിലും ഒരു പരസ്പരസഹായസ്ഥാപനത്തിൽനിന്നുമായിരിക്കുന്നതാണ്. സെൻട്രൽബാങ്ക ഇക്കാര്യത്തെപ്പററി ഗാഢമായി ചിന്തിക്കുന്നു എന്നറിയുന്നു. പ്രാദേശികസംഘങ്ങളും ഐക്യസംഘങ്ങളും മുൻകൂട്ടിതന്നെ ആ സ്ഥാപനവുമായി എഴുത്തുകുത്തു നടത്തി അതതിന്റെ ആവശ്യങ്ങളെ നിവർത്തിപ്പിക്കേണ്ടതാണ്.

സമസ്തേൻഡ്യാസഹകരണസംഘാതസമാജത്തിന്റെ

൧൯൨൮ ഏപ്രിൽ ൨൬-ലെ കത്തിലെ

ഒരു ഭാഗം.

"പ്രസ്തുതദിനം ആഘോഷിക്കേണ്ട വിധത്തെപ്പററി സാർവത്രികമായ ഒരു രീതി നിർദ്ദേശിക്കാവുന്നതല്ല എന്നിരുന്നാലും, ചുവടേചേർക്കുന്ന ചില ചടങ്ങുകൾ ഫലപ്രദവും അനുയോജ്യവുമാണെന്ന് സമ്മതിക്കാവുന്നതാണ.

(൧) സഹകരണോദ്ദേശകങ്ങളായ ഐതിഹ്യങ്ങളാൽ അങ്കിതമായ കൊടികൾ വഹിച്ചുകൊണ്ടുള്ള ഘോഷയാത്രകൾ.

(൨) പ്രസംഗങ്ങളും ഉപന്യാസങ്ങളും.

(൩) സഹകാരികളുടെ കുട്ടികളുടെ കായികവിനോദങ്ങൾ.

(൪) പ്രത്യേകരീതിയിലുള്ള സഹകരണപ്രവൎത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലേക്ക് നാടകങ്ങൾ, പാട്ടുകച്ചേരികൾ മററുതരം വിനോദങ്ങൾ.

(൫) സൌഹാർദ്ദസമ്മേളനങ്ങളും വിനോദയാത്രകളും.

(൬) സഹകരണമിതവ്യയ സർട്ടിഫിക്കററുകളുടെ വില്പനയ്ക്കു വേണ്ടി വാളണ്ടിയർമാരെ നിയോഗിക്കുക.

ഇക്കൊല്ലത്തെ ഇൻഡ്യയിലെ പ്രസ്തുത സഹകരണദിനാഘോഷത്തിൽ മിതവ്യയസർട്ടിഫിക്കററുകളുടെ വില്പനയ്ക്കാണ് പ്രാഥമ്യവും പ്രാധാന്യവും നൽകേണ്ടതെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു. മിതവ്യയ പരിശീലനപ്രചരണം എല്ലാ ഉൾനാടുകളിലും പട്ടണങ്ങളിലും മിതവ്യയ സർട്ടിഫിക്കററുകളുടെ വില്പനയാൽ നിർവഹിക്കപ്പെടേണ്ടതാണ്. ഇതിന്നു എല്ലാ സഹകരണപ്രവിശ്യാസംഘാതങ്ങളും, വാളണ്ടിയറന്മാരെ ഏർപ്പെടുത്തി അവരിൽനിന്നും ഗ്രാമീണസഹകരണസ്ക്വൌട്ടുസമിതികൾ രൂപവൽക്കരിച്ചു പ്രവൎത്തിക്കുന്നതു് ആശാസ്യമായിരിക്കും. ഇത്തരം സ്ക്വൌട്ടുസമിതികൾ ഉൾനാടുകളിൽ സഹകരണവിദ്യാഭ്യാസപ്രചരണത്തിനും പ്രയോജനപ്പെടുന്നതാണ്.

൫൧. രൂപീകരണം—അഭിവൃദ്ധിമാർഗ്ഗനിർദ്ദേശം.

സർക്കുലർ ൪൪.

പരസ്പരസഹായസംഘങ്ങളെ നല്ല നിലയിൽ കൊണ്ടുവരുന്നതിനു അനുഷ്ഠിക്കേണ്ട മാർഗ്ഗങ്ങൾക്കു ചില സൂചനകൾ:—

൧. ൧൦൯൫ ധനു ൨൯-ാംനു-ക്കുള്ള ൧൯൨൦ ജനുവരി ൧൩-ാംനു- പ്രസിദ്ധപ്പെടുത്തിയ ഗവൺമെൻറു ഗസററിൻെറ ൧-ം ൨-ം വശങ്ങളിലും തിരുവിതാംകൂർ കൃഷിവ്യവസായ മാസികയുടെ ൧-ാം

വാല്യം ൩-ം ൪-ം ലക്കത്തിന്റെ ൧൦-ാം ൭-ാംവശത്തും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പരസ്പരസഹായത്തിന്റെ പത്തു തത്വങ്ങൾ ഓരോ മെംബരും നല്ലവണ്ണം വായിച്ചു ഹൃദിസ്ഥമാക്കണം.

൫. മാസത്തിൽ കുറഞ്ഞ പക്ഷം രണ്ടു പ്രാവശ്യം വീതം കമ്മിററിയോഗങ്ങൾ കൂടി താഴെപ്പറയുന്ന കാര്യങ്ങളെ കുറിച്ചു വേണ്ട വിധം പ്രവൎത്തിക്കണം.

(എ) സെക്രട്ടറിയുടെ മേൽ ശരിയായ ഒരു നോട്ടം ഉണ്ടായിരിക്കണം.

(ബി) (i) മെംബറന്മാരായി ചേരുന്നതിനും,
(ii) കടംവായ്പയ്ക്കുള്ള അപേക്ഷകളെ സംബന്ധിച്ചും നിഷ്കർഷയായി ഉടനടൻ ആലോചിച്ചു തീർച്ചപെയ്ക.

(സി) ൩൭-ാം നമ്പർ സർക്കുലറിലെ വ്യവസ്ഥ അനുസരിച്ചു കരുതലോടുകൂടി കടം അനുവദിക്കുന്നതിനേയും അതു കണിശത്തിനു തിരിയെ ഈടാക്കുന്നതിനേയും സംബന്ധിച്ചു നിഷ്കർഷയായി പ്രവൎത്തിക്കുക.

(ഡി) പരസ്പരസഹായസംഘം രജിസ്ത്രാർ ആഫീസിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർകളും, രജിസ്ത്രാരുടെ ഉത്തരവനുസരിച്ചു സംഘത്തിൽ സൂക്ഷിക്കേണ്ട കണക്കു പുസ്തകങ്ങൾ മുതലായവയും ശരിയായി വച്ചിരിക്കുന്നോ എന്നു നോക്കുക. വരവുചെലവുകളിൽ ചില ഭാഗമെങ്കിലും ചെല്ലാൻ വൌച്ചർ മുതലായവയുമായി ഒത്തുനോക്കി തിട്ടപ്പെടുത്തുക.

(ഇ) വരവുചെലവു, ലാഭനഷ്ടം മുതലായവയുടെ പൂർണ്ണ വിവരം അടങ്ങിയ ബാലൻസ് ഷീററു കൢപ്തസമയങ്ങളിൽ ശരിയായി തയാറാക്കുക.

(എഫ്) കുറഞ്ഞപക്ഷം മാസത്തിലൊരിക്കൽ സംഘത്തിലെ നീക്കിയിരിപ്പു തിട്ടപ്പെടുത്തി ആ വിവരം രേഖപ്പെടുത്തുക.

(ജി) ൫൫-ം ൫൩-ം നമ്പർ സർക്കുലർകൾ അനുസരിച്ചു സംഘംവക പണച്ചുമതലക്കാരന്റെ കൈയ്‌വശം വച്ചുകൊണ്ടിരിക്കാവുന്നതിൽ കൂടുതൽ വരുന്ന സംഖ്യകൾ യഥാകാലം അഞ്ചൽസേവിംഗ്സ് ബാങ്കിലോ രജിസ്ത്രാരാൽ അനുവദിക്കപ്പെട്ടിട്ടുള്ള മററു സ്ഥാപനങ്ങളിലോ നിക്ഷേപിക്കുന്നുണ്ടോ എന്നു നോക്കുക.

(എച്ച്) രജിസ്ത്രാർ ആഫീസിലേക്കും സെൻറ്റൽബാങ്കിലേക്കും അയക്കുന്ന വായ്പാപേക്ഷകളോടുകൂടി അംഗങ്ങളുടെ വസ്തുവിവരപ്പട്ടികകളും സംഘത്തിൻെറ മുതലും കടവും കാണിക്കുന്ന പട്ടികകളും ശരിയായി തയാറാക്കി അയക്കുന്നതിനായും,

(ഐ) സംഘനിബന്ധനകളിൽ വല്ല ഭേദഗതികളും ചെയ്യേണ്ട ആവശ്യമുണ്ടോ എന്നു സൂക്ഷ്മതയോടുകൂടി പര്യാലോചിക്കുന്നതിനും, അങ്ങനെ തോന്നുന്ന പക്ഷം ആവശ്യമുള്ള ഭേദഗതികൾ തയാറാക്കി പൊതുയോഗസമക്ഷം സമർപ്പിക്കുന്നതിനായും,

(ജെ) സംഘത്തിൻെറ ജോലി നടത്തിപ്പിലും അതിൻെറ മേൽഗതിക്കു വേണ്ടിയും സെക്രിട്ടറിക്കു സാരമായും ന്യായമായും ഉള്ള സഹായങ്ങൾ ചെയ്തുകൊടുക്കുക.

(കെ) സംഘാംഗങ്ങളോടു പരസ്പരസഹായ തത്വങ്ങളെ കൂടക്കൂടെ ഉപദേശിച്ചു അവരെ മിതവ്യയശീലം പരിശീലിപ്പിച്ചു ക്രമേണ അഭിവൃദ്ധിയിൽ കൊണ്ടു വരുന്നതിനായും;

(എൽ) സംഘത്തിലേക്ക് പല ഇനങ്ങളിലായി വരവുണ്ടാക്കിയും, അനാവശ്യമായ ചിലവുകൾ തീരെ കുറച്ചും, കഴിയുന്നതു സംഘത്തിൻെറ കോശസ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ട വിധം പ്രവൎത്തിക്കുക;

(എം) സംഘാംഗങ്ങളെക്കൊണ്ടും, ഓഹരി മുതൽകൊണ്ടും, സംഘത്തെ വേണ്ട വിധം പുഷ്ടിപ്പെടുത്തുന്നതിനായും;

(എൻ) സംഘാംഗങ്ങളിൽ ഓരോരുത്തരും സംഘം വക മുതലിനേയും കടത്തിനേയും അവരവരുടെ സ്വന്തം ബാങ്കിനെപ്പോലെ വിചാരിച്ചു ആ ബാങ്കിനെ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനു ഏതു വിധം കരുതുമോ അപ്രകാരം തന്നെ കരുതി പ്രവൎത്തിക്കുന്നതിനു വേണ്ട ഉപദേശങ്ങൾ കൊടുക്കുകയും വേണം.

(ഡ) അപ്രകാരം തന്നെ മാസത്തിൽ ചുരുങ്ങിയപക്ഷം ഒരു പ്രാവശ്യം വീതം പൊതുയോഗം കൂടി ചുവടെ വിവരിക്കുന്ന സംഗതികളെ സംബന്ധിച്ചു വേണ്ട വിധം പ്രവൎത്തിക്കണം;

(എ) മേൽ പറഞ്ഞ ഓരോ സംഗതിയിലും കമ്മിറ്റിക്കാർ എടുക്കുന്ന നടപടികളെ പരിശോധിക്കുന്നതിനും ആ പരിശോധനയുടെ ഫലമായി കമ്മിററിക്കാരുടെ പ്രവൃത്തിയിൽ വല്ല പിശകും കാണുന്നതായാൽ അവരെ വേണ്ടവിധം ഉപദേശിക്കുകയും;

(ബി) സംഘത്തിൽനിന്നും കടം വാങ്ങിയിട്ടുള്ള വല്ല കമ്മിററി മെംബറന്മാരും വായ്പ ഉടമ്പടിയിലെ കരാർ അനുസരിച്ചു കണിശമായി പണം അടയ്ക്കാതിരിക്കുന്നുണ്ടോ എന്നു അന്വേഷിക്കുകയും;

(സി) കമ്മിററിക്കാരുടെ ജോലിയെ സംബന്ധിച്ചു റിക്കാർഡ് പരിശോധനയിൽ കാണപ്പെട്ട പ്രകാരം അവക്കുള്ള വാസ്തവാഭിപ്രായത്തെ വെളിവായി പറകയും;

(ഡി) വല്ല കമ്മിററിയോഗത്തിലും മനഃപൂർവ്വം ഹാജരാകാതെയിരുന്നിട്ടുണ്ടോ എന്നു അന്വേഷിക്കുന്നതിനും, ഉണ്ടെങ്കിൽ മേലാൽ അപ്രകാരം വരാതെയിരിക്കാൻ വേണ്ട നടപടികൾ എടുക്കുകയും വേണം.

സക്ക്യുലർ ൯൯.

പരസ്പരസഹായസംഘങ്ങൾ രജിസ്റ്ററാക്കുന്നതിനുള്ള അപേക്ഷകളുടെ വിചിന്തനത്തിൽ അപേക്ഷകന്മാരും അവയെ ശുപാർശ ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും സഹകരണപ്രസ്ഥാനത്തിൻെറ സിദ്ധാന്തങ്ങളേയും ആദർശങ്ങളേയും വിസ്മരിച്ചുവരുന്നതായി ധാരാളം കാണുന്നു. നിർഭാഗ്യവശാൽ സാമുദായികമോ വർഗ്ഗീയമോ ആയിട്ടുള്ള സംഘങ്ങൾക്കു ഒരു പ്രത്യേക പ്രതിപത്തി ചില സ്ഥലങ്ങളിൽ കണ്ടുവരുന്നു. ഈ പ്രതിപത്തി ഡിപ്പാർട്ടുമെൻറിൽനിന്നും നിരന്തരമായി പ്രതിക്ഷേപിക്കുന്നുവെങ്കിലും അതിനെ തീരെ തള്ളിക്കളയുന്നില്ല. പരസ്പരസഹായതത്വങ്ങളെ പ്രചരിപ്പിക്കുന്നതിനു വർഗ്ഗീയസംഘങ്ങളെ പാടെ ഉപേക്ഷിക്കുന്നതായാൽ പ്രസ്ഥാനത്തിൻെറ പ്രചാരത്തിനു തടസ്സമായി തീരുന്നതു കൂടാതെ ഭാവിയിൽ ശ്രേയസ്കരവും പ്രശസ്തവുമായി വരുന്നതും വരാവുന്നതുമായ സ്ഥാപനങ്ങൾക്കു അവസരം കിട്ടാതെ പോകുന്നതുമാകുന്നു. വിശാലമായ ആദർശത്തെ അടിസ്ഥാനപ്പെടുത്തി നോക്കുന്ന പക്ഷം, ഐക്യസംഘങ്ങളും, ആണററി ആർഗനൈസറന്മാരും, ഇൻസ്പെക്ടറന്മാർ തന്നെയും സംഘത്തിനുള്ള അപേക്ഷകൾ ശുപാർശ ചെയ്യുന്നതിൽ വേണ്ടിടത്തോളം ശ്രദ്ധ എടുക്കുന്നില്ലെന്നു കാണുന്നതു നിരാശാജനകമായിരിക്കുന്നു.

സംഘങ്ങൾ രജിസ്റ്ററാക്കി കിട്ടണമെന്നു അപേക്ഷകൾ കിട്ടുമ്പോൾ അനുകരിക്കേണ്ട നടപടികളെപ്പററി മദ്രാസ് കോവാപ്പറേററീവു മാനുവലിൽ സ്പഷ്ടമായി വിവരിച്ചിട്ടുണ്ടു. ഈ പുസ്തകത്തിൻെറ ൧൧-ം, ൧൦൭ മുതൽ ൧൧൭-ംവരെയുള്ള വശങ്ങൾ ഓരോ ആർഗ

നൈസരും ശ്രദ്ധാപൂർവ്വം വായിച്ചു മനസ്സിലാക്കുന്നതിനുപുറമേ ഓരോ പുതിയ അപേക്ഷയും അന്വേഷിക്കുമ്പോൾ വീണ്ടും വായിച്ചുനോക്കേണ്ടതാണ്. ൧൧൦൦ വൃശ്ചികത്തിൽ കൂടിയ ഇൻസ്പെക്ടറന്മാരുടെ സമ്മേളനത്തിൽ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ അംഗീകരിക്കേണ്ട തത്വവും രീതിയും വേണ്ടപോലെ വാദപ്രതിവാദം ചെയ്തിട്ടുണ്ടായിരുന്നു. സംഘങ്ങൾ ഒന്നും സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ വർഗ്ഗീയസംഘങ്ങൾ അനുവദിക്കരുതെന്നു തീരുമാനിച്ചിട്ടുണ്ടായിരുന്നു. ഈ സിദ്ധാന്തം സ്വീകരിക്കേണ്ടതു് ഒരു സംഘത്തിനു കൊടുക്കുന്ന പേരിൽ മാത്രമല്ല, ഫലപ്രദമായ വിധത്തിൽ ഈ തത്വത്തെ നടപ്പിൽ കൊണ്ടുവരുന്നതിലേക്ക് അപേക്ഷകളിൽ എല്ലാ വർഗ്ഗത്തിലും ഉള്ള അംഗങ്ങളേയും പ്രാരംഭത്തിൽതന്നെ ഉൾപ്പെടുത്തേണ്ടതാണ്. വർഗ്ഗീയ സ്പർദ്ധ എവിടെ എങ്കിലും ഉണ്ടായിരുന്നാൽ അതു ശരിയായി മനസ്സിലാക്കി പരിഹരിക്കേണ്ടതും, അതിലേക്കായി കഴിയുന്നതു പരസ്യമായി ഒരു പൊതുയോഗം സ്ഥലത്തു വിളിച്ചു കൂട്ടേണ്ടതുമാണ്. ഗ്രാമസംഘങ്ങളുടെ പ്രവൃത്തിസ്ഥലം കഴിയുന്നതു ചുരുക്കാനായി നിർബന്ധിക്കുന്നതു വർഗ്ഗീയമല്ലാത്ത സംഘങ്ങളുടെ രൂപീകരണത്തിന് അനുകൂലമായിരിക്കുന്നതാണ്. സാധാരണജനങ്ങളെ യഥാർത്ഥതത്വങ്ങൾ പറഞ്ഞു ബോദ്ധ്യപ്പെടുത്തുന്ന കാര്യത്തിൽ അതാതു സ്ഥലത്തുള്ള പൌരപ്രധാനികളുടെ സഹായസഹകരണങ്ങൾ ഉപയോഗപ്രദമായിരിക്കുന്നതാണ്. അടുത്തുള്ള സ്ഥലങ്ങളിൽ വർഗ്ഗീയസംഘങ്ങൾ ഉള്ളവയെ സന്ദർശിച്ചു പൊതുസ്ഥാപനങ്ങളുടെ ഗുണത്തെ പറഞ്ഞു ബോദ്ധ്യപ്പെടുത്തി കരകൾ, ദേശങ്ങൾ ചേരികൾ എന്നിവ അനുസരിച്ച് അവയെ പൊതുസംഘങ്ങളായി ഭേദപ്പെടുത്താൻ ഇൻസ്പെക്ടറന്മാരും ഐക്യസംഘങ്ങളും ശ്രമിക്കണമെന്നും കാൺഫറൻസിൽ അംഗീകരിച്ചു ഒരു ഉപായമായിരുന്നു.

ശ്രദ്ധാപൂർവമായ രൂപീകരണത്തേയും പ്രാരംഭവർഷത്തിലെ സശ്രദ്ധമായ പരിശോധനയേയും ആശ്രയിച്ചിരിക്കുന്ന ഗ്രാമസംഘങ്ങളുടെ വിജയം. ജോലിനടത്തിപ്പിന്റെ ശ്ലാഘ്യതയ്ക്കുവേണ്ടിയോ ഏതെങ്കിലും ഒരു അപേക്ഷ അനുവദിപ്പിക്കുന്നതിലുള്ള താല്പര്യംകൊണ്ടോ, അല്ലെങ്കിൽ മററുവല്ല കാരണത്താലോ പരസ്പരസഹായസിദ്ധാന്തങ്ങളെ വിസ്മരിക്കാൻ പാടില്ലാത്തതാകുന്നു. ഐക്യസംഘങ്ങൾ ഇൻസ്പെക്ടറന്മാർ, ആണററി ആർഗനൈസറന്മാർ, മുതലായവർ മേലാൽ കൂടുതൽ കാര്യക്ഷമമായ വിധത്തിൽ സംഘം അപേക്ഷകൾ ഗൌനിച്ചു ശുപാർശ ചെയ്യുമെന്നു വിശ്വസിക്കുന്നു. മദ്രാസ് മാനുവലിന്റെ

൧൧൦-ാമത്തു പുറത്തു കാണുന്ന മാതൃകാഫാറത്തിൽ ഒരു ആർഗനൈസേഷൻ റിപ്പോർട്ടുകൂടി അപേക്ഷകൾ സഹിതം അയക്കേണ്ടതാണ്. പ്രത്യേകമായി ഗൌനിക്കേണ്ട സംഗതികളെ ഈ ഫാറം സൂചിപ്പിക്കുന്നു.

സർക്കുലർ ൨൩൩.

അനേകം സഹകരണധനസഹായസംഘങ്ങളുടെ പൊതുവേയുള്ള പ്രവൎത്തനം നാൾക്കുനാൾ അധഃപതിച്ചു വരുന്നതായി കാണുന്നു. 'ഡി' ക്ലാസ്സിലുള്ള സംഘങ്ങൾ തീരെ പ്രവൎത്തനശൂന്യമായ സ്ഥാപനങ്ങളാണെന്നുള്ള വസ്തുത മറച്ചുവയ്ക്കാൻ സാദ്ധ്യമല്ല. ഇപ്രകാരമുള്ള പ്രവൎത്തനശൂന്യമായ സംഘങ്ങളെ തുടർന്നുകൊണ്ടുപോകുന്നതിനനുവദിക്കുന്നതു പ്രസ്ഥാനത്തിനു തന്നെ ഹാനികരമാണെന്നു ബോദ്ധ്യം വന്നിരിക്കുന്നു. സഹകരണപ്രസ്ഥാനം കഴിഞ്ഞ ഏകദേശം കാൽശതാബ്ദക്കാലമായി ഇവിടെ പ്രവൎത്തിക്കുന്നുണ്ടെങ്കിലും ഇതുപൎയ്യന്തം അതിന്റെ യഥാർത്ഥഗുണങ്ങൾ ഗ്രാമീണർക്കു വേണ്ടുവോളം അനുഭവിക്കുവാൻ കഴിഞ്ഞിട്ടില്ല. അതിനാൽ ഇന്നത്തെ സ്ഥിതിഗതികൾക്കു ഒരു സമൂലപരിവൎത്തനം അത്യാവശ്യമായിരിക്കുന്നു.

മേലാൽ "ഡി" ക്ലാസ്സിൽ തുടർച്ചയായി മൂന്നുവൎഷം ഇരുന്നിട്ടുള്ള സംഘങ്ങളെ അതേപടി നിർജ്ജീവമായ സ്ഥിതിയിൽ തുടരുവാൻ അനുവദിക്കുന്നതല്ല; ഇപ്രകാരമുള്ള സംഘങ്ങൾ മൂന്നുമാസത്തിനകം സാരമായ അഭിവൃദ്ധി കാണിച്ചു ഇവിടെ ബോദ്ധ്യപ്പെടുത്താത്തപക്ഷം അവയെ നിർദ്ദാക്ഷിണ്യം റദ്ദു ചെയ്യുന്നതാണ്. ഇൻസ്പെക്ടറന്മാരും ഐക്യസംഘങ്ങളും ഉടൻതന്നെ കാൎയ്യത്തിന്റെ ഗൌരവം സംഘങ്ങളെ മനസ്സിലാക്കി തീവ്രമായി പുനരുദ്ധാരണവേലകൾ ആരംഭിക്കേണ്ടതാണ്. അഭിവൃദ്ധിപരമായ പുരോഗമനമാൎഗ്ഗത്തിലൂടെ ചലിക്കാൻ ഒട്ടും തന്നെ തയ്യാറാകാത്ത "ഡി" ക്ലാസ്സ സംഘങ്ങളെ മൂന്നുമാസം കഴിഞ്ഞാൽ ഉടൻ റദ്ദു ചെയ്യുന്നതിനു നടപടികൾ എടുക്കുന്നതാണെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

CIRCULAR INSTRUCTIONS TO THE INSPECTORS OF THE DEPARTMENT, THE UNIONS AND THE FINANCING BANKS.

The immediate attention of the officers of the Department and non-official institutions like the Unions and the Financing Banks, is invited to the urgent necessity for the resuscitation of the moribund and practically defunct societies. It is seen that there

are about 493 societies in the "D" class. Of these, the majority have continued to be in the 'D' class for periods of 3 years and more. Judged from their present condition, immediate cancellation appears to be the only justifiable course. It was with a view to give an opportunity to these moribund societies to reviewtheir working that Circular No. 233 was issued from this office calling on all lifeless D class societies to show tangible improvement and signs of vitality within 3 months. Though one month has elapsed since the Circular was issued, no adequate respons is seen to be forthcoming from any quarter so far. Things cannot be allowed to drift as they used to be. The Department feels that it has a solemn duty to perform and supine indifference on the part of societies and others can no longer be countenanced. The issue of circulars alone can achieve very little. Real constructive and fruitful work must be undertaken in right earnest in all dormant societies on an organised systematic basis and the extreme step of cancellation should be resorted to only as the last course.

Co-operators will do well to realise that hasty concellation is not the panacea for all ills. Every possible effort should be exhausted before cancellation is resorted to. The general lines on which the task of reconstuction of societies should be undertaken by the Officers of the Department in collaboration with non-official bodies are indicated below.

I. Societies in the "D" class may be taken up in the first instance. They should be broadly divided into societies which have outside liablities and those which have not. Societies may also be grouped as those which are in the D class for the last 3 years, with practically no transactions, and those which have nominal transactions but are turning out very poor work.

II. A reconstruction committee should be formed in every Taluk comprising of 5 or 6 members, among whom the local Inspector of Co-operative Societies, one or two representatives of the Union, one or two representatives of the Taluk Bank if any, etc. should be members. This committee should draw up a programme of intensive work for resusciation. The Supervisors should be entrusted with a group of 5 societies at a time, preferably societies with large working capital for restoration. The local Co-operative Inspector himself should take up at least 3 societies for intensive rectification work.

III. Meeting of the General body and the committees should be convened by the Inspector or the Union once every fortnight and the plan of work explained to the committee of the society. A statement of all outstanding loans should be prepared and bad and doubtful loans should be classified and listed.

IV. Steps should be taken to write down absolutely irrecoverable debts and to secure the doubtful ones by accepting more solid suretyship or security.

V. Intensive collection work should be undertaken; members of the committee of each society assisted by the reconstruction committee should go round and carry on collection work vigorously.

VI. Instalments of loans may be refixed in accordance with the diminished repaying capacity of the members and the changed conditions.

VII. Repayments in kind, and the system of "Kettuthengu" may be encouraged and this new line of activity may be given a fair trial.

VIII. In societies which are to be gradually reconstructed, issue of fresh loans should be under adequate safeguards, solid and substantial security alone being accepted. The loans should be issued only for productive purposes. Long term loans i. e. loans for a period of more than 18 months should not be granted normally.

IX. As far as possible, the rejuvenated societies should be made to take to useful non-credit pursuits such as scientific and joint cultivation of land, development of cottage industries, pooling and marketing of agricultural produce etc. Each society should decide the best form of non-credit activity suited to it and instead of frittering away its energies on manifold items, should concentrate on one or two definite undertakings.

The above is only a bare indication of the lines on which intensive rectification work has to be initiated immediately. The Assistant Registrars, the Circle Inspectors, the Unions and the Financing banks will please realise the immensity of the task that lies ahead of them, and will, from now on, apply themselves to the work with zeal and enthusiasm and in a spirit of self-sacrifice. Each Inspector should submit to this office bimonthly reports of progress made in this direction through their respective Assistant Registrars. The undersigned fervently hopes that tangible results will be achieved in this work of rectification within the said period of three months. The Officers of the Department have a great responsibility to discharge and any slackness on their part will be seriously noticed.

സക്കുലർ ൨൭൮

സഹകരണസംഘങ്ങളുടെ ഇത്തവണത്തെ വർഷാവസാന ആഡിററ് പൂർത്തിയായിരിക്കുന്നു. ഈ ആഡിററു കാര്യക്ഷമവും സർവ്വതോമുഖവും സൂക്ഷ്മവുമായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നു ൧൧൨൮ ഇടവം ൩൦-ാംനു-യിലെ ൨൭൨-ാംനമ്പർ സക്കുലർ ഇവിടെനിന്നും പുറപ്പെടുവിച്ചിരുന്നതു: ആ സർക്കുലറിൽ സംഘങ്ങൾ ചട്ടപ്രകാരമുള്ള വർഷാവസാനക്കണക്കുകളും ആഡിററുവകയ്ക്കു ആവശ്യങ്ങളായ സ്റ്റേറ്റുമെൻറുകളും നിശ്ചിതസമയത്ത് വേണ്ടവിധത്തിൽ അയച്ചുകൊടുക്കേണ്ട ആവശ്യകതയെ പ്രത്യേകം ചൂണ്ടിക്കാണിച്ചിരുന്നതിനു പുറമേ, ഈ വിഷയത്തിൽ വീഴ്ചവരുത്തിയാൽ ഉണ്ടാമേക്കാവുന്ന അനാശാസ്യങ്ങളായ ഭവിഷ്യത്തുകളെ സൂചിപ്പിക്കയും ചെയ്തിരുന്നു. എന്നാൽ മുൻകൊല്ലങ്ങളിലെ സ്ഥിതിയോടു താരതമ്യപ്പെടുത്തിയാൽ, ഈ വിഷയത്തിൽ കണ്ട വീഴ്ചകൾ വളരെ ചുരുക്കം ചില സംഘങ്ങളുടെ കാര്യത്തിൽ മാത്രമേ ഈ ആണ്ടിൽ ഡിപ്പാർട്ടുമെൻറിൽനിന്നും കർശന നടപടികൾ നടത്തേണ്ട ആവശ്യം നേരിട്ടുള്ളു എന്ന സംഗതി ചാരിതാർത്ഥ്യജനകംതന്നെ. സഹകരണസംഘങ്ങളും ഐക്യസംഘങ്ങളും മേല്പറഞ്ഞ സർക്കുലറിൽ അന്തർലീനമായ ഉദ്ദേശ്യത്തെ നല്ലവണ്ണം മനസ്സിലാക്കുകയും ഹാർദ്ദമായി സഹകരിക്കുകയും ചെയ്തതുകൊണ്ടാണ് ആഡിററുജോലി ത്വരിതപ്പെടുത്തിക്കരമായി ചെയ്തുതീർക്കാൻ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്ക് സാധിച്ചിട്ടുള്ളതു്.

൨. മുൻ പ്രസ്താവിച്ച സർക്കുലറിനെ തുടന്ന് വേറൊന്നുകൂടി പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. ആഡിററുദ്യോഗസ്ഥന്മാർക്ക് ആഡിററു വിഷയത്തിൽ മാർഗ്ഗദർശകമായ ചില നിർദ്ദേശങ്ങൾ കൂടി നല്കുകയായിരുന്നു അതിൻെറ പ്രധാന ഉദ്ദേശ്യം. ഇതനുസരിച്ച് ആഡിററിനു ഒരു ഐകരൂപ്യം വരുത്തുകയും, വർഷാവസാനപരിശോധനയുടേയും മുതൽ കടം തിട്ടപ്പെടുത്തലിൻേറയും ഫലമായി അടുത്ത വർഷത്തെ പ്രവർത്തനപരിപാടി രൂപീകരിക്കാനാവശ്യമുള്ള വിശ്വസനീയമായ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കുകയും ചെയ്യുന്നതിന് ആഡിററർമാരോടു വേണ്ടവണ്ണം ആജ്ഞാപിച്ചിരുന്നു. ഇപ്പോൾ മിക്കവാറും

എല്ലാ സംഘങ്ങളുടേയും ആഡിററുത്തരവുകൾ പാസ്സാക്കി അയച്ചുകഴിഞ്ഞിട്ടുണ്ട്. ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ഇത്തവണത്തെ ആഡിററു ഫലപ്രദമാക്കുവാൻ യഥാശക്തി പരിശ്രമിച്ചിട്ടുണ്ടെന്നും മാമൂൽസംപ്രദായത്തിൽനിന്നും വ്യതിയാനംചെയ്തു് ആഡിററുത്തരവുകളിലെ അനേക വിഭാഗങ്ങളിൽ അഭിനന്ദനാർഹമായ ഒരു നൂതന രീതി അംഗീകരിച്ചിട്ടുണ്ടെന്നും സ്പഷ്ടമാണ്. നിർദ്ദേശാനുസരണമുള്ള ഈ വ്യതിയാനം പ്രകടമായി കാണാവുന്നതു "പൊതുവിമരശനം" എന്ന തലക്കെട്ടിൽ ക്രോഡീകരിച്ചിട്ടുള്ള സംഗതികളിലത്രേ. ആഡിററുത്തരവുകൾ കേവലം ചട്ടപ്രകാരമുള്ള ആവശ്യങ്ങളെ നിറവേററുന്നതിനുവേണ്ടി ആണ്ടുതോറും പ്രസിദ്ധപ്പെടുത്തുന്ന നിയമനിഷ്ഠങ്ങളായ വെറും മാമൂൽ രേഖകൾ മാത്രമാണെന്നും അവ റിക്കാർഡ് ചെയ്തു ത്യാജ്യകോടിയിലേക്കു തള്ളുവാനുള്ളവയാണെന്നുമത്രേ സാധാരണ വയ്പ്. എന്നാൽ ഡിപ്പാർട്ടുമെൻറിൽനിന്നും ഉൽക്കണ്ഠയോടുകൂടി വീക്ഷിക്കുന്ന ആദർശം ഇതല്ല. ആഡിററുത്തരവുകൾ ഉപകാരപ്രദമാംവണ്ണം വിനിയോഗിച്ചു, സൃഷ്ടിപരമായ നിരന്തരപ്രവർത്തനങ്ങൾ മുഖേന സംഘങ്ങളുടെ അഭിവൃദ്ധിയും, പുനരുദ്ധാരണവും, പരിഷ്കാരവും സാധിക്കണമെന്നുള്ളതാണു ഡിപ്പാർട്ടുമെൻറിൻെറ പരമലക്ഷ്യം. ഉത്തമമായ പ്രയോജനം സിദ്ധിക്കത്തക്കവണ്ണം ഏതെല്ലാം മാർഗ്ഗങ്ങളിൽ മേൽ നടപടി നടത്തി പ്രവർത്തനം തുടരണമെന്നുള്ള വിവരങ്ങൾ ആഡിററുത്തരവുകളിൽ ഉണ്ടായിരിക്കണമെന്നുള്ള ഡിപ്പാർട്ടുമെൻറിൻെറ ആന്തരമായ അഭിപ്രായവും വക്തവ്യമാകുന്നു.

൩. പല സംഘങ്ങളുടെ, പ്രത്യേകിച്ച് ആഡിററുത്തരവും പ്രകാരം പ്രവർത്തനം തീരെ തൃപ്തികരമല്ലെന്നു കാണപ്പെട്ട സംഘങ്ങളുടെ, കാര്യത്തിൽ രജിസ്ട്രാർ തന്നെ നേരിട്ടു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മന്ദീഭൂതമായ സംഘപ്രവർത്തനം പുനരുജ്ജീവിപ്പിക്കാത്തപക്ഷം സംഘം റദ്ദ് ചെയ്യുന്നതാണെന്നു താക്കീതു നല്കിയിട്ടുമുണ്ട്. ഒരു സംഘം റദ്ദ് ചെയ്യുന്ന കാര്യം എളുപ്പത്തിൽ സാധിക്കുന്നതാണ്. എന്നാൽ സംഘഭാരവാഹികളുടെ അനാസ്ഥ, കർത്തവ്യബോധാഭാവം, ദുർഭരണം ഇത്യാദി കാരണങ്ങളാൽ ഒരു സംഘം അധഃപതിച്ചുപോകയും, അങ്ങനെ ശോചനീയമായ ഒരവസ്ഥയിൽ എത്തിച്ചേർന്നതിനുശേഷം അതിനെ പുനരുദ്ധരിക്കുവാനും, പൂർവസ്ഥിതിയിൽ പ്രതിഷ്ഠാപിക്കുവാനും യാതൊന്നും പരിശ്രമിക്കാതെ നാമാവശേഷമാകാൻ വഴി തെളിയിക്കുകയും ചെയ്യുന്നതു്, സഹകരണപ്രസ്ഥാനത്തിൻെറ നേക്കു് ഭാരവാഹികൾ കാണി

ക്കുന്ന ഒരു കടുംകൈ തന്നെയായിരിക്കുമെന്നു പറയാതെ തരമില്ല. പൊതുജനവിശ്വാസം ജനങ്ങളുടെ മനസ്സിൽ സാവധാനത്തിൽ മാത്രംവേരൂന്നി വളർന്നുവരുന്ന ഒരു ചെടിയാകുന്നു. ഒരു സംഘം റദ്ദ് ചെയ്തുപോയാൽ വീണ്ടും, ഒരു സംഘം ആ സ്ഥലത്തു സ്ഥാപിക്കുവാനും പൊതുജനവിശ്വാസം സമാർജിക്കുവാനും അതീവ വൈഷമ്യമുണ്ട്.

൪. ഈ സർക്കുലർകൊണ്ടുദ്ദേശിക്കുന്നതു് സംഘാഭിവൃദ്ധിക്കു വേണ്ടി ഉടനടി അനുവർത്തിക്കാവുന്നതും അനുവർത്തിക്കേണ്ടതുമായ ചില പ്രവർത്തനപദ്ധതികളിലേക്കു പൊതുവേ സഹകാരികളുടേയും, പ്രത്യേകിച്ച് ഐക്യസംഘഭാരവാഹികളുടേയും, ശ്രദ്ധയെ ആകർഷിക്കണമെന്നുള്ളതാണ്. എന്നുമാത്രമല്ല, വിവിധമാർഗ്ഗങ്ങളിൽ വ്യാപരിച്ച് ഉത്സാഹവും പ്രവർത്തനശക്തിയും ശിഥിലമാക്കാതെ, സംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനഃസ്സംവിധാനത്തിനും വേണ്ടി എല്ലാ സഹകാരികളും തങ്ങളുടെ ശ്രദ്ധയെ കേന്ദ്രീഭവിപ്പിച്ച് സകല ശക്തിയും വിനിയോഗിച്ച് പ്രവർത്തിക്കേണ്ടതാണെന്ന് ഉപദേശിക്കണമെന്നുള്ള ആശയവും അന്തർഭവിച്ചിട്ടുണ്ട്. സംഘങ്ങളുടെ ആഡിററുത്തരവുകളിൽ പൊതുവേ ചൂണ്ടിക്കാണിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിക്കുവാൻ എല്ലാ സംഘങ്ങളും ഉടനടി ശ്രദ്ധിക്കേണ്ടതാണെന്ന് ഈ സർക്കുലർ നിർബന്ധിക്കുന്നു.

൫. (൧) സഹകരണവർഷം ൧൧൧൮ അവസാനത്തിൽ, പ്രവർത്തനം നടത്തുന്ന ൧൪൭൭ സംഘങ്ങളും പ്രവർത്തനം ആരംഭിക്കാത്ത ൩൦൦ സംഘങ്ങളുമുണ്ടായിരുന്നു. വർഷാവസാനത്തിനുശേഷം ൭൫ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, എന്നാൽ ആകെയുള്ള അംഗങ്ങളുടെ സംഖ്യ ൧,൮൪,൦൩൧ മാത്രമാണ്. തിരുവിതാംകൂറിൽ ആകെയുള്ള ജനസംഖ്യയുടെ ചെറിയ ഒരു അനുപാതമായ മൂന്നു ശതമാനം മാത്രമേ സഹകരണബന്ധത്തിൽ ഉൾപ്പെട്ടിട്ടുള്ളു. സംഘങ്ങളിലെ സംഖ്യ വർദ്ധിപ്പിക്കുവാനുള്ള ഒരു തീവ്രയത്നം സമാരംഭിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സംഘങ്ങൾ ഇതിലേക്കു തയ്യാറാകണം. ഓരോ അംഗവും ആത്മാർത്ഥമായി ശ്രമിച്ചാൽ ഒരാളെക്കൂടിയെങ്കിലും അംഗമായി ചേർക്കുവാൻ സാധിക്കുകയില്ലയോ? ഓരോ സംഘത്തിലേയും അംഗങ്ങളുടെ സംഖ്യ ഉടനടി ഇരട്ടിയായി വർദ്ധിപ്പിക്കുവാൻ സാധിക്കാത്ത പക്ഷം ഒരു നിർദ്ദിഷ്ട സംഖ്യയെ ലക്ഷ്യമാക്കിക്കൊണ്ടു കമ്മിററിക്കാർ ഉററു പരിശ്രമിച്ചാൽ ഒന്നു രണ്ടു മാസത്തിനകം ആ സംഖ്യയിൽ എത്തിച്ചേരാൻ സാധിക്കുമെന്നുള്ളതു് നിർവിവാദമാകുന്നു. സംസ്ഥാനമൊട്ടുക്കു

സഹകരണസംഘങ്ങൾ പ്രശസ്തമായി നടത്തിവരുന്ന ആഹാരപദാർത്ഥങ്ങളുടേയും മററു അത്യാവശ്യസാധനങ്ങളുടേയും വിക്രയം നിമിത്തം, സഹകരണ സംഘങ്ങൾക്കു ബഹുജനോപകാരാർത്ഥം അനുഷ്ഠിക്കാവുന്ന സേവനത്തെപ്പററി പൊതുവെ ബഹുമാനവും മതിപ്പും വളർന്നുവരുന്നുണ്ടു്. ആഹാരസാധനങ്ങൾ, നൂൽ, വസ്ത്രം മുതലായവയുടെ വിതരണം വിപുലമായ തോതിൽ സംഘങ്ങൾ ഏറെറടുത്തു നടത്തുവാൻ ഭാവിക്കുന്ന ഒരു നവയുഗത്തിന്റെ പടിവാതുക്കൽ നാം എത്തിയിരിക്കുന്ന ഈ ഘട്ടത്തിൽ, ഉദ്ദേശസ്ഥാപനങ്ങളുടെ പരമമായ ഗുണപൌഷ്കല്യം പൊതുജനമദ്ധ്യത്തിൽ ആവിർഭവിപ്പിക്കുന്നതിലേക്ക് നിസ്വാർത്ഥസേവനം അനുഷ്ഠിക്കുവാൻ സഹകാരികൾ മുന്നോട്ടു വരണമെന്നഭ്യർത്ഥിക്കുന്നു. ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി നോക്കിയാൽ, കടംവായ്പകൾ എടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പുറപ്പെടുന്ന ജനങ്ങളെയല്ല പുതിയ അംഗങ്ങളായി ചേർക്കേണ്ടതു്. ഓരോ സംഘാതിർത്തിയിലുമുള്ളവരിൽ ജനഹിതൈഷികളും ഉപകാരശീലന്മാരും പ്രമാണികളും പൊതുജനങ്ങളുടെ ആദരവിനും വിശ്വാസത്തിനും പാത്രീഭൂതരുമായ വ്യക്തികളെ വേണം പുതിയ അംഗങ്ങളായി ചേർക്കാൻ.

(ഡ) അംഗങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതോടുകൂടി ഓഹരിമൂലധനവും വർദ്ധിപ്പിക്കണം. ഓഹരിക്കുടിശ്ശിക ഉടനടി പിരിച്ചെടുക്കണം. പുതിയ ഓഹരികൾ വിൽക്കുന്നതുകൂടാതെ എടുത്തിട്ടുള്ള ഓഹരികൾ അംഗങ്ങൾ അടച്ചു കഴിഞ്ഞാൽ അവരെക്കൊണ്ടു് വീണ്ടും ഓഹരികൾ എടുപ്പിക്കണം; ബൈലായിലെ വ്യവസ്ഥപ്രകാരമുള്ള പരമാവധി ഓഹരികളും ഇപ്രകാരം എടുപ്പിക്കുവാൻ ശ്രമിക്കണം. ഒരു അംഗത്തിന് സംഘകാര്യങ്ങളിലുള്ള സജീവമായ താൽപ്പര്യവും ജാഗ്രതയും വ്യക്തമാകുന്നതു് അയാൾ ഒരോഹരിയെങ്കിലും പുതുതായി എടുത്തു മുറയ്ക്കു തവണ അടച്ചുകൊണ്ടിരിക്കുന്നതിൽനിന്നുമാകുന്നു. ഇക്കാര്യത്തിൽ കമ്മിററിമെമ്പറന്മാർതന്നെ മാതൃകകളായിത്തീരേണ്ടതാണ്. ഓഹരിക്കുടിശ്ശികക്കാരെ നിബന്ധനപ്രകാരം നീക്കം ചെയ്യേണ്ടതും അടച്ചിട്ടുള്ള സംഖ്യ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാകുന്നു.

(ഢ) പല സംഘങ്ങളിലും യഥാകാലം പൊതുയോഗങ്ങൾകൂടി കമ്മിററിയെ തെരഞ്ഞെടുക്കുന്നില്ലെന്നു കാണുന്നു. ചിലസംഘങ്ങളിൽ ഒരേ കമ്മിററിതന്നെ ചിരകാലം തുടർന്നു ഭരിക്കുന്നു. കമ്മിററിമെമ്പറന്മാരായിരിക്കുവാൻ ചട്ടപ്രകാരം യോഗ്യതയില്ലാത്തവരെ മാറ്റി തെരഞ്ഞെടുപ്പുകൾ നടത്തേണ്ടതത്യാവശ്യമാകുന്നു. കമ്മിററിയിൽ ഇരിക്കുന്നവര

വീണ്ടും സ്ഥാനാർത്ഥികളായി നിൽക്കുവാൻ ആഗ്രഹിക്കുന്നപക്ഷം രൂറം ന. ൭-ന്റെ പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് രജിസ്ട്രാരുടെ അനുവാദം മുൻകൂട്ടി വാങ്ങേണ്ടതാണ്. കമ്മിററിയിൽ അംഗങ്ങളായിരിക്കുവാൻ സർവ്വഥാ യോഗ്യതയുള്ളവരെ മാത്രം തെരഞ്ഞെടുക്കേണ്ടതാകുന്നു. ആഡിററുതീരുമ്പോൾ, ഒരു മാസത്തിനകം കൂടണമെന്നു നിർദ്ദേശിച്ചിട്ടുള്ള പൊതുയോഗത്തിൽവച്ച് പുതിയ തെരഞ്ഞെടുപ്പു നടത്തുന്നതു നന്നായിരിക്കും. കൂടെക്കൂടെ പൊതുയോഗങ്ങൾ കൂട്ടുകയാണെങ്കിൽ മാത്രമേ പൊതുജനവിശ്വാസം സമാർജ്ജിപ്പാൻ സാധിക്കുകയുള്ളു. പൊതുയോഗത്തിൽ ഹാജരാകുന്ന മെമ്പർമാരുടെ സംഖ്യയത്രേ കമ്മിററിയുടെ കാര്യക്ഷമതയെ നിർണ്ണയിക്കുന്നതിനുള്ള ഉരകല്ലായി ഗണിക്കപ്പെടുന്നത്.

(൪) സംഘങ്ങളുടെ മുതൽക്കൂട്ടം സ്റ്റേറുമെൻറിൽ കാണുന്ന ഒരു അനാശാസ്യമായ അംശം 'മറ്റിനങ്ങൾ' ആകുന്നു. ഈ ശേഖരത്തിൽ കാണിച്ചിരിക്കുന്ന തുകകൾ ആണ്ടോടാണ്ടു കൂടിക്കൂടി വരികയും കണക്കിൽ വർദ്ധിച്ചുവരുന്ന ഒരു കളങ്കമായി കലാശിക്കയും ചെയ്തിരിക്കുന്നു. ഇതിൽ അനേകം സംഖ്യകൾ ദീർഘകാലികങ്ങളത്രേ. അവയുടെ ഉത്ഭവം കണ്ടുപിടിക്കുവാനാകട്ടെ ആക്ഷേപം നീക്കാനാകട്ടെ തുക ഈടാക്കാനാകട്ടെ അതിസൂക്ഷ്മമായ അന്വേഷണം—ഒരു ശാസ്ത്രീയമായ ഗവേഷണംതന്നെ—ആവശ്യമായിത്തീർന്നിട്ടുണ്ട്. ഇൻസ്പെക്ടറന്മാരും ആഡിററന്മാരും ഈ വിഷയത്തിൽ വേണ്ട സഹായങ്ങൾ ചെയ്തു തരുന്നതാകുന്നു. കാലവിളംബം നിമിത്തം ഈ വക ഇനങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിനും ശുദ്ധവും നിർമ്മലവുമായ മുതൽക്കൂട്ടം സ്റ്റേറുമെൻറു തയ്യാറാക്കുന്നതിനും പ്രയാസം കൂടിക്കൂടിവരുന്നതാണ്. അനധികൃതമായ ചിലവുകൾ ആണെങ്കിൽ ആ സംഖ്യകൾ ഈടാക്കുവാൻ കമ്മിറ്റിക്കാർ തീവ്രമായി ശ്രമിക്കേണ്ടതാണ്. ന്യായമായിട്ടുള്ള ചിലവുകൾ ക്രമപ്പെടുത്തി ശരിയാക്കുകയും, ചോർച്ചകൾ ഒരു വിധത്തിലും ഉണ്ടാകാതെ സർവ്വത്ര സൂക്ഷിക്കുകയും വേണം. ഇപ്രകാരമുള്ള നിരന്തരപ്രയത്നത്തിന്റെ ഫലമായി അടുത്ത ആഡിററിനുമുമ്പ് ഈ ഇനത്തിൽ സാരമായ കുറവു കാണാറാകുമെന്നു പ്രതീക്ഷിക്കുന്നു.

(൫) സഹകരണ സെൻട്രൽബാങ്കിന്റെ പുനരുദ്ധാരണം കഴിഞ്ഞിരിക്കുന്നതിനാൽ, എല്ലാ സംഘങ്ങളിലെയും കരുതൽധനം സെൻട്രൽബാങ്കിൽ നിക്ഷേപിക്കുന്നതു് അഭിലഷണീയമാണല്ലോ. എന്നാൽ ഇപ്പോൾ താലൂക്കുബാങ്കിലോ, ബാങ്കിംഗ്യൂണിയനിലോ, ഷേറിസേവിംഗ്സ് ബാങ്കിലോ, തപാൽസേവിംഗ്സ് ബാങ്കിലോ നിക്ഷേപിച്ചിരിക്കുന്ന കരുതൽധനം പിൻവലിച്ച് സെൻട്രൽബാങ്കിൽ ഇടേണ്ട

ആവശ്യമില്ല. കരുതൽധനം സംഘങ്ങളുടെ പ്രവൃത്തനത്തിന് ഉപയോഗിക്കാൻ പാടുള്ളതല്ലെന്നുള്ളത് ശാസ്ത്രമാർഗ്ഗാവലംബിയായ ധനവിനിയോഗസമ്പ്രദായമനുസരിച്ച് അതിപ്രധാനമായ ഒരു സംഗതിയാകുന്നു. അതിനാൽ സംഘങ്ങൾ ഇതുവരെ നിക്ഷേപിച്ചുകഴിഞ്ഞിട്ടില്ലാത്തതും കഴിഞ്ഞ ആഡിററുത്തരവിൻപ്രകാരമാകട്ടേ മുൻവർഷങ്ങളിലെ ആഡിററുത്തരവു് അനുസരിച്ചാകട്ടേ നീക്കിവച്ചിട്ടുള്ളതുമായ കരുതൽ ധനം മുഴുവനും സെൻട്രൽബാങ്കിൽ നിക്ഷേപിക്കണം. വേണമെന്നുള്ള പക്ഷം ഈ പണം പലതവണകളിലായി നിക്ഷേപിക്കാം. എന്നാൽ നിക്ഷേപിക്കണമെന്നുള്ളത് നിർബന്ധിതവ്യവസ്ഥയാകുന്നു.

(ന്ന) സെൻട്രൽബാങ്ക് ക്രമേണ ഒരു ശുദ്ധസംയുക്തനീതിയിലുള്ള താഴ്ബാങ്കായി രൂപാന്തരപ്പെട്ടു വരികയാണ്. രജിസ്ത്രാർ ബാങ്കിന്റെ പ്രസിഡൻറുസ്ഥാനം ഏറ്റതിനുശേഷം പല സംഘങ്ങളും ബാങ്കിന്റെ അംഗങ്ങളായി സംഘടിപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ സഹകരണവർഷത്തിൽതന്നെ എല്ലാ സംഘങ്ങളും സെൻട്രൽ ബാങ്കിൽ അംഗങ്ങളായി ചേരണമെന്നു രജിസ്ത്രാർക്ക് വളരെ താല്പര്യമുണ്ട്. സെൻട്രൽ ബാങ്കിൽ അംഗങ്ങളായി ചേരുന്നതിന് ഏതല്പമെങ്കിലും ശ്രമം ചെയ്തിട്ടില്ലാത്ത സംഘങ്ങൾ, അവയുടെ അടുത്തു കൂടുന്ന പൊതുയോഗത്തിൽ തന്നെ നിശ്ചയങ്ങൾ പാസ്സാക്കി കാലവിളംബംകൂടാതെ ബാങ്കിലേക്ക് അപേക്ഷ അയയ്ക്കുമെന്ന് പ്രത്യാശിക്കുന്നു.

(൭) കാർഷികവിഭവങ്ങളുടെ വിലവർദ്ധനവുകൊണ്ടും, യുദ്ധസംബന്ധമായ ഇതരകാരണങ്ങൾകൊണ്ടും, കർഷകജനസഞ്ചയത്തിന്റെ ധനസ്ഥിതി അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നുള്ള വസ്തുത, കുടിശ്ശികകൾ ധാരാളമായി പിരിഞ്ഞുവരുന്നതിൽനിന്നും അനുമാനിക്കേണ്ടിയിരിക്കുന്നു. ധനസഹായസംഘങ്ങളിലെ കടംവായ്പകൾ കണിശമായി അടപ്പിക്കുന്നതിനും, കുടിശ്ശികക്കാരുടെ പേരിൽ നടപടികൾ നടത്തുന്നതിനും ഇത്രമാത്രം പറ്റിയ ഒരവസരം ഇനി ഉണ്ടാകുന്നതല്ല. കമ്മിറ്റിക്കാർ കടംവായ്പ ഏറാടവുകളും, ചുമതലരജിസ്റ്ററും സൂക്ഷ്മമായി പരിശോധിച്ച് ശീഘ്രത്തിൽ നടപടികൾ എടുക്കുകയും, അവാർഡുകൾ സമ്പാദിച്ച് വിധിനടത്തി കുടിശ്ശിക പിരിക്കുകയും ചെയ്യേണ്ടതാണ്. കുടിശ്ശികകൾ അവാസ്തവമായി കുറച്ചു കാണിക്കാൻ വായ്പ പുതുക്കുന്ന സമ്പ്രദായം അവഹേളനാർഹമത്രേ.

(വ്വ) സിവിൽകോടതികളിൽ വിധിനടത്തിൽ കിടപ്പുള്ള കേസ്സുകൾ ഡിപ്പാർട്ടുമെൻറിലെ സെയിലാഫീസറന്മാർക്ക് വിധിനടത്താനായി കൈമാറ്റം ചെയ്യേണ്ടതാകുന്നു.

(൯) റിക്കാർട്ടുകളും കണക്കുകളും ശരിയായി എഴുതി തയ്യാറാക്കി യഥാകാലം മാസാന്ത്യക്കണക്കുകൾ അയച്ചുകൊടുക്കുന്ന വിഷയത്തിൽ വളരെ കുറച്ചു സംഘങ്ങൾ മാത്രമേ ശ്രദ്ധ പതിപ്പിക്കുന്നുള്ളു. സഹകരണം എന്നുവച്ചാൽ അതു് ശരിയായ ഒരു വ്യാപാരപദ്ധതിയാണു്. ആകയാൽ മുറയ്ക്കു വ്യാപാരതത്വപ്രകാരം കാര്യങ്ങൾ നടത്തേണ്ടതാണല്ലോ. വിതരണം തുടങ്ങിയ ധനേതരജോലികളിൽ ഏർപ്പെട്ടിട്ടുള്ള സംഘങ്ങൾ ശരിയായ കണക്കുകൾ യഥാകാലം എഴുതി സൂക്ഷിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പററി എത്ര തന്നെ പറയുകയാണെങ്കിലും അധികമായി പോകുകയില്ല.

(൧൦) ഐക്യസംഘങ്ങളിൽ അംഗങ്ങളായി ചേരാത്ത സംഘങ്ങൾ ഉടനടി നിശ്ചയങ്ങൾ പാസ്സാക്കി അംഗങ്ങളായി ചേരണം. സൂപ്പർവിഷൻഫണ്ടു കുടിശ്ശികയുള്ള പക്ഷം ഐക്യസംഘങ്ങളിൽ അവ കഴിയുന്നതും വേഗത്തിൽ അടച്ചുതീർക്കുകയും വേണം. സഹകരണപ്രസ്ഥാനം പ്രധാനമായി ഒരനുദ്യോഗസ്ഥപ്രസ്ഥാനമാകകൊണ്ടു് ഐക്യസംഘങ്ങളെ ബലവത്തും സജീവവുമായ സ്ഥാപനങ്ങളാക്കിത്തീർക്കേണ്ടതത്യാവശ്യമാകുന്നു.

(൧൧) ഡിപ്പാർട്ടുമെന്റിൽനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സർക്കുലർകൾ അനുസരിച്ചു് പല സംഘങ്ങളും അവയുടെ നിബന്ധനകൾ ഭേദപ്പെടുത്തിക്കാണുന്നില്ല. ഉടൻതന്നെ ഇത്തരം സംഘങ്ങൾ അവയുടെ നിബന്ധനകൾ ഭേദപ്പെടുത്തുവാൻ വേണ്ട നടപടികൾ നടത്തേണ്ടതാണു്.

(൧൨) സെൻട്രൽബാങ്കു്, താലൂക്കുബാങ്കുകൾ മുതലായ കേന്ദ്രധനസഹായസ്ഥാപനങ്ങളിൽനിന്നു സംഘങ്ങൾ എടുത്തിട്ടുള്ള വായ്പകൾ കുടിശ്ശിക വരാതെ മുറയ്ക്കു് അടച്ചുതീർക്കേണ്ടതാകുന്നു. കരുതൽധന കുടിശ്ശികയും, ബാങ്കു്വായ്പക്കുടിശ്ശികയും അടച്ചുതീർക്കുന്നതുവരെ പുതിയ വായ്പകൾ അംഗങ്ങൾക്കു് നൽകാതെ നിറുത്തി വയ്ക്കുന്നതു് നന്നായിരിക്കും.

(൧൩) എല്ലാ സഹകരണസംഘങ്ങൾക്കും പേരും നമ്പരുമുണ്ടല്ലോ. മുൻപു പുറപ്പെടുവിച്ചിരുന്ന ഒരു സർക്കുലറിൽ ഓരോ സംഘത്തിനും അതിന്റെ സ്വന്തമായ ഒരു മന്ദിരം—ആഫീസുകെട്ടിടം—കൂടി ഉണ്ടായിരിക്കേണ്ട ആവശ്യകതയെ ചൂണ്ടിക്കാണിച്ചിരുന്നു. ധനസ്ഥിതി അനുവദിക്കുമെന്നുള്ള സംഘങ്ങൾ ഈ ആണ്ടുതന്നെ സ്വന്തസ്ഥലം സമ്പാദിച്ചു് ആഫീസുകെട്ടിടം കെട്ടി അവിടെ ജനോപകാരകേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉററു ശ്രമിക്കേണ്ടതാണു്. ആഹാരസാധന

ങ്ങളുടേയും മററു് അത്യാവശ്യപദാത്ഥങ്ങളുടേയും വിതരണം കൈയ്യേറെറടുക്കുന്ന പക്ഷം ഒരു സംഘത്തിന് അതിന്റെ പ്രസിഡന്റോ സെക്രട്ടറിയോ ഇതുവരെ നല്കിയിരുന്ന ഔദാര്യമനുസരിച്ച് അവരുടെ ഗൃഹത്തിന്റെ ഒരു ഭാഗത്തു ആഫീസു നടത്താൻ സാധിക്കയില്ലെന്നു മാത്രമല്ല, വ്യാപാരം നടത്തുന്ന വകയ്ക്കു സ്വന്തമായോ വാടകയ്ക്കോ ഒരു പബ്ളിക്ക് സ്ഥലത്തു് ഒരു കെട്ടിടമെടുത്തു മാറേണ്ടതു് അനുപേക്ഷണീയമായി വരികയും ചെയ്യും. അടുത്തുവരുന്ന മാസങ്ങളിൽതന്നെ സംഘങ്ങളിൽ ഒരു ഗണ്യമായ വിഭാഗം സ്വന്തമായി സ്ഥലവും ആഫീസുകെട്ടിടവും ഉണ്ടാക്കുന്നതിന് വേണ്ടി നടപടികൾ ആരംഭിക്കുമെന്ന് ആശിക്കുന്നു. സ്വന്തകെട്ടിടത്തിൽ നടന്നുവരുന്ന ഒരു സംഘത്തിന് അസാമാന്യമായ അന്തസ്സും അവസ്ഥയും ഉണ്ടെന്നുള്ളതു് അവിതർക്കിതമാകുന്നു. ചില ദിക്കുകളിലെങ്കിലും ഒരു സ്ഥലം വില കൂടാതെ സംഘം വകയ്ക്കു ദാനം ചെയ്യത്തക്ക സന്മനസ്സുള്ള മഹാശയന്മാരുണ്ടായിരുന്നേക്കാം. സഹകാരകളുടെ ഔദാര്യബുദ്ധിനിമിത്തം ലഭിക്കുന്ന തുകകൾ സംഘങ്ങളുടെ തുഛമായ ബിൽഡിംഗ്ഫണ്ടിനെ വിപുലമാക്കാൻ സഹായമായിത്തീരുന്നതുമാണല്ലോ.

(൧൪) ആഡിററുതരവുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രത്യേക ന്യൂനതകൾ പരിഹരിക്കുന്നതുകൂടാതെ, കമ്മിററിക്കാർ മേല്പ്പറഞ്ഞ നിർദ്ദേശപ്രകാരമുള്ള മാർഗ്ഗത്തിൽകൂടി അടുത്ത രണ്ടുമാസക്കാലം അത്യന്തം പരിശ്രമിച്ച് അഭിലഷണീയമായ അഭിവൃദ്ധി കൈവരുത്തുമെന്ന് ആശിക്കുന്നു.

൯. മേൽ സൂചിപ്പിച്ച പ്രവൃത്തനങ്ങൾക്കുപുറമേ, സഹകരണസംഘങ്ങൾക്കു സാമുദായികമായും വ്യവസായപരമായുമുള്ള വിഷയങ്ങളിൽ പ്രയോജനകരമായി പ്രവർത്തിക്കാവുന്ന അനേകം മാർഗ്ഗങ്ങളുണ്ടു്. കർഷകസംഘങ്ങളെ ഉൽപ്പാദകരുടെ സംഘങ്ങളായി രൂപാന്തരപ്പെടുത്തി, ആലപ്പുഴ ഹോർട്ടിസോയിൽ പ്രാഡ്യൂസ് സൊസൈററിയുമായി സംഘടിപ്പിക്കാവുന്നതാണ്. റിസർവ്വ് വനത്തിൽനിന്നും ഒഴിവാക്കിക്കൊടുക്കപ്പെട്ട ചില സ്ഥലങ്ങളെ ഏതാനും സംഘങ്ങൾ പാട്ടത്തിനെടുത്തു കൃഷി ചെയ്യുന്നുണ്ടല്ലോ. സഹകരണസംഘങ്ങൾക്ക് ആരോഗ്യരക്ഷാസംരംഭത്തിൽ ഒരു പ്രധാനഭാഗം നിർവഹിക്കാവുന്നതാണ്. വ്യക്തിഗതമായ പ്രയത്നംകൊണ്ടു് അസാദ്ധ്യമായിത്തോന്നുന്ന സംഗതികൾ സഹകരണയത്നത്താൽ സുസാദ്ധ്യമായിത്തീരുന്നു. കുടുംബബഡ്ജററ് മുതലായവയെ സംബന്ധിച്ച നിരൂപണവും നടപ്പിൽ വന്നതോടുകൂടി വസ്തുക്കൾ നിരന്തരം ശകലീകൃതമായി പൊട്ടിപ്പൊടിഞ്ഞു് ഗുണമേന്മയൊന്നുമില്ലാതെ

ആണ്ടോടാണ്ടു ക്ഷയിച്ചുവരുന്നതു നമുക്കു നിത്യപരിചയമുള്ള വസ്തുതയാണല്ലോ. ഇതിനു പ്രതിവിധിയായി നിയമവ്യവസ്ഥമൂലം, ഇപ്രകാരം ശകലീകരിക്കപ്പെട്ട വസ്തുക്കളെ ഏകീകരിക്കുകയോ സമാഹരിക്കുകയോ ചെയ്യേണ്ടതാണെന്നു് ഒരഭിപ്രായമുണ്ടു്. എന്നാൽ മൂലധനം മുടക്കി പരിഷ്കൃതരീതിയിൽ ആദായകരമായ കൂട്ടുകൃഷി ചെയ്യുന്നതിന്റെ സാദ്ധ്യതകൾ ഒരു സംഘത്തിലെ അംഗങ്ങളുടെ വകയായി അടുത്തടുത്തു ചെറിയ ചെറിയ നിലങ്ങൾ ഉള്ള ചില സ്ഥലങ്ങളിലെങ്കിലും പരീക്ഷിച്ചു നോക്കാവുന്നതാണു്.

൭. ഈയിടെ യുദ്ധത്തിന്റെ പ്രത്യാഘാതം ഹേതുവായി സഹകരണപ്രസ്ഥാനത്തിനു ഗണനീയമായ ഉൽഗതി സംഭവിച്ചിട്ടുണ്ടെന്നും സഹകാരികളിൽ തങ്ങളുടെ കൃത്യപരിധിയുടെ തന്നെ ഒരു വികാസം സിദ്ധിച്ചിട്ടുണ്ടെന്നുള്ള ബോധം ജനിച്ചിട്ടുണ്ടെന്നും, ഗ്രാമങ്ങളിലും നഗരങ്ങളിലുമുള്ള ജീവിതത്തോതു ഉയർത്തുന്ന വിഷയത്തിൽ സഹകരണപ്രസ്ഥാനത്തിനു അതിപ്രധാനമായ ഒരു ധർമ്മം നിറവേറ്റാനുണ്ടെന്നുമുള്ള സംഗതി പരക്കെ അറിഞ്ഞുതുടങ്ങിയിട്ടുണ്ടെന്നുള്ളതു് അവിതർക്കിതമാകുന്നു. കാർഷികമായും വ്യാവസായികമായുമുള്ള സംരംഭങ്ങൾ സഹകരണതത്വത്തെ ആധാരമാക്കി സംഘടിപ്പിക്കാമെന്നു് ധാരാളം ബോദ്ധ്യമായിത്തീർന്നിട്ടുണ്ടു്. യുദ്ധകാലസ്ഥിതിയിൽ താൽക്കാലികമായി വന്നുചേരുന്ന ലാഭങ്ങളെ ഈ പ്രസ്ഥാനത്തിന്റെ സ്ഥിരസ്ഥായിലാഭങ്ങളാക്കാനും യുദ്ധാനന്തരം മേൽക്കുമേൽ അഭിവൃദ്ധിസമാർജ്ജിക്കാൻ ഇവയെ ഉൽപ്ലവസ്ഥാനങ്ങളാക്കാനും നിരന്തരം പരിശ്രമിക്കേണ്ടതു് സഹകാരികളുടെ കർത്തവ്യമാകുന്നു.

൮. ചുരുക്കിപ്പറഞ്ഞാൽ, സഹകരണസംഘങ്ങളും ഐക്യസംഘങ്ങളും ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരും ഉടനടി ശ്രദ്ധയെ കേന്ദ്രീകരിക്കേണ്ടതു് താഴെ പറയുന്ന വിഷയങ്ങളിലാണു്.

(൧) ആഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ന്യൂനതകളും ക്രമക്കേടുകളും പരിഹരിക്കുക.

(൨) സംഘാംഗങ്ങളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിലേക്കു് ഒരു ലക്ഷ്യം നിശ്ചയിച്ചിട്ടു് അതിൽ എത്തുന്നതിനായി തീവ്രയത്നം ചെയ്യുക

(൩) ഓഹരിമൂലധനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കുടിശ്ശികകൾ ശുഷ്കാന്തിയോടെ പിരിക്കുകയും അംഗങ്ങളെക്കൊണ്ടു് കൂടുതൽ ഓഹരികൾ എടുപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുക.

(൪) ഉടൻതന്നെ പൊതുയോഗങ്ങൾ വിളിച്ചുകൂട്ടി ആഡിറ്റുത്തരവിനെപ്പറ്റിയും ഈ സർക്കുലറിനെപ്പറ്റിയും ആലോചിക്കുകയും, ഒരു

പ്രവൃത്തിപഥത്തി രൂപീകരിക്കുകയും, വേണമെന്നുള്ള മറ്റു കമ്മിററിഅംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്യുക.

(൮) മുതൽകടം സ്റ്റേററുമെൻറിൽ "മററിനങ്ങൾ" എന്ന ഭാഗം പരിശോധിച്ചു ക്രമപ്പെടുത്തുകയും കടുവിൽ ഈ ഇനം നിശ്ശേഷം ഇല്ലാതാക്കാൻ ശ്രമിക്കയും ചെയ്യുക.

(൯) നിക്ഷേപിച്ചുകഴിഞ്ഞിട്ടില്ലാത്ത കരുതൽ ധനമെല്ലാം സെൻട്രൽബാങ്കിൽ നിക്ഷേപിക്കുക.

(൧) ഇതിനുമുമ്പതന്നെ സെൻട്രൽബാങ്കിൻെറ 'അംഗങ്ങളല്ലാത്ത സംഘങ്ങൾ ഉടൻതന്നെ സെൻട്രൽബാങ്കിൽ അംഗങ്ങളായി ചേരുക.

(വ) സ്ഥലത്തെ ഐക്യസംഘത്തിൽ അംഗങ്ങളായി ചേരുക

(ൻ) കുടിശ്ശികകൾ ഈടാക്കുന്നതിന് തീവ്രമായും നിരന്തരമായും യത്നിക്കുക.

(൧൦) സിവിൽക്കോടതികളിൽവിധിനടത്തിൽ കിടപ്പുള്ള കേസുകളെ ഡിപ്പാർട്ടുമെൻറിലെ സെയിൽആഫീസറന്മാരെ ഏല്പിച്ചു വിധി നടത്തിക്കുക.

(൧൧) കണക്കുകളും രജിസ്റ്ററുകളും ശരിയായി എഴുതി സൂക്ഷിക്കുകയും ഐക്യസംഘങ്ങൾക്ക് അയക്കേണ്ട മാസാന്ത്യം മുതലായ കണക്കുകൾ സമയം തെറ്റിക്കാതെ അയച്ചുകൊടുക്കുകയും ചെയ്യുക.

(൧൨) ഡിപ്പാർട്ടുമെൻറിലെ നിർദ്ദേശങ്ങളനുസരിച്ച നിബന്ധനകൾ ഭേദപ്പെടുത്തുക.

(൧൩) ഭരണസമിതിയും നിർവാഹകസംഘവും ഇടയ്ക്കിടെ കൂടുകയും പൊതുയോഗങ്ങൾ മാസത്തിലൊരിക്കലല്ലെങ്കിൽ രണ്ടുമാസത്തിലൊരിക്കലെങ്കിലും കൂടുകയും ചെയ്യുക.

(൧൪) സെൻട്രൽബാങ്കിലേക്കോ താലൂക്കബാങ്കിലോ ബാങ്കിംഗ് യൂണിയനിലേക്കോ കൊടുക്കാനുള്ള 'കടംവായ്പ'യുടെ തവണകൾ കണിശമായി അടയ്ക്കുക.

(൧൫) ആഹാരസാധനങ്ങൾ വിതരണം ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന മൊത്തക്കച്ചവടത്തിനോ ചില്ലറക്കച്ചവടത്തിനോ ഉള്ള ലൈസൻസു സമ്പാദിച്ച് സ്റ്റേററേഷനിങ് പദ്ധതിയിൽ പങ്കെടുക്കുക.

(൧൬) സംഘത്തിൻെറ ധനസ്ഥിതിയും സ്ഥലത്തെ ആവശ്യങ്ങളും യോജിച്ച വിധത്തിലുള്ള ധനേതരപ്രവർത്തനങ്ങളിൽ വ്യാപൃതമാവുക.

(൧൭) സംഘത്തിന്റെ ആഫീസിനും പ്രവർത്തനത്തിനുമായി ഒരു സംഘവും കെട്ടിടവും സമ്പാദിക്കുക.

൯. ഇപ്പോൾ പൊതുവെ ജനങ്ങൾക്ക് സഹകരണപ്രസ്ഥാനത്തിൽ വർദ്ധമാനമായ താല്പര്യം ഉണ്ടെന്നുള്ളതിനും, പ്രസ്ഥാനത്തിൽ അന്തർലീനമായിരിക്കുന്ന സാദ്ധ്യതകളെപ്പറ്റി വിശ്വാസമുണ്ടെന്നുള്ളതിനും ധാരാളം ലക്ഷ്യങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. സംഘപ്രവർത്തനം അഭിവൃദ്ധിപ്പെടുത്തുന്നതിനും, ധനേതരപ്രവൃത്തികൾ വിപുലമാക്കുന്നതിനും ഇന്നത്തെ സ്ഥിതിഗതികൾ ഏറ്റവും അനുകൂലതരമായിരിക്കുന്നു. യുദ്ധാനന്തരലോകത്തിൽ ജനങ്ങളുടെ സാമ്പത്തികാഭിവൃദ്ധിയെ പുനസ്സംവിധാനം ചെയ്തു പുനരുദ്ധരിക്കുന്ന വിഷയത്തിൽ സഹകരണപ്രസ്ഥാനത്തിന് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടെന്നുള്ളത് നിസ്തർക്കമായ സംഗതിയാകുന്നു. സംഘങ്ങൾ അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാത്തപക്ഷം, യുദ്ധാനന്തരപരിതഃസ്ഥിതികളിൽ ലഭ്യമാകാവുന്ന സൌകര്യങ്ങളെ ശരിയായി പ്രയോജനപ്പെടുത്തുവാൻ സാധിക്കാതെ വരാനിടയുണ്ട്. ഭാവിയിലെ വിജയം സഹകരണസംഘങ്ങളുടെ ഇന്നത്തെ കമ്മിററികളേയും ഐക്യസംഘങ്ങളേയും ആശ്രയിച്ചിരിക്കുന്നു. ഓരോ കമ്മിററിയും പ്രാദേശികസ്ഥിതികൾക്കനുരൂപമായ വിധത്തിൽ സൃഷ്ടിപരമായ പ്രവർത്തനം ആരംഭിക്കേണ്ടതു് അത്യന്താപേക്ഷിതവും, അവശ്യം കർത്തവ്യവുമാകുന്നു. പ്രവർത്തനപരിപാടികളിൽ ദീർഘകാലികങ്ങളും അല്പകാലികങ്ങളും ആയ പദ്ധതികൾ ഉണ്ടായിരിക്കണം. ൧൧൧൯ മീനമാസാവസാനത്തിനുമുമ്പ് ഓരോ സംഘവും മേൽ പറഞ്ഞ സംഗതികൾക്കു സജ്ജീകരിക്കുന്ന കാര്യപരിപാടിയും സാധിച്ച സംഗതികളും അടങ്ങിയ സംക്ഷിപ്തവും കാര്യമാത്രപ്രസക്തവുമായ റിപ്പോർട്ടുകൾ രജിസ്ട്രാർക്ക് അയച്ചുകൊടുക്കുന്നതു് പ്രയോജനകരമായിരിക്കും.

൧൦. ഈ പ്രവർത്തനങ്ങളോട് അനുബന്ധിച്ചുതന്നെ, സമുദായസേവനമനുഷ്ഠിക്കുവാൻ സംഘങ്ങൾക്ക് വേറെ ഒരു രംഗം തുറന്നു കിട്ടിയിരിക്കുന്നു. സംസ്ഥാനമൊട്ടുക്ക് ആഹാരസാധനങ്ങളുടെ സമ്പൂർണ്ണറേഷനിംഗ് താമസംവിനാ നടപ്പിലാകുന്നതാണ്. മൊത്തക്കച്ചവടത്തിനും ചില്ലറക്കച്ചവടത്തിനും ആവശ്യമായ ലൈസൻസുകൾ എടുക്കുന്നതിന് മുൻ പ്രസ്താവിച്ച പുനരുദ്ധാരണജോലികൾക്കുപുറമേ ഈ ജോലികൂടി വിജയകരമായി നിർവഹിക്കുന്നതിലേക്ക് സർവയത്നങ്ങളും ചെയ്യേണ്ടതാണെന്ന് ആഹ്വാനരൂപത്തിലുള്ള സർക്കുലർകൾ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർക്കും ഐക്യസംഘങ്ങൾക്കും അയച്ചിട്ടുണ്ട്. തലസ്ഥാനനഗരിയിൽ ൧൧൧൯ ധനു ൧൫-ാം മുതൽ

ആരംഭിച്ച റേഷനിംഗ് പദ്ധതിയിൽ സ്വമേധയുള്ള സഹകരണം കൂടിച്ചതിന്റെ ഫലമായി സംഘങ്ങൾക്കു സാരമായ ഒരു പങ്കു ലഭിച്ചുകഴിഞ്ഞിരിക്കുന്നു. തിരുവിതാംകൂറിലെ മററു ഭാഗങ്ങളിൽ അനേകം സംഘങ്ങൾക്ക് വിതരണജോലികളിൽ ധാരാളം പരിചയം സിദ്ധിച്ചിരിക്കുന്നതുകൊണ്ട്, പുതിയ വ്യവസ്ഥ അനുസരിച്ച് റേഷനിംഗ് ആരംഭിക്കുമ്പോഴും, വിജയകരമായി പ്രവർത്തിക്കാൻ അവർക്ക് എളുപ്പത്തിൽ സാധിക്കും. എല്ലാ സംഘങ്ങളും ഈ പദ്ധതി അനുസരിച്ചുള്ള ജോലികൾ കൃത്യമായും കണിശമായും നടത്തുമെന്നു വിശ്വസിക്കുന്നു.

൬൬. സംഘങ്ങൾ മുഖാന്തിരം തുൽവിതരണം നടത്തുന്നതിന് വേണ്ട ഏർപ്പാടുകൾ പൂർത്തിയായി വരുന്നു. സഹകരണസംഘങ്ങൾ തുൽവിതരണത്തിൽ മുഖ്യ ഏജൻസികളായി പ്രവർത്തിക്കണമെന്ന് ഗവൺമെൻറു തീർച്ചപ്പെടുത്തിയിരിക്കുന്നതു കുറവും പരിതാപജനകമത്രെ. ഇതുപോലെതന്നെ സഹകരണസംഘങ്ങൾക്കു "സ്റ്റാൻഡേഡ്" തുണിവിതരണത്തിലും ഒരു പ്രധാന പങ്കു ലഭിക്കുമെന്നു ആശിക്കാം. ഈ പറഞ്ഞ സംഭവവികാസങ്ങൾ പര്യാലോചിക്കുമ്പോൾ, ഓരോ സംഘത്തിന്റേയും ആഭ്യന്തരപ്രവർത്തനങ്ങളിൽ ഒരു സമഗ്ര പരിവർത്തനം അത്യന്താപേക്ഷിതമായിരിക്കുന്നു.

ഈ സർക്കുലറിന്റെ പരമോദ്ദേശം ഈ ആവശ്യത്തിന്റെ പ്രാധാന്യത്തെ ശക്തിമത്തായി ചൂണ്ടിക്കാണിക്കുകയും, ഓരോ സംഘവും മററു സംഘങ്ങൾക്കു മാതൃകയായിത്തീരത്തക്കവണ്ണം ഒരു പ്രവർത്തനപരിപാടി രൂപീകരിച്ച് പ്രവർത്തിക്കണമെന്ന് ഉൽബോധിപ്പിക്കുകയും ആകുന്നു.

൧൭. രാഷ്ട്രീയ കാര്യങ്ങൾ.

ചട്ടം. ൪൧

രാഷ്ട്രീയമോ മതപരമോ ആയ തർക്കവിഷയങ്ങളിൽ സംഘങ്ങളെ ഇടപെടുത്താൻ പാടില്ലെന്ന്.

൪൧. രാഷ്ട്രീയമോ മതപരമോ ആയ സ്വഭാവത്തിലുള്ളതും തർക്കവിഷയവുമായ അഭിപ്രായങ്ങളുടെ വാദപ്രതിവാദത്തിലോ പ്രചരണത്തിലോ സംഘത്തിലോ സംഘത്തിനെ ഏർപ്പെടുത്തുന്ന യാതൊരു നടപടിയും യാതൊരു സംഘവും ചെയ്യാൻ പാടില്ലാത്തതും രജിസ്ട്രാർ തന്റെ അഭിപ്രായത്തിൽ ആ സ്വഭാവത്തിലുള്ള വല്ല നടപടിയേയും തടയുകയോ വല്ല പ്രമേയത്തേയും റദ്ദാക്കുകയോ ചെയ്യാവുന്നതുമാണ്.

സർക്കുലർ ൧൭ വൃ.

പരിഷ്കരിച്ച നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ സമാഗതമാകുന്നതോടുകൂടി, പല പരസ്പരസഹായസംഘങ്ങളും പ്രത്യക്ഷമായും പരോക്ഷമായും അതിൽ പങ്കെടുക്കുന്നു എന്നു ഇവിടെ അറിവുകിട്ടിയിരിക്കുന്നു. അംഗങ്ങളുടെ സാമ്പത്തികമായ ഉന്നമനത്തെ ലാക്കാക്കി പ്രവർത്തിക്കുക എന്നുള്ളതാണ് സംഘങ്ങളുടെ പ്രധാന ഉദ്ദേശ്യം. രാഷ്ട്രീയങ്ങളായ സംരംഭങ്ങളിൽ ഏർപ്പെട്ടു, സംഘാംഗങ്ങൾ തമ്മിലുള്ള ഐകമത്യത്തേയും ഇതുവരെയുള്ള പ്രവർത്തനശാന്തതയേയും നശിപ്പിക്കുന്നതു തീരെ ആശാസ്യമല്ല. ധനസംബന്ധമായ വൈഷമ്യംകൊണ്ടും കാലസ്ഥിതിയുടെ കർക്കശതകൊണ്ടും രാജ്യം ആകപ്പാടെ ക്ലേശിക്കുന്ന ഈ അവസരം പരസ്പരസഹായസംഘങ്ങൾക്ക് പ്രത്യേകിച്ചും വളരെ ആപൽക്കരമായ ഒരു ഘട്ടമാണ്. സംഘോദ്ദേശങ്ങളിൽനിന്നും അണുമാത്രമെങ്കിലും വ്യതിചലിക്കാതെ, പ്രവർത്തനത്തിന്റെ ഐകരൂപ്യത്തിൽ ദൃഷ്ടിവെച്ച്, പരസ്പരമുള്ള സഹകരണബന്ധത്തെ സുദൃഢമാക്കുകയാണു ഇപ്പോൾ അത്യന്താപേക്ഷിതമായിരിക്കുന്നതു്. അതിനുപകരം, പൊതുവായ യാതൊരു ആവശ്യവും ഇല്ലാതെ, തെരഞ്ഞെടുപ്പുകളിൽ കക്ഷിപിടിച്ചു, മത്സരവും ഭിന്നിപ്പും ആഭ്യന്തരകലഹങ്ങളും വർദ്ധിപ്പിക്കുന്നതു സഹകരണപ്രസ്ഥാനത്തിന്റെ പുരോഗതിക്കോ സംഘങ്ങളുടെ ശ്രേയസ്സിനൊ പര്യാപ്തമായതല്ല. സംഘങ്ങൾ അവയുടെ പ്രവർത്തനപരിധിയിലുൾപ്പെടാത്ത സകല കാര്യങ്ങളിൽനിന്നും ഒഴിഞ്ഞുമാറി നിൽക്കേണ്ടതാണ്. പരസ്പരസഹായസംഘങ്ങൾ രാഷ്ട്രീയങ്ങളായ യാതൊരു സംരംഭങ്ങളിലും ഏർപ്പെടുകയൊ, തെരഞ്ഞെടുപ്പിൽ പങ്കെടുക്കുകയൊ, പ്രചരണവേല നടത്തുകയൊ, ഏതെങ്കിലും സ്ഥാനാർത്ഥിയെ സഹായിക്കുന്നതിനുവേണ്ടി നിശ്ചയങ്ങൾ പാസാക്കുകയൊ, മറ്റുതരത്തിൽ സംഘത്തിന്റെ പ്രഖ്യാപിതോദ്ദേശ്യങ്ങൾക്കു വിപരീതമായി പ്രവർത്തിക്കുകയൊ ചെയ്യുവാൻ പാടുള്ളതല്ല. സംഘാംഗങ്ങളുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തെ ഈ സർക്കുലർ തടയുന്നതല്ലാ.

൭൩. വിതരണസംഘങ്ങൾ.

സർക്കുലർ ൨ വൃ.

൧൦വൃൻ-മാണ്ടത്തെ ൧൦-ാം റെഗുലേഷൻപ്രകാരം രജിസ്ത്രാക്കപ്പെട്ടിട്ടുള്ള പരസ്പരസഹായസംഘങ്ങളിൽ വിതരണസംഘങ്ങൾക്കു മാത്രം ഗവർമ്മെന്റിൽനിന്നും വില്ക്കുന്ന നെല്ലു, അരി മുതലായവയും സിവിൽ സപ്ലൈ ഡയറക്ടരാൽ നിയോഗിക്കപ്പെട്ടിട്ടുള്ള ഡിസ്ട്രിബ്യൂട്ടിങ്

ആഫീസർമാരോടു (Distributing officer) അപേക്ഷിക്കാൻ അവകാശം ഉണ്ടെന്നും, അവയ്ക്കുമാത്രം കൊടുക്കുന്നതാണെന്നും എഴുതിവന്നതിനാൽ വിവരം തെര്യപ്പെടുത്തിയിരിക്കുന്നു.

സർക്കുലർ ൧ ൧൦.

൨ ൦ ൩ ൧-ാം നമ്പരായി ഒരു പരസ്പരസഹായമാർക്കറ്റിംഗ് സംഘം കൊല്ലത്തു രജിസ്റ്റർചെയ്യിട്ടുള്ളതു് എല്ലാ സഹകാരികളും അറിഞ്ഞിരിക്കുമല്ലോ. ഈ സംഘത്തിന്റെ പ്രയോഗമനത്തിനു സംസ്ഥാനത്തിലുള്ള എല്ലാ സംഘങ്ങളുടെയും സഹകരണം അത്യന്താപേക്ഷിതമാണ്. ധനേതരസംഘങ്ങൾ അവയുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും കെട്ടുതങ്ങുന്നിക്ഷേപം ഉള്ള മററു സംഘങ്ങൾ അവയുടെ നാളികേരങ്ങൾ ചിലവാക്കുന്നതിനും ഈ സംഘം മുഖാന്തിരം ഏർപ്പാടുകൾ ചെയ്യുന്നതു ഉത്തമമായിരിക്കും. തൻമൂലം കോവാപ്പറേറ്റീവു മാർക്കറ്റിംഗ് കൊണ്ടുണ്ടാകാവുന്ന ഗുണങ്ങൾ നമ്മുടെ സഹകരണസംഘങ്ങൾക്കു ലഭിക്കുന്നതും അതു പ്രസ്ഥാനത്തിന്റെ വളർച്ചയെ സഹായിക്കുന്നതുമാണ്. അതിനാൽ എല്ലാ സംഘങ്ങളും മാർക്കററിംഗുസംഘവുമായി സഹകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊള്ളുന്നു.

സർക്കുലർ ൧൧൨.

തിരുവിതാംകൂറിലെ മുട്ടവ്യവസായത്തെ സംഘടിപ്പിക്കുന്നതിനും മുട്ടകൾ ശേഖരിച്ചു തരം തിരിച്ചു ആദായകരമായ വിലക്കു വില്പ്പിക്കുന്നതിലേക്കമായി ഇൻഡ്യാ ഗവണ്മെൻറിന്റെ മാർക്കററിംഗ് ഡിപ്പാർട്ടുമെൻറിന്റെ സഹായത്തോടുകൂടി ഒരു "എഗ് ഗ്രേഡിംഗ് സ്റ്റേഷൻ" ആദ്യം കൊട്ടാരക്കരെ സ്ഥാപിക്കയും, ഇപ്പോൾ അതു് ചെങ്ങന്നൂർക്കു മാററുകയും ചെയ്യിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ ഗുണങ്ങൾ സഹകരണസംഘങ്ങൾകൂടി അനുഭവിക്കുന്നതു ഏററവും ഉപയോഗപ്രദമായിരിക്കും. സംഘങ്ങൾ മുഖാന്തിരം മുട്ട ശേഖരിച്ചു ചെങ്ങന്നൂരിലുള്ള ഗ്രേഡിംഗ്സ്റ്റേഷന്റെ ചാർജ് വഹിക്കുന്ന മിസ്റ്റർ ഉണ്ണുണ്ണിക്കു അയച്ചുകൊടുക്കുന്നപക്ഷം അവിടെ മുട്ടകൾ തരംതിരിച്ചു അന്യസ്ഥലങ്ങളിലേക്കു അയച്ചു വില്പ്പന നടത്തുന്നതിനു സഹായിക്കുന്നതാണെന്നു കൃഷി ഡിപ്പാർട്ടുമെൻറിൽനിന്നും ഇവിടെ അറിയിച്ചിരിക്കുന്നു. മുട്ടകൾ വിലക്കു എടുക്കുന്നതിനും മിസ്റ്റർ ഉണ്ണുണ്ണി സന്നദ്ധനാണെന്നു അറിയിച്ചിട്ടുണ്ട്. ഇപ്പോൾ സംഘങ്ങൾ ഈ വ്യവസായത്തിൽ പ്രവേശിച്ചിട്ടില്ലെങ്കിലും ഇക്കാര്യത്തെപ്പററി

ആലോചിച്ചു കാര്യക്ഷമമായ ജോലി തുടങ്ങുന്നത് ഉപയോഗകരമായിരിക്കുന്നതാണ്. അതിനാൽ സംഘങ്ങൾ മുട്ടശേഖരണത്തിൽ താല്പര്യം പ്രദർശിപ്പിക്കുകയും ചെങ്ങന്നൂരിലുള്ള എഗ് ഗ്രേഡിംഗ് സ്റ്റേഷനുമായി സഹകരിച്ചു മുട്ടശേഖരണവും വില്പനയും നടത്തുന്നതിനു സന്നദ്ധമാകണമെന്നും താല്പര്യപ്പെടുന്നു.

ഈ ജോലി ആരംഭിക്കുന്ന സംഘങ്ങൾ ഈ ആഫീസിലേക്കും അവ ചെയ്യുന്ന പ്രവൃത്തിയെപ്പറ്റി റിപ്പോർട്ടുകൾ അയക്കണമെന്നു അപേക്ഷിക്കുന്നു.

സർക്കുലർ ൨൦ നു.

൧൧൨൩൪-ാം നമ്പർ ആലപ്പുഴ സെൻട്രൽപ്രൊഡ്യൂസ് സൊസൈററി (ക്ലിപ്തം) ൧൦-൧൧൨൭-ൽ ജോലി ആരംഭിച്ചിരിക്കുന്ന വിവരം സംഘങ്ങളെ അറിയിച്ചുകൊള്ളുന്നു. സംഘജോലികൾ നടത്തുന്നതിലേക്കു ഒരു കമ്മിറ്റിയെ തല്ക്കാലം നിയമിച്ചിട്ടുണ്ടു. കമ്മിററിയുടെ പ്രസിഡൻറു ഡാക്ടർ കെ. പി. പണിക്കരും സെക്രട്ടറി വടക്കൻ ഡിവിഷനിലെ ധനേതരസംഘം ഇൻസ്പെക്ടരും ആകുന്നു. സെൻട്രൽ പ്രൊഡ്യൂസ് സംഘത്തിൻെറ വിജയകരമായ പ്രവർത്തനത്തിനു അത്യന്താപേക്ഷിതമായിരിക്കുന്നതു ഗണ്യമായ ഒരു മൂലധനമാണ്. സംസ്ഥാനത്തുള്ള സംഘങ്ങൾ യഥേഷ്ടം ഓഹരികൾ എടുത്തു അംഗമായി ചേരുകയാണെങ്കിൽ മാത്രമേ ആവശ്യമുള്ള ഓഹരി മൂലധനം പിരിച്ചെടുക്കുവാൻ സാദ്ധ്യമാകുകയുള്ളു. സംഘത്തിൻെറ ജോലി ആരംഭിച്ച ദിവസം തന്നെ ഏകദേശം മുപ്പതോളം സംഘങ്ങൾ ഓഹരി എടുത്തു അംഗങ്ങളായി ചേരുകയും ഉദ്ദേശം മുന്നൂറു രൂപയോളം പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെ തുടർന്നു ഓരോ താലൂക്കിലുമുള്ള സംഘങ്ങൾ ഓഹരികൾ എടുക്കേണ്ടതു് അത്യാവശ്യമായിരിക്കുന്നു. സംഘങ്ങളുടെ ഏകോപിച്ചുള്ള സഹകരണംകൊണ്ടു ഗണ്യമായ ഒരു തുക മൂലധനമായി പിരിഞ്ഞു കിട്ടിയാൽ ഉടൻ സെൻട്രൽ സംഘത്തിൻെറ ശരിയായ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

സഹകരണ പ്രസ്ഥാനത്തിൻെറ ഭാവിയിലെ കാര്യക്ഷമമായ പുരോഗമനത്തിനു ധനേതര പ്രവൃത്തികൾക്കുള്ള പ്രാധാന്യം ഇപ്പോൾ സംഘങ്ങളും സഹകാരികളും മനസ്സിലാക്കിയിരിക്കുമെന്നു വിശ്വസിക്കുന്നു. കർഷകരായ അംഗങ്ങളുടെ ഉല്പന്നങ്ങൾ ശേഖരിച്ച് ഏജ

ൻസി വ്യവസ്ഥയിലും നേരിട്ടും വില്പന നടത്തുന്ന സഹകരണ മാർക്കറ്റിംഗ് പദ്ധതി ഉടനടി നടപ്പിൽ വരുത്തിയാൽ മാത്രമേ പ്രസ്ഥാനം വേണ്ടവിധം പ്രയോജനകരമായി തീരുന്നതിനിടയുള്ളു. ഈ ഉദ്ദേശസാദ്ധ്യത്തിലേക്കായിട്ടാണ് സെൻട്രൽ പ്രാഡ്യൂസ് സംഘം ഇപ്പോൾ തീവ്രമായ ശ്രമം ആരംഭിച്ചിരിക്കുന്നത്. സംഘങ്ങളുടെ ഹാർദ്ദമായ സഹകരണം ഇതിലേക്ക് ഏററവും അത്യാവശ്യമായിരിക്കുന്നതിനാൽ എല്ലാ സംഘങ്ങളും ഓഹരികൾ എടുത്ത് സെൻട്രൽ സംഘത്തിൽ ചേരുകയും ഉല്പന്നങ്ങൾ ശേഖരിച്ച് മൊത്തമായി സെൻട്രൽ സംഘത്തിനു അയച്ചുകൊടുക്കുന്നതിൽ താല്പര്യം പ്രദർശിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഓഹരി ഒന്നിനു ഒരു രൂപാ വീതമുള്ള പ്രവേശനഫീസും ആദ്യത്തെ തവണ പത്തു രൂപയും സംഘങ്ങൾ ചേരുമ്പോൾ അടക്കേണ്ടതാണ്. അതിപ്രധാനമായ ഈ കർത്തവ്യം നിർവഹിക്കുന്ന കാര്യത്തിൽ സംഘങ്ങൾ പ്രത്യേകം ജാഗ്രത കാണിക്കുമെന്നു പ്രതീക്ഷിക്കുന്നു. സെൻട്രൽ സംഘത്തിന്റെ നിബന്ധനകൾ ഭേദപ്പെടുത്തി രജിസ്റ്റർ ചെയ്യുന്ന കാര്യം ആലോചനയിൽ ഇരിക്കുന്നു. ഭേദഗതി രജിസ്റ്റർ ചെയ്താലുടൻ സംഘങ്ങളുടെ അറിവിലേക്കായി നിബന്ധനകൾ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. കൂടുതൽ വല്ല വിവരങ്ങളും അറിയണമെന്നാഗ്രഹമുള്ളവർ നേരിട്ട് സംഘം സെക്രട്ടറിക്ക് അപേക്ഷിക്കേണ്ടതാകുന്നു.

സർക്കുലർ ൨൦൬.

൧൪൬൪-ാംനമ്പർ ആലപ്പുഴ ഹോംസെയിൽസ് പരസ്പര സഹായസംഘം (ക്ളിപ്തം) ജോലി ആരംഭിച്ച വിവരവും അതിൽ യഥേഷ്ടം ഓഹരികൾ എടുത്തു സംഘങ്ങൾ അംഗങ്ങളായി ചേർന്നും മററു വിധത്തിലും അതിന്റെ പ്രവർത്തനത്തെ പോഷിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിച്ചും ഈ ഡിപ്പാർട്ടുമെൻറിൽ നിന്നും ൨൦൬-ാംനമ്പർ സർക്കുലർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാലേക്ക സംഘങ്ങളുടേയും സഹകാരികളുടേയും, ശ്രദ്ധയെ വീണ്ടും ക്ഷണിച്ചുകൊള്ളുന്നു. "ഹോംസെയിൽസ്" സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിലേക്ക ഗവണ്മെൻറിൽനിന്നും ഒരു പ്രത്യേക ഇൻസ്പെക്ടരേയും പ്രതിവർഷം ൨൫൦൦ രൂപ ധനസഹായവും അനുവദിക്കുകയും സംഘം ഊർജ്ജിതമായ പ്രാരംഭജോലികൾ ആലപ്പുഴ പട്ടണത്തിൽ ആരംഭിക്കുകയും ചെയ്തിരിക്കുന്നു. സംസ്ഥാനത്തിലെ സംഘ

കരണപ്രസ്ഥാനം ധനോതരമാറ്റത്തിലൂടെ അഭിവൃദ്ധി പ്രാപിക്കണമെങ്കിൽ കർഷകരായ സഹകാരികളുടെ ഉല്പന്നങ്ങൾ സഹകരണരീത്യാ ശേഖരിച്ചു വില്പന നടത്തേണ്ടിയിരിക്കുന്നു. ഹോൾസെയിൽ സംഘത്തിന്റെ ഉദ്ദേശ്യം സംഘങ്ങളെ ഈ അതിപ്രധാനമായ കാര്യനിർവഹണത്തിൽ സഹായിക്കുക എന്നതുകൂടിയാണ്.

ആലപ്പുഴയിൽ കേന്ദ്രമായി സ്ഥാപിച്ചിരിക്കുന്ന സഹകരണ ഹോൾസെയിൽസംഘം വ്യാപാരികളുമായി കിടനിൽക്കണമെങ്കിൽ അതിനു മതിയായ ധനസ്ഥിതി അപരിത്യാജ്യമാണ്. സഹകരണ സംഘങ്ങളുടെ പിൻബലത്തെ മാത്രമേ ഇപ്പോൾ ആശ്രയിക്കുവാൻ നിർവാഹമുള്ളൂ. ആവശ്യമുള്ള മൂലധനം ശേഖരിക്കുന്ന കാര്യത്തിൽ ഓരോ സംഘവും ഹോൾസെയിൽ സംഘത്തെ ആത്മാർത്ഥമായി സഹായിക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്തുള്ള എല്ലാ സംഘങ്ങളും ഓഹരികൾ എടുത്തു ഹോൾസെയിൽ സംഘത്തിൽ അംഗങ്ങളായി ചേരണമെന്നും താലൂക്കു ബാങ്കുകൾ, ഐക്യസംഘങ്ങൾ, പ്രാഥമികസംഘങ്ങൾ എന്നിവ ഇക്കാര്യത്തിൽ ജാഗ്രതയോടുകൂടി പ്രവർത്തിക്കണമെന്നും താല്പര്യപ്പെടുന്നു. ഇൻസ്പെക്ടറന്മാരും ഈ വിഷയത്തിൽ കഴിവുള്ള എല്ലാ പ്രചരണങ്ങളും നടത്തുകയും കൂടുതൽ സംഘങ്ങളെ ഹോൾസെയിൽസംഘത്തിൽ അംഗങ്ങളായി ചേർക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. ഹോൾസെയിൽ സംഘത്തിന്റെ പ്രവർത്തനം ശരിയായവിധം പുഷ്ടിപ്പെടുത്തേണ്ടതു സംസ്ഥാനത്തുള്ള എല്ലാ സംഘങ്ങളുടെയും ഡിപ്പാർട്ടുമെന്റിന്റെയും അഭിമാനത്തിനും കർത്തവ്യബോധത്തിനും അത്യന്താപേക്ഷിതമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

സർക്കുലർ ഫ.ന. ൯.

ഈ ആഫീസിൽനിന്നും അയച്ചിട്ടുള്ള ഫ. ൦ ൮-ാംനമ്പർ സർക്കുലറിൽ എല്ലാ സംഘങ്ങളും ഫ വ്യന്ദ ർ-ാം നമ്പർ തിരുവിതാംകൂർ ഹോൾസെയിൽ പരസ്പരസഹായസംഘ (ക്ലിപ്തം) (ആലപ്പുഴ)ത്തിൽ ഓഹരികൾ എടുത്തും മററും സഹായിക്കണമെന്നാവശ്യപ്പെട്ടിരുന്നു. എന്നാൽ സംഘങ്ങളുടെ ആത്മാർത്ഥമായ സഹകരണത്തിന്റെ അഭാവംനിമിത്തം "ഹോൾസെയിൽ" സംഘത്തിന് ശരിയായ പുരോഗതി ഉണ്ടാകാതെയിരിക്കുന്നു. മേലാൽ ഈ സ്ഥിതി തുടരാൻ അനുവദിക്കത്തക്കതല്ല. ഓരോ താലൂക്കിൽനിന്നും ധാരാളം സംഘങ്ങൾ ഓഹരി

കരം ചേൻ ഹോർസെയിൽ സംഘത്തെ പോഷിപ്പിക്കുന്നതിന് ഉടനടി ശ്രമിക്കണം. രണ്ടാമതായി, സംഘങ്ങൾ കാർഷികോല്പന്നങ്ങൾ (തേങ്ങാ, കൊപ്ര, മലഞ്ചരക്കുകൾ മുതലായവ) ശേഖരിച്ച് ഹോർസെയിൽ സംഘം മുഖാന്തിരം വിററഴിക്കുവാൻ ഏർപ്പാടുചെയ്യേണ്ടതാണ്. ധനസഹായസംഘങ്ങൾതന്നെ ഇമ്മാതിരി ധനേതരപ്രവൃത്തികൾകൂടി ആരംഭിക്കുന്നതു് ഏററവും നന്നായിരിക്കും. കെട്ടുതേങ്ങ നിക്ഷേപ ഏർപ്പാട് നടപ്പിലാക്കിയിട്ടുള്ള മദ്ധ്യതിരുവിതാംകൂറിലെയും ഉത്തരതിരുവിതാംകൂറിലെയും സംഘങ്ങൾ കഴിവുള്ളിടത്തോളം ഹോർസെയിൽ സംഘം മുഖേന കൊപ്രാ, തേങ്ങാ മുതലായവ വിററഴിക്കുവാൻ ഉററു ശ്രമിക്കണമെന്നു പ്രത്യേകം താല്പര്യപ്പെടുന്നു. മീനച്ചൽ, മൂവാററുപുഴ, തൊടുപുഴ തുടങ്ങിയ താലൂക്കുകളിൽനിന്നും ശേഖരിക്കാവുന്ന മലഞ്ചരക്കുകൾ അവിടെയുള്ള സംഘങ്ങൾ മുഖാന്തിരം ശേഖരിച്ചു ഹോർസെയിൽ സംഘം മുഖാന്തിരം വ്യാപാരം നടത്തേണ്ടതാണ്.

ഓരോ താലൂക്കിൽനിന്നും രണ്ടു സംഘങ്ങൾ വീതമെങ്കിലും മേൽപ്പറഞ്ഞ രീതിയിലുള്ള ഉല്പന്നശേഖരണവും വില്പനയും ആരംഭിക്കുവാൻ ഹോർസെയിൽ സംഘവുമായി ഉടനടി ഏർപ്പാടുകൾ ആരംഭിക്കേണ്ടതാണ്. ഐക്യസംഘങ്ങൾ അവയുടെ നിലനില്പിനെ ന്യായീകരിക്കണമെങ്കിൽ ഇപ്രകാരമുള്ള പ്രവൃത്തികൾ ചില സംഘങ്ങളെക്കൊണ്ടെങ്കിലും ആരംഭിപ്പിക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണ്. ഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടർമാരും ഇക്കാര്യത്തിൽ ജാഗരൂകമായ ശ്രദ്ധ പതിപ്പിക്കണം. ഓരോ സർക്കിളിൽനിന്നും രണ്ടു സംഘങ്ങൾ വീതമെങ്കിലും ഹോർസെയിൽ സംഘവുമായി വ്യാപാരപരമായി ബന്ധിപ്പിക്കുവാൻ ഉററു ശ്രമിക്കേണ്ടതാണ്. ആറുമാസത്തിനകം ഇക്കാര്യങ്ങളിൽ ഉണ്ടാകുന്ന യഥാർത്ഥ പുരോഗതി എത്രമാത്രമുണ്ടെന്നു പ്രത്യേകം ചർച്ചചെയ്യുന്നതായിരിക്കും.

സക്കുലർ വർമ്പ.

സംസ്ഥാനത്തു പ്രവർത്തനം നടത്തുന്ന വിതരണസംഘങ്ങൾ (store societies) അവയുടെ കാര്യക്ഷമമായ നടത്തിപ്പിനു പര്യാപ്തമായ ചില കാര്യങ്ങൾ ഉടനടി നടപ്പിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു. എല്ലാ സ്റ്റോർസംഘങ്ങളും വിതരണശാല ആരംഭിച്ചിട്ടുള്ള ഇതരസംഘങ്ങളും ഉടൻതന്നെ താഴെപറയുന്ന കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(൧) നിബന്ധനപ്രകാരം അനുവദിച്ചിട്ടുള്ളതിൽ കൂടുതലായ നീക്കിയിരിപ്പു തുകകൾ കൈവശം വച്ചുകൊണ്ടിരിക്കാൻ പാടില്ല. അതിൽ കൂടുതൽ വരുന്ന സംഖ്യ അപ്പഴപ്പോൾ ബാങ്കിൽ നിക്ഷേപിക്കണം.

(൨) പണച്ചുമതലക്കാരനായ സ്റ്റോർകീപ്പറൊ, ക്യാഷിയറൊ, സിക്രട്ടറിയൊ, മെജാൻജിയൊ ആരായാലും അവർ തക്കതായ ജാമ്യം നൾകേണ്ടതാണ്. സാമാന്യം വ്യാപാരമുള്ള ഒരു സ്റ്റോറിലെ പണച്ചുമതലക്കാരൻ (അതായതു പ്രതിമാസം ൩൦൦ രൂപയോളം വില്പന നടത്തുന്ന ഒരു സ്റ്റോർ സംഘത്തിലെ ചുമതലക്കാരൻ) നൂററിഅമ്പതു രൂപയുടെ ക്യാഷ്സെക്യൂരിറ്റിയും ൩൫൦ രൂപയുടെ മുൻബാദ്ധ്യതയില്ലാത്ത വസ്തുജാമ്യവും (അങ്ങനെ ൫൦൦ രൂപയുടെ ജാമ്യം) സംഘത്തിലേക്കു നൾകേണ്ടതാണ്.

(൩) ഓരോ സ്റ്റോർസംഘത്തിന്റെയും വ്യാപാരത്തിന്റെ തോതനുസരിച്ചു വാങ്ങേണ്ട ജാമ്യത്തുക കമ്മിററിക്കാർ നിശ്ചയിച്ചു ഈ ആഫീസിലെ മുൻ അനുവാദം വാങ്ങിക്കൊള്ളേണ്ടതാകുന്നു.

(൪) ഓരോ സ്റ്റോർസംഘവും കഴിവുള്ളിടത്തോളം സ്വദേശത്തു ഉല്പാദനം ചെയ്യുന്ന സാധനങ്ങളെ ക്രയവിക്രയം ചെയ്യുവാൻ ശ്രദ്ധിക്കണം.

(൫) സ്റ്റാക്കരജിസ്റ്റർ എഴുതി ശരിയായ രീതിയിൽ സൂക്ഷിക്കണം. ഇക്കാര്യത്തിൽ സ്ഥലം ഇൻസ്പെക്ടരുടെ നിർദ്ദേശപ്രകാരം പ്രവർത്തിക്കണം.

(൬) കമ്മിററിക്കാർ മൂന്നുമാസത്തിലൊരിക്കൽ ഇരിപ്പുസ്റ്റാക്ക് തിട്ടപ്പെടുത്തേണ്ടതാണ്.

(൭) ഓരോ ദിവസത്തെയും വിലവിവരപ്പട്ടിക തയാറാക്കി സ്റ്റോറിന്റെ ഒരു പ്രധാന ഭാഗത്തു തൂക്കിയിട്ടിരിക്കണം.

(൮) എല്ലാ വില്പനയ്ക്കും സെയിൽമെമ്മൊ (വില്പനചീട്ടു) എഴുതിയിരിക്കണം.

(൯) അതതുദിവസത്തെ വ്യാപാരത്തിന്റെ കണക്കുകൾ അന്നുതന്നെ എഴുതിത്തീർത്തു നീക്കിയിരിപ്പുവച്ചു നാൾവഴി പൂർത്തിയാക്കിയിരിക്കണം.

മേല്പറഞ്ഞ നിർദ്ദേശങ്ങൾ അനുസരിച്ചു എല്ലാ സംഘങ്ങളും (വിതരണ ശാഖയുള്ള) പ്രവർത്തിക്കേണ്ടതാകുന്നു.

സക്യുലർ ൨൭൦.

എല്ലാ സഹകരണ വിതരണസംഘങ്ങളുടെയും വിതരണ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന മററു ധനസഹായസംഘങ്ങളുടെയും ശ്രദ്ധയെ ൧൧൨൧ ജൂൺമാസം ൨൧-ാംനു-യിലെ ആർ. ഒ. സി. നം ൪/൪൨ സി. എഫ്. എസ്. നോട്ടിഫിക്കേഷൻപ്രകാരമുള്ള ൧൧൧൧-ലെ ഭക്ഷ്യധാന്യനിയന്ത്രണഉത്തരവിലെ വ്യവസ്ഥകളിലേക്ക് ക്ഷണിച്ചുകൊള്ളുന്നു. അതിലെ താല്പര്യം അനുസരിച്ച് ലൈസൻസുകൂടാതെ ആരും ധാന്യങ്ങൾ ക്രയവിക്രയം ചെയ്യുകയോ, ശേഖരിച്ചുവയ്ക്കുകയോ ചെയ്യുന്ന പ്രവൃത്തികളിൽ വ്യാപൃതരാകുവാൻ പാടില്ലാത്തതാണ്. അതിനാൽ ഭക്ഷ്യധാന്യവിതരണത്തിലും ക്രയവിക്രയത്തിലും ശേഖരണത്തിലും ഏർപ്പെട്ടിരിക്കുന്നതും ഏർപ്പെടുവാൻ ഉദ്ദേശിക്കുന്നതും ആയ എല്ലാ സഹകരണസംഘങ്ങളും ടി ഉത്തരവനുസരിച്ചുള്ള ലൈസൻസു വാങ്ങിക്കൊള്ളണം. ലൈസൻസിനുള്ള അപേക്ഷകൾ നിശ്ചിതഫാറത്തിൽ ഭക്ഷ്യധാന്യനിയന്ത്രണ ഉദ്യോഗസ്ഥന് (Food Grains Controller) അയച്ചുകൊടുക്കേണ്ടതാണ്. അപേക്ഷഫാറം ടി ആഫീസിൽനിന്നും ലഭിക്കുന്നതാണ്.

സക്യുലർ ൨൭൧.

At the instance of the Registrar of Co-operative Societies, the City Rationing Officer, Trivandrum, has issued licenses to the following Co-operative Societies to function as Authorised Retail Distributors under the regulations in respect of rationing in the City.

1. The Trivandrum Co-operative Distributive Society Ltd. No. 4, and its branches —License number 1 to 10.
2. The Travancore Brahmanajana Co-operative Society Ltd., No. 478, and its branches—License number 11 to 15.
3. The Trivandrum Hindu Vanitha Co-operative Society Ltd, No. 1704—License number 16.
4. The Travancore Karim Suhrawardy Police Co-operative Society Ltd., No. 2256—License number 17.
5. The State Transport Staff Co-operative Distributive Society Ltd. No. 2192—License number 18.
6. The Vanchiyoor Co-operative Society, No. 1115—License number 19.
7. The Palkulangara Karayogam Co-operative Society, No. 1088 – License number 20.
8. The Manakad Co-operative Society, No. 1192—License number 21.

9. The Kunnukuzhi Nair Co-operative Society, No. 318—License number 22.

10. The Sasthamangalam Co-operative Society, No. 1576—License number 23.

2. The Government have been pleased to exempt Co-operative Societies in the City from the deposit of Rs. 250 ; and permission has also been obtained for the five branches of the Travancore Brahmanajana Co operative Society Ltd. No. 478, and the ten branches of the Trivandrum Co-operative Distributive Society Ltd., No. 4, including in either case the Head Office, to function as separate licensees The Societies have been instructed to canvass and obtain 400 ration cards for each license, and the rationing scheme is to come into force from the 16th December 1945/1st Dhanu 1119.

3. The Travancore Central Co-operative Bank Ltd., of which the Registrar is ex-officio chairman, has sanctioned overdraft accommodation to eight of the above Societies who alone applied for such financial assistance.

4. During the past few months, Societies in all parts of the State have been carrying on, to a greater or less extent, the distribution of controlled articles ; and the opening of stores, branches connected with existing Societies and the organisation of new Stores Societies have been recently a marked feature of the growth of the co-operative movement. Vested interests represented by the middlemen profiteers are unable to realise that Societies take up this work as an item of social service and that profit-making can never be a paramount consideration in the case of Societies. The introduction of rationing in the Capital of the State has afforded an opportunity to select Societies to do this non-credit work of fundamental importance at the present day ; and the success which will attend the efforts of co-operators in Trivandrum in discharging in an organised and satisfactory manner the distribution of rationed food grains to a section of the population of the City will enable the Department to urge the Government to allot a definite and increasing share in such work when, in the near future, rationing is introduced throughout the State. The attainment of success is therefore of vital importance ; and the object of this Circular is to stress that aspect of the matter as well as to draw the pointed attention of those responsible for the management of licensed Societies in Trivandrum to the facts that should be borne in mind in order to avoid complaints from the public and survive the hostility of the professional retail dealer.

5. (i) In the case of the two Societies holding more than one retail license, as well as of others, the main stock periodically released to the Society should be under the control of one or two of the Committee Members or a responsible paid employee with adequate cash securit .

(ii) A register should be maintained of the major stock containing the information indicated below :—

(a) The godown slip with particulars of each consignment received and brought to stock, including the date in each case. Full details should be included as to whether the stock was replenished in a lot or in instalments.

(b) The total should be posted date-war under each article.

(c) The present standard is a bag of 160 pounds of rice. The consignment in each lot should be reweighed; errors in issue should be noted and rectified.

(d) The issue should be made only on indents from the branch, the retailer or the sales clerk, and these indents, which should be in duplicate, should be kept—one by the stock-holder and the other by the person who indents. Scrutiny of indents should be made before issue; and proper accounting for the previous issue insisted on before a fresh supply as per indent is made.

(e) The total of the indents should be posted in the major stock register and the daily balances struck and verified.

(iii) Sale-slips should bear serial numbers. The number of the ration card, the quantities of the various articles supplied and the value received should be noted with initials and dates. It will be an advantage if it be possible to get the counterfoils initialled by the purchaser.

(iv) It is of the utmost importance that unimpeachable evidence of the issue of the quota to ration card holder is maintained by the Society.

(v) A sales clerk and a salesman or measurer, both with appropriate and adequate cash security, may be employed.

(vi) There should besides be a checker, in addition to the sales clerk, to supervise the work of the salesman and this can, in the smaller Societies, be done by a member.

(vii) Every evening, after the sales for the day are completed the sales clerk should furnish a daily statement showing the opening balance, receipts, issues and the closing balance in respect of each article.

(viii) Where book balance and the actual balance do not agree, and there is more than normal deficiency [which should be less than one per cent.], there should be no hesitation to punish those responsible.

(ix) Correct measures and weights should be used; and no room should be given for complaint that the purchaser does not get the correct weight or measure.

(x) The retail selling prices and the hours of business should be prominently exhibited on a notice board. Purchaser should be encouraged to form a queue.

(xi) The daily collection should be remitted, in the case of Societies so financed, into the Central Bank before 12 noon the next day.

(xii) All avoidable leakage should be stopped; unavoidable waste should be minimised; and the utmost care should be taken to see that there is no leakage during the transit from the godown to the Store. Excess, if any, should be brought to stock.

(xiii) The office-bearers of the Society should occasionally make surprise check measurements.

(xiv) An index of the names of ration card-holders with dates of purchase may be maintained to avoid re-issue or duplication.

(xv) The Register in form D and other Registers prescribed by the Rationing Regulations should be maintained.

(xvi) The officers of the Co-operative Department and those under the City Rationing Officer should be expected to inspect the stores, the accounts, registers etc. at any time.

(xvii) The Supervisors of the Central Bank will inspect the sales work and render whatever help is required. A tentative arrangement, as outlined below, will be tried for one month

(a) Supervisor Mr. C. Raman Pillai will supervise T. C. D. S. Ltd., No. 4 [Head Office] and the Vanchiyoor C. S. No. 1115.

(b) Supervisor Mr. V. P. Narayana Panicker will deal with Societies numbers 1704 (Hindu Vanitha), 1576 (Sasthamangalam) and C. S. 318 (Kunnukuzhi).

(c) Supervisor Mr. K. Parameswaran Nair will supervise Societies numbers 1192 (Manakad), 1088 (Palkulangara) and 2192 (State Transport Employees).

(xviii) The officers of the Co-operative Department stationed at Trivandrum will have the various Societies assigned to them for purpose of general supervision as indicated below:—

(a) Inspector Mr. M. K. Nanu Pillai will supervise the Head Office of the T. C. D. S. Ltd., No. 4, branches of the same at Chalai, and Karamana, Police C. S. No. 2256, Manakad C. S. No. 1192, Hindu Vanitha C. S. Ltd.,

No. 1704 and branches of the Brahmanajana C. S. Ltd. No. 478 at Karamana and Chalai.

(b) Auditor Mr. P. K. Krishna Pillai will supervise the branches of T. C. D. S. Ltd., No. 4 at Kaudiar, Thaikad, Sasthamangalam, Poojapura and Pattam, and the Sasthamangalam C. S. No. 1576.

(c) Auditor Mr. K. P. Ramakrishna Pillai will supervise Kunnukuzhi C. S. No. 318, Vanchiyoor C. S. No. 1115, Fort branch of T. C. D. S. Ltd., No. 4, and the branches of C. S. No. 478 at Fort, Pettah and Puthentheruvu.

(d) Liquidation Inspector Mr. K. Vasudevan Pillai, will supervise the Palkulangara C. S. 1088, Transport C. S. 2192 and the Kythamukku branch of T. C. D. S. Ltd., No. 4.

(xix) The Assistant Registrar of Co-operative Societies, Mr. M. S. Anirudhan, and the President of the Trivandrum Union, Mr. V. Achutha Menon, will also be requested to visit the Societies frequently and render any assistance required.

(xx) It is essential that each Society should work out the profit or loss on every individual consignment and take steps to avoid the loss by better management and effective checking of leakage and waste.

(xxi) After the work has proceeded for a fortnight, the possibility of each Society issuing ration cards of its own retaining the cards with them in exchange should be considered. The ration cards are not suitable for punching and would be spoiled by constant handling. Such an arrangement will be most convenient when cardholders require the supply once a week, not less often.

(xxii) The Trivandrum Co-operative Distributive Society Ltd., No. 4 has been doing store business for a long time and has a trained staff. It will be an advantage if one or two members of the Committee of each of the other Societies and the salesman, measurer and checker to be employed by them visit the Head Office of that Society during working hours and gain an insight into the practical working of sales on a large scale. The Secretary to the Society has kindly agreed to this arrangement.

(xxiii) The forms to be used by the Societies have been approved and are being printed by the Trivandrum Taluk Co-operaetive Union Ltd., No. 894.

സക്കുലർ വന്ന ൦.

വിതരണജോലിയിൽ ഏർപ്പെട്ടിട്ടുള്ള സഹകരണസംഘങ്ങൾക്ക കാര്യക്ഷമമായി പ്രവൃത്തനം നടത്തുവാൻ പ്രയോജനപ്പെടത്തക്കവിധം ചില ഉപനിബന്ധനകൾ അത്യാവശ്യമാണെന്ന വിചാരിക്കുന്നു. അതിലേക്ക ഈ ആഫീസിൽനിന്നും അംഗീകരിച്ചിട്ടുള്ള മാതൃകാഉപനിബന്ധനകൾ ഇതിനോടു അനുബന്ധിച്ചിരിക്കുന്നു. വിതരണം നടത്തുന്ന എല്ലാ സംഘങ്ങളും ഈ ഉപനിബന്ധനകൾ കമ്മിററിയിൽ പാസാക്കി ഈ ആഫീസിലേക്ക മുറപ്രകാരം അനുവാദത്തിനായി ശീഘ്രത്തിൽ അയച്ചുതരേണ്ടതാണ്.

-ാംനമ്പർ സഹകരണസംഘം (ക്ലിപ്തം) വക
നിബന്ധന വ ( )ഉപവകുപ്പു രജിസ്ട്രാർ അവർകളുടെ
-ാം നം-ായിലെ -ാംനമ്പർ പൊതുവായി (പ്രത്യേക ഉത്തരവ്) അനുസരിച്ച് നടത്തപ്പെടുന്ന വിതരണത്തെ സംബന്ധിച്ച്
നിബന്ധന വൻ പ്രകാരം സംഘത്തിന്റെ -ാം നം-യിലെ
കമ്മിററിയോഗത്തിൽ -ാംനമ്പർ നിശ്ചയപ്രകാരം രൂപീകരിച്ചതും രജിസ്ട്രാരാഫീസുവക -ാംനം-യിലെ -ാംനമ്പർ ലറററ്പ്രകാരം അനുവദിക്കപ്പെട്ടതുമായ

സ്റ്റോർവക ഉപനിബന്ധനകൾ.

൧. ഏതൊരു സാധനവും സംഘത്തിൽനിന്നു വാങ്ങി വിതരണം ആരംഭിക്കുന്നതിനു മുമ്പായി അതിലേക്ക രജിസ്ട്രാരുടെയോ അസിസ്റ്റൻറു രജിസ്ട്രാരുടെയോ രേഖാമൂലമായ അനുവാദം മുൻകൂട്ടി വാങ്ങിയിരിക്കേണ്ടതും അപ്രകാരം അനുവാദം ലഭിക്കാത്തതോ ലഭിച്ചശേഷം പിൻവലിക്കപ്പെട്ടതോ ആയ യാതൊരു സാധനത്തിന്റെയും വ്യാപാരത്തിൽ സംഘം ഏർപ്പെട്ടുകൂടാത്തതുമാകുന്നു.

൨. വിതരണസ്റ്റോറിന്റെ കാര്യക്ഷമമായ പ്രവൃത്തനം കമ്മിററിയുടെ ഉത്തരവാദിത്വത്തിലും കമ്മിററി നിശ്ചയിക്കുന്ന അതിലെ ഒരു മെംബറുടെയോ മററു അംഗത്തിന്റെയോ അല്ലെങ്കിൽ സിൽബന്തിയുടെയോ സ്വന്തവും നിരന്തരവും ആയ ചുമതലയിലും മേൽനോട്ടത്തിലും നടത്തപ്പെടുന്നതാണ്.

൩. ചുമതലക്കാരനിൽനിന്നോ സിൽബന്തികളിൽ നിന്നോ ആവശ്യമെന്നു തോന്നുന്ന ഉറപ്പോ ജാമ്യമോ രജിസ്റ്റർ ഉടമ്പടിമൂലം കമ്മിററി വാങ്ങിക്കൊള്ളേണ്ടതാകുന്നു.

൪. യുദ്ധംമൂലം സംജാതമായിരിക്കുന്ന പ്രത്യേക പരിതസ്ഥിതികളിൽ അംഗങ്ങൾക്കും അംഗങ്ങളല്ലാത്തവൎക്കും സാധനങ്ങൾ വിൽക്കാവുന്നതാകുന്നു. എന്നാൽ കൺട്രോൾ സാധനങ്ങൾ കാർഡുടമസ്ഥന്മാൎക്കു മാത്രമേ വിൽക്കാൻ പാടുള്ളു.

൫. യാതൊരു സാധനവും കടമായി വാങ്ങുകയോ വിൽക്കുകയോ ചെയ്തുകൂടാത്തതാകുന്നു.

൬. ഉല്പാദകരിൽനിന്നു നേരിട്ടോ മൊത്തക്കച്ചവടക്കാരിൽനിന്നോ അല്ലാതെ ചില്ലറക്കച്ചവടക്കാരിൽനിന്നും സാധനങ്ങൾ വിലയ്ക്കു വാങ്ങിക്കൂടാത്തതുമാകുന്നു.

൭. ഓരോ മാസത്തെയും വ്യാപാരവിവരം കഴിയുംവിധം വിശദമായി കാണിക്കുന്ന ഒരു കണക്കു അടുത്തമാസം ൧൦-ാം-യ്ക്കകം സ്ഥലം സഹകരണസംഘം ഇൻസ്പെക്ടർവഴിയോ യൂണിയൻ വഴിയോ അസിസ്റ്റൻറു രജിസ്ട്രാർ ആഫീസിൽ കിട്ടത്തക്കവണ്ണം തയ്യാറാക്കി കമ്മിററി പരിശോധിച്ചു ഒപ്പിട്ടും നീക്കിയിരിപ്പു ബോദ്ധ്യപ്പെട്ടു സാക്ഷിപ്പെടുത്തിയും അയയ്ക്കേണ്ടതാകുന്നു. കഴിവുള്ളപക്ഷം ഓരോ മാസാന്ത്യത്തിലും സ്റ്റാക്കു തിട്ടപ്പെടുത്തി കൂടുതൽ കുറവിനെപ്പററിയുള്ള റിമാർക്കുസഹിതം സ്റ്റാക്കു സ്റ്റേററുമെൻറുംകൂടി മാസാന്ത്യക്കണക്കുസഹിതം അയയ്ക്കേണ്ടതും എന്നാൽ ഓരോ ക്വാർട്ടർ മാസാവസാനത്തിലും (ചിങ്ങം, വൃശ്ചികം, കുംഭം, ഇടവം) ഇപ്രകാരമുള്ള സ്റ്റാക്കു സ്റ്റേററുമെൻറുകൾ കമ്മിററി സാക്ഷിപ്പെടുത്തി അസിസ്റ്റൻറു രജിസ്ട്രാരാഫീസിലേക്കു നിർബന്ധമായി അയയ്ക്കേണ്ടതുമാകുന്നു. സ്റ്റാക്കു തിട്ടപ്പെടുത്താനുള്ള സൌകര്യത്തിലേക്കായി മേല്പറഞ്ഞ ക്വാർട്ടർമാസങ്ങളുടെ അവസാനദിവസമോ അടുത്ത മാസത്തെ ആദ്യദിവസമോ രണ്ടുംകൂടിയോ ഒരാഴ്ചയെങ്കിലും മുൻകൂട്ടി നോട്ടീസിട്ടു സ്റ്റോറിലെ വ്യാപാരം നിർത്തിവയ്ക്കാൻ കമ്മിററിക്കു അധികാരമുള്ളതാകുന്നു.

൮. ആഴ്ചകൾ ഒഴിച്ചുള്ള എല്ലാദിവസവും പകൽ മണി മുതൽ രാത്രി മണിവരെ വ്യാപാരശാല തുറന്നിരിക്കേണ്ടതാകുന്നു.

൯. അംഗങ്ങൾക്കൊ മററൊ സ്റ്റോർ പ്രവൎത്തനത്തെപ്പററി പരാതികളൊ നിർദ്ദേശങ്ങളൊ ഉണ്ടെങ്കിൽ ആയവ എഴുതിയിടുന്നതിലേക്കായി ഒരു പെട്ടി പ്രസിഡണ്ടിന്റെ പൂട്ടോടുകൂടി സംഘത്തിൽ വയ്ക്കേണ്ടതാകുന്നു. ആയവ രണ്ടാഴ്ചയിലൊരിക്കൽ കമ്മിററിയുടെ ആലോചനയ്ക്കു വയ്ക്കേണ്ടതും ആകുന്നു

൧൦. വ്യാപാരസാധനങ്ങൾ ഓരോന്നും ഇന്ന ചില്ലറവിലയ്ക്കു വിൽക്കണമെന്ന് അവയുടെ കോംപിയ ചുമട്ടുകൂലി ലാഭം മുതലായവ കാണിച്ചു പട്ടിക തയ്യാറാക്കി കമ്മിററി നിശ്ചയിച്ച് അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതും അന്നന്ന നിലവിലിരിക്കുന്ന വിപ്പന വിലവിവരപ്പട്ടിക സ്റ്റോറിന്റെ മുൻവശത്തു തൂക്കുകയൊ പതിക്കുകയോ ചെയ്തിരിക്കേണ്ടതും ആകുന്നു.

൧൧. വിലയ്ക്കുവാങ്ങൽ, വില്പന, പ്രചാരണം, മേൽനോട്ടം ആദിയായ കാര്യങ്ങൾക്കു കമ്മിററിയിൽ അനുരൂപമായ നിശ്ചയപ്രകാരം സബ് കമ്മിറ്റികളായി പിരിയുന്നതും അപ്രകാരം ചുമതലകൾ വിഭജിക്കപ്പെടുന്നപക്ഷം ഓരോ സബ് കമ്മിററിയും പ്രത്യേകം മിന്നിട്ടുബുക്കുകളും മററു ആവശ്യമായ റിക്കാർഡുകളും സൂക്ഷിക്കേണ്ടതും കമ്മിററികൾ കൂടുമ്പോൾ ആവക റിക്കാർഡുകൾ ആവശ്യംപോലെ (എഴുത്തുകുത്തുകൾ കൂടാതെ) ഹാജരാക്കേണ്ടതുമാകുന്നു.

൧൨. ഓരോ സമയവും സംഘത്തിലുണ്ടായിരിക്കേണ്ട മിനിമം സ്റ്റാക്കു (കുറഞ്ഞ അളവു) ഓരോ മാസത്തിന്റെ കാര്യത്തിലും കമ്മിററി നിശ്ചയിക്കാവുന്നതും ആയതു സാധാരണയായി മൂന്നുമാസങ്ങളിലെ ശരാശരി ചിലവിൽ കുറയാത്തതായിരിക്കേണ്ടതും ആകുന്നു മിനിമം സ്റ്റാക്കിന്റെ മൂന്നിരട്ടിയിൽ കവിഞ്ഞു ഒരുസമയം സ്റ്റാക്കു ചെയ്യണമെങ്കിൽ കമ്മിററിയുടെ അനുവാദം കൂടാതെ പർച്ചേസ് കമ്മിററി വാങ്ങിക്കൂട്ടാത്തതാകുന്നു.

൧൩. ന്യായമായ ആവശ്യങ്ങൾക്കു മതിയാകാത്തവിധം കുറച്ചോ ആവശ്യത്തിൽ കവിഞ്ഞോ സ്റ്റോറിൽനിന്നും സാധനങ്ങൾ വാങ്ങുന്ന അംഗങ്ങളുടെ വിവരം അറിഞ്ഞു കൂട്ടതൽ കുറവു പരിഹരിക്കുന്നതിലേക്കു കമ്മിററി വേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതാകുന്നു.

൧൪. രജിസ്ട്രാർ അവർകളുടെ അനുവാദംകൂടാതെ ഉപനിബന്ധനകൾ ഭേദപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ ഇതുപുതിയ ഉപനിബന്ധനകൾ ഏർപ്പെടുത്തുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

൧൫. അളുന്നും തൂക്കിയും അല്ലാതെ യാതൊരു സാധനവും വിററുകൂടാത്തതാകുന്നു.

നോട്ട്: (൧) കമ്മിററി അംഗീകരിച്ചവിധം ഉപനിബന്ധനകൾ മിന്നിട്ട് ബുക്കിൽ ചേർത്തിരിക്കേണ്ടതാകുന്നു.

൨. പർച്ചേസ്, ബോണസ് മുതലായവയെ സംബന്ധിച്ച സംഘത്തിന്റെ ലാഭത്തെ സംബന്ധിച്ചുള്ള ൫൫-ാം നിബന്ധനയിൽ

ആവശ്യമുള്ള ഭേദഗതി വരുത്തുകയല്ലാതെ ഉപനിബന്ധനകളിൽ വ്യവസ്ഥചെയ്യാൻ പാടില്ലാത്തതാകുന്നു.

൩. സഹകരണസ്റ്റോറുകൾ അംഗങ്ങൾക്കുമാത്രം അല്ലെങ്കിൽ അധികഭാഗവും അംഗങ്ങൾക്കു വില്പന നടത്തുന്നവയായിരിക്കേണ്ടതാണ്. എന്നാൽ റേഷൻകാർഡുടമസ്ഥന്മാരുടെ കാര്യത്തിൽ ഈ നിയമം അനുചരിക്കേണ്ടതില്ല.

൪. സഹകരണചട്ടങ്ങളും റേഷൻറഗുലേഷനും അനുസരിച്ചു ആവശ്യമുള്ള കണക്കുകൾ സൂക്ഷിക്കേണ്ടതാകുന്നു.

---

൫൪. രക്ഷാഭോഗം.

സർക്ക്യൂലർ നമ്പർ ൧൪൧.

The Travancore Co-operative Insurance Society Ltd., No. 1957 has been registered and its bye-laws are published for the information of Co-operative Societies and the public. It is the first of its kind and it affords special facilities to Co-operative Credit and other societies to join and to obtain the benefits and advantages of Insurance to its members. The provision for rural insurance for small sums from Rs. 100 to Rs. 500 without medical certificate is a feature, which should strongly appeal to rural and other societies.

സർക്ക്യൂലർ നമ്പർ ൧൪൨.

തിരുവിതാംകൂർ രക്ഷാഭോഗ പരസ്പരസഹായസംഘം (ക്ലിപ്തം) പ്രവൃത്തി ആരംഭിച്ചിട്ടുള്ള വിവരം ൧൪൧-ാം നമ്പർ സർക്ക്യൂലർ മുഖാന്തിരം സംഘങ്ങളേയും സഹകാരികളേയും അറിയിച്ചിട്ടുണ്ടല്ലോ. ഇദംപ്രഥമമായി തിരുവിതാംകൂറിൽ സ്ഥാപിച്ചിട്ടുള്ള ഈ രക്ഷാഭോഗസംഘത്തിൻെറ ഉദ്ദിഷ്ട അഭിവൃദ്ധിക്കു പരസ്പര സഹായസംഘങ്ങളുടേയും പൊതുജനങ്ങളുടേയും സഹകരണം അത്യന്താപേക്ഷിതമാകുന്നു. രക്ഷാഭോഗസംഘത്തിൻെറ ബൈലാസ്സ്, പ്രാസ്പെക്ടസ്. സംഘങ്ങളുമായി സംയോജിച്ചു പ്രവൃത്തിക്കേണ്ട പദ്ധതി എന്നിവ പ്രധാനപ്പെട്ട സംഘങ്ങൾക്കും ഇൻസ്പെക്ടറന്മാർക്കും ഐക്യസംഘങ്ങൾക്കും അയച്ചുകൊടുത്തിട്ടും അവയിൽനിന്നും ഉദ്ദേശിച്ചിരുന്നതുപോലെയുള്ള സഹായസഹകരണങ്ങൾ സിദ്ധിച്ചിട്ടില്ലെന്നു രക്ഷാഭോഗസംഘത്തിൻെറ ഭാരവാഹികൾ ഇവിടെ അറിയിച്ചിരിക്കുന്നു.

രക്ഷാഭോഗസംഘനിബന്ധന (൯)-ൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സകല സംഘങ്ങൾക്കും അതിൽ അംഗങ്ങളായി ചേരാമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഓരോ സംഘവും ൧൦ ഓഹരിയിൽ (ഓഹരി ഒന്നിന് ൧ രൂപാമാത്രം) കുറയാതെ ഓഹരികൾ എടുക്കേണ്ടതാണ്. ഇപ്രകാരം അംഗമായി ചേരുന്നതുകൊണ്ടു രക്ഷാഭോഗസംഘത്തിന്റെ ഏജൻസിസ്ഥാനം ലഭിക്കുന്നതിനു സൗകര്യമുള്ളതും അതിൽനിന്നും ലഭിക്കുന്ന കമ്മീഷൻ സംഘത്തിനു ആദായകരമായിത്തീരുന്നതുമാണ്. അതിനാൽ പരസ്പരസഹായസംഘങ്ങൾ പൊതുയോഗനിശ്ചയങ്ങൾ പാസ്സാക്കി അംഗങ്ങളായി ചേരുമെന്നു വിശ്വസിക്കുന്നു. ൧൪൧-ാം നമ്പർ സർക്യുലറിൽ പറഞ്ഞിട്ടുള്ളതുപോലെ, സംഘാംഗങ്ങളെക്കൊണ്ടു കുറഞ്ഞതു ൧൦൦ രൂപാ മുതൽ ൫൦൦ രൂപാവരെയുള്ള ചെറിയതുകകൾക്കു പാളിസികൾ എടുക്കത്തക്കവിധം പ്രോത്സാഹിപ്പിക്കുമെന്നു വിശ്വസിക്കുന്നു. ഈ പാളിസികൾ സംഘത്തിൽനിന്നും കൊടുക്കുന്ന വായ്പകൾക്കു കൂടുതൽ ഉറപ്പുകളായി സ്വീകരിക്കുകയും ചെയ്യാമെന്നുള്ളതാണ്.

രക്ഷാഭോഗസംഘഭരവാഹികൾ ഇപ്പോൾ പ്രധാനമായി ആവശ്യപ്പെടുന്നതു താലൂക്കു ബാങ്കുകളുടേയും അർബൻ ബാങ്കുകളുടേയും സഹായസഹകരണമാണ്. ഓരോ താലൂക്കുകളുടേയും തലസ്ഥാനത്തിൽ ലോക്കൽ ബോർഡുകൾ സ്ഥാപിക്കുന്നതിനു അവർ നിശ്ചയിച്ചിരിക്കുന്നു. ഇതിൽ ബാങ്കു പ്രസിഡന്റും കമ്മിററിമെംബറന്മാരിൽ ഒരാളും ഒരു മെഡിക്കൽ ആഫീസരും അംഗങ്ങളായിരിക്കണമെന്നാണു അവർ ആഗ്രഹിക്കുന്നതു്. അതിനാൽ തിരുവിതാംകൂറിലെ എല്ലാ ബാങ്കുകളും ഇതരസഹകരണസ്ഥാപനങ്ങളും രക്ഷാഭോഗസംഘത്തെ പ്രചാരത്തിൽ കൊണ്ടുവരുന്നതിനു ഹാർദ്ദമായി സഹായിക്കേണ്ടതു അവരുടെ കർത്തവ്യമാണ്. എല്ലാ സംഘങ്ങളും സഹകാരികളും ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരും ഈ കാര്യത്തിൽ തീവ്രമായ ഉത്സാഹം പ്രദർശിപ്പിക്കുമെന്നു ആശിക്കുന്നു. കൂടുതൽ വിവരങ്ങൾക്കു രക്ഷാഭോഗസംഘം സെക്രട്ടറി അവർകൾക്കു നേരിട്ടു എഴുതി അയയ്ക്കേണ്ടതാകുന്നു.

സക്യുലർ ൧൫൯.

തിരുവിതാംകൂർ രക്ഷാഭോഗ പരസ്പരസഹായസംഘം (ക്ലിപ്തം) നമ്പർ ൧൯൫൨, പ്രവൃത്തി ആരംഭിച്ച വിവരവും പ്രസ്തുത സംഘത്തെ സകലവിധത്തിലും പ്രോത്സാഹിപ്പിക്കേണ്ടതിന്റെ അത്യാവശ്യകതയെപ്പററിയും ൧൪൧, ൧൪൨ എന്നീ സക്യുലർകളാൽ സഹകാരികളേയും

സംഘങ്ങളേയും അറിയിച്ചിട്ടുണ്ടല്ലോ. പ്രസ്തുത സംഘത്തിന്റെ ആദ്യത്തെ വർഷത്തെ സാമാന്യം തൃപ്തികരമായ പ്രവർത്തനത്തിനുശേഷം അവിചാരിതമായ ചില കാരണങ്ങളാൽ സംഘം ജോലികൾ ഏതാനും മാസക്കാലത്തേക്കു നിറുത്തിവയ്ക്കപ്പെട്ടു. എന്നാൽ ഇപ്പോൾ വീണ്ടും സംഘം പുനർജ്ജീവിക്കപ്പെടുകയും, പ്രവർത്തനം ഊർജ്ജിതതരമായി നടത്തുന്നതിലേക്കു ഒരു ഭരണസമിതിയെ തെരഞ്ഞെടുത്തു ജോലി ആരംഭിക്കുകയും ചെയ്തിരിക്കുന്ന വിവരം ഇതിനാൽ എല്ലാ സംഘങ്ങളേയും, പൊതുജനങ്ങളേയും അറിയിച്ചുകൊള്ളുന്നു.

രക്ഷാഭോഗഏർപ്പാടു സഹകരണപദ്ധതിപ്രകാരം ഇദംപ്രഥമമായി തിരുവിതാംകൂറിൽ ആരംഭിച്ചതിന്റെ ഉദ്ദേശം സാധുക്കളായ ജനങ്ങളെ സഹായിക്കണമെന്നുള്ളതാണ്. ഈ പ്രസ്ഥാനത്തെ ശരിയായി നടത്തിക്കൊണ്ടുപോകുന്നകാര്യത്തിൽ സംഘങ്ങളുടേയും സഹകാരികളുടേയും സഹായസഹകരണങ്ങൾ അത്യന്താപേക്ഷിതമാകുന്നു. രക്ഷാഭോഗസംഘത്തിൽ ഓഹരികൾ എടുത്ത് അംഗങ്ങളായി സംഘങ്ങളും അവർക്കു മാത്രകയായി സെൻട്രൽബാങ്കും ധാരാളം ഓഹരികൾ എടുക്കണമെന്നു താല്പര്യപ്പെടുന്നു. താലൂക്കുബാങ്കുകൾ, അർബൻബാങ്കുകൾ മുതലായ സ്ഥാപനങ്ങളും ഓഹരികൾ എടുക്കുകയും, ൨൪൨–ാം, ൨൪൩–ാം സർക്കുലർകളിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ലോക്കൽബോർഡുകൾ സ്ഥാപിച്ചു രക്ഷാഭോഗസംഘത്തിന്റെ ഏജൻസിസ്ഥാനം സ്വീകരിക്കുകയും ചെയ്യണം.

രക്ഷാഭോഗ പരസ്പരസഹായസംഘത്തിന്റെ പദ്ധതി സകലർക്കും ഒന്നുപോലെ സൌകര്യപ്രദമായിട്ടുള്ളതാണ്. സാധുക്കളായ ജനങ്ങൾക്കു മെഡിക്കൽ പരിശോധനയില്ലാതെ ൨൦൦ രൂപാ മുതൽ ൫൦൦ രൂപാ വരെയുള്ള തുകകൾക്കു പാളിസികൾ എടുക്കുന്നതിനും കൂടുതൽ സംഖ്യകൾക്കു ഇൻഷുവർ ചെയ്യാൻ ഇഷ്ടപ്പെടുന്നവർക്കു ൫൦൦ രൂപാ മുതൽ ൨൦,൦൦൦ രൂപാവരെയുള്ള ഏതു സംഖ്യക്കും മെഡിക്കൽ പരിശോധനയോടുകൂടിയ പാളിസികൾ എടുക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സഹകാരികൾ ഏതെങ്കിലും രക്ഷാഭോഗ ഏർപ്പാടിൽ ഉൾപ്പെടാൻ ആഗ്രഹിക്കുന്നപക്ഷം അതു ഈ സംഘത്തിലായിരിക്കണമെന്നുള്ള വസ്തുത വിസ്മരിച്ചുകൂടാത്തതാകുന്നു.

നമ്മുടെ രാജ്യത്തു ഇപ്പോൾ പ്രചരിച്ചിട്ടുള്ള ഫ്രീ ഇൻഷുവറൻസ പദ്ധതികളിൽനിന്നും വ്യത്യസ്തമായ ഈ രക്ഷാഭോഗസ്ഥാപനത്തിന്റെ നാനോൻമുഖമായ ഗുണഗണങ്ങളെ സാമാന്യജനങ്ങളെ പറഞ്ഞു മന

സ്സിലാക്കി വേണ്ട പ്രചരണവേല നടത്തുന്നതിനു എല്ലാ സഹകാരികളും സംഘങ്ങളും പ്രത്യേകം ശ്രമിക്കേണ്ടതാണ്. പൊതുജനങ്ങളുടെ ഇട യിൽ സ്വാധീനശക്തിയും പ്രാബല്യവുമുള്ളവർ ഇൻഷ്വർ ചെയ്യണമെ ന്നാഗ്രഹിക്കുന്നവരെ ഈ സംഘത്തിൽതന്നെ ചേരേണ്ടതാണെന്നു പറഞ്ഞു മനസ്സിലാക്കി വേണ്ട പ്രചരണവേല നടത്തേണ്ടതാണ്.

N. B. „തിരുവിതാംകൂർ രക്ഷാഭോഗപരസ്പരസഹായസംഘം സിക്രട്ടറി, തിരുവനന്തപുരം" എന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ അതിനെപ്പററിയുള്ള പൂർണ്ണവിവരങ്ങളും അറിയാമെന്നുള്ളതാണ്.

സർക്ക്യലർ ൧൩൪.

തിരുവിതാംകൂർ രക്ഷാഭോഗ പരസ്പരസഹായസംഘം (ക്ളിപ്തം) ൧൧൭൦-ലെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവ ശ്യകതയെ ചൂണ്ടിക്കാണിച്ച് ൧൩൧-ാംനമ്പർ സർക്ക്യലർ ഇതിനുമുമ്പു തന്നെ പരസ്യപ്പെടുത്തിയിട്ടുള്ളതിലേക്കു സഹകാരികളുടേയും സംഘങ്ങ ളുടേയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. സംഘങ്ങൾക്കും, താലൂക്കു ബാങ്കുകൾക്കും ഒരു മാതൃകയായി തിരുവനന്തപുരം സെൻട്രൽബാങ്ക് (ക്ളിപ്തം) രക്ഷാഭോഗസംഘത്തിൽ ൧൦൦൦ ഓഹരി എടുക്കുന്നതിനു നിശ്ചയിച്ചിട്ടുണ്ട്. രക്ഷാഭോഗസംഘത്തിന്റെ മാവിജോലികൾ പൂർവാ ധികം ഊർജ്ജിതത്തിൽ നടത്തുന്നതിലേക്കു ടി സംഘത്തിന്റെ ൧൧൧൦ കന്നി ൨൧-ാം- കൂടിയ പൊതുയോഗത്തിൽ വേണ്ട നിശ്ചയങ്ങൾ പാസ്സാക്കിയിരിക്കുന്നു. സംഘങ്ങളെക്കൊണ്ട് ഓഹരികൾ എടുപ്പിക്കു ന്നതിനും, രക്ഷാഭോഗസംഘത്തിൽ അംഗങ്ങളെ ചേർക്കുന്നതിനും അത്യാ വശ്യമായിരിക്കുന്നതു കാര്യക്ഷമമായും ശുഷ്ക്കാന്തിയോടും പ്രചരണവേല നടത്തുന്നതിനും തയ്യാറുള്ള ഏജൻറന്മാരാണ്.

സഹകരണതത്വത്തിന്മേൽ രൂപീകൃതമായിട്ടുള്ള പ്രസ്തുത രക്ഷാ ഭോഗസംഘത്തിന്റെ പ്രചുരമായ പ്രവർത്തനത്തിനുവേണ്ടി ഏററവും ഉത്തമന്മാരായ ഏജൻറന്മാർ, സംസ്ഥാനത്തിലെ ഐക്യസംഘങ്ങളിലെ സൂപ്രവൈസറന്മാരും, സഹകരണബാങ്കുകളിലെ സിൽബന്തികളുമാണെ ന്നുള്ളതു പ്രസ്തുത സംഘം മനസ്സിലാക്കിയതിന്റെ ഫലമായി സൂപ്രവൈ സറന്മാരെയും മററും കമ്മിഷൻനൽകി ഏജൻറന്മാരായി നിയമിക്കുവാൻ വേണ്ട വ്യവസ്ഥകൾ ചെയ്യണമെന്ന് എന്നോടു അപേക്ഷിച്ചിരിക്കുന്നു ഏജൻറന്മാരായി നിയമിക്കപ്പെടുന്നവക്കു പ്രതിഫലമായി ഓരോ പോളി

സ്വായുടേയും ഓരോ ഗഡുക്കളിലുമുള്ള സംഖ്യ അടയ്ക്കുന്ന അവസരത്തിൽ തന്നെ കമ്മിഷൻ നൽകുന്നതിനു തീർച്ചപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ സംഘങ്ങളിലും വ്യക്തികളിലുംനിന്ന് ഓഹരി ഇനത്തിൽ പിരിക്കുന്ന തുകകൾക്കു അവയുടെ അഞ്ചുശതമാനം കമ്മിഷൻ നൽകുന്നതിനും തീർച്ചപ്പെടുത്തിയിരിക്കുന്നു.

സൂപ്രവൈസരന്മാർ, സഹകരണസംഘങ്ങളിലെ ഉദ്യോഗസ്ഥന്മാർ എന്നിവർ രക്ഷാമോഗസംഘത്തിലെ ഏജന്റുസ്ഥാനം സ്വീകരിച്ച് പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം തൃപ്തികരപ്പെടുത്തുന്നതിനു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കണമെന്നും, അതിലേക്കു ഐക്യസംഘങ്ങൾ, ബാങ്കുകൾ മുതലായ സ്ഥാപനങ്ങൾ സകലവിധത്തിലും സഹകരിക്കണമെന്നും അപേക്ഷിക്കുന്നു.

ഒ. ഒ. കാളനി.

സർക്കുലർ നം ൧.

൧൧൦൦-മാണ്ടു വൃശ്ചികമാസം ൩-ാംനു-ലെ (൧൯൨൪ നവംബർ ൧൮-ാംനു-) ഗസററിൽ ലാൻഡുറവന്യു ഡിപ്പാർട്ടുമെന്റു ഷീററിൽ ഗവമ്മെന്റാൽ നിന്നും പരസ്യപ്പെടുത്തീട്ടുള്ള കർഷകാധിനിവേശചട്ടങ്ങൾ പല സംഘങ്ങളുടേയും ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളതായി കാണുന്നു. ചട്ടപ്രകാരം സ്ഥലം പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷകളോടുകൂടി അടയ്ക്കുന്നതിനു വേണ്ട പണവും ചില സംഘങ്ങൾ ശേഖരിച്ചുവരുന്നതായി അറിയുന്നു. കർഷകാധിനിവേശചട്ടങ്ങൾ പരസ്പരസഹായസംഘങ്ങളെ പ്രത്യേകിച്ചു സംബന്ധിക്കുന്നതാകയാൽ ഈ ചട്ടങ്ങൾ പരസ്പരസഹായ ഡിപ്പാർട്ടുമെന്റു ഷീററിൽകൂടി പരസ്യപ്പെടുത്തുന്നതിനു ഗവമ്മെന്റിലേക്കു അപേക്ഷിക്കുന്നു. അവയിൽ കർഷകാധിനിവേശത്തിനു ബ്ലാക്കുകളായി തരംതിരിക്കുന്നതിനു യോജിച്ച സ്ഥലങ്ങളുടെ ലിസ്റ്റുകൾ തയാറാക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്ന ൩-ാമത്തു ചട്ടം സംഘങ്ങൾ പ്രത്യേകിച്ചു ശ്രദ്ധിക്കേണ്ടതാണു. ഈ ലിസ്റ്റുകൾ പരസ്യപ്പെടുത്തിയതിനു ശേഷം മാത്രമേ അപേക്ഷകൾ അയക്കേണ്ട സമയവും അവസരവും വരുന്നുള്ളു.

അപേക്ഷകളോടുകൂടി അടയ്ക്കുന്നതിനു ഏതെങ്കിലും സംഘം പണം ശേഖരിച്ചിട്ടുള്ള പക്ഷം അതിനെ ആവശ്യമുണ്ടാകുന്നതുവരെ തിരുവനന്തപുരം പരസ്പരസഹായസെൻട്രൽബാങ്കിൽ നിക്ഷേപിക്കുന്നതു ശ്രേയസ്കരമായിരിക്കുന്നതാണു.

൩൬. നെയ്ത്തുസംഘങ്ങൾ.

സക്യുലർ ൨ ൫ ൭.

യുദ്ധപരിതസ്ഥിതികൾ നിമിത്തം നൂലിന്റെയും തുണിച്ചരക്കുകളുടേയും വിലയിൽ വലുതായ വർദ്ധനവു സംഭവിച്ചിട്ടുണ്ട്. തന്നിമിത്തം സാമാന്യജനങ്ങൾക്ക് ആവശ്യമുള്ള വസ്ത്രങ്ങൾ മിതമായ വിലയ്ക്കു കിട്ടുവാനുള്ള സാദ്ധ്യതകൾ കുറയുകയും ചെയ്തു. നൂലിന്റെ അഭാവത്തിൽ തൊഴിലില്ലായ്മ നിമിത്തം കൈത്തറിനെയ്ത്തുവ്യവസായികൾ ഒരിതങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു.

൨. ഈ വിഷമസന്ധിയിൽ സഹകരണസംഘങ്ങൾ നെയ്ത്തു തൊഴിലാളികളെ സംഘടിപ്പിക്കുകയും അവർക്കു ആവശ്യമുള്ള അസംസ്കൃതസാധനങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും, അവരുടെ ഉൽപ്പന്നങ്ങൾ വിററഴിക്കുവാൻ വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

൩. നൂലിന്റെ ദൌർല്ലഭ്യവും തന്നിമിത്തമുള്ള വിലക്കൂടുതലും പരിഹരിക്കുവാൻ കഴിവുള്ളിടത്തോളം നാട്ടിന്റെ നാനാഭാഗങ്ങളിലും നൂൽനൂൽപ്പ് പ്രചരിപ്പിക്കുവാൻ വ്യവസായഡിപ്പാർട്ടുമെൻറിൽ നിന്നും ഒരു പദ്ധതി സമാരംഭിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനത്തിലേക്കായി ഒരു സഹകരണസംഘം ഇൻസ്പെക്ടരെ നിയോഗിച്ചിരിക്കുന്നു.

൪. നൂൽനൂൽപ്പ് പദ്ധതി ആരംഭിക്കുന്നതിനോടുകൂടി പഞ്ഞികൃഷി സൌകര്യമുള്ള സ്ഥലങ്ങളിൽ ആരംഭിക്കുന്നത് പ്രയോജനകരമായിരിക്കുമെന്നും ഇക്കാര്യത്തിലും സഹകരണസംഘങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ആണെന്നും വിവരിച്ച് പഞ്ഞികൃഷി ചെയ്യേണ്ടതിന്റെ വിവരങ്ങൾ അടങ്ങിയ ഒരു ലഘുലേഖ വ്യവസായഡയറക്ടർ ഇവിടെ അയച്ചിരിക്കുന്നു.

൫. കൃഷിക്കാവശ്യമുള്ള പരുത്തിവിത്ത് "ശ്രീമൂലം ഇൻസ്റ്റിട്യൂട്ട് സെൻട്രൽ വീവിംഗ് ആൻഡ് ഇൻഡസ്ട്രിയൽ സഹകരണസംഘം കരമന നമ്പർ ൧ ൦ ൮ തിരുവനന്തപുരം" എന്ന മേൽവിലാസത്തിൽ അപേക്ഷിച്ചാൽ കിട്ടുന്നതാണെന്നു വ്യവസായ ഡയറക്ടർ ഇവിടെ അറിയിച്ചിരിക്കുന്നു.

൩൭. കുടിൽവ്യവസായം.

സക്യുലർ ൧ ൫ ൪.

നാടൻ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതു സഹക

രണസംഘങ്ങളുടെ മുമതലകളിൽ ഒന്നാണല്ലോ. തിരുവിതാംകൂറിൽ കടലാസുവ്യവസായം ചെയ്യുന്നതായി പുനലൂർ മീനാക്ഷിപേപ്പർമിൽസ് എന്നൊരു സ്ഥാപനം മാത്രമേ ഇപ്പോഴുള്ളൂ. ആ സ്ഥാപനം വക യായി ഒരു പരസ്പരസഹായസംഘം ഉണ്ട്. സംഘത്തിലെ അംഗങ്ങൾ എല്ലാപേരും മില്ലിലെ ജോലിക്കാരുമാകുന്നു. അതിനാൽ മില്ലിനെ എന്തെങ്കിലും തരത്തിൽ സഹായിക്കുന്നതു വാസ്തവത്തിൽ സഹകാരി കളെ സഹായിക്കുകയായിരിക്കും.

മേല്പറഞ്ഞ സംഘത്തിൽനിന്നും അവർ ഉണ്ടാക്കുന്ന പലതരം കടലാസുകൾ ഇവിടെ അയച്ചുതരികയും അവ ഇവിടെ പരിശോധിക്കു കയും ചെയ്തിരിയ്ക്കുന്നു. അവ വിദേശത്തു നിന്നും വരുന്ന കടലാസു കളോടു ഗുണത്തിൽ അടുത്തുതന്നെ നിൽക്കുന്നുണ്ട്. വിലയും സഹായ മാണ്. അതിനാൽ എല്ലാ സഹകരണസ്ഥാപനങ്ങളും അവയ്ക്കാവശ്യ മുള്ള ഫാറങ്ങൾ രസീതുകൾ കണക്കുപുസ്തകങ്ങൾ മുതലായവയ്ക്കു വേണ്ട കടലാസുകൾ പുനലൂർ പേപ്പർ മിൽസിൽ നിന്നും വാങ്ങുന്നതു പ്രയോ ജനകരമായിരിക്കും. ഈ വിഷയത്തിലേയ്ക്കു സംസ്ഥാനത്തിലെ എല്ലാ പരസ്പരസഹായസംഘങ്ങളുടേയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

സക്ക്യൂലർ വന്നർ.

തിരുവിതാംകൂറുകാരുടെ സാമ്പത്തികാഗമമാർഗ്ഗങ്ങളിൽ കുടിൽ വ്യവസായങ്ങൾക്കു കൃഷിയെപ്പോലെതന്നെ ഗണ്യമായ ഒരു സ്ഥാന മുണ്ട്. വ്യവസായംകൊണ്ട് ജീവിക്കുന്നവർ ഇൻഡ്യയുടെ മറെറല്ലാ ഭാഗത്തേക്കാളും കൂടുതൽ തിരുവിതാംകൂറിലുണ്ട്. ഇൻഡ്യയിലെ മൊത്തം ജനസംഖ്യയിൽ ൧൦.൧ ശതമാനം മാത്രമേ വ്യവസായം കൊണ്ടു ജീവിക്കുന്നവരുള്ളൂ. എന്നാൽ തിരുവിതാംകൂറിലെ ജനസംഖ്യ യിൽ ൧൫.൭ ശതമാനം വ്യവസായത്താൽ ഉപജീവനം കഴിക്കുന്നവ രാണു. ഇവരിൽ ൯൦ ശതമാനവും കുടിൽവ്യവസായങ്ങളിൽ ഏർപ്പെ ട്ടിരിക്കുന്നവരാണെന്നു പറയുമ്പോൾ, തിരുവിതാംകൂർ ജനതയുടെ സാമ്പ ത്തികജീവിതത്തിൽ കുടിൽവ്യവസായത്തിനുള്ള സർവ്വപ്രാധാന്യത വ്യക്ത മാകുമല്ലോ.

൨. താരതമ്യേനയുള്ള ശതമാനവർദ്ധനവെന്നപോലെതന്നെ, വ്യവസായങ്ങളുടെ വൈവിധ്യത്തിലും തിരുവിതാംകൂർ മററു രാജ്യങ്ങളെ അതിശയിക്കുന്നുണ്ട്. ഇൻഡ്യയുടെ ഏതു ഭാഗത്തും കാണുന്ന കുടിൽ

വ്യവസായവും തിരുവിതാംകൂറിൽ ചെറിയ തോതിലെങ്കിലും പ്രവർത്തിക്കപ്പെടുന്നുണ്ട്. പത്മനാഭപുരം കൊട്ടാരത്തിലെ വലിയ നാഴികമണി മുതൽ അലങ്കാരത്തിനും ആവശ്യത്തിനും ഒരുപോലെ ഉതകുന്ന മനോഹരങ്ങളായ വെങ്കലപാത്രങ്ങൾ, ശില്പകലാവൈദഗ്ദ്ധ്യം തുളുമ്പുന്ന ദന്തസാമാനങ്ങൾ, കായങ്കുളംവാൾ മുതൽ നാടൻ പിച്ചാത്തിവരെയുള്ള ഇരുമ്പുസാമാനങ്ങൾ, പെരുന്തച്ചനേയും അസൂയപ്പെടുത്തുന്ന മരവേലകൾ, ചരിത്രപ്രസിദ്ധമായ നേരിയതുണിത്തരങ്ങൾ, കുഴലിൽ കൊണ്ടു നടക്കാറുള്ള മെത്തപ്പായകൾ, പാശ്ചാത്യരെ ഭ്രമിപ്പിക്കുന്ന കയർസാമാനങ്ങൾ എന്നിങ്ങനെ പ്രദർശനത്തിൽ അത്ഭുതം ഉളവാക്കുന്ന അനേകമനേകം വ്യവസായങ്ങൾ തിരുവിതാംകൂറിന്റെ അപ്രസിദ്ധങ്ങളായ ഗ്രാമങ്ങളിലെ ശബ്ദരഹിതങ്ങളായ കുടിലുകളിൽ പോഷിപ്പിക്കപ്പെട്ടു വരുന്നു.

൩. എന്നാൽ, ശീഘ്രഗതിയിൽ മുന്നോട്ടു പോകുന്ന ആധുനികലോകത്തിന്റെ ആവശ്യങ്ങൾ നിറവേറുന്നതിന് ഈ വ്യവസായങ്ങൾക്ക് ഇപ്പോൾ സാധിക്കാതെയാണു വന്നിരിക്കുന്നത്. ചുററുമുള്ള ഒരു ചെറിയ പ്രദേശത്തെ ആവശ്യങ്ങൾ നിറവേററുന്നതിനുവേണ്ടി മാത്രമാണ് ആദ്യകാലങ്ങളിൽ ഈ വ്യവസായങ്ങൾ ചില പ്രത്യേക സ്ഥലങ്ങളിൽ വളർന്നുവന്നത്. ജീവിതാവശ്യങ്ങൾ ചെറിയ സീമകളെ അതിലംഘിച്ച് അയൽപ്രദേശങ്ങളിലേക്ക് പ്രയാണം ചെയ്തപ്പോൾ, കുടിൽവ്യവസായങ്ങൾ അവയെ അനുഗമിക്കാതെ, നഷ്ടമായിപ്പോയ സ്വയംപര്യാപ്തതയിൽ വിശ്വസിച്ച്, അപ്രാപ്യത്തിൽത്തന്നെ ആശ്വസിച്ചു. ആവശ്യമുള്ളവർക്കെല്ലാം കൊടുക്കുവാൻ സാധനങ്ങളില്ലാതെയും സാധനങ്ങൾ ഉണ്ടാക്കുവാനുള്ള കെല്പില്ലാതെയും കുടിൽവ്യവസായങ്ങൾ ഇപ്പോൾ വിഷമിക്കുകയാണ്. ഏതാനും ചില വ്യവസായങ്ങൾ നഗരവിപണികളിലേക്കു കടന്നിട്ടുണ്ടെങ്കിൽ അവ നിഷ്ഠുരന്മാരായ ദല്ലാളികളുടെ മർദ്ദനത്തിനു വിധേയമായി സ്വാഭാവികമായ വളർച്ച സാദ്ധ്യമല്ലാതെ കിടന്നു വലയുകയുമാണ്. സാധനങ്ങളുണ്ടാക്കുന്നതിനു വേണ്ട മൂലധനത്തിന്റെ കുറവ്, വിപണികളുടെ ആവശ്യമറിഞ്ഞു സാധനങ്ങളുണ്ടാക്കുന്നതിനുള്ള കെല്പില്ലായ്മ, സാങ്കേതികപരിജ്ഞാനത്തിന്റെ അഭാവം, വിക്രയത്തിനുള്ള ക്ലേശങ്ങൾ എന്നിങ്ങനെ സംഘടനയുടെ അഭാവത്താൽ, തിരുവിതാംകൂറിലെ കുടിൽവ്യവസായങ്ങൾ നിർജ്ജീവങ്ങളായിത്തീർന്നിരിക്കുകയാണ്.

൮. പരിമിതാദായക്കാരുടെ സാമ്പത്തികജീവിതത്തെ സുകരമാക്കുന്നതിനായി സ്ഥാപിക്കപ്പെട്ടിട്ടുള്ള സഹകരണസംഘങ്ങൾക്ക് ഇവയെ സഹായിക്കുന്നതിനു ഗണ്യമായി ഒന്നും ചെയ്യുവാൻ സാധിച്ചിട്ടില്ല. ആകെയുള്ള ജനസംഖ്യയിൽ ൯൫൨൭ കുടിൽവ്യവസായികൾ മാത്രമേ സംഘങ്ങളിൽ അംഗങ്ങളായിത്തന്നെ ചേൎന്നിട്ടുള്ളു. അവരുടെ തന്നെ അംഗത്വം അവരുടെ വ്യവസായപോഷണത്തിനു പ്രസ്താവയോഗ്യമായി ഉപയോഗപ്രദമായിത്തീൎന്നിട്ടുണ്ടോ എന്നുള്ളതു് സംശയമാണു്. മററാവശ്യങ്ങൾക്കുവേണ്ടി ധനസഹായത്തിനായി മാത്രമാണു ഇവരിൽ അധികം ആളുകളും സംഘങ്ങളിൽ അംഗങ്ങളായി ചേൎന്നിട്ടുള്ളതു്. കുടിൽവ്യവസായികളുടെ വകയായി ഏകദേശം അൻപതു സംഘങ്ങൾ ഇപ്പോൾ തിരുവിതാംകൂറിൻെറ നാനാഭാഗങ്ങളിലായി പ്രവൎത്തിക്കുന്നുണ്ടു്. എന്നാൽ അവയെല്ലാംതന്നെ അവയുടെ അംഗങ്ങൾക്കു ധനസഹായം ചെയ്യുന്നതല്ലാതെ അവരുടെ വ്യവസായപോഷണത്തിനു് ആവശ്യമായ യാതൊന്നും ചെയ്യുന്നില്ല. താരതമ്യേന സുഗമമായ ധനസഹായം ചെയ്യുക എന്നുള്ളതിൽ കവിഞ്ഞു് ഈ സംഘങ്ങൾ ഒന്നും ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുമില്ല. വായ്പ തിരിച്ചടയ്ക്കുവാൻ അംഗങ്ങളെ പ്രാപ്തരാക്കേണ്ടതും സംഘങ്ങളുടെ കൎത്തവ്യമാണെന്നുള്ള തത്വം അവർ വിസ്മരിച്ചുപോയി.

൯. രാജ്യത്തിൻെറ സാമ്പത്തികസ്ഥിതി ഭദ്രതരമാക്കണമെന്നുണ്ടെങ്കിൽ കുടിൽവ്യവസായങ്ങളെ പോഷിപ്പിക്കാതെ സാദ്ധ്യമല്ല. അങ്ങിങ്ങായി ചിതറിക്കിടക്കുന്ന കലാകുശലതയെ സംഘടിപ്പിക്കുന്നതിനും അവയിൽ നിന്നും പ്രയോജനകരങ്ങളായ സാമ്പത്തികഫലങ്ങളെ ഉത്ഭവിപ്പിക്കുന്നതിനും സഹകരണസംഘടനയെപ്പോലെ യോജിച്ചതായി മററൊന്നുമില്ല. കുടിൽവ്യവസായങ്ങളുടെ അഭിവൃദ്ധി അവയെ സഹകരണരീത്യാ സംഘടിപ്പിച്ചാൽ മാത്രമേ സാധിതപ്രായമാകുകയുള്ളു എന്നു ബഹുമാനപ്പെട്ട ദിവാൻജി അവർകൾ ശ്രീചിത്തിരാസ്റ്റേററുകൗൺസിലിൻെറ ഇക്കഴിഞ്ഞ സമ്മേളനത്തിൽ പ്രസ്താവിച്ചതു ഈ അവസരത്തിൽ സ്മരണീയമാണു്. ഈ വ്യവസായങ്ങളുടെ ഉത്പാദകന്മാൎക്കു ധനസഹായം ചെയ്യുന്നതിനും അവൎക്കാവശ്യമുള്ള അസംസ്കൃതസാധനങ്ങൾ വാങ്ങിക്കൊടുക്കുന്നതിനും അവരുടെ ഉല്പന്നങ്ങളെ പരിഷ്കരിക്കുന്നതിനും അവയെ വിററഴിച്ചുകൊടുക്കുന്നതിനും സഹകരണസംഘങ്ങൾക്കു

സാധിക്കും. ഈ ഉദ്ദേശങ്ങളോടുകൂടി പുതിയ സംഘങ്ങൾ സ്ഥാപിക്കുന്നതിനോ, അല്ലെങ്കിൽ ഇപ്പോൾ ഉള്ള സംഘങ്ങൾ—അവ ധനസഹായസംഘങ്ങളോ ധനേതരസംഘങ്ങളോ ആയിക്കൊള്ളട്ടെ—വ്യവസായശാഖകൾ സ്ഥാപിക്കുകയോ ചെയ്യേണ്ടതാണ്. വ്യവസായങ്ങളുടെ സാങ്കേതികവശങ്ങളെപ്പററി വേണ്ടപ്പോഴെല്ലാം സംഘങ്ങൾക്ക് ഉപദേശങ്ങൾ നൽകുന്നതിനു വ്യവസായഡിപ്പാർട്ടുമെൻറുകാർ തയ്യാറാണെന്നു ഡയറക്ടർ അവർകൾ ഇവിടെ അറിയിച്ചിട്ടുണ്ട്. കൂടാതെ, കുടിൽ വ്യവസായികളെ സഹകരണാടിസ്ഥാനത്തിന്മേൽ സംഘടിപ്പിക്കുന്നതിനായി ഒരു പ്രത്യേക ഇൻസ്പെക്ടറെയും ആ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുണ്ട്. മതിയായ ഉറപ്പും നിർമ്മപ്രകാരമുള്ള വായ്പ വാങ്ങുന്നതിനുള്ള ശക്തിയും ഉണ്ടെങ്കിൽ ഇത്തരം സംരംഭങ്ങൾക്ക് ആവശ്യമുള്ള ധനസഹായം ചെയ്യുന്നതിന് സെൻട്രൽബാങ്കും തയ്യാറായിരിക്കും. സാധനങ്ങളുടെ വിക്രയത്തിൽ സംഘങ്ങളെ വിദഗ്ദ്ധോപദേശംകൊണ്ടു സഹായിക്കുന്നതിനും വിപണികൾ കണ്ടുപിടിക്കുന്നതിനും വില്ക്കുന്നവരെ അത്യാവശ്യമായ അഡ്വാൻസുകൾ കൊടുക്കുന്നതിനും മററുമായി ഒരു കേന്ദ്രസ്ഥാപനം ഉണ്ടാക്കുന്നതിനെപ്പററി ആലോചനകൾ നടന്നുവരികയാണ്. ഇങ്ങനെ പ്രത്യേകമായ ഒരു കേന്ദ്രസ്ഥാപനം ഉണ്ടാകുന്നതുവരെ, ആലപ്പുഴയിലെ ൧൦൯൪-ാംനമ്പർ മൊത്തവ്യാപാരസംഘം ഇക്കാര്യങ്ങളിൽ അതിനാൽ കഴിയുന്ന സഹായങ്ങളൊക്കെ സംഘങ്ങൾക്കു ചെയ്തുകൊടുക്കുന്നതായിരിക്കും.

൩. ഈ സർക്കുലർ കുടിൽ വ്യവസായങ്ങൾ നടത്തുന്നവയോ അല്ലെങ്കിൽ കുടിൽവ്യവസായികൾ അംഗങ്ങളായിട്ടുള്ളവയോ ആയ സംഘങ്ങളെ മാത്രം ഉദ്ദേശിച്ചിട്ടുള്ളതല്ലെന്നു വ്യക്തമാക്കേണ്ടിയിരിക്കുന്നു. ഓരോസംഘത്തിനും കുടിൽവ്യവസായികളേയും വ്യവസായങ്ങളേയും പോഷിപ്പിക്കുന്നതിന് ഏതെങ്കിലും സഹായിക്കുവാൻ കഴിയും. അതുകൊണ്ട് എല്ലാസംഘങ്ങളും ഈ സർക്കുലർ അവരുടെ അടുത്ത പൊതുയോഗത്തിൽ വായിച്ച് ഇതനുസരിച്ച് എന്തു പ്രവർത്തിക്കുവാൻ തീരുമാനിച്ചു എന്നും എന്തു പ്രവർത്തിച്ചു എന്നും ഉള്ള വിവരങ്ങൾ അതാതു ഡിവിഷനിലെ അസിസ്റ്റൻറു രജിസ്ട്രാർ ആഫീസിലേക്കും ഈ ആഫീസിലേക്കും റിപ്പോർട്ടു ചെയ്യേണ്ടതാകുന്നു. ഐക്യസംഘങ്ങൾക്ക് ഈ ആശയത്തിൻെറ പ്രചാരണത്തിനുള്ള പ്രത്യേക ചുമതലകളേയും അനുസ്മരിപ്പിച്ചുകൊള്ളുന്നു.

൧. പ്രവൃത്തിയാണ് ഇപ്പോഠം ആവശ്യം. പ്രവൃത്തിക്കുള്ള സമയവും ഇതാണ്. അതിലേക്ക് സംഘങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

സർക്കുലർ ൨൩൮

ഈ ഡിപ്പാർട്ടുമെൻറിലെ ൨൩൮-ാം നമ്പർ സർക്കുലറിനെ തുടന്ന്, വ്യവസായ ഡിപ്പാർട്ടുമെൻറിൽ നിന്നും സംസ്ഥാനത്തെ കുടിൽ വ്യവസായങ്ങളെപ്പററി ഒരു അന്വേഷണം നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. കുടിൽവ്യവസായ സഹകരണസംഘങ്ങഠം രൂപീകരിക്കുന്നതിന് നിയുക്തനായിരിക്കുന്ന വ്യവസായ ഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടർ ഈ അന്വേഷണത്തിനു ആവശ്യമായ പ്രശ്നാവലി എല്ലാഐക്യനാണയസംഘങ്ങഠംക്കും അയച്ചുതരുന്നതാണ്. പ്രശ്നാവലിയിൽ ഉന്നയിച്ചിരിക്കുന്ന എല്ലാ കാര്യങ്ങഠംക്കും പൂർണ്ണമായ വിവരങ്ങഠം ആ ഉദ്യോഗസ്ഥനു കിട്ടത്തക്കവണ്ണം ഐക്യസംഘങ്ങഠം അദ്ദേഹത്തെ സഹായിക്കണമെന്ന് ആവശ്യപ്പെടുന്നു.

൭൮. മാതൃകാകൃഷി.

സർക്കുലർ ൧൦൧.

കൃഷി മത്സ്യവ്യവസായ ഡയറക്ടർ അവർകഠം പുറപ്പെടുവിച്ചിട്ടുള്ള ൧൧൦൧-ലെ ൧൦-ാം നമ്പർ സക്കുലർ എല്ലാപരസ്പരസഹായസംഘങ്ങളുടേയും, വിശേഷിച്ചു ഗ്രാമസംഘങ്ങളുടേയും ശ്രദ്ധക്കായി അടിയിൽ ഉദ്ധരിക്കുന്നു. കൃഷിയിൽനിന്നും കൂടുതൽ ആദായം ലഭിക്കേണ്ടതിനു, പരിഷ്കൃതവളം, നല്ലതരം വിത്തു, കൃഷിരീതി, ഇവയുടെ പ്രാധാന്യത്തെ എല്ലാ സംഘങ്ങളും തന്മൂലം അവയിലെ അംഗങ്ങളും ശരിയായി മനസ്സിലാക്കേണ്ടതാണ്. മാതൃകാകൃഷികഠം സംഘങ്ങളുടെ അറിവോടുകൂടി നടത്തുന്നതും, അവയുടെ അനുഭവങ്ങഠം എങ്ങിനെയാണെന്ന് സംഘങ്ങളിലെ അംഗങ്ങഠം ധരിക്കുന്നതിനും വേണ്ട സൌകര്യങ്ങഠം ചെയ്തിരിക്കുന്നു. സംഘങ്ങഠം ഈ അവസരത്തെ ധാരാളമായി പ്രയോജനപ്പെടുത്തുമെന്ന് വിശ്വസിക്കുന്നു.

൧൧൦൧-ലെ ൧൦-ാം നമ്പർ സക്കുലർ.

കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും പല സ്ഥലങ്ങളിലും നടത്തിവരാറുള്ള മാതൃകാകൃഷികളുടെ ഫലങ്ങഠം അറിഞ്ഞു പ്രയോജനപ്പെടുത്തുതിനു അനേകം പരസ്പരസഹായസംഘങ്ങഠം ആഗ്രഹിക്കുന്നതായി പരസ്പരസഹായസംഘം രജിസ്ട്രാർ അവർകളുടെ ഒരു ലറ്ററിൽ നിന്നും കാണുന്നു. അതിനാൽ പരസ്പരസഹായസംഘങ്ങഠം ഉള്ള ദിക്കുകളിലെല്ലാം അവയു

മായി ആലോചിച്ചു് മാതൃകാകൃഷികൾക്കു സ്ഥലം നിർണ്ണയിക്കേണ്ടതാണെന്നു് എല്ലാ കൃഷി ഉദ്യോഗസ്ഥന്മാരേയും തെര്യപ്പെടുത്തുന്നു. ഇപ്പോൾ മാതൃകാകൃഷികൾ നടത്തുന്ന ഭൂമി ഉടമസ്ഥന്മാർ അതാതു സ്ഥലത്തുള്ള സംഘങ്ങൾക്കു അവർ നടത്തുന്ന പരീക്ഷണകൃഷിയുടെ ഫലങ്ങൾ അറിയിച്ചുകൊടുക്കണമെന്നു് അവരെ ചട്ടം കെട്ടേണ്ടതാണു്.

സക്കുലർ: ൧൧൧

ഈ ആഫീസ്സിൽനിന്നും ൧൯൨൯ ഡിസംബർ ൨൯-ാംനു- ൧൭൬-ാം നംബരായി പ്രസിദ്ധംചെയ്തിട്ടുള്ള സക്കുലറിനെ തുടർന്നു കൃഷിഡയറക്ടർ അവർകളുടെ ൧൧൦൪-൨൧-ൽ ൭൯൦ / ൧൯൩൪ / ൧൧൦൧-ആയി വന്നിട്ടുള്ള ലെറ്ററിന്റെ പകർപ്പു സംഘങ്ങളുടെ അറിവിനായി അടിയിൽ ചേർക്കുന്നു. പരസ്പരസഹായസംഘങ്ങൾ മുഖേന കൃഷിയിൽ പരിഷ്കൃതരീതികൾ, നല്ലവിത്തുകൾ, വളങ്ങൾ മുതലായവ പ്രചരിപ്പിക്കുന്നതിലേയ്ക്കു ഉദ്ദേശിച്ചിരിക്കുന്ന പദ്ധതി (Scheme) യിൽ അംഗീകരിക്കാൻ വിചാരിക്കുന്ന പ്രോഗ്രാം എല്ലാ ഇൻസ്പെക്ടറന്മാരും ഐക്യനാണയസംഘങ്ങളും ശ്രദ്ധിക്കേണ്ടതാണു്. തങ്ങളുടെ ഭരണസീമയ്ക്കുള്ളിൽ അടങ്ങിയിട്ടുള്ള സംഘങ്ങളുടെ അഭിപ്രായങ്ങളും അഭിലാഷങ്ങളും ആദ്യമായി ആരാഞ്ഞറിയുകയും, അവയുടെ യോഗ്യതാംശങ്ങളെ പരിശോധിച്ചു തിട്ടപ്പെടുത്തുകയും ചെയ്തതിനുശേഷം മാത്രമേ, ഡെമാൺസ്റ്ററ്റേഷൻ കഴിച്ചുകൂടാൻ തക്ക സാമർത്ഥ്യമുള്ള സംഘങ്ങളുടെ പേരുകൾ ശുപാർശ ചെയ്യാവു എന്നു അവരോടു ആവശ്യപ്പെടുന്നു. ശുപാർശകളെല്ലാം ഇവിടെ വന്നതിനുശേഷം അവ പരിശോധിച്ചു ഡയറക്ടർ അവർകൾക്കു അയയ്ക്കുന്നതാണു. ഇടവം ൧൫-ാംനു-ക്കകം റിപ്പോർട്ടുകൾ എല്ലാം ഇവിടെ കിട്ടിയിരിക്കേണ്ടതാണു.

... ...

പരസ്പരസഹായ ഡിപ്പാർട്ടുമെന്റും കൃഷിഡിപ്പാർട്ടുമെന്റും ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടതിനെ സംബന്ധിച്ചു്, ൧൧ മാർച്ചു് ൧൯൩൪-ലെ ൨൧൪൭-ാം നംബരായി അയച്ച ലെറ്റർ.

ഡെമാൺസ്റ്ററ്റേഷൻ വകയ്ക്കു് ആവശ്യമുള്ള വളങ്ങൾ വില കൂടാതെ നൽകേണ്ടതിന്, പരസ്പരസഹായസംഘങ്ങളിലെ അംഗങ്ങളിലും ഭാരവാഹികളിലും നിന്നു് അനേകം അപേക്ഷകൾ എനിക്കു കിട്ടിക്കൊണ്ടിരിക്കുന്നു. ഈ വക അപേക്ഷകൾ അംഗങ്ങളുടെ സ്വന്തനിലയിലൊ അതോ സംഘത്തിനുവേണ്ടിയോ എന്നുള്ള കാര്യം വ്യക്തമാകുന്നില്ല. മാതൃകാതോട്ടങ്ങൾ നടത്തുന്നതിൽ ഉള്ള ഉദ്ദേശം അതായതു,

കൃഷിയിൽ പരിഷ്കൃതരീതികൾ പ്രചരിപ്പിക്കുകയെന്നുള്ളതു്, ഇവയെല്ലാം വ്യക്തിപരമായി ചെയ്യുന്നതിനേക്കാൾ, സംഘങ്ങൾ ഏറ്റു പ്രവർത്തിക്കുന്നതു കൂടുതൽ പ്രയോജനകരമായ വിധത്തിൽ സാധിക്കാവുന്നതാണ്. അതിലേയ്ക്കു സംഘങ്ങൾ അനുവർത്തിക്കേണ്ട ഒരു സുസ്ഥിരമായ പ്രവർത്തിപദ്ധതി ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

(i) സംഘങ്ങൾക്കു നടത്താവുന്ന ഏറ്റവും പ്രധാനമായ ജോലി വിളവുകൾക്കു ശാസ്ത്രീയ വളങ്ങൾ ഉപയോഗിച്ചു കാണിച്ചുകൊടുക്കുകയെന്നുള്ളതാണ്. ഈ വർഷാരംഭത്തോടുകൂടി നെല്ല്, തെങ്ങ്, മരച്ചീനി ഇവ ഓരോന്നിലും ൧൦ ഏക്കർ സ്ഥലത്തേക്കു ആവശ്യമുള്ള വളങ്ങൾ, വിലകൂടാതെ സംഘങ്ങളെ ഏല്പിക്കാം. ഇൻസ്പെക്ടറന്മാരോടാലോചിച്ച്, വളങ്ങൾ ഏല്പിക്കപ്പെടാവുന്ന സംഘങ്ങൾ, ഇന്നതെന്നു നിശ്ചയിക്കയും ആ സംഘങ്ങൾ അതിനു വേണ്ട സ്ഥലം നിർണ്ണയിക്കയും ചെയ്യേണ്ടതാണ്. അതിനുശേഷം, നിങ്ങളുടെ ഇൻസ്പെക്ടറന്മാരെക്കൊണ്ടു ഡെമാൺസ്റ്ററേഷൻ ഫലപ്രദമായി തീരത്തക്കവണ്ണം വളങ്ങൾ ഉപയോഗിക്കുന്നതിലേയ്ക്കു വേണ്ട സഹായങ്ങൾ നല്കുന്നതിന് ഞാൻ എന്റെ ഇൻസ്പെക്ടറന്മാരോടു ആജ്ഞാപിക്കാം.

(ii) സഹായവിലയ്ക്കുള്ള ഇരുമ്പു കലപ്പകൾ ഉപയോഗിച്ചുകാണിച്ചുകൊടുക്കുകയാകുന്നു, സംഘങ്ങളെക്കൊണ്ടു നിർവഹിക്കാവുന്ന മറ്റൊരു ജോലി. ൨ രൂപമുതൽ ൧൫ രൂപാ വരെ വിലയുള്ള ഇരുമ്പുകലപ്പകൾ എന്റെ കൈവശമുണ്ട്. ചുരുങ്ങിയ വിലയ്ക്കുള്ളവ ഇളകിയമണ്ണുകൾക്കും, കൂടിയതരത്തിലുള്ളതു്, ഉറപ്പുഭൂമികൾക്കും, യോജിച്ചതാണ്. പലതരം മണ്ണുകൾക്കു ഉപയോഗിക്കാവുന്ന ൪ വിധം കലപ്പകളിൽ ൧൦ എണ്ണം പരസ്പരസഹായസംഘങ്ങളുടെ ഉപയോഗത്തിലേക്കായി ഏല്പിക്കാൻ ഞാൻ തയ്യാറാണ്. ഇവിടെയും, കലപ്പകൾ ഏല്പിക്കാവുന്ന സംഘങ്ങളെ നിങ്ങൾ നിശ്ചയിക്കേണ്ടതാണ്. എന്റെ ഇൻസ്പെക്ടറന്മാർ സ്ഥലത്തുചെന്നു കലപ്പകൾ ഉപയോഗിക്കേണ്ട രീതിയെപ്പറ്റി ഉപദേശിക്കുന്നതാണ്. അവയുടെ പ്രയോജനം അനുഭവപ്പെടുന്നതായാൽ സംഘം അവയെ വിലയ്ക്കുവാങ്ങി ഡെമാൺസ്റ്ററേഷൻ വകയ്ക്കു സൂക്ഷിച്ചുകൊള്ളേണ്ടതാണ്. കൂടുതൽ കലപ്പകൾ വിലയ്ക്കു ആവശ്യമുള്ളപക്ഷം അപേക്ഷിച്ചാൽ കൊടുക്കുന്നതായിരിക്കും.

(iii) മേൽത്തരം നെല്ലുവിത്തുകൾ, നാഗരുകോവിലിലും ഇരണിയലിലും ഉള്ള ഫാറങ്ങളിൽ (Farms) നിന്നും പള്ളിക്കൽ മിസ്റ്റർ കെ. ജി. താമസ്സിനോടും വിലയ്ക്കു വാങ്ങാവുന്നതാണ്. ഈ സ്ഥലങ്ങൾക്കടുത്തുള്ള സംഘങ്ങൾ, ഈ വിത്തുകൾ വാങ്ങി ഉപയോഗിക്കാൻ ഉപദേശിക്കേണ്ട

താണ്. അവർ അപ്രകാരം ചെയ്യുന്ന പക്ഷം, മേൽ വരദ്ധിപ്പിക്കുന്നതി നുവേണ്ടി വിത്തുകൾ വീണ്ടും തെരഞ്ഞെടുക്കേണ്ടവിധം എന്റെ ഇൻസ്പെക്ടറന്മാരെക്കൊണ്ട ഞാൻ പ്രദശിപ്പിച്ചുകൊടുക്കാം. മേൽത്തരം വിത്തുകൾ വാങ്ങി ഉപയോഗിക്കാം എന്നുദ്ദേശിക്കാവുന്ന സംഘങ്ങളുടെ ഒരു ലിസ്റ്റ് അയച്ചുതരുന്നമെന്നപേക്ഷിക്കുന്നു.

(IV) നല്ല വിത്തുകാളകളെ പോററിരക്ഷിക്കുന്ന വകയ്ക്കായി ഒരു രൂപാ വിതം ൨൦ ഗ്രാൻറുകൾ എന്റെ ഡിപ്പാർട്ടമെൻറിൽനിന്നും കൊടുക്കുന്നതെന്നു അറിയാമല്ലൊ. ഗ്രാൻറു കാര്യത്തിൽ ഇയ്യാണ്ടത്തേയ്ക്കു വേണ്ട വ്യവസ്ഥചെയ്തു കഴിഞ്ഞു നല്ല വിത്തുകാളകളെ സംരക്ഷിക്കാൻ ഏല്ക്കുന്ന പക്ഷം പരസ്പരസഹായസംഘങ്ങൾക്ക മാത്രമേ അടുത്തകൊല്ലംമുതൽ ഗ്രാൻറു അനുവദിച്ചു കൊടുക്കാവു എന്നു ശുപാർശചെയ്യാൻ ഞാൻ വിചാരിക്കുന്നുണ്ട്. അപ്രകാരം ചെയ്യാനുദ്ദേശിക്കുന്ന സംഘങ്ങളുടെ ഒരു ലിസ്ററ ഈ ധനുവസാനത്തോടുകൂടി കിട്ടിയാൽ കൊള്ളാമെന്നുണ്ട്. കാളകൾ ഉല്പ്പത്തിക്കു ഉതകുന്നവയാണോ എന്നു, മൃഗഡാക്ടറന്മാർ പരിശോധിച്ചു സർട്ടിഫിക്കററു നല്കപ്പെട്ടവയായിരിക്കണം. മേൽ പ്രസ്താവിച്ചജോലികൾ പരസ്പരസഹായ സംഘങ്ങൾക്കു കാലവിളംബംകൂടാതെ നടത്താവുന്നവ ആകുന്നു. എന്റെ അഭിപ്രായത്തോടു യോജിക്കുന്നപക്ഷം, കഴിയുന്നതും വേഗത്തിൽ ഒരോ തരം പ്രവൃത്തിയും ഏറെപ്പിക്കാവുന്ന സംഘങ്ങളുടെ ലിസ്ററുകൾ അയച്ചുതരണമെന്നു താല്പയ്യപ്പെടുന്നു.

സക്കുലർ ൧൧൭.

ഈ ആഫീസുവക ൧൯൩൦ ഏപ്രിൽ ൧൮-ാംനു-ലെ ൧൧൧-ാം നമ്പർ സക്കുലറിലെ താല്പയ്യം അനുസരിച്ചു ഇതിനടിയിൽ കൊടുത്തിരിക്കുന്ന ലിസ്റ്റുകൾ പ്രകാരം സംഘങ്ങൾക്കു വളം, ഇരുമ്പുകലപ്പകൾ, വിത്തുകാളകൾ ഗ്രാൻറു ഇവകൾ കൃഷിഡയറക്ടർ അവർകൾക്കു ശുപാർശചെയ്യുകയും അദ്ദേഹം അതിനെ സ്വീകരിച്ചു വേണ്ട നടപടികൾ നടത്തുന്നതിനു തന്റെ കീഴുദ്യോഗസ്ഥന്മാരെ ആജ്ഞാപിക്കയും ചെയ്തിരിക്കുന്നു. സംഘങ്ങൾ താഴെപ്പറയുന്ന നടപടികൾ മനസ്സിലാക്കി ശ്രദ്ധാപൂർവ്വം പ്രവത്തിക്കേണ്ടതാണ്.

൧. മാതൃകാകൃഷികൾ—നെല്ല, നാളികേരം, മരച്ചീനി ഈ വക കൃഷികൾക്കു സംഘം തെരഞ്ഞെടുക്കുന്ന സ്ഥലം അതിനു ഏറ്റവും യോജ്യമായിട്ടുള്ളതും സംഘാംഗങ്ങൾക്കു എല്ലായ്പ്പോഴും പോയി പരി

ശോധിക്കുന്നതിനുവേണ്ട സൌകര്യം ഉള്ളതായും ഇരിക്കണം. സ്ഥലം എന്തു കരാറിന്മേൽ വാങ്ങണമെന്നും അതിനു എന്തു പ്രതിഫലം കൊടുക്കണമെന്നും ഉള്ള വ്യവസ്ഥകൾ പൊതുയോഗത്തിൽ നിശ്ചയിക്കേണ്ടതാണ്. സ്ഥലം കൈവശം വന്ന വിവരം കൃഷിഇൻസ്പെക്ടർ അവർകളെ തെര്യപ്പെടുത്തിയാൽ ഇൻസ്പെക്ടർ സ്ഥലത്തുവന്നു ആവശ്യമുള്ള പരിശോധന നടത്തി വളം ഫലവത്തരമായ വിധത്തിൽ ഉപയോഗിച്ചു കാണിച്ചുതരുന്നതായിരിക്കും.

൨. ഇരുമ്പുകലപ്പകൾ—സംഘം കൃഷിചെയ്യുന്നതിന് ഉദ്ദേശിക്കുന്ന ഭൂമിയുടെ സ്ഥിതി അനുസരിച്ചു ഏതു തരം കലപ്പയാണ് സംഘത്തിനു ആവശ്യമുള്ളതെന്നു കൃഷിഇൻസ്പെക്ടരെ അറിയിച്ചാൽ ഇൻസ്പെക്ടർ സ്ഥലത്തു വന്നു ഉഴവുനടത്തി ഇരുമ്പുകലപ്പയുടെ പ്രയോജനത്തെ അംഗങ്ങൾക്കു മനസ്സിലാക്കിത്തരുന്നതാണ്. അംഗങ്ങൾ ഇരുമ്പുകലപ്പകൾകൊണ്ടു ഉഴുന്നതു വാസ്തവത്തിൽ കൂടുതൽ ആദായകരമാണെന്നു ബോദ്ധ്യപ്പെടുന്നപക്ഷം സംഘത്തിൽ നിന്നും ആവശ്യമുള്ള കലപ്പകൾ വിലകൊടുത്തു വാങ്ങിസൂക്ഷിക്കേണ്ടതും അവകൾ അംഗങ്ങൾ ഉപയോഗിക്കുന്നതിന് ഒരു ചെറിയ ഫീസു പൊതുയോഗം നിശ്ചയിക്കേണ്ടതുമാണ്.

൩. വിത്തുകാളകൾക്കു ഗ്രാൻറ്—വിത്തുകാളകളെ വാങ്ങിസംരക്ഷിക്കുന്നതിനു ഗ്രാൻറു കിട്ടുന്ന സംഘങ്ങൾ അവർ വാങ്ങാൻ നിശ്ചയിക്കുന്ന കാളകളെ മുൻകൂട്ടിത്തന്നെ വെററിനറിഇൻസ്പെക്ടറന്മാർ പരിശോധിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. സംഘം സൂക്ഷിക്കുന്ന കാളകൾ വിത്തുകാളകളാക്കാൻ നന്നല്ലെന്നു സംഘങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. വിത്തുകാളകളെ ചേർക്കുന്നതിനുള്ള ഫാറവും അവയെ തീററിസൂക്ഷിക്കേണ്ട ക്രമവും ൧൯൨൦ ആഗസ്റ്റ് ൩-ാംനു-ലെ ഗസററിൽ പരസ്യം ചെയ്തിട്ടുണ്ട്. അതിലേക്കു നിർദ്ദേശിച്ചിട്ടുള്ള രജിസ്റ്ററുകളും സംഘങ്ങൾ വച്ചുകൊള്ളേണ്ടതാണ്. വെളിയിൽനിന്നും നല്ല ജനത്തിലുള്ള വിത്തുകാളകൾ ആവശ്യമുണ്ടെന്നു ആറിൽ കുറയാതെ സംഘങ്ങൾ ആവശ്യപ്പെടുന്നപക്ഷം കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും കാളകൾ വരുത്തി കൊടുക്കുന്നതിനു ഏർപ്പാടുചെയ്യുന്നതാകുന്നു. കാളകളുടെ വിലയും റയിൽകൂലിമുതലായവയും സംഘങ്ങൾ കൊടുക്കേണ്ടതും കാളകൾ വാങ്ങാൻ അയക്കുന്ന ആളിൻെറ ചിലവു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും ചെയ്യുന്നതും ആകുന്നു.

൪. നല്ലതരം വിത്തുകൾ സക്കുലറിൽ പറഞ്ഞിട്ടുള്ള സ്ഥലങ്ങളിൽനിന്നും വാങ്ങി ഉപയോഗിക്കുന്നതിന് എല്ലാ സംഘങ്ങളും താല്പര്യപ്പെടേണ്ടതാണ്.

സൌജന്യമായി വളംകൊടുക്കാൻ അനുവദിക്കപ്പെട്ട സംഘങ്ങൾ

൧. തെങ്ങിന്.

ക്രമനമ്പർ	സംഘത്തിന്റെ പേരും നമ്പരും		സർക്കിൾ	ഏ.	സെ.
൧.	ക്ഷേമപ്രദായിനി	൭൩൯	മാവേലിക്കര	൧	൦
൨.	തട്ടയിൽനായർ	൩൨൯	ടി	൧	൦
൩.	വഴിപാടി	൩൬൩	ടി	൧	൦
൪.	കണ്ണമംഗലം	൧൯൦൨	ടി	൧	൫
൫.	മെഴുവേലി	൨൮൦	പത്തനംതിട്ട	൧	൫
൬.	കുണ്ടറ Y. M. C. A.	൮൫൧	കൊല്ലം	൧	൦
൭.	തൃവയൂർ	൫൫	പുനലൂർ	൧	൫
൮.	പടനായർകുളങ്ങര	൨൪൫	കരുനാഗപ്പള്ളി	൦	൫൦
൯.	തിരുമണിവെങ്കിടപുരം	൬൨൨	വൈക്കം	൧	൫൫
൧൦.	നെടുങ്ങപ്രക്കോഷി	൯൭൩	ആലുവാ	൦	൫൦
൧൧.	തകഴി	൯൫൮	അമ്പലപ്പുഴ	൫	൨൫
൧൨.	മുട്ടം	൧൧൬൮	ചേർത്തല	൫	൨൫
൧൩.	ചെന്നംപള്ളിപ്പുറം	൩൯൧	ടി	൫	൨൫
൧൪.	മാവേലിക്കര	൮൫൭	മാവേലിക്കര	൫	൧൫
൧൫.	ചമ്പക്കുളം	൪൩൩	അമ്പലപ്പുഴ	൦	൧൦
൧൬.	തലവടി N. N. K. നായർ	൩൪൨	ടി	൦	൧൦
൧൭.	നെടുമുടിനടുഭാഗം	൮൬	ടി	൦	൧൫
൧൮.	കരുമാടി	൧൧൮൧	ടി	൫	൧൫
൧൯.	വെള്ളൂർനായർ	൭൦	കോട്ടയം	൦	൧൫
൨൦.	കുന്നുങ്ങളും വെണ്മോള	൧൩൩	ടി	൦	൧൫
			ആകെ	൧൦	൦

൨. നെല്ലിന്

൧.	ഇറവങ്കര	൨൦൨	മാവേലിക്കര	൧	൦
൨.	ഇരേഴവടക്ക	൨൪൧	ടി	൧	൦
൩.	ചമ്പക്കുളം	൪൩൩	അമ്പലപ്പുഴ	൧	൫
൪.	മെഴുവേലി	൨൪൦	പത്തനംതിട്ട	൧	൦
൫.	കോന്നി	൫൦൦	ടി	൧	൦
൬.	കുണ്ടറ Y. M. C. A.	൪൦൧	കൊല്ലം	൧	൦
൭.	പുനലൂർവെള്ളാള	൩൧൪	പുനലൂർ	൧	൦
൮.	പുതുപ്പള്ളി	൮൯൦	ചങ്ങനാശേരി	൧	൦

൯.	തിരുമണിമംഗലം കിടങ്ങൂർ	൩൨൨	തിരുവല്ലം	൧	൦
൧൦.	പള്ളിപ്പുറം ക്രിസ്ത്യൻ	൩൨൮	ചേർത്തല	൦	൫ ൦
൧൧.	നെടുമുടിനടുഭാഗം	൪൮൩	അമ്പലപ്പുഴ	൦	൨ ൦
൧൨.	ആശാരിപ്പള്ളം	൩൮൩	നാഗർകോവിൽ	൦	൧൦
൧൩.	കുലശേഖരപുരം	൬൭൭	ടി	൦	൧൦
൧൪.	മർത്താണ്ഡംകോപ്പ്	൪ [illegible]	ടി	൦	൧൦
൧൫.	തലവടി N. N. K. നായർ	൩൪൨	അമ്പലപ്പുഴ	൦	൧൦
൧൬.	ഷണ്മാടി	൧൨൬൧	ടി	൦	൧൦
൧൭.	തകഴി	൯൬൪	ടി	൦	൧൦
൧൮.	കടമാക്കൂർ	൯൩	കോട്ടയം	൦	൧൦
൧൯.	പുന്നപ്ര കിഴക്ക്	൭൯൯	ടി	൦	൧൦
			ആകെ	൧൦	൦

൩. [illegible]

൧.	കഴക്കൂട്ടം	൨൧൪	നെടുമങ്ങാട്	൧	൦
൨.	പന്നിയോട് ചാരമർ	൫൧൭	ടി	൧	൦
൩.	കഴക്കൂട്ടത്ത് ദേവൻ	൫൭൨	ടി	൧	൦
൪.	[illegible]	൨൪൦	പത്തനംതിട്ട	൧	൦
൫.	കോന്നി	൫൦൦	പത്തനംതിട്ട	൧	൦
൬.	[illegible] Y. M. C. A.	൪൭൧	കൊല്ലം	൧	൦
൭.	പള്ളിപ്പടിഞ്ഞാറ	൧൦൨൪	പുനലൂർ	൧	൦
൮.	[illegible]	൬൯൦	ചങ്ങനാശേരി	൧	൦
൯.	[illegible]	൧൮൫	മൂവാറ്റുപുഴ	൧	൦
൧൦.	അത്തിക്കൽ	൧൧൪൨	ചേർത്തല	൦	൫൦
൧൧.	നെടുമുടിനടുഭാഗം	൪൮൩	അമ്പലപ്പുഴ	൦	൧൦
൧൨.	മീനിക്കാട്	൨൯൨	കോട്ടയം	൦	൧൦
൧൩.	ഏറ്റുമാനൂർ [illegible]	൭൫൪	ടി	൦	൧൦
			ആകെ	൧൦	൦

ഇമ്പുകപ്പ [illegible] ഉൾപ്പെടുന്ന സംഘങ്ങൾ.

ക്രമനമ്പർ	സംഘത്തിന്റെ പേരും നമ്പരും		സർക്കിൾ	എണ്ണം
൧.	ആശാരിപ്പള്ളം	൩൮൩	നാഗർകോവിൽ	൧
൨.	കുലശേഖരപുരം	൭൭൭	ടി	൧
൩.	മർത്താണ്ഡംകോപ്പ്	൪൬൧	ടി	൧
൪.	ഇടപ്പാറൻമുള ക്രിസ്ത്യൻ	൪൨൦	ചെങ്ങന്നൂർ	൨
൫.	മാവേലിക്കര	൪൫൭	മാവേലിക്കര	൧
൬.	ചമ്പക്കുളം [illegible]	൪൩൩	അമ്പലപ്പുഴ	൧
൭.	തലവടി എൻ. എൻ. കെ. നായർ	൩൪൨	ടി	൧
൮.	[illegible] വൈ. എം. സി. എ.	൪൭൧	കൊല്ലം	൧
൯.	മുവയ്യൂർ [illegible] നായർ	൫ [illegible]	പുനലൂർ	൧
൧൦.	പുനലൂർ [illegible]	൩൧൪	ടി	൧
൧൧.	പള്ളിപ്പടിഞ്ഞാറ	൧൦൨൪	ടി	൧

൧൨.	കുമരകം	൧൫	കോട്ടയം	൧
൧൩.	വെള്ളൂർ	൨൬	ടി	൧
൧൪.	കടപ്ലാമ്പൂർ മസ്സാപ്പുളത്തു	൯൩	ടി	൧
൧൫.	തിരുമണി വെങ്കിടപുരം	൬൨൨	വൈക്കം	൧
൧൬.	പുതുപ്പള്ളി	൮൯൦	ചങ്ങനാശ്ശേരി	൧
൧൭.	കോതമംഗലം നായർ	൩൫൪	മൂവാററുപുഴ	൧
൧൮.	തൃക്കളത്തൂർ	൧൪൫	ടി	൧
൧൯.	ചേന്നം പള്ളിപ്പുറം	൩൯൧	ചേർത്തല	൧
			ആകെ കലപ്പ എണ്ണം	൨൦

വിത്തുകാളകൾക്കു ഗ്രാൻറു നൽകപ്പെടുന്ന സംഘങ്ങൾ

൧.	ആനാക്കോട്ട് ദൈവദാസ	൫൪൬	നെടുമങ്ങാട്	൧
൨.	ഇടയാറൻമുള ക്രിസ്ത്യൻ	൨൦	ചെങ്ങന്നൂർ	൧
൩.	ചമ്പക്കുളം തെക്കു നായർ	൪൩൩	അമ്പലപ്പുഴ	൧
൪.	തലവടി എൻ. എൻ. കെ. നായർ	൩൮൨	ടി	൧
൫.	മേലുകര	൨൪൦	പത്തനംതിട്ട	൧
൬.	ളുവമൺ ക്രിസ്ത്യൻ	൨൩൯	ടി	൧
൭.	ഓമല്ലൂർ	൧൧൬	ടി	൧
൮.	കുണ്ടറ ദേവ. എം. സി. എ.	൪൦൧	കൊല്ലം	൧
൯.	അഞ്ചൽ കൃഷിവ്യവസായ	൩൭൯	പുനലൂർ	൧
൧൦.	വാഴപ്പള്ളി	൧൩൦	മൂവാററുപുഴ	൧
൧൧.	ഉഴവൂർ നായർ	൯൧	ചങ്ങനാശ്ശേരി	൧
൧൨.	കുമരകം കരയോഗ	൧൫	കോട്ടയം	൧
൧൩.	വെള്ളൂർ	൨൬	ടി	൧
൧൪.	തിരുവാർപ്പു നായർ	൯൭	ടി	൧
൧൫.	തൈക്കൽ	൮൮൮	നെയ്യാററിങ്കര	൧
			ആകെ വിത്തുകാള എണ്ണം	൧൫

സക്ക്യുലർ ൧൨൦

പരിഷ്കൃതവളങ്ങൾ, കൃഷിആയുധങ്ങൾ, വിത്തുകൾ മുതലായവ നടപ്പിൽ വരുത്തുന്നതിനും വിത്തുകാളകൾക്കു ഗ്രാൻറുകൊടുക്കുന്നതിനും മററും കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും ചെയ്യുന്ന സൌകര്യങ്ങൾ പരസ്പര സഹായസംഘങ്ങൾക്കു സിദ്ധിക്കാനുള്ള മാർഗ്ഗങ്ങളെപ്പററി ൧൦൭-ം, ൧൧൧-ം നമ്പർ സക്ക്യുലറുകളിൽ വിവരിച്ചിട്ടുണ്ട്. അതിനെ തുടർന്നു ൧൧൦൨-ാമാണ്ട് കൃഷിഡിപ്പാർട്ടുമെൻറിൽനിന്നുമുള്ള ഈ സൌകര്യങ്ങൾ കൊടുക്കുന്നതിലേക്കായി ഏതാനും സംഘങ്ങളെ തെരഞ്ഞെടുത്തു അവയുടെ ലിസ്റ്റ് ൧൧൫-ാം നമ്പർ സക്ക്യുലറിൽ പരസ്യപ്പെടുത്തിയിരുന്നു. ആ സക്ക്യുലറിൽ വിവരിച്ചിട്ടുള്ള നിർദ്ദേശങ്ങളെ സംഘങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നുണ്ടോ എന്നു ശുപാർശചെയ്തു ഐക്യസംഘ

ങ്കളും ഇൻസ്പെക്ടർമാരും അന്വേഷിക്കുന്നുണ്ടെന്നു വിശ്വസിക്കുന്നു. ഈ പദ്ധതിയിലുൾപ്പെട്ട സംഘങ്ങൾ ൧൧൦൨-ാമാണ്ടു ചെയ്ത ജോലികളെ ക്രോഡീകരിച്ച് ഒരു റിപ്പോർട്ട് അയച്ചുതരേണ്ടതാണ്. ഓരോ സംഘവും ഈ വിഷയത്തിൽ ചെയ്ത ജോലിയുടെ സവിസ്തരമായ ഒരു റിപ്പോർട്ട് ഉടനെതന്നെ ഇവിടെ അയയ്ക്കേണ്ടതാണ്. ഈ റിപ്പോർട്ടുകളെല്ലാം ചിങ്ങം അവസാനത്തിനുമുമ്പ് ഈ ആഫീസിൽ കിട്ടിയിരിക്കേണ്ടതാണ്. ൧൧൦൩-ാമാണ്ടും ഇതേമാതിരി സൌകര്യങ്ങൾക്കപേക്ഷിക്കുന്ന സംഘങ്ങളുടെ ലിസ്റ്റും എല്ലാ ഇൻസ്പെക്ടർമാരും ഐക്യസംഘങ്ങളും അയയ്ക്കണം. സംഘങ്ങളിൽനിന്നും പ്രത്യേകം പ്രത്യേകം വരുന്ന അപേക്ഷകളെ ഗൌനിക്കുന്ന കാര്യം പ്രയാസമായിട്ടുള്ളതാണ്.

൫൯. കൃഷിവ്യവസായമാസിക.

സക്കുലർ ൩൨

പരസ്പരസഹായം, കൃഷി, വ്യവസായം ഈ വിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന ഒരു മാസിക തുലാമാസംമുതൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഈ മാസികയിൽ മാസന്തോറും കുറഞ്ഞതു ഒരു പ്രതിയെങ്കിലും പരസ്പരസഹായസംഘങ്ങൾ വരുത്തേണ്ടതു ആ സംഘത്തിന്റെ അഭിവൃദ്ധിക്കു ആവശ്യമാണ്. മെംബറന്മാരിൽ ശക്തിയുള്ളവർ ഓരോ പ്രതി മാസിക വരുത്താമെന്നുള്ളതാണ്. ടി മാസികയുടെ ഗുണങ്ങളെ മെംബറന്മാരെ തെര്യപ്പെടുത്തി ആ സംഘത്തിലേക്കും, മെംബറന്മാക്കും എത്ര പ്രതി മാസിക മാസന്തോറും വേണമോ അതിന് അപേക്ഷ വാങ്ങിച്ചു, ഈ മാസം ൨൫-ാംനു-ക്കകം അയക്കുമെന്നു വിശ്വസിക്കുന്നു. പ്രസ്തുത മാസികയ്ക്കു ഒരു കൊല്ലത്തേക്കുള്ള വരിസംഖ്യ ൨ ബ്രിട്ടീഷ് രൂപാ മാത്രമാണ്.

സക്കുലർ ൩൯

ഈ ആഫീസ്സിൽനിന്നും ഈയാണ്ടു കന്നിമാസം ൩൧-ാംനു- പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ൩൨-ാം നമ്പർ സക്കുലർ അനുസരിച്ചു തിരുവിതാംകൂർ കൃഷിവ്യവസായമാസികയ്ക്കു (The Travancore Economic Journal) മേലാൽ ഉള്ള അപേക്ഷകൾ, തിരുവിതാംകൂർ കൃഷി ഡയറക്ടർ ആഫീസ്സിലേക്കു നേരിട്ട് അയക്കേണ്ടതും ആ വിവരം ഇവരെ തെര്യപ്പെടുത്തിയാൽ മതിയാകുന്നതുമാണെന്നുള്ള വിവരം എല്ലാ പരസ്പരസഹായസംഘം സെക്രട്ടറിമാരേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

സൎക്കുലർ ൪൧

തിരുവിതാംകൂർ കൃഷിവ്യവസായമാസികയിൽ തമിഴ്ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തുന്നതാണെന്നുള്ള വിവരം ഇതിനാൽ തെളിപ്പെടുത്തിയിരിക്കുന്നു. പരസ്പരസഹായസംഘസംബന്ധമായ ലേഖനങ്ങൾ ടി മാസികയിൽ പ്രസിദ്ധീകരിക്കുന്നതിന് പരസ്പരസഹായസംഘം രജിസ്ട്രാർമുഖേന അയയ്ക്കേണ്ടതാണ്.

സൎക്കുലർ ൧൪

പരസ്പരസഹായം, കൃഷി, വ്യവസായം എന്നീ വിഷയങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന കൃഷിവ്യവസായമാസിക തിരുവിതാംകൂർ എക്കണോമിക്ക് ഡവലപ്പ്മെൻറ് ബോർഡ് ആഫീസ്സിൽനിന്നും (ഹെഡ് ആഫീസ് തിരുവനന്തപുരം) ഈയാണ്ട് ചിങ്ങം ൧-ാംനു- മുതൽ പ്രസിദ്ധം ചെയ്തുവരുന്നതാകുന്നു. ഈ മാസികയിൽ പരസ്പരസഹായതത്വങ്ങളെപ്പറ്റിയും മററും നൂതനമായി പല ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്. സംഘാംഗങ്ങൾ അവയെ വായിച്ച് മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാകുന്നു.

എല്ലാ പരസ്പരസഹായസംഘങ്ങളും വരിക്കാരായി ചേൎന്നു മേല്പടി മാസിക വരുത്തണമെന്നും അതിനെ മെമ്പറന്മാർ എല്ലാവരും വായിച്ചു മനസ്സിലാക്കണമെന്നും താല്പൎയ്യപ്പെടുന്നു. മുൻപുണ്ടായിരുന്ന മാസിക വേറെ മേൽനോട്ടത്തിൽ നടത്തിവരുന്നതുകൊണ്ട് ഇപ്പോൾ പുതുതായി അപേക്ഷിച്ചാൽ അല്ലാതെ വരിക്കാരായി ഗണിക്കുന്നതല്ലാ. ഇപ്പോൾ മാസിക വരുത്താതെയുള്ള എല്ലാ സംഘങ്ങളും അതു വരുത്താൻ നിശ്ചയിച്ചു വേണ്ടതു ചെയ്യണമെന്ന് ആഗ്രഹിക്കുന്നു. ഈ മാസികയ്ക്ക് ആണ്ടിൽ വരിസംഖ്യ രണ്ടു ബ്രിട്ടീഷ് രൂപാ മാത്രം ആണ്. ആവശ്യമുള്ളപക്ഷം എക്കണോമിക്ക് ഡവലപ്പ്മെൻറ ബോർഡാഫീസ്സിലേക്കു നേരിട്ടു എഴുതിയാൽ മതിയാകുന്നതാണ്.

സൎക്കുലർ ൧൩൨

പരസ്പരസഹായമാസികയുടേയും, ധനപരിപോഷണസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിവന്നതും തിരുവിതാംകൂർ പരസ്പരസഹായ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ഇപ്പോൾ പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിക്കുന്നതും ആയ തിരുവിതാംകൂർ കൃഷിവ്യവസായമാസികയുടേയും പ്രസിദ്ധീകരണങ്ങളെ സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും കിട്ടിട്ടുള്ള നോട്ടീസ്സ്

എല്ലാ സഹകാരികളുടേയും സ്ഥാപനങ്ങളുടേയും അറിവിനായി പരസ്യം ചെയ്യുന്നു. ഐക്യത്തിനും ഏകീകൃതപ്രവർത്തനത്തിനും വേണ്ടി സമാരംഭിച്ചിട്ടുള്ള ഒരു പ്രസ്ഥാനത്തിൽ പരസ്പരസഹായമാസികയ്ക്കുള്ള സ്ഥാനം നോട്ടീസിൽനിന്നും വ്യക്തമാകുന്നതിനേക്കാൾ എത്രയോ കൂടുതൽ തൃപ്തികരമായിരിക്കേണ്ടതാണ്. രണ്ടു മാസികകളേയും കൂടുതൽ പ്രചരിപ്പിച്ച് അവയുടെ ഗുണങ്ങൾ വിപുലപ്പെടുത്തേണ്ടത് എല്ലാ സംഘങ്ങളുടേയും പ്രധാന ഉദ്ദേശമായിരിക്കണം. സംഘങ്ങൾ വരിക്കാരായി ചേരുമെന്നും വരിസംഖ്യ കൃത്യസമയങ്ങളിൽ അടച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ സഹായിക്കുമെന്നും വിശ്വസിക്കുന്നു.

൲൯൨-ാം നമ്പർ സർക്കുലറിന്റെ അനുബന്ധം.

൬൭൨-ാം നമ്പർ സമസ്തതിരുവിതാംകൂർ പരസ്പരസഹായ ഇൻസ്റ്റിറ്റ്യൂട്ട് ആഫീസ്, തിരുവനന്തപുരം.

൨൨-൫-൧൧൦൭

നോട്ടീസ്.

സമസ്തതിരുവിതാംകൂർ പരസ്പരസഹായഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന പ്രസിദ്ധീകരണമായ "തിരുവിതാംകൂർ പരസ്പരസഹായ മാസിക"യുടെ മൂന്നാംവാല്യം മകരം ലക്കത്തോടുകൂടി പൂർത്തിയാകുന്നു. കാൺഫറൻസു പ്രതിയായിട്ടാണ് ഈ ലക്കം പ്രസിദ്ധപ്പെടുത്തീട്ടുള്ളത്. മാസിക വരിസംഖ്യക്കുടിശ്ശികഇനത്തിൽ രണ്ടായിരം രൂപായ്ക്കുമേൽ പിരിഞ്ഞുകിട്ടേണ്ടതായിട്ടുണ്ട്. ഇതേസമയം ആയിരം രൂപായോളം മാസികാപ്രസിദ്ധീകരണം സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട കൊടുത്തുതീർക്കേണ്ടതായുമുണ്ട്. വരിസംഖ്യകൾ യഥാകാലം ലഭിച്ചിരുന്നു എങ്കിൽ മാസിക കൃത്യസമയങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും പ്രസിദ്ധീകരണരീതിയിൽ കറെക്കൂടി അഭിവൃദ്ധികരങ്ങളായ ഭേദഗതികൾ വരുത്തുന്നതിനും സാധിക്കുമായിരുന്നു.

മാസിക ആയിരം പ്രതി വീതമേ ഓരോ ലക്കത്തിലും ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നുള്ളു. ഈ സംസ്ഥാനത്ത് ൨൫൦൦-ലധികം സംഘങ്ങളുള്ള സ്ഥിതിക്ക്, കുറഞ്ഞത് ൨൦൦൦ വരിക്കാരെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്. സഹകരണപരമായ നവീന ആശയങ്ങളേയും പരിഷ്കൃതരാജ്യങ്ങളിലെ അഭിപ്രായഗതി

കളേയും ഈ മാസികയിൽ പ്രസിദ്ധപ്പെടുത്തിവരുന്നുണ്ട്. ഇവയുടെ പുറമെ ചിത്രങ്ങൾകൂടി ചേക്കുന്നതു കൂടുതൽ ആകർഷണീയമായിരിക്കും. സുപ്രസിദ്ധ സഹകാരികളുടെ ഛായാപടങ്ങൾ ചേക്കുന്നതും ഉചിതമാണ്. ഇമ്മാതിരി കാര്യങ്ങൾക്കു കൂടുതൽ ചെലവു വഹിക്കേണ്ടിവരും. സംസ്ഥാനത്തെ എല്ലാ പരസ്പരസഹായസംഘങ്ങളും അവയുടെ പൊതുപ്രസിദ്ധീകരണമായി അവശ്യം കരുതേണ്ട ഈ മാസികയ്ക്കു വേണ്ട പരിഷ്കാരങ്ങൾ വരുത്തണമെന്നു വിചാരിക്കയും അതിലേയ്ക്കു കൂടുതൽ വരിക്കാരെ ചേക്കുകയും വരിസംഖ്യകൾ മുൻകൂർ അടയ്ക്കുകയും ചെയ്യുന്നതുള്ളപക്ഷം വരിസംഖ്യ കൂട്ടാതെതന്നെ മേൽ പ്രസ്താവിച്ച കാര്യങ്ങൾ നടപ്പിൽ കൊണ്ടുവരുന്നതിനു ശ്രമിക്കാം. ആകയാൽ എല്ലാ സഹകാരികളോടും സഹകരണസംഘങ്ങളോടും ഇതിനെ സാദ്ധ്യമാക്കാൻ ശ്രമിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

"തിരുവിതാംകൂർ എക്കണോമിക്ക ഡെവലപ്പ്മെൻറ് ബോർഡി"ൻെറ ആഭിമുഖ്യത്തിൽ പുറപ്പെടുവിക്കുന്ന തിരുവിതാംകൂർ കൃഷിവ്യവസായമാസികയുടെ പ്രസിദ്ധീകരണം ഇക്കൊല്ലംമുതൽ ഇൻസ്റ്റിററ്യൂട്ടിൽനിന്നും നടത്തുന്നതിന് ഗവമ്മെൻറ് ദയാപൂർവ്വം അനുവദിച്ചിരിക്കുന്നു. സഹകരണംപോലെതന്നെ നാം അവശ്യം അറിഞ്ഞിരിക്കേണ്ട കൃഷിവ്യവസായകാര്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഈമാസികയും സംഘങ്ങൾക്കു വളരെ ഉപകാരപ്പെടുമാണെന്നുള്ളതിൽ രണ്ടുപക്ഷമുണ്ടാകാനിടയില്ല. ഇതിൻെറ ഓരോ പ്രതി ഓരോ സംഘവും സ്വീകരിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. വാർഷിക വരിസംഖ്യ രണ്ടുരൂപാ മാത്രമാണ്. നല്ല മേനിക്കടലാസ്സിൽ ഉത്തമലേഖനങ്ങളടങ്ങിയ നാല്പതു വശങ്ങളിൽ കുറയാതെ ഓരോ ലക്കത്തിലുമുണ്ടായിരിക്കും. പ്രസ്തുത മാസിക ൧൧൦൫ മേടം മുതൽ ഇൻസ്റ്റിററ്യൂട്ടിൽനിന്നും പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

വരിക്കാരാകുന്നതിന് സംഘങ്ങളും സഹകാരികളും മററു മാന്യന്മാരും മുൻകൂട്ടി അവരുടെ പേർ രജിസ്റ്റർ ചെയ്യുകയും പരസ്പരസഹായമാസികയുടെയും കൃഷിവ്യവസായമാസികയുടെയും ഒരു കൊല്ലത്തെ വരിസംഖ്യ മുൻകൂർ അയച്ചുതരികയും ചെയ്യണമെന്ന് പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

൩൦. ചിട്ടി

R. Dis. No. 87/47/Judl.

NOTIFICATION.

In exercise of the powers conferred by Sections 64 and 72 of the Travancore Chitties Act, 1120 (XXVI of 1120) the Government of His Highness the Maharaja are pleased to make the following amendment to the Travancore Chitties Rules, namely:—

After clause (a) of item (2) of Rule 79 of the said Rules, the following note shall be added, namely:—

"Note. No fees for the registration of variola shall be levied in respect of Chitties conducted by Co operative Societies registered under the Travancore Co-operative Societies Act."

സക്കുലർ ൭൨.

പരസ്പരസഹായസംഘങ്ങളിൽനിന്നും അതിലെ അംഗങ്ങൾ മാത്രം ചേർന്നു നടത്തുന്ന ചിട്ടികൾ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ലെന്നു ഗവണ്മെന്റിൽനിന്നും തീരുമാനിച്ചിരിക്കുന്നു. എന്നാൽ ഏതെങ്കിലും ഒരു സംഘത്തിൽ ചിട്ടി നടത്തണമെങ്കിൽ അതിലേയ്ക്കു വേണ്ട വ്യവസ്ഥ ആ സംഘത്തിന്റെ നിബന്ധനകളിൽ ഉണ്ടായിരിക്കേണ്ടതും ചിട്ടി സംബന്ധിച്ച പ്രത്യേക ചട്ടങ്ങൾ ഈ ആഫീസിൽനിന്ന് അനുവദിക്കപ്പെടേണ്ടതും ആണ്.

സക്കുലർ ൩൧.

പരസ്പരസഹായസംഘങ്ങളിൽ നിന്നും അവയിലെ അംഗങ്ങൾ ചേർന്നു ചിട്ടി മുതലിച്ച് നടത്താമെന്നും മറ്റും ഈ ആഫീസിലെ ൧൦൯൭-ാമാണ്ട ചിങ്ങമാസം ൨൦-ാംനു-ലെ ൭൨-ാംനമ്പർ സക്കുലറിൽ വിവരിച്ചിട്ടുണ്ട്. അപ്രകാരം നടത്താവുന്ന ചിട്ടികളെ സംബന്ധിച്ച മാതൃകാ ഉപനിബന്ധന സംഘങ്ങളുടെ അറിവിനായി ഇതിനടിയിൽ പരസ്യം ചെയ്യുന്നു.

-ാംനമ്പർ പരസ്പരസഹായസംഘത്തിൽ നിന്നും ചിട്ടികൾ അല്ലെങ്കിൽ കുറികൾ ഏർപ്പെടുത്തി നടത്തുന്നതിനെ സംബന്ധിച്ച് -ാമാണ്ട് മാസം -ാംനു-കൂടിയ കമ്മററി യോഗത്തിൽ പാസ്സാക്കിയ ചട്ടങ്ങൾ.—

൧. ഈ ചിട്ടിയുടെ മുതൽ നംബർ ഒന്നിനു ...ബ്രി. രൂപാവീതം ... നമ്പരുകൾക്കുള്ള ...ബ്രി. രൂപാ ആയിരിക്കും.

൨. ളുതിൽ സംഘം തലയാറം ആയിരിക്കുന്നതും തലയാറം ഉറപ്പിട്ട ചിററാളന്മാർ ഉണ്ടായിരിക്കുന്നതും ആകുന്നു (സംഘത്തിന വേണ്ടി സംഘനിബന്ധനപ്രകാരം നിയമിച്ചിട്ടുള്ള കമ്മിററിക്കാർ പ്രവൎത്തിക്കുന്നതാകുന്നു.)

(a)

൩. യാതൊരു ചിററാളനും ൨ നമ്പരുകളിൽ കൂടുതൽ എടുക്കാൻ പാടില്ലാത്തതാകുന്നു.

൪. ഈ ചിട്ടി ആണ്ടിൽ മാസങ്ങളിൽ -ാംനു-തോറും മണിക്ക സംഘം ആഫീസിൽ വച്ച് നടത്തി ആണ്ടു കൊണ്ടു അവസാനിപ്പിക്കുന്നതാകുന്നു. ആദ്യത്തെ നംബർ മാണ്ട് മാസം -ാംനു-ലേലം ചെയ്യുന്നതും ആയിരിക്കും.

൫. രണ്ടാമത്തെ നംബർ ലേലം കൂടാതെ സംഘം പിരിച്ചെടുക്കുന്ന
(b)
തും ശേഷമുള്ള ഓരോ നമ്പരും ലേലം ചെയ്യുമ്പോൾ നൂററിനു നാലു
(c)
വീതം കുറച്ച് ലേലം തുടങ്ങുന്നതും ബ്. രൂപായിൽ കൂടുതൽ ലേലത്തിൽ കുറയ്ക്കാൻ പാടില്ലാത്തതും ആകുന്നു.

൬. ലേലത്തിൽ കൂടുതൽ തുക കുറച്ചു വിളികേൾക്കുന്ന ചിററാളന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതാകുന്നു. കുറയ്ക്കാവുന്ന ഏറ്റവും കൂടുതൽ തുക കുറച്ചു ഒന്നിലധികം ചിററാളന്മാർ വിളികേൾക്കാനുള്ള പക്ഷം അവരുടെ പേരെഴുതി കുറിയിട്ടു എടുത്തു കുറിവരുന്ന ചിററാളന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതാകുന്നു. ഏററവും കുറഞ്ഞ

(a) സംഘത്തിന്റെ ഉദ്ദേശ്യം മിതമായ വരവുള്ളവരെ സഹായിക്കുന്നതിനാകകൊണ്ടു ധനവാന്മാർ മുഴുവൻ നമ്പരുകളും എടുത്തുകളയാതെയിരിക്കുന്നതിനാണ് ഈ പരമാവധിയുടെ ആവശ്യം.

(b) തലയാളുകൾ ചിട്ടി നടത്തുന്നതിനു ഒരു പ്രതിഫലം എല്ലാം ചിട്ടികളിലും അനുവദിച്ചിട്ടുള്ളതാണ്. ഈ തുക ചിട്ടിസംബന്ധിച്ച ചിലവുകൾക്കു ഉദ്ദേശിച്ചാകുന്നു.

(c) മെംബർന്മാർ തമ്മിൽ മത്സരിച്ചു നഷ്ടപ്പെടാതെയിരിക്കുന്നതിനാണ് ഈപ്രകാരം ഒരു വകുപ്പിന്റെ ആവശ്യം.

തുകയിൽ കൂട്ടി ലേലം വിളിക്കേണ്ടുന്നതിനു ചിറ്റാളന്മാർ ആരും തയാറില്ലാത്ത പക്ഷം ചിട്ടി പിടിക്കാത്ത എല്ലാ ചിറ്റാളന്മാരുടെയും പേരുകൾ കുറിയിട്ടെടുത്തു കുറിവരുന്ന ചിറ്റാളന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതാകുന്നു.

൭. ഓരോ തവണയ്ക്കും ചിറ്റാളന്മാർ വെക്കേണ്ട പണം ചിട്ടിദിവസം ...... മണിക്കകം സംഘത്തിൽ ഏല്പിച്ചു രസീതു വാങ്ങിക്കൊള്ളേണ്ടതാകുന്നു. അല്ലാത്തപക്ഷം ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർ വീതപ്പലിശ ഉപേക്ഷിച്ചും ചിട്ടി പിടിച്ച ചിറ്റാളന്മാർ കാൽവാശി കൂട്ടിയും അടുത്ത ചിട്ടിക്കകം പണം അടച്ചുകൊള്ളേണ്ടതാകുന്നു. ഇപ്രകാരം അടുത്ത ചിട്ടിക്കകവും പണമടയ്ക്കാതെയിരിക്കുന്ന ചിറ്റാളന്മാരെ ചിട്ടിയിൽ നിന്നും നീക്കംചെയ്യുന്നതാണ്.

൮. നീക്കപ്പെടുന്ന ചിറ്റാളൻ ചിട്ടിപിടിക്കാത്ത ചിറ്റാളനായിരുന്നാൽ പകരം ചിറ്റാളെ ചേർത്തോ സംഘത്തിൽ നിന്നോ ചിട്ടി മുടക്കം കൂടാതെ നടത്തേണ്ടതും ആ ചിറ്റാളൻ കെട്ടിഅടച്ചിട്ടുള്ള തുകയിൽനിന്നും പറ്റിയിട്ടുള്ള വീതപ്പലിശ നീക്കി വരുന്നതുക ചിട്ടി വട്ടമവസാനം കഴിഞ്ഞു അയാൾക്കു തിരിച്ചു കൊടുക്കുന്നതും ആകുന്നു.

൯. നീക്കപ്പെടുന്ന ചിററാളൻ ചിട്ടി പിടിച്ച ചിററാളൻ ആയിരുന്നാൽ അയാൾ കെട്ടി അടച്ചതു നീക്കി ചിട്ടി അവസാനം വരെ അടക്കേണ്ട പണം മുഴുവനും വീഴ്ച വരുത്തിയ ചിട്ടിദിവസം മുതൽ ആണ്ടൊന്നുക്കു നൂററിനു പന്ത്രണ്ടു വീതമുള്ള പലിശസഹിതം ഒന്നായി ഈടാക്കേണ്ടതും, ചിട്ടി മുടങ്ങാതെ സംഘത്തിൽ നിന്നും പണം വച്ചു നടത്തേണ്ടതും ആകുന്നു.

൧൦. ലേലത്തിൽ കുറയ്ക്കുന്ന തുകയിൽ നിന്നും ഓരോ നമ്പരിനും ൧൦൦ ബ്രിട്ടീഷ് രൂപയ്ക്കു നാലു ബ്രിട്ടീഷ് രൂപാ വീതമുള്ള കമ്മീഷൻ ചിട്ടച്ചിലവിലേക്കായി സംഘത്തിലേക്കു മുതൽകൂട്ടുന്നതും ബാക്കി തുക പിടിക്കാതെ കിടപ്പുള്ള നമ്പരുകളിൽ തുല്യമായി വീതപ്പലിശ (d)

(d) പിടിച്ച നമ്പരുകൾക്കു വീതപ്പലിശ കൊടുക്കേണ്ട ആവശ്യമില്ലെന്നു കമ്മററിക്കാർക്കു അഭിപ്രായമുള്ളപക്ഷം അപ്രകാരം ഭേദഗതി ചെയ്യുന്നതിൽ വിരോധമില്ല.

കൊടുക്കുന്നതിനു ഉപയോഗിക്കുന്നതും ആകുന്നു. ലേലത്തിൽ കുറഞ്ഞ മുഴുവൻ തുകയും വീതപ്പലിശ കൊടുക്കുന്നതിനു താൻ ചിട്ടി പിടിച്ചു ചിററാളൻ പററിയതായി ചിട്ടി ദിവസംതന്നെ കണക്കിൽ ചിലവെഴുതേണ്ടതാകുന്നു.

൧൧. ലേലത്തിൽ കുറഞ്ഞ സംഖ്യനീക്കി ചിട്ടി പിടിച്ച ചിററാളനു ചെല്ലേണ്ട തുകയിൽ നിന്നും സംഘത്തിന്റെ ... ...ാം നമ്പർ നിബന്ധന അനുസരിച്ച് സ്ഥിരനിക്ഷേപമായി വയ്ക്കേണ്ട ഏററവും കുറഞ്ഞ തുക ആ വകയ്ക്കായി എടുത്തു മുതൽ വയ്ക്കുന്നതാകുന്നു. ശേഷം സംഖ്യ മേൽകെട്ടിഅടയ്ക്കേണ്ട മുഴുവൻ തുകയ്ക്കും മതിയായ ഈടോ, ജാമ്യമോ സംഘത്തിലേക്കുഎഴുതിക്കൊടുത്തുചിററാളൻ ഒഴിച്ചുകൊണ്ടുപററിക്കൊള്ളേണ്ടതും, അല്ലാത്തപക്ഷം ആ സംഖ്യ ചിററാളൻ പററുന്നതുവരെ അഞ്ചൽ സേവിംഗ്സ് ബാങ്കിൽ നിക്ഷേപമായി സൂക്ഷിക്കുന്നതും ആകുന്നു. എന്നാൽ ഈ തുകയിൽ നിന്നും മേൽ മുടക്കം വരുത്തുന്ന വല്ല തവണകൾക്കും വേണ്ട സംഖ്യകൾ പിൻവലിച്ചു കണക്കിൽ വരവുവയ്ക്കുന്നതിനു കമ്മിററിക്കു അധികാരമുള്ളതാകുന്നു.

൧൨. ചിററാളന്മാർ സംഘത്തിലേക്കു അടയ്ക്കേണ്ടതായ ഏതു തുകയും ചിട്ടി വകയിൽ അവർക്കു ചെല്ലേണ്ടതായ തുകകളിൽ നിന്നു കമ്മിററിക്കാരുടെ യുക്തംപോലെ തട്ടികഴിക്കാവുന്നതാകുന്നു.

൧൩. കമ്മിററിക്കാരുടെ അനുവാദം കൂടാതെ ചിട്ടികൾ കൈമാററം ചെയ്തുകൂടാത്തതാകുന്നു.

൧൪. ചിട്ടിനടത്തിപ്പിൽ കമ്മിററിക്കാർനിമിത്തംവല്ല നഷ്ടവും ഉണ്ടാകുന്നതായാൽ ആയതിനു കമ്മിററിക്കാരും മററു വല്ല നഷ്ടവും ഉണ്ടാകുന്നതായാൽ ആയതിനു സംഘംമുഴുച്ചുള്ള ചിററാളന്മാരും കൂട്ടായും വെവ്വേറായും ഉത്തരവാദികളായിരിക്കുന്നതാണ്.

൧൫. ചിട്ടിസംബന്ധമായിസംഘത്തിനുണ്ടാകുന്ന ലാഭംമുഴുവനും വട്ടമറുതിയാകുമ്പോൾ രണ്ടായി ഭാഗിച്ചു ഒരു ഭാഗം സംഘത്തിനും, ശേഷംഭാഗം ചിററാളന്മാർക്കു അവർ എടുത്തിട്ടുള്ള നമ്പർ അനുസരിച്ച് കൊടുക്കുന്നതിനും ആകുന്നു.

(എ) സംഘത്തിനു കിട്ടുന്ന ഈ ലാഭം മുഴുവനും സംഘത്തിന്റെ പ്രവർത്തനധനമായി മുതൽ കൂട്ടുന്നതാകുന്നു.

൧൬. ഓരോ ചിട്ടി ദിവസവും ചിട്ടിയെ സംബന്ധിച്ചുള്ള സകല നടപടികളും അതിലേയ്ക്കു പ്രത്യേകം വച്ചിട്ടുള്ള പുസ്തകത്തിൽ വിവര

മായി രേഖപ്പെടുത്തേണ്ടതും അതിൽ ചിട്ടി പിടിച്ച ആളും വേറെ രണ്ടു ചിററാളന്മാരും സംഘം പ്രസിഡണ്ടും ഒപ്പിടേണ്ടതുമാകുന്നു.

൧൬. ചിട്ടിസംബന്ധമായി വല്ല തക്കവും ഉണ്ടായാൽ ആയതിൽ രജിസ്ട്രാർ അവർകളുടെ തീർപ്പു അവസാനതീർപ്പായിരിക്കുന്നതാകുന്നു.

സക്ക്യുലർ. ൧൭൩

സംഘാംഗങ്ങളുടെ നന്മയെ പുരസ്കരിച്ചു പരസ്പര സഹായസംഘങ്ങൾക്ക് ചിട്ടി മുതലിച്ചു നടത്താമെന്നു ഈ ആഫീസിൽ നിന്നും മുമ്പു പ്രസിദ്ധീകരിച്ചിട്ടുള്ള ൨൭-ാം ൩൧-ാം നമ്പർസക്ക്യുലറുകളിൽ നിർദ്ദേശിച്ചിരുന്നതാണ്. മാതൃകാനിബന്ധനയും പ്രസിദ്ധീകരിച്ചിരുന്നു. സംഘങ്ങൾ ഈ സൗകര്യങ്ങളെ ക്രമേണ ഉപയോഗപ്പെടുത്തിത്തുടങ്ങിയിട്ടുണ്ട്. ചിട്ടി മുതലിക്കുന്നതുകൊണ്ടു സംഘത്തിന്റെ പ്രവൎത്തനധനം അഭിവൃദ്ധിപ്പെടുന്നു എന്നുള്ളതിനും പുറമെ ചിററാളരായ അംഗങ്ങൾക്കു തങ്ങളുടെ ഓരോ ആവശ്യങ്ങൾ നിറവേററാൻ ഗണ്യമായ തുക സ്വരൂപിക്കുന്നതിനും ഉപകരിക്കുന്നു. കൂടാതെ സംഘം ചിട്ടി മുതലിക്കുന്നതോടുകൂടി സംഘത്തിന്റെ മൂലധനം വർദ്ധിക്കുകയും ചിട്ടിയുടെ വട്ടമറുതിക്ക് ഒരു ലാഭം സമ്പാദിക്കുകയും ചെയ്യുന്നു. ഈ ആദായം അഥവാ ലാഭം ചിററാളന്മാർക്കു അവരവർ എടുത്ത നമ്പരുകളുടെ ക്രമമനുസരിച്ചു വീതിച്ചുകൊടുക്കുകയും ചെയ്യുന്നു.

൧൧൦൭ അവസാനത്തിൽ ൨൧ സംഘങ്ങൾ ചിട്ടി നടത്തിക്കൊണ്ടിരുന്നു. ൧൧൦൧-ൽ വരവു ൩൪,൨൦൪ രൂപയാണുണ്ടായിരുന്നതു. ൧൧൦൭-ൽ അതു ൧,൧൩,൨൩൪ രൂപയായി വർദ്ധിച്ചു. ൧൧൦൧-ൽ ചിലവു ൪൨,൨൯൭ രൂപയായിരുന്നതു ൧൧൦൭-ലേക്കു ൧,൦൯,൭൩൨ രൂപാ ആയും വർദ്ധിച്ചു.

സക്ക്യുലർ ൧൩൬.

പരസ്പരസഹായ സംഘങ്ങളിൽ നിന്നും അവയിലെ അംഗങ്ങൾ ചേർന്നു ചിട്ടി മുതലിച്ച് നടത്തുന്നതിനെ സംബന്ധിച്ചു പരസ്യപ്പെടുത്തിയിട്ടുള്ള ൧൯-൩-൧൦൯൨-ലെ ൩൩-ാം നമ്പർ സക്ക്യുലർ പ്രകാരമുള്ള ചിട്ടി മാതൃകാ ഉപനിബന്ധനകൾ പുതുക്കി എല്ലാ സംഘങ്ങളുടെയും അറിവിനായി ഇതിനാൽ ഇതിനടിയിൽ പരസ്യം ചെയ്യുന്നു.

-ാം നംബർ പേർ

സ്വരസഹായസംഘത്തിൽ നിന്നും ചിട്ടി / കുറി ഏർപ്പെടുത്തി നടത്തുന്നതിനെ

സംബന്ധിച്ച -ാമാണ്ട മാസം

ാന്തു- കുടിയ കമ്മിററിയോഗങ്ങളിൽ പാസാക്കപ്പെട്ടതും

മാണ്ട	മ-സം	ാന്തു-	ലെ	ാംനമ്പർ
മാണ്ട	മാസം	ാന്തു-		

പ്രൊസീഡിംഗ്സിൽ പരസ്പരസഹായസംഘം രജിസ്ട്രാർ അവർകാം അനുവദിച്ചതുമായ ചട്ടങ്ങൾ.

൧. ഈ ചിട്ടിയുടെ മുതൽ ബ്രി. രൂപ ആയിരിക്കും. ക്ലിപ്തപ്പെടുത്തിയിട്ടുള്ള നമ്പരുകൾക്കു ചിററാളന്മാർ തികയാതെവന്നാൽ നമ്പരുകൾ കുറയ്ക്കുന്നതിനുള്ള അധികാരം കമ്മിററിക്കു ഉണ്ടായിരിക്കുന്നതാണ്.

൨. ഈ ചിട്ടിയിൽ തലയാൾ സംഘവും, ചിററാളന്മാർ സംഘത്തിലെ അംഗങ്ങൾമാത്രവും ആയിരിക്കുന്നതുമാകുന്നു. സംഘത്തിനുവേണ്ടി സംഘനിബന്ധനപ്രകാരം നിയമിച്ചിട്ടുള്ള കമ്മിററി പ്രവത്തിക്കുന്നതാകുന്നു.

൩. ഈ ചിട്ടി ആണ്ടുതോറും ഈ മാസങ്ങളിൽ ാന്തു- പകൽ മണിക്കു മേൽ മണിക്കകം സംഘം ആഫീസിൽവച്ചു നടത്തുന്നതും വർഷംകൊണ്ടു അവസാനിപ്പിക്കുന്നതും ആകുന്നു. ആദ്യത്തെ നമ്പർ മാണ്ട മാസം ാന്തു-യൊ അല്ലെങ്കിൽ ചിട്ടിചട്ടങ്ങൾ അനുവദിച്ചുകിട്ടിയശേഷം കമ്മിററിനിശ്ചയിക്കുന്ന ഒരു ദിവസമോ ചിററാളന്മാരെ തെരുപ്പെടുത്തുന്നപ്രകാരം ലേലം ചെയ്യുന്നതാകുന്നു.

൪. ഈ ചിട്ടിയിൽ താഴെ വിവരിക്കുന്നപ്രകാരം ക്ലാസ്സുകൾ നമ്പരുകൾ ഉണ്ടായിരിക്കുന്നതും ചിററാളന്മാർക്കു ആവശ്യംപോലുള്ള നമ്പരുകൾ എടുക്കാവുന്നതും ആകുന്നു. എന്നാൽ സംഘനിബന്ധനകളിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതിൽ കൂടുതൽ നമ്പരുകൾ കൊടുക്കപ്പെടുന്നതല്ല.

ക്ലാസ്സ്	ചിട്ടിക്ക് നംബർ		
ഒന്നിനു	രൂപാവീതം	രൂപായും	...
...	...	...	...
...	...	...	...
...	...	...	...

ആകെ ബ്രി. രൂപ മുതലുണ്ടായിരിക്കുന്നതാകുന്നു.

൬. ഒന്നാമത്തു/രണ്ടാമത്തു ചിട്ടിലേലം കൂടാതെ സംഘം പിരിച്ചെടുക്കുന്നതും ശേഷമുള്ള ഓരോ നംബരും ലേലം ചെയ്യുമ്പോൾ നൂറ്റിനു നാലുവീതം കുറച്ചു ലേലം തുടങ്ങുന്നതും എന്നാൽ ക്ലാസ്സിൽ കൂറയാൽ കൂടുതലാകാൻ പാടില്ലാത്തതും ... ... ലേലത്തിൽ കുറക്കാൻ പാടില്ലാത്തതും ആകുന്നു.

൭. ലേലത്തിൽ കൂടുതൽ തുക കുറച്ചു വിളികേൾക്കുന്ന ചിററാളന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതാകുന്നു. കുറയ്ക്കാവുന്ന ഏററവും കൂടുതൽ തുക കുറച്ചു ഒന്നിലധികം ചിററാളന്മാർ വിളി കേൾക്കാനുള്ള പക്ഷം അവരുടെ പേരെഴുതി കുറിയിട്ടെടുത്തു കുറിവരുന്ന ചിററാളന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതാകുന്നു. ഏററവും കുറഞ്ഞതുകയിൽ കൂട്ടി ലേലം വിളികേൾക്കുന്നതിനു ചിററാളൻമാർ ആരും തയ്യാറില്ലാത്തപക്ഷം ചിട്ടി പിടിക്കാത്ത എല്ലാ ചിററാളൻമാരുടെയും പേരുകൾ കുറിയിട്ടെടുത്തു കുറിവരുന്ന ചിററാളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതാകുന്നു.

൮. ഓരോ തവണയ്ക്കും ചിററാളൻമാർ വയ്ക്കേണ്ട പണം ചിട്ടി ദിവസം മണിക്കകം സംഘത്തിൽ ഏൽപ്പിച്ചു രസീതുവാങ്ങിക്കൊള്ളേണ്ടതാകുന്നു. അല്ലാത്തപക്ഷം, ചിട്ടിപിടിക്കാത്ത ചിററാളന്മാർ വരിപ്പലിശ ഉപേക്ഷിച്ചു, ചിട്ടി പിടിച്ച ചിററാളന്മാർ കാലവാശി കൂട്ടിയും അടുത്ത ചിട്ടിക്കകം പണം അടച്ചുകൊള്ളേണ്ടതാകുന്നു. ഇപ്രകാരം അടുത്ത ചിട്ടിക്കകവും പണം അടയ്ക്കാതെ ഇരിക്കുന്ന ചിററാളന്മാരെ ചിട്ടിയിൽ നിന്നും നീക്കം ചെയ്യുന്നതാകുന്നു.

൯. നീക്കപ്പെടുന്ന ചിററാളൻ ചിട്ടി പിടിക്കാത്ത ചിററാളനായിരുന്നാൽ പകരം ആളെ ചേർത്തോ സംഘത്തിൽനിന്നോ ചിട്ടിമുടക്കം കൂടാതെ നടത്തേണ്ടതും വീഴ്ചവരുത്തിയ ചിററാളനകെട്ടിഅടച്ചിട്ടുള്ള തുകയിൽ നിന്നും പററിയിട്ടുള്ള വിരപ്പലിശ നീക്കിവരുന്ന തുക ചിട്ടി വട്ടമററതി കഴിഞ്ഞു അയാൾക്കു തിരിച്ചു കൊടുക്കുന്നതുമാകുന്നു.

൰. നീക്കപ്പെടുന്ന ചിററാളൻ ചിട്ടി പിടിച്ച ചിറ്റാളൻ ആയിരുന്നാൽ അയാൾ കെട്ടി അടച്ചതു നീക്കി ചിട്ടി അവസാനംവരെ അടക്കേണ്ട പണംമുഴുവനും വീഴ്ചവരുത്തിയ ചിട്ടിദിവസം മുതൽആണ്ടേക്കു

നൂററിന്നു പന്ത്രണ്ടു വീതമുള്ള പലിശ സഹിതം ഒന്നായി ഈടൊ ക്കേണ്ടതും ചിട്ടി മുടങ്ങാതെ സംഘത്തിൽനിന്നും പണംവച്ചു നടത്തേണ്ടതുമാകുന്നു.

൧൦. ലേലത്തിൽ കുറയ്ക്കുന്ന തുകയിൽ നിന്നുഓരോ നംബരിന്നും മുതലിൽ ൧൦൦ (നൂറു) ബ്രിട്ടീഷ് രൂപായ്ക്കു [illegible] രൂപാ വീതമുള്ള കമ്മിഷൻ ചിട്ടിച്ചിലവിലേയ്ക്കായി സംഘത്തിൽ മാററിവയ്ക്കുന്നതും ബാക്കിത്തുക പാടില്ലാതെ കിടപ്പുള്ള നമ്പരുകളിൽ (ചിററാളന്മാർ എടുത്തിട്ടുള്ള നംബരുകൾ ഒഴിച്ചു) തുല്യമായ വീതപ്പലിശ കൊടുക്കുന്നതിന്നു ഉപയോഗിക്കുന്നതുമാകുന്നു. ലേലത്തിൽ കുറഞ്ഞ മുഴുവൻ തുകയും വീതപ്പലിശ കൊടുക്കുന്നതിന്നും സംഘത്തിലേയ്ക്കുള്ള കമ്മിഷൻ വകയ്ക്കുമായി തൽചിട്ടിപിടിച്ച ചിററാളൻ പററിയതായി ചിട്ടി ടിവ സംബന്ധിച്ച കണക്കിൽ ചിലവെഴുതേണ്ടതാണ്.

൧൧. ലേലത്തിൽ കുറഞ്ഞ സംഖ്യനിക്കി ചിട്ടിപിടിച്ചചിററാളനു ചെല്ലേണ്ട തുക മേൽ കെട്ടി അടയ്ക്കേണ്ട മുഴുവൻ തുകയ്ക്കും മതിയായ ഈടോ ജാമ്യമോ സംഘത്തിലേക്കു എഴുതിക്കൊടുത്തു ചിററാളൻ ഒരു മാസത്തിനകം പററിക്കൊള്ളേണ്ടതും അല്ലാത്തപക്ഷം ആ സംഖ്യ ചിററാളൻ പററുന്നതുവരെ അഞ്ചൽ സേവിംഗ്സ് ബാങ്കിലോ അല്ലെങ്കിൽ രജിസ്ട്രാർ അവർകൾ അനുവദിക്കുന്നപ്രകാരം സംഘത്തിലോ മററു വല്ല ബാങ്കിലോ നിക്ഷേപമായി സൂക്ഷിക്കുന്നതുമാകുന്നു. ഈ തുകയിൽ നിന്നും മേൽ മുടക്കം വരുത്തുന്ന വല്ല ആവശ്യങ്ങൾക്കും വേണ്ട സംഖ്യ പിൻവലിച്ചു ചിട്ടിക്കണക്കിൽ വരവുവയ്ക്കുന്നതിന്നും ടി നിക്ഷിപ്തസംഖ്യ മതിയാകാതെ വരുന്ന പക്ഷം ചിററാളനിൽ നിന്നും ഈടാക്കുന്നതിന്നും കമ്മിററിക്കു അധികാരമുള്ളതാകുന്നു.

൧൨. ചിററാളന്മാർ സംഘത്തിലേക്കു അടയ്ക്കേണ്ടതായ എല്ലാ തുകയും ചിട്ടിവകയിൽ അവർക്കു ചെല്ലേണ്ടതായ തുകകളിൽ നിന്നും കമ്മിററിയുടെ യുക്തംപോലെ എപ്പോഴുംതട്ടിക്കഴിക്കാവുന്നതാകുന്നു.

൧൩. കമ്മിററിയുടെ അനുവാദംകൂടാതെ ചിട്ടികൾ കൈമാററം ചെയ്തുകൂടുന്നതല്ല.

൧൪. ചിട്ടിനടത്തിപ്പിൽ കമ്മിററിനിമിത്തം വല്ല നഷ്ടവുംഉണ്ടാകുന്നതായാൽ ആയതിന്നു കമ്മിററിയും മററുവല്ല നഷ്ടവും ഉണ്ടാകുന്നതാ

യാൽ ആയതിനു സംഘംകഴിച്ചുള്ള ചിററാളന്മാരും കൂട്ടായും വെവ്വേറെ യായും ഉത്തരവാദികൾ ആയിരിക്കുന്നതാകുന്നു.

൧൫. ചിട്ടിസംബന്ധമായി സംഘത്തിനുണ്ടാകുന്ന ലാഭം മുഴുവനും ചിട്ടി വട്ടമറുതിയാകുമ്പോൾ രണ്ടായി ഭാഗിച്ചു ഒരു ഭാഗം സംഘത്തിനും ശേഷം ഭാഗം ചിററാളന്മാർക്ക് അവർ എടുത്തിട്ടുള്ള നമ്പർ അനുസരിച്ചും കൊടുക്കുന്നതാകുന്നു. സംഘത്തിനു കിട്ടുന്ന ലാഭം മുഴുവനും സംഘത്തിൻെറ പ്രവർത്തനധനമായ മുതൽ കൂട്ടുന്നതും അംഗങ്ങൾക്കു കിട്ടുന്ന ലാഭസംഖ്യ ഒരു കൊല്ലത്തിൽ കവിയാത്ത കാലാവധിക്കു സംഘത്തിൽ സ്ഥിരനിക്ഷേപമായി വയ്ക്കേണ്ടതുമാകുന്നു.

൧൬. ഓരോ ചിട്ടി ദിവസവും ചിട്ടിയെസംബന്ധിച്ചുള്ള സകല നടപടികളും അതിലേക്കു പ്രത്യേകം വച്ചിട്ടുള്ള മിനിട്ടുബുക്കിൽ വിവരമായി രേഖപ്പെടുത്തേണ്ടതും അതിൽ ചിട്ടി പിടിച്ച ആളും വേറെ രണ്ടു ചിററാളന്മാരും സംഘം പ്രസിഡണ്ടും സിക്രട്ടറിയും ഒപ്പിടേണ്ടതും ആകുന്നു.

൧൭. ചിററാളന്മാർക്കും അവരിൽ നിന്നു രേഖാമൂലം അധികാരം സിദ്ധിച്ചിട്ടുള്ളവർക്കും അല്ലാതെ ലേലംവിളിക്കുവാൻ പാടില്ലാത്തതും കമ്മിററിക്കു യുക്തമെന്നു തോന്നുന്നപക്ഷം ചിട്ടാൾ നേരിട്ടയക്കുന്ന കത്തുകളിലെ താല്പര്യപ്രകാരം പ്രവർത്തിക്കാവുന്നതും ആകുന്നു.

൧൮. ചിട്ടിസംബന്ധമായി വല്ല തർക്കവും ഉണ്ടായാൽ ആയതിനെ സംബന്ധിച്ചു തീർപ്പിനു രജിസ്ത്രാർ അവർകളോടു അപേക്ഷിക്കേണ്ടതും ആയതിൽ രജിസ്ത്രാർ അവർകളുടെ തീർപ്പു അവസാനതീർപ്പായിരിക്കുന്നതും ആകുന്നു.

൧൯. ആണ്ടുതോറും മിഥുനമാസം ൧൫-ാംതീയതിക്കുള്ളിൽ കഴിഞ്ഞവർഷത്തെ ചിട്ടിസംബന്ധിച്ച വരവു്, ചെലവു്, ലാഭനഷ്ടം, മുതൽകടം ഇവകളെ കാണിക്കുന്ന കണക്കുകൾ കമ്മററി തയ്യാറാക്കി ചിട്ടിമിനിട്ടുബുക്കിൽ രേഖപ്പെടുത്തിവയ്ക്കേണ്ടതും പകർപ്പുകൾ സംഘംവക കണക്കുകളോടുകൂടി രജിസ്ത്രാർ അവർകൾക്കു അയയ്ക്കേണ്ടതും ആകുന്നു.

൩൧. കെട്ടുതെങ്ങ്.

സർക്കുലർ ൧൦൯.

പരസ്പരസഹായ കർഷകസംഘങ്ങളിൽ(ഭൂരിപക്ഷം അംഗങ്ങൾ കർഷകന്മാരായുള്ളവ) നിന്നും അംഗങ്ങൾക്കു ലഭിക്കുന്ന ആദായകര

മായ ധനസഹായസൗകര്യം പ്രയോജനകരവും ആവശ്യവും ആയ ഒന്നാണ്. കൃഷിയുടെ ആദായത്തിൽ നിന്നും പലിശ കൊടുത്തുകഴിഞ്ഞാൽ ബാക്കി ആവശ്യങ്ങൾക്കു കഷ്ടിച്ചുപോലും ഇല്ലാതെ വന്നാൽ ധനസഹായംകൊണ്ടു പ്രയോജനമില്ലല്ലൊ. ധനസൌകര്യംപോലെയോ അതിൽ കൂടുതലായൊ സഹകരണപ്രചാരകന്മാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതായ സംഗതികൾ വേറെയുമുണ്ട്. സംഘങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ലഘുവും സൗകര്യപ്രദങ്ങളുമായ നിക്ഷേപ ഏർപ്പാടുകളിലുംപെട്ടു, ശക്തിക്കനുസരിച്ചു നിക്ഷേപങ്ങൾ വയ്ക്കുന്നതിനു അംഗങ്ങളെ പ്രോത്സാഹിപ്പിക്കുക, ഉല്പന്നങ്ങളെ കൂട്ടായി വിൽക്കുന്ന സമ്പ്രദായം അഭ്യസിപ്പിക്കുക മുതലായവ പ്രധാന സംഗതികളാണ്.

നിക്ഷേപങ്ങൾ നടപ്പിൽ വരുത്തുന്നതിനായി മാതൃകാനിബന്ധന ൧൬-ാംവകുപ്പിൽ സ്ഥിരം, പററുവരവു, പ്രതിമാസം, സേവിംഗ്സ്, ഭണ്ഡാരം, ചിട്ടിഫണ്ട് മുതലായ നിക്ഷേപങ്ങൾക്കു വ്യവസ്ഥചെയ്തിരിക്കുന്നു. പണമായി നിക്ഷേപിക്കുന്നതിനു അംഗങ്ങൾക്കു സൌകര്യമില്ലാതെയിരിക്കുകയും എന്നാൽ വിളവുകൾ (സാധാരണമായി നാളികേരം മുതലായവ) നിക്ഷേപിക്കുന്നതിനു സൌകര്യമുണ്ടായിരിക്കുകയും ചെയ്യുന്ന ചില സംഘങ്ങളിൽ കെട്ടുതേങ്ങനിക്ഷേപം എന്ന ഒരേർപ്പാടു നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിനു സാധാരണയായി അംഗീകരിക്കാറുള്ള പ്രത്യേക നിബന്ധന എല്ലാ സംഘങ്ങളുടേയും അറിവിനായി താഴെ ഉദ്ധരിച്ചിരിക്കുന്നു. ൨൭൩-ാംനമ്പർ ചെറുകോൽ ശ്രീമൂലവിലാസം റായർ പരസ്പരസഹായസംഘത്തിന്റെ ഈ ഉദ്യമത്തിലുള്ള അനുഭവം പ്രോത്സാഹകരമായിരിക്കുന്നതാണ്.

നാളികേരവില്പന മൊത്തമായി സംഘംമുഖേന നടത്തിയതുകൊണ്ടു അവിടത്തെ താരിപ്പിൽനിന്നും കൂടുതൽ വില കിട്ടുന്നതിനു സാധിച്ചു എന്നു റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. അംഗങ്ങളുടെ ചരക്കുകൂടി സംഘത്തിൽ കൊണ്ടുചെന്നു നിക്ഷേപ ഇനത്തിൽ കിട്ടിയ ചരക്കിന്റെ കൂടെ ഒരുമിച്ചു ശേഖരിക്കുന്നതിനു മേൽപ്പറഞ്ഞ അനുഭവം എല്ലാ അംഗങ്ങളേയും പ്രേരിപ്പിക്കേണ്ടതാണ്. ഇതുമൂലം ഉടമസ്ഥന്മാർക്കു കൂടുതൽ വില കിട്ടുമെന്നുള്ളതിനു സംശയമില്ല. ഈ ഏർപ്പാടു ശരിയായി നടത്തിക്കൊണ്ടിരുന്നാൽ കാലക്രമേണ എല്ലാ

കൃഷിവക ഉല്പന്നങ്ങളേയും ഒരുമിച്ച് ശേഖരിച്ച് അംഗങ്ങൾക്കു കൂടുതൽ ആദായകരമായ രീതിയിൽ മൊത്തക്കച്ചവടം നടത്തുന്നതിനു സാധിക്കുന്നതാണു.

മേൽപ്പറഞ്ഞ സംഘം നടത്തിവരുന്ന മറ്റൊരു സംഗതികൂടി ഇവിടെ യുക്ക വിഷയീഭവിക്കേണ്ടതായിട്ടുണ്ട്. ഏതാനും വസ്തുക്കൾ പാട്ടത്തിനെടുത്തു അതിലെ വിളവുകൾ സംഘം മൊത്തമായിവിക്രയംചെയ്തു വരുന്നു. ഇതു സംഘത്തിനു കൂടുതൽ ചുമതലയുണ്ടാക്കുന്ന ഒരേർപ്പാടാണെങ്കിലും ഏതു കർഷകസംഘത്തിനും ന്യായമായും നിയമാനുസൃതമായും നടത്താവുന്ന കാര്യങ്ങളിൽ ഒന്നുതന്നെയാണ്.

അനുബന്ധം ഏ.

എസ്. (എച്ച്) കെട്ടുതെങ്ങുനിക്ഷേപം.

ഏ. ഒരു മെംബർക്കോ, മെംബർ അല്ലാത്ത ഒരാൾക്കോ, തന്റെ പേരിൽ നിക്ഷേപങ്ങൾ സ്വരുക്കൂട്ടുന്നതിനായി കെട്ടുതെങ്ങു നിക്ഷേപക്കണക്കു സംഘത്തിൽ ഏർപ്പെടുത്തുന്നതിനു കമ്മിറ്റിക്കാർക്കു അനുവദിക്കാവുന്നതാണ്.

ബി. ഓരോ നിക്ഷേപകനും തന്റെ വക ഒന്നോ അധികമോ കായ്ഫലമുള്ള തെങ്ങുകൾ സംഘത്തിലേക്കു കെട്ടുതെങ്ങു നിക്ഷേപത്തിലേക്കായി ഒരു നിശ്ചിതകാലാവധിക്കു വിട്ടുകൊടുക്കേണ്ടതാകുന്നു. ഇപ്രകാരം ചെയ്തിരിക്കുന്നതായി നിക്ഷേപകൻ സംഘത്തിലേക്കു രേഖപ്പെടുത്തേണ്ടതുമാകുന്നു.

സി. കെട്ടുതെങ്ങുകളിലെ ആദായങ്ങൾ മാനേജിംഗ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നിക്ഷേപകനേയോ ആൾപ്പേരെയോ ബോദ്ധ്യപ്പെടുത്തി സംഘം എടുക്കേണ്ടതും. അവയുടെ അതാതുകാലം കമ്മിറ്റിക്കാർ നിശ്ചയിക്കുന്നതോ വിറ്റു ഉണ്ടാക്കുന്നതോ ആയ വില നിക്ഷേപകന്റെ പേരിൽ മുതൽവയ്ക്കേണ്ടതും ആണ്. സംഘത്തിലേക്കു വിട്ടുകൊടുക്കപ്പെട്ട തെങ്ങിലെ ആദായത്തിനു യാതൊരു നഷ്ടവും നേരാത്തവിധം അതതു നിക്ഷേപകൻ തന്നെ സൂക്ഷിക്കേണ്ടതും അതിലേക്കു സംഘത്തിനു യാതൊരു ചുമതലയും ഇല്ലാത്തതുമാകുന്നു.

൪. ഈ വക നിക്ഷേപങ്ങൾ ഒരു കൊല്ലത്തിൽ കുറഞ്ഞും അഞ്ചുകൊല്ലത്തിൽ കവിഞ്ഞും ഉള്ള കാലാവധിക്കു അനുവദിയ്ക്കാൻ പാടില്ലാത്തതും നിശ്ചിത കാലാവധിയ്ക്കുള്ളിൽ സംഖ്യ മടക്കി വാങ്ങി കൂടാത്തതും ആണ്. എന്നാൽ നിക്ഷേപകന് നിക്ഷേപം തുടർന്നു കൊണ്ടുപോകുന്നതിനു നിവൃത്തിയില്ലാതെ വരുന്ന സംഗതികളിൽ കമ്മിററിക്കാരുടെ യുക്തംപോലെ പലിശകൂടാതെ അസൽ സംഖ്യ തിരിച്ചു കൊടുത്തു എപ്പോഴെങ്കിലും കണക്കവസാനിപ്പിക്കാവുന്നതുമാകുന്നു.

൫. യാതൊരു നിക്ഷേപകനും ന്യായമായ കാരണം കൂടാതെ തന്റെ വകക്കെട്ടുതെങ്ങുകളുടെ എണ്ണം നിശ്ചിത കാലാവധിക്കുള്ളിൽ കുറയ്ക്കുവാൻ അധികാരമില്ലാത്തതും എന്നാൽ ഏതു സമയത്തും അവയുടെ എണ്ണം കമ്മിററിയുടെ അനുവാദത്തോടുകൂടി വർദ്ധിപ്പിക്കാവുന്നതുമാകുന്നു. എന്തെങ്കിലും പ്രകൃതിക്ഷതിയാൽ, വിട്ടുകൊടുത്തിട്ടുള്ള തെങ്ങുകൾക്കു ഹാനിവരുന്ന പക്ഷം കേടുപറ്റുകാലത്തേക്കു പകരം തെങ്ങു വിട്ടുകൊടുക്കേണ്ടതാകുന്നു.

൬. നിക്ഷേപകന്റെ വിസമ്മതമോ ഉപേക്ഷയോ നിമിത്തം തെങ്ങുകളിലെ ആദായമെടുക്കുന്നതിനു കമ്മിററിക്കു കഴിവില്ലാതെ വന്നാൽ അതുവരെ നിക്ഷേപകന്റെ പേരിൽ മുതൽ വന്നിട്ടുള്ള അസൽസംഖ്യ മാത്രം (പലിശകൂടാതെ) ആദ്യം നിശ്ചയിച്ച അവധിക്കുശേഷം നിക്ഷേപകനു തിരിച്ചു കൊടുക്കുന്നതായിരിക്കും.

൭. ഓരോ നിക്ഷേപകനും തന്റെ പേരിൽ മുതൽവരുന്ന നാളികേരം വില മുതലായവ അപ്പോഴപ്പോൾ കുറിക്കുന്നതിനായി സംഘത്തിൽ നിന്നും ഒരു പാസുബുക്കു കൊടുക്കുന്നതും ഓരോ ഇടപാടു സമയത്തും നിക്ഷേപകൻ പാസുബുക്കു ഹാജരാക്കി കമ്മിററിക്കാരെക്കൊണ്ടു പതിപ്പിച്ചു ഒപ്പിടുവിച്ചു വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. ഒരു പാസുബുക്കു കളഞ്ഞുപോയാൽ സംഘം നിശ്ചയിക്കുന്ന വില ചുമത്തി രണ്ടാമതു ഒരു പാസുബുക്കു കൂടി കൊടുക്കുന്നതാണ്. കണക്കു അവസാനിപ്പിക്കുമ്പോൾ നിക്ഷേപകൻ പാസുബുക്കു സംഘത്തിലേക്കു മടക്കികൊടുക്കേണ്ടതാണ്.

൮. പാസുബുക്കിൽ മുതൽ വരുന്ന മുഴു രൂപകൾക്കു അപ്രകാരം മുതൽ വരുന്നതിന്റെ അടുത്തമാസം മുതൽ മാസമൊന്നിനു രൂപായ്ക്കു രണ്ടു കാശുപ്രകാരം പലിശ ആണ്ടുതോറും കൂട്ടി നിക്ഷേപകന്റെ കണക്കിൽ മുതൽ വയ്ക്കുന്നതാകുന്നു.

൪൯. നിക്ഷേപക സംഖ്യ മുഴുവനുമോ ഭാഗമോ ഒരു നിക്ഷേപകൻെറ പക്കൽ നിന്നും സംഘത്തിലേക്കു വരേണ്ട വല്ല മുതലും ഉണ്ടെങ്കിൽ അതിലേയ്ക്കു മുതൽ വയ്ക്കുന്നതിനു സംഘത്തിനു അധികാരമുള്ളതാകുന്നു.

൫൦. നാളികേരം സൂക്ഷിച്ചു പഴയ ചരക്കായി വില്ക്കണമെന്നു നിക്ഷേപകന്മാരുടെ അപേക്ഷയുള്ള പക്ഷം അപ്രകാരം ചെയ്യാവുന്നതാകുന്നു. എന്നാൽ ഇതുമൂലം വല്ല നഷ്ടവും ഉണ്ടായാൽ സംഘത്തിനു ഉത്തരവാദിത്വം ഇല്ലാത്തതാകുന്നു.

അനുബന്ധം വ.

കെട്ടുതേങ്ങ നിക്ഷേപം.

നിക്ഷേപം നമ്പർ ... ...

നിക്ഷേപകൻെറ പേരു ... ...

വെട്ടുന്ന		മുതൽ പയ്പ്പുക				നാളിതുവരെ നിക്ഷേപിച്ച തുക			തിരിച്ചുവാങ്ങിയ തുക			പലിശ			ഒപ്പ്
തീയതി	തേങ്ങ	തീയതി	രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	കാ.	

സക്ക്യുലർ ൫൯൯.

പല സംഘങ്ങളിലും വായ്പകൾ ഈടാക്കുന്നതിനും അംഗങ്ങൾക്കു സമ്പാദ്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും കെട്ടുതേങ്ങ ഏർപ്പാടു ധാരാളമായി ഇപ്പോൾ നടപ്പിൽ വരുത്തിയിട്ടുണ്ടല്ലോ. സംഘങ്ങളുടെ അഭിവൃദ്ധിക്കു അവ ധനേതരമായ വിവിധ സംരംഭങ്ങളിൽ പ്രവേശിച്ചു പ്രവർത്തിക്കുന്നതു വളരെ സഹായകരവും അംഗങ്ങൾക്കു സംഘങ്ങളുമായുള്ള ഇടപാടുകളിൽ വലിയ ക്ലേശങ്ങൾ കൂടാതെ കണിശമായി പെരുമാറുന്നതിനു കഴിവുണ്ടാക്കുന്നതും ആണ്. ഈവക സംരംഭങ്ങളിൽ വച്ചു

ഏററവും സുരക്ഷിതമായും സൌകര്യമായും വിപുലമായും പ്രവർത്തിക്കാവുന്ന ഒന്നാണ് കെട്ടുതെങ്ങുവ്യവസ്ഥ എന്നുള്ളതിൽ യാതൊരു സംശയവുമില്ലാ. ഈ പദ്ധതി പ്രാരംഭം മുതൽക്കെ തൃപ്തികരമായ രീതിയിൽ സംഘങ്ങൾ നടത്തിക്കൊണ്ടു പോകേണ്ടതു ഏറ്റവും ആവശ്യമാണ്. കെട്ടുതെങ്ങു ഏർപ്പാടിനെ സംബന്ധിച്ചു ഈ ഡിപ്പാർട്ടുമെൻറിൽനിന്നും കുറച്ചു മാസങ്ങൾക്കു മുമ്പ് പ്രസിദ്ധംചെയ്തിട്ടുള്ള ലഘുലേഖയിൽ ഈ ഏർപ്പാടുകൊണ്ടു സംഘങ്ങൾക്കു സാധിക്കാവുന്ന പല കാര്യങ്ങളേയും പ്രസ്താവിച്ചിട്ടുണ്ട്. എല്ലാ സഹകാരികളും ഈ ലഘുലേഖ നല്ലവണ്ണം വായിച്ചു മനസ്സിലാക്കി അവരവരുടെ സംഘങ്ങളിൽ ഈ ഏർപ്പാടു എത്രയും വേഗത്തിൽ നടപ്പിൽ വരുത്തണമെന്നു പ്രത്യേകം താല്പര്യപ്പെടുന്നു. കെട്ടുതെങ്ങു ഏർപ്പാടു നടത്തേണ്ട രീതിയും അതു സംബന്ധിച്ചു കമ്മിററിക്കാർ സ്വീകരിക്കേണ്ട നടപടികളും വ്യക്തമായി മാതൃകാനിബന്ധന ഏ നു (എച്ച്)-ൽ വിവരിച്ചിട്ടുള്ളതിനാൽ അവ വീണ്ടും ഇവിടെ ഉദ്ധരിക്കണമെന്നു വിചാരിക്കുന്നില്ല. എന്നാൽ ഇതുസംബന്ധിച്ചു സൂക്ഷിക്കേണ്ട റിക്കാർട്ടുകൾക്കു ഒരു ഐകരൂപ്യം ഇല്ലാതേയും വേണ്ട റിക്കാർട്ടുകൾ സൂക്ഷിക്കാതേയും പല സംഘങ്ങളിലും കണ്ടുവരുന്നു. അതിനാൽ സംഘങ്ങൾ താഴെപറയുന്ന റിക്കാർട്ടുകൾ അവയ്ക്കു കൊടുത്തിട്ടുള്ള ഫാറങ്ങളിൽ എഴുതി സൂക്ഷിക്കേണ്ടതാണെന്നും ഉപദേശിക്കുന്നു.

(൧) അപേക്ഷഫാറം.
(൨) ഉടമ്പടിഫാറം.
(൩) നാൾവഴിഫാറം.
(൪) പാസ്സുബുക്ക്ഫാറം.
(൫) ഏറ്റുവ് ഫാറം.

൩൨. വളം.

സക്കുലർ ൭൦.

കൃഷിഡിപ്പാർട്ടുമെൻറിൽ നിന്നും ശേഖരിച്ചു വിററുവരുന്ന പരിഷ്കൃതവളം പരസ്പരസഹായസംഘങ്ങൾക്കു ഏററവും സൌകര്യപ്രദമായ വിധത്തിൽ വാങ്ങി അവയിലെ അംഗങ്ങളുടെ ആവശ്യങ്ങൾ നിറവേ

റുന്നതിന്ന വേണ്ടി പരസ്പരസഹായസംഘങ്ങൾ ഏജൻറായി നില്ക്കാമെന്ന ഗവണ്മെൻറിൽ നിന്നും ദയവായി അനുവദിച്ചിരിക്കുന്നു. മററു ഏജൻറന്മാരോടു ആവശ്യപ്പെടാറുള്ള വസ്തു ജാമ്യം പരസ്പരസഹായസംഘങ്ങളെ സംബന്ധിച്ചു ഗവണ്മെൻറിൽ നിന്നും ഒഴിവാക്കിയിട്ടും ഉണ്ട്.

സെൻട്രൽ ബാങ്കിൽ നിന്നും പണം കടംവാങ്ങുന്ന അവസരത്തിൽ സാധാരണ എഴുതികൊടുക്കുന്ന രീതിയിൽ ഒരു പ്രാമിസറി നോട്ടു ഗവണ്മെൻറിന്ന വേണ്ടി വളം വാങ്ങുമ്പോൾ കൃഷിഡയറക്ടരുടെ പേരിൽ എഴുതികൊടുക്കേണ്ടതാണ്. ഇപ്രകാരം സംഘത്തിൽ നിന്നു പ്രാമിസ്സറിനോട്ടു എഴുതികൊടുത്തു വളം വാങ്ങുന്നതുകൊണ്ടു സംഘത്തിന്റെ കടത്തിന്ന ചുമതലപ്പെടുന്നതും അതിനാൽ സംഘാംഗങ്ങളുടെ ആവശ്യത്തെ അടിസ്ഥാനപ്പെടുത്തി മാത്രം അപ്രകാരം വളം വാങ്ങിക്കേണ്ടതുമാകുന്നു.

അപ്രകാരം ഏജൻറായിരിക്കണമെന്നുള്ള പരസ്പരസഹായസംഘങ്ങളുടെ അപേക്ഷകൾ ഈ ആഫീസുവഴി അയക്കേണ്ടതും ഓരോ സംഘത്തിലേക്കും കടമായി കൊടുക്കാവുന്ന വളത്തിന്റെ വിലയുടെ ഏററവും കൂടുതൽ തുക ഇവിടെനിന്നു നിശ്ചയിച്ചു ശിപാർശചെയ്യുന്നതും ആകുന്നു. ഏജൻറു സ്ഥാനത്തിന്ന അപേക്ഷിക്കുന്നതിന്ന മുമ്പു താഴെ വിവരിക്കുന്ന രീതി അനുഷ്ഠിക്കേണ്ടതാണ്.

(എ) ഏജൻറുസ്ഥാനം സ്വീകരിക്കുന്നതിന്ന കമ്മിററിയോഗം കൂടി നിശ്ചയം പാസ്സാക്കണം.

(ബി) എത്ര രൂപായ്ക്കു വളം എടുക്കണമെന്നു തീരുമാനിക്കണം.

(സി) സാധാരണ സെൻട്രൽബാങ്കിൽ നിന്നും പണം കടംവാങ്ങുമ്പോൾ എഴുതിക്കൊടുക്കുന്നതുപോലെയുള്ള ഒരു പ്രാമിസ്സറിനോട്ടും ഏജൻസി ഏൽക്കുന്നതിന്ന ഒരു ഉടമ്പടിയും (ഫാറം ഇതോടു അനുബന്ധിച്ചിട്ടുണ്ട്). അപേക്ഷസഹിതം അയയ്ക്കണം.

(ഡി) ഇതോടുകൂടി ചേർത്തിരിക്കുന്ന ഫാറത്തിൽ ഒരു സ്റ്റേററുമെൻറും തയാറാക്കി അതും അയക്കണം.

സംഘത്തിന്റെ പേരും നമ്പരും.

ഓഹരി			സംഘത്തിനു കടംവാങ്ങിക്കാവുന്ന കൂടുതൽ തുക	പൊതുയോഗം തന്നാണ്ടു വാങ്ങുന്നതിനു അനുവദിച്ച തുക	സെൻട്രൽ ബാങ്കിൽ നിന്നും മുൻപു വാങ്ങിച്ചതിൽ കിടപ്പുള്ള തുക	തന്നാണ്ടു വാങ്ങിച്ച വായ്പ	സെൻട്രൽ ബാങ്കിലേക്കു കുടിശിഖ	മററുവിധത്തിൽ വാങ്ങിച്ചതിൽ കിടപ്പുള്ള തുക	മററുവിധത്തിൽ തന്നാണ്ടു വാങ്ങിയതു	അംഗങ്ങളിൽ നിന്നും ഈടാക്കേണ്ട		അതിലെ കുടിശിഖ		റിമാർക്ക്
എണ്ണം	ഓഹരിവില	പിരിഞ്ഞ തുക								മുതൽ	പലിശ	മുതൽ	പലിശ	

സ്ഥലം

തീയതി

പ്രസിഡണ്ടു

സിക്രട്ടറി

കമ്മിററിമെംബർ

തിരുവിതാംകൂർ പരസ്പരസഹായസംഘം രജിസ്ത്രാർ ആഫീസിൽ നിന്നും ൧൦൭൭-ാമാണ്ടു മിഥുനമാസം ൧൯-ാം-യിലെ ഗസററിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള ൫൭-ാംനമ്പർ സർക്കുലരിൽ വിവരിച്ചിട്ടുള്ളതായ ഉടമ്പടിയുടെ മാതൃക.

ആയിരത്തി ..... ാമാണ്ടു ..... മാസം ..... തീയതി തിരുവിതാംകൂർ ഗവമ്മെൻറിലേയ്ക്കു വേണ്ടി തിരുവിതാംകൂർ കൃഷി മത്സ്യവ്യവസായ ഡയറക്ടർ മാ. രാ. രാ. ..... അവർകൾ പേർക്കു ..... താലൂക്ക ..... പകുതിയിൽ ..... -ാംനമ്പർ പരസ്പരസഹായ സംഘത്തിനു വേണ്ടി സംഘംവക കമ്മിറ്റി മെമ്പറന്മാർ എഴുതിക്കൊടുത്ത ഉടമ്പടിയാവിതു.

തിരുവിതാംകൂർ കൃഷിക്കാരുടെ ഉപയോഗത്തിലേക്കായി തിരുവിതാംകൂർ കൃഷി മത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറിൽ നിന്നും തയ്യാറാക്കി വില്പിച്ചുവരുന്ന വളങ്ങളുടെ വില്പനയ്ക്കു ഏജൻറന്മാരെ നിയമിക്കുന്നതു സംബന്ധമായി ഗവൺമെൻറിൽനിന്നും അനുവദിച്ചിട്ടുള്ള ഏർപ്പാടു അനുസരിച്ചു (സ്ഥല)ത്തെ വളം വില്പന ഏജൻറായി മാണ്ടു മാസം തീയതി മുതൽ -ാം നമ്പർ സംഘത്തിനെ നിയമിക്കണമെന്ന അപേക്ഷിച്ചതനുസരിച്ചു നിയമിച്ചിരിക്കുന്നതും ഗവൺമെൻറു ഏജൻറായി വളങ്ങൾ വാങ്ങുന്ന വിഷയത്തിൽ അടിയിൽ വിവരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചു നടന്നുകൊള്ളാമെന്നു സമ്മതിച്ചിരിക്കുന്നതും ഈ ഉടമ്പടിയിലെ വ്യവസ്ഥകൾ അനുസരിച്ചു ടി ഏജൻസിജോലി സംഘം ശരിയായി നടത്തുന്നതിലേയ്ക്കു ഇതിനാൽ ഉറപ്പു തന്നിരിക്കുന്നതും ആകുന്നു.

വ്യവസ്ഥകൾ.

൧. ടി കൃഷിമത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറിൽ നിന്നു ഓരോ തവണയ്ക്കും (..............) ബ്രിട്ടീഷ് രൂപായിൽ കവിയാത്ത വിലയ്ക്കു വളങ്ങൾ ആവശ്യംപോലെ സംഘം ഏററുവാങ്ങി അംഗങ്ങൾക്കു അവരുടെ ആവശ്യംപോലെ വിററുകൊള്ളാമെന്നുള്ളതാകുന്നു.

൨. മേൽപ്രകാരം സംഘം ഏററുവാങ്ങിക്കുന്ന വളങ്ങളെ കൃഷി മത്സ്യവ്യവസായ ഡയറക്ടർ നിശ്ചയിക്കുന്നതായ സ്ഥലത്തും വിധത്തിലും സംഘത്തിൻെറ ചിലവിന്മേൽ സംഘംതന്നെ സൂക്ഷിച്ചുകൊള്ളാമെന്നുള്ളതും ഏററു വാങ്ങുന്നതുമുതൽ ടി വളങ്ങൾക്കു സംഭവിക്കാവുന്നതായ സകല കേടുപാടുകൾക്കും നഷ്ടങ്ങൾക്കും സംഘം തന്നെ ഗവൺമെൻറിനോടു ഉത്തരവാദം ചെയ്തുകൊള്ളാമെന്നുള്ളതും കൃഷി മത്സ്യവ്യവസായ ഡയറക്ടരുടെ അനുമതി ലഭിക്കാതെയുള്ള യാതൊരു സ്ഥലത്തും വിധത്തിലും സംഘം ടി വളങ്ങളെ ശേഖരിച്ചു സൂക്ഷിക്കുന്നതല്ലാത്തതും ആകുന്നു.

൩. സംഘം ഏററുവാങ്ങി സൂക്ഷിക്കുന്ന വളങ്ങളെ അവയ്ക്കു ഗവൺമെൻറ് നടങ്ങിട്ടുള്ള വിലയ്ക്കു അംഗങ്ങൾക്കു സംഘം വിററുകൊള്ളാമെന്നുള്ളതും ടി കൃഷിക്കുക കാലാകാലങ്ങളിലും യാതൊരു പരാതി

ക്കും ഇടകൊടുക്കാതേയും വില്പന നടത്തിക്കൊള്ളാമെന്നുള്ളതും ആകുന്നു.

൪. സംഘം ഏററുവാങ്ങി സംഘത്തിൻെറ സൂക്ഷിപ്പിൽ വച്ചു വിൽക്കുന്ന വളങ്ങളുടെ വിലയെ എപ്പോഴപ്പോഴും ഗവർമ്മെൻറിൽ അടച്ചു തീൎത്തുകൊള്ളാമെന്നുള്ളതും ആയതിലേയ്ക്കു വാരംതോറുമുള്ള അവസാന ട്രെഷറി ജോലിദിവസം നാളതുവരെ വിററു പിരിവുള്ള പണത്തിനു മൂന്നു ചെല്ലാൻ ഫാറം എഴുതി തയ്യാറാക്കി അവകൾ സഹിതം പണത്തെ ട്രെഷറിയിൽ സംഘം ഒടുക്കിക്കൊള്ളാമെന്നുള്ളതും പണം ഒടുക്കിയ വകയ്ക്കു ട്രെഷറിയിൽ നിന്നും തിരിയെ തരുന്ന രണ്ടു ചെല്ലാൻ രസീതുകളിൽ അസൽ രസീതിനെ ഡയറക്ടർ നിശ്ചയിക്കുന്ന ആഫീസക്കു അയച്ചുകൊടുക്കയും പകൎപ്പിനെ സംഘംതന്നെ വച്ചു സൂക്ഷിച്ചുകൊള്ളാമെന്നുള്ളതും ആകുന്നു.

൫. സംഘം ഏററു വാങ്ങുന്ന വളങ്ങൾക്കും പ്രതിദിനം സംഘം നടത്തുന്ന വില്പനയ്ക്കും വില്പനചെയ്തു വസൂലാകുന്ന പണം ട്രെഷറിയിൽ ഒടുക്കുന്ന വകയ്ക്കും ശരിയായും സത്യമായും ഉള്ള നാൾവഴികണക്കുകൾ സംഘം വച്ചുകൊള്ളാമെന്നുള്ളതും കൃഷി മത്സ്യവ്യവസായ ഡയറക്ടർക്കോ അദ്ദേഹം ആയതിലേക്കു നിയമിക്കുന്ന ഉദ്യോഗസ്ഥനോ ടി കണക്കുകൾ പരിശോധനക്കായി സംഘം കാണിച്ചു കൊടുത്തുകൊള്ളണമെന്നുള്ളതും ക്വാർട്ടർ (മൂന്നുമാസം) തോറും ടി കണക്കുകളും കൈവശമിരിപ്പു വളങ്ങളും ഒത്തുനോക്കി തിട്ടംവരുത്തുന്നതിലേയ്ക്കായി കൃഷി മത്സ്യവ്യവസായ ഡയറക്ടർക്കോ അദ്ദേഹം അതിലേയ്ക്കു നിശ്ചയിക്കുന്ന ഉദ്യോഗസ്ഥനോ വേണ്ട ഒത്താശകൾ സംഘം ചെയ്തു കൊടുത്തുകൊള്ളാമെന്നുള്ളതും ആകുന്നു.

൬. സംഘം ഏററുവാങ്ങിക്കുന്ന വളങ്ങളുടേയും സംഘം നടത്തുന്ന വില്പനകളുടേയും വില്പനചെയ്തു പിരിയുന്നപണം ട്രെഷറിയിൽഒടുക്കുന്നവയുടേയും വിവരങ്ങൾ വിശദമായി കാണിച്ചു മാസംതോറും ഒരു സ്റേററുമെൻറു തയ്യാറാക്കി മറുമാസം അഞ്ചാംതീയതിക്കകം ഡയറക്ടർ നിശ്ചയിക്കുന്ന ആഫീസക്കു സംഘം അയച്ചു കൊടുത്തുകൊള്ളാമെന്നുള്ളതാകുന്നു.

൭. ഉടമ്പടി അനുസരിച്ചു സംഘം കൃഷിമത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറുവക വളങ്ങൾ ഗവൎമ്മെൻറു ഏജൻറായി വിൽക്കുന്നതിനു

പ്രതിഫലമായി സംഘം വിൽക്കുന്ന വളങ്ങളും വാങ്ങി തയ്യാർ ചെയ്യുന്ന തിലേക്ക ഗവണ്മെൻറിനടത്തിട്ടുള്ള മുതലിൽ നൂററിനു പത്തുവീതമുള്ള കമ്മിഷൻ ഗവണ്മെൻറിൽ നിന്നും സംഘത്തിനു തരേണ്ടതും അപ്രകാരം ആണ്ടുതോറും സംഘത്തിനു വരേണ്ടതായ കമ്മിഷൻ അതതു ആണ്ടിലെ സകല കണക്കുകളും തീൎത്തശേഷം മാത്രം സംഘത്തിനു കിട്ടിയാൽ മതിയാകുമെന്നുള്ളതുമാകുന്നു.

വ്യ. മേൽപ്രകാരം കണക്കുതീൎത്തതിന്റെ ശേഷം സംഘത്തിനു വരുവാനുള്ളതായി കാണുന്ന കമ്മിഷനെ കൃഷിമത്സ്യവ്യവസായ ഡയറക്ടരുടെ യുക്തമനുസരിച്ച പണമായിട്ടോ വളങ്ങളായിട്ടോ സംഘത്തിനു കിട്ടിയാൽ മതിയാകുന്നതാകുന്നു.

ൻ. ഈ ഉടമ്പടിപ്രകാരം സംഘം ഏററുവാങ്ങി വച്ചു സൂക്ഷിക്കുന്ന വളങ്ങളുടെ ഉടമസ്ഥാവകാശം ഗവണ്മെൻറിൽതന്നെ സ്ഥിതി ചെയ്യുന്നതും അവയിൽ സംഘത്തിനു ഒരു കാലത്തും യാതൊരുവിധമായ അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.

൧൦. ഈ ഉടമ്പടിയിൽ മുകളിൽ വിവരിച്ചിട്ടുള്ള വ്യവസ്ഥകൾക്കു വിപരീതമല്ലാതെ ഗവണ്മെൻറു ഏജൻറായി സംഘം വളങ്ങളും ഏററുവാങ്ങിക്കുക, സൂക്ഷിക്കുക, വില്പനചെയ്യുക ഇവകളും സംബന്ധമായി കൃഷിമത്സ്യവ്യവസായ ഡയറക്ടർ അവർകൾ തരുന്നതായ സകല കല്പനകളും അനുസരിച്ചും ഈ ഉടമ്പടിക്കാലത്തു നടന്നുകൊള്ളുന്നതിനു സംഘം ഇതിനാൽ ബന്ധിതമായി തീൎന്നിരിക്കുന്നു.

൧൧. ഈ ഉടമ്പടിയിലെ വ്യവസ്ഥകളിൽ ഏതിനെങ്കിലും വിപരീതമായി സംഘം പ്രവൎത്തിക്കുന്നതായിരുന്നാൽ ആയതിലേക്കുവേണ്ടി പരസ്പരസഹായസംഘം രജിസ്ത്രാർ അവർകൾ നിശ്ചയിക്കുന്ന പിഴ നിശ്ചയിക്കുന്നതിനും വീഴ്ചയുടെ ഗൌരവത്തിനു പ്രായശ്ചിത്തം കൊണ്ടു മതിയാകുന്നതല്ലെന്നു വിചാരിക്കുന്ന പക്ഷം ഈ ഉടമ്പടിയെ റദ്ദുചെയ്യുന്നതിനും കൃഷിമൽസ്യവ്യവസായ ഡയറക്ടർക്കു അധികാരമുണ്ടായിരിക്കുന്നതാണ്.

൧൨. ഈ ഉടമ്പടിയിലെ കാലാവധികഴിഞ്ഞോ അഥവാ കാലാവധിക്കിടയിൽ മുൻ ൧൧-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ച സംഘത്തിന്റെ വീഴ്ചഹേതുവാൽ ഉടമ്പടി റദ്ദുചെയ്യപ്പെട്ടോ മററുപ്രകാരത്തിലൊ സംഘത്തിന്റെ ഏജൻസി അവസാനിക്കുന്ന കാലത്തു സംഘം നാളതുവരെ ഏററു വാങ്ങിട്ടുള്ള വളങ്ങളിൽ വില്പനചെയ്യാതെ

സംഘത്തിൽ ബാക്കിയിരുപ്പുള്ള വളങ്ങളെ ഗവൺമെന്റു എടുത്തുകൊള്ളേണ്ടതും അങ്ങനെ തിട്ടപ്പെടുത്തി ഏറ്റെടുക്കുന്നതു കഴിച്ചു സംഘം ഉത്തരവാദം ചെയ്യേണ്ടതായ ബാക്കി വളങ്ങളുടെ വിലയിൽ സംഘം ഗവൺമെന്റ് ട്രഷറിയിൽ അടച്ചു തീർന്നു നീക്കി വല്ല സംഖ്യയും സംഘത്തിൽനിന്നും ഗവൺമെന്റിലേക്കു വരുവാനുണ്ടായിരുന്നാൽ ആയതും മററുപ്രകാരത്തിൽ ഈ ഉടമ്പടിമൂലം സംഘത്തിൽനിന്നും ഗവൺമെന്റിലേക്കു ഈടാകേണ്ടതായി കാണുന്ന ഇതര സംഖ്യകളും സംഘംവക മുതലിൽനിന്നും കരക്കുടിശ്ശികപോലെ കരക്കുടിശ്ശിക റഗുലേഷനിലെ വ്യവസ്ഥകളനുസരിച്ചു ഈടാക്കുന്നതിനു ഞങ്ങൾ ഇതിനാൽ സമ്മതിച്ചിരിക്കുന്നതും ആകുന്നു.

ഇപ്രകാരം എല്ലാം സമ്മതിച്ചു ഈ ആധാരം എഴുതിക്കൊടുത്തതി

സാക്ഷികൾ

൧.

൨.

സർക്കുലർ ൧൪൬

കൃഷിഡിപ്പാർട്ടുമെന്റുവക വളങ്ങൾ വിൽക്കുന്നതിലേക്കു പരസ്പരസഹായസംഘങ്ങൾക്ക് ഏജൻസികൊടുക്കപ്പെടുന്നതാണെന്നും മററുമുള്ള ഈ ഡിപ്പാർട്ടുമെന്റുവക ൬-ാം നമ്പർ സർക്കുലറിലെ വ്യവസ്ഥകളിൽ സംഘങ്ങൾ വളം കടം വാങ്ങുന്നതിനു അനുവദിക്കാതിരുന്നിട്ടുള്ള പ്രതിബന്ധം നീക്കി അടിയിൽ പട്ടിക ചേർത്തിട്ടുള്ള ഉടമ്പടിയിൽ വിവരിച്ചിട്ടുള്ള കരാറുകളിന്മേൽ മേൽപ്പറഞ്ഞ വളം സംഘങ്ങൾക്കു കടമായി വാങ്ങാമെന്നു ൧൯൩൨ ജൂൺ ൧൧-നു-യിലെ ആർ. ഡിസ്. നമ്പർ ൪൮൨-൩൨. ഡവലപ്പ്മെന്റു എന്ന ഗവൺമെന്റുത്തരവിനാൽ അനുവദിക്കപ്പെട്ടിരിക്കുന്നു. അതുനിമിത്തം ഉണ്ടാകുന്ന കൂടുതൽ സൌകര്യങ്ങൾ ശരിയാംവണ്ണം ഉപയോഗപ്പെടുത്തി കൃഷികാര്യങ്ങളിൽ വേണ്ട അഭിവൃദ്ധിയുണ്ടാക്കുന്നതിലേക്ക് എല്ലാ കർഷകസംഘങ്ങളും ഉൽസുകരാകണമെന്നു താല്പര്യപ്പെടുന്നു. മാതൃകാഉടമ്പടി അടിയിൽ ചേർത്തിരിക്കുന്നു.

മാതൃകാഉടമ്പടി ഫാറം.

ആയിരത്തിനൂററി ...... മാണ്ട് .... മാസം ..... തീയതി തിരുവിതാംകൂർ ഗവൺമെന്റിനുവേണ്ടി തിരുവിതാംകൂർ കൃഷിമൽസ്യവ്യവസായഡയറക്ടർ........ അവർകൾക്കു....... താലൂക്ക........

പകതിയിൽ,........-ാംനമ്പർ..... ......പരസ്പരസഹായസംഘത്തിനുവേണ്ടി ടി സംഘത്തിന്റെ കമ്മററിഅംഗങ്ങളായ............ ......കൂടി എഴുതിക്കൊടുത്ത ഉടമ്പടി.

൧. കൃഷിക്കാരുടെ ഉപയോഗത്തിനായി കൃഷിമൽസ്യവ്യവസായ ഡിപ്പാർട്ടുമെൻറിൽനിന്നും ശേഖരിച്ചു വിററുവരുന്ന വളങ്ങളും പരസ്പരസഹായസംഘങ്ങൾക്ക ക്രെഡിററു വ്യവസ്ഥപ്രകാരം (on credit) വിലയ്ക്കുകൊടുക്കുന്നതിനു അനുവദിച്ചു ഗവണ്മെൻറിൽ നിന്നും ൧൯൩൧ ജൂൺമാസം ൧൧-നു- ആര. ഡിസ്സ്. നമ്പർ ൯൮൧-൩൧- ഡവലപ്പ്മെൻറ് നമ്പരായ, പാസ്സാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾക്കുൾപ്പെട്ട ക്രെഡിററു വ്യവസ്ഥയിൽ (on credit) വളങ്ങൾ വിലയ്ക്കുവാങ്ങുന്നതിനും . അംഗങ്ങളുടെ ഇടയിൽ രൊക്കമായോ ക്രെഡിററുവ്യവസ്ഥയിന്മേലോ വിൽക്കുന്നതിനും ഈ ഉടമ്പടി ടി സംഘത്തിനുവേണ്ടി എഴുതിക്കൊടുക്കുന്നതിനു കമ്മിററി അംഗങ്ങളെ അധികാരപ്പെടുത്തി..........-ാമാണ്ട് ....മാസം ..... -നു- കൂടിയ മേൽപ്പറഞ്ഞ പരസ്പരസഹായ സംഘത്തിന്റെ പൊതുയോഗത്തിൽ തീരുമാനിച്ചിട്ടുള്ളതും ആ തീരുമാനം അനുസരിച്ചു വളം വില്പനയ്ക്കുകൊള്ളുന്നതിൽ താഴെപ്പറയുന്നവ്യവസ്ഥകൾപ്രകാരം നടന്നുകൊള്ളുന്നതിനും ഈ ഉടമ്പടി കമ്മിററി അംഗങ്ങൾ ടി സംഘത്തിനുവേണ്ടി എഴുതി ഒപ്പിട്ടുകൊടുക്കുന്നതിനും മേൽപറഞ്ഞ പരസ്പരസഹായസംഘം സമ്മതിച്ചിരിക്കുന്നതുമാകുന്നു.

വ്യവസ്ഥകൾ.

൧. ആണ്ടിൽ ഒന്നിലധികംതവണ വിളവുഎടുക്കാവുന്ന തെങ്ങു മുതലായവയ്ക്കുള്ള വളമാണെങ്കിൽ അതിന്റെ വില വാങ്ങിക്കുന്ന തീയതിമുതൽ .... വർഷത്തിനകമൊ, നെല്ലു, മരച്ചീനി, കരിമ്പു മുതലായവ ആണ്ടിൽ ഒരിക്കൽ എടുക്കാവുന്ന വിളവുകൾക്കുള്ള വളമാണെങ്കിൽ ആ തീയതിന്റെ വില വാങ്ങിക്കുന്ന തീയതി ' മുതൽ............ അകമൊ അഥവാ കൃഷിമൽസ്യവ്യവസായഡയറക്ടർ അവർകൾ തന്റെ അധികാരത്തിൽ കവിയാതെ അനുവദിക്കുന്ന കൂടുതൽ കാലാവധിക്കകമൊ അടച്ചുകൊള്ളാവുന്നതും പരസ്പരസഹായസംഘം രജിസ്ട്രാർ അവർകളും കൃഷിമൽസ്യവ്യവസായഡയറക്ടർ അവർകളും തരയ്ക്കുന്ന നിർദ്ദേശങ്ങൾക്കുൾപ്പെട്ട ടി സംഘത്തിൽനിന്നും........... ....തുകയിൽ കവിയാതെയുള്ള വിലയ്ക്കുള്ള വളങ്ങൾ വാങ്ങിക്കൊള്ളാവുന്നതുമാകുന്നു.

൨. അപ്രകാരം ക്രെഡിററിൽ (on credit) വാങ്ങിക്കുന്ന വളങ്ങൾ സംഘാതിത്തിയിൽ ചിലവുവരികയില്ലെന്നു സംഘത്തിനു ബോ

ല്യം വരുന്ന പക്ഷം വാങ്ങിച്ച തീയതി മുതൽ മൂന്നുമാസത്തിനകം അവയെ തിരിച്ചു ഏല്പിക്കുന്നതിന സംഘത്തിന സ്വാതന്ത്ര്യമുള്ളതാകുന്നു.

൩. മേൽ ഒന്നാമതായി വിവരിച്ച വ്യവസ്ഥയ്ക്കുൾപ്പെട്ടു വാങ്ങിച്ചിട്ടുള്ള വളങ്ങളുടെ വില അതാതു കാലാവധിക്കുള്ളിൽ അടച്ചുതീർത്തുകൊള്ളാമെന്നുള്ളതും മുടക്കം വരുത്തിയിട്ടുള്ള തുകയ്ക്കു മുടക്കംവരുത്തിയ തീയതിമുതൽ നൂററിന ൬-കാൽ വീതമുള്ള പലിശസഹിതം ടി സംഘത്തിൽനിന്നും കെട്ടുതീർത്തുകൊള്ളാവുന്നതുമാകുന്നു.

൪. ഈ ഉടമ്പടിയിലെ വ്യവസ്ഥകൾ വിപരീതമായി ക്ലിപ്തപ്പെടുത്തിയിട്ടുള്ള കാലാവധിക്കുള്ളിൽ അടയ്ക്കേണ്ട തുക അടയ്ക്കാതെ മുടക്കം വരുത്തുന്നതായാൽ ആയതും മേൽവിവരിച്ചിട്ടുള്ള പലിശസഹിതം ൧൦൮൬-ാമാണ്ടത്തെ ൧൦-ാമതു റെഗുലേഷൻ ൪൩-ാം വകുപ്പനുസരിച്ചു സംഘത്തിന്റെ മേൽ നടപടിനടത്തി ഈടാക്കുന്നതിന ഗവൺമെൻറിലേക്ക അധികാരമുണ്ടെന്നു ടി സംഘത്തിൽനിന്നും സമ്മതിച്ചിരിക്കുന്നതാകുന്നു.

൫. വിലയ്ക്കുവാങ്ങിയ്ക്കുന്ന വളങ്ങളുടെ വില ക്ലിപ്തപ്പെടുത്തിയിട്ടുള്ള കാലാവധിക്കു മുൻപു തന്നെ. അപ്പോഴപ്പോഴായി സ്ഥലം ഖജനാവിൽ ഒടുക്കിക്കൊള്ളാമെന്നും ആ വകയ്ക്കുള്ള രസീതുകൾ കൃഷിമൽസ്യവ്യവസായ ഡയറക്ടർ അവർകൾക്ക തന്നെയോ അല്ലാത്ത പക്ഷം അദ്ദേഹം നിശ്ചയിക്കുന്ന ഉദ്യോഗസ്ഥനോ അയച്ചു കൊടുക്കാമെന്നും ഇപ്രകാരം ഒടുക്കുന്ന വിലയിൽ നൂററിന ൧൦ വീതമുള്ള റിബേററ (Rebate) കൃഷിമൽസ്യവ്യവസായ ഡിപ്പാർട്ടുമെൻറിൽ നിന്നും തരാമെന്നു നിശ്ചയിക്കുന്നതു പോലെ പണമായിട്ടോ മററുവിധത്തിലൊ അതാതു കണക്കുകൾ തീർത്തതിനമേൽ വാങ്ങിച്ചു കൊള്ളാമെന്നും ടി സംഘത്തിൽനിന്നും സമ്മതിച്ചിരിക്കുന്നു.

൬. പരസ്പരസഹായസംഘം രജിസ്ത്രാർ അവർകളുടെ ശുപാർശപ്രകാരം യാതൊരു കാരണവുംപറയാതെ കൃഷിമൽസ്യവ്യവസായഡയറക്ടർ അവർകൾക്ക കാലാവധി തീരുന്നതിനമുമ്പുതന്നെ വില്പനകളെ അവസാനിപ്പിച്ചു ഒരു നിശ്ചിതതീയതിക്കകം സംഘം ഒടുക്കേണ്ട തുകകൾ മുഴുവനും ഒടുക്കിത്തീർക്കണമെന്നു രജിസ്ത്രാർ നോട്ടീസുമൂലം ആവശ്യപ്പെടാൻ അധികാരമുള്ളതും സംഘം അതനുസരിച്ചു പ്രവൃത്തിക്കാൻ ബാദ്ധ്യതപ്പെട്ടിരിക്കുന്നതും അതിന വിപരീതമായി പ്രവർത്തിക്കുന്നതായാൽ ൪-ാമതു വ്യവസ്ഥയിൽ വിവരിച്ചിരിക്കുന്ന നടപടികൾ സംഘത്തിന്റെമേൽ എടുക്കുന്നതിന കൃഷിമൽസ്യവ്യവസായഡയറക്ടർ അവർകൾക്ക അധികാരമുണ്ടെന്നു സംഘത്തിൽനിന്നും സമ്മതിച്ചിരിക്കുന്നു.

൬. സംഘത്തിൽനിന്നും വാങ്ങുന്ന വളങ്ങളെ സംബന്ധി കൃഷിമൽസ്യവ്യവസായഡയറക്ടർ അവർകൾ ആവശ്യപ്പെടുന്ന കണക്കുകൾ സംഘത്തിൽനിന്നും എഴുതിസൂക്ഷിക്കാവുന്നതും ആ കണക്കുകൾ പരിശോധിക്കുന്നതിനു മേൽപ്പറഞ്ഞ ഡയറക്ടർ അവർകൾക്കൊ അല്ലാത്തപക്ഷം അദ്ദേഹത്താൽ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥനോ വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കാമെന്നു മേൽപ്പറഞ്ഞ സംഘത്തിൽനിന്നും സമ്മതിച്ചിരിക്കുന്നു.

൭. ഓരോ മാസവും ൧൦-നു-കളളിൽ മുൻമാസത്തെ വളം വാങ്ങിയതിനേയും വിററതിനേയും സംബന്ധിച്ചുള്ള കണക്കുകൾ ഏററവും അടുത്തുള്ള കൃഷിമൽസ്യവ്യവസായഡിപ്പാർട്ടുമെൻറു ഉദ്യോഗസ്ഥൻ മുഖേന കൃഷിമൽസ്യവ്യവസായ ഡയറക്ടർ അവർകൾക്കു അയച്ചുകൊടുത്തുകൊള്ളാമെന്നും മേൽപറഞ്ഞ സംഘത്തിൽനിന്നും സമ്മതിച്ചിരിക്കുന്നു.

ഇപ്രകാരം സമ്മതിച്ച ഈ ഉടമ്പടി മേൽപറഞ്ഞ സംഘത്തിനു വേണ്ടി എഴുതിക്കൊടുക്കുന്ന കമ്മിററി അംഗങ്ങളായ

൧. ... ...
൨. ... ...
൩. ... ...
൪. ... ...

---

൩൩. അന്വേഷണവും പരിശോധനയും.

ആക്റ്റ് ൪൩.

രജിസ്ട്രാരുടെ അന്വേഷണം. (൧) ഒരു രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിൻെറ ഘടനയേയും പ്രവർത്തനത്തേയും ധനസ്ഥിതിയേയും പററി രജിസ്ട്രാർ സ്വയമേവ ഒരന്വേഷണം നടത്തേണ്ടതും അല്ലെങ്കിൽ ഇതിലേക്കു രജിസ്ട്രാർ അന്വേഷണം നടത്താവുന്നതും കമ്മററിയിലെ ഭൂരിപക്ഷത്തിൻെറയൊ അംഗങ്ങളിൽ മൂന്നിലൊന്നിൽ കുറയാതെയുള്ള ആളുകളുടെയൊ അപേക്ഷപ്രകാരമൊ ഒരന്വേഷണം നടത്തേണ്ടതും അല്ലെങ്കിൽ ഇതിലേക്കു രജിസ്ട്രാർ രേഖാമൂലം അധികാരപ്പെടുത്തിയിട്ടുള്ള ആരെയെങ്കിലും ഒരു അന്വേഷണം നടത്തുന്നതിനു ആജ്ഞാപിക്കേണ്ടതുമാകുന്നു.

(൨) രജിസ്ട്രാർക്കു (൧)-ാം ഉപവകുപ്പിൻപ്രകാരം അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ആൾക്കൊ താഴെപറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കേണ്ടതുമാകുന്നു.

(എ) അയാൾക്കു ന്യായമായിട്ടുള്ള ഏതുസമയത്തും സംഘത്തിന്റെ വകയൊ അതിന്റെ സൂക്ഷിപ്പിലുള്ളതോ ആയ പുസ്തകങ്ങളും കണക്കുകളും പ്രമാണങ്ങളും ഉറപ്പുവകകളും പണവും മററു സ്വത്തുക്കളും സ്വതന്ത്രമായി നോക്കാൻ അധികാരമുണ്ടായിരിക്കുന്നതും ആ പുസ്തകങ്ങളൊ കണക്കുകളൊ പ്രമാണങ്ങളൊ ഉറപ്പുവകകളൊ പണമൊ മററു സ്വത്തുക്കളൊ കൈവശമുള്ളതൊ സൂക്ഷിക്കാൻ ചുമതലപ്പെട്ടതൊ ആയ വല്ല ആഴ്ചോട്ടം സംഘത്തിന്റെ തലസ്ഥാനത്തൊ ഏതെങ്കിലും ശാഖയിലൊ ഉള്ള ഏതെങ്കിലും സ്ഥലത്തു് ആയതു ഹാജരാക്കാൻ ആവശ്യപ്പെടാവുന്നതുമാകുന്നു.

(ബി) സംഘത്തിന്റെ ഏതെങ്കിലും കാര്യങ്ങളെപ്പററി വിവരമുള്ളതായി അദ്ദേഹം ന്യായമായി വിശ്വസിക്കാവുന്ന ഏതൊരാളെയും സംഘത്തിന്റെ തലസ്ഥാനത്തൊ അതിന്റെ ഏതെങ്കിലും ശാഖയിലൊ ഉള്ള വല്ലസ്ഥലത്തും തന്റെ മുമ്പാകെ ഹാജരാകാൻ ആജ്ഞാപിക്കാവുന്നതും അങ്ങനെയുള്ള ആളെ സത്യത്തിന്മേൽ വിസ്തരിക്കാവുന്നതും ആകുന്നു.

(സി) (i) സംഘത്തിന്റെ ഒരു പൊതുയോഗം വിളിച്ചുകൂട്ടാൻ എത്ര ദിവസങ്ങൾക്കു മുമ്പായി അറിയിപ്പു നൽകണമെന്നു നിശ്ചയിക്കുന്ന വല്ലചട്ടമൊ ഉപനിയമമൊ ഉണ്ടായിരുന്നാലും സംഘത്തിലെ ഉദ്യോഗസ്ഥന്മാരോടു താൻ ആജ്ഞാപിക്കുന്നതുപോലെയുള്ള സമയത്തും സംഘത്തിന്റെ തലസ്ഥാനത്തിലെയൊ അതിന്റെ ഏതെങ്കിലും ശാഖയിലെയൊ അപ്രകാരമുള്ള സ്ഥലത്തു് ഒരു പൊതുയോഗം വിളിച്ചുകൂട്ടാനും അപ്രകാരമുള്ള കാര്യങ്ങൾ തീർച്ചപ്പെടുത്താനും ആവശ്യപ്പെടാവുന്നതും സംഘം ഉദ്യോഗസ്ഥന്മാർ അങ്ങനെയുള്ള ഒരു യോഗം വിളിച്ചുകൂട്ടാൻ വിസമ്മതിക്കയൊ വീഴ്ചവരുത്തുകയൊ ചെയ്യുന്നപക്ഷം അദ്ദേഹത്തിനു തന്നെ ആ യോഗം വിളിച്ചുകൂട്ടാൻ അധികാരമുണ്ടായിരിക്കുന്നതും ആകുന്നു.

(ii) ൧-ാം ഖണ്ഡപ്രകാരം വിളിച്ചുകൂട്ടിയ ഏതൊരുയോഗത്തിനും സംഘത്തിന്റെ ഉപനിയമങ്ങളനുസരിച്ചു വിളിച്ചുകൂട്ടിയ ഒരു പൊതുയോഗത്തിലുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും അതിന്റെ നടപടികൾ ആ ഉപനിയമങ്ങളാൽ ക്രമപ്പെടുത്തേണ്ടതും ആകുന്നു.

ആക്റ്റ് ൪൪.

(൧) രജിസ്റ്റർചെയ്യപ്പെട്ട ഒരു സംഘത്തിന്റെ ഉത്തമർണ്ണന്റെ അപേക്ഷപ്രകാരം രജിസ്ത്രാർ ആ സംഘം വക പുസ്തകങ്ങളും പരിശോധിക്കയൊ ഇതിലേക്ക സാമാന്യമൊ പ്രത്യേകമൊ ആയ രേഖാമൂലമുള്ള ഉത്തരവിനാൽ അധികാരപ്പെടുത്തുന്ന വല്ല ആളെക്കൊണ്ടും പരിശോധിപ്പിക്കുകയൊ ചെയ്യാവുന്നതാകുന്നു.

രജിസ്ത്രാർ പുസ്തകങ്ങൾ പരിശോധിക്കുക

(൨) ഉത്തമർണ്ണൻ—

(എ) കടം അപ്പോൾ തിരിച്ചുകിട്ടേണ്ടുന്ന ഒരു സംഖ്യയാണെന്നും അതു തിരിച്ചുകിട്ടുവാൻ ആവശ്യപ്പെട്ടിരുന്നു എന്നും ന്യായമായ കാലത്തിനുള്ളിൽ തിരിച്ചുകിട്ടിയില്ലെന്നും രജിസ്ത്രാരെ ബോദ്ധ്യപ്പെടുത്തുകയും,

(ബി) നിർദ്ദേശിക്കപ്പെട്ട പരിശോധനയ്ക്കുള്ള ചിലവിന്റെ ഉറപ്പിനായി രജിസ്ത്രാർ ആവശ്യപ്പെടാവുന്ന തുക അദ്ദേഹത്തിന്റെ പക്കൽ നിക്ഷേപിക്കയും,

ചെയ്യാത്തപക്ഷം (൧)-ാം ഉപവകുപ്പിൻപ്രകാരമുള്ള യാതൊരു പരിശോധനയും നടത്തുകയോ നടത്താൻ ആജ്ഞാപിക്കുകയൊ ചെയ്യാൻ പാടില്ല.

(൩) ൧-ാം ഉപവകുപ്പിൻപ്രകാരം ഒരു പരിശോധന നടത്തിയതിനാൽ ആ പരിശോധനയുടെ ഫലം ഒന്നുതൊരു ഉത്തമർണ്ണനു കടപ്പെട്ടിരിക്കുന്നുവൊ അയാളെ രജിസ്ത്രാർ അറിയിക്കേണ്ടതാകുന്നു.

ആക്റ്റ് ൪൫.

൪൩-ാം വകുപ്പിൻപ്രകാരം ഒരു അന്വേഷണമൊ ൪൪-ാം വകുപ്പിൻപ്രകാരം ഒരു പരിശോധനയൊ നടത്തിയിരിക്കെ കക്ഷികളുടെ വാദം കേൾക്കുന്നതിനു ഒരു സന്ദർഭം കൊടുത്തതിനുശേഷം ചിലവൊ അദ്ദേഹത്തിനു യുക്തമെന്നുതോന്നുന്ന ചിലവിന്റെ അംശമൊ സംഘത്തിന്റെ മേലും അന്വേഷണമൊ പരിശോധനയൊ നടത്തണമെന്നു ആവശ്യപ്പെടുന്ന അംഗങ്ങളുടെയൊ ഉത്തമർണ്ണന്മാരുടെയൊ മേലും ആ സംഘത്തിലെ ഉദ്യോഗസ്ഥന്മാരുടെയൊ മുമ്പു ഉദ്യോഗസ്ഥന്മാരായിരുന്നവരുടെയൊ മേലും നമ്മുടെ ഗവണ്മെന്റു ഉണ്ടാക്കാവുന്ന പ്രകാരമുള്ള ചട്ടങ്ങളനുസരിച്ചു രജിസ്ത്രാർ വീതപ്രകാരം ചുമത്താവുന്നതാണു.

അന്വേഷണത്തിന്റെയും പരിശോധനയുടെയും ചിലവു.

ആക്റ്റ് ൪൩.

൪൭-ാം വകുപ്പിൻപ്രകാരം ചിലവിലേക്കു തീരുമാനിക്കപ്പെട്ടിട്ടുള്ള ഏതൊരു തുകയും അതു കരക്കുടിശ്ശിക ആകുന്നാലെ തുകപോലെ ഈടാക്കാവുന്നതാണ്.

ചിലവു ഈടാക്കുക.

൩൪. സംഘം പിരിച്ചുവിടുക.

ആക്റ്റ് ൪൪.

പിരിച്ചുവിടുക.

(൧) ൪൩-ാം വകുപ്പിൻപ്രകാരമുള്ള ഒരന്വേഷണം നടത്തിയതിന്റെ ശേഷമോ, ൪൪-ാം വകുപ്പിൻപ്രകാരമുള്ള ഒരു പരിശോധന നടത്തിയതിന്റെശേഷമോ, രജിസ്റ്റർചെയ്യപ്പെട്ട ഒരു സംഘത്തിലെ നാലിൽ മൂന്നുഭാഗം അംഗങ്ങളുടെ കൂട്ടായ ഒരു അപേക്ഷ കിട്ടിയതിന്മേലൊ, ആ സംഘം പിരിച്ചുവിടേണ്ടതാണെന്നു രജിസ്ട്രാർക്കു അഭിപ്രായമുള്ള പക്ഷം രേഖാമൂലമായ ഉത്തരവിനാൽ അദ്ദേഹം ആ സംഘം രജിസ്റ്റർചെയ്തതു റദ്ദാക്കാവുന്നതാണ്. ആ ഉത്തരവിന്റെ ഒരു പ്രതി ഉടനെ സംഘത്തിന്നു അയച്ചുകൊടുക്കേണ്ടതാകുന്നു.

(൨) (൧)-ാം ഉപവകുപ്പിൻപ്രകാരമുള്ള ഉത്തരവിന്റെ തീയതിമുതൽ രണ്ടുമാസത്തിനകം ആ സംഘത്തിലെ ഏതൊരു അംഗത്തിന്നും ആ ഉത്തരവിന്മേൽ ഗവൺമെന്റിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു.

(൩) ഒരു സംഘം രജിസ്റ്റർചെയ്തതു റദ്ദാക്കുന്ന ഒരു ഉത്തരവു പുറപ്പെടുവിച്ചതു മുതൽ രണ്ടു മാസത്തിനകം അപ്പീൽ ബോധിപ്പിച്ചിട്ടില്ലെങ്കിൽ ആ ഉത്തരവു ആ കാലത്തിനുശേഷം ഊർജ്ജിതത്തിൽ വരുന്നതാണ്.

(൪) രണ്ടുമാസത്തിന്നുള്ളിൽ അപ്പീൽ ബോധിപ്പിച്ചിരുന്നാൽ ആ ഉത്തരവിനെ നമ്മുടെ ഗവൺമെന്റു സ്ഥിരപ്പെടുത്തുകയും അങ്ങനെ സ്ഥിരപ്പെടുത്തിയ വിവരം സംഘത്തെ അറിയിക്കുകയും ചെയ്യുന്നതുവരെ ആ ഉത്തരവു ഊർജ്ജിതത്തിൽ വരുന്നതല്ല.

ആക്റ്റ് ൪൯.

സംഘം രജിസ്റ്റർചെയ്യുന്നതു റദ്ദാക്കുക.

ഒരു സംഘം രജിസ്റ്റർചെയ്യുന്നതിനു ആവശ്യമായ ഒരു നിബന്ധന ആ സംഘത്തിൽ പ്രായപൂർത്തിവന്നിട്ടുള്ള പത്തംഗങ്ങളെങ്കിലും കുറഞ്ഞ പക്ഷം ഉണ്ടായിരിക്കണമെന്നായിരുന്നാൽ, അങ്ങനെയുള്ള അംഗങ്ങളുടെ എണ്ണം പത്തിൽ കുറവായിരിക്കുന്നു എന്നു രജിസ്ട്രാർക്കു ബോദ്ധ്യപ്പെടത്തക്കവണ്ണം എപ്പോഴെങ്കിലും തെളിയിക്കുന്ന പക്ഷം അദ്ദേഹം രേഖാമൂലമായ ഉത്തരവിനാൽ ആ സംഘം രജിസ്റ്റർ ചെയ്തിരിക്കുന്നതു റദ്ദാക്കാവുന്നതാണ്.

ആക്റ്റ് ൫൦.

രജിസ്റ്റർചെയ്യുന്നതു റദ്ദാക്കിയാലുള്ള ഫലം.

ഒരു സംഘം രജിസ്റ്റർ ചെയ്തിരിക്കുന്നതു് റദ്ദാക്കിയാൽ ആ സംഘം, (എ) ൪൮-ാംവകുപ്പിലെ വ്യവസ്ഥയനുസരിച്ചു റദ്ദാക്കിയ സംഗതിയിൽ റദ്ദാക്കിയുള്ള ഉത്തരവു നടപ്പിൽ വരുന്ന തീയതി മുതൽക്കും,

(ബി) ൪൯-ാം വകുപ്പിലെ വ്യവസ്ഥകളനുസരിച്ചു റദ്ദാക്കിയ സംഗതിയിൽ ഉത്തരവിന്റെ തീയതി മുതൽക്കും,

ഒരു ഏകാംഗസംയോഗമായിരിക്കുക എന്നതു നിന്നു പോകുന്നതാണ്.

ആക്റ്റ് ൫൧.

സംഘം അവസാനിപ്പിക്കുക

(൧) ൪൮-ാം വകുപ്പനുസരിച്ചോ ൪൯-ാം വകുപ്പനുസരിച്ചോ ഒരു സംഘം രജിസ്റ്റർ ചെയ്തിരിക്കുന്നതു റദ്ദാക്കിയാൽ ആ സംഘത്തിന്റെ ഇടപാടുതീർപ്പുകാരനായി ആരെ എങ്കിലും രജിസ്ട്രാർ നിയമിക്കാവുന്നതാണ്.

(൨) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്കുൾപ്പെട്ടു് സംഘത്തിന്റെ സ്വത്തുമുഴുവനും, (൧)-ാം ഉപവകുപ്പിൻപ്രകാരം ഒരു ഇടപാടുതീർപ്പുകാരനെ നിയമിച്ചാൽ അയാളിൽ സ്ഥിതിചെയ്യേണ്ടതും ആ സ്വത്തുക്കൾ വില്പന മൂലമൊ മററുപ്രകാരത്തിലൊ ഈടാക്കാൻ അയാൾക്കു് അധികാരമുണ്ടായിരിക്കുന്നതുമാകുന്നു.

(൩) ആ ഇടപാടു തീർപ്പുകാരനു, രജിസ്ട്രാരുടെ നിയന്ത്രണത്തിനുൾപ്പെട്ടു്,

(എ) തന്റെ ഉദ്യോഗപ്പേരിൽ സംഘത്തിനുവേണ്ടി വ്യവഹാരങ്ങൾ ബോധിപ്പിക്കാനും പ്രതിവാദം ചെയ്യാനും മററു നിയമാനുസൃത നടപടികൾ നടത്താനും,

(ബി) വാദസംഗതികളെ മദ്ധ്യസ്ഥന്മാരുടെ അഭിപ്രായത്തിനു വയ്ക്കാനും,

(സി) സംഘത്തിന്റെ സ്വത്തിലേക്കു ആ സംഘത്തിലെ അംഗങ്ങളൊ, മുമ്പ് അംഗങ്ങളായിരുന്നവരൊ മരിച്ച അംഗങ്ങളുടെ സ്വത്തുക്കളിൽനിന്നൊ, നിയുക്തരൊ, അവകാശികളൊ, നിയമാനസൃതമായ പ്രതിനിധികളൊ, ഏതെങ്കിലും ഉദ്യോഗസ്ഥന്മാരായിരുന്നവരൊ കൊടുക്കേണ്ടതൊ കൊടുക്കാൻ ബാക്കിയുള്ളതൊ ആയ വിഹിതം, അംഗങ്ങൾക്കു തിരിച്ചുകൊടുക്കേണ്ട കടങ്ങൾ ഉൾപ്പെടെ എത്രയെന്നു അപ്പോഴപ്പോൾ നിർണ്ണയിക്കാനും,

(ഡി) സംഘത്തിന്റെ മേലുള്ള എല്ലാ അവകാശങ്ങളെയുംപറ്റി അന്വേഷണം നടത്താനും ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കുൾപ്പെട്ടു അവകാശികളുടെ ഇടയിലുള്ള പ്രാഥമ്യം സംബന്ധിച്ച് പ്രശ്നങ്ങൾ തീരുമാനിക്കാനും,

(ഇ) (രജിസ്റ്റർചെയ്തു റദ്ദാക്കിയ തീയതിവരെയുള്ള പലിശയുൾപ്പെടെ) സംഘത്തിന്റെ മേലുള്ള അവകാശങ്ങളെല്ലാം അവയുടെ പ്രാഥമ്യാവകാശങ്ങളുടെ ക്രമത്തിൽ അപ്രകാരം സംഘത്തിന്റെ മുതൽ അനുവദിക്കുന്നതുപോലെ മുഴുവനുമൊ വീതപ്രകാരമൊ കൊടുത്തുതീർക്കാനും, അവകാശങ്ങൾ കൊടുത്തു തീർത്തതിനുശേഷം ബാക്കി വല്ലതുമുണ്ടെങ്കിൽ ആയതു താൻ നിശ്ചയിക്കുന്നതും എന്നാൽ യാതൊരു സംഗതിയിലും കരാർപ്രകാരമുള്ളതിൽ കവിയാൻ പാടില്ലാത്തതുമായ ഒരു നിരക്കനുസരിച്ചു, റദ്ദാക്കിയ തീയതി മുതൽക്കുള്ള പലിശ കൊടുക്കുന്നതിലേക്കു ഉപയോഗിക്കാനും,

(എഫ്) ഇടപെടുത്തീർക്കുന്നതിലുള്ള ചിലവുകൾ ഏതേതാളുകൾ ഏതേതു വീതപ്രകാരം വഹിക്കണമെന്നു തീരുമാനിക്കാനും,

(ജി) സംഘത്തിന്റെ കാര്യങ്ങൾ അവസാനിപ്പിക്കാൻവേണ്ടി ആ സംഘത്തിന്റെ മുതലുകൾ വസൂലാക്കി വിഭജിച്ചു കൊടുക്കുന്നതു സംബന്ധിച്ചു തനിക്കു ആവശ്യമെന്നു തോന്നുന്ന നിർദ്ദേശങ്ങൾ നല്കാനും,

(എച്ച്) സംഘത്തിന്റെ ഗുണപ്രദമാകുംവണ്ണം കാര്യങ്ങൾ അവസാനിപ്പിക്കാൻ ആവശ്യമായിരിക്കുന്നിടത്തോളം ആ സംഘത്തിന്റെ പ്രവൃത്തി നടത്താനും,

അധികാരമുണ്ടായിരിക്കുന്നതാണ്.

(ര) ഈ വകുപ്പനുസരിച്ചു നിശ്ചയിക്കപ്പെട്ട ലിക്വിഡേറററക്കു, ഈ വകുപ്പിലെ കാര്യങ്ങൾ നിവ്വഹിക്കുന്നതിനു വേണ്ട അധികാരങ്ങൾ ഉണ്ടായിരിക്കേണ്ടതു ആവശ്യമാകയാൽ, ൧൧൦൦-ാമാണ്ടത്തെ സിവിൽനടപടി നിയമപ്രകാരം ഒരു സിവിൽകോടതിയുടെ കാര്യത്തിൽ വ്യവസ്ഥചെയ്തിരിക്കുന്ന അതേമാര്ഗ്ഗങ്ങൾ അനുസരിച്ചും (കഴിയുന്നിടത്തോളം) അപ്രകാരവും സാക്ഷികളെ സമനയച്ചുവരുത്താനും സംഘത്തിൻെറ വകയൊ അതിൻെറ സൂക്ഷിപ്പിലുള്ളതൊ ആയ പുസ്തകങ്ങളും കണക്കുകളും പ്രമാണങ്ങളും ഉറപ്പുവകകളും രൊക്കമിരിപ്പുപണവും മററുസ്വത്തുക്കളും ഹാജരാക്കിക്കാനും ഈ ആക്ട്ൻ പ്രകാരം ഉണ്ടാക്കാവുന്ന ഏതെങ്കിലും ചട്ടങ്ങൾക്കുൾപ്പെട്ടു, അധികാരം ഉണ്ടായിരിക്കുന്നതാകുന്നു.

(ഠ) സംഘത്തിൻെറ കാര്യങ്ങൾ അവസാനിപ്പിച്ചാൽ രജിസ്ത്രാർ നിർദ്ദേശിക്കുന്നതുപോലെയുള്ള സ്ഥലത്തു ലിക്വിഡേററർ സംഘംവക റിക്കാർഡുകൾ നിക്ഷേപിക്കേണ്ടതാകുന്നു

(ഡ) ലിക്വിഡേറററുടെ ഏതെങ്കിലും ഉത്തരവുമൂലം സങ്കടം നേരിടുന്ന ഏതൊരാളിനും ആ ഉത്തരവു പുറപ്പെടുവിക്കുന്ന തിയതിമുതൽ രണ്ടു മാസത്തിനകം ആ ഉത്തരവിന്മേൽ രജിസ്ത്രാരുടെ മുമ്പാകെ നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിധം അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

ആക്ററു ൫൨.

ഈ ആക്ടിൽ വ്യക്തമായി വ്യവസ്ഥചെയ്തിരിക്കുന്നിടത്തൊളമല്ലാതെ

അവസാനിപ്പിക്കയൊ പിരിച്ചുവിടുകയൊ ചെയ്യുന്നകാര്യങ്ങൾ സംബന്ധിച്ചു വ്യവഹാരതടസ്സം

(എ) ഈ ആക്ട് അനുസരിച്ച് ഒരു സംഘം അവസാനിപ്പിക്കുന്നതിനേയൊ പിരിച്ചുവിടുന്നതിനേയൊ അതിൻെറ രജിസ്ത്രേഷൻ റദ്ദ്ചെയ്യുന്നതിനേയൊ മററ് ഏതെങ്കിലും കാര്യത്തെപ്പററിയോ യാതൊരു സിവിൽ കോടതിയും വിചാരണചെയ്യാൻ പാടില്ല.

(ബി) ലിക്വിഡേറററുടെ ഏതെങ്കിലും ഉത്തരവിനെ സംബന്ധിച്ചൊ, അതിന്മേലുള്ള അപ്പീൽ രജിസ്ത്രാർ പാസ്സാക്കിയ ഏതെങ്കിലും ഉത്തരവിനെ സംബന്ധിച്ചൊ, രജിസ്ത്രാരുടെ അനുമതിയോ രജിസ്ത്രാർ അപ്രകാരമുള്ള അനുമതി നിഷേധിക്കുന്ന പക്ഷം, പ്രാദേശിക വിചാരണാധികാരമുള്ള ഡിസ്ത്രിക്ട കോടതിയുടെ അനുമതിയൊ ഇല്ലാതേയും, കാര്യത്തിൻെറ അവസ്ഥപോലെ, രജിസ്ത്രാരൊ, ഡിസ്ത്രിക്ട് കോടതിയൊ ചുമത്താവുന്ന വ്യവസ്ഥകൾ എന്തെങ്കിലുമുണ്ടെങ്കിൽ അവയ്ക്കു വിധേയമല്ലാതേയും സംഘത്തിൻെറമേൽ യാതൊരു വ്യവഹാരമൊ മററു നിയമാനുസൃതമായ നടപടിയൊ സ്വീകാര്യമാവുകയോ നടത്തുകയൊ ചെയ്യാൻ പാടില്ലാത്തതാകുന്നു.

ആക്റ്റ് ൩൬.

ബാക്കി വരുന്ന സ്വത്തിന്റെ വിനിയോഗം.

റദ്ദ്ചെയ്ത ഒരു സംഘത്തിന്റെ അടച്ചതിന്റെ മൂലധനത്തിന്റെ ഓഹരി ഉൾപ്പെടെയുള്ള എല്ലാ ബാദ്ധ്യതകളും കൊടുത്തുതീർത്തശേഷം ബാക്കിവരുന്ന സ്വത്ത് അതിലെ അംഗങ്ങൾക്കായി വീതിച്ചുകൊടുക്കാതെ, സംഘത്തിന്റെ ഉപനിയമങ്ങളിൽ വിവരിച്ചിരിക്കുന്ന ഏതെങ്കിലും കാര്യത്തിനൊ കാര്യങ്ങൾക്കോ ആയി ചിലവാക്കേണ്ടതും, അങ്ങനെയുള്ള യാതൊരു കാര്യത്തേയുംപററി പറഞ്ഞിട്ടില്ലാതിരിക്കുമ്പോൾ സംഘത്തിന്റെ പൊതുയോഗത്തിൽവച്ചു തീരുമാനിക്കപ്പെടുന്നതും രജിസ്ട്രാർ അംഗീകരിക്കുന്നതും ആയ ഏതെങ്കിലും പൊതുജനോപയോഗപ്രദമായ കാര്യത്തിനൊ അല്ലെങ്കിൽ രജിസ്ട്രാർ അവരുമായി ആലോചിച്ചു ആ സ്വത്തുമുഴുവനമൊ അതിന്റെ ഏതെങ്കിലും ഭാഗമൊ താഴെപ്പറയുന്ന ഏതെങ്കിലും കാര്യത്തിനൊ ഏതെങ്കിലും കാര്യങ്ങൾക്കൊ, അതായതു്:—

(എ) പ്രാദേശികമൊ സാമുദായികമൊ ആയി പൊതുജനോപയോഗപ്രദമായ ഒരു കാര്യത്തിനു്;

(ബി) കൊല്ലവർഷം ൧൦൮൨-ാമാണ്ടത്തെ ധമ്മസ്ഥാപന ആക്ട് ൨-ാം വകുപ്പിൽ വിവരിച്ചിരിക്കുന്നതുപോലെയുള്ള ഒരു ധമ്മകാര്യത്തിന്;

(സി) തിരുവനന്തപുരത്തെ തിരുവിതാംകൂർസഹകരണ ഇൻസ്റ്റിററ്യൂട്ടിന്;

കൊടുക്കുകയൊ, അല്ലെങ്കിൽ അതേ നിബന്ധനകളോടുകൂടി ഒരു പുതിയസംഘം രജിസ്റ്റർ ചെയ്യുന്നതുവരെ സെൻട്രൽ കോ-ഓപ്പറേറീവ് ബാങ്കിൽ നിക്ഷേപിക്കയും അങ്ങനെ ഒരു പുതിയ സംഘം സ്ഥാപിക്കുമ്പോൾ രജിസ്ട്രാരുടെ സമ്മതത്തോടുകൂടി ആ ബാക്കിസ്വത്തു പുതിയസംഘത്തിന്റെ കരുതൽധനമായി കണക്കിൽ വരവുവയ്ക്കുയൊ ചെയ്യേണ്ടതുമാകുന്നു.

ചട്ടം ൪൮.

ലിക്വിഡേററി (ഇടപാടു തീർപ്പുകാരൻ) സ്വീകരിക്കേണ്ട നടപടി.

ആക്ടിലെ ൩൯-ാംവകുപ്പു (൧)-ാം ഉപവകുപ്പനുസരിച്ചു ഒരു ലിക്വിഡേററരെ നിയമിക്കുമ്പോൾ താഴെപ്പറയുന്ന നടപടി സ്വീകരിക്കേണ്ടതാണ്.

(എ) ലിക്വിഡേറററുടെ നിയമനം രജിസ്ട്രാർ ഗവൺമെൻറു ഗസററിൽ പ്രസിദ്ധം ചെയ്യേണ്ടതാണ്.

(ബി) സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്ന ഉത്തരവ് നടപ്പിലാകുന്ന ഉടൻ ലിക്വിഡേററർ രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെട്ട സംഘത്തിന്റെ മേലുള്ള എല്ലാ അവകാശങ്ങളും നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതിമുതൽ മൂന്നു മാസത്തിനകം അദ്ദേഹത്തിനു സമർപ്പിക്കണമെന്നു ആവശ്യപ്പെടുന്ന ഒരു നോട്ടീസ് യുക്തമെന്നു അദ്ദേഹം വിചാരിക്കാവുന്ന വിധത്തിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഒരു സംഘത്തിന്റെ അക്കൌണ്ടു ബുക്കുകളിൽ കൊള്ളിച്ചിട്ടുള്ള എല്ലാ ബാദ്ധ്യതകളും അപ്രകാരം ചെയ്തിട്ടുള്ളതുകൊണ്ടുതന്നെ ഈ ഖണ്ഡമനുസരിച്ചു അദ്ദേഹത്തിനു മുറപ്രകാരം സമർപ്പിച്ചിട്ടുള്ളതായി വിചാരിക്കേണ്ടതാണ്.

(സി) സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കിയതു നടപ്പിലാകുന്ന തീയതിയിൽ ഉള്ള സംഘത്തിന്റെ മുതലും കടവും തിട്ടപ്പെടുത്തിയതിനുശേഷം അതിലെ അംഗങ്ങളോ, പൂർവ്വാംഗങ്ങളോ, മരിച്ചുപോയ അംഗങ്ങളുടെ എസ്റ്റേററുകളോ, നോമിനികളോ, അവകാശികളോ നിയമാനുസൃതമായ പ്രതിനിധികളോ വല്ല ഉദ്യോഗസ്ഥന്മാരോ മുൻപു ഉദ്യോഗസ്ഥന്മാരായിരുന്നവരോ ആയ ഓരോരുത്തരും ആക്ടിലെ ൫൦-ാം വകുപ്പു ൩-ാം ഉപവകുപ്പു (ഇ) (എഫ്) എന്നീ ഖണ്ഡങ്ങളനുസരിച്ചു സംഘത്തിന്റെ മുതലിലേക്കു കൊടുക്കേണ്ട അംശമാനം നിർണ്ണയിക്കുന്നതിനു ഇടപാടു തീർപ്പുകാരൻ അടുത്തതായി ആരംഭിക്കേണ്ടതാണ്. എന്നാൽ ആവശ്യം ഉണ്ടാകുന്നപക്ഷം അപ്രകാരമുള്ള അംശമാനത്തെ സംബന്ധിച്ച് ഒരു ഉപ ഉത്തരവൊ ഉത്തരവുകളൊ അദ്ദേഹം ഉണ്ടാക്കാവുന്നതും അപ്രകാരമുള്ള ഉത്തരവുകൾ, അസൽ ഉത്തരവുകളുന്ന രീതിയിൽ നടപ്പാക്കത്തക്കവയുമാകുന്നു.

(ഡി) രജിസ്ട്രാർ നിർണ്ണയിക്കാവുന്ന ഫാറത്തിൽ സംഘത്തിന്റെ തീർപ്പിൽ വരുത്തിയിട്ടുള്ള പുരോഗതിയെ കാണിക്കുന്ന ഒരു ത്രൈമാസിക റിപ്പോർട്ടു ലിക്വിഡേററർ രജിസ്ട്രാർക്കു സമർപ്പിക്കേണ്ടതാണ്.

(ഇ) തനിക്കുവേണ്ടി പണം പിരിക്കുന്നതിനും സാധുവായ രസീതുകൾ നൽകുന്നതിനുമായി ലിക്വിഡേററർ പൊതുവേയുള്ളതൊ പ്രത്യേകമായൊ ആയ രേഖാമൂലമായ ഉത്തരവുകൾ മൂലം ഏതൊരാളേയും അധികാരപ്പെടുത്താവുന്നതാണ്.

(എഫ്) ഇടപാടുതീർപ്പുകാരന്റെ ചുമതലയിലുള്ള എല്ലാ പണവും ഗവണ്മെന്റ സേവിംഗ്സുബാങ്കിലൊ പണം കൊടുക്കുന്ന ഏർപ്പാടുള്ള ബാങ്കിലൊ രജിസ്ത്രാർ അംഗീകരിക്കാവുന്ന മററു വല്ല ബാങ്കിലൊ ആവശ്യംപോലെ നിക്ഷേപിക്കേണ്ടതും ലിക്വിഡേററുടെ ഉദ്യോഗപ്പേരിൽ ഇരിക്കേണ്ടതും ആകുന്നു.

(ജി) ലിക്വിഡേററക്കു പ്രതിഫലം വല്ലതും കൊടുക്കണമെങ്കിൽ, അതിന്റെ തുക രജിസ്ത്രാർ നിശ്ചയിക്കേണ്ടതാണ്. പ്രതിഫലം ഇടപാടുതീർപ്പിന്റെ ചെലവിൽ ഉൾപ്പെടുത്തേണ്ടതും അതു മറെറല്ലാ അവകാശങ്ങൾക്കും മുൻപായി സംഘത്തിലെ മുതലുകളിൽനിന്നു കൊടുക്കേണ്ടതും ആകുന്നു.

(എച്ച്) റദ്ദ് ചെയ്യപ്പെട്ട സംഘത്തിലെ അംഗങ്ങളുടെ യോഗങ്ങൾ അപ്പോഴപ്പോൾ വിളിച്ചുകൂട്ടുന്നതിനു ലിക്വിഡേററക്കു അധികാരമുണ്ടായിരിക്കുന്നതാണ്.

(ഐ) ഇടപാടുതീർപ്പിന്റെ അവസാനത്തിൽ റദ്ദ് ചെയ്യപ്പെട്ട സംഘത്തിലെ അംഗങ്ങളുടെ ഒരു പൊതുയോഗം വിളിച്ചുകൂട്ടേണ്ടതും അതിൽ ലിക്വിഡേററരൊ ഇതിലേയ്ക്കു പ്രത്യേകമൊ പൊതുവെയുള്ളതൊ ആയ രേഖാമൂലമുള്ള ഒരു ഉത്തരവിനാൽ അധികാരപ്പെടുത്തപ്പെട്ട വല്ലയാളൊ അദ്ദേഹത്തിന്റെ നടപടികളുടെ ഫലം ചുരുക്കത്തിൽ പ്രസ്താവിക്കുകയും കൂടുതലായുള്ള വല്ല പണവും വിനിയോഗിക്കേണ്ടതിനെ സംബന്ധിച്ചു ഒരു വോട്ടു എടുക്കുകയും ചെയ്യേണ്ടതാകുന്നു.

(ജെ) അവകാശികൾ എവിടെയെന്നു അറിയാത്തതു നിമിത്തമൊ മറേറതെങ്കിലും കാരണത്താലൊ ഏതെങ്കിലും കടം തീർക്കുന്നതിനു ലിക്വിഡേററക്കു സാധിക്കാത്തപക്ഷം അപ്രകാരം തീർക്കാത്ത കടത്തിന്റെ തുക പണം കൊടുക്കുന്ന ഏർപ്പാടുള്ള ഒരു ബാങ്കിൽ നിക്ഷേപിക്കാവുന്നതും സംബന്ധപ്പെട്ട ആളിന്റേയൊ ആളുകളുടേയൊ അവകാശങ്ങൾ തീർക്കുന്നതിനു ആയതു ലഭ്യമായിരിക്കേണ്ടതും ആകുന്നു.

(കെ) ഒരു ലിക്വിഡേററരെ ഏതു സമയത്തും രജിസ്ത്രാർക്കു നീക്കാവുന്നതും അങ്ങനെ നീക്കുമ്പോൾ അപ്രകാരമുള്ള സംഘങ്ങളെ സംബന്ധിച്ച എല്ലാ വസ്തുവും പ്രമാണങ്ങളും രജിസ്ത്രാർ നിർദ്ദേശിക്കാവുന്ന ആളിനെ ഏല്പിക്കുന്നതിനു അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാകുന്നു.

(എൽ) അവസാനമായി നിറുത്തൽചെയ്ത ഒരു സംഘത്തിലെ റിക്കാർഡുകളുടെ വിനിയോഗം—

രജിസ്ട്രേഷൻ റദ്ദുചെയ്തിട്ടുള്ളതും ലിക്വിഡേഷന്റെ അവസാന നടപടികൾ കഴിഞ്ഞതുമായ ഒരു സംഘത്തിലെ എല്ലാ പുസ്തകങ്ങളും റിക്കാർഡുകളും ലിക്വിഡേഷൻ പൂർത്തിയായതുമുതൽ മൂന്നു സംവത്സരം കഴിഞ്ഞതിനുശേഷം രജിസ്ട്രാർക്കു നശിപ്പിക്കാവുന്നതാണ്.

൯൭. കുററങ്ങളും ശിക്ഷകളും.

ആക്ററ് ൯൦.

കുററങ്ങൾ.

(എ) രജിസ്ട്രാക്കിയ ഒരു സംഘമൊ അതിലെ ഒരുദ്യോഗസ്ഥനൊ അംഗമൊ ഈ ആക്ററിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി മനഃപൂർവ്വം കള്ളവായ വിവരക്കണക്കുണ്ടാക്കുകയൊ കള്ളവായ വിവരം നൽകുകയൊ അല്ലെങ്കിൽ മനഃപൂർവ്വം സംഘത്തിന്റെ ഒരു പൊതുയോഗമൊ പ്രത്യേകപൊതുയോഗമൊ വിളിച്ചുകൂട്ടാൻ ഉപേക്ഷ കാണിക്കുകയൊ വിളിച്ചുകൂട്ടാതിരിക്കുകയൊ;

(ബി) ഈ ആക്ററിലെ വ്യവസ്ഥകൾപ്രകാരം കൊടുത്തിട്ടുള്ള ഏതെങ്കിലും സമൻസൊ, ഏതെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതോ, നിയമപ്രകാരമുള്ള രേഖാമൂലമായ ഉത്തരവൊ വല്ലവരാലും മനഃപൂർവ്വമായൊ ന്യായമായ യാതൊരു കാരണവും കൂടാതെ അനുസരിക്കാതിരിക്കയൊ, ഈ ആക്ററിലെ വ്യവസ്ഥകൾപ്രകാരം ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള ഒരാൾ നിയമപ്രകാരം ആവശ്യപ്പെടാവുന്ന വല്ല വിവരവും വല്ലവരാലും കൊടുക്കാതിരിക്കുകയൊ,

ചെയ്താൽ അതു ഈ ആക്ററുപ്രകാരം ഒരു കുററമായിരിക്കുന്നതാണ്.

ആക്ററ് ൯൧.

ഒ.ർ-ാംവകുപ്പിനു വിപരീതമായി വസ്തുക്കളെ കൈമാറിയാലുള്ള ശിക്ഷ.

ഒ.ർ-ാംവകുപ്പിൻപ്രകാരം സംഘത്തിനു മുൻഗണനാവകാശമുള്ള വല്ല വസ്തുവും ചതിവായി കൈമാറുകയൊ ആ അവകാശത്തിനു ഹാനികരമായ മററു വല്ലതും ചതിവായി പ്രവർത്തിക്കുകയൊ ചെയ്യുന്ന വല്ല അംഗമൊ മുമ്പ് അംഗമായിരുന്ന വല്ല ആളൊ മരിച്ചു ഒരംഗത്തിന്റെ ആൾപ്പേരൊ അവകാശിയൊ നിയമ

പ്രകാരമുള്ള പ്രതിനിധിയൊ ഇരുനൂറു രൂപയിൽ കവിയാതെയുള്ള പിഴശിക്ഷയ്ക്കു് അർഹനായിത്തീരുന്നതാണ്.

ആക്റ്റ് ൧൨൨.

(൧) രജിസ്റ്റാക്കിയ ഒരു സംഘമല്ലാതെ യാതൊരാളും 'സഹകരണ' എന്ന വാക്ക് ഒരു ഭാഗമായ വല്ല പേരിലൊ, സ്ഥാനപ്പേരിലൊ നമ്മുടെ ഗവണ്മെൻറിന്റെ അനുവാദം കൂടാതെ വല്ല വ്യാപാരവും നടത്തുകയൊ തൊഴിൽ നടത്തുകയൊ ചെയ്‌വാൻ പാടില്ലാത്തതാകുന്നു.

'സഹകരണം' എന്ന വാക്ക് ഉപയോഗിക്കുന്നതിന്റെ നിരോധനം.

എന്നാൽ ഈ വകുപ്പിൽ പറഞ്ഞ യാതൊന്നും (൧ാം വകുപ്പിൻ-ലെ ൧-ാം ആക്റ്റായ) പരസ്പരസഹായസംഘം ആക്റ്റ് നടപ്പിൽവരുന്ന ദിവസം വല്ല ആളും ഏതു പേരിലൊ സ്ഥാനപ്പേരിലൊ വ്യാപാരം ചെയ്കയൊ തൊഴിൽ നടത്തുകയൊ ചെയ്തിരുന്നുവൊ ആ പേരൊ സ്ഥാനപ്പേരൊ അയാളൊ അയാളുടെ പിൻതുടർച്ചാവകാശിയൊ ഉപയോഗിക്കുന്നതിനെ ബാധിക്കുന്നതല്ല.

(൨) ൧-ാം ഉപവകുപ്പിലെ നിബന്ധനകൾ ലംഘിക്കുന്ന ഏതൊരാളും അമ്പതു രൂപായോളം വരാവുന്ന പിഴശിക്ഷയ്ക്കും കുററം തുടർന്നുകൊണ്ടുപോകുന്ന സംഗതിയിൽ കുററസ്ഥാപനത്തിനുശേഷം അതു തുടർച്ചയായി ചെയ്തുവരുന്ന ഓരോ ദിവസത്തിനും അതിനുപുറമെ ൫ രൂപവരെ പിഴശിക്ഷയ്ക്കും അർഹനായിത്തീരുന്നതാണ്.

ആക്റ്റ് ൧൨൩.

ഈ ആക്റ്റുപ്രകാരമുള്ളതും വ്യക്തമായി യാതൊരു ശിക്ഷയും ഇതിൽ വ്യവസ്ഥചെയ്തിട്ടില്ലാത്തതുമായ ഒരു കുററം ചെയ്ത ഏതെങ്കിലും രജിസ്റ്റാക്കിയ സംഘമൊ അതിലെ വല്ല ഉദ്യോഗസ്ഥനൊ അംഗമൊ മററു വല്ല ആളൊ അമ്പതു രൂപയിൽ കവിയാത്ത പിഴശിക്ഷയ്ക്കു അർഹനായിത്തീരുന്നതാണ്.

ശിക്ഷ പ്രത്യേകിച്ച് വ്യവസ്ഥ ചെയ്തിട്ടില്ലാത്ത കുററങ്ങൾക്കുള്ള ശിക്ഷ.

ആക്റ്റ് ൧൨൪.

(൧) ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതിക്ക് താഴെയല്ലാത്തതുള്ള യാതൊരു കോടതിയും ഈ ആക്റ്റുപ്രകാരമുള്ള യാതൊരു കുററവും വിസ്തരിക്കാൻ പാടില്ലാത്തതാകുന്നു.

കുററവിസ്താരം.

(൨) ക്രിമിനൽ നടപടിനിയമത്തിന്റെ കാര്യങ്ങൾക്ക്, ഈ ആക്റ്റുപ്രകാരമുള്ള യാതൊരു കുററവും വിചാരണചെയ്യപ്പെടുക്കാൻ പാടില്ലാത്തതായി ഗണിക്കേണ്ടതാകുന്നു.

(൩) രജിസ്ത്രാരുടെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ഈ ആക്റ്റുപ്രകാരം യാതൊരന്യായവും കൊടുക്കാൻ പാടില്ലാത്തതാകുന്നു. സംബന്ധപ്പെട്ട കക്ഷിയുടെ വാദംകേൾക്കാൻ ഒരു സന്ദർഭം കൊടുക്കാതെ അപ്രകാരമുള്ള അനുമതി കൊടുക്കാൻ പാടില്ലാത്തതാകുന്നു.

൩൩. പലവക.

൬൪ ചട്ടങ്ങൾ. (൧) നമ്മുടെ ഗവൺമെന്റു തിരുവിതാംകൂറിലെയുള്ള മുഴുവനുമോ അതിന്റെ വല്ല ഭാഗത്തിനുമൊ ആയും രജിസ്റ്റാക്കിയ വല്ല സംഘത്തിന്നൊ അങ്ങനെയുള്ള വല്ലതരം സംഘങ്ങൾക്കൊ ആയും ഈ ആക്റ്റിന്റെ എല്ലാമൊ ഏതെങ്കിലുമൊ ഉദ്ദേശം നിർവഹിക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(൨) പ്രത്യേകമായും മേല്പറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്കു ബാധകമായി വരാതെയും പ്രസ്തുത ചട്ടങ്ങൾ:—

(എ) ൩-ാംവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി ഒരു അംഗത്തിനു് ഒരു സംഘത്തിന്റെ അസ്സൽ മുതലിൽ വച്ചുകൊണ്ടിരിക്കാവുന്ന ഏറാവും കൂടിയ അംശമൊ ഏററവും കൂടിയ ഓഹരി സംഖ്യയൊ നിർണ്ണയിക്കുകയും,

(ബി) ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിനു അപേക്ഷിക്കുന്നതിൽ ഉപയോഗിക്കേണ്ട ഫാറങ്ങളും, അനുസരിച്ചു നടക്കേണ്ട വ്യവസ്ഥകളും, ആ വക അപേക്ഷകളുടെ സംഗതിയിലുള്ള നടപടിയും നിർണ്ണയിക്കുകയും,

(സി) സംഘങ്ങൾ അവയുടെ ബാദ്ധ്യതയുടെ മാതിരി മാററുമ്പോൾ അനുസരിക്കേണ്ട നടപടി ൭-ാംവകുപ്പിലെ വ്യവസ്ഥകൾക്കുൾപ്പെട്ടു നിർണ്ണയിക്കുകയും,

(ഡി) ഒരു സംഘം ഉപനിയമങ്ങൾ ഉണ്ടാക്കാവുന്നതൊ ഉണ്ടാക്കേണ്ടതൊ ആയ സംഗതികളും ഉപനിയമങ്ങൾ നിർമ്മിക്കുകയും ഭേദപ്പെടുത്തുകയും, ദുർബലപ്പെടുത്തുകയും ചെയ്യുന്നതിൽ അനുസരിക്കേണ്ട

നടപടികളും, അങ്ങനെ നിർമ്മിക്കുകയൊ ഭേദപ്പെടുത്തുകയൊ ദുർബ്ബലപ്പെടുത്തുകയൊ ചെയ്യുന്നതിനു മുമ്പെ അനുസരിക്കേണ്ട വ്യവസ്ഥകളും നിർണ്ണയിക്കുകയും,

(ഇ) അംഗങ്ങളായി ചേക്കാൻ അപേക്ഷിക്കുന്നവരെ അംഗങ്ങളായി ചേക്കപ്പെട്ടവരൊ ആയ ആളുകൾ അനുസരിച്ചു നടക്കേണ്ട വ്യവസ്ഥകൾ നിർണ്ണയിക്കുകയും, അംഗങ്ങളുടെ തെരഞ്ഞെടുപ്പിനും പ്രവേശനത്തിനും മെമ്പർ സ്ഥാനത്തിനുള്ള അവകാശം വിനിയോഗിക്കുന്നതിനു മുമ്പായി അയക്കേണ്ട സംഖ്യയും സമ്പാദിക്കേണ്ട താല്പര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുകയും,

(എഫ്) ഓഹരികളായൊ കടപ്പത്രങ്ങളായൊ വേറെ പ്രകാരത്തിലൊ ഫണ്ടു ശേഖരിക്കാവുന്ന വിധം ക്രമപ്പെടുത്തുകയും,

(ജി) അംഗങ്ങളുടെ പൊതുയോഗങ്ങൾക്കും അപ്രകാരമുള്ള യോഗങ്ങളിലെ നടപടികൾക്കും അപ്രകാരമുള്ള യോഗങ്ങൾ നടത്തേണ്ട അധികാരങ്ങൾക്കും വ്യവസ്ഥ ചെയ്യുകയും,

(എച്ച്) കമ്മിററിയിലെ അംഗങ്ങളേയും ഉദ്യോഗസ്ഥന്മാരേയും നിയമിക്കുന്നതിനും, താൽക്കാലികമായി നീക്കുന്നതിനും പിരിച്ചുവിടുന്നതിനും കമ്മിററിയോഗം കൂടുന്നതിനുമുള്ള നടപടികൾക്കും കമ്മിററിയും മററുദ്യോഗസ്ഥന്മാരും നടത്തേണ്ട അധികാരത്തിനും അനുഷ്ഠിക്കേണ്ട കൃത്യങ്ങൾക്കും വ്യവസ്ഥ ചെയ്യുകയും,

(ഐ) ഏതെങ്കിലും സംഘത്തിലെ വീഴ്ചവരുത്തിയ ഒരംഗത്തെ ഒരു സംഘത്തിന്റെ കമ്മററിയിലൊ മററതെങ്കിലും സംഘത്തിന്റെ കമ്മററിയിലൊ നിയമിക്കുന്നതിൽനിന്നു ആ സംഘത്തിൽ അയാൾക്കുള്ള സാമാജികത്വാവകാശങ്ങൾ വിനിയോഗിക്കുന്നതിനോ അതുപോലെ വേറൊരു സംഘത്തിൽ പ്രതിനിധീകരിച്ചു വോട്ടുചെയ്യുന്നതിനൊ അയാളെ അനുവദിക്കുന്നതിൽനിന്നും ഒരു സംഘത്തെ നിരോധിക്കുകയും,

(ജെ) ഒരു സംഘം വയ്ക്കേണ്ട കണക്കുകളും, പുസ്തകങ്ങളും, നിർണ്ണയിക്കുകയും, അപ്രകാരമുള്ള കണക്കു പരിശോധിക്കുന്നതിനു, അപ്രകാരമുള്ള പരിശോധനയ്ക്കു വല്ല ചെലവും ചെയ്യണമെങ്കിൽ അതിനും ഒരു സംഘത്തിന്റെ സ്വത്തുക്കളും ബാദ്ധ്യതകളും കണക്കാക്കുന്ന ഒരു ബാക്കിപത്രം അതതുകാലികമായി പ്രസിദ്ധപ്പെടുത്തുന്നതിനും വ്യവസ്ഥചെയ്യുകയും,

(കെ) രജിസ്ട്രാക്ക് ഒരു സംഘം സമർപ്പിക്കേണ്ട വിവരക്കണക്കുകൾ നിർണ്ണയിക്കുകയും ആ കണക്കുകൾ ആരു് ഏതു മാതിരിയിൽ സമർപ്പിക്കണമെന്നുള്ളതിനും അങ്ങനെ വല്ല കണക്കുകളും അയക്കാൻ വീഴ്ചവരുത്തുന്നപക്ഷം അതു തയ്യാറാക്കാനുള്ള ചെലവുകൾ ചുമത്തുന്നതിനും വ്യവസ്ഥചെയ്യുകയും,

(എൽ) സംഘംവക പുസ്തകങ്ങളിൽ ചേർത്തിരിക്കുന്ന കുറിപ്പുകളുടെ പകർപ്പുകൾ ആരു് ഏതു മാതിരിയിൽ സാക്ഷിപ്പെടുത്തുമെന്നുള്ളതിനും അപ്രകാരമുള്ള പകർപ്പുകൾ കൊടുക്കുന്നതിനു ചുമത്തേണ്ട ചെലവുകൾക്കും വ്യവസ്ഥചെയ്യുകയും,

(എം) അംഗങ്ങളുടെ ഒരു രജിസ്റ്ററും അംഗങ്ങളുടെ ബാദ്ധ്യത ഓഹരികൾകൊണ്ടു ക്ലിപ്തപ്പെടുത്തുന്ന സംഗതിയിൽ ഓഹരികളുടെ ഒരു രജിസ്റ്ററും തയ്യാറാക്കി സൂക്ഷിക്കുന്നതിനു വ്യവസ്ഥ ചെയ്യുകയും,

(എൻ) (i) തർക്കങ്ങൾ തീർക്കുവാനായി ഒരു മദ്ധ്യസ്ഥനേയോ, മദ്ധ്യസ്ഥന്മാരേയൊ നിയമിക്കുന്നതിന്,

(ii) പ്രായപൂർത്തിവന്നിട്ടില്ലാത്ത ഒരാളെ, ചിത്തഭ്രമമൊ മാനസികദൌർബല്യമോ ഹേതുവായി തന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയാത്തവനെ ആയ ഒരു തർക്കത്തിലെ കക്ഷിക്ക് ഒരു രക്ഷിതാവിനെ നിയമിക്കുന്നതുൾപ്പെടെ തർക്കങ്ങൾ തീരുമാനിക്കുന്ന രജിസ്ട്രാരുടേയൊ, മദ്ധ്യസ്ഥന്റേയോ മദ്ധ്യസ്ഥന്മാരുടെയോ, മററാളുകളുടെയോ, മുമ്പിൽ നടപടികൾ നടക്കുമ്പോൾ അനുസരിക്കേണ്ട നടപടിക്രമത്തിനും,

(iii) അപ്രകാരമുള്ള നടപടികളെ സംബന്ധിച്ചു ഉണ്ടാകാവുന്ന ചെലവു ചുമത്തുന്നതിനും,

(iv) അപ്രകാരമുള്ള നടപടികളിലെ തീർപ്പുകളെ വിധികളെ ഊർജ്ജിതത്തിൽ വരുത്തുന്നതിനും, വ്യവസ്ഥ ചെയ്യുകയും,

(ഒ) അംഗങ്ങൾ പിരിഞ്ഞുപോകുന്നതിനും, അവരെ തള്ളുന്നതിനും, പിരിഞ്ഞുപോവുകയോ, തള്ളപ്പെടുകയൊ ചെയ്യുന്ന അംഗങ്ങൾ എന്തെങ്കിലും കൊടുക്കാനുണ്ടെങ്കിൽ അതിനും, മുമ്പ് അംഗങ്ങളായിരുന്നവരുടേയൊ മരിച്ചുപോയ അംഗങ്ങളുടെ വകത്തിന്റെയോ ബാദ്ധ്യതകൾക്കും വ്യവസ്ഥചെയ്യുകയും,

(പി) സംഘങ്ങൾ ഏതേതു നിരോധനങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി അംഗങ്ങളല്ലാത്ത ആളുകളോടു വ്യാപാരം ചെയ്യാമെന്നു നിർണ്ണയിക്കുകയും,

(ക്യൂ) മരിച്ചുപോയ ഒരംഗത്തിൻെറ അവകാശവില നിശ്ചയിക്കേണ്ട വിധത്തിനും ആ അവകാശം ആൎക്കാണോ കൊടുക്കുകയൊ കൈമാററം ചെയ്യുകയോ ചെയ്യേണ്ടതു ആ ആളിൻെറ നിയമനത്തിനു വ്യവസ്ഥചെയ്യുകയും,

(ആർ) കടംവായ്പയ്ക്കു അപേക്ഷിക്കുന്ന അംഗങ്ങൾ കൊടുക്കേണ്ട സാദ്ധ്യകളും അതനുസരിച്ചു നടക്കേണ്ട വ്യവസ്ഥകളും, ഒരു ഒററ അംഗത്തിനു കടംവായ്പ കൊടുക്കാവുന്ന കാലാവധിയും വായ്പ കൊടുക്കാവുന്ന സംഖ്യയും നിർണ്ണയിക്കുകയും,

(എസ്) കരുതൽധനം സമ്പാദിച്ചു സംരക്ഷിക്കുന്നതിനും ആ ധനം ഏതേതു കാൎയ്യങ്ങൾക്കു ഉപയോഗപ്പെടുത്താമെന്നതിനും ഒരു സംഘത്തിൻെറ നിയന്ത്രണത്തിലുള്ള വല്ല മുതലും ആദായത്തിനു മുടക്കുന്നതിനും വ്യവസ്ഥചെയ്യുകയും,

(ററി) ഒരു സംഘം അതിലെ അംഗങ്ങളുടെ സംഖ്യ എത്രത്തോളം കൺപ്പെടുത്താമെന്നു നിർണ്ണയിക്കുകയും,

(യു) കൺപ്പരഹിതമായ ബാദ്ധ്യതയോടുകൂടിയ ഒരു സംഘത്തിലെ അംഗങ്ങൾക്കു ഏതു വ്യവസ്ഥകളിന്മേൽ ലാഭങ്ങൾ വിഭജിച്ചു കൊടുക്കാമെന്നും സംഘങ്ങൾ കൊടുക്കാവുന്ന ആദായവീതത്തിന്റെ ഏററവും കൂടിയ നിരക്ക് ഇന്നതെന്നും നിർണ്ണയിക്കുകയും,

(വി) ഈ ആക്ടിൻപ്രകാരം നിയമിച്ച ഒരു ലിക്വിഡേറ്റർ അനുകരിക്കേണ്ട നടപടിക്രമം നിർണ്ണയിക്കുകയും, സംഘത്തിൻെറ ബാക്കിവന്ന മുതൽ വല്ലതുമുണ്ടെങ്കിൽ അതിൻെറ വിനിയോഗത്തിനും വ്യവസ്ഥചെയ്യുകയും,

(ഡബ്ളിയു) രജിസ്ട്രാരുടെ ഉത്തരവുകളിന്മേൽ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതു ഇന്ന സംഗതികളിലെന്നു നിശ്ചയിക്കുകയും ഈ ആക്ടുപ്രകാരമുള്ള അപ്പീലുകൾ ബോധിപ്പിക്കുകയും അവ തീരുമാനിക്കുകയും ചെയ്യുന്നതിൽ അനുസരിക്കേണ്ട നടപടി നിർണ്ണയിക്കുകയും,

(എക്സ്) നമ്മുടെ ഗവൎമ്മെൻറു ഏതു കാലത്തേയ്ക്കും ഏതു വ്യവസ്ഥകളനുസരിച്ചും സംഘങ്ങൾക്കു സഹായം നൽകാമെന്നു

സംഘങ്ങൾ പുറപ്പെടുവിക്കാവുന്ന ഡിബഞ്ചർ കടപ്പത്രങ്ങളിന്മേൽ പലിശ കൊടുക്കുന്നതിന എന്തു വ്യവസ്ഥകളനുസരിച്ചു ഗവണ്മെൻറു ഉറപ്പുനൽകാമെന്നും നിർണ്ണയിക്കുകയും,

(വൈ) ഈ ആക്റ്റുപ്രകാരം ജപ്തിചെയ്ത വസ്തുവിൻെറ സൂക്ഷിപ്പിന വ്യവസ്ഥചെയ്യുകയും,

(ഇസഡ്) പ്രോസസ് ഉത്തരവുകൾ പുറപ്പെടുവിക്കുകയും നടത്തുകയും ചെയ്യുന്നതിനും നടത്തിയതിന തെളിവു കാണിക്കുന്നതിനും വ്യവസ്ഥചെയ്യുകയും,

(എഎ) രജിസ്ത്രാരുടെ ആഫീസിലെ പ്രമാണങ്ങൾ പരിശോധിക്കുന്നതിനും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൊടുക്കുന്നതിന ഫീസ് ചുമത്തുന്നതിനും വ്യവസ്ഥചെയ്യുകയും,

(ബിബി) രജിസ്ത്രാരൊ അദ്ദേഹം അധികാരപ്പെടുത്തുന്ന ഒരുദ്യോഗസ്ഥനൊ നടത്തിയിട്ടുള്ള ഏതെങ്കിലും ജപ്തിക്കെതിരായി പുറപ്പെടുവിക്കാവുന്ന അവകാശങ്ങളെയോ ആക്ഷേപങ്ങളെയോ പററി അന്വേഷിക്കുന്നതിന വ്യവസ്ഥചെയ്യുകയും,

(സിസി) ൫൫-ാംവകുപ്പിൻ പ്രകാരമുള്ള സംഗതികളിൽ നമ്മുടെ ഗവണ്മെൻറിനെതിരായി വിധികിട്ടിയിട്ടുള്ള ചെലവുകൾ വസൂലാക്കുന്നതിന വ്യവസ്ഥചെയ്യുകയും,

(ഡിഡി) ൫൫-ാംവകുപ്പിൻപ്രകാരം വസ്തു ജപ്തി ചെയ്തു വില്ക്കുന്നതിനുള്ള നടപടി നിർണ്ണയിക്കുകയും,

(ഇഇ) ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടണമെന്ന ഈ ആക്റ്റുപ്രകാരം വ്യക്തമായി ആവശ്യപ്പെടുകയൊ നിർണ്ണയിക്കപ്പെടാമെന്ന് അനുവദിക്കുകയൊ ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങൾക്കും വ്യവസ്ഥപ്പെടുത്തുകയും,

ചെയ്യാവുന്നതാണ്.

(൩) ഈ വകുപ്പുമൂലം ചട്ടങ്ങൾ നിർമ്മിക്കുവാൻ നൽകപ്പെട്ടിട്ടുള്ള അധികാരം അവ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയതിനുശേഷം നിർമ്മിക്കണമെന്നുള്ള വ്യവസ്ഥയ്ക്കു വിധേയമാകുന്നു.

(൪) ഈ വകുപ്പിൻപ്രകാരം നിർണ്ണയിച്ചിട്ടുള്ള സകല ചട്ടങ്ങളും നമ്മുടെ ഗവണ്മെൻറു ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അങ്ങനെ പ്രസിദ്ധപ്പെടുത്തിയാൽ അവ ഈ ആക്റ്റിൽ നിയമപ്പെടുത്തിയിരുന്നാൽ എന്നപോലെ പ്രാബല്യത്തിൽ വരുന്നതുമാകുന്നു.

സർക്കുലർ ൩൦.

ഡഫമിംഗ്വേ സായിപ്പ് അവർകൾ എഴുതിയിട്ടുള്ള "ഗ്രാമപരസ്പരസഹായസംഗ്രഹം" എന്ന പുസ്തകത്തിന്റെ ഇംഗ്ലീഷ്, മലയാളപ്രതികൾ ൪ അണ വിലയ്ക്കു മദ്രാസ് ഗവൺമെന്റു പ്രസിദ്ധീകരണങ്ങളുടെ ഏജന്റന്മാരിൽനിന്നും വാങ്ങാവുന്നതാണെന്നും, എല്ലാ സംഘങ്ങൾക്കും ഈ സംഗ്രഹം വളരെ ഉപയോഗമുള്ളതായിരിക്കുമെന്നും ആവശ്യമുള്ളവർ രണ്ടാഴ്ചയ്ക്കകം രജിസ്ട്രാർ അവർകളെ അറിയിച്ചാൽ വേണ്ടിടത്തോളം പ്രതികൾ വരുത്തുന്നതിനു ഏർപ്പാടു ചെയ്യാമെന്നും അറിയിക്കുന്നു. (സാരംമാത്രം)

സർക്കുലർ ൪൧൩.

സഹകരണമാനുവൽ തയ്യാറാക്കുന്നതിനും പരസ്പരസഹായസംഘങ്ങൾ ഉപയോഗിച്ചുവരുന്ന രജിസ്റ്ററുകൾ, ഫാറങ്ങൾ, ബൈലാകൾ മുതലായവ മാതൃകാപരമായി ക്രമീകരിക്കുന്നതിനും ആയി നിയമിച്ചിരിക്കുന്ന സ്പെഷ്യൽ ആഫീസർ ജോലിയിൽ പ്രവേശിച്ചിരിക്കുന്നു. ഈ പ്രത്യേക ജോലിക്ക് അനുവദിച്ചിരിക്കുന്ന കാലാവധി ഏറ്റവും പരിമിതമാകയാൽ സംഘങ്ങൾ സ്പെഷ്യൽ ആഫീസരുടെ ആഫീസിൽനിന്നുമുള്ള എഴുത്തുകുത്തുകൾക്ക് ഉടനുടൻ മറുപടി അയച്ചുകൊടുത്ത് സഹകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

സർക്കുലർ ൪൧൨.

പരസ്പരസഹായസംഘങ്ങളുടെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ളതും നിലവിലിരിക്കുന്ന വ്യാഖ്യാനങ്ങളാൽ നിവാരണം സിദ്ധിക്കുന്നില്ലാത്തതും ഇപ്പോൾ തയാറാക്കപ്പെടുന്ന മാനുവലിൽ ഉൾപ്പെടുത്തുന്നതിനു യുക്തമെന്നു സഹകാരികൾക്ക് അഭിപ്രായമുള്ളതും ആയ പ്രശ്നങ്ങൾ രണ്ടാഴ്ചയ്ക്കകം "സ്പെഷ്യൽ ആഫീസർ, കോ-ആപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റു തിരുവനന്തപുരം" എന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കണമെന്ന് താല്പര്യപ്പെടുന്നു.

സർക്കുലർ ൨൧൪.

സഹകരണസംഘം രജിസ്ട്രാർ ഉന്നയിച്ച ചില ചിന്താവിഷയങ്ങളും സഹകരണപരമായ അടിസ്ഥാനത്തിന്മേൽ ചില യുദ്ധാനന്തരപുനസ്സംവിധാനപദ്ധതികളും ഗവൺമെന്റിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്നു. ഇവയിൽ മിക്കതും ഗവൺമെന്റിന്റെ ആലോചനയിൽ പല ഘട്ടങ്ങളിൽ ആയിരിക്കുന്നുണ്ട്. എന്നാൽ ഗവൺമെന്റ് വളരെ

പ്രാധാന്യമേറിയ ചില കാര്യങ്ങളിൽ ദയാപൂർവ്വം അഭിപ്രായം പ്രകടിപ്പിക്കുകയും ചിലതിൽ അവസാനതീരുമാനം നൽകുകയും ചെയ്തിട്ടുണ്ട്. വികസനവും അഭിവൃദ്ധിയും ഉദ്ദേശിച്ചിട്ടുള്ള ഈ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ഒരു പരിജ്ഞാനം ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർക്കും, ഇൻസ്റ്റിറ്റ്യൂട്ടിനും, പരിശോധക ഐക്യസംഘങ്ങൾക്കും താലൂക്കു ബാങ്കുകൾക്കും പ്രാഥമിക സംഘങ്ങൾക്കും പ്രയോജനകരമായിരിക്കുമെന്നുള്ളതിനാൽ അവയെ താഴെ വിവരിക്കുന്നു:—

(ഛ) പ്രാഥമിക സംഘങ്ങൾക്ക് വേതനമുള്ള സെക്രട്ടറിമാർ.

കഴിവുള്ള സംഘങ്ങൾ മുഴുവൻ സമയവും ജോലിയും വേതനവുമുള്ള സെക്രട്ടറിമാരെ നിയമിക്കുന്ന രീതി പരീക്ഷിച്ചുനോക്കാവുന്നതാണെന്നു ഗവണ്മെൻറു സമ്മതിച്ചിട്ടുണ്ട്. പക്ഷെ ഇതിലേയ്ക്കു വേണ്ടി വരാവുന്ന ചിലവിൻെറ ഒരംശം ഗവണ്മെൻറു വഹിക്കണമെന്നുള്ള അഭിപ്രായം സ്വീകരിച്ചിട്ടില്ല. സമീപസ്ഥങ്ങളായ രണ്ടു മൂന്നു സംഘങ്ങൾ യോജിച്ചു ഇങ്ങനെ ഒരു ആളെ നിയമിച്ചു ജോലി ചെയ്യിക്കുന്നതിനുള്ള സാദ്ധ്യതകളെ പരിശോധിച്ചുനോക്കാവുന്നതാണ്. ഈ ആശയം നടപ്പിൽ വരുത്തുവാൻ കഴിവും ഉദ്ദേശവുമുള്ളിടത്തു ബൈലാകളിൽ വേണ്ട മാററങ്ങൾ നിർദ്ദേശിക്കാവുന്നതാണ്.

(ജ) സഹകരണസംഘങ്ങൾക്ക് ആഫീസ് കെട്ടിടങ്ങൾ.

സ്വന്തം വാസസ്ഥാനങ്ങൾ ഉണ്ടാകുന്നതുകൊണ്ട് സംഘങ്ങൾക്ക് വിശേഷിച്ചും സ്റ്റോറുകളും മററു ധനേതരപ്രവർത്തനങ്ങളും ഉള്ള സംഘങ്ങൾക്ക് വരുന്ന നേട്ടങ്ങളും സ്വന്തം ആഫീസുകൾ ഉണ്ടാകുമ്പോൾ വരുന്ന അന്തസ്സും പൊതുജന സമ്മാന്യതയും ഗവണ്മെൻറിന് ബോദ്ധ്യപ്പെട്ടതിൻെറ ഫലമായി, ഗവണ്മെൻറുവക സ്ഥലങ്ങൾ ഉള്ളിടത്തു ഈ ഉദ്ദേശത്തിനു കുത്തകപ്പാട്ടമായി സംഘങ്ങൾക്ക് കൊടുക്കാമെന്നും അങ്ങനെ സ്ഥലം ഇല്ലാത്തിടത്തു സംഘങ്ങൾ വിലകൊടുത്താൽ പൊന്നുംവിലനിയമപ്രകാരം സ്ഥലം എടുത്തുകൊടുക്കുവാൻ തയാറാണെന്നും ഗവണ്മെൻറിൽനിന്നും ദയാപുരസ്സരം ഉത്തരവുണ്ടായിട്ടുണ്ട്. ആവശ്യമുള്ള കെട്ടിടം സംഘംതന്നെ ഉണ്ടാക്കേണ്ടതാണ്. സ്ഥലത്തിനോ കെട്ടിടത്തിനോ ഗവണ്മെൻറു യാതൊരു ധനസഹായവും ചെയ്യുന്നതല്ല. സ്വന്തം സ്ഥലവും ആഫീസുമുള്ള ഒരു സംഘം പ്രവർത്തനം ചെയ്യുമ്പോൾ തൻമൂലം ഉണ്ടാകുന്ന മാനസിക സംതൃപ്തിക്കും സ്ഥിതിക്കും ഉണ്ടാകുന്ന ശക്തി അപ്രമേയ

മാകുന്നു. കെട്ടിടഫണ്ടുകൾ സ്വരൂപിച്ചിട്ടുള്ള സംഘങ്ങൾ സൌകര്യമുള്ള സ്ഥലത്തു പുറമ്പോക്കു ഭൂമികൾ എടുക്കുന്നതിനും വെറുതെ ഏതാനും സെൻറു സംഭാവന ചെയ്യാൻ ഉദാരന്മാരായ സംഘാംഗങ്ങൾ ഉണ്ടാകാത്തപക്ഷം സംഘങ്ങൾ സ്ഥലം പൊന്നുംവിലയ്ക്കെടുത്തു എടുപ്പിച്ചു വാങ്ങുവാൻ ശ്രമിക്കുന്നതിനും, ഒട്ടുംതന്നെ കാലതാമസം കൂടാതെ ശ്രമിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിർബന്ധിതമായ ഒഴിപ്പിക്കൽ നിരാക്ഷേപമായിരിക്കണമെന്നുള്ളതു പ്രത്യേകം നിഷ്കർഷിക്കേണ്ടതാകുന്നു. ഇപ്രകാരമുള്ള പ്രമേയങ്ങൾ പൊതുയോഗത്തിൽനിന്നും പ്രാരംഭിച്ച് ഇൻസ്പെക്ടർ അസിസ്റ്റൻറു രജിസ്ട്രാർ ഇവർ മുഖാന്തിരം അയക്കേണ്ടതാണ്. ഇവർ സംഘത്തിൻെറ സാമ്പത്തിക സാദ്ധ്യതകളെ പരിഗണിച്ച് വേണ്ടപോലെ ശുപാർശ ചെയ്യുന്നതാണ്. സ്ഥലത്തിൻെറ വിശദവിവരങ്ങളും സർവ്വേ നമ്പർ മുതലായവയും, സ്കെച്ചും സംഘങ്ങൾ അയച്ചിരിക്കേണ്ടതാണ്.

(ന) പണ്ടകശാലകൾ.

പണ്ടകശാലകൾ നിർമ്മിക്കുന്നതിനു ഉദ്ദേശിക്കുന്ന സംഘങ്ങൾക്കു ഗവർമെൻറിൽനിന്നും ഗ്രാൻറു കൊടുക്കേണ്ടതാണെന്നു ശുപാർശ ചെയ്യുകയുണ്ടായി, ഇതിലേക്ക് ൩൩⅓ ശതമാനംവരെ ധനസഹായം ചെയ്യാമെന്നും ഈ നിർദ്ദേശം പ്രയോജനകരമാണെന്നും ഗവൺമെൻറു വിചാരിക്കുന്നുണ്ട്. അത്ര വിദൂരമല്ലാത്ത ഭാവിയിൽ കാർഷികസംഘങ്ങൾ അഭിവൃദ്ധിപ്പെട്ട് ഗ്രാമങ്ങൾക്കു വിപണനസൌകര്യങ്ങൾ ഉണ്ടാക്കുന്ന സംഘങ്ങളായി, ക്രമേണ ഉൽപ്പന്നങ്ങൾ, വളങ്ങൾ, കാർഷികോപകരണങ്ങൾ ഇവ വച്ചുസൂക്ഷിക്കേണ്ടതായി വന്നേക്കും. ഗവൺമെൻറിൻെറ ദാക്ഷിണ്യത്തിന്മേലും ചിലവിൻെറ മൂന്നിലൊന്നു എന്ന തോതിലുള്ള ധനസഹായത്തിൻെറയും ഗുണങ്ങൾ അനുഭവിക്കാൻ തക്കവണ്ണം ഈ ശാഖകൾ നിർമ്മിക്കുന്ന കാര്യത്തിൽ നടപടികൾ എടുക്കേണ്ടതാകുന്നു.

(പ) താലൂക്കുബാങ്കുകൾ

സഹകരണപ്ലാനിംഗ് അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ടിന്മേൽ ൧൯൫൧ ഒക്ടോബർ ൨൪-ാം-ം ആർ. ഡി. സി. നമ്പർ ൭൦൨/൫൨, ഡെവലപ്പ്മെൻറ് എന്ന ഗവൺമെൻറു ഉത്തരവുണ്ടായതിൽ, പ്രസ്ഥാനത്തിൻെറ പുനഃരുദ്ധാരണത്തേയും ധനസഹായബാങ്കുകളുടെ പുനസ്സംഘടനയേയും ഉദ്ദേശിച്ച പ്രാഥമിക സംഘങ്ങൾക്കുള്ള ധനസഹായം തിരുവിതാംകൂർ സെൻട്രൽ കോവാപ്പറേറ്റീവ് ബാങ്കുതന്നെ

നിർവഹിക്കണമെന്നാണ് ഗവണ്മെൻറു പ്രസ്താവിച്ചത്. ധനസഹായപരമായി താലൂക്കു ബാംകുകൾ എന്ന പേരിൽ അനവധി സ്ഥാപനങ്ങൾ ആവശ്യമില്ലാത്തതും, ആദ്യമായി പ്രാഥമികസംഘങ്ങൾ അവയുടെ ധനവും ജ്ഞാനവും ഉൾപ്പെടെ സെൻട്രൽ ബാങ്കിൻെറ അധീനതയിലാക്കാവുന്നതാണെന്നും അതിനുശേഷം താലൂക്കുബാംകുകളുടെ വസ്തുജാമ്യത്തിൽ നിർത്തിയിട്ടുള്ള ദീർഘകാലവായ്പകളെ തിരുവിതാംകൂർ ക്രെഡിററുബാങ്കിനു വിട്ടുകൊടുത്തിട്ടു താലൂക്കബാംകുകൾതന്നെ നിറുത്താവുന്നതാണെന്നും'' അന്നു അഭിപ്രായപ്പെട്ടു. അതിനുശേഷം ഡിപ്പാർട്ടുമെൻറിൻെറ പ്രേരണകൊണ്ടു ൧൧൨൨ ജനുവരി ൧൯-ാംനു- ആർ. ഒ. സി. ൫ വെ/ർമ, ഡെവലപ്പുമെൻറു ആയി ഉണ്ടായ ഉത്തരവനുസരിച്ചു ഭക്ഷ്യധാന്യങ്ങൾ, നൂൽ, സ്റ്റാൻഡാർഡ് വസ്ത്രം മുതലായ ആവശ്യസാധനങ്ങൾ വാങ്ങി വിൽക്കുന്നതിനുള്ള ധനേതര പ്രവർത്തനത്തിൽ അതതു താലൂക്കു ബാംകുകളും ബാങ്കിംഗ് ഐക്യസംഘങ്ങളും അവരവരുടെ അധികാരസീമയിലുള്ള പ്രാഥമിക സംഘങ്ങൾക്കു ഓവർഡ്രാഫ്ററു (പററുവരവു്) സൌകര്യങ്ങൾ താൽക്കാലികമായി നൽകാമെന്നു അനുവദിച്ചു. അതേ സമയംതന്നെ താലൂക്കുബാംകുകളും ബാങ്കിംഗ് ഐക്യസംഘങ്ങളും പുതിയ കടങ്ങൾ കൊടുക്കുവാൻ അനുവദിക്കുന്നതല്ലെന്നും ഇതു സെൻട്രൽ ബാംകുതന്നെ ചെയ്യേണ്ടതാണെന്നും ഗവണ്മെൻറു തീരുമാനിച്ചു. സ്റ്റേററുറേഷനിംഗ്നിയമങ്ങൾ അനുസരിച്ചു സംസ്ഥാനമൊട്ടുക്കു ഭക്ഷ്യധാന്യങ്ങളുടെ റേഷനിംഗ് നടപ്പാക്കിയ സന്ദർഭത്തിൽ ചില്ലറയായും മൊത്തമായുമുള്ള ലൈസൻസികളായി സംഘങ്ങൾക്കു ഒരു വലിയഭാഗം വഹിക്കുന്നതിനു സൌകര്യമുണ്ടാക്കുകയും ഈ മദ്ധ്യസ്ഥന്മാരായ ധനസഹായ സ്ഥാപനങ്ങളിലെ അധികമുള്ള സംഖ്യകൾക്കു ഒരു നിർഗ്ഗമനമാർഗ്ഗം ഉണ്ടാക്കുന്നതിന് ഈ ദാക്ഷിണ്യം ഇടയാക്കുകയും ചെയ്തു. താലൂക്കുബാംകുകൾക്കും ബാങ്കിംഗ് ഐക്യസംഘങ്ങൾക്കും കല്പിക്കേണ്ട സ്ഥാനത്തിനെപ്പററിയുള്ള പ്രശ്നം പുനരാലോചനയ്ക്കായി പിന്നെയും ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നു. അതിൻെറ ഫലമായി ഇന്നു നിലവിലിരിക്കുന്ന ഉത്തരവു ഇപ്രകാരമാണ്. താലൂക്കു ബാംകുകൾ നിറുത്തൽ ചെയ്യണമെന്നുള്ള ഉത്തരവിനെ പുനരാലോചിക്കേണ്ടതാണെന്നു രജിസ്ട്രാർ ശുപാർശചെയ്യുന്നു. ഈ ബാംകുകൾ ഉപകാരപ്രദമായി പ്രവർത്തനം ചെയ്യുന്നതായി പറയപ്പെടുന്നു. സാമ്പത്തികസ്ഥിതികൊണ്ടും ധനേതരസംഘങ്ങളുടെ വർദ്ധനകൊണ്ടും ബാങ്കിംഗ് ഐക്യസംഘങ്ങളെ താലൂക്കുബാംകുകളായും പരിശോധക ഐക്യസംഘങ്ങളായും വിഭജിക്കേണ്ടതാണെന്നും സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. സെൻട്രൽ

ബാംകുമാത്രം ഏകധനസഹായസ്ഥാപനമായിരിക്കേണ്ടതില്ലെന്നും താലൂക്കബാംകുകളും കൂടി വായ്പകം കൊടുക്കുന്നതിൽ മററ സാമ്പത്തിക കൃത്യങ്ങൾ നിർവഹിക്കുന്നതിനും പ്രവർത്തിക്കേണ്ടതാണെന്നും ഗവണ്മെൻറു വിചാരിക്കുന്നു. പ്രാഥമിക സംഘങ്ങൾ ഈ താലൂക്കബാംകുകൾക്കു അതാതാളുകളുമായി അടുത്തുപെരുമാറുന്നതിനു കൂടുതൽ സൌകര്യമുണ്ടു. എന്നാൽ താലൂക്ക ബാംകുകൾ സെൻട്രൽ ബാങ്കിൻെറ മേൽനോട്ടത്തിൽ ഇരിക്കേണ്ടതാണ്.'

ഈ അടുത്തകാലത്തുണ്ടായിട്ടുള്ളതും മേൽ ഉദ്ധരിച്ചിട്ടുള്ളതുമായ ഉത്തരവു ബാംകുകൾക്ക് അവരുടെ അംശസമാഹൃതമൂലധനം ലാഭകരമായ വിധത്തിൽ ഉപയോഗിക്കുന്നതിന് കഴിവുണ്ടാക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. താലൂക്കബാംകുകളും, ബാങ്കിംഗ് ഐക്യസംഘങ്ങളും അവരുടെ പ്രവൃത്തികളെ സെൻട്രൽബാങ്ക് മേൽനോട്ടം വഹിക്കണമെന്നുള്ള ആശയം ഫലിപ്പിക്കുന്നതിന് എന്തെല്ലാം ചെയ്യണമെന്ന ഉദ്ദേശിക്കുന്നു എന്നുള്ള അഭിപ്രായത്തെ പ്രകടിപ്പിക്കുവാൻ അപേക്ഷിക്കുന്നു.

(ര) കുടിൽവ്യവസായങ്ങൾ.

ഗവണ്മെൻറിൽനിന്നും തിരുവിതാംകൂർ കേന്ദ്ര കുടിൽവ്യവസായ സംഘം(ക്ലിപ്തം) നമ്പർ ൨൫൭൨-ന് ൫൦,൦൦൦ രൂപാ വായ്പയും അതിനുപുറമേ ൧൧൨൧-ലേയ്ക്കു ൩൦൦൦ രൂപാ ഒരു ഗ്രാൻറും അനുവദിച്ചിട്ടുണ്ട്.

(ണ) കയർവ്യവസായം.

കയർ പിരിക്കുന്നവർക്ക് പ്രാഥമിക സംഘങ്ങൾ ഉണ്ടാക്കിയും, സഹകരണസംഘങ്ങൾ വക അധികൃതമായ ചരക്കുശാലകൾ സ്ഥാപിച്ചും, സഹകരണതത്വത്തെ അടിസ്ഥാനപ്പെടുത്തി നടത്തുന്ന കയർ വ്യവസായശാലകൾ ഏർപ്പെടുത്തിയും, കയർ വ്യവസായത്തെ സഹകരണപരമാക്കി സംഘടിപ്പിക്കുവാനുള്ള നിർദ്ദേശങ്ങൾ രജിസ്ട്രാർ സമർപ്പിച്ചു. വ്യവസായശാലയിലെത്തുന്നതുവരെയുള്ള വിവിധഘട്ടങ്ങളിലും കയർസംബന്ധിച്ചുള്ള വിവരങ്ങൾക്ക് ഒരു ഗവേഷണം (സർവെ) വേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. യുദ്ധാനന്തരപുനസ്സംവിധാനസമിതിയുടെ വ്യാവസായിക സബ് കമ്മിററി ഇവയെപ്പററി പര്യാലോചിക്കുന്നുണ്ട്. മദ്ധ്യസ്ഥന്മാർ ദൃഢമായി സ്ഥാനം പിടിച്ചിട്ടില്ലാത്ത ഏതാനും പ്രദേശങ്ങളിൽ ഇതിനു ഒരു പ്രാരംഭം ഇടുന്നതു നന്നായിരിക്കുമെന്നു ഗവണ്മെൻറു അഭിപ്രായപ്പെട്ടിട്ടുണ്ടു.

(൬) കൈത്തറി നെയ്ത്ത്.

വ്യവസായത്തിന്റെ അഭിവൃദ്ധിയേയും ത്വരിതീകരണത്തെയും സഹകരണാധിഷ്ഠാനത്തിൽ ആക്കുന്നതിനെപ്പററിയുള്ള അഭിപ്രായങ്ങൾ ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുന്നു.

(൭) കക്കാസംഘങ്ങൾ.

കക്കാ ശേഖരിക്കുന്ന എല്ലാ സ്ഥലങ്ങളിലും കോരുകാരുടെ സഹകരണസംഘങ്ങൾ ഉണ്ടാക്കേണ്ടതാണെന്നു ഗവണ്മെന്റു ഉത്തരവായിട്ടുണ്ട്. കക്കാ വാരുന്നതിനുള്ള ലൈസൻസ് മത്സ്യവ്യവസായ ഡിപ്പാർട്ടുമെന്റ് കൊടുത്തുവരുന്നതു തുടരേണ്ടതാണെന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടെങ്കിലും പ്രായോഗികമായിടത്തോളം കോരുകാരുടെ സഹകരണസംഘങ്ങൾക്കു ലൈസൻസ് കൊടുക്കേണ്ടതാണെന്നു തീരുമാനിച്ചിട്ടുണ്ട്.

(൮) ക്ഷീരവ്യവസായ ഐക്യസംഘങ്ങളും
പ്രാഥമികസംഘങ്ങളും.

ക്ഷീരവ്യവസായ ഐക്യസംഘങ്ങൾക്കും പ്രാഥമിക സംഘങ്ങൾക്കും നല്ല മാത്രം പലിശ നിരക്കിനു ധനസഹായം ചെയ്യാമെന്നുള്ള ഗവണ്മെന്റിന്റെ സമ്മതം വെളിപ്പെടുത്തിയിട്ടുണ്ട്.

(൧൦) ഭവനനിർമ്മാണ സംഘങ്ങൾ.

ഇപ്പോൾ ഈ ഉദ്ദേശത്തിലേക്കു പൊന്നുംവില നിയമപ്രകാരം ഭൂമി എടുത്തുകൊടുക്കുവാൻ കഴിവില്ലെന്നു ഗവണ്മെന്റു പ്രസ്താവിച്ചിരിക്കുന്നു.

(൧൧) വിറകു സംഘങ്ങൾ.

ഈ വിഷയത്തെക്കുറിച്ചു പ്രത്യേക നിർദ്ദേശങ്ങൾ തയ്യാറാവുമ്പോൾ മോട്ടാർ ലോറികൾ വാങ്ങുന്നതിനുള്ള സഹായങ്ങൾ ചെയ്തു പര്യാപ്തമായ വാഹനസൗകര്യങ്ങൾ തരുവാനുള്ള കാര്യം പര്യാലോചിക്കാമെന്നു ഗവണ്മെന്റു ഏററിട്ടുണ്ട്.

(൧൨) പ്രചരണം.

തിരുവിതാംകൂർ സഹകരണ ഇൻസ്റ്റിറ്റ്യൂട്ടിനു യഥോചിതമായ ഒരു ഗ്രാന്റ് ൧൧൨൨-ൽ അനുവദിച്ചിട്ടുണ്ട്.

(൧൩) സഹകരണ പരിശീലനം

ഈ വിഷയത്തിൽ ഗവണ്മെന്റിൽനിന്നും ഉണ്ടായിട്ടുള്ള ഉത്തരവു താഴെ കാണിച്ചിരിക്കുന്നു. "പുതിയതായി ഡിപ്പാർട്ടുമെന്റിലേയ്ക്കു

നിയമിതരാകുന്നവക്കും ഇപ്പോൾതന്നെ ഡിപ്പാർട്ടുമെൻറിൽ ഇരിക്കുന്നവക്കും സഹകരണപരമായ പരിശീലനം കൊടുക്കേണ്ടതിൻെറ ആവശ്യകതയെപ്പററി രജിസ്ത്രാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒരു യൂണിവേഴ്സിറ്റി ഡിപ്ലോമാ കോഴ്സിനു ഏപ്പാടുണ്ടായിരിക്കണമെന്നും തിരഞ്ഞെടുത്ത ഗ്രാഡുവേററുകളെ ഇതിൽ പ്രവേശിപ്പിക്കുകയും ഡിപ്പാർട്ടുമെൻറിൽ ഉള്ള ആളുകളും ഈ ബിരുദം സമ്പാദിച്ചിരിക്കണമെന്നു നിർബന്ധിക്കുകയും ചെയ്യുന്നതു നന്നായിരിക്കമെന്നു അദ്ദേഹം പറയുന്നു. ഈ അഭിപ്രായം യൂണിവേഴ്സിറ്റിക്കു ഉപദേശത്തിനയയ്ക്കപ്പെട്ടതാണ്. യൂണിവേഴ്സിറ്റി ഒരു ഡിപ്ലോമാ പരിശീലനം പദ്ധതി നടപ്പിലാക്കണമെന്നാണ് ഗവമെൻറിൻെറ അഭിപ്രായം.

(൫൮) ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാർ.

സംസ്ഥാനത്തെ പ്രാദേശികാടിസ്ഥാനത്തിൽ ന്നു൦ സക്കിളുകളായി വിഭജിച്ചുള്ള നിർദ്ദേശം ൫൫൨൫൦ാമാണ്ട് കക്കടകമാസം ൫-ാംനു-മുതൽ അനുവദിച്ചു നടപ്പിലായി. അതിനുശേഷം ഒരു അസിസ്റ്റൻറു രജിസ്ത്രാരെ ക്രട്തലായി നിയമിക്കയും ഇപ്പോൾ സംസ്ഥാനം ഡിപ്പാർട്ടുമെൻറു ഭരണകാര്യത്തിനായി നാലു ഡിവിഷനായി തിരിച്ചിരിക്കയുമാണ്. ആർബിട്രേഷൻ; എക്സിക്യൂഷൻ, ലിക്വിഡേഷൻ, ജോലികൾക്കായി ഒരു സ്പെഷ്യൽ അസിസ്റ്റൻറു രജിസ്ത്രാരേയും നിയമിച്ചിട്ടുള്ളതിനാൽ, ഈ വക ജോലികൾക്കു സത്വരമായ തീർച്ചയുണ്ടാകുന്നതിനു പുറമെ, മററു അസിസ്റ്റൻറു രജിസ്ത്രാർമാക്കു തനി സഹകരണകാര്യങ്ങളിൽ ശ്രദ്ധയെ ഏകാഗ്രമാക്കുവാനും കഴിയുന്നതാണ്. രജിസ്ത്രാരുടെയും അസിസ്റ്റൻറു രജിസ്ത്രാർമാരുടെയും ആഫീസുകളിലെ സഹായ്യകോദ്യോഗസ്ഥന്മാരുടെ സംഖ്യ പയ്യാപ്തമായ വിധത്തിൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇൻസ്പെക്ടർമാരുടെ ശമ്പളക്രമവും വർദ്ധിപ്പിക്കപ്പെട്ടിട്ടുണ്ട്.

൧. ഇപ്പോൾതന്നെ ഗവമെൻറു തന്നുകഴിഞ്ഞിരിക്കുന്ന അനുവാദങ്ങളും, മുകളിൽ സൂചിപ്പിച്ചിട്ടുള്ള പരിഗണനകളും നോക്കിയാൽ, ഗണ്യമായ പുരോഗതി സംഭവിച്ചിട്ടുണ്ടെന്നു കാണാൻ കഴിയും. അവക്കു അനുവദിച്ചിട്ടുള്ള സഹായസൌകയ്യങ്ങളുടെ സംപൂണ്ണഫലം എടുത്ത് അനുഭവിക്കുകയും അവയെ പ്രസ്ഥാനത്തിൻെറ ഭാവിവികാസത്തിനും അഭിവൃദ്ധിക്കും വേണ്ടിയുള്ള സോപാനമാഗ്ഗമായി പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതു തിരുവിതാംകൂറിലെ എല്ലാ സഹകാരികളുടെയും കത്തവ്യമാകുന്നു.

01 വിഷയാനുക്രമണിക
07 സർക്കുലർകളുടെ സംക്ഷിപ്തം
1 തിരുവിതാംകൂർ
സഹകരണസംഘആക്ടും, ചട്ടങ്ങളും, സർക്കുലർകളും
1 സഹകരണസംഘനിയമത്തിന്റെ
ഉദ്ദേശ്യം, സംജ്ഞവ്യാപ്തി, റദ്ദാക്കൽ, ഒഴിവാക്കൽ തുടങ്ങിയവ
21 തെക്കൻ ഡിവിഷൻ അസിസ്റ്റന്റ് റജിസ്ട്രാറുടെ അധികാരാതിർത്തിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങൾ
26 മുദ്ര, ജീവനക്കാർ, എഴുത്തുകുത്ത്
31 റജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളുടെ കൃത്യങ്ങൾ
34 സംഘങ്ങളുടെ പ്രത്യേക അവകാശങ്ങൾ
46 സർക്കാരിൽ നിന്നുമുള്ള സൗജന്യങ്ങൾ
65 അനുബന്ധം
75 മെമ്പറൻമാരുടെ ബാദ്ധ്യത
99 പബ്ലിക് അക്കൗണ്ട്
101 വാർഷിക പൊതുയോഗം
117 പ്രതിനിധി
120 പരസ്പരസഹായതാലൂക്ക് ബാങ്കുകൾ
126 സംഘംവക പുസ്തകങ്ങളും, പകർപ്പുകളും
135 വർഷാന്ത്യകണക്കുകൾ
140 പരസ്പരസഹായസംഘംവക വരവു ചിലവു സ്റ്റേറ്റുമെന്റ്
146 മാസാന്ത്യകണക്കുകൾ
157 രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങളുടെ സ്വത്തും പണവും
170 മാതൃകാനിബന്ധന
173 വസ്തുവിവരപട്ടിക
174 കടയില്ലുള്ളവരുടെ കടബാദ്ധ്യതകൾ
180 നിബന്ധനകളിൽ ഭേദഗതി വരുത്തേണ്ട ഭാഗങ്ങൾ
185 ആഡിറ്റ്
201 കരുതൽ ധനം
206 പ്രസിഡന്റ് ഫണ്ട്
211 വ്യവഹാരം, വിധിനടത്ത്, മദ്ധ്യസ്ഥം
219 പടിയുടെ തോത്
272 ശമ്പളപിടിത്തം
279 താലൂക്ക് ബാങ്കുകൾ
281 സെൻട്രൽ ബാങ്ക്
282 ഭവിഷ്യൽ കാലനിക്ഷേപങ്ങൾ
293 സെൻട്രൽ ബാങ്കിലേക്ക് അയയ്ക്കേണ്ട കടംവായ്പ അപേക്ഷ
295 വസ്തു വിവര രജിസ്റ്റർ
300 കാലാവധി നീട്ടേണ്ട വായ്പകളെ സംബന്ധിച്ച വിവരം
303 സൂപ്പർവൈസിംഗ് യൂണിയൻ അല്ലെങ്കിൽ പരിശോധനാ ഐക്യസംഘം
309 അംഗസംഘങ്ങളുടെ ലിസ്റ്റ്
312 ഐക്യസംഘങ്ങൾ
315 സൂപ്പർവിഷൻ ഫണ്ട്
317 ഇൻസ്റ്റിറ്റ്യൂട്ട്
320 സംഘങ്ങളിൽ പാസ്സായവരുടെ പേരുവിവരം
324 കോൺഫറൻസ്
331 പത്താമത് സമസ്ത തിരുവിതാംകൂർ സഹകരണ സമ്മേളനം
347 സർവ്വരാജ്യസഹകരണദിനം
348 സമസ്ത ഇൻഡ്യാ സഹകരണസംഘാതസമാജത്തിന്റെ
1930 ഏപ്രിൽ 23 ലെ കത്തിന്റെ ഒരു ഭാഗം
368 രാഷ്ട്രീയ കാര്യങ്ങൾ
381 സ്റ്റോർ വക നിബന്ധകൾ
384 രക്ഷാഭോഗം
389 നെയ്ത്തു സംഘങ്ങൾ
399 സൗജന്യമായി വളം കൊടുക്കാൻ അനുവദിക്കപ്പെട്ട സംഘങ്ങൾ
402 കൃഷിവ്യവസായ മാസിക
414 കെട്ടുതെങ്ങ്
415 അനുബന്ധം-കെട്ടുതെങ്ങ് നിക്ഷേപം
421 സംഘത്തിന്റെ പേരും നമ്പരും
425 മാതൃകാ ഉടമ്പടി ഫാറം
428 അന്വേഷണവും പരിശോധനയും
438 കുറ്റങ്ങളും ശിക്ഷകളും
447 പണ്ടകശാലകൾ
449 കുടിൽവ്യവസായങ്ങൾ